# ക്രിസ്തീയപൌരോഹിത്യം.

A souvenir of the
Silver Jubilee of the rectorship of
**Very Rev. Fr. John Joseph C. D.**

www.malankaralibrary.com

# ക്രിസ്തീയ പൌരോഹിത്യം.

A souvenir of the
Silver Jubilee of the rectorship of
**Very Rev. Fr. John Joseph C. D.**

www.malankaralibrary.com

*"Sic decet omnino clericos in sortem Domini vocatos, vitam moresque componere, ut habitu, gestu, incessu, sermone aliisque omnibus rebus nihil nisi grave, moderatum ac religione plenum prae se feriant; levia etiam delicta quae in ipsis maxima essent, effugiant, ut eorum actiones cunctis afferant venerationem."*

(*Con: Trid: Sessio xxii. Cap: 1.*)

www.malankaralibrary.com

# വിഷയവിവൃതം.


| | | | |
|---|---|---|---|
| | | | പുറം. |
| എ. വെ. വെ. ബ. കാളാശ്ശേരിൽ ജയിംസുമെത്രാനച്ചൻ തിരുമനസ്സിലെ അവതാരിക. | | | I |
| ഗ്രന്ഥകർത്താവിൻെറ മുഖവുര. | | | VI |
| ശുദ്ധിപത്രം. | | | XIV |
| അദ്ധ്യായം | 1 | ദൈവവിളി. | 1 |
| ,, | 2 | സെമ്മിനാരിജീവിതം. | 29 |
| ,, | 3 | വൈദികസ്ഥാനമാഹാത്മ്യം. | 61 |
| ,, | 4 | കുർബാന എന്ന ബലി. | 87 |
| ,, | 5 | കുമ്പസാരമെന്ന ക്രൂദാശ. | 114 |
| ,, | 6 | പ്രസംഗം. | 140 |
| ,, | 7 | വൈദികൻെറ ചാരിത്ര്യം. | 172 |
| ,, | 8 | പരസ്നേഹം. | 197 |
| ,, | 9 | എളിമ. | 223 |
| ,, | 10 | സംബന്ധികൾ. | 249 |
| ,, | 11 | ദ്രവ്യാഗ്രഹം. | 273 |
| ,, | 12 | ജ്ഞാനസമ്പാദനം. | 297 |
| ,, | 13 | വേദപാഠം. | 321 |
| ,, | 14 | ആദ്ധ്യാത്മികഗുരു. | 348 |
| ,, | 15 | അനുസരണം. | 373 |
| ,, | 16 | ദുഃഖങ്ങളും വിപൽഹേതുക്കളും. | 394 |
| ,, | 17 | കാര്യനിർവ്വഹണപാടവം. | 416 |
| ,, | 18 | ഒരു സുഖശരീരൻ. | 444 |
| ,, | 19 | തീക്ഷ്ണതയും അതിൻെറ ഫലവും. | 468 |
| ,, | 20 | ദിവ്യകാരുണ്യസ്നേഹിതൻ. | 496 |
| അവശേഷം | I | മാസധ്യാനം മുഴുവൻധ്യാനം മുതലായ പരിപൂർണ്ണതാ മാർഗ്ഗങ്ങൾ. | 521 |
| ,, | II | കോൺഫ്രൻസ്. | 548 |


www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

J. M. J.

# ക്രിസ്തീയപൌരോഹിത്യം.

(കത്തോലിക്കാ വൈദികന്റെ
സ്ഥാനമഹിമാവിനേയും ബഹുവിധ ചുമതലകളേയും
പരാമർശിക്കുന്ന ഒരു ആധുനികഗ്രന്ഥം.)

ചങ്ങനാശ്ശേരി രൂപതയുടെ മെത്രാൻ
**നി. വ. ദിവ്യശ്രീ കാളാശ്ശേരിൽ മാർ ജയിംസ്**
പിഎച്ച്. ഡി., ഡി. ഡി. തിരുമനസ്സിലെ
അവതാരികയോടുകൂടിയത്.

ഗ്രന്ഥകർത്താ
**ഫാദർ മാത്യു പുതിയിടം.**

വി. യൌ. മുദ്രാലയം,
മാന്നാനം.
1937.

(പകർപ്പവകാശം ഈ മുദ്രാലയത്തിനു സ്വായത്തം.)

[വില 1 ക, 8 ണ.

www.malankaralibrary.com

**Nihil obstat.**

Fr. Thomas Kochayamkanal,
*Censor deputatus.*

**Imprimatur.**

† JAMES KALACHERRY,
Ep. Changanacherry.

*Changanacherry,*
*21st Dec: 1935.*

www.malankaralibrary.com

# സമർപ്പണം.

നിത്യപുരോഹിതനായ
ക്രിസ്തുനാഥന്റെ ജനയിത്രിയും
അപ്പസ്തോലന്മാരുടെ അധിനാഥയും, എഫേസൂസിൽ
വച്ചു പ്രിയ ശിഷ്യനായ യോഹന്നാനു പരിചരണം ചെയ്യവളും,
ലോകത്തിന്റെ പ്രകാശവും സ്വർഗ്ഗത്തിന്റെ കവാടവും സകല
സുകൃതങ്ങളുടേയും ദർപ്പണവും ജന്മപാപംവിനാ ഉത്ഭവിച്ച നിത്യ
നിർമ്മലയും, പാപികളുടെ ആശ്രയവും ബലഹീനന്മാരുടെ
ശക്തിയും സർവ്വോപരി വൈദികരുടെ സംരക്ഷകയും
ആയ പരിശുദ്ധ കന്യകമറിയത്തിന്റെ
പരിപാവനങ്ങളായ പാദാരവിന്ദങ്ങളിൽ
ഈ ഗ്രന്ഥത്തെ അയോഗ്യനായ
തൽപ്രണേതാവു ഭക്ത്യാദരസമന്വിതം
സമർപ്പിച്ചുകൊള്ളുന്നു.

www.malankaralibrary.com

നി. വ. ദിവ്യശ്രീ കാളാശ്ശേരിൽ

മാർ ജെയിംസ് മെത്രാനച്ചൻ തിരുമനസ്സിലെ

# അവതാരിക.

സ്രഷ്ടാവായ ദൈവത്തിന്റെ നേർക്കുള്ള കടമകളെ ശരിയാംവണ്ണം നിർവ്വഹിച്ച്, മരണാനന്തരം അവിടുത്തോടുകൂടി നിത്യം ആനന്ദിക്കുക എന്നതാണല്ലൊ മനുഷ്യന്റെ പരമാന്ത്യം. ഈ പരമാന്ത്യപ്രാപ്തിക്കു നിദാനമായ കർത്തവ്യനിർവ്വഹണത്തിൽ ഓരോ മനുഷ്യനും അനവരതം ശ്രദ്ധിക്കേണ്ടതാണ്; അല്ലെങ്കിൽ ജീവിതം പരാജയത്തിൽ കലാശിക്കും. എന്നാൽ, ജന്മപാപം മൂലം പ്രകൃത്യാതന്നെ ദുർബലനും, തിന്മയിലേയ്ക്കു ചാഞ്ഞിരിക്കുന്നവനും, ലോകം, പിശാച്, ജഡം എന്ന ശത്രുത്രയത്താൽ നിരന്തരം പാപത്തിലേക്ക് ബലാദാകർഷിക്കപ്പെടുന്നവനുമായ മനുഷ്യൻ പലപ്പോഴും തന്റെ ലോകജീവിതത്തിന്റെ പരമോദ്ദേശ്യത്തേയും കടമകളേയും വിസ്മരിച്ചുപോകുന്നു. മനുഷ്യൻ ഇവയെപ്പററി ചിന്തിക്കാത്തതുകൊണ്ടാണ് ലോകം ദൈവത്തിൽ നിന്നകന്നു പാപപൂർണ്ണമായിത്തീരുന്നത്. 'Desolatione desolata est omnis terra quia nullus est qui recogitet corde' "ലോകം ശൂന്യതയാൽ ശൂന്യമായിരിക്കുന്നു; എന്തെന്നാൽ ഹൃദയത്തിൽ ചിന്തിക്കുന്നവനാരുമില്ല." എന്നത്രെ ഏറമ്മിയാസ് ദീർഘദർശി വിലപിക്കുന്നത്. ഈ ദുരവസ്ഥയെ പരിഹരിക്കുന്നതിനു നിത്യസത്യങ്ങളെപ്പററിയും മനുഷ്യൻ സദാപി അനുസ്മരിപ്പിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതിനായിട്ടാണ് ദൈവനിയുക്തയായ സഭാമാതാവ് തന്റെ സന്താനങ്ങളോടു നിത്യസത്യങ്ങളെപ്പററി പ്രസംഗിക്കുകയും അവർ ഭക്തിജനകമായ ഗ്രന്ഥങ്ങൾ വായിക്കയും ധ്യാനിക്കയും ചെയ്യണമെന്ന് നിഷ്കർഷിക്കയും ചെയ്യുന്നത്. ജ്ഞാനവായനക്കു പററിയ ഭക്തിസംവർദ്ധകങ്ങളായ ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ അത്യാവശ്യത്തിനുമാത്രം ഉണ്ട്.



www.malankaralibrary.com

മനുഷ്യസമുദായത്തിലും പ്രത്യേകിച്ചു കത്തോലിക്കാസഭയിലും ക്രിസ്തീയപൗരോഹിത്യത്തിനുള്ള സ്ഥാനം അത്യുന്നതമാണ്. മനുഷ്യനു സിദ്ധിക്കാവുന്നതിലേറ്റം ശ്രേഷ്ഠവും ദിവ്യവുമായ ഒരുദ്യോഗമത്രെ പുരോഹിതന്റേത്. സ്ഥാനമാഹാത്മ്യത്തിനനുസൃതമായി പുരോഹിതന്റെ കടമകളും ഏറ്റവും ഗുരുതരങ്ങളാകുന്നു. ഇത്ര മഹത്തമവും ഉത്തരവാദിത്വപൂർണ്ണവുമായ സ്ഥാനം കേവലം ബലഹീനനായ മനുഷ്യനിലാണു നിക്ഷിപ്തമായിരിക്കുന്നത്. ഈ സ്ഥാനത്തിനു അനുരൂപമായ ജീവിതവിശുദ്ധിയും കർത്തവ്യനിഷ്ഠയും വൈദികനുണ്ടാകണമെങ്കിൽ അയാൾ തന്റെ അത്യുൽകൃഷ്ടമായ സ്ഥാനത്തെപ്പററിയും തജ്ജന്യമായ കടമകളെപ്പററിയും എപ്പോഴും ഓർമ്മയുള്ളവനായിരിക്കണം. വൈദികന്റെ കടമകൾ പലതും സാധാരണ വിശ്വാസികളുടേതിൽ നിന്നു വിഭിന്നമാണ്; എന്തെന്നാൽ അയാൾ സ്വന്തം ആത്മാവിനെന്നതുപോലെ തന്റെ സൂക്ഷത്തിനേല്പിക്കപ്പെടുന്നവരുടെ ആത്മാക്കൾക്കും ഉത്തരവാദിയാണ്. ആകയാൽ വൈദികന്റെ നിത്യപാരായണത്തിനുതകുന്ന ഗ്രന്ഥങ്ങൾ പ്രത്യേകമുണ്ടായിരിക്കണം. ഈ ഉദ്ദേശ്യത്തോടുകൂടി രചിക്കപ്പെട്ടിട്ടുള്ള ഒരു ഗ്രന്ഥമാണ് നമ്മുടെ മുമ്പിലിരിക്കുന്ന "ക്രിസ്തീയപൗരോഹിത്യം."

പൗരോഹിത്യത്തെപ്പററി പ്രതിപാദിക്കുന്ന അനവധി ഗ്രന്ഥങ്ങൾ ഇതരഭാഷകളിലുണ്ടെങ്കിലും മലയാളഭാഷയിൽ ഇതാദ്യത്തേതാണെന്നു തോന്നുന്നു. അന്യഭാഷകളെന്നതിനേക്കാൾ സ്വന്തം ഭാഷ വായിക്കുന്നതിനു ഏവർക്കും കൂടുതൽ അഭിരുചി ഉണ്ടാകുമല്ലൊ. മാത്രമല്ല, മലയാളം മാത്രം അറിയാവുന്ന അവൈദികരായ കേരളീയർക്കും, ഈ ഗ്രന്ഥത്തിന്റെ ആവിർഭാവം മൂലം വൈദികപദത്തെപ്പററി വായിച്ചറിയുന്നതിനും, ലോകോത്തരവും ദൈവദത്തവുമായ ആ മഹാസ്ഥാനത്തെ യഥാർഹം മതിക്കുന്നതിനും സാധിക്കുന്നതാണ്.

കത്തോലിക്കാ മതതത്വങ്ങളെപ്പററി പ്രതിപാദിക്കുന്നതായി, മലയാളഭാഷയ്ക്കു ലഭിച്ചിട്ടുള്ള ഗ്രന്ഥങ്ങളിൽ അധികഭാഗവും പരിഭാഷകളാണ്. കേരളീയന്റെ സ്വന്തമെന്നു പറയത്തക്ക ചുരുക്കം ചില മതഗ്രന്ഥങ്ങൾ മാത്രമുള്ളതിൽവെച്ച് ഏററു



www.malankaralibrary.com

കൊണ്ടും പ്രഥമസ്ഥാനത്തിനർഹമാണ് പ്രകൃത ഗ്രന്ഥം എന്നു നമുക്കു നിസ്സംശയം പറയാം. പ്രാചീനന്മാരും ആധുനികന്മാരുമായ മതപണ്ഡിതന്മാരുടെയും ലൗകികശാസ്ത്രവിദഗ്ദ്ധന്മാരുടെയും വിവിധഭാഷയിലുള്ള അനവധി ഗ്രന്ഥങ്ങളും, സ്വദേശത്തും വിദേശങ്ങളിലുമുള്ള പത്രമാസികകളും വായിച്ച് പ്രതിപാദ്യവിഷയങ്ങളെപ്പററി ഗാഢമായി ചിന്തിച്ചതിനു ശേഷമാണ് ഗ്രന്ഥകർത്താവ് ഗ്രന്ഥനിർമ്മാണത്തിലേർപ്പെട്ടതെന്ന് ഈ പുസ്തകത്തിന്റെ ഓരോ വശവും വിളിച്ചു പറയുന്നുണ്ട്. ഈ വിലയേറിയ ഗ്രന്ഥത്തിന്റെ കർത്താവായ പുതിയിടത്തിൽ ബ. മത്തായി അച്ചൻ കേരളീയരുടെ അഭിനന്ദനത്തിനും അഭിമാനത്തിനും പാത്രമായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തിന്റെ അനുകരണീയമായ പരിശ്രമശീലത്തെ നാം ഉള്ളഴിഞ്ഞു അഭിനന്ദിക്കയും, ആ പ്രയത്നം ഫലപ്രദമായതിൽ നാം അത്യധികം സന്തോഷിക്കയും ചെയ്യുന്നു.

ആകെ ഇരുപത് അദ്ധ്യായങ്ങളും ഒരു അനുബന്ധവുമാണ് ഈ ഗ്രന്ഥത്തിലുള്ളത്. ആദ്യത്തെ മൂന്നു അദ്ധ്യായങ്ങളിൽ പുരോഹിതസ്ഥാനാർത്ഥി ദൈവത്താൽ പ്രത്യേകം തിരഞ്ഞെടുക്കപ്പെടേണ്ടതിന്റെയും, സെമ്മിനാരിജീവിതകാലത്ത് വൈദികവിദ്യാർത്ഥികൾക്ക് അവരുടെ കർമ്മോന്മുഖജീവിതം ഫലപ്രദമാക്കിത്തീർക്കുവാൻ സാധിക്കുന്നതിനു പര്യാപ്തമായ പുണ്യപരിശീലനം നൽകപ്പെടേണ്ടതിന്റെയും അവശ്യകതയെപ്പററിയും, പൗരോഹിത്യത്തിന്റെ അഭൗമമായ മാഹാത്മ്യത്തെക്കുറിച്ചും പ്രതിപാദിച്ചിരിക്കുന്നു. വിശുദ്ധബലി അർപ്പിക്കുക, കുമ്പസാരിപ്പിക്കുക, ആദ്ധ്യാത്മികോപദേഷ്ടാവെന്ന നിലയിൽ ആത്മാക്കളെ പുണ്യമാർഗ്ഗത്തിൽ നയിക്കുക, വിശ്വാസികളോടു പ്രസംഗിക്കുക, കുട്ടികളെ വേദപാഠം പഠിപ്പിക്കുക, എന്നിങ്ങനെ ഒരു വൈദികന്റെ ഗുരുതരങ്ങളും ശ്രേഷ്ഠങ്ങളുമായ ഔദ്യോഗിക കർത്തവ്യങ്ങളെ യഥായോഗ്യം നിർവ്വഹിക്കുന്നതിനു പററിയ വിവിധോപദേശങ്ങളും നിർദ്ദേശങ്ങളുമാണ് നാല്, അഞ്ച്, ആറ്, പതിമ്മൂന്ന്, പതിനാല് ഈ അദ്ധ്യായങ്ങളിൽ അടങ്ങിയിരിക്കുന്നത്. പ്രസ്തുത കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിനു അത്യന്താപേക്ഷിതമായിരിക്കുന്ന, താത്വികവും പ്രായോഗികവുമായ ജ്ഞാനം സമ്പാദിക്കുവാൻ



www.malankaralibrary.com

വൈദികനുള്ള കടമ എത്ര ഗൗരവാവഹമാണെന്നും, സാമാന്യമായ ഒരു ലൗകികജ്ഞാനവും ഉണ്ടായിരിക്കുന്നത് ഇക്കാലത്തു വൈദികനു എത്രകണ്ടു പ്രയോജനകരവും ആവശ്യവും ആണെന്നും പന്ത്രണ്ടാം അദ്ധ്യായത്തിൽ വിശദീകരിച്ചിരിക്കുന്നു. പൗരോഹിത്യമെന്ന ഉന്നതസ്ഥാനത്തിന് അനുരൂപമായ ഹൃദയശുദ്ധിയെ പാലിക്കുന്നതിനും വിശ്വാസികൾക്കു ഉത്തമദൃഷ്ടാന്തം കാണിച്ചുകൊടുക്കുന്നതിനും കടപ്പെട്ടവനായ വൈദികനിൽ വിളങ്ങേണ്ട അസാധാരണമായ ചാരിത്ര്യം, പരസ്നേഹം, എളിമ, അനുസരണം, എന്നിവയെ പരാമർശിക്കുന്നതാണു ഏഴും, എട്ടും, ഒമ്പതും, പതിനഞ്ചും അദ്ധ്യായങ്ങൾ. വൈദികൻ സംബന്ധികളോടുള്ള അമിതാനുഭാവത്തെയും, ദ്രവ്യാശയേയും വജ്ജിക്കണമെന്നാണ് പത്തും പതിനൊന്നും അദ്ധ്യായങ്ങളിൽ സമർത്ഥിച്ചിരിക്കുന്നത്. ഇടവകജോലികൾ നിർവ്വിഘ്നം നിർവ്വഹിക്കുന്നതിനു വൈദികൻ സുഖശരീരനായിരിക്കണം, ലൗകികകാര്യനിർവ്വഹണത്തിനുള്ള പാടവം സമ്പാദിച്ചിരിക്കണം, എന്നിവയാണു പതിനേഴും പതിനെട്ടും അദ്ധ്യായങ്ങളിലെ വിഷയങ്ങൾ. വൈദികന്റെ കർത്തവ്യനിർവ്വഹണത്തിൽ അനുഭവപ്പെടാറുള്ളതും നേരിടാവുന്നതുമായ ദുഃഖങ്ങളും വിപത്തുകളും പതിനാറാം അദ്ധ്യായത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. ആത്മാക്കളുടെ രക്ഷയിൽ വൈദികനുണ്ടായിരിക്കേണ്ട തീക്ഷ്ണതയേയും തദനുയോജ്യമായ പ്രയത്നങ്ങൾ വിവേകപൂർവ്വം നടത്തുന്നതിനുള്ള മാർഗ്ഗങ്ങളേയും പത്തൊമ്പതാം അദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നു. വൈദികനു ദിവ്യകാരുണ്യത്തിന്റെ നേർക്കുണ്ടായിരിക്കേണ്ട അന്യാദൃശമായ സ്നേഹത്തെപ്പററിയാണ് ഇരുപതാം അദ്ധ്യായത്തിൽ ഉപന്യസിച്ചിരിക്കുന്നത്. ധ്യാനം മുതലായ പുണ്യസമ്പാദനമാർഗ്ഗങ്ങളെ സംബന്ധിച്ചു പല നിർദ്ദേശങ്ങൾ 'അവശേഷ'ത്തിൽ നൽകിയിരിക്കുന്നു. പലഗ്രന്ഥങ്ങളിൽ നിന്നും ഉദ്ധരിച്ചിട്ടുള്ള നിരവധി സാക്ഷ്യങ്ങൾ ഈ ഗ്രന്ഥത്തിന്റെ ഓരോ അദ്ധ്യായത്തിലും കാണുന്നുണ്ട്. ഭാഷയുടെ ശുദ്ധിയിലും ലാളിത്വത്തിലും ഗ്രന്ഥകാരൻ വേണ്ട ശ്രദ്ധ പതിച്ചിട്ടുണ്ട്. ജ്ഞാനസമ്പാദനത്തിനും പുണ്യസമ്പാദനത്തിനും ഒരുപോലെ ഉപയുക്തമായ ഈ വിശിഷ്ട ഗ്രന്ഥത്തെ എല്ലാവരും വായി



www.malankaralibrary.com

ച്ച് ഉദ്ദിഷ്ടഫലം പ്രാപിക്കുമെന്നുള്ള പ്രതീക്ഷയോടെ ഇതിനെ കേരളീയരുടേയും വിശിഷ്യ ഇടവകപ്പട്ടക്കാരുടെയും സമക്ഷം നാം സന്തോഷപുരസ്സരം അവതരിപ്പിക്കുകയും ഗ്രന്ഥകർത്താവിനെയും ഗ്രന്ഥത്തെയും വായനക്കാരെയും ഹൃദയപൂർവ്വം ആശീർവ്വദിക്കുകയും ചെയ്യുന്നു.

† James Kalacherry.

Bp. of Changanacherry.

ചങ്ങനാശ്ശേരി.
1937 ആഗസ്റ്റ് 5.

www.malankaralibrary.com

# മുഖവുര.

വൈദികജീവിതത്തെ നിയന്ത്രിക്കുന്ന തത്വോപദേശങ്ങൾ വേദപുസ്തകത്തിലും സൂനഹദോസ്സുകളുടെ നിശ്ചയങ്ങളിലും പ്രശസ്തന്മാരായ വൈദികപണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിലും ക്രോഡീകരിക്കപ്പെട്ടിരിക്കുന്നുവെന്നു പറയാം. സാരാംശത്തിൽ എല്ലാ യുഗത്തിലും ഇവ ഒന്നുതന്നെ, എന്നാൽ ഇവയെ പ്രവൃത്തിപദ്ധതിയിൽ വരുത്തുന്ന കാര്യത്തിൽ ചില വ്യത്യാസങ്ങൾ ഉണ്ടാകുന്നു. ഒരു പട്ടക്കാരൻ എപ്പോഴും എവിടെയും ക്രിസ്തുവിന്റെ പ്രതിനിധിതന്നെ. എന്നാൽ അദ്ദേഹം ഏതു രാജ്യത്തു ഏക്കാലത്തു പ്രേഷിതജോലിയിൽ ഏർപ്പെട്ടിരിക്കുന്നുവൊ അവിടത്തെ അക്കാലത്തെ ഒരു പൌരനുംകൂടിയാണ്. ആകയാൽ ദൈവരാജ്യത്തിന്റെ വർദ്ധനവിന്നായി കച്ചകെട്ടിയിറങ്ങിയിരിക്കുന്ന ക്രിസ്തുശിഷ്യൻ തന്റെ പ്രേഷിതരംഗത്തിന്റെ അവസ്ഥയും സ്വജനങ്ങളുടെ പ്രത്യേക സ്വഭാവവും ഗ്രഹിച്ചിരിക്കേണ്ടതാവശ്യമാകുന്നു.

ആംഗ്ലേയ സാഹിത്യത്തിൽ പൌരോഹിത്യത്തെപ്പറ്റി പ്രതിപാദിക്കുന്ന അനേകം പുസ്തകങ്ങളുണ്ട്. അവയുടെ പാരായണം കേരളീയരായ നമുക്കും വളരെ പ്രയോജനം ചെയ്യുന്നതാണ്. അവയിൽ ചിലത് വായിച്ചപ്പോൾ ഇപ്രകാരമൊന്നു നമ്മുടെ മാതൃഭാഷയിൽ ഇല്ലല്ലൊ എന്നോർത്തു എനിക്കല്പം വ്യസനംതോന്നി. ഇംഗ്ലീഷ് പുസ്തകങ്ങൾ എത്ര വിശിഷ്ടങ്ങളായാലും അവയ്ക്കു നമ്മുടെ ചില പ്രത്യേക സാഹചര്യങ്ങളെ സ്പർശിക്കാൻ സാധിക്കുന്നില്ലെന്നുള്ളതു സത്ത്യമാണു. ഇംഗ്ലണ്ടൊ അമേരിക്കയൊ പോലല്ലല്ലൊ കേരളം. കേരളീയവൈദികർക്കും അവർക്കു സ്വന്തമായ സാഹായ്യങ്ങളും വിപത്തുകളുമുണ്ട്. ഇവയെപ്പറ്റി പ്രതിപാദിക്കുന്ന ഒരു നവീനഗ്രന്ഥം ഈ എഴുത്തുകാരന്റെ അന്വേഷണത്തിൽ കണ്ടെത്തിയില്ല. ആകയാൽ ഇക്കാര്യത്തിൽ ആവതു ചെയ്യണമെന്നു കരുതി ശ്രമംതുടങ്ങി. തൽഫലമാണു ഈ



www.malankaralibrary.com

വിനീതഗ്രന്ഥം. ഇതു ഇതിന്റെ നിർദ്ദിഷ്ടമായ ഉദ്ദേശം എത്രകണ്ടു സാധിച്ചിട്ടുണ്ടെന്നുള്ളതു വായനക്കാർ തീർച്ചപ്പെടുത്തികൊള്ളട്ടെ.

കത്തോലിക്ക പൌരോഹിത്യത്തെപ്പററി അല്പമെങ്കിലും മതിപ്പോ സ്നേഹമൊ ആദരവൊ ഒരു അനുവാചകന്റെ ഹൃത്തടത്തിൽ ഉളവാക്കുന്നതിനു ഈ പുസ്തകം ഏതെങ്കിലും വിധത്തിൽ ഉതകുന്നെങ്കിൽ അതു തന്റെ അഭിയത്നത്തിനു ലഭിച്ച ഒരു വലിയ പ്രതിഫലമായി രചയിതാവു സഹർഷം പരിഗണിക്കുന്നതാണ്.

ഈ ഗ്രന്ഥം എന്റെ വൈദിക സഹോദരന്മാരോടുള്ള ഒരു ഉപദേശമല്ലെന്നു ആയിരം പ്രാവശ്യം എടുത്തു പറഞ്ഞുകൊള്ളുന്നു; അതിനു പററിയ ആളുമല്ല കിഞ്ചിജ്ഞനായ ഈ എഴുത്തുകാരൻ. ഇതിൽ ശാസനാരൂപത്തിൽ വല്ലതും പറവാനിട വന്നിട്ടുണ്ടെങ്കിൽ അപ്പോഴൊക്കെ "വൈദ്യാ നിന്നെത്തന്നെ സുഖപ്പെടുത്തുക" എന്നൊരു സ്വരം അന്തരംഗത്തിൽ കേട്ടുകൊണ്ടാണിരുന്നിട്ടുള്ളതു്. കത്തോലിക്ക പൌരോഹിത്യത്തിന്റെ മാഹാത്മ്യത്തേയും അതിന്റെ വിവിധങ്ങളായ കടമകളേയും വിശദമാക്കുക മാത്രമാണു ഈ ഗ്രന്ഥംകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

കർദ്ദിനാൾ ബോൺ പറയുന്നു: "പഠനവും വായനയും പ്രാർത്ഥനയും വഴിയായി പുണ്യപരിപൂർണ്ണതയുടെ ഒരു ജീവിതത്തിനു, തന്നെത്തന്നെ തയ്യാറാക്കുന്നതിനു എല്ലാ യുവവൈദികനും ആറുമുതൽ പന്ത്രണ്ടു മാസംവരെയെങ്കിലും ദീർഘിക്കുന്ന ഒരു കാലഘട്ടം നൽകുക ഏററവും അഭിലഷണീയമാകുന്നു. വിശ്വാസം ദൃഢത്രുഢമായിരുന്ന ഒരു കാലത്തുണ്ടായിരുന്നതുപോലെ ഏതദർത്ഥം ഒരു പഠനകേന്ദ്രം (A house of pastoral theology) ഇടവകജോലിയിൽ തഴക്കവും പഴക്കവും ലഭിച്ച ഒരു വൈദികന്റെ കീഴിലൊ അല്ലെങ്കിൽ മെത്രാസനമന്ദിരത്തിൽ തന്നെ മെത്രാന്റെ മേൽനോട്ടത്തിലൊ ഉണ്ടായിരിക്കേണ്ടതാവശ്യമാകുന്നു. തീരെ അസാദ്ധ്യമെന്നു കരുതി തള്ളേണ്ട ഒരു സംഗതി അല്ല ഇതു്. ഇതേ സംബന്ധിച്ച കഴിഞ്ഞ മുപ്പതോ നാല്പതോ കൊല്ലങ്ങൾക്കിടയ്ക്കു നടത്തപ്പെട്ടിട്ടുള്ള പരീക്ഷണങ്ങൾ അത്ര വിജയശ്രീലാളിതമായി പര്യവസാനിച്ചിട്ടില്ലെങ്കിൽ നാം ഭഗ്നാശരാകേണ്ടയാവശ്യമില്ല."



www.malankaralibrary.com

കർദ്ദിനാൾ തുടർന്നുപറയുന്നു: "തന്റെ ഉള്ളംകയ്യിലെ മൈസത്തു ഉണങ്ങുന്നതിനുമുമ്പു വിപുലങ്ങളും ബഹുലങ്ങളുമായ ജോലിത്തിരക്കുകളിലേയ്ക്കു ഒരു യുവവൈദികൻ തള്ളിവിടപ്പെടുന്നതിനിടയാകുന്നെങ്കിൽ അതൊരു നിർഭാഗ്യമായിട്ടേ കരുതാൻ പാടുള്ളു. എന്തുകൊണ്ടെന്നാൽ അപ്പോൾ അദ്ദേഹം പഠനത്തിനൊ പരിചിന്തനത്തിനൊ അവസരം ലഭിക്കാതെ പുറമേയുള്ള ജോലികളിൽ വിലയിക്കുകയും തൽഫലമായി സ്വന്ത ആത്മീയ ജീവിതം മന്ദീഭവിച്ച്, അത്യുഗ്രമായ നദീപ്രവാഹത്തിൽപെട്ട കോക്കേന്നോണം തകിടംമറിയുകയും ചെയ്യുന്നു. ഭക്തിരീക്ഷ്ണത അശേഷമില്ലാത്ത ഒരു വികാരിയുടെ അസിസ്റ്റൻറാകുന്നതിനു ഇടവരുന്ന ഒരു നവവൈദികന്റെ സ്ഥിതിയും ഇതിൽനിന്നൊട്ടും മെച്ചമല്ല. ആകയാൽ ഒരു പുരോഹിതന്റെ പ്രഥമ പരിശീലനം അദ്ദേഹത്തേയും ശ്രുപതയേയും സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്നുണ്ടെന്നുള്ളതു സുവിശദം." (Young priest. p. 8)

വൈദികനാകണമെന്നാഗ്രഹിക്കുന്ന ഒരുവൻ ബാല്യത്തിലെതന്നെ പൌരോഹിത്യമെന്തെന്നും അതിന്റെ ചുമതലകൾ ഏവയെന്നും അല്പമായിട്ടെങ്കിലും അറിഞ്ഞിരിക്കേണ്ടതാണ്. ഇളം പ്രായത്തിൽ ലഭിക്കുന്ന ഈ ജ്ഞാനം ഒരുവന്റെ ഹൃദയത്തിൽ ആഴമായി പതിയാതിരിക്കയില്ല. വൈദികവൃത്തി സംബന്ധിച്ചു ഒരു ബാലനു ഉന്നതങ്ങളായ ഭാവനകളും ആദർശങ്ങളും ഉണ്ടായിരിക്കേണ്ടതാകുന്നു. വൈദികാർത്ഥികളായ യുവാക്കന്മാർക്കു നൽകുന്നതിനു വിദ്യാഭ്യാസപ്രവർത്തകന്മാർക്കും കുടുംബത്തലവന്മാർക്കും സർവ്വോപരി ആദ്ധ്യാത്മിക ഗുരുക്കന്മാർക്കും ഈ കൃതി ഉപകരിക്കുമെങ്കിൽ ഗ്രന്ഥകാരനു സവിശേഷമായ ചാരിതാർത്ഥ്യത്തിനും കൃതാർത്ഥതയ്ക്കും അവകാശമുണ്ട്.

കത്തോലിക്കസഭയിൽ പിത്തഗോറാസിന്റെ സംഘത്തിൽ ഉണ്ടായിരുന്നതുപോലെ പുറത്തറിയിക്കാൻ പാടില്ലാത്ത ഉപദേശങ്ങളൊന്നുമില്ല. അതിലെ വൈദികർക്കും അൽമേനികൾക്കും വ്യത്യസ്തമായ ഒരു സാന്മാർഗ്ഗിക പദ്ധതിയില്ല. സഭയുടെ ഒരു ആവലാതി അതിന്റെ വിവിധ പദവികളിലുള്ള അംഗങ്ങളുടെ



www.malankaralibrary.com

ജീവിതമുറകളേയും കടമകളേയും ബാഹ്യലോകം യഥാവൽ അറിയുന്നില്ലെന്നുള്ളതു മാത്രമാണ്. കത്തോലിക്കർക്ക് തങ്ങളുടെ വൈദികരോടു പല പ്രകാരത്തിൽ ഇടപെടേണ്ട അവസരങ്ങൾ സഹസ്രക്കണക്കിനുണ്ടെങ്കിലും അവർക്കും വൈദികരുടെ സ്ഥിതിഗതികളെപ്പറ്റി ശരിയായ ജ്ഞാനമില്ലെന്നുള്ളതു് വിലപനീയമായ ഒരു വാസ്തവമാകുന്നു. ഈ അജ്ഞത ചിലപ്പോൾ വൈദികവിദ്വേഷത്തിനും നിദാനമാകുന്നില്ലെന്നു ആർക്കു ഉറപ്പിച്ചു പറവാൻ കഴിയും?

പുണ്യവും പഠനവും തീക്ഷ്ണതയും നിറഞ്ഞ ഒരു പുരോഹിതഗണം സഭാമാതാവിന്റെ അഭിമാനസ്തംഭവും ബഹുമാനപാത്രവുമാണ്. വൈദികൻ തന്റെ നിർമ്മലജീവിതംമൂലം സ്വന്തം ആത്മാവിനെ രക്ഷിക്കയും, മറ്റുള്ളവർക്ക് സന്മാതൃക നൽകുകയും, തന്റെ വിജ്ഞാനം വഴിയായി നിത്യസത്യഗ്രഹണാർത്ഥം അവരുടെ ബോധത്തെ പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഇന്നു സഭയെ വിഴുങ്ങാൻ "ബൊൾഷേവീസം", "നാസീസം" തുടങ്ങി പല ഈസങ്ങൾ കാപ്പുകെട്ടി പുറപ്പെട്ടിട്ടുണ്ട്. എന്നാൽ വൈദികർ അവരുടെ ആദർശത്തിൽനിന്നു വ്യതിചലിക്കാതിരുന്നിടത്തോളംകാലം സഭക്കു യാതൊന്നിനേയും ഭയപ്പെടാനില്ല. ഏതു രാജ്യത്തു്, ഏതു സമുദായത്തിൽ ആചാര്യന്മാർ അധഃപതിക്കുമോ അവിടെ മറ്റു പ്രകാരത്തിൽ എന്തെല്ലാം അഭിവൃദ്ധിയുണ്ടായിരുന്നാലും സഭ പരാജയമടയുകതന്നെ ചെയ്യും.

ഇന്നത്തെ കേരളീയ വൈദികരിൽ മുക്കാൽഭാഗവും ഇംഗ്ലീഷ്‌വിദ്യാഭ്യാസത്തിന്റെ തണലിൽ വളർന്നിട്ടുള്ളവരാണ്. വൈദികർ പൊതുവിൽ സമ്മേളിക്കുന്ന മുഴുവൻധ്യാനം മുതലായ അവസരങ്ങളിൽ ജ്ഞാനവായനക്കു് ഇംഗ്ലീഷ്‌പുസ്തകങ്ങൾ ഉപയോഗിച്ചുതുടങ്ങിയിരിക്കുന്നു. ഇതു്, ഇംഗ്ലീഷ് ജ്ഞാനമില്ലാതിരുന്ന വൈദികരുടെ ഒരു തലമുറ കടന്നുപോയിരിക്കുന്നു എന്നല്ലയോ സൂചിപ്പിക്കുന്നതു്. വൈദികർക്ക് ഇന്നു മുമ്പെങ്ങും കേട്ടിട്ടില്ലാത്തതും അടുത്ത കാലത്തു യൂറോപ്പിൽനിന്നും മറ്റും ഇറക്കുമതി ചെയ്യപ്പെട്ടിട്ടുള്ളതുമായ ചില വക്ഷളത്വങ്ങളോടു പോരാടുന്നതിനുണ്ട്;



www.malankaralibrary.com

ഇതേസമയം തന്നെ പാശ്ചാത്യദേശത്തുനിന്നുള്ള കത്തോലിക്കചൈതന്യം ആധുനികരീതിയിലുള്ള താങ്ങും തുണയും അവർക്കു പ്രദാനം ചെയ്യുന്നുണ്ടെന്നുള്ളതും വാസ്തവമാകുന്നു. സുറിയാനി, ലത്തീൻ, അന്തിയോക്കിയാ എന്നീ റീത്തുകളിൽപെട്ട കേരളീയ വൈദികർക്കാകമാനം പറയുന്നതായിരിക്കണമെന്നൊരു വിചാരം മുൻനിറുത്തിക്കൊണ്ടാണ് ഈ ഗ്രന്ഥം രചിക്കപ്പെട്ടിട്ടുള്ളത്. കേരളീയ വൈദികർ എല്ലാവരും തന്നെ ഒരേ സാഹചര്യങ്ങളിൽ ജീവിക്കുന്നു. കത്തോലിക്കാ സഭയിൽ വിവിധറീത്തുകൾമൂലം ഉണ്ടായിട്ടുള്ള വ്യത്യാസം ഒരു വലിയ വ്യത്യാസമല്ല. റീത്തുകൾ ചില പ്രത്യേക ചുററുപാടുകൾ നിമിത്തം കാലക്രമേണ ആവിർഭവിച്ചിട്ടുള്ളതാകുന്നു; ഇനി ഒരു പുതിയ റീത്തു ഉണ്ടാകുമെന്നും തോന്നുന്നില്ല. റീത്ത്, രൂപത മുതലായ വ്യത്യാസങ്ങളെ മാററിവച്ച്, മതാഭിവൃദ്ധിയെ പൊതുവേ സംബന്ധിക്കുന്ന കാര്യങ്ങളിൽ കത്തോലിക്കർ തോളോടുതോൾ യോജിക്കേണ്ടതാകുന്നു. ഇതിനുള്ള ആവശ്യം ഇന്നത്തെപ്പോലെ മററു വല്ലപ്പോഴും ഉണ്ടായിട്ടുണ്ടോ എന്ന് സംശയമാണ്. തൊഴുത്തിൽകുത്ത് ആർക്കും നാശം ചെയ്യും. ഹേറോദേശും പീലാത്തോസും കണക്കെ സഭാവൈരികൾ ചിലപ്പോൾ സഭയ്ക്കെതിരായി യോജിച്ചുനിന്നു പ്രവർത്തിക്കുന്നില്ലേ? ആർച്ചുബിഷോപ്പ് ഡൌണി പറയുന്നു: "കത്തോലിക്കാസഭ അതിന്റെ സുദീർഘചരിത്രത്തിൽ ഇന്നത്തെപ്പോലെ ഒരിക്കലും അന്തിക്രിസ്തുവിന്റെ അനുയായികളാൽ ഇത്ര പരസ്യമായി അക്രമിക്കപ്പെട്ടിട്ടില്ല; ക്രിസ്തീയ നാഗരികതയ്ക്ക് ഇത്ര ക്രൂരവും, പ്രതികാരേച്ഛയോടുകൂടിയതും, വിദ്വേഷം നിറഞ്ഞതും, ക്രമീകൃതവും സാർവ്വത്രികവുമായ ഒരു ശത്രുവിനോട് എതിരിടേണ്ടയാവശ്യം ഇപ്പോഴത്തെപ്പോലെ ഒരിക്കലും നേരിട്ടിട്ടില്ല." ആകയാൽ പരിശുദ്ധ പിതാവ് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് നൽകുന്ന ഉദ്ബോധനം ഇപ്രകാരമാണ്: "ദൈവത്തിന്റെയും അതേസമയം മനുഷ്യജാതിയുടേയും ശത്രുക്കളായ തിന്മയുടെ സൈന്യവ്യൂഹത്തിനെതിരായി നാം നമ്മുടെ ശക്തികളഖിലവും കേന്ദ്രീഭവിപ്പിക്കുക അവശ്യാവശ്യമാകുന്നു." (Universe Oct. 23 1936.)



www.malankaralibrary.com

അതിവ ശ്രേഷ്ഠമായ ആചാര്യപദവിയെപ്പററി പാടുള്ളടത്തോളം സാക്ഷികളോടുകൂടി പ്രസ്താവിക്കണമെന്നുള്ള നിശ്ചയമാണ് ആദ്യന്തം അവലംബിച്ചിട്ടുള്ളത്. ആകയാൽ പലേ ഗ്രന്ഥങ്ങളിൽനിന്ന ഭാഷാന്തരമായും രൂപാന്തരമായും അനേകം ആശയങ്ങളെ ഇവിടെ സ്വീകരിച്ചിട്ടുണ്ടെന്നുള്ള വാസ്തവം തുറന്നു പറഞ്ഞുകൊള്ളുന്നു.

എൻെറ അപേക്ഷയെ സദയം സ്വീകരിച്ച്, അവിടത്തെ നാനാതര ജോലികൾക്കിടയിൽ ഇതിനൊരു അവതാരിക സദയം എഴുതിത്തന്ന ചങ്ങനാശ്ശേരി രൂപതയുടെ മഹാഭിവന്ദ്യശ്രീ കാളാശ്ശേരിൽ ജയിംസ് മെത്രാനച്ചൻ തിരുമനസ്സിലെ നേക്ക് എനിക്കുള്ള കൃതജ്ഞതയെ പ്രഥമതഃ പ്രകാശിപ്പിച്ചുകൊള്ളട്ടെ. ഔദ്യോഗിക പരിശോധകൻ (Censor) എന്ന നിലയിൽ ഈ ഗ്രന്ഥത്തെ സംശോധനം ചെയ്യുകയിൽ ഇതിലെ ആശയഘടനയും മററും സംബന്ധിച്ച പലേ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ള മംഗലപ്പുഴ സെമ്മിനാരി സംസ്കൃതപ്രൊഫ്സർ റവ: ഫാദർ തോമ്മസ് കൊച്ചുമുട്ടംകാനാൽ അവർകളോടു എനിക്കുള്ള കടപ്പാടു വളരെയാണ്. റഫറൻസിനു പുസ്തകങ്ങൾ ലഭിക്കുക ഒരു വലിയ കാര്യമായിരുന്നു. ഈ ഗ്രന്ഥനിർമ്മാണത്തിൽ, അനേകം പുസ്തകങ്ങൾ എൻെറ ഉപയോഗത്തിനു ഏൽപ്പിച്ചുതന്ന സേലം മിഷ്യനറി റവ: ഫാദർ മാത്യൂ തലച്ചിറ അവർകൾ ഒരു വലിയ സഹായവും പ്രോത്സാഹനവുമാണ് നൽകിയിട്ടുള്ളത്. ഇതിൻെറ കയ്യെഴുത്തുപ്രതി മുഴുവനും പരിശോധിച്ച് സാഹിത്യപരമായ ചില സ്ഖലിതങ്ങളെ തിരുത്തിതന്ന പുളിംകുന്നു സെൻറ് ജോസഫ്സ് ഇംഗ്ലീഷ് ഹൈസ്കൂൾ മുൻഷി മി: റ്റി. ജോസഫ് കണ്ണാടി അവർകളോടും, ഭാഷാസംബന്ധമായി ചില സഹകരണങ്ങൾ നൽകിയിട്ടുള്ള പ്രവിത്താനം പി. എം. ദേവസ്യാ അവർകളോടും എനിക്കുള്ള നന്ദിയെ പ്രകടിപ്പിച്ചുകൊള്ളുന്നു. ഇതിൽ കാണുന്ന "Ad Catholici Sacerdotii" എന്ന സുപ്രസിദ്ധ ചാക്രികലേഖനത്തിൻെറ ഭാഗങ്ങൾ 'സത്യദീപം' പത്രത്തിൽനിന്നും, വേദാദ്ധ്യയനത്തെപ്പററിയുള്ള "സൂനഹദോസ്സ് തിരുസംഘത്തിൻെറ കല്പന" 'കർമ്മെലകുസുമ'ത്തിൽനിന്നും ഉദ്ധരി



www.malankaralibrary.com

ച്ചിട്ടുള്ളവയാണെന്നുള്ള വിവരവുംകൂടി ഇവിടെ കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചുകൊള്ളട്ടെ.

കേരളീയ വൈദികരുടെ പിതാവ് എന്ന അപരനാമത്തിന് അർഹതയുള്ള മംഗലപ്പുഴ സെമിനാരി റെക്ടർ വന്ദ്യദിവ്യശ്രീ ഫാദർ ജോൺ ജോസഫ് സി. ഡി. അവർകളുടെ റെക്ടർ പദത്തിന്റെ രജതജൂബിലിസ്മാരകമായി ഈ പുസ്തകം പ്രസിദ്ധീകരിച്ചുകൊള്ളുന്നു.

Pravithanam,<br>12th Aug: 1937.

Fr. M. Puthiedam.

www.malankaralibrary.com

# ശുദ്ധിപത്രം.

| വശം. | വരി. | തെറ്റ്. | ശരി |
|---|---|---|---|
| 4 | 14 | പ്രവണത | പ്രവണതയെ |
| 7 | 18 | വൃഥാ | വൃഥാ! |
| 7 | 26 | an | au |
| 10 | 30 | ചെയ്യു | ചെയ്യു. |
| 20 | 15 | സാഹായ | സാഹായ്യ |
| 25 | 11 | സ്വല്പം | സ്വല്പം. |
| 39 | 19 | പോകുക. | പോകുക; |
| 45 | 28 | colo | coelo |
| 50 | 26 | നിലംപതിക്കുന്നു. | നിലംപതിക്കുന്നു |
| 108 | 28 | carometer | barometer |
| 119 | 5 | രമ്യപ്പെടുത്തുമ്പോൾ | രമ്യപ്പെടുത്തുമ്പോൾ. |
| 121 | 9 | അവന്റെ | "അവന്റെ |
| 122 | 15 | നിന്നു | നിന്ന് |
| 156 | 27 | പേർ | പേർ. |
| 161 | 28 | പ്രസംഗങ്ങൾക്കു | പ്രസംഗങ്ങൾ |
| 176 | 12 | ക്രിസ്തുനാഥനാവടെ | ക്രിസ്തുനാഥനാവട്ടെ |
| 187 | 8 | ഏതൽ | ഏതാൻ |
| 190 | 17 | ഉണ്ടായിരുന്നു, | ഉണ്ടായിരുന്നു.' |
| 195 | 28 | വർദ്ധിപ്പിക്ക | വർദ്ധിക്ക |
| 212 | 6 | അവർ | അദ്ദേഹം |
| 245 | 11 | അശ്രുശ്രുതങ്ങളായ | അപ്രശ്രുതങ്ങളായ |
| 255 | 2 | വൈദിസ്ഥാനത്തു | വൈദിക സ്ഥാനത്തു |
| 258 | 1 | സഹോദരന്മാരും | സഹോദരന്മാർ |
| 259 | 6 | ഇടവക്കൂന്ന | ഇടവകക്കൂന്ന |
| 265 | 20 | ആശീർവദിക്കുന്നു. | ആശീർവദിക്കുന്നു". |



www.malankaralibrary.com

| | | | |
|---|---|---|---|
| 279 | 13 | ചെയ്യുന്നതാണെ | ചെയ്യുന്നതാണ്". |
| 298 | 3 | തീരു | തീരു. |
| 300 | 23 | ധിഷണാവൈഭവം | ധിഷണാവൈഭവം |
| 312 | 11 | റസ്കിൽ | റസ്കിൻ |
| 323 | 20 | കുപിതരായി | കുപിതരായി, |
| 332 | 24 | സെററബോർ | സൊറബോൻ |
| 379 | 21 | തടസപ്പെട്ടും. | തടസപ്പെട്ടും." |
| 390 | 16 | ദൃശ്യമാക്കേണ്ടിയിരിക്കുന്നു | ദൃശ്യമാകേണ്ടിയിരിക്കുന്നു. |
| 392 | 5 | എല്ലായ്പ്പോഴും | ഇല്ലായ്മ |
| 395 | 1 | പവനമായ | പാവനമായ |
| 4 0 | 8 | കൂടിത്തത്തെ | കൂടിത്തന്നെ |
| 409 | 1 | സകലത്തിനേയും | സകലത്തേയും |
| 409 | 5 | ഭാവാഗ്നി | ദാവാഗ്നി |
| 447 | 9 | നി | നിങ്ങൾ |
| 447 | 19 | തിററിക്കൊട്ടുക്കാതെ | തിററികൊട്ടുകാതെ |
| 448 | 30 | വെന്നുള്ള | വെന്നുമുള്ള |
| 457 | 14 | പരിണാമമത്രെ | പരിമാണമത്രെ |
| 470 | 13 | കാാശേഖരണാർത്ഥം | കുററശേഖരണാർത്ഥം |
| 471 | 9 | അറിയോപ്പാഗസി | അറിയോപ്പാഗസി |
| 475 | 7 | മകുടോദാഹരണളായ | മകുടോദാഹരണങ്ങളായ |
| 494 | 17 | exopere operats | exopere operato |
| 494 | 18 | exopere operantio | exopere operantis |
| 507 | 22 | സ്വഭാവം. | സ്വഭാവം |
| 507 | 23 | അകന്നിരിക്കമ്പോഴും | അകന്നിരിക്കമ്പോഴും. |
| 519 | 9 | കാണകൾക്ക | കാണികൾക്ക |
| 538 | 5 | ന്യായാസനത്തിൽ | ന്യായാസനത്തിൻ |
| 538 | 9 | മനസാക്ഷി | മനഃസാക്ഷി |
| 541 | 8 | നടത്തിൽ | നടത്തയിൽ |
| 543 | 29 | അവർ | അവൻ |



www.malankaralibrary.com

# ക്രിസ്തീയപൌരോഹിത്യം.

## അദ്ധ്യായം ൧.

### ദൈവ വിളി

'എന്നാൽ അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുന്നവനല്ലാതെ ആരും ബഹുമതി തനിക്കുതന്നെ എടുക്കുന്നില്ല അങ്ങനെ മ്ശിഹായും മേല്പട്ടക്കാരനാകേണ്ടതിന് തന്നെത്തന്നെ മഹത്വപ്പെടുത്തിയില്ല. പ്രത്യുത, നീ എന്റെ പുത്രനാകുന്നു, ഇന്നു നിന്നെ ഞാൻ ജനിപ്പിച്ചു എന്ന് അയാളോട് അരുളിച്ചെയ്തവനത്രെ (മഹത്വപ്പെടുത്തിയത്). അപ്രകാരം മറെറാരു സ്ഥലത്ത് നീ മെൽക്കിസദേക്കിന്റെ ക്രമപ്രകാരം നിത്യം പുരോഹിതനാകുന്നുവെന്ന് പറയുന്നു.' 1

ദൈവം അധഃപതിച്ച നരകുലത്തെ തന്റെ സുതന്റെ ക്രൂശ്മരണത്തിന്റെ ബലിമാർഗ്ഗേണയാണല്ലൊ ഉദ്ധരിച്ചത്. ഈശ്വരാരാധനയിലെ സർവ്വപ്രധാനമായ ഒരു കർമ്മമാകുന്നു ബലി. പഴയനിയമത്തിലെ ബലികളുടെ വിവിധങ്ങളായ ചടങ്ങുകൾ അത്രയും ദൈവം നേരിട്ടു വെളിപ്പെടുത്തുകയും അവ നിഷ്കൃഷ്ടാപൂർവ്വം അനുഷ്ഠിക്കുന്നതിന് കല്പിക്കുകയും ചെയ്തിട്ടുള്ളതായി നാം കാണുന്നു. പുതിയ നിയമത്തിന്റെ ഒരു നിഴൽ മാത്രമായിരുന്നല്ലൊ പഴയനിയമം. സഭ പുതിയനിയമത്തിലെ ബലിസംബന്ധിച്ച് ഇതേവിധം ക്രിസ്തുവിന്റെ ആജ്ഞകൾ ശിരസാവഹിക്കുന്നുണ്ട്.

ബലിക്കു അർപ്പകനായി ഒരു പുരോഹിതൻ ആവശ്യമാകുന്നു. ബലിയുടെ അനുഷ്ഠാനക്രമങ്ങൾ ദൈവം അഗ്രഹിക്കുന്ന വിധമെ പാടുള്ളുവെങ്കിൽ, അർപ്പകനായ പുരോഹിതനും, ദൈവഹിതാനുസാരം തിരഞ്ഞെടുക്കപ്പെട്ടവനായിരിക്കണമെന്നത് ആവശ്യമാണ്. ദൈവം പുരോഹിതന്മാരെ അഭിഷേകം ചെയ്യുന്നതിൽ

www.malankaralibrary.com

പരം ആകൎഷകമായ ഒരു സംഭവം പഴയനിയമത്തിൽ ഇല്ലെന്നു പറയാം. ലേവി ഗോത്രക്കാർ അൾത്താര ശുശ്രൂഷക്കായി നിയമിക്കപ്പെട്ടുന്നു. ലേവിയുടെ ശാഖക്കാരനായ അഹറോന്റെ കുടുംബക്കാർ മാത്രമേ പൌരോഹിത്യമകുടമണിയുന്നതിനു പാട്ടങ്ങളായിരുന്നുള്ളു. മേല്പട്ടസ്ഥാനത്തിന്റെ അവകാശം അഹറോനിൽനിന്നു സീമന്ത പുത്രപദവി വഴിക്കായിരുന്നു തുടൎന്നുപോകേണ്ടിയിരുന്നത്. പുതിയ നിയമത്തിലെ മേല്പട്ടക്കാരനായ മ്ശിഹാതന്നെ വൈദിക സ്ഥാനത്തേയ്ക്കു ദൈവത്താൽ വിളിക്കപ്പെട്ടുകയാണു ചെയ്തിട്ടുള്ളത്. ആകയാൽ തന്റെ പൌരോഹിത്യത്തിൽ അംശഭാക്കുകളാകുന്നതിനുള്ള ഭാഗ്യം ലഭിച്ചിരിക്കുന്ന മനുഷ്യർ ദൈവത്താൽ നിയോജിക്കപ്പെട്ടുക എത്ര അവശ്യാവശ്യമായിരിക്കുന്നു. അവൎക്കാകട്ടെ അവരുടെ അധികാരങ്ങൾ മ്ശിഹാ സ്ഥാപിച്ചിട്ടുള്ള പട്ടമെന്ന കൂദാശ വഴിയായി ലഭിക്കുന്നു. ഈ കൂദാശ മാഞ്ഞുപോകാത്ത അടയാളമാണ് അവരുടെ ആത്മാക്കളിൽ പതിക്കുന്നത്.

ക്രിസ്തു തന്റെ ഭൗമികമായ ജീവിതകാലഘട്ടത്തിൽ ചെയ്തുപോലെ, പ്രേഷിത ജോലിയിൽ തന്നോടു സഹകരിക്കാനിരിക്കുന്നവരെ ഇന്നും സ്വയം തിരഞ്ഞെടുത്തുകൊണ്ടിരിക്കുന്നു. 'അവൻ തന്റെ പക്കലേയ്ക്കു, അവനു മനസ്സുള്ളവരെ വിളിച്ചു.'[2] അപ്പസ്തോലന്മാരേയും എഴുപത്തിരണ്ടു ശിഷ്യന്മാരേയും വിളിച്ചത് തന്റെ മരണത്തിനു മുമ്പാണെങ്കിൽ വി. പൌലോസിനെ തന്റെ ഉയിൎപ്പിന്റെ ശേഷമാണ് വിളിച്ചത്. വി. ബർണ്ണബായുടെ കാൎയ്യത്തിലാകട്ടെ അവിടുന്നു സഭയുടെ തീരുമാനത്തെ അംഗീകരിക്കുകയാണു ചെയ്തിട്ടുള്ളത്.

ഇതിൽനിന്നെല്ലാം വിശദമാകുന്നത് ആചാൎയ്യസ്ഥാനത്ത് പ്രവേശിക്കുന്നതിന് ദൈവവിളി ആവശ്യമാണെന്നാണല്ലൊ. ഈ സത്യം വേദപുസ്തകത്തിൽനിന്നും, പൂൎവ്വ പിതാക്കന്മാരിൽനിന്നും, സൂനഹദോസ്സുകളുടെ കാനോനാകളിൽനിന്നും, സഭയുടെ സാൎവ്വജനീനമായ പാരമ്പൎയ്യത്തിൽനിന്നും വ്യക്തമാണ്.

ദൈവവിളി പട്ടത്തിനുമാത്രം മതിയായിരിക്കുന്നു. മറ്റുള്ള ജീവിതാവസ്ഥകളിൽ പ്രവേശിക്കുന്നതിനു ഒരുവനു ദൈവവിളി



www.malankaralibrary.com

വേണമെന്നില്ല. ദൈവവിളി (Vocation) എന്ന പദം ആചാര്യസ്ഥാനത്തോടുചേർത്തു മാത്രമെ പ്രയോഗിക്കപ്പെടുന്നുള്ളു. 'സന്യാസസഭാപ്രവേശത്തെപ്പററി പ്രസ്താവിക്കുമ്പോൾക്കൂടി കാനോൻനിയമം Vocatio' എന്ന പദം ഉപയോഗിക്കുന്നില്ല.'[3] ഇതുകൊണ്ടു മററു ജീവിതാവസ്ഥകളിൽ ദൈവപ്രബോധനംകൂടാതെയാണ് പ്രവേശിക്കേണ്ടതെന്നർത്ഥമാകുന്നതായി ധരിക്കരുതു്. ദൈവവിളി അതിന്റെ സങ്കുചിതാർത്ഥത്തിൽ (in sensu stricto) പൌരോഹിത്യപദവിക്കുമാത്രം ചേരുന്നുവെന്നേ വിവക്ഷയുള്ളു.

ആകയാൽ ദൈവനിയോജനംകൂടാതെ വൈദികസ്ഥാനം കാംക്ഷിക്കുന്നവരും അപ്രകാരമുള്ളവർക്ക് മനഃപൂർവ്വം പട്ടം കൊടുക്കുന്ന മെത്രാനും ഘനമായി പിഴയ്ക്കുന്നു. 'ഒരുത്തന്റെമേലും അനവധാനമായി കൈവയ്ക്കരുതു്. മററുള്ളവരുടെ പാപത്തിൽ പങ്കാളിയുമാകരുതു്.'[4]

പൌരോഹിത്യത്തിനുള്ള തിരഞ്ഞെടുപ്പ് ദൈവത്തിന്റെ ഒരു പ്രത്യേക പ്രവൃത്തിയാകുന്നു. ദൈവം ഒരുവനെ വിളിക്കുന്ന ആ ക്രിയയ്ക്കും വിളിക്കപ്പെട്ടതിനുശേഷമുള്ള അവസ്ഥയ്ക്കും ദൈവവിളിയെന്നു പറയപ്പെടുന്നു. അൽഫോൻസെമുൾഡെ (Alphonse Mulders) ദൈവവിളിയെ ഇങ്ങനെയാണ് അദ്ധ്യവസാനം ചെയ്യുന്നതു്. 'ദൈവം തന്റെ പരിപാലനയുടെ പ്രത്യേക ക്രമവൽക്കരണംവഴിയായി പൌരോഹിത്യത്തിൽ തനിക്കു ശുശ്രൂഷ ചെയ്യുന്നതിനു ചിലരെ സ്വമനസ്സാ തിരഞ്ഞെടുക്കുകയും അവർക്ക് തദർത്ഥം വേണ്ട യോഗ്യതകളും ഇഷ്ടപ്രസാദങ്ങളും നൽകുകയും, തന്റെ ഈ തിരഞ്ഞെടുപ്പിനെ ഭൂമിയിലുള്ള തന്റെ സഭയുടെ ന്യായമായ അധികാരമാർഗ്ഗേണ പ്രസ്പഷ്ടമാക്കുകയും ചെയ്യുന്നതാകുന്നു ദൈവവിളി.'[5]

ജഗന്നിയന്താവ് ഒരു മനുഷ്യനെ ഒരു ജീവിതാവസ്ഥയ്ക്കു തിരഞ്ഞെടുക്കുമ്പോൾ അതിന്റെ ചുമതലകളുടെ നിർവ്വഹണാർത്ഥമുള്ള സകല ഗുണവിശേഷങ്ങളും അവനു നൽകുമെന്നുള്ളതു തീർച്ചയാണ്. ഒരു വൈദികാർത്ഥിയുടെ ഗതിവിഗതികളെ സസൂക്ഷ്മം സംവീക്ഷണം ചെയ്യുമ്പോൾ അവനിൽ ഈശ്വരാദേശത്തിന്റെ



www.malankaralibrary.com

ഷിഹന്നങ്ങൾ ഉണ്ടോ എന്നു വിധിക്കേണ്ടതു്. ഉദ്ദേശശുദ്ധിയും യോഗ്യതയും ഉള്ള ഒരുവനെ സഭ തിരഞ്ഞെടുക്കുമ്പോൾ അവൻെറ ദൈവവിളി പരിപൂർണ്ണമായി ഭവിക്കുന്നുവെന്നു പറയാം. സഭയുടെ ആദേശം കൂടാതെ ഒരുത്തനും അവൻെറ പട്ടത്തിനുള്ള യോഗ്യതയെപ്പററി തീർച്ചയുണ്ടാകാൻ പാടില്ല. ഹിപ്പോലിററസിൻെറ നിയമങ്ങൾ (Canons of Hipolitus) എന്നറിയപ്പെടുന്ന പൌരാണികമായ ഒരു രേഖയിൽ ഒരു പട്ടദാനക്രമം വർണ്ണിച്ചിരിക്കുന്നതായി കാണുന്നുണ്ട്. അതിൽ ജനങ്ങൾ താഴെ കാണുംവിധം പൌരോഹിത്യാർത്ഥിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. 'ഓ, ദൈവമേ! ഞങ്ങൾക്കായിട്ട് അങ്ങ് തിരഞ്ഞെടുത്തിരിക്കുന്ന ഈയാളിനെ ബലപ്പെടുത്തേണമേ.'[6] ഇവിടെ സഭയുടെ തിരഞ്ഞെടുപ്പും അതിനുമുമ്പേയുള്ള ദൈവത്തിൻെറ തിരഞ്ഞെടുപ്പും വേറെ വേറെ കാണുമാറാകുന്നു.

ഉദ്ദേശശുദ്ധിയെ അഥവാ വൈദികസ്ഥാനത്തോടുള്ള ആന്തരികമായ പ്രവണതയാണ് ദൈവത്തിൻെറ തിരഞ്ഞെടുപ്പ് എന്ന് സംബോധന ചെയ്തിരിക്കുന്നതു്. 'വിശുദ്ധറൂഹായുടെ സഹായം കൂടാതെ കർത്താവ് ഈശോ എന്നു പറയുന്നതിനു ഒരുവനും ശക്യമല്ലെങ്കിൽ'[7] പട്ടമുദ്ര വഴിയായി മ്ശിഹായോടു അതിസ്വാഭാവികമായവിധത്തിൽ സംഗാഢം യോജിക്കുന്നതിനു അടക്കണം ദിവ്യമായ ആന്തരികപ്രേരണകൂടാതെ സാധിക്കുകേ? 'നിങ്ങൾ എന്നെയല്ല, ഞാൻ നിങ്ങളെയാണ് തിരഞ്ഞെടുത്തിരിക്കുന്നതു്.'[8] 'എന്നെ അയച്ച പിതാവ് പ്രേരിപ്പിക്കാത്തപക്ഷം എൻെറ പക്കൽ വരുന്നതിന് ഒരു മനുഷ്യനും വശമില്ല.'[9] എന്നു നമ്മുടെ ദിവ്യനാഥൻ പറഞ്ഞിരിക്കെ ആത്മാക്കളെ ദൈവത്തിൻെറ പക്കലേയ്ക്കു് ആനയിക്കുക എന്ന വിശേഷാധികാരത്താൽ അനുഗ്രഹിതനാകുന്നതിനു അസാധാരണമായ ദൈവവരംകൂടാതെ വല്ലവനും സാധിക്കുമോ? എന്നാൽ ആന്തരികമായ ഈ പ്രവണത ദിവ്യനിവേശമോ (inspiration) വെളിപാടോ (revelation) അല്ലെങ്കിൽ ഇന്ദ്രിയഗോചരമായ ആകർഷണമോ (Sensible attraction) ആയിരിക്കേണ്ടയാവശ്യമില്ലെന്നുള്ളതു് പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുണ്ട്.



www.malankaralibrary.com

൧൯൩൫ ഡിസംബർ ൨൦-ാം തീയതി ഒപ്പുവയ്ക്കപ്പെട്ടതും, അവിചാരിത ക്രിസ്സ്മസ്സ് സമ്മാനമായി ക്രിസ്സ്മസ്സിന്റെ തലേ ദിവസം കർദ്ദിനാൾസംഘംവഴി ലോകത്തിനു പ്രദാനം ചെയ്യപ്പെട്ടതുമായ പ. പിതാവ് പതിനൊന്നാംപീയൂസ്സ് മാർപ്പാപ്പായുടെ കത്തോലിക്ക പൗരോഹിത്യത്തെപ്പററിയുള്ള (Ad Catholici sacerdotii) അഭിനവ ചാക്രികലേഖനം ഇതിനകം വിശ്വവിഖ്യാതി നേടിക്കഴിഞ്ഞിരിക്കുന്നുവല്ലൊ. വൈദികവൃത്തിയുടെ നാനാമുഖങ്ങളെ പരാമർശിക്കുന്ന ഈ തിരുവെഴുത്തിൽ നിന്നു ചില ഭാഗങ്ങൾ യഥാവസരം ഈ ഗ്രന്ഥത്തിൽ വഴിയെ ഉദ്ധരിക്കുന്നതായിരിക്കും. ദൈവവിളിയുടെ ലക്ഷണം സംബന്ധിച്ച് ഇതിൽ പറഞ്ഞിരിക്കുന്നതിപ്രകാരമാണ്. "ദൈവവിളി അഭ്യന്തരമായ തോന്നലിലോ ഭക്തിപരമായ ആകർഷണത്തിലോ അല്ല അടങ്ങിയിരിക്കുന്നതു്; ഇവ ചിലപ്പോൾ ഒരുവനിൽ കണ്ടെത്തപ്പെട്ടില്ലെന്നൊ അല്ലെങ്കിൽ സ്വല്പമായി മാത്രം ദൃശ്യമായിരുന്നെന്നൊ വന്നേയ്ക്കാം, എന്നാൽ അതു (ദൈവവിളി) വൈദികാർത്ഥിയുടെ ശുദ്ധമായ ഉദ്ദേശത്തിലും അവനെ ഈ ജീവിതാവസ്ഥക്ക് പ്രാപ്തനാക്കുന്ന കായികവും ബുദ്ധിപരവും ധാർമ്മികവുമായ ഗുണങ്ങളിലുമത്രെ നിക്ഷിപ്തമായിരിക്കുന്നതു്."

ഇങ്ങനെ ദൈവവിളിക്കു ഉദ്ദേശശുദ്ധി (യോഗ്യത ഉദ്ദേശശുദ്ധിയിൽ അടങ്ങും) സഭയുടെ തിരഞ്ഞെടുപ്പ്, എന്നിഗുണദ്വയമാവശ്യമാണെന്നു വരുന്നു. ഇവയെപ്പററി സവിസ്തരം പിന്നീടു പ്രസ്താവിച്ചുകൊള്ളാം. എന്നാൽ ദൈവവിളിയുടെ ഈ ഘടകങ്ങളിൽ ഏതിനാണു കൂടുതൽ പ്രാമാണ്യം കല്പിക്കേണ്ടതു്? ഈ ചോദ്യത്തിനു പ്രായോഗികമായി വലിയ പ്രാധാന്യമില്ലെങ്കിലും പ്രാമാണികമായി അല്പമുണ്ടു്. ഇതേസംബന്ധിച്ചു ഈ ഇരുപതാംനൂററാണ്ടിന്റെ ആരംഭഘട്ടത്തിൽ വേദശാസ്ത്രപണ്ഡിതന്മാരുടെ ഇടയിൽ പ്രചണ്ഡമായ ഒരു വാദം നടന്നിരുന്നു. ൧൯൦൯-ൽ ഫ്രാൻസിൽ പൊയ്യാൻ (Poyanne) എന്ന സ്ഥലത്തെ സെമ്മിനാരിയിലെ ഒരു പ്രൊഫസ്സറായ കാനൺ. ജെ. ലാഹിത്തൊ (J. Lahitton) 'La Vocation Sacerdotale' എന്ന അഭിധാനത്തിൽ ഒരു പുസ്തകം



www.malankaralibrary.com

പ്രസിദ്ധംചെയ്തു. ഇതിൽ ദൈവവിളിയുടെ ഘടകങ്ങളിൽ ഒന്നായ മെത്രാന്റെ തിരഞ്ഞെടുപ്പിനുള്ള പ്രാധാന്യത്തെപ്പററി പ്രത്യേകം ഊന്നി പ്രസ്താവിച്ചിട്ടുണ്ടായിരുന്നു. ഈ പുസ്തകത്തെ അനുകൂലിച്ചും പ്രതികൂലിച്ചും വേദശാസ്ത്രജ്ഞന്മാരുടെ ഇടയിൽ പല വിമർശനങ്ങളുമുണ്ടായി. പുസ്തകം സഭയുടെ പാരമ്പര്യപഠനത്തിനു വിരുദ്ധമാണെന്നും ദൈവവിളിയിൽ പരിശുദ്ധാത്മാവിന്റെ ആന്തരികമായ പ്രബോധനത്തിനുള്ള സ്ഥാനത്തെ പാടെ നിഷേധിക്കുകയാണു അതു ചെയ്യുന്നതെന്നുമായി ഒരു കൂട്ടർ. ഇവരിൽ പ്രധാനൻ 'ഹർട്ടാർഡ' (Hurtard) ആയിരുന്നു. എന്നാൽ പണ്ഡിതന്മാരുടെ വേറൊരു ഭാഗം പ്രസ്താവിത ഗ്രന്ഥത്തെ വളരെ ശ്ലാഘിക്കുകയും അതു പ്രമാദരഹിതവും സഭയുടെ പരമ്പരീണമായുള്ള പഠനത്തെ വേണ്ടപോലെ പ്രകാശിപ്പിക്കുന്നതുമാണെന്നു അഭിപ്രായപ്പെടുകയും ചെയ്തു. ഇപ്രകാരം ശാസ്ത്രകോവിദന്മാരുടെ ഖണ്ഡനമണ്ഡനങ്ങൾകൊണ്ടു യാതൊരു തീരുമാനവും ഉണ്ടാകുന്നില്ലെന്നു കണ്ടപ്പോൾ അന്നു വാണിരുന്ന പത്താംപീയൂസ്സ് മാർപാപ്പാ 'ലാഹിത്തോ'യുടെ പുസ്തകം പരിശോധിക്കുന്നതിനു കർദ്ദിനാളന്മാരുടെ ഒരു കമ്മീഷൻ ഏല്പിച്ചു. ഈ കമ്മീഷൻ ൧൯൧൨ ജൂൺ ൨൦-ാം തീയതി ഒരു തീരുമാനം പ്രസിദ്ധപ്പെടുത്തുകയും, അതു ലാഹിത്തോ പഠിപ്പിച്ചുകൊണ്ടിരുന്ന രൂപതയിലെ മെത്രാനു അയച്ചുകൊടുക്കപ്പെടുകയും ചെയ്തു. തീരുമാനം ഇപ്രകാരമായിരുന്നു. 'കാനൺ ജോസഫ് ലാഹിത്തോയുടെ ഗ്രന്ഥം ഒരുപ്രകാരത്തിലും മുടക്കപ്പെടേണ്ടതല്ല; മാത്രമല്ല, അതിലെ താഴെ ഉദ്ധരിക്കപ്പെടുന്ന ഭാഗങ്ങൾ പ്രകർഷേണ സ്തുത്യർഹങ്ങളുമാകുന്നു. 1) മെത്രാന്റെ തിരഞ്ഞെടുപ്പു കൂടാതെ ഒരുവനും പട്ടം സ്വീകരിക്കുന്നതിനു അർഹതയില്ല. 2) ദൈവവിളി തിരിച്ചറിയുന്നതിനുള്ള സർവ്വസാധാരണവും അവശ്യാവശ്യവുമായ ലക്ഷണം പരിശുദ്ധാത്മാവിന്റെ പ്രേരണയെന്നു പറയപ്പെടുന്ന ആന്തരികമായ പ്രബോധനമാകുന്നില്ല. 3) പ്രത്യുത, മെത്രാനു ഒരുവനു ന്യായമായി പട്ടം കൊടുക്കുന്നതിനു, അവനിൽ ഉദ്ദേശശുദ്ധിയും അതോടൊന്നിച്ചു വൈദികജോലിക്കു തക്ക യോഗ്യതയും; അതായതു് സ്വാഭാവികവും സ്വ



www.malankaralibrary.com

ഭാവാതിതവുമായ ഇഷ്ടപ്രസാദദാനങ്ങളിൽ നിന്നുൽഭൂതമാകുന്ന പ്രാപ്തിയും മതിയായിരിക്കുന്നു. ഈ പ്രാപ്തിയാകട്ടെ അവൻെറ ജീവിതവിശുദ്ധിയിലും പാണ്ഡിത്യത്തിലും അടങ്ങിയിരിക്കുന്നു; ഇവ രണ്ടുമുള്ളപ്പോൾ അവൻ പൌരോഹിത്യപദവിയുടെ കടമകളെ ഉചിതമായി നിർവഹിക്കുകയും, അതിൻെറ നിയമങ്ങളെ പരിശുദ്ധമായി അനുസരിക്കുകയും ചെയ്യുമെന്നു ന്യായമായി പ്രത്യാശിക്കാവുന്നതാണ്.' 10 പ്രസ്തുത പുസ്തകത്തിനു വേറൊരു പതിപ്പുകൂടിയുണ്ടായപ്പോൾ പത്താംപീയൂസ്സ് മാർപാപ്പാ ൧൯൧൨ ജൂൺ ൨-ാം തിയതി ഒരു അനുമോദനകത്തും ഗ്രന്ഥകാരനു അയച്ചുകൊടുക്കുകയുണ്ടായി.

ലാഹിത്തോയുടെ അഭിപ്രായങ്ങളെ സമാദരിച്ചുള്ള തിരുമാനത്തിൽനിന്നു മെത്രാൻെറ തിരഞ്ഞെടുപ്പിനുമുമ്പ് ഒരുവനിൽ വൈദികസ്ഥാനത്തിലേയ്ക്കുള്ള ആന്തരികമായ പ്രവണത യില്ലെന്നു വരുന്നില്ല. എന്നാൽ ചിലർ പിശകായി അങ്ങനെ ധരിക്കയും ൧൯൧൭-ൽ പ്രസിദ്ധികൃതമായ കാനൻനിയമത്തിലെ ൧൩൫൩-ാം കാനനിൽ കാണുന്ന 'Germen Vocationis' (ദൈവവിളിയുടെ ബീജം) തുടങ്ങിയ പ്രസ്താവങ്ങൾ ൧൯൧൨-ലെ തിരുമാനത്തിൻെറ ഒരു തിരുത്തലാണെന്നു വാദിക്കുകയും ചെയ്തു. പക്ഷെ വ്യഥാ കമ്മിഷൻെറ തീരുമാനവും കാനൻനിയമവും സൂക്ഷ്മമായി പരിശോധിക്കുന്നവർക്കു ഈവിധമൊരു ധാരണയ്ക്കുവകാശമില്ലതന്നെ. ദൈവവിളിയുടെ കാതലായ ഭാഗം ആന്തരികമായ പ്രേരണയിലാണെന്നുള്ളതിനെ മാത്രമെ കർദ്ദിനാൾ കമ്മിഷൻ നിഷേധിച്ചിരുന്നുള്ളു.

ഇങ്ങനെ വാദങ്ങളും അഭ്യൂഹങ്ങളും ഇതുസംബന്ധിച്ചു പിന്നെയും നടന്നുകൊണ്ടിരിക്കുമ്പോളാണു ബെൽജിയംകാരനായ ഡാക്ടർ എ. മുൾഡെ (Dr. A. Mulders) തൻെറ സുപ്രസിദ്ധമായ La Vocation an Sacerdoce എന്ന ഗ്രന്ഥം പ്രസിദ്ധം ചെയ്തത്. മെത്രാൻെറ ആഹ്വാനത്തിനു മുമ്പുള്ള ആഭ്യന്തരമായ പ്രവണത കത്തോലിക്കസഭയുടെ പാരമ്പര്യ പഠനത്തിനു യോജിച്ചതാണെന്നും, ൧൯൧൨-ലെ കർദ്ദിനാൾ കമ്മിഷൻെറ തീരുമാനം ഇതിനനുസരണമാണെന്നും ഗ്രന്ഥകാരൻ പ്രത്യേകം എടുത്തുകാ



www.malankaralibrary.com

ണിക്കുന്നുണ്ട്. ദൈവവിളിയുടെ നാനാവശങ്ങളെപ്പററി ഈ ഗ്രന്ഥതല്ലജത്തിൽ കൂലംകഷമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. ൧൯൦൭-ൽ ഫ്രഞ്ചുഭാഷയിൽ എഴുതപ്പെട്ട ഈ പുസ്തകത്തിനു, ൧൯൧൨-ൽ 'The Vocation to the priesthood' എന്ന അഭിധയിൽ ഒരു ഇംഗ്ലീഷ് തർജ്ജമയുണ്ടായിട്ടുണ്ട്. ബോംബെക്കാരനായ ഡോക്ടർ എൽ. ആർ. റൈമണ്ട (L. R. Rymond) ഈ കൃതി ചർച്ച ചെയ്തയിൽ, ഇതു അടുത്തകാലത്തു യൂറോപ്പിൽ നടന്ന ഒരു വലിയ വാദത്തിനു പൂർണ്ണവിരാമം ഇട്ടിരിക്കുന്നു എന്നാണ് പ്രസ്താവിച്ചിരിക്കുന്നത്. 11 ദൈവനിയോജനത്തെപ്പററി കൂടുതൽ അറിവാൻ ആഗ്രഹിക്കുന്നവർ 'മുൾഡെ'യുടെ പുസ്തകം തന്നെ വായിക്കേണ്ടതാണ്. ഈ എഴുത്തുകാരൻ ഈ അദ്ധ്യായം എഴുതുന്നത് പ്രസ്തുത ഗ്രന്ഥത്തിൻെറ ഒരു സംഗ്രഹത്തെ ഉപജീവിച്ചാണെന്നുള്ള വിവരംകൂടി പറഞ്ഞുകൊള്ളട്ടെ. ഇത്രയും വാദങ്ങളെപ്പററി; ഇനി വിഷയത്തിലേയ്ക്കു പ്രവേശിച്ചുകൊള്ളുന്നു.

പൌരോഹിത്യത്തിനു ദൈവത്തിൻെറ ആന്തരികമായ പ്രേരണയും സഭയുടെ ബാഹ്യമായ തിരഞ്ഞെടുപ്പും ആവശ്യമാണ്. ഇവയിൽ രണ്ടാമത്തേതു ദൃശ്യവും ഇന്ദ്രിയഗോചരവുമാകുന്നു. ആദ്യത്തേതിൻെറ സാന്നിദ്ധ്യത്തെപ്പററി വ്യക്തിക്കുതന്നെ ബോധം ആരംഭത്തിൽ ഉണ്ടായിരുന്നില്ലെന്നു വന്നേക്കാം. ഇവയിൽ ഏതെങ്കിലുമൊന്നിനു സർവ്വപ്രാധാന്യം കല്പിച്ചു, മററതിനെ ത്യാജ്യകോടിയിൽ തള്ളുന്നപക്ഷം അതു പ്രാമാദികമെ ആയിരിക്കയുള്ളു. സഭ വിളിക്കാതെ ദൈവവിളി ഇല്ല, എന്നാൽ സഭയുടെ വിളി, ദൈവവിളിയെ നിർമ്മിക്കുന്നില്ലതാനും. മനുഷ്യാത്മാവും ദൈവവുമായുള്ള സമ്പർക്കത്തിൽ, ആന്തരികമായ ഇഷ്ടപ്രസാദം, ബാഹ്യമായ നിയമം ഇങ്ങനെ രണ്ടു ഘടകങ്ങളാണുള്ളതെന്നു വി. തോമ്മാ അക്വിനാസ്സു പറയുന്നു. ഹൃദയപൂർവ്വമല്ലാത്ത ദൈവഭക്തി ശുഷ്കവും യാന്ത്രികവും സുവിശേഷത്തിൻെറ അരൂപിക്കു അനനുയോജ്യവുമാകുന്നു. എന്നാൽ പുറമെയുള്ള അധികാരത്തെ വിഗണിച്ചു ഉള്ളേയുള്ള പ്രബോധനത്തെ മാത്രം ആധാരമാക്കിയുള്ള അനുവർത്തനത്തിൽ പ്രോട്ടസ്റ്റൻറു മതതത്വമാണു ചുവയ്ക്കുന്നത്. അകമേയുള്ള ഇഷ്ടപ്ര



www.malankaralibrary.com

സാദവും പുറമേയുള്ള വിളിയും ആവശ്യമാകുന്നു. ഇവയിലേതെങ്കിലുമൊന്നുകൂടാതെ വൈദികപദവിയിൽ പ്രവേശിക്കുന്നവൻ, വാതുക്കൽക്കൂടി കടക്കാതെ ഭിത്തിമേൽക്കൂടി കയറുന്ന തസ്ക്കരനു തുല്യമാകുന്നു. [12]

സഭയുടെ തിരഞ്ഞെടുപ്പു കൂടാതുള്ള പട്ടസ്വീകരണം സാധാരണ സാധുവുംകൂടി (Valid) ആയിരിക്കയില്ല. ഇതിനൊരപവാദമുണ്ടെങ്കിൽ, അതു യാക്കോബായക്കാരാദിയായ ചില ശീശ്മക്കാരുടെ പട്ടം മാത്രമാണ്.

പട്ടത്തിനു ഏവംവിധം അകമെയും പുറമേയും വിളിക്കപ്പെടുന്ന ഒരുവനു അതു സ്വീകരിപ്പാൻ ഘനമായ ചുമതലയുണ്ടോ? ഇല്ലെന്നാണു വേദവിത്തുകളുടെ അഭിപ്രായം. എന്തുകൊണ്ടെന്നാൽ അതു ദൈവത്തിൽനിന്നുള്ള ഒരു കല്പനയല്ല, ഉപദേശം മാത്രമാണു. എന്നാൽ മടിമൂലമാണു ഉപേക്ഷിക്കുന്നതെങ്കിൽ ലഘുപാപം ഉണ്ടാകാൻ പാടുണ്ടെന്നാണു ജനിക്കൊ (Genicot) പറയുന്നതു്. ദൈവം വിളിച്ച ജീവിതാവസ്ഥയെ തിരസ്കരിക്കുന്നവനു, വേറൊന്നിൽ, അതേനിലയുള്ള ഇഷ്ടപ്രസാദം ലഭിച്ചില്ലെന്നുവരാൻ പാടുണ്ടു്. ആകയാൽ യോഗ്യതയുള്ള ഒരാളെ പട്ടം സ്വീകരിക്കുന്നതിൽനിന്നു വിരമിപ്പിക്കുന്നതും അതേവിധം അയോഗ്യരെ വൈദികസ്ഥാനത്തേയ്ക്കു ഉന്തി കയറുന്നതും പാപകരമാണ്. [13]

ഈശ്വരാദേശത്തിന്റെ അവസാനതീരുമാനം സഭയുടെ തിരഞ്ഞെടുപ്പിലാണെന്നു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പരമ്പരാഗതമായ ഈ പ്രബോധനത്തിനു ആന്തരികാകർഷണത്തെ സംബന്ധിച്ചുണ്ടായ വിവാദംമൂലം ഇടക്കാലത്തു അല്പം അവ്യക്തത നേരിട്ടുവെന്നുള്ളതു വാസ്തവം തന്നെ.

പൌരോഹിത്യവും ഇതരകൂദാശകളും തമ്മിൽ വലിയ ഒരു വ്യത്യാസമുണ്ടു്. മററു ആറു കൂദാശകളും ആർ അവയെ സ്വീകരിക്കുന്നുവോ അവന്റെ വിശുദ്ധീകരണത്തിനായിട്ടാണു സ്ഥാപിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ പട്ടംകൊണ്ടു് ഒന്നാമതായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതു മററുള്ളവരുടെ വിശുദ്ധീകരണമാണ്.



www.malankaralibrary.com

പൌരോഹിത്യം പൊതുനന്മയെ ഉദ്ദേശിച്ചുള്ളതാകുന്നു; തന്നിമിത്തം സഭയുടെ അവശ്യമനുസരിച്ചാണ് പട്ടമേൽക്കുന്നവരുടെ എണ്ണവും യോഗ്യതയും ക്ലിപ്തപ്പെടുത്തേണ്ടത്. ആചാര്യപദം എനിക്ക ന്യായമായി ലഭിക്കേണ്ടതാണെന്ന ഒരുവനും അവകാശപ്പെടാൻ പാടില്ല. എന്നാൽ മററു കൂദാശകളുടെ സ്ഥിതി അതല്ല. ശരിയായ ഒരുക്കമുള്ള (Disposition) ഏതൊരു ക്രിസ്ത്യാനിക്കം അവ സ്വീകരിപ്പാൻ അർഹതയുണ്ട്. തെററത്തോടുകൂടി കുമ്പസാരിക്കുന്ന ഒരുവൻ പാപവിമോചനം അവശ്യപ്പെടുമ്പോൾ അവനു അതു നൽകുകതന്നെവേണം. ഈവിധം അവകാശവാദം ചെയ്യാൻ പൌരോഹിത്യത്തിൻെറ കാര്യത്തിൽ ഒരുത്തക്കം പാടില്ല.

ആകയാൽ പട്ടത്തിൻെറ അവകാശവും അർഹതയും നിശ്ചയിക്കേണ്ടതു ബാഹ്യമായ ഒരധികാരമാണെന്നു പ്രസ്പഷ്ടമാണ്. എബ്രായക്കാർക്കുള്ള ലേഖനത്തിൽ വി. പൌലോസ് അഹറോൻെറ ദൈവവിളിയെക്കുറിച്ചു പ്രസ്താവിക്കുന്നുണ്ടല്ലൊ. 'എന്നാൽ അഹറോനെപ്പോലെ വിളിക്കപ്പെടുന്നവനല്ലാതെ ആരും ബഹുമതി തനിക്കുതന്നെ എടുക്കുന്നില്ല.' 14 ഇസ്രായേലിലെ ദൈവനിയുക്തനും സ്വസമ്മതനേതാവുമായ മൂശയാണല്ലൊ അഹറോനെയും അയാളുടെ പുത്രന്മാരെയും ആചാര്യപദവിയിലേക്കുയർത്തിയതു്. പുതിയ നിയമത്തിലേക്കു കടക്കുക. അവിടെ മിശിഹാ അപ്പസ്തോലന്മാരെ തിരഞ്ഞെടുക്കുന്നതായി നാം കാണുന്നു. 'വരിക, എന്നെ പിന്തുടരുക, ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കാം.' 15 അപ്പസ്തോലന്മാരും തങ്ങളുടെ പിൻഗാമികളെ ഇതേവിധം തിരഞ്ഞെടുക്കുകയാണു ചെയ്തിട്ടുള്ളത്. വി. പൌലോസു തിമോത്തിയെ സ്വാഭിപ്രായപ്രകാരം വൈദികസ്ഥാനത്തേയ്ക്കു വിളിക്കുകയും മററുള്ളവരെ സംബന്ധിച്ചു അപ്രകാരം പ്രവർത്തിക്കുന്നതിനു അദ്ദേഹത്തെ ഭരമേല്പിക്കുകയും ഉപദേശിക്കുകയും ചെയ്തു. 'വളരെ സാക്ഷികൾ മുഖേന നീ എന്നിൽനിന്നു കേട്ടവയെത്തന്നെ മററുള്ളവരെ പഠിപ്പിക്കാൻ ശക്തരായ വിശ്വസ്ത മനുഷ്യർക്കു ഭരമേൽപ്പിക്കുകയും ചെയ്തു.' 16



www.malankaralibrary.com

വ്യക്തിപരമായ യോഗ്യതയും സഭയുടെ വിളിയും സാധാരണ സംനിപാതം ചെയ്യുകയാണു പതിവു്. എന്നാൽ സഭയുടെ വിളിക്കു അർഹരാകുന്നവരെപ്പോഴും ആഭ്യന്തരമായ യോഗ്യതയുള്ളവരാണെന്നു നിസ്സന്ദേഹം സ്ഥാപിക്കാൻ നിവൃത്തിയില്ല. യോഗ്യതയുള്ള ഒരുവൻ തിരസ്കരിക്കപ്പെടുന്നതിനും ചില സാഹചര്യങ്ങളിൽ ഇടയായേക്കാം. മനുഷ്യരോടുള്ള ദൈവത്തിന്റെ പെരുമാററത്തിൽ സ്വാതന്ത്ര്യമായ മനസ്സിന്റെ (Free will) സ്വഭാവത്തെ പരിഗണിക്കാനുണ്ടു്. ആവശ്യപ്പെട്ട യോഗ്യതയും ഉദ്ദേശശുദ്ധിയുമില്ലാത്ത ഒരു വിദ്യാർത്ഥിക്കു, സഭയുടെ തിരഞ്ഞെടുപ്പു, വഞ്ചനയാലൊ തെററിദ്ധാരണയാലൊ ലഭിച്ചെന്നു വരാൻ പാടുണ്ടു്. മനഃപൂർവ്വമുള്ള വഞ്ചനകൂടാതെ, അയോഗ്യനായ ഒരുവനു, അംഗീകരണം ലഭിക്കുന്ന പക്ഷം അവൻ ന്യായമായിട്ടുതന്നെ പട്ടം സ്വീകരിക്കുന്നു. എന്നാൽ സെമ്മിനാരിയിലെ അധികൃതന്മാരെയും മെത്രാനെയും കുതന്ത്രപ്രയോഗം മൂലം ചതിച്ചു്, പട്ടമേൽക്കുന്നപക്ഷം അവൻ കഠിനമായി പിഴക്കുന്നു. ഇവിടെ പൌരോഹിത്യം കൊള്ളരുതാത്തവനായ ഒരാൾ സ്വീകരിക്കുന്നു. ഇങ്ങനെ അയോഗ്യരെ വൈദികസ്ഥാനത്തേക്കുയർത്തുക എന്ന അബദ്ധത്തിൽ സഭ ചിലപ്പോൾ വീഴുന്നുണ്ടു്. ത്രെന്തോസ്സുനഹദോസ്സിലെ പിതാക്കന്മാർ ഈ തകരാറിനെപ്പററി മുക്തകണ്ഠം വിലപിച്ചിരിക്കുന്നു. ഏതൽ പരിഹാരാർത്ഥമാണു, വൈദികാർത്ഥികളെ പരിശീലിപ്പിക്കാൻ സെമ്മിനാരികൾ വേണമെന്നു പരിപാവനമായ ആ സൂനഹദോസ് ഇദംപ്രഥമമായി തീർച്ച ചെയ്തതു്. ഇങ്ങനെ അബദ്ധം പിണയാൻ പാടുള്ളതുകൊണ്ടു വൈദികരുടെ യോഗ്യതകളെപ്പററി നാം എപ്പോഴും സന്ദിഗ്ദ്ധരായിരിക്കയോ, സഭയുടെ ഇക്കാര്യത്തിലുള്ള അപ്രമാദിത്വരാഹിത്യത്തെ വിചാരിച്ചു അത്ഭുതപരതന്ത്രരാവുകയോ ചെയ്യിട്ടാവശ്യമില്ല. ദൈവം തിന്മ ഇഷ്ടപ്പെടുന്നില്ലെങ്കിലും അതു ചിലപ്പോൾ അനുവദിക്കുന്നുണ്ടു്. അതും തന്റെ പരിപാലനയുടെ ഒരു വിശേഷമാണു്. വൈദികരെ തിരഞ്ഞെടുക്കുന്നതിൽ, മുൻപറഞ്ഞതുപോലെ മെത്രാനു അപ്രമാദവരമില്ല. മനുഷ്യനു് സ്വാതന്ത്ര്യമുള്ള കാലത്തോളം ഇതിങ്ങ



www.malankaralibrary.com

നെതണെയിരിക്കാനെ തരമുള്ളു. മററു കൂദാശകളുടെ കാര്യത്തി ലും ഈ പ്രമാദം സംഭാവ്യമാണ്. അയോഗ്യർപോലും വിശുദ്ധ കുർബ്ബാന തുടങ്ങിയ കൂദാശകൾ സ്വീകരിക്കുന്നില്ലേ ചിലപ്പോൾ?

'ത്രെന്തോസുനഹദോസ്' പട്ടം എന്ന കൂദാശയെപ്പററി കൂലംകഷമായി പ്രസ്താവിക്കുന്നുണ്ട്.' 17 ഒരു രൂപതയുടെ ക്ഷേമ സ്ഥിതിയും വിസ്തീർണ്ണതയും അനുസരിച്ചാണു മെത്രാൻ വൈദിക ജോലിക്കു വിദ്യാർത്ഥികളെ സ്വീകരിക്കേണ്ടതു്.' 18 'സഭയിലെ ന്യാ യമായ അധികാരികൾ വഴിയായി വിളിക്കപ്പെടുന്നവരെയാണു ദൈവത്താൽ വിളിക്കപ്പെട്ടവർ എന്നു സംബോധന ചെയ്യേ ണ്ടതെന്നു ത്രെന്തോസുനഹദോസിൻെറ വേദോപദേശിക, എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു.' 19 ഭൂമിയിലുള്ള ദൈവത്തിൻെറ പ്രതിനിധിയായ സഭയുടേതാകുന്നു, പൌരോഹിത്യത്തിനു ആളു കളെ വിളിക്കുന്നതിനുള്ള അവകാശമെന്നു പറഞ്ഞുവല്ലൊ. സഭ യ്ക്കു ആളിനെവിളിക്കുന്നതിനു മാത്രമല്ല ആ ആളിനു ചില പ്രത്യേ ക ഗുണവിശേഷങ്ങൾ ഉണ്ടായിരിക്കണമെന്നു നിർദ്ദേശിക്കാനുള്ള പരമാധികാരവുംകൂടിയുണ്ട്. സഭയ്ക്കു ഈ അധികാരമുണ്ടെന്നുള്ള തിൻെറ ലക്ഷ്യമാണല്ലൊ അതു വ്യവസ്ഥചെയ്തിട്ടുള്ള നിയമതട സ്സങ്ങൾ (irregularities) അഥവാ സുറിയാനിയിൽ പറയപ്പെ ടുന്ന ലാതക്സാ. ഇനം തടസ്സങ്ങളിൽ ചിലവ ഒരുവൻെറ സ്വ ന്തകുററം കൂടാതെ നേരിടാൻ പാടുമെങ്കിലും സഭ അവ്വിധമുള്ള വനെ പട്ടത്തിനു അംഗീകരിക്കയില്ല. കയ്യുടെ ചൂണ്ടുവിരൽ നഷ്ട ഭവിച്ചവനു പട്ടം കൊടുക്കാൻ പാടില്ലെന്നുള്ളതു്, ഇതിനൊരു ദൃഷ്ടാന്തമാകുന്നു. വൈദികസ്ഥാനത്തു പ്രവേശിക്കുന്നവർ അവി വാഹിതജീവിതം നയിക്കണമെന്നു ലത്തീൻ സഭയും സീറോമല ബാർസഭയും നിഷ്കർഷിച്ചിട്ടുള്ളതും ഈ അധികാരാനുസരണ മത്രെ.

യോഗ്യതയും ഉദ്ദേശശുദ്ധിയുമുള്ള ഒരു പൌരോഹിത്യാ ർത്ഥിയെ സഭ നിരാകരിച്ചെന്നു വരാം. പൊതുവെ പറയുകയാ ണെങ്കിൽ ഇങ്ങനെ സംഭവിക്കുക അത്ര എളുപ്പമല്ല; എന്തുകൊ ണ്ടെന്നാൽ സഭയ്ക്കു എപ്പോഴും വൈദികരെകൊണ്ടു ആവശ്യമുണ്ട്.



www.malankaralibrary.com

ഈ ആവശ്യം ഇക്കാലത്ത് വദ്ധിക്കുകയല്ലാതെ കുറഞ്ഞിട്ടില്ല. എന്നാൽ മുമ്പു പറഞ്ഞതുപോലെ ത്രെന്തോസൂനഹദോസ് വിധിച്ചിട്ടുള്ളതും പുതിയ കാനൻ നിയമത്തിൽ ആവത്തിച്ചിട്ടുള്ളതുമായ ഒരു നിയമമാകുന്നു, ഒരു രൂപതയുടെ ആവശ്യമനുസരിച്ച വിദ്യാത്ഥികളെ പട്ടത്തിനു സ്വീകരിക്കാൻ പാട്ടുള്ളവെന്നത്. ചില രൂപതകളിൽ —ഇന്നു കേരളത്തിലെ ചില രൂപതകൾക്കു അനുഭവപ്പെട്ടിരിക്കുന്നതുപോലെ— അവിടങ്ങളിലെ ആവശ്യത്തിലധികം വിദ്യാർത്ഥികൾ പൌരോഹിത്യത്തിനു അത്ഥികളായി വന്നെന്നു വരാം. അവർ നല്ല സുവിശേഷജോലിക്കാരായി പരിണമിക്കുമായിരിക്കാം; എന്നാൽ തനിക്കു ആവശ്യമില്ലാത്തപക്ഷം മെത്രാനു അവക്കു പട്ടം കൊടുക്കാൻ പാടില്ല. അപ്പോൾ അവക്കു വൈദികരെ ആവശ്യമുള്ള മററു രൂപതകളിൽ പ്രവേശനത്തിനു അപേക്ഷിക്കാം. ഇപ്രകാരം ഇന്നു കേരളത്തിൽനിന്നു എത്ര യുവാക്കന്മാരാണ് ഇൻഡ്യാ സാമ്രാജ്യത്തിൻെറ നാനാ ഭാഗങ്ങളിലുള്ള ഓരോ മിഷ്യൻ കേന്ദ്രങ്ങളിൽ ചേൎന്ന് പ്രേഷിതജോലി ശ്ലാഘാർഹമാംവിധം അനുഷ്ഠിക്കുന്നത്. മാനസികവും കായികവുമായ യോഗ്യതകളും ഉദ്ദേശശുദ്ധിയുമുണ്ടായിരുന്നിട്ടും തന്നെ സ്വന്ത രൂപതയിലൊ, അന്യരൂപതയിലൊ സ്വീകരിക്കപ്പെടാത്തതിനെപ്പററി ഒരു വൈദികാത്ഥിക്കും ആവലാതിപ്പെടാൻ പാടില്ല. വൈദികർ ധാരാളമുള്ള ഒരു രൂപതയിൽ പട്ടമേൽക്കണമെന്നുള്ള ഉദ്ദേശം, സദുദ്ദേശമാണൊ എന്നു ഒരു ഗ്രന്ഥകാരൻ ചോദിക്കുന്നു.

ഒരു പട്ടക്കാരനു തൻെറ വൈദിക ജീവിതത്തിൻെറ മുമ്പോട്ടുള്ള ഗതിയിൽ ചില അവസരങ്ങളിൽ നൈരാശ്യവും വ്യഥയും പരാജയവും നേരിടുകയും അപ്പോൾ തൻെറ 'ദൈവവിളി'തന്നെ യഥാത്ഥമായിരുന്നുവൊ എന്നു സന്ദേഹിക്കുന്നതിനുപോലും ഇടവരികയും ചെയ്യേക്കാം. എന്നാൽ ആ ഘട്ടത്തിൽ സഭ തന്നെ വിളിച്ചതാണെന്നുള്ള സ്മരണയിൽ ധൃതധൈയ്യനായി ആത്മവിശ്വാസത്തോടെ മുമ്പോട്ടു പോകാവുന്നതാകുന്നു.

ദൈവവിളിയുടെ ലക്ഷണങ്ങൾ ഏവ. ദൈവം ഒരുവനെ പൌരോഹിത്യ സ്ഥാനത്തേക്കു വിളിക്കുമ്പോൾ, അതിൻെറ കടമ



www.malankaralibrary.com

കളെ ശരിയായി നിർവ്വഹിക്കുന്നതിനുള്ള ധാർമ്മികവും കായികവുമായ പ്രാപ്തിയും നൽകാതിരിക്കയില്ല. ഈ പ്രാപ്തിയുടെ ലക്ഷണങ്ങൾ തികഞ്ഞവനേ പട്ടം കൊടുക്കാൻ പാടുള്ളു. ഒരു വൈദികവിദ്യാർത്ഥിയുടെ സെമ്മിനാരി ജീവിതത്തിൻെറ പ്രാരംഭദശയിൽ ഈ ലക്ഷണങ്ങൾ മുഴുവനായി വെളിപ്പെട്ടെന്നുവരികയില്ല. അവ അപ്പോൾ കേവലം അപൂർണ്ണമായെ കാണപ്പെടുകയുള്ളു. അവയെ വികസിപ്പിച്ചു പൂർണ്ണതയിൽ എത്തിക്കേണ്ടതു വൈദികവിദ്യാർത്ഥികളുടെയും അവരെ നടത്തുന്നവരുടെയും കടമയാകുന്നു. ഈ ശ്രമത്തിൽ പലേ പ്രമാദങ്ങൾക്കും തെററിദ്ധാരണകൾക്കും ഇരുകൂട്ടരും വശഗതരാകാൻ എളുപ്പമുണ്ട്. സെമ്മിനാരിയിലെ പരിശീലനാനന്തരം ഒരു യുവാവു തനിക്കു ദൈവ വിളി ഇല്ലെന്നറിഞ്ഞു പുറത്തു പോകുന്നപക്ഷം, അതു സ്തുത്യർഹമായ ഒരു പ്രവൃത്തിയാകുന്നു. അപ്രകാരമുള്ള ഒരു വൈദിക വിദ്യാർത്ഥിയുടെ നേർക്കും അയാളുടെ കുടുംബത്തിൻെറ നേർക്കും അവജ്ഞ വല്ലവരും പ്രദർശിപ്പിക്കുന്നെങ്കിൽ, അതു കത്തോലിക്ക പൌരോഹിത്യത്തെപ്പററിയുള്ള പിശകായ ധാരണയുടെ ഒരു ഫലമെ ആയിരിക്കയുള്ളു എന്നു ഫാദർ മാറേഹാണി പറയുന്നു.

ദൈവവിളിയുടെ ലക്ഷണങ്ങൾ കർദ്ദിനാൾകമ്മിഷൻ പ്രസ്താവിച്ചിട്ടുള്ളതുപോലെ ഉദ്ദേശ ശുദ്ധി, യോഗ്യത, സഭയുടെ തിരഞ്ഞെടുപ്പു, ഇവയാണല്ലൊ. ഇവയിൽ സഭയുടെ തിരഞ്ഞെടുപ്പിനെപ്പററി പറഞ്ഞുകഴിഞ്ഞു, ശേഷിച്ചിട്ടുള്ളതു ഉദ്ദേശശുദ്ധിയും യോഗ്യതയുമാണ്.

ആദ്യമായി ഉദ്ദേശശുദ്ധിയെപ്പററി, ആർജ്ജവസംയുക്തമായ ഉദ്ദേശത്തോടെ വേണം ഒരുവൻ വൈദികവൃത്തിയെ കാംക്ഷിക്കുവാൻ. പൌരോഹിത്യം എന്തെന്നും അതിൻെറ ചുമതലകൾ ഏവയെന്നും ഒരു പുരോഹിതൻ നയിക്കേണ്ട ജീവിതം എപ്രകാരമെന്നും മററുമുള്ളതിനെപ്പററി വൈദിക സ്ഥാനാർത്ഥിക്കു തൻെറ പ്രായത്തിനും പരിചയത്തിനും അനുസരണമായ ജ്ഞാനമുണ്ടായിരിക്കണം. ഒരു കുട്ടിയിൽ പട്ടത്തിനുള്ള ആഗ്രഹം പലേ അധമോദ്ദേശങ്ങളോടു മേളിച്ചിരിക്കാൻ ഇടയുണ്ട്. അതു കാലാ-



www.malankaralibrary.com

ന്തരത്തിൽ പരിഹരണീയമാണ്. എന്നാൽ വൈദിക സ്ഥാനത്തെക്കുറിച്ചു പൂർണ്ണജ്ഞാനമുണ്ടായാലും, മോശമായ ഉദ്ദേശത്തോടെ അതു ആഗ്രഹിക്കാൻ പാടുണ്ട്. ഒരുവൻ ലൗകികമായ ലാഭത്തെയോ, സുഖസൌകര്യത്തെയോ മുൻനിറുത്തിയോ അല്ലെങ്കിൽ മററു തുറകളിൽ തനിക്കു പ്രവേശം തടയപ്പെട്ടിരിക്ക മൂലമോ പൌരോഹിത്യ സ്ഥാനം ആഗ്രഹിക്കുന്നപക്ഷം, അവന്റെ ഉദ്ദേശം അധമമെന്നു മാത്രമല്ല, പാപകം കൂടിയാണ്. മനുഷ്യരിൽനിന്നു എടുക്കപ്പെട്ട എല്ലാ മേൽപ്പട്ടക്കാരനും പാപങ്ങൾക്കായി വഴിപാടുകളേയും ബലികളേയും അർപ്പിക്കുവാൻ മനുഷ്യർക്കുവേണ്ടി നിയമിക്കപ്പെടുന്നു.[20] പൌരോഹിത്യംകൊണ്ട് ന. ക. ഈശോമ്ശിഹാ ഉദ്ദേശിക്കുന്നതു്, തന്റെ ഇഷ്ടപ്രസാദങ്ങൾ മനുഷ്യർക്കു ലഭിക്കുന്നതിനുള്ള ഒരു മാർഗ്ഗവും, മനുഷ്യൻ ദൈവത്തിന്റെ പക്കലും ദൈവം മനുഷ്യന്റെ പക്കലും എത്തുന്നതിനുള്ള ഒരു പാലവും ആയിരിക്കണമെന്നാണ്. വൈദികൻ വഴിയായിട്ടാണല്ലോ ദൈവത്തിന്റെ സ്തുതി പരിപോഷിപ്പിക്കപ്പെടുകയും വർദ്ധമാനമാക്കി ചെയ്യപ്പെടുകയും ചെയ്യുന്നതു്. 'ഞാൻ എന്റെ പിതാവിനെ ബഹുമാനിക്കുന്നു . . . ഞാൻ എന്റെ സ്വന്തം സ്തുതി അന്വേഷിക്കുന്നില്ല.'[21] എന്നാൽ ദൈവ മഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും പകരം സ്വന്തം സുഖവും സ്വലാഭവും അന്വേഷിക്കുന്ന ഒരു പൌരോഹിത്യംമൂലം സഭയ്ക്കു എന്തുമാത്രം വിപത്തുകളാണ് നേരിട്ടിട്ടുള്ളതെന്നു ത്രെന്തോ സൂനഹദോസ്സിന്റെ ചില തീരുമാനങ്ങളിൽനിന്നു വെളിപ്പെടുന്നുണ്ട്. മനുഷ്യസ്വഭാവം എന്നും ഒന്നു തന്നെയാണ്. ബഹുമാനേച്ഛയും അത്യാഗ്രഹവും ഇന്നും അയോഗ്യരെ വൈദിക പദവിയിലേയ്ക്കു തള്ളിവിടാൻ എളുപ്പമുണ്ട്. 'എല്ലാവരും ഈശോമ്ശിഹായുടെ കാര്യങ്ങളല്ല, സ്വന്ത കാര്യങ്ങൾ അന്വേഷിക്കുന്നു.'[22]

ആത്മാക്കളുടെ രക്ഷയ്ക്കായി വേലചെയ്തുകൊണ്ട് ദൈവ സ്തുതി വർദ്ധിപ്പിക്കുന്നതിനായി പട്ടസ്ഥാനത്തെ ആഗ്രഹിക്കുന്നതിൽ നിക്ഷിപ്തമായിരിക്കുന്നുവെന്നു പറയാം ഉദ്ദേശ ശുദ്ധി. (അഥവാ ആർജ്ജവമായ ഉദ്ദേശം.) ഈ ഉദ്ദേശം അവിഹിതമായ ചില പ്രേ



www.malankaralibrary.com

രകങ്ങളോടു മേളിച്ചിരിക്കാൻ ഇടയുണ്ട്. ആദ്യം ഒട്ടും ലൌകികമയം കലരാത്തതും അതി പവിത്രവുമായ ഉദ്ദേശ്യമുണ്ടാകുക സാധാരണ സാദ്ധ്യമല്ല. 'വി. ഫ്രാൻസിസ് സലേസ് പറയുന്നു. 'ആരംഭത്തിലെ പൂർണ്ണത ഏവരിൽനിന്നും പ്രതീക്ഷിക്കാൻ പാടില്ല, ഉണർവോടെ മുമ്പോട്ടു പോകുന്നതിനും ഒടുവിൽ വരെ നിലനിൽക്കുന്നതിനും സ്ഥിരപ്രതിജ്ഞ ചെയ്യുന്നപക്ഷം, നാം എങ്ങിനെ ഒരു കൃത്യം തുടങ്ങുന്നുവെന്നതിനെപ്പററി അത്ര ഗൌനിക്കേണ്ടതില്ല.' ഒരു വൈദിക വിദ്യാർത്ഥിയുടെ ജീവിതത്തിൽ, തൻെറ പ്രായമനുസരിച്ച് പ്രത്യക്ഷമാകുന്ന ശുദ്ധമായ ഉദ്ദേശമാണു ദൈവ വിളിയുടെ സാക്ഷാത്തായ ചിഹ്നം. തദ്വിധമുള്ള ഉദ്ദേശത്തിൻെറ കർത്താവു പരിശുദ്ധാത്മാവു തന്നെയാകുന്നു. ഉദ്ദേശ ശുദ്ധിയാകുന്ന വാതുക്കൽകൂടി പ്രവേശിക്കുന്ന അജപാലനിൽനിന്നു, ഭിത്തിമേൽകൂടി കയറുന്ന തസ്കരനെ തിരിച്ചറിയുന്നതിനുള്ള ഉരകല്ലു. ഈ ഉദ്ദേശ ശുദ്ധിയോടൊന്നിച്ച് ആന്തരികമായ ആകർഷണം കൂടി ഉണ്ടായിരിക്കണമോ? ആന്തരികാകർഷണംകൊണ്ട് ദൈവനിവേശന (Inspiration)മാണ് വിവക്ഷിതമെങ്കിൽ, മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ, അതിനാവശ്യമില്ലെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ആകർഷണം എന്ന പദംകൊണ്ട് ഉദ്ദേശശുദ്ധിയെ സംരക്ഷിക്കുന്നതും തൻെറ ലക്ഷ്യത്തെ പ്രാപിക്കുന്നതിനു, തന്നാലാവതു ചെയ്യാൻ വൈദിക സ്ഥാനാർത്ഥിയെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്നതുമായ ഒരു ആസക്തിയാണ് നിർദ്ദേശിക്കപ്പെടുന്നതെങ്കിൽ അതു ഉദ്ദേശ ശുദ്ധിയുടെ ഒരു ഭാഗമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു.

രണ്ടാമത്തെ ലക്ഷണം പട്ടാഭ്യൂതയാകുന്നു. പ്രാപ്തി എന്ന വാക്കുകൊണ്ടു വിവക്ഷിക്കുന്നതു ചില ഗുണങ്ങളുടെ സാന്നിദ്ധ്യവും, കുറവുകളുടെ അഭാവവുമത്രെ; മററു വാക്കായി പറഞ്ഞാൽ ആചാര്യപട്ടമണിയുന്നവനു സഭയുടെ കാനോൺ നിയമങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ചില നിയമ തടസ്സങ്ങളും വിഘ്നങ്ങളും (Impediments) ഇല്ലാതിരിക്കയും, ബുദ്ധിശക്തി, സന്മാർഗ്ഗജീവിതം, സാമുദായിക സ്ഥിതി, ആരോഗ്യം ഇവ സംബന്ധിച്ച ചില ഗുണ



www.malankaralibrary.com

വിശേഷങ്ങൾ ഉണ്ടായിരിക്കയും വേണം. പ്രേഷിത ജോലി വിശ്വസ്തതയോടും സ്ഥിരതയോടുംകൂടി ചെയ്യുമെന്നു അവരുടെ സ്വഭാവവും നടത്തയും ഉറപ്പുതരാതെയിരിക്കുന്നുവോ അവരെ സെമ്മിനാരിയിൽ സ്വീകരിച്ചുകൂടാ എന്നു ൧൩൬൩-ാം കാനൻ വിധിക്കുന്നു. ഒരു വൈദിക വിദ്യാൎത്ഥിയുടെ യോഗ്യതയെപ്പററി തീർച്ച ചെയ്യേണ്ടതു സെമ്മിനാരിയിലെ അധികൃതന്മാരത്രെ. തന്റെ കുമ്പസാരക്കാരനും ഇതിലൊരു ഭാഗമുണ്ട്; അതു ആന്തരിക ന്യായാസനത്തിൽ മാത്രമാണെന്നേയുള്ളു.

വൈദികവിദ്യാർത്ഥിക്കുവേണ്ടിയ ഗുണഗണങ്ങളെ പാഠം പുണ്യം എന്ന പദദ്വയത്തിൽ സംക്ഷേപിക്കാമെന്നു തോന്നുന്നു. പഠനത്തിന്റെ ആവശ്യകത അനുക്തസിദ്ധമാണു. 'നിങ്ങൾ പോയി സകല ജാതികളോടും സുവിശേഷം പ്രസംഗിപ്പിൻ' 23 എന്നാണല്ലോ ദിവ്യനാഥന്റെ ശാസന. മററുള്ളവരെ പഠിപ്പിക്കാൻതക്ക വ്യുൽപ്പത്തിദാർഢ്യവും പൊതുകാര്യങ്ങളിൽ ഏർപ്പെടാൻതക്ക ത്രാണിയും വൈദികനു കൂടിയെതീരു.

ദൈവവിളിയുടെ വേറൊരു ലക്ഷണം പുണ്യം അഥവാ ജീവിതനൈൎമ്മല്യമാണു്. ഒരു പട്ടക്കാരനു വി. ബെല്ലാർമ്മിൻ പറയുംപോലെ പുണ്യപരിപൂർണ്ണത പ്രാപിക്കുന്നതിനു, ഒരു സന്യാസിയേക്കാൾ കൂടുതൽ കടമയുണ്ടു്. പുരോഹിതൻ ഒരു സാധാരണക്രിസ്ത്യാനിയേക്കാൾ ചില സുകൃതങ്ങളിൽ മികച്ചുനിൽക്കണം. അപ്രകാരമുള്ള സുകൃതങ്ങളുടെ ഒരു സുദീർഘപട്ടികയ്ക്കു ഇവിടെ ഒരുമ്പെടുന്നില്ല. എങ്കിലും ശുദ്ധതയേയും അനുസരണയേയുംപററി സ്വല്പം പ്രസ്താവിച്ചുകൊള്ളുന്നു. അഞ്ചാം പട്ടത്തിൽവച്ചു ഒരു വൈദികസ്ഥാനാൎത്ഥി നിത്യബ്രഹ്മചര്യം പാലിച്ചുകൊള്ളാമെന്നു വ്രതം എടുക്കുന്നുണ്ടല്ലോ. വി. അൽഫോൻസ് ലിഗോരിയുടെ അഭിപ്രായമനുസരിച്ച്, മോഹപാപത്തിൽ തഴങ്ങിയിരിക്കുന്ന ഒരു യുവാവിനു്, അവൻ ഈ ദുസ്സ്വഭാവത്തെ ജയിക്കുന്നതിനുതക്ക സുനിശ്ചിതവും അസാധാരണവുമായ ലക്ഷണങ്ങൾ കാണിക്കാത്ത പക്ഷം നല്ല മനസ്സാക്ഷിയോടെ പട്ടം സ്വീകരിപ്പാൻ പാടില്ലാത്തതാകുന്നു. വി. ലിഗോരിയുടെ ഈ അഭിപ്രായം പണ്ഡിതന്മാർ

ഐകകണ്ഠ്യേന സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. മറേറതു തിന്മയും പോലെ ദൈവാനുഗ്രഹവും സുസ്ഥിരപരിശ്രമവുംമൂലം ഇതിനേയും ജയിക്കാവുന്നതാകുന്നു. എന്നാൽ അഭിവൃദ്ധിയുടെ എന്തെങ്കിലും ലക്ഷണം ആവശ്യമാണ്. അല്ലാത്തപക്ഷം തത്താദൃശന്റെ വൈദികസ്ഥാനാരോഹണം സഭയ്ക്കു അപമാനത്തിനും തനിക്കു നാശത്തിനും ഹേതുവാകുന്നതുമായിരിക്കും. ഒരുവനിൽ ശുദ്ധത എന്ന സുകൃതത്തിന്റെ അഭാവം ദൈവവിളി ഇല്ലെന്നുള്ളതിന്റെ ലക്ഷണമാകുന്നു.

രണ്ടാമതായിവരുന്നതു അനുസരണ. കുർബാനപ്പട്ടം സ്വീകരിക്കുന്ന അവസരത്തിൽ സ്വന്ത മെത്രാനെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്തുകൊള്ളാമെന്നു ഒരു വൈദികൻ വാഗ്ദാനം ചെയ്യുന്നുണ്ടല്ലോ. കീഴ്‌വഴക്കം വൈദികോചിതമായ ഒരു പുണ്യംതന്നെയാണ്. പ്രേഷിതജോലിയുടെ വില മുഴുവനും സഭാധികാരിയിൽനിന്നു ലഭിക്കുന്ന നിയോഗത്തെയാണു സമാശ്രയിച്ചിരിക്കുന്നത്. തന്റെ രൂപതയിലുള്ള ആത്മാക്കളെ രക്ഷിക്കുന്നതിനുള്ള കടമ മെത്രാന്റേതാകുന്നു; വിഷമമേറിയ ഈ ജോലിയിൽ തന്നെ സഹായിക്കുന്നതിനാണു അദ്ദേഹം മററുള്ളവർക്കു പട്ടം കൊടുക്കുകയും, ആദ്ധ്യാത്മിക ശുശ്രൂഷയ്ക്കു പര്യാപ്തമായ അധികാര വിശേഷങ്ങൾ നൽകി അവരെ അലംകരിക്കുകയും ചെയ്യുന്നതു്. അവർ മെത്രാൻ ചൂണ്ടിക്കാണിക്കുന്ന ജോലി ഏറെറടുത്തു നടത്തണമെന്നു മാത്രമല്ല, എല്ലാകാര്യങ്ങളിലും അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കേണ്ടതും ആണ്. അധികാര ധിക്കാരം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് ഈ സുകൃതം സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാകുന്നു. യഥാർത്ഥമായ കീഴ്‌വഴക്കം, വ്യക്തിപരമായ അഭിപ്രായങ്ങളും ഇഷ്ടങ്ങളും മേലധികാരിയുടെ അഭിലാഷാനുസരണം ത്യജിക്കുന്നതിൽ മാത്രമല്ല, അവരുടെ— മേലധികാരികളുടെ— ആഗ്രഹങ്ങളെ കല്പനകൾ കൂടാതെ തന്നെ മുമ്പേക്കൂട്ടി കണ്ടു മനസ്സിലാക്കി പ്രവർത്തിക്കുന്നതിലുമാണടങ്ങിയിരിക്കുന്നത്. ഒരു വൈദിക സ്ഥാനാർത്ഥിക്കു കീഴ്‌വഴക്കത്തിന്റെ മനഃസ്ഥിതി ഇല്ലാത്തപക്ഷം, അവനെക്കൊണ്ടുള്ള പ്രയോജനം കുറ



www.malankaralibrary.com

യുകയും, അവൻ ത്രപതാഭരണത്തിൽ മെത്രാന്ന ഒരു താങ്ങും ത്രണയുമാകുന്നതിന്ന പകരം, അദ്ദേഹത്തിന്ന ഒരു തടസ്സവും ഉപദ്രവവുമായി പരിണമിക്കയും ചെയ്യും. ആകയാൽ അനുസരണയെ ദൈവ വിളിയുടെ ഒരു ലക്ഷണമായി ആത്മീയ ഗുരുക്കന്മാർ ഗണിക്കുന്നു.

ദൈവ വിളി പരിപോഷിപ്പിക്കപ്പെടുന്നതു സംബന്ധിച്ചു ഇനി സ്വല്പം ചിന്തിക്കാം. മററു കാര്യങ്ങളിലെന്നപോലെ ദൈവം ഇവിടെയും രണ്ടാംതരം കാരണങ്ങളെ തന്റെ ഉദ്ദേശസാദ്ധ്യത്തിനായി ഉപയോഗിക്കാറുണ്ട്. ഈ കാരണങ്ങൾ ഒരു കുട്ടിയുടെ കുടുംബ സാഹചര്യങ്ങളാകുന്നു. ഭാഗ്യസ്മരണാർഹനായ കർദ്ദിനാൾ ബൂൺ (Cardinal Bourne) പറയുന്നു. 'അൽമേനികൾ പൌരോഹിത്യ പദവി പരിശുദ്ധമാണെന്നറിയുന്നു, വൈദികരിൽനിന്നു കളങ്കമററ ജീവിതം അവർ പ്രതീക്ഷിക്കുന്നു, അവരുടെ അഭിപ്രായാനുസരണമുള്ള ജീവിത നൈർമ്മല്യം ഒരു വൈദികനിൽ കാണാത്തപക്ഷം, അവജ്ഞയും അസംതൃപ്തിയും അവർക്കുണ്ടാകുന്നു; എന്നാൽ മൊത്തത്തിൽ എടുക്കുന്നപക്ഷം അവർ സാധാരണമായി ഒരു വൈദികനു എങ്ങിനെയാണു അഭിലഷണീയമായ സച്ചരിതത്വം കൈവരുന്നതെന്നു ആലോചിക്കുന്നതേ ഇല്ല.' ആകയാൽ വൈദികരുടെ സ്വഭാവ രൂപവൽക്കരണത്തിൽ തങ്ങൾക്കു വല്ല പങ്കുമുണ്ടോ എന്നു വിചാരിക്കുന്ന അൽമേനികൾ എത്ര ചുരുക്കമാണ്. വൈദികർ നന്നായിരുന്നെങ്കിലേ അൽമേനികൾ നന്നായിരിക്കയുള്ളു എന്ന യുക്തി എപ്പോഴും കേൾക്കാറുണ്ട്; എന്നാൽ ഇതിന്റെ പ്രതിലോമ പ്രയോഗം അതായതു്, 'അൽമേനികൾ നന്നായിരുന്നെങ്കിലേ വൈദികർ നന്നായിരിക്കയുള്ളു' എന്നതു അത്ര സാധാരണ കേൾക്കാറില്ല, എങ്കിലും ഇതും ആദ്യത്തേതുപോലെ വാസ്തവമാണെന്നു അല്പം ആലോചിച്ചാൽ ആർക്കും ഗ്രഹിക്കാവുന്നതാണ്. വൈദികർ അൽമേനികളിൽനിന്നല്ലയൊ തിരഞ്ഞെടുക്കപ്പെടുന്നതു്. ആകയാൽ അൽമേനികൾ നന്നായിരിക്കണം ആദ്യം. ഫ്ദർ മാഹോണി (Fr. Mahoney) പറയുന്നു. 'നല്ല കത്തോലിക്ക കുടുംബങ്ങളിൽനിന്നാണ് നല്ല വൈദി



www.malankaralibrary.com

കരെ സദസ്സു ലഭിക്കുന്നത്. ഒരു രാജ്യത്തുള്ള വൈദികരുടെ ജീവിതം മിക്കവാറും അവിടെയുള്ള കത്തോലിക്ക ജനസാമാന്യത്തിൻെറ ജീവിതത്തിൻെറ ഒരു പ്രതിഫലനം മാത്രമാകുന്നു. ജനങ്ങൾക്ക വാസ്തവത്തിൽ അവർ അർഹിക്കുന്ന വൈദികരെ കിട്ടുന്നു. സെമ്മിനാരിയിലെ അദ്ധ്യയനത്തെ ഒരു മെത്രാനു പലപ്രകാരത്തിൽ പരിഷ്ക്കരിച്ചു മോടിപിടിപ്പിക്കാൻ പാടുണ്ടെങ്കിലും, അദ്ദേഹത്തിൻെറ വിജയം തനിക്കു ലഭിക്കുന്ന വിദ്യാർത്ഥികളുടെ ജാതിയെ അഥവാ പ്രകൃതിയെ ആശ്രയിച്ചിരിക്കുന്നുവെന്നു പറയാം. വിദ്യാർത്ഥികളുടെ മേന്മയാകട്ടെ, അവർ ഏതു ജനക്കൂട്ടത്തിൽനിന്നു വരുന്നുവൊ അവരേയും അവലംബിച്ചിരിക്കുന്നു.'

തങ്ങളുടെ കൂട്ടത്തിൽനിന്നു ഏററവും നല്ലവരെ ദൈവശുശ്രൂഷസ്സു നൽകുന്ന കാര്യത്തിൽ അൽമേനികൾ ഒട്ടും അശ്രദ്ധരായിരിക്കാൻ പാടില്ല. മേൽപ്രസ്താവിച്ച യോഗ്യതകളോടുകൂടിയ യുവാക്കന്മാരെ കണ്ടുമുട്ടുന്ന പക്ഷം, അവക്കു വൈദിക പദവിയിലെത്തുന്നതിനു പററിയ സാഹായ സഹകരണങ്ങൾ ചെയ്തു കൊടുക്കേണ്ടതാണ്. ആചാര്യ സ്ഥാനത്തേയ്ക്കു യുവാക്കന്മാരെ ആകർഷിക്കുന്നതിനു ദൈവം ഉപയോഗിക്കുന്ന ആളുകളിൽവച്ചു മാതാപിതാക്കന്മാക്കാകുന്നു പ്രഥമസ്ഥാനം. പട്ടത്തിനുള്ള ആഗ്രഹം ഒരു ബാലനിൽ ജനിപ്പിക്കുന്നതിൽ ഒരു നല്ല കത്തോലിക്ക കടുംബത്തിലെ അന്തരീക്ഷത്തിനുള്ള ശക്തി ഒന്നു വേറെതന്നെയാണ്. 'ശുദ്ധ സ്ഥലത്തേയ്ക്കു വേണ്ടിയ കസുമങ്ങൾ ശേഖരിക്കുന്നതിനുള്ള തോട്ടങ്ങളാകുന്നു നല്ല ക്രിസ്തീയ കുടുംബങ്ങൾ' എന്നു പരിശുദ്ധ പിതാവു പതിനൊന്നാം പിയൂസ് മാർപ്പാപ്പാ തൻെറ ഒരു തിരുവെഴുത്തിൽ പ്രസ്താവിച്ചിരിക്കുന്നു. തങ്ങളുടെ സന്താന വല്ലികളുടെ മതാത്മകമായ വിദ്യാഭ്യാസം സംബന്ധിച്ചു സകലതിലും കത്തോലിക്കാ മാതാപിതാക്കന്മാക്കു ദൈവത്തിൽനിന്നു സ്വാഭാവികമായിത്തന്നെ ഒരു കല്പന ലഭിക്കുന്നുണ്ട്. ഒരു കട്ടി അതിൻെറ അമ്മയിൽനിന്നാണു ആദ്യമായി ദൈവത്തെക്കുറിച്ചും മനുഷ്യരുടെ നേക്കുള്ള ദൈവത്തിൻെറ സ്നേഹത്തെക്കുറിച്ചും പഠിക്കുന്നത്. സ്കൂൾ പഠനം കുറേക്കൂടി വിശദവും ശാസ്ത്രീയവുമായിരിക്കാം, എന്നാൽ



www.malankaralibrary.com

കത്തോലിക്ക വിശ്വാസത്തിന്റെ സജീവ ശക്തി ഒരു ബാലനു ലഭ്യമാകുന്നതു ഭവനത്തിൽ വച്ചാകുന്നു. ബാഹ്യമായ പ്രേരണകൾ ഒന്നും ഇല്ലെങ്കിൽപോലും കത്തോലിക്ക ഭവനമാകുന്നു ദൈവ വിളിയുടെ നൈസർഗ്ഗികമായ വിളനിലം. നല്ല കാരണവന്മാർ തങ്ങളുടെ സന്താനങ്ങളിൽ ഒന്നു അൾത്താരയിൽ ദൈവത്തിനു ശുശ്രൂഷ ചെയ്യുന്നതിനെ കാണുവാൻ ആഗ്രഹിക്കുന്നു. വളരെ ചെറുപ്പത്തിലെ തന്നെ ഒരു കുട്ടിയോടു ദൈവശുശ്രൂഷയെക്കുറിച്ചു സംസാരിക്കാവുന്നതാകുന്നു. പ്രായം വർദ്ധിക്കുന്നതോടെ കുട്ടി, വൈദിക വിദ്യാർത്ഥി എന്ന നിലയിൽ മെത്രാന്റെ സമക്ഷം ഹാജരാക്കുത്തക്കവനൊ എന്നു വെളിപ്പെട്ടുകൊള്ളും.

മേൽപ്പറഞ്ഞ, ചൊവ്വുള്ള ഉദ്ദേശം, യോഗ്യത തുടങ്ങിയ ലക്ഷണങ്ങളെ മുൻനിറുത്തി എങ്ങിനെയാണു മാതാപിതാക്കന്മാർ കുട്ടികളിൽ ദൈവവിളി പരിപോഷിപ്പിച്ചു വളർത്തേണ്ടതു്. ഒന്നാമതായി ശ്രമിക്കേണ്ടതു ഉദ്ദേശശുദ്ധിയുണ്ടാക്കുന്നതിനാകുന്നു. ഒരു ബാലൻ പൌരോഹിത്യ സ്ഥാനത്തേയ്ക്കു ആകർഷിക്കപ്പെടുന്നതു് തിരുവസ്ത്രങ്ങളുടെ മോടി കണ്ടുകൊണ്ടാണെന്നു വന്നേയ്ക്കാം. മാതാപിതാക്കന്മാരുടെ കടമ ഈ ഉദ്ദേശത്തെ പവിത്രീകരിക്കുയും മഹത്വപ്പെടുത്തുകയുമാണ്. പട്ടക്കാരൻ ദൈവത്തിനു ബലി സമപ്പിക്കുന്നതിനാലാണു മഹനീയ വസ്ത്രം ധരിച്ചിരിക്കുന്നതെന്നു കുട്ടിയെ ഗ്രഹിപ്പിക്കണം. അവന്റെ ഉദ്ദേശത്തെ ഈ വിധമൊക്കെ ശരിപ്പെടുത്താൻ കഴിയുന്നതാണു. എന്നാൽ

ഇളതാം ചിത്തവും വെള്ളക്കടലാസും സമാനമാം,
പതിയും രണ്ടിലും നേരെ എഴുതുന്നവയൊക്കെയും,

എന്ന ഈ ഘട്ടത്തിൽ ലൌകികങ്ങളായ ആന്തരങ്ങൾ ഒരു കുട്ടിയുടെ ദൈവനിയോജനത്തിന്റെ പ്രേരകങ്ങളായി കാണിച്ചുകൊടുക്കപ്പെടുന്നെങ്കിൽ അതിൽപ്പരം നിർഭാഗ്യം മററില്ല. വൈദികസ്ഥാനത്തു കാലുകുത്തുമ്പോൾ കുടുംബസ്വത്തു വർദ്ധിപ്പിക്കുന്നതിനും കുടുംബ കാര്യങ്ങൾ അന്വേഷിക്കുന്നതിനുമുള്ള കടമക്കൂടിയുണ്ടാകുന്നു എന്ന ധാരണ കുട്ടിയിൽ കടന്നുകൂടാൻ ഒരിക്കലും ഇടവരുത്തരുതു്. ഇവിടെ വി. ഡോൺബോസ്ക്കോയുടെ ജീവിതത്തിൽനിന്നു



www.malankaralibrary.com

ഒരു സംഭവം ഓർമ്മയിൽ വരുന്നു. 'വി. ഡോൺബോസ്കോയ്ക്കു തൻെറ വിദ്യാർത്ഥി ജീവിതകാലത്തു് താൻ തിരഞ്ഞെടുക്കേണ്ട ജീവിതാവസ്ഥ ഏതെന്നു സംശയം ജനിച്ചു. ഇടവകപ്പട്ടക്കാരനാകുകയൊ സന്യാസ സഭയിൽ ചേരുകയൊ ഏതാണു വേണ്ടതെന്നറിയാതെ അദ്ദേഹം കുഴങ്ങി. ഒടുവിൽ ഫ്രാൻസിസ്കൻ സഭയിൽ ചേരുകയെന്നുതന്നെ ഉറച്ചു. അക്കാലത്തു യുവ വിദ്യാർത്ഥിയുടെ ഗുരുഭൂതനായ വൈദികൻ ഈ വിവരമറിഞ്ഞു ഡോൺബോസ്കോയുടെ അമ്മയായ മമ്മാ മാർഗറേററിനെ (Mamma Margaret) ചെന്നു കണ്ടു ഇങ്ങനെ പറഞ്ഞു. 'ജോൺ (ഇതാണു ബോസ്കോയുടെ ക്രിസ്തീയ നാമം) ഫ്രാൻസിസ്കൻ സഭയിൽ ചേരുന്നതിനു ഒരിക്കലും അനുവദിക്കരുതു് അവിടെ അവൻ ശോഭിക്കയില്ല. പോരെങ്കിൽ ഇടവക വൈദികർക്കു വളരെ ആവശ്യമുള്ള കാലവുമാണു ഇപ്പോൾ. കൂടാതെയും ഒരു വിധവയായ നിങ്ങൾക്കു പ്രായവും മുന്നോട്ടു വരികയല്ലെ, നിങ്ങളുടെ പുത്രൻ ഒരു സന്യാസി വൈദികനാകുന്നപക്ഷം അന്ത്യകാലത്തു നിങ്ങളെ സംരക്ഷിപ്പാൻ ആരാണുണ്ടാകുക; ഇതേപ്പററി നല്ലപോലെ ആലോചിക്കേണ്ടതാണു്.' മമ്മാ മാർഗറെററു ഈ ഉപദേശം നൽകിയ വൈദികനു വളരെ നന്ദിപറഞ്ഞു. അദ്ദേഹം പോയശേഷം അന്നുതന്നെ അവൾ തൻെറ മകനെ അടുക്കൽ വിളിച്ചു ഇങ്ങനെ പറഞ്ഞു. 'നിൻെറ ജീവിതാവസ്ഥ തിരഞ്ഞെടുക്കുന്നതിനു മുമ്പു നീ നല്ലവണ്ണം ആലോചിക്കണം. ഭൌതികമായ എല്ലാ ചിന്തകളും മാററിവച്ചിട്ടു നിൻെറ ആത്മാവിൻെറ നിത്യരക്ഷയെമാത്രം മുൻനിറുത്തി പ്രവർത്തിക്കുക. ഈ കാര്യത്തിൽ അതൊന്നുമാത്രം കരുതിയാൽ മതി, മറെറാന്നും പരിഗണിക്കേണ്ടതില്ല. നമ്മുടെ വികാരി അച്ചൻ, നീ എനിക്കു പിന്നീടു ഒരു താങ്ങായി തീരുന്നതിനു, നിൻെറ ആലോചനയിൽനിന്നു നിന്നെ വ്യതിചലിപ്പിക്കുന്നതിനു എന്നോടു ഗുണദോഷിക്കയുണ്ടായി. എന്നാൽ ഈ സംഗതിയിൽ ഞാൻ പ്രവേശിക്കുന്നതല്ലെന്നു തുറന്നു പറഞ്ഞുകൊള്ളുന്നു. ദൈവഹിതം മാത്രം നോക്കിയാൽ മതി. ദൈവം എന്താണു നിന്നോടു ആവശ്യപ്പെടുന്നതു അതുമാത്രം ചെയ്യുക. എനിക്കൊന്നും വേണ്ട, നിന്നിൽനിന്നു



www.malankaralibrary.com

ഞാൻ ഒന്നും പ്രതീക്ഷിക്കുന്നില്ല. ഞാൻ പാവപ്പെട്ടവളായി ജനിച്ചു, ദാരിദ്ര്യത്തിൽ വളൎന്നു, പാവപ്പെട്ടവളായിത്തന്നെ മരിക്കുന്നതിനും ആഗ്രഹിക്കുന്നു, എന്ന സംഗതി നീ മറക്കരുത്. എന്നാൽ നീ ഒരു ഇടവകപ്പട്ടക്കാരനാകുകയും ധാരാളം പണം സംപാദിക്കുന്നതിനുള്ള നിർഭാഗ്യം നിനക്കുണ്ടാകുകയും ചെയ്യുന്നപക്ഷം നിന്റെ മുറിയിൽ ഞാൻ കാലുകുത്തുന്നതല്ലെന്നു ഓൎത്തുകൊള്ളണം.' [34] തങ്ങളുടെ പുത്രരിലൊരുവൻ ആചാൎയ്യമകുടമണിയുന്നതു കാണണമെന്നാഗ്രഹിക്കുന്ന മാതാപിതാക്കന്മാർ മമ്മാ മാർഗറേററിന്റെ ഈ വാക്കുകളെപ്പററി അവധാനപൂൎവ്വം ചിന്തിക്കേണ്ടതാണ്.

ഉദ്ദേശശുദ്ധീകരണത്തോടനുസരിച്ചു കുട്ടി സദ്വൃത്തിയിലും പുരോഗമനം ചെയ്യേണ്ടിയിരിക്കുന്നു. സൎവ്വപ്രധാനമായി അവനിൽ ദൃഢരൂഢമാക്കാൻ അഭിയത്നിക്കേണ്ടതു പരസ്നേഹമെന്ന പുണ്യമാണ്. പട്ടക്കാരനാകാനിരിക്കുന്ന തങ്ങളുടെ കുഞ്ഞുമകനെക്കൊണ്ടു അവന്റെ ഇഷ്ടവും അനിഷ്ടവും വകവയ്ക്കാതെ, മററുള്ളവരുടെ— പ്രത്യേകിച്ചു കുടുംബത്തിലുള്ള മററു അംഗങ്ങളുടെ— സൌകൎയ്യാൎത്ഥം പലതും ത്യാഗപൂൎവ്വം അനുഷ്ഠിക്കുന്നതിനു അവനെ പരിശീലിപ്പിക്കുകയാകുന്നു കാരണവന്മാർ ചെയ്യേണ്ടതു്. അവൻ പട്ടക്കാരനാകാനിരിക്കുക മൂലമാണു സ്വസഹോദരന്മാൎക്കും സഹോദരിമാൎക്കും കളികളിലും വിനോദങ്ങളിലും കീഴ്പ്പെട്ടുകൊണ്ട്, ഈ പരാഭവം അനുഭവിക്കേണ്ടിയിരിക്കുന്നതെന്നുള്ള ബോധം അവനിൽ വേരുറപ്പിക്കേണ്ടതാകുന്നു. മനുഷ്യപുത്രൻ ശുശ്രൂഷിക്കപ്പെടുന്നതിനല്ല, ശുശ്രൂഷിപ്പാനത്രെ വന്നതു്.[25] ഇങ്ങനെ വൈദികവൃത്തിയുടെ പാവും ഊടയുമായ സഹോദരശുശ്രൂഷയുടെ പ്രഥമപാഠം വീട്ടിൽവച്ചുതന്നെ അഭ്യസിക്കേണ്ടതാകുന്നു, വൈദികസ്ഥാനത്തെ കാംക്ഷിക്കുന്ന ബാലൻ. എന്നാൽ പൌരോഹിത്യസ്ഥാനത്തെപ്പററിയുള്ള പിശകായ ധാരണ നിമിത്തമായിരിക്കാം കാരണവന്മാർ, സാധാരണ, ദൈവവിളിയുടെ ലാഞ്ഛനകൾ പ്രത്യക്ഷപ്പെടുത്തുന്ന തങ്ങളുടെ മകനോടിപ്രകാരം വൎത്തിക്കാതിരിക്കുന്നതു്. അവർ അവനെ സാധാരണവും താഴ്ന്നതുമായ ജോലികളിൽ നിന്നൊഴിവാക്കുകയും കൂടുതൽ സുഖസൌകൎയ്യ

www.malankaralibrary.com

ങ്ങൾ അവനു അനുവദിച്ചുകൊടുക്കുകയും, തീനിലും കുടിയിലുമുള്ള അവന്റെ ഇച്ഛയെ കടിഞ്ഞാണിട്ടു നിറുത്തുന്നതിനു പകരം അതിനെ വിശേഷാൽ സാധിച്ചുകൊടുക്കുകയും, ഒടുവിലത്തെ സ്ഥാനത്തിനു പകരം പ്രഥമസ്ഥാനം അവനു നൽകുകയും ചെയ്യുന്നു. ഇവയെല്ലാം പ്രേഷിതവൃത്തിയെ ലാക്കാക്കിയുള്ള തെററായ പരിശീലനങ്ങളാണെന്നുള്ളതിനു സംശയമില്ല. ഇപ്രകാരം വളർത്തപ്പെടുന്ന ഒരു കുട്ടി, താൻ അറിയാതെതന്നെ സ്വാർത്ഥലോലുപനും സുഖപ്രിയനും നിർബന്ധസ്വഭാവിയുമായി തീരാനെളുപ്പമുണ്ട്.

എന്നാൽ മേൽപ്രസ്താവിച്ചപ്രകാരം ഒരു കുട്ടിയെ പരിശീലിപ്പിക്കുന്ന പക്ഷം അവനിൽ തിരുപ്പട്ടത്തെക്കുറിച്ചു അശങ്കയും ഭീതിയും ഉളവാകുന്നതിനും, തൻമൂലം അവൻ അതിനെ ഉപേക്ഷിക്കുന്നതിനും ഇടവരുകയില്ലയോയെന്നു വല്ലവരും സംശയിച്ചേക്കാം. ഈ സംശയം അസ്ഥാനത്താകുന്നു. ഒരു നല്ല പട്ടക്കാരന്റെ പ്രതിഫലം, നല്ല ക്രിസ്ത്യാനിയുടെതെന്നപോലെ, ദൈവത്തെ നിത്യമായി പ്രാപിക്കുന്നതിലാകുന്നു. ഇഹത്തിലുള്ള നമ്മുടെ ദൈവശുശ്രൂഷയിൽനിന്നു വേർപെടുത്താൻ പാടില്ലാത്ത ഒരു ലക്ഷ്യമാകുന്നു അത്. ത്യാഗപരങ്ങളായ പ്രവൃത്തികൾക്കു ദൈവം സമ്മാനം നൽകാതിരിക്കുകയില്ലെന്നും, ദൈവത്തെ സ്നേഹിച്ചു ശുശ്രൂഷിച്ചുകൊണ്ടു് ജീവിക്കുക, ഈ ലോകത്തിൽ തന്നെ ഭാഗ്യകരമാകുന്നുവെന്നും, നല്ല വൈദികരുടെ ജീവിതം സന്തോഷസൗഭാഗ്യസംപൂർണ്ണമാണെന്നും കുട്ടിയെ വഴിയെ ധരിപ്പിപ്പാൻ വിഷമമില്ല.

ദൈവവിളിയുടെ ലാഞ്ഛനകളുള്ള കുട്ടികൾ സാധാരണമായി, കുർബാനകാണുക, കുർബാനസ്സുക്രൂഷ, മുതലായ പള്ളിജോലികളിൽ ജാഗരൂകരായിരിക്കും. അതിരാവിലെ എന്നും കണിശമായി ദിവ്യപൂജയ്ക്കു സന്നിഹിതനാകുന്നവനിൽ സുസ്ഥിരമായ ഒരു മനഃസ്ഥിതി ഉണ്ടെന്നു അനുമിക്കാം. അടുക്കലടുക്കലുള്ള കുമ്പസാരവും സൽപ്രസാദസ്വീകരണവും, അൾത്താരശുശ്രൂഷയിലുള്ള അസാമാന്യ താൽപര്യവും, സർവ്വോപരി, പട്ടക്കാരനെ ഓരോ കാര്യങ്ങളിൽ സഹായിക്കുന്നതിലുള്ള സന്നദ്ധതയും ഒരു കുട്ടിയുടെ



www.malankaralibrary.com

ദൈവവിളിയുടെ ലക്ഷണങ്ങളായി മിക്കവാറും എണ്ണാം. വൈദികജോലിക്കു പ്രവണതയുള്ള കുട്ടികളെ സംബന്ധിച്ചു, വികാരിമാക്കുള്ള കടമയെപ്പററി കാനൻനിയമം പ്രസ്താവിക്കുന്നതിപ്രകാരമാണ്. 'ദൈവവിളിയുടെ ലക്ഷണങ്ങൾ ഉള്ള ബാലന്മാരെ, വൈദികർ, പ്രത്യേകിച്ചു വികാരിമാർ, ലോകത്തിന്റെ സമ്പർക്കത്തിൽ നിന്നകററി നിർത്തുകയും, ഭക്തിമുറകളിൽ പരിശീലിപ്പിക്കുകയും; ആദ്യപാഠങ്ങൾ പഠിപ്പിക്കുകയും, അങ്ങനെ അവരിലുള്ള ദൈവവിളിയുടെ ബീജത്തെ പുഷ്ടിപ്പെടുത്തുകയും ചെയ്യേണ്ടതാകുന്നു'. [26]

ഇങ്ങനെ ഈശ്വരാദേശത്തിനു പരിശിക്ഷണം ചെറുപ്പംമുതൽക്കേ നൽകേണ്ടതാണെങ്കിലും ഇതിനൊരപവാദമുണ്ട്. അതേപ്പററിക്കൂടി സ[illegible]ം ഇവിടെ പറവാൻ ഉദ്ദേശിക്കുന്നതു പ്രായംചെന്നവരുടെ ദൈവനിയോജനം (Late Vocation) സംബന്ധിച്ചാണ്. പ്രായപൂർത്തിവന്നവരും ചിലപ്പോൾ വിഭാര്യന്മാരും കൂടി പട്ടത്തിനപേക്ഷിക്കയും, അവർക്കു പട്ടംകൊടുക്കയും ചെയ്യുന്നതായി തിരുസഭയിൽ ഇക്കാലത്തും ഉദാഹരണങ്ങൾ ഉണ്ട്. ഇപ്രകാരം നാല്പതും അമ്പതും ചിലപ്പോൾ അതിനുമേലും വയസ്സു ചെന്നവർ വൈദികമകുടംചൂടി മ്ശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേലചെയ്യുക പാശ്ചാത്യരാജ്യങ്ങളിൽ അത്ര അസാധാരണമായ കാര്യമല്ല. ഫ്രാൻസിൽ ആധുനികകാലത്തു, വൈദികരുടെ ദൗർലഭ്യം നിമിത്തമായിരിക്കാം, പ്രായംചെന്നവരുടെ ദൈവവിളി വളരെ വർദ്ധിച്ചിട്ടുണ്ടെന്നാണറിയുന്നതു്. ഇംഗ്ലണ്ടിൽ ഇപ്രകാരമുള്ളവർക്കു അവരുടെ ദൈവവിളി പരീക്ഷിക്കുന്നതിനു, എഡ്മൺടൻ (Edmonton) വാൽവത്ത് (Walworth) എന്നീ സ്ഥലങ്ങളിൽ പ്രത്യേക സെമ്മിനാരികൾപോലും ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട്. പരേതനായ ഫാദർ ലെസ്റ്റർ (Lester S. J) അവർകളുടെ നേതൃത്വത്തിൽ ഓസ്റ്റേർലി (Osterly) എന്ന സ്ഥലത്തു സ്ഥാപിക്കപ്പെട്ടിട്ടുള്ള പെററിറുസെമ്മിനാരിയുടെ കാര്യം പ്രസിദ്ധമാണ്. ഓരോ തൊഴിലുകളിലും മററും ഏർപ്പെട്ടിരിക്കുന്ന അനേകരെ അവിടെ അഭ്യസിപ്പിച്ചു ഓരോ രൂപതസ്സു അയച്ചുകൊടുക്കുന്നുണ്ട്. പ്രായംകടന്ന ഈ വൈദികാർത്ഥികൾ സദാചാരനിഷ്ഠയും വിമല



www.malankaralibrary.com

ജീവിതവുമുള്ളവരായിരിക്കണമെന്നുള്ളതിലേയ്ക്കു സംശയമില്ലല്ലോ. അവർ ആത്മസംയമനം, ത്യാഗം, ദീനാനുകമ്പ തുടങ്ങിയുള്ള സൽകൃതങ്ങളോടുകൂടിയായിരിക്കണം, ഏതാവൽപര്യന്തം വളൎന്നുവന്നിട്ടുള്ളത്. അസാധാരണമായ ഈ ദൈവവിളിയെക്കുറിച്ചു ഈ ദ്ധരണത്തിൽ പ്രസ്താവിക്കാൻ ഇടയായതു ഇവിടെയുള്ള ഇതിൻെറ പ്രായോഗികതയെ വിചാരിച്ചല്ല, വിഷയത്തിൻെറ പൂൎത്തികരണത്തിനായിട്ടുമാത്രമാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ നാട്ടിൽ ഇതേവരെ പ്രായംചെന്നവരും വിഭാൎയ്യന്മാരുമായിട്ടിരിക്കുന്നവൎക്കാൎക്കും പട്ടംകൊടുത്തിട്ടുള്ളതായി കേട്ടിട്ടില്ല. വിഗതഭാൎയ്യനായി, നാല്പതോ അമ്പതോ വയസ്സു കഴിഞ്ഞിരിക്കുന്ന ഒരു കൃഷിവലനോ വണിക്കിനോ അവരുടെ യോഗ്യത ഓൎത്തു ഇന്നു ഇവിടെ പട്ടംകൊടുക്കുന്നതായാൽ അതു നമ്മുടെ ജനങ്ങളുടെ ധാരണയ്ക്കും ചിന്താഗതിയ്ക്കും വിരുദ്ധമാകാനാണെളുപ്പം. പൊതുജനമനോഭാവം ഈദൃശകാൎയ്യങ്ങളിൽ പ്രത്യേകിച്ചും നോക്കേണ്ടതായിട്ടുണ്ടെന്നു ആരുതന്നെ സമ്മതിക്കുകയില്ല?

ഇംഗ്ലണ്ടിൽ ആംഗ്ലിക്കൻ സഭയിൽ നിന്നും മറ്റും വൈദികർ കത്തോലിക്കസഭയിൽ ചേരുമ്പോൾ, വൈദികവൃത്തി തുടരണമെന്നാഗ്രഹമുള്ളപക്ഷം, അവൎക്കു ശിക്ഷണം നൽകി, വീണ്ടും പട്ടംകൊടുത്തു സ്വീകരിക്കയാണു പതിവ്. എന്തുകൊണ്ടെന്നാൽ ആംഗ്ലിക്കൻസഭയുടെ പട്ടം വാസ്തവമല്ല. ന്യൂമാൻ, മാനിംഗ്, നമ്മുടെ സമകാലീനന്മാരായ നോക്സ്, ഒർച്ചാർഡ്, വെർണൻ ജോൺസൺ, പ്രഭൃതികളായ സുപ്രസിദ്ധ വൈദികപണ്ഡിതന്മാരൊക്കെ ഒരുകാലത്തു ആംഗ്ലിക്കൻ വൈദികരായിരുന്നല്ലൊ. അടുത്തകാലത്തു നമ്മുടെ രാജ്യത്തും യാക്കോബായാസഭയിൽ നിന്നു വൈദികരെന്നല്ല മെത്രാന്മാർപോലും കത്തോലിക്കസഭയെ ആശ്ലേഷിച്ചിട്ടുണ്ട്. എന്നാൽ യാക്കോബായക്കാരുടെ പട്ടം സാധുവാകയാൽ അവൎക്കു വീണ്ടും പട്ടം കൊടുക്കേണ്ടയാവശ്യം നേരിട്ടില്ല. തിരുസഭയ്ക്കു അവരുടെ വിശ്വാസത്തിൻെറ ദാൎഢ്യതയേയും മറ്റും പരിഗണിക്കേണ്ടയാവശ്യമേയുള്ളു വൈദികജോലി തുടരുന്നതിനു അവരെ അനുവദിപ്പാൻ.



www.malankaralibrary.com

ദൈവവിളി പരിപോഷിപ്പിക്കുന്നതിനു ഇനി ഒരുമാർഗ്ഗം കൂടിയുണ്ട്, അതു ഏററം ശക്തിമത്തുമാകുന്നു; ഇതു പ്രാർത്ഥനയല്ലാതെ മറെറാന്നുമല്ല. 'കൊയ്ത്തു് അധികമാകുന്നു, എന്നാൽ വേലക്കാരോ ചുരുക്കം; ആകയാൽ തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ അയക്കുന്നതിനു നിങ്ങൾ കൊയ്ത്തിന്റെ അധിനാഥനോടു പ്രാർത്ഥിപ്പിൻ' 27 മ്ശിഹാതമ്പുരാൻ തന്നെ ശ്ലീഹന്മാരെ തിരഞ്ഞെടുത്തതിന്റെ തലേരാത്രി മുഴുവനും പ്രാർത്ഥനയിൽ വിനിയോഗിച്ചില്ലേ? ദൈവവിളി അത്രയും ദൈവത്തിൽനിന്നാകുന്നു. ദൈവം നിശ്ചയിച്ചിട്ടുള്ള ക്രമീകരണത്തിന്റെ ഒരു പ്രമുഖഭാഗമാണു പ്രാർത്ഥന. തങ്ങളുടെ സന്താനങ്ങളിൽ ഒന്നിനെ അൾത്താരയിൽ കാണണമെന്നാഗ്രഹിക്കുന്ന കാരണവന്മാർ സുസ്ഥിരതയോടെ പ്രാർത്ഥിക്കട്ടെ. ഇരുപതുകൊല്ലത്തോളം, ഒരു അമ്മ ഈ അനുഗ്രഹം കിട്ടുന്നതിനു ദിവസേന ഒരു മണിക്കൂർ നേരം പ്രാർത്ഥിക്കയും, അവളുടെ എട്ടു പുത്രന്മാരിൽ ഒരുവൻ കർദ്ദിനാളും അപരൻ മെത്രാപ്പോലീത്തായും വേറൊരുവൻ മെത്രാനും ബാക്കി അഞ്ചു പേരിൽ മൂന്നുപേർ സാധാരണ വൈദികരുമാകുകയുംചെയ്തു. 28 വൈദികരാകാനിരിക്കുന്ന വ്യക്തികളോടു ചാർച്ചയും വേഴ്ചയുമുള്ളവർ മാത്രമല്ല, കത്തോലിക്കാ സഭയുടെ അഭിവൃദ്ധിയെ പരമാർത്ഥമായി കാംക്ഷിക്കുന്ന ഏവരും നല്ല വൈദികരുണ്ടാകുന്നതിനു അനുദിനം പ്രാർത്ഥിക്കേണ്ടതാണ്. പട്ടത്തിന്റെ നാലു അവധികളിൽ വിശ്വാസികൾ ഈ കടമ പ്രത്യേകം നിർവഹിക്കേണ്ടതിനായിട്ടാണല്ലോ സഭ, ആ ദിവസങ്ങളെ മാംസവർജ്ജനം മുതലായ തപോനിഷ്ഠകൾമൂലം പരിശുദ്ധമാക്കിയിട്ടുള്ളതു്.

പ്രേഷിതജോലിയുടെ മഹോന്നത ദൃഷ്ടാന്തങ്ങളായ ഫ്രാൻസിസ് സാലേസ്സ്, വിൻസെൻറ് ഡെപോൾ, ക്യൂരെഡി ആർസ് തുടങ്ങിയ വിശുദ്ധന്മാരോടു അവക്കു തുല്യരായ പിൻഗാമികൾ സഭാമാതാവിനു ലഭിക്കുന്നതിനു പ്രാർത്ഥിക്കുന്നതിൽ ഔചിത്യദീക്ഷയുണ്ട്.

ദൈവത്തിന്റെ പരിശുദ്ധയായ അമ്മയും, ആ അമ്മയുടെ സുതന്റെ നിത്യപൌരോഹിത്യവും തമ്മിലുള്ള ബന്ധം



www.malankaralibrary.com

വള്ളുന്നാതിതമാണ്. ഒന്നാമത്തെ പുരോഹിതൻെറ മാതാവാകുന്ന ല്ലൊ കന്യാസ്ത്രീമറിയം. എല്ലാ ക്രിസ്ത്യാനികളും ഈ മാതാവിൻെറ മക്കളാകുന്നുവെന്നു വരുകിലും വൈദികർ പ്രത്യേക വിധത്തിൽ ഈ അമ്മയുടെ പുത്രന്മാരായിരിക്കുന്നു. നമ്മുടെ വലിയ മേല്പട്ടക്കാരനായ മ്ശിഹായെ പ്രസവിച്ച പരിശുദ്ധ കന്യകാമറിയം, തൻെറ സുതൻെറ പൌരോഹിത്യം ഈ ലോകത്തിൽ അനുസ്യൂതമായി നിലനിൽക്കുന്നതിനു, തനിക്കുള്ള ശക്തിയേറിയ മാദ്ധ്യസ്ഥത്തെ വിനിയോഗിക്കാതിരിക്കുമെന്നു ഊഹിക്കാൻ ആക്കു കഴിയും? ആകയാൽ യഥാൎത്ഥമായ ദൈവവിളിയുടെ വദ്ധനവും സൽപഥത്തിലൂടെയുള്ള അതിൻെറ വളർച്ചയുംവേണ്ടി പരിശുദ്ധ കന്യകാമറിയത്തിനോടും തൻെറ വിമലഭൎത്താവും പുതിയനിയമത്തിലെ പ്രഥമ പുരോഹിതനെ ശൈശവത്തിൽ തീററിപോററി വളൎത്തിയവനുമായ വി. യൌസേപ്പു പിതാവിനോടും നാം ഉള്ളഴിഞ്ഞു പ്രാൎത്ഥിക്കേണ്ടിയിരിക്കുന്നു.

## കുറിപ്പുകൾ.

1 Heb. V. 4, 6.
2 Mark. III. 13.
3 Secular priesthood p. 59.
4 1. Tim. V. 22.
5 La vocation Sacerdoce, [p. 5.
6 Duchesne origines duculte chretian p. 505.
7 1. Cor: XII. 3.
8 Jn. XV. 16.
9 Jn. VI. 44.
10 Acta Apostolicae sedis. 1912. p. 485.
11 Examiner 1933 July 29.
12 Jn. X. 1.
13 Cn. 971.
14 Heb. V. 4.
15 Matth. IV. 19.
16 2 Tim. 11. 2.
17 Trent. Sess. XXIII.
18 Ibid. cap. XVIII. C N N. 969, 1363.
19 Catechism of the council of Trent. ch. VII
20 Heb. V. 1.
21 Jn. VIII. 49.
22 Philip. 11. 21.
23 Matth. XXVIII. 19.
24 Life of Don Bosco. p. 48.
25 Matth. XX. 28.
26 C. N. 1353.
27 Matth. XI. 36.
28 Life of Cardinal Vaughn Book 1. ch. 11.

www.malankaralibrary.com

# അദ്ധ്യായം ൨.

## സെമ്മിനാരിജീവിതം.

ദൈവവിളിയുള്ള ഒരു യുവാവിനു, വൈദികസ്ഥാനത്തെത്തുന്നതിനു മുമ്പ്, സെമ്മിനാരിയിൽ സുദീർഘമായ ശിക്ഷണം ലഭിക്കേണ്ടതവശ്യാവശ്യമാകുന്നു. പതിനാറാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഒരു ഇംഗ്ലീഷ്കാരനായ കർദ്ദിനാൾ പോൾ (Cardinal Pole) ആണു സെമ്മിനാരിയെന്ന പദം വൈദികവിദ്യാലയം എന്ന അർത്ഥത്തിൽ ആദ്യമായി ഉപയോഗിച്ചതു്. ഇംഗ്ലണ്ടിൽ ഹെൻറി അഷ്ടമന്റെ കാലത്തു ആരംഭിച്ച പാഷണ്ഡമതത്തെ തടയുന്നതിനു സെമ്മിനാരികൾ സ്ഥാപിക്കണമെന്നാണു മഹാനായ കർദ്ദിനാൾ അഭിപ്രായപ്പെട്ടതു്. ഇക്കാരണത്താൽ ത്രേന്തോസൂനഹദോസിലെ, സെമ്മിനാരികളെപ്പററിയുള്ള സുപ്രസിദ്ധമായ തീരുമാനത്തിന്റെ, പ്രയോക്താവായിട്ടു, ഇദ്ദേഹം ചരിത്രകാരന്മാരാൽ ഗണിക്കപ്പെട്ടുപോരുന്നു. എന്നാൽ അടുത്തകാലത്തു വിശുദ്ധൻ എന്നു നാമകരണം ചെയ്യപ്പെട്ടിട്ടുള്ളതും കർദ്ദിനാൾ പോളിനു മുമ്പു ജീവിച്ചിരുന്നിട്ടുള്ള ദേഹവുമായ ജോൺ ഫിഷറിന്റെ ഒരു കൃതിയിൽ 'സെമ്മിനാരി' എന്ന പദം കാണുന്നുണ്ടെന്നൊരഭിപ്രായം ഇപ്പോൾ ഉണ്ടെന്നുള്ള സംഗതികൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

പുതിയ വേപ്പുൽതിരുവെഴുത്തിൽ സെമ്മിനാരി, വൈദികവിദ്യാർത്ഥികളുടെ ശിക്ഷണം മുതലായവ സംബന്ധിച്ച സുദീർഘങ്ങളായ പ്രസ്താവങ്ങൾ കാണുന്നുണ്ട്. തിരുവെഴുത്തിന്റെ മൂന്നാം ഭാഗം മുഴുവനും തന്നെ ഇതിനായിട്ടു വിനിയോഗിച്ചിരിക്കയാണ്.

കർദ്ദിനാൾ വോൺ പറയുന്ന 'സഭയുടെ ചിരകാലപരിചയത്തിൽനിന്നും, സംഗതികളുടെ സാധാരണഗതിയിൽനിന്നും, ഇടവക വൈദികരുടെ പരിശീലനത്തിൽ പ്രത്യേകതരവും നീണ്ടാൾ തുടർന്നുകൊണ്ടുപോകേണ്ടതും ഒരു പ്രകാരത്തിൽ അസാധാരണവുമായ ശ്രദ്ധ പതിക്കേണ്ടതത്യന്താപേക്ഷിതമാണെന്നു



www.malankaralibrary.com

വെളിവായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ സമുദായത്തിന്റെ മദ്ധ്യത്തിൽ അതിന്റെ ആത്മീയജീവിതം പരിപാലിക്കുന്നതിന് അങ്ങിങ്ങായി വേർപെട്ടു വസിക്കുന്നതിനു കടപ്പെട്ടിരിക്കുന്ന ലോകത്തിന്റെ ഉപ്പായ അവർ.' 2

മഹാനായ വി. ഗ്രിഗോറിയോസ് മാർപ്പാപ്പാ ഒരു വൈദികനുവേണ്ടിയ ഗുണങ്ങളെ വർണ്ണനം ചെയ്യുന്നതു കേട്ടാലും. 'ഒരു പട്ടക്കാരൻ വിചാരത്തിൽ ശുദ്ധിയുള്ളവനും, സച്ചരിതനും, മൌനത്തിൽ വിവേകിയും, സംസാരത്തിൽ പ്രയോജനമുള്ളവനും, ഏവരോടും കരുണയും അനുകമ്പയും പ്രദർശിപ്പിക്കുന്നവനും, പ്രകൃഷ്ടേണ പ്രാർത്ഥനാനിരതനും, സദ്വൃത്തരുടെ സഖാവും, നീതിപരമായ തീക്ഷ്ണതയോടെ ദുർവൃത്തരെ എതിർക്കുന്നവനും, പുറമേയുള്ള ജോലികളെപ്രതി ഭക്തികൃത്യങ്ങളെ വെട്ടിക്കുറയ്ക്കാത്തവനും, അതേവിധം, ഭക്തികൃത്യങ്ങൾക്കുവേണ്ടി പുറമേയുള്ള ജോലികളെ ഉപേക്ഷിക്കാത്തവനും ആയിരിക്കണം.3 ഏതാദൃശങ്ങളായ യോഗ്യതകളോടുകൂടിയ വൈദികരെ വാർത്തെടുക്കുകയത്രെ ഒരു സെമ്മിനാരിയുടെ ഉദ്ദേശം.

പൌരോഹിത്യജോലിക്കു ആദ്യമായി പരിശീലിപ്പിക്കപ്പെട്ടതു അപ്പസ്തോലന്മാരാകുന്നു. പ്രഥമ മേൽപ്പട്ടക്കാരനായ മ്ശിഹാ തന്നെയായിരുന്നു അവരുടെ ഉപദേഷ്ടാവ്. ശ്ലീഹന്മാർ മൂന്നു കൊല്ലം യേശുനാഥനോടൊന്നിച്ചു വസിച്ചു. ഇതു്, അവരുടെ സെമ്മിനാരിക്കാലഘട്ടമായി എണ്ണാം. ദിവ്യഗുരുവിനു അവരെ പലേ കൂട്ടങ്ങൾ പഠിപ്പിക്കാനും, അവരുടെ തെററിദ്ധാരണകളെ തിരുത്താനും, കുററങ്ങളെക്കുറിച്ചു അവരെ ശാസിപ്പാനുമുണ്ടായിരുന്നു. 'ഓ! വിശ്വാസമില്ലാത്തതും വഷളായതുമായ സന്തതിയേ, ... ഞാൻ എന്തുമാത്രമാണു ക്ഷമിക്കുക.'4 'നിങ്ങൾ മനസ്സുതിരിഞ്ഞു കുട്ടികളെപ്പോലെ ആവുകയില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തു പ്രവേശിക്കയില്ല.' 5 'സാത്താനെ, നീ പുറകിൽ പോക.' 6 ഇപ്രകാരം അവരുടെ വിശ്വാസരാഹിത്യത്തേയും, അഹംഭാവത്തേയും, ലൌകായതികത്വത്തേയുംപററി ശക്തിയുക്തമായ ഭാഷയിൽ ദിവ്യരക്ഷകൻ അവരോടു ചിലപ്പോൾ സംസാരിച്ചിരുന്നു. എ



www.malankaralibrary.com

ന്നാൽ ക്രിസ്തുനാഥൻെറ കീഴിലുള്ള മൂന്നു വത്സരത്തെ അഭ്യസനം അവരെ തിരുസഭയുടെ സ്തംഭങ്ങളായി രൂപാന്തരപ്പെടുത്തി. ക്രമേണ അവരുടെ അജ്ഞതയും, ചാപല്യങ്ങളും, അസ്ഥിരചിത്തതയും, അവരെ വിട്ടുമാറി. അവർ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധയുള്ളവരും പ്രവൃത്തികളിൽ പരിപക്വത വന്നവരും തങ്ങളുടെ ദിവ്യയജമാനനെ പ്രതി എന്തും സഹിപ്പാനും ചെയ്യാനും സന്നദ്ധതയും ധൈര്യവുമുള്ളവരും ആയി പകൻ. പന്തക്കുസ്തായുടെ സുദിനത്തിൽ പരിശുദ്ധാത്മാവിനെ സ്വീകരിച്ചതോടെ അവരുടെ പ്രേഷിതപരിശീലനം പൂർത്തിയായി എന്നു പറയാം. ഇനിമേൽ, "ക്രിസ്തുനാഥൻെറ സ്നേഹത്തിൽനിന്നു ആർ ഞങ്ങളെ വേർതിരിക്കും" എന്നായി ലോകത്തോടുള്ള അവരുടെ പോർവിളി.

ക്രിസ്തുനാഥൻെറ അഗ്രഹത്തെ നേരാംവണ്ണം ഗ്രഹിച്ചിരിക്കുന്ന കത്തോലിക്കസഭ വൈദികവൃത്തിക്ക് ആളുകളെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പ്രത്യേക സൂക്ഷ്മവും നിഷ്കർഷവും പ്രദർശിപ്പിക്കുന്നുണ്ട്. കാലകല്ലോലത്തിൽ കൂടിയുള്ള അതിൻെറ പുരോഗമനത്തിൻെറ ചരിത്രത്തിൽ നിന്നു ഈ വസ്തുത പ്രവ്യക്തമാകുന്നു. ഇന്നത്തേപ്പോലെ ക്രമീകൃതവും പരിഷ്കൃതവുമായ ഒരു രീതിയിൽ വൈദികശിക്ഷണം സഭയുടെ ആദ്യ യുഗങ്ങളിൽ ഉണ്ടായിരുന്നില്ല, അതിനു അവശ്യവുമില്ലായിരുന്നു. അക്കാലത്തു ദിവ്യപൂജാനുഷ്ഠാനം, ദിവ്യവചനത്തിൻെറ പ്രസംഗം തുടങ്ങിയ സുവിശേഷവേലകളുടെ പ്രധാനഭാഗമത്രയും മെത്രാന്മാർ മാത്രമായിരുന്നു നടത്തിയിരുന്നത്. എങ്കിലും ഇടവകഭരണഘടനയുടെ ചില ലാഞ്ഛനകൾ കുറേശ്ശെ കണ്ടുതുടങ്ങിയിരുന്നു അന്നും. നാലാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിനും ഏഴാംനൂററാണ്ടിൻെറ പ്രാരംഭത്തിനും മദ്ധ്യേയുള്ള കാലഘട്ടത്തിൽ രണ്ടു മാതിരി വൈദികജീവിതസമ്പ്രദായം ക്രമേണ നടപ്പിൽ വന്നതായി തോന്നുന്നു. മെത്രാൻ തൻെറ വൈദികരോടും അറാം പട്ടക്കാരോടും മററു ക്ലേരിമാരോടുമൊരുമിച്ച് ഒരേ ഭവനത്തിലൊ അല്ലെങ്കിൽ അടുത്തടുത്തുള്ള വ്യത്യസ്തഭവനങ്ങളിലൊ വസിച്ചിരുന്നു. മെത്രാൻെറ കുടുംബം (Familia episcopalis) എന്നാണു ഇതിനു പേർ പറഞ്ഞിരു



www.malankaralibrary.com

ന്നത്. ചിലപ്പോൾ ഒരു വൈദികൻ തൻെറ സംബന്ധികളോടും ശെമ്മാശന്മാരോടുമൊരുമിച്ചു താമസിച്ചുകൊണ്ടു ഒരു പള്ളിയിലെ ജോലികൾ നടത്തിയിരുന്നു. ക്രിസ്ത്വബ്ദം ൩൦൦–നും, ൬൦൦–നും മദ്ധ്യേ ജീവിച്ചിരുന്ന വിശുദ്ധ പിതാക്കന്മാരുടെ കൃതികളിൽ റോം (Rome) മിലാൻ (Milan) റവേന്നാ (Ravenna) ടൂർസ് (Tours) ഒർല്ലിയൻസ് (Orleans) അർല്ലെസ് (Arles) മുതലായ വൈദികകേന്ദ്രങ്ങളിൽ (Familia episcopalis) വൈദികവിദ്യാർത്ഥികൾക്കു നൽകപ്പെട്ടിരുന്ന അഭ്യസനത്തെക്കുറിച്ചു പ്രസ്താവിച്ചുകാണുന്നുണ്ട്. നാട്ടിൻപുറങ്ങളിൽ അവിടവിടെയായി താമസിച്ചിരുന്ന വൈദികരും വിദ്യാർത്ഥികളെ തങ്ങളോടൊന്നിച്ചു താമസിപ്പിച്ച് പഠിപ്പിച്ചിരുന്നു. ക്രിസ്തുവഷം ൫൨൯–ൽ സമ്മേളിച്ച വെയിസ്സൻ എന്ന പ്രാദേശിക സിനഡിൽ (Council of Vaison) ഇടവകാധികൃതനായ വൈദികൻ തൻെറ ഭവനത്തിൽ അനുവാചകന്മാരെ (Lectors) സ്വീകരിച്ച്, സങ്കീർത്തനപാരായണം മുതലായവ പരിചയിപ്പിക്കുന്നതിനു വേണ്ടിയ നിർദ്ദേശങ്ങൾ ചെയ്തിരുന്നു.

അന്നത്തെ വൈദിക വിദ്യാർത്ഥികൾ പഠിക്കുന്നതിനും അധികമുണ്ടായിരുന്നില്ല. അവൻെറ ദൈവശാസ്ത്രം വിശ്വാസപ്രമാണ (Credo) ത്തിലടങ്ങിയിരുന്നു. കാനൺനിയമം, അതിൻെറ ശൈശവദശയിൽ എത്തിയിട്ടേയുണ്ടായിരുന്നുള്ളു; സന്മാർഗ്ഗശാസ്ത്രം, പ്രാഥമികതത്വങ്ങൾ കവിഞ്ഞു വികസിച്ചിട്ടില്ലായിരുന്നു. എന്നാൽ ഇന്നത്തെപ്പോലെയൊ അതിൽ കൂടുതലായോ നിഷ്കർഷാപൂർവ്വം പഠിപ്പിക്കപ്പെട്ടിരുന്ന ഒരു വിഷയമുണ്ടായിരുന്നു; അതു വേദപുസ്തകമല്ലാതെ മററൊന്നുമല്ല.

'ഫമീലിയാ എപ്പിസ്കോപാലിസ്' എന്ന വിദ്യാഭ്യാസസ്ഥാപനം കത്തീഡ്രൽ സ്കൂളായി കാലാന്തരത്തിൽ പരിണമിച്ചു. ഈ സ്കൂളുകളിൽ നിന്നാണു മദ്ധ്യശതകങ്ങളിൽ സർവ്വകലാശാലകൾ പ്രാദുർഭവിച്ചതു്. കർദ്ദിനാൾ ന്യൂമാൻ എഴുതുന്നു. 'സർവ്വകലാശാലകൾക്കു വളരെ മുമ്പേതന്നെ വൈദികവിദ്യാലയങ്ങൾ അഥവാ സെമ്മിനാരികൾ ഉണ്ടായിരുന്നു; സർവ്വകലാശാലകൾ ഇവയിൽനിന്നുത്ഭവിച്ചിട്ടുള്ളതാണ്. വൈദികവിദ്യാഭ്യാസവും ലൗകിക



www.malankaralibrary.com

വിദ്യാഭ്യാസവും തമ്മിലുള്ള സമത്വം പാലിക്കുന്നതിനു സർവ്വ കലാശാലകൾ സ്ഥാപിക്കപ്പെട്ടപ്പോൾ, സെമ്മിനാരികളിൽ ലൌകികവിഷയങ്ങൾ കൂടി പഠിപ്പിക്കുന്നതിനു അദ്ധ്യാപകന്മാർ നിയമിക്കപ്പെട്ടു; ഇവരുടെ സംരക്ഷണയിൽ ഓരോ കതിഡ്റൽ പള്ളിയും സഹകരിക്കേണ്ടതാണെന്നും കാനൺ നിയമത്തിൽ വ്യവസ്ഥചെയ്തിരുന്നു. സർവ്വകലാശാലകൾ ഭദ്രാസനസ്ക്കൂളുകളെക്കാൾ ഉപരിയായ വിദ്യാഭ്യാസം നൽകുമെന്നും തന്നിമിത്തം ഇടവകപ്പട്ടക്കാർക്ക സന്യാസികളേയും അൽമേനികളേയുംകാൾ താഴ്ന്ന അഭ്യസനം ലഭിക്കയൊ അല്ലാത്തപക്ഷം അവർ സർവ്വകലാശാലകളുടെ അധീനതയിൽ ചെന്നു വീഴുകയോ ചെയ്യേയ്ക്കുമെന്നുമുള്ള ശങ്ക നിമിത്തമാണു ഭദ്രാസനപ്പള്ളികൾ മേൽപ്പറഞ്ഞ വ്യവസ്ഥയ്ക്കു വഴിപ്പെട്ടതു്. എന്നാൽ (ഈ മുൻകരുതൽ ഉണ്ടായിരുന്നിട്ടും) ഈ ഒടുവിൽപറഞ്ഞ വിപത്തു സാക്ഷാൽ നേരിടുകതന്നെയുണ്ടായി. സർവ്വകലാശാലയിലെ പാഠപദ്ധതി സെമ്മിനാരിയിലേതിനെക്കാൾ മെച്ചമായിരുന്നു. ആകയാൽ വൈദികവിദ്യാർത്ഥികളും സ്വാഭാവികമായി അങ്ങോട്ടാകൎഷിക്കപ്പെട്ടു. അവരെ ഉദ്ദേശിച്ചു യൂണിവേർസിററിക്കു സമീപം കോളജ്ജുകളും ഏൎപ്പെടുത്തപ്പെടുകയും, ഭദ്രാസനസ്കൂളുകളായിരുന്ന സെമ്മിനാരികളുടെ അഭ്യസനവിഷയകമായ പ്രശസ്തി ക്രമേണ കുറയുകയും വിനാവിളംബം അവ തിരെ ഉപേക്ഷിക്കപ്പെടുകയുംചെയ്തു. സെമ്മിനാരികളിൽ ചേരേണ്ടിയിരുന്ന വിദ്യാർത്ഥികൾ മേൽപ്രസ്താവിച്ച കോളജ്ജുകളിലൊ സന്യാസസഭക്കാരുടെ സ്കൂളുകളിലൊ, മററു വിദ്യാൎത്ഥികളോടൊരുമിച്ചു് വിദ്യാൎത്ഥിമന്ദിരങ്ങളിലൊ യഥേഷ്ടം താമസിച്ചുപോന്നിരുന്നു. മദ്ധ്യയുഗങ്ങളിലെ ചില വിശുദ്ധന്മാരുടെ ജീവചരിത്രങ്ങൾ പരിശോധിച്ചാൽ മതി, സെമ്മിനാരി പരിശീലനം കൂടാതെ ഗുരുപ്പട്ടമേൽക്കുന്നതിന്റെ ഉദാഹരണങ്ങൾ കണ്ടുമുട്ടുന്നതിനു്. വിവിധകാലഘട്ടങ്ങളിലും രാജ്യങ്ങളിലും വസിച്ചിരുന്ന വിശുദ്ധന്മാരായ റൈമണ്ട്, ജോൺമത്താ, തോമ്മസ് കാൻറർബറി, എഡ്മണ്ട്, ഇഗ്നേഷ്യസ്, ഫ്രാൻസീസ്സാലെസ്, എന്നിവരിൽ ചിലർ വലിയ പട്ടണങ്ങളുടെ മദ്ധ്യേയുള്ള കെട്ടുംപൂട്ടുമി



www.malankaralibrary.com

ല്ലാത്ത ജീവിതം നിമിത്തം, ചിലപ്പോൾ ലജ്ജാകരങ്ങളായ പരീക്ഷകളോടും എതിരിടേണ്ടയാവശ്യം നേരിട്ടിരുന്നു. ഒടുവിൽ സെമ്മിനാരികൾ നിശ്ശേഷം നാമാവശേഷമായി. സംഗതികൾ പരിതാപകരമായ ഈ അവസ്ഥയിൽ എത്തിയിരിക്കുകയായിരുന്നു പതിനാറാം നൂററാണ്ടിൻെറ ആരംഭത്തിൽ.

ഏവംവിധമുള്ള തകരാറുകൾക്കാണ് ത്രെന്തോസൂനഹദോസ് പൂൎണ്ണവിരാമമിട്ടത്; അതിൻെറ തിരുമാനമനുസരിച്ചു, സെമ്മിനാരികൾ പുനഃസ്ഥാപിക്കപ്പെടുകയും സൎവ്വകലാശാലകളുടെ ആഭിമുഖ്യത്തിൽ വൈദികകോളേജുകൾ സ്ഥാപിക്കുന്ന പതിവു നിറുത്തലാക്കപ്പെടുകയും ചെയ്തു. 7

ത്രെന്തോസൂനഹദോസിൻെറ സുപ്രസിദ്ധമായ ആ തിരുമാനംകൂടി ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. 'ശരിയായി നയിക്കപ്പെടാത്ത ചെറുപ്രായം ലൌകിക വ്യാമോഹങ്ങളെ പിൻചെല്ലുന്നതിനു ചാഞ്ഞിരിക്കുന്നു. തിന്മകളുടെ തഴക്കം ഒരുവനെ മുഴുവനായി ഗ്രസിക്കുന്നതിനു മുമ്പ് ശൈശവകാലം മുതൽക്കേ, അവൻ സന്മാൎഗ്ഗത്തിലും മതനിഷ്ഠയിലും വളൎത്തപ്പെടാത്തപക്ഷം, സൎവ്വശക്തനായ ദൈവത്തിൻെറ വിപുലവും അസാധാരണവുമായ സഹായംകൂടാതെ വൈദിക ശിക്ഷണത്തിൽ അവൻ നിലനിൽക്കുന്നതല്ല. ആകയാൽ ഓരോ മെത്രാസനവും, അതിമെത്രാസനവും, അവയെക്കാൾ വലുതുമായ പള്ളികൾ അവയുടെ ശക്തിയും ദ്രുപതയുടെ വിസ്തീൎണ്ണതയുമനുസരിച്ച്, അതതു സ്ഥലത്തൊ, രൂപതയിലൊ, അവിടെക്കണ്ടെത്തപ്പെടാത്തപക്ഷം പ്രോവിൻസിലൊ, ഉള്ള ഏതാനും ബാലന്മാരെ ഈ പള്ളികൾക്കടുത്തൊ അല്ലെങ്കിൽ മെത്രാനാൽ തിരഞ്ഞെടുക്കപ്പെട്ട സൌകൎയ്യപ്രദമായ മററു സ്ഥലത്തൊ സ്ഥാപിതമായിരിക്കുന്ന കോളെജിൽ (സെമ്മിനാരിയിൽ) സംരക്ഷിക്കുന്നതിനും മതപരമായി അഭ്യസിപ്പിക്കുന്നതിനും വൈദിക കാൎയ്യങ്ങളിൽ പരിചയിപ്പിക്കുന്നതിനും, ചുമതലപ്പെട്ടിരിക്കുന്നുവെന്നു പരിശുദ്ധമായ സൂനഹദോസ് നിൎണ്ണയിക്കുന്നു. ഈ കോളേജിൽ കുറഞ്ഞ പക്ഷം പന്ത്രണ്ടു വയസ്സു പ്രായം ചെന്നവരും ന്യായമായ വിവാഹത്തിൽനിന്നു ജനിച്ചവരും വായി



www.malankaralibrary.com

ക്കാനും എഴുതാനും ശരിയായി അറിയാവുന്നവരും തങ്ങളുടെ സ്വഭാവവും നടത്തയുംകൊണ്ടു പൌരോഹിത്യ കടമകൾ ആജീവനാന്തം അനുഷ്ഠിക്കുമെന്നു പ്രതീക്ഷ തരുന്നവരുമായ കുട്ടികൾ സ്വീകരിക്കപ്പെടേണ്ടിയിരിക്കുന്നു.' 8

ഈ തരുണത്തിൽ നമ്മുടെ മലയാളരാജ്യത്ത് വൈദിക വിദ്യാർത്ഥികളെ ഗുരുകുലത്തിനു അഭ്യസിപ്പിച്ചിരുന്ന സമ്പ്രദായത്തെപ്പററിക്കൂടി രണ്ടു വാക്കു പറഞ്ഞുകൊള്ളുന്നു. വൈദികവിദ്യാലയം സംബന്ധിച്ചു ക്രൈസ്തവ കേരളത്തിനും സ്വന്തമായ ഒരു പാരമ്പര്യമുണ്ട്. ചരിത്രകാരനായ 'മെക്കൻസി' പറയുന്നു. 'മല്പാന്മാർ എന്നു വിളിക്കപ്പെടുന്ന സുറിയാനിപ്പട്ടക്കാർ തങ്ങളോടൊന്നിച്ചു ഏതാനും വിദ്യാർത്ഥികളെ താമസിപ്പിക്കുകയും അവരെ പഠിപ്പിച്ചു ആചാര്യ പദവിക്കു തയ്യാറാക്കുകയും ചെയ്തിരുന്നു. ഇൻഡ്യയിലുള്ള മറെറല്ലാ സ്ഥാപനങ്ങൾപോലെ പ്രസ്തുത ഉദ്യോഗവും പിന്തുടർച്ചാവകാശമുറയ്ക്കായിരുന്നു. ആകയാൽ, ഒരു മല്പാൻ മരിക്കുമ്പോൾ അദ്ദേഹത്തിന്റെ അനന്തിരവൻ തന്റെ കാരണവന്റെ ഗ്രന്ഥങ്ങൾക്കും കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള വിശേഷാധികാരത്തിനും അവകാശിയായി ഭവിച്ചു.' 9 നവീന രീതിയിലുള്ള സെമ്മിനാരികളുടെ ആവിർഭാവത്തിനുമുമ്പ് ഈ വിധത്തിലായിരുന്നു കേരളീയ വൈദികരുടെ ശിക്ഷണസമ്പ്രദായം. ആലുവാ സെമ്മിനാരിയിൽനിന്ന് പ്രസിദ്ധീകൃതമായ ഒരു ഗ്രന്ഥത്തിൽ (History Album of Alwaye Seminary) ഇങ്ങനെ കാണുന്നു. മല്പാന്മാരുടെ കീഴുള്ള പഠനരീതി രണ്ടു തരത്തിലായിരുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ചില മല്പാന്മാർ രണ്ടും മൂന്നും കുട്ടികളെ മാത്രം തങ്ങളുടെകൂടെ താമസിപ്പിച്ചു പഠിപ്പിച്ചിരുന്നു. 'മെക്കൻസി' പ്രസ്താവിക്കുന്നതു ഈവക അഭ്യസനത്തെപ്പററിയായിരിക്കുന്നു. വേറെ ചില മല്പാന്മാർ ഒട്ടേറെ വിദ്യാർത്ഥികളെ കൂട്ടിച്ചേർത്ത് ക്രമമായ രീതിയിൽ പഠിപ്പിച്ചുവന്നിരുന്നു. ഒരു പൊതുവായ അഭ്യസന കേന്ദ്രത്തിന്റെ ഛായ ഉണ്ടായിരുന്നെന്നു പറയാം ഈ വക വിദ്യാലയങ്ങൾക്ക്. ആദ്യം പറഞ്ഞ തരത്തിലുള്ള മല്പാൻ വിദ്യാലയങ്ങൾ പത്തൊൻപതാം നൂററാണ്ടിന്റെ ഉത്തരാർദ്ധം



www.malankaralibrary.com

വരെ നിരവധിയുണ്ടായിരുന്നുവെന്നു മൊൺസിഞ്ഞോർ ഫ്രാൻസിസ് സേവ്യർ പ്രസ്താവിക്കുന്നു.

എന്നാൽ രണ്ടാംതരത്തിൽപെട്ട പഠനകേന്ദ്രങ്ങൾ അത്രയധികമുണ്ടായിരുന്നില്ല. പോർട്ടുഗീസ് രാജാവിനു ൧൬൨൧-ൽ സുറിയാനി ക്രിസ്ത്യാനികൾ സമർപ്പിച്ച ഒരു മെമ്മോറിയലിൽ ഇപ്രകാരം കാണുന്നു. പാലാമത്താലിൽ, അങ്കമാലി, കുറവിലങ്ങാട്ട്, എന്നീ സ്ഥലങ്ങളിലായിരുന്നു മുമ്പു ഞങ്ങളുടെ കുട്ടികൾ കൽദായസുറിയാനി പഠിച്ചിരുന്നതു്; പിന്നീടു ഈശോസഭക്കാർ ഈ ഭാഷ പഠിപ്പിക്കാൻ തുടങ്ങി.' 10 ൧൫൮൧-ൽ ഈശോസഭക്കാർ വൈപ്പിക്കോട്ടയിൽ ഒരു സെമ്മിനാരി തുറന്നു. ഇതുമൂലം മേല്പറഞ്ഞ മല്പാൻസെമ്മിനാരികൾ നിറുത്തലാക്കപ്പെട്ടുവെങ്കിലും ൧൬൨൧-ൽ അവ വീണ്ടും തുറക്കപ്പെട്ടുന്നതായി നാം കാണുന്നു. എന്നാൽ ൧൬൫൩-ൽ ഈ മാതിരി സെമ്മിനാരികൾ ഒന്നുംതന്നെ കാണപ്പെടുന്നില്ല. സുപ്രസിദ്ധമായ വൈപ്പിക്കോട്ട സെമ്മിനാരി ൧൬൬൩-ൽ സാഹചര്യങ്ങളുടെ പ്രാതികൂല്യം നിമിത്തം അടയ്ക്കപ്പെട്ടുവെന്നുള്ളതും വക്തവ്യമാണ്.

൧൭൬൫-ൽ ആലങ്ങാട്ടു ഒരു സെമ്മിനാരി ആരംഭിച്ചുവെങ്കിലും ൧൭൮൭-ൽ അതു അങ്കമാലിക്കു മാററപ്പെട്ടു. പിന്നീടു മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ മൈസൂർ വ്യാഘ്രമെന്നപരനാമമുള്ള ടിപ്പുസുൽത്താന്റെ പടയാളികൾ ഇതു നശിപ്പിച്ചുകളഞ്ഞു. കണ്ടനാട്ട (൧൮൦൧) പുളിംകുന്നു (൧൮൦൫) തെക്കൻപള്ളിപ്പുറം (൧൮൩൭) മുതലായ സ്ഥലങ്ങളിലെ സെമ്മിനാരികളെക്കുറിച്ചും ചരിത്രകാരന്മാർ പ്രസ്താവിക്കുന്നുണ്ടു്.

൧൮൩൮-ൽ മുൾത്താപ്രെക്ലാരാ (Multa Praeclara) എന്ന ബൂളാ പ്രഖ്യാപനം ചെയ്യപ്പെട്ടപ്പോൾ, ഇപ്രകാരമുള്ള പതിനേഴു സെമ്മിനാരികളോളം കേരളത്തിലുണ്ടായിരുന്നു; എന്നാൽ ഇവയിൽ മിക്കവയും അകാലമൃത്യുവടയുകയാണുണ്ടായതു്. ൧൮൪൦-ൽ ഇവയുടെ സംഖ്യ പതിനേഴിൽനിന്നു പതിന്നാലായി. ൧൮൪൯-ൽ അതു എട്ടായി വീണ്ടും കുറഞ്ഞു. ൧൮൬൮-ന്റെ അവസാനത്തോടുകൂടി ഇവയെല്ലാംതന്നെ നിറുത്തപ്പെടുകയും തൽസ്ഥാനത്തു്



www.malankaralibrary.com

പുത്തൻപള്ളി, മാന്നാനം, എൽത്തുരുത്തു, വാഴക്കുളം ഇങ്ങനെ നാലു വലിയ വൈദിക വിദ്യാലയങ്ങൾ ആവിർഭവിക്കയും ചെയ്തു. ഇവയിൽ ആദ്യത്തേതു യൂറോപ്യൻ കർമ്മലീത്താ മിഷ്യനറിമാരുടെയും ബാക്കി മൂന്നും കേരളീയ കർമ്മലീത്താ സഭയുടെയും അധിനതയിലായിരുന്നു. പുത്തൻപള്ളി സെമ്മിനാരി ൧൮൬൬-ൽ വരാപ്പുഴെ ആദ്യം സ്ഥാപിക്കപ്പെട്ടു. ൧൮൭൦-ൽ മാത്രമാണു അതു പുത്തൻപള്ളിക്കു മാററപ്പെട്ടതു്. ൧൮൯൦-ൽ പുത്തൻപള്ളിസെമ്മിനാരി മലബാറിലെ സെൻറ്റൽ അപ്പസ്തോലിക്ക സെമ്മിനാരിയായി പ്രഖ്യാപനം ചെയ്യപ്പെടുകയും പ്രൊപ്പഗാന്താ തിരുസംഘത്തിൻെറ നേരിട്ടുള്ള ഭരണത്തിൻകീഴാക്കപ്പെടുകയും ചെയ്തതോടെ മാന്നാനം, വാഴക്കുളം, എൽത്തുരുത്തു എന്നീ സ്ഥലങ്ങളിലെ സെമ്മിനാരികൾ നിറുത്തലാക്കപ്പെട്ടു.

ഇങ്ങനെ പുത്തൻപള്ളി അപ്പസ്തോലിക്ക സെമ്മിനാരി കേരളത്തിലെ ഏക പ്രമുഖവും പൊതുവുമായ സെമ്മിനാരിയായി ഭവിച്ചു. വിദ്യാർത്ഥികളുടെ ക്രമോൻമുഖമായ വർദ്ധനവു നിമിത്തം പുത്തൻപള്ളിയിൽ സ്ഥലം മതിയാകാതെ വരികയാൽ ൧൯൩൩ ജൂൺ ഒന്നാം തിയതി ആലുവാ ആററിൻെറ തീരത്തു സ്ഥിതിചെയ്യുന്ന മംഗലപ്പുഴയ്ക്കു സെമ്മിനാരി മാററപ്പെട്ടു.

മംഗലപ്പുഴ സെമ്മിനാരിയെപ്പററി സുപ്രസിദ്ധനായ ഒരു കേരളീയ ലേഖകൻ പറഞ്ഞിരിക്കുന്നതിപ്രകാരമാണ്. ബൃഹത്തും മനോഹരവുമായ ഈ കെട്ടിടം ശില്പ വൈദഗ്ധ്യത്തിൻെറ ഒരു മകുടോദാഹരണമാണ്. 'ഇൻഡ്യാരാജ്യമെ! നിൻെറ രക്ഷ നിൻെറ സുതന്മാരുടെ കയ്യിൽ' എന്നു ലെയോൻ പാപ്പായുടെ വാക്കുകളെ അന്വർത്ഥമാക്കുന്നതിനു സദാപി അദ്ധ്വാനിക്കുന്ന റെക്ടർ വെറി. റവ. ഫാദർ ജോൺ ജോസഫിനോടു ഇൻഡ്യൻ കത്തോലിക്കർ വളരെ കടപ്പെട്ടിരിക്കുന്നുവെന്നതിനു സംശയമില്ല.[11] ഇൻഡ്യയുടെ നാനാഭാഗത്തുനിന്നും വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. നാനൂറോളം വിദ്യാർത്ഥികൾക്കു ഇതിൽ സൌകര്യമായി താമസിക്കാൻ പാടുണ്ട്. ഇവിടെ സംസ്കൃതത്തിനും മലയാളത്തിനും പാഠപദ്ധതിയിൽ സ്ഥാനം നൽകിയിട്ടുള്ളതു കാ



www.malankaralibrary.com

ലാനുകൂലമായ ഒരു പരിഷ്ക്കാരമായിട്ടുവേണം ഗണിപ്പാൻ. ഈ സെമ്മിനാരിക്കു വൈദികബിരുദ് നൽകുന്നതിനുള്ള അധികാരമില്ലെന്നൊരു പോരായ്ക ഉണ്ട്. അതൊരു പോരായ്കയാണെങ്കിൽ– എന്നാൽ ബിരുദുകൾ നൽകുന്ന സെമ്മിനാരികൾ കത്തോലിക്ക രാജ്യങ്ങളിൽപോലും വളരെ കുറവാണെന്നോർക്കണം. ഇൻഡ്യയിൽ കാണ്ടിയിലെ പെപ്പൽ സെമ്മിനാരി മാത്രമെ ഡിഗ്രി പ്രദാനം ചെയ്യുന്നതായുള്ളു; അതിനാകട്ടെ ഈ അധികാരം ൧൯൨൬-ൽ മാത്രമാണു ലഭിച്ചിട്ടുള്ളത്. ഇംഗ്ലണ്ടിൽ ബിരുദ് നൽകുന്ന ഒററ സെമ്മിനാരിപോലുമില്ല. ഐർലൻഡിൽ ഒന്നു മാത്രമെയുള്ളു. അടുത്തകാലത്തു ബിരുദിനുള്ള പരീക്ഷകൾ കൂടുതൽ കർക്കശവും കണിശവുമാക്കിയിരിക്കയാണ്.

൧൯൩൧-ൽ 'Deus Scientiarum' എന്നാരംഭിക്കുന്ന ശ്ലൈഹിക തീരുമാനം (Apostolic Constitution) പ്രഖ്യാപനം ചെയ്യതോടെ സെമ്മിനാരിയിലെ പാഠപദ്ധതിയിൽ ഒരു വലിയ മാററം വന്നിട്ടുണ്ട്. ത്രേന്തോസൂനഹദോസ് വരുത്തിയ പരിവർത്തനത്തോടാണ് ചിലർ ഇതിനെ തുല്യപ്പെടുന്നത്. ഡിഗ്രി നൽകുന്ന സെമ്മിനാരികളേയും സർവ്വകലാശാലകളേയുമെ ഇതു നേരെ ബാധിക്കയുള്ളുവെങ്കിലും മററുള്ളവയേയും പരോക്ഷമായി സ്പർശിക്കുന്നുണ്ട്. ഇപ്പോൾ തത്വശാസ്ത്രത്തിൽ ഡിഗ്രി എടുക്കുന്നതിനു നാലും ദൈവശാസ്ത്രത്തിൽ ഡിഗ്രി എടുക്കുന്നതിനു അഞ്ചും കൊല്ലം വേണ്ടിയിരിക്കുന്നു. പ്രൊഫസറന്മാരുടെ യോഗ്യതയും വർദ്ധിപ്പിച്ചിട്ടുണ്ട്. കത്തോലിക്ക സർവ്വകലാശാലകളും സെമ്മിനാരികളും വേദസംബന്ധമായ വിജ്ഞാനത്തിൻെറ നീരുറവകളായിരിക്കണമെന്നാണ് പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ആഗ്രഹിക്കുന്നത്.[12]

കൊല്ലം, തൃശ്ശൂർ എന്നീ രൂപതകളിൽ ഓരോ മേജർ സെമ്മിനാരികൾ നടത്തിപ്പോരുന്നുണ്ടെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണ്.

നിങ്ങൾ ലോകത്തിൻെറ പ്രകാശമാകുന്നു, നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു.[13] ഇവിടെ കാണുന്ന 'പ്രകാശം' ശാസ്ത്രപ



www.malankaralibrary.com

ിനത്തേയും 'ഉച്ച' സുകൃതജീവിതത്തേയുമാണ കുറിക്കുന്നതു്. കത്തോലിക്ക വൈദികൻ ലോകത്തിൻെറ പ്രകാശമാകുന്നു; അതായതു് അജ്ഞാനാന്ധകാരത്തിൽ ഇരിക്കുന്ന അനേകക്ക അവൻെറ ഉപദേശം പ്രകാശം നൽകണം. ബുദ്ധിപരമായ സംസ്കരണം വൈദികനു ഒഴിച്ചുക്രുടാത്ത ഒന്നത്രെ. ഒരു പുരോഹിതൻ വി. പൌലോസ് അറിയിക്കുന്നതുപോലെ 'വാദിക്കുന്നതിനും ശാസിക്കുന്നതിനും പ്രാപ്തനായിരിക്കണം.'[14] ലൌകികർ ഭൌതിക ശാസ്ത്രങ്ങൾ ബുദ്ധിമുട്ടി പഠിക്കുന്നെങ്കിൽ, വേദവിജ്ഞാനസമ്പാദനത്തിനായുള്ള വൈദിക വിദ്യാൎത്ഥിയുടെ തൃഷ്ണ അവരുടേതിൽ കുറയാൻ പാടുണ്ടോ?

പുറപ്പാടിൻെറ പുസ്തകത്തിൽ, 'വല്ലൊരുവൻ ഒരു കിണറു കുഴിച്ചു് മൂടാതിട്ടിരുന്നാൽ അതിൽ വീഴുന്ന കാളയ്ക്കും കഴുതയ്ക്കും അവൻ ഉത്തരവാദിയാകു'മെന്നൊരു നിയമം കാണുന്നുണ്ടു്.[15] ഈ കിണറു കുഴിക്കൽ വൈദികവിദ്യാൎത്ഥി സെമ്മിനാരിയിൽവച്ചു ജ്ഞാനസമ്പാദനാൎത്ഥം എടുക്കേണ്ട ശ്രമത്തോടാണ വി. ഗ്രിഗോരി തുലനംചെയ്യുന്നതു്. ഒരു വിദ്യാൎത്ഥി ക്ഷമാപൂൎവ്വം, സുസ്ഥിരതയോടെ ക്ലേശങ്ങൾ സഹിച്ചു ജ്ഞാനമാകുന്ന ജലം സംഭരിക്കുന്നതിനു ശ്രമിക്കേണ്ടിയിരിക്കുന്നു.— Aut disce aut discede- ഒന്നുകിൽ പഠിക്കുക അല്ലെങ്കിൽ പോകുക. എന്നൊരു പഴഞ്ചൊല്ലുണ്ടു്.

ഇക്കാലത്തു ശരിയായ നിലയിൽ നടത്തിപ്പോരുന്ന ഒരു സെമ്മിനാരിയിൽ തത്വശാസ്ത്രം, അലങ്കാരശാസ്ത്രം, ദൈവശാസ്ത്രം, സന്മാൎഗ്ഗശാസ്ത്രം, ബൈബിൾ, നിരൂപണം, സഭാചരിത്രം, കാനൺലോ, ദിവ്യകൎമ്മകാണ്ഡം, ദൈവൈക്യശാസ്ത്രം മുതലായവ സാധാരണമായി അഭ്യസിപ്പിക്കപ്പെട്ടുവരുന്നു. ഇവയോടൊന്നിച്ചു ചില ലൌകിക ശാസ്ത്രങ്ങൾ പഠിപ്പിക്കുന്നതുത്തമമാണ്. ൧൯൩൩ ജൂൺ പതിമൂന്നാം തിയതി ബോംബെ അതിരൂപതയിൽ ഒരു സെമ്മിനാരി ഉൽഘാടനം ചെയ്തപ്പോൾ പരേതനായ അൎച്ചുബിഷോപ്പു ലീമാ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ കാണുന്നു. 'ഇവിടെ ആദ്യത്തെ മൂന്നു കൊല്ല



www.malankaralibrary.com

ങ്ങളിൽ പൌരാണിക ഭാഷകളായ ലാററിൻ, ഹിബ്രു, ഗ്രീക്ക് (പാട്ടുണ്ടെങ്കിൽ സംസ്കൃതം) ഇവയും, അധുനാതന ഭാഷകളായ ഇംഗ്ലീഷ്, ഫ്രഞ്ച്, മാറാത്തി, ഗുജറാത്തി എന്നിവയും പഠിപ്പിക്കപ്പെടുന്നതാണ്. ഇവയെല്ലാം പുറമേ പ്രകൃതിശാസ്ത്രവും, രസതന്ത്രവും, ഗണിതവും, ചരിത്രവും കൂടി പാഠപദ്ധതിയിൽ കൊള്ളിച്ചിട്ടുണ്ട്. 16

എന്നാൽ സെമ്മിനാരിയിൽവച്ച് ഒരുവനു ഇവയുടെ മൂലതത്വങ്ങൾ (Elements) ഗ്രഹിക്കാൻ മാത്രമെ അവസരം ലഭിക്കയുള്ളു. പൂൎണ്ണമായ അഭ്യസനം പിൽക്കാലജീവിതത്തിലെ ശ്രമഫലമാണ്. പ്രാഥമികതത്വങ്ങൾ ശ്രദ്ധാപൂൎവ്വം പഠിക്കേണ്ടതാണെന്നു ഇതിൽനിന്നു സ്പഷ്ടമാണല്ലൊ. വൈദികവിദ്യാൎത്ഥി ഒരു ബാലനായിരുന്നപ്പോൾ പലേ കൂട്ടങ്ങൾ സ്കൂളിൽവച്ചു പഠിച്ചിട്ടുണ്ടായിരിക്കാം, എന്നാൽ തത്വശാസ്ത്രാദി പഠനത്തോടെ അവന്റെ ബുദ്ധിശക്തി ഒരു നവീന മാൎഗ്ഗത്തിലൂടെയാണു തരണംചെയ്യുന്നതു്. അപ്പോൾ വേറൊരു കാലഘട്ടം ഉദയംചെയ്യുന്നു. ആലോചിക്കുന്നതിനും താരതമ്യ വിവേചനംചെയ്തു യുക്തികണ്ടു പിടിക്കുന്നതിനും, വാദിക്കുന്നതിനും, ഓൎമ്മശക്തിയെ ബുദ്ധിശക്തിയുടെ വാഹനമായി ഉപയോഗിക്കുന്നതിനും അവൻ പഠിക്കുന്നതു ഈ അവസരത്തിലത്രെ. ഈ കാലഘട്ടം—വൈദികവിദ്യാലയത്തിൽ കഴിക്കുന്ന ആറോ ഏഴൊ വത്സരം—ഒരിക്കലും തിരിച്ചുവരുന്നതല്ല. സെമ്മിനാരിയിൽവച്ചു പഠിക്കാൻ പാട്ടുണ്ടായിരുന്നവ പഠിക്കുന്നതിനു പിന്നീടൊരിക്കലും അവസരം ലഭിക്കുന്നതല്ല. പുറത്തുവന്നതിനു ശേഷം നാം പലേ സംഗതികൾ പഠിച്ചേക്കാം, എന്നാൽ അവയൊന്നും സെമ്മിനാരികാലത്തു വന്ന ശൂന്യഗൎത്തത്തെ നികത്തുകയില്ല. ബിഷപ്പു ഹെഡ്ലി (Hedley) പറയുന്നു. 'അഭ്യസനത്തിനു് അതിന്റെ സമുചിതമായ അവസരം ഉണ്ടു്. ഒരു മനുഷ്യനു ജീവിതത്തിന്റെ എല്ലാ കാലഘട്ടത്തിലും അതു സാദ്ധ്യമല്ല, വൈദികവൃത്തിക്കു പൎയ്യാപ്തമായ ശിക്ഷണം തീരെ ചെറുപ്പത്തിലൊ, അധികം പ്രായംചെന്നോ ഒരുവനു നൽകാൻവഹിയാ. അതിനു പററിയ സുവൎണ്ണകാലമാണ് സെമ്മിനാരി ജീവിതം, അതു



www.malankaralibrary.com

അവസാനിച്ചാൽ പട്ടക്കാരൻ വേല ചെയ്യുകയും പോരാടുകയും ചെയ്യേണ്ടകാലവിഭാഗം സമാരംഭിക്കുന്നു. അപ്പോൾ ജോലിത്തിരക്കും, ബഹളവും സ്ഥാനമാഹാത്മ്യവുമെല്ലാംകൂടി ചേൎന്ന്, മൌലികതത്വങ്ങൾ പഠിക്കുന്നതിൽനിന്നു അവനെ തടയുന്നു. 17 ആകയാൽ വി. ഗ്രിഗോരി ന്യായമായിതന്നെ പറയുന്നു. 'സൌകൎയ്യമുണ്ടായിരുന്നപ്പോൾ, പാടുണ്ടായിരുന്നതു ചെയ്യുന്നതിനു, മനസ്സില്ലാത്ത മടിയന്മാർ, മനസ്സുള്ളപ്പോൾ പാടില്ലായ്കവരുന്നുകൂടുമെന്നു അവർ ഓൎത്തുകൊള്ളട്ടെ. 18

ബുദ്ധിശക്തി, പരിശ്രമം, ഗുരുപാദം ഇങ്ങനെ മൂന്നു കൂട്ടങ്ങളാണ് ഒരു പഠിതാവിനാവശ്യമെന്നു വിക്ടർ ഹ്യൂഗൊ പറയുന്നു. വേദജ്ഞാനം തേടുന്നതിനു, വൈദികവിദ്യാൎത്ഥിക്കു ബുദ്ധിസാമൎത്ഥ്യംവേണം. ബുദ്ധിവൈഭവമില്ലാത്തവൻ മറേറതെങ്കിലും തുറയെ ശരിണികരിക്കയാണുത്തമം. പ്രകൃതിമാതാവു പ്രദാനം ചെയ്യാത്തതു സലമാങ്കാ കൊടുക്കുന്നില്ല. (Quod natura non dat Salamanca non Praestat) എന്നു ആപ്തവാക്യമുണ്ടല്ലൊ. എന്നാൽ ഇതിൽനിന്നു തിരുസഭ അതിൻെറ വൈദികസൈന്യത്തിൽ ചേൎക്കുന്നതിനു വലിയ ബുദ്ധിമാന്മാരെയും വിദ്വാന്മാരേയുമാണു തിരഞ്ഞെടുക്കുന്നതെന്നു ധരിക്കേണ്ടാ. 'ഹെഡ്‌ലി' പറയുന്നു 'മഹാബുദ്ധിമാന്മാരെമാത്രം ആചാൎയ്യപദവിയിൽ പ്രവേശിപ്പിക്കണമെന്നു സഭ പ്രതീക്ഷിക്കയോ ആഗ്രഹിക്കയോ ചെയ്യുന്നില്ല. പ്രേഷിതരംഗത്തു നല്ല പട്ടക്കാരായി ശോഭിക്കുന്നതു സാധാരണക്കാരാണെന്നാണു പരിചയം സാക്ഷിക്കുന്നത്'. 19 രണ്ടാമതായി വേണ്ടതു പരിശ്രമശീലമാകുന്നു. ഈശ്വരദത്തമായ മതിബലത്തെ സ്വപ്രയത്നംകൊണ്ടു വിദ്യാൎത്ഥി പരിപോഷിപ്പിക്കണം. കലകളുടെ വേരുകൾ കൈപ്പുള്ളതാകുന്നുവെന്നാണു അരിസ്റ്റോട്ടൽ പറയുന്നതു്. എന്നാൽ വേരുകൾ പൂക്കളുടേയും ഫലങ്ങളുടെയും മുന്നോടിയാണെന്നു ഓൎത്തുകൊള്ളണം. ആരംഭത്തിൽ ഏതൊരു ശാസ്ത്രവും— പ്രത്യേകിച്ചു തത്വശാസ്ത്രവും ദൈവശാസ്ത്രവും-അന്വേഷണബുദ്ധിക്കു ഉന്മേഷം നൽകുകയില്ല. മൂന്നാമതായി വേണ്ടതു ഗുരുപാദം, അതായതു ഗുരുമുഖത്തുനിന്നുള്ള അഭ്യസ



www.malankaralibrary.com

നം ആണ്. ലൌകികവിദ്യാഭ്യാസത്തിലെന്നപോലെ വൈദികവിഷയങ്ങളുടെ അഭ്യസനത്തിലും ശിഷ്യത്വം ആവശ്യമാണ്. പ്രൊഫസറന്മാരെ ബഹുമാനിക്കയും ശ്രദ്ധാപൂർവ്വം ശ്രവിക്കയും ചെയ്യേണ്ടിയിരിക്കുന്നു വിദ്യാർത്ഥികൾ. 'എന്റെ പിതാവിൽനിന്നു ജീവൻ എനിയ്ക്കു ലഭിച്ചെങ്കിലും നല്ലപോലെ ജീവിക്കാൻ എന്നെ പഠിപ്പിച്ചതു എന്റെ ഗുരുവാകുന്നുവെന്നു മഹാനായ അലക്സാണ്ടർ പറഞ്ഞിരിക്കുന്നു.

'ഹെഡ്ലി' പറയുന്നു. 'വൈദികവിദ്യാർത്ഥികൾ' കവനം നോവൽപാരായണം, സാഹിത്യം ഇവയിൽ അമിതമായി ഏർപ്പെട്ടു വലിയ ഭ്രമം കാണിക്കുന്നതു നന്നല്ല. അതുപോലെ സെമ്മിനാരിയിൽ വച്ചു വലിയ ഗ്രന്ഥങ്ങൾ പ്രസിദ്ധം ചെയ്യാൻ ശ്രമിക്കുന്നതും ഭംഗിയല്ല. 20 എന്നാൽ ഇതിൽനിന്നു ലഘുഗ്രന്ഥങ്ങളും പത്രമാസികാദികളിലേക്കു ലേഖനങ്ങളും ചിലപ്പോഴൊക്കെ എഴുതുന്നതു നിഷിദ്ധമാണെന്നു ധരിക്കേണ്ട. തത്താദൃശങ്ങളായ സാഹിത്യപരിശ്രമങ്ങൾ കാമ്യങ്ങളെന്നല്ല പ്രോത്സാഹനാർഹങ്ങൾ കൂടിയാണ്.

എന്തുകൊണ്ടെന്നാൽ ശാസ്ത്രപഠനത്തിനു പുറമെ ഒരു വിദ്യാർത്ഥിക്കു സാഹിത്യത്തിലും വ്യുല്പത്തി നേടേണ്ടയാവശ്യമുണ്ട്. 'ഡിഗ്രി' നൽകുന്ന വിദ്യാലയങ്ങളിൽ ഹീബ്രൂ, ഗ്രീക്കു എന്നീ പൌരാണികഭാഷകൾ ഉപവിഷയങ്ങളായി പഠിപ്പിക്കണമെന്നു തിരുസംഘത്തിൽനിന്നു തീരുമാനിച്ചിട്ടുണ്ടല്ലോ. ആശയങ്ങളെ വിനിയമനം ചെയ്യുന്നതിനുള്ള മാർഗ്ഗം ഭാഷയാകുന്നു. ഇക്കാലത്തു ഒരു കേരളീയവൈദികന് ഇംഗ്ലീഷിലും മലയാളത്തിലും ദൃഢപരിജ്ഞാനം നേടുന്നതിനുള്ള കടമയുണ്ട്. 'ഭാഷകൾ പ്രത്യേകിച്ച് ലത്തീനും മാതൃഭാഷയും വിദ്യാർത്ഥികൾ സസൂക്ഷ്മം പഠിക്കേണ്ടതാകുന്നു. 21 മലയാളഭാഷയിൽ ഉപരിപ്ലവമായ ഒരു ജ്ഞാനമല്ല, പിന്നെയൊ അല്പം ശാസ്ത്രീയമായ ഒന്നാണു വൈദികനു ആവശ്യം. ഏതദർത്ഥം സംസ്കൃതം കുറെയെങ്കിലും അഭ്യസിക്കേണ്ടതാണെന്നു ഇവിടെ പ്രത്യേകം ഊന്നിപ്പറവാനുണ്ട്. നൂതനപദസൃഷ്ടി, വാചകസൌകുമാര്യം, ഇവയ്ക്കൊക്കെ സംസ്കൃതാവ



www.malankaralibrary.com

ലംബം ആവശ്യകവും കൂടുതൽ ഗുണകരവുമാണ്. മലയാളഭാഷയെ ശങ്കകൂടാതെ ഉപയോഗിപ്പാൻ ഗീർവ്വാണിയെ കൂട്ടുപിടിക്കുക, എല്ലാംകൊണ്ടും നല്ലതാണെന്നു പറയുന്നതിൽ അതിശയോക്തിയില്ല.

സംസ്കൃതപഠനത്തിന്റെ പ്രയോജനം സംബന്ധിച്ചു നല്ലൊരു ഭാഷാസാഹിത്യകാരനായ മി. തെങ്ങുംമൂട്ടിൽ വറുഗീസു മാപ്പിള ഒരു പ്രസംഗമദ്ധ്യേ സൂചിപ്പിച്ചിരിക്കുന്നതു വളരെ ശ്രദ്ധേയമാണ്. 'സംസ്കൃതഭാഷയിൽ കൂടുതലായ ശ്രദ്ധയും താല്പര്യവും പ്രദർശിപ്പിക്കാത്ത കാലത്തോളം, നാം ഭാഷാസാഹിത്യത്തിൽ ആശാസ്യമായ ഉന്നതിയും പ്രതിപത്തിയും പ്രാപിക്കുന്ന കാര്യത്തിൽ പിറകിൽ കിടക്കാനേ തരമുള്ളു. മലയാളത്തിൽ നല്ല സാമർത്ഥ്യം ഒരുത്തനു ലഭിക്കണമെങ്കിൽ സംസ്കൃതത്തിൽ ഒരുവിധമെങ്കിലും പരിചയം കൂടാതെ സാധിക്കയില്ല. സംസ്കൃതത്തോടു അത്രത്തോളം ബന്ധപ്പെട്ടു കിടക്കുന്ന ഒന്നാണു മലയാളഭാഷ. ഹിന്തുക്കൾ സംസ്കൃതപഠനത്തിൽ കൂടുതലായി നിഷ്കർഷിക്കുന്നു എന്നു മാത്രമല്ല, അവരുടെ മതഗ്രന്ഥങ്ങളും അവരെ സാഹിത്യപ്രണയികളും സാഹിത്യരസികന്മാരുമാക്കിത്തീർക്കുന്നുണ്ടെന്നും നാം അറിയണം. ഹിന്തുക്കളുടെ ഇടയിൽ നിത്യപാരായണത്തിനു ഉപയുക്തങ്ങളായ രാമായണം, ഭാഗവതം, മുതലായ ഗ്രന്ഥങ്ങൾ തന്നെ ഒന്നാംതരത്തിൽപെട്ട കാവ്യങ്ങളാകുന്നു. അവയുടെ പാരായണം ഒരുവക സംസ്കൃതപഠനത്തിന്റെ ഫലംതന്നെ പ്രദാനം ചെയ്യുന്നുണ്ടെന്നുള്ളതു വിസ്മരിക്കാവുന്നതല്ല. നിസ്സർഗ്ഗസിദ്ധമായ കവിതാവാസനയെ ആ കാവ്യങ്ങൾ ഉദ്ദീപിപ്പിക്കയും ഭാവനയെ വികസിപ്പിക്കയും ഭാഷയിൽ സ്വീകരിക്കപ്പെടാവുന്ന പദങ്ങളിലും വൃത്തങ്ങളിലും പരിശീലനം വരുത്തുകയും ചെയ്യുന്നു. കത്തോലിക്കരുടെ സ്ഥിതി ഇതിൽനിന്നു എത്രയോ വിഭിന്നമായിരിക്കുന്നു. നമ്മുടെ ഇടയിൽ സംസ്കൃതം പഠിക്കുന്നവർ വളരെ ദുർല്ലഭമാണ്. നിത്യപാരായണത്തിന് ഉപയുക്തങ്ങളായ ഗ്രന്ഥങ്ങൾ മിക്കവാറും സാഹിത്യഗുണമുള്ളവയല്ല. അവയുടെ ഭാഷയിലും രചനയിലും ശൈലിയിലും കാലാനുസൃതങ്ങളായ മാററങ്ങൾ വരു



www.malankaralibrary.com

ത്തിട്ടില്ലെന്നുള്ള വാസ്തവം നിഗ്രഹനം ചെയ്യാവുന്നതല്ല. കത്തോലിക്കരുടെ മതാത്മകമായ യാഥാസ്ഥികത്വം നന്നു തന്നെയെങ്കിലും ഭാഷാവിഷയത്തിലുള്ള ആ നിർബന്ധം ശ്രേയസ്കരമല്ലെന്നാണു എൻെറ വിനീതമായ അഭിപ്രായം. ഭാഷ ശൈശവദശയിൽ കിടന്ന കാലത്തു് അന്നത്തെ സാഹചര്യങ്ങൾക്കനുസരണമായി തയ്യാറാക്കപ്പെട്ട പ്രാർത്ഥനകളും മററു ഗ്രന്ഥങ്ങളും ഭാഷ ഏതാണ്ടു് പ്രൌഢതയെ പ്രാപിച്ചിരിക്കുന്ന ഈ ഘട്ടത്തിൽ കാലാനുസൃതമായി പരിഷ്കരിക്കപ്പെടുകതന്നെ വേണം. എന്തെന്നാൽ ഈ തരം കൃതികളിലെ ഭാഷയായിരിക്കും കത്തോലിക്കജനസാമാന്യത്തിൻെറ നിത്യവ്യവഹാരത്തിൽ അവരറിയാതെതന്നെ ഉപയോഗിക്കപ്പെടുന്നതു്. സാഹിത്യ ഗുണമില്ലാത്തവയൊ, സാഹിത്യ ഗുണം കുറഞ്ഞവയോ അപശബ്ദഭൂയിഷ്ഠങ്ങളൊ ആയ കൃതികൾ നിത്യം പരിശീലിക്കുന്നവക്ക് തദനുയോജ്യമായ ഭാഷയേ സ്വാധീനമായിരിക്കു എന്നു അനുഭവസിദ്ധമാണല്ലൊ..... സംസ്കൃതപദത്തിൻെറ അപരിത്യാജ്യതയെ ഇങ്ങനെ സ്ഥാപിച്ചശേഷം, മി. മാപ്പിള തുടൎന്നു പറയുന്നു. 'എന്നാൽ സ്ഥാനത്തും അസ്ഥാനത്തും സംസ്കൃതപദങ്ങൾ പ്രയോഗിക്കുന്ന പതിവു് തെല്ലും ആദരണീയമല്ല. ഗദ്യത്തിലായാലും പദ്യത്തിലായാലും നമ്മുടെ ആശയങ്ങൾ അന്യരെ മനസ്സിലാക്കാനാണു നോക്കേണ്ടതു്. അതു്, എത്രത്തോളം എളുപ്പത്തിൽ സാധിക്കുന്നുവൊ അത്രത്തോളം ഉദ്ദേശ്യം സാധിച്ചു എന്നോൎമ്മിക്കണം. പാടവപ്രകടനത്തിനായി അനാവശ്യപദങ്ങൾ പ്രയോഗിക്കുന്ന നയത്തെ എത്ര കഠിനമായി ആക്ഷേപിച്ചാലും അധികമായിപ്പോകയില്ല. സംസ്കൃതശബ്ദങ്ങളുടെ സാഹായ്യം ഭാഷക്കു അപരിത്യാജ്യമാണെങ്കിലും രണ്ടു സന്ദർഭങ്ങളിലെ അവയെ ഉപയോഗിക്കൂ എന്നു നിർബന്ധം വയ്ക്കണം. ഒന്നു, ആശയപ്രകാശനത്തിനു സമുചിതങ്ങളായ വാക്കുകൾ ഭാഷയിൽ കിട്ടാത്തപ്പോൾ, മറെറാന്നു ഭാഷയുടെ ചാരുതക്കുവേണ്ടി ഭാഷയിൽ പദങ്ങളുണ്ടായിരുന്നാലും, ഭാഷാസൌഷ്ഠവത്തിനും പദകൌമല്യത്തിനുംവേണ്ടി ഇങ്ങനെ സ്വീകരിക്കാം. എന്നാൽ ഭാഷാസൌഷ്ഠവത്തിനുവേണ്ടി സ്വീകരിക്കപ്പെടുന്ന ശബ്ദങ്ങൾ, ആശയവ്യഗ്രതക്കോ ഭാഷാദ്ദഷ

ണത്തിനൊ കാരണമായി ഭവിക്കാതിരിപ്പാൻ പ്രത്യേകം ശ്രദ്ധി ക്കേണ്ടതാണ്. 22

മുൻ ഉദ്ധരിച്ച ഉൽഘാടനപ്രസംഗത്തിൽ ആർച്ച്ബിഷോപ്പ് ലിമാ ഇപ്രകാരം ചോദിക്കുന്നു. 'സംസ്കൃതജ്ഞാനമില്ലാത്തപക്ഷം നിങ്ങൾക്കു തികഞ്ഞ ഇൻഡ്യൻ വൈദികരായിരിപ്പാൻ കഴിയുമോ?

സാഹിത്യത്തിൻെറ സകല മർമ്മങ്ങളും ഗ്രഹിച്ചിട്ടുള്ളവനേ, ആശയവിശദീകരണം, അതു ലേഖനരൂപേണയൊ വാഗ്രൂപേണയൊ ആയിരുന്നുകൊള്ളട്ടെ, സമ്യക്കായി സാധിക്കു. പാണ്ഡിത്യത്തിൻെറ ഉടമസ്ഥനു അതു പുറത്തെടുക്കാൻ പാടില്ലെങ്കിൽ അതുകൊണ്ടു പ്രയോജനമെന്ത്? മിക്കവരുടെയും ശാസ്ത്രജ്ഞാനം അന്തരംഗത്തുതന്നെ കിടന്നു തുരുമ്പു പിടിക്കുന്നതിനു ഹേതുഭാഷാപഠനത്തിൽ കാണിച്ച അനാസ്ഥയാണ്. എഴുതുന്നതിനും പ്രസംഗിക്കുന്നതിനും, ഭാഷാരീതി (Style) വശ്യയായിട്ടില്ലാത്തവന്ന് അത്ര എളുപ്പമല്ല. പര്യായമെന്നൊന്നെ ഇല്ലെന്നു, സാഹിത്യകോവിദനായ 'ഹെഡ്‌ലി' പറയുന്നു. ഓരോ പദത്തിനും വ്യത്യസ്തമായ അർത്ഥമുണ്ട്, അതു ഗ്രഹിച്ചു സന്ദർഭാനുസരണം പ്രയോഗിക്കുന്നതിനുള്ള പാടവം വേണമെന്നേയുള്ളു. കല്ലുകളുടേയും തടികളുടേയും ക്രമ്പാരം കെട്ടിടമാകുകയില്ല, അതുപോലെ പദങ്ങളുടെയും വാക്യങ്ങളുടേയും സമൂഹം പ്രബന്ധവുമാകുകയില്ല; കൂട്ടിയിണക്കിലാണ് സജീവതാം സ്ഥിതി ചെയ്യുന്നത്. ഒരേ സംഗതി തന്നെ രണ്ടുപേർ പറഞ്ഞാലും, അവരിൽ സാഹിത്യമർമ്മജ്ഞൻേറതിനു കൂടുതൽ സാരസ്യം കാണും. വിശുദ്ധ പിതാക്കന്മാർ ശാസ്ത്രജ്ഞന്മാർ മാത്രമല്ല, തികഞ്ഞ സാഹിത്യകാരന്മാർകൂടിയായിരുന്നു. ഒരു അഗുസ്റ്റീനോസിൻെറയോ, ക്രിസോസ്റ്റോമ്മസിൻെറയോ കൃതികളിൽ വഴിഞ്ഞൊഴുകുന്ന സാഹിത്യാമൃതം എത്ര ആനന്ദസന്ദായകം! വി. അഗസ്റ്റീനോസ് സ്വർഗ്ഗഭാഗ്യത്തെ വർണ്ണിക്കുന്നതു കേട്ടാലും, In colo est summa et certa securitas, secura tranquilitas, tranquila Jucunditas, Jucunda felicitas, felix aeternitas, et aeterna beati tudo. 23 എത്ര ഹൃദ്യമായ വർണ്ണന!

ഇതിൽ തുളുമ്പുന്ന സാഹിത്യരസം ആരെയാണു പുളകിതഗാത്ര നാക്കാത്തതു്? പദഘടനയിൽ പ്രത്യക്ഷീഭവിക്കുന്ന സൌഷ്ഠവം എത്ര വിസ്മയാവഹം. ഈ വാചകത്തെ ഇങ്ങനെ ഭാഷപ്പെടുത്താമെന്നു തോന്നുന്നു. "സ്വർഗ്ഗത്തിൽ സുനിശ്ചിതമായ സുരക്ഷിതത്വവും, സുരക്ഷിതമായ ആശ്വാസവും, ആശ്വാസകരമായ ഇമ്പവും, ഇമ്പകരമായ ഭാഗ്യവും, ഭാഗ്യകരമായ നിത്യത്വവും, നിത്യമായ പരമാനന്ദവും ഉണ്ടായിരിക്കുന്നു" ഇവിടെ മൂലത്തിന്റെ പകുതി തന്മയത്വംപോലും വന്നിട്ടില്ലെന്നു സമ്മതിക്കണം. 'മതവിദ്വേഷികൾ വിഷലിപ്തമായ അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ വക്തൃതാചാതുരിയെ ആശ്രയിക്കുന്നെങ്കിൽ എന്തുകൊണ്ടു ക്രിസ്തു ശിഷ്യന്മാർ അതുപയോഗിച്ചുകൂടായെന്നു ഇതേ അഗസ്റ്റീനോസു പുണ്യവാൻ തന്നെ ചോദിക്കുന്നു. അതു ന്യായയുക്തവുമത്രെ.

വിദ്യാർത്ഥികളുടെ ആരോഗ്യവും തൃപ്തികരമായിരിക്കണം. ഇതേസംബന്ധിച്ച ആർച്ച്ബിഷോപ്പു ലിമാ പറയുന്നതിപ്രകാരമാണു്. ഈ വൈദികവിദ്യാലയത്തിന്റെ കോശസ്ഥിതി അനുവദിക്കുന്നിടത്തോളം, വിദ്യാർത്ഥികളായ നിങ്ങൾക്കു നല്ല ഭക്ഷണം തരുന്നതിനു സെമ്മിനാരികളുടെ റൂളുകളിൽ ഞാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്തുകൊണ്ടെന്നാൽ ശരിയായ ആഹാരം ലഭിക്കാത്ത വിദ്യാർത്ഥികൾ പഠനത്തിൽ അഭിവൃദ്ധി പ്രാപിക്കുമെന്നു പ്രതീക്ഷിക്കാൻ പാടില്ല. ഊട്ടുമുറിയിൽ ചിലവിടാതിരുന്നാൽ ദീനമുറിയിൽ ചെലവിടേണ്ടിവരുമെന്നു ഏവരും അറിഞ്ഞുകൊള്ളണം. [24]

ഇതഃപര്യന്തം വൈദികവിദ്യാർത്ഥിയുടെ അഭ്യസനത്തിലെ ജ്ഞാനസമ്പാദന ഭാഗത്തെപ്പററി മാത്രമാണു വിചിന്തനം ചെയ്തതു്. ശാസ്ത്രാഭ്യസനം മ്ശിഹായുടെ ദ്രാക്ഷവാടിയിൽ വേല ചെയ്യുന്നതിനു് ഒരുങ്ങി പുറപ്പെടുന്ന സുവിശേഷസേവകന്റെ ആയുധങ്ങളിൽ ഒന്നു മാത്രമാണു്, അതിനേക്കാൾ ഉപരിഷ്ഠവും ശക്തിമത്തുമായ മറെറാന്നുണ്ടു്, അതു പുണ്യാഭ്യാസമല്ലാതെ മറെറാന്നുമല്ല. വൈദികൻ ആദ്ധ്യാത്മികപരിപൂർണ്ണത കൈവന്ന ഒരു മനുഷ്യനായിരിക്കണം. ശാസ്ത്രജ്ഞാനമൊ നൈസർഗ്ഗികങ്ങളായ



www.malankaralibrary.com

ഇതരഗുണവിശേഷങ്ങളോ, ഒന്നും ജീവിത വിശുദ്ധിക്കു പകരം നില്ക്കയില്ല.

പുതിയ തിരുവെഴുത്തിൽ ജീവിതവിശുദ്ധിയുടെ ഈ ശ്രേഷ്ഠതയെപ്പററി പ്രസ്താവിച്ചുകാണുന്നതിപ്രകാരമാണ്. "നമ്മുടെ കൎത്താവു, ആധുനിക കാലത്തു തന്നെയും, ചില അവസരങ്ങളിൽ ലോകത്തോടു ഒരു കളിപ്പാട്ടത്തോടെന്നപോലെ പെരുമാറുന്നുണ്ടെന്നുള്ളതു സമ്മതിച്ചേ മതിയാവൂ. എന്തുകൊണ്ടെന്നാൽ നമ്മുടെ പ്രസംഗവിഷയമായ പഠിപ്പു മിക്കവാറും ശൂന്യമായിരിക്കുന്ന ആളുകളെ പുരോഹിത പദത്തിലേയ്ക്കു അവിടുന്നു തിരഞ്ഞെടുത്തിട്ടുണ്ട്. അവർ മുഖേന അവിടുന്നു അത്ഭുതകരമായ ഫലങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ അവിടുന്ന് അങ്ങനെ ചെയ്തിട്ടുള്ളതു രണ്ടിലേതെങ്കിലും ഒന്നു മതിയെന്നു വരുന്ന പക്ഷം, പഠിപ്പിനേക്കാൾ വിശുദ്ധിക്കു വില കല്പിക്കേണ്ടതാണെന്നു എല്ലാവരും അറിയാൻവേണ്ടിയാണ്; ദൈവികമാൎഗ്ഗങ്ങളെക്കാൾ മാനുഷികമാൎഗ്ഗങ്ങളിൽ വിശ്വാസം നിക്ഷേപിക്കരുതെന്ന് അറിയാൻവേണ്ടിയാണ്. "യാതൊരു മാംസവും ദൈവതിരുമുമ്പിൽ അഹങ്കരിക്കാതിരിക്കുവാൻ .... ഈ ലോകം ബുദ്ധിശൂന്യങ്ങളായി ഗണിക്കുന്നവയെ ദൈവം തിരഞ്ഞെടുത്തുകൊണ്ട് ബുദ്ധിമാന്മാരെ ലജ്ജിപ്പിച്ചു" എന്ന ഗുണകരവും പ്രായോഗികവുമായ തത്വം ചിലപ്പോഴെല്ലാം ആവൎത്തിച്ചു പറഞ്ഞു കേൾക്കുന്നതു ലോകത്തിനു് ആവശ്യമാകുന്നതുകൊണ്ടാണ് ദൈവം അങ്ങനെ ചെയ്യുന്നതു്.... അതിനാൽ പുരോഹിതനു പുണ്യവും പഠിപ്പും ആവശ്യമാണെന്നും, സ്വജീവിതത്തിലെ ദൃഷ്ടാന്തംകൊണ്ട് മററുള്ളവരെ ദൈവഭക്തിയിലേയ്ക്കു പ്രേരിപ്പിയ്ക്കേണ്ടതാണെന്നും, നാലുഭാഗത്തുനിന്നു തന്നെ സമീപിക്കുന്ന എല്ലാവരിലും അദ്ദേഹം "മ്ശിഹായുടെസുഗന്ധം" വ്യാപിപ്പിക്കേണ്ടതാണെന്നും വ്യക്തമാകുന്നുണ്ടല്ലൊ. ഈ ആവശ്യകത ഇക്കാലത്തു പൂൎവ്വാധികം ബോധപ്പെട്ടിരിക്കുകയും പൂൎവ്വാധികം സുവിദിതവും അനുപേക്ഷണീയവുമായിരിക്കുകയും ചെയ്യുന്നു."

ദൈവപ്രമാണത്തെ സ്വപ്രവൃത്തിയിൽ ഉപേക്ഷിച്ചിട്ടു വാക്കുകൊണ്ടുമാത്രം പഠിപ്പിക്കുന്നവൻ മോശമായി പഠിപ്പിക്കുന്നു



www.malankaralibrary.com

വെന്ന് ഹ്യൂഗോയും, (Hugo) മോശമായി ജീവിക്കയും നന്നായി പഠിപ്പിക്കയും ചെയ്യുന്നവൻ, തന്നെത്തന്നെ തൻെറ വചനംവഴിയായി കുററപ്പെടുത്തുന്നുവെന്ന് വന്ദ്യനായ ബീഡും (Venerable Bede) പറയുന്നു. വി. ക്രിസോസ്റ്റോമ്മസ് പറയുന്നു. 'താഴ്വരയിൽ നിൽക്കുന്നവൻ പർവ്വതത്തെപ്പററി സംസാരിക്കാതിരിക്കുകയാണ് ഭേദം; നിൻെറ മനസ്സു ഭൂമിയിലാണെങ്കിൽ എന്തിനു സ്വർഗ്ഗത്തെപ്പററി പറയുന്നു. പ്രവർത്തിക്കയും പഠിപ്പിക്കാതിരിക്കയും ചെയ്യുന്നതാകുന്നു, പഠിപ്പിക്കുകയും പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നതിൽ നല്ലത്; എന്തുകൊണ്ടെന്നാൽ പ്രവർത്തിക്കുന്നവൻ ചിലരെയെങ്കിലും തൻെറ മാതൃക വഴിയായി തിരുത്തുന്നു, എന്നാൽ പഠിപ്പിക്കയും പ്രവർത്തിക്കാതിരിക്കയും ചെയ്യുന്നവൻ ആരെയും തിരുത്തുന്നില്ലെന്നു മാത്രമല്ല വളരെപ്പേർക്കു പാപത്തിനു കാരണംകൊടുക്കുകയും ചെയ്യുന്നു. തത്വങ്ങളെ ഉപദേശിക്കുന്ന ഗുരുക്കന്മാർ തന്നെ പാപം ചെയ്യുമ്പോൾ ആരാണ് പാപത്തിനു പ്രേരിപ്പിക്കപ്പെടാതിരിക്കുക?' 25

വി. വിൻസെൻറു ദെ പോൾ പറയുന്നു 'തണ്യജീവിതം നയിക്കുന്ന വൈദികരാകുന്നു സഭയെ നശിപ്പിക്കുന്നത്; കുറെ ദിവസങ്ങൾക്കു മുമ്പ് ഏഴുമെത്രാന്മാർ സംബന്ധിച്ച ഒരു യോഗത്തിൽ ഞാൻ സന്നിഹിതനായിരുന്നു; സഭയിലെ തകരാറുകളെപ്പററി ചർച്ച ചെയ്യുകയിൽ വൈദികരാകുന്നു അവസ്ഥക്കു ഹേതുഭൂതരെന്നു പരസ്യമായി അവർ പ്രസ്താവിക്കുകയുണ്ടായി. 26

കർദ്ദിനാൾ ബ്യൂൺ പറയുന്നു. 'ത്രെന്തോ സൂന്നഹദോസ്സിലെ പിതാക്കന്മാർ സെമ്മിനാരിയുടെ നടത്തിപ്പിനെപ്പററിയുള്ള പദ്ധതി രൂപവൽക്കരിച്ച കാലത്തു വൈദികരുടെ ഇടയിൽ അജ്ഞത വളരെയുണ്ടായിരുന്നെങ്കിലും, വിദ്യാർത്ഥികളുടെ ജീവിതനൈർമ്മല്യത്തിനാണു ശാസ്ത്രപഠനത്തേക്കാൾ കൂടുതൽ പ്രാധാന്യം നൽകിയത്. മ്ശിഹായുടെ പൌരോഹിത്യത്തിൽ അംശഭാക്കാകുന്നതിനു ദൈവം തെരഞ്ഞെടുത്തിട്ടുള്ളവരെ ആത്മീയവും അതിസ്വാഭാവികവുമായ ജീവിതത്തിനായി പരിശീലിപ്പിക്കയത്രെ സെമ്മിനാരിയുടെ സർവ്വപ്രധാനമായ ഉദ്ദേശം. വേറെ പല



www.malankaralibrary.com

ഉദ്ദേശങ്ങളും അതിനുണ്ടായിരിക്കാം, എന്നാൽ അവയെല്ലാം ഇതിനു വിധേയമായിരിക്കണം, അല്ലാത്തപക്ഷം സെമ്മിനാരി ഒരിക്കലും അതിൻെറ നിർദ്ദിഷ്ടഫലം ചെയ്യുമെന്നു പറവാൻ പാടില്ല, പ്രത്യുത അതൊരു പരാജയമെ ആയിരിക്കയുള്ളു. വിശ്രുതരായ പ്രൊഫസറന്മാരൊ, സ്കോളർഷിപ്പുകളൊ ബ്രഹ്മാണ്ഡങ്ങളായ കെട്ടിടങ്ങളോ വിപുലമായ വായനശാലകളോ, വിശാലമായ വിനോദസ്ഥലങ്ങളൊ പാരമ്പര്യമാഹാത്മ്യമൊ ഒക്കെ ഒരു സെമ്മിനാരിക്കുണ്ടായിരുന്നാലും അവിടത്തെ വിദ്യാൎത്ഥികൾക്കു സുകൃതജീവിതമില്ലെങ്കിൽ എല്ലാം നിഷ്ഫലം. അതിനു സെമ്മിനാരി എന്ന നാമത്തിനുപോലും അർഹതയില്ല. 27

സെമ്മിനാരി പരിഷ്കരണത്തെ സംബന്ധിച്ചുള്ള ത്രെന്തോസ്സുനഹദോസിൻെറ സുപ്രസിദ്ധമായ തീരുമാനം അന്യത്ര ഉദ്ധരിച്ചിട്ടുണ്ടല്ലോ. തദനുസരണം ഒരു കുട്ടി ദൈവവിളിയുടെ ലാഞ്ഛനകൾ പ്രദൎശിപ്പിക്കുമ്പോൾ തന്നെ അവനെ മററു കുട്ടികളിൽനിന്നു വേർതിരിച്ചു പെററിസെമ്മിനാരി എന്ന വിദ്യാലയത്തിൽ ചേൎക്കുന്നു. ഇതുനിമിത്തം അവൻെറ സ്കൂൾപഠനത്തിനു യാതൊരു വ്യത്യാസവും സംഭവിക്കുന്നില്ല. അവൻ മററു കുട്ടികളോടൊന്നിച്ചു വിദ്യാലയത്തിൽപോയി നിർബാധം പഠനം തുടരുന്നു. എന്നാൽ വിദ്യാലയപരിസരം വിടുന്നതോടെ അവൻ വേറൊരുസ്ഥലത്തു് ആതായതു സെമ്മിനാരിയിൽ കാലുകുത്തുന്നു. അവിടെ അവനു വൈദികജീവിതം, അതിൻെറ മാഹാത്മ്യം, പ്രേഷിതജോലി, അതിൽ അനുഷ്ഠേയമായ സ്വാർത്ഥപരിത്യാഗം മുതലായ സംഗതികളെ പരാമൎശിച്ചു വിശേഷാലുള്ള ഉപദേശങ്ങളാണു ലഭിക്കുന്നതു്.

ഈ രാജ്യത്തു ഈവിധമൊരു ശിക്ഷണം വൈദികജീവിതാവസ്ഥയെ കാംക്ഷിക്കുന്ന ബാലവല്ലികൾക്കു നൽകാൻ നമ്മുടെ ചുററുപാടുകൾ അനുവദിക്കുന്നില്ലെന്നുള്ളതിനെക്കുറിച്ചു നാം ഖേദിക്കുക തന്നെ വേണം. ഇവിടെ സ്ക്കൂൾ ഫൈനൽ, ഇൻററർമിഡിയററു മുതലായ പരീക്ഷകൾ കഴിഞ്ഞതിനുശേഷമെ, പെററിററു് സെമ്മിനാരിയിൽ വൈദികവിദ്യാൎത്ഥികളെ ഒരുമിച്ചു കൂട്ടി



www.malankaralibrary.com

പ്രത്യേകോപദേശങ്ങൾ നൽകാൻ സാധിക്കുന്നുള്ളു. അപ്പോഴേയ്ക്കു അവർ ബാല്യം കഴിഞ്ഞു യൌവ്വനത്തെ കുറെയൊക്കെ തരണം ചെയ്തിരിക്കും. വിദ്യാലയാധികൃതന്മാരും ഇടവകവികാരിമാരും മററും പ്രത്യേകം ശ്രദ്ധിച്ചാൽ ഈ ന്യൂനതയെ കുറെയൊക്കെ പരിഹരിക്കാൻ കഴിയുമെന്നു പറയുന്നതു കേവലം അപ്രായോഗികമെന്നു തള്ളേണ്ടതല്ല.

ആത്മാക്കളുടെ ഭരണം വിദ്യകളുടെ വിദ്യയാണെന്നു മഹാനായ വി. ഗ്രിഗോരി പറയുന്നു. ഈ വിദ്യ അഭ്യസിക്കുന്നതിനു ഭരണകർത്താവായ വൈദികൻ ആദ്യമായി തൻെറ ആത്മാവിനെ ശരിയായി ഭരിക്കണം; അതിൻെറ അഗ്രഹങ്ങളെ നിയന്ത്രിക്കുകയും, ചാപല്യങ്ങളെ തടയുകയും, ദുർമ്മോഹങ്ങളെ കടിഞ്ഞാണിട്ടു നിറുത്തുകയും ചെയ്യേണ്ടിയിരിക്കുന്നു. മററുള്ളവക്കുപദേശിക്കാൻപോകുന്ന പുണ്യപൂർണ്ണത പട്ടക്കാരനിൽ തന്നെ ആദ്യമുണ്ടാകണം. "അന്യർക്കുപദേശിച്ച സുകൃതപദ്ധതി താൻ തന്നെ ആദ്യമായി പ്രവൃത്തിയിൽ വരുത്തി" എന്നു ക്യൂരെ ദി ആർസിനെ (വി. യോഹന്നാൻ വിയാന്നി) കുറിച്ചു് അദ്ദേഹത്തിൻെറ ജീവചരിത്രകർത്താവായ മോണിൻ പറഞ്ഞിരിക്കുന്നു.

കാററത്തിളകുന്ന ഞാങ്ങണ മാതിരിയിലുള്ള പുണ്യജീവിതമല്ല വൈദികനു വേണ്ടതു; പെട്ടെന്നു തോന്നുന്നതും, പുറമേ മാത്രംകാണപ്പെടുന്നതുമായഭക്തി, പരീക്ഷയോടുള്ള സമരത്തിൽ പരാജയമടഞ്ഞുപോകും. ചിലയാളുകൾ ചിലപ്പോൾ സുകൃതജീവിതത്തിൻെറ നിരവധി ലക്ഷണങ്ങൾ കാണിക്കുന്നു; അവർ ദൈനംദിനം വിശുദ്ധ കുർബാന ഉൾക്കൊള്ളുകയും ഉപവസിക്കുകയും, ദീർഘനേരം പ്രാർത്ഥിക്കുകയുമൊക്കെ ലോഭം വിനാ ചെയ്യുന്നു. എന്നാൽ തങ്ങൾ പരിശുദ്ധരെന്നു ഗണിച്ചുവച്ചിട്ടുള്ളവരിൽനിന്നോ, മേലധികാരികളിൽനിന്നോ അവിഹിതമെന്നു അവക്കു തോന്നിയ വല്ലതും നേരിടുന്നതായാൽ അതോടെ നിലംപതിക്കുന്നു. അവരുടെ പുണ്യഹർമ്മ്യം മണൽക്കോട്ട കണക്കെ. ഉറച്ച സുകൃതമുള്ളവൻ ഇവ്വിധം ഉടയുകയില്ല. മഴ പെയ്തു, നദിയൊഴുകി, കാററൂതി, ആ ഭവനത്തിന്മേൽ അടിച്ചു, അതു വീണില്ല, എന്തുകൊണ്ടെന്നാൽ അതു



www.malankaralibrary.com

പാറമേൽ സ്ഥാപിതമായിരുന്നു.[28] പാറമേൽ ഉറച്ച ഒരു ആത്മീയ ജീവിതമാണു പുരോഹിതനു ആവശ്യമായിട്ടുള്ളതു്. വല്ലപ്പോഴും ചെയ്യപ്പെടുന്ന ഒററ നന്മപ്രവൃത്തി സുകൃതമാവുകയില്ല, പതിവായി ചെയ്യപ്പെടുന്ന സൽപ്രവൃത്തിക്കെ, സുകൃതമെന്ന അഭിധയ്ക്കർഹതയുള്ളു. പട്ടക്കാരന്റെ ജീവിതം മിരട്ടുകൊണ്ടുള്ള ഒരു ഇന്ദ്രജാലമാകാൻ സാധിക്കയില്ല. ആളുകൾ അവന്റെ വാക്കുകൾ മാത്രമല്ല പ്രവൃത്തിയും സംശോധനം ചെയ്യുന്നു. വാക്കുകൾ ധ്വനിക്കുന്നു. എന്നാൽ മാതൃക, പജ്ജന്യസമാനം ഗജ്ജിക്കുകയാകുന്നു എന്നാണല്ലൊ വി. ക്രിസോസ്റ്റോം പറയുന്നതു്. വി. അൽഫോൻസ് ലിഗോരി പറയുന്നു 'മറേറാരൊ ഉദ്യോഗങ്ങൾ വഹിക്കുന്നവരുടെ രഹസ്യജീവിതം, സാധാരണങ്ങളായ ഔദ്യോഗികകാര്യങ്ങളിൽ ആരും ഗണിക്കുന്നില്ല. (സമത്ഥനായ) ഒരു അഭിഭാഷകൻ കോർട്ടിൽ വ്യവഹരിക്കുമ്പോൾ അയാളുടെ വാദത്തിൽ ന്യായം ഉണ്ടോ എന്നല്ലാതെ അയാളുടെ രഹസ്യജീവിതമെവ്വിധമെന്നന്വേഷിക്കേണ്ട ചുമതല ആക്കുമില്ല. ക്രിസ്തുശിഷ്യന്റെ അവസ്ഥ ഇതല്ല; അദ്ദേഹത്തിന്റെ ജീവിതത്തിലെ സകല ചെയ്തികളും ലോകം സസൂക്ഷ്മം പരിശോധിച്ചുകൊണ്ടാണിരിക്കുന്നതു്. ആകയാൽ വി. പൌലോസ് പറയുന്നു 'ഞങ്ങൾ ഭൂമിക്കും മാലാഖാമാക്കും മനുഷ്യക്കും ഒരു കാഴ്ചയായി ഭവിച്ചിരിക്കുന്നു.'[29]

സെമ്മിനാരിയിൽവച്ചു പുണ്യപൂണ്ണത ലഭിക്കാത്തവനു പിന്നീടു അതു ലഭിക്കുക എളുപ്പമല്ല. സെമ്മിനാരി വിട്ടശേഷം പലേക്രുട്ടങ്ങൾ കണ്ടും കേട്ടും പഠിച്ചു നമ്മുടെ ജ്ഞാനഭണ്ഡാഗാരം കൂടുതൽ വിസ്തീർണ്ണത പ്രാപിച്ചേക്കാം, എന്നാൽ പുണ്യാഭ്യസനത്തിന്റെ കാര്യത്തിൽ ഇങ്ങനെയൊരു വദ്ധനവുണ്ടാകുമൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മഹാനായ വി. ഗ്രിഗോരിയോസ് മാപ്പാപ്പാ പറയുന്നു. 'ശിഷ്യനായിരുന്ന കാലത്തു നിഗളത്തെ ജയിക്കാൻ സാധിക്കാഞ്ഞവനു ഗുരുവായിരിക്കുമ്പോൾ എളിമ സമ്പാദിപ്പാൻ കഴിയുന്നതല്ല. ഒരു വൈദിക വിദ്യാത്ഥി പട്ടമേററശേഷം പ്രവേശിക്കുന്നതു വേറൊരു രംഗത്താണു്, അതിനു സെമ്മിനാരിയുമായി യാതൊരു സാമ്യവുമില്ല. മുഖസ്തുതിക്കുള്ള അവസരം



www.malankaralibrary.com

ഒട്ടും ഇല്ലാതിരുന്ന കാലത്തു വൃത്ഥാഭിമാനത്തിനായി ശ്രമംചെയ്തിരുന്ന ഒരുവനു പട്ടമേററശേഷം എങ്ങിനെ ഇടവക ഭരണത്തിൽനിന്ന് അവിതക്കിതമായി ഉളവാകുന്ന മുഖസ്തുതിയെ തിരസ്കരിക്കാൻ കഴിയും എന്നു അതെ വി. ഗ്രിഗോരി തന്നെ ചോദിക്കുന്നു. ബിഷപ്പ് ഹെഡ്‌ലി എഴുതുന്നു, 'കൂബ്ബാനപ്പട്ടത്തിനു മുമ്പു പൂണ്ണമായ മാനസാന്തരം ഒരുവനു കൈവരാത്തപക്ഷം, പിന്നിടൊരിക്കലും അതുണ്ടാകുന്നതല്ല. (മാനുഷികമായി പറയുന്നപക്ഷം) ശിക്ഷണത്തിൻെറയും കീഴ്‌വഴക്കത്തിൻെറയും കാലത്തു ദൈവത്തിൻപക്കലേയ്ക്കു തിരിഞ്ഞു മുഴു ഹൃദയത്തോടെ തന്നെ സ്നേഹിക്കാത്തവരെ, അപ്രകാരം ചെയ്യിക്കുന്നതിനു പ്രേഷിതവൃത്തിയിൽ വിശേഷവിധിയായി എന്തു പ്രേരകമാണുള്ളതു്? ആജ്ഞയിൻകീഴ് ശാന്തമായും അടക്കമായും സെമ്മിനാരിയിൽ വസിച്ചിരുന്ന കാലത്തു്, സുകൃതങ്ങൾ സമ്പാദിക്കാഞ്ഞ മനുഷ്യൻ, ജോലിത്തിരക്കും ബഹളവും ബഹുമാനവും നാനാഭാഗത്തുനിന്നു പ്രശംസയും ഇരച്ചുകയറിക്കൊണ്ടിരിക്കുമ്പോൾ പുണ്യപൂണ്ണത പ്രാപിക്കുന്നതിനായി സ്വയം താഴ്ത്തുമൊ? സെമ്മിനാരിയിൽ ഒരു വിദ്യാത്ഥിയെ പവിത്രീകരിക്കുന്നതിനു പററിയ സകല പോംവഴികളുമുണ്ട്. പരിചിന്തനത്തിലും സംശയത്തിലും പ്രതീക്ഷയിലും കഴിച്ചുകൂട്ടിയ കാലത്തു ആത്മീയമായ ഉണർവു ഒരുവനു വന്നില്ലെങ്കിൽ, അവൻ ബഹുമാന്യസ്ഥാനത്തു കയറി, സകലരാലും സ്തുതിക്കപ്പെട്ടും, അധികാരപൂർവ്വം അനേകരെ ഭരിച്ചും, കൂടുതൽ സന്തോഷങ്ങളനുഭവിച്ചും, സ്വന്ത ഇഷ്ടം തടവുകൂടാതെ ചെയ്തും വത്തിക്കുന്ന കാലത്തു ഒരിക്കലും ആ ഉണർവ്വ് വരുന്നതല്ല.' 30

സെമ്മിനാരി സംബന്ധിച്ചു പലതും പുതിയ കാനൺ നിയമത്തിൽ കാണുന്നുണ്ട്, ഇതു സഭ ഇക്കാലത്തു ഏതദ്‌വിഷയത്തിൽ എടുക്കുന്ന സൂക്ഷത്തെയല്ലയൊ വ്യഞ്ജിപ്പിക്കുന്നതു്. അയോഗ്യരായ വിദ്യാത്ഥികളെ സംബന്ധിച്ചു കാനൺ ഇപ്രകാരം വിധിക്കുന്നു. "അനുസരണ ഇല്ലാത്തവരേയും, നന്നാകുവാൻ വഹിയാത്തവരേയും, കലഹപ്രിയന്മാരേയും നടപടികൊണ്ടും സ്വഭാവംകൊണ്ടും വൈദിക സ്ഥാനത്തിനു അയോഗ്യരെന്നു കാണപ്പെ



www.malankaralibrary.com

ടുന്നവരേയും, മതിയായ ജ്ഞാനം സമ്പാദിക്കുമെന്നു പ്രതീക്ഷിക്കാൻ പാടില്ലാത്തവണ്ണം പഠനത്തിൽ അത്ര പിന്നോക്കമായി കാണപ്പെടുന്നവരേയും സെമ്മിനാരിയിൽനിന്നയക്കുകയും സന്മാർഗ്ഗത്തിനൊ വിശ്വാസത്തിനൊ വിരുദ്ധമായി തെററിൽ വീണവരെ ഉടനടി ബഹിഷ്കരിക്കുകയും ചെയ്യേണ്ടതാകുന്നു." 31

വൈദിക വിദ്യാർത്ഥിയെ വിപത്തുകളിൽനിന്ന രക്ഷിക്കുന്ന ബലമേറിയ കോട്ടയാകുന്നു സെമ്മിനാരിയിലെ റൂളുകൾ. 'നീ ചട്ടങ്ങളെ അനുസരിച്ചുകൊൾക, എന്നാൽ അവ നിന്നെ സംരക്ഷിച്ചുകൊള്ളും' എന്ന വൃദ്ധോക്തി വ്യർത്ഥമല്ല. റൂളുകൾകൂടാതെ കൂട്ടമായ ജീവിതം ദുസ്സാധ്യമാകുന്നു. ഒരുവൻെറ സ്വഭാവ രൂപവൽക്കരണത്തിൽ ന്യായപ്രമാണങ്ങൾക്കു ഗണ്യമായ ഒരു സ്ഥാനമുണ്ടെന്നുള്ളതു വിദ്യാർത്ഥി സദാ സ്മരിക്കണം. ചില റൂളുകളുടെ ലംഘനത്തിൽ പാപമുണ്ടോ ഇല്ലയൊ എന്ന താത്വിക വശം നോക്കി തൃപ്തിയടയാതെ അവ എന്തുദ്ദേശത്തോടെ ഏൎപ്പെടുത്തപ്പെട്ടിരിക്കുന്നുവെന്നാണ് പൎയ്യാലോചിക്കേണ്ടതു്. സെമ്മിനാരിയിലെ നിബന്ധനകൾ വിദ്യാർത്ഥിയുടെ സ്വാതന്ത്ര്യത്തെ ബന്ധിക്കുന്നതിനുള്ള ചങ്ങലകളല്ല, പ്രത്യുത അവ, അവൻെറ ഹൃദയവിശുദ്ധിയും ദൈവസ്നേഹവും വൎദ്ധിപ്പിക്കുന്നതിനു പററിയ പോംവഴികൾ, അഥവാ അവസരങ്ങൾ ആകുന്നുവെന്നു ഹെഡ്‌ലി പറയുന്നു.

ബലിഷ്ഠവും ദൃഢമൂലവുമായ ഒരു സ്വഭാവം (Character) വിദ്യാർത്ഥിക്കുണ്ടാവണം. ഫാദർ 'ഹൾ' പറയുന്നു. 'ഏതൊരു മനുഷ്യൻ താൽകാലിക തോന്നലുകൾക്കു വിധേയനാകാതെ, സാവകാശം ഹൃദിസ്ഥമാക്കിയിട്ടുള്ള തത്വങ്ങളെ അസ്പദമാക്കി പ്രവൃത്തിക്കുന്നുവൊ, അവനു രൂപവൽകൃതമായ സ്വഭാവമുണ്ടെന്നു പറയാം.' (Formation of Character) എല്ലാവരും പ്രവൎത്തിക്കുന്നു, എന്നാൽ സ്വഭാവത്തെ രൂപീകരിക്കാത്തവൻ, ശുനകൻ മാംസം കണ്ടാൽ ഉടനെ ചാടി എടുത്തു തിന്നുന്നതുപോലെ, അപ്പഴപ്പോൾ മനസ്സിൽ ഉദിക്കുന്ന വികാരങ്ങളനുസരിച്ചു പ്രവൎത്തിക്കുന്നു. ഇപ്രകാരമുള്ളവനെ ഭരിക്കുന്നതു മനഃക്ഷോഭങ്ങളാണു, അവൻ അവസ്ഥ



www.malankaralibrary.com

ഭൃത്യൻ യജമാനനെന്നോണം കീഴ്പ്പെട്ടിരിക്കുന്നു. ദൃഢവൽകൃതമായ സ്വഭാവദാർഢ്യമുള്ളവനാകട്ടെ, മനസ്സിലെ ഭാവഭേദങ്ങളെയും പെട്ടെന്നുണ്ടാകുന്ന തോന്നലുകളേയും കടിഞ്ഞാണിട്ടു നിറുത്തി, ന്യായാന്യായ വിവേചനം ചെയ്തു് ആലോചനാപൂർവ്വം പ്രവർത്തിക്കുന്നു.

ആത്മസംയമനം നിത്യംചെയ്തീടുന്ന മഹാമതി
രാജ്യം പിടിച്ചടക്കുന്ന വീരനെക്കാളുമുത്തമം,

എന്നുണ്ടല്ലൊ. ദൃഢീകൃത സ്വഭാവം ഒരു വൈദികനിൽ കാമ്യമെന്നല്ല നമ്യവും കൂടിയാണ്. സെമ്മിനാരിയിലെ നിസ്സാരങ്ങളെന്നു ഉപരിപ്ലവ ബുദ്ധികൾക്കു തോന്നിയേക്കാവുന്ന റൂളുകളാണ് ഒരു ഭാവി വൈദികൻെറ സ്വഭാവത്തെ വാർത്തെടുക്കുന്നതു്.

ക്ഷമ, പരസ്നേഹം, അനുകമ്പ തുടങ്ങിയ ചില സുകൃതങ്ങൾ പലർ ഒരുമിച്ചുള്ള ജീവിതത്തിൽ മാത്രമെ അഭ്യസിക്കാൻ സാധിക്കൂ. വിവിധ സ്വഭാവികളും, രാജ്യക്കാരുമായ വിദ്യാർത്ഥികൾ ഒരുമിച്ചുകൂടുമ്പോൾ ഓരോരുത്തൻെറയും സാക്ഷാത്തായ നിറം വെളിപ്പെടുന്നു. പലമാതിരി സ്വഭാവങ്ങൾ തങ്ങളിൽ ഉരസുമ്പോളാണു ഓരോ സ്വഭാവത്തിനും വ്യക്തിപരമായുള്ള ഏററക്കുറച്ചിലുകൾ നീങ്ങുന്നതു്. പ്രവൃത്തികളിൽ വരുന്ന വിവേകശൂന്യത, സംഭാഷണങ്ങളിൽ നേരിടുന്ന അനവധാനത, ഇവമൂലം ലഭിക്കുന്ന അവഹേളനങ്ങൾ മുതലായവ ഒരു വിദ്യാർത്ഥിയെ അവൻെറ തെററുകൾ കണ്ടുപിടിക്കുന്നതിനും 'ഞാൻ പിടിച്ച മുയലിനു ചെവി മൂന്നു' എന്ന മർക്കടമുഷ്ടിയിൽനിന്നു പിന്മാററുന്നതിനും പഠിപ്പിക്കുന്നു.

ആചാര്യപദവിയുടെ ഉദ്ദേശ്യം ശരിയായി ഒരു വിദ്യാർത്ഥിയെ ഗ്രഹിപ്പിക്കേണ്ടതാണ്. കർദ്ദിനാൾ ബൂൺ പറയുന്നു 'ലോകരംഗത്തു അക്ഷീണം, അഹന്നിശം അദ്ധ്വാനിക്കുന്ന ഏതൊരുമനുഷ്യനും ഒരു വൃത്തിപ്രചോദനമുണ്ടു്.(Motive of action) ക്രിസ്തുവിൻെറ പുരോഹിതൻമാത്രം ഉന്നതങ്ങളായ അഭിലാഷങ്ങളും ലക്ഷ്യങ്ങളും കൂടാത്തവനെന്നു ധരിക്കേണ്ട. ഒരുവൻ എന്തിനാണു വൈദികസ്ഥാനമണിയുന്നതു്, അതു ഉപജീവനമാർഗ്ഗത്തിനോ, കീർത്തിക്കൊ പണത്തിനൊ ആയിട്ടാണൊ, ഒരിക്കലുമല്ല.



www.malankaralibrary.com

വൈദികജീവിതോദ്ദേശം ദൈവത്തെ സ്നേഹിക്കുകയും മ്ശിഹാ യെ സ്നേഹിക്കുയും മ്ശിഹായെപ്രതി ആത്മാക്കളെ സ്നേഹിക്കുയു മത്രെ. വൈദികനുചിതമായ ജീവിതാദശം ഇതുമാത്രമാണ്. പ്രഥ മവും പ്രധാനവുമായ ഈ പാഠം ഒരിക്കലും ഗ്രഹിക്കാതിരിക്കയോ, ഗ്രഹിച്ചശേഷം വിസ്മരിക്കയോ ചെയ്തിട്ടുള്ള വൈദികനു നാശം.

വൈദികവിദ്യാത്ഥിയുടെ ഹൃത്തടത്തിൽ അഷ്ടബന്ധമിട്ടുറ പ്പിക്കേണ്ട വേറൊരു സംഗതി മനഃസാക്ഷിപ്രകാരം പ്രവത്തി ക്കുക എന്നതത്രെ. ലാഭം വരട്ടെ, നഷ്ടം വരട്ടെ, മാനം വരട്ടെ, അപമാനം വരട്ടെ, അന്തഃകരണോപദേശാനുസരണം പ്രവത്തി ക്കുന്നതിനു തക്ക ധീരത അവനുണ്ടായിരിക്കണം. ഒരു ഗ്രന്ഥകാ രൻ പറയുന്ന 'വൈദികവിദ്യാത്ഥി ഏതൊരു ജീവിതത്തിനായി ഒരുങ്ങുന്നുവോ, അതിൽ മനഃസാക്ഷി മാത്രമായിരിക്കുന്നു അവൻെറ പ്രവൃത്തികളുടെ ഏക നിയമവും സംരക്ഷകയും' വെറും വികാര ത്തിൽനിന്നു വരുന്ന ഭക്തിയും, മനഃസാക്ഷിയിൽനിന്നു വരുന്ന ഭക്തിയും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യത്തേതു താൽക്കാലികവും രണ്ടാമത്തേതു ശാശ്വതവുമാകുന്നു. ഇവ തമ്മിൽ തിരിച്ചറിയുന്ന തിനു ആദ്ധ്യാത്മികവിഷയങ്ങളിൽ നല്ല ജ്ഞാനം ഉള്ളവക്കേ കഴിയൂ. മന:സാക്ഷിയുടെ പ്രേരണയിൽനിന്നുവരുന്ന ഒരു നന്മ: മറിയം ഉപരിപ്ലവമായ വിചാരത്തിൽ നിന്നുളവാകുന്ന ഒരു ദിവ ത്തെ ഉപവാസത്തേക്കാൾ വിലയേറിയതാണ്.

സെമ്മിനാരിവിദ്യാത്ഥിക്കു സമത്ഥനായ ഒരു ജ്ഞാനഗുരു വിൻെറ സാഹായ്യം ആവശ്യമുണ്ട്, എന്തുകൊണ്ടെന്നാൽ അവൻ നാനാവിധ സംശയങ്ങൾക്കും വിഷമതകൾക്കും വിധേയനാണ്. 'യൌവനം വനം' എന്നാണല്ലോ പറയപ്പെട്ടിരിക്കുന്നതു്. കർദ്ദി നാൾ ബൂൺ പറയുന്ന 'യൌവനത്തിലേയ്ക്കു കാൽ കുത്തുന്ന ഒരു വൻ പ്രബുദ്ധമായ മനുഷ്യത്വത്തിനു സഹജമായ ചാപല്യങ്ങൾക്കു വശഗനായി ഭവിക്കുന്നു. ഈ പ്രായം വീരോചിതമായ (heroic) പുണ്യകമ്മങ്ങൾക്കും ലജ്ജാകരമായ വീഴ്ചകൾക്കും ഒരുപോലെ പഴുതാപ്പുമത്രെ. പട്ടക്കാരനാകാൻ, പ്രത്യേകിച്ച്, ഇടവകപട്ടക്കാര



www.malankaralibrary.com

നാകാൻ അഗ്രഹിക്കുന്നവൻ, നാനാതരത്തിലുള്ള പരീക്ഷകൾക്കു അധീനനാകുന്നെങ്കിൽ അതു ദൈവപരിപാലനയുടെ ഒരനുഗ്രഹമായി ഗണിച്ചാൽ മതി. ദൈവത്തിൻെറ തുണ പിൻവലിക്കപ്പെട്ടുമ്പോൾ ഉളവാകുന്ന നിസ്സഹായ സ്ഥിതി ഗ്രഹിക്കുന്നതിനു അവൻ പരീക്ഷിക്കപ്പെട്ടുകയും ശോധന ചെയ്യപ്പെട്ടുകയും ചെയ്യുക ആവശ്യമാണ്. തങ്ങളുടെ വിഷമതകളിലും പാപങ്ങളിലും അവനിൽനിന്നു അശ്വാസവും തുണയും പ്രതീക്ഷിക്കുന്ന ആത്മാക്കൾക്കു ഉറപ്പായ സങ്കേതവും പരിചിതനായ വഴികാട്ടിയും, ഒരു കാലത്തു ആകാനിരിക്കുന്നവൻ, പാപമാലിന്യത്തിൻെറ സാമീപ്യവും പ്രലോഭനങ്ങളുടെ ഉഗ്രതയും ഗ്രഹിച്ചിരിക്കേണ്ടതാവശ്യമാകുന്നു. തന്നെത്താൻ പരിപൂർണ്ണമായി ജയിച്ചു, അവിവേകംകൂടാതെ അഞ്ചാംപട്ടത്തിൻെറ കടമകളെ ശിരസാവഹിക്കുന്നതിനു പ്രാപ്തനെന്നു സ്വയം പ്രത്യക്ഷപ്പെട്ടുന്നതിനു മുമ്പ്, അവൻ ഒരിക്കലല്ല, കൂടെക്കൂടെ അതും കഠിനമായി പരീക്ഷിക്കപ്പെട്ടെന്നും, ചിലപ്പോൾ കാൽ വഴുതി ഒന്നല്ല വീണ്ടും വീണ്ടും വീണെന്നും വന്നേയ്ക്കാം. എന്നാൽ പരീക്ഷയോ പാപമോ എങ്ങിനെയുള്ളതായിരുന്നാലും, ഒരു വൈദികവിദ്യാർത്ഥിയുടെ ആത്മീയകാര്യങ്ങളന്വേഷിക്കുമ്പോൾ, സകലവും സ്വഭാവാതീതമായ ഒരു കുഴൽക്കണ്ണാടിയിൽ കൂടി വേണം നാം ദർശിപ്പാൻ. 32

കർബാനപ്പട്ടമേൽക്കാൻപോകുന്ന ഒരു വൈദികവിദ്യാർത്ഥിക്കു താഴെ പറയുന്ന പന്ത്രണ്ടു ലക്ഷണങ്ങൾ തികഞ്ഞിരിക്കണമെന്നു വി. ഗ്രിഗോരി പാപ്പാ പറയുന്നു. അതാവിതു, അവൻ ത്യാഗശീലമുള്ളവനും, എവിടെപ്പോകുന്നതിനും സന്നദ്ധനും, ആത്മീയമനുഷ്യനും, നല്ല ശരീരസുഖമുള്ളവനും, എളിമ കൈവന്നവനും, പണത്തോടു പക്ഷമില്ലാത്തവനും, കരുണയോടും അനുകമ്പയോടുംകൂടി സ്ഥിരതയും നീതിയും മേളിപ്പിക്കാൻ പഠിച്ചവനും, നടത്തയിൽ കളങ്കരഹിതനും, മററുള്ളവർക്കു സന്മാതൃക നൽകുന്നവനും, തൻെറ അജഗണത്തെ പഠിപ്പിക്കുന്നതിനും ഭരിക്കുന്നതിനും പ്രാപ്തനും, പ്രാർത്ഥനയിൽ അഭ്യസ്തനും, സർവ്വോപരി ദൈവത്തിൽ പൂർണ്ണമായി ശരണപ്പെട്ടുന്നവനും ആയിരിക്കേണ്ടിയിരിക്കുന്നു. 33



www.malankaralibrary.com

ഏവംവിധം ഒരു വിദ്യാർത്ഥിയെ പരിശീലിപ്പിച്ചെടുക്കുന്നതിനു ദൈവം പ്രത്യേകം തിരഞ്ഞെടുക്കുന്ന ആയുധങ്ങളെക്കുറിച്ചുകൂടി അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സെമ്മിനാരിയിൽ പഠിപ്പിക്കുന്നതിനും അതിനെ ഭരിച്ചു നടത്തുന്നതിനും നിയുക്തരായിരിക്കുന്ന വൈദികരാകുന്നു ഈ ആയുധങ്ങൾ. കർദ്ദിനാൾ ബൂൺ പറയുന്നു. 'ഈ വൈദികൎക്കു ലഭിച്ചിരിക്കുന്ന ജോലി വളരെ പ്രാധാന്യമുള്ളതും ചുമതലയേറിയതുമത്രെ. ഒരു മെത്രാനു ഒരു പട്ടക്കാരനിലുള്ള വിശ്വാസത്തിന്റെ ഉത്തമലക്ഷ്യമാകുന്നു അദ്ദേഹത്തെ ഈ ജോലിക്കു നിയമിക്കുക എന്നതു്. വൈദികവിദ്യാൎത്ഥികളുടെ പരിശീലന ജോലി ഏററവും നല്ല വൈദികരെ മാത്രമെ ഏല്പിക്കാൻ പാടുള്ളു. ഈ ഉദ്യോഗത്തിനു നിയമിതരായിരിക്കുന്ന വൈദികർ, തങ്ങളുടെ സ്വഭാവ വൈശിഷ്ട്യവും മാതൃകാപരമായ ജീവിതവുമാണു, തങ്ങളുടെ പാണ്ഡിത്യത്തേക്കാൾ, തങ്ങളുടെ സൂക്ഷത്തിന് ഏൾപ്പിക്കപ്പെട്ടിരിക്കുന്ന വൈദിക വിദ്യാൎത്ഥികളുടെ ശരിയായ പരിശീലനത്തിൽ ശക്തിയായി പ്രവൎത്തിക്കുന്നതെന്നു ധരിക്കേണ്ടതാകുന്നു. അവരുടെ ജീവിതം ത്യാഗപരമായിരിക്കണം.'[34]

മഹാനായ കർദ്ദിനാളിന്റെ ഈ ആശയം പുതിയ വേപ്പൽ തിരുവെഴുത്തിൽ എങ്ങിനെ പ്രതിബിംബിക്കുന്നു എന്നു കാണുക. 'വന്ദ്യ സഹോദരരെ, ഗൗരവാവഹമായ സഭാഭരണം നമ്മോടൊന്നിച്ചു വഹിക്കുന്ന നിങ്ങൾക്കു സെമ്മിനാരി കണ്ണിലുണ്ണിയാണു്; ആയിരിക്കേണ്ടതുമാണു്. നിങ്ങളുടെ ഉൽക്കണ്ഠാപൂൎവ്വമായ ശ്രദ്ധയ്ക്കു വിഷയമായിരിക്കേണ്ടതും അതുതന്നെ. ആ സ്ഥാപനത്തിലേയ്ക്കു അധികാരികളേയും അദ്ധ്യാപകന്മാരേയും തിരഞ്ഞെടുക്കുന്നതു സൎവ്വോപരി സൂക്ഷിച്ചുവേണം; അതിലും പ്രത്യേകിച്ചു, ആദ്ധ്യാത്മിക പിതാക്കന്മാരെ തെരഞ്ഞെടുക്കുന്നതു്; അവരാണല്ലൊ പുരോഹിതയോഗ്യമായ മനോഭാവം പരിപോഷിപ്പിക്കുന്ന എത്രയും വിഷമകരവും പ്രധാനവുമായ കൃത്യം നിൎവഹിക്കേണ്ടവർ. സെമ്മിനാരികളിലേയ്ക്കു നിയമിക്കപ്പെടുന്നവർ നിങ്ങളുടെ വൈദികരിൽ ഉത്തമന്മാരായിരിക്കണം. അവരെ ഇതര ഉദ്യോഗങ്ങളിൽനിന്നു വിടർത്തിയെടുക്കാൻ മടിക്കേണ്ടതില്ല. ആ ഉദ്യോഗങ്ങൾ



www.malankaralibrary.com

ക്ക കൂടുതൽ പ്രാധാന്യം കല്പിക്കേണ്ടതാണെന്നു നിങ്ങൾക്കു തോന്നിയേക്കാമെങ്കിലും, അവയുടെ പ്രാധാന്യം യഥാർത്ഥത്തിൽ സെമ്മിനാരിയുടേതിനോടു തുല്യപ്പെട്ടതാവുന്നതല്ല. അത്ര വളരെ പ്രധാനവും അനുപേക്ഷണീയവുമാണ് ഈ സ്ഥാപനം. അതിലെ ഉൽകൃഷ്ടമായ ജോലിക്കു സാക്ഷാൽ യോഗ്യതയുള്ളവരെ അന്യത്രപതകളിൽ കണ്ടുകിട്ടുമോയെന്നും അന്വേഷിക്കുക. അവർ പുരോഹിത പുണ്യങ്ങളെ പ്രസംഗങ്ങളെക്കാൾ പ്രവൃത്തികൊണ്ടു പഠിപ്പിക്കുന്നവരായിരിക്കണം; പഠനത്തോടുകൂടിത്തന്നെ സുസ്ഥിരവും സുധീരവും അപ്പസ്തോലികവുമായ ചൈതന്യവും നൽകുന്നവരായിരിക്കണം. ദൈവഭക്തി, ഹൃദയശുദ്ധി, നിയമവിധേയത്വം, പഠനം ഇവയെ സെമ്മിനാരിയിൽ സമൃദ്ധിയായി വളർത്തണം. വർത്തമാനകാലത്തെ പ്രലോഭനങ്ങളേയും അതിനേക്കാൾ ഗുരുതരങ്ങളായ ഭാവികാലത്തെ വിപത്തുകളേയും തടുത്തു നിൽക്കത്തക്കവണ്ണം, അപക്വ ബുദ്ധികളായ വിദ്യാർത്ഥികളെ വിവേകപൂർവ്വമായ ദീർഘദൃഷ്ടിയോടുകൂടി, ആയുധപാണികളും ശക്തിമാന്മാരുമാക്കിത്തീർക്കണം. എന്തുകൊണ്ടെന്നാൽ "എല്ലാവരേയും രക്ഷിക്കുന്നതിനായി" അവർ അവശ്യം വസിക്കേണ്ടതായ ലോകത്തിലെ സകല പ്രലോഭനങ്ങളും അവർക്കു അനുഭവപ്പെടാൻ ഇടയുണ്ട്.'

കർദ്ദിനാൾ ബൂൺ തുടർന്നുപറയുന്നു 'ഒരു വിദ്യാർത്ഥി കണ്ടുമുട്ടുന്ന വൈദികരെല്ലാവരുംതന്നെ, അവർ സ്വന്ത രൂപതയിൽ പെട്ടവരായിരുന്നാൽ പ്രത്യേകിച്ചും, അവൻെറ വിശുദ്ധീകരണത്തിനായി ദൈവം ഉപയോഗിക്കുന്ന കരുക്കളാണെന്നു പറയാം. പട്ടക്കാരേവരും ഇതു ഗ്രഹിക്കുകയും അനുസ്മരിക്കുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു! സെമ്മിനാരിയിൽ തങ്ങൾക്കു നൽകപ്പെടുന്ന ആദർശങ്ങളനുസരിച്ചു ജീവിക്കുന്ന പ്രേഷിതന്മാരെ വിദ്യാർത്ഥികൾ കണ്ടുമുട്ടുന്നപക്ഷം, ആ ആദർശങ്ങൾ അവരിൽ രൂഢമൂലമാകാതിരിക്കയില്ല; എന്നാൽ നേരെമറിച്ചു തങ്ങളുടെ ദൃഷ്ടിയിൽപ്പെടുന്ന പട്ടക്കാർ കൃത്യബോധമില്ലാത്തവരും താറുമാറായി ജീവിക്കുന്നവരുമായിരുന്നാൽ, വലിയ ഉപദ്രവം നേരിട്ടേയ്ക്കും. ഈ ഉപദ്രവം വർദ്ധിക്കതന്നെചെയ്യും, അവർ സെമ്മിനാരിയിലെ പരി



www.malankaralibrary.com

ശിലന സമ്പ്രദായത്തെപ്പറ്റി പുഛിച്ചും ദൂഷിച്ചും സംസാരിക്കുന്നവപക്ഷം, ചില വൈദികർ ഇക്കാൎയ്യത്തിൽ വലിയ കുററക്കാരാണ്. തങ്ങളുടെ ഉന്നതങ്ങളായ ആദൎശങ്ങൾ അവൎക്കു നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ എന്തിനു അവർ മററുള്ളവരിൽ ഉള്ളതുകൂടി നശിപ്പിപ്പാൻ ശ്രമിക്കുന്നു.

തങ്ങളുടെ ഇടവകകളിൽ ഇളവുകാലം ചെലവഴിക്കുന്ന വൈദികവിദ്യാൎത്ഥികളുടെ നടപടികളെ സൂക്ഷിക്കുന്നതിനും അവരോടു കരുണാപൂൎവ്വം പെരുമാറുന്നതിനും വികാരിമാൎക്കു കടമയുണ്ടു്. പള്ളിയിലും പള്ളിമുറിയിലും യഥേഷ്ടം പ്രവേശിക്കുന്നതിനു അവൎക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണം. വീടുകളിൽ താമസിക്കുന്നതിനു അസൌകൎയ്യമുള്ളവൎക്കു മുറിയിൽ താമസിക്കുന്നതിനുവേണ്ടിയ ചട്ടംകെട്ടുകളൊക്കെ വികാരിമാർ ചെയ്തുകൊടുക്കേണ്ടതാകുന്നു. ഒരു വിദ്യാൎത്ഥിയിൽ അവൻെറ ദൈവവിളി സന്ദിഗ്ദ്ധമെന്നോ, അവൻ അതിൻെറ പരിപാവനമായ ആദൎശമനുസരിച്ചു ജീവിക്കുന്നില്ലെന്നോ സൂചിപ്പിക്കുന്ന എന്തെങ്കിലും ലക്ഷ്യം കാണപ്പെടുന്ന പക്ഷം ആ വിവരം മേലധികാരികളെ അറിയിക്കുന്നതിനു ഒരു വികാരി മനഃസാക്ഷിപ്രകാരം കടപ്പെട്ടിരിക്കുന്നു. [35]

ഇപ്പോൾ സൌഭാഗ്യസമേതം വാഴുന്ന പരിശുദ്ധ പിതാവു് പതിനൊന്നാം പീയൂസ് മാൎപ്പാപ്പാ തിരുമനസ്സുകൊണ്ടു, അവിടത്തെ മുഖം കാണിക്കാനെത്തിയ വിവിധരാജ്യക്കാരായ ഏതാനും വൈദികവിദ്യാൎത്ഥികൾക്കു നൽകിയ ഒരുപദേശത്തിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു ഈ അദ്ധ്യായം സമാപിപ്പിച്ചുകൊള്ളട്ടെ. 'പ്രിയ മക്കളെ! സൎവ്വപ്രധാനമായി നിങ്ങളോടു നമുക്കു പറവാനുള്ളതു ഭാവിയിൽ പുരോഹിതന്മാരാകാനിരിക്കുന്ന നിങ്ങൾ ദൈവഭയവും ഭക്തിതീക്ഷ്ണതയുമുള്ളവരായിരിക്കണമെന്നാകുന്നു. നിങ്ങൾ വിശ്വാസികൾക്കു ഉത്തമമാതൃകകളായി ജീവിതം നയിക്കാൻ ശ്രമിപ്പിൻ, ഇതിലാണു കത്തോലിക്കസഭയുടെ വിജയം. അതിൻെറ വിജയവൈജയന്തി ലോകമെങ്ങും നാട്ടേണ്ടവർ നിങ്ങളാണ്. അനേകം നിരീശ്വരന്മാരുടെയും സഭാവൈരികളുടെയും അബദ്ധ പ്രസ്താവനകളാലും, അജ്ഞതയാലും അന്തരീക്ഷം ആക



www.malankaralibrary.com

മാനം വിഷമയമായി പകർന്നിരിക്കുന്ന ഇക്കാലത്തു, കത്തോലിക്കാ വൈദികർ, വാത്സല്യമക്കളെ, ദൈവശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും എത്രമാത്രം പാണ്ഡിത്യമുള്ളവരായിരിക്കണമെന്നു നിങ്ങളെ നാം പറഞ്ഞറിയിക്കേണ്ടല്ലോ. ചാരിത്ര്യശുദ്ധിയെന്ന ദൈവികപുണ്യത്തിന്റെ സമ്പാദനവും അഭ്യസനവുമാണു ഒരു വൈദികവിദ്യാർത്ഥിയുടെ പുണ്യകിരീടത്തിലെ ഏററവും ശോഭനവും വിലയേറിയതുമായ രത്നം. ദൈവദൂതോചിതമായ ആ സുകൃതം വൈദികവിദ്യാർത്ഥികൾക്കു ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നാണ്. എന്നാൽ ഈ ഉൽകൃഷ്ടപുണ്യത്തോടുകൂടി എളിമയും അനുസരണയും ഇരുസഹോദരികളെപ്പോലെ പരിലസിക്കയും വേണം. 36

## കുറിപ്പുകൾ.

1 Reformatio angliae Decretum. XI.
2 Preface to St. Jn. Bap. De Rosi.
3 Regula Pastoralis.
4 Mark. X. 18.
5 Matth. XVIII. 3.
6 Matth. XVI. 23.
7 Historical sketches. Vol. III. ch. 20.
8 Session. XXII. cap. XVIII.
9 Christianity in Travancore.
10 History Album of Al: Seminary.
11 Ibidem. p. 68.
12 Examiner June 9, 1934.
13 Matth. V. 14.
14 2 Tim. IV-2.
15 Exod. XXI, 33.
16 Examiner. Vol. 87. No 25
17 Lex Levitarum. p. 78.
18 Regula Pastoralis Part. III. cap. 15.
19 Op: cit: p. 86.
20 Op: cit: p. 83.
21 Cn: 1364, 2.
22 നസ്രാണിദീപിക 1936 ജൂൺ 4.
23 Meditationes. cap. 17.
24 Loc. cit.
25 Cornel. A. Lap: vol. V. p. 455.
26 Guid for priests by, J. Leonard. p. 31
27 Eccle: training. Ch. 2.
28 Matth. VII-25.
29 1 Cor. IV-9.
30 Op. cit. p. 18-21.
31 C N. 1371.
32 Op. cit. p. 48.
33 Op. cit. p. 18.
34 Op. cit.
35 Op. cit.
36 തിരുഹൃദയദൂതൻ. പു. 3. ലക്കം 10

www.malankaralibrary.com

# അദ്ധ്യായം ൯.

## വൈദികസ്ഥാന മാഹാത്മ്യം.

"പൌരോഹിത്യത്തെപ്പററിയുള്ള അഭിനവചാക്രിക ലേഖനത്തിൽ പ. പിതാവു് പതിനൊന്നാം പീയൂസ്സ് മാർപ്പാപ്പാ പറയുന്നു. 'പൌരോഹിത്യം ആവശ്യമായ സ്ഥാപനമാണെന്നുള്ള ബോധം മനുഷ്യവർഗ്ഗത്തിനു എല്ലാക്കാലത്തും ഉണ്ടായിരുന്നു. ദൈവത്തിൻെറയും മനുഷ്യരുടെയും ഇടയ്ക്കു മദ്ധ്യസ്ഥരായിരിക്കുന്ന ഉദ്യോഗം വഹിക്കുന്നവരും, ആ മാദ്ധ്യസ്ഥകൃത്യത്തെ സ്വജീവിത ലക്ഷ്യമാക്കി അതിൻെറ നിർവഹണത്തിനു തങ്ങളെത്തന്നെ സമർപ്പിക്കുന്നവരും മനുഷ്യസമുദായത്തിൻെറ നാമത്തിൽ ദൈവത്തിനു പരസ്യമായി പ്രാർത്ഥനകളും ബലികളും അർപ്പിക്കാൻ തിരഞ്ഞെടുത്തു നിശ്ചയിക്കപ്പെട്ടവരുമായ ആളുകളെയാണ ഇവിടെ പുരോഹിതശബ്ദംകൊണ്ടു വിവക്ഷിക്കുന്നതു്. സാമൂഹ്യമായ നിലയിലും, ദൈവത്തിനു പരസ്യവും സംഘടിതവുമായ ആരാധന നൽകേണ്ടതു മനുഷ്യരുടെ കർത്തവ്യമാകുന്നു. ദൈവത്തെ തങ്ങളുടെ പരമനാഥനും ആദികാരണവുമായി അംഗീകരിന്നതിനും തങ്ങൾ പ്രാപിക്കേണ്ട അവസാനലക്ഷ്യമെന്ന നിലയിൽ അവിടത്തോടു അടുക്കുവാൻ ശ്രമിക്കുന്നതിനും, അവിടുത്തെ നേരെ കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനും, പാപപരിഹാരപ്രവൃത്തികൾ ചെയ്തു് അവിടത്തോടു മാപ്പപേക്ഷിക്കുന്നതിനും മനുഷ്യസമുദായത്തിനു ചുമതലയുണ്ടു്. വാസ്തവത്തിൽ ഏതെല്ലാം ജാതികളുടെ ആചാരത്തെക്കുറിച്ചു നമുക്കറിവുണ്ടോ അവരുടെയെല്ലാം ഇടയിൽ പുരോഹിതന്മാർ ഉണ്ടായിരുന്നതായി കാണാം. ഇതിനു വ്യത്യസ്ഥമുണ്ടെങ്കിൽ, അതു, മനുഷ്യപ്രകൃതിയുടെ ഏററവും പരിശുദ്ധമായ നിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ബലപ്രയോഗത്താൽ നിർബന്ധിതരായ ജാതികളുടെയിടയിൽ മാത്രമാണു്. അവർ വ്യാജദേവന്മാരുടെ ഉപാസകന്മാരായിരുന്നിരിക്കാ



www.malankaralibrary.com

മെന്നുള്ളതു ശരിതന്നെ. എങ്കിലും എവിടെയെല്ലാം ബലിപീഠങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ടോ, അവിടെയെല്ലാം പുരോഹിതന്മാരുണ്ടായിരിക്കയും അവരോടു ബഹുമാനവും വണക്കവും പ്രത്യേകവിധത്തിൽ പ്രകാശിപ്പിക്കുകയും ചെയ്തിട്ടുണ്ട്."

ഭൂലോകം മുഴുവനും നീ ചംക്രമണം ചെയ്യുന്നതായാൽ മററു പലേ പരിഷ്കാരങ്ങളില്ലാത്ത ജാതികളെ കാണ്മാൻ ഇടവരുമെങ്കിലും, ദൈവത്തിനു ബലിസമർപ്പിക്കാത്ത ഒന്നിനെ ഒരിക്കലും കാണുകയില്ല എന്നു പ്ളൂട്ടാർക്ക (Plutarch) പറഞ്ഞതുപോലെ, പുരോഹിതനോടു വണക്കവും ആദരവും കാണിക്കാത്ത ഒരു ജാതിയേയും കണ്ടുമുട്ടുന്നതല്ലായെന്നു തുല്യന്യായേന സമർത്ഥിക്കാവുന്നതാണ്. പൌരോഹിത്യത്തേക്കാൾ ഉൽകൃഷ്ടമായ ജോലി മനുഷ്യനു നൽകപ്പെട്ടിട്ടില്ലായെന്നും തോമസ്കാർലയ് (Thomas Carlye) പ്രസ്താവിക്കുന്നു.

മ്ശിഹായുടെ ശരീരം കൂദാശ ചെയ്യുന്നതിനേക്കാൾ ഉപരിഷ്ഠമായ ഒരു പ്രവൃത്തിയില്ലാത്തതുപോലെ പൌരോഹിത്യത്തേക്കാൾ ഉന്നതമായ വേറൊരു പദവിയുമില്ല എന്നു, മഹാനായ വി. അൽബത്തോസ് പറയുന്നു.[1] 'ക്രിസ്തുവിൻെറ ശരീരം കൂദാശ ചെയ്യുന്നതിൽപ്പരം മഹത്തരമായ ഒരു കൃത്യമില്ലെന്നു വി. തോമ്മാ അകിനാസ്സും പഠിപ്പിക്കുന്നുണ്ട്.[2] പ്രസ്താവിതജോലി സംബന്ധിച്ചിടത്തോളം മെത്രാനും വൈദികനും ഒരേ കിടയിൽ നിൽക്കുന്നുവെന്നാണ് 'മാനിംഗ്' പറയുന്നത്.[3] അപ്പവും വീഞ്ഞും മ്ശിഹായുടെ ശരീരവും രക്തവുമായി പകർത്തുകയും പാപം വിമോചിക്കയും ചെയ്യുന്നതിനാലത്രെ മെത്രാനും പട്ടക്കാരനും നിർമ്മല ജീവിതം നയിപ്പാൻ കടപ്പെട്ടിരിക്കുന്നതെന്നു വി. യോഹന്നാൻ ക്രിസോസ്തോം പറയുന്നു.[4] ദിവ്യരക്ഷകൻ അപ്പോസ്തോലന്മാരോടു 'ഇതു എൻെറ ഓർമ്മയ്ക്കായി ചെയ്യുവിൻ' എന്നാജ്ഞാപിച്ചപ്പോൾ, അവരെ, ബലി അർപ്പിക്കുന്നതിനുള്ള അധികാരത്തോടുകൂടിയ പുരോഹിതന്മാരാക്കിയെന്നുള്ളതു വിശ്വാസസത്യമാണ്.[5] തൻെറ ഉത്ഥാനാനന്തരം അവരുടെമേൽ നിശ്വസിച്ചുകൊണ്ടു 'നിങ്ങൾ റൂഹാദക്കുദ്ശായെ സ്വീകരിപ്പിൻ' എന്നരുളിച്ചെയ്തു



www.malankaralibrary.com

പ്പോൾ പാപവിമോചനാധികാരം അവക്ക് നൽകിയെന്നുള്ളതും വിശ്വാസസത്യമാകുന്നു.[6] ഈ അധികാരദ്വയത്തിൽ പൌരോഹിത്യം പരിപൂർണ്ണമായിരിക്കുന്നുവെന്നു നിശ്ചയിക്കാം. ഇങ്ങനെ ശ്ലീഹന്മാക്ക് മ്ശിഹായുടെ യഥാർത്ഥ ശരീരത്തിന്മേലും (real body) ജ്ഞാനശരീരമാകുന്ന (mystical body) വിശ്വാസികളുടെമേലും കർത്തവ്യം കൈവന്നിരിക്കുന്നു. എന്നാൽ ഈ അധികാരം– മ്ശിഹായുടെ ശരീരം ക്രൂദാശ ചെയ്യുന്നതിനും വിശ്വാസികളുടെ പാപം വിമോചിക്കുന്നതിനുമുള്ള അധികാരം– അപ്പോസ്തോലന്മാക്ക് ലഭിച്ചതു, ഇതുതന്നെ മററുള്ളവക്ക് കൈവെപ്പു വഴിയായി കൊടുക്കുന്നതിനുള്ള പ്രത്യേക വരത്തോടുകൂടിയാണ്. എന്തുകൊണ്ടെന്നാൽ അപ്പോസ്തോലന്മാക്ക് ലഭിച്ചതു സഭയെ ഭരിക്കുന്നതിനു പരിശുദ്ധാത്മാവിയാൽ സ്ഥാപിതമായ[7] മ്ശിഹായുടെ പൌരോഹിത്യം തന്നെയാണ്. അപ്പോസ്തോലന്മാർ ഈ അധികാരം രണ്ടു വിധത്തിലാണ് കൈവെപ്പുവഴിയായി മററുള്ളവക്ക് നൽകിയതു; ചിലക്ക് ഈ അധികാരം പൂർണ്ണമായി അതായതു് അതിനെ മററുള്ളവക്ക് കൊടുക്കുന്നതിനുള്ള വിശേഷ വരത്തോടുകൂടി നൽകി; മററു ചിലക്കാവട്ടെ ഒരു നിയന്ത്രണത്തോടുകൂടി അതായതു വൈദിക സ്ഥാനം ഇതരക്ക് പ്രദാനം ചെയ്യുന്നതിനുള്ള സവിശേഷ കർത്തവ്യംകൂടാതെ കൊടുത്തു. ഇവിടെ ആദ്യം കാണുന്നതു മെത്രാൻ പട്ടവും രണ്ടാമത്തതു വൈദികപട്ടവുമാകുന്നു. ശ്ലീഹന്മാർ ഗുരുപട്ടം അതിന്റെ പരിപൂർണ്ണതയിൽ സ്വീകരിച്ച മെത്രാന്മാരായിരുന്നു. മെത്രാനും വൈദികനും തമ്മിലുള്ള വ്യത്യാസം പട്ടത്തെ സംബന്ധിച്ചിടത്തോളം ഇതുമാത്രമാണ്; മെത്രാനു തന്റെ പൌരോഹിത്യം അന്യനു പ്രദാനം ചെയ്യാൻ അധികാരമുണ്ട്, വൈദികനു ആ അധികാരമില്ല. ഇതുകൊണ്ടാണ് വി. ജിറോം ഇപ്രകാരമെഴുതിയതു് "പട്ടം കൊടുക്കുന്നതൊഴിച്ചാൽ വൈദികൻ ചെയ്യാത്ത എന്താണ് മെത്രാൻ ചെയ്യുന്നതു്."[8] എന്നാൽ മെത്രാൻപദവി കൈവെപ്പിന്റെ ദിവ്യമായ ശക്തിയാൽതന്നെ വൈദിക സ്ഥാനത്തേക്കാൾ ശ്രേഷ്ഠമാണെന്നുള്ളതും സ്മൃത്തവ്യമത്രെ.

വൈദികൻ ക്രിസ്തുവിന്റെ ആചാര്യത്വത്തിൽ പങ്കു



www.malankaralibrary.com

പററുകയും, അദ്ദേഹത്തോടു അനുരൂപപ്പെടുകയുംചെയ്യുന്നുവെന്നും, വൈദികൻെറ സാക്ഷാത്തായ ഉദ്യോഗം ദൈവത്തിനും ജനത്തിനും മദ്ധ്യേ നിന്നു, ദിവ്യമായവ ജനത്തിനു കൊടുക്കുകയാണെന്നും വി. തോമ്മാ അക്വീനാസ് പറയുന്നു. 9 ക്രിസ്തുവിൻെറ ആചാര്യത്വം എന്താകുന്നു? നമ്മുടെ മനുഷ്യത്വത്തെ നിത്യപിതാവിനു സമപ്പിച്ചുകൊണ്ടു, ലോകോദ്ധാരണാത്ഥം, ക്രിസ്തു വരിച്ച ഒരുദ്യോഗമാകുന്നു തൻെറ പൌരോഹിത്യം. താൻ ബലിപീഠവും ബലിസാധനവും അപ്പകനായ ആചാര്യനുമാകുന്നു. മെൽക്കിസദേക്കിൻെറ ക്രമപ്രകാരമുള്ള നിത്യപൌരോഹിത്യമാകുന്നു തൻെറത്.

മ്ശിഹായുടെ പൌരോഹിത്യം ഏകവും നിത്യവും സാർവ്വത്രികവുമാകയാൽ പുതിയനിയമത്തിൽ അഭിഷിക്തരാകുന്ന പട്ടക്കാരേവരും തന്നോടുകൂടി ഒന്നാകുകയും തൻെറ പൌരോഹിത്യത്തിൽ ഓഹരിക്കാരായിത്തീരുകയും ചെയ്യുന്നുവെന്നു വി. അക്വീനാസ് സാക്ഷിക്കുന്നു. പാപപരിഹാരാർത്ഥം രണ്ടു ബലികൾ ഇല്ലാത്തതുപോലെ രണ്ടു പൌരോഹിത്യവുമില്ല. ഗാഗുൽത്തായിലെ കരിശുബലി ലോകത്തെ എന്നേയ്ക്കുമായി വീണ്ടെടുത്തു രക്ഷിച്ചിരിക്കുന്നു; അതു അനുസ്യൂതമായി ആകാശത്തിലും ഭൂമിയിലും അപ്പിക്കപ്പെടുന്നുണ്ടു്. സ്വർഗ്ഗത്തിൽ അതുനിത്യബലിപീഠത്തുംകൽ ഏക പുരോഹിതനായ മ്ശിഹായാൽ അപ്പിക്കപ്പെടുന്നു, ഭൂമിയിലാകട്ടെ അതു തൻെറ പൌരോഹിത്യത്തിൽ പങ്കാളികളായ പുരോഹിതന്മാരാൽ യുഗാന്തരങ്ങൾതോറും അപ്പിക്കപ്പെടുന്നു. ഭൂമിയിലെ ഈ പുരോഹിതന്മാർ വെറും പ്രതിപുരുഷന്മാർ മാത്രമല്ല. അവർ സമപ്പിക്കുന്ന ബലിവസ്തു മ്ശിഹായുടെ യഥാത്ഥശരീരവും രക്തവുമായിരിക്കുന്നതുപോലെ, അവരുടെ പൌരോഹിത്യവും മ്ശിഹായുടെ പൌരോഹിത്യം തന്നെയാകുന്നു.

എന്നാൽ പുതിയനിയമപുരോഹിതൻ ക്രിസ്തുവിൻെറ പ്രതിഛായക്രുടിയാണെന്നു മുമ്പു പറഞ്ഞുവല്ലോ. ഈ പ്രതിഛായ എങ്ങിനെ സംസിദ്ധമാകുന്നു? അതുപട്ടമെന്ന കൂദാശ ആത്മാവിൽ പതിക്കുന്ന മുദ്ര (Character) വഴിയായിട്ടത്രെ; മുദ്രയിടപ്പെട്ട നൂററിനാല്പത്തിനാലായിരം' എന്നു വെളിപാടിൻെറ പുസ്തക



www.malankaralibrary.com

ത്തിൽ കാണുന്നതുപോലൊരു അലങ്കാരപ്രയോഗം മാത്രമാണിത്. പൌരോഹിത്യം പ്രകാശം വഴിയായിട്ട ബുദ്ധിയിലും സ്നേഹംവഴിയായിട്ട മനസ്സിലും പ്രവർത്തിക്കുന്നുവെന്നാണ മുദ്രപതിക്കുന്നു എന്നതിന്റെ സാരം. പരിശുദ്ധമാക്കുന്നവനും പ്രകാശം കൊടുക്കുന്നവനുമായ റൂഹാദക്കുദശായുടെ പ്രവൃത്തിയാണ ഈ മുദ്രണംകൊണ്ട സദൃശീകരിക്കപ്പെടുന്നത്.

ആത്മാവിൽ മുദ്ര പതിക്കുന്ന കൂദാശകൾ മൂന്നാകുന്നു; അവ മാമ്മോദീസായും മൈലേഖലേപനവും പട്ടവുമാണ്. രക്ഷപെട്ടാലും, ശിക്ഷപെട്ടാലും ശരി, ഈ മുദ്ര ആത്മാവിൽ എന്നേയ്ക്കുമുണ്ടായിരിക്കും. കൂദാശാപരമായ ഇഷ്ടപ്രസാദത്തിന്റെ ഉറവ മുദ്രയാകുന്നുവെന്നു സെൻറു തോമ്മസ് പറയുന്നു.[10] മാമ്മോദീസാ ദൈവത്തിന്റെ പുത്രനായി ജീവിക്കുന്നതിനും, മൈലേഖലേപനം ആവശ്യപ്പെട്ടാൽ രക്തം ചൊരിഞ്ഞും മ്ശിഹായുടെ ധീരയോദ്ധാവെന്നോണം പോരാടുന്നതിനും പര്യാപ്തമായ കെൽപ്പു പ്രദാനം ചെയ്യുന്നു. ഇതുപോലെ വൈദികജീവിതത്തിന്റെ കടമകളെ ശിരസാവഹിക്കുന്നതിനും അതിൽ നേരിടുന്ന നാനാമുഖങ്ങളായ പരീക്ഷകളോടും പ്രലോഭനങ്ങളോടും വിപത്തുകളോടും എതിർക്കുന്നതിനു മതിയായ ഇഷ്ടപ്രസാദവും ആത്മീയപ്രകാശവും ബലവും നിക്ഷിപ്തമായിരിക്കുന്നു പൌരോഹിത്യത്തിന്റെ മുദ്രയിൽ. വൈദികാവസ്ഥയുടെ കൈവെപ്പോടുകൂടി ദീർഘദർശനത്താൽ നിനക്കു തരപ്പെട്ടതായി നിന്നിലുള്ള അനുഗ്രഹത്തെ നീ അലക്ഷ്യമാക്കരുത്[11] എന്ന വാക്കുകളാൽ വി. പൌലോസ് തിമാത്തേയൂസിനെ ഈ ഇഷ്ടപ്രസാദത്തെക്കുറിച്ചാണ അനുസ്മരിപ്പിച്ചത്.

പഴയനിയമം പുതിയനിയമത്തിന്റെ നിഴൽമാത്രമായിരുന്നല്ലൊ. എന്നാൽ പഴയനിയമത്തിലെ പുരോഹിതന്മാരേ തിരഞ്ഞെടുക്കുന്നതു സംബന്ധിച്ച എത്ര വലിയ സൂക്ഷ്മവും ശ്രദ്ധയുമാണ വിശുദ്ധ ലിഖിതത്തിൽ നാം കാണുന്നത്. പുരോഹിതവൃത്തിയിൽ എനിക്ക ശുശ്രൂഷ ചെയ്യുന്നതിനു നീ നിന്റെ സഹോദരനായ അഹറോനെയും അവന്റെ പുത്രന്മാരേയും ഇസ്രായേൽ മക്കളിൽനിന്നു തിരഞ്ഞെടുക്കുക.[12] തദനന്തരം അഹറോനും സ്വത



www.malankaralibrary.com

ന്മാരും ധരിക്കേണ്ട തിരുവസ്ത്രങ്ങളെപ്പററി പരിപൂൎണ്ണമായ വൎണ്ണന കാണുന്നു. ഈ വസ്ത്രവിശേഷങ്ങൾ അവരുടെ സൌന്ദൎയ്യത്തിന്റേയും മഹിമയുടേയും മാററു വൎദ്ധിപ്പിച്ചു. 'നീ ഒരു സ്വൎണ്ണത്തകിടുണ്ടാക്കി, അതിന്മേൽ 'കൎത്താവിന്റെ പരിശുദ്ധൻ' എന്നു കൊത്തി, അഹറോന്റെ തൊപ്പിയുടെ മുൻവശത്ത് നെററിത്തടത്തിനു മീതെയായി തൂക്കണം. നീ അഹറോനേയും അയാളുടെ പുത്രന്മാരേയും വാഗ്ദാനപെട്ടകത്തിന്റെ വാതുക്കൽ കൊണ്ടുവന്ന് വെള്ളംകൊണ്ടു കഴുകണം. പിന്നീടു അഭിഷേകത്തൈലമെടുത്തു അവന്റെ ശിരസ്സിൽ ഒഴിച്ച് അവനെ പൂശണം. അവന്റെ സുതന്മാരേയും കൊണ്ടുവന്ന് അങ്കി ധരിപ്പിച്ച് അരക്കെട്ടു കെട്ടണം. അവരുടെ തലയിൽ തൊപ്പി വയ്ക്കണം. അവർ നിത്യനിയമം വഴിയായി എന്റെ പുരോഹിതന്മാരായിരിക്കും. 13 ഏഴുദിവസത്തേയ്ക്കു നീ അവരുടെ കൈകളെ അഭിഷേകം ചെയ്യണം. 14 ഇതിനുശേഷം അഹറോനും മൂശയും കൂടാരത്തിൽ പ്രവേശിച്ചു; പിന്നീടു പുറത്തു വന്നു ജനങ്ങളെ ആശീർവദിച്ചു. കൎത്താവിന്റെ മഹിമ ജനക്കൂട്ടത്തിൽ കാണപ്പെട്ടു; അപ്പോൾ കൎത്താവിൽ നിന്നു അഗ്നി ഇറങ്ങി ബലി സാധനത്തേയും അൾത്താരയിലെ കൊഴുപ്പിനേയും ഗ്രസിച്ചു. ജനൌഘം ഇതു കണ്ടപ്പോൾ സാഷ്ടാംഗപ്രണാമം ചെയ്തു കൎത്താവിനെ സ്തുതിച്ചു. 15

പഴയ നിയമത്തിലെ പുരോഹിതന്മാർ ഇതേവിധമത്രെ വാഴിക്കപ്പെട്ടതു്. അഹറോന്റെ സന്തതികൾക്കല്ലാതെ മററാൎക്കും വൈദികവൃത്തിയിൽ പ്രവേശിപ്പാൻ പാടുണ്ടായിരുന്നില്ല. പുരോഹിതനല്ലാത്ത ഒരുവനും തിരുവസ്ത്രം ധരിപ്പാനോ മദ്ബഹായിങ്കൽ സമീപിപ്പാനോ അനുവാദമുണ്ടായിരുന്നില്ല. 'ഓസ്സാ' വാഗ്ദാനപെട്ടകം മറിഞ്ഞുവീഴാൻ ഭാവിച്ചപ്പോഴാണു പിടിച്ചതെങ്കിലും ദൈവം അവനെ അപ്പോഴെ നിഗ്രഹിച്ചു കളഞ്ഞു. ലേവിഗോത്രത്തിൽ തന്നെ ഒരു തരംതിരിവു ചെയ്താണ് അഹറോന്റെ വംശത്തെ പൌരോഹിത്യജോലിക്കെടുത്തതെന്നുള്ളതും നാം ഓൎക്കേണ്ടതാണ്. ഇതിൽനിന്നെല്ലാം വിശദമാകുന്നതു പഴയനിയമത്തിലെ ആചാൎയ്യൻ ഒരു സാധാരണ മനുഷ്യനായിരുന്നില്ലെന്നാണല്ലൊ.



www.malankaralibrary.com

തിരുവസ്ത്രങ്ങൾ അയാൾക്കു യോഗ്യത നൽകി, അയാളുടെ ഹസ്ത ങ്ങളും ശിരസ്സും ശുദ്ധ തൈലത്താൽ സുരഭിലമാക്കപ്പെട്ടിരുന്നു. ആകാശത്തിൽനിന്നു പൊട്ടുന്നനെ വീണു്, വാഗ്ദാനപെട്ടകവി നാശംവരെ ജ്വലിച്ചുകൊണ്ടിരുന്ന അഗ്നി, അഹറോൻെറ പൌ രോഹിത്യത്തിനു ലഭിച്ച അംഗീകരണത്തിൻെറ പ്രത്യക്ഷ ലക്ഷ്യ മായിരുന്നു.

എന്നാൽ ക്രിസ്തീയ പൌരോഹിത്യത്തിനു സമക്ഷം അഹ റോൻെറ പൌരോഹിത്യമെന്തു്? 'ഇവർ (പഴയനിയമപുരോഹി തന്മാർ) സ്വർഗ്ഗീയങ്ങളുടെ സാദൃശ്യവും ഛായയുമായവയെ ശു ശ്രൂഷിക്കുന്നു.' 16 ക്രിസോസ്റ്റോമ്മസ് പുണ്യവാൻ ഈ വാക്യത്തിനു നൽകുന്ന ഭാഷ്യം ഇപ്രകാരമാണു്. "ലേവിഗോത്രക്കാരുടെ ആചാ ര്യത്വം നമ്മുടെ ആചാര്യത്വത്തിൻെറ നിഴൽ മാത്രമെയായിരുന്നു ള്ളു. നമ്മുടെ ആചാര്യത്വത്തെ അപ്പോസ്തോലൻ സ്വർഗ്ഗീയമെന്നു സംബോധനം ചെയ്യുന്നു, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗീയമായ ഒരു ബലിസാധനം അതായതു ക്രിസ്തുശരീരമാണു നമുക്കുള്ളതു്. ദാൻ മൂലം നമ്മുടെ ബലിസമയം സ്വർഗ്ഗവാസികളായ ദൈവദൂതന്മാർ ഹാജരുണ്ടായിരിക്കുന്നു. സ്വർഗ്ഗീയ ദാനങ്ങളാണു നമ്മുടെ അപേ ക്ഷാവിഷയം, സ്വർഗ്ഗം നമുക്കു തുറക്കപ്പെടുന്നു. ആകയാൽ സ്വർഗ്ഗീ യമായ ഒരു ജീവിതം തൻെറ ശുശ്രൂഷകന്മാരിൽനിന്നു ദൈവം ആവശ്യപ്പെടുന്നു." മെൽക്കിസദെക്കിൻെറ പൌരോഹിത്യം ലേവി പൌരോഹിത്യത്തേക്കാൾ ശ്രേഷ്ഠമായിരുന്നുവെന്നു വി. പൌലോ സ് പലേ ന്യായങ്ങളാൽ തെളിയിക്കുന്നുണ്ടു്. എബ്രായക്കാർക്കുള്ള ലേഖനം ഈ സംഗതി വിശദമാക്കുന്നതിനു വിരചിതമായിരുന്നു വോ എന്നു തോന്നുമാറു്, അതിൽ ഇതു അത്രയ്ക്കു പ്രകടമായി പ്ര സ്താവിക്കപ്പെട്ടിരിക്കുന്നു. അബ്രാഹം മെൽക്കിസദേക്കിനു ദശാംശം കൊടുത്തു. അബ്രാഹത്തിൽ ലേവിപൌരോഹിത്യവും മെൽക്കിസ ദെക്കിൽ ക്രിസ്തുവിൻെറ പൌരോഹിത്യവുമാണു അപ്പോസ്തോലൻ കാണുന്നതു്. അദ്ദേഹം പറയുന്നു 'എന്നാൽ തൻെറ വംശാവലി അവരിൽ എണ്ണപ്പെടാതെയുള്ളവൻ അബ്രാഹത്തിൽനിന്നും ദശാം ശം വാങ്ങുകയും വാഗ്ദത്തങ്ങൾ ഉള്ളവനെ ആശീർവദിക്കുയും



www.malankaralibrary.com

ചെയ്യു. ആകയാൽ യാതൊരു മറുതലയും കൂടാതെ ചെറിയതു
ഗുണമേറിയതിനാൽ അശീർവദിക്കപ്പെടുന്നു. 17 അതുകൊണ്ടു
പൂർണ്ണത ലേവിയ പൌരോഹിത്യത്താൽ ആയിരുന്നെങ്കിൽ (എന്തെ
ന്നാൽ അതിൻെറ കീഴത്രെ ജനത പ്രമാണം പ്രാപിച്ചതു്.) അഹ
റോൻെറ ക്രമപ്രകാരമെന്നു പറയപ്പെടാതെ മെല്ക്കിസദെക്കിൻെറ
ക്രമപ്രകാരം മററൊരു പുരോഹിതൻ പുറപ്പെടുന്നതു എന്തു
കൊണ്ടു് വീണ്ടും ആവശ്യകമായി. 18 എന്തുകൊണ്ടെന്നാൽ നീ
മെൽക്കിസദെക്കിൻെറ ക്രമപ്രകാരം നിത്യം പുരോഹിതനാകുന്നു
വെന്നു സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. 19 ലേവിപൌരോഹിത്യം
താല്ക്കാലികവും മെൽക്കിസദെക്കിൻേറതു നിത്യവുമായിരുന്നു. ക്രിസ്തു
വിൻെറ പൌരോഹിത്യം ലേവിയുടേതല്ല, പിന്നയോ മെൽക്കിസ
ദെക്കിൻെറതത്രെ. പുതിയനിയമപൌരോഹിത്യം ക്രിസ്തുവിൻേറതാ
ണല്ലോ, ആകയാൽ അതു എല്ലാംകൊണ്ടും ഉൽകൃഷ്ടകോടിയിൽ
സ്ഥിതി ചെയ്യുന്നു.

വൈദികനു ക്രിസ്തുവിൻെറ യഥാർത്ഥശരീരത്തിന്മേൽ അധികാരമുണ്ടെന്നു ഉപരി പ്രസ്താവിച്ചുവല്ലൊ. പട്ടമുള്ളവനേ, തിരുശ്ശരീരരക്തങ്ങൾ കൂദാശ ചെയ്യാൻ പാടുള്ളൂ. ഏവംവിധം വെറും ഗോതമ്പപ്പവും വീഞ്ഞും മ്ശിഹായുടെ ശരീരവും രക്തവുമായി പകർത്തുക എത്ര വിസ്മയാവഹമായ കൃത്യമാണ്. ഈ ഒരേക ജോലി തന്നെ ആചാര്യപദത്തിനു വാചാംവിദൂരമായ മാഹാത്മ്യവും പ്രാഗത്ഭ്യവും പ്രദാനം ചെയ്യുന്നു. ദൈവജനനിയായ പരിശുദ്ധ കന്യകയോടും വളർത്തുപിതാവായ വി. യൌസേപ്പിനോടും പട്ടക്കാരനു സാമ്യമുണ്ടു്. പരിശുദ്ധ കന്യക ദൈവസുതനെ ഗർഭം ധരിച്ചു പ്രസവിച്ചു; തന്നിമിത്തം ദൈവവചനത്തോടു ഗാഢഗാഢം ബന്ധിക്കപ്പെട്ടിരിക്കുന്നു. പട്ടക്കാരനാവട്ടെ ഇതേവചനത്തെ തന്നെ അൽത്താരയിൽ വിളിച്ചുവരുത്തുന്നു. ദിവസംതോറും പരിശുദ്ധകന്യക ഉണ്ണിഈശോയെ ഭുജങ്ങളിൽ വഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുതുപോലെ വൈദികൻ ക്രിസ്തുശരീരത്തോടു വർത്തിക്കുന്നു. യൌസേപ്പുപുണ്യവാൻ ഉണ്ണിമ്ശിഹായുടെ വളർത്തുപിതാവും പാലകനുമായിരുന്നതുപോലെ പട്ടക്കാരൻ സക്രാരി



www.malankaralibrary.com

യിൽ നിക്ഷിപ്തമായിരിക്കുന്ന വിശുദ്ധ കുർബാനയുടെ സൃഷ്ടിപ്പുകാരനാകുന്നു. വി. ലോറൻസ് ജൂസ്റ്റീനിയൻ പറയുന്നതു കേട്ടാലും! 'പട്ടക്കാരുടെ അധികാരം എത്ര വിപുലം! അവരുടെ അധരങ്ങളിൽനിന്നു ഒരു വാക്കു വീഴുന്ന ക്ഷണത്തിൽ അപ്പത്തിൻെറ സാധനം ക്രീസ്തുശരീരമായി പകരുകയും സ്വർഗ്ഗത്തുനിന്നിറങ്ങിയ ദൈവവചനം യഥാർത്ഥമായി അൾത്താരയിൽ സന്നിഹിതനാകുകയും ചെയ്യുന്നു. ദൈവം എത്ര കാരുണ്യവാനായാലും മാലാഖാമാർക്കിപ്രകാരമൊരധികാരം കൊടുത്തിട്ടില്ല. മാലാഖാമാർ ദൈവകല്പനാനുസരണം വ്യാപരിക്ക മാത്രമെ ചെയ്യുന്നുള്ളു; പുരോഹിതന്മാരോ എന്നാൽ ദൈവത്തെ തങ്ങളുടെ കരങ്ങളിൽ എടുക്കുകയും തങ്ങൾതന്നെ അവനെ ഭക്ഷണസാധനമെന്നോണം ഭുജിക്കുകയും ചെയ്യുന്നു. [20]

പ്രപഞ്ചം സൃഷ്ടിക്കുന്നതിനു ഒരു വാക്കു പറയേണ്ടയാവശ്യമേയുണ്ടായിരുന്നുള്ളു ദൈവത്തിനു. 'അവൻ സംസാരിച്ചു അവ ഉണ്ടാക്കപ്പെടുകയും ചെയ്തു.' [21] ഇതു എൻെറ ശരീരമാകുന്നു എന്നു പറയുന്ന ക്ഷണത്തിൽ, അപ്പം മ്ശിഹായുടെ ശരീരമായി പകരപ്പെടുന്നു. ആകയാൽ സ്യാനായിലെ വി. ബെർണ്ണർദയിൻ, (St. Bernardine of siena) പറയുന്നു. പട്ടക്കാരൻെറ ശക്തി ദൈവത്തിൻെറ ശക്തിപോലെയാണു്, എന്തെന്നാൽ അപ്പത്തിൻെറ വസ്തുഭേദത്തിൽ ലോകസൃഷ്ടിക്കു സമാനമായ ഒരു ശക്തി പ്രയോഗിക്കപ്പെടുന്നുണ്ട്. ഹിപ്പോയിലെ മെത്രാനായ വി. അഗുസ്തീനോസ്സിൻെറ വാക്കുകൾ ഇതിലും ഹൃദയസ്പൃക്കുകളാണു്. അദ്ദേഹം പറയുന്നു. 'ഓ! കരങ്ങളുടെ വന്ദനീയമായ പാവനത! ഓ! ഭാഗ്യകരമായ ജോലി! എന്നെ സൃഷ്ടിച്ചവൻ, അവനെ സൃഷ്ടിക്കുന്നതിനു (അങ്ങനെ പറവാൻ പാടുണ്ടെങ്കിൽ) എനിക്കു ശക്തി തന്നു. എന്നെക്കൂടാതെ എന്നെ സൃഷ്ടിച്ചവൻ ഞാൻ വഴിയായി തന്നെത്താൻ സൃഷ്ടിക്കുന്നു. [22] ദൈവത്തിൻെറ വാക്കു ആകാശത്തേയും ഭൂമിയേയും സൃഷ്ടിച്ചതുപോലെ പട്ടക്കാരൻെറ വാക്കുകൾ ഈശോമ്ശിഹായെ സൃഷ്ടിക്കുന്നുവെന്നു വി. ജിറോം പറയുന്നു. 'ദൈവത്തിൽനിന്നൊരടയാളമുണ്ടായപ്പോൾ ഇല്ലായ്മയിൽനിന്നു സുമനോ



www.malankaralibrary.com

ഹരമായ ആകാശത്തട്ടും അനന്ത വിസ്തൃതമായ ഭൂമിയും അസ്തിക്യം പ്രാപിച്ചു; എന്നാൽ പുരോഹിതൻെറ വിസ്മാപകങ്ങളായ വചനങ്ങൾ മൂലം പ്രകടിതമാവുന്ന ശക്തിയും ഇതിൽ ഒട്ടും കുറവല്ല. 'ഇതു എൻെറ ശരീരമാകുന്നു'വെന്നുള്ളതിനു 'പ്രകാശമുണ്ടാകട്ടെ' എന്നതുമാത്രമെ കിടനിൽക്കുകയുള്ളുവെന്നു മാനിംഗ് പറയുന്നു. നിത്യപിതാവായ ദൈവത്തിനു അർപ്പിക്കപ്പെടാൻ പോകുന്ന ഒരു ബലിസാധനമെന്നോണംപോലും ഈശോമ്ശിഹായെ വാഴ്ത്തുമാറു, പട്ടക്കാരൻെറ യോഗ്യത അത്രയ്ക്കു മഹത്തരമായിരിക്കുന്നുവെന്നു വി. ലിഗോരി പറയുന്നു. ഫാദർ മാൻസി എഴുതുന്നു. 'ദിവ്യപൂജയിൽ യേശുമ്ശിഹാ പ്രധാന കാർമ്മികനും ബലിസാധനവുമാകുന്നു, കാർമ്മികൻ എന്ന നിലയിൽ താൻ പട്ടക്കാരനെ വാഴ്ത്തുന്നു, എന്നാൽ പട്ടക്കാരനാൽ വാഴ്ത്തപ്പെടുന്ന ബലിസാധനമെന്ന നിലയിൽ'.

ഗബ്രിയേൽദൈവദൂതൻ പരിശുദ്ധ കന്യകമറിയത്തോടു പറഞ്ഞു, 'പരിശുദ്ധാത്മാവ് നിന്നിൽ വരും, അത്യുന്നതൻെറ ശക്തി നിന്നിൽ നിഴലിക്കും, ആകയാൽ നിന്നിൽനിന്നു പിറക്കാനിരിക്കുന്നവൻ ദൈവപുത്രനെന്നു വിളിക്കപ്പെടും.'[23] ഇതിനു കന്യകമറിയം ഇങ്ങനെ ഉത്തരിച്ചു. 'ഇതാ! കർത്താവിൻെറ ദാസി, നിൻെറ വചനംപോലെ എനിക്കു ഭവിക്കട്ടെ.'[24] ഉത്തരക്ഷണത്തിൽ ത്രിത്വത്തിൻെറ രണ്ടാമത്തെ ആളായ പുത്രൻ കന്യകാമറിയത്തിൻെറ ഉദരത്തിൽ ആത്മാവുസഹിതമൊരു ശരീരമെടുത്ത് മർത്ത്യാവതാരം ചെയ്തു. പട്ടക്കാരൻെറ ബലി വഴിയായി മദ്ബഹായിൽ നടക്കുന്നതു ഇതേ മനുഷ്യാവതാരത്തിൻെറ ഒരു ആവർത്തനം മാത്രമാണ്. ഫാദർ ഫേബർ (Fr. Faber) എഴുതുന്നു. 'കന്യാസ്ത്രീമറിയം "നിൻെറ വചനംപോലെ എനിക്കു ഭവിക്കട്ടെ" എന്ന അഞ്ചു വാക്കുകൾ ഉച്ചരിച്ചപ്പോൾ തൻെറ ഉദരത്തിൽ ദൈവസുതൻ മനുഷ്യനായി അവതരിച്ചു; ഇതേവിധം, ബലി സമർപ്പിക്കുന്ന പട്ടക്കാരൻ, "എന്തുകൊണ്ടെന്നാൽ ഇത് എൻെറ ശരീരം ആകുന്നു" എന്ന അഞ്ചു വാക്കുകൾ ഉച്ചരിക്കുമ്പോൾ അൾത്താരയിൽ അപ്പം മ്ശിഹായുടെ ശരീരമായി പരിവർത്തനംചെ



www.malankaralibrary.com

ശ്ശുന്നു.' [25] ആകയാൽ വി. അഗ്ഗസ്റ്റീനോസ്സ് പറയുന്നു. 'കന്യകയുടെ ഉദരത്തിലെന്നോണം അവരുടെ കരതലത്തിൽ ദൈവപുത്രൻ മനുഷ്യാവതാരം ചെയ്യുന്ന ആ വൈദികരുടെ സ്ഥാനമഹത്വം എത്ര വന്ദനീയം.' [26]

പട്ടക്കാരൻെറ കത്തവ്യം ക്രിസ്തുവിൻെറ ജ്ഞാനശരീരമാകുന്ന വിശ്വാസികളിലും വ്യാപ്തമായിരിക്കുന്നു. അവക്കു പാപവിമുക്തി നൽകുന്നതിനും അവരെ ഭരിച്ചു നടത്തുന്നതിനും ദൈവത്താൽ നിയുക്തൻ വൈദികനല്ലാതെ മററാരുമല്ല. എന്തൊരു വിസ്മയാവഹമായ അധികാരം! ഈ അധികാരം പ്രയോഗിച്ചു, പാപച്ചെളിയിൽ അണ്ടുകിടക്കുന്ന എത്രപേരെയാണ് വൈദികൻ വെൺമഞ്ഞുപോലെ വെള്ളപ്പിക്കുന്നതു്. ശരീരത്തിൻെറ ഒരു രോഗം പെട്ടെന്നു മാറിയാൽ നാം അത്ഭുതപ്പെടുന്നു, എന്നാൽ പട്ടക്കാരൻെറ വാക്കുകളുടെ ശക്തി നിമിത്തം ആത്മാവിൽ പെട്ടെന്നു വരുന്ന മാററം ആർ കണ്ടു? ഏശയ്യാ ദീഘദശി പറയുന്നു. 'നിൻെറ പാപങ്ങൾ പരവതാനിപോലെ ആയിരുന്നാൽ മഞ്ഞുപോലെ അവ വെള്ളപ്പിക്കപ്പെടും, അവ പട്ടുപോലെ ചുവന്നതാണെങ്കിൽ ആട്ടിൻരോമം കണക്കെ ധവളീകരിക്കപ്പെടും'. [27]

പാപവിമോചനത്തിനു ദൈവത്തിൻെറ സവ്വശക്തിതന്നെ പ്രയോഗിക്കപ്പെടേണ്ടിയിരിക്കുന്നു. സവ്വവല്ലഭനായ ദൈവത്തിനല്ലാതെ ദൈവദൂതനൊ ദൈവജനനിക്കുപോലുമൊ പാപം പൊറുക്കാൻ പാടില്ല. ദൈവത്തിൻെറ സവ്വശക്തിതന്നെയാണു ബലഹീനനും പ്രലോഭനവശഗനുമായ പട്ടക്കാരനു നൽകപ്പെടുന്നതു്. 'ഞാൻ നിൻെറ പാപങ്ങളിൽനിന്നു നിന്നെ വിമോചിക്കുന്നു' എന്നു വൈദികൻെറ ചുണ്ടുകൾ ഉച്ചരിക്കുമ്പോൾ ദൈവത്തിൻെറ അപ്രതിഹതശക്തിയാണു പ്രവത്തിക്കുന്നതു്. 'ദിവ്യരക്ഷകൻ ഇപ്പോൾ ഒരു പള്ളിയിലെഴുന്നെള്ളി ഒരു കുമ്പസാരക്കൂട്ടിൽ ഇരുന്നു് 'ഞാൻ നിൻെറ പാപങ്ങളിൽ നിന്നു നിന്നെ വിമോചിക്കുന്നു' എന്നു ഒരു അനുതാപിയോടു പറയുകയും, ഒരു സാധുവൈദികൻ അതേ പള്ളിയിൽതന്നെ വേറൊരു കുമ്പസാരക്കൂട്ടിൽ ഇരുന്നു് അതേമൊഴികൾ തന്നെ പാപിയുടെമേൽ ഉച്ച



www.malankaralibrary.com

രിക്കയും ചെയ്താൽ ഫലം രണ്ടിടത്തും ഒരേവിധത്തിലായിരിക്കമെന്നു വി. അൽഫോൻസ് ലിഗോരി പ്രസ്താവിക്കുന്നു. [28] പാപിയെ വിമോചിക്കുന്ന വൈദികനോട് മ്ശിഹാ താഴെക്കാണുംവിധമായിരിക്കും പറയുന്നതെന്നു കർദ്ദിനാൾ ഹ്യൂഗോ അഭ്യൂഹിക്കുന്നു. 'ആകാശവും ഭൂമിയും ഞാൻ സൃഷ്ടിച്ചു, എന്നാൽ ഇതിലും ഉൽകൃഷ്ടമായ ഒരു സൃഷ്ടി നടത്തുന്നതിനു ഞാൻ നിനക്കനുവദിക്കുന്നു, പാപത്തിൽ ഇരിക്കുന്ന ഈ ആത്മാവിനെ ഒരു പുതിയ ആത്മാവാക്കുക, എൻെറ വാക്കനുസരിച്ചു ഭൂമി എല്ലാവക ഫലങ്ങളും പുറപ്പെടുവിച്ചു, ആത്മാവിൽ നിന്നു പുണ്യത്തിൻെറ ഫലങ്ങൾ വിളയിക്കുന്നതിനുള്ള ശക്തി ഞാൻ നിനക്കു തന്നിരിക്കുന്നു.'

ഇഷ്ടപ്രസാദമില്ലാത്ത മനുഷ്യൻ ശുഷ്കദ്രുമസമാനമാണ്, വൈദികൻെറ വചശ്ശക്തി നിമിത്തം അതു സങ്കീർത്തനക്കാരൻ പറയുംവണ്ണമുള്ള വെള്ളപ്പാച്ചിലിനു സമീപെ നിൽക്കുന്ന വൃക്ഷമായി പരിണമിക്കുന്നു. ഒരു പാപിഷ്ഠനെ പവിത്രീകരിക്കുക, ആകാശവും ഭൂമിയും സൃഷ്ടിക്കുന്നതിൽ മഹത്തരമായ കൃത്യമാണെന്നാണ് വി. അഗുസ്തിനോസ്സിൻെറ മതം; ദൈവമെ! വെടിപ്പുള്ള ഹൃദയത്തെ എന്നിൽ സൃഷ്ടിക്കണമെ; [29] എന്നാണല്ലൊ രാജപ്രവാചകൻെറ ഗാനം. ഇവിടെ 'സൃഷ്ടിക്ക' എന്ന പദം ഉപയോഗിച്ചിരിക്കുന്നതിൽ വളരെ അൎത്ഥമുണ്ടെന്നും, ലോകത്തെ ഇല്ലായ്മയിൽനിന്നു സൃഷ്ടിക്കുന്നതുപോലുള്ള ഒരു സൎവ്വശക്തിപ്രയോഗമാണ് വഷളായ ഹൃദയത്തെ വെടിപ്പാക്കുന്നതിനുവേണ്ടിയിരിക്കുന്നതെന്നും അതെ വിശുദ്ധൻതന്നെ അഭിപ്രായപ്പെടുന്നു. [30]

പട്ടക്കാരനിൽ മ്ശിഹായുടെ പ്രാതിനിദ്ധ്യം മാത്രമല്ല, തൻെറ വ്യക്തിത്വംകൂടിയും ഒരു പ്രത്യേകവിധത്തിൽ സ്ഥിതിചെയ്യുന്നു. ഇതുകൊണ്ടാണു മഹാനായ വി. ഗ്രിഗോരിയോസ്സ് മാർപ്പാപ്പാ, പട്ടക്കാരനെ വേറൊരു 'മ്ശിഹാ' (Alter Christus) എന്നു വിളിച്ചിരിക്കുന്നത്. [31] ക്യൂരെ ദി ആർസ് എന്നറിയപ്പെടുന്ന വി. യോഹന്നാൻ വിയാന്നി പറയുന്നു 'പട്ടക്കാരൻ പാപം പോക്കുമ്പോൾ ദൈവം നിന്നെ വിമോചിക്കട്ടെ എന്നു പറയുന്നില്ല, പിന്നെയൊ ഞാൻ നിന്നെ വിമോചിക്കുന്നു എന്നത്രെ പറയുന്നത്.



www.malankaralibrary.com

അതേപ്രകാരംതന്നെ ക്രൂദാശമൊഴികൾ ഉച്ചരിക്കുമ്പോൾ 'ഇതു കർത്താവിന്റെ ശരീരമാകുന്നു' എന്നല്ല, ഇതു എന്റെ ശരീരമാകുന്നു എന്നാണു് പറയുന്നതു്. പട്ടമെന്ന ക്രൂദാശ ഇല്ലായിരുന്നെങ്കിൽ നമുക്കൊരിക്കലും നമ്മുടെ കർത്താവിനെ ലഭിക്കുന്നതല്ലായിരുന്നു. ഈ സക്രാരിയിൽ ആരാണു അദ്ദേഹത്തെ വച്ചതു്? അതു വൈദികൻ. നിന്റെ ആത്മാവു് ജീവിതരംഗത്തു പ്രവേശിച്ചപ്പോൾ ആരാണു് ഒന്നാമതായി അതിനെ സ്വീകരിച്ചതു്? വൈദികൻ. ആരാണു, അതിനു അതിന്റെ ഭൂലോകയാത്രയ്ക്കുവേണ്ടിയ ഭക്ഷണം നൽകുന്നതു? വൈദികൻ എന്നു തന്നെ വീണ്ടും ഉത്തരം. അന്ത്യനേരത്തു ഈശോമ്ശിഹായുടെ രക്തത്തിൽ അതിനെ കഴുകി വെടിപ്പാക്കി ദൈവത്തിന്റെ ന്യായാസന സമക്ഷം പ്രത്യക്ഷപ്പെടുന്നതിനു അതിനെ ഒരുക്കുന്നതു ആരായിരിക്കും? അതും വൈദികൻതന്നെ. പട്ടക്കാരനെ കൂടാതെ ദൈവത്തിൽനിന്നു ഒററ അനുഗ്രഹമെങ്കിലും പ്രാപിച്ചിട്ടുള്ളതായി നിങ്ങൾക്കോർക്കാൻ സാധിക്കയില്ല.

ഹാ പുരോഹിതന്റെ സ്ഥാനം എത്ര ഉന്നതം! പൌരോഹിത്യമെന്തെന്നു സ്വർഗ്ഗത്തിൽവച്ചുമാത്രമെ നമുക്കു ഗ്രഹിക്കാൻ സാധിക്കയുള്ളൂ; ഭൂമിയിൽവച്ചു അതു ഗ്രഹിക്കുന്നപക്ഷം ഭയംകൊണ്ടല്ലെങ്കിലും സ്നേഹംകൊണ്ടു നാം നിശ്ചയമായും മരിക്കും.

പുരോഹിതനില്ലെങ്കിൽ ദൈവത്തിന്റെ ഇതരദാനങ്ങൾ കൊണ്ടു് നമുക്കു യാതൊരു പ്രയോജനവുമില്ല. ദൈവം കഴിഞ്ഞാൽ പിന്നത്തെ വലിയ ആൾ പട്ടക്കാരനാകുന്നു. ഒരു ഇടവകയെ പട്ടക്കാരനെക്കൂടാതെ ഇരുപതുകൊല്ലത്തേക്കു ഉപേക്ഷിക്കുക; അതു മൃഗങ്ങളെ ആരാധിക്കും.

ദുഷ്ടന്മാർ മതം നശിപ്പിക്കാൻ ഭാവിക്കുമ്പോൾ ആദ്യമായി വൈദികരെയാണു ആക്രമിക്കുന്നതു്, എന്തുകൊണ്ടെന്നാൽ പട്ടക്കാരനില്ലെങ്കിൽ ബലിഇല്ല, ബലി ഇല്ലെങ്കിൽ മതവുമില്ല.

ഞാൻ ഒരു വൈദികനേയും ദൈവദൂതനേയും ഒരുമിച്ചു കാണുന്നതായാൽ, ആദ്യം വന്ദനം പറയുന്നതു് വൈദികനായിരിക്കും, എന്തെന്നാൽ ദൈവദൂതൻ ദൈവത്തിന്റെ സ്നേഹിതനേയാ



www.malankaralibrary.com

കുന്നുള്ള, വൈദികനാകട്ടെ ദൈവത്തിന്റെ സ്ഥാനമുള്ള ആളാകുന്നു. ത്രേസ്യാപുണ്യവതി പട്ടക്കാരൻ ചവുട്ടിയസ്ഥലം മുത്തിയിരുന്നു. ഒരു വൈദികനെ കാണുമ്പോൾ നീ ഇങ്ങനെ പറയണം, ഇദ്ദേഹമാണു എന്നെ ദൈവപുത്രനാക്കുകയും, മാമ്മോദീസായിൽ സ്വർഗ്ഗം എനിക്കു തുറന്നു തരികയും, പാപച്ചേററിൽ വീണപ്പോൾ എന്നെ വെടിപ്പാക്കുകയും, എന്റെ ആത്മാവിനു ഭക്ഷണം നൽകുകയും ചെയ്യുന്നത്. പരിശുദ്ധകന്യകാമറിയത്തോടും ഉണ്ണിയീശോയോടും ബന്ധമുള്ള തിരുസ്ഥലങ്ങളുടെ സ്പർശനം സിദ്ധിച്ചിട്ടുള്ള സാധനങ്ങളെ നാം വളരെ വിലമതിക്കുന്നു. എന്നാൽ ക്രിസ്തുവിന്റെ തിരുരക്തം സ്ഥിതിചെയ്യുന്ന കാസായിലും തന്റെ തിരുശരീരം നിക്ഷിപ്തമായിരിക്കുന്ന കുസ്തോദിയിലും ഇറങ്ങുന്ന പട്ടക്കാരന്റെ കൈവിരലുകൾ ഇവയെക്കാൾ വിലപിടിച്ച തിരുശ്ലേഷിപ്പാണെന്നു നാം ഓർക്കണം. പൌരോഹിത്യം ഈശോയുടെ ഹൃദയത്തിന്റെ സ്നേഹമാകുന്നു. നീ ഒരു പട്ടക്കാരനെ കാണുമ്പോൾ നമ്മുടെ കർത്താവായ ഈശോമ്ശിഹായെക്കുറിച്ചു ചിന്തിക്കുക. [32]

കർദ്ദിനാൾ ഗിബൺസ് പറയുന്നു. 'തിരുസ്സഭ ഒരു സൈന്യമാണെങ്കിൽ വൈദികർ അതിലെ സേനാനായകന്മാരാകുന്നു; അതൊരു അജക്കൂട്ടമാണെങ്കിൽ, അതിലെ ആടുകളെ സുഭിക്ഷമായ മേച്ചിൽസ്ഥലത്തേയ്ക്കാനയിക്കുന്ന ഇടയന്മാരാകുന്നു അവർ; സഭ ഒരു മുന്തിരിച്ചെടിയാണെങ്കിൽ വൈദികർ തായിത്തണ്ടിനോടു ചേർന്നുനിൽക്കുന്ന പ്രധാന ശിഖരങ്ങളാകുന്നു. [33]

സുവിശേഷത്തിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്ന ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും വൈദികനല്ലാതെ മററാരുമല്ല. പട്ടക്കാരനുള്ള വിവിധനാമങ്ങൾ വളരെയത്രെ. ദൈവമനുഷ്യൻ എന്നാണു വി. പൌലോസ് വൈദികനെ അഭിസംബോധനം ചെയ്യുന്നത്. അന്തിക്രിസ്തു പാപമനുഷ്യൻ ആകുന്നതുപോലെ വൈദികൻ ദൈവമനുഷ്യനാകുന്നു. ലോകമനുഷ്യൻ ലൌകികകാര്യങ്ങളിൽ വ്യാപൃതനായിരിക്കുന്നു, ദൈവമനുഷ്യനാവട്ടെ ദൈവകാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു.



www.malankaralibrary.com

പട്ടക്കാരൻ ക്രിസ്തുവിന്റെ സ്നേഹിതനാകുന്നു. 'ഞാൻ ഇനി മേൽ നിങ്ങളെ ഭൃത്യന്മാരെന്നു വിളിക്കയില്ല.... എന്നാൽ ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു ആഹ്വാനം ചെയ്തിരിക്കുന്നു. എന്തെന്നാൽ എന്റെ പിതാവിൽനിന്നു കേട്ടതൊക്കെ ഞാൻ നിങ്ങളെ അറിയിച്ചിട്ടുണ്ട്. [34]

വൈദികൻ ജനങ്ങളുടെ പൊതുപിതാവാകുന്നു. അച്ചൻ അഥവാ പിതാവ് എന്ന നാമം വൈദികനു ഏററം യോജിച്ചതു തന്നെ. അപ്പോസ്തോലൻ പറയുന്നു. 'എന്തുകൊണ്ടെന്നാൽ മ്ശിഹായിൽ നിങ്ങൾക്കു പതിനായിരം ഉപദേഷ്ടാക്കളുണ്ടായാലും പിതാക്കന്മാർ വളരെ ഇല്ല. എന്നാൽ സുവിശേഷം വഴിയായി ഈശോമ്ശിഹായിൽ ഞാനാണു നിങ്ങളെ ജനിപ്പിച്ചത്. [35] മാമ്മോദീസാ വഴിയായി നമ്മിൽനിന്നു നവജീവൻ പ്രാപിക്കുന്നു എവരുടേയും ആത്മീയ പിതാവാകുന്നു നാം. ഫാദർ, അച്ചൻ, എന്നൊക്കെ വൈദികരെ ബഹുജനം സംബോധനം ചെയ്യുന്നുണ്ടല്ലൊ. എന്നാൽ ഇടവകപ്പട്ടക്കാർക്കു (Secular priest) ഫാദർ എന്ന സ്ഥാനപ്പേർ വേണമൊ, അതു സന്ന്യാസവൈദികർക്കു മാത്രം മതിയല്ലൊ, എന്നൊരു വാദം ഇംഗ്ലണ്ടിൽ കഴിഞ്ഞ നൂററാണ്ടിൽ നടന്നതാണ്. കർദ്ദിനാൾ മാനിംഗിന്റെ തീവ്രയത്നം ഒന്നുകൊണ്ടല്ലായിരുന്നെങ്കിൽ, ബ്രിട്ടീഷ് സാമ്റാജ്യത്തിൽ പ്രസ്താവിത സ്ഥാനപ്പേർ ഇടവക വൈദികർക്കു നഷ്ടിഭവിക്കുമായിരുന്നു. മിസ്റ്റർ ക്രൂട്ടി ഗവമ്മെണ്ടു കത്തോലിക്കവൈദികരെ സംബോധനം ചെയ്യുന്നില്ലെങ്കിൽ അതിനു മഹാനായ ഈ കർദ്ദിനാളിനോടാണു നാം കടപ്പെട്ടിരിക്കുന്നത്. ഏതാനും കൊല്ലങ്ങൾക്കുമുമ്പു 'ഫാദർ' പദത്തിന്റെ അനുയോജ്യതയെ ചോദ്യം ചെയ്തുകൊണ്ടു ഒരു വാദപ്രതിവാദം ഒരു ഇംഗ്ലീഷ് പത്രത്തിൽ കാണുകയുണ്ടായി; ഫാദർ പക്ഷക്കാർക്കായിരുന്നു അവിടേയും വിജയമെന്നു ചുരുക്കിപ്പറഞ്ഞുകൊള്ളട്ടെ. പിതാവ് അഥവാ ഫാദർ എന്ന പദത്തിൽ എന്തെന്നില്ലാത്ത ഒരു ചൈതന്യം അടങ്ങിയിട്ടുണ്ട്. ജഡപ്രകാരമുള്ള പിതൃത്വം പരിത്യജിച്ചു ജീവിക്കുന്ന വൈദികൻ ജനങ്ങളുടെ സാക്ഷാത്തായ ആത്മീയ പിതാവാകുന്നു. ഈ പിതൃത്വം ആദ്യം



www.malankaralibrary.com

പറഞ്ഞതുപോലെ സങ്കുചിതമല്ല, പിന്നെയൊ സാർവ്വത്രികമത്രെ.

പുരോഹിതൻ മ്ശിഹായുടെ സഹോദരൻ ആകുന്നു. തൻെറ പുനരുത്ഥാനാനന്തരം ഇപ്രകാരമായിരുന്നു മറിയം മഗ്ദലേന മാർഗ്ഗേണ അപ്പോസ്തോലന്മാൎക്കു ക്രിസ്തു അയച്ച സന്ദേശം. 'നീ എൻെറ സഹോദരന്മാരുടെ പക്കൽ ചെന്നു അവരോടു പറയുക, എൻെറ പിതാവിൻെറ പക്കലേയ്ക്കും നിങ്ങളുടെ പിതാവിൻെറ പക്കലേയ്ക്കും, എൻെറ ദൈവത്തിൻെറ പക്കലേയ്ക്കും നിങ്ങളുടെ ദൈവത്തിൻെറ പക്കലേയ്ക്കും ഞാൻ കയറുന്നു. 36

മാനിംഗ് പറയുന്നു. 'പിതാവു' എന്ന പദത്തിൻെറ ഇംഗിതം പണ്ഡിതന്മാൎക്കും, പാമരന്മാൎക്കും, ബാലന്മാൎക്കും, വൃദ്ധന്മാൎക്കും ഒരുപോലെ സുഗ്രഹമാണ്. പിതൃപുത്രബന്ധം പ്രകൃതിയിൽ സർവ്വസാധാരണമാണല്ലൊ. ഒരു വൈദികൻെറ സ്ഥാനനാമങ്ങളിൽ വച്ചു ഏററവും പ്രഥമവും പ്രമുഖവും ശക്തിമത്തും ഉത്തേജകവും ബഹുമാനപ്പെട്ടതും 'പിതാവു' എന്ന നാമമാണ്. ലോകത്തിൽനിന്നു വളരെ സ്തുതിഗീതങ്ങളും സർവ്വകലാശാലകളിൽനിന്നു അനേക ബിരുദുകളും അധികാരസ്ഥാനത്തുനിന്നു ഒട്ടേറെ സ്ഥാനമാനങ്ങളും ഒരു പട്ടക്കാരനു ലഭിച്ചെന്നു വന്നേയ്ക്കാം, എന്നാൽ ഇവയിലൊന്നും, 'പിതാവു'പോലെ അൎത്ഥഗൎഭമല്ല. ആത്മീയപിതൃത്വമെ നിത്യതത്തിലേയ്ക്കു അവനെ അനുയാത്ര ചെയ്യുകയുള്ളു. 37

ഈ തരുണത്തിൽ സന്യാസവൈദികരല്ലാത്തവരെക്കുറിക്കുന്നതിനുപയോഗിക്കുന്ന പദം സംബന്ധിച്ചുകൂടി സ്വല്പം പറഞ്ഞുകൊള്ളട്ടെ. ഇംഗ്ലീഷ് ഭാഷയിൽ 'Secular priest' എന്ന പദംകൊണ്ടാണു ഇതു സാധിക്കുന്നതെന്നു സുവിദിതമാണല്ലൊ. ഈ വാക്കിനെ 'അൽമായപട്ടക്കാരൻ' എന്നു ഭാഷപ്പെടുത്തി ഉപയോഗിക്കുന്നതു ഭംഗിയാണെന്നു തോന്നുന്നില്ല. വൈദികസംജ്ഞയോടുകൂടി Secular എന്ന വിശേഷണം ചേൎക്കുന്നതു സംബന്ധിച്ചു ഇംഗ്ലീഷ്കാരുടെ ഇടയിൽ തന്നെ വളരെ ആക്ഷേപമുണ്ട്. 38 മാനിംഗ് ഈ പദം മാററുന്നതിനു വളരെ ശ്രമിച്ചെങ്കിലും സാധിച്ചില്ല. 'Secular priest' നു പകരം 'clerge diocesaine' എന്ന വാക്കിനെ പ്രോത്സാഹിപ്പിക്കാൻ കർദ്ദിനാൾ മേഴ്സ്യർ(mercier)



www.malankaralibrary.com

വളരെ യത്നിച്ചിട്ടുണ്ട്. അമേരിക്കയിൽ Pastoral clergy (ഇടവക നടത്തുന്ന വൈദികർ) എന്നാണു സന്ന്യാസികളല്ലാത്ത വൈദികരെ വിളിച്ചുവരുന്നത്. തോബിയാസ് സക്കറിയാസിൻെറ നിഘണ്ടുവിൽ Secular Priest എന്നതിനു കൊടുത്തിരിക്കുന്ന അർത്ഥം, മഠബന്ധമില്ലാത്ത വൈദികൻ അതായതു സന്ന്യാസസഭയിൽപെടാത്ത വൈദികൻ എന്നാണ്. ഈ തർജ്ജമ വക്രമെങ്കിലും അർത്ഥവത്താണ്. മലയാളഭാഷയിലെ ഇടവകപ്പട്ടക്കാരൻ എന്ന പദം Secular Priest എന്നതിൻെറ അർത്ഥം നല്ലപോലെ വെളിപ്പെടുത്തുന്നുണ്ട്. ഇങ്ങനെ മലയാളികൾക്കു സുപരിചിതമായ ഒരു പദമുള്ളപ്പോൾ, എന്തിനു, വൈദികനെ ലൗകികനാക്കുന്നതും, മററുള്ളവർ വെറുക്കുന്നതും ഇംഗ്ലീഷ് ഭാഷയിൽ ത്രഢി സിദ്ധിച്ചിട്ടുള്ളതുകൊണ്ടുമാത്രം ഉപയോഗിച്ചുപോരുന്നതുമായ അൽമായ (Secular) ശബ്ദത്തെ അവലംബിക്കാൻ പോകുന്നു? പോരെങ്കിൽ 'ഇടവകപ്പട്ടക്കാരനു അമേരിക്കരുടെ Pastoral clergy എന്ന പ്രയോഗത്തോടു സാമ്യമുണ്ടെന്നൊരു മെച്ചവുമുണ്ട്. ഈ വ്യതിയാനം ഇവിടെ നിൽക്കട്ടെ, നമുക്കു പട്ടക്കാരൻെറ വിവിധനാമങ്ങളിലേയ്ക്കുതന്നെ തിരിച്ചുവരാം.

പട്ടക്കാരൻ മ്ശിഹായുടെ മന്ത്രിഷ്ഠം ആകുന്നു. വി. പൗലോസ് പറയുന്നു. 'ദൈവം ഞങ്ങൾമുഖേന ഉപദേശിക്കുന്നതുപോലെ, ഞങ്ങൾ മ്ശിഹായിക്കുവേണ്ടി ദൌത്യം വഹിക്കുന്നു.[39] ഒരു ചക്രവർത്തിയുടെയൊ രാജാവിൻെറയൊ പ്രതിപുരുഷസ്ഥാനം വഹിക്കുക ഉൽകൃഷ്ടമായ ഒരുദ്യോഗമാണെന്നു ആരുതന്നെ സമ്മതിക്കയില്ല.? സർവ്വശക്തനായ ദൈവത്തിൻെറ പ്രതിനിധി എന്ന നിലയിലാണു പട്ടക്കാരൻ ലോകത്തിൽ വ്യാപരിക്കുന്നത്. ദൈവത്തിൻെറ അവകാശങ്ങളെപാലിക്കുന്നതിനും തൻെറ പ്രമാണലംഘനത്തെക്കുറിച്ചു ചോദ്യം ചെയ്യുന്നതിനും നിയുക്തനായിരിക്കുന്ന ആൾ വൈദികനത്രെ. ഏവംവിധം സർവ്വനിയന്താവായ ദൈവത്തിൻെറ പ്രതിപുരുഷസ്ഥാനം വഹിക്കുക എത്ര ശ്രേഷ്ഠമായ ജോലിയാണ്.

വൈദികൻ അപ്പോസ്തോലൻ അറിയിക്കുംപോൾ ദൈവരഹസ്യങ്ങളുടെ വിഭാജകനാകുന്നു. ദൈവാനുഗ്രഹമെന്ന ഭണ്ഡാ



www.malankaralibrary.com

ഗാരത്തിൻെറ താക്കോൽക്കാരനാകുന്നു പട്ടക്കാരൻ. ഈജിപ്തിൽ പൂർവ്വ യൌസേഫ് പറവോൻ രാജാവിൻെറ നിക്ഷേപങ്ങളുടെ സൂക്ഷിപ്പുകാരനായിരുന്നതുപോലെ, പട്ടക്കാരൻ വിശുദ്ധ കുമ്പാന എന്ന ദിവ്യനിധിയുടെ കാവൽക്കാരനാകുന്നു. 'തൻെറ യജമാനൻെറ സൂക്ഷിപ്പുകാരൻ മഹത്വീകരിക്കപ്പെട്ടും [40] എന്ന വാക്യം കത്തോലിക്ക പുരോഹിതനു യോജിച്ചതുതന്നെ.

മനുഷ്യരെ പിടിക്കുന്നവർ, [41] അജഗണത്തിൻെറ ഇടയന്മാർ [42] എന്നൊക്കെ വൈദികർ വിളിക്കപ്പെടുന്നു. അവർ ലോകമെന്ന വയലിലും സഭയെന്ന മുന്തിരിത്തോട്ടത്തിലും ദൈവത്തിൻെറ സഹപ്രവർത്തകന്മാരാകുന്നു. അവർ ഉഴുന്നവരും, [43] വിത്തു വിതയ്ക്കുന്നവരും [44] കൊയ്യുന്നവരും അത്രെ. അവിശ്വാസത്തിൻെറ വേരുകളെ പിഴുതു നശിപ്പിക്കുന്നതിനു ജാതികളാകുന്ന തരിശു നിലത്തെ അവർ ഉഴുതു മറിയ്ക്കേണ്ടിയിരിക്കുന്നു. എല്ലാ ഭൂമിയിലും എല്ലാ വെള്ളത്തിനു സമീപവും വചനത്തിൻെറ വിത്തിനെ അവർ എറിയുന്നു. [45] ശുഷ്കവും നാശോൻമുഖവുമായ ഒരു ലോകത്തിൻെറ മദ്ധ്യേ പ്രലപിച്ചുകൊണ്ടു ചംക്രമണം ചെയ്തിട്ട്, ഒരു ദിവസം കററകളും പേറിക്കൊണ്ടു തിരിച്ചുവരുന്ന കൊയിത്തുകാരും അവർതന്നെ. [46]

പട്ടക്കാരൻ ആത്മീയവൈദ്യനാകുന്നു. യാക്കോബ് ശ്ലീഹാ പറയുന്നു. 'നിങ്ങളിൽ വല്ലവനും ദീനംപിടിപെട്ടാൽ അവൻ സഭയിലെ പുരോഹിതന്മാരെ വിളിക്കട്ടെ. കർത്താവിൻെറ നാമത്തിൽ എണ്ണപൂശിക്കൊണ്ടു അവർ അവനുവേണ്ടി പ്രാർത്ഥിക്കട്ടെ; വിശ്വാസത്തിൻെറ പ്രാർത്ഥന ദീനക്കാരനെ സുഖപ്പെടുത്തും, കർത്താവ് അവനെ ഉയർത്തും, അവൻ പാപത്തിലായിരുന്നാലും അവ അവനു മോചിക്കപ്പെടും. [47] രോഗികളെ ആശ്വസിപ്പിക്കുക, കത്തോലിക്ക പുരോഹിതൻെറ വിശേഷവരമാണ്.

ഒരു നല്ലവൈദികൻ സങ്കടമനുഭവിക്കുന്നവരുടെയെല്ലാം തുണയും സങ്കേതവുമാകുന്നു. നല്ലസമറിയാക്കാരനെപ്പോലെ അവൻ ആശ്വാസത്തിൻെറ എണ്ണ പീഡിതൻെറ ആത്മീയമുറിവുകളിൽ ഒഴിക്കുന്നു. 'നീ സമാധാനത്തിൽ പോവുക' എന്നു യേശു



www.malankaralibrary.com

നാഥൻ മറിയംമഗദലേനായോട്ട പറഞ്ഞു. ദുഃഖിതമായ ഹൃദയത്തെ സമാശ്വസിപ്പിക്കാൻ പട്ടക്കാരനു മാത്രമെ സാധിക്കു. താഴെ ഉദ്ധരിക്കുന്നതു ബ്രിട്ടീഷ് പാർല്ലിമെൻറിലെ ഒരു മെംബറായ ഡോക്ടർ ഒഡോവാൻെറ വാക്കുകളാണ്. അദ്ദേഹം പറയുന്നു. 'ഭിഷക്കുകളായ ഞങ്ങൾക്കു നിങ്ങളുടെ ശാരീരികപീഡകളെ കുറേനാളത്തേക്കു ശമിപ്പിക്കാൻ സാധിച്ചേക്കുമെങ്കിലും, നിങ്ങൾ ഏററവും കാംക്ഷിക്കുന്ന സാക്ഷാത്തായ ആശ്വാസം ഏപ്പോഴും തരുന്നതിനു ഞങ്ങൾ പ്രാപ്തരല്ല; എന്നാൽ ആത്മാവു മരണകവാടത്തിലൂടെ കടക്കുന്ന ആ അന്ത്യവിനാഴികവരെ ആശ്വാസം പ്രദാനം ചെയ്യാൻ സാധിക്കുന്ന ഒരാൾഉണ്ട്; അതു പട്ടക്കാരനല്ലാതെ മററാരുമല്ല. 48

പ്രോസ്പർ പുണ്യവാൻ പറയുന്നു. 'വൈദികർ തിരുസഭയുടെ മഹിമയും സുസ്ഥിരസ്തംഭങ്ങളുമാകുന്നു; അവർ നിത്യപട്ടണത്തിൻെറ വാതിലുകളുമാകുന്നു. അവർ മാർഗ്ഗേണയത്രെ ഏവരും ക്രിസ്തുവിങ്കൽ എത്തുന്നത്. ആകാശരാജിതത്തിൻെറ താക്കോലുകൾ ദിവ്യനാഥനിൽനിന്നു ഏററുവാങ്ങിയിരിക്കുന്ന സൂക്ഷിപ്പുകാരും അവരാകുന്നു.49 പീററർ ദെ ബ്ലോയ് (Peter de Bloise) പറയുന്നു. പട്ടക്കാരനു ആബേലിൻെറ പ്രാഥമികത്വവും, അബ്രാഹത്തിൻെറ ഗോത്രപിതൃസ്ഥാനവും, മെൽക്കിസദെക്കിൻെറ പൌരോഹിത്യവും, അഹറോൻെറ മഹിമയും, മൂശയുടെ അധികാരവു, സാമുവേലിൻെറ പുണ്യപൂർണ്ണതയും, പത്രോസിൻെറ ശക്തിയും ക്രിസ്തുവിൻെറ അഭിഷേകവും ഉണ്ടായിരിക്കുന്നു. 50 ആകയാൽ ദൈവംകഴിഞ്ഞാൽ ഭൂമിയിലെ ദൈവം എന്നു വിശുദ്ധ ക്ലെമൻറ് വൈദികനെ വിളിക്കുന്നതിൽ അതിശയിപ്പാനില്ല.

അതെ പട്ടക്കാരുടെ സ്ഥാനമാഹാത്മ്യം വല്ലതുതന്നെ. ലോകംമുഴുവനും ഒന്നിച്ചുചേർന്നാലും ഒരു പട്ടക്കാരനെ തരം താഴ്ത്താൻ സാധിക്കയില്ല. ദൈവത്തിൻെറ ആചാര്യനെ ലോകം ബഹുമാനിക്കാതിരുന്നാൽ അതുകൊണ്ട അപമാനം ലോകത്തിനേയുള്ളു. എന്തെന്നാൽ പൌരോഹിത്യപദത്തിൻെറ ശ്രേഷ്ഠ്യത്തെ ചോദ്യംചെയ്യാൻ ആർക്കും ശക്യമല്ല, അതിനു സ്ഥിരപ്രതിഷ്ഠ പണ്ടേ ലഭിച്ചു കഴിഞ്ഞിരിക്കുന്നു.



www.malankaralibrary.com

വി. ബെർണ്ണാർഡ് പറയുന്നു. പൌരോഹിത്യം 'രാജാക്കന്മാരുടെയും ചക്രവർത്തികളുടെയും മാലാഖാമാരുടെയും സ്ഥാനത്തെ പിമ്പിലാക്കുന്നു.' സ്വർണ്ണം ഈയത്തിന്റെ വിലയെ അധഃകരിക്കുന്നതുപോലെ വൈദികപദവി രാജപദവിയെ ഉല്ലംഘിക്കുന്നുവെന്നു വി. അമ്പ്രോസ്സ് പറയുന്നു. 51 കാരണം ഇതാണ്. രാജാക്കന്മാക്കു ഭൂതാത്മക വസ്തുക്കളുടെമേലും, മനുഷ്യരുടെ ശരീരത്തിന്മേലുമെ അധികാരമുള്ളു, എന്നാൽ പട്ടക്കാരുടെ അധികാരം ആത്മീയ വസ്തുക്കളിലും മനുഷ്യരുടെ ആത്മാക്കളിലും വ്യാപിച്ചിരിക്കുന്നു. വി. ക്ലെമെന്റു പറയുന്നു. 'ആത്മാവു ശരീരത്തേക്കാൾ ഉൽകൃഷ്ടമായിരിക്കുന്നതുപോലെ വൈദികസ്ഥാനം രാജത്വത്തേക്കാൾ മാഹാത്മ്യമേറിയതാകുന്നു. വി. യോഹന്നാൻ ക്രിസോസ്തോമോസിന്റെ വാക്കുകൾ കേൾക്കുക. 'രാജാക്കന്മാക്കു തങ്ങളുടെ പ്രജകളുടെ ശരീരത്തെ ബന്ധിപ്പാനുള്ള അധികരമെയുള്ളു, എന്നാൽ പുരോഹിതന്മാക്കു ആത്മാക്കളെ ബന്ധിപ്പാനുള്ള അധികാരമാണുള്ളതു്.' 52

ദൈവത്തിന്റെ പുരോഹിതന്മാരെ ബഹുമാനിക്കുക, നല്ല രാജാക്കന്മാരുടെ ലക്ഷണമാണെന്നു വി. മർസ്സലീനോസ് പാപ്പാ പറയുന്നു. അവർ നമ്രമനസ്സോടെ ദൈവത്തിന്റെ ആചാര്യന്റെ സമക്ഷം മുട്ടുകുത്തുകയും, അദ്ദേഹത്തിന്റെ കരങ്ങൾ ചുംബിക്കയും തലകുനിച്ച് ആശിസ്സപേക്ഷിക്കയും ചെയ്യുന്നു എന്നു പിററർ ദെ ബ്ളൊയും പറയുന്നുണ്ട്. ഒരിക്കൽ യൂസേബിയ എന്ന ചക്രവത്തിനി ത്രിപ്പോലിയിലെ ലെയോനിററസ് എന്ന മെത്രാനെ കാണുന്നതിനാവശ്യപ്പെട്ടു; അപ്പോൾ മെത്രാൻ രണ്ടു വ്യവസ്ഥകളാണു നിർദ്ദേശിച്ചതു്; ഒന്ന്, താൻ വരുമ്പോൾ രാജ്ഞി സിംഹാസനത്തിൽനിന്നിറങ്ങി തല കുമ്പിട്ട് ആശിർവാദമപേക്ഷിക്കണമെന്നും; രണ്ട്, തനിക്കൊരു സിംഹാസനം നൽകണമെന്നും തന്റെ അനുമതികൂടാതെ അവൾ ഇരിക്കരുതെന്നുമായിരുന്നു. ഈ വ്യവസ്ഥകൾക്കു സമ്മതിക്കാത്തപക്ഷം രാജാരമനയിലേയ്ക്കു വരുന്നതല്ലെന്നു അദ്ദേഹം സ്പഷ്ടമായി അറിയിച്ചു.

മാക്സിമസ്സ് ചക്രവത്തിയുടെ ക്ഷണം സ്വീകരിച്ച് ഒരു വിരുന്നിനു പോയ വി. മാർട്ടിൻ, പാനപാത്രമെടുക്കുകയിൽ,



www.malankaralibrary.com

തന്റെ ചാൻസലറായ വൈദികനു ആചാരം ചെയ്ത ശേഷമാണ് ചക്രവർത്തിക്ക ചെയ്തതു്. 'നിക്യാ' സൂനഹദോസ്സിൽവച്ചു് മഹാനായ കൊൺസ്റ്റന്തീനോസ്സ് ചക്രവർത്തി, വൈദികരുടെ ഇരിപ്പിടങ്ങളെക്കാൾ താഴ്ന്ന ഒരു ഇരിപ്പിടം, അതും ഒടുവിലായി തിരഞ്ഞെടുത്തതും, അവരുടെ അനുവാദത്തോടുകൂടി മാത്രം ഉപവിഷ്ടനായതും ചരിത്രപ്രസിദ്ധമാണല്ലൊ.

പൌരോഹിത്യം മാലാഖാമാരുടെ പദവിയേയും വെല്ലുന്നു; അവരും അതിനോടുള്ള ആദരവിനെ പലേപ്രകാരത്തിൽ പ്രദശിപ്പിക്കുന്നുണ്ടു്. കാവൽ മാലാഖാമാർ അവരുടെ സൂക്ഷത്തിനു ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ആത്മാക്കൾക്കു ചെയ്യുന്ന ഒരുപകാരം അവരെ വൈദികരുടെ പക്കൽ അയച്ചു് പാപവിമോചനം ലഭിക്കുന്നതിനു സംഗതി വരുത്തുന്നു എന്നതാണ്. എന്തുകൊണ്ടെന്നാൽ മാലാഖാമാരിൽ ഒരുത്തക്കുംതന്നെ, കെട്ടുന്നതിനും അഴിക്കുന്നതിനുമുള്ള അധികാരം നൽകപ്പെട്ടിട്ടില്ല' എന്നു വി. പത്രോസ് ദമിയാനൂസ് പ്രസ്താവിക്കുന്നു. മിഖായേൽ ദൈവദൂതനു തന്റെ സഹായം അഭ്യത്ഥിക്കുന്ന ഒരു ആസന്ന മരണന്റെ പക്കൽ വരുമ്പോൾ അവിടെയുള്ള പിശാചുക്കളെ ഓടിച്ചുകളവാൻ കഴിയും, എന്നാൽ അവനെ പാപച്ചങ്ങലയിൽനിന്നു സ്വതന്ത്രനാക്കുന്നതിനു ആ മാലാഖാപ്രമുഖനും ശക്യമല്ല. വി. ഫ്രാൻസീസ്സ് സാലെസ്സ്, സുകൃതജീവിതം കഴിച്ചിരുന്ന ഒരു വൈദിക വിദ്യാത്ഥിക്കു പട്ടംകൊടുത്തശേഷം, അവൻ വാതുക്കൽ എത്തിയപ്പോൾ ആക്കോ കടന്നുപോവുന്നതിനുവേണ്ടി മാറിനിൽക്കുന്നതായി കണ്ടു. എന്തിനാണു നിന്നതെന്നു പുണ്യവാൻ ചോദിച്ചപ്പോൾ ആ നവപുരോഹിതൻ ഇങ്ങനെ ഉത്തരിച്ചു. ദൈവം എന്റെ കാവൽദൂതനെ ദശിക്കുന്നതിനുള്ള ഭാഗ്യം എനിക്കു നൽകിയിട്ടുണ്ടു്, ഞാൻ പട്ടമേൽക്കുന്നതിനുമുമ്പ് ആ ദൈവദൂതൻ എപ്പോഴും എന്റെ വലതുവശത്തു നിൽക്കുകയും എനിക്കുമുമ്പേ പോകുകയും ചെയ്തിരുന്നു. എന്നാൽ ഞാൻ ഗുരുപ്പട്ടമേററശേഷം എന്റെ ഇടതുവശത്തു നിൽക്കുകയും എനിക്കു മുമ്പു പോകാൻ മടികാണിക്കുകയും ചെയ്യുന്നു. വാതുക്കൽവച്ചു ഞാനും മാലാഖായും തമ്മിൽ തക്കിച്ചു മാറിനിന്നതാണു അവിടുന്നു ദശിച്ചതു്.'



www.malankaralibrary.com

വൈദികപദം പരിശുദ്ധ കന്യകാമറിയത്തിന്റെ സ്ഥാനമാഹാത്മ്യത്തേയും പിറകിലാക്കുന്നു. ഇന്നോസന്റു തൃതീയൻ എന്ന മാർപ്പാപ്പാ പറയുന്നു. 'പരിശുദ്ധ മറിയം അപ്പോസ്തോലന്മാരെക്കാൾ പുണ്യപൂർണ്ണതയുള്ളവളായിരുന്നെങ്കിലും സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നൽകപ്പെട്ടതു അവൾക്കല്ല, പിന്നെയൊ അവർക്കത്രെ. 53 സ്യാനായിലെ വി. ബെർണ്ണർദയിൻ പറയുന്നതു കേൾക്കുക. 'ദിവ്യജനനി! എന്നോടു ക്ഷമിച്ചാലും, ഞാൻ നിനക്കെതിരായി പറയുകയല്ല, കർത്താവ് പൌരോഹിത്യത്തെ നിനക്കുമേൽ ഉയർത്തിയിരിക്കുന്നു.' പുണ്യവാൻ ഈ അനുമാനത്തിനു കൊടുക്കുന്ന കാരണം ഇതാണു; കന്യകാമറിയം ഒരുതവണ മാത്രമേ ക്രിസ്തുവിനെ ഗർഭം ധരിച്ചു പ്രസവിച്ചുള്ളു. എന്നാൽ പട്ടക്കാരൻ അപ്പവും വീഞ്ഞും കൂദാശചെയ്യുന്ന ഓരോ പ്രാവശ്യവും മ്ശിഹായെ ഗർഭംധരിച്ച് പ്രസവിക്കുന്നു.' അകയാൽ ബെർണ്ണാർദ് പുണ്യവാൻ വൈദികരെ മ്ശിഹായുടെ മാതാപിതാക്കന്മാരെന്നു വിളിക്കാൻ മടിക്കുന്നില്ല.

പരിശുദ്ധാത്മാവിയുടെ കിന്നരമെന്ന അപരനാമമുള്ള വി. അപ്രേം കവിസഹജമായ ചാതുരിയോടെ പൌരോഹിത്യ മാഹാത്മ്യം ഏവംവിധം പ്രകീർത്തിക്കുന്നു. 'അഹോ വിസ്മയം! അവാച്യമായ അധികാരം! ദുരവഗാഹമായ രഹസ്യം; അവതീർണ്ണനായ ക്രിസ്തുനാഥൻ വന്ദനീയവും വിമലവുമായ പൌരോഹിത്യംകൊണ്ടു തന്റെ അയോഗ്യസൃഷ്ടികളെ സമലംകരിപ്പാൻ തിരുമനസ്സായി. സ്വർഗ്ഗീയമായ ഈ ദാനത്തെ യഥാർഹം ഗ്രഹിക്കുന്നതിനു നമ്റശിരസ്കനായി നെടുവീർപ്പോടും അശ്രുധാരയോടുംകൂടി ഞാൻ അനുഗ്രഹമപേക്ഷിക്കും. പരിപാവനമായ ഇതിനെ കാത്തുസൂക്ഷിക്കുന്നവർക്ക ഇതൊരു നിധിയത്രെ. ഭൂമിയിൽനിന്നു ആകാശംവരെ എത്തുന്ന ബലവത്തായ ഒരു ഗോപുരവും അനശ്വരമായ ഒരു ഭിത്തിയുമാകുന്നു യഥാർത്ഥത്തിൽ ഇതു്. വൈദികൻ മോക്ഷവാതുക്കൽ നിൽക്കാതെ സ്വർഗ്ഗങ്ങളുടെ സ്വർഗ്ഗത്തേയ്ക്കു പ്രവേശിക്കുന്നു. വാനരൂപികളുടെ മദ്ധ്യേ നിൽക്കുന്ന അവനെ ദർശിച്ചാലും! ജാജ്വല്യമാനമായ ആ അരൂപികൾക്കുതുല്യം സകല പ്രകാശത്തി



www.malankaralibrary.com

ന്റെയും സ്രഷ്ടാവും ഉൽപ്പത്തിസ്ഥാനവുമായ അധിനാഥന്റെ പ്രത്യേക സ്നേഹത്തിന്നു അവൻ വിഷയീഭവിച്ചിരിക്കുന്നു. അനുഗ്രഹിപ്പാനേയുള്ളു, അപ്പോൾ ഇംഗിതങ്ങളെല്ലാം അവകാശത്താലെന്നോണം അവന്നു കിട്ടുന്നു. 54

ലാമാർട്ടിൻ (La martin) ഒരു വൈദികനെപ്പററിയുള്ള തൂലികാചിത്രം നൽകുന്നതിപ്രകാരമാണ്. 'എല്ലാ ഇടവകയിലും ഒരു മനുഷ്യനുണ്ട്, അവന്നു സ്വന്തമായി ഒരു കുടുംബമില്ല, എന്തുകൊണ്ടെന്നാൽ എല്ലാ കുടുംബവും അവന്റെ സ്വന്തമാകുന്നു. സാമൂഹികജീവിതത്തിലെ എല്ലാ പ്രധാന കാര്യങ്ങളിലും അവനൊരു സാക്ഷിയും ഉപദേഷ്ടാവും പ്രവർത്തകനുമായിട്ടാണു ഗണിക്കപ്പെട്ടുപോരുക. അവന്റെ ശുശ്രൂഷ കൂടാതെ ആരും ഇഹത്തിലേക്കു വരുകയോ ഇവിടെ നിന്നുപോകുകയോ ചെയ്യുന്നില്ല. ശിശുവിനെ അതിന്റെ തള്ളയുടെ കരങ്ങളിൽനിന്നു സ്വീകരിച്ചാൽ പിന്നീടു ശവക്കല്ലറയിൽവച്ചേ അതിൽനിന്നു വിട്ടുമാറുന്നുള്ളു. പിള്ളത്തൊട്ടിയും മണവറയും മരണക്കിടക്കയും പ്രേതമഞ്ചവും അവൻ ആശീർവദിക്കുന്നു. കുററമില്ലാത്ത പിഞ്ചുപൈതങ്ങൾ അവനെ സ്നേഹിക്കയും ആദരിക്കയും ബഹുമാനിക്കയും, തന്നെ അറിയാത്തവർപോലും അവനെ 'പിതാവ്' എന്ന് അഭിവാദ്യം ചെയ്യുകയും ചെയ്യുന്നു. അവന്റെ പാദത്തിങ്കൽ ക്രിസ്ത്യാനികൾ സാഷ്ടാംഗപ്രണാമം ചെയ്ത് അവരുടെ ഹൃദയങ്ങളിലെ നിഗൂഢവിചാരങ്ങളെപ്പോലും വെളിപ്പെടുത്തുകയും പരിശുദ്ധമായ കണ്ണുനീർ പൊഴിക്കയുംചെയ്യുന്നു. ദുഃഖിതരെ ആശ്വസിപ്പിക്കയും കായികമാനസികപീഡകളെ ശമിപ്പിക്കയും ചെയ്യുന്ന ഒരുവന്റെ ഉദ്യോഗമാണു അവനുള്ളത്. ധനവാന്മാരേയും ദരിദ്രന്മാരേയും തമ്മിൽ ബന്ധിക്കുന്ന ഒരു മദ്ധ്യസ്ഥനാകുന്നു അവൻ. അവന്റെ വാതിൽക്കലേയ്ക്കു സമ്പന്നന്മാരും പാവപ്പെട്ടവരും വരുന്നു.— സമ്പന്നന്മാർ രഹസ്യത്തിൽ ധർമ്മം കൊടുക്കുന്നതിനും പാവപ്പെട്ടവർ ലജ്ജകൂടാതെ അതു വാങ്ങിക്കുന്നതിനും— അവൻ ഒരു പ്രത്യേകസമുദായത്തിലും ഉൾപ്പെടുന്നില്ല, എന്തുകൊണ്ടെന്നാൽ എല്ലാ സമുദായത്തോടും അവന്നു ചാർച്ചയുണ്ട്; താഴ്ന്ന തരക്കാരായ സമുദായ



www.malankaralibrary.com

ക്കാരോട് തന്റെ നിദ്ധനാവസ്ഥയും വിനീതമായ (മിക്കപ്പോഴും) കുടുംബപാരമ്പര്യവും വഴിയായും; ഉയൎന്ന സമുദായക്കാരോട് തന്റെ വിദ്യാഭ്യാസവും വിജ്ഞാനവും, പരസ്നേഹം തന്നെയായ ഒരു ദിവ്യമതം പ്രബോധിപ്പിക്കുന്നതും പ്രമാണിക്കുന്നതുമായ ഉൽകൃഷ്ടാശയങ്ങൾ വഴിയായും, അവൻ സംയോജിക്കപ്പെട്ടിരിക്കുന്നു. എല്ലാം അറിയാവുന്നവനും നിർബാധം സംസാരിപ്പാൻ അർഹതയുള്ളവനുമാകുന്നു അവൻ. ദൈവപ്രേരിതങ്ങളായ അവന്റെ വാക്കുകൾ ദൈവത്താൽ അയക്കപ്പെട്ട ഒരുവന്റെ അധികാരസമേതവും നിൎമ്മല വിശ്വാസമുള്ള ഒരുവന്റെ നിൎബന്ധപൂൎവ്വവുമായ ശാസനയോടുംകൂടി തന്റെ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ നിപതിക്കുന്നു. തന്റെ ദിവ്യമായ ഉദ്യോഗത്തിന്റെ ചുമതലകളെ യഥോചിതം നിർവഹിച്ച്, നന്മ ചെയ്യുന്നതിനൊ അല്ലെങ്കിൽ അവസ്ഥ വീഴ്ചവരുത്തി തിന്മ ചെയ്യുന്നതിനൊ ഉള്ള അവസരം അവനെപ്പോലെ മററാൎക്കുമില്ല. 55

പുരോഹിതൻ ദൈവത്തിന്റെ അഭിഷിക്തനാകുന്നു, അവന്റെ ശരീരം പരിശുദ്ധമത്രെ, (Persona Sacra) തന്മൂലം വൈദികനെ ബലമായി കയ്യേററംചെയ്യുക ഒരു വിശുദ്ധവസ്തുലംഘന (Sacrilege) മാകുന്നു. രാജപ്രവാചകൻ പറയുന്നു. 'നിങ്ങൾ എന്റെ അഭിഷിക്തരെ തൊടുകയൊ എന്റെ പ്രവാചകന്മാരോട് തിന്മ ചെയ്യുകയൊ അരുത്'. 56 ഓസ്സിയാസ് രാജാവ് പുരോഹിതന്മാരെ അടിക്കാൻ കൈയ്യ് ഓങ്ങുക നിമിത്തം ഉടനടി കുഷ്ഠരോഗിയായി പകൎന്നില്ലയൊ? എലീശാ ദീൎഘദൎശിയെ അധിക്ഷേപിച്ച കുട്ടികളെ കരടികൾ കടിച്ചുകീറി കൊന്നതായി നാം രാജാക്കളുടെ പുസ്തകത്തിൽ വായിക്കുന്നു. ഒരിക്കൽ ദാവീദു രാജൻ തന്റെ പ്രവാസകാലത്തു സ്വശത്രുവായ സാവൂളിന്റെ പാളയത്തിൽ രാത്രിയിൽ ഗുഢമായി പ്രവേശിച്ചു; തത്സമയം ഗൃഢസുഷുപ്തിയിൽ ആണ്ടിരുന്ന സാവൂളിന്റെ ചങ്കിൽ കുന്തം കുത്തിയിറക്കുന്നതിനു, സഹചരനായ അബിസ്സായി, ഭാവിച്ചു. അപ്പോൾ ദാവീദ് അയാളെ തടഞ്ഞുകൊണ്ടു പറഞ്ഞു. അദ്ദേഹത്തെ (സാവൂളിനെ) കൊല്ലരുത്, എന്തുകൊണ്ടെന്നാൽ കൎത്താവിന്റെ അഭി



www.malankaralibrary.com

ഷികരനെതിരായി കൈയെടുത്തശേഷം കുററം കൂടാതിരിപ്പാൻ ആക്ക കഴിയും.[57] സാവൂൾ ദുഷ്ടനായിരുന്നെങ്കിലും ദൈവത്തിന്റെ അഭിഷിക്തനായിരുന്നു. ഈശോമ്ശിഹാ പറയുന്നു. 'നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു. നിങ്ങളെ നിന്ദിക്കുന്നവൻ എന്നെ നിന്ദിക്കുന്നു.[58] വൈദികരെ ആദരിക്കുന്നതു മ്ശിഹായെ ആദരിക്കുന്നതിനു സമമായിരിക്കുന്നതുപോലെ, അവരെ അവഹേളിക്കുന്നതു മ്ശിഹായെ അവഹേളിക്കുന്നതിനും തുല്യമാകുന്നു. പ്രസ്താവിത ശിക്ഷകൾ വൈദികസ്ഥാനത്തിന്റെ പരിപാവനതയെയല്ലാതെ മററെന്തിനെയാണ് പ്രദ്യോതിപ്പിക്കുന്നത്?

പുരോഹിതന്റെ സ്ഥാനം ഇപ്രകാരം ഉൽകൃഷ്ടമായിരിക്കുന്നതുപോലെ തദനുസാരമായ നിർമ്മലജീവിതം കഴിപ്പാനുള്ള ചുമതലയും അവനുണ്ട്. വി. അംബ്രോസ്സ് പറയുന്നു. 'പ്രത്യുൽപന്നമായ പദവിയും അന്യക്ക പാപഹേതു നൽകുന്ന ജീവിതവും, ദിവ്യമായ ഉദ്യോഗവും ദുഷ്ടമായ പ്രവൃത്തിയും ഒരേ ആളിൽത്തന്നെ സമ്മേളിച്ചിരിക്കുന്നതു കാണുക, എത്ര മമ്മഭേദകം. അയോഗ്യനായ ഒരുവനെ വൈദികമകുടമണിയിക്കുന്നതു ചെളിയിൽ അലങ്കാരവേല ചെയ്യുന്നതിനു തുല്യമല്ലയോ എന്നു 'സാൽവിയൻ' ചോദിക്കുന്നു. വി. ജിറോം പറയുന്നു. 'വൈദികരുടെ സ്ഥാനം വലുതുതന്നെ, എന്നാൽ പാപം ചെയ്യുമ്പോൾ അവക്ക നേരിടുന്ന നാശവും വലുതാണ്. ആകയാൽ നമുക്ക ഉയർച്ചയെപ്പററി സന്തോഷിക്കുമ്പോൾ വീഴ്ചയെ ഓത്തു ഭയപ്പെടുകയും ചെയ്യാം.[59] വി. ഗ്രിഗൊരി പ്രലപിച്ചുകൊണ്ടു പറയുന്നതിപ്രകാരമാണ്: 'വൈദികരുടെ കരങ്ങളാൽ പവിത്രീകൃതരായി തിരഞ്ഞെടുക്കപ്പെട്ടവർ സ്വഗ്ഗത്തു പ്രവേശിക്കുന്നു, എന്നാൽ ഹാ നിർഭാഗ്യം! വൈദികർ നരകത്തിലേയ്ക്കു വീഴുന്നു. മാമ്മോദീസാസ്സപയോഗിക്കുന്ന ജലത്തോടാണ് ഈ വിശുദ്ധൻ അവരെ സാമ്യപ്പെടുത്തുന്നത്. സ്നാനാത്ഥികളെ ഈ ജലം അവരുടെ പാപങ്ങളിൽനിന്നു കഴുകി മോക്ഷത്തിലേയ്ക്കയച്ചശേഷം; അതുതന്നെ ഓവിലേയ്ക്കെറിയപ്പെടുന്നു.[60] ആകയാൽ വൈദികൻ സവ്വവിധേനയും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ, പുണ്യപരിപൂണ്ണതയുടെ ഒരു



www.malankaralibrary.com

ജീവിതം കഴിപ്പാൻ ചുമതപ്പെട്ടിരിക്കുന്നുവെന്ന് എടുത്തു പറയണമെന്നില്ലല്ലോ. 'ക്ലേർജി റെവിയു' എന്ന മാസികയിൽ ഒരു ലേഖകൻ പറയുംപോലെ പുരോഹിതൻ 'വിജ്ഞനും, ഗുണദോഷവിവേചനാപടുവും, സഹോദര വൈദികരോടു മൈത്രിയോടുകൂടി വർത്തിക്കുന്നവനും, സ്വന്ത ജോലി നിഷ്കർഷാപൂർവ്വം ചെയ്യുന്നവനും, തന്റെ ഇടവകയുടെയും രൂപതയുടെയും രാജ്യത്തിന്റെയും സീമകൾക്കപ്പുറമുള്ള കാര്യങ്ങളിൽ, സാർവ്വത്രികസഭയ്ക്കു തന്റെ സഹകരണത്തിന്മേലുള്ള അവകാശത്തെ മനസ്സിലാക്കി, സങ്കുചിതത്വംവെടിഞ്ഞു പ്രവർത്തിക്കുന്നവനും, വിനയാന്വിതനും കാരുണ്യവാനും ധീരനും, സജ്ജനത്തിന്റെ ഒരു നായകനും, ഭക്തനെന്നു മനഃപൂർവ്വം കാണിക്കാതെ സാക്ഷാത്തായ ഭക്തി ഉള്ളിൽ അടക്കികൊള്ളുന്നവനും, തന്റെ സത്യസന്ധതയും നീതിനിഷ്ഠയും പരമാർത്ഥതയുംമൂലം, സ്വജനങ്ങളുടെ സ്നേഹാദരങ്ങൾ സമ്പാദിച്ചിട്ടുള്ളവനും ആയിരിക്കണം.

## കുറിപ്പുകൾ.

1 Lib. IV. Sent. art. 30. cited in Et.: priesthood.
2 Summa lib: III. q. 40. ibidem.
3 Eternal priesthood. ch.1.
4 De Sac. lib: III. 4, 5.
5 Trid. Sess. XX.
6 Trid. Sess. XIV.
7 Acts. XX. 28.
8 Epist: c. 1. Tom. IV. p. 803. [art. 1.
9 Summa. p. 111. q. XXII.
10 Summa. p. 111. LXIX. 10.
11 I. Tim. IV. 14.
12 Exod. XXVIII. 1.
13 Ibid. XXIX. 4. 9.
14 Ibid XXIX. 35.
15 Levi. IX. 24.
16 Heb. XII. 5.
17 Heb. VII. 6.
18 Ibid. VII. 11.
19 Ibid. VII. 17.
20 Ser. Euch. ap. Selva.
21 Psl. xxxii. 9.
22 In selva. p. 33.
23 Luke. 1. 35.
24 Luk. 1. 38.
25 Blessed Sacrament
26 Molina. cited in selva.
27 Isa. 1-18. [p. 32.
28 Selva. p. 28.
29 Psl. L. 12.
30 In Jn. Tract: 72.
31 Reg. Past.
32 Life of Cure- de Ars by Monin. p. 270.
33 Amb. of Christ. ch. 1.
34 Jn. XV. 5.
35 I. Cor. IV. 15.
36 Jn. xx. 17.



www.malankaralibrary.com

37 Et. priest. p. 22.
38 Secul. priest. ch. IX.
39 II. Cor. v. 20.
40 Prov. xxviii. 18.
41 Mark. 1– 17.
42 Pet. v. 2.
43 I. Cor. ix. 10.
44 Mark. IV. 14.
45 Isa. xxxii. 20.
46 Psl. cxxx. 5.
47 St. James. x. 14.
48 Universe. 1934 June 22.
49 De vita contempl.
50 Serm. 60 ad Sacerdotes. ap. Sel.
51 De dign. Sacerd. cap. 2.
52 De Sacerd. cap. 1–3.
53 Serm. ad past
54 Oratio de Sacerd.
55 Cited. Christ. Living. priest. ch. 1.
56 Psl. 104– 15.
57 1 Reg. xxvi. 9.
58 Luke. x. 16. [seiv:
59 In Ezech. cap 44. ap.
60 In Evang Homil. 17. ap. seiv:

---

# അദ്ധ്യായം ൭.

## കുൎബാന എന്ന ബലി.

'മാലാഖാമാരുടെയും മനുഷ്യരുടെയും സുകൃതങ്ങളെല്ലാം ഒന്നിച്ചുചേൎന്നാലും ഒരൊററ കുൎബാനയോളം സ്തുതി ദൈവത്തിനു ലഭിക്കുന്നതല്ല' എന്നു ഭാഗ്യപ്പെട്ട കൊളോംബിയേ (Colombier) എന്ന ദേഹം പറയുന്നു. ആരാധനയുടെ പരമോൽകൃഷ്ടമായ കൎമ്മമാകുന്നു ബലി; അതുവഴിയായി ദൈവത്തെ ആരാധിക്കുന്നതിനും, തനിക്കു നന്ദിപറയുന്നതിനും, നമ്മുടെ പാപങ്ങൾക്കു പരിഹാരംചെയ്യുന്നതിനും, ശക്തരായി ഭവിക്കുന്നു നാം. പഴയനിയമത്തിൽ പലേ സംഗതികൾക്കായി ബലി സമൎപ്പിക്കപ്പെടുന്നതു കാണാവുന്നതാണ്. ആബേൽ ബലികഴിച്ചു, അതു ദൈവത്തിന്റെ ആധിപത്യം ഏററു പറയുന്നതിനായിരുന്നു; നോഹബലി കഴിച്ചു, അതു ജലപ്രളയത്തിൽനിന്നു രക്ഷ പ്രാപിച്ചതിനു നന്ദി പറയുന്നതിനായിരുന്നു; യാക്കോബ് കനാൻദേശംവിട്ട് ഈജിപ്തിലേക്കു പോയപ്പോൾ ബലികഴിച്ചു, അതു ഇസ്രായേൽ സുരക്ഷി



www.malankaralibrary.com

തനായി പറഞ്ഞൊപ്പിന്റെ നാട്ടിലേയ്ക്കു പിന്തിരിയുന്നതിനായിരുന്നു; ജോബ് ബലികഴിച്ചു, അതു തന്റെ പുത്രന്മാരും പുത്രികളും അവരുടെ ആഹ്ളാദങ്ങൾക്കിടയിൽ വല്ല പാപവും ചെയ്തിട്ടുണ്ടെങ്കിൽ അതിനു പരിഹാരം ചെയ്യുന്നതിനായിരുന്നു. മൂശയ്ക്കു ദൈവം സീനാമലയിൽ പ്രത്യക്ഷനായി, ബലിസമർപ്പണംസംബന്ധിച്ച് ഒട്ടേറെ കല്പനകളും നിബന്ധനകളും നൽകിയതായി പുറപ്പാടിന്റെ പുസ്തകത്തിൽ സുദീർഘം കാണുന്നുണ്ട്. കാള, ആട്ട മുതലായവയുടെ അർപ്പണത്തിൽ മാത്രം സ്ഥിതി ചെയ്തിരുന്ന ഈ പഴയനിയമബലി, പുതിയനിയമബലിയുടെ ഒരു നിഴൽ മാത്രമെ ആയിരുന്നുള്ളു.

മാലാഖിയാ ദീർഘദർശി ഈ രണ്ടാമത്തെ ബലിയുടെ മാഹാത്മ്യത്തെപ്പററി പ്രവചിക്കുന്നതിപ്രകാരമാണ്. 'സൂര്യോദയം മുതൽ അസ്തമയംവരെ എന്റെ നാമം ജാതികളുടെ ഇടയിൽ വലുതാകുന്നു, എല്ലാ സ്ഥലത്തും ബലിയുണ്ടായിരിക്കയും എന്റെ നാമത്തിനു പരിപൂതമായ കാഴ്ച സമർപ്പിക്കപ്പെടുകയും ചെയ്യുന്നു.'[1] ഇപ്രകാരം സർവ്വനേരത്തും സർവ്വസ്ഥലത്തും അർപ്പിക്കപ്പെടുന്ന പവിത്രതമമായ ബലി കുർബാനയല്ലാതെ മറെറാന്നുമല്ലെന്നാണു വേദപണ്ഡിതന്മാരുടെ ഐകകണ്ഠ്യേനയുള്ള മതം.

പുതിയനിയമത്തിലെ കുർബാന എന്താകുന്നു? അതു, ഗാഗുൽത്തായിലെ ബലിയുടെ ജ്ഞാപകമായി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യങ്ങളുടെ കീഴിൽ അർപ്പിക്കപ്പെടുന്ന നമ്മുടെ കർത്താവ് ഈശോമിശിഹായുടെ ശരീരത്തിന്റെയും രക്തത്തിന്റെയും ബലിയാകുന്നു.

ഗാഗുൽത്താ ലോകത്തിന്റെയും അതിന്റെ ചരിത്രത്തിന്റെയും കേന്ദ്രമാകുന്നു. ഗാഗുൽത്താമലയിൽ ദൈവപുത്രനായ മ്ശിഹാ തന്റെ അതികഠിനമായ ക്രൂശുമരണംവഴിയായി, നശിച്ച മനുഷ്യവർഗ്ഗത്തേയും തന്റെ നിത്യപിതാവായ ദൈവത്തേയും തമ്മിൽ രമ്യപ്പെടുത്തി. ഭൂലോകചരിത്രത്തിലെ ഏററവും മഹനീയമായ സംഭവം ഇതാകുന്നു. ഇതേക്കാൾ മഹത്തരമായ ഒന്ന് ഇതിനു മുമ്പും പിമ്പും ഉണ്ടായിട്ടില്ല. ലോകചരിത്രത്തിലെ



www.malankaralibrary.com

ഇതരസംഭവങ്ങളൊക്കെ ഈ മഹാസംഭവത്തിനു ചുററും ഭ്രമണം ചെയ്യുന്നു. മനുഷ്യനു നഷ്ടിഭവിച്ച സ്ഥാനമാഹാത്മ്യം കുരിശിലെ ബലിവഴിയായി വീണ്ടും കരഗതമായിരിക്കുന്നു.

ഗാഗുൽത്തായിൽ ചിന്തിയ അതേരക്തം തന്നെ കുർബാനായിൽ നിഗ്രഢമായി ചിന്തപ്പെടുന്നു; അതിൽ മനുഷ്യനായ ദൈവത്തിൻെറ മരണം രക്തം ചിന്താത്ത വിധത്തിൽ അത്ഭുതകരമാംവണ്ണം ആവത്തിക്കപ്പെടുന്നു; അങ്ങനെ കാൽവറിയിലെ ബലിയുടെ സ്മരണയും ആമ്രേഡനവുമാകുന്നു കുബ്ബാനായെന്ന് സമത്ഥിക്കാം. വൈദികൻ അപ്പവും വീഞ്ഞുമെടുത്ത് കൂദാശമൊഴികൾ ഉച്ചരിക്കുമ്പോൾ അവതരിച്ച ദൈവവചനം സന്നിഹിതനായി മനുഷ്യരുടെ പാപപരിഹാരാത്ഥം സ്വയം നിത്യപിതാവായ ദൈവത്തിനു സമപ്പിക്കുന്നു.

പാരം നേരിയ ശബ്ദമൊടുചെറുതാമപ്പത്തിലും കാസതൻ
മീതെയും പ്രവചിച്ചിടുന്നു ഗുരു, തൻശീഷം കുനിച്ചാദരാൽ
ആശ്ചയ്യം! പെസഹാദിനത്തിലെ വചസ്സവ്വുണ്ണമിന്നേരവും
ഗാഗുൽത്തായിലെ യാഗസാധനമിതാചേക്കുന്നിതൾത്താരയിൽ.

(Fr. Ryan.)

മനുഷ്യനു ചെയ്യാൻ പാടുള്ളതിൽ വച്ചു ഏററവും പരിശുദ്ധമായ കൃത്യം കുബ്ബാനായാകുന്നുവെന്നു വി. ലിഗോരി പറയുന്നു. തന്നെത്തന്നെ കുരിശിൽ ബലി സമപ്പിച്ച മ്ശിഹാതമ്പുരാൻ, ഇപ്പോൾ പട്ടക്കാരൻെറ ശുശ്രൂഷ വഴിയായി ബലി അർപ്പിക്കുന്നുവെന്നാണെ ത്രെന്തോസ്സുനഹദോസ് പഠിപ്പിക്കുന്നത്. വി. ജോൺ ക്രിസോസ്തോം പറയുന്നു 'കത്താവു ബലിയുടെ ഖൾഗപ്രയോഗമേററു കിടക്കുന്നതായിട്ടും, പുരോഹിതൻ ബലി നടത്തുകയും പ്രാത്ഥിക്കയും ചെയ്യുന്നതായിട്ടും നീ കാണുമ്പോൾ, ഇനിയും നീ ഭൂമിയിൽ മനുഷ്യരോടൊന്നിച്ചാണെന്നു വിചാരിക്കുന്നുവൊ; സ്വഗ്ഗത്തിലേയ്ക്കു എടുക്കപ്പെട്ട, ജഡികമായ എല്ലാ ചിന്തകളേയും പരിത്യജിച്ച്, പരിശുദ്ധമായ ആത്മാവോടും നിമ്മലമായ മനസ്സോടും കൂടി സ്വഗ്ഗത്തിലുള്ളവയെ സംവീക്ഷണം ചെയ്യുന്നവനായിട്ടു നിന്നെ പരിഗണിക്കയല്ലയൊ കുറേക്കൂടിഭേദം. ഓ അത്ഭുതം! ദൈവ



www.malankaralibrary.com

ത്തിൻെറ കാരുണ്യം![2] പട്ടക്കാരൻ ബലി സമർപ്പിക്കുന്നതായി നീ കാണുമ്പോൾ, പട്ടക്കാരനെ അല്ല, ക്രിസ്തുവിൻെറ കരം അദൃശ്യമായി നീട്ടിയിരിക്കുന്നതിനെയാണ് നീ കാണേണ്ടതെന്നു ഇതേ വിശുദ്ധൻ തന്നെ വേറൊരിടത്തു പറയുന്നുണ്ട്.

തൻെറ ഉത്ഥാനാനന്തരം ക്രിസ്തുനാഥൻ, 'തിബേരിയസ്സ്' കടൽത്തിരത്തുവച്ച്, വലവീശിക്കൊണ്ടിരുന്ന ശിഷ്യന്മാക്കു അപ്പം തയ്യാർ ചെയ്തു കൊടുക്കുന്നതായി യോഹന്നാൻ സുവിശേഷകൻ രേഖപ്പെടുത്തുന്നു. പ്രഭാതമായപ്പോൾ ഈശോ കടൽത്തിരത്തുനിന്നു.[3] ഈ സംഭവത്തെ പരാമർശിച്ചു മാനിംഗ് ഇപ്രകാരം എഴുതുന്നു. 'ദിവസം ഈശോയുടെ സാന്നിദ്ധ്യത്തോടുകൂടി സമാരംഭിക്കുന്നു. പരലോകത്തിൻെറ തീരമാകുന്ന ബലി അർപ്പിക്കപ്പെടുന്ന പീഠം, ഈശോ അവിടെ നമ്മുടെ വാക്കനുസരിച്ചു വരുന്നു. ദിവ്യപൂജയിൽ ഈശോയെ നാം അറിയുന്നുണ്ടെങ്കിലും നമ്മുടെ കണ്ണുകൾ ബന്ധിക്കപ്പെട്ടിരിക്കയാണ്. ഈശോ വേറൊരു രൂപത്തിലാകുന്നു. നമുക്കു തന്നെ കാണാൻ വഹിയാ എങ്കിലും അതു കർത്താവാണെന്നു നാമറിയുന്നു. ഈശോ ജീവൻെറ അപ്പം തയ്യാർ ചെയ്തു നമുക്കു തരുന്നു. ജീവിതകാലം മുഴുവനും ഒരുക്കത്തിൽ കഴിച്ചാലും ഇപ്രകാരമുള്ള ഒരു ദിവ്യസ്പർശനം നമ്മുടെ സകല പ്രവൃത്തികൾക്കും തപഃക്രിയകൾക്കും ത്യാഗങ്ങൾക്കും വളരെ കവിഞ്ഞ പ്രതിഫലമേയായിരിക്കുയുള്ളു. (വാദ്ധക്യകാലംവരെ ഒരുവൻ വൈദികസ്ഥാനത്തിനു ഒരുങ്ങിയാലും അതു അധികമായിപ്പോകുന്നതല്ല എന്നു വി. ഗ്രിഗോരി നസ്സിയൻസൻ പറയുന്നു.) താൻ നമ്മുടെ ജീവകാലത്തിൽ ഒരു തവണ മാത്രമല്ല പിന്നെയൊ എല്ലാ ദിവസവും രാവിലെ നമ്മുടെ പക്കൽ വരുന്നു; അങ്ങനെ ദിവസം ആരംഭിക്കുന്നതു നാം തന്നോടുകൂടിയത്രെ. ഒരു ദിവസത്തെ ആദ്യമണിക്കൂർ നമ്മുടെ കാവൽ ദൂതൻെറയൊ നാമകാരണനായ വിശുദ്ധൻെറയൊ അദൃശ്യവും എന്നാൽ സുനിശ്ചിതവുമായ സന്നിധിയിൽ വിനിയോഗിക്കുന്നപക്ഷം, ദിവസം മുഴുവനും അതിൻെറ മഹനീയ ചൈതന്യം പ്രസ്സരിക്കാതിരിക്കുമൊ? പാരത്രികലോകവുമായുള്ള ഈ വേഴ്ച ചിരകാലപരിചയം മൂലം മന്ദിഭവിക്കാതെ



www.malankaralibrary.com

ളപ്പമുണ്ട്. എന്നാൽ കുബ്ബാനയുടെ സ്വഭാവം ഇതല്ല, എന്തുകൊണ്ടെന്നാൽ അത് മാലാഖാമാരുടെയും പുണ്യവാന്മാരുടേയും അധിനാഥന്റെ പുരുഷപരമായ (Personal) സാന്നിദ്ധ്യമാകുന്നു; എന്നിരുന്നാലും, തന്റെ അതി വിനീതമായ അവസ്ഥയോടുള്ള ചിരപരിചയം മൂലം നമ്മുടെ മതിപ്പിന്റെ സജീവത നഷ്ടിഭവിക്കാനിടയുണ്ട്. ക്രിസ്തുവിന്റെ, കുബ്ബാനയിലെ സാന്നിദ്ധ്യം പ്രകൃതിയുടെ നിയമത്തിനും ക്രമങ്ങൾക്കും മേലാണെന്നാണ് ത്രെന്തോസ്സുനഹദോസ് പഠിപ്പിക്കുന്നത്. താൻ അവിടെ ദൈവമായിട്ടും മനുഷ്യനായിട്ടും യഥാർത്ഥത്തിൽ ഉണ്ടായിരിക്കുന്നു. നാം വിശുദ്ധ കുബ്ബാന കൈയ്യിൽ എടുക്കുമ്പോൾ ലോകത്തെ സൃഷ്ടിച്ചവനേയും രക്ഷിച്ചവനേയും പരിശുദ്ധീകരിക്കുന്നവനേയുമാണ് സ്പർശിക്കുന്നത്. താൻ വി. കുബ്ബാനയിൽ സ്ഥിതിചെയ്യുന്നത് ഒരു സാധനം മറെറാരു സാധനത്തിൽ ഇരിക്കുന്ന വിധമല്ല, പിന്നെയൊ ഏററവും വിസ്മയാവഹവും അഗ്രാഹ്യവുമായ ഒരു വിധത്തിലാണ്. ഈ അവസ്ഥയ്ക്കു ശാസ്ത്രജ്ഞന്മാർ നൽകുന്ന സാങ്കേതികനാമം–Sacramentaliter– എന്നത്രെ. ദൈവത്തെ സംബന്ധിച്ചിടത്തോളം സമയമൊ സ്ഥലമൊ ഇല്ല; അതായത് അവൻ സ്ഥലകാലപരിധികളാൽ ബന്ധിതനല്ല, നാം ആദ്ധ്യാത്മിക ലോകത്തോടു യോജിപ്പിക്കപ്പെട്ടിരിക്കുന്നു, ഈ യോജിപ്പ് ദൈവത്തിന്റെ ഭാഗത്തും നമ്മുടെ ഭാഗത്തും വാസ്തവികവും പുരുഷപരവുമത്രെ. നാം, തന്നെ വിശ്വാസം വഴിയായി മുഖത്തോടുമുഖം ദർശിക്കുന്നു. ഇതിലും ഉപരിയായി സ്വർഗ്ഗവാസികളുടെ ദർശനമല്ലാതെ (Beatific Vision) മററില്ല. ക്രൂദാശാവചനങ്ങൾക്കശേഷം ഈ ദർശനം– സ്വർഗ്ഗവാസികളുടെ ദർശനം– തിരശ്ശീലയിൻകീഴ് നമുക്കും അനുഭവപ്പെടുന്നു. അങ്ങനെ സ്വർഗ്ഗീയ സദനത്തിലെ പരിശുദ്ധന്മാരോടും രക്തസാക്ഷികളോടുംകൂടി പാപികളായ നമുക്ക ഒരു മാത്രം അവരുടെ സൌഭാഗ്യത്തിന്റെ ഒരംശവും ലഭ്യമാകുന്നുവെന്നു പറയാം. കുബ്ബാനയുടെ പാതികാലം മുതൽ തിരുശ്ശരീരം ഉൾക്കൊള്ളുന്നതുവരെ, 'എമാവൂസി'ലേയ്ക്കുള്ള പാതയിൽവച്ചു ക്ലെയോഫാസിനും കൂട്ടുകാരനും ഉണ്ടായതിൽ, ഒട്ടും വിഭിന്നമല്ലാത്തതും



www.malankaralibrary.com

കുറവില്ലാത്തതുമായ ഒരു ദിവ്യ സാമീപ്യത്തിന്റെ അനുഭവമാണ നമുക്കും ഉണ്ടാകുന്നത്. നമ്മുടെ നേത്രങ്ങൾ നിഷ്ഫലങ്ങളെങ്കിലും ബുദ്ധിശക്തി ഗ്രഹിക്കുന്നുണ്ട്. നാം യേശുവിനെ വേറൊരു രൂപത്തിൽ കാണുന്നെങ്കിലും, കാണുമ്പോൾ അതു താനാണെന്നറിയുന്നു. നാം തന്നോടു കർത്താവും മിത്രവും യജമാനനും എന്നപോൽ സംസാരിക്കയും, താൻ മാനുഷിക ജിഹ്വയാൽ വെളിപ്പെടുത്താൻ പാടില്ലാത്ത ഒരു ആന്തരിക ഭാഷയിൽ പ്രത്യുത്തരിക്കയും ചെയ്യുന്നു. അൾത്താരയിൽ താൻ കുറച്ചുനേരം മാത്രമെ സന്നിഹിതനായിരിക്കുന്നുള്ളു; എന്നാൽ ഈ കുറച്ചുനേരം പ്രദാനംചെയ്യുന്ന പ്രകാശവും മനഃസമാധാനവും അന്ത്യാട്ടശമാണ്. നമ്മുടെ ജീവകാലം മുഴുവനും പ്രഭാതംതോറും നാം കുർബ്ബാന അപ്പിക്കുന്നുണ്ടെങ്കിലും യേശുവിന്റെ പുരുഷപരമായ സമീപ്യമെന്ന ഈ രഹസ്യത്തിന്റെ അന്തിമ ഘട്ടത്തിൽ ഒരിക്കലും നാം എത്തുന്നതല്ല. സീമയററ സമുദ്രം കണക്കെ വ്യാപിച്ചുകിടക്കുന്ന തന്റെ മാധുര്യ്യബഹുലതയ്ക്കു സുനിശ്ചിതമായ ഒരു ചക്രവാളം ഇല്ല. എന്നാൽ പരിശുദ്ധമായ ഭീതിയോടെ തന്നെ ആരായുന്നവൎക്കു അതിന്റെ (യഥാൎത്ഥ സാന്നിദ്ധ്യത്തിന്റെ) മാധുര്യ്യം മുഴുവനും വിശുദ്ധ കുർബ്ബാനയെന്ന ക്രദാശയിൽ ഒളിഞ്ഞുകിടക്കുന്നുണ്ടുതാനും. തന്റെ ഐഹിക ജീവിതത്തിന്റെ അന്തിമരാത്രിയിൽ വിരുന്നുശാലയിൽവച്ചും ഉത്ഥാനാനന്തരം എമാവൂസ്സ് പട്ടണത്തിൽവച്ചു ശിഷ്യരുടെ ദൃഷ്ടിയിൽനിന്നു പൊടുന്നനെ അന്തൎദ്ധാനം ചെയ്യപ്പോഴും സംഭവിച്ചതുപോലെ, തന്റെ വിലതീരാത്ത ശരീരവും രക്തവും നമുക്കു തന്നിട്ടു മാത്രമെ അല്പനേരത്തേയ്ക്കെങ്കിലും— അതും അടുത്ത ദിവസം വീണ്ടും വരുമെന്ന വാഗ്ദാനത്തോടെ— നമ്മിൽനിന്നു താൻ വേർപെടുന്നുള്ളു. [4]

വി. യോഹന്നാൻ വിയാന്നി പറയുന്നു. 'നമ്മുടെ സകല സൽപ്രവൃത്തികളും ഒന്നിച്ചുകൂടിയാലും കുർബ്ബാനയോടു സമം വരുന്നതല്ല, എന്തുകൊണ്ടെന്നാൽ അവ മനുഷ്യരുടെ പ്രവൃത്തികൾ മാത്രമാണ്, കുർബ്ബാനയാവട്ടെ ദൈവത്തിന്റെ പ്രവൃത്തിയാകുന്നു. ഇതിനോടു തുലനം ചെയ്യുമ്പോൾ രക്തസാക്ഷിത്വം ശൂന്യമാണ്,



www.malankaralibrary.com

എന്തെന്നാൽ രക്തസാക്ഷിത്വം മനുഷ്യൻ ദൈവത്തിനു സ്വന്ത ജീവനെ അഹുതി ചെയ്യുകയാണ്, കുബ്ബാനയൊ എന്നാൽ ദൈവം മനുഷ്യനുവേണ്ടി സ്വന്ത ശരീരവും രക്തവും ഹോമിക്കുകയാകുന്നു. ഹാ! പുരോഹിതൻെറ ജോലി എത്ര ഉന്നതം! അതിൻെറ മഹത്വം ശരിയായി ഗ്രഹിക്കുന്നപക്ഷം അവൻ മരിക്കും.' 5

വാനാത്രപികൾക്കുകൂടി വൎണ്ണിപ്പാൻ ശക്യമാവാത്തവണ്ണം കുബ്ബാന അതിമാത്രം മഹത്വമേറിയതും വിസ്മയഭൂയിഷ്ഠവുമാകുന്നു. ബേത്ലഹം, നസ്രത്ത്, കാൽവരി, എന്നീ സ്ഥലങ്ങളിൽ നടന്ന സംഭവങ്ങളെല്ലാററിനേയുംപററിതന്നെ കുബ്ബാന നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. ആട്ടിടയന്മാരോടൊരുമിച്ച പുൽക്കൂട്ടിലുണ്ണിയെ സന്ദൎശിക്കുന്നതിനിടവന്നാൽ എത്ര മഹാ ഭാഗ്യമായി നാമതു കരുതും, ദിവ്യ ഉണ്ണിയുടെ ദൎശനമാത്രയിൽ നമ്മുടെ ഹൃദയങ്ങൾ ഭക്തിപാരവശ്യത്താൽ പുളകിതമാകാതിരിക്കുമോ? സലേസ് പുണ്യവാൻ പറയുന്നു "കുബ്ബാന എല്ലാ ഭക്തകൃത്യങ്ങളുടെയും സൂൎയ്യനും, മതചൈതന്യത്തിൻെറ നീരുറവയും, തീക്ഷ്ണതയുടെ ആത്മാവും, ദിവ്യസ്നേഹത്തിൻെറ അഗ്നിയും, ദിവ്യകൃപയുടെ ശത്തവും, ദൈവാനുഗ്രഹം നമ്മിലേയ്ക്കു വരുന്ന വഴിയും ആകുന്നു." കുബ്ബാന ഭക്തിപുരസ്സരം കാണുന്നവൎക്ക എഴുപത്തേഴുതരം ഇഷ്ടപ്രസാദങ്ങൾ ലഭിപ്പാൻ പാട്ടുണ്ടെന്നു കൊച്ചേം (Cochem) തൻെറ 'Explanation of the Holy Mass' എന്ന പുസ്തകത്തിൽ സവിസ്തരം പ്രസ്താവിച്ചിരിക്കുന്നു.

കുബ്ബാനമൂലമല്ലായിരുന്നെങ്കിൽ മനുഷ്യരുടെ പാപങ്ങൾ നിമിത്തം ലോകം പണ്ടേ നശിക്കുമായിരുന്നെന്നു ജെറുസലത്തെ തിമോത്തി എന്ന ദേഹം പറയുന്നു. ദൈവസ്നേഹത്തിൻെറയും അനുഗ്രഹങ്ങളുടെയും സംഗ്രഹമെന്നത്രെ വി. ബൊനവഞ്ചുരാ കുബ്ബാനയ്ക്കു കൊടുക്കുന്ന നാമം. പിശാചു കുബ്ബാനയെ വെറുക്കുന്നു. ആകയാൽ അവൻെറ അനുയായികളായ പാഷണ്ഡികളും നിരീശ്വരന്മാരും പള്ളികൾക്കു കൊള്ളിവച്ചും വൈദികരെ വധിച്ചും അതിനെ ഇല്ലാതാക്കുവാൻ ഭഗീരഥ യത്നം ചെയ്തുകൊണ്ടിരിക്കുന്നെന്നുള്ളതിനു ഇക്കാലത്തെ അനുഭവവുംകൂടി സാക്ഷിയല്ലയൊ?



www.malankaralibrary.com

ഈശോമ്ശിഹായുടെ ജീവകാലമത്രയും തന്റെ കുരിശിലെ ബലിക്കായിട്ടുള്ള ഒരു ഒരുക്കമായിരുന്നെന്നു പറയാം. ദിവ്യബലിയുടെ അർപ്പണം സംബന്ധിച്ച് സഭ ഏററവും കണിശവും നിഷ്കൃഷ്ടാപൂർവ്വവുമായ സൂക്ഷം എടുക്കുന്നു. കുർബാന സമർപ്പിക്കാനുള്ള സ്ഥലം— ദേവാലയം— സഭ വാഴ്ത്തി പവിത്രീകൃതമാക്കിയതായിരിക്കണം. മോക്ഷഭാഗ്യം അനുഭവിക്കുന്ന വിശുദ്ധന്മാരുടെ തിരുശ്ശേഷിപ്പുകൾ അൾത്താരയിൽ വേണമെന്നുള്ളതു നിർബന്ധമാകുന്നു. തന്റെ രക്തസാക്ഷികളുടെ വിശുദ്ധാവശിഷ്ടങ്ങളിന്മേൽ മാത്രമെ സഭ കുർബാന അർപ്പിക്കാൻ ഇഷ്ടപ്പെടുന്നുള്ളു; അൾത്താരയിൽ ഉപയോഗിക്കുന്ന വിരികൾ, തിരുപ്പാത്രങ്ങൾ തുടങ്ങിയവ പ്രത്യേകം വാഴ്ത്തപ്പെടുന്നു. എല്ലാററിനും ഉപരിയായി കുർബാന സമർപ്പിക്കുന്ന പുരോഹിതനും ആശീർവ്വദിക്കപ്പെടുന്നു. പട്ടമെന്ന മുദ്രയാൽ അലംകൃതനല്ലാത്ത ഒരുവനും കുർബാന അണസ്സാൻ പാടില്ല. അവൻ മട്ടബഹാസ്സാ കടക്കുന്നതിനു മുമ്പ്— ആസ്ഥപ്പാട (Tonsure) മുതൽ കുർബാനപ്പട്ടംവരെ അൾത്താരയിലേയ്ക്കു വയ്ക്കുന്ന ഓരൊ അടിയിലും— അവനെ സഭ വാഴ്ത്തുന്നുണ്ട്. പട്ടദാനക്രമംതന്നെ എത്ര ഹൃദയാവർജ്ജകവും ഭക്തിസംവദ്ധകവുമായ ഒരു പരിശുദ്ധ ചടങ്ങായിരിക്കുന്നു?

ദൈനംദിനം ബലി അണസ്സുന്ന ക്രിസ്തുപുരോഹിതൻ സർവ്വഥാ വിമലഹൃദയനായിരിക്കണം. അവന്റെ ഹൃദയത്തെ സമലംകരിയ്ക്കേണ്ട സുകൃതങ്ങളെ അവൻ ഗ്രഹിക്കുന്നതിനായി, സഭ അവനെ തിരുവസ്ത്രങ്ങൾ അണിയിക്കുകയും അവയുടെ സാരാത്ഥം പ്രത്യേക പ്രാത്ഥനകൾ മാർഗ്ഗേണ പ്രബോധിപ്പിക്കുകയും ചെയ്യുന്നു. തലമുണ്ട് സാത്താന്റെ അക്രമങ്ങളെ തടുക്കുന്ന കവചത്തേയും, ആൾബ് (ആൾ ളോവ) പരിപൂർണ്ണമായ നിഷ്കന്മഷതയേയും, ചരട് ദുരാശയെ സംയമനം ചെയ്യുന്ന തപസ്സിനേയും, നെടിയ ഊറാല മ്ശിഹായിൽ പുനഃപ്രാപിച്ചിട്ടുള്ള അമർത്ത്യതയേയും, കുർബാനക്കുപ്പായം എല്ലാ സുകൃതങ്ങളുടേയും മകുടമായ പരസ്നേഹത്തേയും ജ്ഞാപകപ്പെടുത്തുന്നു.

വിശാലവും നല്ലവണ്ണം ഒരുക്കപ്പെട്ടതുമായ ഒരു മുറിയിൽ



www.malankaralibrary.com

വച്ചാണ് ദിവ്യനാഥൻ തൻെറ പ്രഥമബലി സമർപ്പിച്ചത്, അഥവാ സമാരംഭിച്ചത്. 'അവൻ നിങ്ങൾക്കു വലുതും നല്ലവണ്ണം ഒരുക്കപ്പെട്ടതുമായ ഒരു അശനശാല കാണിച്ചുതരും, അവിടെ നമുക്കായിട്ടു തയ്യാറാക്കുവിൻ.' 6 ഫ്രസിനേററി (Frasinetti) ഈ വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ടു ഇപ്രകാരമെഴുതുന്നു. 'ദിവ്യബലി സമർപ്പിക്കുന്നതിനു വരുമ്പോൾ നിൻെറ ഹൃദയമായിരിക്കട്ടെ ഈ ഒരുക്കപ്പെട്ട മുറി. എൻെറ അതിരററ നന്മയിലുള്ള ശരണം നിമിത്തം അതു വിശാലമായി ഭവിക്കട്ടെ! ഈ സമയത്തു നിനക്കും മററുള്ളവർക്കും വേണ്ടി നീ ചെയ്യുന്ന അപേക്ഷകളൊക്കെ സഫലീഭവിക്കുമെന്നു ഉറച്ചുകൊൾക. മദ്ബഹായിലേയ്ക്കു ആ സ്വർഗ്ഗീയമായ അപ്പം ഭക്ഷിക്കുന്നതിനുള്ള തീവ്രമായ വാഞ്ഛയോടെ പോവുക; അപ്പോൾ നിനക്കും എന്നെപ്പോലെ 'ഈ പെസ്ഹാ ഭക്ഷിക്കുന്നതിനു ഞാൻ ആഗ്രഹത്താൽ ആഗ്രഹിച്ചു' എന്നു പറവാൻ സാധിക്കും. കുർബാന യഥായോഗ്യം സമർപ്പിക്കുന്നതിനു നിൻെറ ആത്മാവു് എല്ലാവക സുകൃതങ്ങളുംകൊണ്ടു് ഭൂഷിതമായിരിക്കണം. 7

കുർബാന ചൊല്ലുന്നതിനു വൈദികനു പാപദോഷരാഹിത്യം മാത്രമല്ല, പുണ്യപൂർണ്ണതകൂടി കൈവന്നിരിക്കണമെന്നു സ്റ്റാംഗ് (Stang) പറയുന്നു. പട്ടം കൊടുക്കുന്നയവസരത്തിൽ നൽകുന്ന ഒരുപദേശമിപ്രകാരമാണ്. 'നിങ്ങളുടെ അവയവങ്ങളിൽ തിന്മകളും ദുർമ്മോഹങ്ങളും പ്രബലപ്പെടാതിരിക്കുന്നതിനു് അവയെ പരിത്യാഗംകൊണ്ടു അമർച്ച ചെയ്യുവിൻ.'

എല്ലാററിനും മേലായി വൈദികൻെറ ഹൃദയം ശുദ്ധത എന്ന സുഗന്ധപുണ്യംകൊണ്ടു പരിശോഭിക്കണം, എന്തുകൊണ്ടെന്നാൽ ബലിപീഠത്തുംകൽ അവൻ ബ്രഹ്മചാരികളുടെ രാജനായ മ്ശിഹായോടു സമീപിച്ചാകുന്നു നിൽക്കുന്നതു്. വി. ക്രിസോസ്റ്റോം പറയുന്നു. 'പട്ടക്കാരൻെറ ആത്മാവു് സൂര്യകിരണങ്ങളെക്കാൾ വെണ്മയേറിയതായിരിക്കണം, അല്ലാത്തപക്ഷം പരിശുദ്ധാത്മാവു് അതിനെ ഉപേക്ഷിച്ചിട്ടു് പോകാൻ ഇടയുണ്ടു്. വി. പൌലോസിനോടുകൂടി അവനും 'ഞാൻ ജീവിക്കുന്നു, എന്നാൽ



www.malankaralibrary.com

ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു' എന്നു പറവാൻ പാട്ടണ്ടായിരിക്കണം. 8

ക്രിസ്താനുകരണത്തിന്റെ ഭക്തനായ ഗ്രന്ഥകാരൻ പറയുന്നു. 'ഓ! ആ കരങ്ങൾ എത്ര ശുദ്ധിയുള്ളതായിരിക്കണം, വായ് എത്ര വെടിപ്പുള്ളതും ശരീരം എത്ര നിർമ്മലവുമായിരിക്കണം; ശുദ്ധതയുടെ അധിനാഥൻ, കൂടെക്കൂടെ പ്രവേശിക്കുന്ന വൈദികന്റെ ഹൃദയം എത്ര നിഷ്കളങ്കമായിരിക്കയും വേണം. ക്രിസ്തുവിന്റെ കൃദാശയെ ഇത്ര കൂടെക്കൂടെ കൈക്കൊള്ളുന്ന വൈദികന്റെ വായിൽനിന്നു ശുദ്ധമല്ലാത്ത യാതൊന്നും, നല്ലതും ഉപകാരപ്രദമല്ലാത്ത യാതൊരുവാക്കും പുറപ്പെടേണ്ടതല്ല. ക്രിസ്തുവിന്റെ ശരീരത്തെ നോക്കാറുള്ള അയാളുടെ കണ്ണുകൾ നിഷ്കപടവും അടക്കവും ഉള്ളതായിരിക്കണം. പ്രത്യേകിച്ചു പട്ടക്കാരെക്കുറിച്ചാണു പ്രമാണത്തിൽ ഇങ്ങനെ പറയപ്പെട്ടിരിക്കുന്നത്, 'നിങ്ങൾ വിശുദ്ധരായിരിപ്പിൻ, എന്തുകൊണ്ടെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ വിശുദ്ധനായിരിക്കുന്നു.' 9

കുർബ്ബാനയ്ക്കു മുമ്പ് ഒരു വൈദികൻ മൌനമായിരിക്കണം, സംസാരിക്കുന്നെങ്കിൽ അതു ദൈവത്തെക്കുറിച്ചൊ ദൈവത്തോടൊ ആയിരിക്കട്ടെ. കുർബ്ബാനയ്ക്കു മുമ്പുള്ള 'ഉയാവാ' അഥവാ 'Preparatio ad missam' (പ്രാരംഭ പ്രാർത്ഥന) മുഴുവനും എത്തിച്ചിട്ടു മററു സമയമെല്ലാം ഏതാണ്ടു ഉല്ലാസമായി കഴിക്കുന്നതു ദിവ്യപൂജയോടു ചെയ്യുന്ന ഒരു അനാചാരമാണെന്നു ഒരു ആദ്ധ്യാത്മിക ഗുരു പറഞ്ഞിരിക്കുന്നു.

മാനിംഗ് പറയുന്നു; ആളുകൾ അവനെ (പട്ടക്കാരനെ) പ്രതീക്ഷിച്ചു നിൽക്കുന്നു എന്ന കാരണത്താൽ കുർബ്ബാനയ്ക്കു മുമ്പുള്ള ഒരുക്കമൊ, കുർബ്ബാന കഴിഞ്ഞുള്ള ഉപകാരസ്മരണയൊ വെട്ടിക്കുറയ്ക്കുക, ഒരു വൈദികനിൽ ഭക്തിയൊ പരസ്നേഹമൊ അല്ല. അവൻ ആദ്യമായി ദൈവത്തെ പരിസേവിക്കണം, പിന്നിട്ടു ജനങ്ങളുടെ കാര്യമന്വേഷിച്ചാൽ മതി. കുർബ്ബാനയ്ക്കായി ഒരു പട്ടക്കാരൻ വിനിയോഗിക്കുന്ന ഒന്നര മണിക്കൂർ നേരത്തെക്കുറിച്ചു, അതു അവന്റെ സ്വന്തമെന്നും അല്ലെന്നും പറയാവുന്നതാണ്. ഈ



www.malankaralibrary.com

സമയം അവന്റെ ഒരു ദിവസത്തെ കടിഞ്ഞൂൽ ഫലമാകുന്നു; തൻമൂലം അതു ദൈവത്തിന്റേതത്രെ, അവനു അതിന്റെ ഫലമനുഭവിക്കാമെന്നല്ലാതെ (usufruct)അതിന്മേൽ പരിപൂർണ്ണകർത്തൃത്വമില്ല; മററുകാര്യങ്ങൾക്കായി അതിനെ ചെലവിടുന്നതിനു അവനു സ്വാതന്ത്ര്യമില്ല. വല്ല പട്ടക്കാരനും അങ്ങനെ ചെയ്യുന്നപക്ഷം അന്ത്യകാലത്തിൽ 'എന്റെ മുന്തിരിത്തോട്ടത്തെ ഞാൻ സൂക്ഷിച്ചില്ല' എന്നു പ്രലപിക്കേണ്ടിവരും. എലക്കൃമിയും വ്രണപ്പുഴുവും അവയുടെ ജോലി അഗോചരമായി എന്നാൽ നിശ്ചയമായി ചെയ്യാതിരിക്കയില്ല. 10

കുർബ്ബാനയിലെ ക്രിയകൾ (Rubrics) അതിമാത്രം ഭക്തിസംവർദ്ധകങ്ങളും അല്പകനാൽ സസൂക്ഷ്മം അനുഷ്ഠേയങ്ങളുമാകുന്നു; വലിയ ത്രേസ്യാ പുണ്യവതി ഇവയിലൊന്നിനുവേണ്ടി മരിക്കുന്നതിനുപോലും സന്നദ്ധയായിരുന്നു. 11 കുർബ്ബാനയിൽ യഥാവസരം ഉപയോഗിക്കേണ്ട ത്രിവിധസ്വരം, മുത്തൽ, മുട്ടുകുത്തൽ, മുതലായവകളിൽ കാലാന്തരത്തിൽ പിശകായ വ്യതിയാനങ്ങൾ കടന്നുകൂടാതിരിക്കുന്നതിനു അപ്പഴപ്പോളുള്ള തുക്കാസാ (ക്രമപുസ്തകം) പാരായണമല്ലാതെ മററു മാർഗ്ഗമില്ല.

ആളുകളെ മുഷിപ്പിക്കുന്ന താമസവും അവക്കു ഇടർച്ച വരുത്തുന്ന വേഗതയും ഒരുപോലെ വർജ്ജനീയമാണ്. വേഗതയെക്കുറിച്ചും താമസത്തെക്കുറിച്ചും ബിഷപ്പ് മൊരിയാർട്ടി (Moriarty) ഇപ്രകാരം പറയുന്നു. 'അലക്ഷ്യമായ ഒരു ഭാവം അൾത്താരയിൽ നില്ക്കുന്ന പട്ടക്കാരനിൽ ചിലപ്പോൾ നാം സൂക്ഷിച്ചിട്ടുണ്ട്. അതു മർമ്മഭേദകംതന്നെ, വിശ്വാസത്തിന്റെ അഭാവമാണ് ഇവിടെ തെളിഞ്ഞുകാണുന്നത്. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യനു അവനെന്തെങ്കിലുമൊരു മഹത്തായ കാര്യം ചെയ്യുകയാണെന്നുള്ള ബോധമുണ്ടെങ്കിൽ, നിശ്ചയമായും അവന്റെ ക്രിയകൾക്കു ഒരു മഹിമയുണ്ടാകാതിരിക്കയില്ല. ദൈവമഹത്വത്തെപ്പററിയുള്ള ഭീതിയും വണക്കവുംകൊണ്ടു ആത്മാവു നിറഞ്ഞിരിക്കുമ്പോൾ അതിന്റെ പ്രതിബിംബനം ബാഹ്യപ്രവൃത്തികളിൽ സ്ഫുരിക്കും. കാലടികളുടെയും ഭുജങ്ങളുടെയും സൂക്ഷ്മരഹിതമായ ചലനങ്ങളും,



www.malankaralibrary.com

എന്തെന്നില്ലാത്ത ബദ്ധപ്പാടും, അവ്യക്തമായ ക്രിയകളും, അച്ചന്മാരിൽ സ്വഭാവാതീതമായ ചൈതന്യം വളരെ കുറവാണെന്നു കാണിക്കുന്നു. ചിലപ്പോൾ താമസം വെറും നിരർത്ഥകമായ സംശയത്തിന്റെ ഫലമായിരിക്കാം; കാസാ, പീലാസാ മുതലായവ തുടയ്ക്കുന്നതിനു സെക്കൻറുകൾ മതിയായിരിക്കെ, അതിനു മിനിട്ടുകൾ എടുക്കുന്നവരെ കണ്ടിട്ടുണ്ട്. അനാവശ്യമായ വിളംബം ജനങ്ങൾക്കു പലവിചാരവും അസഹിഷ്ണുതയും വരുത്തുന്നു. തിരുകർമ്മനേരത്തെ അനുസ്യൂതവും യഥാക്രമവുമായ ക്രിയകളാണു ജനശ്രദ്ധയെ ആകർഷിച്ച് അവരിൽ ഭക്തി അങ്കുരിപ്പിക്കുന്നത്.' 13

കുർബ്ബാനയുടെ ക്രമങ്ങളിൽ പിശകു വരുന്നതു, കുർബ്ബാന വേഗം തീർക്കണമെന്നുള്ള ഉൽക്കണ്ഠ മൂലമാണെന്നാണ് വി. ഗ്രിഗോരിയുടെ മതം. അദ്ദേഹം പറയുന്നു; ചിലർ കുർബ്ബാന അതിശീഘ്രം ചൊല്ലുന്നതു കണ്ടാൽ പള്ളിയുടെ ഭിത്തി ഇടിഞ്ഞുവീഴാൻ പോകുകയൊ, അവരെ തസ്കരന്മാർ പിടികൂടാൻ ഭാവിക്കയൊ ചെയ്യുകയാണെന്നു തോന്നിപ്പോകും. വ്യർത്ഥഭാഷണത്തിനു രണ്ടു മണിക്കൂർ ചെലവഴിച്ചേക്കാം, എന്നാൽ കുർബ്ബാനയുടെ കാര്യം വരുമ്പോൾ സർവ്വത്ര ബദ്ധപ്പാട്. 13 ഒരു പ്രാർത്ഥനയുടെ ആരംഭത്തിലേയും അവസാനത്തിലേയും വാക്കുകൾ ശരിക്കു കിട്ടുമ്പോൾ, ഇടയ്ക്കുള്ള വാക്കുകളെ വിഴുങ്ങി, അതു വേഗമവസാനിപ്പിപ്പാൻ വളരെ എളുപ്പമുണ്ട്; വിഴുങ്ങിയ കാര്യം ഇതരക്കു മനസ്സിലാക്കാനും പണിയാണ്. ഇക്കാലത്തു വേഗത്തിൽ ചൊല്ലുന്നവരെ വേഗത്തിൽ സഹായിക്കുന്ന സഹായികളുമുണ്ടായിരിക്കുന്നു. അച്ചന്മാർ ദ്ധടിതിയിൽ ചൊല്ലുമ്പോൾ കപ്യാരും വേഗത കൂട്ടുക സ്വാഭാവികമാണല്ലൊ. ചില ധൃതിക്കാരുടെ കുർബ്ബാനയ്ക്കു 'കൊണ്ടുപായുന്ന' കപ്യാരന്മാരെ സാധാരണക്കാർക്കു കുർബ്ബാനയ്ക്കു കൂട്ടുക വിഷമമായി തീർന്നിരിക്കുന്നു.

കുർബ്ബാനയിലെ ക്രമങ്ങളെപ്പററി (Ceremonies) ത്രെന്തൊസ്സുനഹദോസ്സു പഠിപ്പിക്കുന്നതിപ്രകാരമാണു. 'ശ്രേഷ്ഠമായ ഈ ബലിയുടെ മാഹാത്മ്യം വെളിപ്പെടുത്തുന്നതിനും, ദൃശ്യമായ അടയാളങ്ങൾ വഴിയായി ഇതിൽ അന്തർഭവിച്ചിരിക്കുന്ന മഹോന്നതങ്ങ



www.malankaralibrary.com

ളായ രഹസ്യങ്ങളെപ്പററി ധ്യാനിക്കുന്നതിന് മനുഷ്യ ഹൃദയത്തെ ഉയർത്തുന്നതിനുമായിട്ടാകുന്നു സഭ, കുർബ്ബാനയിലെ വിവിധങ്ങളായ ക്രമങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്.' 14

പുറമെയുള്ള വണക്കം അർപ്പകൻെറ അകമേയുള്ള ഒരുക്കത്തിനു സാക്ഷ്യം വഹിക്കുന്നുവെന്നാണ് വി. ബൊനവെന്തുരാ പറയുന്നത്. 'എൻെറ വിശുദ്ധ സ്ഥലത്തെ ബഹുമാനിപ്പിൻ' 15 എന്നു ദൈവം പഴയനിയമ പുരോഹിതന്മാരോടു ആജ്ഞാപിച്ചതു നമ്മെയല്ലയൊ കൂടുതലായി സംബന്ധിക്കുന്നത്.

കുർബ്ബാനയിൽ അറിഞ്ഞും അറിയാതെയും ഇഴഞ്ഞുകയറുന്ന ന്യൂനതകൾ ഏവംവിധം ഹാനികരങ്ങളും തൻമൂലം വർജ്ജ്യങ്ങളുമെങ്കിൽ ചാവുദോഷത്തോടുകൂടിയ ബലിയർപ്പണത്തെപ്പററി എന്താണു പറയേണ്ടത്. ഇക്കാര്യത്തെപ്പററി എഴുതുമ്പോൾ പരിശുദ്ധ പിതാക്കന്മാരുടെ ഭാഷ ഏററവും രൂക്ഷമായി ഭവിക്കുന്നു. അതു ന്യായയുക്തവുമത്രെ.

ഇഷ്ടപ്രസാദത്തുകിൽകൊണ്ടു അലംകൃതനായി കുർബ്ബാന ചൊല്ലുന്നതു അത്യുൽകൃഷ്ടമായ ഒരു പ്രവൃത്തിയായിരിക്കുന്നതുപോലെ ചാവുദോഷത്താൽ മലീമസമായ ആത്മാവോടുകൂടി കുർബ്ബാന സമർപ്പിക്കുന്നതു അതിദാരുണവും ദൈവകോപത്തെ പ്രോജ്ജ്വലിപ്പിക്കുന്നതുമായ ഒരു കഠോര കൃത്യമാകുന്നു. 'എന്തെന്നാൽ കർത്താവിൻെറ ശരീരത്തെ വിവേചിക്കാതെ അയോഗ്യതയോടെ ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യുന്നവൻ, തനിക്കു വിധിയെ ഭക്ഷിക്കയും പാനം ചെയ്യുകയും ചെയ്യുന്നു' 16 എന്ന വി. പൌലോസ്സിൻെറ വാക്കുകൾ അയോഗ്യനായ ബലി അർപ്പകനാണ് കൂടുതൽ യോജിക്കുന്നത്.

സഭയിലെ ഒരു മല്പാനായ വി. അൽഫോൻസ് ലിഗോരിയുടെ അഭിപ്രായപ്രകാരം ചാവുദോഷത്തോടെ ബലി സമർപ്പിക്കുന്ന പട്ടക്കാരൻ നാലു വ്യത്യസ്ത പാപങ്ങൾ ചെയ്യുന്നു. (1) അവൻ അയോഗ്യമായി മ്ശിഹായുടെ ശരീരം ക്രൂദാശ ചെയ്യുന്നു; ക്രൂദാശ ചെയ്യുന്നവനു വിശുദ്ധതവേണം, എന്തുകൊണ്ടെന്നാൽ പരിശുദ്ധമായവ പരിശുദ്ധമായിട്ടേ കൈകാര്യം ചെയ്യാൻ



www.malankaralibrary.com

പാടുള്ളു. (Sancta sancte sunt tractanda) (2) അവൻ മ്ശിഹായുടെ ശരീരം അയോഗ്യമായി ഭക്ഷിക്കുന്നു; പാപത്താൽ മ്ളാനമാക്കപ്പെട്ട ആത്മാവോടുകൂടി മാലാഖാമാരുടെ അപ്പമായ ദിവ്യഭോജനം സ്വീകരിക്കുന്നതു ശിക്ഷാർഹമായ ഒരു പ്രവൃത്തിയാകുന്നു. അയോഗ്യമായി ഭക്ഷിക്കുന്നവൻ ക്രിസ്തുവിന്റെ ശരീരത്തിന്റെ 'കുററക്കാരനാ'ണെന്നാണല്ലൊ വി. പൌലോസ് വിളിച്ചറിയിക്കുന്നതു്. (3) അവൻ അയോഗ്യമായി മ്ശിഹായുടെ ശരീരം (തനിക്കുതന്നെ) കൊടുക്കുന്നു. കൂദാശ ചെയ്യുന്നവൻ മാത്രമല്ല, തിരുശ്ശരീരം വിഭാഗിച്ചു കൊടുക്കുന്നവനും ഹൃദയനൈർമ്മല്യം വേണമെന്നുണ്ടു്. പാപക്കറ പുരണ്ടിരിക്കെ ദിവ്യ സൽപ്രസാദം അവൻ കൊടുക്കുന്നു. (4) അവൻ അയോഗ്യനു കൊടുക്കുന്നു, അതായതു് അയോഗ്യനായ തനിക്കുതന്നെ ദിവ്യകാരുണ്യം നൽകുന്നു. കൂദാശയുടെ ഔദ്യോഗിക സൂക്ഷിപ്പുകാരൻ എന്ന നിലയിൽ യോഗ്യതയുള്ളവർക്കുമാത്രം കൊടുപ്പാനേ അവനു അനുവാദമുണ്ടായിരുന്നുള്ളു. പന്നികളുടെ മുമ്പു് മാണിക്യമെറിവാനൊ പട്ടികൾക്കു പരിശുദ്ധമായവ കൊടുപ്പാനൊ പാടില്ല.

'നിന്റെ കൈകൾ നീട്ടുമ്പോൾ ഞാൻ എന്റെ മുഖം തിരിച്ചുകളയും, എന്തുകൊണ്ടെന്നാൽ നിന്റെ കൈകൾ രക്തംകൊണ്ടു നിറഞ്ഞിരിക്കുന്നു.' 17 പാപത്തിലിരിക്കുന്ന പട്ടക്കാരന്റെ ബലിയോടു ദൈവത്തിനു വളരെ വെറുപ്പാണ്. പുരോഹിതനു മാലാഖാമാരുടെ പരിശുദ്ധത ആവശ്യമായിരിക്കുന്നു, അപ്രകാരമിരിക്കെ ദിവ്യകുഞ്ഞാടിനെ അശുദ്ധമായ ഹസ്തത്താൽ സ്പർശിക്കയും ഭക്ഷിക്കയും ചെയ്യുന്നതു കാണുമ്പോൾ അവർക്കുള്ള (മാലാഖാമാർക്കുള്ള) സംഭ്രമം വളരെ വലുതാകുന്നുവെന്നു് വി. ലിഗോരി ഉച്ചൈസ്തരം അറിയിക്കുന്നു. 'മലിനമായ കരങ്ങൾകൊണ്ടു പരിശുദ്ധതമമായ കൂദാശയെ തൊടുവാൻ തക്ക തന്റേടമുള്ളവനാരാകുന്നു' എന്നു വി. അഗസ്റ്റീനോസു ചോദിക്കുന്നു. നിശ്ചയമായും വിശ്വാസവെട്ടമല്ലമെങ്കിലുമുള്ളവനു് ഇതു ചെയ്വാൻ കഴിവുള്ളതല്ല. ദൈവദോഷത്തോടുകൂടിയ ബലിയോടു ദൈവത്തിനുള്ള അറപ്പും വെറുപ്പും വർണ്ണനാതീതമാണ്. ആകയാൽ മലാഖിയാ പ്രവാചകൻ



www.malankaralibrary.com

വഴിയായി ദൈവം അറിയിക്കുന്നതു കേൾക്കുക, 'നിൻെറ ആഘോഷങ്ങളുടെ അമേദ്ധ്യം നിൻെറ മുഖത്തുതന്നെ ഞാൻ വിതറും.'[18] ദുഷ്ടരായ വൈദികർ ദൈവത്തിൻെറ വിശുദ്ധ സ്ഥലത്തെ കഴിയുംവിധത്തിലെല്ലാം അശുദ്ധമാക്കുന്നു. അതിൻെറ (ഇസ്രായേൽ ഭവനത്തിൻെറ) പട്ടക്കാർ എൻെറ ശുദ്ധ സ്ഥലത്തെ അശുദ്ധമാക്കി... ഞാൻ അവരുടെ മദ്ധ്യേ മലിനമാക്കപ്പെട്ടു.'[19]

വി. ബെർണ്ണാർദ് ഇങ്ങനെ പ്രലപിക്കുന്നു. എൻെറ കർത്താവേ! നിൻെറ സഭയിൽ ഉന്നതസ്ഥാനത്തിരിക്കുന്ന ചിലർ നിന്നെ ഞെരുക്കുന്നവരിൽ ഒന്നാമത്തവരാണെന്നു എങ്ങിനെ വിചാരിപ്പാൻ കഴിയും.[20] വേറൊരു ഗ്രന്ഥകാരനായ 'പീററർ കൊമസ്റ്റോ' ണിൻെറ (Peter Comeston) വാക്കുകൾ അക്കം വേപഥു വരുത്തുന്നവയാണ്. അദ്ദേഹം പറയുന്നു. 'ഘനമായ പാപത്തോടുകൂടി വസ്തുഭേദ വചനങ്ങൾ (Words of Consecration) ഉച്ചരിക്കുന്ന പട്ടക്കാരൻ, ഈശോമ്ശിഹായുടെ മുഖത്തു തുപ്പുകയാണു ചെയ്യുന്നതു്, മാത്രമല്ല അവൻെറ അശുദ്ധമായ വക്ത്രത്തിലേയ്ക്കു അതിപവിത്രമായ കുർബ്ബാനയെ സ്വീകരിക്കുമ്പോൾ, അവൻ മ്ശിഹായുടെ ശരീരവും രക്തവും ചെളിയിൽ എറിയുകയാണു ചെയ്യുന്നതു്.'[21] ചെളി എന്നു പറഞ്ഞതുകൊണ്ടായില്ല, പാപിയായ പട്ടക്കാരൻെറ ഹൃദയം ചെളിയിലും മോശമാണെന്നാണ് വി. ഗ്രിഗോരി സമർത്ഥിക്കുന്നതു്. ആകയാൽ വിൻസെൻറു ഫെ്ററർ (Vincent Ferrer) എന്ന പുണ്യവാൻ പറയുന്നു, ഘനമായ പാപത്തോടുകൂടി കുർബ്ബാനസമർപ്പിക്കുന്ന പുരോഹിതൻ വിശുദ്ധ കുർബ്ബാന കുപ്പക്കുഴിയിൽ എറിഞ്ഞുകളയുന്നവനേക്കാൾ നിഷ്ഠുരനാകുന്നു.[22] ഇതുകൊണ്ടായിരിക്കാം വി. ജിറോം സബിനീയൻ എന്ന ആറാംപട്ടക്കാരനെ ഇങ്ങനെ ശാസിച്ചതു്. 'കഷ്ടപ്പെട്ടവനെ, ചാവുദോഷത്തോടുകൂടി മദ്ബഹായിൽ ശുശ്രൂഷിച്ചപ്പോൾ എങ്ങിനെയാണു നിൻെറ കണ്ണുകൾ ഇരുളുകയും നാക്കിറങ്ങിപ്പോകുകയും കൈകൾ നിലത്തുവീഴുകയും ചെയ്യാതിരുന്നതു്?[23]

ഘോരമായ പാപത്തോടുകൂടിയ കുർബ്ബാന സമർപ്പണം ഒരു തഴക്കമായി ഭവിക്കുമ്പൊഴത്തെ അവസ്ഥയെപ്പററി ഷെയ്ഗ



www.malankaralibrary.com

നോൻ (Chaignon) എന്ന സുപ്രസിദ്ധ ധ്യാനഗുരു ഇങ്ങനെ പ്രലപിക്കുന്നു. 'ഓ ദൈവകോപാഗ്നി ഉജ്ജ്വലിച്ചുകൊണ്ടിരിക്കുന്ന നരകത്തിൽ ഇതിനു മതിയായ ശിക്ഷ നൽകാൻ തക്ക പീഡനങ്ങൾ ഉണ്ടായിരിക്കുമൊ? എന്റെ ദൈവമെ, നിന്റെ സഭയെ ഇപ്രകാരമുള്ള വിപത്തിൽനിന്നു രക്ഷിച്ചുകൊള്ളേണമെ. നിന്റെ പുരോഹിതരെ വിശ്വാസവും ഭയവുംകൊണ്ടു നിറയ്ക്കേണമെ.'[24] പരസ്നേഹം, ധനപക്ഷരാഹിത്യം, വിരക്തി മുതലായ സുകൃതങ്ങളിൽ കണിശമായ ഒരു മനഃസാക്ഷിയുള്ള പട്ടക്കാരനു ഇക്കാര്യത്തിൽ ഭയപ്പെട്ടിട്ടാവശ്യമില്ല. പ്രസ്താവിത പുണ്യങ്ങൾക്കെതിരായ പാപങ്ങളെ പിശാചിന്റെ ശകടമെന്നാണ് ബെര്ണ്ണാർദ്ദ പുണ്യവാൻ സംബോധനം ചെയ്യുന്നത്. എന്തെന്നാൽ ഇവ വഴിയായി പിശാച് ആത്മാക്കളെ അവരുടെ ഇടയന്മാരോടുകൂടി നരകത്തിലേയ്ക്കു വലിച്ചുകൊണ്ടുപോകുന്നു. ദൈവത്തിന്റെ പുരോഹിതൻ ഒരുത്തരേയും അകാരണമായി വെറുക്കരുത്, ബലിപീഠത്തിൽ നിന്റെ ദാനത്തെ അർപ്പിക്കുമ്പോൾ, നിന്റെ സഹോദരനു നിനക്കെതിരായി വല്ലതുമുണ്ടെന്നറിഞ്ഞാൽ നിന്റെ കാഴ്ചയെ ബലിപീഠസമക്ഷം ഉപേക്ഷിച്ചിട്ട് നിന്റെ സഹോദരനോടു പോയി രമ്യപ്പെട്ടുകൊൾക,[25] എന്നു അരുളിച്ചെയ്ത ഒരു യജമാനനെയല്ലയൊ വൈദികൻ പരിസേവിക്കുന്നത്. പണത്തിനുള്ള അതിർവിട്ട ആഗ്രഹം പട്ടക്കാരനെ അന്ധനും, ഒരു വശത്തുകൂടി ഭീരുവും മറെറാരു വശത്തുകൂടി കർക്കശമാനസനുമാക്കുന്നു. വിഷക്കാററിന്റെ സ്പർശന മാത്രയിൽ വാടുന്ന ഒരു നേരിയ കുസുമമാകുന്നു ബ്രഹ്മചര്യം.

'ഷെയിഗനോൻ' പറയുന്നു. 'ദൈവത്തിന്റെ സ്നേഹബന്ധം ഏതെങ്കിലുംപ്രകാരത്തിൽ നിനക്കു നഷ്ടപ്പെട്ടുവെന്നു ബോധ്യം വന്നാൽ ഒരു നല്ലകുമ്പസാരം കഴിക്കുന്നതിനു കഴിയുന്നതും വേഗം ഒരുങ്ങിക്കൊൾക.'[26] കുഞ്ഞാടിന്റെ രക്തത്തിൽ നിന്റെ ആത്മാവിനെ ക്ഷാളനം ചെയ്യുമ്പോൾ ജീവന്റെ അപ്പം ഭക്ഷിക്കുന്നതിനും നിത്യഭാഗ്യത്തിന്റെ പട്ടണത്തിൽ പ്രവേശിക്കുന്നതിനുമുള്ള അവകാശം നിനക്കു വീണ്ടും ലഭിക്കാതിരിക്കയില്ല. 'ജീവന്റെ



www.malankaralibrary.com

വൃക്ഷത്തിനു അവകാശം ലഭിക്കുന്നതിനും പട്ടണത്തിന്റെ കവാടങ്ങളിൽകൂടി പ്രവേശിക്കുന്നതിനുംവേണ്ടി കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രങ്ങളെ കഴുകുന്നവർ ഭാഗ്യവാന്മാരത്രെ.' 27

വിശുദ്ധ കുർബ്ബാനയുടെ ഔദ്യോഗിക സൂക്ഷിപ്പുകാരൻ എന്ന നിലയിൽ, കുർബ്ബാന വിമല ഹൃദയത്തോടുകൂടി ചൊല്ലുന്നതിനു മാത്രമല്ല, അതിനെ പ്രത്യക്ഷമായൊ പരോക്ഷമായൊ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളിലും ശ്രദ്ധ പതിപ്പാൻ കൂടി വൈദികൻ ചുമതലപ്പെട്ടിരിക്കുന്നു. ദിവ്യപൂജയുടെനേർക്ക് യഥാർത്ഥമായ വണക്കവും ആദരവുമുണ്ടെങ്കിൽ, തിരുവസ്ത്രങ്ങൾ, തിരുപ്പാത്രങ്ങൾ, അൾത്താര വിരികൾ മുതലായവ വെടിപ്പായും ക്രമമായും സൂക്ഷിക്കുന്നതിൽ, ഒരുവൻ അമാന്തം വിചാരിക്കുന്നതല്ല. രണ്ടാമത്തെ ബാൾട്ടിമൂർ കൌൺസിൽ (2nd Council of Baltimore) ഇതേസംബന്ധിച്ചു ചെയ്തിരിക്കുന്ന തീരുമാനം ഇപ്രകാരമാണ്; ദിവ്യബലി അർപ്പിക്കുന്നതിൽ വലിയ സൂക്ഷ്മത കാണിക്കേണ്ടിയിരിക്കുന്നു. അൾത്താരയിലെ അലങ്കാരങ്ങളും തിരുപ്പാത്രങ്ങളും വെടിപ്പുള്ളവയായിരിക്കണം. മുഷിഞ്ഞ 'കെത്താനായും' സങ്കീർത്തും, കീറിയ കുർബ്ബാനക്കുപ്പായവും ഉപയോഗിക്കുന്നതു ഒരിക്കലും ചിതമല്ല.' 28

'സ്റ്റാംഗ്" എഴുതുന്നു. 'പാവപ്പെട്ട പള്ളികൾക്കു വിലകൂടിയ തിരുവസ്ത്രങ്ങൾ വാങ്ങാതെ വിലകുറഞ്ഞവ ഇടയ്ക്കിടെ വാങ്ങിക്കുകയാണുത്തമം. മുഷിഞ്ഞതും പഴക്കം ചെന്നതുമായ കുർബ്ബാനക്കുപ്പായം ഉപയോഗിക്കുക വിഹിതമല്ല. വെടിപ്പില്ലാത്ത വസ്ത്രത്തോടുകൂടെ ക്രിസ്തുവിന്റെ പ്രാതിനിദ്ധ്യം വഹിക്കുന്നതു ജനതാമദ്ധ്യത്തിൽ ഇടർച്ചയ്ക്കു കാരണമാകുന്നു. 29 ബിഷപ്പ് മൊരിയാർട്ടി പറയുന്നു; നിങ്ങൾ ക്രിസ്തുവിനെ ഹേറോദേശു ചെയ്തതുപോലെ വിഡ്ഢിയുടെ വസ്ത്രം ധരിപ്പിക്കരുത്. അങ്ങിനെ ചെയ്യുന്നപക്ഷം അതു ഒരിക്കലും ക്ഷന്തവ്യമല്ല. തിരു വസ്ത്രങ്ങൾ ഇന്നു മിതമായ വിലയ്ക്കു സുലഭമാണ്. 30

ഈ അമേരിക്കൻ മെത്രാൻ തിരുവസ്ത്രങ്ങൾ 'മിതമായ വിലയ്ക്കു ഇന്നു കിട്ടുന്നതാണ്" എന്നു പറയുന്നതു നമ്മുടെ രാജ്യ



www.malankaralibrary.com

ത്തിനും പറവുന്നതാണ്. കുമ്പാനക്കപ്പായം മുതലായവ വാങ്ങുന്ന തിനു ഇന്നു വലിയ വിഷമമൊന്നുമില്ല. അവ തയ്ച്ചു വില്പന ന ടത്തുന്ന പലേ കടകളും സ്ഥാപനങ്ങളും ഇന്നിവിടെയുണ്ട്. പ ള്ളിയ്ക്കുണ്ടെങ്കിലും പുതിയതായി വാങ്ങിയ്ക്കുന്നതിനെപ്പററി പിറുപി റുക്കുന്ന ഒരുതരം മിതവ്യയശീലന്മാരെ എതിർക്കുന്നതിൽ തിരുകർമ്മ ത്തിൻെറ അത്യൌൽകൃഷ്ട്യം ഹൃദയപൂർവ്വം പ്രണയിക്കുന്ന ദൈ വശുശ്രൂഷി ഒരിക്കലും ചഞ്ചലമനസ്സനാകരുത്. കാസാ, പീലാ സാ, കുസ്സോദി, പ്രദർശകം (അരുളിക്കാ) മുതലായവ വൃത്തിയും വെ ണ്മയുമുള്ളവയായി സൂക്ഷിപ്പാൻ വൈദികൻ എപ്പോഴും ശ്രദ്ധാ ലുവായിരിക്കണം; ഇവ കൂടെക്കൂടെ പൂശിക്കേണ്ടതാകുന്നു. നമ്മു ടെ കർത്താവിൻെറ ശരീരത്തോടു അടുത്തു സ്ഥിതിചെയ്യുന്ന അൾ ത്താരത്തുവാലകളുടെ കാര്യത്തിൽ പ്രത്യേക ദൃഷ്ടി പതിയേണ്ടതാ യുണ്ട്. അരിമത്തിയായിലെ യൌസേപ്പ് ഈ ശരീരത്തോടു കാ ണിച്ച വണക്കത്തെ ഓർക്കുക. 'യൌസേപ്പ് ശരീരം എടുത്ത്, അ തിനെ ഒരു വെടിപ്പുള്ള തുവാലയിൽ പൊതിഞ്ഞു.' 31

അടുത്തതായി ചിന്തിപ്പാനുള്ളതു കുർബാന അപ്പിക്കപ്പെ ടുന്ന ദേവാലയത്തെക്കുറിച്ചാണ്. ദേവാലയത്തിനു അതിൻെറ മാഹാത്മ്യം മുഴുവനും സിദ്ധിക്കുന്നതു കുർബാന അതിൽ സമപ്പി ക്കപ്പെടുന്നുവെന്നതിൽനിന്നാണ്. റോമ്മയിലെ ബ്രഹ്മാണ്ഡവും ഭുവനപ്രസിദ്ധവുമായ വി. പത്രോസിൻെറ 'ബസീലിക്കാ' മുതൽ, ഇങ്ങു താഴോട്ടു വിദൂരസ്ഥങ്ങളായ മിഷ്യൻരാജ്യങ്ങളിൽ കുടിൽ സമാനം നിർമ്മിക്കപ്പെടുന്ന ചെറുകപ്പേളകൾവരെ പലേതരത്തി ലുണ്ട് ദേവാലയങ്ങൾ. പള്ളിയുടെ വലിപ്പവും ധനസ്ഥിതിയും എങ്ങിനെയിരുന്നാലും അതു വെടിപ്പായി സൂക്ഷിക്കുന്നതിനു വിഷ മമില്ല. ഫാദർ വെനിൻഗർ പറയുന്നു: "പാവപ്പെട്ടതും എന്നാൽ അസാമാന്യമായി വെടിപ്പുള്ളതുമായ ഒരു ദൈവഭവനം, ധനാ ഢ്യവും എന്നാൽ പാംസുക്കളാൽ മലിനീകൃതവുമായ ഒന്നിനേക്കാൾ, നിശ്ചയമായും വളരെമടങ്ങു ഭക്തചിന്തകളെ ഉത്തേജിപ്പിക്കുന്നു. പള്ളി എപ്രകാരമോ അപ്രകാരം വൈദികൻ; വികാരിയുടേയും, അദ്ദേഹത്തിൻെറ മനഃസാക്ഷിയുടേയും ഒരു ദർപ്പണമാകുന്നു



www.malankaralibrary.com

പള്ളി." 'സ്റ്റാംഗ്' പറയുന്നു: 'അപരിചിതമായ ഒരു സ്ഥലത്തു ചെല്ലുമ്പോൾ അവിടത്തെ വികാരി ഏതുപ്രകാരമുള്ളവനെന്നറിയുന്നതിനു, അവിടെയുള്ള പള്ളി ഒന്നുകേറികണ്ടാൽ മതിയാവും. ആളുകൾ എത്ര സാധുക്കളായിരുന്നാലും, വൈദികനു ദിവ്യകാരുണ്യത്തിൻെറനേക്ക സാക്ഷാത്തായ ഭക്തിയുണ്ടെന്നു വെളിപ്പെടുന്നപക്ഷം, ദിവ്യബലി അപ്പിക്കപ്പെടുന്നസ്ഥലം നാനാപ്രകാരത്തിലും മോടിപിടിപ്പിക്കുന്നതിനു, അവരാൽ പാടുള്ളതു ചെയ്യാതിരിക്കയില്ല. അൾത്താരയലംകാരംപോലെ കത്തോലിക്കർ ഔദാര്യപൂൎവ്വം ദാനംചെയ്യുന്ന ഒരു സംഗതി മററില്ലെന്നുപറയാം. വൈദികൻെറ ഹൃദയം തൻെറ പള്ളിയിലാണെന്നും, ഭൂമിയിൽവച്ചു തനിക്കു ഏററവും പ്രിയപ്പെട്ട സ്ഥലം അതാണെന്നും, ജനങ്ങൾ അറിയുമ്പോൾ അവർ അദ്ദേഹത്തിൻെറ ആഗ്രഹാനുസരണം എന്തുത്യാഗവും ചെയ്യുന്നതിനു മടിക്കുന്നതല്ല. അപ്പോൾ പട്ടക്കാരനു വിശുദ്ധ സ്ഥലത്തുനിന്നുകൊണ്ട് രാജപ്രവാചകനോടുകൂടി 'കൎത്താവെ! നിൻെറ ഭവനത്തിൻെറ ഭംഗിയേയും നിൻെറ സ്തുതിയുടെ അധിവാസസ്ഥലത്തേയും ഞാൻ സ്നേഹിച്ചു' എന്ന് യഥാൎത്ഥത്തിൽ പാടുവാൻകഴിയും. എല്ലാ ശനിയാഴ്ചയും ഉച്ചയ്ക്കുമുമ്പു പള്ളി തൂത്തുവെടിപ്പാക്കപ്പെടേണ്ടതാകുന്നു.[32]

ഈ ഘട്ടത്തിൽ കർദ്ദിനാൾ വൈസ്മാൻ തൻെറ Recollections of the last four Popes' എന്ന കൃതിയിൽ രേഖപ്പെടുത്തുന്ന ഒരു സംഭവം വിശിഷ്യ സ്മരണിയമാണു: സംഭവം ഇപ്രകാരമാകുന്നു. പന്ത്രണ്ടാംലെയോൻ മാർപ്പാപ്പാ റോമ്മാപട്ടണത്തിലുള്ള ഒരു സന്യാസാശ്രമം മുന്നറിവുകൊടുക്കാതെ സന്ദൎശിച്ചു. സന്ദൎശനാനന്തരം മാർപ്പാപ്പാ മടങ്ങാൻ ഭാവിച്ചപ്പോൾ സഹോദരന്മാർ സന്ദൎശനസ്മാരകമായി എന്തെങ്കിലും രേഖ നൽകുമാറാകണമെന്നു അപേക്ഷിച്ചു. 'ഞാൻ ഒന്നു നൽകിയിട്ടുണ്ട്' എന്ന് മാർപ്പാപ്പാ പറഞ്ഞു. 'പരിശുദ്ധ പിതാവെ അതെവിടെ, എന്ത്' എന്നു അവർ താല്പൎയ്യപൂൎവ്വം ചോദിച്ചു. 'കപ്പേളയിലുള്ള മുട്ടുകുത്തുന്ന സിംഹാസന (Priedieu) ത്തിന്മേൽ എന്നായിരുന്നു ഉത്തരം. തദനന്തരം മാർപ്പാപ്പാ ആശ്രമംവിട്ടു. സിംഹാസനം പരി



www.malankaralibrary.com

ശോധിച്ചപ്പോൾ അതിന്മേൽ വളരെ ഘനത്തിൽ പററിപ്പിടിച്ചിരുന്ന പൊടിയിൽ Leo xii. (പന്ത്രണ്ടാംലെയോ) എന്നു കാണുകയുണ്ടായി. 33

ബലിസാധനങ്ങളായ ഓസ്തിയുടേയും വീഞ്ഞിൻേറയും കാര്യത്തിൽ പ്രത്യേകശ്രദ്ധ പതിക്കേണ്ടിയിരിക്കുന്നു. 'ബാൾട്ടിമൂർ കൌൺസിൽ' ഇതേ സംബന്ധിച്ചുനൽകുന്ന നിർദ്ദേശം ഇപ്രകാരമാണ്. മഹോന്നതമായ ഈ ക്രൂദാശസ്സുപയോഗിക്കുന്ന സാധനം (materia) ഒട്ടും മായംചേരാത്തതും നല്ലതുമായിരിക്കാൻ പ്രത്യേകമായി സൂക്ഷിക്കട്ടെ. ഓസ്തികൾ ഗോതമ്പുമണികളിൽനിന്ന് പച്ചവെള്ളം ചേർത്ത് തയ്യാർചെയ്യപ്പെട്ടതും, പുതിയതും അഴുക്കു സ്പർശിക്കാത്തതും എളുപ്പത്തിൽ തകന്നു പോകാത്തതുമായിരിക്കണം. 34 എന്തെങ്കിലും വിധത്തിൽ സാരമായി കേടുഭവിച്ച സാധനംകൊണ്ട് ക്രൂദാശചെയ്യുന്നതു് ഘനമായ ദൈവദോഷമാകുന്നു. വൈദികമേലദ്ധ്യക്ഷന്മാരുടെ അംഗീകരണംലഭിച്ച വീഞ്ഞു വാങ്ങിക്കുന്നതുകൂടാതെ അതു് യഥോചിതം സൂക്ഷിക്കുന്നതിനുംവേണ്ട മുൻകരുതലുകൾ ചെയ്യേണ്ടതാകുന്നു. ഫ്രാൻസീസ് സേവിയർ പുണ്യവാൻെറ തിരുശ്ശരീര പ്രദശ്നാവസരത്തിൽ ഗോവയിൽ വച്ച് 1931 ഡിസംബറിൽ സമ്മേളിച്ച ദിവ്യകാരുണ്യ മഹാസഭയിൽ (Eucharistic Congress) ഇപ്രകാരമൊരു നിശ്ചയം ചെയ്തതായി കാണുന്നുണ്ട്. "കർബാനവീഞ്ഞു കപ്യാരന്മാരുടേയും മററും സൂക്ഷത്തിൽ വയ്ക്കുന്നതു ഭംഗിയല്ല, തന്നിമിത്തം കർബാനകൾ വാസ്തവമാകാതെ വരാൻഎളുപ്പമുണ്ട്. നല്ല ഗോതമ്പും, വീഞ്ഞുപോലെ വല്ലകച്ചവടക്കാരും വൈദികമേലദ്ധ്യക്ഷാംഗീകാരത്തോടുകൂടി വിൽക്കുന്നതു സ്ഹൃഹണീയമാണ്. 35

കബ്ബാന സമപ്പിക്കുന്നതിന് സുശിക്ഷിതനായ ഒരു കപ്യാർ അഥവാ സഹായി ആവശ്യമായിരിക്കുന്നു. സഹായി ജനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ സമപ്പകൻെറ പ്രാർത്ഥനകൾക്ക് ഉത്തരിക്കയും അദ്ദേഹത്തിനു വേണ്ട പരികമ്മങ്ങൾ ചെയ്തുകൊടുക്കയും ചെയ്യുന്നു. എന്തൊരു ശ്രേഷ്ഠമായ ജോലി! നിശ്ചയമായും ഇതു ദൈവദൂതന്മാരുടെ ശുശ്രൂഷ ഏറെറടുക്കുക



www.malankaralibrary.com

യത്രെ. പള്ളിക്കർമ്മങ്ങളെപ്പററി പ്രതിപാദിക്കുന്ന ഒരു പുസ്തകത്തിൽ സഹായിയെക്കുറിച്ച് പറഞ്ഞിരിക്കുന്നത് കേൾക്കുക. 'സഹായി തനിക്കു പൂജാപ്പ്കനെ സഹായിക്കുന്നതിനു ലഭിച്ചിട്ടുള്ള അനുവാദം, ഒരു വലിയ ബഹുമതിയായി കരുതുകയും ആ ജോലി നിർമ്മലഹൃദയത്തോടും ഉദ്ദേശശുദ്ധിയോടും വണക്കത്തോടുംകൂടി നിറവേററുകയും വേണം! സഹായിയുടെ ഷർട്ടും മററും വെടിപ്പുള്ളതല്ലെങ്കിൽ കാണികളുടെ മനസ്സിൽ അതിൻെറ അനൌചിത്യം അഗാധമായി പതിയാതിരിക്കയില്ല. കുർബ്ബാനയുടെ മാഹാത്മ്യത്തെ പരിപാലിക്കുന്നതിനു മ്ശിഹായുടെ പുരോഹിതൻ മനുഷ്യരുടെ മുഷിച്ചിലോ, പരിഭവമോ എന്തുതന്നെ അനുഭവിക്കേണ്ടിവന്നാലും ഒരിക്കലും പരാങ്മുഖനാകരുത്.

കുർബ്ബാനയുടെ നേർക്കുള്ള ഭക്തി ജനതാമദ്ധ്യത്തിൽ വർദ്ധിപ്പിക്കുന്നതിന് പട്ടക്കാരൻ എല്ലാപ്രകാരത്തിലും പ്രയത്നിക്കേണ്ടതാണ്. ഇപ്പോൾ ഭാഗ്യമോടേ വാഴുന്ന പരിശുദ്ധപിതാവു പതിനൊന്നാംപീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ഏററവും അഭിലഷിക്കുന്ന ഒരു ഭക്തികൃത്യമാണിത്. ലണ്ടൻ യൂണിവേർസ് എന്ന പത്രത്തിൽ ഒരു ലേഖകൻ ഇപ്രകാരമെഴുതുന്നു. 'മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു കുർബ്ബാനയുടെ കുരിശുയുദ്ധ (Crusade of holy mass) ത്തെ ആശീർവദിക്കയും അതിനെ ജപാപ്പസ്തോലസഖ്യത്തിൻെറ നേതൃത്വത്തിൽ ആക്കുകയും ചെയ്തിരിക്കുന്നു. ഈ കുരിശുയുദ്ധം ലോകമൊട്ടുക്കു നടത്തിയ പ്രഥമ യത്നത്തിൻെറ ഫലമായി അഞ്ചുകോടി കുർബ്ബാന മാർപ്പാപ്പായുടെ ഉദ്ദേശപ്രകാരം കാണുകയും സമർപ്പിക്കപ്പെടുകയും ചെയ്തു വിവരം വായനക്കാർ ഓർമ്മിക്കുന്നുണ്ടായിരിക്കുമല്ലൊ. ഇതു രാജ്യം തിരിച്ച് ൧൯൩൩ ഏപ്രിൽ ൧൭-ാംനു- പരിശുദ്ധപിതാവിനു തിരുമുൽക്കാഴ്ച വയ്ക്കയുണ്ടായി. സമാരബ്ധമായ ഈ ഉദ്യമം വിശ്വാസികൾ എല്ലാ വെള്ളിയാഴ്ചയോ അല്ലെങ്കിൽ മാസത്തിലെ ദ്വിതീയ വെള്ളിയാഴ്ചയോ അതിനും സാധിക്കാത്തപക്ഷം ഓരോരുത്തരും മാസത്തിൽ തിരഞ്ഞെടുക്കുന്ന മറേറതെങ്കിലും ദിവസത്തിലോ കുർബ്ബാന കാണുകയോ ചൊല്ലിക്കയോ ചെയ്യുന്നതിനുള്ള വാഗ്ദാനങ്ങളായി ശാശ്വതീകരിക്കുന്നതിനു പരിശുദ്ധപിതാവ് ആഗ്രഹിക്കുന്നു. [36]



www.malankaralibrary.com

ജൂബിലിവത്സരം ൧൯൩൩-ലെ പ്രത്യേക ഭക്തി കുർബ്ബാന കാണുകയും ചൊല്ലിക്കയുമായിരുന്നല്ലോ. ഓരോ രാജ്യക്കാരും ചൊല്ലിക്കയും കാണുകയും ചെയ്ത കുർബ്ബാനകളുടെ കണക്ക് പത്രങ്ങളിൽ കണ്ടതായി ഓർക്കുന്നുണ്ട്. കുർബ്ബാനയുടെ ഭക്തിയിൽ പ്രഥമസ്ഥാനത്തു നിന്നതു് മതപീഡനം കൊടുംപിരിക്കൊണ്ടിരിക്കുന്ന മെക്സിക്കോയിലെ കത്തോലിക്കരാണെന്നുള്ളതു് മററു രാജ്യങ്ങളിലെ കത്തോലിക്കർ പ്രത്യേകം അനുസ്മരിക്കേണ്ടതാണ്.

പരിശുദ്ധപിതാവിന്റെ ഉപദേശവും പ്രേരണയുമനുസരിച്ച് പട്ടക്കാരൻ കുർബ്ബാനയോടുള്ള ഭക്തി ജനങ്ങളിൽ വദ്ധിപ്പിക്കുന്നതിന് പാടുള്ളവിധത്തിലെല്ലാം പ്രയത്നിക്കേണ്ടതാണെന്നു എടുത്തുപറയണമെന്നില്ല. കടമുള്ള ദിവസങ്ങളിലായാലും അല്ലെങ്കിലും ഒരു പള്ളിയിൽ ചൊല്ലപ്പെടുന്ന കുർബ്ബാനകൾക്കൊക്കെ ഒരു ക്ലിപ്തസമയം വയ്ക്കേണ്ടതാകുന്നു. നമ്മുടെ നാട്ടിൽ കുർബ്ബാനയുടെ ഭക്തി കുറവായി കാണുന്നതിനുള്ള ഒരു കാരണം അതേപ്പററിയുള്ള അജ്ഞതയാണെന്നു പറയാം. ഒരു വികാരി ആണ്ടുവട്ടത്തിൽ ഒന്നോ രണ്ടോ പ്രാവശ്യമെങ്കിലും കുർബ്ബാന എന്ന ബലിയുടെ മഹത്വം, അതു ഭക്തിപൂർവ്വം കാണുന്നതുകൊണ്ടുള്ള പ്രയോജനം, അതിന്റെ വിസ്മയനീയമായ ശക്തി, മുതലായവയെ പരാമർശിച്ച് പ്രസംഗിക്കേണ്ടതാകുന്നു. കുർബ്ബാന തുടങ്ങിയ തിരുകർമ്മങ്ങളുടെ സാരാർത്ഥവും മററും ഗ്രഹിക്കുന്നതിനു ആളുകൾ അതിയായി ആഗ്രഹിക്കുന്ന ഒരു കാലമാണിതു്. പള്ളികർമ്മങ്ങളുടെ അർത്ഥം ഗ്രഹിക്കുന്നതിനുള്ള ജിജ്ഞാസ (Liturgical revival) ഇന്നു കത്തോലിക്കലോകമൊട്ടുക്ക് കാണപ്പെടുന്നുണ്ട്. കുർബ്ബാനയിലെ ചടങ്ങുകളെ വ്യാഖ്യാനിച്ചു എഴുതപ്പെട്ടിട്ടുള്ള 'പൂജസാരാർത്ഥം, 'എന്റെ കുർബ്ബാനപ്പുസ്തകം' മുതലായ പുസ്തകങ്ങൾക്കു ഇന്നു നല്ല പ്രചാരം സിദ്ധിച്ചിട്ടുണ്ടല്ലോ.

സ്റ്റാംഗ് പറയുന്നു. 'ഒരു ഇടവകയുടെ ആത്മീയ വായുമാത്രം, (Spiritual earometer) അവിടത്തെ കുർബ്ബാനധർമ്മങ്ങളുടെ (Stipends) എണ്ണമാകുന്നു. ഒരിക്കലും അധികം ധർമ്മങ്ങൾ വാങ്ങിച്ചുകൂട്ടരുതു; ഇക്കാര്യത്തിൽ സഭയുടെ ആകമാനവും രൂപതയുടെ



www.malankaralibrary.com

പ്രത്യേകവുമായ നിയമങ്ങൾ പാലിക്കേണ്ടതാണ്. ലഭിക്കുന്ന നിയോഗങ്ങളുടെ (Intentions) ശരിയായ കണക്ക സൂക്ഷിക്കുക. എന്തുകൊണ്ടെന്നാൽ നീ പെട്ടെന്നു മരിച്ചേയ്ക്കാം. 'നിങ്ങൾ വിചാരിച്ചിരിക്കാത്ത സമയത്ത് മനുഷ്യ പുത്രൻ വരും.'

കുർബ്ബാന കാണുന്നതിനു ആളുകൾ ഉണ്ടെങ്കിലും ഇല്ലെങ്കിലും, തണുപ്പോ ചൂടോ വകവയ്ക്കാതെ, എല്ലാ ദിവസവും, അല്പം വിഷമമുള്ളപ്പോഴും കുർബ്ബാന ചൊല്ലുക. കുർബ്ബാനപ്പണം ആവശ്യംപോലെ കിട്ടാതെവരികയും, അങ്ങനെ അതു കൂടാതെയുമാണ് ചൊല്ലുന്നതെങ്കിൽ, ദൈവത്തിനു നാം കൂടുതൽ പ്രീതി വരുത്തുകയേയുള്ളു. അനുദിന കുർബ്ബാനയിൽനിന്നുള്ള സ്വർഗ്ഗീയാനുഗ്രഹങ്ങൾ നിന്റെ ആത്മാവിലും നിന്റെ സൂക്ഷത്തിനു ഏല്പിക്കപ്പെട്ടിരിക്കുന്നവരുടെ ആത്മാക്കളിലും വർഷിക്കപ്പെടട്ടെ. വിശ്വാസം പഠിപ്പിക്കുന്നതെന്തെന്നു കേൾക്കുക. 'പട്ടക്കാരൻ കുർബ്ബാന ചൊല്ലുമ്പോൾ ദൈവത്തെ ബഹുമാനിക്കയും, ദൈവദൂതന്മാരെ സന്തോഷിപ്പിക്കയും, തിരുസ്സഭയെ പണുതുയർത്തുകയും, ജീവിക്കുന്നവരെ സഹായിക്കയും, മരിച്ചവരെ ആശ്വസിപ്പിക്കയും, തന്നെത്താൻ നന്മയായ സകലത്തിന്റെയും ഓഹരിക്കാരനായിത്തീരുകയും ചെയ്യുന്നു.' 37 മ്ശിഹായുടെ ശരീരത്തിന്മേൽ ദൈവം തനിക്കു നൽകിയിരിക്കുന്ന ശക്തിയെ അറിയുകയും ദിവസംപ്രതി അൾത്താരയിൽ ആ തിരുശ്ശരീരം ഭക്ഷിക്കയും തന്റെ ദിവ്യ യജമാനന്റെ സ്നേഹംനിറഞ്ഞ ഹൃദയത്തിൽനിന്നുള്ള ജീവജലത്തെ പാനംചെയ്കയും ചെയ്യുന്ന പട്ടക്കാരൻ ഭാഗ്യവാൻ.' 38

ഇനി കുർബ്ബാന കഴിഞ്ഞുള്ള ഉപകാരസ്മരണയെപ്പററിയാണു പറവാനുള്ളത്. ആ ഭാഗം ഒടുവിലത്തേയ്ക്കു മാററിവച്ചിരിക്കയായിരുന്നു. ഒരു ഗ്രന്ഥകാരൻ പറയുന്നു 'കുർബ്ബാന കഴിഞ്ഞ് തിരുവസ്ത്രങ്ങൾ ഊരിയശേഷം പട്ടക്കാരൻ ഒരു ഏകാന്ത സ്ഥലത്തേയ്ക്കു- കുർബ്ബാന സമർപ്പിച്ച ആ മട്ടുബഹായുടെ സമക്ഷംതന്നെ- പ്രവേശിക്കുന്നു. അവിടെ ബാഹ്യലോകത്തിനു മൃതനായി ഈശോയോടുള്ള ഐക്യത്തിൽ വിലീനനായി, ദീർഘനേരത്തേയ്ക്കു തന്റെ ഹൃദയാന്തർഭാഗത്തു നിക്ഷേപിക്കപ്പെട്ടിരിക്കുന്ന ദിവ്യമണവാള



www.malankaralibrary.com

ൻെറ മാധുര്യംനിറഞ്ഞ സാന്നിദ്ധ്യത്തെ സാമോദം ആസ്വദിക്കുന്നു.'

ബലി പൂർത്തിയാകുന്ന ദിവ്യകാരുണ്യ സ്വീകരണവും, കുർബ്ബാനയും കഴിഞ്ഞുള്ള സമയം എത്ര ഭാഗ്യപ്പെട്ടതു്; ദിവ്യകുഞ്ഞാടു നമ്മുടെ ആത്മാവിൽ തൻെറ ഇഷ്ടപ്രസാദത്തിൻെറ ഉറവകളെ തുറന്നുവിടുന്നു. 'ഇഷ്ടപ്രസാദത്തിൻെറ സിംഹാസനത്തിന്മേലെന്നോണം അവിടുന്നു നമ്മുടെ ഹൃദയത്തിൽ എഴുന്നള്ളി വസിക്കുന്നു.' എന്നത്രെ ത്രേസ്യാ പുണ്യവതി പറയുന്നതു്. ആകയാൽ നമ്മുടെ പ്രഥമകൃത്യം തന്നെ ആരാധിക്കയത്രെ. ദൈവം മാത്രം സകലത്തിൻെറയും നാഥനും ഏവരുടേയും സ്തുതിക്കു പാത്രവാനുമാകുന്നു. 'കർത്താവെ! നിനക്കു തുല്യനാർ.' 39 ദൈവദാനത്തിൻെറ മാഹാത്മ്യത്തെപ്പററി ചിന്തിക്കയും അതിനെ വിലമതിക്കയും ആസ്വദിക്കയുംചെയ്യാം നമുക്ക്. മററുകാര്യങ്ങളെല്ലാം വിസ്മരിക്കപ്പെടട്ടെ. മറിയംമഗ്ദലേനായെപ്പോലെ ഈശോ അനുവദിക്കുന്നിടത്തോളം നേരം നമുക്കു തൻെറ തൃപ്പാദത്തുംകൽ കഴിച്ചുകൂട്ടാം. ഭാഗ്യപ്പെട്ട തോമ്മാ അ കെമ്പീസ് പറയുന്നു: 'അടങ്ങിയിരുന്നു രഹസ്യത്തിൽ നിൻെറ ദൈവത്തെ അനുഭവിക്കുക. ലോകം മുഴുവനും ശ്രമിച്ചാലും നിന്നിൽനിന്നു എടുത്തുകളവാൻ പാടില്ലാത്തവനെയാണു നിനക്കു നിൻെറ ഉള്ളിൽ കിട്ടിയിരിക്കുന്നതു്. 40

ബോസ്സ്വെ (Bossuet) പറയുന്നു. 'ആത്മാവിൻെറ സകല പ്രവർത്തനങ്ങളും നിറുത്തി അതിൻെറ ഉന്നത ശക്തികൾമാത്രം നാം ഉപയോഗിക്കുന്ന ഈ മഹാ മൌനം ഏറെനേരം നില്ക്കുകയില്ല. ദുർല്ലഭമായ ആ സമയം കുറച്ചുനേരത്തേക്കു മാത്രം (Rara hora parva mora) എന്നാണു വി. ബർണ്ണാർദ് ആ സമയത്തെപ്പററി പറഞ്ഞിരിക്കുന്നതു്. ഈ സമയം നാം രഹസ്യത്തിൽ ദൈവത്തോടു സംഭാഷിക്കണം, പുറമെ എന്തെങ്കിലും നടന്നുകൊള്ളട്ടെ. ഭക്തിയുള്ള വല്ല മർത്തായും വന്നു നമ്മെ യേശുവിൻെറ തന്നെ ശുശ്രൂഷക്കു വിളിക്കുന്നതായാലും പരിശുദ്ധമായ ഈ വിശ്രമത്തെ ഉപേക്ഷിക്കരുതു്. ഈ സമയം ഈശോ പുറമെയുള്ള പ്രവൃത്തികൾ നമ്മിൽനിന്നാവശ്യപ്പെടുന്നില്ല. ഈശോ ആഗ്രഹി



www.malankaralibrary.com

ക്കുന്നതു നാം തന്നിൽ വസിക്കണമെന്നും നമ്മുടെ ഹൃദയ ശ്രോത്രത്തെ തന്റെ വചസ്സുകൾക്കു തുറന്നുകൊടുക്കണമെന്നുമാകുന്നു.[41]

മ്ശിഹായെ നമ്മെ തീററിപ്പോററുന്ന നല്ല ഇടയനായിട്ടും തന്റെ പൌരോഹിത്യത്തിനു നമ്മെ അംശഭാക്കാക്കിയ മഹാപുരോഹിതനായിട്ടും, നമ്മുടെ പാപങ്ങളെ ദിവസേന പ്രമാർജ്ജനം ചെയ്യുന്ന ബലിയായിട്ടും, മരണാനന്തരം നിത്യസൌഭാഗ്യത്തിനു നമ്മെ ക്ഷണിക്കുന്ന സ്തുതിയുടെ രാജനായിട്ടും നമുക്കാരാധിക്കാം.

ആരാധനാനന്തരം ഉപകാരസ്മരണ വരുന്നു. കുർബാന കഴിഞ്ഞുള്ള സമയത്തിനു തന്നെ 'ഉപകാരസ്മരണ' എന്നു പേർ സിദ്ധിക്കത്തക്കവണ്ണം ഇതു അത്രസ്സു പ്രാധാന്യത്തെ അർഹിക്കുന്നു. മൊൺസബറെ (Monsabre) പറയുന്നു. 'ദിവ്യബലിയുടെ പുരോഹിതനായി നമ്മെ ഉയർത്തിയതിനായും വിശുദ്ധ കുർബാനയിൽ തന്നെത്തന്നെ നമുക്കു തന്നതിനായും നന്ദി പ്രകടിപ്പിക്കാം. ഒരു ദിവ്യകാരുണ്യസ്വീകരണത്തിൽ അടങ്ങിയിരിക്കുന്ന സ്നേഹവും നന്മയും എത്രമാത്രമെന്നു സ്വർഗ്ഗത്തിൽവച്ചു മാത്രമെ നാം വഴിപോലെ ഗ്രഹിക്കയുള്ളു. ദൈവത്തിനു യഥായോഗ്യം ഉപകാരസ്മരണ ചെയ്യുന്നതിനു ശക്തർ നാമല്ലാത്തതിനാൽ ആകാശത്തിലേയും ഭൂമിയിലേയും സൃഷ്ടിജാലങ്ങളെ നമ്മുടെ സഹായത്തിനു വിളിക്കാം. അവയുടെ സ്വരം വായ്പ വാങ്ങി, നമ്മുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്ന ദിവ്യ തടവുകാരന്റെ ബഹുമാനാർത്ഥം സ്തുതിയുടേയും ഉപകാരസ്മരണയുടേയും ഒരു വാദ്യമേളം അവയോടുകൂടി നടത്താം. 'കർത്താവിന്റെ സകല പ്രവൃത്തികളുമേ, കർത്താവിനെ സ്തുതിപ്പിൻ.'[42]

കൃതജ്ഞതാപ്രകാശനത്തോടുകൂടി പരിഹാരവും (Reparation) ചേർക്കണം. മ്ശിഹായുടെ ദാനത്തിനു എന്തു പ്രതിനന്ദിയാണു നാം കാണിക്കുന്നതു്? എനിക്കു ചെയ്ത എല്ലാ ഉപകാരങ്ങൾക്കുമായി എന്തു പ്രതിനന്ദി ഞാൻ കർത്താവിനു കാണിക്കേണ്ടു.[43] ഒരു കാഴ്ചയെ നമുക്കു ദൈവത്തെ പ്രസാദിപ്പിക്കത്തക്കതായുള്ളു; അതു നാം തന്നെയത്രെ. നിന്നെ ഒഴിച്ചു നീ എന്തു



www.malankaralibrary.com

നൽകിയാലും ഞാൻ തൃപ്തിപ്പെടുകയില്ല, എന്തുകൊണ്ടെന്നാൽ ഞാൻ അന്വേഷിക്കുന്നതു നിൻെറ ദാനത്തെയല്ല നിന്നെത്തന്നെയത്രെ. 44 ഭൂമിയും അതിൻെറ പൂൎണ്ണതയും ദൈവത്തിൻേറതാകുന്നു. 45 എന്നാൽ ഈ ഭൂമിയിൽ നാം കൊടുക്കാത്തപക്ഷം ദൈവത്തിനു ലഭിക്കാത്ത ഒരു സ്ഥലമുണ്ട്. അതു നമ്മുടെ ഹൃദയമല്ലാതെ മറെറാന്നുമല്ല. 'എൻെറ മകനെ, നിൻെറ ഹൃദയത്തെ എനിക്കു തരിക.' 46 നമ്മുടെ ചാരിത്ര്യവ്രതത്തെ പുത്തനാക്കി നമ്മുടെ ശരീരത്തെ അതിൻെറ സകല അവയവങ്ങളോടും, ആത്മാവിനെ അതിൻെറ സകല ശക്തികളോടുംകൂടി ദൈവത്തിനു കാഴ്ചവയ്ക്കാം. ഈ അവസരത്തിൽ. 'കർത്താവെ, ഞാൻ എന്തു ചെയ്യണമെന്നാണ നീ ആഗ്രഹിക്കുന്നതു്' 47 എന്നു വി. പൌലോസ്സിനോടുകൂടിയൊ, അല്ലെങ്കിൽ 'കർത്താവെ, സംസാരിക്കു, നിൻെറ ദാസൻ കേൾക്കുന്നു' 48 എന്നു കുട്ടിയായ സമുവേലിനോടുകൂടിയോ പറഞ്ഞുകൊൾക.

ലൂക്കാ സുവിശേഷകൻ എഴുതുന്നു. 'പരീശന്മാരിലൊരുവൻ തന്നെ (മ്ശിഹായെ) വിരുന്നിനു ക്ഷണിച്ചു. താൻ പരീശൻെറ ഭവനത്തിൽ പോയി ഭക്ഷണത്തിനിരുന്നു. തൽസമയം സിമയോൻ എന്ന ആ പരീശനെ ശാസിച്ചുകൊണ്ടു ഗുരുനാഥൻ ഇങ്ങനെ അരുളിച്ചെയ്തു. 'ഞാൻ നിൻെറ ഭവനത്തിൽ പ്രവേശിച്ചു, എൻെറ പാദങ്ങൾക്കു നീ വെള്ളം തന്നില്ല; എണ്ണകൊണ്ടു എൻെറ ശിരസ്സു നീ അഭിഷേകിച്ചില്ല. തദനന്തരം സിമയോൻെറ ഈ കൃതഘ്നതയെ മഗ്ദലേനായുടെ സ്നേഹത്തോടും കൃതജ്ഞതയോടും തുലനം ചെയ്തിട്ട് രക്ഷകൻ ഇപ്രകാരം പറഞ്ഞു. നീ ഈ സ്ത്രീയെ കാണുന്നില്ലെ, ഇവൾ കണ്ണുനീരുകൊണ്ട് എൻെറ പാദങ്ങൾ കഴുകിയിരിക്കുന്നു... എൻെറ പാദങ്ങളെ ചുംബിക്കുന്നതിൽനിന്നു അവൾ വിരമിച്ചിട്ടില്ല... എൻെറ പാദങ്ങളെ സുഗന്ധംകൊണ്ട് അവൾ പൂശിയിരിക്കുന്നു. 49 ഭക്തനായ ഒരു ഗ്രന്ഥകാരൻ ഇതേസംബന്ധിച്ച് ഇപ്രകാരം എഴുതുന്നു. വൈദികരായ നമ്മിൽ എത്രപേർക്കാണ് ഈ ശാസന പററുന്നത്. 'നീ ഈ സ്ത്രീയെ കാണുന്നില്ലെ'; എളിമയും വിശ്വാസവും നിറഞ്ഞ ഈ



www.malankaralibrary.com

വർഗ്ഗക്കാരെ സൂക്ഷിച്ചാലും! എത്രനേരമാണ അവർ കർബാന കൈക്കൊണ്ടശേഷം ഉപകാരസ്മരണസ്സ് വിനിയോഗിക്കുന്നത്. എന്തു സ്നേഹവും ഭക്തിയും ഏകാഗ്രചിത്തതയും, അവരുടെ ഹൃദയങ്ങളിൽ കുടികൊള്ളുന്നു. അവർ മ്ശിഹായുടെ പാദങ്ങളിൽ നിശ്ചലരായി പ്രണാമം ചെയ്ത് അവയെ അവരുടെ അശ്രുധാര കൊണ്ടു കഴുകുകയും ഭക്തി എന്ന തൈലംകൊണ്ട് ലേപനം ചെയ്യുകയും ചെയ്യുന്നു. അവർ ഈ ദിവ്യദാനത്തെ രുചിച്ചറിയുന്നുണ്ട്. 'കർത്താവ് നല്ലവനാകുന്നു എന്നു രുചിച്ചറിവിൻ.' അവർക്കു അവരുടെ ഉപകർത്താവിനേയും നാഥനേയും വിട്ടുപോവാൻ മനസ്സു വരുന്നില്ല. ദിവ്യനാഥൻ നമ്മെ ഇവരേപ്പോലെ സ്നേഹിക്കുന്നില്ലെന്നോ. 50

മൂശ സീനാമലയിൽനിന്നു രണ്ടു പ്രമാണപ്പലകകളും പിടിച്ചുകൊണ്ട് ഇറങ്ങുകയിൽ തൻെറ മുഖം കർത്താവിനോടുള്ള സംഭാഷണം നിമിത്തം കൊമ്പുള്ളതായി ചമഞ്ഞിരിക്കുന്ന വിവരം അറിയാതിരിക്കയായിരുന്നു. 51 ദൈവത്തോടുള്ള അഭിമുഖസംഭാഷണം മൂലം മൂശയുടെ വദനം ഒരു ദിവ്യപ്രകാശത്താൽ പരിവേഷ്ടിതമായി. മററുള്ളവർക്കു ആ മുഖത്ത് മഞ്ചുന്ന കണ്ണുകളോടുകൂടിയല്ലാതെ നോക്കുന്നതിനു നിവൃത്തിയില്ലായിരുന്നു തന്നിമിത്തം ഒരു മൂടുപടം ഇട്ടുകൊണ്ടാണ് അദ്ദേഹം ജനങ്ങളോടു സംസാരിച്ചിരുന്നത്. ബലിസമപ്പ്ണാനന്തരം അൾത്താരയിൽനിന്നു പിന്തിരിയുന്ന പട്ടക്കാരൻെറ മുഖം ഇതേവിധം ഭക്തിജ്വാലകൊണ്ടു പ്രശോഭിക്കണം. ഇസ്രായേൽജനത്തിൻെറ നിയമദാതാവിനു ലഭിച്ചതിൽ ഉൽകൃഷ്ടമായ ഒരു ഭാഗ്യമല്ലയോ പുതിയനിയമപുരോഹിതന് കൈവന്നിരിക്കുന്നത്.

## കുറിപ്പുകൾ.

1 Malach. 1, 11.
2 De Sacerd: 111, No. 4.
3 Jn. XXI. 4.
4 Ete. priest. ch. III.
5 Life of Cure of Ars. p. 89.
6 Marc. XIV. 15.
7 Jesus Ch: model priest. [p. 46.
8 Loc. cit. VI. 1.
9 Bk. IV. ch. 11.



www.malankaralibrary.com

10 Op. cit. p. 81.
11 Life. ch. 33.
12 Allocutions in past: [Theol. p. 146.
13 Selva. p. 219.
14 Sessio, 22. de. Sac. mess. [c. v.
15 Lev. XXVI. 2.
16 I. Cor. XI. 29.
17 Isa. 1, 15.
18 Maich: 11, 3.
19 Exech: XXII, 26.
20 In conv: S. Pauli Sect. 1.
21 Serm. 38. in Selva.
22 Cited in Selva.
23 Epist: ad Sal. in Selva.
24 Medit. Secul: priest. [Vol. 1. p. I42
25 Matth. V. 23.
26 Op. cit.
27 Apoc. XXII. 14.
28 No. 360.
29 Past. Theolog. p. 150.
30 Allocutions. in op. cit.
31 Matth. XXVII, 54.
32 Op. cit. p. 151.
33 Exam. Vol. 85 No. 14.
34 Con. Balti. II. No. 372.
35 Euch. & priest. congress [No.
36 Universe. June. 22, 1934.
37 Imit: of Christ. Bk. IV. [ch. V.
38 Op. cit. p. 156, 158.
39 Psl. XXXIV, 10.
40 Bk. IV, ch. 12.
41 Lacte d'abandon a'Diew quoted in Euch. & priest.
42 Retrate pastorale. 1884.
43 Psl. CXV. 12.
44 Imit. of Chr: Bk. IV. [ch. 8.
45 Psl. XIII, 1.
46 Prov: XXIII, 22.
47 Act. IX, 6.
48 1 Reg. III, 10.
49 Luk VII, 45.
50 Euch. & priest. May 1934
51 Exod. xxxiv, 29.

# അദ്ധ്യായം 8.

## കുമ്പസാരമെന്ന കൂദാശ.

കമ്പാനപ്പട്ടം സ്വീകരിച്ചശേഷം, തൻെറ സമക്ഷം മുട്ടുകത്തിനിൽക്കുന്ന നവ വൈദികൻെറ ശിരസ്സിൽ ഇരുകരങ്ങളും വച്ചുകൊണ്ട് മെത്രാൻ ഇപ്രകാരം പറയുന്നു. 'പരിശുദ്ധാത്മാവിയെ സ്വീകരിക്കുക, നി ആരുടെ പാപങ്ങൾ വിമോചിക്കുമൊ അവ അവർക്കു വിമോചിക്കപ്പെട്ടും, ആരുടെ പാപങ്ങൾ പിടിക്കു



www.malankaralibrary.com

മൊ അവ അവക്കു പിടിക്കപ്പെട്ടും; പ്രസ്താവിത വാക്കുകൾ യേശുനാഥൻ തൻെറ ശ്ലീഹന്മാരോടു അരുളിച്ചെയ്ത വാക്കുകളാണെന്നു എടുത്തുപറയണമെന്നില്ല! ഇങ്ങനെ റൂഹാദക്കുദ്ശായോടുകൂടിയാണു് പാപഹനനശക്തി നവപുരോഹിതനു ലഭിക്കുന്നതു്. പരിശുദ്ധീകരണം, പരിശുദ്ധാത്മാവിയുടെ കൃത്യമാകുന്നു. റൂഹായുടെ സഹായവും വെളിവും പ്രേരണയും കൂടാതെ ആക്കു അപരൻെറ പാപം പൊറുക്കാൻ കഴിയും? പ്രേഷിത ജോലിയിൽ ഏപ്പെട്ടിരിക്കുന്ന പട്ടക്കാരൻെറ അത്യുൽകൃഷ്ടവും ആശ്വാസംനിറഞ്ഞതും അതേസമയം വിഷമമേറിയതും വിപത്തുകളാൽ പരിവൃതവുമായ ഒരു ജോലിയത്രെ കുമ്പസാരശ്രവണം.

സുവിശേഷത്തിൽ പ്രകീത്തിതമായ പവ്വ്വത പ്രസംഗത്തിനുശേഷം, യേശു താഴ്വരയിലേയ്ക്കിറങ്ങുകയിൽ ഒരു കുഷ്ഠരോഗി തൻെറ സമക്ഷം സാഷ്ടാംഗപ്രണാമം ചെയ്തു ഇങ്ങനെ അഭ്യത്ഥിച്ചു. 'നാഥാ അവിടത്തേയ്ക്കു മനസ്സുണ്ടെങ്കിൽ എന്നെ സുഖപ്പെടുത്താൻ കഴിയും; യേശു കൈനീട്ടി, നീ സുഖം പ്രാപിക്കുന്നതിനു ഞാൻ മനസ്സാകുന്നു എന്നു പറഞ്ഞുകൊണ്ടു അവനെ സ്പശിച്ചു. ഉത്തരക്ഷണത്തിൽ അവൻെറ കുഷ്ഠം സുഖപ്പെട്ടു.'[1] പാപം ആത്മാവിനു പിടിപെടുന്ന കഠിനതരവും ദുർഗ്ഗന്ധപൂണ്ണവുമായ ഒരു കുഷ്ഠരോഗമത്രെ. തന്നിമിത്തം അതു സവ്വത്ര വിരൂപിയായി ചമയുന്നു. ഇവിടെ കാണുന്ന കുഷ്ഠരോഗബാധിതനു ക്രിസ്തുവിൻെറ വാക്കുകളുടെ ശക്തിമൂലം പൊടുന്നനേ പൂണ്ണസുഖം ലഭിച്ചു. ഈ സംഭവം കുമ്പസാരമെന്ന കൂദാശയിൽ ദിവസംതോറും നടക്കുന്ന പാപവിമോചനത്തിൻെറ ഒരു പ്രതിഛായയല്ലാതെ മറെറന്താണു്. പാപമെന്ന കുഷ്ഠത്താൽ അലങ്കോലപ്പെട്ട ആത്മാവോടെ കുമ്പസാരക്കൂട്ടിൽ സന്നിഹിതനാകുന്ന അനുതാപിയുടെമേൽ ക്രിസ്തുവിൻെറ സ്ഥാനാപതിയായ പുരോഹിതൻ, മുക്തിവചനങ്ങൾ ഉച്ചരിക്കുന്ന ക്ഷണത്തിൽ, അവൻ ഇഷ്ടപ്രസാദമെന്ന അലങ്കാര വസ്ത്രത്താൽ വിഭൂഷിതനായ്ത്തീരുന്നു; നരകത്തിനു വിധിക്കപ്പെട്ടിരുന്ന അവൻ സ്വർഗ്ഗത്തിനു അവകാശിയായി ഭവിക്കുന്നു; പൈശാചിക ദാസ്യത്തിൽ ഞെരുങ്ങിയിരുന്ന അവൻ മാലാഖാമാരുടെ



www.malankaralibrary.com

സഖാവായിത്തീരുന്നു. ഈ മാററങ്ങൾക്കെല്ലാം ഒരു സാധു വൈദികൻെറ രണ്ടുവാക്കുകളാണെ ഹേതുവെന്നറിയുമ്പോൾ, ആരാണെ വിസ്മയസിന്ധുവിൽ അമഗ്നരാകാതിരിക്കുക? കരിഞ്ഞു വരണ്ടുകിടക്കുന്ന ഒരു നിലം, ഏക വാക്കിനാൽ സുരഭില പുഷ്പങ്ങളോടുക്രൂടിയ തരുഗുൽമലതാദികളാൽ പരിശോഭിക്കുന്ന ഒരു പൂങ്കാവനമാകുകയൊ, കലങ്ങിമറിഞ്ഞ് ദുർഗന്ധം വമിക്കുന്ന വൃത്തിഹീനമായ ഒരു കുളം അച്ഛസ്ഫടികസങ്കാശമായ ജലംകൊണ്ടു നിറയുകയൊ ചെയ്യുാൽ നമ്മുടെ അത്ഭുതം എത്ര വലുതായിരിക്കും? യഥാൎത്ഥത്തിൽ ഇവ്വിധമൊരത്ഭുതംതന്നെയാണ് കുമ്പസാരത്തിൽ നടക്കുന്നതു്; അതു ഗ്രഹിപ്പാൻ വിശ്വാസമെന്ന ദൎപ്പണത്തിലൂടെ നോക്കണമെന്നേയുള്ളു.

മുപ്പത്തുകൊല്ലമായി പ്രൊബോത്തിക്കാ കുളത്തിൻെറ കരസ്ഥകിടന്നിരുന്ന തളർവാതക്കാരനോടു ദിവ്യരക്ഷകൻ 'എഴുന്നേററു നിൻെറ കിടക്കയുമെടുത്തു് നിൻെറ വീട്ടിൽ പോവുക' എന്നു പറഞ്ഞപ്പോൾ, അത്ഭുതമേ! ജീവച്ഛവംപോലെ കിടന്നിരുന്ന അവൻ ദൃഢഗാത്രനായി പ്രയാണമാരംഭിച്ചു. ഇതു ആരുടെയും വിസ്മയത്തെ അടിവരെ ഉണൎത്തുന്ന ഒരു സംഭവമായിരുന്നെന്നുള്ളതിനു സംശയമില്ല. എന്നാൽ അല്പംമുമ്പ് ക്രിസ്തുനാഥൻ 'എൻെറ മകനേ, നിൻെറ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നു' എന്നു അരുളിച്ചെയ്തപ്പോൾ അവൻെറ ആത്മാവിൽവന്ന സജ്ജീവചൈതന്യത്തോടു തട്ടിച്ചുനോക്കുമ്പോൾ ഈ ഗാത്രസുഖലബ്ധി എന്തു്? വാസ്തവത്തിൽ സ്വർല്ലോകത്തു കൂടുതൽ ആശ്ചൎയ്യവും ആഹ്ലാദവുമുളവായതു്, ആത്മാവിൻെറ തളർവാതമായ പാപത്തിൽനിന്നു അവനെ ഉദ്ധരിച്ചപ്പോഴാകുന്നു.

മരിച്ചിട്ടു നാലുദിവസം കഴിഞ്ഞ ലാസറിൻെറ ശവക്കല്ലറ തുറക്കപ്പെട്ടു് ക്രിസ്തുനാഥൻ അതിൻെറ സമീപം നിന്നുകൊണ്ടു് 'ലാസറെ പുറത്തുവരിക' എന്നു ഉച്ചൈസ്വരം കല്പിക്കുന്നു. കാണികളായിട്ടും സഹതാപികളായിട്ടും അവിടെ വളരെപ്പേർ കൂടിയിട്ടുണ്ടായിരുന്നു. മ്ശിഹായുടെ കല്പന ശ്രവിക്കയിൽ അവർ വിസ്മയംപൂണ്ടു പരസ്പരംനോക്കി. ഒരു മഹാ നിശ്ശബ്ദത എങ്ങും



www.malankaralibrary.com

വ്യാപിച്ചു. ജനസഞ്ചയം അഴുകിച്ചീയാറായ മൃതശരീരത്തേയും അതിനോടു പുനർജ്ജീവിക്കാൻ ആജ്ഞാപിക്കുന്ന യേശുവിനേയും മാറിമാറി തുറിച്ചുനോക്കുന്നു. ഇതാ അവൻ വിളിക്കുന്നു; എന്നാൽ മരിച്ചവൻ ഉയിക്കുമോ? ഏതു ഇടിനാദത്തിനാണ് മൃതനെ അവന്റെ സുഷുപ്തിയിൽനിന്നുണർത്താൻ കഴിയുന്നതു്; എന്നിങ്ങനെ അവരുടെ ആശ്ചര്യം ഹൃദയം വഴിഞ്ഞൊഴുകി. എന്നാൽ അത്ഭുതാദ്ഭുതം! മൃതശരീരം ഇളകുന്നു, കൈകാലുകൾ തനിയെ പൊങ്ങുന്നു; അതേ, മരണമടഞ്ഞവൻ ശവക്കല്ലറയിൽ എഴുന്നേററു നിന്നുകഴിഞ്ഞു. അത്രയുമോ, അവൻ നടക്കുന്നു, സംസാരിക്കുന്നു, ഭക്ഷിക്കുന്നു; അഭൂതപൂർവ്വമായ ഈ സംഭവം ദർശിച്ചവർ, ക്രിസ്തുവിന്റെ ദിവ്യശക്തിയിൽ വിശ്വസിച്ചു കാണണം.

എന്നാൽ ആത്മീയമായി മരിച്ചിരിക്കുന്ന ഒരാത്മാവിനു വീണ്ടും ഇഷ്ടപ്രസാദജീവൻ ദാനംചെയ്യുക ഇതിലും അത്ഭുതാവഹമാകുന്നു. മരിച്ച ഒരുവനെ പുനർജ്ജീവിപ്പിക്കുന്നതിനുള്ള വിശേഷവരം ദൈവം വൈദികനല്ലാത്ത ഒരുവനും കൊടുത്തെന്നുവരാം. എന്നാൽ ഒരുവനു എന്തെല്ലാം അത്ഭുതപ്രവർത്തക ശക്തിയുണ്ടായിരുന്നാലും, അവൻ എന്തുമാത്രം പുണ്യപൂർണ്ണത പ്രാപിച്ചിരുന്നാലും, എത്രകണ്ടു ധനവാനോ ശാസ്ത്രവിദഗ്ധനോ ആയിരുന്നാലും, അവനു, പൌരോഹിത്യസ്ഥാനം ഇല്ലാത്തപക്ഷം ഒരിക്കലും പാപം പൊറുക്കുന്നതിനു സാദ്ധ്യമല്ല. ഭൂമിവിട്ടു് സ്വർഗ്ഗരാജ്യത്തു അന്വേഷിക്കുന്നതായാലും, അവിടെയുള്ള പുണ്യവാന്മാക്കോ, ദൈവദൂതന്മാക്കോ, പരിശുദ്ധ കന്യകയ്ക്കു തന്നെയുമോ പാപമോചനാധികാരമില്ലെന്നു കാണാവുന്നതാണ്.

നമ്മുടെ ഒരു സ്നേഹിതൻ ഒരു കാരാഗൃഹത്തിൽ കിടന്നു പീഡനങ്ങൾ സഹിക്കുന്നതിനു ജീവപര്യന്തം വിധിക്കപ്പെട്ടിരിക്കുന്നുവെന്നിരിക്കട്ടെ. ആ ഭയങ്കര ഭവനത്തിന്റെ വാതിൽ തുറന്ന് അവനെ രക്ഷിപ്പാൻ സാധിക്കുമെങ്കിൽ അതെത്ര മഹൽകൃത്യമായിരിക്കും. കുമ്പസാരമെന്ന കൃദാശയിൽ പുരോഹിതൻ പാപിയെ സാത്താന്റെ ക്രൂര പാറാവിൽനിന്നു സ്വതന്ത്രനാക്കുകയല്ലയോ ചെയ്യുന്നതു്?



www.malankaralibrary.com

ഏലിയാദീർഘദർശി സറേപ്താ‍യിലെ വിധവയുടെ പുത്രനെ ഉയിർപ്പിച്ചുവെന്നു വേദാഗമത്തിൽ നാം വായിക്കുന്നു. ദൈവംതന്നെയാണ് ഈ അത്ഭുതകൃത്യം ചെയ്തതെങ്കിലും ഏലിയാ അതിവകൃതജ്ഞചിത്തനായി; എന്തുകൊണ്ടെന്നാൽ ദൈവം അദ്ദേഹത്തെ തൻെറ കരുവായി തിരഞ്ഞെടുത്തു. ഇതേവിധം കുമ്പസാരത്തിൽ, ആത്മീയമായി മൃതക്കു വരപ്രസാദജീവൻ വൈദികൻ കൊടുക്കുമ്പോൾ ആ പ്രവൃത്തിയുടെ കർത്തൃത്വം ദൈവത്തിലാണ് ആരോപിക്കപ്പെടേണ്ടതു്. എന്നാൽ ദൈവം വൈദികനെ തൻെറ കരുവായി തിരഞ്ഞെടുത്തിരിക്കുന്നതിനാൽ അദ്ദേഹത്തിനും ന്യായപൂർവ്വം സന്തോഷിക്കാവുന്നതാണ്. ഏലിയായേക്കാൾ കൂടുതൽ സന്തോഷത്തിനു അർഹതയുണ്ട് പട്ടക്കാരനു, എന്തെന്നാൽ ഒരിക്കലോ ഒരുവനേയൊ അല്ലാ പലരെ പലേപ്രാവശ്യം അനുഗ്രഹത്തിൻെറ ജീവിതത്തിലേയ്ക്കു വിളിക്കുന്നതിനു അവൻ ശക്തനായിരിക്കുന്നു.

ഈ കൂദാശ വഴിയായി ദൈവാനുഗ്രഹം നാം നൽകുന്നതുപോലെ മറെറാരു മാർഗ്ഗേണയും നൽകുന്നില്ലെന്നു പറയാം. ഇവിടെ നാം അനുഗ്രഹവർഷം നരകുലത്തിന്മേൽ സദാപി ചൊരിയുന്നു. ദൈവത്തിൻെറ അശുദ്ധമാക്കപ്പെട്ട ആലയങ്ങളെ ശുദ്ധീകരിക്കുന്നതു കുമ്പസാരമല്ലാതെ മറെറന്താണ്? വി. പൌലോസ് പറയുന്നു. 'നിങ്ങൾ ദൈവത്തിൻെറ ആലയമാണെന്നും ദൈവത്തിൻെറ അരൂപി നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയാതിരിക്കുന്നോ.' 2

പിതൃഭവനത്തിൽനിന്നു ധിക്കാരപൂർവ്വം പുറപ്പെട്ടുപോയി താറുമാറായി ജീവിച്ചശേഷം സകല സമ്പത്തും നഷ്ടപ്പെടുത്തി, പട്ടിണിക്കോലമായി തിരിച്ചുവരുന്ന ധൂർത്താളി ഇതാ നമ്മുടെ സമക്ഷം മുട്ടിന്മേൽ നിൽക്കുന്നു. അവൻെറ നിഷ്കന്മഷത്വം അവനെ വിട്ടുമാറിയിരിക്കുന്നു. ഇഷ്ടപ്രസാദദാനങ്ങളുടെ സ്ഥിതിയും അതുതന്നെ. ഇപ്പോൾ അവൻെറ ആത്മാവു് ആണ്ടുകിടക്കുന്നതു ദുർഗന്ധം വീശുന്ന പാപച്ചേററിലത്രേ. വിശ്വാസമെന്ന ഏകദാനമേ ഇനി ശേഷിച്ചിട്ടുള്ളു. ഈ നിർഭാഗ്യപാപി ധൂർത്താളിക്കു



www.malankaralibrary.com

സമാനനെങ്കിൽ, കുമ്പസാരം കേൾക്കുന്ന വൈദികൻ, അവനെ സ്വീകരിക്കുന്ന ദയനിറഞ്ഞ പിതാവായ ദൈവത്തിൻെറ സ്ഥാനത്താകുന്നുവെന്ന് ഓർത്തുകൊൾക. നല്ല പിതാവു തിരിച്ചുവന്ന സുതനെ മാറോടണച്ച് വാത്സല്യപൂർവ്വം ചുംബിച്ചു; പട്ടക്കാരനും ഇതുതന്നെ ചെയ്യുന്നു, അവനെ ദൈവവുമായി രമ്യപ്പെടുത്തുമ്പോൾ കൂടാതേയും വൈദികൻ അവനെ ദൈവാനുഗ്രഹമെന്ന സുമനോഹരവസ്ത്രം അണിയിച്ച്, ദിവ്യസത്പ്രസാദത്തിൻെറ വിരുന്നുട്ടിസംതൃപ്തനാക്കുകയും ചെയ്യുന്നു. ആകയാൽ ബിഷപ്പ് മൊരിയാർട്ടി പറയുന്നു. 'അല്ലയൊ വൈദികസഹോദരാ, ആണ്ടിലൊരിക്കൽ അഥവാ ജീവിതകാലത്തിലൊരിക്കൽ നരകത്തിൻെറ വാതിൽ തുറന്ന്, അതിൽനിന്നു ഒരാത്മാവിനെ മോചിപ്പിച്ച്, സ്വർഗ്ഗത്തു പ്രവേശിപ്പിക്കുന്നതിനുള്ള വിശേഷാധികാരം നിനക്കു ലഭിക്കുന്നതായാൽ എത്ര ഹർഷപൂർവ്വം ആ കാരുണ്യകൃത്യം നീ നിർവഹിക്കുന്നതായിരിക്കും? എന്നാൽ പ്രിയ സഹോദരാ കേട്ടാലും! നിനക്കു കൂടുതൽ ചെയ്യാൻ സാധിക്കും. നിൻെറ ജീവിതത്തിൽ ഒരിക്കൽ മാത്രമല്ല, വത്സരത്തിൽ ഒരു തവണ മാത്രമല്ല, പിന്നെയോ ദിവസംതോറും അല്ല മണിക്കൂർതോറും അത്രയുമല്ല മണിക്കൂറിൽ പലപ്രാവശ്യവും ഒരാത്മാവിനെ നിനക്കു നരക കാരാഗൃഹത്തിൽനിന്നു രക്ഷിക്കാൻ കഴിയും. ഇതിലുമധികം നിനക്കു ചെയ്യാൻ സാധിക്കുമെന്നു പറയേണ്ടിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ ഒരു അത്യാഹിതത്തെ പരിഹരിക്കുന്നതിലും അനുഗ്രഹകരമായിട്ടുള്ളതു അതിനെ നിവാരണം ചെയ്യുകയാകുന്നു. [3]

ക്രിസ്ത്യാനികളുടെ ജീവിതവിശുദ്ധി, കത്തോലിക്കസഭയുടെ പുരോഗമനം, ആത്മാക്കളുടെരക്ഷ, ഇവയെല്ലാം കുമ്പസാരമെന്ന ക്രദാശയുടെ ശരിയായ അനുഷ്ഠാനത്തെ അവലംബിച്ചിരിക്കുന്നുവെന്നുപറയാം. ഇതുകൊണ്ടാണു വി. പീയൂസ് പഞ്ചമൻ എന്ന മാർപ്പാപ്പാ ഇപ്രകാരം പറഞ്ഞിരിക്കുന്നത്. "നല്ലപോലെ കുമ്പസാരിപ്പിക്കുന്ന പട്ടക്കാരുണ്ടാകുന്നപക്ഷം ക്രിസ്ത്യാനികളുടെ ജീവിതനവീകരണം ക്ഷിപ്രസാദ്ധ്യമാകുന്നു." പ്രസംഗപീഠത്തിൽ വച്ചു ആരംഭിക്കുന്ന മാനസാന്തരം കുമ്പസാരക്കൂട്ടിലാണു പൂർണ്ണത



www.malankaralibrary.com

പ്രാപിക്കുന്നത്. പ്രസംഗം, ഉപദേശം, ധ്യാനം, ഇവയെല്ലാം മനുഷ്യരെ ഇളക്കുകയേ ചെയ്യുന്നുള്ളു, യഥാൎത്ഥമായ ആത്മീയജീവൻ പ്രദാനംചെയ്യുന്നതു കുമ്പസാരമാകുന്നു. പ്രസംഗകൻ വല വീശുന്നു, എന്നാൽ മീൻപിടിക്കുന്നതു കുമ്പസാരിപ്പിക്കുന്നവനാകുന്നുവെന്ന് ഒരു മഹാത്മാവു പറഞ്ഞിരിക്കുന്നു.

കുമ്പസാരം മാഹാത്മ്യമേറിയതായിരിക്കുന്നതുപോലെ, അതു വളരെ ഉത്തരവാദിത്വമുള്ളതും പ്രയാസം നിറഞ്ഞതുമായ ഒരു ജോലിയാകുന്നു. പട്ടക്കാരന്റെ 'പണിപ്പുര' എന്നാണു സ്റ്റാംഗ് കുമ്പസാരക്കൂടിനെ വിളിക്കുന്നത്. ഈ പണിപ്പുരയിൽ അവൻ, ആവശ്യപ്പെട്ടപ്പോഴൊക്കെ രാവെന്നോ പകലെന്നോ ഉള്ള വ്യത്യാസം വിനാ ഹാജരുണ്ടായിരിക്കണം. അവിടെ അവൻ ശാന്തമായി മൌനമായി ജീവകാലംമുഴുവനും ജോലിചെയ്യണം. കുമ്പസാരക്കൂട്ടിൽ ദൈവത്തിന്റെ പ്രതിനിധിയായിട്ടാകുന്നു പട്ടക്കാരൻ ഇരിക്കുന്നത്; തൻമൂലം അവന്റെ വിധിത്തീൎപ്പുകൾ സ്വൎഗ്ഗത്തിൽ ശോധന ചെയ്യപ്പെടുന്നുണ്ട്. അവൻ അഴിക്കുന്നതു സ്വൎഗ്ഗത്തിൽ കെട്ടപ്പെടുകയാണെങ്കിൽ അവനു ദുരിതം; ഇതുകൊണ്ടായിരിക്കാം. കുമ്പസാരശ്രവണം ദൈവദൂതന്മാർക്കുകൂടി ഭയപ്പെടുന്ന ഒരു ജോലിയാണെന്നു ത്രെന്തോസ്സുനഹദോസ്സ് അഭിപ്രായപ്പെട്ടിരിക്കുന്നത്. ആത്മാക്കളുടെകാൎയ്യം തീരുമാനിക്കുന്നതിൽ പററുന്ന പ്രമാദത്തെക്കാൾ വലിയ പ്രമാദമില്ലെന്നു വി. ഗ്രിഗോരി പറയുന്നു. കുമ്പസാരം കേൾക്കുന്നവന്റെ വീഴ്ച നിമിത്തം ഒരാത്മാവു നശിക്കുന്നതായാൽ ദൈവം നിശ്ചയമായും അവനോടു അതിനു കണക്കുചോദിക്കാതെ വിടുകയില്ലെന്നു വി. ലിഗോരിയും പറയുന്നുണ്ട്. 'നിങ്ങളുടെ ശ്രേഷ്ഠന്മാൎക്കു കീഴ്‌വഴങ്ങുവിൻ, എന്തുകൊണ്ടെന്നാൽ അവർ നിങ്ങളുടെ ആത്മാക്കളെക്കുറിച്ചു കണക്കു കൊടുക്കേണ്ടിയവരെപ്പോലെ ജാഗ്രതകരായിരിക്കുന്നു.' 4 എന്നാണല്ലോ വി. പൌലോസ് അറിയിക്കുന്നത്. ഇസ്രായേൽക്കാരുടെ ഒരു രാജാവ് അവിടത്തെ വിധികൎത്താക്കളോടു ഇപ്രകാരം പറഞ്ഞു; 'നിങ്ങൾ ചെയ്യുന്നതെന്തെന്നു സൂക്ഷിച്ചുകൊൾവിൻ, നിങ്ങൾ മനുഷ്യന്റെ അല്ല ദൈവത്തിന്റെ വിധിയാണു ചെയ്യുന്നത്. നിങ്ങൾ വിധി



www.malankaralibrary.com

ക്കന്നവയൊക്കെ നിങ്ങളിലോട്ടും തിരിച്ചൊഴുകും.' ഇതേവിധം തന്നെ ദൈവം കുമ്പസാരമെന്ന മഹനീയ ജോലിയിൽ ഏല്പിച്ചിരിക്കുന്ന വൈദികരോടും പറയുന്നു.

കുമ്പസാരക്കൂട്ടിലിരിക്കുന്ന പട്ടക്കാരനു വളരെ ക്ഷമയും, മനക്കരുത്തും, വിവേകവും സർവ്വോപരി ജീവിതനൈർമ്മല്യവും അവശ്യംകൂടിയേതീരു. എന്തുകൊണ്ടെന്നാൽ ആത്മീയവും ശാരീരികവുമായ നിരവധി വിഷമതകൾ അവിടെയുണ്ട്. ഫാദർ റ്റി. ഇ. ബ്രിഡ്ജററ് (T. E. Bridget) കുമ്പസാരക്കൂട്ടിലെ പട്ടക്കാരനെ വർണ്ണിക്കുന്നതിപ്രകാരമാണ്. അവന്റെ വാസം മുപ്പതു ചതുരശ്രഇഞ്ചുവരുന്ന ഒരു കൂട്ടിൽ, കാലോ കൈയ്യോ യഥേഷ്ടം നീട്ടിവയ്ക്കാൻ നിവൃത്തിയില്ലാതെയും, ഒരു വശത്തേയ്ക്കു അസുഖമായി ചാരിക്കൊണ്ടും ദുർവായു ശ്വസിച്ചുകൊണ്ടും, അവൻ വളരെ വളരെ മണിക്കൂറുകൾ കഴിക്കുന്നു. ചിലപ്പോൾ മരവിപ്പിക്കുന്ന ശീതമെങ്കിൽ മററു ചിലപ്പോൾ ചുട്ടുപഴുപ്പിക്കുന്നചൂട്; ഇതിനെല്ലാമിടയ്ക്കു, ഹോണേഴ്സ് പരീക്ഷയ്ക്കെഴുതുന്ന ഒരു വിദ്യാർത്ഥിയെപ്പോലെ ദത്തശ്രദ്ധനായി കഴിച്ചുകൂട്ടുകയുംവേണം. ചെവിയിൽ കയറുന്ന സംഗതികൾ ആയിരംപ്രാവശ്യം മറക്കാൻ ആഗ്രഹിക്കുന്നു. ചിലർ തീരെപതുക്കെ പറയുന്നതുകേട്ടു ഗ്രഹിക്കാനുള്ള വിഷമമങ്ങിനെ, ഏവരോടും വളരെനേരം സ്വരംപിടിച്ചു താഴ്ത്തി സംസാരിക്കുകമൂലമുളവാകുന്ന വൈഷമ്യം വേറൊരുഭാഗത്ത്. ഒരു മഹാപാപിക്കു ശേഷംവരുന്നതു വെറുമൊരു സംശയക്കാരൻ. ഭയങ്കരമായ ചുമതലബോധത്തോടെ ഇരിപ്പടത്തിൽതന്നെ അങ്ങോട്ടുമിങ്ങോട്ടും തിരിയുന്നു. ചിലപ്പോൾ വെറും വിഡ്ഢിത്തംമാത്രം കേൾക്കുകയും എങ്ങിനെ തടയേണ്ടുവെന്നറിയാതെയും കാര്യം ഗ്രഹിക്കാൻ കഴിയാതെയും കുഴങ്ങുന്നു. വേറൊരിക്കൽ ഉന്മനായ പിശാചിനോടാണു സമരം; ബോത്തലിൽനിന്നു കോർക്കെന്നോണം പത്തുമിനിട്ടിൽ ഒരു പാപംവീതം വലിച്ചെടുക്കുന്നു. ഇവയെല്ലാം ശരീരത്തിനും മനസ്സിനും മനഃസാക്ഷിക്കും എന്തു പീഡയാണു വരുത്തുന്നതെന്നു ബാഹ്യലോകമുണ്ടോ അറിയുന്നു.' 5

പട്ടക്കാരന്റെ ചെവികളിൽ തറയ്ക്കുന്നതു ഏററിയക്രൂരം എന്താണ്. അവ പാപങ്ങൾ — മനുഷ്യൻ നിരൂപണയാലും വച



www.malankaralibrary.com

നത്താലും പ്രവൃത്തിയാലും പ്രമാണങ്ങൾ പത്തിനും കല്പനകൾ അഞ്ചിനും എതിരായി ചെയ്യുന്ന പാപങ്ങൾ— അത്രെ. വൈദികൻ തന്റെ സ്നേഹം നിറഞ്ഞ ദിവ്യരക്ഷകൻ നാനാവിധത്തിൽ അപലപിക്കപ്പെടുന്നതിന്റെ ചരിത്രമാണ കുമ്പസാരക്കൂട്ടിൽ സദാ കേൾക്കുന്നത്. നമ്മുടെ പ്രിയ പിതാവിനേയൊ മാതാവിനേയൊ ആരെങ്കിലുമുപദ്രവിക്കുന്നുവെന്നു കേൾക്കുന്നതു എത്ര സങ്കടകരമാണ്. പാപികൾ അവരുടെ ദുഷ്പ്രവൃത്തികൾ വഴിയായി ദിവ്യനാഥനെ കുരിശിൽ തറയ്ക്കുന്നതു പട്ടക്കാരൻ സദാ കാണുന്നു. ആകയാൽ വി. യോഹന്നാൻ വിയാന്നി-ക്യൂരെ ദെ ആർസ്— പറയുന്നു. ഒരു പട്ടക്കാരനോളം നിർഭാഗ്യനായ മനുഷ്യൻ ഭൂമുഖത്തില്ല, ദൈവത്തിന്റെ നാമം ദുഷിക്കപ്പെടുന്നതും തന്റെ സ്നേഹം നിരസിക്കപ്പെടുന്നതും തന്റെ പ്രമാണങ്ങൾ ലംഘിക്കപ്പെടുന്നതും കണ്ടുകൊണ്ടല്ലയോ അവൻ ജീവിക്കുന്നത്. പട്ടക്കാരൻ ഇതല്ലാതെ ഒന്നും കാണുന്നില്ല, ഇതല്ലാതെ ഒന്നും കേൾക്കുന്നുമില്ല. പീലാത്തോസിന്റെ നടുമുററത്തുനിന്നു പത്രോസ്ശ്ലീഹായ്ക്കുണ്ടായ അനുഭവമാണു അവനും ഉണ്ടാകുന്നത്; അതായത് തന്റെ ദിവ്യയജമാനൻ ആക്ഷേപിക്കപ്പെടുന്നതും അപലപിക്കപ്പെടുന്നതും ശകാരവഷംകൊണ്ടു മൂടപ്പെടുന്നതും അവൻ കാണുന്നു. ചിലർ തന്റെ മുഖത്തു തുപ്പുന്നു. ചിലർ തന്നെ അടിക്കുന്നു. മററു ചിലർ തന്റെ ശിരസ്സിൽ മുൾക്കിരീടം വയ്ക്കുന്നു. ഹാ ഒരു പട്ടക്കാരനാകുന്നതെന്തെന്നറിഞ്ഞിരുന്നെങ്കിൽ, ഞാൻ സെമ്മിനാരിയിൽ പ്രവേശിക്കാതെ 'ട്രാപ്പീസ്റ്റ്" സന്യാസികളുടെ ആശ്രമത്തിൽ അഭയം പ്രാപിക്കുമായിരുന്നു. [6]

ഒരു എഴുത്തുകാരൻ പറയുന്നു. 'നാം ചെളി ചവിട്ടിയാൽ, അതു കാലിൽ പുരളും, തിന്മ ഒരു പകരുന്ന വ്യാധിയാകുന്നു; തൻമൂലം പട്ടക്കാരന്റെ ചെവിയിലേയ്ക്കു ഒഴിക്കപ്പെടുന്ന പാപപങ്കം അവന്റെ ഹൃദയത്തിലും പററിപ്പിടിക്കുന്നതിനു ശ്രമിക്കുന്നതാണ്. അങ്ങനെ കുമ്പസാരം കേൾക്കുന്നവന്റെ സുകൃതത്തിന്മേലും ആക്രമണം നടക്കുന്നുവെന്നു സിദ്ധം. ആകയാൽ അവൻ കഷ്ടം സുഖപ്പെടുത്തിയിട്ടു അതു പിടിപെടാതിരിക്കാൻ സൂക്ഷി



www.malankaralibrary.com

ക്കണം. മനുഷ്യാത്മാവിൻെറ ശവക്കല്ലറയിലേയ്ക്കു എത്തിനോക്കിയിട്ടു അവിടത്തെ ചീച്ചിലും അഴുക്കും കണ്ടു് സംഭ്രമിക്കാതിരിക്കുന്ന വിശേഷ മനഃസ്ഥൈര്യം വേണ്ടിയിരിക്കുന്ന അവനു. ദൈവമെ ഈ ജോലിക്കു ബലഹീനനായ എന്നെ നിയമിക്കാതെ വാനാരൂപികളായ മാലാഖാമാരെ അതു ഏൽപ്പിക്കേണമേ' എന്നു നിലവിളിക്കാൻ അവൻ പലപ്പോഴും നിർബന്ധിക്കപ്പെടുന്നുണ്ടു്. എന്നാൽ ക്രിസ്തുവിൻെറ ധമ്മദൂത! നീ ഭയപ്പെടേണ്ട ദൈവം നിൻെറ പ്രത്യേക സഹായത്തിനു വരുന്നുണ്ടു്. ഇത്ര അപകടം നിറഞ്ഞ ജോലി കയ്യേററിരിക്കുന്ന നിന്നെ അനുഗ്രഹബഹുലതകൊണ്ടു മൂടാൻ യേശുനാഥൻ തയ്യാറാണു്. 'നീ അവിടത്തേ പൈതൃകമായ ഹസ്തങ്ങളിലേയ്ക്കു ചാഞ്ഞുകൊൾക, സക്രാരിയിലേയ്ക്കു നിൻെറ ഹൃദയത്തെ ഉയത്തിക്കൊൾക, മ്ലേച്ഛത ഒരിക്കലും നിൻെറ ഹൃദയാന്തർഭാഗത്തു പ്രവേശിക്കയില്ല. ജലത്തിൽ വളരുന്ന പുഷ്പം ജലത്തോടുകൂടി ചേരാതിരിക്കയും ചീച്ചിലിലും ചെളിക്കുഴിയിലും പ്രകാശിക്കുന്ന സൂര്യരശ്മികളുടെ വെണ്മ തന്നിമിത്തം നശിക്കാതിരിക്കയും ചെയ്യുന്നതുപോലെ, അശുദ്ധതയുടെ മദ്ധ്യത്തിൽ വൈദികൻ അമലനായി സ്ഥിതി ചെയ്യുന്നു. 'അവർ പാമ്പുകളെ എടുക്കും മരണകരമായ വല്ലതും കുടിച്ചാൽ അവക്കുപദ്രവം നേരിടുകയില്ല' [7] എന്ന വാഗ്ദാനം ഒരു പ്രകാരത്തിൽ ഇവിടെയാണു നിറവേറുന്നതു്.

ഫ്ാദർ ഫെ്ബർ (Faber) എഴുതുന്നു. 'കുമ്പസാരിപ്പിക്കുന്നവർ മററുള്ളവരുടെ പാപം കേൾക്കുമ്പോൾ വിഷം കുടിക്കയാണു ചെയ്യുന്നതു്, എന്നാൽ അതു അവരെ ഉപദ്രവിക്കുന്നില്ല. മററു സംഗതികളെപ്പോലെ കുമ്പസാരവിഷയങ്ങൾ ഓമ്മയിൽ പതിഞ്ഞു നിൽക്കുന്നില്ല, ബോധത്തിൽ വരുന്ന രൂപങ്ങൾ ഉടനടി മാഞ്ഞുപോകുന്നു. ബുദ്ധിശക്തി മന്ദീഭവിക്കയും ശ്രവിച്ച പാപങ്ങളെക്കുറിച്ചു വിധി പറഞ്ഞു പ്രായശ്ചിത്തം കല്പിക്കുന്നതിനല്ലാതെ മറെറാന്നിനും അതു അശക്യമായി ഭവിക്കയും ചെയ്യുന്നു. മനസ്സിൻെറ സ്വഭാവം നിശ്ശേഷം മാറിപ്പോയതുപോലെ കാണപ്പെടുന്നു; അതു അഗ്നിസ്പശനമേററിട്ടും കത്തുന്നില്ല... ഈ



www.malankaralibrary.com

കുമ്പസാരം ദൈവത്തിന്റെ സഭയുടെ രഹസ്യസ്ഥലങ്ങളിൽ ദിവസേന സംഭവിക്കുന്ന അത്ഭുതങ്ങളിൽ ഒന്നല്ലാതെ മറെറന്താണ്.'[8] പൌരോഹിത്യത്തിന്റെ വിശേഷാനുഗ്രഹംകൂടാതെ ഒരുവൻ ഇങ്ങനെ അപരന്റെ മനഃസാക്ഷിയിൽ എത്തിനോക്കുന്നതായാൽ നിശ്ചയമായും അവൻ സകല തിന്മകളുടേയും ഒരു അവതാരമൂർത്തിയായി ഭവിക്കാതിരിക്കയില്ല. കൂദാശയുടെ നിർദ്ദിഷ്ടമായ ഇഷ്ടപ്രസാദം ഒന്നുമാത്രമാണു ഇവിടെ രക്ഷ.

എന്നാൽ ഇതുകൊണ്ടു കുമ്പസാരശ്രവണത്തിൽ ഉപയോഗപ്രദമായോ ആനന്ദസന്ദായകമായോ ഒന്നുമില്ലെന്നു ധരിക്കേണ്ട. കുമ്പസാരക്കൂട്ടിലെ ത്യാഗം അതിവകക്ലേശമായിരിക്കുന്നതുപോലെ അവിടെനിന്നു ലഭിക്കുന്ന ജ്ഞാനവും ലോകപരിചയവും സർവ്വോപരി ആത്മീയാനന്ദവും വലുതായിരിക്കുന്നു. ഇതേസംബന്ധിച്ചുള്ള കർദ്ദിനാൾ മാനിംഗിന്റെ പ്രസിദ്ധമായ വാക്കുകൾ തന്നെ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. 'വൈദികരായ നാം സന്മാർഗ്ഗശാസ്ത്രം പുസ്തകങ്ങളിൽനിന്നു പഠിക്കുന്നു. എന്നാൽ കുമ്പസാരക്കൂടുപോലെ നമ്മെ പഠിപ്പിക്കുന്ന ഒരു പുസ്തകം മററില്ല. പട്ടക്കാരൻ കുമ്പസാരക്കൂട്ടിൽ ഇദംപ്രഥമമായി പ്രവേശിക്കുന്ന ആ അവസരം, ഒരിക്കലും ഓർമ്മയിൽനിന്നു പോകുന്നതല്ല. സ്വർഗ്ഗത്തിൽനിന്നും നരകത്തിൽനിന്നുമെന്നോണം വിഭിന്നങ്ങളായ സ്വരങ്ങൾ അവന്റെ ശ്രോത്രേന്ദ്രിയങ്ങളിൽ ധ്വനിക്കുന്നു. ആദ്യം രാത്രിപോലെ കറുത്ത ഒരു കൊടുംപാപി; പിന്നീടു ജ്ഞാനസ്നാനത്തിന്റെ നിഷ്കളങ്കതയിൽനിന്നു മാറിയിട്ടില്ലാത്ത ഒരു പൈതൽ; മൂന്നാമതു വരുന്നതു സാക്ഷാൽ മനസ്താപമുള്ള ഒരു അനുതാപിയെങ്കിൽ, അവനെത്തുടരുന്നതു തന്നെക്കുറിച്ചും തന്റെ പാപകരമായ ജീവിതത്തെക്കുറിച്ചും യാതൊരു ജ്ഞാനവുമില്ലാത്ത ഒരാത്മാവായിരിക്കും. തദനന്തരം പാപപ്പെട്ടവരും പരമാർത്ഥികളും വരുന്നെങ്കിൽ, അവരെ അനുഗമിക്കുന്നതു ലൌകായതികന്മാരും ചതിയന്മാരും, പച്ചക്കള്ളന്മാരുമാകുന്നു. 'സലമാങ്കാ' സർവ്വകലാശാലയിലെ ബൃഹത്തായ സന്മാർഗ്ഗശാസ്ത്രഗ്രന്ഥപരമ്പരകൾ (Salamanticenses) പ്രദാനം ചെയ്യുന്നതിലധികം വിജ്ഞാനം ഒരു വൈദികനു കുമ്പ



www.malankaralibrary.com

സാരക്കൂട്ട നൽകുന്നുണ്ട്. പഠിനത്തിനു പശ്ചാപൂമായ വിനയമു ള്ളപക്ഷം അതു അവനെ അഞ്ച് സംഗതികൾ അഭ്യസിപ്പിക്കും.

ഒന്നാമതായി ആത്മജ്ഞാനം. മററുള്ളവരുടെ ന്യൂനതകൾ കേൾക്കുമ്പോൾ അവൻെറ ഓമ്മശക്തി ഉണരുകയും പാപിക ളുടെ ജീവിതത്തിൽക്കൂടി ഒരു കണ്ണാടിയിലെന്നോണം സ്വമുഖം തന്നെ പ്രതിബിംബിക്കുകയും ചെയ്യുന്നതു അവൻ കാണും.

രണ്ടാമതായി ഹൃദയഖേദം. ആശ്വാസം കൂടാതെ അനു താപികൾ അവരുടെ പാപങ്ങളെക്കുറിച്ചു ദുഃഖിക്കുമ്പോൾ, അതു ദശിക്കുന്ന വൈദികനും ദുഃഖമുണ്ടാകാതിരിക്കയില്ല.

മൂന്നാമതായി കൈവരുന്നതു ഒരു നേരിയ മനഃസാക്ഷി യാകുന്നു. 'നിൻെറ കണ്ണു ചൊവ്വുള്ളതായിരുന്നാൽ നിൻെറ ശ രീരം മുഴുവനും പ്രകാശമുള്ളതായിരിക്കും' എന്ന സുവിശേഷവാ ക്യമനുസരിച്ചു നിഷ്കളങ്കജീവിതം നയിക്കുന്ന ചിലർ വൈദിക രായ നാം വകവയ്ക്കാതെ ചെയ്യുന്ന പ്രമാണലംഘനങ്ങളെക്കുറിച്ചു കൂടി സ്വയം കുററപ്പെടുത്തി കുമ്പസാരിക്കുമ്പോൾ നമ്മുടെ മനഃസാക്ഷിയും മൃദുലമായി ഭവിക്കാതിരിക്കുമോ?

നാലാമതായി, പുണ്യത്തിൽ വദ്ധിപ്പാനുള്ള ആഗ്രഹം, കുടുംബജീവിതത്തിലെ ബഹളത്തിനും ജോലിത്തിരക്കിനും മദ്ധ്യേ പെട്ടു ഞെരുങ്ങുന്ന ചിലർ ദൈവത്തോടുള്ള ഐക്യത്തിൽ ഏററ മേററം ഉയരുന്നതിനു ആവോളം ശ്രമിക്കുന്നതു കാണുമ്പോൾ നമുക്കും പുണ്യത്തിൽ പുരോഗമനം ചെയ്യുന്നതിനു അഭിവാഞ്ഛ ജനിക്കാതിരിക്കയില്ല.

അഞ്ചാമതായി, കുമ്പസാരക്കൂട്ട നമ്മുടെ ആത്മീയ ശുഷ്ക്ക തയെപ്പററി നമ്മെ അനുസ്മരിപ്പിക്കുന്നു. വൈദികരായ നമുക്കു പുണ്യപൂണ്ണത പ്രാപിക്കുന്നതിനുപററിയ ഇഷ്ടപ്രസാദവും സമയ വും സൌകര്യവും ഉണ്ടായിരുന്നിട്ടും, നാനാഭാഗത്തും പ്രതിബന്ധ ങ്ങളോടു മല്ലിടുന്ന മററു ചിലർ, സ്വാത്ഥപരിത്യാഗത്തിലും ഉപ വിയിലും, ദൈവൈക്യത്തിലും നമ്മെ പിമ്പിലാക്കുന്നു. 9

കുമ്പസാരമെന്ന മഹാ കടമ നിർവിഘ്നം നിർവഹി ക്കുന്നതിനു, വൈദികനു ഒരു പിതാവിൻെറ സ്നേഹവും ഒരു



www.malankaralibrary.com

പ്രാഡ്വിവാകൻെറ ജ്ഞാനവും ഒരു ഭിഷഗ്വരൻെറ പാടവവും വേണ്ടിയിരിക്കുന്നുവെന്നാണ വേദശാസ്ത്രജ്ഞന്മാർ നിർദ്ദേശിച്ചിരിക്കുന്നത്. ഇവ ഓരോന്നും വെവ്വേറെ ചർച്ച ചെയ്യാം.

പാവനമായ ഈ ജോലി കയ്യേൽക്കുന്ന മ്ശീഹായുടെ പുരോഹിതനു ഒരു പിതാവിൻെറ ദയയും സ്നേഹവും വേണ്ടിയിരിക്കുന്നു. ഒരു അപ്പൻ സ്വന്ത മക്കളെ സ്നേഹിക്കുന്നതെവ്വിധമെന്നു പറഞ്ഞറിയിയ്ക്കേണ്ടയാവശ്യമില്ല. പിതൃസ്നേഹത്തിൽ ജഡികമായോ അസ്ഥിരമായോ യാതൊന്നുമില്ല. പിതാവ് എപ്പോഴും കാംക്ഷിക്കുന്നത് സ്വസന്താനങ്ങളുടെ അഭ്യുദയവും ക്ഷേമവും ഉൽക്കർഷവും മാത്രമാണ്. പാപഭാരത്തോടുകൂടി പ്രത്യക്ഷപ്പെടുന്നവരെ പരമാർത്ഥമായി നാം സ്നേഹിക്കുന്നുവെന്നറിയുമ്പോൾ, നമ്മിൽ വിശ്വസിക്കുന്നതിനു അവർ മടിക്കയില്ല; അപ്പോൾ അവരെ സഹായിക്കുന്നതിനു ശക്തർ നാം ആയി ഭവിക്കയും ചെയ്യും. പാപസങ്കീർത്തനം ദൈവത്തിൻെറ നീതി എന്നതിനേക്കാൾ തൻെറ ദയയെ പ്രസ്പഷ്ടമാക്കുന്ന ഒരു കൂദാശയാണെന്നുള്ള സംഗതി ഒരിക്കലും നാം വിസ്മരിക്കരുത്. വൈദികൻെറ ക്ഷമയെ പരീക്ഷിക്കുന്നതായി ആയിരം കൂട്ടങ്ങളല്ല കുമ്പസാരം സംബന്ധിച്ചുണ്ടാവുന്നത്. ആളുകൾ സമയത്തും അസമയത്തും വരുന്നു. പക്ഷേ ഇതൊന്നും ക്ഷമവിട്ടു പ്രവർത്തിപ്പാൻ അവനു അർഹത നൽകുന്നില്ല. പട്ടക്കാരൻ കുബേരകുചേലവ്യത്യാസമെന്യേ, ബാലവൃദ്ധഭേദമെന്യേ, ഏവരേയും പ്രത്യേകിച്ചു സാധുക്കളേയും ബലഹീനരേയും ദയാപുരസ്സരം സ്വീകരിക്കണം. ലോകത്തിലെ വലിയ ആളുകളോടുമാത്രം സാധാരണമായി ഇടപെടുന്ന ഒരു ഗവമ്മെൻറുദ്യോഗസ്ഥനല്ല അവൻ. മുഖംനോക്കി പ്രവർത്തിക്ക, എന്നതു ഇവിടെ ഇല്ല. ഒരിക്കൽ വി. യോഹന്നാൻ വിയാന്നിയുടെ അടുക്കൽ ജമ്മനിയിൽ നിന്നു ഒരു പ്രഭ്വി കുമ്പസാരിപ്പാൻ വന്നു. അവൾ ജനക്കൂട്ടത്തിൽ കൂടി തിക്കിഞെരുക്കി മുമ്പോട്ടുവന്ന് പുണ്യവാനോടു പറഞ്ഞു. എന്നെ വേഗം കുമ്പസാരിപ്പിക്കണം, ഞാൻ ഒരിടത്തും, ബവേറിയായിലെ രാജാവിൻെറ അരമനയുടെ വാതുക്കൽപോലും കാത്തുനിൽക്കുക പതിവില്ല. 'അതു വാസ്തവമായിരിക്കാം, എന്നാൽ



www.malankaralibrary.com

പ്രഭൂ! നിങ്ങൾ അർസിൽ കാത്തുനിൽക്കുകതന്നെ വേണം' എന്നായിരുന്നു ഇതിനു വി. വിയാന്നി നൽകിയ മറുപടി.

കുമ്പസാരം മാംസരക്തങ്ങൾക്കു വിഷമമേറിയ ഒരു കടമയാണ്, ഒരുവൻ അപരനെ നിജഹൃദയം തുറന്നുകാണിക്കുകയെന്നതു അത്ര എളുപ്പമുള്ളകൃത്യമല്ല. മററുപ്രകാരത്തിൽ ധീരന്മാരായ എത്രപേർ കുമ്പസാരക്കൂട്ടിൽ പിഞ്ചുകുഞ്ഞുങ്ങളെപ്പോലെ സംഭ്രമിച്ച് സ്വേദകണങ്ങൾ പൊഴിക്കാറുണ്ട്? സ്വതേ കൃച്ഛ്റസാദ്ധ്യമായ ഈ കല്പന നിർവഹിക്കുന്നതിൽ കുമ്പസാരം ശ്രവിക്കുന്ന വൈദികൻ ഒരു പ്രതിബന്ധമാകാതെ സാഹായ്യമായിരിക്കുകയാണു വേണ്ടതു്. സാന്ത്വനവചസ്സുകൾകൊണ്ടു സംഭ്രമചിത്തർക്കു ധൈര്യവും ഉറപ്പും നൽകേണ്ടിയിരിക്കുന്നു. ഒരു ഗ്രന്ഥകാരൻ പറയുന്നു. 'കുമ്പസാരം കേൾക്കുന്നതിനു സൂർപ്ലേ്ളസ്സും ഊറാലയും ധരിക്കുമ്പോൾ നമുക്കു ശാന്തതയും ക്ഷമയും അനുകമ്പയുംകൂടി ധരിക്കാം. ദീർഘനേരത്തെ ജോലി നമ്മുടെ ആത്മവിയെ ദുർബലപ്പെടുത്തുന്നപക്ഷം പരിശുദ്ധാത്മാവിയുടെ സഹായംതേടി നമുക്കു ശക്തിപ്രാപിക്കാം. കോപത്തോടുകൂടിയ ഒററവാക്ക്, നിർഭാഗ്യനായ ഒരു പാപിയെ പാപഭാരത്തോടുകൂടി കുമ്പസാരക്കൂട്ടിൽനിന്നു 'ഇങ്ങിനിവരാതവണ്ണം' തിരിച്ചയയ്ക്കുന്നപക്ഷം, അതിൽപ്പരം മർമ്മഭേദകമായി മറെറന്താണുള്ളതു്.' നാം ദൈവത്തെപ്പോലെ, തിന്മകണ്ടില്ലെന്നു വയ്ക്കണമെന്നു ബിഷപ്പ് 'മൊരിയാർട്ടി' പറയുന്നു. സ്വപുത്രനെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു പിതാവ് അവൻെറ ദുസ്തഴക്കങ്ങളെയോ പിശകായ ധാരണകളെയോ ശരിവയ്ക്കുന്നില്ല. പിതാവിൻെറ അവകാശവും സ്ഥാനവും മുൻനിറുത്തി അവൻ പ്രവർത്തിക്കുന്നു. കുമ്പസാരം കേൾക്കുന്നവനിൽ വഴിപിഴച്ച കരുണയോ കർക്കശമായ കണിശമോ ഉണ്ടാകാതിരിക്കട്ടെ.

വൈദികൻ കുമ്പസാരക്കൂട്ടിൽ ഒരു വിധികർത്താവാകുന്നു. ആകയാൽ അവൻ നിയമത്തിൽ സുശിക്ഷിതനായിരിക്കേണ്ടതാവശ്യമാണല്ലോ. കോർട്ടിൽ വ്യവഹരിക്കുന്ന ഒരു അഭിഭാഷകനു തൻെറ രാജ്യത്തിലെ നിയമസംഹിത അറിയുന്നതിനു എത്ര



www.malankaralibrary.com

കണ്ടാവശ്യമുണ്ടോ അതിൽ പത്തിരട്ടി ആവശ്യമാണു ആത്മാക്കളുടെ ഉത്തരവാദിത്വം കൈയ്യേററിട്ടുള്ള പുരോഹിതനു സന്മാൎഗ്ഗശാസ്ത്രമറിയുന്നതിനുള്ളകടമ. ഈ ശാസ്ത്രം ശാസ്ത്രങ്ങളിൽവച്ചു ഏററവും വിഷമമേറിയതാണെന്നു വന്ദ്യനായ ഗർസൺ പറഞ്ഞിരിക്കുന്നു. തക്കതായ ജ്ഞാനംകൂടാതെ കുമ്പസാരിപ്പിക്കാൻ തുനിയുന്ന വൈദികൻ നിത്യനാശത്തിലേക്കുള്ള മാൎഗ്ഗത്തിൽ ചരിക്കുന്നുവെന്നാണു വി. അൽഫോൻസ്‌ലിഗോരി സാക്ഷിക്കുന്നത്. സ്ലാംഗ് പറയുന്നു 'സെമ്മിനാരിയിൽവച്ചു പരിക്ഷ, ബഹുമതിയോടുകൂടി പാസ്സായതുകൊണ്ടായില്ല, ഒരുവന്റെ സാക്ഷാത്തായ പഠിനം സമാരംഭിക്കുന്നതു അവന്റെ ഔദ്യോഗികജീവിതത്തോടുകൂടിയാണ്. പഠിനത്തെ ഉപേക്ഷിക്കുന്നവനെ ദൈവവും ഉപേക്ഷിക്കുന്നു; ആകയാൽ ഓശാ ദീൎഘദൎശിപറയുന്നു. 'നീ ജ്ഞാനത്തെ തിരസ്കരിച്ചിരിക്കുന്നതിനാൽ, എന്റെ പുരോഹിതവൃത്തിയിൽനിന്നു ഞാനും നിന്നെ തിരസ്കരിക്കും.' 10 ഔഷധങ്ങളെപ്പററിയും ശസ്ത്രക്രിയകളെപ്പററിയും പഠിച്ചുകൊണ്ടിരിക്കാത്ത യുവാവായ ഒരു ഭിഷഗ്വരൻ, ഒരിക്കലും തന്റെ തൊഴിലിൽ വൈദഗ്ധ്യം പ്രാപിക്കുന്നതല്ല. ഇതുപ്രകാരം തന്റെ സെമ്മിനാരി ജീവിതത്തിന്റെ വെറും സ്മാരകമായിട്ടുമാത്രം, ശാസ്ത്രഗ്രന്ഥങ്ങളെ പുസ്തകക്കൂട്ടിൽ സൂക്ഷിച്ചുവച്ചിരിക്കുന്ന യുവവൈദികൻ ഒരിക്കലും ഒരു നല്ല ആത്മീയോപദേഷ്ടാവായി തീരുന്നതല്ല.'

നമ്മുടെ ഓൎമ്മയെ എപ്പോഴും അവലംബിക്കാൻ പാടില്ല; അതു ചതിച്ചേക്കും. ഒരിക്കൽ നമുക്കു ലഭിച്ച അറിവ് നാം തുടരെ പഠിക്കാതിരുന്നാൽ നഷ്ടീഭവിക്കാതിരിക്കയില്ല. സന്മാൎഗ്ഗശാസ്ത്രത്തിന്റെ ഒരു വലിയ ഭാഗം മാറി വരുന്നതും വരാവുന്നതുമായ നിയമങ്ങളും തീരുമാനങ്ങളുമാണ്. ആകയാൽ ഇവിടെ അഗാധബുദ്ധിയോ വൎണ്ണനാചാതുരിയോ കൊണ്ടു വലിയ പ്രയോജനമില്ല. 'കുമ്പസാരം കേൾക്കുന്നതിൽ അഭിവൃദ്ധി പ്രാപിക്കാൻ ആഗ്രഹിക്കുന്ന വൈദികൻ പഴയതും പുതിയതുമായ 'തിയോളജി' ഗ്രന്ഥങ്ങൾ വീണ്ടും വീണ്ടും വായിക്കുന്നതു കൂടാതെ സന്മാൎഗ്ഗശാസ്ത്രപരമായ മാസികകളും വരുത്തി പാരായണം ചെയ്യേണ്ടിയിരിക്കുന്നു.



www.malankaralibrary.com

വി. അൽഫോൻസ് ലിഗോരി പറയുന്ന 'കുമ്പസാരമെന്ന ജോലി കയ്യേററിരിക്കുന്ന യാതൊരു വൈദികനും സന്മാർഗ്ഗശാസ്ത്രപഠനം മുടക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ഈ ശാസ്ത്രം സംബന്ധിച്ചു വരുന്ന ഭിന്നങ്ങളും പരസ്പരബന്ധമില്ലാത്തവയുമായ നിരവധി സംഗതികളുണ്ട്. ഇവ ഒരുകാലത്തു ഹൃദിസ്ഥമാക്കപ്പെട്ടവയായിരുന്നാലും, ദുർല്ലഭമായി മാത്രം പ്രയോഗത്തിൽ വരുന്നതിനാൽ കാലക്രമേണ നമ്മുടെ ഓർമ്മയിൽനിന്നു മാഞ്ഞുപോകുന്നു; ഏതന്നിമിത്തം നിരന്തരാഭ്യസനം കൂടിയേ തീരൂ. 11

ബിഷപ്പ് മൊരിയാർട്ടി പറയുന്നു. 'സന്മാർഗ്ഗശാസ്ത്രഗ്രന്ഥത്തിൻെറ താളുകളെ ഒരിക്കലും നിഷ്പ്രയോജനമായി നാം മറിക്കയില്ല. നമ്മുടെ സ്മരണയിൽനിന്നു മറയാൻ തുടങ്ങുന്നതൊ, നാം കാര്യമായി കരുതാതിരിക്കുന്നതൊ ആയ എന്തെങ്കിലും അവിടെ കണ്ടുമുട്ടാതിരിക്കയില്ല.' കുമ്പസാരമെന്ന ജോലിയിൽ ഏല്പ്പെട്ടിരിക്കുന്നവൻ പുതിയതായി പുറത്തുവരുന്ന ശാസ്ത്രഗ്രന്ഥങ്ങൾകൂടി വായിക്കണമെന്നു അല്പംമുമ്പു പ്രസ്താവിച്ചുവല്ലൊ. ഇക്കാര്യത്തിൽ പ്രേഷിതവൃത്തിയിൽ സുദീർഘമായ പരിചയമുള്ളവനും തികഞ്ഞ പണ്ഡിതനുമായ കാനൺകീററിംഗിൻെറ (Canon Keating) വാക്കുകൾ സർവ്വത്ര ആദരണീയമാണ്. അദ്ദേഹം പറയുന്നു. 'ഏററവും ആധുനികങ്ങളായ പുസ്തകങ്ങളാണു നമുക്കേററവും പററുന്നത്. ഒരു ഗ്രന്ഥം നമ്മുടെ കാലത്തോടു എത്രയ്ക്കടുക്കുന്നുവോ അത്രയ്ക്കു അതു നമുക്കു നേരിടുന്ന പ്രത്യേക വിഷമതകളെ ഗ്രഹിക്കുന്നു. അതിലെ ഉള്ളടക്കം നമ്മെ കൂടുതൽ തൃപ്തിപ്പെടുത്തുന്നെങ്കിൽ, അതിനു കാരണം, അതു ചെയ്യുന്ന വിട്ടുവീഴ്ച (Laxity) യല്ല, പിന്നെയോ പഴയകാലത്തെ ശാസ്ത്രകാരന്മാർ അവരുടെ ഗ്രന്ഥങ്ങൾ നിർമ്മിച്ചപ്പോൾ ഇല്ലാതിരുന്നതും, ഇപ്പോൾ ഉണ്ടായിരിക്കുന്നതുമായ അവസ്ഥാഭേദം, അതു സമഗ്രമായി ഗ്രഹിക്കുന്നതു മാത്രമാകുന്നു. ആകയാൽ പണ്ഡിതലോകത്തിലെ മഹാരഥന്മാരായ ദെലൂഗൊ, (De Lugo) വി. തോമ്മാ അക്വീനാസ്, സ്വാരെസ്, പ്രഭൃതികളുടെ ഗ്രന്ഥതല്ലജങ്ങളിൽനിന്നു ഞാൻ തത്വങ്ങളെ ശേഖരിക്കുമ്പോൾ, അവരുടെ ശിഷ്യന്മാരിൽ ഒരു ഇംപ്രിമാത്തൂർ



www.malankaralibrary.com

(Imprimatur) കിട്ടാൻ സാധിക്കുന്ന ഏററവും ആധുനികന്റെ ആധാരങ്ങളിൽനിന്നു, നമ്മുടെ ഇപ്പോഴത്തെ ആവശ്യത്തിനുപകരിക്കുന്ന പ്രസ്താവിത തത്വങ്ങളുടെ പ്രായോഗികതയെ ഗ്രഹിക്കുന്നതിനു ശ്രമിക്കയും ചെയ്യും.[12]

൧൯൦൫-ൽ പത്താംപീയൂസ് മാർപ്പാപ്പാ കൂടെക്കൂടെയും അനുദിനവുമുള്ള ദിവ്യകാരുണ്യസ്വീകരണം സംബന്ധിച്ചു പുറപ്പെടുവിച്ച ചാക്രികലേഖനം ആത്മീയ ജീവിതത്തിൽ ഒരു വലിയ വ്യതിയാനം വരുത്തിയെന്നു ഒരു എഴുത്തുകാരൻ പറഞ്ഞതായി ഓർക്കുന്നുണ്ട്. എന്നാൽ ൧൯൧൭-ൽ പുതിയ കാനൻ നിയമം വിളംബരം ചെയ്തതോടെ വന്ന വ്യതിയാനത്തോടു തട്ടിച്ചുനോക്കുമ്പോൾ മേല്പറഞ്ഞതെന്ത്. പുതിയ കാനൻ, സന്മാർഗ്ഗശാസ്ത്രലോകത്തു ഒരു വ്യതിയാനമല്ല വിപ്ലവമാണു വരുത്തിയിരിക്കുന്നതെന്നു പറയേണ്ടിയിരിക്കുന്നു. 'മൊറാൽ' ഗ്രന്ഥങ്ങളെല്ലാം പുതിയ കാനനനുസരിച്ചു മാറി എഴുതപ്പെട്ടിരിക്കുകയാണു ഇപ്പോൾ. കുമ്പസാരിപ്പിക്കുന്നവൻ ഏററവും ആധുനികങ്ങളായവ വായിച്ചിരിക്കേണ്ടതിന്റെ ആവശ്യകതയെയല്ലയൊ ഇതെല്ലാം വ്യഞ്ജിപ്പിക്കുന്നത്.

പഠിപ്പില്ലാത്തവൻ കുമ്പസാരക്കൂട്ടിൽ തന്റെ അനുതാപികൾക്കു വളരെ ഉപദ്രവം ചെയ്യും. കണിശവും കാരുണ്യവും സ്ഥാനംതെററി പ്രദർശിപ്പിക്കുക അജ്ഞതത്വത്തിന്റെ ലക്ഷണമാകുന്നു. കുമ്പസാരിപ്പിക്കുന്നവൻ തന്റെ അനുവാദങ്ങൾ എന്തുമാത്രമെന്നറിയണമെന്നും, ഏതദർത്ഥം സ്വന്ത മെത്രാനാൽ പിടിക്കപ്പെട്ട പാപങ്ങൾ സംബന്ധിച്ചു നൽകപ്പെട്ടിരിക്കുന്ന പത്തേന്തിളടസ്സിടെ വായിക്കേണ്ടതാണെന്നും സ്റ്റാംഗ് പറയുന്നു.

കുമ്പസാരം കേൾക്കുന്നവനു ഒരു ഭിഷഗ്വരന്റെ വിവേകവും ആവശ്യമാകുന്നു. 'നിങ്ങൾ പാമ്പുകളെപ്പോലെ വിവേകമുള്ളവരായിരിപ്പിൻ' എന്ന ഉപദേശം പാപശ്രവണത്തിൽ ഏപ്പെട്ടിരിക്കുന്ന പുരോഹിതനെ സവിശേഷമായി ബാധിക്കുന്നുവെന്നു നിർവ്വചിക്കാം. ചുററുപാടുകളനുസരിച്ചു ശാസ്ത്രവിധികളെ പ്രയോഗിക്കുന്നതിലടങ്ങിയിരിക്കുന്ന വിവേകമെന്നു വി. തോമ്മാ



www.malankaralibrary.com

അക്വിനാസ്സ് പ്രസ്താവിക്കുന്നു. പരിശന്മാരോടു 'അണലിസന്തതികളെ' എന്നു മേഘഗർജ്ജനം ചെയ്തു മാംദാനാ സാധാരണ ജനങ്ങളോടു വളരെ കരുണാപൂർവ്വം പെരുമാറി, അദ്ദേഹം പടയാളികൾക്കും, ചുങ്കക്കാർക്കും വ്യത്യസ്തങ്ങളായ ഉപദേശങ്ങൾ നൽകി. പാപികളുടെ പ്രത്യേക സ്വഭാവവും സ്ഥിതിയുമനുസരിച്ചാണു നമ്മുടെ കർത്താവ് അവരോടു വർത്തിച്ചതെന്നു സുവിശേഷങ്ങൾ സാക്ഷ്യം വഹിക്കുന്നു. 'ദൈവത്തിന്റെ സ്നേഹം വിവിധ രൂപങ്ങൾ ധരിച്ചു' എന്നു വി. ബെർണ്ണാർദ്ദ് പറയുന്നു. പുറജാതികളുടെ അപ്പോസ്തലൻ തന്റെ ദിവ്യജമാനന്റെ മാതൃകയനുസരിച്ചുതന്നെ പ്രവർത്തിച്ചു. അദ്ദേഹം പറയുന്നു 'ഞാൻ എല്ലാവരെയും രക്ഷിക്കുന്നതിനു എല്ലാവർക്കും എല്ലാം ആയി.[13] വി. അഗസ്റ്റിനോസ്സിന്റെ വാക്കുകൾ ഇതിനൊരു വ്യാഖ്യാനമെന്നോണം തോന്നിപ്പോകുന്നു. ആ സിദ്ധൻ പറയുന്നു 'എല്ലാവരോടും ഒരുപോലെ സ്നേഹം കാണിക്കണം, എന്നാൽ എല്ലാവർക്കും ഒരുപോലുള്ള മരുന്നല്ല കൊടുക്കേണ്ടതു്; സ്നേഹം ചിലരെ ശക്തിപ്പെടുത്തുമ്പോൾ മററു ചിലരെ ദുർബലപ്പെടുത്തുന്നു; ചിലരെ നല്ല ദൃഷ്ടാന്തം കൊടുക്കുന്നതിനു പ്രോത്സാഹിപ്പിക്കുമ്പോൾ മററു ചിലരെ ഇടർച്ച കൊടുക്കാതിരിക്കുന്നതിനു ഭയപ്പെടുത്തുന്നു; ചിലരുടെ മുമ്പിൽ താഴുമ്പോൾ മററു ചിലരുടെ മുമ്പിൽ ഉയരുന്നു; ചിലരെ ലാളിച്ചുകൊണ്ടും, ചിലരെ ശാസിച്ചുകൊണ്ടും, എന്നാൽ ഒരുത്തരോടും ശത്രുത്വം കാണിക്കാതെയും ഏവർക്കും അമ്മയെന്നോണവും അതു വർത്തിക്കുന്നു.'[14]

രോഗനിദാനം അറിയുന്നതിലാണു ഭിഷക്കിന്റെ സാമർത്ഥ്യം അടങ്ങിയിരിക്കുന്നതു്. രോഗത്തിന്റെ ഉത്ഭവം, പ്രകൃതി, ഇവ ഗ്രഹിച്ചെങ്കിലെ തക്കതായ ഔഷധം നൽകാൻ സാധിക്കയുള്ളു. കുമ്പസാരിക്കുന്നവനു പലേ മ്ളേച്ഛതരങ്ങളായ പാപങ്ങളുണ്ടായിരിക്കാം, എന്നാൽ എല്ലാററിനും അടിസ്ഥാനവും മൂലവുമായി ഒന്നു കാണും. ആദ്ധ്യാത്മിക ഗുരുക്കന്മാർ അതിനെ പ്രമുഖപാപം (Predominant passion) എന്നു സംബോധനം ചെയ്യുന്നു. കുമ്പസാരിപ്പിക്കുന്നവന്റെ പാടവം സ്ഥിതിചെയ്യുന്നതു



www.malankaralibrary.com

ഈ പ്രമുഖ തിന്മ ഏതെന്നു മനസ്സിലാക്കുന്നതിലത്രെ. ചിലപ്പോൾ ഒരു വലിയ തിന്മയെ മാററുന്നതിനു ഒരു ചെറിയ തിന്മ അനുവദിക്കുന്നതിനും അവൻ നിർബന്ധിക്കപ്പെട്ടേക്കും. (Levia Permittenda ut graviora Subtrahantur)

ഒരു ആത്മീയ ഗുരു പറയുന്നു. 'കുമ്പാന ചൊല്ലാനുള്ളതുകൊണ്ടൊ, വളരെപ്പേർ ഇനിയും കുമ്പസാരിപ്പാൻ കാത്തുനിൽക്കുന്നതുകൊണ്ടൊ വലിയ ധൃതികൂട്ടാൻ പാടില്ല. ഒരാളെ കുമ്പസാരിപ്പിക്കുമ്പോൾ, അവ അവളെക്കുറിച്ചല്ലാതെ, ഒരുങ്ങിനിൽക്കുന്നവരെക്കുറിച്ചു ദൈവതിരുമുമ്പാകെ കണക്കു കേൾപ്പിക്കാൻ നാം ബാദ്ധ്യസ്ഥരായിരിക്കയില്ല. ഒരുവൻെറ കുമ്പസാരം കേൾക്കുന്നതിനു മതിയായ സമയമില്ലെങ്കിൽ, അതു വേറൊരവസരത്തിലേക്കു മാററിവയ്ക്കുകയാണു വേണ്ടത്. ഒരിക്കലും അവസാനനേരത്തു വേഗത വർദ്ധിപ്പിക്കരുതു, എന്തുകൊണ്ടെന്നാൽ ആ സമയം വിലയേറിയതാകുന്നു. അവസാനം നിൽക്കുന്നവരുടെ കൂട്ടത്തിൽ ഒരു 'നിക്കോദിമ്മോസി'നെ കണ്ടെത്തിയെന്നു വന്നേക്കാം. അവർ താമസിച്ചോ രാത്രിക്കൊ വരുന്നതു നല്ലപോലെ സാവകാശം കുമ്പസാരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാകുന്നു.

തക്കതായ ഒരുക്കമില്ലാത്തവക്കു വിമോചനം നൽകാൻ പാടില്ല. ക്രിസ്തുനാഥൻെറ ഹൃദയമുള്ള പട്ടക്കാരൻ ദൈവാനുഗ്രഹത്തിൻെറ സഹായത്തോടുകൂടി, തൻെറ പക്കൽ ഒരുക്കംകൂടാതെ വരുന്നവനേയും മാനസാന്തരപ്പെടുത്തുന്നു. അൽഫോൻസ് പുണ്യവാൻ തന്നോടു പാപസങ്കീർത്തനം ചെയ്യാൻ വന്നിട്ടുള്ള ഒരു പാപിക്കും മോചനം നൽകാതെ വിട്ടിട്ടില്ലെന്നു പറയപ്പെട്ടിരിക്കുന്നു. തൻെറ അനുതാപിക്കു മനസ്താപമില്ലാത്തപക്ഷം, പുണ്യവാൻ തൻെറ ഭക്തിതീക്ഷ്ണത നിമിത്തം അവനിൽ ഹൃദയഭേദം വരുത്തിയിരുന്നു; ഇതായിരുന്നു അദ്ദേഹത്തിൻെറ രഹസ്യം.

കുമ്പസാരിപ്പിക്കുന്നവൻ കുമ്പസാരക്കൂട്ടിൽ ഇരിക്കുന്ന സമയദൈർഘ്യം സംബന്ധിച്ചും അല്പം വിവേകം പ്രവർത്തിക്കേണ്ടതായുണ്ട്. നല്ല കുമ്പസാരക്കൂടുകൾ നമ്മുടെ പള്ളികളിൽ വേണ്ടതാണ്, അവ വൈദികരുടെ ജോലിയെ വളരെ ലാഘവപ്പെടുത്തു



www.malankaralibrary.com

കതന്നെ ചെയ്യും. കുമ്പസാരക്കൂട്ടിൽ എത്ര മണിക്കൂർ നേരം തുടർച്ചയായി ഒരുവനു ഇരിക്കാൻ കഴിയും? ഒനെയിൽ (O'Neil) എന്ന ഗ്രന്ഥകാരൻ ഇക്കാര്യത്തിൽ പറയുന്ന അഭിപ്രായം വളരെ ശ്രദ്ധേയമാണ്. 'ആറേഴ മണിക്കൂർ നേരം അനുസ്യൂതമായി കുമ്പസാരക്കൂട്ടിൽ കഴിച്ചുകൂട്ടുക എത്ര വിഷമകരമാണെന്നു ഏവൎക്കുമറിയാം. ചിലപ്പോഴൊക്കെ അസാധാരണമായ ജോലിത്തള്ളൽ ഏൽക്കാതിരിക്കാൻ കഴിയുന്നതല്ല. എന്നാൽ ജോലിയുടെ ദൈൎഘ്യം, തത്ഫലത്തെ ഹനിക്കുന്നെങ്കിൽ അമ്മാതിരി ജോലികൊണ്ടെന്തു പ്രയോജനം? ആകയാൽ കുമ്പസാരിപ്പിക്കുന്ന പട്ടക്കാർ, കുമ്പസാരിക്കാൻ ബദ്ധപ്പെട്ടു നിൽക്കുന്നവരുടെ സംഖ്യ എത്ര ഭീമമായിരുന്നാലും ശരി, രണ്ടരയൊ മൂന്നോ മണിക്കൂർ ഇടയിട്ടു കുമ്പസാരക്കൂട്ടിനു പുറത്തുപോയി പതിനഞ്ചോ ഇരുപതൊമിനിട്ടു നേരത്തേയ്ക്കു ശുദ്ധ വായു ശ്വസിച്ച് ആശ്വസിക്കേണ്ടതാണ്. ആളുകളുടെ നന്മയെക്കൂടി ഉദ്ദേശിച്ചാണ് ഇങ്ങനെ ചെയ്യേണ്ടത്. ഇപ്രകാരം വ്യയം ചെയ്യുന്ന സമയം ഒരു നഷ്ടമാണെന്നു തോന്നുന്നുണ്ടെങ്കിൽ അതു തോന്നലിൽ മാത്രമുള്ള ഒരു നഷ്ടമാണ്. ഈ സമയം ഒരിക്കലും പാഴായിപോകുന്നില്ല. വിവരം ജനങ്ങളെ യഥാകാലം വഴിപോലെ ഗ്രഹിപ്പിക്കുന്നപക്ഷം അവർ തെററിദ്ധരിക്കയൊ പരിഭവിക്കയൊ ചെയ്യുന്നതല്ല. ഒരാൾ—കുമ്പസാരിപ്പിക്കുന്ന പട്ടക്കാരനൊ ബുദ്ധികൊണ്ടു വേലചെയ്യുന്ന മററാരെങ്കിലുമൊ ആയിരുന്നുകൊള്ളട്ടെ— അവൻ സുഖശരീരനും ഉന്മേഷചിത്തനും ഉത്സാഹഭരിതനുമായിരിക്കുമ്പോൾ, തളൎന്നും ക്ഷീണിച്ചും മുഷിഞ്ഞുമിരിക്കുന്ന നേരത്തെക്കാൾ കൂടുതൽ ജോലി ചെയ്യാൻ സാധിക്കുമെന്നുള്ള തത്വത്തിൻെറ ഒരു ദൃഷ്ടാന്തം മാത്രമാണു നാമിവിടെ കാണുന്നത്. സുപ്രസിദ്ധനായ ഒരു വൈദ്യവിദഗ്ധൻ ഇങ്ങനെ പറഞ്ഞിരിക്കുന്നു. 'ഒരുകൊല്ലത്തെ ജോലി പത്തുമാസംകൊണ്ടോ ഒരുപക്ഷേ പതിനൊന്നു മാസംകൊണ്ടൊ ചെയ്തുതീൎക്കാമെങ്കിലും, പന്ത്രണ്ടുമാസംകൊണ്ട് അതു ചെയ്തുതീൎക്കുക അത്ര എളുപ്പമല്ല. എന്തുകൊണ്ടെന്നാൽ ഇളവുകൂടാതുള്ള ജോലി ഒരുവൻെറ കായികമാനസിക ശക്തികളെ ശോ



www.malankaralibrary.com

ഷിപ്പിച്ചുകളയും. ഇതിനെല്ലാം എതിരായി, ദിവസേന പതിനെട്ടൊ ഇരുപതൊ മണിക്കൂർവീതം കുമ്പസാരക്കൂട്ടിൽ ചിലവഴിച്ച ആർസിലെ ആ വിശുദ്ധൻെറ ഉദാഹരണം ചിലർ കൊണ്ടുവന്നേക്കാം; എന്നാൽ വി. വിയാന്നി ഒരു അസാധാരണ മനുഷ്യനായിരുന്നെന്നും അദ്ദേഹം ഇതുപോലെ മററു അത്ഭുതകൃത്യങ്ങളും പ്രവത്തിച്ചിട്ടുണ്ടെന്നും ഓത്തുകൊണ്ടാൽ മതി.'[15]

'ഒനെയിൽ' ഒരു അമേരിക്കൻ വൈദികനാണു്, അദ്ദേഹം അമേരിക്കരെ ഉദ്ദേശിച്ചാകുന്ന മേൽപ്രകാരം പ്രസ്താവിച്ചിട്ടുള്ളതു്. നമ്മുടെ രാജ്യം അമേരിക്കയേയൊ യൂറോപ്പിനേയൊകാൾ ചൂടു കൂടുതലുള്ളതും തൻമൂലം ശാരീരിക ക്ഷീണം വേഗം വരുത്തുന്നതുമാകുന്നു. ഉഷ്ണഭൂമിയിൽ വേലചെയ്യുന്നവർ വേഗം ക്ഷീണിക്കുന്നുവെന്നും, നേരെമറിച്ചു ശീതമേഖലയിൽ അദ്ധ്വാനിക്കുന്നവർ തദ്വിധം ക്ലാന്തരാകുന്നില്ലെന്നുമാണു് അനുഭവസ്ഥന്മാർ പറയുന്നതു്. ഇപ്രകാരമെങ്കിൽ കുമ്പസാരക്കൂട്ടിൽ രണ്ടരയൊ മൂന്നൊ മണിക്കൂറിലധികം തുടർച്ചയായി ഇരിക്കരുതെന്നുള്ള ഉപദേശം, കേരളീയരായ നമ്മെ സംബന്ധിച്ചിടത്തോളം ഒന്നരയൊ രണ്ടോ എന്നു തിരുത്തേണ്ടതാണെന്നാണു തോന്നുന്നതു്. ഇടവകജോലിയിൽ തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള ചില വന്ദ്യന്മാർ പറഞ്ഞുകേട്ടിട്ടുള്ളതു കുമ്പസാരം കേൾക്കുന്നവൻ ഒരു മണിക്കൂർ കഴിഞ്ഞു അല്പം ആശ്വസിക്കണമെന്നാണു്.

'സ്റ്റാംഗ്' പറയുന്നു. പുരുഷന്മാരുടെയും സ്ത്രീകളുടെയും, വൃദ്ധന്മാരുടെയും കുട്ടികളുടെയും സ്വഭാവം തമ്മിൽ വൈധർമ്മ്യമുണ്ടു്. ഈ തത്വം കുമ്പസാരിപ്പിക്കുന്നവൻ ഗ്രഹിച്ചിരിക്കേണ്ടതാണു്. ആദ്യമായി പുരുഷന്മാരുടെ കാൎയ്യം തന്നെയെടുക്കാം. ഇടവകയിലെ പുരുഷന്മാരും കൂടെക്കൂടെ കുമ്പസാരിക്കേണ്ടിയിരിക്കുന്നു. കുമ്പസാരം സ്ത്രീജനങ്ങളുടെ മാത്രം ഒരു ഭക്തികൃത്യമായി കരുതിപ്പോരുന്നിടത്തു യഥാൎത്ഥമായ ക്രിസ്തീയ ജീവിതം കാണപ്പെടുന്നതല്ല. കുമ്പസാരം, കുർബാന മുതലായവയോടു പുരുഷന്മാൎക്കു പൊതുവെ അത്ര പക്ഷമില്ല; അവർ അവയൊക്കെ സ്ത്രീകൾക്കും കുട്ടികൾക്കുമായിട്ടു താല്പൎയ്യപൂൎവ്വം വിട്ടുകൊടുക്കുന്നതിൽ ഉൽസുക

താണ്. ആകയാൽ തീക്ഷ്ണതയുള്ള പട്ടക്കാരൻ അവരേയും കുമ്പസാരക്കൂട്ടിൽ കൂടെക്കൂടെ വരുത്തുന്നതിനുള്ള പോംവഴികൾ ആരായുകതന്നെ ചെയ്യും.

പുരുഷന്മാർ കുമ്പസാരിപ്പാൻ വന്നാൽ അവരെ അധികം താമസിപ്പിക്കുന്നതു ഭംഗിയല്ല, എന്തുകൊണ്ടെന്നാൽ പള്ളിയിൽ അധികനേരം കഴിച്ചുകൂട്ടുന്നതിനു പര്യാപ്തമായ ക്ഷമ അവക്കില്ല. അവർ അല്പം സങ്കോചത്തോടെയാണു പള്ളിയിൽ നില്ക്കുന്നതു്. ഒടുവിൽ വന്നു ആദ്യം പോവുകയാണു അവരുടെ പതിവു്. എന്നാൽ സ്ത്രീജാതിയുടെ സ്വഭാവം ഇതല്ല. അവക്കു പള്ളി സ്വന്തം വീടുപോലെയാണു്, അവിടെ താമസിക്കാൻ അവക്കു താല്പര്യമാകുന്നു. കുമ്പസാരക്കൂട്ടിന്റെ ഒരുവശം പുരുഷന്മാക്കും മറേറവശം സ്ത്രീകൾക്കുമായി ഒഴിച്ചിടുക. വളരെപ്പേർ കുമ്പസാരിപ്പാനുള്ളപ്പോൾ പുരുഷന്മാരുടെ കുമ്പസാരമാണു് ആദ്യം കേൾക്കേണ്ടതു്. തങ്ങളുടെ ഭത്താക്കന്മാരും പിതാക്കന്മാരും കുമ്പസാരിച്ചു കഴിയുന്നതുവരെ അവർ ക്ഷമിച്ചുകൊള്ളും. ആഴ്ചയിൽ രണ്ടോ മൂന്നോ തവണ കുമ്പസാരിക്കാൻ വരുന്ന സ്ത്രീകളെപ്രതി, ആണ്ടിൽ രണ്ടോമൂന്നോ തവണമാത്രം വരുന്ന പുരുഷന്മാരെ താമസിപ്പിക്കുന്നതു ഒട്ടും ഭംഗിയല്ല.' 16

പട്ടക്കാരൻ ഈലോകമെന്ന സമുദ്രത്തിൽ കണ്ടുമുട്ടുന്ന വിപൽക്കരമായ ഒരു പാറയാകുന്നു സ്ത്രീവർഗ്ഗത്തിന്റെ കുമ്പസാരമെന്നു ഒരു ആത്മീയഗുരു പറഞ്ഞിരിക്കുന്നു. ഇപ്രകാരമൊരു വിപത്തുണ്ടെന്നുള്ള ജ്ഞാനംതന്നെ ഇക്കാര്യത്തിലൊരു രക്ഷാകവചമായിരിക്കട്ടെ. ഇതേസംബന്ധിച്ചു അൽഫോൻസ് ലിഗോരി പുണ്യവാൻ തന്റെ സെൽവാ (Selva) എന്ന ഗ്രന്ഥത്തിൽ പ്രകടമായി പ്രസ്താവിക്കുന്നുണ്ടു്. 17 ക്രൂദാശകളുടെ സ്വീകരണം സ്ത്രീക്കാണു പുരുഷനേക്കാൾ കൂടുതൽ ആവശ്യം. കുടുംബനായികയുടെ മാതൃകായോഗ്യമായ ജീവിതം, ദൈനംദിനം അവളുമായി ഇടപെടുന്ന ഏവരുടേയും വിശ്വാസത്തേയും സന്മാർഗ്ഗത്തേയും സ്പർശിക്കാതിരിക്കയില്ല. അവളിൽനിന്നു സുകൃതത്തിന്റെ പരിമളം കുടുംബാംഗങ്ങളേവരിലേക്കും പരക്കുന്നു. കുടുംബനാഥയുടെ ശ്രേഷ്ഠഹൃദയത്തിൽ എളിമ, ശുദ്ധത മുതലായ പുണ്യങ്ങളെ നട്ടുവളത്തി, മ്ശി

ഹായുടെ മാതാവായ പരിശുദ്ധ കന്യകാമറിയം തന്റെ ദിവ്യസുതന്റെ സഭയിൽ കത്തോലിക്കാ മാതാവിനുവേണ്ടി സമാജ്ജിച്ചിട്ടുള്ള ഔന്നത്യപദവിക്കു അവളെ യോഗ്യയാക്കുകയത്രെ വൈദികന്റെ കൃത്യം.

വൃദ്ധകളോടും ചെവി കേൾക്കാൻ വഹിയാത്തവരോടും പ്രത്യേക കാരുണ്യം കാണിക്കേണ്ടിയിരിക്കുന്നു; എന്നാൽ അന്യരെ പഴിചാരുക, കുമ്പസാരത്തോടു ബന്ധമില്ലാത്ത കാര്യങ്ങൾ വലിച്ചിടുക, മുതലായ ചിലരുടെ അനാവശ്യ ഭാഷണങ്ങളെ ഉടനടി തടയേണ്ടതാകുന്നു. 'സ്റ്റാംഗ്' പറയുന്നു. 'തങ്ങളെ ദിവസംതോറും കുമ്പസാരിപ്പിക്കാൻ ഒരുക്കമുള്ള ഒരു പട്ടക്കാരനുള്ളപക്ഷം, ദിവസംതോറും കുമ്പസാരിക്കാൻ നടക്കുന്ന ചില ബുദ്ധിശൂന്യകളായ സ്ത്രീകളുണ്ട്. ആഴ്ചയിൽ ഒരു പ്രാവശ്യത്തിൽ കൂടുതൽ ഒരു ഭക്തയുടേയും കുമ്പസാരം കേൾക്കേണ്ടതില്ല.'[18]

കുമ്പസാരത്തിൽ നൽകപ്പെടുന്ന ഉപദേശം വ്യക്തിപരമായതും നേരിട്ടു ഹൃദയത്തിൽ പ്രവേശിക്കുന്നതുമാകുന്നു. ഒരുവൻ കുമ്പസാരിച്ച എല്ലാ പാപങ്ങളെക്കുറിച്ചും ഗുണദോഷം പറയരുത്. പ്രധാനിയെ ശിരച്ഛേദനം ചെയ്യുക, അതോടെ സിൽബന്ധികൾ മുതി അടങ്ങുകൊള്ളും. 'കീറിംഗ്' പറയുന്നു. 'കാടടച്ചു വെടിവയ്ക്കുന്ന മാതിരിയിലുള്ള സർവ്വാണിയുപദേശങ്ങൾ പ്രയോജനശൂന്യങ്ങളാണു; വല്ലതും പറവാനുണ്ടെങ്കിൽ പറയുക, അല്ലാതെ, പറയുന്നതിനായിട്ടുമാത്രം പറയാതിരിക്കുക.'[19] പരീക്ഷയിൽ വീഴാതിരിപ്പാൻ ഉണന്നിരുന്നു പ്രാത്ഥിപ്പിൻ, എന്നു ദിവ്യഗുരു അരുളിച്ചെയ്തു; ഈ സൂക്ഷവും പ്രാത്ഥനയും തന്റെ അനുതാപികളിൽ ഉളവാക്കുന്നതിനാണു കുമ്പസാരിപ്പിക്കുന്നവൻ യത്നിക്കേണ്ടതു്. പാപത്തിന്റെ മ്ലേച്ഛതയേയും ക്ലിഷ്ടതയേയും, സുകൃതത്തിന്റെ സൌകമാര്യത്തേയും കുറിച്ചു സംസാരിക്കുന്നതു പാപിയെ തട്ടിയുണത്താതിരിക്കയില്ല.

ചെയ്തപാപത്തിനു പരിഹാരമായിട്ടും മേലിൽ ചെയ്യാതിരിക്കുന്നതിനു പ്രതിവിധിയായിട്ടും പ്രായശ്ചിത്തം നൽകപ്പെടുന്നു. ആവശ്യമുള്ളപക്ഷം കഠിനമായ പ്രായശ്ചിത്തംതന്നെ കൊടുക്കുക,



www.malankaralibrary.com

എന്നാൽ അതു എപ്പോഴും, ചെയ്യാൻ സൌകര്യമുള്ളതായിരിക്കട്ടെ. വളരെ ദിവസത്തേയ്ക്കും ആഴ്ചത്തേയ്ക്കുമൊക്കെ ദീഘിക്കുന്ന പ്രായശ്ചിത്തം അത്ര പ്രയോജനപ്രദമെന്നുതോന്നുന്നില്ല. ഉപദേശത്തേയും പ്രായശ്ചിത്തത്തേയുംപററി ചില ഗ്രന്ഥങ്ങളിൽ കണ്ടതു ഇവിടെ ഉദ്ധരിച്ചുവെന്നേയുള്ളു. പട്ടക്കാരൻ സാഹചര്യങ്ങളനുസരിച്ചു പ്രവർത്തിക്കേണ്ട ഘട്ടങ്ങളാണു ഇവ എന്നു എടുത്തു പറയണമെന്നില്ല.

ബിഷപ്പ് സ്റ്റാംഗ് പറയുന്നു. 'കുമ്പസാരിപ്പാൻവരുന്നതു ഒരു സഹോദരപട്ടക്കാരനാണെങ്കിലും, കുമ്പസാരിപ്പിക്കുന്നവനു തൻെറ കടമ നിർവഹിക്കാനുണ്ട്. പുരുഷപരമായ ബഹുമാനവും മൈത്രിയുമെല്ലാം മാററിവച്ചിട്ടു മ്ശിഹായുടെ പ്രതിനിധി എന്ന നിലയിലാണു ആ വൈദികൻ തൻെറ പക്കൽ പാപസങ്കീർത്തനത്തിനു വന്നിരിക്കുന്നതെന്നു കുമ്പസാരിപ്പിക്കുന്നവൻ ഓക്കണം; ആകയാൽ ഗുണദോഷം പറയുന്നതിനു മടിച്ചിട്ടാവശ്യമില്ല. നമ്മുടെ സമക്ഷം മുട്ടുകുത്തിനിൽക്കുന്ന അനുതാപി, നമ്മേക്കാൾ പഠിപ്പും ലോകപരിചയവുമുള്ളവനായിരുന്നാലും, നമ്മുടെ വചനങ്ങൾ അദ്ദേഹത്തിനു പാവനങ്ങളാണ്. ഒരു അൽമേനിയേക്കാൾ കൂടുതലായി ഉപദേശം ഒരു വൈദികനാണുവേണ്ടതു്. തൻെറ അനുദിനജോലി ശരിയായി ചെയ്യുന്നതിനു മതിയായ പ്രോത്സാഹനവും ധീരതയും നൽകുന്നതും, തൻെറ ദിവ്യയജമാനനുവേണ്ടി ത്യാഗങ്ങൾ സഹിക്കുന്നതിനു പ്രേരകങ്ങളുമായ ഏതാനും ദയാപുരസ്സരങ്ങളായ വാക്കുകളാണ്, ഒരു വൈദികന്, പ്രത്യേകിച്ചു ഭാരമേറിയ ഇടവകജോലിയിൽ വ്യാപൃതനായിരിക്കുന്ന ഒരു വൈദികനു അവശ്യമുള്ളതു്. 20

മില്ലെ (Millet. S. J.) വൈദികരുടെ കുമ്പസാരം സംബന്ധിച്ചു ശക്തിയുക്തമായ ഭാഷയിൽ ഇങ്ങനെ എഴുതുന്നു. 'പ്രിയ സഹോദരാ, നിൻെറ പക്കൽ പാപസങ്കീർത്തനത്തിനു വരുന്ന പട്ടക്കാരൻ ഒരു സാധാരണക്കാരനായിരിക്കാം, അതായതു വലിയ ദൃഷ്കീർത്തിമാനോ കേൾവികേട്ട സുകൃതവാനോ അല്ലായിരിക്കാം. കുമ്പസാരിപ്പിക്കുന്നവനും അത്തരത്തിൽ പെട്ടവനാകയാൽ ഗുണ



www.malankaralibrary.com

ദോഷത്രപേണ ഒന്നും പറയുന്നതിനു തുനിയുന്നില്ല. പാപവിമോചനം മടിക്രുടാതെ നൽകിക്കൊണ്ടു തൻെറ കടമ നിറവേററിയിരിക്കുന്നുവെന്നു സമാധാനപ്പെടുന്നു. എന്നാൽ വൃഥാ, കുമ്പസാരം കേൾക്കുന്നവൻ എന്നനിലയിൽ നിൻെറ കടമ നീ നിർവഹിച്ചിട്ടില്ല. നിന്നോടു കുമ്പസാരിച്ച ദൈവശുശ്രൂഷി ധ്യാനം ദുർല്ലഭമായേ കഴിക്കുന്നുള്ളുവെന്നും, ആത്മശോധന ജ്ഞാനവായന, ഇവ ഉപേക്ഷിച്ചിരിക്കുകയാണെന്നും, കുർബാന തക്കഭക്തിയോടുക്രുടിയല്ല അപ്പിക്കുന്നതെന്നും, കാനോനാനമസ്ക്കാരം വളരെ വേഗത്തിൽ ജപിക്കുയും, ക്രൂദാശകൾ വളരെ ധൃതിയിൽകൊടുക്കുകയും ചെയ്യുന്നുവെന്നും, സന്മാർഗ്ഗശാസ്ത്രഗ്രന്ഥം കൈകൊണ്ടു തൊടുന്നില്ലെങ്കിലും എത്ര കുഴപ്പമുള്ളസംഗതികളിലും പെട്ടെന്നു വിധി പറയുന്നുവെന്നും, സ്വന്ത ഇടവകവിട്ടു കാരണംക്രുടാതെ ചുററിനടക്കുന്നുവെന്നും, പ്രസംഗം, വേദോപദേശം, ഇവ യാതൊരു ഒരുക്കവുംക്രുടാതെ നടത്തുന്നുവെന്നും, സഹോദര വൈദികരെക്കൊണ്ടു അൽമേനികളുടെ സമക്ഷംപോലും കുററംപറയുന്നുവെന്നും, മററും നീ അറിയുന്നു, എന്നാൽ എന്തുകൊണ്ടാണു വൈദികസ്ഥാനത്തിനു യോജിക്കാത്തതും വിശ്വാസികൾക്കു ഇടർച്ചവരുത്തുന്നതും സുവിശേഷവേലയ്ക്കു തടസ്സംചെയ്യുന്നതുമായ ഇവയെ വിപാടനം ചെയ്യുന്നതിനു നീ ഉപദേശിക്കാത്തത്? കുമ്പസാരിക്കുന്നവനു അവൻെറ കടമയറിയാമെന്നു സമാധാനപ്പെടുന്നുവോ; എന്നാൽ അവൻെറ കുമ്പസാരക്കാരനാകുന്നു നീ, എന്നോർത്തുകൊൾക.

സെമ്മിനാരിയിൽനിന്നു ഉന്നതങ്ങളായ ആദർശങ്ങളോടും എന്തും ചെയ്യുന്നതിനു സന്നദ്ധതയുള്ള മനസ്സോടുംക്രുടി പുറത്തുവരുന്ന ചില യുവവൈദികർ, കാലാന്തരത്തിൽ മന്ദജീവികളും ലൌകായതികന്മാരും അലസന്മാരുമായി ഭവിക്കുന്നെങ്കിൽ, അതിനുള്ള കാരണങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നു നിർഭാഗ്യവശാൽ അവർക്കു ലഭിക്കുന്ന ഗതഭക്തരും ദൈവാത്രപിയില്ലാത്തവരുമായ കുമ്പസാരക്കാരാകുന്നു.

സ്വന്ത ത്രപത്യിൽ താമസിക്കുക എന്ന പതിവ് ഇന്നത്തെപോലെ അത്ര പ്രാബല്യത്തിലല്ലായിരുന്ന ഒരു കാലത്തു,



www.malankaralibrary.com

പാരിസുപട്ടണത്തിലേയ്ക്കു യാത്ര ചെയ്തിരുന്ന ഒരു മെത്രാൻ മദ്ധ്യേമാർഗ്ഗം ഒരു പള്ളിയിൽ പ്രവേശിച്ച് അവിടത്തെ അസിസ്റ്റേന്തി അച്ചനോടു തന്റെ കുമ്പസാരം കേൾക്കേണമെന്നു ആവശ്യപ്പെട്ടു. അപ്പോൾ ആ യുവ പുരോഹിതൻ വളരെ വിനയപൂർവ്വം ഇങ്ങനെ പറഞ്ഞു. 'വന്ദ്യപിതാവെ, അവിടുന്നു ക്ഷമിക്കണം, ഞാൻ ഒരു ചെറുപ്പക്കാരനാണു, ഈ പട്ടണത്തിൽ നിരവധി യോഗ്യന്മാരും വന്ദ്യന്മാരുമായ വൈദികരുണ്ടല്ലോ! എന്നാൽ മെത്രാൻ വീണ്ടും ആവശ്യപ്പെട്ടുകയാൽ ആ യുവവൈദികൻ പറഞ്ഞു 'തിരുമനസ്സിൽനിന്നു നിർബന്ധിക്കുകയാണെങ്കിൽ ഞാൻ അനുസരിക്കാം. എന്നാൽ കുമ്പസാരം കേൾക്കുന്നതിനുമുമ്പു, അവിടത്തേക്കു ഈവിധം സ്വന്ത രൂപതവിട്ടു നടക്കുന്നതിനു തക്കതായ വല്ല കാരണവുമുണ്ടോ എന്നു ചോദിക്കുന്നതിനു എന്നെ അനുവദിക്കേണമേ.' അതിനു മെത്രാൻ, 'അക്കാര്യം കിടക്കട്ടെ, അതെന്റെ സ്വന്ത കാര്യമാണ്, അതു താങ്കളെ ബാധിക്കയില്ലല്ലോ' എന്നരുളിച്ചെയ്തു. അപ്പോൾ പട്ടക്കാരൻ പറഞ്ഞു 'പിതാവെ ക്ഷമിക്കണം, എനിക്കു കുമ്പസാരം കേൾക്കുന്നതിനു നിവൃത്തിയില്ല.' ഉടനെ മെത്രാൻ പറഞ്ഞു. 'കൊള്ളാം, അപ്രകാരമെങ്കിൽ എന്റെ രൂപത വിട്ടതിന്റെ കാരണം പറയാം, താങ്കളുടെ ഇഷ്ടാനുസരണം വിധി പറഞ്ഞുകൊൾക.' തദനന്തരം കുമ്പസാരം ആരംഭിച്ചു, പിന്നീടു എന്തൊക്കെ നടന്നെന്നു നമുക്കറിഞ്ഞുകൂടല്ലൊ. ഏതായാലും കുമ്പസാരം കഴിഞ്ഞ്, ഉടനടി തന്നെ മെത്രാൻ സ്വന്ത രൂപതയിലേയ്ക്കു മടങ്ങി; മാത്രമല്ല പ്രസ്തുതയുവവൈദികനെ വരുത്തി തന്റെ വികാരിജനറാളാക്കുകയും ചെയ്തു. കണ്ടാലും! വിരോചിതമായ ഒരു ദൃഷ്ടാന്തം.

എന്നാൽ ഫാദർ മില്ലെ ഇങ്ങനെകൂടി ചേർക്കുന്നു, 'ഇത്രയും പ്രസ്താവിച്ചതിൽനിന്നു കുമ്പസാരിക്കാൻ വരുന്ന വൈദികരോടു എപ്പോഴും ദീർഘമായ ഉപദേശം പറയണമെന്നു വരുന്നില്ല. കുമ്പസാരക്കൂടു പ്രസംഗപീഠമാക്കരുത്. ചിലപ്പോൾ ഒററ വാക്കും, മററു ചിലപ്പോൾ അതിനുംകൂടി ആവശ്യമില്ലെന്നു വന്നേക്കാം.' 21



www.malankaralibrary.com

## കുറിപ്പുകൾ.

1 Matth. VIII. 2.
2 1. Cor. III. 14.
3 Allocutions. p. 17.
4 Heb. III. 17.
5 Life of Bridget. p. 123. cited in Minister of Christ.
6 Life of Cure-de Ars. p. [150.
7 Mark. XVI. 18.
8 Essay on Lives of Saints. p. 88.
9 Eternal Priest. p. 105.
10 Osee X. 6.
11 Praxis Con 8. cap. 1. 3.
12 Clerical Colloq. p. 222.
13 1. Cor. IX. 22. [W. 23.
14 De Catech. Rudi. c. XV.
15 Clerical colloq. p. 226.
16 L. C. p. 177.
17 Selva. p. 276.
18 L. C. p. 185.
19 Clerical Colloq.
20 L. C. p. 195.
21 Christ. Living in Priest. p. 262, 293.

---

# അദ്ധ്യായം ൩.

## പ്രസംഗം.

പ്രേഷിതജോലിയിൽ ഏൎപ്പെട്ടിരിക്കുന്ന പുരോഹിതന്റെ ബലവത്തായ ഒരായുധമാകുന്നു പ്രസംഗം. 'അവരുടെ കരങ്ങളിൽ രണ്ടു മുനയുള്ളവാൾ'[1] എന്നു സങ്കീൎത്തനക്കാരൻ പറഞ്ഞിരിക്കുന്നതു പ്രസംഗത്തെപ്പററിയാണെന്നു ചില വ്യാഖ്യാതാക്കന്മാർ പ്രസ്താവിക്കുന്നു. പ്രസംഗിക്കുക എന്നുവച്ചാൽ അതിന്റെ അൎത്ഥം ദൈവനാമത്തിൽ മനുഷ്യരോടു സംഭാഷണം ചെയ്യുകയും, ദൈവവചനത്തെ പ്രഖ്യാപനംചെയ്യുകയും, ക്രിസ്തുവിന്റെ പ്രാതിനിദ്ധ്യം വഹിക്കുകയും, ദൈവവുമായി മനുഷ്യരെ രമ്യപ്പെടുത്തുകയും, അവൎക്കു രക്ഷാമാൎഗ്ഗം ചൂണ്ടിക്കാണിച്ചുകൊടുക്കുകയും ആകുന്നുവെന്ന് മാനിംഗ് പറയുന്നു.[2] എന്തെന്നാൽ കൎത്താവിന്റെ നാമം ആരുതന്നെ വിളിച്ചാലും അവർ എല്ലാം രക്ഷപെടും, എങ്കിലും അവർ ശ്വസിച്ചിട്ടില്ലാത്തവനെ എങ്ങിനെ കേൾക്കും? അല്ലെങ്കിൽ



www.malankaralibrary.com

അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങിനെ വിശ്വസിക്കും? എന്നല്ല പ്രസംഗിക്കുന്നവനില്ലാതെ അവർ എങ്ങിനെ കേൾക്കും.[3] വിശ്വാസം കേൾവിയാലും കേൾവി മ്ശിഹായുടെ വചനത്താലും ഭവിക്കുന്നു. [4] ദൈവത്തെ അറിയാതെ ദൈവത്തിൽ വിശ്വസിക്കാൻ പാടില്ല. ദൈവത്തെ അറിയുന്നതിനുള്ള മാർഗ്ഗമാകട്ടെ പ്രസംഗമാകുന്നു.

അപ്പോസ്തോലന്മാർ പ്രസംഗിച്ചാണ് ക്രിസ്തുവേദം ഇദംപ്രഥമമായി പ്രചരിപ്പിച്ചത്. അതു പ്രസംഗംവഴിയായി തന്നെ പരിരക്ഷിക്കപ്പെടുന്നതിനും പ്രചരിപ്പിക്കപ്പെടുന്നതിനും ദൈവം അനുഗ്രഹിക്കുന്നു. ഇദാനീന്തനകാലത്തു പത്രമാസികാദികൾ, പ്രക്ഷേപണികൾ, ഉച്ചഭാഷിണികൾ, മുതലായവയുടെ രൂപത്തിൽ അതിശയവാഹികളായ ഉപായങ്ങൾ വളരെ മടങ്ങു വദ്ധിച്ചിട്ടുണ്ടെങ്കിലും വാചാപ്രസംഗത്തിൻെറ സ്ഥാനം ഇവയൊന്നും കരസ്ഥമാക്കിട്ടില്ല. ദൈവവചനം ഇന്നും പ്രസംഗമാർഗ്ഗേണ പ്രഖ്യാപനം ചെയ്യപ്പെടുന്നു.

ദൈവത്തിൻെറ പുരോഹിതൻ നൽകുന്ന സന്ദേശം എത്ര മാഹാത്മ്യമേറിയതാകുന്നു. ആദ്യകാലങ്ങളിൽ മെത്രാന്മാർ മാത്രമെ പ്രസംഗിച്ചിരുന്നുള്ളു. വിശ്വാസികളുടെ സംഖ്യ വദ്ധിച്ചപ്പോളാണ് വൈദികക്കുകൂടി ഇതിനു അനുമതി നൽകപ്പെട്ടത്. സിനാമലമുകളിൽ വച്ചു മൂശ ഇസ്രായേൽക്കാക്കു നൽകിയ അതേ പ്രമാണങ്ങളും, യൂദയായിലെ കുന്നുകളിലും സാനുപ്രദേശങ്ങളിലും പ്രവാചകന്മാർ പ്രഘോഷണം ചെയ്ത അതേ ശാസനകളും, ക്രിസ്തുനാഥൻ തിബേരിയസ് കടലിൻെറ തീരപ്രദേശങ്ങളിൽ അറിയിച്ച അതേ സുവിശേഷവും, അപ്പോസ്തോലന്മാർ റോമ്മാസാമ്രാജ്യത്തിൻെറ ചതുർഭാഗങ്ങളിൽ പ്രഖ്യാപനംചെയ്ത അതേ ദൈവവചനവും ആകുന്നു പ്രസംഗപീഠത്തിൽ ആരൂഢനായിരിക്കുന്ന പുരോഹിതൻ ജനക്കൂട്ടത്തോടു പ്രസംഗിക്കുന്നത്. അദ്ദേഹത്തിൻെറ വാക്കുകൾക്കുള്ള ശക്തി വിസ്മയാവഹമെന്നേ പറയേണ്ടു. അവ മനുഷ്യഹൃദയത്തെ ഉപരിതലമായിമാത്രം ബാധിക്കുന്നതോ സ്വഭാവസംസ്കരണത്തിൽ അല്പമായിമാത്രം പങ്കെ



www.malankaralibrary.com

ള്ളുന്നതോ അല്ല. ഹൃദയത്തിൻെറ രഹസ്യതന്ത്രികളെപ്പോലും സ്പർശിച്ച് അവ വിധിപറയുന്നു. ആകയാൽ പുറജാതികളുടെ അപ്പോസ്തോലൻ പറയുന്നു. 'എന്തുകൊണ്ടെന്നാൽ ദൈവവചനം ജീവനും ഫലപ്രാപ്തിയുള്ളതും ദ്വിജിഹ്വകളോടുകൂടിയ ഏതു വാളിനേക്കാളും മൂർച്ചയേറിയതും ആത്മാവിൻേറയും ആത്മാവിൻേറയും (എന്നല്ല) സന്ധികളുടേയും മജ്ജകളുടേയും വിഭാഗത്തോളം എത്തുന്നതും ഹൃദയത്തിൻെറ വിചാരങ്ങളേയും നിയോഗങ്ങളേയും വകതിരിക്കുന്നതുമാകുന്നു.' 5 രക്ഷയുടെ മാർഗ്ഗത്തിൽ നിന്നു വ്യതിചലിക്കാതെ നീതിമാനെ കാത്തുസൂക്ഷിക്കുന്നതും, മന്ദജീവിതക്കാരനെ തട്ടിയുണർത്തുന്നതും, പാപിഷ്ഠനെ ദൈവത്തിൻ പക്കലേയ്ക്കു തിരിച്ചുകൊണ്ടുവരുന്നതും പ്രസംഗമല്ലാതെ മറെറന്താണ്? മഹാനായ വി. ആഗുസ്തീനോസ്, അംബ്രോസിസ് പുണ്യവാൻെറ പ്രസംഗങ്ങൾ കേട്ടാണ് മാനസാന്തരപ്പെട്ടതെന്നുള്ളതു സുപ്രസിദ്ധമാണല്ലൊ. എൻെറ വാക്കുകൾ അഗ്നിപോലെയും പാറക്കഷണങ്ങളെ തുളയ്ക്കുന്ന ചുററികപോലെയുമല്ലയൊ എന്നു കർത്താവു പറയുന്നു. 6 ദീർഘദർശിയുടെ പ്രസ്തുത വാക്കുകൾ ദൈവ വചനത്തിൻെറ ശക്തിയെയത്രെ പ്രവ്യക്തമാക്കുന്നതു്. പാറപോലെ കട്ടത്ത ഹൃദയത്തേപ്പോലും അലിപ്പിക്കുന്നതിനുള്ള ദിവ്യശക്തി അതിനുണ്ട്. പ്രസംഗിക്കുമ്പോൾ ദൈവ വചനമെന്ന വിത്ത് മനുഷ്യഹൃദയമെന്ന വയലിൽ നാം വിതയ്ക്കുകയാണു ചെയ്യുന്നതു്. 'നിൻെറ അപ്പത്തെ ഒഴുകുന്ന വെള്ളത്തിന്മേൽ എറിയുക, എന്തുകൊണ്ടെന്നാൽ വളരെക്കാലത്തിനുശേഷം അതു നീ വീണ്ടും കണ്ടെത്തും. 7 പ്രസംഗത്തിൻെറ ഫലം നിനച്ചിരിക്കാത്ത വിധത്തിലാണുളവാകുന്നതു്. 'ഷെയ്ഗനോൻ' പറയുന്നു. പ്രസംഗകൻ മനുഷ്യരുടെ ആശകളെ നിയന്ത്രിക്കുകയും സത്യത്തെ പഠിപ്പിക്കുകയും അബദ്ധത്തെ ദൂരീകരിക്കുകയും, തിന്മയെ നശിപ്പിക്കുന്നതിനും സുകൃതത്തെ ഉന്നമിപ്പിക്കുന്നതിനും ശ്രമിക്കുകയും, മനുഷ്യ ഹൃദയങ്ങളിൽ സമാധാനത്തിൻെറ ദൈവവും ദൈവത്തിൻെറ സമാധാനവും അധിവസിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു.' 8 'സമാധാനത്തിൻെറ സുവിശേഷം അറിയിക്കുന്നവരുടെ അതായതു



www.malankaralibrary.com

സുവിശേഷമായി നന്മ പ്രസംഗിക്കുന്നവരുടെ പാദങ്ങൾ എത്ര സുന്ദരങ്ങൾ.' 9

ആത്മാക്കളുടെ ഭരണഭാരം കയ്യേററിരിക്കുന്ന പട്ടക്കാരന്റെ ഒരു പ്രധാന ചുമതലയാകുന്നു പ്രസംഗിക്കുക. പഴയനിയമത്തിലെ ദീഘദശികളോടു ദൈവം പ്രസംഗിക്കാൻ ആജ്ഞാപിച്ചു. 'സെഹിയോനിൽ കാഹളം ഊതുവിൻ, എന്റെ വിശുദ്ധ മലയിൽ ജയഭേരി മുഴക്കുവിൻ' എന്തുകൊണ്ടെന്നാൽ കർത്താവിന്റെ ദിവസം വരുന്നു.' 10 ഈ കാഹളവും ജയഭേരിയും പ്രസംഗത്തെയാണു സൂചിപ്പിക്കുന്നത്. നീ നിറുത്താതെ നിലവിളിക്കുക, കാഹളസമാനം നിന്റെ സ്വരത്തെ ഉയത്തുക.' 11 എന്നു ഏശായാ ദീഘദശി പറയുന്നു. ജനങ്ങൾ വകവച്ചാലും ഇല്ലെങ്കിലും ദൈവപ്രമാണത്തെക്കുറിച്ചു അവരോടു വിളിച്ചു നിലവിളിക്കേണ്ട ഭയങ്കരമായ ചുമതല ക്രിസ്തുവിന്റെ പ്രതിനിധിക്കുണ്ട്. ആകയാൽ എസക്കിയേൽ ദീഘദശി പറയുന്നു 'മനുഷ്യപുത്രാ, നിന്നെ ഞാൻ ഇസ്രായേൽഭവനത്തിന്റെമേൽ കാവൽക്കാരനാക്കിയിരിക്കുന്നു; ദുഷ്ടനോടു, ഒ! ദുഷ്ടാ, നീ നിശ്ചയമായും മരിക്കും എന്നു ഞാൻ പറയുമ്പോൾ, ദുഷ്ടൻ അവന്റെ വഴിയിൽനിന്നു മാറുന്നതിനു മുന്നറിവു കൊടുക്കാതിരുന്നാൽ, ദുഷ്ടനൊ അവന്റെ ദുഷ്ടതയിൽ മരിക്കും, എന്നാൽ അവന്റെ രക്തം നിന്റെ കരത്തിൽനിന്നു ഞാൻ ആവശ്യപ്പെടും. എന്നാൽ ദുഷ്ടനോടു അവന്റെ മാർഗ്ഗങ്ങളിൽനിന്നു മാറുന്നതിനു നീ പറയുകയും അവൻ അവന്റെ മാർഗ്ഗത്തിൽനിന്നു മാറാതിരിക്കയും ചെയ്യുന്നതായാൽ അവനാകട്ടെ, അവന്റെ ദുഷ്ടതയിൽ മരിക്കും, നീയൊ എന്നാൽ നിന്റെ ആത്മാവിനെ രക്ഷിച്ചിരിക്കുന്നു. 12

മ്ശിഹാതമ്പുരാനു തന്റെ നിത്യപിതാവിൽനിന്നു പ്രസംഗിപ്പാനുള്ള ഉൽബോധനം (mission) ലഭിച്ചു. 'അവൻ എന്നെ പാവപ്പെട്ടവക്കു സുവിശേഷം പ്രസംഗിപ്പാൻ അയച്ചു.' 13 വേറൊരിക്കൽ ദിവ്യരക്ഷകൻ ഇപ്രകാരം പറഞ്ഞു. 'നമുക്കു സമീപസ്ഥങ്ങളായ പട്ടണങ്ങളിലേയ്ക്കും നഗരങ്ങളിലേയ്ക്കും പോകാം, എനിക്കു അവിടേയും പ്രസംഗിപ്പാനുണ്ട്, എന്തുകൊണ്ടെന്നാൽ



www.malankaralibrary.com

ഇതിനായിട്ടാണ ഞാൻ വന്നത്.' 14 ഈ ഉൽബോധനം തന്നെ യേശുനാഥൻ തൻെറ ശ്ലീഹന്മാക്ക നൽകി; താൻ സ്വർഗ്ഗത്തെ ഴുന്നെള്ളുന്നതിനു അല്പം മുമ്പ് അവക്ക നൽകിയസന്ദേശം ഇപ്രകാരമാണ്. 'നിങ്ങൾ ലോകം മുഴുവനിലുംപോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ.' 15 ഇങ്ങനെ, അ ഖിലരോടും പ്രസംഗിപ്പാനുള്ള ചുമതല ക്രിസ്തു അപ്പോസ്തോല ന്മാക്ക നൽകി. അവർ ഇതനുസരിച്ച പ്രവൎത്തിക്കയും ചെയ്തു. 'എ ന്നാൽ അവർ പോയി എല്ലായിടത്തും പ്രസംഗിച്ചു.' 16 ഈ പ്ര സംഗമാവട്ടെ ധൈൎയ്യസമേതം പരസ്യമായി എവിടേയും നടത്തേ ണ്ടതാണ്. 'ഞാൻ നിങ്ങളോടു ഇരുട്ടത്തു പറയുന്നതിനെ നിങ്ങൾ വെട്ടത്തു പ്രഖ്യാപനം ചെയ്യുവിൻ, നിങ്ങൾ ചെവിയിൽ കേൾ ക്കുന്നതിനെ ഭവനങ്ങളുടെ മുകളിൽ പ്രസംഗിപ്പിൻ.' 17 അപ്പോ സ്തോലന്മാരെ ശത്രുക്കൾ ഭയപ്പെടുത്തുകയും നിരോധിക്കയും ചെ യ്തുവെങ്കിലും അവർ വകവെച്ചില്ല. 'ഞങ്ങൾ മനുഷ്യനേക്കാൾ ദൈവത്തെ അനുസരിക്കേണ്ടിയിരിക്കുന്നു.' 18 പ്രസംഗിക്കുക തങ്ങ ളുടെ ഒഴിച്ചുകൂടാത്ത കടമയായിട്ടാണ അവർ പരിഗണിച്ചത്. ഇതിനുദാഹരണം 'അപ്പോസ്തോലന്മാരുടെ നടപടി' (Acts of the Apostles) ആറാം അദ്ധ്യായത്തിൽ കാണുന്നുണ്ട്. ക്രിസ്ത്യാനി കളുടെ സംഖ്യ വദ്ധിക്കയിൽ ശ്ലീഹന്മാർ ഇതഃപൎയ്യന്തം നടത്തി ക്കൊണ്ടുവന്ന മേശശുശ്രൂഷക്കു കൂടുതൽ സമയംവേണ്ടിവന്നു. സ മയത്തിൻെറ ഈ അതിവ്യയം അവരുടെ സുവിശേഷപ്രസംഗ ത്തെ സഗാഢം ബാധിച്ചു. പ്രസംഗത്തിൻെറ സമയം ചുരുക്കേ ണ്ടിവരുമെന്നുള്ള ദിക്കായി. ഈ ഘട്ടത്തിൽ അവർ ദൈവവച നം ഉപേക്ഷിച്ചോ, ഒരിക്കലുമില്ല. അവർ പറഞ്ഞു 'ഞങ്ങൾ ദൈവവചനമുപേക്ഷിച്ച് മേശശുശ്രൂഷ ചെയ്യുക ബുദ്ധിപൂൎവ്വക മല്ല, ആകയാൽ സഹോദരന്മാരെ നിങ്ങളിൽ നിന്നു സൽകീൎത്തി യുള്ളവരും പരിശുദ്ധാത്മാവിയും ജ്ഞാനവുംകൊണ്ടു നിറഞ്ഞവരു മായ ഏഴുപേരെ തിരഞ്ഞെടുക്കുവിൻ, അവരെ ഞങ്ങൾ ഈ ജോലിക്കു (മേശശുശ്രൂഷക്കു) നിയമിക്കുന്നതായിരിക്കും. പ്രാൎത്ഥ നയ്ക്കും വചനശുശ്രൂഷക്കുമായി ഞങ്ങൾ ഞങ്ങളെത്തന്നെ



www.malankaralibrary.com

കയ്യാളിക്കുന്നതാണ്.'[19] ഭക്ഷണവിതരണം യഥാമതി ചെയ്തു സാധുജനസംരക്ഷണം നിർവഹിക്കുക ഉത്തമമായ ഒരു കൃത്യംതന്നെയായിരുന്നു. എന്നാൽ സുവിശേഷപ്രസംഗം ഇതിലുമുപരിയത്രേ; തന്നിമിത്തമാണു ശ്ലീഹന്മാർ തങ്ങളുടെ കാര്യപരിപാടിയിൽ ശ്രദ്ധേയമായ വ്യതിയാനം വരുത്തി അതിനു കൂടുതൽ സമയം എടുത്തത്.

ദൈവവചനം അറിയിക്കുന്നതുകൊണ്ടു എന്തെങ്കിലും സ്തുതിക്കു താൻ അർഹനെന്നു വി. പൌലോസ് ഭാവിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ പ്രസംഗം തൻെറ ഒഴിച്ചുകൂടാത്ത കടമയായിട്ടാണു അപ്പോസ്തോലൻ കരുതുന്നത്. 'എന്തെന്നാൽ ഞാൻ സുവിശേഷം പ്രസംഗിച്ചാൽ എനിക്കു സ്തുതിയില്ല, കാരണം എന്നിൽ (അതിനു) അവശ്യമുണ്ട്. എന്നാൽ ഞാൻ സുവിശേഷം പ്രസംഗിച്ചില്ലെങ്കിൽ എനിക്കു ദുരിതം.[20] തീത്തോസിനും തിമോത്തിക്കും വി. പൌലോസ് എഴുതിയ ലേഖനങ്ങൾ പ്രേഷിതവൃത്തിയുടെ വിവിധങ്ങളായ കടമകളുടെ ഒരു സംഗ്രഹമാണെന്നു പറയാം. ഇവയിൽ ദൈവചനപ്രസംഗം സംബന്ധിച്ചു എത്രയും ശക്തിയുക്തമായ ഭാഷയിൽ ശ്ലീഹാ സമർത്ഥിക്കുന്നുണ്ട്. 'ദൈവതിരുമുമ്പാകെയും ജിവിക്കുന്നവരേയും മരിച്ചവരേയും വിധിപ്പാനിരിക്കുന്ന ഈശോമ്ശിഹായുടെ സന്നിധിയിലും അയാളുടെ ആഗമനവും അയാളുടെ രാജത്വവുംകൊണ്ടു ഞാൻ സാക്ഷ്യപ്പെടുത്തുന്നു. നീ വചനം പ്രസംഗിക്കുക, സമയത്തിലും അസമയത്തിലും നീ നിർബന്ധിക്കുക, സർവ്വവിധമായ ക്ഷമയിലും പഠനത്തിലും നീ വാദിക്കുകയും ശാസിക്കുകയുംചെയ്യുക.[21]

സഭ എക്കാലത്തും പ്രസംഗത്തിൻെറ കാര്യത്തിൽ പ്രത്യേകമായ താല്പര്യം പ്രദർശിപ്പിച്ചുകൊണ്ടാണിരിക്കുന്നതെന്നുള്ളതിനു അതിൻെറ സുദീർഘമായ ചരിത്രം സാക്ഷ്യംവഹിക്കുന്നു. പതിനാറാംനൂററാണ്ടിലെ മതവിപ്ലവമാരിയെ തടയാൻ സമ്മേളിച്ച ത്രെന്തോസൂനഹദോസ്സ്, അതിനുമുമ്പുള്ള പാരമ്പര്യമെല്ലാം സംഗ്രഹിച്ചുകൊണ്ടു ഇങ്ങനെ പ്രസ്താവിക്കുന്നു. "ആത്മാക്കളുടെ ഭരണഭാരം കയ്യേററിരിക്കുന്നവർ തങ്ങളാൽത്തന്നെയോ, അഥവാ ന്യായമായ തടസ്സമുള്ളപക്ഷം യോഗ്യന്മാരായ മററുവല്ലവരാലുമോ ഞാ



www.malankaralibrary.com

യറാഴ്ചകളിലും ആഘോഷത്തിരുനാൾ ദിവസങ്ങളിലും, തങ്ങളുടെ സൂക്ഷത്തിനു ഏൾപ്പിക്കപ്പെട്ടിരിക്കുന്ന ജനക്കൂട്ടത്തെ, തൻേറയും അവരുടേയും പ്രാപ്തിക്കൊത്തവണ്ണം, നിത്യരക്ഷയ്ക്കുവരും അറിവാൻ ആവശ്യമായിരിക്കുന്ന കുട്ടങ്ങളെ പഠിപ്പിച്ചുകൊണ്ട്, രക്ഷാകരമായ വാക്കുകൾ വഴിയായി തീററിപോററുന്നതിനു പരിശുദ്ധമായ സൂനഹദോസ്സ് തിരുമാനിക്കുന്നു.[22]

പ്രസംഗം സംബന്ധിച്ച പുതിയ കാനൻനിയമം പലേ വ്യവസ്ഥകൾ നൽകുന്നുണ്ട്. 'ഞായറാഴ്ചകളിലും കടമുള്ള തിരുനാളുകളിലും ജനങ്ങൾ അധികം സംബന്ധിക്കുന്ന കുർബാനയുടെ ഇടയ്ക്കു വേദപുസ്തകത്തെ ആസ്പദീകരിച്ചുള്ള ഉപദേശങ്ങൾ ജനങ്ങൾക്കു നൽകുന്നതിനു ഇടവകഭരണമുള്ള ഏവരും ചുമതലപ്പെട്ടിരിക്കുന്നു.[23] അതുകയാൽ ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും പ്രസംഗിപ്പാൻ ആത്മാക്കളുടെ സൂക്ഷമുള്ളവർക്കു ചുമതലയുണ്ടെന്നു സിദ്ധം. ഒരു മാസത്തേയ്ക്കു തുടർച്ചയായി പ്രസംഗിക്കാതിരിക്കുന്ന ഇടവക വികാരി ഘനമായി പിഴയ്ക്കുന്നു എന്ന് അഭിപ്രായപ്പെടുന്ന ശാസ്ത്രജ്ഞന്മാരുണ്ടെന്നു വി. അൽഫോൻസ് ലിഗോരി പ്രസ്താവിക്കുന്നു.[24] സുവിശേഷദൂതൻെറ സ്വരം അമ്പതു കൊല്ലത്തേയ്ക്കു ഒരു പട്ടണത്തിലോ ഗ്രാമത്തിലോ കേൾക്കപ്പെടാതിരിക്കുന്നപക്ഷം, സുവിശേഷവെളിച്ചം ആ സ്ഥലത്തു മിക്കവാറും അസ്തപ്രായമായി ഭവിക്കത്തക്കവണ്ണം, പ്രസംഗശുശ്രൂഷ ക്രിസ്തുമതസംരക്ഷണത്തിനു അത്രയ്ക്കു ആവശ്യമായിരിക്കുന്നു എന്നു കർദ്ദിനാൾ ഗിബൺസ് പറയുന്നു.[25]

പ്രസംഗിക്കുന്നതിനുള്ള കടമ ഇങ്ങനെ സുവ്യക്തമായി നമുക്കു കാണാൻകഴിയും. എന്നാൽ എങ്ങിനെയാണു ഈ പരിപാവനകൃത്യം ഫലപ്രദമായി നിർവഹിക്കേണ്ടതു്. വി. ലിഗോരി പറയുന്നു. 'ആത്മാക്കളെ രക്ഷിക്കുന്നതിനു പ്രസംഗിച്ചാൽ മാത്രംപോരാ. ശരിയായ വിധത്തിൽ പ്രസംഗിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി പ്രസംഗകനു പഠനവും വിജ്ഞാനവും വേണം. സൂക്ഷ്മരഹിതമായി പ്രസംഗിക്കുന്നവൻ ഉപകാരത്തിനുപകരം ഉപദ്രവമേ ചെയ്യുകയുള്ളൂ. പ്രസംഗകൻ ഒരു മാതൃകാജീവിതം നയി



www.malankaralibrary.com

ക്കേണ്ടിയിരിക്കുന്നു.[26] ഗർഹണീയമായി ജീവിതം നയിക്കുന്നവ ന്റെ വാക്കുകൾ വെറുപ്പിനെമാത്രമെ ഉൽപ്പാദിപ്പിക്കുയുള്ളുവെന്നു വി. ഗ്രിഗോരി പറയുന്നു.[27] പ്രസംഗം ഉദ്ദിഷ്ടഫലം ചെയ്യുന്നതിനു പ്രസംഗകനും പ്രസംഗത്തിനും ഒരുക്കം അഥവാ ചില വിശേഷഗുണങ്ങൾ വേണ്ടിയിരിക്കുന്നു. ആദ്യമായി പ്രാസംഗികന്റെ ഗുണങ്ങളെ– യോഗ്യതകളെ– തന്നെയെടുക്കാം.

വചനം അറിയിക്കുന്നവനു ദൈവവിളി (Vocation) ആവശ്യമാകുന്നു, എന്തുകൊണ്ടെന്നാൽ ദിവ്യവചനപ്രബോധനം പുരോഹിതപരമായ ഒരു ജോലിയാകുന്നു. 'ദൈവത്താൽ വിളിക്കപ്പെട്ടവനല്ലാതെ ആരും ഈ ജോലി എടുക്കാതിരിക്കട്ടെ.'[28] വൈദികസ്ഥാനത്തു പ്രവേശിക്കുന്നവൻ പ്രസംഗകന്റെ ജോലി കയ്യേററെടുക്കുന്നു എന്നാണ് വി. ഗ്രിഗോരി സമർത്ഥിക്കുന്നത്. പ്രസംഗിക്കുന്നവനു അധികാരപത്രവും വേണ്ടിയിരിക്കുന്നു, അതായതു അവൻ മേലധികാരസ്ഥാനത്തുനിന്നു അയയ്ക്കപ്പെട്ടവനായിരിക്കണം. 'പരീശന്മാരേയും സാപ്രകളേയും പോലല്ലാതെ അധികാരമുള്ള ഒരുവനു തുല്യം'[29] സംസാരിക്കുന്നതിനു അവൻ ദൈവത്തിന്റെ സഭയാൽ അയയ്ക്കപ്പെട്ടവനായിരിക്കണം. ചെറുപ്പക്കാരനായിരുന്നാലും പ്രായം ചെന്നവനായിരുന്നാലും വി. പൌലോസിനോടുകൂടി 'ദൈവം ഞങ്ങൾ മുഖേന ഉപദേശിക്കുന്നതുപോലെ'[30] എന്നു പറവാൻ അവനു അധികാരമുണ്ട്.

സർവ്വോപരി പ്രാസംഗികനു ജീവിതനൈർമ്മല്യം വേണ്ടിയിരിക്കുന്നു. അവൻ പ്രാർത്ഥനയുടെയും ധ്യാനത്തിന്റെയും ഒരു മനുഷ്യനായിരിക്കേണ്ടതാവശ്യമത്രെ. ദീർഘദർശികൾ ദൈവത്തിൽനിന്നു കേട്ടവയെയാണു ജനങ്ങളോടു അറിയിച്ചതു്. 'എന്റെ വായിൽനിന്നു നിങ്ങൾ വചനംകേട്ട്, എന്നിൽനിന്നു നിങ്ങൾ അവരോട് സംസാരിക്കണം.[31] നമ്മുടെ കർത്താവിനാൽ സുശിക്ഷിതരായ അപ്പോസ്തോലന്മാർ പ്രസംഗത്തോടുകൂടി പ്രാർത്ഥനയും ചേർത്തിരുന്നു. 'പ്രാർത്ഥനയ്ക്കും വചനത്തിന്റെ ശുശ്രൂഷയ്ക്കുമായി ഞങ്ങൾ ഞങ്ങളെത്തന്നെ കയ്യാളിക്കും.[32] ദൈവപരിപാലനയിൽ തന്റെ സൂക്ഷത്തിനു് ഏൾപ്പിക്കപ്പെട്ടവരുടെ രക്ഷയ്ക്കുവേണ്ടി



www.malankaralibrary.com

പ്രാൎത്ഥിക്കുന്നതിൽ താൻ ഒട്ടും വിമുഖത പ്രദൎശിപ്പിച്ചിട്ടില്ലെന്നുള്ള തിലേയ്ക്കു വി. പൌലോസ് ദൈവത്തെ സാക്ഷി വിളിക്കുന്നു. 'എന്നാൽ ഇടവിടാതെ നിങ്ങളെ ഞാൻ സ്മരിക്കുന്നുവെന്നുള്ളതിനു അവിടത്തെ പുത്രന്റെ സുവിശേഷത്തിൽ ഞാൻ എന്റെ ആത്മവിനാലെ ശുശ്രൂഷിക്കുന്ന ദൈവമാകുന്നു എനിക്കു സാക്ഷ്യം.[33] തന്റെ പ്രസംഗം അനുഗ്രഹിതമാകുന്നതിനു തന്നോടൊന്നിച്ചു പ്രാൎത്ഥിപ്പാൻ അദ്ദേഹം വിശ്വാസികളോട് ഉപദേശിക്കുന്നു. 'സുവിശേഷത്തിന്റെ രഹസ്യം അറിയിക്കുന്നതിനു മനഃശരണത്തിൽ എന്റെ വദനം ഞാൻ തുറക്കുത്തക്കവണ്ണം എനിക്കു പ്രഭാഷണപാടവം തരപ്പെടേണ്ടതിന് എനിക്കു വേണ്ടിയും (അപേക്ഷിപ്പിൻ). [34] മ്ശിഹായുടെ രഹസ്യം സംസാരിപ്പാൻ ദൈവം ഞങ്ങൾക്കു പ്രസംഗത്തിന്റെ വാതിൽ തുറക്കേണ്ടതിനു ഞങ്ങൾക്കു വേണ്ടിയും പ്രാൎത്ഥിക്കുന്നവരാകുവിൻ.' [35] 'വിശേഷിച്ചു, സഹോദരന്മാരെ; നിങ്ങളുടെ പക്കലെന്നപോലെ ദൈവവചനം ഓടുകയും പ്രശോഭിക്കുയുംചെയ്യേണ്ടതിനു ഞങ്ങൾക്കുവേണ്ടി നിങ്ങൾ പ്രാൎത്ഥിപ്പിൻ.'[36]

സദ്ഭാവിതാക്കന്മാരും സുവിശേഷ പ്രസംഗകനെ പ്രാൎത്ഥനയുടെ മനുഷ്യനായിട്ടാണു ദൎശിക്കുന്നത്. വി. ഗ്രിഗോരി പറയുന്നു. 'പ്രസംഗകത്താവ് ഹൃദയത്തിന്റെ ചെവി സ്രഷ്ടാവിന്റെ വചനത്തിനു തുറന്നശേഷം തന്റെ ശരീരത്തിന്റെ അധരം ജനങ്ങളുടെ ചെവികൾക്കായി തുറക്കട്ടെ.'[37] വി. അഗുസ്തീനോസ് പറയുന്നു 'പ്രാസംഗികൻ സംസാരിക്കുന്നതിനു നാവു നീട്ടുന്നതിനുമുമ്പ്, യാചനയിൽ ആത്മാവിനെ ദൈവത്തിൻപക്കലേയ്ക്കു ഉയൎത്തട്ടെ, എങ്കിൽ മാത്രമെ കുടിച്ചതു പുറത്തു വിടുന്നതിനും, നിറച്ചതു ഒഴിക്കുന്നതിനും അവനു സാധിക്കയുള്ളു. തൽക്കാലം പറയേണ്ടതെന്തെന്നു സകലരുടേയും ഹൃദയം അറിയുന്നവനല്ലാതെ അറിവാൻ പാടുണ്ടോ? അവരുടെ കരങ്ങളിൽ നാമും നമ്മുടെ പ്രസംഗങ്ങളുമായിരിക്കുന്നുവൊ ആ ദൈവമല്ലാതെ മററാരാണു ആവശ്യപ്പെട്ടതു, വേണ്ടവിധത്തിൽ നമ്മേക്കൊണ്ടു പറയിക്കുന്നത്.[38]

സുപ്രസിദ്ധ പ്രാസംഗികന്മാർ ഈ വിധമാണു പ്രവൎത്തി



www.malankaralibrary.com

ച്ചിട്ടുള്ളത്: 'പ്രസംഗത്തിൽ വിജയം പ്രാപിക്കുന്നതിനു എനിക്കു തരുവാനുള്ള ഒന്നാമത്തെ ഉപദേശം നല്ലപോലെ പ്രാർത്ഥിക്കണമെന്നാകുന്നു, രണ്ടാമത്തേതും അതുതന്നെ, മൂന്നാമത്തേതും നാലാമത്തേതും പത്താമത്തേതും നല്ലപോലെ പ്രാർത്ഥിക്കണമെന്നുള്ളതല്ലാതെ മററൊന്നുമല്ല' എന്നു പ്രേഷിതവിഖ്യാതനായ ലി സൂൺ (Le June) എഴുതിയിരിക്കുന്നു. ജഗൽപ്രസിദ്ധനായ 'ബോസ്സേ' പറയുന്നു. 'ദൈവത്തിൻെറ പുരോഹിതന്മാൎക്കു രണ്ടു പ്രധാന കടമകളാണു നിറവേററാനുള്ളത്, അവർ പ്രസംഗത്തിൽ ജനങ്ങളോടും പ്രാർത്ഥനയിൽ ദൈവത്തോടും സംസാരിക്കണം.' ഷെയ്ഗ്നോൻ പ്രസ്താവിക്കുന്നു. 'യാക്കോബ് മരുഭൂമിയിൽ കണ്ട മാലാഖാമാരെപ്പോലെ ദൈവത്തിൻെറ പുരോഹിതന്മാരായ നിങ്ങൾ സ്വൎഗ്ഗത്തേക്കു ഇടവിടാതെ കയറുകയും അവിടെനിന്നു ഇറങ്ങുകയും ചെയ്യണം. ദൈവത്തോടു ആത്മാവിനെ യോജിപ്പിച്ച് ധ്യാനിക്കുമ്പോൾ സ്വൎഗ്ഗത്തേക്കു കയറുന്നു, മനുഷ്യരോടു ദൈവതിരുമനസ്സു അറിയിക്കുമ്പോൾ അവിടെനിന്നു ഇറങ്ങുന്നു. ആകയാൽ കയറുകയും ഇറങ്ങുകയും ചെയ്യുക; അതാവിതു പ്രാർത്ഥിക്കുകയും പ്രസംഗിക്കുകയും ചെയ്യുക.' 39

സുകൃതജീവിതമാകുന്നു ഏററവും നല്ല ന്യായോക്തി, എന്നൊരു പഴഞ്ചൊല്ലുണ്ട്. നമ്മുടെ വചനവും വ്യാപാരവും തമ്മിൽ വൈരുദ്ധ്യമുണ്ടായിരിക്കാൻ പാടില്ല. വൈദികൻെറ വായും ഹൃദയവും തമ്മിൽ പൊരുത്തമുണ്ടായിരിക്കണമെന്നാണു വി. ജിറോം നെപ്പോസിയാനു കൊടുക്കുന്ന ഉപദേശസാരം. വൈദികനു രണ്ടു അളവുണ്ടായിരിക്കാൻ പാടില്ല. വി. യോഹന്നാൻ വിയാന്നി താൻ പ്രസംഗിച്ച പുണ്യപൂൎണ്ണത പ്രവൃത്തിയിൽ വരുത്തി എന്നു തൻെറ ജീവചരിത്രകാരൻ അദ്ദേഹത്തെപ്പററി രേഖപ്പെടുത്തിയിരിക്കുന്നു.

സുവിശേഷ സേവകൻ മാംദാനായേപ്പോലെ നീതിയിലും നിൎമ്മല ജീവിതത്തിലും ബഹുജനസമക്ഷം വിളങ്ങണം. സുദൃഢമായ വിശ്വാസം, അഗാധമായ എളിമ, എരിയുന്ന പരസ്നേഹം മുതലായ സുകൃതങ്ങളാൽ അവൻെറ ആത്മാവു ഭാസുരമാക്കപ്പെട്ടിരിക്കണം. അപ്പോസ്തോലന്മാർ വിളിച്ചറിയിച്ച സത്യങ്ങളും സംഭ



www.malankaralibrary.com

വങ്ങളും അവരുടെ ഹൃദയാഗാധത്തിൽ ദൃഢമായി പതിഞ്ഞിരുന്നു. ആകയാൽ അവൎക്ക് ഇപ്രകാരം പറവാൻ കഴിഞ്ഞു: 'ഞങ്ങൾ അറിഞ്ഞിരിക്കുന്നതു ഞങ്ങൾ സംസാരിക്കുന്നു, ഞങ്ങൾ കണ്ടതു ഞങ്ങൾ സാക്ഷിക്കുന്നു.[40] 'ഹൃദയാഗാധത്തിൽനിന്നു അധരം സംസാരിക്കുന്നു' എന്നതു സുവിശേഷപ്രസംഗകനെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരിക്കണം. നമ്മുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നവയാണു നാം വാഗ്രൂപേണ പുറത്തു വിടേണ്ടതു്. ദൈവവചന ശുശ്രൂഷികൾ തോടുകൾ എന്നതിനേക്കാൾ കുളങ്ങളായിരിക്കണമെന്നാണു വി. ബെൎണ്ണാർദിൻെറ മതം. ആത്മാക്കളെ രക്ഷിക്കണമെന്നുള്ള ആഗ്രഹവും മ്ശിഹായുടെ നേൎക്കുള്ള സ്നേഹവും നമ്മിൽ ദൃഢമൂലമാവണം.

മാനിംഗു പറയുന്നു. 'തീക്ഷ്ണതയുടെ വൈരള്യമാണു പ്രസംഗങ്ങൾ ഫലശൂന്യങ്ങളായി ഭവിക്കുന്നതിനുള്ള കാരണം. നമ്മുടെ വചസ്സുകൾ ശ്രോതാക്കളുടെ ശിലാസദൃശമായ ഹൃദയങ്ങളെ ഭേദിക്കണമെങ്കിൽ, അവയുടെ ഉടമസ്ഥന്മാരായ നാം, നമ്മേത്തന്നെ മറന്നു ദൈവമഹത്വമൊന്നുമാത്രം ലക്ഷ്യമാക്കി സംസാരിക്കണം. ഇതു ഒരു ദിവസംകൊണ്ടു സാധിക്കാവുന്ന കാൎയ്യമല്ല. ലൌകികപക്ഷങ്ങളെ നമ്മുടെ ഹൃദയത്തിൽനിന്നു മാറേണ്ടിയിരിക്കുന്നു. നാം അന്യരുടെ ആശയങ്ങളെ കടം വാങ്ങി പറയുന്നതുകൊണ്ടാണു് പ്രസംഗം ജീവനില്ലാത്ത പ്രബന്ധമായി തീരുന്നതു്. വിചാരമുണ്ടെങ്കിൽ വാക്കുകൾ താനെ വന്നുകൊള്ളും. വിചാരം വാഗ്രൂപേണ ബഹിർഗമിക്കുന്നു. നമുക്കു ദിവ്യകാൎയ്യങ്ങളെക്കുറിച്ചു പറവാൻ വാക്കുകൾ കിട്ടുന്നില്ലെങ്കിൽ അതിൻെറ കാരണം വിചാരത്തിൻെറ കുറവാണു്. ആദ്ധ്യാത്മികകാൎയ്യങ്ങളെക്കുറിച്ചു വിചാരിക്കുന്നവർ നാം ആകുന്ന പക്ഷം അവയെപ്പററി സംസാരിക്കുന്നതിനു നമുക്കു വിഷമം നേരിടുന്നതല്ല. ഒരു മനുഷ്യൻ ഒരു കാൎയ്യത്തെപ്പററി സദാ ചിന്തിച്ചുകൊണ്ടിരിക്കുമ്പോൾ അതേക്കുറിച്ചു പറയുക ഒരു ആശ്വാസമാണു്. ഓരോരുത്തനും അവനവൻെറ തൊഴിലിനെ ആസ്പദീകരിച്ചു ധാരാളം പറയാനുണ്ടെന്നുള്ളതു ഒരു പഴഞ്ചൊല്ലാകുന്നു. നമ്മുടെ പക്കൽ വരുന്ന ഒരു



www.malankaralibrary.com

ഭിക്ഷുവിനെ സൂക്ഷിക്കുക, എത്ര ഹൃദയാവർജ്ജകമായ വിധത്തിൽ ആംഗ്യങ്ങൾ എടുത്തു്, അവൻെറ ദയനീയ സ്ഥിതി വർണ്ണിച്ചു്, നമ്മിൽനിന്നു ധർമ്മംവാങ്ങുന്നു. കൃഷിക്കാർ, കച്ചവടക്കാർ, അഭിഭാഷകന്മാർ, രാജ്യതന്ത്രജ്ഞന്മാർ പ്രഭൃതികൾ അവരവരുടെ തൊഴിലിനെപ്പററി വചോവിലാസത്തോടെ സംസാരിക്കുന്നുണ്ടു്; കാരണം അവരുടെ മനസ്സ് അവയിൽ ലയിച്ചിരിക്കുന്നതുതന്നെ.[41] പ്രസംഗകൻ ഒരു നടനോ പ്രസംഗപീഠം ഒരു സ്റ്റേയിജോ അല്ല. നടൻ തൻെറ ഭാഗം അഭിനയിക്കുന്നു, പ്രസംഗകത്താവാകട്ടെ തൻെറ മന:സാക്ഷിയുടെ ബോദ്ധ്യത്തിൽനിന്നു സംസാരിക്കുന്നു.

ഒരുവൻ യഥാത്ഥമായ തീക്ഷ്ണതയോടും പരിശുദ്ധാത്മാവിയുടെ ആന്തരികമായ പ്രചോദനത്തോടുംകൂടി വാഗ്വഷം ചെയ്യുമ്പോൾ അവൻെറ മററു ന്യൂനതകൾപോലും വിസ്മരിക്കപ്പെടാൻ ഇടയുണ്ടു്. ബ്രൌൺസൺ (Brownson) പറയുന്നു. 'ഞാൻ കേട്ടിട്ടുള്ള അനേകം പ്രസംഗങ്ങളിൽവച്ചു എന്നെ ഏററവും ഇളക്കി സ്വയം പരിശോധനക്കു വിധേയനാക്കിയിട്ടുള്ളതു ഒരു വൈദികൻ കുരിശടയാളം വരക്കുന്നതിനെകുറിച്ചു (Sign of the Cross) മിക്കവാറും എല്ലാ പദങ്ങളും തെററായി ഉച്ചരിച്ചും, വ്യാകരണനിബന്ധനകളെ കേവലം വിസ്മരിച്ചും, ചെയ്ത ഒരു പ്രസംഗമായിരുന്നു.' അദ്ദേഹം തുടന്നു പറയുന്നു. 'ഏററവും ഉപകാരപ്രദമായി പ്രസംഗിക്കുന്നവർ, അലങ്കാരശാസ്ത്രത്തിൻെറ നിയമങ്ങളിൽനിന്നു അണുപോലും വ്യതിചലിക്കാതെ, കെങ്കേമമായി പ്രസംഗിക്കുന്ന നമ്മുടെ സുപ്രസിദ്ധന്മാരായ വാഗ്മികളല്ല, വിനെയോ മ്ശിഹായെക്കുറിച്ചു മാത്രം— ക്രൂശിതനായ മ്ശിഹായെക്കുറിച്ചു മാത്രം— ചിന്തിക്കുന്ന വിനയാന്വിതന്മാരായ നമ്മുടെ സാധാരണക്കാരാകുന്നു.[42]

ജീവിതത്തിൻെറ സാകല്യേനയുള്ള കളങ്കരാഹിത്യമാണു പ്രസംഗത്തിനു തുളച്ചു കയറുന്ന ശക്തി കൊടുക്കുന്നതു്. മാനിംഗ് പറയുന്നു. 'പ്രസംഗം തയ്യാർ ചെയ്യുന്നതുപോലെ പറയുന്ന ആളിനേയും തയ്യാർ ചെയ്യേണ്ടതായുണ്ടു്. രണ്ടാമത്തെ ഒരുക്കമാണു കൂടുതൽ ആവശ്യകമെന്നു പറയാം. ആൾ ആകുന്നു പ്രസംഗിക്കു



www.malankaralibrary.com

ന്നത്, അല്ലാതെ പ്രസംഗമല്ല. ആൾ ഏപ്രകാരമോ അപ്രകാരം പ്രസംഗം. വി. പൌലോസ് പറയുന്നു. 'ഞങ്ങൾ ഞങ്ങളെത്തന്നെ പ്രസംഗിക്കുന്നില്ല, പ്രത്യുത, നമ്മുടെ നാഥനായ ഈശോമ്ശിഹായെ അത്രെ. 43 ക്രിസ്തുവിൻെറ അരൂപിയുള്ളവനുമാത്രമെ, അപ്പോസ്തോലൻ പറയുമ്പോലെ ക്രിസ്തുവിനെ പ്രസംഗിപ്പാൻ സാധിക്കൂ. വളരെപ്പേർ പ്രസംഗിക്കുന്നു, എന്നാൽ അവർ അവരെത്തന്നെയാണ് പ്രസംഗിക്കുന്നത്, അതായത് അവർ അവരുടെ മനസ്സിൻെറ സ്വാഭാവികഗതിയനുസരിച്ചുമാത്രം ഉദീരണം ചെയ്യുന്നു. ഉപയോഗപ്രദമായി പ്രസംഗിക്കുന്നതിനുള്ള ഒരുക്കത്തിൻെറ അടിസ്ഥാനം വളരെ നേരത്തെ ഇടേണ്ടതാണ്. ഒത്ത മനുഷ്യൻ ഉത്തമമായി പ്രസംഗിക്കുന്നതിനു ബാലനും യുവാവും പ്രസംഗിക്കേണ്ടിയിരിക്കുന്നു; അതായത് പരിശീലനം വളരെ നേരത്തെ തുടങ്ങേണ്ടതാണെന്നു സാരം. 44

പ്രസംഗകനു ഉദ്ദേശശുദ്ധിയുണ്ടായിരിക്കണം. അവൻ ഒരിക്കലും സുവിശേഷപ്രസംഗം വഴിയായി വ്യർത്ഥസ്തുതി തേടരുത്; അവ്വിധം ചെയ്യുന്നവൻ ലൌകികലാഭത്തിനുവേണ്ടി മ്ശിഹായെ ഒററിക്കൊടുത്ത യൂദാസിനു തുല്യമാകുന്നു. ബോസ്വേ പറയുന്നു. 'വ്യർത്ഥാഭിമാനിയായ പ്രാസംഗികൻ തൻെറ പാവനമായ പദവിയെ അപമാനിക്കുന്നു, സത്യത്തിൻെറ വാക്കുകൊണ്ടു മുഖസ്തുതിയെ ക്രയം ചെയ്യുന്നതിനു അവൻ മടിക്കുന്നില്ല. വെള്ളത്തിൽ വീണു കുടിച്ചു മരിക്കാൻപോകുന്ന തൻെറ ഓമനസുതനെ രക്ഷിക്കുന്നതിനു ബദ്ധപ്പെടുന്ന ഒരു പിതാവു്, തൻെറ തനുജൻെറ രക്ഷയേക്കാൾ പ്രേക്ഷകന്മാരുടെ സ്തുതിയെ കാംക്ഷിക്കുന്നെങ്കിൽ അതെത്ര ഗർഹണീയമായ ഒരു മനഃസ്ഥിതിയായിരിക്കും? ആത്മാക്കളുടെ രക്ഷയ്ക്കു പകരം, പ്രസംഗത്തിൽ സ്വന്ത സ്തുതി അന്വേഷിക്കുന്നവരുടെ അവസ്ഥ ഈ പിതാവിൽനിന്നു വിഭിന്നമല്ല.

വൈദികർ ഈ തിന്മയിൽ വീഴാതിരിപ്പാൻ പ്രത്യേകം സൂക്ഷിയ്ക്കേണ്ടതാണെന്നു ഷെയ്ഗ്നോൻ പറയുന്നു. ഒരിക്കൽ ശിഷ്യന്മാർ തങ്ങളുടെ പ്രേഷിതജോലിയിലുണ്ടായ വിജയത്തെപ്പററി പ്രശംസിച്ചപ്പോൾ ഗുരുനാഥൻ വലിയ ആശങ്ക പ്രദർശി



www.malankaralibrary.com

പ്പിക്കയാണു ചെയ്യുന്നത്. ഒരു പ്രസിദ്ധ വാഗ്മിയായ ബാർസി (Barsee) എന്ന പുരോഹിതനു വി. ശവരിയാർ ഇങ്ങനെയൊരു പദേശം നൽകുകയുണ്ടായി. 'ആളുകൾ അങ്ങയെ ഇടവിടാതെ സ്തുതിക്കുന്നതിനാൽ അങ്ങു വ്യർത്ഥാഭിമാനത്തിൽ നിപതിച്ചേക്കു മെന്നു ഞാൻ ബലമായി ശങ്കിക്കുന്നു. വാഗ്മിത്വം എന്ന ദാനത്തെക്കുറിച്ചു ദൈവതിരുമുമ്പാകെ ശരിയായ കണക്കു കേൾപ്പിക്കേണ്ടിവരുമെന്നു അറിഞ്ഞുകൊൾക. ഈ വരം മററുള്ളവരുടെ ഗുണത്തിനായിട്ടാണു ദൈവം തന്നിരിക്കുന്നത്. തങ്ങളുടെ പ്രസംഗങ്ങൾ വഴിയായി മററുള്ളവരെ രക്ഷിച്ചശേഷം എത്രപേർ എളിമയുടെ അഭാവംമൂലം ശിക്ഷപ്പെട്ടുപോയിരിക്കുന്നു. 45

മനുഷ്യരുടെ സ്തുതി ഏറിയകൂറും പ്രസംഗത്തിൻെറ പരാജയത്തെയാണു വ്യഞ്ജിപ്പിക്കുന്നതെന്നു ഒരു ഗ്രന്ഥകാരൻ പറയുന്നു. 'ശ്രോതാക്കളുടെ അശ്രുക്കൾ നിൻെറ സ്തുതിയായിരിക്കട്ടെ', എന്നാണു വി. ജിറോം പറയുന്നത്. വി. ബെൎണ്ണാർദ്ദു ഒരിക്കൽ പ്രസംഗിക്കയിൽ പിശാചു പറഞ്ഞു: 'നീ വളരെ വാഗ്ധാടിയോടെ പ്രസംഗിച്ചു'. ഇതിനു പുണ്യവാൻ നൽകിയ മറുപടി ഇതാണ്: 'ഞാൻ നിനക്കുവേണ്ടി തുടങ്ങിയില്ല, നിന്നെപ്രതി നിറുത്തുകയുമില്ല.' വി. വിൻസെൻറ് ഫെറ റിൻെറ ജീവചരിത്രത്തിൽ ഇങ്ങനെ നാം വായിക്കുന്നു. 'ഫ്രാൻസിലെ രാജാവിൻെറ സമക്ഷം പ്രസംഗിക്കുന്നതിനു അദ്ദേഹം ക്ഷണിക്കപ്പെട്ടു. രാജസന്നിധിയാണല്ലോ എന്നോർത്തു വളരെ പണിപ്പെട്ടൊരുങ്ങി പ്രസംഗിച്ചു; എന്നാൽ അതു വെറുമൊരു പരാജയമായിട്ടാണു കലാശിച്ചത്. അടുത്ത ദിവസം വലിയ ബദ്ധപ്പാടൊന്നുംകൂടാതെ പ്രസംഗിച്ചു. അപ്പോൾ രാജാവു പറഞ്ഞു. 'ഇന്നലെ ഞാൻ ബ്രദർ വിൻസെൻറിനെ കേട്ടു, ഇന്നാകട്ടെ റൂഹാദക്കുദശായെ കേട്ടിരിക്കുന്നു.'

സ്റ്റാംഗ്ഗ് പറയുന്നു. 'പ്രസംഗിക്കുമ്പോൾ നിന്നെത്തന്നെ വിസ്മരിക്കുക, ഞാൻ എന്ന പദം നിൻെറ വായിൽനിന്നു വീഴരുത്.' ഞാൻ, ഞാൻ,' എന്നു പ്രസംഗപീഠത്തിൽനിന്നു കേൾക്കുക ശ്രോതാക്കൾക്കു വിരസജനകമാകുന്നു

സുകൃതജീവിതത്തിനുപുറമെ പ്രസംഗകൻെറ ഭാഗത്തു



www.malankaralibrary.com

നിന്നു പരിശ്രമവും ആവശ്യമായിരിക്കുന്നു. ഒരുവൻ, പ്രാസംഗികൻ ആകുന്നതു ജന്മനാ അല്ല പിന്നെയൊ കർമ്മണാ അത്രെ. സുപ്രസിദ്ധന്മാരായ വൈദിക വാഗ്മികളൊക്കെ നിസ്തന്ദ്ര പരിശ്രമികളായിരുന്നെന്നാണു ചരിത്രം നമ്മോടു പറയുന്നതു്. ഒരു ബക്കോ ഒരു 'ബോസ്വേ'യൊ ആകുന്നതിനു എല്ലാവർക്കും സാധിച്ചില്ലെങ്കിലും, തനിക്കു ദൈവത്തിൽനിന്നു ലഭിച്ചിട്ടുള്ള ബുദ്ധിശക്തി ഉപയോഗിച്ച് സുസ്ഥിരമായി യത്നിക്കുന്നപക്ഷം ഓരോ പട്ടക്കാരനും ദൈവവചനം യഥോചിതം ഫലപ്രദമായി പ്രഖ്യാപനം ചെയ്യുന്നതിനു സാധിക്കുന്നതാണ്. ഉഗ്രവും നിരന്തരവുമായ പരിശ്രമമാണ് ഇവിടെ വേണ്ടിയിരിക്കുന്നതു്. പാകതയോ പരിചയമോ ഒന്നും പരിശ്രമത്തിനു പകരം നിൽക്കയില്ല. 'വചോവിലാസം പ്രകൃതിയുടെ എന്നതിനേക്കാൾ പരിശീലനത്തിൻെറ ഫലമാകയാൽ, ഒരുവൻ അതിൻെറ ഉച്ചിയിൽ എത്തിയാലും പാനവും അദ്ധ്വാനവും കൈവെടിയുന്നപക്ഷം, അതു അവനു നഷ്ടീഭവിക്കാതിരിക്കയില്ല' എന്നു പറയുന്നതു ഒരു മഹാ വാഗ്മിയായ വി. യോഹന്നാൻ ക്രിസോസ്തോം അല്ലാതെ മററാരുമല്ല. 'ശ്രമം കൂടാതെ കയറുന്നവൻ ഭ്രമം പൂണ്ടിറങ്ങുന്നു' എന്ന ചൊല്ല് നൈസർഗ്ഗികമായ വാസനയുള്ളവനുപോലും പററുന്നതാണ്.

ചില അസാധാരണ സന്ദർഭങ്ങളിൽ സമയദൌർല്ലഭ്യം മൂലം ഒരുങ്ങുന്നതിനു വൈദികനു സാധിച്ചില്ലെന്നു വന്നേയ്ക്കാം. അപ്പോൾ 'ആ വിനാഴികയിൽ എന്തു സംസാരിക്കണമെന്നുള്ളതു നിങ്ങൾക്കു നൽകപ്പെടും' 46 എന്ന ദിവ്യ വാഗ്ദാനത്തിൽ ശരണപ്പെടാൻപാടുണ്ട്. എന്നാൽ മുന്നറിവും സമയവും സൌകര്യവുമുള്ളപ്പോഴൊക്കെ ഒരുങ്ങുന്നതിനു പ്രസംഗകനു കടമയുണ്ട്. അപ്രകാരമുള്ള അവസരങ്ങളിൽ ഒരുക്കംകൂടാതെ പ്രസംഗിക്കുക, ദൈവത്തെ പരീക്ഷിക്കയത്രെ. പരിശ്രമവും പാനവും കൂടാതെ ശരിയായി സുവിശേഷ വചനം അറിയിക്കാൻ കഴിയുമെന്നു കരുതുന്നതു്, ദൈവം നമുക്കുവേണ്ടി അത്ഭുതം പ്രവർത്തിക്കുമെന്നും, നമ്മുടെ ധാർഷ്ട്യത്തെ പ്രോത്സാഹിപ്പിക്കുമെന്നും, നമ്മുടെ മടിയുപേക്ഷകൾക്കു പ്രതിഫലം തരുമെന്നും, പ്രതീക്ഷിക്കുന്നതിനു തുല്യ



www.malankaralibrary.com

മാകുന്നു. ചര്വ്വിതചര്വ്വണങ്ങൾ, വിശ്വാസ സത്യങ്ങളെ അലങ്കോലപ്പെടുത്തുന്ന ഭാഷാസരണി, കേവലം ക്ലിഷ്ടമായ പദപ്രയോഗം, എവിടെ നിറുത്തേണ്ടു എങ്ങിനെ നിറുത്തേണ്ടു എന്ന നിശ്ചയമില്ലായ്മ, ഇവയെല്ലാം പരിശ്രമത്തിൻെറ വിരളതയെയാണു സൂചിപ്പിക്കുന്നത്. ഏവംവിധമുള്ള പ്രസംഗങ്ങൾ കേൾവിക്കാരുടെ മനസ്സിൽ സ്വർഗ്ഗീയ കാര്യങ്ങളെക്കുറിച്ചു വിരസതയല്ലാതെ മറെറന്താണു ജനിപ്പിക്കുക?

ഒരുക്കംകൂടാതെ പറയുന്നവൻ ഒന്നുകിൽ കവിച്ചിലുകൊണ്ടോ അല്ലെങ്കിൽ കുറച്ചിലുകൊണ്ടോ ദോഷം ചെയ്യും. ഒരു പ്രസംഗത്തിൽനിന്നു വിഷയത്തിനു യോജിക്കാത്തതും, സ്പഷ്ടമാക്കുന്നതിനു പകരം അസ്പഷ്ടമാക്കുന്നതുമായവകളെ നീക്കുന്നതിനു ഒരുക്കം കൂടിയേ തീരു. പ്രസംഗകനു ഒരു ബുദ്ധിമുട്ടും വരുത്തിയിട്ടില്ലാത്ത പ്രസംഗം, ബുദ്ധിമുട്ടുകൂടാതെ കേൾക്കുന്നതിനു കേൾവിക്കാർക്കു സാധിക്കുന്നതല്ല. ശ്രമംകൂടാതെ ഏതെങ്കിലും വിഷയത്തെക്കുറിച്ചു സരസവും ഉപകാരപ്രദവുമായി പറഞ്ഞ്, ശ്രോതാക്കളെ ആകർഷിക്കുന്നതിനു, സാധാരണക്കാർക്കു സാധിക്കുന്നതല്ല. വർണ്ണനകളും സാദൃശ്യങ്ങളും, സംഭവങ്ങളും യഥാവസരം കൂട്ടിയിണക്കി ലളിതവും ശുദ്ധവുമായ ഭാഷയിൽ, മുന്നറിവുകൂടാതെ (Extempore) വാഗ്വർഷം ചെയ്യുന്നതിനുള്ള വിശേഷവരം ചുരുക്കം ചിലർക്കു മാത്രമെ പ്രകൃതി പ്രദാനംചെയ്യുന്നുള്ളു. പ്രാസംഗികന്മാർ അത്ഭുതങ്ങൾകൂടി ചെയ്തിരുന്ന സഭയുടെ, ആ ആരംഭകാലത്ത് പുറജാതികളുടെ അപ്പോസ്തോലൻ സ്വശിഷ്യനായ തിമോത്തിക്കു നൽകിയ ഗുണദോഷം ഇപ്രകാരമാണ്: 'ഞാൻ വരുന്നതുവരെ വായനയിലും ഉപദേശത്തിലും പഠനത്തിലും നി ശ്രദ്ധാലുവായിരിക്കുക.'47

തുറുവടച്ചു വെടിവെയ്ക്കുന്ന മാതിരി, എല്ലാ വിഷയങ്ങളുമുൾപ്പെടുത്തി പ്രസംഗിക്കുന്നവൻ, അശേഷം ശ്രമം ചെയ്തിട്ടില്ലെന്നുള്ളതു പ്രവ്യക്തമാണ്. എല്ലാ പ്രസംഗത്തിലും ചിലർ വലിച്ചിഴച്ചുകൊണ്ടുവരുന്ന ഉദ്ധാരണങ്ങളും ആശയങ്ങളുമുണ്ട്; ബിഷപ്പ് ഹെഡ്‌ലി പറയുന്നു. 'പലപ്പോഴും പറഞ്ഞിട്ടുള്ളതു വീണ്ടും പറയുക വിഹിതമല്ല. പുതിയതായി അഥവാ സ്വന്തമായി (Original)



www.malankaralibrary.com

എന്തെങ്കിലും പറയാനുണ്ടായിരിക്കണം. പ്രസംഗകന്, പഴയ ആശയങ്ങളും, ഉദ്ധാരണങ്ങളും, വിഷയവിഭാഗങ്ങളുമുപയോഗിക്കുന്നതായാൽ ബുദ്ധിമുട്ടു ലാഭിക്കാമെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ പ്രസംഗകൎത്താവെടുക്കുന്ന ബുദ്ധിമുട്ടനുസരിച്ചിരിക്കും ശ്രോതാക്കൾക്ക അനുഭവപ്പെടുന്ന പ്രയോജനവും, തനിക്കുതന്നെ ലഭിക്കുന്ന മനഃസംസ്കാരവുമെന്നുള്ളതു സ്മരണീയമാണ്. 48

വിഷയം ശ്രമംചെയ്തു നേരാംവണ്ണം പഠിക്കാതെ പ്രസംഗപീഠത്തിൽനിന്ന് ഒരുവൻ വലിയ ഒച്ചയും ആരവവുമൊക്കെ ഉണ്ടാക്കുന്നതുകൊണ്ടു ഗുണമൊന്നും സിദ്ധിക്കാനില്ലെന്നു ഗിബൺസ് പറയുന്നു.

അർച്ച്ബിഷോപ്പ് ഗുഡ്യർ (Goodier) ഒരു ഒന്നാംതരം എഴുത്തുകാരനും പ്രശസ്ത വാഗ്മിയുമാണ്. അദ്ദേഹത്തിൻെറ ഗ്രന്ഥബഹുലതയെപ്പററി, ഒന്നിൻെറ മഷി ഉണങ്ങുന്നതിനുമുമ്പു വേറൊന്നു പുറത്തുവരുന്നു എന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ഈ പണ്ഡിത വരേണ്യൻ ഒരിക്കലും, ആരുതന്നെയാവശ്യപ്പെട്ടാലും മുന്നറിയിപ്പു കൂടാതെ പ്രസംഗിക്കുന്നതല്ലെന്നാണു കേട്ടിട്ടുള്ളത്. ഡൊമിനിക്കൻ സഭാംഗമായ ലക്കൊർഡെ (Lacordair) പത്തൊൻപതാം നൂററാണ്ടിലെ അഗ്രഗണ്യന്മാരായ വാഗ്മികളിലൊരുവനായിരുന്നു. ഒരുദിവസം മുമ്പേകൂട്ടിയെങ്കിലും അറിവു ലഭിക്കാതെ അദ്ദേഹം പ്രസംഗിക്കാറില്ലായിരുന്നു. 'ദൈവ വചനത്തോടും എൻെറ ശ്രോതാക്കളോടും എന്നോടുതന്നെയുമുള്ള ബഹുമാനം മൂലമാണ് ഞാൻ ഇപ്രകാരം ചെയ്യുന്ന'തെന്നായിരുന്നു ഇതിന് അദ്ദേഹത്തിനുണ്ടായിരുന്ന സമാധാനം.

പ്രസംഗത്തിനു ചില തരഭേദങ്ങളുണ്ടെന്നുള്ളതു പ്രസംഗിക്കുന്നയാൾ അറിഞ്ഞിരിക്കേണ്ടതാണ്. വേദപുസ്തകത്തിലെ ഏതെങ്കിലും ഭാഗമെടുത്തു വ്യാഖ്യാനിച്ചു പ്രസംഗിക്കുന്നതിനു 'ഹോമിലി' (Homily) എന്നു പറയപ്പെടുന്നു. പരിശുദ്ധന്മാരേയും മററും സ്തുതിച്ചുപറയുന്നതിനു Panegyric എന്നാണു പേർ. ഏതെങ്കിലും ധാൎമ്മികവിഷയത്തെ അധികരിച്ചു പ്രസംഗിക്കുന്നതിനു Moral Sermon എന്നു സംബോധനംചെയ്യാം. വേദോപദേശപുസ്തകം



www.malankaralibrary.com

കയ്യിലെടുത്തു അതിലെ പ്രശ്നോത്തരങ്ങൾ വായിച്ച് വ്യാഖ്യാനിച്ചുകൊണ്ട്, ഏതാണ്ടു കുട്ടികളെ പഠിപ്പിക്കുന്നമാതിരി പ്രസംഗിക്കുന്ന ഒരു സമ്പ്രദായവുംകൂടിയുണ്ട്. Catechistical Instruction എന്നാണു ഇതിനുപേർ പറയുന്നത്. വത്സരവട്ടത്തിൽ ഈ തരഭേദങ്ങൾ ജനൌഘത്തിനു രസിക്കുമാറു്, മാറിമാറി ഉപയോഗിക്കാവുന്നതാണു; ഏതു വിഭാഗമവലംബിച്ചാലും പരിശ്രമം അനുപേക്ഷണീയമാണുതാനും.

എന്നാൽ എങ്ങിനെയാണു പ്രസംഗം തയ്യാർ ചെയ്യുക. ഇതേസംബന്ധിച്ച കർദ്ദിനാൾ ഗിബൺസ് ഇപ്രകാരം പറയുന്നു; ചിലർ പ്രബന്ധം മുഴുവനും എഴുതി കാണാതെ പഠിക്കുന്നു. മററുചിലർ 'പോയിൻററ്സ്' മാത്രം കുറിക്കുന്നു. വേറെ ചിലർ എഴുത്തൊന്നുംകൂടാതെ വിഷയത്തെക്കുറിച്ചു സഗാഢം ചിന്തിച്ച്, അതിനെ മനസ്സുകൊണ്ടു ക്രമപ്പെടുത്തുന്നു. ഇവയിൽ ഏതു രീതിയാണു അത്യുത്തമമെന്നു വിധിപറവാൻ ഇവിടെ ഒരുമ്പെടുന്നില്ല. ഓരോരുത്തനും അവനവൻെറ വാസനയനുസരിച്ചു ഏതെങ്കിലുമൊന്നു സ്വീകരിച്ചുകൊള്ളട്ടെ. എന്നാൽ ഏതുരീതി അവലംബിച്ചാലും കുമ്പസാരത്തിനു മനസ്താപം എത്രത്തോളമാവശ്യകമോ അത്രത്തോളമാവശ്യകമാണു പ്രസംഗത്തിൻെറ ഫലസിദ്ധിക്കു വിഷയപരിചിന്തനമെന്നു ഉറപ്പിച്ചുപറയാം. എന്നാൽ ഗുരുപ്പട്ട സ്വീകരണാനന്തരം യുവവൈദികർ കുറെ കൊല്ലത്തേയ്ക്കു പ്രസംഗങ്ങൾ എഴുതി കാണാതെ പഠിച്ചു പറയുകയാണുവേണ്ടത്. വ്യവസ്ഥാപിതമായി ചിന്തിക്കുന്നതിനും ആശയങ്ങളെ സമീചീനമായി വിശദീകരിക്കുന്നതിനും ഈ രീതി വളരെ ഉപകരിക്കുന്നതാണ്.49

കർദ്ദിനാൾ മാനിംഗിൻെറ ഉപദേശം ഇതാണ്; വിഷയം തിരഞ്ഞെടുത്തു നോട്ടുകുറിച്ച്, വിശകലനംചെയ്തു ബുദ്ധിയിൽ ഉറപ്പിക്കുക. പറവാൻപോകുന്ന സംഗതികളെല്ലാം ഓർമ്മവഴിയായിട്ടല്ലാതെ യുക്തിവഴിയായിട്ടു നമ്മുടെ മനസ്സിൽ സന്നിഹിതമായിരിക്കണം. ഒരു പ്രബന്ധമെഴുതി കാണാതെ പഠിക്കുന്നതിൽ ശ്രമകരമാണു ഈ മാതിരിഒരുക്കം. രണ്ടും തമ്മിലുള്ള വ്യത്യാസം ഇതാണ്, എഴുതിയ പ്രസംഗം; നാം എപ്പോൾ എഴുതി



www.malankaralibrary.com

യോ അപ്പോൾ വിചാരിച്ചതാണ്; പോയിൻറ്സ് കുറിച്ച് ഒരുങ്ങിയതു നാം പറയുന്നനേരത്തു വിചാരിക്കുന്നതാണ്; ഈ രണ്ടാമത്തതു നമ്മുടെ ബുദ്ധിയുടെ അപ്പോഴത്തെ പ്രചോദനവും വിചാരവുമാണ്, തന്നിമിത്തം അതു കുറേക്കൂടി സജീവവും ശ്രോതാക്കളുടെ ഹൃദയത്തെ കൂടുതൽ ആകർഷിക്കുന്നതുമായിരിക്കും. ഇപ്രകാരമുള്ള പരിശീലനം വഴിയായി ദൈവവചനത്തിൽ വിലീനരായി, തങ്ങളുടെ സ്വന്തമെന്നോണം അതിനെ പറവാൻ പാടുള്ളവർ ഭാഗ്യവാന്മാർതന്നെ.[50]

മാനിംഗിൻെറ ഈ അഭിപ്രായത്തെ ഫെലൻ (Phelan S. J.) ഇങ്ങനെ വിമർശിക്കുന്നു. പ്രസംഗം എഴുതണ്ടാ എന്നു മാനിംഗ് പറയുന്നില്ലെങ്കിലും, പോയിൻറ്സ് കുറിച്ചു പ്രസംഗിക്കുന്നതിനോടു അദ്ദേഹം കൂടുതൽ അനുഭാവം പ്രദർശിപ്പിക്കുന്നുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി, പ്രസംഗം എഴുതിയിട്ടാവശ്യമില്ലെന്നു വാദിക്കുന്നവർ മാനിംഗിനെ തങ്ങളുടെ 'അതോർട്ടി'യായി ഉദ്ധരിക്കാറുണ്ട്. എന്നാൽ വൃഥാ; കർദ്ദിനാളിൻെറ ആന്തരമെന്തെന്നു നമുക്കു ശരിയായി അറിഞ്ഞുകൂടാ. തൻെറ പുസ്തകത്തിൽ (Eternal Priesthood) പ്രസംഗത്തെക്കുറിച്ചുള്ള അദ്ധ്യായം എഴുതിയപ്പോൾ, അനാഗതസാഹിത്യത്തിൻെറ (Pagan Literature) പുനരാവിർഭാവത്തിൻെറ (Renaissance) തണലിൽ മുളച്ചുവന്നവരും, ശ്ലോകശബ്ദങ്ങളോടുകൂടി ദൈവചനം അറിയിച്ചിരുന്നവരുമായ ഒരുവക പ്രസംഗകന്മാരായിരിക്കണം അദ്ദേഹത്തിൻെറ മനസ്സിൽ ഉണ്ടായിരുന്നതെന്നൂഹിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഭാഗ്യവശാൽ അമ്മാതിരിക്കാർ ഇപ്പോൾ അന്യൂപ്രായമായിരിക്കയാണ്. എങ്ങിനെയായാലും മാനിംഗ് തന്നെ തൻെറ വാക്കുകളെ പ്രവൃത്തിമൂലം ഖണ്ഡിക്കുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു; എന്തുകൊണ്ടെന്നാൽ എഴുതിതയ്യാറാക്കിയ ഒന്നുരണ്ടു പ്രസംഗപുസ്തകങ്ങൾ അദ്ദേഹം പ്രസിദ്ധംചെയ്തിട്ടുണ്ട്. കർദ്ദിനാൾ തൻെറ അനുഭവത്തിൽനിന്നായിരിക്കണം ഇപ്രകാരമൊരഭിപ്രായം പുറപ്പെടുവിച്ചതെന്നു തോന്നുന്നു. എന്നാൽ മാനിംഗ് എവിടെ, സാധാരണക്കാരനായ ഒരു വൈദികൻ എവിടെ, മാനിംഗ് അ



www.malankaralibrary.com

സാധാരണമായ ധിഷണാവിലാസമുള്ള ഒരു പണ്ഡിതനായിരുന്നു. തൻെറ മാനസാന്തരത്തിനു മുമ്പുതന്നെ ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ കേൾവികേട്ട ഒരു ബിരുദധാരിയായിരുന്നു അദ്ദേഹം. താർക്കികൻ, സാഹിത്യകാരൻ, വാഗ്മി, എന്നീനിലകളിൽ അദ്ദേഹത്തിനു ശാസ്ത്രലോകത്തുള്ളനില അന്യാദൃശമാണ്. മനുഷ്യസ്വഭാവത്തെപ്പററിയുള്ള ജ്ഞാനത്തിൽ അദ്ദേഹത്തെ വെല്ലുന്നതിനു സമകാലീനന്മാരിൽ ഒരുത്തരും ഉണ്ടായിരുന്നില്ല. ഏവംവിധമുള്ള ഒരു അഗാധപണ്ഡിതനു സാധിച്ചതു സാധാരണക്കാർ സാധിക്കുമെന്നു സങ്കല്പിക്കുന്നതു സംഗതികളുടെ യഥാർത്ഥസ്ഥിതി ഗോപനം ചെയ്യുകയാകുന്നു.'[51]

മാനിംഗിൻെറ അഭിപ്രായത്തെ ഇങ്ങനെ ചർച്ച ചെയ്തശേഷം പ്രസംഗം എഴുതേണ്ടതിൻെറ ആവശ്യകതയെപ്പററി ഫെലൻ പലതും പ്രസ്താവിക്കുന്നുണ്ട്. 'എഴുതാതെ പ്രസംഗിക്കുന്നയാൾ ഏതാണ്ടു അന്ധകാരത്തിൽ തപ്പിത്തടയുന്നവനെപ്പോലെയാണ്; സഞ്ചരിക്കാനുള്ള വഴിയുടെ ദൈർഘ്യമോ പ്രത്യേകസ്വഭാവമോ അവനു നിശ്ചയമില്ല. പ്രസംഗകൻ വിചാരങ്ങളെ ക്രമപ്പെടുത്തിവേണമല്ലോ പുറത്തു വിടാൻ. എന്നാൽ പറയാനുള്ളതു എഴുതാത്തവൻ ചിന്താപരമ്പരകളുടെ തിരത്തള്ളലുകളെ അടിമപ്പെടുത്തുന്നതിനുപകരം, അവയ്ക്കു അടിമപ്പെട്ടു, എവിടെ ആരംഭിക്കേണ്ടു, എവിടെ നിറുത്തേണ്ടു എന്നു രൂപമില്ലാതെ വിഷമിക്കുന്നു. എഴുതാത്ത പ്രസംഗങ്ങളെ ഒരുവക നിത്യതമായി കരുതാം, എന്തുകൊണ്ടെന്നാൽ അവയ്ക്കും ആരംഭവും അവസാനവും ഇല്ല. യുദ്ധത്തിനായിട്ടു അണിനിരന്നു നിന്നശേഷമല്ലല്ലോ പടയാളി തോക്കു പിടിച്ചു വെടിവെയ്ക്കാനും വാളുപയോഗിക്കാനും പഠിക്കുന്നതു്. പ്രസംഗപീഠത്തിൽനിന്നു ആശയങ്ങളെ ക്രമവൽക്കരിക്കാൻ ഉദ്യമിക്കുന്നവൻ, പോർക്കളത്തിൽവച്ചു യുദ്ധാഭ്യാസം ചെയ്യാൻ ഒരുമ്പെടുന്ന ഉപയോഗശൂന്യനായ ഭടനു തുല്യമാണ്.[52]

എഴുത്തു ഒരുവനെ കണിശമുള്ളവനാക്കുന്നു എന്നു ബേക്കണും താൻ വാഗ്മിതാകലയിൽ നൈപുണി നേടിയതു എഴുത്തുവഴിയായിട്ടാണെന്നു സീസറോയും പറയുന്നു. വിശദീകൃതമായ ആശയം,



www.malankaralibrary.com

ലളിതശുദ്ധമായ ഭാഷ, സന്ദർഭോചിതമായ പദപ്രയോഗം, ഹൃദയാവർജ്ജകമായ ഊർജ്ജസ്വലത, ഇവയെല്ലാം എഴുതി തയ്യാറാക്കിയ പ്രസംഗത്തിലേ കണ്ടുമുട്ടുകയുള്ളു. ആശയങ്ങൾ നമ്മുടെ ഉള്ളിൻെറ ഉള്ളിൽ ആണോ ഇരിക്കുന്നതെന്നു തോന്നിപ്പോകുന്നു. എഴുതുമ്പോൾ നിനച്ചിരിക്കാത്ത എന്തെല്ലാം സംഗതികളാണു നമ്മുടെ മനസ്സിൽ പാഞ്ഞുകയറിവരുന്നതു്. ന്യൂമാൻ പറയുന്നു. 'എഴുത്തു നമ്മുടെ മാനസികശക്തികളേയും ഭാവനാവൈഭവത്തേയും ബലപ്പെടുത്തുകയും, ന്യായാന്യായവിവേചനം ചെയ്യുന്നതിനും വിഷയത്തെ ക്രമവൽക്കരിക്കുന്നതിനും ഉപമകളെ പ്രയോഗിക്കുന്നതിനും, നമ്മെ അത്യധികം സഹായിക്കയുംചെയ്യുന്നു. ഒരു മനുഷ്യൻ തൻെറ വിചാരത്തെ കടലാസിൽ കുറിക്കുന്നതുവരെ, അതെസംബന്ധിച്ചു അവനു എന്തറിയാമെന്നും, എന്തറിയാൻ പാടില്ലെന്നും, അവനു തന്നെ രൂപമുണ്ടായിരിക്കുന്നതല്ല; അവനു അറിയാവുന്നതു പുറത്തു പറയുന്നതിനാണെങ്കിൽ അത്രയുംകൂടി പ്രാപ്തിയുണ്ടായിരിക്കുന്നതല്ല.' 53

കുർബാനപ്പുസ്തകമേറെശേഷം ഒരു വൈദികൻ ഒരഞ്ചുകൊല്ലത്തേയ്ക്കു പ്രസംഗം മുഴുവനും നല്ലപോലെ ബുക്കിൽ എഴുതി തയ്യാറാക്കി പറയുന്നപക്ഷം, അതിൻെറ അവസാനത്തിൽ എന്തൊരു വിലവിടിച്ച നിക്ഷേപമാണു അദ്ദേഹത്തിനു കരംഗതമാവുക? നമ്മുടെ ഓർമ്മശക്തി, ആരോഗ്യം, സൌകര്യം ഇവ എന്നും ഒരേ പടിയിൽ നിൽക്കയില്ല. ഒരുവൻ അനേകം പുസ്തകങ്ങൾ നോക്കിയും നോട്ടെടുത്തും വളരെ കാര്യസംപുഷ്ടമായ ഒരു പ്രസംഗം തയ്യാർ ചെയ്തു പറഞ്ഞുവെന്നിരിക്കട്ടെ. ഒരു കൊല്ലം കഴിയുമ്പോഴത്തേയ്ക്കു അതിൻെറ മുക്കാൽ ഭാഗമെന്നല്ല മുഴുവനുംതന്നെ സ്മൃതിപഥത്തിൽനിന്നു അന്തർധാനം ചെയ്തിരിക്കും; എന്നാൽ അതു മുഴുവനും ലിഖിതരൂപേണ കൈവശമുള്ളപക്ഷം ഒററ വായനയ്ക്കു സകലവും മനോമുകുരത്തിൽ പ്രതിഫലിക്കാതിരിക്കയില്ല.

എഴുതാതെ തൽക്കാലത്തെ ആന്തരികപ്രചോദനമനുസരിച്ചു പ്രസംഗിക്കുന്നതിനു കൂടുതൽ നവീനതയും ഭക്തിചൈതന്യവും (unction) മുണ്ടെന്നു വല്ലവരും പറഞ്ഞേയ്ക്കാം. എന്നാൽ



www.malankaralibrary.com

നിർഭാഗ്യവശാൽ ഈ ആന്തരികപ്രചോദനാവും ഭക്തിപാരവശ്യവും എപ്പോഴും നിലനിൽക്കയില്ല. ഒരു ഞായറാഴ്ച നൈഗരാനിർഝരംപോലെ ഭാവനകൾ നമ്മുടെ മനസ്സിൽ ഇരച്ചുകയറുന്നെങ്കിൽ അടുത്ത ഞായറാഴ്ച അതു വെള്ളകുടലാസ്സുപോലെ വെറും ശൂന്യമായി കണ്ടേക്കാം; സ്നേഹാധിക്യത്താൽ എരിഞ്ഞിരുന്ന ഹൃദയം മഞ്ഞുകട്ടപോലെ തണുത്തതായി കാണപ്പെട്ടേക്കും. ഈ വിഷമാലട്ടത്തിൽ എഴുതിയിട്ടുള്ള പ്രസംഗമല്ലാതെ മറെറന്താണു നമുക്കവലംബം? ശരിയായി പരിശ്രമിച്ചു എഴുതി തയ്യാറാക്കപ്പെടുന്ന പ്രസംഗങ്ങൾ ഒരിക്കലും ചൈതന്യശൂന്യങ്ങളായി ഭവിക്കയില്ല. തൻെറ ഏററവും നല്ല പ്രസംഗം താൻ ഏററവും യത്നിച്ചു രചിച്ചിട്ടുള്ളതാണെന്നാണു ബുർഡാലൊ പറയുന്നതു്. ചില പരിശ്രമശീലന്മാരായ വാഗ്മികളുടെ വായിൽനിന്നു വീഴുന്ന ഉജ്ജ്വലത്തായ വാചകങ്ങൾ കേട്ടാൽ, അവ അവരുടെ ഹൃദയമാകുന്ന ഉറവയിൽനിന്നു ചെറുചൂടോടെ അപ്പോൾ വീണതാണെന്നു തോന്നിപ്പോകും. എന്നാൽ അവരുടെ പക്കലുള്ള കയ്യെഴുത്തുബുക്കുകൾ പരിശോധിക്കുമ്പോഴാണു്, വളരെ മുമ്പേതന്നെ അവ അവിടെ വിശ്രമിക്കുന്നുണ്ടായിരുന്നെന്നു തെളിയുന്നതു്.

യാതൊരു മുന്നറിയിപ്പുംകൂടാതെ വളരെ സാമത്ഥ്യത്തോടെ പ്രസംഗിക്കുന്ന ചിലരുണ്ടു്, കർദ്ദിനാൾ വൈസ്മാൻ ഈ തരത്തിൽപെട്ട ഒരു സുപ്രസിദ്ധനായിരുന്നു. അദ്ദേഹം ഒരിക്കൽ ബൽജിയത്തിലുള്ള റൂളേർസ് എന്ന കോളേജിൽവച്ചു ലോഗരിതംസ് (Logarithms) എന്ന വിഷയത്തെക്കുറിച്ചു, വലിയ ഗണിതശാസ്ത്രജ്ഞന്മാർകൂടി സന്നിഹിതരായിരുന്ന ഒരു മഹാസദസ്സിൽ, യാതൊരു ഒരുക്കമൊ മുന്നറിയിപ്പൊ കൂടാതെ മുക്കാൽ മണിക്കൂർ നേരത്തേയ്ക്കു വിജയശ്രീലാളിതമായ വാക്പാടവത്തോടെ ഒരു പ്രസംഗം ചെയ്തു് ശ്രോതാക്കളെ വിസ്മയസാഗരത്തിൽ ആറാടിച്ചുകളഞ്ഞു. ഇതുകൊണ്ടു് ഈദൃശന്മാരായ അനുഗ്രഹീതന്മാർ ഒരിക്കലും തങ്ങളുടെ പ്രസംഗങ്ങൾക്കു് ഒരുങ്ങിയിരുന്നില്ലെന്നു ധരിക്കേണ്ടാ. അവർ മുമ്പു വായിച്ചും നോട്ടെടുത്തും എഴുതിയും പലതും ഹൃദിസ്ഥമാക്കി വച്ചിട്ടുണ്ടു്. ഇങ്ങനെ പാകപ്പെടുത്തി വച്ചിരിക്കുന്ന



www.malankaralibrary.com

വിജ്ഞാനാമൃതമാണ്, അവർ മുന്നറിവുകൂടാതെ വിളമ്പുന്നത്.

പ്രസംഗചരിത്രത്തിൽ ഒരു നവീന ഘട്ടം തുറന്നവരാണ് ബുർഡാലൊ, ബോസ്വേ, മസ്സിലോൺ, ഫെനലോൺ, എന്ന ഫ്രഞ്ചു വാഗ്മികൾ. ഇവർ പ്രസംഗം എഴുതിപ്പറഞ്ഞാണ് തങ്ങളുടെ ഔന്നത്യ പദവിയിൽ എത്തിയിട്ടുള്ളത്. ഇപ്പോൾ എല്ലാവരും ആരംഭത്തിൽ ഒരു വേദവാക്യം (Opening text) ഉദ്ധരിച്ചുകൊണ്ടാണല്ലൊ പ്രസംഗിക്കുന്നത്; ഈ പതിവിൻെറ ആരംഭകൻ ബോസ്വേ ആണെന്നാണു കേട്ടിട്ടുള്ളത്. സഭയിലെ പ്രഗത്ഭന്മാരായ മല്പാന്മാരുടെ ചരിത്രം ഗവേഷണം ചെയ്യുന്നപക്ഷം എത്ര തീവ്രമായി അവർ യത്നിച്ചിരുന്നുവെന്നു കാണാവുന്നതാണ്. മുപ്പതുകൊല്ലത്തെ പ്രേഷിതജോലിയുടെ ശേഷവും വി. അഗുസ്തീനോസ് എഴുതിയാണു പ്രസംഗിച്ചിരുന്നത്. 'ഞാൻ വളരെ ബുദ്ധിമുട്ടി പ്രസംഗം തയ്യാർ ചെയ്തു'54 എന്നു അദ്ദേഹംതന്നെ സമ്മതിച്ചു പറഞ്ഞിരിക്കുന്നു. വാഗ്മിലോകത്തിലെ മഹാരഥന്മാർ ഇങ്ങനെ ചെയ്തെങ്കിൽ സാധാരണക്കാർ പരിശ്രമംകൂടാതെ കഴിക്കാൻ മുതിരുന്നതെങ്ങിനെ?

മോൺസിഞ്ഞോർ ബെൻസൺ (Mgr. Benson) പ്രസംഗം തയ്യാർ ചെയ്യുന്നതു സംബന്ധിച്ചു നൽകുന്ന വ്യവസ്ഥകൾ ഇപ്രകാരമാണ്. 1) വാക്യങ്ങളെക്കുറിച്ചല്ലാതെ വിഷയങ്ങളെക്കുറിച്ചു പ്രസംഗിക്കുക. വാക്യങ്ങൾ ഒടുവിലാണ് തിരഞ്ഞെടുക്കേണ്ടത്.

2) പ്രസംഗം, തല, ഉടൽ, വാൽ,— മുഖവുര, പോയിൻറ്സ്, സമാപ്തി— ഇവയോടുകൂടിയ ഒരു സജീവശരീരമായി നിർമ്മിക്കുക. പോയിൻറ്സ് രണ്ടിൽ കുറയാതെയും നാലിൽ കൂടാതെയും ഉണ്ടായിരിക്കയും, ഓരോന്നും ഒററ വാചകത്തിൽ രേഖപ്പെടുത്താൻ വഴ്ഴാപ്യമായിരിക്കയുംവേണം. പ്രസംഗത്തിൻെറ പ്രധാന ഭാഗമായ ഇവയാണ് ആദ്യമെഴുതേണ്ടത്.

3) ഒടുവിലത്തെ വാക്യം മുഴുവനായൊ അല്ലെങ്കിൽ മിക്കവാറും മുഴുവനായൊ എഴുതുക. അതിനെ വികസിപ്പിക്കുന്നതിനൊ വിവരിക്കുന്നതിനൊ എന്തെല്ലാം പരീക്ഷ തോന്നിയാലും വഴിപ്പെടരുത്.



www.malankaralibrary.com

4) ഒന്നോ രണ്ടോ ദിവസംമുമ്പു ഈ നോട്ടു കുറിക്കലെല്ലാം ചെയ്തുതീർക്കേണ്ടതാണ്, തദനന്തരം അടങ്ങിയിരുന്നു എല്ലാം നല്ലപോലെ ഹൃദിസ്ഥമാക്കുക. പ്രസംഗിക്കുന്നതിനു മുമ്പ് ഒരിക്കലും സംസാരിക്കാൻ പാടില്ല.

5) മുഖവുര ശ്രോതാക്കളുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണം സരസമായി രചിക്കപ്പെട്ടതായിരിക്കണം.

6) പ്രസംഗം പദാനുപദം മനഃപാഠം പഠിക്കാതെ പറവാനുള്ള ആശയങ്ങളെ പഠിക്കുക.

7) പ്രസംഗിക്കുമ്പോൾ വ്യഞ്ജനങ്ങളുടെ കാര്യം സൂക്ഷിച്ചുകൊൾക, സ്വരങ്ങൾ അവയെത്തന്നെ സൂക്ഷിച്ചുകൊള്ളും.[55]

പ്രാസംഗികനെ ബാഹ്യമായി സഹായിക്കുന്ന പലേ കൂട്ടങ്ങളുണ്ട്. ആംഗ്യവും സ്വരപരിവർത്തന (Modulation)വും ഇവയിൽ പ്രധാനപ്പെട്ടവയാണ്. ആംഗ്യം വാക്കുകൾക്കനുസരണമായിരിക്കുമ്പോൾ, അതു നമ്മുടെ ആശയങ്ങളെ ശ്രോതാക്കളുടെ മനസ്സിൽ പ്രവേശിപ്പിക്കുന്നതിനുള്ള ഒരു വലിയ തുണയായി ഭവിക്കുന്നു; എന്നാൽ അതു സ്വാഭാവികമായിരിക്കണം. ഫെ്നലൻ പറയുന്നു: 'ആംഗ്യം ഏവർക്കും സുസാധ്യമല്ല, അപ്രകാരമുള്ളവർ അതിനെ കൂട്ടുപിടിക്കാതിരിക്കയാണു ഭേദം.[56] സ്വരപരിവർത്തനമാണ് പ്രസംഗകനു പററിയ വേറൊരു ഗുണം. ഒരേ സ്വരത്തിൽ തന്നെ പറയുന്നതായാൽ ശ്രോതാക്കൾക്കു മുഷിച്ചിലും നിരസവും ജനിക്കാതിരിക്കയില്ല. സ്വരഭേദമാണ് പ്രസംഗത്തിനു ശക്തിയും ജീവനും നൽകുന്നത്. സ്വരം തൊണ്ടയിൽനിന്നെടുക്കാതെ നെഞ്ചിൽനിന്നെടുക്കേണ്ടതാണെന്നാണു അലങ്കാരശാസ്ത്രജ്ഞന്മാരുടെ മതം, ക്ഷിപ്രക്ഷീണം, വായിൽവെള്ളംവററുക, മുതലായവയൊക്കെ ഈ വ്യവസ്ഥയനുസരിക്കാത്തതിൻെറ ഫലമാണുപോൽ.

സത്യത്തെ വ്യക്തമാക്കുക, മനോഹരമാക്കുക, മനുഷ്യഹൃദയങ്ങളെ ഭേദിക്കുന്നതാക്കുക, എന്ന ഉദ്ദേശത്രയമാണ് പ്രസംഗത്തിനുള്ളതെന്നു വി. അഗ്സ്റ്റീനോസ് പറയുന്നു. മററുവാക്കായി പറഞ്ഞാൽ പ്രസംഗം ലളിതവും ഹൃദ്യവും, ഹൃദയത്തെ ഇളക്കുന്നതും ആയിരിക്കണം.



www.malankaralibrary.com

പ്രസംഗം ലളിതമായിരിക്കണം; അതിൻെറ ഉദ്ദേശം ജനങ്ങളെ വേദകാര്യങ്ങളിൽ സുശിക്ഷിതരാക്കുകയത്രെ; ആകയാൽ കേൾവിക്കാർക്ക സുഗ്രഹമായ വിധത്തിലാണ പ്രസംഗിക്കേണ്ടതു്. എല്ലാ പ്രസംഗത്തിനും ഒരു പ്രത്യേകോദ്ദേശമുണ്ടായിരിക്കണമെന്നും, ഇതിൻെറ ആവശ്യകത കുറച്ചുപേർമാത്രമെ ഗ്രഹിച്ചിട്ടുള്ളുവെന്നും വി. സാലേസ് പറയുന്നു. ഇന്നത്തേക്കാൾ മതാദ്ധ്യയനം കൂടുതൽ നിഷ്കർഷയായി നടത്തപ്പെട്ടിരുന്ന ഒരു കാലത്തു്, സുപ്രസിദ്ധനായ ഫ്ളേവുറി (Fleury) ഇപ്രകാരമെഴുതി. 'വിശ്വാസസത്യങ്ങളിലും സഭാനിയമങ്ങളിലും വളരെ മോശമായ അഭ്യസനം ലഭിച്ചിട്ടുള്ളവർ സമുദായസോപാനത്തിൻെറ ഒട്ടുവിലത്തെ പടിയിൽ നില്ക്കുന്നവർ മാത്രമല്ല, ലൌകികകാര്യങ്ങളിൽ വിദഗ്ദ്ധന്മാരും, പരിഷ്കൃതസമുദായത്തിലെ ആചാരോപചാരങ്ങൾ സമ്യക്കായി ഗ്രഹിച്ചിട്ടുള്ളവരും, അത്രയുമല്ല വലിയ പണ്ഡിതന്മാർപോലും ചിലപ്പോൾ വേദജ്ഞാനത്തിൽ പിറകിൽ നില്ക്കുന്നതായി കാണുന്നുണ്ടു്.'

ഇരുപതുകൊല്ലത്തോളം പട്ടണത്തിലും നാട്ടിൻപുറത്തുമായി സുവിശേഷജോലി നിർവഹിച്ചിട്ടുള്ള ഫാദർ 'ലാംബിംഗ്' പറയുന്നു; കത്തോലിക്കാമതത്തിന് തദനുയായികളുടെ അജ്ഞത ഒരു വലിയ ന്യൂനതയായി ഭവിക്കുന്നുണ്ടു്. പഠിപ്പുള്ള നമ്മുടെ കത്തോലിക്കരിൽ എത്രപേർക്ക വേദോപദേശത്തിലെ ഒരു ഡസൻ ചോദ്യങ്ങൾക്കു ശരിയായ ഉത്തരം നൽകാൻ കഴിയും, ഞാൻ കണ്ടിട്ടുള്ളതിലേക്കും മതജ്ഞാനമുള്ള കത്തോലിക്കർ ചില കൃഷീവലന്മാരാണ്. അഭ്യസ്തവിദ്യരെന്നു ഗണിക്കപ്പെടുന്നവരിൽനിന്നു വേദജ്ഞാനം പ്രതീക്ഷിക്കുക അസ്ഥാനത്താകുന്നു. ആകയാൽ പ്രസംഗകൻ തൻെറ ശ്രോതാക്കൾക്ക് അവരുടെ മതത്തെപ്പററി ശരിയായ ജ്ഞാനമില്ലെന്നും, അവരെ പഠിപ്പിക്കുന്നതിനാണു ദൈവകല്പനപ്രകാരം പ്രസംഗപീഠത്തിൽ നില്ക്കുന്നതെന്നുമുള്ള ധാരണയിൽവേണം ദൈവവചനം അറിയിപ്പാൻ.57 'ആളുകളിൽ ഭൂരിപക്ഷവും വിദ്യാവിഹീനരാകുന്നു' (Magna pars ecclesiæ ex idiotis constat) എന്നു പറവാൻ വി. ജോൺക്രിസോസ്റ്റോം മടിക്കുന്നില്ല.



www.malankaralibrary.com

സലേസ് പുണ്യവാൻ പറയുന്നു. 'പ്രസംഗമണ്ഡപത്തിൽ കയറുമ്പോൾ ശ്രോതാക്കളുടെ സംഖ്യ കുറവായി കാണുന്നെങ്കിൽ സന്തോഷിക്കുക, ചെറിയ ജനക്കൂട്ടത്തിൽനിന്നാണു ഞാൻ കൂടുതൽ ഫലം എടുത്തിട്ടുള്ളതു്.'

വൃഥാസ്ഥൂലമായ രീതി, ഘോഷശബ്ദപ്രയോഗങ്ങൾ മുതലായവ പ്രസംഗത്തിൻെറ പാവനതയെ ഹനിക്കുന്നു. ഏററവും ലളിതമായ പ്രസംഗങ്ങൾ സുവിശേഷത്തിൽ കാണുന്ന ദിവ്യഗുരുവിൻെറ പ്രഭാഷണങ്ങളാണെന്നു സ്റ്റാംഗ്ഗ് പറയുന്നു. കുരുവിപക്ഷി, മത്സ്യം, വയലിലെ പുല്ല്, വിത്ത് മുതലായി മനുഷ്യൎക്കു നിത്യവും പരിചയമുള്ള കൂട്ടങ്ങളിൽനിന്നു ക്രിസ്തുനാഥൻ ഉപമകളേയും ഉദാഹരണങ്ങളേയും സ്വീകരിക്കുന്നു. ഒരു കുട്ടിക്കു് അദ്ദേഹത്തിൻെറ വാക്കുകൾ ഗ്രഹിപ്പാൻ കഴിയും, അവ വെളിച്ചംപോലെ നിൎമ്മലമാകുന്നു.

എന്നാൽ ലാളിത്യത്തെ ഗ്രാമീണതയായി തെററിധരിക്കരുതു്. പ്രസംഗകൻെറ ഭാഷ ക്ലിഷ്ടവും ച്യുതസംസ്കാരദോഷംകൊണ്ടു നിറഞ്ഞതുമാണെങ്കിൽ അതു കേൾവിക്കാരുടെ ഹാസ്യത്തിനു വിഷയീഭവിക്കാതിരിക്കയില്ല. ചില പദങ്ങളുടെ മുമ്പ് 'ആ'തന്നെ തുടൎച്ചയായി ചേൎക്കുക, ചിലതിനു 'ഈ' ചിലപ്പോൾ 'എന്നയാ' തുടങ്ങിയ വികടപ്രയോഗങ്ങളിൽ വീഴാതിരിപ്പാൻ ദൈവ വചനമെന്ന വിലപിടിച്ച രത്നത്തെ ഭാഷ എന്ന പട്ടിൽ പൊതിയുന്ന ധൎമ്മദൂതൻ പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.

പ്രസംഗം ഹൃദ്യമായിരിക്കണം. അതു ഹൃദയത്തിനു ആനന്ദവും ബുദ്ധിക്കു കുളൎമ്മയും നൽകേണ്ടിയിരിക്കുന്നു. സത്യത്തിനു സ്വതവേ ആസ്വാദ്യതയുണ്ടെങ്കിലും അതു സൌന്ദൎയ്യമെന്ന ഉടുപ്പിൽ പൊതിയപ്പെടുമ്പോൾ കൂടുതൽ ആകൎഷകമായി ഭവിക്കുന്നു. സൌന്ദൎയ്യം ക്രമത്തിൻെറ പ്രകടനവും, ക്രമം എപ്പോഴും ആനന്ദദായകവുമത്രെ. അതീതകാലത്തെ ചരിത്രസംഭവങ്ങളായിട്ടല്ല, ഇപ്പോൾ സജീവങ്ങളായിരിക്കുന്ന യാഥാൎത്ഥ്യങ്ങളായിട്ടാണു പ്രസംഗകൻ വിശ്വാസസത്യങ്ങളെ ജനസമക്ഷം അവതരിപ്പിക്കേണ്ടതു്. 'റെനിൻജർ' പറയുന്നു: 'സഭയിലെ തിരുനാളുകൾ



www.malankaralibrary.com

വെറും സ്മരണകളല്ല, അവ വിശ്വാസികളുടെ ഹൃദയങ്ങളിൽ ചിന്തപ്പെടുന്ന ഇഷ്ടപ്രസാദത്തിന്റെ ഒരാവർത്തനമാകുന്നു. പ്രസംഗം വേനൽക്കാലത്തെ കുളിർപോലെ ഉന്മേഷം നൽകുന്നതായിരിക്കണമെന്ന് ഒരു മഹാൻ പറഞ്ഞിരിക്കുന്നു. ഈ ഗുണങ്ങൾ അതിനുണ്ടാകുന്നതിന്, അത് ഒരിക്കലും അനാവശ്യമായി ദീർഘിക്കരുത്. ദീർഘമായ പ്രസംഗം ദുർബലപ്പെടുത്തുകയല്ലാതെ ശക്തിപ്പെടുത്തുകയില്ല. സാധാരണ ഞായറാഴ്ച പ്രസംഗങ്ങൾ ഇരുപതു മിനിട്ടു മതിയെന്നും അവ ഒരിക്കലും അര മണിക്കൂറിൽ കവിയരുതെന്നും വേദപണ്ഡിതന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെടുന്നു. ദീർഘ പ്രസംഗങ്ങളുടെ കാലം കഴിഞ്ഞിരിക്കുന്നു. ഇദാനീന്തന കാലത്തു മനുഷ്യരുടെ സഹനശക്തി കുറഞ്ഞിട്ടുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പത്രാധിപന്മാർക്കാണെങ്കിൽ ചെറിയ ലേഖനങ്ങളാണു പത്ഥ്യം. കാര്യം മുഴുവനും ഒററനോട്ടത്തിൽ ഗ്രഹിക്കുന്നതിനു അവർ വലിയ അക്ഷരങ്ങൾ ഉപയോഗിക്കുന്നു. പ്രസംഗം നീളിക്കുന്നതിനുള്ള കാരണങ്ങളിലൊന്ന് ഒരുക്കത്തിന്റെ കുറവാണ്. നീണ്ട പ്രസംഗങ്ങൾ മുഷിച്ചിൽ വരുത്തുന്നു. അവയെപ്പററി സിഡ്നി സ്മിത്ത് എന്ന മഹാൻ ഇങ്ങനെയൊരു ഫലിതം പറഞ്ഞിട്ടുണ്ട്. 'അപ്പായെ ആദത്തിൽനിന്നെടുത്തപോലെ, പാപം മനുഷ്യരിൽനിന്ന് ആദ്യം അവരെ ഉറക്കിയതിനു ശേഷമാണ് എടുക്കേണ്ടതെന്നു ചില പ്രാസംഗികന്മാർ വിചാരിക്കുന്നതുപോലെ തോന്നിപ്പോകുന്നു.'

ഫ്രാൻസിൽ ഔച്ചിലെ മെത്രാപ്പോലീത്തായായ മൊ. ബെഗ്ഗീൻ സ്വാധികാരത്തിൻ കീഴുള്ള വൈദികർ മേലാൽ പ്രസംഗങ്ങൾക്കു ൨൦ മിനിട്ടു സമയമേ ഉപയോഗിക്കാവൂ എന്ന് ഒരു കല്പന അടുത്തകാലത്തു പുറപ്പെടുവിച്ചിരിക്കുന്നു. കൊയിത്തുകാലത്തു വേലസ്ഥലത്ത് ആളുകളെ അത്യാവശ്യമാകയാൽ അപ്പോൾ പ്രസംഗം അഞ്ചുമിനിട്ടിൽ കൂടുതൽ ദീർഘിക്കരുതെന്നും ഇതിൽ നിർദ്ദേശിച്ചിട്ടുണ്ട്.[58]

പ്രസംഗം ഹൃദയത്തെ ഇളക്കുന്നതായിരിക്കണം, ഒരിക്കൽ ഒരു വേദശാസ്ത്രജ്ഞൻ കേൾവിക്കേട്ട ഒരു നടനോട് ഇപ്രകാരം



www.malankaralibrary.com

ചോദിച്ചു. 'എന്തുകൊണ്ടാണു നിങ്ങൾ വെറും കെട്ടുകഥകൾകൊണ്ടു ജനങ്ങളെ ഇളക്കി വശാക്കുകയും, ഞങ്ങളുടെ പ്രസംഗകന്മാർ സത്യം തന്നെ അറിയിച്ചിട്ടും അവർ ഇളകാതിരിക്കുകയും ചെയ്യുന്നതു്.' ഉടനെ നടൻ ഇപ്രകാരം മറുപടിപറഞ്ഞു. 'ഞങ്ങൾ കെട്ടുകഥയെ സരസകോമളമായ ഭാഷയിൽ ആകർഷണീയമായ അംഗ്യങ്ങളോടും ഭാവത്തോടുംകൂടി ഒരു യഥാർത്ഥ സംഭവമായി പറഞ്ഞുവിടുന്നു. നിങ്ങളുടെ പ്രസംഗകന്മാർ സത്യമായ വാസ്തവസംഭവത്തെ സങ്കല്പനാവൈഭവത്തിന്റെ ഫലമായ കെട്ടുകഥയെന്നോണവും പറയുന്നു. ഇതാണു കാരണം. ശ്രോതാക്കൾ പലതരത്തിൽ പെട്ടവരാണു്. ഒരു എഴുത്തുകാരൻ പറഞ്ഞിരിക്കുന്നതുപോലെ ചിലരോടു 'മെസപ്പത്തോമ്മിയാ'യെക്കുറിച്ചു പ്രസംഗിച്ചാൽ മതി, അവർ കണ്ണുനീർ വീഴ്ത്തിക്കൊള്ളും; അത്രയ്ക്കു ഒരുക്കപ്പെട്ടിരിക്കുന്നു അവരുടെ ഹൃദയം. എന്നാൽ മററു ചിലരുടെ ഹൃദയമാവട്ടെ കൃഷ്ണശിലാസന്നിഭമാണു്. 'ഞാൻ നിന്നിൽനിന്നു കല്ലുകൊണ്ടുള്ള ഹൃദയമെടുത്തിട്ടു മാംസംകൊണ്ടുള്ളതു തരും.'[59] എന്നു എസക്കിയേൽ പ്രവാചകൻ പറയുന്നു. ബുദ്ധി പ്രകാശിക്കുകയും ഹൃദയം എരിയുകയും ചെയ്യുമ്പോളാണു മനസ്സു പ്രവർത്തിക്കാൻ തിരുമാനിക്കുന്നതു്. ന്യൂമാൻ പറയുന്നു. 'മനുഷ്യഹൃദയത്തെ ഇളക്കുന്നതിനു വിശ്വാസവും ഉദ്ദേശശുദ്ധിയും നിഷ്കപട ഹൃദയവും വ്യക്തമായ ഭാഷണവുമല്ലാതെ, വിസ്മയാവഹമായി ഒന്നും ആവശ്യമില്ല. മനുഷ്യരക്ഷയ്ക്കായി ദൈവത്തിൽനിന്നു നൽകപ്പെട്ടിരിക്കുന്നതാണു് കത്തോലിക്കാമതമെന്നും, മററു മതങ്ങളെല്ലാം അസത്യങ്ങളുമാണെന്നുള്ള ബോധം പ്രസംഗകനു വേണ്ടിയിരിക്കുന്നു.[60] മററുള്ളവരെ ഇളക്കുന്നതിനു പ്രസംഗകൻതന്നെ ആദ്യം ഇളകേണ്ടിയിരിക്കുന്നു. 'എന്നെ കരയിക്കണമെങ്കിൽ നീതന്നെ ആദ്യം കരയുക' എന്നു പഴഞ്ചൊല്ലുണ്ടല്ലൊ.

മനുഷ്യരെ ആകർഷിക്കുന്നതിനുള്ള മാർഗ്ഗം അവരെ സ്നേഹിക്കയാകുന്നു എന്നു് ബിഷപ്പ് വോൺപറയുന്നു. സ്നേഹം ഹൃദയത്തെ അടിമപ്പെടുത്തുന്നു. അപരിഷ്കൃതനോ പാപിഷ്ഠനോ എന്ന വ്യത്യാസംവിനാ ഏവനും സുഗ്രഹമാകുന്നു സ്നേഹമെന്ന ഭാഷ. അതി



www.malankaralibrary.com

ൻെറ അത്ഭുതകരമായ ശക്തിയെ ഒന്നും എതിക്കുകയില്ല. പ്രസംഗകൻെറ വിശ്വാസവും ധീരതയും, അവൻ പറയുന്നതു സത്യമാണെന്ന സാക്ഷ്യം വഹിക്കുന്നു. ആകയാൽ സ്റ്റാംഗ് പറയുന്നു: പ്രസംഗിക്കാൻ തുടങ്ങുമ്പോൾ നിന്നിലുള്ള വിശ്വാസത്തെ വൃദ്ധിക്കുക, അതു മലകളെ ഇളക്കുന്ന വിശ്വാസമാകുന്നു, അത് അപ്പോസ്തോലന്മാരുടെ സുദൃഢമായ വിശ്വാസവും രക്തസാക്ഷികളുടെ ഉജ്ജ്വലമായ വിശ്വാസവും, ഖ്യാപകന്മാരുടെ ബലവത്തായ വിശ്വാസവും, കന്യകകളുടെ നിമ്മലമായ വിശ്വാസവുംആകുന്നു.[61]

ആർച്ചുബിഷപ്പ് മോയിസ്റ്റൺ പറയുന്നു: 'പ്രസംഗപീഠത്തിൽനിന്നു അതതുകാലത്തു സഭയിൽ നടക്കുന്ന ശ്രദ്ധാർഹമായ വാത്തകളും സംഭവങ്ങളും അറിയിക്കുന്നതു നല്ലതാണ്. ഉദ: മതപീഡനങ്ങൾ, ദിവ്യകാരുണ്യകോൺഗ്രസ്സുകൾ, ഇവ ശ്രോതാക്കളിൽ നവചൈതന്യം സൃഷ്ടിക്കാൻ പയ്യാപ്തമാകുന്നു.

എന്താണു നമുക്കു പ്രസംഗിപ്പാനുള്ളതു്? വി. പൌലോസ് കൊറിന്തിയാക്കാർക്കിപ്രകാരമെഴുതി; ഞങ്ങൾ ഞങ്ങളെത്തന്നെ പ്രസംഗിക്കുന്നില്ല, പ്രത്യുത, നമ്മുടെ കത്താവായ മ്ശിഹായെ അത്രെ.[62] അതെ, വൈദികനു പ്രസംഗിപ്പാനുള്ളതു മ്ശിഹായെ– കൃശിതനായ മ്ശിഹായെ– കുറിച്ചാകുന്നു. മനുഷ്യനു പറവാനുള്ളതിലേല്ലാം ശ്രേഷ്ഠമായ വിഷയമത്രെ ഇതു്. വിശ്വസിപ്പാനുള്ള സത്യങ്ങളെയും, പ്രവൃത്തിയിൽ വരുത്താനുള്ള നിയമങ്ങളെയും, (Dogma and moral) അധികരിച്ചു നാം പറയണം. എതദത്ഥം വിശ്വാസപ്രമാണം, വേദപ്രമാണം, സഭയുടെ കല്പനകൾ, കൂദാശകൾ മുതലായവയെക്കാൾ ഉപരിയായ വിഷയങ്ങൾ തിരഞ്ഞെടുക്കാനില്ല. ഇവയെല്ലാം മ്ശിഹായുടെ പാഠങ്ങളല്ലാതെ മറെറന്താണ്? തന്നിമിത്തമാണ് 'ഞാൻ മ്ശിഹായെ പ്രസംഗിക്കുന്നു' എന്നു വി. പൌലോസ് എഴുതിയതു്. കുമ്പസാരം, കർബാന, പ്രതിദിനപ്രാത്ഥന, ആത്മശോധന, പ്രധാനപാപങ്ങൾ, പ്രമുഖസുകൃതങ്ങൾ മുതലായവ എല്ലാകൊല്ലവും പ്രസംഗിക്കാവുന്നതാണ്.[63] വി. അൽഫോൻസ് ലിഗോരിപറയുന്നു: 'പ്രാത്ഥനയുടെ ആവശ്യകതയെപ്പോലെ ഗ്രന്ഥകാരന്മാരും പ്രസംഗക



www.malankaralibrary.com

ന്മാരും കുമ്പസാരക്കാരും ഇത്ര ക്രുടെക്കൂടെ അനുസ്മരിപ്പിക്കേണ്ട ഒരു സംഗതി മററില്ല.'

മേൽപ്പറഞ്ഞവയെപ്പററി വഴിപോലെ പ്രസംഗിക്കുന്ന ഒരുവനു വേദപുസ്തകത്തിൽ, ഉപരിപ്ലവമായതല്ലാത്തതും ശരിയായതുമായ പരിജ്ഞാനം വേണ്ടിയിരിക്കുന്നു. വേദഗ്രന്ഥത്തിൽ നിന്നു പ്രസംഗിക്കുന്നപക്ഷം ആവശ്യമുള്ളതൊക്കെ വന്നുകൊള്ളും. വചനം അതായത് ദൈവനിവേശിതമായ വചനം പ്രസംഗിക്കുക, എന്നാണല്ലോ വി. പൌലോസ് തിമോത്തിക്കു നൽകുന്ന ശാസനം. വേദോക്തിയെ എതിർക്കാൻ ഒരുവനും സാധിക്കുന്നതല്ല, എന്തുകൊണ്ടെന്നാൽ അതു പരിശുദ്ധാത്മാവിന്റെ വചനമാകുന്നു. പ്രസംഗകനു വേദവാക്യങ്ങൾ സുലഭങ്ങളായി തോന്നണം. വി. അഗുസ്തിനോസു പറയുന്നു; ഒരുവനു വേദപുസ്തകത്തിലുള്ള പാണ്ഡിത്യത്തിന്റെ ക്രുടുതൽ കുറവനുസരിച്ച് അവൻ മെച്ചമായോ തുച്ഛമായോ പ്രസംഗിക്കുന്നു. അപ്പോസ്തോലൻ പറയുന്നു; ദൈവനിവേശിതമായ വേദലിഖിതമെല്ലാം പഠിപ്പിക്കാനും ശാസിക്കാനും തിരുത്തുവാനും നീതിയിൽ അഭ്യസിക്കുവാനും പ്രയോജനമുള്ളതാകുന്നു.[64]

സ്വാഭിപ്രായങ്ങളെ വേദവാക്യങ്ങൾകൊണ്ടു് ദൃഢീകരിക്കയും അവയെ ഏവർക്കും സുഗ്രഹമായ വിധത്തിൽ വ്യാഖ്യാനിക്കയും ചെയ്യുമ്പോൾ എന്തൊരു സ്വർഗ്ഗീയസ്വാരസ്യവും ചൈതന്യവുമാണു നമ്മുടെ വാക്കുകൾക്കുണ്ടാവുക? വേദഭാഷ ഏവർക്കും മനസ്സിലാക്കാൻ കഴിയും. എന്തുകൊണ്ടെന്നാൽ അതു മനുഷ്യജാതിയുടെ പൊതുഭാഷയാകുന്നു. സ്ഥലം, കാലം, ശീതോഷ്ണാവസ്ഥ, എന്നിങ്ങനെയുള്ള വ്യത്യാസംചിനാ അതു ലോകാവസാനംവരെ മാനവഹൃദയത്തെ ആവർജ്ജിച്ചുകൊണ്ടുതന്നെ ഇരിക്കും. ലത്തീൻകാരും ഗ്രീക്കുകാരുമായ വിശുദ്ധ പിതാക്കന്മാർ വേദാഗമമാമെന്ന മഹാർണ്ണവത്തിൽ ഇറങ്ങിമുങ്ങി അതിലെ മുത്തുമണികളിൽ ധാരാളം വാരിയെടുത്തിട്ടുള്ളവരാകുന്നു. വേദപുസ്തകം ഇന്നു നഷ്ടപ്പെട്ടാൽ പിതാക്കന്മാരുടെ കൃതികളിൽനിന്നു് അതു മുഴുവനും ശേഖരിച്ചെടുക്കാമെന്നു പറയപ്പെട്ടിരിക്കുന്നു. നമുക്കു എത്തുപെട്ടിട്ടുള്ള ഏററവും



www.malankaralibrary.com

പൌരാണികമായ പ്രസംഗം റോമ്മായിലെ വി. ക്ലെമൻറിൻേറ താണ്. കൊറിന്തിയാക്കാർക്കെഴുതിയ ഈ ശാസനോപദേശത്തിൽ നൂററിഇരുപതോളം വേദവാക്യങ്ങളുണ്ടായിരുന്നെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ വിശുദ്ധന്മാരെ അനുകരിച്ചു വൈദികർ വേദഗ്രന്ഥപാരായണത്തിൽ അല്ല പഠനത്തിൽ സുതരാം അഭിയതിക്കേണ്ടിയിരിക്കുന്നു. വി. ജിറോം നെപ്പോസിയന്‌ ഇപ്രകാരമെഴുതി: 'ദിവ്യഗ്രന്ഥങ്ങളെ പലപ്പോഴും വായിക്കുക, നിൻെറ കയ്യിൽ നിന്നു അവ ഒരിക്കലും താഴത്തുവയ്ക്കരുത്'.65 പുതിയനിയമം മാത്രമല്ല പഴയനിയമവുംകൂടി വായിക്കേണ്ടിയിരിക്കുന്നു. വേദപുസ്തകം ഒരു ഭാഷ്യത്തോടുകൂടി വായിക്കുന്നതു തനിയെ വായിക്കുന്നതിൽ ഇരട്ടി ഫലപ്രദമാകുന്നു. വേദവാക്യങ്ങൾ ശരിയായി ഉപയോഗിക്കുന്നതിനു ഒരു ഒത്തുവാക്യഗ്രന്ഥ (Concordantia) വുമാവശ്യമാണ്.

ഞായറാഴ്ചത്തെ സുവിശേഷത്തെമാത്രം അസ്പദീകരിച്ചു പറയുന്നതുകൊണ്ടു വേദപുസ്തകത്തിൽനിന്നു പ്രസംഗിക്കുന്നു എന്നു അഭിമാനിക്കാൻപാടില്ല. ഫാദർ ഹൾ പറയുന്നു. 'ഞായറാഴ്ച സുവിശേഷത്തെ അടിസ്ഥാനപ്പെടുത്തി അനേകം പ്രസംഗപുസ്തകങ്ങൾ ഇന്നുണ്ട്. എന്നാൽ ഈ എളുപ്പംനോക്കി പ്രസംഗകന്മാർ എന്നും ഞായറാഴ്ച സുവിശേഷത്തെ ശരണീകരിക്കുന്നതു ഭംഗിയല്ല. അതു ജനങ്ങൾക്കു മുഷിച്ചിൽവരുത്തിയേക്കും. ഒരു കൊല്ലം മുഴുവനും എല്ലാ തിങ്കളാഴ്ചത്തെ സുവിശേഷം, അടുത്തകൊല്ലം ചൊവ്വാഴ്ചത്തേതു, ഇങ്ങനെ ഓരോ ആഴ്ചയ്ക്കായിട്ടു ഓരോ കൊല്ലം വിനിയോഗിക്കുന്നപക്ഷം നമ്മുടെ ലിററർജിയിൽ മറഞ്ഞുകിടക്കുന്ന നിക്ഷേപങ്ങളെ വെളിക്കുകൊണ്ടുവരാൻ സാധിക്കുന്നതാണ്'.66

ആവുംവിധമെല്ലാം ഒരുങ്ങിയശേഷം പ്രസംഗകൻ തന്നിൽത്തന്നെ അവിശ്വസിച്ചുകൊണ്ട് വിശുദ്ധ കുർബാന സമക്ഷം മുട്ടുകുത്തി തനിക്കു പറവാനുള്ളതെല്ലാം അവിടെ സമർപ്പിക്കണം. Pater luminum എന്നാരംഭിക്കുന്ന ജപം67 ഈ അവസരത്തിൽ ചൊല്ലുന്നതുത്തമം. സലേസ് പുണ്യവാൻ പറയുന്നു; പ്രസംഗിക്കുന്നതിനുമുമ്പു പ്രസംഗകൻ തൻെറ പാപങ്ങളെ കുമ്പസാരിക്കയും



www.malankaralibrary.com

കുർബാന ചൊല്ലുകയോ (വിശുദ്ധ കുർബാന ഉൾക്കൊള്ളുകയോ) ചെയ്യുന്നതും അഭിലഷണീയമാകുന്നു. പ്രസംഗപീഠത്തിലേയ്ക്കുള്ള യാത്രയിൽ അൾത്താരയുടെ മുമ്പാകെ മുട്ടുകുത്തി, ചുണ്ടിലും നെഞ്ചിലും കുരിശടയാളംവരച്ച് ഇങ്ങനെ പ്രാർത്ഥിക്കട്ടെ. 'കർത്താവെ, ഏലിയാദീർഘദർശിയുടെ അധരത്തെ അഗ്നിയാൽ പരിശുദ്ധമാക്കിയതുപോലെ എന്റെ ഹൃദയത്തേയും ചുണ്ടുകളേയും പരിശുദ്ധമാക്കേണമെ'.

## കുറിപ്പുകൾ.

1 Psl. 149. 6.
2 Op. Cit. p. 174.
3 Rom. X. 13–14.
4 Rom. X. 17.
5 Heb. IV. 12.
6 Jer. XXIII. 9.
7 Eccl. XI. 1
8 Op. Cit.
9 Rom. X. 15.
10 Joel. II. 1.
11 Isa. LXVIII. 1.
12 Ezech. XXXIII. 8. 9.
13 Luk. IV. 8.
14 Mark. I. 38.
15 Mark. XVI. 15.
16 Mark. XVI. 20.
17 Math. X. 27.
18 Acts V. 29.
19 Acts. II. 2, 4.
20 I. Cor. IX. 16.
21 2. Tim. IV. 1.
22 Sess. 1–2.
23 CN. 1344– 1.
24 Prax. Conf. N. 203.
25 Amb. of Christ. p. 278.
26 Selv: p. 266.
27 In Evang. Homil. 12.
28 Heb. V. 24.
29 Math. VII. 29.
30 2. Cor. V. 20.
31 Ezech. III. 17.
32 Vide Supra.
33 Rom. I. 9.
34 Ephes. VI. 19.
35 Colos. IV. 3.
36 2. Thesal. III. 1.
37 Ezech. Homil. 1.
38 St. Aust. 1–4. de Doct. Christ.
39 Op. Cit. p. 541.
40 Jn. III. 11.
41 Eternal. Priest. p. 202.
42 Compl. Works. Vol. XX.
43 2. Cor. IV. 5.
44 Op. Cit. p 181.
45 In Medit. for Secul. Priest. Vol. I. p. 549.
46 Matth. X. 19.
47 I. Tim. IV. 13.
48 Lex. Levit. p. 115.
49 Amb. of Chr. p. 290.
50 Op. Cit. p. 187.
51 Young Priest. Keep sake. p. 28–30.
52 Op. Cit. p. 422.
53 Idea of a University.
54 Op. Cit.
55 Pastoral Guide. p. 89.



www.malankaralibrary.com

56 Op. Cit. [Sept. 1892,
57 Amer. Eccl. Review.
58 മദ്ധ്യസ്ഥൻ. പു. 8. ല. 7.
59 Ezech. XI. 19.
60 Sermons to Mixed Congregation.
61 Op. Cit. p. 39.
62 2. Cor. IV. 5.
63 Pastoral Guide. p. 84.
64 II. Tim. III. 16.
65 Epist. 34.
66 In Examiner.
67 Thesaurus Electorum. Editio prima. p. 53.

# അദ്ധ്യായം ൭.

## വൈദികൻെറ ചാരിത്ര്യം.

കത്തോലിക്ക പുരോഹിതൻെറ ഹൃദയമാകുന്ന പൂങ്കാവനത്തെ അലങ്കരിക്കേണ്ട സുകൃതസുമങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാകുന്നു ശുദ്ധത. ഗിബ്ബൺസ് എഴുതുന്നു. 'ഒരു പട്ടക്കാരന് അബ്രാഹത്തിൻെറ വിശ്വാസവും, ശ്ലേമ്മോൻെറ ജ്ഞാനവും, ദാവീദിൻെറ ഭക്തിയും, ഏലിയായുടെ തീക്ഷ്ണതയും, ജോബിൻെറ ക്ഷമയും, മാംദാനായുടെ ധീരതയും പൌലോസിൻെറ വാഗ്മിത്വവും ഉണ്ടായിരുന്നാലും, ചാരിത്ര്യമെന്ന പടത്തൊപ്പി അവൻ ധരിക്കാത്തപക്ഷം, അവൻെറ ആത്മീയായുധവർഗ്ഗം അപൂർണ്ണമേ ആയിരിക്കയുള്ളൂ. [1] ആകയാൽ ശുദ്ധതയെ അഭംഗമായി സംരക്ഷിക്കുന്നതിനു നാം എത്രമാത്രം കടപ്പെട്ടിരിക്കുന്നു എന്ന് വിശദം.

വി. ബൊനവെഞ്ചുരാ പറയുന്നു. 'മ്ശിഹാ ഒരു ബ്രഹ്മചാരിയും, കന്യകയുടെ സുതനും, ബ്രഹ്മചാരികളുടെ മണവാളനുമാകുന്നു. [2] ക്രിസ്തുനാഥൻെറ വിമലത ഈ ചെറുവാചകത്തിൽ സുതരാം വിരാജിക്കുന്നുണ്ട്. ദൈവസുതൻ എടുത്ത മാനുഷസ്വഭാവത്തിൻെറ ഒരു പ്രത്യേക ഗുണമാകുന്നു ശുദ്ധത. അവതീർണ്ണനായ ദൈവപുത്രൻ വിശപ്പ്, ദാഹം, ക്ഷീണം മുതലായ മർത്ത്യസാധാരണങ്ങളായ അവശതകൾക്കു അധീനനായിരുന്നെങ്കിലും, ഒരിക്കലും തന്നിൽ ജഡമോഹം എന്നൊന്നു അംകുരിച്ചിട്ടേ ഇല്ല.



www.malankaralibrary.com

തന്റെ ദിവ്യാത്മാവ് ശരീരത്തിന്മേൽ പൂർണ്ണമായ കർത്തവ്യം നടത്തി, തൽഫലമായി ദേഹം ദേഹിക്കു സമഗ്രമായി കീഴ്പ്പെട്ടിരുന്നു തന്നിൽ.

മററുള്ളവർ തങ്ങളോടു ബലം പ്രയോഗിച്ചു ശുദ്ധത പാലിക്കുമ്പോൾ, ദിവ്യരക്ഷകനായ മ്ശിഹാസ്സു് അതു സ്വതേ ഉണ്ടായിരിക്കുന്നു. ലീലി പുഷ്പത്തിനു ധാവള്യമെന്നോണം നൈസർഗ്ഗികമാകുന്നു മ്ശിഹാസ്സു നിർമ്മലത്വം. മററു മനുഷ്യർ ചാരിത്ര ശുദ്ധിയുടെ ഏതാനും പദവികൾ മാത്രം കയറുന്നു. എന്നാൽ തന്റെ ചാരിത്ര്യമാവട്ടെ പരിപൂർണ്ണവും, അനന്തവും, തൻമൂലം വർണ്ണനാതീതവുമാകുന്നു. മററുള്ളവർ സ്വശക്തിയാലല്ല, ദൈവാനുഗ്രഹത്താലത്രെ വിമലത പാലിക്കുന്നതു്. എന്നാൽ താൻ സ്വയമേവ വിരക്തനാകുന്നു. ദിവ്യത്വംപൂണ്ട ആ ശരീരത്തിന്റെ— അനേകം അത്ഭുതങ്ങൾക്കു നിദാനമായിരുന്ന ആ ശരീരത്തിന്റെ— ഒരു ഭൂഷണവുമാകുന്നു വിശുദ്ധ പുണ്യം. 'ശക്തി തന്നിൽനിന്നു പുറപ്പെട്ടു സകലരേയും സുഖപ്പെടുത്തി[3] എന്നു സുവിശേഷകൻ സാക്ഷിക്കുന്നുണ്ടു്. രക്തസ്രാവ രോഗബാധിതയായ സ്ത്രീക്കു യേശുവിന്റെ വസ്ത്രാഞ്ചലം മാത്രം സ്പർശിക്കേണ്ട ആവശ്യമേയുണ്ടായിരുന്നുള്ളു അവളുടെ കഠിനമായ രോഗത്തിന്റെ ഉപശാന്തിക്കു്.

ദൈവദൂഷണം, സാബത്തുലംഘനം, രാജദ്രോഹം മുതലായ കുററങ്ങൾ തന്നിൽ കപടമായി ആരോപിക്കുന്നതിനു തന്റെ വൈരികൾക്കു ക്രിസ്തുനാഥൻ അനുവദിച്ചെങ്കിലും ചാരിത്ര്യശുദ്ധിയുടെ കാര്യത്തിൽ തന്നെ സംശയിക്കുന്നതിനുപോലും സമ്മതിച്ചില്ല. ഇതേവിധം, തന്റെ ശിഷ്യഗണത്തിൽ അത്യാഗ്രഹം, ബഹുമാനേച്ഛ, ഭീരുത്വം, സ്വാമിദ്രോഹം തുടങ്ങിയ കുററങ്ങൾ നമുക്കു കാണാൻ സാധിക്കുമെങ്കിലും, അവരുടെ ചാരിത്രത്തെ മലിനമാക്കുന്ന ഒററ സൂചനപോലും സുവിശേഷത്തിൽ കണ്ടുമുട്ടുന്നില്ല. ഒരുകാലത്തു പാപിനിയായിരുന്ന വി. മറിയംമഗ്ദലേനാ, മ്ശിഹായുടെ തൃപ്പാദങ്ങളെ കണ്ണുനീർകൊണ്ടു കഴുകി തലമുടികൊണ്ടു തുടച്ചപ്പോൾ, തന്നെ വിരുന്നിനു ക്ഷണിച്ച ഫരിശൻ ഇങ്ങനെ ആത്മഗതംചെയ്തു. 'ഇവൻ (മ്ശിഹാ) ഒരു ദീർഘദർശി



www.malankaralibrary.com

യായിരുന്നെങ്കിൽ, ഇവനെ സ്പർശിക്കുന്ന സ്ത്രീ ആരെന്നും ഏതു ത രത്തിൽ പെട്ടവളെന്നും അറിയുമായിരുന്നു; എന്തുകൊണ്ടെന്നാൽ അവൾ ഒരു പാപിനിയാകുന്നു. 4 അതെ, ക്രിസ്തുവിന്റെ ബദ്ധ വൈരികൾ തന്റെ ദിവ്യത്വത്തെ സംശയിച്ചാലും തന്റെ ശു ദ്ധതയെ സംശയിക്കുന്നതിനു ഒരുമ്പെട്ടന്നില്ല; ഇതിൽനിന്നു ത ന്നിൽ വിശുദ്ധ പുണ്യം എത്ര ജാജ്വല്യമാനമായി പ്രകാശിച്ചിരു ന്നുവെന്നു വിശദമാണല്ലൊ.

മ്ശിഹാ ഒരു കന്യകയുടെ സുതനാകുന്നു. വി. ലെയൊ മ്ശിഹായെ കന്യാത്വത്തിന്റെ പുത്രനെന്നാണു വിളിക്കുന്നതു്. തന്റെ പിതാവിൽനിന്നു നിത്യത്വം മുതലും, പരിശുദ്ധ മറിയ ത്തിൽനിന്നു കാലത്തിന്റെ പൂൎണ്ണതയിലും, മ്ശിഹായ്ക്കു കാന്യമാ യ ജനനമാണുണ്ടായിട്ടുള്ളതെന്നു അംബ്രോസു പുണ്യവാൻ പറയു ന്നു. ത്രിത്വത്തിന്റെ രണ്ടാമത്തെ ആളായ പുത്രൻ പിതാവിൽ നിന്നു നിത്യത്വം മുതല്ക്കേ ജനിച്ചു, ഈ ജനനം കാന്യമായ വി ധത്തിലായിരുന്നു. ചാരിത്ര്യത്തിന്റെ പരിപൂൎണ്ണമാതൃക കാണുന്നതി നു നാം ത്രിത്വത്തിലേക്കു എത്തിനോക്കണമെന്നു ഷെയ്ഗ്നോൻ പറയുന്നു. Prima Virgo Trinias est നിജകന്യകാത്വത്തിനു ഭംഗം നേരിടുന്നപക്ഷം ദിവ്യമാതൃസ്ഥാനം കൈവെടിയുന്നതിനുകൂടി പ രിശുദ്ധ മറിയം സന്നദ്ധയായിരുന്നു; ഈ സന്നദ്ധത തന്നെയാണു ആ സ്ഥാനത്തിന് ഈ അമ്മയെ അർഹയാക്കിയതും. വിശുദ്ധ മറിയത്തിന്റെ കന്യാത്വമാകുന്ന തന്റെ ഉദരത്തിലേയ്ക്കു ദൈവ പുത്രനെ ആകൎഷിച്ചതു്. ദൈവസുതന്റെ മാതാവാകുന്നതിനു ള്ള നാരീമകുടം അമലോത്ഭവ മാത്രമല്ല, കന്യകകൂടിയായിരിക്ക ണമെന്നായിരുന്നു ദൈവനിശ്ചയം. അതിപവിത്രയായ കന്യക, കന്യകകളുടെ കന്യക, എന്നീ നാമങ്ങളത്രേ വിശുദ്ധ മറിയത്തി നു യോജിച്ചതു്. പരിശുദ്ധ മറിയത്തിന്റെ പരിപൂൎണ്ണമായ ചാ രിത്ര്യശോഭയാണു് അവളുടെ മഹിമയ്ക്കു കാരണമെന്നു ഹില്ലാരി യോൻ പുണ്യവാൻ സമൎത്ഥിക്കുന്നു. മറിയം ശരീരത്തിലും മനസ്സി ലും സൎവ്വത്ര വിമലയായിരുന്നതിനാലാണു ദൈവദൂതൻ അവളെ 'നന്മനിറഞ്ഞവളെ' എന്നു അഭിസംബോധനം ചെയ്തതു്.



www.malankaralibrary.com

മ്ശിഹാ ബ്രഹ്മചാരികളുടെ മണവാളനാകുന്നു. ശുദ്ധതകൊണ്ടു അലംകൃതരായ ആത്മാക്കളെ മ്ശിഹാ അധികമായി സ്നേഹിക്കയും അവരോടു പ്രത്യേക വിധത്തിൽ യോജിക്കയും ചെയ്യുന്നു. വൈവാഹിക ബന്ധമുപേക്ഷിച്ചു ജീവിക്കുന്നവർ യേശുവിനെ തങ്ങളുടെ ആത്മാക്കളുടെ പ്രാണവല്ലഭനായി സ്വീകരിച്ചിരിക്കുന്നു. ആകയാൽ നിർമ്മലജീവിതം നയിക്കുന്നവർക്ക 'പാട്ടുകളുടെ പാട്ടിലെ മണവാട്ടിയെപ്പോലെ' എൻെറ പ്രിയൻ എൻേറതും ഞാൻ അവൻേറതും എന്നു പറവാൻ അവകാശമുണ്ട്. മററു നീതിമാന്മാരേക്കാൾ ഗാഢമായിട്ട് അവർ ക്രിസ്തുവിനോടു യോജിക്കുന്നു.

യേശുനാഥനോട് അടുത്തു പെരുമാറിയിട്ടുള്ളവരൊക്കെ വിശുദ്ധ പുണ്യംകൊണ്ട് അലംകൃതരായിരുന്നുവെന്നു സുവിശേഷം നമുക്ക കാണിച്ചുതരുന്നുണ്ട്. പരിശുദ്ധ കന്യാസ്ത്രീമറിയം കഴിഞ്ഞാൽ മ്ശിഹായെ അധികമായി കരങ്ങളിൽ എടുക്കുന്നതിനും, തലോടുന്നതിനും ചുംബിക്കുന്നതിനും, ഭാഗ്യം ലഭിച്ചിട്ടുള്ളതു ബ്രഹ്മചാരിയായ യൌസേപ്പു പുണ്യവാനല്ലാതെ മററാക്കാണ്? ക്രിസ്തുവിൻെറ മുന്നോടിയും സ്ത്രീജരിൽ അഗ്രഗണ്യനുമായ മാംദാനാ ഒരു ബ്രഹ്മചാരിയും വന്ധ്യയുടെ സുതനും അല്ലായിരുന്നോ? 'യേശു സ്നേഹിച്ച ശിഷ്യൻ' എന്നു വിളിക്കപ്പെടുന്നതിനും ഒടുവിലത്തെ അത്താഴനേരത്തു അവിടത്തെ മാർവ്വിൽ ചാരിക്കിടക്കുന്നതിനും ഭാഗധേയം സിദ്ധിച്ച യോഹന്നാൻ സുവിശേഷകൻ ഒരു വിരക്തനായിരുന്നു.

സ്വർഗ്ഗസ്ഥരുടെ ഇടയിലേയ്ക്കു നമ്മുടെ നയനങ്ങളെ ഉയർത്തുന്ന പക്ഷം, അവിടെയും വിരക്തരെ തിരിച്ചറിവാൻ സാധിക്കും. അവർ ദിവ്യകുഞ്ഞാടിൻെറ അംഗരക്ഷകന്മാരാകുന്നു. വെളിപാടിൻെറ പുസ്തകത്തിൽ ഇങ്ങനെ കാണുന്നു. 'ഇതാ, കുഞ്ഞാടു സെഹിയോൻ മലയിൽ നിൽക്കുന്നു; അതോടൊന്നിച്ച് അതിൻെറ പേരും അതിൻെറ പിതാവിൻെറപേരും നെററിയിലെഴുതിയിട്ടുള്ള നൂററിനാല്പത്തിനാലായിരമുണ്ടായിരുന്നു. അവർ സിംഹാസനത്തിൻെറ മുമ്പാകെയും നാലുജീവികളുടെയും മൂപ്പന്മാരുടെയും



www.malankaralibrary.com

മുമ്പാകെയും ഒരു പുതിയ ഗാനം എന്നോണം പാടിയിരുന്നു. ഭൂമിയിൽ നിന്നു വിലയ്ക്കുവാങ്ങപ്പെട്ട നൂററിനാല്പത്തിനാലായിരംപേക്കല്ലാതെ മററാക്കും ആ പാട്ടുപാടുവാൻ കഴിഞ്ഞിരുന്നില്ല. ഇവർ സ്ത്രീകളോടുകൂടി മലിനപ്പെടാത്തവരാകുന്നു. എന്തെന്നാൽ ഇവർ ബ്രഹ്മചാരികളാണ്. ഇവർ കുഞ്ഞാടു എവിടെപ്പോയാലും അതിനെ അനുഗമിക്കുന്നു.' 5

ലോകത്തിന് അതിൻെറ ശൈശവാവസ്ഥയിൽ പൂണ്ണമായ ചാരിത്ര്യശുദ്ധി ദൈവം വെളിപ്പെടുത്തിയില്ല. എന്തുകൊണ്ടെന്നാൽ അതിൻെറ മാഹാത്മ്യം മനസ്സിലാക്കുന്നതിനു ലോകം അന്നു പ്രാപ്തമല്ലായിരുന്നു. അവതീണ്ണനായ ദൈവസുതൻതന്നെ വേണ്ടിയിരുന്നു ഭൂമുഖത്തു അതിനെ പ്രഖ്യാപനം ചെയ്യാൻ. എന്നാൽ ക്രിസ്തുനാഥനാവട്ടെ ഒരു ഉപദേശമായിട്ടല്ലാതെ പ്രമാണമായിട്ട് അതിനെ നൽകിയില്ല. പ്രമാണം എല്ലാവക്കുമായിട്ടാകുന്നു. ഉപദേശം ചിലക്കുമാത്രമാകുന്നു. പൂണ്ണമായ വിരക്തി അനുഷ്ഠിക്കുന്നതിനു ഏവരെക്കൊണ്ടും സാദ്ധ്യമല്ല; അതുകൊണ്ടാണു ക്രിസ്തുനാഥൻ അതിനെ പ്രമാണത്തിനു വിഷയമാക്കാഞ്ഞത്. വി. ബെണ്ണാർഡു പറയുംപോലെ പ്രമാണമാകാതിരിക്കത്തക്കവണ്ണം അതു അത്രശ്രേഷ്ഠ ഉൽകൃഷ്ടമായിരുന്നു.

കുസുമങ്ങൾക്കു വണ്ണവൈവിധ്യമെന്നോണവും, കനകത്തിനു കാന്തിയെന്നോണവും, രത്നത്തിനു ദീപ്തിയെന്നോണവും, ശുദ്ധത മററു സുകൃതങ്ങൾക്കു ഓജസ്സും തേജസ്സും പ്രദാനം ചെയ്യുന്നു. വീരവാളിപ്പട്ടിന് നിരാളരേഖയിടുന്നതുപോലാണ് എളിമ, ക്ഷമ, ത്യാഗം മുതലായ പുണ്യങ്ങളോടു വിരക്തി മേളിക്കുന്നതെന്നു പറയാം. ശുദ്ധതാവിഭൂഷിതയായ ഒരാത്മാവിൻെറ വില ആരറിഞ്ഞു. വേദപുസ്തകം അതിനെ ലോഭം കൂടാതെ പ്രകീത്തിക്കുന്നു. 'ശുദ്ധതയുള്ള ഒരാത്മാവിനെക്കാൾ വിലയേറിയ വസ്തു വേറെ ഇല്ല.' 6 ചാരിത്ര്യശുദ്ധിയുള്ള ഒരു തലമുറ എത്ര കളങ്കരഹിതവും മഹത്വമുള്ളതും ആകുന്നു. എന്തെന്നാൽ അതിൻെറ സ്മരണ ദൈവത്തിനും മനുഷ്യക്കും അറിയപ്പെട്ടിരിക്കുന്നതുകൊണ്ട് അനശ്വരമത്രെ. 7 'കത്താവെ, നിൻെറ കൂടാരത്തിൽ ആരു പാക്കും,



www.malankaralibrary.com

നിൻെറ പരിശുദ്ധ മലയിൽ ആരു വസിക്കും, കറകൂടാതെ വ്യാപരിക്കുന്നവനും നീതി പ്രവൎത്തിക്കുന്നവനും. 8 'ഹൃദയനിൎമ്മലതയുള്ളവർ ഭാഗ്യവാന്മാരാകുന്നു. 9 ഈ വാക്യത്തിനു വി. അഗുസ്തീനോസ് ഇങ്ങനെ ഒരു വ്യാഖ്യാനം നൽകുന്നു. 'നിൎമ്മലമായ കണ്ണുകൾ സൂൎയ്യപ്രകാശത്തെ എങ്ങിനെ വീക്ഷിക്കുന്നുവോ അങ്ങനെ വിരക്തരായ ആത്മാക്കൾ ദൈവത്തെ കാണും. സലേസ് പുണ്യവാൻ എഴുതുന്നു: 'പാട്ടുകളുടെ പാട്ടിലെ പരിശുദ്ധയായ മണവാട്ടിയുടെ കരതലത്തിൽ നിന്നു ചീച്ചിലിനു പ്രത്യൌഷധമായ സുഗന്ധദ്രവ്യം ഇററുവീഴുന്നു, രക്താംബരം കൊണ്ടു ആച്ഛാദനം ചെയ്യപ്പെട്ടിരിക്കുന്ന അധരങ്ങൾ സംസാരത്തിലുള്ള അവളുടെ ശാലീനതയുടെ ചിഹ്നമാകുന്നു. പ്രാവിൻേറതുപോലെ നിൎമ്മലങ്ങളായ നേത്രങ്ങളാണ് അവൾക്കുള്ളതു്. ശ്രോത്രങ്ങളുടെ പവിത്രതയുടെ ലക്ഷ്യമായി അവൾ കനകകൎണ്ണമല്യകൾ അണിഞ്ഞിരിക്കുന്നു. ഈ വധുവിൻെറ നാസികാതല്ലജം ലിബാനോസ് പൎവ്വതത്തിലെ ദേവതാരവൃക്ഷംപോലെ അക്ഷയമാകുന്നു. ഇപ്രകാരം ഭക്തയായ ആത്മാവിൻെറ ഹസ്തങ്ങളും അധരങ്ങളും, ശ്രോത്രങ്ങളും, നേത്രങ്ങളും, എന്നുവേണ്ടാ ഗാത്രമത്രയും ശുദ്ധതയും വെടിപ്പും വെൺമയുംകൊണ്ടു ഭാസുരമാക്കപ്പെട്ടിരിക്കണം. 10

ശുദ്ധത മനസ്സിൻെറ ജീവനും പുണ്യങ്ങളുടെ വേരുമാകുന്നു; ശരീരത്തോടുകൂടിയ മനുഷ്യരെ അതു അശരീരികളായ സ്വൎഗ്ഗവാസികൾക്കു സമം ഉയൎത്തുന്നു, എന്നു വി. അപ്രേമും, ഒരു മനുഷ്യൻ എത്രതന്നെ വിനയസമന്വിതനും സ്വയം പരിത്യാഗിയും, ഭക്തിതീക്ഷ്ണതയുള്ളവനും ആയിരുന്നാലും, ശുദ്ധതയില്ലെങ്കിൽ അവൻ വെറും ശൂന്യമാകുന്നു എന്നു വില്ലനോവായിലെ വി. തോമ്മായും രേഖപ്പെടുത്തിയിരിക്കുന്നു. 11 അത്തനാസ്സിയൂസ് പുണ്യവാൻ ശുദ്ധതയുടെ മഹത്വത്തെ ഇങ്ങനെ പ്രകീൎത്തിക്കുന്നു. 'ഓ ശുദ്ധതയെ, ഒരിക്കലും വാടിപ്പോകാത്ത പുഷ്പഹാരമെ, ദൈവഗേഹമെ, പരിശുദ്ധാത്മാവിയുടെ ദിവ്യാലയമെ, ചുരുക്കംപേൎക്കു മാത്രം കണ്ടെത്തുവാൻ സാധിച്ചിട്ടുള്ളതും യോഗ്യന്മാർ മാത്രം അനുഗ്രഹിക്കുന്നതുമായ വിലതീരാത്ത മരതകമെ, മരണത്തെ ഇല്ലാ



www.malankaralibrary.com

ത്താക്കി മരണമില്ലായ്മ സമ്പാദിക്കുന്ന പരിശുദ്ധിയെ, നീ ദീർഘദർശികളുടെ ആനന്ദമാകുന്നു; ശ്ലീഹന്മാരുടെ മഹത്വമാകുന്നു; മാലാഖാമാർക്കു ജീവനും, പുണ്യവാന്മാർക്കു കിരീടവും ആകുന്നു. ഓ നിന്നെ ആർക്കു ലഭിച്ചിരിക്കുന്നുവൊ, ആർ നിന്നെ നഷ്ടപ്പെടുത്താതെ പരിപാലിക്കുന്നുവൊ അവനാണു സാക്ഷാൽ ഭാഗ്യവാൻ. എന്തുകൊണ്ടെന്നാൽ നിന്നെ ലഭിക്കുവാൻവേണ്ടി അവൻ സ്വല്പമേ പരിശ്രമിച്ചിട്ടുള്ളു; പക്ഷേ, നീ മൂലം അവനുണ്ടാകുന്ന സന്തോഷം അനല്പമാണ്. 12

പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ പുതിയ തിരുവെഴുത്തിൽ നിന്നുകൂടി ഒരു സാക്ഷ്യം ഉദ്ധരിച്ചുകൊള്ളട്ടെ. പരിശുദ്ധ പിതാവിൻെറ സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുള്ള പൌരോഹിത്യ സുകൃതങ്ങളിലൊന്നാണ് ചാരിത്ര്യം. അവിടുന്നു എഴുതുന്നു; 'എഡെസായിലെ ആറാം പട്ടക്കാരനും സാർവ്വത്രിക സഭയിലെ വേദപാരംഗതനും, പരിശുദ്ധാത്മാവിൻെറ കിന്നരമെന്നു സകാരണം നാമകരണം ചെയ്യപ്പെട്ടിട്ടുള്ള അളും സുറിയാനിക്കാരനുമായ വി. അപ്രേം ഈ വിഷയത്തെ സവിശേഷമായ വാഗ്‌വിലാസത്തോടുകൂടിയാണു പ്രതിപാദിക്കുന്നത്. തൻെറ സുഹൃത്തായ അബ്രാഹം മെത്രാനു എഴുതിഅയച്ച ഒരു പത്രത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു. അബ്രാഹം എന്ന അങ്ങയുടെ നാമം അന്വർത്ഥമായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അങ്ങും, അനേകരുടെ പിതാവാണ്. എന്നാൽ അബ്രാഹത്തിനു സാറയെന്നപോലെ അങ്ങേയ്ക്കു ഭാര്യയില്ലാത്തതിനാൽ അങ്ങയുടെ അജഗണമാണു അങ്ങയുടെ ഭാര്യയെന്നറിഞ്ഞാലും. അതിൽനിന്നുണ്ടാകുന്ന സന്താനങ്ങളെ അങ്ങു സ്വീകരിച്ചിരിക്കുന്ന സത്യത്തിൽ വളർത്തിയാലും. അവർ അങ്ങേയ്ക്കു ആദ്ധ്യാത്മിക പുത്രരും പറുദീസായ്ക്കു അവരെ അവകാശികളാക്കിത്തീർത്ത വാഗ്ദാനത്തിൻെറ സന്താനങ്ങളുമായി ഭവിക്കട്ടെ. ചാരിത്ര്യത്തിൻെറ മധുരഫലമേ; നിന്നിൽ പുരോഹിതന്മാർ ആനന്ദം കണ്ടെത്തുന്നു . . . സമൃദ്ധി നിൻെറമേൽ പ്രവഹിച്ച് നിന്നെ അഭിഷേചിച്ചു. ഒരു കരം നിന്നെ തൊടുകയും, നിന്നെ തിരഞ്ഞെടുക്കുകയും ചെയ്തു. സഭ നിന്നെ ആഗ്രഹിക്കയും പ്രിയങ്കരമായി ഗണിക്കയും ചെയ്തു.'



www.malankaralibrary.com

പുറജാതികളുടെ അപ്പോസ്തോലൻ പറയുന്നു. 'ആകയാൽ സഹോദരന്മാരെ, നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ ജീവനുള്ളതും പരിശുദ്ധവും ദൈവപ്രസാദാവഹവും നിങ്ങളുടെ യുക്തമായ ശുശ്രൂഷാബലിയുമായി ദൈവാനുഗ്രഹത്താൽ പ്രദർശിപ്പിക്കണമെന്നു നിങ്ങളോടു ഞാൻ യാചിക്കുന്നു.'[13] അതെ; ജഡസന്തോഷങ്ങളെ പരിത്യജിച്ചിരിക്കുന്നവർ തങ്ങളുടെ ശരീരത്തെ ഒരു ഹോമബലിയായി ദൈവത്തിനു സമർപ്പിക്കയാണു ചെയ്യുന്നത്. അതു രക്തം കൂടാതുള്ള ഒരു രക്തസാക്ഷിത്വമാണെന്നാണു പൂർവ്വപിതാക്കന്മാരുടെ അനുമാനം. തീച്ചൂളയിൽ മൂന്നു ബാലന്മാരെ നബുക്കദോനോസർ രാജാവ് എറിഞ്ഞു, എന്നാൽ അഗ്നി അവരെ ദഹിപ്പിച്ചില്ല. അതൊരത്ഭുതംതന്നെ. യൌസേപ്പ് പൊത്തിപ്പാറിന്റെ ഭവനത്തിൽവച്ച് ശുദ്ധതയ്ക്കു ഭംഗം നേരിടാതെ രക്ഷപെട്ടത് ഇതിലും വലിയ അത്ഭുതമാണെന്നാണ് ആത്മീയഗുരുക്കന്മാരുടെ അഭിമതം. രക്തസാക്ഷികളുടെ യുദ്ധം കുറച്ചുനാളത്തേയ്ക്കേയുള്ളു, ബ്രഹ്മചാരികളുടേതാവട്ടെ ആമരണമത്രെ. ആകയാൽ ചാരിത്ര്യത്തോടുകൂടി ജീവിക്കുകയാണു, ചാരിത്ര്യത്തിനുവേണ്ടി മരിക്കുന്നതിലും വിഷമകരമെന്നു ഒരു ധ്യാനഗുരു പറഞ്ഞിരിക്കുന്നു. മധുവാന്നൊഴുകുന്ന ബർണ്ണാർദ്മല്പാന്റെ വാക്കുകളാവിതു: 'ധാരാളത്തിൽ മിതവ്യയവും, ദാരിദ്ര്യത്തിൽ ഔദാര്യവും, യൌവ്വനത്തിൽ ചാരിത്ര്യവും രക്തംകൂടാതെയുള്ള രക്തസാക്ഷിത്വമാകുന്നു.'

ശുദ്ധതയുള്ളവർ ദൈവദൂതന്മാരെപ്പോലെയാകുന്നു. വി. യോഹന്നാൻ ക്ലീമാക്കോസ് പറയുന്നു. 'മാംസത്തെ ജയിച്ചവൻ പ്രകൃതിയെത്തന്നെ കീഴടക്കിയിരിക്കുന്നു; അതിനാൽ അവൻ മനുഷ്യപ്രകൃതത്തിനു അതീതനാകുകയും അങ്ങനെ മാലാഖായുടെ അരൂപിയെ പ്രാപിക്കയും ചെയ്യും.' ഇതുകൊണ്ടുതന്നെയാണ് ശുദ്ധതയുള്ള മനുഷ്യൻ മാലാഖായ്ക്കു സമനാകുന്നു എന്നു വി. അംബ്രോസ്സും, ശുദ്ധതയുള്ള ആത്മാവിനു ഒരു മാലാഖായുടെ ശക്തിയുണ്ട് എന്നു വി. ബർണ്ണാർദ്ദും, വിരക്തനും വാനാരൂപിയും പരസ്പരാനുരൂപ്യമുള്ളവരാകുന്നു എന്നു വി. ഗ്രിഗോരിയും സമർത്ഥിച്ചിരിക്കുന്നത്. കാസ്സിയൻ പറയുന്നു. 'ചാരിത്ര്യവ്രതമുള്ളവർ ശരീരത്തിൽ ജീവി



www.malankaralibrary.com

ക്കന്നെങ്കിലും ശരീരമില്ലാത്ത മാലാഖാമാരെപ്പോലെയാകുന്നു; മനുഷ്യരെ ദൈവദൂതന്മാർക്കു സമമാക്കുന്ന ഏക സുകൃതം ഇതുമാത്രമാകുന്നു.' ശുദ്ധതയുള്ളവർ മാലാഖാമാരിൽനിന്നു ഭാഗ്യത്തിലല്ലാതെ സുകൃതത്തിൽ വ്യത്യാസപ്പെടുന്നില്ല. മാലാഖാമാരുടെ ശുദ്ധത ഭാഗ്യമേറിയതെങ്കിൽ മനുഷ്യരുടേതു ബലമേറിയതാകുന്നു എന്നു വി. ഇസിദോർ പറയുന്നു. മാലാഖാമാർ സ്വർഗ്ഗത്തിലെ ബ്രഹ്മചാരികളാകുന്നു, ബ്രഹ്മചാരികൾ ഭൂമിയിലെ മാലാഖാമാരാകുന്നു, എന്നു ഷെയ്ഗ്നോനും സമത്ഥിക്കുന്നുണ്ടു്. മാലാഖായ്ക്കു മാംസമില്ല, ലോകത്തോടും പിശാചിനോടും പോരാടേണ്ട ആവശ്യവുമില്ല, അകയാൽ മാംസത്തിൻെറ പ്രലോഭനങ്ങൾക്കും പിശാചിൻെറയും ലോകത്തിൻെറയും ആക്രമണങ്ങൾക്കും വിധേയനായ മനുഷ്യൻെറ ശുദ്ധത മാലാഖാമാരുടെ ശുദ്ധതയേക്കാൾ അതിശ്രേഷ്ഠംതന്നെ.

മ്ശിഹായുടെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുന്ന കത്തോലിക്കാ പുരോഹിതനു ബ്രഹ്മചര്യാനുഷ്ഠാനംമൂലം സംസിദ്ധമാകുന്ന മതിപ്പും സൽകീത്തിയും അന്യാദൃശമെന്നേ പറയേണ്ടു. ഷെയ്ഗ്നോൻ എഴുതുന്നു. 'മനുഷ്യരെ അവരുടെ ദുഃഖങ്ങളിൽ സമാശ്വസിപ്പിക്കുന്നതിനും, അവരുടെ ദുരിതങ്ങളെ നിവാരണം ചെയ്യുന്നതിനും കൂടുതൽ സൌകര്യം ഉണ്ടാകുന്നതിനുവേണ്ടി കത്തോലിക്കാ പുരോഹിതൻ വിഷമകരമായ ഒരു വ്രതം അനുഷ്ഠിച്ചു ജീവിക്കുന്നതിനെ കാണുന്ന ആരിലാണു അവനെപ്പററി അഭിനന്ദനമുളവാകാതിരിക്കുക? ആളിനോടുള്ള മതിപ്പുമൂലം, അവൻ പ്രസംഗിക്കുന്ന രക്ഷയുടെ ഉപദേശം അവരുടെ ഹൃദയങ്ങളിൽ അഗാധമായി പതിയുന്നു. [14] അൽമേനികൾക്കു ശുദ്ധത ഒരു ഭൂഷണമെങ്കിൽ വൈദികക്കു അതു എത്രമേൽ അവശ്യകമായിരിക്കുന്നു എന്നു വി. ലിഗോരി ചോദിക്കുന്നു. അപ്പോസ്തോലൻ വി. തിമോത്തിക്കു നൽകുന്ന ഉപദേശത്തിൽ വിരക്തി പ്രത്യേകം എടുത്തു കാണിക്കുന്നുണ്ടു്. 'നിന്നെത്തന്നെ ശുദ്ധമാക്കി സൂക്ഷിക്ക.' [15] മദ്ബഹായിലേയ്ക്കു ഗമിക്കുന്ന പുരോഹിതൻെറ ഒന്നാമത്തെ അലംകാരം നൈമ്മല്യമായിരിക്കണമെന്നാണു ഒറിജൻ എന്ന ശാസ്ത്രജ്ഞൻെറ അഭിപ്രായം.



www.malankaralibrary.com

ബിഷപ്പ് വോൺ എഴുതുന്നു; സഭവൈദികപദവിയിൽ പ്രവേശിക്കുന്നതിനു ആരേയും നിർബന്ധിക്കുന്നില്ല. അവൾ ഇപ്രകാരമാണു പറയുന്നത്. മ്ശിഹാ എന്നെ ഭരമേല്പിച്ചിരിക്കുന്ന ജോലി അതിപ്രാധാന്യമായ ഒന്നാണു, തൻമൂലം തിരഞ്ഞെടുക്കപ്പെട്ടവരെ മാത്രമെ എൻെറ പുരോഹിത ശുശ്രൂഷികളും സഹകാരികളുമായി ഞാൻ സ്വീകരിക്കയുള്ളൂ. ആത്മാക്കളെ രക്ഷിക്കുന്ന കാര്യത്തിൽ തങ്ങളുടെ ശ്രദ്ധമുഴുവനും പതിപ്പിക്കുന്നതിനു തക്ക സൌകര്യവും സന്നദ്ധതയും അവക്കുണ്ടായിരിക്കണം. വിഭാഗിക്കപ്പെട്ട ഹൃദയത്തോടുകൂടിയവരെ എനിക്കുവേണ്ട. നീ വിവാഹജീവിതത്തിൽ പ്രവേശിപ്പാൻ ആഗ്രഹിക്കുന്നെങ്കിൽ എനിക്കു വിരോധമില്ല, നിൻെറ അഭീഷ്ടത്തിൽ ഞാൻ ഇടപെടുകയില്ല; നീ ഒരു മാതൃകാകത്തോലിക്കനായി പരിലസിച്ചേക്കാം, എന്നാൽ പ്രേഷിതവൃത്തിക്കു നിന്നെക്കൊണ്ടു മതിയാവുകയില്ല; എൻെറ ആദർശത്തിനുസമം നീ എത്തുന്നില്ല, ആകയാൽ എൻെറ പൌരോഹിത്യമകുടമണിയുന്നതിനു നിനക്കു യോഗ്യതയില്ല. സ്വാർത്ഥപരിത്യാഗത്തിൻെറ പരമകാഷ്ഠയിലെത്തി, വിരക്തജീവിതംപോലും നയിക്കുന്നതിനുതക്ക മനക്കരുത്തുള്ള സുവിശേഷശുശ്രൂഷികളെയാണു എനിക്കാവശ്യമുള്ളതു്.[16]

കത്തോലിക്കസഭ എന്ന ദ്രാക്ഷാവാടിയിൽ വേലചെയ്യുന്നതിനു പുറപ്പെട്ടിരിക്കുന്ന പുരോഹിതനെ സംബന്ധിച്ചിടത്തോളം വളരെ അന്വർത്ഥമാണു വി. പൌലോസിൻെറ വാക്കുകൾ. എന്നാൽ നിങ്ങൾ അതിയായ ഉൽക്കണ്ഠ (നൈരാശ്യം) കൂടാതെയിരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. ഭാര്യയെക്കൂടാതെ ഇരിക്കുന്നവൻ ദൈവത്തെ എങ്ങിനെ പ്രസാദിപ്പിക്കേണ്ടു എന്നുവച്ച് കർത്താവിൻേറതായവ വിചാരിക്കുന്നു. എന്നാൽ ഭാര്യയോടുകൂടിയിരിക്കുന്നവൻ ഭാര്യയെ എങ്ങിനെ പ്രസാദിപ്പിയ്ക്കേണ്ടു എന്നുകരുതി ലോകസംഗതികളെപ്പറ്റി വിചാരപ്പെടുകയും അവൻ വിഭജിക്കപ്പെട്ടിരിക്കയും ചെയ്യുന്നു.[17] ആകയാൽ കുടുംബകാര്യങ്ങളിൽനിന്നു വേർപെട്ടിരിക്കുന്നവരാണു സുവിശേഷവേലയ്ക്കു പററിയവരെന്നു സിദ്ധം.



www.malankaralibrary.com

ഇതുകൊണ്ടാണു സഭ തൻെറ അപരിമേയമായ ബോധജ്ഞാനത്തിൽ ബ്രഹ്മചര്യാവ്രതം ആജീവനാന്തം സ്വയംവരിക്കാത്ത ഒരുവനേയും ലത്തിൻറീത്തിൽ (ഇപ്പോൾ സിറൊമലബാർ റീത്തിലും) പുരോഹിതവൃത്തിക്കായി സ്വീകരിക്കുന്നതല്ലായെന്നു നിഷ്കൎഷിച്ചിരിക്കുന്നതു്. അകത്തോലിക്കർപോലും സഭയുടെ ഈ തീരുമാനത്തെ മുക്തകണ്ഠം പ്രശംസിക്കുന്നുണ്ടു്. ചില സാക്ഷ്യങ്ങളെ ഇവിടെ ഉദ്ധരിക്കാം. ബക്കിൾ (Buckle) എന്ന ചരിത്രകാരൻ ഇങ്ങനെ പറയുന്നു; കത്തോലിക്കസഭ അതിൻെറ പ്രാമാണ്യത്തെ വൎദ്ധിപ്പിക്കുന്നതിനു പ്രയോഗിക്കുന്ന ഏററവും പ്രധാനപ്പെട്ടമാൎഗ്ഗങ്ങളിലൊന്നു അതിൻെറ വൈദികരുടെ ചാരിത്ര്യവ്രതമാകുന്നു. എങ്ങിനെ നോക്കിയാലും ഈ വ്യവസ്ഥ ഭരണതന്ത്രത്തിൻെറ ഒരു തികഞ്ഞ നയവൈശിഷ്ട്യമെന്നു പരിഗണിക്കാതിരിപ്പാൻതരമില്ല. ഈപ്രസ്ഥാനം കുടുംബസംബന്ധമായ സംരംഭങ്ങളിൽനിന്നു വൈദികനെ സ്വതന്ത്രനാക്കുന്നതിനുപുറമെ, സമുദായ മദ്ധ്യത്തിലുള്ള അവൻെറ ശ്രേഷ്ഠസ്ഥാനം അഭംഗമായി പാലിക്കുന്നതിനും, ഏകാഗ്രചിത്തമോടെ സഭയ്ക്കുവേണ്ടി തൻെറ ആയുർവ്യയം ചെയ്യുന്നതിനും അവനെ പ്രാപ്തനാക്കുന്നു. മാത്രമല്ല, ന്യായമായ സന്താനപരമ്പരയുടെ പ്രത്യാശ വൈദികനിൽനിന്നു എടുത്തുകൊണ്ടു്, ഏതൊരു പ്രത്യേകവൎഗ്ഗത്തിനും ഹാനികരമായ പിന്തുടൎച്ചാവകാശവാദത്തെ ഈ വ്യവസ്ഥ പാടെ തടഞ്ഞുകളയുകയുംചെയ്യുന്നു.[18] വേറൊരു സാക്ഷ്യംകൂടി. Human Intercourse എന്ന പുസ്തകത്തിൽ പി. എയിച്ചു്. ഹാമർട്ടൻ (P. H. Hamerton) എന്ന വേറൊരു അകത്തോലിക്കൻ ഇങ്ങനെ എഴുതുന്നു: 'പുരോഹിതവിവാഹം നിഷിദ്ധമായിരിക്കുന്ന ഒരു സഭയിൽ വൈദികനു സുരക്ഷിതമായ സ്ഥാനപ്രാബല്യവും സ്വാതന്ത്ര്യവും ഉണ്ടു്. ആരംഭംമുതല്ക്കേ, അദ്ദേഹം വിവാഹം കഴിക്കയില്ലെന്നു നിശ്ചയമുള്ളതിനാൽ സ്ത്രീധനസംഖ്യയെയോ രൂപലാവണ്യത്തെയോ പററിയുള്ള തൻെറ തിരക്കിനെകുറിച്ചു ജനതാമദ്ധ്യത്തിൽ ഉണ്ടായേക്കാവുന്ന ഉപദ്രവകരവും വ്യൎത്ഥവുമായ സംസാരങ്ങൾക്കു അവസരം കിട്ടുന്നില്ല. ഇദ്ദേഹം തങ്ങളുടെ ഭർത്തൃപദം ഒരിക്കൽ



www.malankaralibrary.com

സ്വീകരിച്ചേക്കുമെന്നൊരു സംശയത്തിനിടയില്ലാത്തതിനാൽ സ്ത്രീജനങ്ങൾക്കു പൂർണ്ണമായ വിശ്വസ്തതയോടെ അദ്ദേഹത്തോടു പെരുമാറുന്നതിനും, കുമ്പസാരത്തിൽ തങ്ങളുടെ ഹൃദയങ്ങൾ മുഴുവനും തുറന്നുകാണിക്കുന്നതിനും നല്ല സൌകര്യമുണ്ട്. കല്യാണം കഴിച്ചതോ കഴിക്കാനിരിക്കുന്നതോആയ ഒരു പുരോഹിതനോടു കുമ്പസാരിക്കുക അവർക്കു അത്ര എളുപ്പമല്ല. ബ്രഹ്മചാരികളായ വൈദികർ താഴ്ന്ന സ്ഥിതിയിൽപ്പെട്ട കുടുംബങ്ങളോടുള്ള ചാർച്ചമൂലം ഉളവാകാൻ പാടുള്ള സ്ഥാനമാഹാത്മ്യനഷ്ടത്തിൽനിന്നു വിമുക്തരാകുന്നു. അവർ വൈദികർമാത്രം, വേറൊരുവർഗ്ഗവൈവിധ്യത്തിനും വിധേയരല്ലഅവർ. ദാമ്പത്യജീവിതം നയിക്കുന്ന ഒരുവൻ അവൻെറയും, അവൻെറ ഭാര്യയുടെ ഗോത്രത്തിൽപ്പെട്ടവരുടെയും, അവൻെറ സ്വന്തകുടുംബത്തിലുള്ളവരുടെയും, ഇങ്ങനെ മൂന്നുതരം ആളുകളുടെ സദ്വൃത്തിക്കും, സദാചാരറിക്കുമ്പു നടപടികൾക്കും ചുമതലക്കാരനാകുന്നു.' വളരെ പാരമാർത്ഥികമായ ഒരു ചിത്രണംതന്നെ ഇത്.

'എന്തുകൊണ്ടെന്നാൽ ദൈവം നമ്മെ അശുദ്ധിക്കായിട്ടല്ല പ്രത്യുത ശുദ്ധീകരണത്തിനത്രെ വിളിച്ചിട്ടുള്ളതു്.' എന്നു വി. പൌലോസ് സാക്ഷിക്കുന്നു. ഇവിടെ ശുദ്ധീകരണമെന്നു പറഞ്ഞിരിക്കുന്നതു ചാരിത്ര്യശുദ്ധിയെ ഉദ്ദേശിച്ചാണെന്നു ബല്ലാർമ്മ പുണ്യവാൻ പറയുന്നു. പുരോഹിതൻ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും ശുദ്ധതയുള്ളവനായിരിക്കണം. സുവിശേഷം അശ്ലീല ചിന്തകൾക്കൂടി വിലക്കുന്നുണ്ട്. 'ഒരുവൻ മോഹിച്ചുകൊണ്ടു ഒരു സ്ത്രീയെ നോക്കുന്നുവെങ്കിൽ അവൻ അവളോടുകൂടി മനസ്സിൽ വ്യഭിചാരം ചെയ്തിരിക്കുന്നു.' 19 ശ്ലേമ്മോൻ പറയുന്നു. 'അശുദ്ധവിചാരങ്ങൾ കർത്താവിനു വെറുപ്പുള്ളവയാകുന്നു, മനോഹരമായ നിർമ്മലഭാഷണം അവനാൽ ഉറപ്പിക്കപ്പെടും. 20 ഏസക്കിയേൽ ദീർഘദർശിയുടെ ദീർഘദർശനം, ഒൻപതാം അദ്ധ്യായത്തിൽ ഇങ്ങനെ കാണുന്നു. 'കർത്താവു് എന്നോടു പറഞ്ഞു; മനുഷ്യപുത്രാ, ഭിത്തിയെ തുളയ്ക്കുക, ഞാൻ ഭിത്തിയെ തുളച്ചപ്പോൾ ഒരു വാതിൽ കാണപ്പെട്ടു. അവൻ എന്നോടുപറഞ്ഞു. നീ പ്രവേശിച്ചു്



www.malankaralibrary.com

അവർ ഇവിടെ ചെയ്യുന്ന ക്ലിഷ്ടതരമായ മ്ലേച്ഛതകളെ കാണുക; ഞാൻ പ്രവേശിക്കയും കാണുകയും ചെയ്തു. ഇതാ ഇഴ ജന്തുക്കളുടേയും പ്രാണികളുടേയും മാതിരി, ചുററുമുള്ള ഭിത്തി മുഴ വനും അശുദ്ധിയും ഇസ്രായേൽ ഭവനത്തിലെ വിഗ്രഹങ്ങളെല്ലാ വും ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. അവൻ എന്നോടു പറഞ്ഞു; മനു ഷ്യപുത്രാ, ഇസ്രായേൽ ഭവനത്തിലെ ജ്യായാന്മാർ അന്ധകാര ത്തിൽ ചെയ്യുന്നതും എല്ലാവരും രഹസ്യത്തിൽ അവരുടെ മുറി യിൽ ചെയ്യുന്നവയുമാണു നീ നിശ്ചയമായി കാണുന്നതു്.' 21 ഭി ത്തിമേൽ ചിത്രീകരിക്കപ്പെട്ടിരിക്കുന്ന അശുദ്ധതയുടെ ഈ രൂപ ങ്ങൾ, മോശമായ ചിന്തകളെയാണു ജ്ഞാപകപ്പെടുത്തുന്നതെന്ന ത്രെ വേദപുസ്തകവ്യാഖ്യാതാക്കളുടെ അഭിപ്രായം. ഇസ്രായേലിലെ ഗുരുക്കന്മാരെപ്പററിയാണു ഇവിടെപ്പറയുന്നതെന്നുള്ളതും സ്മത്തവ്യ മാണ്. പിശാചിനു ചിത്രമെഴുതുന്നതിനു പററിയ ഒരു ഭിത്തി തന്നെയാണു മനുഷ്യന്റെ സങ്കല്പശക്തി. നിരന്തരമായ യുദ്ധം ഈ രംഗത്തു നടക്കുന്നു. സാത്താൻ ചീത്തവിചാരമെന്ന തന്റെ ആഗ്നേയാസ്ത്രമെറിഞ്ഞു അനേകരെ മുറിവേല്പിക്കുന്നു. 'പകൽ പറക്കുന്ന അസ്ത്രത്തിൽ നിന്നു എന്നെ രക്ഷിക്കണമേ' എന്നു രാജ പ്രവാചകൻ പ്രാത്ഥിച്ചതു ഈ ആക്രമണത്തെ ഉദ്ദേശിച്ചാണ്.

വിചാരത്തിന്റെ പ്രതിധ്വനിയാകുന്നു സംസാരം. ഹൃദ യബാഹുല്യത്തിൽ നിന്നു വായ് സംസാരിക്കുന്നു എന്നുണ്ടല്ലൊ. പട്ടക്കാരൻ വാക്കിലും ശുദ്ധത പാലിക്കണം. എന്നാൽ ദുർവൃത്തി യും യാതൊരു അശുദ്ധിയും അഥവാ അത്യാഗ്രഹവും വിശുദ്ധന്മാ ക്കു ചേർന്നവിധം നിങ്ങളുടെ ഇടയിൽ പേരു പോലും പറയപ്പെ ടരുതു്; അഥവാ ദുർഗുണമൊ ദുർഭാഷണമൊ അസംബന്ധമായ അതിഭാഷണമൊ (അരുതു്). 22 വൈദികൻ ഒരിക്കലും സംഭാ ഷണത്തിനു മേന്മ കൂട്ടുന്നതിനൊ രസം വദ്ധിപ്പിക്കുന്നതിനൊ വേണ്ടി അവിഹിതമായ പദമൊ സംഭവമൊ ഉദ്ധരിച്ചുകൂടാ എന്നു ഗിബൺസ് ഉണദോഷിക്കുന്നു. ചില വിനോദവചനങ്ങ ളും മററും ലൌകികരുടെ വായിൽനിന്നു പുറപ്പെടുമ്പോൾ ആരും അത്ര ഗൌനിച്ചെന്നു വരികയില്ല, എന്നാൽ അവ ഒരു പുരോ



www.malankaralibrary.com

ഹിതമുഖത്തുനിന്നു വിനിർഗമിക്കുമ്പോൾ അവയുടെ സ്വഭാവം പാടെ മാറുന്നു എന്നാണു വി. ലിഗോരി പറയുന്നത്.

കത്തോലിക്കാ പുരോഹിതൻ വിരക്തജീവിതം കഴിച്ചുകൊള്ളാമെന്നു ഒരാഘോഷവ്രതം പട്ടസ്വീകാരാവസരത്തിൽ എടുക്കുന്നുണ്ട്. ആ മഹനീയ ചടങ്ങിന്റെ സാഹചര്യങ്ങളെ ഷെയ്ഗ്നോൻ ഇങ്ങനെ വർണ്ണനം ചെയ്യുന്നു. 'അല്ലയോ പുരോഹിതാ! എന്നേയ്ക്കും ചാരിത്രശുദ്ധിയോടുകൂടി ജീവിച്ചുകൊള്ളാമെന്നു നീ പറഞ്ഞൊരാ അവസരത്തെ ഓർത്തു നോക്കുക. തത്സമയം നിന്റെ നാഡികൾ ദ്രുതഗതിയിൽ അടിക്കുകയും നിന്റെ ഹൃദയം തുടുതുടെ തുടിക്കുകയും ചെയ്തില്ലയോ. നീ മദ്ബഹായിലേയ്ക്കു, മ്ശിഹായുടെ കബറിടത്തുംകൽ കാണപ്പെട്ട മാലാഖാമാരെപ്പോലെ ശുഭ്രവസ്ത്രമായ 'അൽബ്' ധരിച്ചുകൊണ്ടു മന്ദം മന്ദം അടുത്തു. അപ്പോൾ സ്ഥാനചിഹ്നമായ വടിയും മുടിയും ധരിച്ച മെത്രാൻ നിന്നോടു ഇപ്രകാരം ചോദിച്ചു. ഇതേവരെ നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ടായിരുന്നു, എന്നാൽ മുമ്പോട്ടു വരുന്നപക്ഷം ജീവപര്യന്തമുള്ള ഒരു വിരക്തജീവിതത്തിനു നിങ്ങൾ ചുമതലക്കാരായിരിക്കും. ആകയാൽ ഗൌരവപൂർവ്വം ആലോചിക്കുക, നിങ്ങളുടെ പരിശുദ്ധമായ മനോനിശ്ചയത്തിൽ അചഞ്ചലരായി നിൽക്കാമെന്നുറപ്പുണ്ടെങ്കിൽ മുമ്പോട്ടു വരിക.' വ്യവസ്ഥ നാം സ്വീകരിച്ചു. മുമ്പോട്ടു ചെന്നു. ശുദ്ധസ്ഥലത്തിന്റെ കവാടം കടന്നു് നിത്യവാഗ്ദാനം അനുഷ്ഠിച്ചു. ഉടനടി ഏവരും ഖൾഗപ്രയോഗമേററ ബലിമൃഗങ്ങളെപ്പോലെ തറയിൽ പതിച്ച്, സാഷ്ടാംഗപ്രണാമം ചെയ്തു. മാംസത്തിന്റെ ആശകളെ സംബന്ധിച്ചിടത്തോളം അവർ മരിച്ചവർ തന്നെ. അവർ ജീവിക്കുന്നെങ്കിൽ വി. പൌലോസ് പറയുംപോലെ 'അവരുടെ ജീവിതം മ്ശിഹായോടുകൂടി ദൈവത്തിൽ മറഞ്ഞിരിക്കുകയും ചെയ്യുന്നു.'[23] മർമ്മസ്പൃക്കായ ഈ വാഗ്ദാനം നല്ല ആലോചനയുടെശേഷം ദൈവഭവനത്തിൽ, അൽത്താരയുടെ സമക്ഷം നീ നിർവഹിച്ചു. സുവിശേഷഗ്രന്ഥങ്ങളും തൃപ്പാത്രങ്ങളും സ്പർശിച്ചു നീ അതിനെ ഉറപ്പിച്ചു. വിശുദ്ധ കുർബ്ബാന സ്വീകരിച്ച് മ്ശിഹായുടെ രക്തം കൊണ്ടു നീ അതിനു മുദ്ര



www.malankaralibrary.com

വെച്ചു. സ്വർഗ്ഗീയമായ ഈ ഉടമ്പടിയുടെ വ്യവസ്ഥകളെ അനുസരിക്കയല്ലാതെ മററന്താണു ഇനിമേൽ നിന്നാൽ കരണിയം.' 24

വൈദികർ 'സൈന്യങ്ങളുടെ സർവ്വേശ്വരൻെറ മാലാഖാമാരാകുന്നു.' 25 ദൈവം ഓരോ കാര്യാദികൾ ദൈവദൂതന്മാർ വഴിയായി നടത്തുന്നു. ഇതിനുദാഹരണങ്ങൾ വേദപുസ്തകത്തിൽ ധാരാളമുണ്ട്. ഈജിപ്റ്റിലെ കടിഞ്ഞൂൽ പുത്രന്മാരെ സംഹരിച്ചതു ഒരു മാലാഖാ ആയിരുന്നു. പരിശുദ്ധ കന്യകമറിയത്തോടു മംഗലവാർത്ത ഒരു ദൈവദൂതൻ അറിയിച്ചു. ഇതേവിധം ദൈവം ഭൂമിയിലെ സ്വർഗ്ഗരാജ്യമായ തൻെറ സഭയിലെ കാര്യങ്ങൾ ദൈവദൂതസന്നിഭരായ ബ്രഹ്മചാരികൾ മാർഗ്ഗേണ നടത്തപ്പെടാനാണു ആഗ്രഹിക്കുന്നതു്.

വൈദികർ മ്ശിഹായുടെ മനുഷ്യങ്ങളും പ്രതിനിധികളുമാകുന്നു, തൻെറ ദിവ്യസന്ദേശം അറിയിക്കയത്രെ അവരുടെ ജോലി.

'ശുദ്ധതപാലിച്ചുകൊള്ളാമെന്നു നിത്യവ്രതം എടുത്തിട്ടുള്ളവർ മാത്രം യോജിച്ചതാകുന്നു ബലിസമർപ്പണം'26 എന്നു ഒറിജെൻ സാക്ഷിക്കുന്നു. വി. പത്രോസുദമിയാന്തൂസു ഇങ്ങനെ ചോദിക്കുന്നു. 'നമ്മുടെ രക്ഷകൻ ഒരു കന്യകയുടെ ഉദരത്തിൽനിന്നു പിറക്കുന്നതിനും, ശിശുവായിരിക്കെ ഒരു ബ്രഹ്മചാരിയാൽ പോററപ്പെടുന്നതിനും, തക്കവണ്ണം ചാരിത്ര്യശുദ്ധിയെ അത്രയ്ക്കു സ്നേഹിച്ചെങ്കിൽ, സ്വർഗ്ഗത്തുവാഴുന്ന ഈ സമയത്തു തൻെറ തിരുശ്ശരീരത്തിനു ആർ ശുശ്രൂഷചെയ്യണമെന്നാണു താൻ ആഗ്രഹിക്കുന്നതെന്നു ഞാൻ ചോദിച്ചുകൊള്ളട്ടെ.' 27 ഇപ്പോഴും യേശുനാഥൻ വിരക്തന്മാരായ വൈദികരാൽ ശുശ്രൂഷിക്കപ്പെടുന്നതിനു ആഗ്രഹിക്കുന്നുവെന്നാണല്ലോ പ്രസ്തുത വിശുദ്ധൻെറ അഭിമതം.

ഇങ്ങനെ വൈദികൻ തൻെറ വാഗ്ദാനവും പദവിയും, ഉദ്യോഗവും വഴിയായി, ചുരുക്കിപ്പറഞ്ഞാൽ സർവ്വവിധേനയും ശുദ്ധതയോടുകൂടി ജീവിപ്പാൻ കടപ്പെട്ടിരിക്കുന്നു.

എന്നാൽ ഒരു ആചാര്യൻ ഈ ഉന്നതാദർശത്തിൽനിന്നു വീണു്, അശുദ്ധതയുടെ അടിമയായി ഭവിക്കുന്നപക്ഷം ഇതിൽ



www.malankaralibrary.com

പ്പരമൊരപമാനം സഭാമാതാവിനു നേരിടാനില്ല. ആത്മീയഗുരുക്കന്മാർ ഇതേപ്പററി പറയുമ്പോൾ അവരുടെ വാക്കുകൾ അതിതീവ്രങ്ങളായി ചമയുന്നു. വി. അൽഫോൻസ് ലിഗോരി തൻെറ ഗ്രന്ഥത്തിൽ (Selva) ഒരദ്ധ്യായംതന്നെ ഈ പാപത്തെപ്പററി പ്രസ്താവിക്കുന്നതിനു വിനിയോഗിക്കുന്നുണ്ട്. പുണ്യവാൻ നൽകുന്ന ഉദാഹരണങ്ങളും സാക്ഷ്യങ്ങളും മർമ്മഭേദകങ്ങളെന്നേ പറവാനുള്ളു; ഇവിടെ ഇതേപ്പററി സവിസ്തരം എന്തെങ്കിലും പറയണമെന്നു വിചാരിക്കുന്നില്ല. വിശുദ്ധ പിതാക്കന്മാരുടെ ഏതാൽ വാക്യങ്ങളെ ഉദ്ധരിക്കമാത്രം ചെയ്തുകൊള്ളട്ടെ.

'കണ്ടാലും, സമാധാനത്തിലാകുന്നു എൻെറ തിക്തം അതിൻെറ മൂർദ്ധന്യത്തെ പ്രാപിക്കുന്നത്" 28 എന്ന ഏശയ്യായുടെ വാക്യത്തിനു ബർണ്ണാർദ്ദുപുണ്യവാൻ ഇപ്രകാരമൊരു ഭാഷ്യം നൽകുന്നു. 'തിരുസ്സഭയ്ക്കു വളരെ ഉപദ്രവം ക്രൂരഭരണാധികാരികളുടെ ഖൾഗത്തിൽനിന്നും പാഷണ്ഡികളുടെ വിഷലിപ്തമായ ഉപദേശങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ട്; എന്നാൽ ഇവയൊക്കേക്കാൾ പീഡനം വൈദികരുടെ അസാന്മാർഗ്ഗിക ജീവിതത്തിൽനിന്നാണ് അതിനു ലഭിക്കുന്നത്. ഇപ്രകാരമുള്ളവർ തങ്ങളുടെ ദുർന്നടത്തനിമിത്തം സ്വന്തം അമ്മയുടെ ഉദരത്തിൽനിന്നു കുടലുകളെ വലിച്ചെടുക്കുന്നു.' 'ശുദ്ധതയെപ്പററി പ്രസംഗിക്കുന്ന ഒരു പുരോഹിതൻ ദുരാശയുടെ അടിമയായിത്തീരുക എത്ര പരിതാപകരം' എന്നു വി. പത്രോസു ദമിയാനൂസ് ഖേദിക്കുന്നു.

ഹൃദയകാഠിന്യവും വിശ്വാസസത്യങ്ങളെക്കുറിച്ചുള്ള സംശയവും ലജ്ജാകരമായ മോഹപാപത്തിൻെറ പകാഫലമാകുന്നു. 'മേലധികാരികളുടെ ശാസനകളോ, ആപ്തമിത്രങ്ങളുടെ ഉപദേശങ്ങളോ, ശിക്ഷകളുടെ കാഠിന്യമോ അപമാനത്തിൻെറ ആശങ്കയോ ഒന്നും അശുദ്ധജീവിതം കഴിക്കുന്ന വൈദികൻെറ കണ്ണുകളെ തുറപ്പിക്കുന്നതിനു പര്യാപ്തമല്ല' എന്നാണു വി. ക്രിസോസ്തോം സമർത്ഥിക്കുന്നത്.

ഈ നികൃഷ്ടപാപം മ്ശിഹായുടെ പ്രതിപുരുഷനെ മൃഗത്തേക്കാൾ അധഃപതിപ്പിക്കുന്നു എന്നാണ് എവുസേബിയസ്സിൻെറ



www.malankaralibrary.com

അഭിപ്രായം. ഈ പാപക്കുണ്ടിയിൽ നിപതിക്കുന്നവൻ എളുപ്പത്തിൽ അതിൽനിന്നു രക്ഷപ്രാപിക്കയില്ല എന്നാണു വി. ഈറാനിമ്മോസു പറയുന്നതു്. ആകയാൽ അലക്സാൻഡ്റിയായിലെ ക്ലെമൻറു് ഇതിനെ ചികിത്സയില്ലാത്ത രോഗമെന്നു വിളിച്ചിരിക്കുന്നു.

ഫാദർ അഗസ്റ്റിൻ ബട്ടലൊ (Augustin Bouteloup) എഴുതുന്നു. 'ഒരു പട്ടക്കാരൻെറ വിരക്ത ജീവിതത്തെപ്പററി അല്പമെങ്കിലും സംശയം ജനിക്കുന്നപക്ഷം അവൻെറ കീർത്തിസൌധം അതോടെ നിലംപതിക്കയും അവൻ ഉപയോഗശൂന്യനായി ഭവിക്കയും ചെയ്യുന്നു. അപ്പോൾ അവൻെറ പഠിപ്പിനൊ തീക്ഷ്ണതയ്ക്കൊ യാതൊരു വിലയും നിലയും ഉണ്ടായിരിക്കുന്നതല്ല. മററു കാര്യങ്ങളിലുള്ള വീഴ്ചകളെ മനുഷ്യർ മറന്നെന്നു വരാം, എന്നാൽ ഇവിടെ അപ്രകാരമല്ല, ഉള്ളതിലിരട്ടി കേൾക്കും, കേൾക്കുന്നതിലിരട്ടി വിശ്വസിക്കും. വൈദികൻ എവിടെപ്പോയാലും മായിച്ചാൽ മായാത്ത ഒരു കറ അവനിൽ അട്ടക്കയെപ്പോലെ ഒട്ടിപ്പിടിക്കും.'29

ശുദ്ധതയെന്ന സുഗന്ധ പുഷ്പം നഷ്ടീഭവിച്ചാലത്തെ ഫലമിതാണെങ്കിൽ അതിനെ അഭംഗുരമായി സംരക്ഷിക്കുന്നതിനു നാം എത്ര ജാഗരൂകരായിരിക്കേണ്ടിയിരിക്കുന്നു. വിമലത, മൃദുലമായ ഒരു ലിലിപുഷ്പമാകുന്നു, അതിൻെറ മനോഹരതയെ നശിപ്പിക്കുന്നതിനു അശ്രദ്ധമായ ഒരു നേരിയ സ്പർശനം മാത്രം മതി. ചാരിത്ര്യവ്രതം സ്വീകരിച്ചിരിക്കുന്നവരൊക്കെ ഈ വസ്തുത അറിഞ്ഞിരിക്കണം. ഇക്കാര്യത്തിലുള്ള ഏററവും വലിയ ആപത്തു, ആപത്തില്ലെന്നുള്ള വിശ്വാസമാണെന്നു ഒരു ധ്യാനഗുരു പറഞ്ഞിരിക്കുന്നു. വിരക്തി അനർഘമായ ഒരു നിധിയാണെങ്കിലും മൺപാത്രത്തിലാണു സൂക്ഷിക്കപ്പെട്ടിരിക്കുന്നതു്. എന്തെന്നാൽ വി. പൌലോസ്സ് പറയുന്നു 'എന്നാൽ ഉന്നതി ഞങ്ങളിൽനിന്നല്ലാതെ ദൈവശക്തിയുടേതായിരിക്കുന്നതിനുവേണ്ടി ഞങ്ങൾക്കു ആ നിക്ഷേപം മൺപാത്രങ്ങളിലാണുള്ളതു്.' 30 മൺപാത്രത്തെ ഉടയ്ക്കുന്നതിനു യാതൊരു വിഷമവുമില്ലല്ലൊ; ഇപ്രകാരം ചാരിത്ര്യശുദ്ധിയും പെട്ടെന്നു നഷ്ടപ്പെടാൻ പാടുണ്ടു്.



www.malankaralibrary.com

ശുദ്ധതയുടെ പ്രഥമ സംരക്ഷണകവചമായി ആത്മിയ ഗുരുക്കന്മാർ നിർദ്ദേശിക്കുന്നതു എളിമയെന്ന പുണ്യമാകുന്നു. 'ശുദ്ധതയുള്ളവനാകാൻ നീ ആഗ്രഹിക്കുന്നെങ്കിൽ എളിമയുള്ളവനായിരിക്കുക, നീ അധികം ശുദ്ധതയുള്ളവനാകാൻ ആഗ്രഹിക്കുന്നെങ്കിൽ അധികം എളിമയുള്ളവനായിരിക്കുക' എന്നാണു വി. അംബ്രോസിൻെറ ഗുണദോഷം. രഹസ്യമായ അഹംഭാവത്തെ ദൈവം പരസ്യമായ മോഹപാപംകൊണ്ടു ശിക്ഷിക്കുന്നു എന്നു വി. അഗുസ്തീനോസു പറയുന്നു. ഈ സുകൃതത്തിൻെറ കാര്യത്തിൽ നമുക്കു ഭയംകൂടാതിരിപ്പാൻ പാടില്ല; നമ്മിൽത്തന്നെ ശരണപ്പെട്ടു അലക്ഷ്യമായി വർത്തിച്ചാൽ അതൊരു തുനിവായിരിക്കും. ഗംഭീരഗർത്തത്തിൻെറ കവാടത്തുംകലാകുന്നു നാം നിൽക്കുന്നതു്, നിനച്ചിരിക്കാത്ത നേരത്തു അതിലേയ്ക്കു നിപതിച്ചെന്നു വന്നേയ്ക്കാം. വി. ഫ്രാൻസിസ്സ് സാലേസ് പറയുന്നു. 'നൈർമ്മല്യം വളരെ ശങ്കയുള്ളതും ലോലവും മൃദുവുമായ ഒരു പുണ്യമാകുന്നു. അതിനെ ഹനിക്കുന്നതിനു ഒററ വാക്കോ വീക്ഷണമൊ മാത്രം മതിയായിരിക്കുന്നു.' ഒരു ഗ്രന്ഥകാരൻ പറയുന്നു 'പൌരോഹിത്യപദമൊ, ദീർഘനാളത്തെ പുണ്യജീവിതമൊ, പ്രായാധിക്യമൊ, ഒന്നും ഇക്കാര്യത്തിൽ ശങ്കാരഹിതമായ ഒരു അവലംബമല്ല. വൈദികനും മാംസരക്തങ്ങളോടുകൂടിയ ഒരു മനുഷ്യൻതന്നെ, അവനു ലഭിച്ചിട്ടുള്ള വൈദികത്വം അവൻെറ സിരകളിലൂടെ പ്രസരിക്കുന്ന മോഹത്തിൻെറ അഗ്നിയെ കെടുത്തിയിട്ടില്ല, ഈ സംഗതിയിലുള്ള അവൻെറ ഗുണവിശേഷം അവൻ ഇതരരേക്കാൾ കൂടുതലായി പരീക്ഷിക്കപ്പെടുന്നു എന്നുള്ളതല്ലാതെ മററൊന്നുമല്ല. കണിശമായികടപ്പെട്ടത്തപ്പെടുന്ന പ്രമാണം ലംഘിക്കാൻ കൂടുതൽ ആസക്തിയുണ്ടാവുക, അധഃപതിച്ച മനുഷ്യസ്വഭാവത്തിനു നൈസർഗ്ഗികമാകുന്നു.'

ഈറാനിമ്മോസ് പുണ്യവാൻ നെപ്പോസിയാനു ഇപ്രകാരമെഴുതി. 'നിൻെറ കഴിഞ്ഞകാലത്തെ വിരക്തജീവിതത്തിലും നീ ആശ്രയിക്കേണ്ടാ, ദാവീദിനെക്കാൾ പരിശുദ്ധനൊ ശ്ലേമ്മോനെക്കാൾ ജ്ഞാനിയൊ അല്ല നീ, പറുദീസാനഷ്ടം ഒരു നാരിമൂലം ഭവിച്ചു എന്നോർത്തുകൊൾക.' 31



www.malankaralibrary.com

ഈ സംഗതികൾ ആരെയാണു ഭയവിഹ്വലനാക്കാത്തത്? നമ്മുടെ ബലഹീനതയോ വലുതു്, പിശാചോ മഹാതന്ത്രശാലി, അവസരങ്ങളോ എവിടെയും സുലഭം, ദുർമ്മാതൃകയോ സാധാരണം, ആകയാൽ വൈദികൻ അതിസൂക്ഷ്മമുള്ളവനല്ലെങ്കിൽ (ഇക്കാര്യത്തിലുള്ള സൂക്ഷ്മം ഒരിക്കലും അധികമായി എന്നു വരുന്നതല്ല) അവൻ ഒരു മാലാഖായായിരുന്നാലും ശരി, നിനച്ചിരിക്കാത്ത നേരത്തു ഒരു പിശാചായി ചമഞ്ഞെന്നു വന്നേക്കാം. വി. ജിറോം പറയുന്നു. 'പുണ്യശ്ലോകരെന്നു ഗണിക്കപ്പെട്ടിരുന്ന അനേകംപേർ അവരുടെ ആത്മവിശ്വാസം നിമിത്തം അശുദ്ധതയിൽ ആണ്ടുപോയിട്ടുണ്ട്. വി. അഗുസ്തീനോസ്സിൻെറ വാക്കുകൾ ഇതിലും മർമ്മഭേദകങ്ങളാണ്. ആ സിദ്ധൻ എഴുതുന്നു 'എന്നെ വിശ്വസിക്കുക, ഞാനൊരു മെത്രാനാകുന്നു, മ്ശിഹായിൽ ഞാൻ സത്യം പറയുന്നു, ഞാൻ കളവല്ല പറയുന്നതു്; ലിബാനൂസ്സ് വനത്തിലെ ദേവതാര വൃക്ഷങ്ങളും അജഗണത്തിലെ മുട്ടാടുകളും വീണതു ഞാൻ കണ്ടിട്ടുണ്ട്, ഗ്രിഗോരി നസ്സിയൻസ്സിനെയൊ അംബ്രോസീസ്സിനെയൊ കുറിച്ചുള്ളതിനേക്കാൾ ഒട്ടും കുറവല്ലാത്ത ഒരു മതിപ്പ് എനിക്ക് അവരെപ്പററിയും ഉണ്ടായിരുന്നു, പ്രായക്കൂടുതൽ ഇക്കാര്യത്തിൽ ഉറപ്പു നൽകുകയൊ നരച്ച തലമുടികൾ പ്രലോഭനങ്ങളിൽനിന്നു മോചിപ്പിക്കയൊ ചെയ്യുന്നില്ല. വിമലയായ സൂസന്നായെ പാപത്തിനു ക്ഷണിച്ചവർ വയസ്സു ചെന്നവരായിരുന്നു. സ്ലേമ്മോൻെറ വാർദ്ധക്യത്തിലല്ലയൊ അയാളുടെ ഹൃദയം അനാഗത (Pagan) സ്ത്രീകളാൽ അപഹൃതമായതു്. 'അവനു (സ്ലേമ്മോനു) പ്രായംചെന്നപ്പോൾ അവൻെറ ഹൃദയം സ്ത്രീകളാൽ മാററപ്പെട്ടു.' [32]

ശുദ്ധതയെ സംബന്ധിച്ചിടത്തോളം, ഭയപ്പെടുന്നവൻ നന്നായും സുരക്ഷിതനെന്നഭിമാനിക്കുന്നവൻ മോശമായും വർത്തിക്കുന്നുവെന്നു വി. സിപ്രിയൻപറയുന്നു; ആത്മവിശ്വാസം ഒരുവനെ വഴിതെററിച്ചേക്കാം. "ദൈവം തൻെറ ഇഷ്ടപ്രസാദത്തെ എളിമയുള്ളവനു കൊടുക്കുന്നു, എന്നാൽ നിഗളികളെ താൻ എതിർക്കുന്നു." ലോകവുമായുള്ള എല്ലാ അത്യാവശ്യകങ്ങളായ ഇടപാടുക



www.malankaralibrary.com

ളിലും, സമുദായത്തിലെ ആചാരോപചാരങ്ങളുടെ അനുഷ്ഠാനത്തിലും, പൌരോഹിത്യത്തിൻെറ അതിപവിത്രമായ ജോലികളുടെ നിർവഹണത്തിലും, പട്ടക്കാരൻെറ ചാരിത്ര്യവിമലതയെ വഞ്ചിക്കുന്ന കണികൾ ഒളിഞ്ഞുകിടക്കുന്നുണ്ട്. ഇവിടെയെല്ലാം അപകടം കൂടാതെ ഒരുവൻ എങ്ങിനെ കഴിച്ചുകൂട്ടും എന്നു ചോദിച്ചാൽ, എളിമകൊണ്ടുമാത്രം എന്നു വി. അന്തോനിയോടുകൂടി ഉദ്ധരിക്കയെ നിവൃത്തിയുള്ളു.

ഈ വിശുദ്ധപുണ്യത്തെ കാത്തുസൂക്ഷിക്കുന്നതിനു ചെയ്യേണ്ട വേറൊരുകൃത്യം പാപഹേതുകളായ അവസരങ്ങളെ വെടിയുകയത്രെ. 'ആപത്തിനെ സ്നേഹിക്കുന്നവൻ അതിൽ നശിക്കും'[33] എന്നതു ഇവിടെ സർവ്വഥാ അന്വത്ഥമാകുന്നു. ആരുടെ സാന്നിദ്ധ്യം നമുക്കു പാപകാരണമാകുന്നുവോ അവരിൽനിന്നു നാം അകന്നിരിക്കണമെന്നാണു വി. ജിറോമിൻെറ ഉപദേശം. ഈ യുദ്ധത്തിൽ ഭീരുക്കൾ ജയം പ്രാപിക്കുന്നു എന്നു വി. പിലിപ്പ്നേരി പറയുക പതിവായിരുന്നു. മോഹപാപം ധാവനത്താലല്ലാതെ മറെറാന്നിനാലും അത്ര എളുപ്പം ലയിക്കപ്പെടുന്നില്ല എന്നു പീററർ ദെബ്‌ളോയിസും പറയുന്നുണ്ട്. യൌസേപ്പു പൊത്തിപ്പാറിൻെറ ഭവനത്തിൽവച്ച് ഓടിഅകന്നില്ലയോ തൻെറ ശുദ്ധതയ്ക്കു തെല്ലും ഭംഗംവരാതെ രക്ഷപ്പെട്ടതു്. ആകയാൽ വി. അഗുസ്തീനോസു പറയുന്ന 'മോഹാഗ്നിയോടുള്ള സമരത്തിൽ ജയംനേടണമെന്നു നിനക്കാഗ്രഹമുണ്ടെങ്കിൽ ഓടിപ്പൊയ്ക്കൊൾക'[34] പാദങ്ങൾ പൊള്ളാതെ ഒരുവനു തിക്കനലുകളിന്മേൽ നടക്കാൻ സാധിക്കുമോ[35] എന്നു സ്ലേമോൻ ചോദിക്കുന്നു. പാപമാർഗ്ഗങ്ങളിലൂടെ സഞ്ചരിക്കുന്നവൻെറ അവസ്ഥ ഇപ്രകാരമാണു്. വി. ക്രിസോസ്തോം പറയുന്നു 'നീ കല്ലുകൊണ്ടോ ഇരുമ്പുകൊണ്ടോ നിർമ്മിക്കപ്പെട്ടവനാണോ; ഒരിക്കലുമല്ല, സ്വഭാവത്തിൻെറ സഹജമായ ബലഹീനതയ്ക്കു വശഗനായ ഒരു മനുഷ്യനത്രേനീയും. അഗ്നി കൈയ്യിലെടുത്താൽ പൊള്ളുകയില്ലെന്നാണോ നീ വിചാരിക്കുന്നതു്? വയ്ക്കോലിലേയ്ക്കു ഒരുകത്തുന്ന പന്തമെറിഞ്ഞിട്ടു്, തീ പിടിക്കുകയില്ലെന്നു പറഞ്ഞാൽ അതെത്രമേൽ വിഡ്ഢിത്തമായിരിക്കും, വയ്ക്കോൽപോലെയാണു നമ്മുടെ സ്വഭാവം.[36]



www.malankaralibrary.com

'മരണം വാതായനങ്ങളിൽക്കൂടി കടന്നു'[37] എന്നു ഏറമ്മിയാ പ്രവാചകൻ പറയുന്നു. ഈ 'വാതായനം' നയനത്തെയാണു സൂചിപ്പിക്കുന്നതെന്നത്രെ വിശുദ്ധന്മാരായ ഗ്രിഗോരി, ജിറോം പ്രഭൃതികളായ വ്യാഖ്യാതാക്കന്മാരുടെ അഭിമതം. വിരക്തിയെ നശിപ്പിക്കുന്ന ശത്രു കണ്ണായ ജനൽ വാതുക്കൽക്കൂടി ബോധത്തിൽ പ്രവേശിക്കുന്നു. ആകയാൽ ജോബ് പറയുന്നു. 'ഞാൻ ഒരു കന്യകയെപ്പററി ചിന്തിക്കപോലുമില്ലെന്നു എന്റെ കണ്ണുകളോടു ഒരു ഉടമ്പടി ചെയ്തു.'[38] ഇതിൽ നിന്നു ഒരു സ്ത്രീയേയും— വിമലയായ കന്യകയേയും കൂടി— ജോബ് വീക്ഷിച്ചിരുന്നില്ലെന്നു സ്പഷ്ടീകരിക്കുന്നുണ്ടല്ലൊ. വി. ലിഗോരി പറയുന്നു: ശുദ്ധതയ്ക്കെതിരായ പാപങ്ങളെ വിട്ടൊഴിയണമെന്നു നമുക്കാഗ്രഹമുണ്ടെങ്കിൽ നാം സ്ത്രീകളുടെ നേരെ നോക്കരുതു്, രണ്ടാമത്തെ പ്രാവശ്യം ഒട്ടും നോക്കരുതു്.[39] 'ഒരു യുവതിയെ നീ നോക്കരുതു്, എന്തുകൊണ്ടെന്നാൽ അവളുടെ സൌന്ദര്യം നിനക്കു പാപത്തിനു കാരണമായേക്കാം.'[40] നോട്ടത്തിൽനിന്നു വിചാരവും, വിചാരത്തിൽ നിന്നു സന്തോഷവും, സന്തോഷത്തിൽ നിന്നു സമ്മതവും ജനിക്കുന്നു എന്നു വി. അഗുസ്തിനോസ് പറയുന്നു.

ഭാഷണങ്ങളിലും വിപത്തുണ്ടു്. വി. ബസല്ലിയോസ് പറയുന്നു. 'സ്ത്രീകളോടുള്ള സംസാരങ്ങളും ത്യജിക്കേണ്ടിയിരിക്കുന്നു; ആവശ്യം പ്രമാണിച്ചു അവരോടു ഇടപെടുമ്പോൾ, അവരെ അഗ്നിയെന്നോണം ഭയപ്പെടുകയും പാടുള്ള വേഗത്തിൽ താമസം കൂടാതെ അവരിൽനിന്നു അകലുകയും വേണം.[41] ചുരുങ്ങിയതും ഗൌരവത്തോടുകൂടിയതുമായ വാക്കുകളിലാണു സ്ത്രീകളോടു സംസാരിക്കേണ്ടതെന്നു അഗുസ്തിനോസ് പുണ്യവാൻ ഗുണദോഷിക്കുന്നു.

അനാവശ്യമായ ഇടപാടുകളും വർജ്ജനീയമത്രെ. 'നീ സ്ത്രീകളുടെ ഇടയിൽ അധികം താമസിക്കരുതു്, എന്തുകൊണ്ടെന്നാൽ വസ്ത്രങ്ങളിൽനിന്നു ഉറപ്പുഴ വരുന്നതുപോലെ സ്ത്രീയിൽ നിന്നു പുരുഷന്റെ നാശവും വരുന്നു'[42] എന്നു വേദോക്തിയുണ്ടു്. വി. ബെർണ്ണാർദ്ദ് പറയുന്നു: 'ഒരു സ്ത്രീയോടു എപ്പോഴും വളരെ



www.malankaralibrary.com

അടുത്തു പെരുമാറുകയും അതേസമയം ശുദ്ധത പാലിക്കയും ചെയ്യുന്നതിന്നു, മരിച്ച ഒരുവനെ ഉയിൎപ്പിക്കുന്നതിൽ കൂടുതൽ സൂക്ഷ്മതം ആവശ്യമായിരിക്കുന്നു' [43] സംബന്ധികളുടെ കാൎയ്യത്തിലും സൂക്ഷ്മംകൂടാതിരിക്കാൻ പാടില്ല. വി. ജിറോം പറയുന്നു. 'നിന്റെ ചാൎച്ചയിൽപെട്ട സ്ത്രീപോലും നിന്നോടൊന്നിച്ച അധികം താമസിക്കാൻ അനുവദിക്കരുത്.' [44] ഇതിനു വി. ലിഗോരി നൽകുന്ന കാരണമിതാണ്. 'സംബന്ധം ചിലപ്പോൾ ശങ്കയെ മാററുന്നതിനും മോഹപാപത്തോടും ദൈവദോഷത്തോടും, ചാൎച്ചദോഷംകൂടി ചേൎക്കുന്നതിനുംമാത്രം ഉപകരിച്ചേക്കും.' [45] ഭക്തകളേയും ഭയപ്പെടേണ്ടിയിരിക്കുന്നു, എന്തുകൊണ്ടെന്നാൽ അവർ ഭക്തകളാകയാൽ കൂടുതൽ ആകൎഷിച്ചേക്കുമെന്നു അഗുസ്തീനോസ് പുണ്യവാൻ പറയുന്നു. സ്റ്റാംഗ് പറയുന്നു. 'ഒരു സ്ത്രീയുടെ ഔദാൎയ്യം സ്വീകരിക്കുന്നതിൽ സൂക്ഷ്മമുള്ളവനായിരിക്കുക, ഒരു സ്ത്രീയെ അഭിനന്ദിക്കയാണ് അവളാൽ അഭിനന്ദിക്കപ്പെടുന്നതിലും ഭേദം.' [46] അരൂപിയിൽ ആരംഭിക്കുന്ന മൈത്രി മാംസത്തിൽ അവസാനിക്കാതിരിപ്പാൻ സൂക്ഷിക്കണം. വി. പൌലോസ് പറയുന്നു.' നിങ്ങൾ അരൂപിയിൽ ആരംഭിച്ചിട്ടു ഇപ്പോൾ മാംസത്തിൽ സമാപിക്കത്തക്കവണ്ണം അത്ര ഭോഷന്മാരാകുന്നുവൊ.' [47]

സ്ത്രീയോടു നിവൃത്തിയുണ്ടെങ്കിൽ സാക്ഷികൂടാതെ സംസാരിക്കരുതെന്നുള്ളതു ആത്മീയ ഗുരുക്കന്മാരുടെ ഏകകണ്ഠമായ ഉപദേശമാണല്ലൊ. വി. ജിറോം പറയുന്നു. 'ഔദ്യോഗികമായ ഭവനസന്ദൎശനാവസരമാണെന്നു തന്നെ വയ്ക്കുക, വീട്ടമസ്ഥ വിധവയായാലും ശരി, കന്യകയായാലും ശരി, നീ തനിയെ അവളുടെ വീട്ടിൽ പ്രവേശിക്കയൊ സാക്ഷിയൊ മദ്ധ്യസ്ഥനൊ കൂടാതെ തനിച്ചിരിക്കയൊ ചെയ്യരുത്. കെട്ടിയുണ്ടാക്കി കൊട്ടിഘോഷിക്കാൻ പാടുള്ള യാതൊരു സംശയങ്ങൾക്കും ഇടകൊടുക്കാതിരിപ്പാൻ സൂക്ഷിക്കുക. കൂടെക്കൂടെയുള്ള സമ്മാനങ്ങൾ, ചെറുപൊതികൾ, തൂവാലകൾ, പലഹാരങ്ങൾ, പ്രശംസക്കത്തുകൾ, ഇവയൊന്നും പരിശുദ്ധമായ സ്നേഹത്തെയല്ല സൂചിപ്പിക്കുന്നത്'. [48]

ശുദ്ധതയെ സംരക്ഷിക്കുന്നതിനു ഹൃദയപൂൎവ്വം അഗ്രഹി

ക്കുന്നവർ തദർത്ഥം എന്തും ചെയ്യാൻ സന്നദ്ധരായിരിക്കണം. വി ശുദ്ധന്മാരും വിശുദ്ധകളും എന്തെല്ലാം ധീരതകളാണ് ഇക്കാര്യ ത്തിൽ കാണിച്ചിട്ടുള്ളത്. വി ഫ്രാൻസീസ്സ് അസീസ്സി ഒരിക്കൽ മ ഞ്ഞിൽ കിടന്നുരുണ്ടതായും വേറൊരിക്കൽ ഒരു നാരകത്തിൻെറ ഇടസ്സ്ഥപോയി ഇരുന്നതായും കാണുന്നു. ഇങ്ങനെ ഒരു സംഭവം ബെനദിക്തോസ് പുണ്യവാൻെറ ജീവചരിത്രത്തിലും രേഖപ്പെ ടുത്തപ്പെട്ടിട്ടുണ്ട്. വി. ബെർണ്ണാർദ് ഒരിക്കൽ അശുദ്ധമായ പ രിക്ഷയെ ജയിപ്പാനായി മഞ്ഞുനിറഞ്ഞ ഒരു കുളത്തിൽ ചാടി. എത്ര കന്യകകൾ കന്യാത്വത്തിനുവേണ്ടി തങ്ങളുടെ പ്രാണനെ പ്പോലും ബലികഴിച്ചിരിക്കുന്നു. ആഗ്നസ്സ് പുണ്യവതി ഗളച്ഛേദ നം ചെയ്യപ്പെട്ടതു ചാരിത്ര്യശുദ്ധിയോടുള്ള തൻെറ സ്നേഹാധിക്യം മൂലമല്ലയോ? വി. ലൂസിയാ സ്വന്തം കണ്ണുകളെ ചൂഴന്നെടുത്തു തൻെറ കാമുകനു കൊടുത്തുകൊണ്ട്, അവൻെറ പ്രലോഭനങ്ങ ളിൽനിന്നു രക്ഷപെട്ട കഥ സുപ്രസിദ്ധമാണ്. ഈ സുകൃതത്തി നുവേണ്ടി അഗുസ്തിനോസ്സ് എന്തുമാത്രം കണ്ണുനീർ ചിന്തി, ഈറാ നീമ്മോസ് എന്തുമാത്രം തപസ്സുചെയ്തു, ഹില്ലാരിയോൺ എന്തുമാ ത്രം ഉപവസിച്ചു.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു വൈദികർ സ്ത്രീകളിൽ നിന്നു തീരെ അകന്നു ജീവിക്കണമെന്നല്ല ധരിക്കേണ്ടത്. ആത്മാ ക്കളുടെ ഭരണഭാരം കയ്യേററിരിക്കുന്ന ഒരു പട്ടക്കാരനു അതു പാ ടുള്ളതുമല്ല. സ്ത്രീവർഗ്ഗത്തേയും പരിശുദ്ധീകരിക്കേണ്ട വലിയ കടമ പുരോഹിതനുണ്ട്. ഇതിൻെറ നിർവഹണത്തിൽ അപകടമുണ്ടെ ന്നുവച്ചു അമിതഭയം പാടില്ല. 'അതി സർവ്വത്ര വർജ്ജയേൽ' എന്നു ണ്ടല്ലൊ. ക്രിസ്തുനാഥൻെറ ശുദ്ധതാധാവള്യം ഏവർക്കും സുവിദിത മായിരുന്നെങ്കിലും അവിടുന്നു സ്ത്രീകളാൽ ശുശ്രൂഷിക്കപ്പെടുന്നതി നും, അവർ തന്നെ അനുഗമിക്കുന്നതിനും അനുവദിച്ചു.

സ്ത്രീകളോടുള്ള പെരുമാററം സംബന്ധിച്ചു ഫ്രസിനേററി (Frasineti) എന്ന ഗ്രന്ഥകാരൻ നൽകുന്ന ഉപദേശം വളരെ ശ്ര ദ്ധേയമാണ്. (ഫ്രസിനേററിയുടെ ഗ്രന്ഥം ക്രിസ്ത്വാനുകരണത്തി ൻെറ രീതിയിൽ എഴുതപ്പെട്ടിട്ടുള്ളതാകുന്നു.) മേൽഉദ്ധരിച്ച സംഗ



www.malankaralibrary.com

തികൾ പ്രകാരാന്തരേണ പ്രസ്താവിച്ചശേഷം ശുദ്ധതയെപ്പററിയു ള്ള തൻെറ അദ്ധ്യായം ഗ്രന്ഥകാരൻ ഇങ്ങനെ ഉപസംഹരിക്കു ന്നു. 'സ്ത്രീകൾ എൻെറ പ്രസംഗപര്യടനങ്ങളിൽ എന്നെ അനു ഗമിക്കുന്നതിനു ഞാൻ അനുവദിച്ചു. അവരുടെ ഭക്തിതിക്ഷ്ണത എനിക്കിഷ്ടമുള്ളതാണെന്നു ജനസാമാന്യം ഗ്രഹിച്ചിരുന്നു. 49 മത്തായേയും അവളുടെ സഹോദരി മറിയത്തിനേയും ഞാൻ സ്നേ ഹിച്ചു എന്നു എൻെറ സുവിശേഷത്തിൽ എഴുതുന്നതിനു ഞാൻ മനസ്സായി. 'യേശു മത്തായേയും അവളുടെ സഹോദരി മറിയത്തി നേയും സ്നേഹിച്ചിരുന്നു.' 50 ഇതു നീ ധരിക്കാത്തപക്ഷം ഇപ്രകാ രമുള്ള ആത്മാക്കളുടെ അതിയായ ഭീതിയും ലജ്ജയും അവരുടെ ആത്മീയകാര്യങ്ങൾ അന്വേഷിക്കുന്നതിൽനിന്നു നിന്നെ തടഞ്ഞേ ക്കും. ഞാൻ എൻെറ പുരോഹിതന്മാരേയും ആത്മീയഗുരുക്കന്മാരേ യും പുരുഷന്മാക്കെന്നപോലെ സ്ത്രീകൾക്കുമായിട്ടാണു നിയമിച്ചി രിക്കുന്നതു്. ആകയാൽ എൻെറ പുരോഹിതന്മാർ അവരെ ഒരു പിതാവിനെപ്പോലെ ആശ്വസിപ്പിക്കയും, ഒരു ഗുരുവിനെപ്പോ ലെ പഠിപ്പിക്കയും, ഒരു നായകനെപ്പോലെ നടത്തുകയും, ഒരു ഇ ടയനെപ്പോലെ പോററുകയും ചെയ്യേണ്ടിയിരിക്കുന്നു. എൻെറ ദിവ്യമായ നിർദ്ദേശത്തെ പഴിക്കാൻ ആർക്കുകഴിയും? അനുഭവം അതിൻെറ വിജയത്തിനു സാക്ഷ്യംവഹിക്കുന്നു. തങ്ങളുടെ ഹൃദ യത്തിൻെറ പക്ഷങ്ങളെ നിയന്ത്രിക്കുന്നവരും അവശ്യമായ സ്വ ക്ഷമം എടുക്കുന്നവരുമായ എൻെറ വൈദികശുശ്രൂഷികൾ ഞാൻ അവക്കു നൽകിയിരിക്കുന്ന മാലാഖാമാക്കു പററിയജോലി മാലാ ഖാമാരെപ്പോലെ നിർവഹിക്കുന്നു. ഇപ്പോൾ ഒളിഞ്ഞും അജ്ഞാ തവുമായിരിക്കുന്ന എൻെറ ദിവ്യാനുഗ്രഹത്തിൻെറ അത്ഭുതാകര മായ ഫലങ്ങളെ, വിധിയുടെ വലിയ ദിവസത്തിൽ ലോകം ദശി ക്കുമ്പോൾ അതു വിസ്മയിക്കും . . . നീ എന്നിൽമാത്രം ശരണപ്പെ ടുക, അപ്പോൾ അവക്കോ നിനക്കോ യാതൊരുപദ്രവവും നേരിടു ന്നതല്ലെന്നും, നേരെമറിച്ചു്, അവരുടെഭക്തി വദ്ധിപ്പിക്കയും നി ൻെറ കിരീടം കൂടുതൽ പ്രഭാപൂരിതമാകുകയും ചെയ്യുന്നതു നീ കാണും. പാടുള്ള എല്ലാ വിവേകവും പ്രതിവിധിയും നീ പ്രയോ



www.malankaralibrary.com

ഗിച്ചിട്ടും ലോകം നിന്നെ ദൂഷിക്കുന്നതിനും കുററപ്പെടുത്തുന്നതിനും തുനിഞ്ഞിറങ്ങിയിരിക്കയാണെങ്കിൽ, നീ അതിൻെറ വ്യർത്ഥമായ വാക്കുകൾക്കു ചെവി കൊടുക്കേണ്ട, ഞാൻ മാത്രമാകുന്നു നിൻെറ വിധികർത്താവ്.' 51

## കുറിപ്പുകൾ.

1 Amb. of Christ. p. 131.
2 De perfectione relig. Cl. III. in chaignon.
3 Luke. VI. 19.
4 Luke. VII. 39.
5 Apoc. XIV 3, 5.
6 Eccles. XXVI. 20.
7 Wisd. IV. 1.
8 Psl. XIV. 1, 2.
9 Matth. V. 8.
10 Philothea. part. 3. ch.13.
11 Quoted in വിശുദ്ധപുണ്യം p. 12.
12 വിശുദ്ധപുണ്യം. p. 24.
13 Rom. XII. 1.
14 Medit. for secul. priest. Vol. 1. p. 377.
15 1. Tim. V. 22.
16 Minister of Christ. p. 170.
17 1. Cor. VII. 32, 33.
18 In Minister of Christ.
19 Matth. V. 28.
20 Prov. XV. 26.
21 Ezech. IX. 8, 12.
22 Eph. V. 3, 4.
23 Colos. III. 3.
24 Op. Cit. p. 379.
25 Mala. II. 7.
26 Orig. Homil. 23.
27 St. Pet. Dam. op. 17. de celib.
28 Isa. XXXVIII. 17.
29 Method. direct. paroch. p. 35.
30 II. Cor. IV. 7.
31 Epist. ad Nepot.
32 III. King. XI–IV.
33 Eccles. III. 27.
34 Serm. 293. Ap. Selva. p. 249.
35 Prov. VI. 27.
36 In Psl. 50. Homil. 1.
37 Jer. IX. 21.
38 Job. XXXI. 1.
39 Selv. p. 251.
40 Eccles: IX. 5.
41 Ap. Chaig. p. 384. Vol. 1.
42 Eccl. XLII. 12.
43 In Canti. Serm. 65.
44 Epist. ad Occ.
45 Selv. 254.
46 Op. cit. p. 151.
47 Galath. III. 3.
48 Quoted in Meth. paroch. p. 35.
49 Luke. VII. 2, 3.
50 Jn. X. 36.
51 Jesus Christ model Priest. p. 78, 79.

www.malankaralibrary.com

# അദ്ധ്യായം വ്യ.

## പരസ്നേഹം.

ക്രിസ്തുമതം സ്നേഹത്തിന്റെ മതമാകുന്നു. ദൈവത്തിനു മനുഷ്യനോടുള്ള സ്നേഹത്തെ ഇദംപ്രഥമമായി പ്രഖ്യാപനം ചെയ്തതു ക്രിസ്തുനാഥനത്രെ. ദൈവത്തെ സ്വർഗ്ഗസ്ഥനായ പൊതുപിതാവെ, എന്നു സംബോധനം ചെയ്തുകൊണ്ടു പ്രാർത്ഥിക്കണമെന്നു ദിവ്യരക്ഷകൻ ലോകത്തെ പഠിപ്പിച്ചു. ദൈവം മനുഷ്യനെ സ്നേഹിക്കുന്നുണ്ടെങ്കിൽ മനുഷ്യൻ ദൈവത്തേയും സ്നേഹിക്കണം; എന്തുകൊണ്ടെന്നാൽ പ്രേമം പ്രേമത്താൽ മാത്രമെ വീട്ടാൻ പാടുള്ളു. മനുഷ്യന്റെ സർവ്വപ്രധാനമായ കടമ ദൈവത്തെ സ്നേഹിക്കയാകുന്നു. ഒരിക്കൽ ഒരു നിയമപണ്ഡിതൻ മ്ശിഹായെ സമീപിച്ച് ഇങ്ങനെ ഒരു പ്രശ്നംചെയ്തു. 'ഗുരോ' നിയമത്തിൽ ഏററവും വലിയ പ്രമാണം ഏതാണു? ഈശോ അവനോടു പറയുന്നു. 'നിന്റെ ദൈവമായ കർത്താവിനെ നിന്റെ മുഴുഹൃദയത്തോടും നിന്റെ മുഴുആത്മാവോടും നിന്റെ മുഴുമനസ്സോടുംകൂടി സ്നേഹിക്കണം; ഇതാകുന്നു ഏററവും വലുതും പ്രഥമവുമായ പ്രമാണം; രണ്ടാമത്തേതു ഇതിനോടു തുല്യമാകുന്നു, നിന്റെ സമീപസ്ഥനെ നിന്നെപ്പോലെ സ്നേഹിക്കണം.'[1] ഇവിടെ പൃഷ്ടകൻ ഏററവും വലിയ ഒന്നാംപ്രമാണത്തെപ്പററി മാത്രമെ ജിജ്ഞാസ കാണിക്കുന്നുള്ളു എങ്കിലും, അതിന്റെ സുസ്ഫുടമായ ഗ്രഹണത്തിനോ എന്നു തോന്നുമാറു് അതിനോടു തുല്യമായ വേറൊന്നുകൂടി ദിവ്യഗുരു തന്റെ മറുപടിയിൽ ഉൾപ്പെടുത്തുന്നു. ഏററവും വലിയ പ്രമാണം ദൈവത്തെ സ്നേഹിക്കയാണെന്നു പറഞ്ഞശേഷം അതിനു സമമാണു അയൽക്കാരനെ സ്നേഹിക്കുന്നതെന്നു ദിവ്യരക്ഷകൻ ഉടനെ ചേർക്കുന്നു. സഹോദരസ്നേഹത്തിന്റെ മാഹാത്മ്യമല്ലാതെ മറെറന്താണു ഇവിടെ തെളിഞ്ഞു കാണുന്നതു്.



www.malankaralibrary.com

'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുന്നതിനു ഞാൻ നിങ്ങൾക്കൊരു പുതിയ പ്രമാണം തരുന്നു.' 2 നമ്മുടെ രക്ഷകൻ നമ്മെ ദൈവത്തെപ്രതി മാത്രമാണു സ്നേഹിച്ചതു, ഇപ്രകാരം നമ്മളും നമ്മുടെ സഹോദരങ്ങളെ ദൈവത്തെപ്രതി സ്നേഹിക്കണം. ക്രിസ്തുവിന്റെ പ്രമാണത്തിലുള്ള നവീനത്വം ഈ 'ദൈവത്തെപ്രതി' എന്ന വിധത്തിലല്ലാതെ മറ്റൊന്നിലുമല്ല അടങ്ങിയിരിക്കുന്നതെന്നു വി. അഗുസ്തീനോസു പറയുന്നു. മാംസത്തിലും രക്തത്തിലും നിന്നുത്ഭവിക്കുന്നതും സന്തോഷം, പ്രയോജനം മുതലായവയെ മാത്രം ആധാരമാക്കിയുള്ളതുമായ സ്നേഹത്തിനു ലോകത്തോളം പഴക്കമുണ്ട്; അഥവാ അതൊരു പഴയസ്നേഹമാകുന്നു, അതു ശിഷ്ടന്മാൎക്കും ദുഷ്ടന്മാൎക്കും മാത്രമല്ല മൃഗങ്ങൾക്കുപോലുമുള്ളതാണ്, എന്നു റൊഡ്റിഗസു പറയുന്നു. 'നിങ്ങളെ സ്നേഹിക്കുന്നവരെ നിങ്ങൾ സ്നേഹിക്കുന്നെങ്കിൽ എന്തു പ്രതിഫലമാണു നിങ്ങൾക്കുണ്ടാകുന്നതു്, ചുങ്കക്കാരും ഇതു ചെയ്യുന്നില്ലെ? 3 എന്നു ദിവ്യരക്ഷകൻ ചോദിക്കുന്നു. ഉപയോഗത്തെമാത്രം മുൻനിറുത്തിയുള്ളസ്നേഹം അതിസ്വാഭാവികമല്ല, ദൈവസമക്ഷം അതിസ്വാഭാവികസ്നേഹത്തിനേ വിലയുള്ളു. ആകയാൽ ഒരു പട്ടക്കാരൻ തന്റെ സമസൃഷ്ടങ്ങളെ സ്നേഹിക്കുമ്പോൾ, ആ സ്നേഹം അധമമായ പഴയസ്നേഹമാകാതിരിപ്പാൻ സൂക്ഷിക്കേണ്ടിയിരിക്കുന്നു.

യേശുനാഥൻ തന്റെ അന്ത്യപ്രാൎത്ഥനാവേളയിലെ സുദീൎഘമായ പ്രഭാഷണത്തിൽ സഹോദര സ്നേഹത്തെപ്പററി പലപ്രാവശ്യം നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട്. തന്റെ ശിഷ്യന്മാരുടെ മുഖ്യമായ അടയാളം പരസ്പരസ്നേഹമാണെന്നു അവിടുന്നു നിശ്ചയിച്ചിരിക്കുന്നു. 'ഇതിൽ എല്ലാ മനുഷ്യരും നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്നറിയും, നിങ്ങൾക്കു അന്യോന്യം സ്നേഹമുണ്ടെങ്കിൽ.' 4 പ്രമാണം മുഴുവനും സ്നേഹത്തിന്മേൽ സ്ഥിതിചെയ്യുന്നു. ആകയാൽ വി. പൌലോസ് പറയുന്നു; തന്റെ അയൽക്കാരനെ സ്നേഹിക്കുന്നവൻ പ്രമാണം നിറവേററിയിരിക്കുന്നു. 5

മ്ശിഹായുടെ പ്രിയശിഷ്യനായ യോഹന്നാൻ തന്റെ ദിവ്യയജമാനന്റെ മാർവത്തുനിന്നുതന്നെ പരസ്നേഹത്തിന്റെ



www.malankaralibrary.com

ഉപദേശം നകന്ന കുടിച്ചിട്ടുള്ളതാണല്ലോ. ഈ ശ്ലീഹായുടെ വാദ്ധക്യകാലത്തെ ഒരു സംഭവം വി. ജിറോം ഇങ്ങനെ രേഖപ്പെടുത്തുന്നു. 'ഇദ്ദേഹത്തെ വാദ്ധക്യ കാലത്തു ശിഷ്യന്മാർ തൻെറ പ്രസംഗം കേൾക്കുന്നതിനു എടുത്തുകൊണ്ടു പോവുക പതിവായിരുന്നു. എന്നാൽ അപ്പോസ്തോലൻെറ വായിൽനിന്നു സദാപി പുറപ്പെട്ടുകൊണ്ടിരുന്ന ഉപദേശം ഇത്രമാത്രമായിരുന്നു. 'കുഞ്ഞുങ്ങളെ അന്യോന്യം സ്നേഹിപ്പിൻ; അന്യോന്യം സ്നേഹിപ്പിൻ. തൻെറ ശിഷ്യന്മാർ ഈ ഏക വാക്യത്തിൻെറ ആവത്തനംതന്നെ കേട്ടു മുഷിഞ്ഞ്, ഇതിൻെറ കാരണമെന്തെന്നു ചോദിച്ചപ്പോൾ അദ്ദേഹം ഇങ്ങനെ ഉത്തരിച്ചു. 'ഇതു നമ്മുടെ കത്താവിൻെറ പ്രമാണമാകുന്നു. ഇതിനെ നല്ലവണ്ണം അനുസരിച്ചാൽ എല്ലാം ശുഭമായി.' പൌലോസ് ശ്ലീഹാ പറയുന്നു 'എന്തെന്നാൽ പ്രമാണമെല്ലാം ഒരു വാക്യത്തിൽ സംഗ്രഹീതമായി (അതായതു) നിന്നെത്തന്നെ എന്നപോലെ നിൻെറ അയൽക്കാരനെ നീ സ്നേഹിക്കണം.' 6

നമ്മിലുള്ള ദൈവസാന്നിദ്ധ്യത്തിൻെറ ചിഹ്നം പരസ്നേഹമാകുന്നു. ഇതേസംബന്ധിച്ചു യോഹന്നാൻ സുവിശേഷകൻ സാക്ഷിക്കുന്നതു കേൾക്കുക. 'നാം പരസ്പരം സ്നേഹിക്കുന്നെങ്കിൽ ദൈവം നമ്മിൽ വസിക്കയും തൻെറ സ്നേഹം നമ്മിൽ പൂത്തീകരിക്കപ്പെടുകയും ചെയ്യും. 7 പരസ്പര സ്നേഹം നമുക്കുണ്ടെങ്കിലെ ദൈവം നമ്മിൽ അധിവസിക്കയുള്ളൂ. നമ്മുടെ സഹോദരനെ വെറുക്കുകയും അവഹേളിക്കയും ചെയ്യുന്നപക്ഷം ദൈവം നമ്മോടൊന്നിച്ച് ഉണ്ടായിരിക്കുന്നതല്ല. നാം നമ്മുടെ സമീപസ്ഥനോടു കാണിക്കുന്ന സ്നേഹം, ദൈവം തന്നോടുതന്നെ കാണിക്കുന്നതായി കരുതുന്നു. എന്തുകൊണ്ടെന്നാൽ ദിവ്യരക്ഷകൻ പറയുന്നു. 'ഞാൻ നിങ്ങളോടു സത്യമായി പറയുന്നു, നിങ്ങൾ ഈ സഹോദരന്മാരിൽ ഏററവും ചെറിയവനോടു അതു ചെയ്യപ്പോൾ എന്നോടുതന്നെ ചെയ്യു.' 8 സഹോദരസ്നേഹത്തിനു ഇതിലുപരി പ്രേരകമെവിടെ? നമ്മുടെ സ്നേഹത്തിനുള്ള ദൈവത്തിൻെറ അവകാശത്തെ അവിടുന്നു നമ്മുടെ സഹോദരനായിട്ടു വിട്ടുകൊടുത്തിരിക്കുന്നു. ആകയാൽ ധന്യനായ അവിലായിലെ ജോൺ പറയുന്നു; 'നിൻെറ



www.malankaralibrary.com

സഹോദരൻ നിന്നെ വളരെ ഉപദ്രവിച്ചിട്ടുണ്ടെന്നും തന്നിമിത്തം അവനെ സ്നേഹിപ്പാനെന്തു കാരണമാണുള്ളതെന്നും, നിന്നിലെ ജഡപ്രകാരമുള്ള മനുഷ്യൻ ഉപദേശിക്കുന്നെങ്കിൽ, നിന്റെ സ്നേഹകാരണം അവനിലുള്ള ഈശോമ്ശിഹാ ആണെന്നു ഉത്തരിക്ക. പുരോഹിതൻ ദൈവത്തിനും മനുഷ്യനും ഇടക്കു നിൽക്കുന്ന ഒരു മദ്ധ്യസ്ഥനാകുന്നു. തൻമൂലം അവൻ എത്ര അധികമായി തന്റെ സഹോദരനിൽ മ്ശിഹായെ ദർശിക്കുന്നതിനു കടപ്പെട്ടിരിക്കുന്നു എന്നു് എടുത്തു പറയണമെന്നില്ല.

യോഹന്നാൻ ഏവൻഗേലീസ്ലാ സാക്ഷിക്കുന്നു. 'ഒരുവൻ പ്രകാശത്തിലാകുന്നുവെന്നു പറയുകയും തന്റെ സഹോദരനെ വെറുക്കുകയും ചെയ്യുന്നെങ്കിൽ അവൻ ഇനിയും ഇരുട്ടിൽ ആകുന്നു. തന്റെ സഹോദരനെ സ്നേഹിക്കുന്നവൻ പ്രകാശത്തിലാകുന്നു, അവനിൽ ഇടർച്ചയില്ല. തന്റെ സഹോദരനെ വെറുക്കുന്നവൻ അന്ധകാരത്തിലാകുന്നു. അന്ധകാരത്തിൽ നടക്കുകയും ചെയ്യുന്നു. അവൻ എവിടെ പോകുന്നു എന്നു അറിയുന്നില്ല; എന്തുകൊണ്ടെന്നാൽ തമസ്സ് അവന്റെ നയനങ്ങളെ അന്ധകാരമയമാക്കിയിരിക്കുന്നു. [9] സുകൃതജീവിതം കഴിപ്പാൻ ബോധവെളിച്ചം കൂടിയെ തീരൂ; അതു ലഭിക്കണമെങ്കിൽ പരദ്വേഷം മനസ്സിൽനിന്നു നാം പാടേ മാററണം. ഉപവിയില്ലാത്തവൻ ഒരു ആത്മിക കുരുടൻതന്നെയാകുന്നു; അവന്റെ പ്രവൃത്തികൾ ലാക്കതെററിയും വഴിപിഴച്ചുമിരിക്കുന്നു. വി. യോഹന്നാൻ പറയുന്നു. 'സഹോദരന്മാരെ, ലോകം നിങ്ങളെ വെറുക്കുന്നെങ്കിൽ അത്ഭുതപ്പെടേണ്ട. സഹോദരന്മാരെ സ്നേഹിക്കുന്നതുകൊണ്ടു നാം മരണത്തിൽനിന്നു ആയുസ്സിലേക്കു കടന്നിരിക്കുന്നു എന്നു നാം അറിയുന്നു. സ്നേഹിക്കാത്തവൻ മരണത്തിൽ ഇരിക്കുന്നു.' [10] ലോകത്തിനു—ദുഷ്ടലോകത്തിനു— സഹോദരസ്നേഹമില്ല, തൻമൂലം അതു സഹോദരസ്നേഹമുള്ള മ്ശിഹായുടെ യഥാർത്ഥ അനുഗാമികളെ വെറുക്കുന്നു.

'തന്റെ സഹോദരനെ വെറുക്കുന്നവൻ ഘാതകനാകുന്നു. ഘാതകനു നിത്യായുസ്സില്ലെന്നു നിങ്ങൾക്കറിയാമല്ലൊ. ദൈവം തന്നെത്തന്നെ നമുക്കായി കയ്യാളിച്ചു, ഇതിൽ നാം ദൈവ



www.malankaralibrary.com

ത്തിന്റെ സ്നേഹം അറിയുന്നു. നമ്മളും സഹോദരന്മാൎക്കുവേണ്ടി നമ്മെത്തന്നെ കയ്യാളിക്കണം. എന്റെ കുഞ്ഞുമക്കളെ, വാക്കിലും നാവിലുമല്ലാതെ പ്രവൃത്തിയിലും സത്യത്തിലും നമുക്കു സ്നേഹിക്കാം.' 11 മറെറാരു മനുഷ്യനെ ഹിംസിക്കുക കഠോരപാപമാണു. നീ കൊല്ലരുതു, എന്നു വ്യക്തമായ ശാസനമുണ്ടല്ലൊ. സ്വൎഗ്ഗരാജ്യത്തേയ്ക്കുള്ള പ്രവേശത്തെ തടയുന്ന പാപങ്ങളിലൊന്നായിട്ടാണു വി. പൌലോസ് കൊലപാതകത്തെ ഗണിക്കുന്നതു്. പരസ്നേഹമുള്ളവൻ അപരനുവേണ്ടി സ്വയം ആഹുതി ചെയ്യുന്നതുപോലെ പരദ്രോഹി തന്റെ അഭീഷ്ടത്തിനായി അന്യനെ ബലികഴിക്കുന്നു. ചന്ദനവാക്കിലും, പകിട്ടിലും, മിരട്ടിലും അടങ്ങിയ ഒരു സ്നേഹമുണ്ടു്, ഈശോമ്ശിഹാ നമ്മോടാവശ്യപ്പെടുന്നതു ഈ തന്ത്രവിദ്യയല്ല, പ്രത്യുത യഥാൎത്ഥവും പ്രവൃത്തിരൂപേണ പ്രദൎശിപ്പിക്കപ്പെടുന്നതുമായ സ്നേഹമത്രെ.

"പ്രിയരെ നമുക്കു അന്യോന്യം സ്നേഹിക്കാം, എന്തുകൊണ്ടെന്നാൽ സ്നേഹം ദൈവത്തിൽ നിന്നുള്ളതാകുന്നു. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാകുന്നു, അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിയുന്നില്ല, എന്തെന്നാൽ ദൈവം സ്നേഹമാകുന്നു." 12 നാം ദൈവത്തെ അറിയണം, അതാകുന്നു നമ്മുടെ ജീവിതത്തിന്റെ പരമമായ ഉദ്ദേശ്യം. ദൈവം എത്ര നല്ലവനും അനുഗ്രഹം വൎഷിക്കുന്നവനുമാണെന്നറിയണമെങ്കിൽ നമുക്കു സഹോദരസ്നേഹം വേണ്ടിയിരിക്കുന്നു. സഹോദരസ്നേഹമുള്ളവനെ, രാജപ്രവാചകൻ പറയുംപോലെ ദൈവത്തെ രുചിച്ചറിവാൻ സാധിക്കുയുള്ളൂ.

വല്ലൊരുവൻ ഞാൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും അവന്റെ സഹോദരനെ വെറുക്കുകയും ചെയ്യുന്നെങ്കിൽ അവൻ ഒരു നുണയനാകുന്നു. അവൻ കാണുന്ന അവന്റെ സഹോദരനെ അവൻ സ്നേഹിക്കുന്നില്ലെങ്കിൽ, അവൻ കാണാത്ത ദൈവത്തെ എങ്ങിനെ സ്നേഹിക്കും. ദൈവത്തെ സ്നേഹിക്കുന്നവൻ അവന്റെ സഹോദരനേയും സ്നേഹിക്കുന്നു, എന്ന ഈ പ്രമാണം നമുക്കു ദൈവത്തിൽനിന്നുള്ളതാകുന്നു. 13 എത്ര ശക്തിമത്തായ



www.malankaralibrary.com

വാക്യങ്ങൾ. വി. യോഹന്നാൻ സഹോദരസ്നേഹത്തെപ്പററി പലതും പറഞ്ഞശേഷം ഈ വാക്യങ്ങളാൽ ആ ഭാഗം ഉപസംഹരിക്കയാണു ചെയ്യുന്നത്.

ഇതേവരെ പ്രസ്താവിച്ചതു സ്നേഹത്തെ അധികരിച്ചു യോഹന്നാൻ സുവിശേഷകൻ പറഞ്ഞിട്ടുള്ളവയാണല്ലോ. പ്രേഷിതവൃത്തിയുടെ ഉത്തമമാതൃകയായി പ്രോല്ലസിക്കുന്ന പുറജാതികളുടെ അപ്പോസ്തോലൻ പരസ്നേഹത്തെപ്പററി തരുന്ന ഉപദേശമെന്തെന്നു ഇനി ചിന്തിക്കാം. ശ്ലീഹാ മനുഷ്യരക്ഷാർത്ഥം സ്ഥാപിതമായ സഭയെ മനുഷ്യഗാത്രത്തോടാണു ഉപമിക്കുന്നത്. 'എന്തെന്നാൽ നമുക്കു ഒരു ശരീരത്തിൽ പല അവയവങ്ങളുണ്ടായിരിക്കയും എന്നാലും എല്ലാ അവയവങ്ങൾക്കും പ്രവൃത്തി ഒന്നല്ലാതിരിക്കയും ചെയ്യുന്നതുപോലെ, നാം വളരെപ്പേർ മ്ശിഹായിൽ ഒരു ശരീരമാകുന്നു' എന്നല്ല ഓരോരുത്തനും ഇതരൻെറ അവയവങ്ങളും (ആകുന്നു). 14 സഭ എന്ന ശരീരത്തിലെ വിവിധങ്ങളായ അംഗങ്ങളാണു മനുഷ്യരെല്ലാവരും— വൈദികരും അൽമേനികളും. ഒരു ശരീരത്തിലെ അവയവങ്ങളുടെ പരസ്പരബന്ധത്തെപ്പററി പറയേണ്ടയാവശ്യമില്ല. വി. പൌലോസ് കൊറിന്തിയാക്കാർക്കുള്ള പ്രഥമ ലേഖനത്തിൽ ഈ ആശയം ഒന്നുകൂടി വിശദമാക്കിക്കൊണ്ടു ഇങ്ങനെ പറയുന്നു. 'ശരീരം തന്നെയും ഒരു അവയവമല്ല പ്രത്യുത, ബഹുലം. ഞാൻ കയ്യല്ലായ്കകൊണ്ടു ശരീരത്തിലുള്ളതല്ല എന്നു കാൽ പറഞ്ഞുവെങ്കിൽ അതിനാൽ അതു ശരീരത്തിലുള്ളതല്ലാതെയാകുമോ? . . . എന്നാൽ നിൻെറ പ്രവൃത്തികളേക്കൊണ്ടു എനിക്കു ആവശ്യമില്ലെന്നു കണ്ണു കൈയ്യോടൊ, നിങ്ങൾ എനിക്കു ആവശ്യമുള്ളവയല്ലെന്നു വീണ്ടും തല കാലുകളോടൊ പറഞ്ഞുകൂടാ. കാരണം ശരീരത്തിൻെറ അധികം ബലക്കുറവുള്ള അവയവങ്ങളായി തോന്നുന്നവ അധികം ആവശ്യകങ്ങളാകുന്നു; ഒരവയവം എന്തെങ്കിലും സഹിക്കുന്നുവെങ്കിൽ എല്ലാ അവയവങ്ങളുംകൂടി സഹിക്കുന്നു. ഒരു അവയവം പ്രശംസിക്കപ്പെടുന്നെങ്കിൽ എല്ലാ അവയവങ്ങളുംകൂടി സന്തോഷിക്കുന്നു. 15 ഏവംവിധമുള്ള യോജിപ്പാണു മാനവസമുദായത്തിനു വേണ്ടത്. ലോകംതന്നെ ക്രമമായി



www.malankaralibrary.com

നിലനിന്നുപോരുന്നതു വിവിധശക്തികളുടെ ഗാഢമായ സംയോഗം മൂലമാണല്ലൊ. വൈദികൻ തൻെറ സ്ഥാനമഹിമാവിനെ ഓർത്തു് നിസ്സാരനായ ഒരു അൽമേനിയെപ്പോലും നിരാകരിക്കാൻ പാടില്ല. സഭയാകുന്ന ശരീരത്തിൽ അവനും ഒരു സ്ഥാനമുണ്ട്. ഔന്നത്യഭാഗത്തു സ്ഥിതിചെയ്യുന്ന ശിരസ്സും അധോഭാഗത്തു പൂഴിയെ ചുംബനം ചെയ്യുന്ന പാദങ്ങളും ശരീരത്തിൻെറ സൌഷ്ഠവത്തിനു അത്യന്താപേക്ഷിതമല്ലേ? മേലുള്ളവരേയും കീഴുള്ളവരേയും, എന്നുവേണ്ട, വിവിധസ്വഭാവത്തോടും വേഷഭൂഷാദികളോടും കൂടിയ നാനാകുലമഖിലത്തേയും കൂട്ടിയിണക്കുന്ന ആ അത്ഭുതകരമായ ശൃംഖലയാകുന്നു സ്നേഹം. സ്നേഹം കൂടാതെ യോജിപ്പില്ല, യോജിപ്പുകൂടാതെ സൌഹാർദ്ദതയുമില്ല. ആകയാൽ ദാവീദ്ദീർഘദർശി പറയുന്നു, 'സഹോദരന്മാർ ഒരുമിച്ചു വസിക്കുന്നതു എത്ര നല്ലതും മനോഹരവുമാകുന്നു.' 16

സ്നേഹത്തിൻെറ സ്വഭാവത്തെപ്പററി അപ്പോസ്തോലൻ ഇങ്ങനെ പ്രസ്താവിക്കുന്നു. 'സ്നേഹം സഹനമുള്ളതും ദയയുള്ളതും ആകുന്നു. അതു അസൂയപ്പെടുന്നില്ല, തെററായി പ്രവർത്തിക്കുന്നില്ല, അഹങ്കരിക്കുന്നില്ല, അതു അത്യാഗ്രഹപ്പെടുന്നില്ല, തൻകാര്യങ്ങളെ അന്വേഷിക്കുന്നില്ല, കോപിക്കുന്നില്ല, തിന്മ വിചാരിക്കുന്നില്ല, തിന്മയെക്കുറിച്ചു സന്തോഷിക്കുന്നില്ല, എന്നാൽ സത്യത്തോടു ഒരുമിച്ചു സന്തോഷിക്കുന്നു. എല്ലാം സഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം ശരണപ്പെടുന്നു, എല്ലാം വഹിക്കുന്നു, ഒരിക്കലും സ്നേഹം ക്ഷയിക്കുന്നില്ല. 17 സഹോദരസ്നേഹം എന്താണെന്നും എന്തല്ലെന്നുമാണു ശ്ലീഹാ ഇവിടെ നിർവചിക്കുന്നത്. സഹനവും അനുകമ്പയും ഉള്ളേടത്തു സ്നേഹമുണ്ട്. ത്യാഗം കൂടാതെ സഹോദരസ്നേഹം പാലിക്കുക ശക്യമല്ലെന്നാണ് വി. കൊച്ചുത്രേസ്യാ പറയുന്നത്. സന്തോഷിക്കുന്നവരോടുകൂടി സന്തോഷിക്കുന്നതും ദുഃഖിക്കുന്നവരോടു കൂടി ദുഃഖിക്കുന്നതും സ്നേഹത്തിൻെറ ഒരു ഗുണവിശേഷമാണ്.

ദാംഭികത്വവും അസൂയയും അത്യാഗ്രഹവും സ്വാർത്ഥതയും കോപവും പരസ്നേഹത്തിൻെറ അഭാവത്തെ വ്യഞ്ജിപ്പിക്കുന്നു. അപരൻെറ ഭാഗ്യത്തിൽ നാം അസൂയപ്പെടുന്നെങ്കിൽ അതു നമുക്കു അവനോടുള്ള സ്നേഹത്തിൻെറ കുറവുകൊണ്ടത്രെ.



www.malankaralibrary.com

നമ്മിൽ സ്നേഹം അങ്കരിപ്പിക്കുകയാകുന്നു പ്രമാണത്തിന്റെ ഉദ്ദേശ്യമെന്നു അപ്പോസ്തോലൻ പറയുന്നു. 'എന്നാൽ പ്രമാണത്തിന്റെ പരമോദ്ദേശ്യം ശുദ്ധ ഹൃദയത്തിൽ നിന്നും നല്ല മനഃസാക്ഷിയിൽ നിന്നും നിർവ്യാജ വിശ്വാസത്തിൽനിന്നുമുള്ള ഉപവിയാകുന്നു.' 18 a

സ്നേഹം എല്ലാ പുണ്യങ്ങളേക്കാൾ ഉപരിഷ്ടമത്രെ. അതിന്റെ അഭാവത്തിൽ മററു സുകൃതങ്ങളൊന്നും ശോഭിക്കയില്ല. "ഞാൻ മനുഷ്യരുടേയും മാലാഖാമാരുടേയും ഭാഷകളിൽ സംസാരിച്ചാലും, എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ അല്ലെങ്കിൽ ചിലമ്പുന്ന കൈത്താളമൊ പോലെ ആയിരിക്കുന്നു. എനിക്കു ദീർഘദർശനവരമുണ്ടായിരിക്കയും എല്ലാ രഹസ്യങ്ങളേയും എല്ലാ ജ്ഞാനങ്ങളേയും ഞാൻ അറിയുകയും മലകളെ നീക്കത്തക്ക എല്ലാ വിശ്വാസവും എനിക്കു ഉണ്ടാകയും ചെയ്താലും എനിക്കു സ്നേഹമില്ലെങ്കിൽ ഞാൻ ഒന്നുമല്ല. ദരിദ്രന്മാരുടെ ഭക്ഷണത്തിനായി എന്റെ വസ്തുക്കളൊക്കെയും ഞാൻ വിഭജിച്ചാലും എന്റെ ശരീരത്തെ ഞാൻ ദഹിപ്പിക്കുമാറു ഏല്പിച്ചാലും എനിക്കു സ്നേഹമില്ലെങ്കിൽ യാതൊരു പ്രയോജനവുമില്ല. 18 b ശ്രോതാക്കളെ ദത്തശ്രദ്ധരാക്കി, അവരെ ആനന്ദസാഗരത്തിൽ ആറാടിക്കുന്ന പരിപാവനമായ വാഗ്ദ്ധോരണി, ദൈവശാസ്ത്രത്തിലുള്ള അഗാധമായ പാണ്ഡിത്യം, സർവ്വവും അംശിച്ചു ദരിദ്രർക്കു കൊടുക്കുന്ന ദീനാനുകമ്പ, ഇവ എല്ലാം അത്യുൽകൃഷ്ടങ്ങളായ അനുഗ്രഹങ്ങൾ തന്നെ, എന്നാൽ സ്നേഹമെന്ന മധു ഇവയോടു ചേരാതിരുന്നാൽ സകലവും ശുഷ്കങ്ങളായി, ഫലശൂന്യങ്ങളായി പര്യവസാനിക്കുന്നു.

തനിക്കു പരസ്നേഹമുണ്ടെന്നു ഒരുവനും അത്രവേഗം തീച്ചപ്പെടുത്തേണ്ട; എന്തെന്നാൽ വി. ഗ്രിഗോരി പറയുന്നു. 'ഒരുവൻ തന്റെ സഹോദരനെ ദൈവത്തെപ്രതി സ്നേഹിക്കുന്നില്ലെങ്കിൽ അവന്റെ സഹോദരസ്നേഹം സങ്കല്പത്തിൽ മാത്രം ഉള്ളതാകുന്നു, വാസ്തവത്തിൽ ഉള്ളതല്ല. ക്രിസ്താനുകരണത്തിന്റെ വന്ദ്യനായ പ്രണേതാവു പറയുന്നു. 'നമ്മുടെ പ്രവൃത്തികളിൽ സ്വാർത്ഥത



www.malankaralibrary.com

അധികമുള്ളപ്പോഴും നാം ഉപവിയോടുകൂടി പ്രവർത്തിക്കയാണെന്നു വിചാരിക്കുന്നു. പലപ്പോഴും സ്വാഭാവിക ചാച്ചിലും സ്വാഭിഷ്ടവും പ്രതിഫലേച്ഛയും സ്വന്തസുഖത്തിനുള്ള വാഞ്ഛയും നമ്മിൽനിന്നു അകന്നിരിക്കുക ദുർല്ലഭമാണു്. യഥാർത്ഥവും പൂർണ്ണവുമായ ഉപവിയുള്ളവൻ ഒന്നിലും തന്നെത്തന്നെ അന്വേഷിക്കുന്നില്ല, എല്ലാററിലും ദൈവമഹത്വംമാത്രം അവൻ ആഗ്രഹിക്കുന്നു. അവനു യാതൊരുത്തനോടും അസൂയയുമില്ല, എന്തുകൊണ്ടെന്നാൽ യാതൊരു സ്വയ സന്തോഷത്തിലും അവനു താൽപ്പര്യമില്ല.' 19

പരസ്നേഹത്തെ ഹനിക്കുന്ന ചില തിന്മകളുണ്ടു്, അവയിൽ പ്രധാനങ്ങളായവ അകാരണമായ വിധിയും (Rash Judgement) തർക്കവും ഏഷണിയുമാകുന്നു. ഇവ ഓരോന്നിനെപ്പററിയും സ്വല്പമായി ഇവിടെ പ്രതിപാദിച്ചുകൊള്ളുന്നു, ആദ്യമായി അകാരണവിധിയെ തന്നെ എടുക്കാം. മററുള്ളവരിൽ തെററു കണ്ടുപിടിക്കുന്നതിനു മനുഷ്യർക്കു സ്വാഭാവികമായ ഒരു വാസനയുണ്ടു്. മിക്കപ്പോഴും നമ്മുടെ സഹോദരനിൽ നാം കാണുന്നതു അഭ്യൂഹമാത്രമായ വീഴ്ചയായിരിക്കും. 'മനുഷ്യൻ പുറമേയുള്ളതു കാണുന്നു, ദൈവം ഹൃദയത്തിൽ നോക്കുന്നു' എന്നു പരിശുദ്ധഗ്രന്ഥം പറയുന്നു. ഒരു പ്രവൃത്തിയെ ദൈവസമക്ഷം നന്മയൊ തിന്മയൊ ആക്കുന്നതു ഉദ്ദേശ്യമാകുന്നു, ഈ ഉദ്ദേശ്യം ആന്തരികം മാത്രമാകയാൽ ഇതരന്മാർക്കു ഗ്രഹിക്കുക സാദ്ധ്യമല്ലല്ലൊ. ആകയാൽ ക്രിസ്തുനാഥൻ പറയുന്നു. 'നിങ്ങൾ വിധിക്കാതിരിപ്പിൻ, അപ്പോൾ നിങ്ങളും വിധിക്കപ്പെടുന്നതല്ല, നിങ്ങൾ കുററം ചുമത്താതിരിപ്പിൻ, അപ്പോൾ നിങ്ങളിലും കുററം ചുമത്തപ്പെടുന്നതല്ല; എന്തുകൊണ്ടെന്നാൽ ഏതളവാലെ നിങ്ങൾ അളക്കുമൊ ആ അളവാലെ നിങ്ങൾക്കും അളക്കപ്പെടും . . . നിൻെറ സഹോദരൻെറ കണ്ണിലുള്ള കരടിനെ നീ കാണുകയും നിൻെറ കണ്ണിലുള്ള തുലാത്തിനെപ്പററി നീ വിചാരിക്കാതിരിക്കയും ചെയ്യുന്നതെന്തുകൊണ്ടു്?20

ക്രിസ്ത്വാനുകരണം പറയുന്നു. 'മററുള്ളവരുടെ കുറവുകളേയും ഏതേതു വീഴ്ചകളേയും ക്ഷമയോടെ സഹിപ്പാൻ ശ്രമിക്കുക, എന്തെന്നാൽ അന്യർ സഹിക്കേണ്ടതായി പലതും നിന്നിലുണ്ടു്.



www.malankaralibrary.com

നി ഇച്ഛിക്കുംപോലെ നിന്നെത്തന്നെ ആക്കുവാൻ നിനക്കു വഹിയാഎങ്കിൽ അന്യനെ നിൻെറ ഹിതംപോലെ ആക്കുവാൻ നിനക്കു കഴിയുന്നതെങ്ങിനെ.' 21 സെനക്കാ പറയുന്നു; നീ സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നെങ്കിൽ, ആദ്യം സ്നേഹിക്കുക, സ്നേഹത്തിനുപകരം സ്നേഹമല്ലാതെ ഒന്നും കിടനിൽക്കുകയില്ല. ഇതാകുന്നു ദിവ്യരക്ഷകൻെറ ഉപദേശം. "അന്യർ നിന്നോടു ചെയ്വാൻ ആഗ്രഹിക്കുന്നതെല്ലാം നീ അവരോടുംചെയ്യുക." 22 വി. ക്രിസോസ്തോമ്മസ്സ് ഈ വാക്യത്തിനു നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്. 'മററുള്ളവർ നിനക്കു ഉപകാരം ചെയ്യണമെന്നു നീ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അവക്കു നീയും ഉപകാരംചെയ്യുക, നിന്നോടു അന്യർ അനുകമ്പകാണിക്കണമെന്നുണ്ടോ, എന്നാൽ നീ അവരോടും അനുകമ്പകാണിക്കുക, നീ സ്നേഹിക്കപ്പെടാനാഗ്രഹിക്കുന്നെങ്കിൽ സ്നേഹിക്കുക, നിനക്കു ഒന്നാംസ്ഥാനം വേണമെന്നുണ്ടെങ്കിൽ അതു വച്ചുമാറുന്നതിനു നീയും ഒന്നാമനായിരിക്കുക.'

നമ്മുടെ സഹോദരൻെറ നടത്തയുടെ നല്ലവശമാണു നാം കാണേണ്ടതു്. റൊഡ്റീഗസ്സു പറയുന്നു. "മുള്ളുകളെ ഗണിക്കാതെ കുസുമങ്ങളിൽ ചെന്നിരിക്കുന്ന തേനീച്ചകളെയാണു നാം അനുഗമിക്കേണ്ടതു, അല്ലാതെ കാഷ്ഠത്തിന്മേൽമാത്രം വിശ്രമിക്കുന്ന വണ്ടുകളെയല്ല." ദോഷൈകദൃക്കുകൾ ദുഷ്ടുള്ളടത്തുമാത്രം കടിക്കുന്ന അട്ടകളെപ്പോലാണെന്നു വേറൊരു മഹാൻ പറഞ്ഞിരിക്കുന്നു.

ഫാദർ ഡോസൻ (Fr. Dawson) തൻെറ A boy's book എന്ന ചെറുഗ്രന്ഥത്തിൽ എപ്പോഴും അപരാധാരോപണം ചെയ്യുന്നവക്കു നൽകുന്ന ഉപദേശം ഇതാണു. "സകല കാര്യങ്ങളുടെയും നല്ല വശത്തുനോക്കുക, എല്ലാ മേഘത്തിനും അതിൻെറ രജതരേഖയുണ്ടു്. ഈ ഭൂമിയിൽ സാർവ്വത്രികമായ പൂർണ്ണത കണ്ടുമുട്ടാൻ ഒരുവനും കഴിയുന്നതല്ല. അപരാധാരോപണവും വിമർശനവുംപോലെ എളുപ്പമുള്ള ഒരു തൊഴിൽ ലോകത്തിൽമററില്ല. കുററംപറയുക സങ്കുചിതവും ദാംഭികവുമായ ഒരു ഹൃദയത്തിൻെറ ലക്ഷണമാകുന്നു. നാം തെററുകളെക്കുറിച്ചു അതി



www.malankaralibrary.com

ഭാഷണം ചെയ്യാതെ അവസ്ഥ പരിഹാരമാൎഗ്ഗം കണ്ടുപിടിക്കാനാണ ശ്രമിക്കേണ്ടത്." ഭക്തിപരമായ അന്തരിക്ഷത്തിൽ വളൎന്ന് സന്മാൎഗ്ഗശാസ്ത്രാദിഗ്രന്ഥങ്ങളിലുള്ള ശിക്ഷണംമൂലം ബുദ്ധിവികാസം ലഭിച്ചിട്ടുള്ള വൈദികസത്തമന്മ വഷളായതും വഷളാക്കുന്നതുമായ ഈ ലോകത്തിൽ ന്യൂനതകളെ ധാരാളം കാണാൻകഴിയും. ഇവയെപ്പററിയെല്ലാം പ്രതികൂലമായ അഭിപ്രായപ്രകടനം ഉടനടി ചെയ്യാതിരിക്കുന്നതിന്ന, സഹോദരസ്നേഹത്തിലും അനുകമ്പയിലും നിന്ന ഉൽഭൂതമാകുന്ന ആത്മസംയമനംതന്നെ വേണം.

രണ്ടാമതായി പരസ്നേഹത്തിന ഭംഗം വരുത്തുന്നതു തൎക്കവും തൽഫലമായ പിടി വാദവുമാകുന്നു. വി. പൌലോസ് ഏതൽസംബന്ധമായി തിമോത്തിക്ക ഇങ്ങനെ എഴുതുന്നു. വാഗ്വാദാൎത്ഥം നീ തൎക്കിക്കരുതു, എന്തെന്നാൽ ശ്രോതാക്കളെ കീഴ്മേൽ മറിക്കുവാനല്ലാതെ അതുകൊണ്ടൊരു പ്രയോജനവുമില്ല. 23 പിന്നിട്ട അപ്പോസ്തോലൻ ഇങ്ങനെ കൂട്ടിചേൎക്കുന്നു. 'കൎത്താവിന്റെ ദാസൻ ശണ്ഠയിടേണ്ടതല്ല, പ്രത്യുത സകലരോടും വിനയമുള്ളവനും ഉപദേശിക്കുന്നവനും ക്ഷമയുള്ളവനുമാകണം.' 24 a കാൎയ്യങ്ങൾ നടന്നില്ലെങ്കിലും സഹോദരന്മാരുടെ ഇടയിൽ തൎക്കവും വാദവും ഉണ്ടാകാതിരിക്കുന്നതിനാണ താൻ ആഗ്രഹിക്കുന്നതെന്ന ഒരു സിദ്ധൻ പറയുക പതിവായിരുന്നു. വി. ബൊനവെഞ്ചുരാ പറയുന്നതു കേട്ടാലും! തൎക്കിക്കയും പരുഷവാക്കുകൾ പറയുകയും ചെയ്യുന്നതിൽ പരം കഷ്ടതരമായി യാതൊന്നും ഒരു ദൈവശുശ്രൂഷിയുടെ നാമത്തോടു ഘടിപ്പിച്ചുപറവാനില്ല. മൎക്കടമുഷ്ടി സത്യത്തിന്റെ കാൎയ്യത്തിലാണെങ്കിലും പിശാചിൽ നിന്നല്ലാതെ പുറപ്പെടാൻ തരമില്ലെന്നാണ വി. യോഹന്നാൻ ക്ലിമാക്കോസ് പറയുന്നതു്. സ്വാഭിപ്രായം തീക്ഷ്ണതയോടുകൂടി പ്രകടിപ്പിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നതിന്റെ കാരണം ആത്മപ്രശംസയല്ലാതെ മറെറാന്നുമാവാൻ തരമില്ല.

ശണ്ഠകളിൽ നിന്ന ഒഴിഞ്ഞിരിക്കുക ഒരു മനുഷ്യന്ന ബഹുമാനം വരുത്തുന്ന സംഗതിയാകുന്നു. എന്ന ശ്ലേമ്മോൻ പറയുന്നു. 24 b നമ്മുടെ അഭിപ്രായം തുറന്ന പറഞ്ഞിട്ടും പ്രതിപക്ഷി



www.malankaralibrary.com

പ്രത്യാഖ്യാനിക്കയാണെങ്കിൽ മൌനം അവലംബിക്കയാണുത്തമം; അങ്ങനെ ചെയ്താൽ നമ്മുടെ അഭിപ്രായം ഉറപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും വളരെ പാപങ്ങളുടെ കാരണത്തെ മാററാൻ സാധിക്കമെന്നുള്ളതു തീർച്ചതന്നെ. ഇതുകൊണ്ടായിരിക്കണം സുഭാഷിതത്തിൽ ഇപ്രകാരം കാണുന്നതു്. 'കലഹത്തിൽ നിന്നു പിന്മാറുക, നിന്റെ പാപങ്ങളെ നീ കുറയ്ക്കും. 25 വി. തോമ്മസ് അകിനാസ് നിരുപമദീപ്തിമത്തായി പ്രശോഭിക്കുന്ന ഒരു പണ്ഡിത സാർവ്വഭൌമനാണെങ്കിലും സ്വാഭിപ്രായങ്ങളെ വളരെ ശാന്തമായിട്ടാണു പ്രതിപാദിച്ചിട്ടുള്ളതു്. ജയം നേടണമെന്നല്ല, സത്യം വെളിപ്പെടണം, എന്നതാണു തന്റെ ആന്തരമെന്നു അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നവർ സമ്മതിക്കാതിരിക്കയില്ല എന്നു ഒരുമഹാൻ പറഞ്ഞിരിക്കുന്നു. മഹാ താത്വികനായിരുന്ന സോക്രട്ടീസ് ഒരിക്കൽ തന്റെ സ്നേഹിതന്മാരെ എല്ലാം കെങ്കേമമായ ഒരു വിരുന്നിനു ക്ഷണിച്ചു. എല്ലാവരും ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ സോക്രട്ടീസ് തന്റെ അതിഥികളിൽ ഒരുവനെ എന്തോ വീഴ്ചകൾക്കായി പരസ്യമായി ശാസിച്ചു. ഉടനെ ആ സദസ്സിലുണ്ടായിരുന്ന പണ്ഡിതനായ പ്ലേറെറാ സോക്രട്ടീസ്സിനോടു ഇങ്ങനെ ചോദിച്ചു. 'ഈ ആളിനെ രഹസ്യമായി ശാസിക്കയല്ലായിരുന്നൊ ഉത്തമം'. അപ്പോൾ സോക്രട്ടീസ്സ് 'നിങ്ങൾക്കും എന്നോടിതു രഹസ്യമായി പറയരുതായിരുന്നോ' എന്നു പ്രതിവചിച്ചു. ഇങ്ങനെ പ്ലേറേറാ തന്റെ സ്നേഹിതനെ ഏതുകുററത്തെക്കുറിച്ചു ശാസിച്ചുവൊ അതിൽ നിപതിച്ചു. നോക്കുക, പണ്ഡിതന്മാരുടെ ഇടയിലെ ശണ്ഠ.

പരസ്നേഹത്തെ ഹനിക്കുന്ന മൂന്നാമത്തെ തിന്മ ഏഷണിയാകുന്നു. ഇതിനെ ദൈവം വെറുക്കുകമാത്രമല്ല, തനിക്കു അതിനോടു വളരെ അറപ്പുമുണ്ടു്. സ്ലേമ്മോൻ പറയുന്നു: കർത്താവു വെറുക്കുന്ന ആറു സംഗതികളുണ്ടു്. ഏഴാമത്തതിനെ തന്റെ ആത്മാവു വിദ്വേഷിക്കതന്നെ ചെയ്യുന്നു, (അതായതു) ദാംഭികനേത്രങ്ങൾ, കളവുപറയുന്ന നാവു്, കുററമില്ലാത്ത രക്തം ചിന്തുന്ന കരങ്ങൾ, ദുരാലോചനകൾ വാർത്തെടുക്കുന്ന ഹൃദയം, പരോപദ്രവ



www.malankaralibrary.com

ത്തിനായി ധാവനം ചെയ്യുന്ന പാദങ്ങൾ, കാപട്യം പറയുന്ന ചതിയനായ സാക്ഷിക്കാരൻ, സഹോദരന്മാരുടെ ഇടയിൽ കലഹം വിതയ്ക്കുന്നവൻ (ഏഷണിക്കാരൻ). 26 ആകയാൽ മനുഷ്യരുടെ ഇടയിൽ പരസ്പര വിശ്വാസവും സ്നേഹവും നശിപ്പിക്കുന്ന ഏഷണി മററു പലേ തിന്മകളെ അപേക്ഷിച്ച് കൂടുതൽ നിചമായിട്ടുള്ളതാണെന്നു വരുന്നു.

പട്ടക്കാർ പരസ്പരം സ്നേഹിപ്പാനും ബഹുമാനിപ്പാനും കടപ്പെട്ടിരിക്കുന്നു. ഇതിനുള്ള കാരണങ്ങൾ സർവ്വതോമുഖങ്ങളാണ്. ഒരു പുരോഹിതൻ മററൊരു പുരോഹിതനിൽ കാണേണ്ടതു തന്റെ ഒരു സഹോദരനേയും സഹപ്രവർത്തകനേയുമാകുന്നു. വൈദികർ തമ്മിലുള്ള വെറുപ്പും വിദ്വേഷവും അപരാധാരോപണങ്ങളും എത്ര സർവ്വംകഷമായ വിപത്താണു ജനതാമദ്ധ്യത്തിൽ വരുത്തിവയ്ക്കുന്നതെന്നു, ഒരു പക്ഷേ, പൌരോഹിത്യ പദവിയിൽ ദീർഘനാൾ കഴിച്ചിട്ടുള്ളവർക്കു പതിവ് എന്ന മറമൂലം ഗ്രഹിപ്പാൻ കഴിവില്ലായിരിക്കാം. എന്നാൽ ഈ തിന്മ അതിന്റെ വിനാശകൃത്യം സാവകാശം നിറവേററിക്കൊണ്ടാണിരിക്കുന്നത്. രണ്ടു വൈദികർ അന്യോന്യം വെറുപ്പിന്റെ ആഗ്നേയാസ്ത്രങ്ങൾ അയക്കുമ്പോൾ ദുഷ്ടമനുഷ്യരും പിശാചുക്കളും ആഹ്ലാദിക്കുന്നു. രണ്ടു സേനാനായകന്മാർ തമ്മിലുള്ള മത്സരം എതിർപക്ഷക്കാർക്കു സന്തോഷകരമായിരിക്കുമല്ലൊ. വൈദികർ തമ്മിലുള്ള വിരോധത്തെ പ്രലത്തുന്നതിനും, അതിന്റെ വാർത്തകൾ അങ്ങുമിങ്ങും കൊണ്ടുനടക്കുന്നതിനും അത്യുൽസുകരായ ആളുകൾ ഉണ്ടെന്നുള്ള സംഗതി ഒരിക്കലും നാം മറക്കരുത്. വൈദികരേവരും ഒരേ കാര്യസാദ്ധ്യത്തിനായി യുദ്ധംചെയ്യുന്ന പടയാളികളാകുന്നു. അവർ തമ്മിൽ പിണങ്ങുമ്പോൾ, തങ്ങളുടെ സൌഭാഗ്യസൌധത്തിന്റെ മൂലക്കല്ലുതന്നെ അവർ മാന്തുകയാണു ചെയ്യുന്നത്. ക്രിസ്തുവിന്റെ അതിപ്രധാനമായ സഹോദരസ്നേഹമെന്ന പ്രമാണത്തെ ശുദ്ധ സ്ഥലത്തുതന്നെ നാം ലംഘിക്കുന്നെങ്കിൽ എങ്ങിനെ അതിന്റെ മാഹാത്മ്യത്തെപ്പററി അന്യരോടു പ്രസംഗിപ്പാൻ നമുക്കു കഴിയും? നമ്മുടെ സ്നേഹം ശുഷ്കവും വന്ധ്യവുമാണെങ്കിൽ, എങ്ങിനെ

അതുകൊണ്ട് അന്യരുടെ ഹൃദയങ്ങളെ ദ്രവിപ്പിക്കാൻ നാം പ്രാപ്തരാവും? 'മ്ശിഹായുടെ സ്നേഹം നമ്മെ നിർബന്ധിക്കുന്നു' എന്നു വി. പൌലോസിനോടുകൂടി പറവാൻ നമ്മുടെ ഹൃദയത്തിലും പരസ്നേഹം ജ്വലിക്കേണ്ടിയിരിക്കുന്നു.

1645-ൽ വി. വിൻസെൻറുദെപോൾ ഐർലണ്ടിലുള്ള തൻെറ സഭാംഗങ്ങൾക്കു ഇപ്രകാരമെഴുതി. 'ക്രിസ്തുവിൻെറ സ്നേഹത്തിൽ നമുക്കു യോജിച്ചു നിൽക്കാം, അപ്പോൾ ദൈവം നിശ്ചയമായും നമ്മെ ആശിർവ്വദിക്കും. ക്രിസ്തുവിനോടും ക്രിസ്തു വഴിയായി അന്യോന്യവും നാം യോജിച്ചല്ല നിൽക്കുന്നതെങ്കിൽ എങ്ങിനെ ക്രിസ്തുവിങ്കലേയ്ക്കു ആത്മാക്കളെ ആനയിക്കാൻ നമുക്കു സാധിക്കും? ഒരേ മനസ്സും ഹൃദയവുമാണു നമുക്കു വേണ്ടതു്. കലപ്പയ്ക്കു വച്ചിരിക്കുന്ന രണ്ടു കുതിരകളിൽ ഒന്നു ഒരു ഭാഗത്തേയ്ക്കും, മററതു മറുഭാഗത്തേയ്ക്കും അതിനെ വലിക്കുന്നെങ്കിൽ രണ്ടും നാശഗർത്തത്തിൽ പെടുമെന്നുള്ളതു അവിതർക്കിതമാണല്ലോ.' 27

വൈദികരുടെ ഇടയിലുള്ള യോജിപ്പിനും രമ്യതയ്ക്കും ഏററവും പററിയ മാർഗ്ഗം പരസ്പരബഹുമാനമാകുന്നു. ഒരേ ജോലിക്കാരുടെ ഇടയിൽ തമ്മിൽത്തമ്മിൽ മത്സരം ലോകസാധാരണമാണ്. തൻെറ ഒരു സഹപ്രവർത്തകനു ലഭിക്കുന്ന താഴ്ച, തനിക്കു ലഭിക്കുന്ന ഒരു ഉയർച്ചയായി ലൌകായതികന്മാർ കരുതുന്നു.

ദൈവശുശ്രൂഷയിൽ ഇമ്മാതിരി ഒരഭിപ്രായത്തിനു സ്ഥാനമില്ലതന്നെ. ഒരു സഹോദരവട്ടക്കാരനെ താഴ്ത്തിയിട്ടല്ല നാം ഉയരാൻ ശ്രമിക്കേണ്ടതു്. മറെറാരുവൻെറ മുഖത്തു കരിതേച്ചല്ലല്ലൊ നമ്മുടെ മുഖശോഭ വെളിപ്പെടുത്തേണ്ടതു്. "നീ നിന്നെത്തന്നെ ബഹുമാനിക്കുക, അപ്പോൾ അന്യർ നിന്നെ ബഹുമാനിക്കും, നീ അന്യരെ ബഹുമാനിക്കുക, നിനക്കു സ്നേഹിതന്മാരുണ്ടാകും" 28 എന്ന ഫാദർ ഡോസൻെറ വാക്കുകൾ സ്മർത്തവ്യങ്ങളാണ്. ജനങ്ങൾ വൈദികസ്ഥാനത്തെ ബഹുമാനിപ്പാൻ കടപ്പെട്ടിരിക്കുന്നതുപോലെ വൈദികരും കടപ്പെട്ടിരിക്കുന്നു. 'എൻെറ അഭിഷിക്തരെ നിങ്ങൾ സ്പർശിക്കരുതു്" എന്നു പുരോഹിതന്മാരോടുംകൂടിയാണ് ദൈവം കല്പിക്കുന്നതു്. ഒരു ഗ്രന്ഥകാരൻ പറയുന്നു. 'വൈദിക



www.malankaralibrary.com

രോടുള്ള ചിരപരിചയം നിമിത്തം അവരുടെ സൽകീർത്തിക്കൊ വണക്കത്തിനൊ, ക്രിസ്തുവിന്റെ പ്രതിപുരുഷന്മാർ എന്നുള്ള സ്ഥാനത്തിനൊ, അവക്കുള്ള അവകാശത്തെ ഒരിക്കലും നമുക്ക വിസ്മരിക്കാൻ പാടില്ല. അവരുടെ സ്ഥാനമാഹാത്മ്യത്തെ പരിഗണിക്കാതെ, അവരിലുള്ള ന്യൂനതകളും വീഴ്ചകളും നാം പരസ്യപ്പെടുത്തുന്നപക്ഷം, അതിവേഗം നമ്മളും പരദ്രോഹികളും, വക്രബുദ്ധികളും മര്യാദാവിഹീനരുമായി ഭവിക്കാതിരിക്കയില്ല. എന്നാൽ നാം മററുള്ളവരുടെ സൽഗുണങ്ങളേയും ദൈവേഷ്ടാനുസരണമായ പ്രവൃത്തികളേയും വിലമതിക്കയും, പരോപകാരപ്രദങ്ങളായ അവരുടെ തീക്ഷ്ണത നിറഞ്ഞ ശ്രമങ്ങളെ സമാദരിക്കയും ചെയ്യുന്നതായാൽ നമ്മുടെ കരുണയും, എളിമയും, അനുകമ്പയും വർദ്ധിക്കുന്നതായിരിക്കും."

സഹോദരവൈദികരുടെ സദുദ്യമങ്ങളെ നാം അനുകമ്പാപൂർവ്വം സംവീക്ഷണം ചെയ്യേണ്ടതാണ്. ഒരു പട്ടക്കാരന്റെ വിഷമതകളും സന്തോഷങ്ങളും സന്താപങ്ങളും തോൽവികളും വിജയങ്ങളും മറെറാരു വൈദികനു മാത്രമെ ശരിയായി ഗ്രഹിപ്പാൻ സാധിക്കു. ഒരാൾ വളരെ ബുദ്ധിമുട്ടി ഒരിടവകയിൽ വല്ലതും നടത്തുമ്പോൾ, അതിന്റെ ന്യൂനതകളെപ്പററി അല്ലാതെ ഗുണഭാഗത്തേക്കുറിച്ചു യാതൊന്നും പറവാനില്ലെന്നു വരുന്നത് മഹാകഷ്ടംതന്നെയാണ്. സ്തുത്യർഹമായ വശങ്ങൾ ഏവരുടെയും ജീവിതമെന്ന പുസ്തകത്തിൽ ഏറക്കുറെ കാണാതിരിക്കയില്ല. മനുഷ്യൻ സ്വഭാവതഃ ദോഷൈകദൃക്കാകുന്നു; അല്പം ബലം പ്രയോഗിച്ചു അസൂയ എന്ന ഭൂതത്തെ മാററിനിറുത്തിയെങ്കിലെ ഗുണഭാഗത്തെ കാണാൻ കഴിയൂ. നാനാഭാഗത്തുനിന്നും നിരൂപണങ്ങളും അവലാതികളും കേട്ടുകൊണ്ടിരിക്കുന്ന വൈദികക്ക്— പ്രത്യേകിച്ചു യുവവൈദികക്ക്— ധീരോദാത്തത (encouragement) യാണു ആവശ്യം. നമ്മുടെ വേല പാഴാകാതെ, ഫലം ചെയ്യുന്നുണ്ടെന്നുള്ള അറിവ്, തീയിലും വെള്ളത്തിലും കൂടി കടക്കാൻ നമുക്ക ധൈര്യം നൽകുന്നു. ഇക്കാര്യത്തിൽ വികാരിമാക്ക അസിസ്റേറന്തിമാരുടെ നേക്ക പ്രത്യേക ചുമതലകളുണ്ട്. ബിഷപ്പ് സ്റ്റാംഗ് വികാരിക്ക നൽകുന്ന



www.malankaralibrary.com

ഉപദേശം ഇപ്രകാരമാണ്. 'ലോകം മുഴുവനും നവീകരിക്കുന്നതിനു പുറപ്പെട്ടിരിക്കയാണൊ എന്നു തോന്നുമാറു് സകലവും കയ്യേററു നടത്താൻ തുനിയുന്ന ചെറുപ്പക്കാരനായ അസിസ്റ്റേന്തിയുടെ ആഗ്രഹങ്ങളെ വികാരി ഉടനടി അടിച്ചമതകക്കരുതു്; പറക്കാൻ ആരംഭിക്കുന്നതിനു മുമ്പു് ചിറകുകൾ ഛേദിച്ചു കളയുന്നതു ഭംഗിയല്ല, പ്രത്യുത പ്രസംഗപീഠത്തിലും വേദപാഠക്ലാസ്സിലും അവർ പ്രദശിപ്പിക്കുന്ന ഭക്തിതീക്ഷ്ണതയെ പ്രോത്സാഹിപ്പിക്കയാണു വേണ്ടതു്. ഇങ്ങനെ ചെയ്യുന്നതായാൽ അദ്ദേഹം കാലാന്തരത്തിൽ, ഒരു നല്ല ഭരണമേധാവിയായി പരിണമിക്കാതിരിക്കയില്ല.' 29

നമ്മെ ഉപദ്രവിച്ചവരോടു ക്ഷമിക്കുക പരസ്നേഹത്തിൻെറ ഒരു പ്രവൃത്തിയാകുന്നു. 'ക്ഷമിക്കുക (അപ്പോൾ) നിങ്ങളോടും ക്ഷമിക്കപ്പെടും.' 30 വി. യോഹന്നാൻ ക്രിസൊസ്റ്റോം ഇതിനു നൽകുന്ന വ്യാഖ്യാനം ഇപ്രകാരമാണ്. മ്ശിഹാ നമ്മുടെ കാര്യം മുഴുവനും നമ്മെത്തന്നെ ഏൽപ്പിച്ചിരിക്കുന്നു. നമ്മെത്തന്നെ നമ്മുടെ വിധികത്താക്കന്മാരാക്കിയിരിക്കുന്നു. നമ്മിൽ ഓരോരുത്തരോടും ഇപ്രകാരമാണു താൻ പറയുന്നതു്; സൂക്ഷിച്ചു വിധി പ്രസ്താവിച്ചുകൊള്ളുവിൻ, എൻെറ വിധി നിങ്ങളുടേതിനെ അനുഗമിക്കയേയുള്ളു. നിങ്ങൾ മാപ്പുകൊടുക്കുവിൻ, അപ്പോൾ നിങ്ങൾക്കു മാപ്പു നൽകപ്പെടും. 31

ബലി ദൈവത്തിനു വളരെ ഇഷ്ടമുള്ള ഒരു ഭക്തികൃത്യമാണെങ്കിലും, സഹോദരവിദ്വേഷം മനസ്സിൽ വച്ചു പുലത്തുന്നവനിൽനിന്നു താൻ അതു കാംക്ഷിക്കുന്നില്ല. യേശുമ്ശിഹാ പറയുന്നു. 'ആകയാൽ നീ അൾത്താരയിൽ നിൻെറ ബലിയെ സമപ്പിക്കയും അവിടെവച്ചു നിൻെറ സഹോദരനു നിനക്കെതിരായി എന്തൊ ഉണ്ടെന്നു നീ ഓക്കുകയും ചെയ്യുന്നപക്ഷം, നിൻെറ ബലിസാധനത്തെ അൾത്താരിയുടെ മുമ്പിൽ അവിടെ വച്ചിട്ടു, പോയി നിൻെറ സഹോദരനോടു രമ്യപ്പെടുകയും പിന്നീടു വന്നു നിൻെറ ബലി സമപ്പിക്കയും ചെയ്യുക. 32

സഹോദരസ്നേഹത്തിൻെറ ഫലമായി നമ്മിൽ മുളച്ചുണ്ടാകുന്ന ഒരു സുകൃതമാകുന്നു സൌമ്യത അഥവാ നിർവേദനം.



www.malankaralibrary.com

കുഞ്ഞാടിന്റെ സുകൃതമെന്നാണ് വി. ലിഗോരി സൌമ്യതയെ സംബോധനം ചെയ്യുന്നത്. 'കത്രിക്കുന്നവന്റെ സമക്ഷം കുഞ്ഞാടിനെപ്പോലെ അവൻ മിണ്ടടങ്ങി' 33 എന്നു ഏശയ്യാ മ്ശിഹായുടെ നിർവേദനത്തെപ്പറ്റി പ്രവചിച്ചിരിക്കുന്നു. ദിവ്യകുഞ്ഞാടിന്റെ സൌമ്യസ്വഭാവത്തെ കണ്ടുപഠിപ്പാൻ അതിയായ കടമ നമുക്കുണ്ട്. 'നിങ്ങൾ എന്നെ കണ്ടുപഠിപ്പിൻ, എന്തുകൊണ്ടെന്നാൽ ഞാൻ സൌമ്യനും ഹൃദയത്തിൽ എളിമയുള്ളവനുമാകുന്നു.'34

സൌമ്യത എന്ന സുകൃതത്തെപ്പറ്റി വി. ഫ്രാൻസീസ് സാലേസ് ധാരാളം എഴുതിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില ഉപദേശ ശകലങ്ങളെ ഇവിടെ ചേർത്തുകൊള്ളുന്നു; പാട്ടുള്ളടത്തോളം നീ ശാന്തസ്വഭാവിയായിരിക്കുക, ഒരു കരണ്ടി മധുകൊണ്ടു നൂറുകുപ്പി വിന്നാഗരികൊണ്ടെന്നതിനേക്കാൾ ഈച്ചകളെ പിടിക്കാൻ കഴിയുന്നതാണ്. നമ്മുടെ ദിനചര്യയിൽ, ഒരു ഭാഗത്തേയ്ക്കു അധികം നാം ചായുന്നെങ്കിൽ അതു സൌമ്യതയിലേയ്ക്കായിരിക്കട്ടെ. പഞ്ചസാരയുടെ ആധിക്യം നിമിത്തം പലഹാരം മോശമായെന്നു സാധാരണ വരുന്നതല്ല, മനുഷ്യമനസ്സ് പ്രകൃത്യാ കാഠിന്യത്തെ വെറുക്കുകയും ശാന്തതയുടെ സ്പർശനമാത്രത്തിൽ ഏതു ശുശ്രൂഷയ്ക്കും സന്നദ്ധത കാണിക്കയും ചെയ്യുന്നു. സൌമ്യതയ്ക്കു തഴച്ചുവളരാൻ അനുവദിക്കാത്തവണ്ണം അത്രയ്ക്കു കൃതഘ്നമായ ഭൂമിയില്ല. ഒരുവനോടു തത്വങ്ങളെ ശാന്തമായി പ്രസംഗിക്കുമ്പോൾ നാം അവന്റെ മുഖത്തു പൂക്കൾ എറിയുകയാണു ചെയ്യുന്നത്. ശാസന പ്രകൃത്യാ നീരസജനകമാണ്, എന്നാൽ സൌമ്യതയിൽ കുഴച്ച്, സ്നേഹമെന്ന അടുപ്പത്തുവച്ചു പാകംചെയ്യുമ്പോൾ അതൊരു മധുരപദാർത്ഥമായിഭവിക്കുന്നു. പ്രതിപക്ഷിയോടു ശാന്തമായി വാദിക്കുമ്പോൾ ശൂലാഗ്രം പഞ്ഞിയിൽ ഒളിക്കയാണു നാം ചെയ്യുന്നത്. തത്വങ്ങളെ പരുഷമായി സംസാരിക്കുന്നതിൽ ഭേദം മൌനമവലംബിക്കയാണു; എന്തുകൊണ്ടെന്നാൽ അതു നല്ല പദാർത്ഥങ്ങളെ മോശമായി പാകം ചെയ്തുകൊടുക്കയും സമയംതെററി ഔഷധം കൊടുക്കയും ചെയ്യുന്നതുപോലെ പ്രയോജനശൂന്യമാകുന്നു. സത്യത്തിന്റെ സാക്ഷാത്തായ സുകൃതവും സുകൃതത്തിന്റെ



www.malankaralibrary.com

സത്യവും പരസ്നേഹത്തിലത്രെ ഉള്ളടക്കം ചെയ്യപ്പെട്ടിരിക്കുന്നതു്. സ്നേഹം ചേരാത്ത സത്യം സത്യമല്ലാത്ത സ്നേഹത്തിൽ നിന്നു പുറപ്പെടുന്നു. 'നീ വചനം പ്രസംഗിക്കുക, സമയത്തിലും അസമയത്തിലും നീ നിർബന്ധിക്കുക, സർവ്വവിധമായ ക്ഷമയിലും പാഠനത്തിലും നീ വാദിക്കയും യാചിക്കയും ശാസിക്കയും ചെയ്യുക.[35] സുവിശേഷവേലക്കാർ ഹൃദിസ്ഥമാക്കേണ്ട ഈ ഉപദേശത്തിന്റെ സാരാംശം 'ക്ഷമയിലും പാഠനത്തിലും' എന്ന പദദ്വയത്തിലാണു നിക്ഷിപ്തമായിരിക്കുന്നതു്. സത്യത്തെ പ്രചരിപ്പിക്കാൻ തുനിഞ്ഞിറങ്ങുന്നവർ വിരോധം സഹിപ്പാനും ഒരുങ്ങിയിരിക്കണം. സത്യത്തിനു ക്ഷിപ്രം സ്വാഗതം നൽകുന്ന ഒരു പ്രകൃതമല്ല ലോകത്തിനുള്ളതു്. മനുഷ്യപുത്രൻ തന്നെ എതിർപ്പിന്റെ ഒരു ചിഹ്നമല്ലായിരുന്നോ? മററുള്ളവരെ സത്യംപഠിപ്പിക്കാൻ ഉദ്യമിക്കുന്നവരൊക്കെ അവരുടെ ചാപല്യങ്ങളും അനീതിയും സഹിക്കുന്നതിനും, നന്ദിഹീനത പ്രതിഫലമായി സ്വീകരിക്കുന്നതിനും സന്നദ്ധരായിരുന്നുകൊള്ളണം.' [36]

വി. ബെർണ്ണാർദ്ദ് ആത്മിക ഇടയന്മാരോടു പറയുന്ന വാക്കുകൾ കേൾക്കുക. 'നിങ്ങൾ നിങ്ങളുടെ സൂക്ഷത്തിനു ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളുടെ യജമാനന്മാരാകാതെ മാതാക്കളാകുന്നതിനു ശ്രമിച്ചുകൊള്ളുവിൻ. വിധേയത്വത്തിന്റെ നുകം അവരെ അധികം ഞെരുക്കാതിരിക്കുന്നതിനു, അതിന്റെ ഭാരത്തിലൊരംശം നിങ്ങളുടെ ചുമലുകളിലും വഹിപ്പിൻ. നിങ്ങൾ യഥാർത്ഥഗുരുക്കന്മാരാണെങ്കിൽ, നിങ്ങൾക്കും നിങ്ങളുടെ ചാപല്യങ്ങളുണ്ടെന്നുള്ള ബോധത്തോടെ അവരെ സൌമ്യതയിൽ പഠിപ്പിക്കയും സസ്നേഹം ശാസിക്കയും ചെയ്യും.[37]

ഇത്രയും പ്രസ്താവിച്ചതിൽനിന്നു് സൌമ്യതയെപ്രതി നാം തെററുചെയ്യുന്നവരെ ശിക്ഷിക്കരുതെന്നു വരുന്നില്ല. പരസ്നേഹത്തിന്റെ ഒരു പ്രവൃത്തിയാകുന്നു ശിക്ഷയും. അപരാധികൾക്കു കുററത്തിന്റെ ഗൌരവമനുസരിച്ചു ശാസന നൽകണമെന്നുള്ളതും ദൈവപ്രമാണംതന്നെ. ക്രിസ്തുനാഥനിൽ സാധാരണ കണ്ടിരുന്നതു് ആട്ടിൻകുട്ടിക്കു യോജിച്ച സൌമ്യതയായിരുന്നെങ്കിലും, യെറു



www.malankaralibrary.com

ശലം ദേവാലയത്തിൽ ക്രയവിക്രയം ചെയ്യുവരോടു, അവിടുന്നു ഒരു സിംഹത്തെപ്പോലെയാണ് വർത്തിച്ചതു്. സുവിശേഷകൻ ആ സംഭവത്തെ ഇങ്ങനെ രേഖപ്പെടുത്തുന്നു. 'ചരടുകൊണ്ടു ഒരു ചാട്ടയുണ്ടാക്കി ദേവാലയത്തിൽനിന്ന് എല്ലാവരേയും (അവരുടെ) ആടുകളേയും കാളകളേയും ഓടിക്കയും നാണയം മാറി കൊടുക്കുന്നവരുടെ നാണയങ്ങളെ ചിതറിക്കയും മേശകളെ മറിച്ചിടുകയും ചെയ്തു.' 38

വി. പൌലോസ്സ് എല്ലാവക്കുംവേണ്ടി എല്ലാം ആയെങ്കിലും നിയമലംഘകന്മാരുടെ നേക്കു നയനങ്ങൾ അടച്ചില്ല. അദ്ദേഹം പറയുന്നു. "ഞാൻ നിങ്ങളുടെ പക്കലേയ്ക്കു വടിയോടുകൂടിയൊ. . . വരേണ്ടതു്." 39 മൂശ മനുഷ്യരിൽവച്ചു ശാന്തനായിരുന്നെങ്കിലും കാളക്കുട്ടിയെ ആരാധിച്ച ഇസ്രായേൽക്കാരെ ശിക്ഷിക്കാതെ വിട്ടില്ല. പുറപ്പാടിൻെറ പുസ്തകത്തിൽ ഇങ്ങനെ നാം വായിക്കുന്നു. 'ലേവിയുടെ പുത്രന്മാർ മൂശയുടെ വാക്കനുസരിച്ചു പ്രവർത്തിച്ചു, ആ ദിവസത്തിൽ ഏകദേശം മൂന്നു ലക്ഷത്തിഇരുപതിനായിരംപേർ കൊല്ലപ്പെട്ടു.' 40 പിന്നീടു മൂശ പർവ്വതാഗ്രത്തിൽ പ്രവേശിച്ച്, ജനത്തെ മുഴുവനും നശിപ്പിക്കല്ലെ എന്ന് അപേക്ഷിച്ചു. "നീ ഇവരോടു ക്ഷമിക്കയില്ലായെങ്കിൽ നീ എഴുതിയിരിക്കുന്ന പുസ്തകത്തിൽനിന്നു എന്നെ മായിച്ചുകളയുക." 41 ഈ സംഭവത്തെ അധികരിച്ചു ഗ്രിഗോരിയോസ് പുണ്യവാൻ ഇങ്ങനെ എഴുതുന്നു. 'എല്ലാവരുടേയും ജീവനെ രക്ഷിപ്പാൻവേണ്ടി തൻെറ ജീവനെ ബലികഴിപ്പാൻ സന്നദ്ധനായ മൂശ കുറെപ്പേരുടെ ജീവനെ ഖൾഗംകൊണ്ടു നശിപ്പിക്കാൻ മടിക്കുന്നില്ല. ഉള്ളിൽ സ്നേഹത്തിൻെറ അഗ്നിയാലും പുറമെ കാഠിന്യത്തിൻെറ തീക്ഷ്ണതയാലും അവൻ എരിഞ്ഞു. ജനങ്ങളുടെ കാര്യം ദൈവത്തിൻെറ പക്കൽ പ്രാർത്ഥനകൊണ്ടും ദൈവത്തിൻെറ നീതി ജനങ്ങളുടെ പക്കൽ വാളുകൊണ്ടും അവൻ നിർവ്വഹിക്കുന്നു. ശിക്ഷയിൽ കാരുണ്യം ചേരാതിരിക്കുന്നതിനൊ, കാരുണ്യത്തിൽ ശിക്ഷ വിസ്മരിക്കപ്പെടുന്നതിനൊ ഇടയാകാതിരിക്കുന്നതിനു വേണ്ടി മൂശ തൻെറ ഭരണനിർവഹണത്തിൽ പ്രസ്താവിത ഗുണങ്ങളെ സമ്മേളിപ്പിച്ചു.' 42



www.malankaralibrary.com

പരസ്നേഹത്തിൻെറ ഒരു ഫലമാകുന്നു സന്തോഷഭാവം (Cheerfulness). ഇതു വൈദികനു അത്യാവശ്യമാണെന്നു ആത്മികഗുരുക്കന്മാർ അഭിപ്രായപ്പെടുന്നു. നമ്മുടെ ഉള്ളിൽ ജ്വലിക്കുന്ന സ്നേഹാഗ്നിയുടെ വെളിച്ചം മുഖമാകുന്ന ദർപ്പണത്തിൽ പ്രതിഫലിക്കുന്നതാകുന്നു സ്മേരഭാവമെന്നു പറയാം. കർദ്ദിനാൾ ഗിബൺസ് എഴുതുന്നു. 'പ്രസന്നഭാവം നിഷ്കളങ്കതയുടേയും സഹോദരസ്നേഹത്തിൻേറയും പുത്രിയാകുന്നു; ആകയാൽ കളങ്കരാഹിത്യത്തിൻേറയും നിർമ്മലമായ പക്ഷത്തിൻേറയും ഇരിപ്പടമായ ഹൃദയം സദാപി സന്തുഷ്ടമായി കാണപ്പെടുന്നു. 'നീതിമാന്മാരുടെ കൂടാരത്തിൽ ആഹ്ളാദത്തിൻേറയും രക്ഷയുടേയും സ്വരം ഉണ്ടായിരിക്കുന്നു. 43 ദൈവരാജ്യം തിന്നും കുടിയുമല്ല, പിന്നെയൊ നീതിയും സമാധാനവും പരിശുദ്ധാത്മാവിയിലുള്ള ആമോദവുമത്രെ. 44 വേഗം അന്തരിച്ചുപോകുന്ന അത്യാഹ്ളാദത്തിലൊ അട്ടഹാസവൈഖരിയിലൊ അല്ല പ്രസന്നത അടങ്ങിയിരിക്കുന്നതു; അതു ദൈവത്തോടും മനുഷ്യരോടും സമാധാനത്തിൽ വർത്തിക്കുന്ന ശാന്തമായ ഹൃദയത്തിൽനിന്നു സ്ഥിരമായി പ്രവഹിക്കുന്ന മാനുഷിക കാരുണ്യത്തിൻെറ ക്ഷീരനദിയാകുന്നു. സന്തുഷ്ടചിത്തനായ ഒരുവൻ അനുദിനജീവിതത്തിലെ സൂര്യപ്രകാശമൊ കാർമേഘപടലമൊ മൂലം കമ്പിതനാകുന്നില്ല. "ധനവാനായാലും അല്ലെങ്കിൽ ദരിദ്രനായാലും ശരി ഒരുവൻെറ ഹൃദയം നന്നെങ്കിൽ അവൻെറ വദനവും സദാ പ്രസന്നമായിരിക്കും." 45

വിജയപ്രദമായ ജീവിതത്തിനു പ്രസന്നഭാവം വളരെ ഉപകരിക്കുന്നു. സുസ്മേരവദനനായ ഒരു മനുഷ്യൻെറ പക്കലേക്കു നാം അറിയാതെ തന്നെ ആകർഷിക്കപ്പെടുന്നു. എന്നാൽ 'കറപ്പിച്ച്' മുഖത്തോടുകൂടിയവനാകട്ടെ നമ്മെ അകററി നിറുത്തുന്നു.

പ്രസന്നഭാവം നമ്മുടെ മാനസിക ശക്തികൾക്കു വികാസവും പ്രവൃത്തികൾക്കു നവചൈതന്യവും പ്രദാനംചെയ്യുന്നു. ഈഷ്യസ്വഭാവത്തോടുകൂടിയവൻ തൻെറ ഭാരത്തിൻകീഴ ഞെരുങ്ങുന്നു, സന്തോഷചിത്തനാവട്ടെ ശരണത്തിൻെറയും സ്നേഹത്തിൻെറയും ചിറകുകളാൽ വഹിക്കപ്പെടുന്നു. നീ എൻെറ ഹൃദയത്തെ



www.malankaralibrary.com

വിസ്തീർണ്ണമുള്ളതാക്കിയപ്പോൾ, ഞാൻ നിൻെറ പ്രമാണങ്ങളുടെ മാർഗ്ഗത്തിൽക്കൂടി ഓടി' 46 എന്നു ദാവീദു ദീർഘദർശി പറയുന്നു.

ചിലക്കു പ്രസന്നഭാവം സഹജമെങ്കിൽ വേറെ ചിലക്കു 'ദുർമ്മുഖം' ജന്മസിദ്ധമാണ്. മററു സുകൃതങ്ങൾ കണക്കെ, ശരിയായ പരിശീലനംകൊണ്ടു പ്രസന്നതയും നമുക്കു പ്രാപിക്കാവുന്നതാകുന്നു. അകയാൽ മ്ശിഹായുടെ സന്ദേശവാഹകനായ പുരോഹിതൻ ജനരഞ്ജന എന്ന ഗുണം സമ്പാദിപ്പാൻ ശ്രമിക്കട്ടെ. ജീവൻെറ അപ്പമായ വിശുദ്ധ കുർബ്ബാന നൽകുന്നതിനൊ രോഗാതുരരെ ആശ്വസിപ്പിക്കുന്നതിനൊ വൈദികൻ ഭവനങ്ങളിൽ പ്രവേശിക്കുമ്പോൾ അവൻെറ പ്രസന്നതയുടെ ഭാസ്വൽകിരണങ്ങളും എങ്ങും വീശട്ടെ. "ദൈവം സന്തുഷ്ടനായ ഒരു ദാതാവിനെ സ്നേഹിക്കുന്നു." 47

പരസ്നേഹത്തിൻെറ വേറൊരു ഫലമാകുന്നു ആഢ്യചരിതത്വം (Gentlemanliness). വൈദികൻ ഒരു തികഞ്ഞ ആഢ്യചരിതൻ (gentleman) കൂടി ആയിരിക്കണമെന്നു സഭ ആഗ്രഹിക്കുന്നു. ഒരുവനെ സാക്ഷാത്തായ ആഢ്യചരിതൻ ആക്കുന്നതു സദാചാരവും (good manners) ആചാരരീതി (etiquette) കളുമാകുന്നു. വിനയം, ക്ഷമ, ഔദാര്യം മുതലായ ആദ്ധ്യാത്മിക ഗുണങ്ങളിൽ സദാചാരവും, ഹസ്തദാനം, വന്ദനകഥനം ആദിയായ ബാഹ്യ ക്രിയകളിൽ ആചാര രീതിയും അടങ്ങിയിരിക്കുന്നു എന്നു സാമാന്യമായി പറയാം. 'മററുള്ളവക്കു ഉപദ്രവം വരുത്താതെ വത്തിക്കുന്നവനാണു ആഢ്യചരിതൻ' എന്നുള്ള ന്യൂമാൻെറ വാക്കുകൾ പ്രസിദ്ധങ്ങളാണല്ലൊ. 'തനിക്കനിഷ്ടമായുള്ളതന്യക്കും വരുത്തൊലാ' എന്ന് ആപ്തവാക്യമുണ്ട്. മററുള്ളവരുടെ ഹിതാഹിതങ്ങൾ മനസ്സിലാക്കി അവക്കു നീരസം ജനിക്കാത്ത വിധത്തിൽ പെരുമാറുകയാകുന്നു ഒരു ആഢ്യചരിതൻെറ കടമ. നീതി, ധൈര്യം, സൌമ്യത, ഔദാര്യം മുതലായ ഗുണങ്ങളെ അപരക്കു രസിക്കത്തക്കവണ്ണം ബാഹ്യമായി പ്രദർശിപ്പിക്കുന്നതിനു പാടവമുള്ളവനാരൊ അവനാകുന്നു ആഢ്യചരിതൻ എന്നു 'താക്കെറി' പറഞ്ഞിരിക്കുന്നു.

ബാഹ്യമായ ആചാരോപചാരങ്ങൾ സംസ്കൃതങ്ങളായി



www.malankaralibrary.com

രികളംപോലെ ഒരുവൻെറ ഹൃദയവും നിമ്മലമായിരിക്കണം. അല്ലാത്തപക്ഷം നാം വെറും 'പുറമെ മാന്യന്മാർ' മാത്രമെ ആയിരിക്കയുള്ളൂ. ഈ പരിഷ്കാരകാലത്തു ഇത്തരത്തിൽ പെടുന്നവർ ധാരാളമുണ്ട്. കർദ്ദിനാൾ ന്യൂമാൻ തൻെറ Idea of a university എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ ഏവംവിധമുള്ള ഒരു മാന്യനെ (gentleman) വളരെ രസകരമായ വിധത്തിൽ വൎണ്ണിച്ചിട്ടുണ്ട്. കർദ്ദിനാളിൻെറ ഗംഭീരമായ ആ വൎണ്ണന ഭാഷപ്പെടുത്തുന്നതിന്ന ഇവിടെ ഉദ്യമിക്കുന്നില്ല. ജിജ്ഞാസുക്കളായ വായനക്കാർ അതു മൂലഗ്രന്ഥത്തിൽനിന്നുതന്നെ ആസ്വദിക്കയാണുത്തമം. ക്രിസ്ത്യാനി അഥവാ വൈദികനായ അഭിജാതൻ എപ്രകാരമുള്ളവനായിരിക്കേണമെന്നു, പരസ്നേഹത്തെപ്പററി മേൽ ഉദ്ധരിച്ചിട്ടുള്ള വി. പൌലോസിൻെറ വാക്കുകളിൽനിന്ന പ്രസ്പഷ്ടമാവുന്നുണ്ട്. അവയെ ഇവിടെ അനുവാദനം ചെയ്തുകൊള്ളട്ടെ. 'സ്നേഹം സഹനമുള്ളതും ദയയുള്ളതുമാകുന്നു, അതു അസൂയപ്പെടുന്നില്ല, തെററായി പ്രവൎത്തിക്കുന്നില്ല, അഹങ്കരിക്കുന്നില്ല, അതു അത്യാഗ്രഹപ്പെടുന്നില്ല, തൻകാൎയ്യങ്ങളെ അന്വേഷിക്കുന്നില്ല, തിന്മ വിചാരിക്കുന്നില്ല, എന്നാൽ സത്യത്തോടൊരുമിച്ചു സന്തോഷിക്കുന്നു; എല്ലാം സഹിക്കുന്നു, എല്ലാം വിശ്വസിക്കുന്നു, എല്ലാം ശരണപ്പെടുന്നു, എല്ലാം വഹിക്കുന്നു.' ആകയാൽ അസൂയ, അഹങ്കാരം, സ്വാൎത്ഥത, അത്യാഗ്രഹം മുതലായ ദുർഗ്ഗുണങ്ങളുള്ളവൻ പുറമെ എങ്ങിനെ കാണപ്പെട്ടാലും സൂക്ഷ്മദൃഷ്ട്യാ ഒരു യഥാൎത്ഥ അഭിജാതനായിരിക്കുന്നതല്ല.

എന്നാൽ ഇത്രയും പ്രസ്താവിച്ചതിൽ നിന്ന ബാഹ്യമായ ആചാരോപചാരങ്ങൾക്ക യാതൊരു വിലയുമില്ലെന്നല്ല ധരിക്കേണ്ടതു്. അവക്കു വളരെ വിലയും സ്വാധീനശക്തിയുമുണ്ട്. ഒരിടയിൽ പറയുന്നു. 'പുറമേയുള്ള പ്രവൃത്തികളേക്കാൾ കാൎയ്യമായി ഗണിക്കേണ്ടതു ഹൃദയത്തിൻെറ നൈൎമ്മല്യമാണു; ആചാരോപചാരങ്ങൾ അസാന്മാൎഗ്ഗികൾക്കുമുണ്ടാവാം; ഒരു മനുഷ്യനിൽ പരിഗണനീയമായിട്ടുള്ളതു അവൻ എന്താകുന്നു എന്നതാണ്; അല്ലാതെ എന്തെന്നു പുറമെ കാണപ്പെടുന്നു എന്നതല്ല; രാജപുത്രിയുടെ



www.malankaralibrary.com

സൌന്ദൎയ്യമത്രയും ഉള്ളിൽനിന്നു എന്നു വേദവാക്യമുണ്ടല്ലൊ; ഇത്യാദി മുടന്തൻ ന്യായങ്ങൾകൊണ്ടു സമുദായത്തിലെ ആചാരക്രമങ്ങളെ ത്യാജ്യകോടിയിൽ തള്ളിക്കളയാമെന്നു ആരും നിനയ്ക്കേണ്ട. ഒരുവൻെറ പുറമേയുള്ള പെരുമാററത്തിനു അവൻെറ സ്വഭാവവുമായി എന്തെന്നില്ലാത്ത ഒരു ബന്ധമുണ്ട്. ആചാരോപചാരങ്ങൾ രണ്ടാംതരം ദൈവപ്രമാണമാണെന്നു പെയിലി (Payele) പറയുന്നതിൽ അതിശയോക്തിയുണ്ടെങ്കിലും, സദാചാരവും സൽസ്വഭാവവും ആപ്തമിത്രങ്ങളും ഉററ ബന്ധുക്കളുമാണെന്നുള്ള ബർട്ടോളിയുടെ വാക്കുകളെ ശരിവച്ചു കൊടുക്കുകതന്നെ വേണം. 48

പുതിയ കാനൺനിയമത്തിൽ ഇങ്ങനെ കാണുന്നു. സെമിനാരിയിലെ റെക്ടറും അദ്ദേഹത്തിൻെറ കീഴുള്ള മററു ഭരണമേധാവികളും യഥാൎത്ഥവും ക്രിസ്തീയവുമായ സദാചാരത്തിൻെറ നിയമങ്ങളെ പലപ്പോഴും വിദ്യാൎത്ഥികൾക്കു ഉപദേശിച്ചുകൊടുക്കുകയും, അവയെ അനുഷ്ഠിക്കുന്നതിനു സ്വമാതൃകയാൽ അവരെ പ്രേരിപ്പിക്കയും; ആരോഗ്യരക്ഷാനിയമങ്ങൾ, ശരീരത്തിൻേറയും വസ്ത്രത്തിൻേറയും വെടിപ്പു, വിദ്യാൎത്ഥികൾ അവരുടെ നടപടിയിൽ പ്രസന്നഭാവത്തോടുകൂടി സൌമ്യതയും ഗൌരവവും മേളിപ്പിയ്ക്കേണ്ട വിധം, ഇവയെക്കുറിച്ചു അവരോടു ഗുണദോഷിക്കയും ചെയ്യേണ്ടിയിരിക്കുന്നു. 49 മനുഷ്യഹൃദയത്തെ എല്ലാററിനും മുമ്പായി സമാകൎഷിക്കുന്നതു സുഭഗമായ ബാഹ്യാചാരങ്ങളാകുന്നു. ലോകം ഒരു വൈദികൻെറ പഠിപ്പിനേയൊ ബുദ്ധിവൈഭവത്തേയൊ സുകൃതങ്ങളെത്തന്നെയൊ വിസ്മരിച്ചെന്നു വന്നേയ്ക്കാം, എന്നാൽ അതു ഒരിക്കലും അവൻെറ സ്വഭാവസംസ്കരണത്തെ പ്രകീൎത്തിക്കാതിരിക്കയില്ല. മനുഷ്യരിൽ ഭൂരിപക്ഷവും ന്യായം നോക്കിയല്ല പ്രവൎത്തിക്കുന്നതു്. മുൻവിധി, തൽക്കാലത്തെ മനോധൎമ്മം മുതലായവയാണു അവരുടെ അഭിപ്രായങ്ങൾക്കു നിദാനം. അകയാൽ 'മാത്യൂസ്' എന്ന തത്വചിന്തകൻ പറയുന്നു. 'ഒരു മനുഷ്യൻെറ തഞ്ചങ്ങൾ, ഭാവഭേദങ്ങൾ, സമ്പ്രദായങ്ങൾ, ഇഷ്ടാനിഷ്ടങ്ങൾ, മട്ടുകൾ ആദിയായ പുറംതൊണ്ടിനപ്പുറം കടന്നു, അവൻെറ മറഞ്ഞുകിടക്കുന്ന യോഗ്യതകളെ കണ്ടുപിടിക്കുന്നതിനു തക്ക



www.malankaralibrary.com

സാമത്ഥ്യം സിദ്ധിച്ചിട്ടുള്ളവർ ചുരുക്കമത്രെ. ചെളിപുരണ്ട മാണിക്യക്കല്ലിനെ തിരിച്ചറിയുക എളുപ്പമല്ലല്ലൊ. ആളുകളിൽ അധികപങ്കും നിരീക്ഷണ പടുക്കളൊ, നിസ്സാരചാപല്യങ്ങളെ വകവച്ചുകൊടുക്കുന്നതിനു മതിയായ സഹിഷ്ണുതയുള്ളവരൊ, ന്യായാന്യായവിവേചനം ചെയ്യുന്നവരൊ അല്ല; അവർ ഒരുവന്റെ യഥാർത്ഥവും ഒളിഞ്ഞു കിടക്കുന്നതുമായ യോഗ്യതകൾ എന്തെന്നു ശ്രമം ചെയ്തു തേടാതെ, പുറമെ കാണുന്ന ആചാരനിഷ്ഠകൾകൊണ്ടുമാത്രം അവനെ വിധിക്കുന്നു.

ഒരു വൈദികൻ ഏതെല്ലാം സംഗതികളിലാണു താൻ ഒരു 'ജെൻറിൽമാൻ' ആണെന്നു കാണിക്കേണ്ടതു്? തന്റെ സകല പ്രവൃത്തികളിലും എന്നു, ഇതിനു ഉത്തരം നൽകേണ്ടിയിരിക്കുന്നു. 'തന്റെ വസ്ത്രധാരണരീതിയിലും, ശരീരത്തിന്റെ വെടിപ്പിലും, ഭക്ഷണമേശയിലും, സ്വഭവനത്തിലുള്ളവരോടും, വിവിധതരക്കാരായ ഇടവകക്കാരോടുള്ള ഇടപാടുകളിലും, സങ്കീർത്തിയിലും, പ്രസംഗപീഠത്തിലും കുമ്പസാരക്കൂട്ടിലും ഉപയോഗിക്കുന്ന ഭാഷയിലും, സഹോദരവൈദികരുടെ കൂട്ടത്തിലും, കത്തോലിക്കരും അകത്തോലിക്കരുമായ തന്റെ നാട്ടുകാരോടുള്ള പെരുമാററത്തിലും, വലിയകാര്യങ്ങളിൽ മാത്രമല്ല വലുതും ചെറുതുമായ എല്ലാ കാര്യങ്ങളിലും, ഒരു വൈദികൻ താൻ ഒരു സംസ്കൃത ചിത്തനാണെന്നു പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു എന്നു ഒരു ഗ്രന്ഥകാരൻ പറയുന്നു. വസ്ത്രധാരണത്തേയും മററുംപററി കാനോൻനിയമം നൽകുന്ന വ്യവസ്ഥ ഇപ്രകാരമാകുന്നു. 'ഓരോസ്ഥലത്തേയും ന്യായമായ പതിവും മെത്രാന്റെ നിർദ്ദേശങ്ങളും അനുസരിച്ചു സമുചിതമായ വിധത്തിൽ വൈദികവസ്ത്രം ധരിക്കുന്നതിനും രാജ്യത്തെ പതിവ് മറിച്ചല്ലെങ്കിൽ ശിരസ്സിൽ പട്ടം വയ്ക്കുന്നതിനും, തലമുടിയുടെ ക്രമീകരണത്തിൽ മിതത്വം പാലിക്കുന്നതിനും വൈദികരെല്ലാവരും കടപ്പെട്ടിരിക്കുന്നു. 50

പ്രസിദ്ധ ഗ്രന്ഥകാരനായ ഒറെയിൻ എഴുതുന്നു: തന്റെ രൂപതയിലോ നാട്ടിലോഉള്ള മററു വൈദികരെപ്പോലെയാണു ഒരുവൻ ഉടുപ്പുധരിക്കേണ്ടതു്; അപ്പോൾ അവൻ പച്ചസുന്ദരനോ പപ്ര



www.malankaralibrary.com

ച്ചമനോ ആയി ചമയുന്നതല്ല. ചില യുവവൈദികർ 'ഫ്ാഷ്യ'നു വേണ്ടി പണിപ്പെടുന്ന കാര്യ ഹാസ്യരസദ്യോതകമെങ്കിൽ ചില മധ്യവയസ്കരും വൃദ്ധന്മാരും തീരെ മുഷിഞ്ഞതും കുറെ കീറിയതും വളരെ പഴകം ചെന്നതുമായ ഉടുപ്പുംധരിച്ച് നിഷ്പ്പാദുകരായി സദസ്സിൽ പ്രവേശിക്കുന്നതു ആരുടെയും അവജ്ഞയെ തട്ടിയുണത്തുന്നതിനു പര്യാപ്തമാണെന്നും സമ്മതിച്ചേരീരു. ദാരിദ്ര്യവ്രതം കൈവരിച്ചിരിക്കുന്ന സന്യാസികൾക്കുപോലും വെടിപ്പായും ചിതമായും വസ്ത്രം ധരിക്കണമെന്നുണ്ട്– വസ്ത്രത്തിൻെറ കാര്യത്തിൽ ഉപേക്ഷക്കാരായവക്കു തടിച്ച ബ്ലാക്കിടപാടുകളുള്ളതായിട്ടാണു ഈ എഴുത്തുകാരൻെറ അറിവ്. 51

ആത്മ്യചരിതനു സ്വശരീരത്തിൻെറ വെടിപ്പിലും വലിയ ശ്രദ്ധ പതിക്കാനുണ്ട്. നമ്മെപ്രതിയും അന്യരെപ്രതിയും അതു നാം നിർവഹിയ്ക്കേണ്ട ഒരു ചുമതലയാകുന്നു. ഓ ഡോനൽ പറയുന്ന 'ഒരു വൈദികൻ തൻെറ ദന്തങ്ങളും നഖങ്ങളും ഹസ്തങ്ങളും തലമുടിയും ശുചിയായി സൂക്ഷിക്കുന്നതിനു ജാഗരൂകനായിരിക്കണം. ദുർഗന്ധം വമിക്കുന്ന അധരം, പടൻകിടക്കുന്നമുടി, കഴുകാത്ത കൈകൾ, വടിക്കാത്ത മുഖം ഇവ വൈദികൻെറ മതിപ്പിനെ സാരമായി ബാധിക്കുന്നതാണ്'. 52 ഒരു പട്ടക്കാരൻ ദിവസം തോറും മുഖം വടിക്കണമെന്നാണു മേൽപ്രസ്താവിച്ച ഗ്രന്ഥകാരൻെറ അഭിപ്രായം. ഇതു നാട്ടുകാരായ നമ്മെ സംബന്ധിച്ചിടത്തോളം അല്പം കടന്നകൈയ്യായിരിക്കാം. നമ്മുടെ നാഗരികത ഇനിയും യൂറോപ്യന്മാരുടേതിനോടു സമം എത്തിയിട്ടില്ല. പതിനാലാംനൂററാണ്ടിൽ ജീവിച്ചിരുന്ന ഇംഗ്ലീഷുകാരനായ ഒരു വൈദികൻെറ ജീവചരിത്രം ഈ എഴുത്തുകാരൻ കുറെമുമ്പ് വായിക്കയുണ്ടായി. അതിൽ അദ്ദേഹം കാനോൻജപപുസ്തകവും വേദപുസ്തകത്തിലെ ചില ഭാഗങ്ങളും തനിയെ പകത്തി എടുത്തിരുന്നു എന്നും, ഇങ്ങനെ രണ്ടു പുസ്തകങ്ങൾ മാത്രമെ തനിക്കുണ്ടായിരുന്നുള്ളുവെന്നുംമററും വിവരിക്കുന്നക്രട്ടത്തിൽ, അദ്ദേഹം ആഴ്ചയിൽ ഒരിക്കൽമാത്രമെ മുഖക്ഷൌരം ചെയ്തിരുന്നുള്ളുഎന്നും ഗ്രന്ഥകാരൻ സകൌതുകം രേഖപ്പെടുത്തിയിരിക്കുന്നതായികണ്ടു. നമസ്കാര



www.malankaralibrary.com

പുസ്തകവുംമററും തന്നെത്താൻ എഴുതിയെടുത്തിരുന്ന പൌരാണികകാലത്തെ പരിഷ്കാരമായിട്ടുമാത്രമാണ അഴ്ച്ചയിലെ ഏക മുഖക്ഷൌരം പാശ്ചാത്യർ കരുതുന്നതെന്നു ഇതിൽനിന്നു അനുമാനിക്കരുതോ?

പരസ്നേഹത്തെപ്പററിയുള്ള ദിവ്യരക്ഷകൻെറ ഗംഭീരമായ പ്രമാണം വൈദികരെ കൂടുതലായി ബാധിക്കുന്നു. പൌരോഹിത്യം സ്വശുശ്രൂഷയ്ക്കായിട്ടല്ല പിന്നെയോ പരശുശ്രൂഷയ്ക്കായിട്ടത്രെ; അതിൻെറ ഉദ്ദേശ്യം മ്ശിഹായുടെ വേലയെ തുടരുകയത്രെ. മ്ശിഹായുടെ വേലയത്രയും പരസ്നേഹകൃത്യങ്ങളുടെ ഒരു ശൃംഖല മാത്രമായിരുന്നു. സഹോദരസ്നേഹമില്ലാത്ത വൈദികൻ വെള്ളമില്ലാത്ത കിണറുപോലെയോ ഫലമില്ലാത്ത വൃക്ഷംപോലെയോ ഉപയോഗശൂന്യനാകുന്നു. 'പരസ്നേഹമില്ലാത്ത ഒരുവനെ പട്ടക്കാരനെന്നു വിളിക്കാമെങ്കിലും അവൻ സാക്ഷാത്തായ പട്ടക്കാരനല്ല' എന്നാണ പീററർ ദെ ബ്ളോയ് പറയുന്നത്.

പരസ്നേഹത്തിനുള്ള വലിയ പ്രതിബന്ധം സ്വസ്നേഹമാകുന്നു. നമ്മെത്തന്നെ അതിരുവിട്ടു സ്നേഹിക്കുന്നതുകൊണ്ടാകുന്നു അന്യരെ സ്നേഹിപ്പാൻ നമുക്കു സാധിക്കാതെ വരുന്നത്. 'ഈ സ്വാത്ഥത ശപിക്കപ്പെട്ടതുതന്നെ' എന്നു പറഞ്ഞിരിക്കുന്നു മഹാനായ പാസ്കൽ. പുരോഹിതൻ തൻെറ സൂക്ഷത്തിനു ഏല്പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ ആത്മാത്ഥമായി സ്നേഹിപ്പാൻ കടപ്പെട്ടിരിക്കുന്നു. നല്ലവരേയും തണ്ട്യവരേയും, സുരൂപരേയും വിരൂപരേയും, പാവങ്ങളേയും കുബേരന്മാരേയും, അപരിഷ്കൃതരേയും അഭ്യസ്തവിദ്യരേയും, ഭക്തിയുള്ളവരേയും പാപികളേയും, ഉപദ്രവിക്കുന്നവരേയും ഉപകാരം ചെയ്യുന്നവരേയും മ്ശിഹായെപ്രതി പുരോഹിതൻ സ്നേഹിക്കേണ്ടിയിരിക്കുന്നു.

## കുറിപ്പുകൾ.

1 Matth. XXII. 37, 39.
2 Jn. XIII. 34.
3 Matth. V. 46.
4 Jn. xiii. 36.
5 Rom. xiii. 8.
6 Galath. V. 14.
7 1. Jn. iv. 12.
8 Matth. xxv. 40.



www.malankaralibrary.com

9 1. Jn. ii. 9, 11.
10 Do. iii. 13, 14.
11 Do. iii. 15, 16, 18.
12 Do. iv. 7, 8.
13 Do. iv. 20, 21.
14 Rom. xii. 4, 5.
15 I. Cor. xii 14, 15, 21, 22, [26.
16 Psl. cxxxii. 1.
17 I. Cor xiii. 4, 8.
18 a I. Tim. i. 5.
18 b I. Cor. xiii. 1, 3.
19 Imit. of Christ. Bk. 1. Ch. 15.
20 Luke. vi. 37, 41.
21 Imit of Ch. Bk. 1. Ch.16.
22 Matth. vii. 12.
23 2. Tim. ii. 14.
24 a 2. Tim. ii. 24.
24 b Prov. xx. 3.
25 Ecclesus. xxviii 10.
26 Prov. vi. 16.
27 Letters. Vol. 1. p. 250
28 A boy's Book.
29 Past. Theology. p. 254.
30 Luke. vi. 37.
31 In Matth. Homily 19.
32 Matth. v. 23.
33 Isai. Liii. 7.
34 Matth. xi. 29.
35 2. Tim. iv. 2.
36 Matth. x. 16.
37 In cantic. Sermo. 23.
38 Jn. ii. 15.
39 I. Cor. iv. 21.
40 Exod. xxxii. 28.
41 Exod. xxxii. 32.
42 Pastorale. Cap. 23.
43 Psl. cxvii. 15.
44 Rom. xv. 17.
45 Ecclus. xxvi. 4.
46 Psl. cxviii.
47 Ambassador of Christ. p. 105.
48 Priestly Colloquies. p, 33
49 Cn. 1369- 2.
50 Cn. 136- 1.
51 Op. Cit. p. 36.
52 Priest of Today. Ch. 26.


# അദ്ധ്യായം ൯.

## എളിമ.

‘എന്തെന്നാൽ താൻ ഏതുമല്ലാതിരിക്കെ വല്ലതുമാണെന്നു ആരെങ്കിലും വിചാരിക്കുന്നെങ്കിൽ അവൻ സ്വയം വഞ്ചിക്കുന്നു.’ [1] എന്ന് വി. പൌലോസ് പറയുന്നു. ശാരീരികവും മാനസികവുമായ നമ്മുടെ നന്മകളെല്ലാം ദൈവത്തിന്റെ ദാനമാകുന്നു. ഈ വാസ്തവം സ്വയം ഏറ്റുപറഞ്ഞു വർത്തിക്കുന്നവനത്രെ, യഥാർത്ഥമായ എളിമയുള്ളവൻ. ആത്മപ്രശംസ എളിമയുള്ളവന്റെ ലക്ഷണ



www.malankaralibrary.com

മല്ല; എന്തുകൊണ്ടെന്നാൽ അപ്പോസ്തോലൻ പറയുന്നു. 'പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ, എന്തെന്നാൽ തന്നെത്താന്നെ പുകഴ്ത്തുന്നവനല്ല, പ്രത്യുത, ദൈവത്താൽ പുകഴ്ത്തപ്പെടുന്നവനത്രെ പ്രശസ്തൻ'. [2]

സ്വമാതൃകയും ഉപദേശവും വഴിയായി ഈശോമ്ശിഹാ ഈ സുകൃതത്തെ നമ്മെ പഠിപ്പിക്കുന്നു. 'നിങ്ങൾ എന്നിൽനിന്നു പഠിപ്പിൻ എന്തുകൊണ്ടെന്നാൽ ഞാൻ സൌമ്യനും ഹൃദയത്തിൽ എളിമയുള്ളവനുമാകുന്നു. [3] ഈ വാക്യത്തെ പരാമർശിച്ച അഗുസ്തിനോസ് പുണ്യവാൻ ഇപ്രകാരം എഴുതുന്നു. "ലോകത്തെ നിർമ്മിപ്പാനൊ ദൃശ്യവും അദൃശ്യവുമായ അഖിലവസ്തുക്കളേയും സൃഷ്ടിപ്പാനൊ, അത്ഭുതം പ്രവർത്തിപ്പാനൊ, മൃതരെ ഉയിർപ്പിക്കാനൊ, നിങ്ങൾ എന്നിൽനിന്നു പാഠം ഗ്രഹിപ്പിൻ എന്ന് ദിവ്യഗുരു അരുളിച്ചെയ്യുന്നില്ല; പ്രത്യുത ഞാൻ എളിയ ഹൃദയത്തോടുകൂടിയവനാകയാൽ എന്നിൽനിന്നു പഠിപ്പിൻ എന്നാണ് അവിടത്തെ സന്ദേശം." മ്ശിഹായെ തന്റെ വിനയാന്വിതമായ ജീവിതത്തിലാണ് നാം അനുഗമിക്കേണ്ടതു്. മ്ശിഹായുടെ ജിവിതത്തിലെ ഓരോ ഘട്ടവും താഴ്മയെ പ്രദ്യോതിപ്പിക്കുന്നു; താൻ ഗോശാലയിൽ പിറന്ന്, പാപിയെപ്പോലെ ഛേദനാചാരം ചെയ്യപ്പെട്ടു. ആളുകൾ തന്നെ വാഴ്ത്തി പുകഴ്ത്തി രാജമകുടം ധരിപ്പിക്കുന്നതിനദ്യമിക്കുമ്പോൾ, അവരുടെ മധ്യത്തിൽനിന്ന് താൻ പലായനം ചെയ്യുന്നു; എന്നാൽ അവഹേളനംകൊണ്ട് മൂടാനും കുരിശിൽ തറച്ചു ലജ്ജാകരമായവിധത്തിൽ വധിപ്പാനുമായി തന്നെ അവർ വലയം ചെയ്യുമ്പോൾ ഇതാ, ഒട്ടും മടികൂടാതെ അവരെ അഭിമുഖീകരിക്കുന്നു.

താബോർ മലയിൽവച്ച് യേശുനാഥൻ മറുരൂപനായി തന്റെ മഹത്വപ്രകർഷത്തെ വെളിപ്പെടുത്തിയപ്പോൾ, അതിനെ വീക്ഷിപ്പാൻ മൂന്നുപേർ മാത്രമെ ഉണ്ടായിരുന്നുള്ളു; അവർക്കാകട്ടെ തദ്വാർത്ത തന്റെ ഉയിർപ്പിനുമുമ്പ് ആരോടും പറഞ്ഞറിയിക്കുന്നതിന് അനുമതിയുമുണ്ടായിരുന്നില്ല. എന്നാൽ തന്റെ അപമാനകരമായ കുരിശുമരണം ഇരു മോഷ്ടാക്കളുടെ മധ്യേ ജനനിബിഡ



www.malankaralibrary.com

മായ യേറുശലം പട്ടണത്തിൽവച്ചു പട്ടാപ്പകൽ പരസ്യമായി നടക്കുന്നു. ഒടുവിലത്തെ അത്താഴത്തിന്റെ അവസരത്തിൽ ക്രിസ്തു തന്റെ അപ്പോസ്തോലന്മാക്കു പാദശുശ്രൂഷ ചെയ്തിട്ട്, അവരോട്ട് ഇപ്രകാരം പറയുന്നു. 'ഞാൻ ഇപ്പോൾ നിങ്ങൾക്കായി ചെയ്തിരിക്കുന്നതു്, എന്താണെന്നു നിങ്ങൾക്കു അറിയാമൊ? നിങ്ങൾ എന്നെ 'സ്വാമിൻ' 'പ്രഭോ' എന്നിങ്ങനെ വിളിക്കുന്നു; അതു ശരിതന്നെ, ഞാൻ തത്താദൃശൻതന്നെ. അപ്പോൾ, നിങ്ങളുടെ സ്വാമിയും, പ്രഭുവുമായ ഞാൻ നിങ്ങളുടെ പാദങ്ങളെ കഴുകിയെങ്കിൽ, നിങ്ങളും പരസ്പരം പാദങ്ങളെ കഴുകേണ്ടതാണ്. ഞാൻ നിങ്ങളോടു പ്രവൎത്തിച്ചതുപോലെ നിങ്ങളും പ്രവൎത്തിക്കുന്നതിനായി ഞാൻ നിങ്ങൾക്കൊരു മാതൃക കാണിച്ചുതന്നിരിക്കുന്നു.' 4

ക്രിസ്തുനാഥന്റെ മനുഷ്യാവതാരത്തോടും കുരിശുമരണത്തോടും താരതമ്യപ്പെടുത്ത തക്ക താണാവസ്ഥ എവിടെ? ആകയാൽ പുറജാതികളുടെ അപ്പോസ്തോലൻ പറയുന്നു. 'ശാഠ്യത്താലൊ വൈമുഖ്യം കൂടാതെയൊ എളിമയിൽ ഓരോരുത്തനും മററുള്ളവരെ തനിക്കു മേലുള്ളവരായി വിചാരിച്ചുകൊള്ളട്ടെ. ഒരുത്തനും അവനവന്റേതല്ല പ്രത്യുത അന്യന്മാരുടേതു നോക്കിക്കൊള്ളണം. എന്തെന്നാൽ ഈശോമ്ശിഹായിലുള്ളതു നിങ്ങളിൽ തന്നെ നിങ്ങൾ അനുഭാവ്യമാക്കുവിൻ, അവിടുന്നു ദൈവരൂപത്തിൽ ആയിരിക്കെ ദൈവത്തോടു സമാനനാണെന്നുള്ള സംഗതി അപഹരണമായി ഗണിച്ചില്ല, മറിച്ച് ദാസരൂപം കൈക്കൊണ്ട് മനുഷ്യസാദൃശ്യത്തിൽ തന്നെത്തന്നെ താഴ്ത്തുകയും വേഷത്തിൽ മനുഷ്യനെപ്പോലെ കാണപ്പെടുകയുംചെയ്തു. മരണത്തോളം എന്നല്ല കുരിശുമരണത്തോളം അനുസരണമുള്ളവനായിക്കൊണ്ടു തന്നെത്തന്നെ താഴ്ത്തി. അതുകൊണ്ടു ദൈവവും അയാളെ ഉയൎത്തി, എല്ലാനാമത്തിലും ഉപരിഷ്ടമായ ഒരു നാമധേയം അയാൾക്കു കൊടുക്കയും ചെയ്തു. ഈശോയുടെ നാമത്തിൽ സ്വൎഗ്ഗവാസികളുടേയും ഭൂവാസികളുടേയും അധോലോകവാസികളുടേയും കാൽമുട്ടുകളെല്ലാം മടങ്ങേണ്ടതിനും, കൎത്താവായ ഈശോമ്ശിഹാ പിതാവായ ദൈവത്തിന്റെ മഹത്വത്തിലാണെന്നു എല്ലാ നാവുകളും ഏററു പറയേ



www.malankaralibrary.com

ണ്ടതിനുമത്രെ.' 5 ദൈർഘ്യമേറിയ ഈ ഉദ്ധാരണത്തിൽനിന്ന നാം എത്രയ്ക്കു സ്വയം താഴ്ത്തുന്നുവോ അത്രയ്ക്കു മ്ശിഹായോടു അനുരൂപരാകുന്നു എന്നു വരുന്നുണ്ടല്ലോ; സ്വയം താഴ്ത്തുന്നതിനു ഇതിലുപരിയായ പ്രേരകം എവിടെ കണ്ടുമുട്ടാൻ കഴിയും? ക്രിസ്തുനാഥൻ തന്നെക്കുറിച്ചുതന്നെ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഞാൻ എൻെറ സ്തുതി അന്വേഷിക്കുന്നില്ല, അന്വേഷിക്കയും വിധിക്കയും ചെയ്യുന്നതായി ഒരുവനുണ്ടു്. ഞാൻ എന്നെത്തന്നെ സ്തുതിക്കുന്നെങ്കിൽ എൻെറ സ്തുതി ഒന്നുമില്ല, എൻെറ പിതാവാണ് എന്നെ സ്തുതിക്കുന്നതു്." 6 ദിവ്യഗുരു തൻെറ സ്തുതി മുഴുവനും നിത്യപിതാവായ ദൈവത്തിൽ സമർപ്പിക്കുന്നു.

എളിമ ഒരു ക്രിസ്തീയ പുണ്യമാകുന്നു. മ്ശിഹായുടെ ആഗമനത്തിനു മുമ്പ് അതിൻെറ യഥാർത്ഥ സ്വഭാവമെന്തെന്നു ലോകത്തു അറിയപ്പെട്ടിരുന്നില്ല. തത്വജ്ഞാനികളായ സോക്രട്ടീസ്, പ്ലേറൊറാ, ഡയോജനീസ് പ്രഭൃതികൾക്കു അതു അജ്ഞാതമായിരുന്നു. ഡയോജനീസ്സും വേറെ ചില തത്വചിന്തകന്മാരും തങ്ങളെത്തന്നെയും ലോകത്തേയും വെറുക്കുന്നതിനു ഉപദേശിച്ചിരുന്നുവെന്നുള്ളതു വാസ്തവംതന്നെ. എന്നാൽ ആ വെറുപ്പിൽ അവർ ദംഭത്തെ പ്രകാരാന്തരേണ പ്രദർശിപ്പിക്ക മാത്രമെ ചെയ്തിരുന്നുള്ളുവെന്നതു താഴെവരുന്ന സംഭവത്തിൽനിന്നു വിശദമാകുന്നുണ്ടു്. പ്ലേറൊറാ ഒരിക്കൽ ഒരു വിരുന്നു തയ്യാറാക്കി, അതിനു ഡയോജനീസ്സുംകൂടി ക്ഷണിക്കപ്പെട്ടിരുന്നു. മാന്യരായ അതിഥികളുടെ ബഹുമാനാർത്ഥം വിരുന്നുശാല ചിത്രവേലകൾകൊണ്ടു കെങ്കേമമായി അലങ്കരിക്കപ്പെട്ടിരുന്നു. ഡയോജനീസ് തിരെ മുഷിഞ്ഞ ഒരു വസ്ത്രംധരിച്ച് ഹാളിൽ പ്രവേശിച്ച്, ഏതാനും അലങ്കാരങ്ങളെ വലിച്ചുതാഴ്ത്തിട്ടു ചവിട്ടി. ഇതിൽ ക്ഷുബ്ധനായ പ്ലേറൊറാ തൻെറ മാന്യാതിഥിയോടു എന്താണു അയാൾ കാട്ടിക്കൂട്ടുന്നതെന്നു ചോദിച്ചു. 'ഞാൻ പ്ലേറേറായുടെ അഹങ്കാരത്തെ പാദമർദ്ദനം ചെയ്യുകയാണു' എന്നായിരുന്നു അതിനു കിട്ടിയ മറുപടി. അപ്പോൾ പ്ലേറൊറാ പറഞ്ഞു: 'ഇപ്രകാരം പ്രവർത്തിക്കുന്ന നിങ്ങൾ നിങ്ങളുടെ അഹങ്കാരത്തെ വേറൊരുവിധത്തിൽ കാണിക്കുക മാത്രമെ ചെയ്യു



www.malankaralibrary.com

ന്നുള്ളു.' വാസ്തവമായ എളിമയിൽ നിഗൂഢമായിരിക്കുന്ന ലോകവൈരുപ്പെന്തെന്നു അനാഗതരായ ഈ ജ്ഞാനികൾ മനസ്സിലാക്കിയിരുന്നില്ല. 'നിഗളികളുടെ ഇടയിൽ എപ്പോഴും തക്കം' എന്നു ശ്ലേമ്മോൻ ലക്ഷണോക്തി ചെയ്തിട്ടുണ്ട്. നേരെ മറിച്ചു എളിമയും വിനയവുമുള്ളവരെ ഈ ദുർഗ്ഗുണം ബാധിക്കുന്നില്ല. എളിമയുടെ അഭാവമാകുന്നു വാദകോലാഹലങ്ങൾക്കു ഹേതു. അനഹങ്കാരികളുടെ ഇടയിൽ ആരാണു ഒടുവിലത്തെ സ്ഥാനം സ്വീകരിക്കേണ്ടതെന്നുള്ളതിനെപ്പററി മാത്രമെ തക്കമുണ്ടായിരിക്കയുള്ളു. വനവാസികളായ വി. പൌലോസും വി. അന്തോനിയും മഹാ പുണ്യവാന്മാരായിരുന്നു. ഒരു മലംകാക്ക ഒരിക്കൽ അവൎക്കൊരു അപ്പം കൊണ്ടുവന്നു കൊടുത്തു. ഈ അപ്പം ആരാണു ഭാഗിക്കേണ്ടതെന്നതിനെപ്പററി അവർ തമ്മിൽ തക്കമുണ്ടായി. അന്യനാകയാൽ അന്തോനി അതു പങ്കിടണമെന്നു പൌലോസും, പ്രായം കൂടിയവനാകയാൽ പൌലോസ് ആ കൃത്യം നിർവഹിക്കേണ്ടതാണെന്നു അന്തോനിയും വാദിച്ചു. ഓരോരുത്തനും അപരനു കീഴ്പ്പെടുന്നതിനുള്ള ന്യായങ്ങളെ കണ്ടുപിടിക്കാൻ ശ്രമിച്ചിരുന്നു. കണ്ടാലും! യഥാൎത്ഥമായ ക്രിസ്തീയ എളിമയുടെ ഒരു മാതൃക.

സ്വകീയമായ മാഹാത്മ്യത്തിനുവേണ്ടിയുള്ള ക്രമം കടന്ന പക്ഷമാകുന്നു ദംഭം. 'നേരായ യുക്തിക്കു വിരുദ്ധമായി സ്വന്തനിലയെ ഉയൎത്തുവാൻ പണിപ്പെടുന്നതിലാണു നിഗളം അടങ്ങിയിരിക്കുന്നതെന്നു വി. തോമ്മാ അക്വീനാസ്സ് പറയുന്നു.[8] അഹങ്കാരം വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും കടന്നുകൂടുന്നു. വളരെ പുത്രികളുള്ള ഒരു അമ്മയാകുന്നു ഇതു്. ഈ പുത്രികളിൽ പ്രഥമസ്ഥാനത്തു വരുന്നതു മിഥ്യാഭിമാനവാഞ്ഛ (Vanity) യാകുന്നു; ഇതുവഴിയായി ഒരുവൻ എവ്വിധമെങ്കിലും മനുഷ്യരെ പ്രസാദിപ്പിപ്പാൻ തീവ്രയത്നം ചെയ്യുന്നു. ശക്തിയിൽ കവിഞ്ഞതു ചെയ്വാൻ ശ്രമിക്കുന്നതു വ്യൎത്ഥശരണമാകുന്നതുപോലെ, യോഗ്യതയിൽ കവിഞ്ഞ ഉദ്യോഗങ്ങളും പദവികളും കാംക്ഷിക്കുന്നതു തുനിവ് (audacity) ആകുന്നു. സുകൃതം നടിക്കുന്നതിനും പാപം മറയ്ക്കുന്നതിനും പ്രേരിപ്പിക്കുന്നതു കപടഭക്തി. ഒരിക്കലും വിട്ടുവീഴ്ച ചെ



www.malankaralibrary.com

ല്ലാതെ മക്കടമുഷ്ടി പിടിക്കുന്നതും നിഗളത്തിൻെറ ഫലം തന്നെ. കോപം, തക്കം, അസൂയ, അനുസരണയില്ലായ്മ, ചതിവ്, വഞ്ചന, കൃതഘ്നത, ഇവ നിഗളത്തെ സഹഗമിക്കുന്ന ദുർഗ്ഗുണങ്ങളാകുന്നു. ദാംഭികൻ അനുസരിപ്പാൻ അക്ഷമനും, അധികാരത്തിനു പിറകെ പായുന്നവനുമാകുന്നു എന്നു വി. പ്രോസ്പർ പറയുന്നു. അഹങ്കാരം അതിനാൽ പാട്ടുള്ളതൊക്കെ കീഴ്പ്പെടുത്തുകയും നശിപ്പിക്കയും ചെയ്യുന്നു എന്നു അതേ വിശുദ്ധൻ തന്നെ പറയുന്നുണ്ട്. ലൂസിഫേറിൻെറ 'ഞാൻ പരിസേവിക്കയില്ല' എന്ന മുദ്രാവാക്യമാണു അഹങ്കാരിയുടേതും.

പ്രമുഖപാപങ്ങളുടെ (Capital sins) പട്ടികയിൽ പ്രഥമസ്ഥാനത്തു ആരോഹണം ചെയ്യുന്നതു അഹങ്കാരമാണല്ലോ. ദൈവം മറെറല്ലാ തിന്മകളേക്കാൾ ഇതിനെ വെറുക്കുന്നു. എന്തുകൊണ്ടെന്നാൽ വി. അഗുസ്തീനോസ് പറയുന്നതുപോലെ ഈ പാപം വളരെ തൻേറടത്തോടുകൂടി ദൈവത്തെ നേരെ ആക്രമിക്കുന്നു. പാടുണ്ടായിരുന്നെങ്കിൽ ഈ തിന്മ ദൈവത്തെ തൻെറ സിംഹാസനത്തിൽനിന്നു തള്ളിയിട്ടു നശിപ്പിക്കുമായിരുന്നു എന്നു വേറൊരു മഹാത്മാവും പറയുന്നുണ്ട്.

'ഞാൻ ആകുന്നു ആരംഭവും അവസാനവും' എന്നു ദൈവം തന്നെക്കുറിച്ചു പറഞ്ഞിരിക്കുന്നു. എന്നാൽ ദാംഭികനു ദൈവം ആരംഭവും അവസാനവുമല്ല, സകല വസ്തുക്കളുടെയും അധിനാഥനുമല്ല; "ഞാൻ സർവ്വജ്ഞം, എൻെറ ചെയ്തികളെല്ലാം പരിപൂർണ്ണം, സകലവും എൻെറ സ്വന്തം," എന്നാകുന്നു അഹങ്കാരിയുടെനാട്യം. "ലഭിച്ചതല്ലാതെ നിനക്കു എന്തുണ്ട്, എന്നാൽ നിനക്കു ലഭിച്ചതെങ്കിൽ എന്തുകൊണ്ട് നിനക്കു (അവ) ലഭിച്ചതല്ലാത്തതുപോലെ പ്രശംസചെയ്യുന്നു." [9] എന്ന വി. പൌലോസിൻെറ വാക്കുകൾ അഹംഭാവിയുടെ ഹൃദയാന്തർഭാഗത്തു ഒരിക്കലും പ്രവേശിക്കയില്ല.

സർവ്വനിയന്താവായ സർവ്വേശ്വരനെ ബഹുമാനിപ്പാനും അനുസരിപ്പാനും മനുഷ്യരെ പഠിപ്പിക്കുകയാണല്ലോ അഭിഷിക്തനായ ക്രിസ്തുശുശ്രൂഷിയുടെജോലി. ആകയാൽ ഉദ്ധതി വൈദികനിൽ കടന്നുകൂടുമ്പോൾ അതിൻെറ രൂക്ഷത പതിന്മടങ്ങു വർദ്ധി



www.malankaralibrary.com

ക്കന്നു. തന്റെ രാജ്യത്തിന്റെ ഒരു ഭാഗത്തു ലഹള നടക്കുന്നുണ്ടെ ന്നുകേട്ട്, ഒരു രാജാവ് തന്റെ വിശ്വസ്തന്മാരായ ഉദ്യോഗസ്ഥന്മാ രിൽ ഒരുവനെ തിരഞ്ഞെടുത്ത് 'നീ പോയി ലഹള ശമിപ്പി ക്കുക, ഞാൻ നിന്നെ പൂർണ്ണമായി വിശ്വസിക്കയും അവലംബി ക്കയും ചെയ്യുന്നു' എന്നുപദേശിച്ച്, അവനെ അയയ്ക്കുന്നു എന്നിരി ക്കട്ടെ. എന്നാൽ അവൻ ലഹളക്കാരോടു ആമരണം പോരാടുന്ന തിനു പകരം, അവരോടു ചേൎന്ന് തന്നെ അയച്ച രാജാവിനു എതിരായി യുദ്ധംചെയ്യുന്നെങ്കിൽ അതെത്ര വഞ്ചതിയും നന്ദിഹീ നതയുമായിരിക്കും? അഹംകാരിയായ ക്രിസ്തുമനുഷ്യം ഇപ്രകാരമാ ണു പ്രവൎത്തിക്കുന്നതെന്നു ഷെയ്ഗ്നോൻ പറയുന്നു. രാജാധിരാ ജനായ മ്ശിഹാ വൈദികനെ ഒരു സ്നേഹിതനായി ഉയൎത്തുക യും തന്റെ കീൎത്തിയെ സംരക്ഷിക്കുന്നതിനും, തന്റെ പ്രാതിനി ദ്ധ്യം വഹിക്കുന്നതിനുമായി വിശേഷാധികാരങ്ങൾകൊണ്ടു അ ലംകരിക്കയും ചെയ്തിരിക്കുന്നു. ഈവിധം കാരുണ്യമൂൎത്തിയായ ഒരു യജമാനനോടു എതിൎക്കുക, കഷ്ടപ്പെട്ടു ഒരു അവസൎപ്പകന്റെ തൊ ഴിൽ അല്ലെങ്കിൽ പിന്നെ മററാരുടേതാണ്. 'അഹംകാരമുള്ള ഏതു വനേയും കൎത്താവു വെറുക്കുന്നു.'[10] വന്ദ്യനായ തോമ്മസ് അ കെമ്പീസ് പറയുന്നു; നിന്റെ പ്രാപ്തിയെയോ ബുദ്ധിസാമൎത്ഥ്യത്തെ യോപററി നീ അഹങ്കരിയ്ക്കേണ്ട, എന്തുകൊണ്ടെന്നാൽ അതു വ ഴിയായി നിന്റെ സ്വാഭാവികമായ സകല ദാനങ്ങളുടെയും ഉട മസ്ഥനായ ദൈവത്തെ നീ നിരസിപ്പിച്ചേക്കും.[11] നേരെമറിച്ചു നീ എത്രയ്ക്കു വലിയവനൊ അത്രയ്ക്കു നിന്നെത്തന്നെ സകലത്തി ലും താഴ്ത്തുക, അപ്പോൾ ദൈവസമക്ഷം നീ പ്രീതി കണ്ടെ ത്തും.[12]

നിഗളം ഇഷ്ടപ്രസാദം നമ്മിൽ പ്രവേശിക്കുന്നതിനു മാ ൎഗ്ഗതടസ്സം ചെയ്യുന്നു. ദൈവം തന്റെ ദാനങ്ങൾ നൽകുന്നതിനു സദാ സന്നദ്ധനാകുന്നു; 'അവിടുന്നു തന്നെ വിളിക്കുന്ന എല്ലാവ രിലും സമ്പന്നനാകുന്നു' എന്നു വി. പൌലോസ് പറയുന്നു.[13] ഗ ൎവ്വിഷ്ഠനായ മനുഷ്യൻ ദൈവത്തോടു പ്രാൎത്ഥിക്കുന്നില്ല, പ്രാൎത്ഥി ച്ചാൽ തന്നെയും അതു സൂക്ഷ്മത്തോടുകൂടിയായിരിക്കയില്ല. സമുചി



www.malankaralibrary.com

തമായി പ്രാൎത്ഥിക്കുന്നതിനു, ഒരുവൻ താൻ ബലഹീനനും നിസ്സ ഹായനുമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. എന്നാൽ അഹങ്കാ രതിമിരത്താൽ നേത്രമടഞ്ഞവൻെറ മനഃസ്ഥിതിക്കു ഇതു ചേൎന്നത ല്ല; കൂടാതെയും സമ്യക്കായി ദൈവനാമം വിളിക്കുന്നതിനു ഏകാ ഗ്രതകൂടിയേതീരൂ, എന്നാൽ ഔദ്ധത്യംനിറഞ്ഞവൻെറ അന്തരംഗം കോൾകൊണ്ട കടൽപോലെ സദാപി ക്ഷുബ്ധമായിരിക്കുന്നു.

അഹംഭാവം ഒരുവൻെറ യോഗ്യതകളെ നശിപ്പിക്കുന്നു. വൈദികരെ സംബന്ധിച്ചിടത്തോളം ഇതു പ്രത്യേകമായ വിധ ത്തിൽ വിലപനീയമായ ഒരു വാസ്തവമാണ്. ആത്മപ്രശംസ യാണു നമ്മുടെ ഉദ്ദേശമെങ്കിൽ ദിവസംതോറും നാം ചെയ്തുകൂ ട്ടുന്ന അനേകം സൽപ്രവൃത്തികൾക്ക് എന്തു പ്രതിഫലമാണു ല ഭിപ്പാൻ പോകുന്നത്? പരീശന്മാർ സുദീൎഘം പ്രാൎത്ഥിച്ചു, കഠിന മായി ഉപവസിച്ചു, മൂശയുടെ പ്രമാണത്തിലെ നിസ്സാരസംഗതി കൾ കണിശമായി അക്ഷരശ്ശഃ അനുഷ്ഠിച്ചു; എന്നാൽ യേശുനാ ഥൻ അവരുടെമേൽ ശാപവൎഷം ചൊരിയുക മാത്രമേ ചെയ്തു ന്നുള്ളു. ഔദ്ധത്യം പരിശ്രമവും ഉത്സാഹവും കൈവെടിയുന്ന ഒരു ദുൎഗ്ഗുണമല്ല, അതു ഒരുവനെ അത്യദ്ധ്വാനത്തിനും തീവ്രയത്ന ത്തിനുമായി പ്രേരിപ്പിക്കയും പ്രചോദിപ്പിക്കയും ചെയ്യുന്നു. ഭക്തി തീക്ഷ്ണതയുടെയും പരിത്യാഗത്തിൻെറയും ഒരു മാതൃകയായി ട്ടാണ് നിഗളിയായ വൈദികൻ പരിഗണിക്കപ്പെട്ടുപോരുന്നത്. അവൻ പ്രസംഗിക്കയും വേദോപദേശം പഠിപ്പിക്കയും ഭക്തസംഘ ങ്ങൾ നടത്തുകയും മരാമത്തു പണികൾ ഊൎജ്ജസ്വലമായി നിൎവ്വ ഹിക്കയുംചെയ്യുന്നു. എന്നാൽ ഇവയെല്ലാം ദൈവത്തെപ്രതി അല്ല, പിന്നെയോ ബഹുമാനത്തേയും ജനപ്രീതിയേയുംപ്രതി ചെയ്യപ്പെ ട്ടുന്നതിനാൽ, ഹൃദയങ്ങളെ പരിശോധിക്കുന്ന ദൈവസമക്ഷം യാതൊരു പ്രതിഫലവും ലഭിക്കുന്നതല്ല. 'നീ എന്തുമാത്രം പ്രവ ൎത്തിച്ചു എന്നല്ല, എന്തുദ്ദേശത്തോടെ പ്രവൎത്തിച്ചു എന്നാണു ദൈ വം പരിഗണിക്കുന്നത്' എന്നു തോമ്മസ് ആ കെമ്പീസ് പറയു ന്നു 'പ്രയോജനശൂന്യനായ ഭൃത്യനെ ബാഹ്യാന്ധകാരത്തിലേയ്ക്കു വിക്ഷേപണം ചെയ്യുവിൻ' 14 എന്നാണു വിധി ദിവസത്തിൽ



www.malankaralibrary.com

വൃത്ഥാഭിമാനിയായ പുരോഹിതൻ ശ്രവിക്കാനിരിക്കുന്നതെന്നു ഒരു ഗ്രന്ഥകാരൻ പറയുന്നു. 'ഇങ്ങനെ സാത്താന്റെ പ്രതിഫലം പ്രാപിക്കുന്നതിനു ഒരു അപ്പോസ്തോലന്റെ വിഷമതകൾ എന്തിനാണു ഒരു പട്ടക്കാരൻ സഹിക്കുന്നതെന്നു ഷെയ്ഗ്നോൺ ചോദിക്കുന്നു.

അഹംഭാവം നമ്മുടെ സകല സുകൃതങ്ങളേയും മൂലവിച്ഛേദം ചെയ്യുന്നു. എളിമയാണല്ലൊ എല്ലാ പുണ്യങ്ങളുടേയും അടിസ്ഥാനം, ഈ അടിസ്ഥാനത്തിനു ഭംഗം നേരിടുമ്പോൾ അതിന്മേൽ പടുക്കപ്പെട്ടിരിക്കുന്ന മററു പുണ്യങ്ങൾക്കു എങ്ങിനെ ഹാനി തട്ടാതിരിക്കും? അഹങ്കാരിക്കു സഭയുടെ വിശ്വാസ സത്യങ്ങളേയും കല്പനകളേയും നതശിരസ്കനായി സ്വീകരിപ്പാൻ മടിയുണ്ട്. പണ്ഡിതവരേണ്യന്മാരായി ഒരുകാലത്തു സഭയിൽ പരിലസിച്ചിരുന്ന എത്രപേർ അവരുടെ നിഗളംമൂലം വീണുപോയിരിക്കുന്നു. തെർത്തുലിയൻ, ആരിയസ്സ്, ആൽഫ്രേഡ ലവാസി, ബ്ളാങ്കൊ വൈററ് പ്രഭൃതികൾ ഇതിനു വിലപനീയങ്ങളായ ഉദാഹരണങ്ങൾ അല്ലയൊ. 'അവർ അവരുടെ വിചാരങ്ങളിൽ മതിമറക്കുകയും അവരുടെ മൂഢഹൃദയം അന്ധമാകുകയുംചെയ്തു.' 15 എന്നു വി. പൌലോസ്സ് പറയുന്നതു എത്ര വാസ്തവം? ഒരു പട്ടക്കാരനു അഥവാ ആദ്ധ്യാത്മിക ഗുരുവിനു അത്യന്താപേക്ഷിതമായ സജീവ വിശ്വാസവും വിവേകവും എളിമകൂടാതെ പ്രാപിക്കാവുന്നതല്ല. ദിവ്യരക്ഷകൻ പറയുന്നു. 'ആകാശത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവെ, അവിടത്തെ ഞാൻ ഏററു പറയുന്നു. എന്തുകൊണ്ടെന്നാൽ അവിടുന്നു ഈ സംഗതികൾ ജ്ഞാനികളിലും വിവേകികളിലും നിന്നു മറച്ച് ചെറിയവക്കു വെളിപ്പെടുത്തിയിരിക്കുന്നു'. 16 ദൈവഹിതം അറിവാൻ എളിമ ആവശ്യമാകുന്നു. അഹങ്കാരത്തോടൊരുമിച്ച ക്ഷമ, സഹോദരസ്നേഹം, സൌമ്യത മുതലായ സുകൃതങ്ങൾക്കു സ്ഥാനമില്ല. ഉപവിയുടെ ജോലി യോജിപ്പിക്കുകയാണെങ്കിൽ നിഗളത്തിന്റേതു വിയോജിപ്പിക്കുകയത്രെ. മാംസത്തിന്റെ ദുരാശ മനസ്സിന്റെ ദുരാശയായ ദംഭത്തെ അനുഗമിക്കുന്നുഎന്നു അഗസ്തീനോസ്സ് പുണ്യ



www.malankaralibrary.com

വാൻ പറയുന്നു. എളിമകൂടാതെ സൽപ്രവൃത്തികൾ ചെയ്യുന്നവൻ കാററത്തു പൊടി വഹിക്കുന്നവനെപ്പോലെയാണെന്നു ഇതേ പുണ്യവാൻ വേറൊരിടത്തു പറഞ്ഞിരിക്കുന്നു.

ദൈവം അഹംഭാവികൾക്കു തൻെറ വരപ്രസാദത്തെ നൽകുന്നില്ലെന്നു മാത്രമല്ല അവരെ എതിർക്കുകകൂടിചെയ്യുന്നു. 'ദൈവം നിഗളികളെ എതിർക്കുന്നു'[17] എന്നു പത്രോസ്സ്ലീഹാ പറയുന്നു. സ്തുതി എല്ലാം ദൈവത്തിനു ചെല്ലേണ്ടതാണ്, ഒരുവൻ തന്നെത്താൻ പ്രശംസിക്കുമ്പോൾ ദൈവസ്തുതിയെ അപഹരിക്കയാണു ചെയ്യുന്നത്. അതു ദൈവം സമ്മതിക്കയില്ല. 'ഞാൻ എൻെറ സ്തുതി അന്യനു കൊടുക്കയില്ല.'[18] അഹങ്കാരി എത്രയ്ക്കുയരാൻ നോക്കുന്നുവൊ അത്രയ്ക്കു ദൈവം അവനെ താഴ്ത്തുന്നു. 'എവിടെ അഹംഭാവമൊ അവിടെ അപമാനം'[19] 'തന്നെത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും' എന്നു ദിവ്യരക്ഷകൻ പ്രവചിക്കുന്നുണ്ടല്ലൊ. 'അവൻ ഉദ്ധതന്മാരെ അവരുടെ ഹൃദയത്തിൻെറ അഹങ്കാരത്തിൽ ചിതറിച്ചിരിക്കുന്നു'. "അവൻ ശക്തന്മാരെ അവരുടെ സിംഹാസനത്തിൽനിന്നു തള്ളിയിടുകയും എളിയവരെ ഉയർത്തുകയും ചെയ്തു."[20] ഒരു 'ആമാ'ൻെറ ഉയർച്ചയെ അമർച്ച ചെയ്യുന്നതിനു എപ്പോഴും ഒരു മർദെക്കേയ് ഉണ്ടായിരിക്കും. നരകത്തിനു വിധിക്കപ്പെട്ടവരുടെ ഒരു പ്രത്യേക ലക്ഷണമായിട്ടാണ് വി. ഗ്രിഗോരി ഗർവ്വത്തെ ഗണിക്കുന്നത്. 'പാവപ്പെട്ടവനും ഡാംഭികനുമായിരിക്കുന്നതാകുന്നു ദൈവം വെറുക്കുന്ന മൂന്നു സംഗതികളിൽ ഒന്നാമത്തതു'' എന്നു സുഭാഷിതത്തിൽ പറഞ്ഞിരിക്കുന്നു.[21] സ്വതഃ നാം പാവപ്പെട്ടവരും, ഒന്നിനും കൊള്ളരുതാത്തവരും, അനവധി കെല്പുക്ഷയങ്ങൾക്കു വശഗരുമാകുന്നു; ഈ ദുരവസ്ഥമൂലം നാം ദൈവത്തിൻെറ അനുകമ്പയ്ക്കു വിഷയീഭവിക്കുന്നു. എന്നാൽ ഇവയോടു അഹങ്കാരം ചേരുമ്പോൾ ദൈവം നമ്മുടെ അവശതയെ പരിചിന്തിക്കാതെ നമ്മെ വെറുക്കുന്നു.

ദൈവം ചിലപ്പോൾ ഗർവ്വിഷ്ഠന്മാർ വലിയ പാപത്തിൽ വീഴുന്നതിനു അനുവദിക്കുന്നു. ഇതു അവരുടെ ഉപരിഗുണത്തിനായിട്ടാണ്. ചിലർ അഗാധഗർത്തത്തിൽ പതിച്ചെങ്കിലെ അവരുടെ



www.malankaralibrary.com

അബദ്ധം സമ്മതിച്ച് തങ്ങളുടെ അശക്തതയെ ദൈവ സമക്ഷം ഏററുപറകയുള്ളു. വി. അഗ്ഗസ്റ്റീനോസ്സ് പറയുന്ന 'ഉദ്ധതന്മാർ ചില പാപങ്ങളിൽ പരസ്യമായി വീഴുക അവക്ക് പ്രയോജനകരമാകുന്നു; എന്തുകൊണ്ടെന്നാൽ പരസ്യമായ പാപത്തിൽ നിന്നുളവാകുന്ന ലജ്ജാമൂലം, അവരുടെ ഉള്ളിൽ മറഞ്ഞുകിടക്കുന്ന ദംഭം ഉൻമൂലനം ചെയ്യപ്പെടാൻ ഇടയുണ്ട്. വിശുദ്ധന്മാരായ ഗ്രിഗോരിയും ബസല്ലിയോസ്സും ഈ അഭിപ്രായക്കാരാകുന്നു. ഉദാഹരണത്തിനായി അവർ പത്രോസിൻെറയും ദാവീദിൻെറയും കാര്യം എടുത്തുകാണിക്കുന്നു. വി. ഗ്രിഗോരി ചോദിക്കുന്നു. 'ദൈവം വിശേഷ നന്മകൾ നൽകി മഹത്വപ്പെടുത്തിയിട്ടുള്ള ചിലർ നികൃഷ്ടങ്ങളായ പാപങ്ങളിൽ വീഴുന്നതിനു സംഗതിയായിട്ടുള്ളതെന്തുകൊണ്ടാണ്?' വിശുദ്ധൻതന്നെ ഇതിന് ഈപ്രകാരം ഉത്തരം നൽകുന്നു. 'എന്തുകൊണ്ടെന്നാൽ ദൈവത്തിൽനിന്നു വലിയ നന്മകൾ സിദ്ധിച്ചിട്ടുള്ളവർ, തങ്ങൾ അറിയാതെ തന്നെ തങ്ങളുടെ ഹൃദയത്തിൽ തിരോഹിതങ്ങളായി കിടക്കുന്ന അഹങ്കാര ചിന്തകളാൽ ഭരിക്കപ്പെടുന്നു; തൽഫലമായി ഗർവ്വത്താൽ മതിമറന്ന അവർ, ദൈവമാണു തങ്ങളുടെ പ്രവൃത്തികളുടെ ലക്ഷ്യമെന്നു തെററിദ്ധരിക്കയും ചെയ്യുന്നു.' "എല്ലാവരും നിന്നിൽ ഇടർച്ച വിചാരിച്ചാലും ഞാൻ ഇടർച്ച വിചാരിക്കുന്നതല്ല" 22 എന്നു പത്രോസ് പറഞ്ഞതു തൻെറ ധൈര്യ്യവും ദിവ്യ ഗുരുവിനോടുള്ള സ്നേഹവും നിമിത്തമാണെന്ന് അയാൾ അഭിമാനിച്ചു. എന്നാൽ വാസ്തവത്തിൽ അപ്രകാരം പറയുന്നതിനു അയാളെ പ്രേരിപ്പിച്ചതു അയാളുടെ ഗർവ്വം മാത്രമായിരുന്നു. ഇതുകൊണ്ടല്ലയൊ പത്രോസ് വീണുപോയത്. "അഹങ്കാരം നാശത്തിനു മുൻ നടക്കുന്നു, അധഃപതനത്തിനു മുമ്പ് അരൂപി ഉന്നമിക്കുകയും ചെയ്യുന്നു." 23

'എൻെറ അമ്മ എന്നെ പാപത്തിൽ ഗർഭം ധരിച്ചു' 24 എന്ന രാജപ്രവാചകൻെറ വചനങ്ങളിൽ ഈ പാപവും ഉൾപ്പെടും. അഹങ്കാരം ആദത്തിൻെറ സന്തതികൾക്കു ജന്മസിദ്ധമാണ്. കൊച്ചുകുഞ്ഞിൽപോലും അതിൻെറ ലാഞ്ഛന ദൃശ്യമാകുന്നു. ഈ ദുർഗ്ഗുണത്തിനു പുണ്യത്തിൻെറ വേഷത്തിൽ കാണപ്പെട



www.malankaralibrary.com

ന്നതിന്ന പ്രത്യേക പാടവമുണ്ട്. ഇതിൻെറ വളർച്ചയ്ക്കുപകരി ക്കുന്ന ഭക്ഷണം നമ്മുടെ ചുററും എവിടെയുമുണ്ട്. വേറൊരു തി ന്മയെ ശോഷിപ്പിക്കുന്നതുതന്നെ ഇതിനെ പോഷിപ്പിച്ചെന്നു വ ന്നേയ്ക്കാം. തപസ്സു ദുരാശയെ നിയന്ത്രിക്കുന്നു, ഔദാര്യം ദ്രവ്യാഗ്ര ഹത്തെ നശിപ്പിക്കുന്നു, ഉത്സാഹം മടിയെ വിപാടനം ചെയ്യു ന്നു. എന്നാൽ ഈ വിജയങ്ങളെല്ലാം നാം സൂക്ഷിച്ചില്ലെങ്കിൽ അഹങ്കാരാഗ്നിയെ കത്തിക്കുന്ന വിറകായി പരിണമിച്ചേയ്ക്കും. 'പ രസ്നേഹത്തെപ്രതി നിനക്കുള്ളതെല്ലാം ധർമ്മം ചെയ്തശേഷം നി ൻെറ നിഗളം പൂർവ്വാധികം വർദ്ധിക്കയാണെങ്കിൽ ഫലമെന്തെ ന്നു' വി. അഗുസ്തീനോസ് ചോദിക്കുന്നു. 'കൊന്നു' തീയിൽ ദഹി പ്പിച്ചാലും ചാമ്പലിൽനിന്നു എഴുന്നേററു വരുന്ന ഒരു ഭയങ്കര ജ ന്തുവായിട്ടാണു ബെർണ്ണാർദ്ദ് പുണ്യവാൻ നിഗളത്തെ കാണുന്നത്. ഒരു തിന്മയെ നാം ജയിക്കുമ്പോൾ അതേപ്പററി ആത്മപ്രശംസ നമ്മുടെ ചെവികളിൽ സാത്താൻ ഉടനെ മന്ത്രിക്കുന്നു. ആക യാൽ നമ്മുടെ എളിമയെക്കുറിച്ചുകൂടി നമുക്കു നിഗളമുണ്ടാകാൻ പാടുണ്ട്.

വാനാരൂപികളെ സ്വർഗ്ഗത്തുനിന്നും ആദിമാതാപിതാക്ക ന്മാരെ ഭൌമ്യപറുദീസ്സായിൽ നിന്നും ബഹിഷ്കരിച്ചതു അഹങ്കാര മെന്ന പാപമാണെന്നു വേദപണ്ഡിതന്മാർ ഏകകണ്ഠമായി അ ഭിപ്രായപ്പെടുന്നു. സുകൃതസോപാനത്തിൽ ഒരുവൻ എത്രയ്ക്കുയർന്നി രിക്കുന്നുവൊ അത്രയ്ക്കു ഇതിന്നു വശംവദനായിരിക്കുന്നു. വി. എവു ക്കേറിയസ് പറയുന്നു. "നീ പുണ്യത്തിൽ അഭിവൃദ്ധി പ്രാപിക്കു ന്നുണ്ടെങ്കിൽ ആ ഏക കാരണംകൊണ്ടുതന്നെ നിഗളത്തെ ഭയ പ്പെട്ടുകൊള്ളുക." പരിശുദ്ധന്മാർ ഈ തിന്മയെ അവരുടെ ഏകാ ന്തത്തിലും, ധ്യാനത്തിലും, ഉപവാസത്തിലും, ഉപദേശങ്ങളിലും എന്നുവേണ്ടാ എല്ലായിടത്തും ഭയപ്പെട്ടിരുന്നു.

പട്ടക്കാരെ സംബന്ധിച്ചു പറയുകയാണെങ്കിൽ ദംഭത്തി നുള്ള അവസരം എവിടേയുമുണ്ട്. അവരുടെ ഉന്നതസ്ഥാനം, വിപുലങ്ങളായ അധികാരങ്ങൾ, മാഹാത്മ്യമേറിയ ജോലി, അവ ക്കു ലഭിക്കുന്ന ബഹുമാനം ഇവ എല്ലാം സ്വസ്നേഹത്തേയും അഹം



www.malankaralibrary.com

ഭാവത്തേയും വളത്താൻ എല്ലാ പ്രകാരത്തിലും പററിയതാകുന്നു. സുവിശേഷവേലക്കാരെ ഏററവും അധികമായി നശിപ്പിച്ചിട്ടുള്ളതു ഈ തിന്മയാകുന്നു എന്നു വി. ബസ്സ്റാർട്ട് പറയുന്നു. ദിവ്യരക്ഷകൻ വളരെ ശക്തിയായി അഹംഭാവത്തെപ്പററി അപ്പോസ്തോലന്മാരോടു ഉപദേശിച്ചിട്ടുണ്ട്; അവരുടെ പാദങ്ങളെ കഴുകിയശേഷം ഭൃത്യൻ യജമാനനെക്കാൾ വലിയവനല്ലെന്നു അവിടുന്നു അവരെ ഉദ്ബോധിപ്പിച്ചു. 'മാനുഷപുത്രൻ ശുശ്രൂഷിക്കപ്പെടുന്നതിനല്ല, ശുശ്രൂഷിപ്പാനത്രെ വന്നതു്.' 25 പ്രഥമസ്ഥാനങ്ങൾക്കായിട്ടു ബഹളം കൂട്ടിയിരുന്ന പരീശന്മാരെ അനുകരിക്കരുതെന്നു അദ്ദേഹം അവരോടു ഗുണദോഷിച്ചു. ശിഷ്യന്മാർ അവരുടെ പ്രസംഗയാത്ര കഴിഞ്ഞു മടങ്ങി എത്തിയപ്പോൾ അവക്കു ലഭിച്ച ജയത്തേയും അവർ പ്രവൎത്തിച്ച അത്ഭുതങ്ങളേയും കുറിച്ചു അഹ്ളാദഭരിതരായി തങ്ങളുടെ ദിവ്യ യജമാനനോടു സംസാരിച്ചു. 'കൎത്താവെ, പിശാചുക്കൾപോലും അങ്ങയുടെ നാമത്തിൽ ഞങ്ങൾക്കു കീഴ്പ്പെട്ടിരുന്നു.' അപ്പോൾ ദിവ്യരക്ഷകൻ അവർ വീഴാൻപോകുന്ന മിഥ്യാഭിമാനമെന്ന ഗൎത്തത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു ഇങ്ങനെ അനുസ്മരിപ്പിച്ചു. 'നിങ്ങൾ ഇതിൽ സന്തോഷിക്കേണ്ട, സാത്താൻ മിന്നൽപിണർപോലെ സ്വൎഗ്ഗത്തുനിന്നു വീഴുന്നതു ഞാൻ കണ്ടിട്ടുണ്ട്.' 26 ഈ വാക്കുകളുടെ സാരം ഇതാണ്. "എൻെറ പ്രിയ ശിഷ്യരെ നിങ്ങൾ നിങ്ങളുടെ വിജയത്തെപ്പററി സംസാരിക്കുന്നു, എന്നാൽ നിങ്ങളെ ആവരണം ചെയ്യുന്ന വിപത്തു എന്നെ ഭയപ്പെടുത്തുന്നു, മാലാഖാമാർ എത്ര ഔന്നത്യപദവിയിൽ ഇരുന്നവരാണ്, അവർ എത്രപെട്ടെന്നു ഇടിമിന്നൽപോലെ വീണുപോയി." ഒരിക്കൽ ശിഷ്യന്മാർ രക്ഷകനോടു തൻെറ രാജ്യത്തിൽ വലിയവൻ ആരെന്നു ചോദിച്ചതിനു കിട്ടിയ ഉത്തരം ഇപ്രകാരമാണ്. 'വല്ലൊരുവൻ ഒന്നാമനാകാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ ഏററവും ഒടുവിലത്തവനും സകലരുടേയും ഭൃത്യനും ആയിരിക്കട്ടെ.' 27

അഹങ്കാരത്തിനെതിരായി സൎവ്വശക്തികളും പ്രയോഗിച്ച് ഒരുവൻ അനുസ്യൂതമായി സമരം നടത്തേണ്ടിയിരിക്കുന്നു. പ്രകാ



www.malankaralibrary.com

ശം അന്ധകാരത്തേയും സത്യം അസത്യത്തേയും മാററുന്നു. ദാംഭികത്വം മാഹാത്മ്യത്തിൻെറ അയഥാൎത്ഥവും കൃത്രിമവുമായ ഒരു പ്രകടനമാകുന്നു; അതു അസത്യവും ആകുന്നു. സത്യം നമ്മുടെ വിചാരങ്ങളിലും വാക്കുകളിലും കുടികൊള്ളട്ടെ, അപ്പോൾ അഹംഭാവം നമ്മിലുണ്ടായിരിക്കുന്നതല്ല. വി. അഗുസ്റ്റിനോസു പറയുന്നു: "ദൈവത്തേയും നമ്മേയും അറിയുക, അപ്പോൾ എളിമ താനെ ഉണ്ടായിക്കൊള്ളും. ദൈവം ആരാകുന്നു? അഖിലത്തിൻെറയും ആദിനാഥൻ; നാമോ, ബഹുവിധാരിഷ്ടതകളുടെ ഇരിപ്പിടം!" നമ്മുടെ ശരീരം പുഴക്കുട്ടയും ചീച്ചിലുമല്ലയോ? മനസ്സിൽ എന്തുമാത്രംപാപം. ചാവുദോഷംചെയ്യു ഏവനും ക്രിസ്തുവിൻെറ ഘാതകനാകുന്നു. ഒരു പാപവുമില്ലെങ്കിലും നമ്മുടെ നിഷ്കളങ്കതയെ ഓൎത്തു അഹങ്കരിക്കാൻ പാടില്ല. എത്രനാൾ നാം വീഴാതെ നിൽക്കുമെന്നാക്കറിയാം. വിശപവിജ്ഞനായ ശ്ലേമ്മോൻ അവസാനകാലത്തിൽ അധഃപതിച്ചില്ലയോ? ആകയാൽ എന്തിനെപ്പററിയാണു നമുക്കു വലിപ്പം വിചാരിപ്പാനുള്ളതു്. ദൈവത്തേയും നമ്മേയും ശരിയായി അറിയുമ്പോൾ നാം ദൈവത്തെ ബഹുമാനിക്കുയും നമ്മേത്തന്നെ വെറുക്കുകയുംചെയ്യും.

നമ്മുടെ കൎത്താവിൻെറ പീഡാനുഭവങ്ങളുടെ ധ്യാനം അഹങ്കാരത്തെ അമൎത്തുന്നു. 'ഞാൻ പുഴവാകുന്നു, മനുഷ്യനല്ല, എന്നെ നോക്കിയവരെല്ലാം എന്നെ ആക്ഷേപിച്ചു' എന്നീവിധമല്ലയോ കഷ്ടപ്പാടുകൾ സഹിക്കുന്ന മ്ശിഹായെ രാജദീൎഘദൎശി വൎണ്ണിക്കുന്നതു്. നിഗളത്തിൽ വീഴാതിരിപ്പാൻ സൎവ്വപ്രധാനമായി നാം പ്രാൎത്ഥിക്കണം. വി. ക്രിസോസ്തോമ്മസ്സു പറയുന്നു; 'അഹംഭാവത്തിനെതിരായി പ്രാൎത്ഥനയല്ലാതെ മററയാതൊരു പ്രതിവിധിയുമില്ല'.

തന്നെപ്പററിയുള്ള ശരിയായ ജ്ഞാനംനിമിത്തം ഒരുവനെ സ്വദൃഷ്ടിയിൽ ഹീനനായി കാണിക്കുന്ന പുണ്യമേതൊ അതത്രെ എളിമ എന്നു വി. ബൎണ്ണാർദ് പറയുന്നു. 28 അറിവിൻെറയും സ്നേഹത്തിൻെറയും ഇങ്ങനെ രണ്ടുവിധമുണ്ടു എളിമ. ആദ്യത്തേതു നമ്മുടെ ഹീനമായ അവസ്ഥയുടെ ജ്ഞാനത്തിൽനിന്നും, രണ്ടാമ



www.malankaralibrary.com

ത്തു നമ്മുടെ രക്ഷയ്ക്കുവേണ്ടി മാനുഷനായി പിറന്ന ദൈവപുത്ര നിൽനിന്നും നാം ഗ്രഹിക്കുന്നു. എളിമയ്ക്കു മൂന്നു പദവികളുള്ളതായിട്ടാണു ആത്മികഗുരുക്കന്മാർ സങ്കല്പിക്കുന്നതു്. ഒന്നാമത്തെ പദവിയിൽ നാം നമ്മേത്തന്നെ വെറുക്കുന്നു. രണ്ടാമത്തതിൽ നാം നമ്മേത്തന്നെ വെറുക്കുന്നതുപോലെ മററുള്ളവരും നമ്മേ വെറുക്കണമെന്നു നാം ആഗ്രഹിക്കുന്നു. ഈ പദവിയിലെത്തിയവൻ തനിക്കു നേരിടുന്ന ഉപദ്രവങ്ങളെക്കുറിച്ചു ആവലാതിപ്പെടുന്നില്ല. ഏററവും പരിപൂർണ്ണമായ ത്രിതീയപദവിയിൽ, മനുഷ്യർ നമ്മേ വെറുക്കുമ്പോൾ നാം സന്തോഷിക്കുന്നു. ഈ പദവിയിൽ എത്തിയവർ നിന്ദകളേയും അപമാനങ്ങളേയും ക്ഷമാപൂർവ്വം സഹിക്കമാത്രമല്ല അവയെ ആഹ്ലാദചിത്തരായി സ്വീകരിക്കയും ലൌകായതികന്മാർ ഉന്നതസ്ഥാനങ്ങളേയും ബഹുമാനത്തേയുമെന്നോണം അവയെ താല്പര്യപൂർവ്വം അന്വേഷിക്കയുംചെയ്യുന്നു. 'ദൂഷണം എനിക്കു കർണ്ണാനന്ദകരമായ ഗാനമാകുന്നു' എന്നു വലിയ ത്രേസ്യാപുണ്യവതി പറയുക പതിവായിരുന്നു.

എളിമ സത്യമാകുന്നു എന്നു് ഇതേവിശുദ്ധ തന്നെ പറഞ്ഞിരിക്കുന്നു. അതു ബുദ്ധിയെ പ്രകാശിപ്പിക്കയും മനസ്സിൻെറ പക്ഷങ്ങളെ പരിശുദ്ധമാക്കുകയുംചെയ്യുന്നു. ഈ പ്രകാശത്തിൻെറ സഹായത്താൽ മനുഷ്യൻ ദൈവത്തിൻെറ മഹത്വത്തേയും സൃഷ്ടികളുടെ ശൂന്യതയേയും ഗ്രഹിക്കുന്നു. മാലാഖാനിഗളംമൂലമാകുന്നു പിഴച്ചതു്. എന്തുകൊണ്ടെന്നാൽ അവൻ സത്യത്തിൽ നിന്നില്ല, അവൻ ഒരു കള്ളം പറയുമ്പോൾ അവൻെറ സ്വകീയമായതു പറയുന്നു, എന്തെന്നാൽ അവൻ ഒരു നുണയനത്രെ. 29 വി. ബർണ്ണാർദ്ദു പറയുന്നു 'സത്യം നിന്നിൽ പ്രബലപ്പെടുകയും നിൻെറ ചിന്തകളെ നയിക്കയും, സംഗതികളെ അവയുടെ യഥാർത്ഥരൂപത്തിൽ നിനക്കു കാണിച്ചുതരികയും ചെയ്യട്ടെ, അപ്പോൾ അഹങ്കാരം തനിയെ വിട്ടുമാറിക്കൊള്ളും; സത്യം ഭരണം നടത്തുന്നിടത്തു ഉദ്ധതയ്ക്കു പ്രവേശനമില്ല. നാം സത്യത്തെ ഭയന്നു ഓടുന്നുണ്ടെങ്കിൽ അതു നമ്മേ താഴ്ത്തുന്നതുകൊണ്ടല്ലയോ?

നീതിയുമാകുന്നു എളിമ. വിനയമുള്ളവൻ ഓരോരുത്തർക്കും



www.malankaralibrary.com

അവരവക്കു ചെല്ലേണ്ടതു കൊടുക്കുന്നു. ബഹുമാനം വേണ്ടിയവനു ബഹുമാനം. 30 കർത്താവായ ദൈവത്തിന്റെ ശാസനംകേട്ടാലും! ജ്ഞാനി അവന്റെ "ജ്ഞാനത്തിലോ, ശക്തൻ അവന്റെ ശക്തിയിലോ പ്രശംസിക്കേണ്ട, പ്രശംസിക്കുന്നവരൊക്കെ എന്നെ മനസ്സിലാക്കുകയും അറിയുകയും ചെയ്യുന്നു എന്നതിൽ പ്രശംസിക്കട്ടെ." 31 എളിമയുള്ളവൻ എന്തെങ്കിലും നന്മചെയ്യുമ്പോൾ, അവനു അതിനുവേണ്ട നന്മനസ്സും വശവും നൽകിയ ആ സർവ്വനിയന്താവിനു അതിന്റെ സ്തുതിമുഴുവനും നൽകുന്നു. "ഞങ്ങൾക്കല്ല, ഞങ്ങൾക്കല്ല, കർത്താവെ, നിന്റെ നാമത്തിനു ബഹുമാനംകൊടുക്കുക." 32

സത്യവും നീതിയും മാത്രമല്ല ക്രിസ്തുമതം മുഴുവനും എളിമയിൽ അടങ്ങിയിരിക്കുന്നു എന്നു നിശ്ചയിക്കാം. വി. അഗുസ്തീനോസു പറയുന്നു; 'ക്രിസ്തുവിന്റെ തത്വോപദേശങ്ങളിൽ ഒന്നാമത്തതു എന്തെന്നു ചോദിച്ചാൽ, ഒന്നാമത്തതു എളിമയെന്നു ഞാൻ ഉത്തരിക്കും, രണ്ടാമത്തതു എന്തെന്നു ചോദിച്ചാലും എളിമ എന്നു ഞാൻ ഉത്തരിക്കും, മൂന്നാമത്തതു എന്തെന്നു ചോദിച്ചാലും എളിമ എന്നു തന്നെയായിരിക്കും എന്റെ ഉത്തരം. 33

മററുസുകൃതങ്ങൾ എളിമയുടെ ഓരോ രൂപാന്തരങ്ങളാണെന്നു പറയാം. പ്രാർത്ഥനയിൽ മനുഷ്യൻ തന്റെ അധഃസ്ഥിതിയേയും ദൈവത്തിന്റെ മാഹാത്മ്യത്തേയും ഏററു പറഞ്ഞുകൊണ്ടു സ്വയം താഴ്ത്തുന്നു. മനുഷ്യബുദ്ധിയുടെ താഴ്ചയാകുന്നു വിശ്വാസം; ഏതദ്വാരാ മനുഷ്യൻ തന്റെ ശ്രേഷ്ഠങ്ങളായ അഭിപ്രായങ്ങളെ പരിത്യജിച്ചിട്ട്, ദൈവത്തിന്റെ വെളിപാടുകളേയും സഭയുടെ അധികാരത്തേയും ശിരസ്സാവഹിക്കുന്നു. വേറൊരു മനസ്സിനു സ്വയം കീഴ്പ്പെടുന്ന, ഒരു മനസ്സിന്റെ എളിമയാകുന്നു കീഴ്വഴക്കം; അരൂപിക്കു വിധേയപ്പെടുന്ന മാംസത്തിന്റെ എളിമയാകുന്നു ചാരിത്ര്യം; തപസ്സു ഇന്ദ്രിയങ്ങളുടെ എളിമയാകുന്നു.

എളിമവഴിയായി ഇഷ്ടപ്രസാദം നമുക്കു ധാരാളമായി ലഭിക്കുന്നു. നമ്മുടെ പാപങ്ങൾ ദൈവത്തിനും നമുക്കും മദ്ധ്യേ ഒരു കാർമേഘത്തെ സൃഷ്ടിച്ചിരിക്കയാണ്. ഇതിനെ കടന്നു



www.malankaralibrary.com

നമ്മുടെ പ്രാൎത്ഥന ദൈവതിരുമുമ്പാകെ എത്തുന്നതിനു നാം സ്വയം താഴ്ത്താതെ ഗത്യന്തരമില്ല. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മാവു പറയുന്നു. "സ്വയം താഴ്ത്തുന്നവൻെറ പ്രാൎത്ഥന മേഘത്തെ പ്രഭേദിക്കുന്നു." [34] വിനയമുള്ളവൻെറയും സൌമ്യതയുള്ളവൻെറയും പ്രാൎത്ഥന നിനക്കു എപ്പോഴും ഇഷ്ടമുള്ളതാകുന്നു. [35] കാന്തം ഇരുമ്പിനെ എന്നപോൽ വിനയം ദൈവവരപ്രസാദത്തെ ആകൎഷിക്കുന്നു. ഇഷ്ടപ്രസാദം നിത്യജീവൻ പ്രദാനം ചെയ്യുന്നതിനായിട്ടു ഒഴുകുന്ന സജീവമായ ജലത്തിൻെറ ഒരു ഉറവയാണെങ്കിൽ എളിമ അതിനെ കോരി എടുക്കുന്ന ഒരു പാത്രമാകുന്നു. സെസ്സാറിയസ്സ് എന്ന സിദ്ധൻ പറയുന്നു. 'ഭൌമികനദിയിൽ നിന്നു കുനിയാതെ ഒരുവനും വെള്ളം കുടിക്കാൻ സാധിക്കുന്നതല്ല, ഇതേവിധം പരിശുദ്ധാത്മാവിയുടെ നദിയായ ക്രിസ്തുവിൻെറ ജീവനുള്ള നീരുറവയിൽ നിന്നു ഒരുവനും സ്വയം താഴ്ത്താതെ ജീവജലം കോരിയെടുക്കാൻ കഴിയുന്നതല്ല.'

എളിമ ദൈവകോപത്തെ ശമിപ്പിക്കുകയും ദൈവത്തോടു നമ്മെ രമ്യപ്പെടുത്തുകയും ചെയ്യുന്നു. 'തകൎന്നതും എളിയതുമായ ഹൃദയത്തെ ദൈവം നിരസിക്കുന്നില്ല' [36] എന്ന രാജൎഷിയുടെ വാക്കുകൾ എത്ര അനുതാപികൾക്കാണു ശരണവും ആശ്വാസവും നൽകിയിട്ടുള്ളതു്? 'ആക്കാബ് എൻെറ മുമ്പാകെ സ്വയം താഴ്ത്തിയതു നീ കണ്ടില്ലെ, ആകയാൽ എന്നെപ്രതി അവൻ തന്നെത്തന്നെ താഴ്ത്തിയതുകൊണ്ടു അവൻെറ കാലത്തു ഞാൻ നാശമിറക്കിയില്ല.' [37]

പരീശൻെറയും ചുങ്കക്കാരൻെറയും ഉപമയിൽ ദിവ്യഗുരു ഗൎവ്വത്തിൻെറയും എളിമയുടെയും എത്ര ഉജ്ജ്വലമായ ഒരു ദൃഷ്ടാന്തമാണു നമുക്കു കാണിച്ചുതരുന്നതു്? അഹങ്കാരിയായ പരീശൻ വിശുദ്ധ മദ്ബഹായ്ക്കു അത്യധികം സമീപിച്ച് അവൻെറ സൽപ്രവൃത്തികളെ സാടോപം കീൎത്തിക്കുമ്പോൾ, വിനയാന്വിതനായ ചുങ്കക്കാരൻ അകലെ നിന്ന്, അവൻെറ പാപബാഹുല്യത്തെ വിചാരിച്ചു നെഞ്ചത്തടിക്കുന്നു. ഈ രണ്ടാമത്തവൻ പാപവിമോചന ലബ്ധനായിട്ടും അപരൻ ശിക്ഷാൎഹനായിട്ടും ദേവാലയം വിട്ടു എന്നു ദിവ്യരക്ഷകൻ അരുളിച്ചെയ്യുന്നു.



www.malankaralibrary.com

വിനയഭാവത്തിൻെറ വേറൊരു ഗുണവിശേഷം സഹോദരങ്ങളെ പരസ്പരം യോജിപ്പിക്കുകയാകുന്നു. തന്നെത്താൻ മറന്നു മററുള്ളവരെക്കുറിച്ചുമാത്രം വിചാരിക്കുയും ഒടുവിലത്തെ സ്ഥാനത്തിനായിട്ടു വാദിക്കുയും ചെയ്യുന്ന ഒരുവനെ ആരുതന്നെ സ്നേഹിക്കയില്ല. എളിമ ഒരുവനു മനഃസമാധാനത്തെ പ്രദാനം ചെയ്യുന്നു.

സ്വർഗ്ഗഭാഗ്യം താഴ്മയുള്ളവർക്കാകുന്നു. 'താഴ്മയുള്ള ജനത്തെ നീ രക്ഷിക്കും.' 38 'അവൻ എളിയ ഹൃദയമുള്ളവനെ പരിത്രാണം ചെയ്യും.' 39 അരൂപിയിൽ ദരിദ്രന്മാർ ഭാഗ്യമുള്ളവരാകുന്നു, എന്തുകൊണ്ടെന്നാൽ സ്വർഗ്ഗഭാഗ്യം അവരുടേതാകുന്നു. 40 അഹങ്കാരവിഹീനൻ അവൻെറ താണസ്ഥിതിയിൽനിന്നു അനശ്വരമായ കീർത്തിയുടെ സിംഹാസനത്തിലേയ്ക്കു് അവരോധിക്കപ്പെടുന്നു.

ലോകം, പിശാചു, ശരീരം എന്ന വൈരിത്രയത്തോടു പോരു ചെയ്യുന്ന പ്രേഷിതനു ഒഴിച്ചുകൂടാത്ത ഒരു സദ്ഗുണമാകുന്നു വിനയം. ഒരു വൈദികൻ ദൈവസ്തുതിയുടെ വർദ്ധനയ്ക്കും, ആത്മാക്കളുടെ രക്ഷയ്ക്കും, സ്വന്ത പരിപൂർണ്ണതാപ്രാപ്തിക്കുമായി വേല ചെയ്വാൻ കടപ്പെട്ടിരിക്കുന്നു. ദൈവ മഹത്വമാകുന്ന പൌരോഹിത്യംകൊണ്ടു സഭ ഉദ്ദേശിക്കുന്നതു് ദൈവത്തെ ജനസാമാന്യം അറിയുകയും സ്നേഹിക്കുയും ഉപാസിക്കുയും ചെയ്യുന്നതിനു ആചാര്യൻ വഴിതെളിക്കണം. ഈ തീക്ഷ്ണത സ്നേഹത്തിൻെറ ഫലമാകുന്നു. എന്നാൽ ഈ സ്നേഹം എളിയ ഹൃദയത്തിലെ കാണപ്പെടുകയുള്ളു.

ആത്മാക്കളുടെ രക്ഷയ്ക്കായിട്ടുള്ള വേല ഒരു ദിവ്യ വേലയാകുന്നു. ദൈവത്തിൻെറ സഹായവും വരപ്രസാദവും കൂടാതെ അതു നിർവഹിക്കുക ശക്യമല്ല. റൂഹാദ്ക്കുദശായുടെ പ്രചോദനങ്ങൾക്കു ഒരുവനെ അനുസരണയുള്ളവനാക്കുന്നതു താഴ്മ എന്ന സുകൃതമാകുന്നു. വൈദികൻെറ ജോലി ദൈവത്തിൻെറ ഛായ മനുഷ്യരുടെ ആത്മാക്കളിൽ രൂപവൽക്കരിക്കയാണല്ലൊ. ഒരു ചിത്രകാരൻെറ കൈയിൽ ബ്രഷ് എപ്രകാരമൊ അപ്രകാരമാകുന്നു വൈദികർ മ്ശിഹായുടെ കരങ്ങളിൽ എന്നു് ഒരു ഗ്രന്ഥകാരൻ പറയുന്നു. പരിശുദ്ധാരൂപിയുടെ ബ്രഷുകളാകുന്നു



www.malankaralibrary.com

പട്ടക്കാർ. ഒരു ചിത്രവേലക്കാരൻ ബ്രഷുകൊണ്ടു യഥേഷ്ടം ചായമിടുന്നു, എന്നാൽ ആ ബ്രഷ് അവനെ അനുസരിക്കാതെ അവന്റെ കയ്യിൽ ഇരുന്നു പിടയുന്നതായാൽ ചിത്രവേല ഒരിക്കലും പന്തിയാവുന്നതല്ല. ഒരു ബ്രഷിന്റെ അനുസരണം വൈദികർക്കുണ്ടാകുന്നതു അവർക്കു എളിമയുള്ളപ്പോൾ ആകുന്നു; അതിന്റെ അഭാവത്തിൽ അതായത് അഹംഭാവികളായി വർത്തിക്കുമ്പോൾ, അവർ കൈകളിൽ ഇരുന്നു പ്രചലിക്കുന്ന ബ്രഷുപോലെ, ദൈവേഷ്ടപ്രസാദങ്ങളുടെ സ്വച്ഛന്ദമായ പ്രവാഹത്തിനു തടസ്സം ചെയ്യുന്നു.

വിനയഗുണമുള്ളവർ മഹൽകാര്യങ്ങൾ നിർവഹിച്ചശേഷം സങ്കീർത്തനക്കാരനോടുകൂടി ഇങ്ങനെ പറയുന്നു. "കർത്താവിന്റെ കരം ബലവത്തായ കാര്യങ്ങൾ നേടിയിരിക്കുന്നു."41 അഹങ്കാരികളോ എന്നാൽ സ്വാത്മത്തെ മുൻനിറുത്തികൊണ്ട്, ദൈവത്തിന്റെ സ്തുതിയിൽ തന്നോടൊന്നിച്ചു പങ്കെടുക്കാൻ മുതിരുന്നു. ആകയാൽ എളിയവൻമാത്രം ദൈവത്തെ ബഹുമാനിക്കുന്നു എന്നു വേദപുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. 'ദൈവത്തിന്റെ ശക്തിമാത്രം വല്യതാകുന്നു, അവൻ താഴ്മയുള്ളവനാൽ വണങ്ങപ്പെടുന്നു.' 42

ദൈവം തന്റെ പുരോഹിതന്മാർ വഴിയായി നടത്തുന്ന അധികാരത്തോടു തുലനംചെയ്യത്തക്കവണ്ണം ഇഹത്തിൽ എന്താണുള്ളതു്? അതു എത്രത്തോളം നമ്മെ ഉന്നമിപ്പിക്കുന്നുവോ അത്രത്തോളം നാം സ്വയം താഴ്ത്തേണ്ടിയിരിക്കുന്നു. 'എത്രത്തോളം നീ വലിയവനോ അത്രത്തോളം നിന്നെത്തന്നെ സകലത്തിലും താഴ്ത്തുക.'43 എന്തെന്നാൽ എല്ലാ നല്ല ദാനങ്ങളുടെയും ദാതാവ് സർവ്വേശ്വരൻ ആകുന്നു. നമ്മുടെ സ്വന്തശക്തികൊണ്ടു ഒന്നും സാദ്ധ്യമല്ല. 'എന്തുകൊണ്ടെന്നാൽ എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴിയുകയില്ല.' 44 ദൈവം തന്റെ ശക്തിയെ കാണിക്കുന്നതിനു ബലഹീനങ്ങളായ കരുക്കളെ തിരഞ്ഞെടുത്തിരിക്കുന്നു. വി. പൌലോസു പറയുന്നു; ജ്ഞാനികളെ ലജ്ജിപ്പിക്കുന്നതിനായി ദൈവം ലോകത്തിന്റെ ഭോഷത്വമായവ തിരഞ്ഞെടുത്തു, ബലമുള്ളവയെ ലജ്ജി



www.malankaralibrary.com

ഷ്ലിക്കുന്നതിനായി ലോകത്തിൻെറ ദുർബലമായുള്ളവയും. ദൈവം തിരഞ്ഞെടുത്തു, (അതു) മാംസമൊന്നും അവിടത്തെ മുമ്പിൽ പ്രശംസിക്കാതിരിക്കുന്നതിനു വേണ്ടിയത്രെ. 45

ആത്മാക്കളുടെ രക്ഷയ്ക്കായിദാഹിക്കുന്ന ഒരു പട്ടക്കാരൻ വി. പൌലോസിനെപ്പോലെ എല്ലാവക്കും എല്ലാം ആകണം. വളരെ സാധാരണവും വിഷമമുള്ളതും എന്നാൽ ആരുടെയും സ്തുതിക്കും അഭിനന്ദനത്തിനും വിഷയീഭവിക്കാത്തതുമായ ജോലികൾ അവൻ ചെയ്യേണ്ടിയിരിക്കുന്നു. വേദപാഠം മുടങ്ങാതെ പഠിപ്പിക്കുക, കുട്ടികളുടെ കുമ്പസാരം കേൾക്കുക, ദീനക്കാരെ ധനികനെന്നോ ദരിദ്രനെന്നോ ഉള്ള സ്ഥിതിഭേദംകൂടാതെ സന്ദശിക്കുക, മുതലായവയൊന്നും ആരുടെയും ശ്രദ്ധയെ ആകഷിക്കുന്നതല്ല. യഥാർത്ഥമായ മനോവിനയമുള്ളവൻ മാത്രമെ ശബ്ദം കേൾപ്പിക്കാത്ത ഈ മാതിരി ജോലികളെ സോത്സാഹം ചെയ്യുകയുള്ളൂ. മ്ശിഹായുടെ ചൈതന്യമാകുന്ന നമ്മുടെ സുവിശേഷവേലയെ ഫലദായകമാക്കുന്നതു്. ഈശോ വിനയമുള്ള വൈദികൻെറ പ്രയത്നത്തെമാത്രമെ ആശീവ്വദിച്ചു പരിപുഷ്ടമാക്കുകയുള്ളൂ. പരിശുദ്ധ കന്യാസ്ത്രീമറിയത്തിൻെറ വിനയംനിമിത്തം ആ കന്യകയുടെ ഉദരത്തിൽ ദൈവപുത്രൻ എഴുന്നള്ളി നമ്മുടെ വീണ്ടെടുപ്പിൻെറ ജോലി ആരംഭിച്ചു; ഇപ്രകാരം എളിമയുള്ള പ്രേഷിതനിൽ മ്ശിഹാ തൻെറ അനന്തകാരുണ്യത്തിൻെറ ജോലി നിർവഹിക്കുന്നതിനായി എഴുന്നള്ളിവരുന്നു. വി. പൌലോസിനെപ്പോലെ വിജയപ്രദമായി ഏതു പ്രേഷകനാണു സുവിശേഷജോലി ചെയ്തിട്ടുള്ളതു്? ഈ ശ്ലീഹാ പൈശാചിക വക്ത്രത്തിൽനിന്നു വിമുക്തരാക്കിയിട്ടുള്ള ആത്മാക്കളുടെ എണ്ണം ആക്കു നിണ്ണയിപ്പാൻകഴിയും? എവ്വിധമാണു മ്ശിഹാ അദ്ദേഹത്തെ ഈ ജോലിക്കു പററിയവനാക്കിയതു്? വി. അഗുസ്തീനോസു ഇതിനു നൽകുന്ന ഉത്തരം കേൾക്കുക. മ്ശിഹാ ഒരിക്കൽ സാവൂളിനെ താഴ്ത്തിയിട്ടു പൌലോസിനെ ഉയത്തി; നിഗളിയെ വീഴിച്ചു, എളിയവനായി എഴുന്നേല്പിച്ചു; പീഡകൻ തള്ളിയിടപ്പെട്ടു പ്രസംഗകനായി ഉയത്തപ്പെട്ടു. 46 സാവൂൾ പൌലോസായി മ്ശിഹായുടെ സത്യവേദം പ്രഖ്യാപനം



www.malankaralibrary.com

ചെയ്യുന്നതിനുമുമ്പ്, ധികാരമെന്ന കുതിരപ്പുറത്തുനിന്നു താഴ്മ യെന്ന താഴ്വരയിലേയ്ക്കു വീഴേണ്ടയാവശ്യമുണ്ടായിരുന്നു.

ഒരുവനു അവന്റെ ആത്മാവിനെ രക്ഷിപ്പാനും എളിമ ആവശ്യമാകുന്നു. പട്ടക്കാരന്റെ മഹോന്നതമായ സ്ഥാനത്തെപ്പ റ്റി പറഞ്ഞു കഴിഞ്ഞു. എന്നാൽ ഈ ഔന്നത്യം മൂലം വിനയം വിപാടനം ചെയ്യപ്പെടാൻ വളരെ എളുപ്പമുണ്ടെന്നു 'ശ്രേഷ്ഠസ്ഥാ നത്തെക്കുറിച്ചു ഞാൻ സന്തോഷിക്കും എന്നാൽ വീഴ്ചയെക്കുറിച്ചു ഞാൻ ഭയപ്പെടും' എന്നു വി. ഈറാനീമ്മോസിന്റെ വാക്കുക ളിൽ നിന്നു സ്പഷ്ടമാകുന്നു. പട്ടക്കാരന്റെ ഉദ്യോഗം ദൈവത്തി നുവേണ്ടി യുദ്ധം ചെയ്യുകയത്രെ, തന്മൂലം നാരകീയ ശത്രുക്കൾ അവനോടും ദാരുണമായി പോരാടുന്നുണ്ട്. പിശാചുക്കൾ തങ്ങ ളെ തള്ളിയിട്ടതു അഹങ്കാരമാണെന്നറിഞ്ഞുകൊണ്ടു അതുവഴിയാ യി തന്നെ ദൈവത്തിന്റെ പ്രതിനിധിയായ പുരോഹിതനേയും അധഃപതിപ്പിക്കാൻ അഹോരാത്രം യതിക്കുന്നു. അവർ ശ്രേഷ്ഠ മായ പദവിയേയും മഹത്തരമായ ജോലികളേയും കുറിച്ചു ആദ്യം മനസ്സിൽ രഹസ്യമായ സംതൃപ്തിയും പിന്നീടു ഗർവ്വും ഉളവാ ക്കുന്നു. എന്നാൽ എളിമയുള്ളവനോടു ഈ ആക്രമണം ഫലപ്പെടു കയില്ല. 'കർത്താവു ചെറിയവരുടെ സൂക്ഷിപ്പുകാരനാകുന്നു, ഞാൻ എന്നെത്തന്നെ താഴ്ത്തിയപ്പോൾ അവൻ എന്നെ രക്ഷിച്ചു.' 47 അ ടക്കം അഖില പുണ്യങ്ങളുടേയും സുരക്ഷിതമായ ഭണ്ഡാഗാരമാ കുന്നുവെന്നു് വി. ബസല്ലിയോസും, അതിനെ സ്നേഹിക്കുക ഒരി ക്കലും നീ സാത്താന്റെ കണിയിൽ വീഴുന്നതല്ല എന്നു വി. അ പ്രേമും പറയുന്നു.

അടുത്തതായി ചിന്തിപ്പാനുള്ളതു എളിമ സമ്പാദനാർത്ഥം നാം കൈക്കൊള്ളേണ്ട പോംവഴികളെപ്പറ്റിയാണ്. സംസാര ത്തിലുള്ള സൂക്ഷമാകുന്നു ഒന്നാമത്തെമാർഗ്ഗം. ആത്മപ്രശംസ സ്ഫുരി ക്കുന്ന വാക്കുകൾ ആവുന്നിടത്തോളം വർജ്ജിക്കുക. 'ഞാൻ എന്നെ ത്തന്നെ സ്തുതിക്കുന്നെങ്കിൽ എന്റെ സ്തുതി ഒന്നുമില്ല.' 48 'ഒരിക്ക ലും നിന്നെപ്പറ്റി സംസാരിക്കാതിരിക്കുക' എന്നാകുന്നു ത്രേസ്യാ പുണ്യവതിയുടെ ഉപദേശം. ചിലർ അവരെത്തന്നെ താഴ്ത്തി



www.malankaralibrary.com

സംസാരിക്കുന്നതു മററുള്ളവർ അവരെ പുകഴ്ത്തുന്നതിനാകുന്നു. എളിമയുടെ വേഷമണിയുന്ന ഈ നിഗളം അതി ഗർഹണീയവും ക്ലേശകരവുമാണെന്നു ഗിബൺസ് പറയുന്നു. സ്വയം പുകഴിക്കുന്ന ഒരുവൻെറ വാക്കുകളെല്ലാം അപ്പടി നാം വിശ്വസിക്കുമ്പോൾ അവനു കുണ്ഠിതമുണ്ടാകുന്നു.

മററുള്ളവർ നമ്മെ സ്തുതിക്കുമ്പോൾ ആഹ്ളാദിക്കാതിരിക്കുകയാകുന്നു രണ്ടാമത്തെ മാർഗ്ഗം. മനുഷ്യരുടെ സ്തുതിഗീതങ്ങൾ നമ്മെ അബദ്ധങ്ങളിലും വ്യർത്ഥശരണത്തിലും പലപ്പോഴും പതിപ്പിക്കാൻ പര്യാപ്തമാകുന്നു. ഒരു പ്രശംസാവാക്കു കേൾക്കുന്നതിനായി ന്യായവും നീതിയും മറന്നു അക്രമങ്ങൾ പ്രവർത്തിക്കുന്നവരുടെ ശപ്തമായ അഹങ്കാരത്തെപ്പററി എന്തു പറയട്ടെ. വി. പക്കോമിയൂസിനു അഹംഭാവം വരുത്തുന്നതിനായി പിശാചുക്കൾ, അദ്ദേഹം സ്വന്തമുറിയിൽ നിന്നു പ്രാർത്ഥിപ്പാനായി വിജനസ്ഥലത്തേയ്ക്കു പോകുമ്പോൾ വഴിക്കു നിന്നുകൊണ്ട് 'ഇതാ ദൈവത്തിൻെറ മനുഷ്യൻവരുന്നു, അദ്ദേഹത്തിനു വഴിമാറി കൊടുക്കുവിൻ' എന്നു അട്ടഹസിച്ചിരുന്നു. പിശാചിനു നമ്മെ ആക്ഷേപങ്ങളും ദുഃഖങ്ങളും വഴിയായി നശിപ്പിക്കാൻ കഴിയാതെ വരുംപോൾ സ്തുതിയും ബഹുമാനവുംകൊണ്ടു അതു നേടാൻ നോക്കുന്നു. 'നിന്നെ ആരെങ്കിലും സ്തുതിക്കുമ്പോൾ നിൻെറ പാപങ്ങളെ ഓർത്തുകൊൾക' എന്നു വി. ജോൺക്ലിമാക്കോസ് ഉപദേശിക്കുന്നു. നമ്മുടെ സഹോദരനെ ആരെങ്കിലും പ്രശംസിക്കുമ്പോൾ, അതിൽ സന്തോഷിക്കുന്നതും ഗർവ്വത്തെ വിഹനിക്കാൻ പററിയതാകുന്നു.

മൂന്നാമതായി നമ്മാൽ കരണീയമായിട്ടുള്ളതു മനുഷ്യർ കാണുന്നതിനും വിലമതിക്കുന്നതിനുമായി ഒന്നും ചെയ്യാതിരിക്കുകയാകുന്നു. ഇതേസംബന്ധിച്ചു ദിവ്യരക്ഷകൻ ഇപ്രകാരമാണു മുന്നറിവു തരുന്നതു്. 'എന്നാൽ മനുഷ്യരാൽ കാണപ്പെടുവാൻവേണ്ടി അവരുടെ മുമ്പിൽ നിങ്ങൾ ധർമ്മദാനം ചെയ്യാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളുവിൻ. അല്ലാഞ്ഞാൽ സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻെറ അടുക്കൽ നിങ്ങൾക്കു പ്രതിഫലമില്ല. 49

നാലാമതായി വേണ്ടതു നമ്മുടെ തെററുകളെക്കുറിച്ച്



www.malankaralibrary.com

ഒഴികഴിവു പറയാതിരിക്കുകയാകുന്നു. ഒരുവൻെറ വീഴ്ചകളെ ഗോപനം ചെയ്യാനും നീതികരിക്കാനുമായി വക്രോക്തികൾ പ്രയോഗിക്കുന്നതു അഹംഭാവത്തിൻെറ പ്രത്യക്ഷ ലക്ഷ്യമാകുന്നു.

എളിമ സമ്പാദനത്തിന്നു കൈവരിക്കേണ്ട പഞ്ചമ മാർഗ്ഗം അഹങ്കാരപരമായ വിചാര പരമ്പരകൾക്കു നമ്മുടെ ബോധരംഗത്തു നൃത്തംചെയ്യാൻ അനുവദിക്കാതിരിക്കയാകുന്നു. ഉത്തരവാദിത്വമുള്ള ഉന്നത ജോലികൾ, ശ്രോതാക്കളെ ദത്തകർണ്ണരാക്കുന്ന വചോവിലാസം, ആകാരസുഷമ ആദിയായവയെപ്പററി നാം ദിവാസ്വപ്നം കാണുന്നു. ഏതന്മാതിരിയുള്ള വാനദുർഗ്ഗങ്ങളെ ഉടനടി തട്ടിത്തകർക്കാത്ത പക്ഷം അവ പാപകരമായ പ്രവൃത്തികളായി രൂപം ധരിച്ചേക്കും.

ആറാമതായി നാം അഗ്രശ്രുതങ്ങളായ വേലകൾ ചെയ്യേണ്ടിയിരിക്കുന്നു. 'നിനക്കു താഴ്ത്തപ്പെടാൻ ആഗ്രഹമില്ലെങ്കിൽ ഒരിക്കലും നീ താഴ്മ പ്രാപിക്കയില്ല' എന്നു ബെർണ്ണാർദ് പുണ്യവാൻ പറയുന്നു. ക്ഷമ നിരന്തരസഹനം വഴിയായും, വിജ്ഞാനം അഭ്യാസം വഴിയായും കരഗതമാവുന്നതുപോലെ എളിമ എളിയ പ്രവൃത്തികൾ വഴിയായി സമ്പാദിക്കപ്പെടുന്നു. സ്വമനസ്സാലെ ഒരുവനു ഒച്ചപ്പാടില്ലാത്തതും താണതുമായ ജോലികൾ തിരഞ്ഞെടുത്തു എളിമ വർദ്ധിപ്പിപ്പാൻ പാടുണ്ട്. മേലധികാരികളുടെ കല്പനകളെ കണിശമായി അനുസരിക്കുന്നപക്ഷം, അതു നമ്മുടെ ദർപ്പത്തെ ഒട്ടേറെ ശമിപ്പിക്കാതിരിക്കയില്ല. ഏററവും ഉപകാരപ്രദമായ എളിമയുടെ അഭ്യാസം അനുദിന ജീവിതത്തിൽ സ്വകൃത്യ നിർവഹണത്തിനിടയ്ക്കു അഭിമുഖീകരിക്കേണ്ടിവരുന്ന സംഗതികളിൽനിന്നു നമുക്കു ലഭിക്കുന്നു. പൊടുന്നനെ നേരിടുന്ന വിപത്തു, രോഗം, നമ്മുടെ സ്ഥാനമാനാദികൾക്കു ഭവിക്കുന്ന അധഃപതനം, ഉപകൃതരുടെ നന്ദിഹീനത, തെററിദ്ധാരണകൾ, ഇവയെല്ലാം നമ്മെ അപാദശീർഷം ഇളക്കുന്നവയാണ്. ദൈവം നമ്മുടെ അഹംഭാവത്തെ അടിച്ചമർത്തുന്നതിനും, തൻെറ പക്കലേയ്ക്കു നമ്മെ ആകർഷിക്കുന്നതിനും, തൻെറ ഏകപുത്രനോടു നമ്മെ സാമ്യമുള്ളവരാക്കുന്നതിനും വേണ്ടി ദുഷ്ടന്മാരെ കരുക്കളായിട്ടു



www.malankaralibrary.com

പലപ്പോഴും ഉപയോഗിക്കാറുണ്ട്. അന്യരിൽനിന്ന ലഭിക്കുന്ന അപമാനവും ശാസനയും നാം സ്വയം തിരഞ്ഞെടുക്കുന്നതിൽ വളരെ മടങ്ങു പുണ്യവദ്ധനസ്സുപകരിക്കുന്നതാണ്. 'ശാമായി' എന്ന മനുഷ്യനിൽനിന്ന ദാവീദിനുണ്ടായ അനുഭവം ഇതിനൊരുദാഹരണമാകുന്നു. തൻെറ പുത്രനായ അബ്സാലോമ്മിനെ ഭയന്നു ദാവീദു ഒളിച്ചോടിപ്പോകുമ്പോൾ ശാമായി രാജാവിനെ ചെളി വാരി എറിയുകയും ദൂഷണം പറയുകയും ചെയ്തു. ദാവീദിൻെറ അനുചരന്മാരിൽ ഒരുവനായ അബിശായി ഇതു കണ്ടപ്പോൾ രോഷാകുലനാകുകയും ആ രാജദ്രോഹിയുടെ തലവെട്ടുന്നതിനു അനുവാദം ചോദിക്കയും ചെയ്തു. എന്നാൽ ദാവീദു പറഞ്ഞു 'അവനെ (ശാമായിയെ) തടയേണ്ട, അവൻ ശപിച്ചുകൊള്ളട്ടെ, എന്തുകൊണ്ടെന്നാൽ കർത്താവു ദാവിദിനെ ശപിക്കുന്നതിനു അവനോടു ആജ്ഞാപിച്ചിരിക്കയാണ, ഒരുപക്ഷേ കർത്താവു എൻെറ കഷ്ടപ്പാടിനെ കണ്ട്, ഈ ദിവസത്തെ ശാപത്തിനു പകരം എന്നോടു നന്മ ചെയ്തേക്കും. 50

ഇപ്രകാരമെല്ലാം എളിമയെപ്പററി പറയുമ്പോൾ അതൊരു ഹീനവും ഭീരുവുമായ സുകൃതമായിട്ടു അനുവാചകന്മാർ ധരിച്ചേയ്ക്കരുത്. എളിമ ഒരിക്കലും പാദസേവ ചെയ്യുന്നതും അധമവുമായ ഒന്നല്ല, പ്രത്യുത, അതു മഹാ മനസ്കതയോടും പൌരുഷത്തോടും സമ്മേളിച്ചിരിപ്പാൻ സർവ്വത്ര അർഹമത്രെ. പരാജയങ്ങളും വിഘാതങ്ങളും അതിനെ പരാങ്മുഖമാക്കുന്നില്ല. വി. തോമ്മസ് അക്വീനാസ് പറയുന്നു. 'നമ്മുടെ ബുദ്ധി വലിയ കാര്യങ്ങളുടെ പിറകെ പായാതിരിക്കത്തക്കവണ്ണം എളിമ അതിനെ അങ്കുശമിട്ടു നിറുത്തുമ്പോൾ, മഹാമനസ്കത അതിനെ നൈരാശ്യകൂപത്തിൽനിന്ന രക്ഷിച്ച്, മഹൽകാര്യങ്ങൾ നിർവ്വഹിക്കുന്നതിനു ശക്തിമത്താക്കി തീർക്കുന്നു. 51

മഹാമനസ്കതയുടെയും താഴ്മയുടെയും ഒരു ഉത്തമ ദൃഷ്ടാന്തമാണ് പ്രേഷിതവര്യനായ വി. പൌലോസ്. ഈ ശ്ലീഹാ തൻെറ ബലഹീനതയേയും പാപത്തേയും ഏററു പറയുമ്പോൾ, അതെ ശ്വാസത്തിൽതന്നെ, ദൈവസഹായത്തോടുകൂടി താൻ നിർ



www.malankaralibrary.com

വഹിച്ചിട്ടുള്ള സുവിശേഷ വേലയുടെ വൈപുല്യവും, താൻ സ ഹിച്ചിട്ടുള്ള പീഡകളും ഞെരുക്കങ്ങളും തനിക്കു ലഭിച്ചിട്ടുള്ള അ തിസ്വാഭാവിക വരങ്ങളും പ്രഖ്യാപനം ചെയ്വാൻ മടികാണിക്കു ന്നില്ല. അദ്ദേഹം പറയുന്നു. 'ഞാൻ ശ്ലീഹന്മാരിൽവച്ചു ഏററവും തുച്ഛനാകുന്നു, ഒരു അപ്പോസ്തൊലനെന്നു വിളിക്കപ്പെടാൻ ഞാൻ യോഗ്യനല്ല, എന്തുകൊണ്ടെന്നാൽ ദൈവത്തിൻെറ സഭ യെ ഞാൻ ഞെരുക്കി . . .എന്നാൽ ഞാൻ എന്തെങ്കിലുമാകുന്നെങ്കിൽ അതു ദൈവത്തിൻെറ അനുഗ്രഹത്താലാകുന്നു, അവിടത്തെ അ നുഗ്രഹം എന്നിൽ ഫലശൂന്യമായില്ല. എന്തെന്നാൽ ഞാൻ അ വരെല്ലാവരിലും അധികം വേലചെയ്തു; എന്നാൽ ഞാനല്ല, എ ന്നോടുകൂടിയുള്ള ദൈവത്തിൻെറ അനുഗ്രഹം. 52 വി. പൌലോ സ് ത്രിതീയ സ്വർഗ്ഗംവരെ എടുക്കപ്പെട്ടു എന്നു നാമറിയുന്നതും അ ദ്ദേഹത്തിൻെറ സാക്ഷിയിൽനിന്നാകുന്നു. തനിക്കു നേരിട്ട കഷ്ട പ്പാടുകളെ ഹൃദയാവർജ്ജകമാംവണ്ണം അപ്പോസ്തൊലൻ ഇങ്ങനെ വർണ്ണിക്കുന്നു. "യഹൂദരിൽനിന്നു ഒന്നു കുറച്ചു നാല്പതു (അടി) അ ഞ്ചു പ്രാവശ്യം എനിക്കു ലഭിച്ചു, മൂന്നു പ്രാവശ്യം വടികളാൽ ഞാൻ അടിക്കപ്പെട്ടു, ഒരിക്കൽ കല്ലെറിയപ്പെട്ടു, മൂന്നു പ്രാവശ്യം എനിക്കു കപ്പൽനാശം സംഭവിച്ചു, ഒരു അഹോരാത്രം ഞാൻ സ മുദ്രത്തിൻെറ അഴത്തിൽ നിവസിച്ചു. 53 തിരുസ്സഭയുടെ പുകഴ്ച യ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കും ഉപകരിക്കുമെന്നുള്ളപ്പോൾ നമ്മുടെ സൽപ്രവൃത്തികളെ ബഹുജനസമക്ഷം അറിയിക്കുന്നതിൽ അസാം ഗത്യമില്ലെന്നു ഇതിൽനിന്നെല്ലാം അനുമാനിക്കേണ്ടിയിരിക്കുന്നു.

ഭൂമുഖത്തുവച്ചു ഏററവും ഹീനന്മാർ എന്നാണു പരിശുദ്ധ ന്മാർ തങ്ങളെപ്പററി വിചാരിക്കുന്നതു്. വി. ഫ്രാൻസീസ് അസീ സ്സി തന്നെക്കാൾ വലിയ ഒരു പാപി ലോകത്തിൽ വേറെ ഇല്ലെ ന്നു വിചാരിച്ചിരുന്നു. ഇതുകൊണ്ടല്ലയൊ ആ വിശുദ്ധൻ ആസ ന്നമരണനായി കിടക്കയിൽ 'ഞാൻ മരിക്കുമ്പോൾ നിങ്ങൾ എ ന്നെ കൊലപാതകപ്പുള്ളികളുടെ ശ്മശാനസ്ഥലത്തു സംസ്കരിക്കണം' എന്നു തൻെറ ശിഷ്യന്മാരോടു ആജ്ഞാപിച്ചതു്. വി. ജോൺക്ലിമാ ക്കോസ് പറയുന്നു. 'പിശാചു നമ്മുടെ സൽപ്രവൃത്തികളെ



www.malankaralibrary.com

പൎവ്വതികരിച്ചുകാണിച്ച് അഹങ്കാരഗൎത്തത്തിൽ നമ്മെ വീഴിപ്പാൻ നോക്കുമ്പോൾ, ദൈവം നമുക്കു എളിമയുണ്ടാകുവാൻവേണ്ടി നമ്മുടെ സുകൃതങ്ങളെ നമ്മിൽനിന്നു മറച്ച് ചെറിയ കുററങ്ങളെപ്പോലും നമ്മെ ഗ്രഹിപ്പിക്കുന്നു. പുണ്യവാന്മാൎക്കു തങ്ങളെപ്പററി മോശമായ അഭിപ്രായം ഉണ്ടാകാൻ കാരണം ഇതാകുന്നു; ഇതൊരു പ്രത്യേക ദൈവാനുഗ്രഹം തന്നെ.

### എളിമ ലഭിപ്പാനുള്ള ഒരു പ്രാൎത്ഥന.

നിഗളികളെ എതിൎക്കുകയും എളിമയുള്ളവൎക്കു തന്റെ വരപ്രസാദത്തെ കൊടുക്കുകയും ചെയ്യുന്ന ദൈവമെ, ഞങ്ങൾ അഹങ്കരിച്ച് അങ്ങേ കോപത്തിനു പാത്രീഭവിക്കാതെ, സ്വയം താഴ്ത്തി അങ്ങെ അനുഗ്രഹത്തിന്റെ ദാനങ്ങളെ പ്രാപിക്കുന്നതിനു യഥാൎത്ഥമായ എളിമ എന്ന സുകൃതത്തെ ഞങ്ങൾക്കു നൽകേണമെ.

### കുറിപ്പുകൾ.

1 Galath. vi. 3.
2 II. Cor. x. 17. 18.
3 Matth. xi. 29.
4 Jn. xiii. 12, 15.
5 Philip. ii. 3. 11.
6 Jn. viii. 50, 54.
7 Prov. xiii. 10.
8 Summa. 2– 2 a. 1.
9 I. Cor. iv. 7.
10 Prov. xvi. 5.
11 Bk. 1st. Ch. 7.
12 Eccle. iii. 20.
13 Rom. x. 12.
14 Matth. xxv. 31.
15 Rom. I. 21.
16 Matth. xi. 25.
17 I. Pet. v. 5.
18 Isa. 42. 8.
19 Prov. xi. 2.
20 Luk. I. 52.
21 Eccl. xxiv. 4.
22 Matth. xxvi. 33.
23 Prov. xvi. 18.
24 Psl. L.
25 Matth xx. 28.
26 Luk. x. 18.
27 Mark. ix. 36.
28 De gradibus humilitatis.
29 Jn. viii. 44.
30 Rom. xiii. 2.
31 Jer. ix. 32.
32 Psl. CXIII. 1.
33 St. Aug. Ep. L. Ap.
Chaig. Vol 1. p. 361.
34 Eccl. xxxv. 21.
35 Judith. ix. 16.
36 Psl. L. 19.
37 III. King. xxi. 29.
38 Psl. xviii. 28.
39 Psl. xxxiii. 19.
40 Matth. v. 3.
41 Psl. xviii. 16.
42 Eccles. iii. 21.
43 Eccl. iii. 20.

www.malankaralibrary.com

കൂടെക്കൂടെ ഭക്തിപുരസ്സരം— യാന്ത്രികമായിട്ടല്ല— സ്വീകരിക്കുന്നതിനു അവരിൽ സന്മനസ്സ് ജനിപ്പിക്കുകയാകുന്നു. കുട്ടികൾക്കു കുർബാന കൊടുക്കേണ്ട പ്രായത്തെപ്പററി ഇന്നു യാതൊരു സംശയത്തിനും വഴിയില്ല. പുതിയ കാനനിൽ അതു വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. [23] 'തിരിച്ചറിവിൻെറ പ്രായവും മതിയായ ഒരുക്കവുമുള്ള കുട്ടികൾക്കു വിശുദ്ധ കുർബാന കൊടുക്കേണ്ടതാകുന്നു.' ഏഴു വയസ്സാണ് തിരിച്ചറിവിൻെറ പ്രായമായി ഗണിക്കപ്പെടുന്നതെങ്കിലും, അതിനുമുമ്പു അറിവുണ്ടാകുന്നപക്ഷം ഒരുക്കമുണ്ടെങ്കിൽ കുർബാന കൊടുക്കാവുന്നതാകുന്നു. ഒരുക്കമെന്നുവച്ചാൽ രക്ഷയ്ക്കാവശ്യം അവശ്യമായിട്ടുള്ള വിശ്വാസ രഹസ്യങ്ങളുടെ ജ്ഞാനവും പ്രായത്തിനു തക്ക ഭക്തിപരമായ വ്യാപാരവുമാകുന്നു. എന്നാൽ തിരിച്ചറിവു വന്ന കുട്ടികൾ മരണാവസ്ഥയിൽ പെടുന്നതായാൽ അവക്കു ഇത്രയും ഒരുക്കം സഭ ആവശ്യപ്പെടുന്നില്ല; അവക്കാകുട്ടെ ക്രിസ്തുശരീരം സാധാരണ അപ്പത്തിൽനിന്നു തിരിച്ചറിയുന്നതിനും ആരാധിക്കുന്നതിനും കഴിവുണ്ടായിരുന്നാൽമാത്രം മതി.

## കുറിപ്പുകൾ.

1 Mark. x. 14.
2 Matth. xix. 15.
3 Matth. xviii. 3.
4 Matth. xi. 25.
5 Matth. xxi. 15. 16.
6 Sessio. 24.
7 Cnn. 467, 1329.
8 In Ambassador of Christ
9 Life of St. Don Bosco. p. 35.
10 Ecclesiasticus. xi. 1.
11 I. Cor. iii. 1, 2.
12 Philipians. iv. 1.
13 Allocutions. p. 112. Ap. Past. Theology.
14 2. Kings. xviii. 33.
15 De parvulis ad Christum trahendis in. past. Theol.
16 Summa. Theolog. III. quae. 71 a. 4.
17 In the introduction of Fr. Nist's Catechism.
18 Pastoral Theology. p. 66
19 Examiner. Vol. 73. No. 13.
20 Ephesians v. 19.
21 Examiner. 16th May 1931.
22 I. Cor. iii. 7.
23 Cn. 854.

www.malankaralibrary.com

# അദ്ധ്യായം ൰൪.

## ആദ്ധ്യാത്മിക ഗുരു.

സുകൃതജീവിതം കഴിക്കുന്ന ആത്മാക്കളോടു അവരുടെ ആത്മീയ പിതാക്കന്മാരെ അനുസരിക്കേണ്ട ആവശ്യകതയെപ്പററി നാം ഉപദേശിക്കയും തൻമൂലമുളവാകുന്ന പ്രയോജനത്തെ വളരെ സ്തുതിക്കയും ചെയ്യുന്നുണ്ടല്ലോ. അപ്പോൾ അവരും ഇപ്രകാരം ഇങ്ങോട്ടും ചോദിച്ചേക്കാം. ഒരു ആത്മീയഗുരു ആവശ്യമാണോ? 'അതെ' എന്നുത്തരിച്ചാൽ അവർ വീണ്ടും ചോദിക്കും. 'അദ്ദേഹം എങ്ങിനെയുള്ള ആളായിരിക്കണം? അദ്ദേഹത്തിൻെറ ജോലികൾ ഏവ? കുമ്പസാരക്കാരനും ആത്മീയപിതാവും തമ്മിൽ വ്യത്യാസമെന്തു? അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ചു എപ്പോഴും നാം പ്രവത്തിക്കണമോ? അദ്ദേഹത്തെ മാററാൻപാടുണ്ടോ? ഈ അദ്ധ്യായത്തിൽ വിഷമകരങ്ങളായ ഈ പ്രശ്നങ്ങൾക്കു ഒരു വിധമൊരു സമാധാനം കണ്ടുപിടിക്കാനാണു ഉദ്യമിക്കുന്നതു്.

ത്രേസ്യാ പുണ്യവതി പറയുന്നു: "ആത്മാക്കളെ നടത്തുന്നതിനു പഠിപ്പു് അത്ര ആവശ്യമായി സാധാരണ ഗണിക്കപ്പെടാറില്ലെങ്കിലും, എല്ലാ ക്രിസ്ത്യാനിയും പാടുള്ളപക്ഷം പഠിപ്പുള്ള ഒരു ആത്മികപിതാവിനാൽ നടത്തപ്പെടണമെന്നാണു എപ്പോഴും ഞാൻ പറഞ്ഞിട്ടുള്ളതു്, മേലിലും അങ്ങനെതന്നെ പറയുകയും ചെയ്യും. പഠിപ്പു എത്രത്തോളം വദ്ധിച്ചിരിക്കുമോ അത്രത്തോളം നന്നാണു." "ഒരു ആത്മീയ ഉപദേഷ്ടാവു് ആവശ്യമാണു, എന്നാൽ അദ്ദേഹം അറിവുള്ളവനല്ലെങ്കിൽ പുണ്യാഭിവൃദ്ധിക്കു ഒരു തടസ്സമേ ആയിരിക്കയുള്ളൂ." "പഠിപ്പില്ലാത്ത കുമ്പസാരക്കാർ എൻെറ ആത്മാവിനു വളരെ ഉപദ്രവം ചെയ്തിട്ടുണ്ടു്." 1

ഫാദർ അംബ്രൂസി എഴുതുന്നു: വി. ത്രേസ്യായുടെ കാലത്തിനു ശേഷവും ആത്മാക്കളുടെ നായകത്വം വഹിക്കുക എന്ന ജോലി എളുപ്പമുള്ളതായി തീന്നിട്ടില്ല. നമ്മുടെ ആധുനികജീവിത



www.malankaralibrary.com

ത്തിലെ ബഹളങ്ങളും ബദ്ധപ്പാടുകളും ഈ ജോലിയുടെ വിഷമതകളെ വർദ്ധിപ്പിക്കമാത്രമേ ചെയ്തിട്ടുള്ളു. വിശുദ്ധ കുദാശകളുടെ അടുക്കലടുക്കലുള്ള സ്വീകരണം ഇക്കാലത്തു പൂർവ്വാധികം വർദ്ധിച്ചിരിക്കയാണല്ലോ. ഈ സംഗതിതന്നെ, തങ്ങളുടെ സഹായവും തുണയും അഭ്യർത്ഥിക്കുന്ന ആത്മാക്കളെ ശരിയായി നടത്തുന്നതിനു തക്ക പഠിപ്പും വിവേകവുമുള്ള കുമ്പസാരക്കാരെ ആവശ്യപ്പെടുന്നു. സന്ന്യാസസഭയിലെ അംഗങ്ങൾ അവരുടെ ന്യായപ്രമാണമനുസരിച്ചു തങ്ങളുടെ ഹൃദയം തങ്ങളുടെ ശ്രേഷ്ഠന്മാൎക്ക്– ഈ ശ്രേഷ്ഠന്മാർ വൈദികരായിരുന്നാൽപോലും– തുറന്നു കാണിക്കുന്നതിനു ഇന്നു കടപ്പെടുന്നില്ല. ആകയാൽ ആത്മാക്കളുടെ ഭരണഭാരം മുഴുവനും കുമ്പസാരക്കാരന്റെ ചുമലിൽ വീഴുന്നു. കൂടാതെയും പ്രാമാണികവും പ്രായോഗികവുമായ ദൈവൈക്യശാസ്ത്രത്തിന്റെ (Theoretical and practical mysticism) ഇക്കാലത്തെ പുനരാവിർഭാവം, ആത്മീയഗുരുക്കന്മാർ അവരുടെ ജോലി ബുദ്ധിപൂർവ്വകമായും കണിശമായും നിർവ്വഹിക്കുന്നതിനു പരിശീലിപ്പിക്കപ്പെടാത്തപക്ഷം, വളരെ ഗൌരവതരമായ വിപത്തുകൾക്കു കാരണമാവുന്നതാണു. അദ്ധ്യാത്മിക വാദികൾ (Psychologists) പ്രസിദ്ധം ചെയ്യുന്നവയിൽ പലതിനേയും നമുക്കു തിരസ്കരിക്കാൻ കഴിയുമെന്നതു വാസ്തവംതന്നെ, എന്നാൽ അവരിൽ സമചിത്തരായ ചിലർ കണ്ടു പിടിച്ചിട്ടുള്ള സിദ്ധാന്തങ്ങളെ ഒരു അദ്ധ്യാത്മികഗുരുവിനും നഷ്ടംകൂടാതെ ഉപേക്ഷിക്കാൻ കഴിയുന്നതല്ല.

അടുത്തകാലത്തു ആത്മാക്കളുടെ നേതൃത്വം സംബന്ധിച്ചുണ്ടായിട്ടുള്ള ഗ്രന്ഥബഹുലത്വത്തിനു ഹേതു ഇതാണെന്നു പറയേണ്ടിയിരിക്കുന്നു. ഈ ഗ്രന്ഥങ്ങളിൽ പലതും നൽകുന്ന വിജ്ഞാനം അത്ഭുതാവഹമായിരിക്കുന്നു. മിക്കപ്പോഴും ഇവ അദ്ധ്യാത്മിക ശാസ്ത്രത്തെ അല്ലെങ്കിൽ കുറെക്കൂടി കണിശമായി പറയുന്നതായാൽ നിദാന (Pathology) ത്തെ അധികരിച്ചുള്ള പരിപൂൎണ്ണപ്രബന്ധങ്ങളാകുന്നു. സംശയങ്ങൾ (Scruples) പിശാചുബാധ (Obsessio) ഞരമ്പുസംബന്ധമായ രോഗം (Neurasthenia) മുതലായി നമ്മുടെ ആത്മാക്കൾക്കു നൂതനമായി പിടിപെട്ടിരിക്കുന്ന സഹസ്രകണക്കി



www.malankaralibrary.com

നുള്ള രോഗങ്ങൾക്കു പ്രതിവിധി കണ്ടുപിടിക്കുന്നതിനു, ഇപ്രകാരമുള്ള ശാസ്ത്രീയോപകരണമാണ് അവർ ഉപയോഗിക്കുന്നത്. ആകയാൽ ഈ തരത്തിൽപെട്ട പുസ്തകങ്ങളിൽ ചിലതു വായിച്ചശേഷം ഒരുവൻെറ അസ്ഥാളിത്തം വർദ്ധിക്കയും സ്വന്ത ആത്മാവിനെയോ അന്യൻെറ ആത്മാവിനേയോ നയിക്കുന്നതിനുള്ള ഒരുവൻെറ പ്രാപ്തി കൂടിയിട്ടില്ലെന്നു സമ്മതിക്കുന്നതിനു നിർബന്ധിക്കപ്പെടുകയും ചെയ്യുന്നെങ്കിൽ അതേപ്പററി അത്ഭുതപ്പെടാനില്ല.” [2]

ആദ്ധ്യാത്മിക ജീവിതമെന്താകുന്നു? കത്തോലിക്കാ മതം നിയമങ്ങളുടെ ശുഷ്കമായ ഒരു അസ്ഥിപഞ്ജരമല്ല, അതു സ്നേഹത്തിൻെറ ഒരു തത്വോപദേശം കൂടിയാകുന്നു; അതു ക്രിസ്ത്വാനുകരണവും എവരുടേയും സമക്ഷം അവതരിപ്പിക്കപ്പെടുന്ന ഒരാദർശവുമാകുന്നു. പ്രസംഗപീഠത്തിലും കുമ്പസാരക്കൂട്ടിലും പട്ടക്കാരൻ പത്തുപ്രമാണങ്ങൾ മാത്രമല്ല, ഉപദേശങ്ങളും (Councils) പ്രഖ്യാപനം ചെയ്യണം. കുററം കണ്ടുപിടിച്ചു വിധി പറയുന്നതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ പൂർണ്ണതയുടെ മാർഗ്ഗത്തിൽ ജനങ്ങളെ മുമ്പോട്ടു നടത്തുന്നതിനും അദ്ദേഹം ഉത്സാഹിക്കേണ്ടിയിരിക്കുന്നു.

പൊതുജനദാസനായ ഒരു ഭിഷഗ്വരൻ രോഗികളെ സുഖപ്പെടുത്തുന്നതുകൂടാതെ ആരോഗ്യത്തെ സംരക്ഷിക്കുന്നതിനും പൊതുജനാരോഗ്യം നന്നാക്കുന്നതിനുമുദ്യമിക്കുന്നു. ഇതേവിധം ആത്മിക വൈദ്യനായ വൈദികനും പാപത്തെ ഹനിക്കുന്നതുകൊണ്ടുമാത്രം തൃപ്തനാകാതെ, അതിൻെറ ആക്രമണത്തെ കഴിയുന്നത്ര തടയുന്നതിനും, ജനങ്ങളുടെ ആഭ്യന്തര ജീവിതത്തെ ഉപര്യുപരി പരിപുഷ്ടമാക്കുന്നതിനും കടപ്പെട്ടിരിക്കുന്നു. പലതരക്കാരെ കുമ്പസാരത്തിലും, പുറമേയും നാം കണ്ടുമുട്ടുന്നു; ഇക്കൂട്ടത്തിൽ വൻപാപികളും, പൈതങ്ങളെപ്പോലെ കളങ്കമററ ജീവിതം നയിക്കുന്നവരും, ധൂർത്ത പുത്രനെപ്പോലെ പിശാചിൻെറ വക്ത്രത്തിൽനിന്നും പാപക്കുണ്ടിൽനിന്നും വിമുക്തി പ്രാപിച്ച്, സ്വർഗ്ഗീയ പിതാവിൻെറ പക്കലേയ്ക്കു കൃതജ്ഞതാപൂർവ്വം പിന്തിരിഞ്ഞുവരുന്നവരും, ആദ്ധ്യാത്മികജീവിതത്തിൻെറ പരമപവിത്രമായ പന്ഥാവിലൂടെ ഉപരിസ്വാഭാവികങ്ങളായ ചിലയനുഭവങ്ങൾക്കു– ദർശനം



www.malankaralibrary.com

(Vision) സമാധി (Contemplation) – വിധേയരായി ചരിക്കുന്നവരും കണ്ടേക്കും. ഇവരോരോരുത്തർക്കും പററിയ ആത്മീയ ഭക്ഷണമാണു ആത്മിക പിതാവു നൽകേണ്ടതു്.

കുടുംബത്തിലേയും തെരുവീഥിയിലേയും ജീവിതത്തെ പരിശുദ്ധമാക്കുന്നതിനു തക്ക ഭക്തഗ്രന്ഥങ്ങളും, പരിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും പൊതുജനസമക്ഷം വൈദികൻ കാണിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. ഭക്തജീവിതം സന്ന്യാസാശ്രമത്തിൽ മാത്രമേയുള്ളു എന്ന ധാരണ മാറേറണ്ടതാണു്. രക്തസാക്ഷികളുടെ ചെയ്തികൾ (acts) സമാധിയിൽ ലയിക്കുന്നവരുടെ ദർശനങ്ങൾ, പുണ്യവാന്മാരുടെ അത്ഭുതങ്ങൾ മുതലായവ തിരുസഭാചരിത്രത്തിലെ സ്വാഭാവാതീതമായ ഒരു വശത്തെയാണു വ്യഞ്ജിപ്പിക്കുന്നതെന്നുള്ളതിനു സംശയമില്ല. അത്ഭുതങ്ങളുടെ അനുസ്യൂതമായ ഈ ശൃംഖല ക്രിസ്തീയപുണ്യത്തിൻെറ മഹോന്നതമായ ഒരു ആദർശത്തെ അനാഛാദനം ചെയ്യുന്നു. ഇതു എവർക്കും കരസ്ഥമാക്കാവുന്ന ഒരു പദവിയല്ല. ജനസാമാന്യം അവരുടെ ജീവിതത്തിനും വിഷമതകൾക്കും പ്രാപ്തിക്കും അനുസരണമായ ലഘുവായ ഒരു പോഷകസാധനമാണു ആവശ്യപ്പെടുന്നതു്. യഥാർത്ഥമായ ഭക്തജീവിതം ദുഷ്പ്രാപ്യവും വിദൂരവുമായ ഒന്നല്ലെന്നും പ്രത്യുത, അതു് എവർക്കും കരഗതമാക്കാൻ പാടുള്ളതും എല്ലാമനുഷ്യരുടേയും സംരംഭങ്ങളിലും സാമൂഹികവും ഗാർഹികവുമായ ഇടപാടുകളിൽ പ്രവേശിക്കുന്നതുമായ ഒരു ധാർമ്മികബലമാണെന്നും, ജനങ്ങളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. അവർക്കു അനുകരിപ്പാൻ പാടുള്ളതും, അവരിൽ അഭിനിവേശനവും അഭിനന്ദനവും ഉത്തേജിപ്പിക്കുന്നതും, നീതി, സംയമനം, പരമാർത്ഥത മുതലായ സാധാരണ സുകൃതങ്ങളിൽ സ്ഥിരമായി നിൽക്കുന്നതിനു പ്രേരിപ്പിക്കുന്നതുമായ മാതൃകകളാണു അവർക്കു കാണിച്ചുകൊടുക്കേണ്ടതു്.

ആളുകൾ ആദ്ധ്യാത്മികമായി അഭിവൃദ്ധി പ്രാപിക്കുന്നതു വളരെ സാവധാനത്തിലാകുന്നു. പുണ്യപൂർണ്ണതയിലുള്ള ആത്മാവിൻെറ വളർച്ച ഓക്കുവൃക്ഷത്തിൻേറതുപോലെയാണെന്നു ഒരു ഗ്രന്ഥകാരൻ പറയുന്നു. ഓക്കുവൃക്ഷം ഒരു മാസത്തിൽ ഒരു



www.malankaralibrary.com

ഇഞ്ചിലധികം വളരുന്നില്ല. വളരെ സാവധാനത്തിലും പടിപടിയായും സംഭവബാഹുല്യംകൂടാതെയുമാണ ആത്മാവു സുകൃതത്തിൽ പുരോഗമനം ചെയ്യുന്നത്. ഇന്നലത്തെ ദിവസത്തിൻെറ ചേട്ടനാണ ഇന്നത്തെ ദിവസം, ഇന്നത്തേതിൻെറ ചേട്ടനാണ നാളത്തേതു. വളരെ നെടുവീർപ്പോടും ഇച്ഛാഭംഗത്തോടുംകൂടി മനുഷ്യൻ അവൻെറ നിത്യരക്ഷയ്ക്കുവേണ്ടി വേല ചെയ്യേണ്ടിയിരിക്കുന്നു. ചെറുപ്പകാലത്തിലേയും മാനസാന്തരവേളയിലേയും തീക്ഷ്ണതയും ഭക്തിരസവും എന്നുമുണ്ടായിരിക്കയില്ല, അതിൻെറ സ്ഥാനത്തു മന്ദതയും അരോചകവും പ്രവേശിക്കുന്നു.

തടമെടുത്തും, വളമിട്ടും, നനച്ചും, വേലികെട്ടിയും സംരക്ഷിച്ചുപോരുന്ന വൃക്ഷത്തിൽ ദീർഘകാലത്തെ പ്രതീക്ഷയുടെ ശേഷം ദൃശ്യമാവുന്നതു ഫലത്തെക്കാൾ ഇലയുടെ പെരുപ്പമായിരിക്കും. പ്രകൃതിയിലെന്നപോലെ ആദ്ധ്യാത്മികലോകത്തും സൂര്യപ്രകാശത്തിനുശേഷം ഇരുട്ടും, ആരോഗ്യത്തിനുശേഷം രോഗവും, സ്തുതിക്കുശേഷം നിന്ദയും മാറിവരുന്നു. ക്രിസ്ത്വനുകരണത്തിൽ ഇങ്ങനെ പറയപ്പെടുന്നു "നീ ജീവിക്കുന്ന കാലത്തോളം മനസ്സില്ലെങ്കിലും മാററങ്ങൾക്കു വിധേയനായിരിക്കുന്നു, ചിലപ്പോൾ സന്തോഷമുള്ളവനും മറ്റുചില സമയത്തു ദുഃഖമുള്ളവനും, ഒരുദിവസം സമാധാനമുള്ളവനും വേറൊരിക്കൽ പരിഭ്രാന്തനും, ഇന്നു ഭക്തിയുള്ളവനും നാളെ ഭക്തിയില്ലാത്തവനും, ഇന്നു ജാഗ്രതയുള്ളവനും നാളെ ഉദാസീനതയുള്ളവനും, ചിലപ്പോൾ ഗൌരവമുള്ളവനും പിന്നെ ചാപല്യമുള്ളവനും ആയി കാണപ്പെടും." 3 ആകയാൽ മനസ്സിൻെറ പ്രമാണത്തിനു വിരുദ്ധമായി സമരം ചെയ്യുന്ന ഒരു നിയമം അവയവങ്ങളിലുണ്ടെന്നുള്ള സംഗതി ഓർത്തിരിക്കേണ്ടതാകുന്നു.

യഥാർത്ഥമായ പുണ്യം ഭക്തികൃത്യങ്ങളിലോ നല്ല തോന്നലുകളിലോ മാത്രമല്ല, പിന്നെയൊ ഒരുവൻെറ അനുദിനകൃത്യങ്ങളുടെ നിർവിഘ്നനിർവഹണത്തിലത്രെ അടങ്ങിയിരിക്കുന്നത്. തൻെറ കടമ നിറവേററുന്നവനാരോ അവനാണ സച്ചരിതൻ. സന്യാസാശ്രമത്തിൽ ജപധ്യാനങ്ങളിൽ സമയം വിനിയോഗിക്കുന്ന



www.malankaralibrary.com

ഒരുവനെപ്പോലെ, ഒരുപക്ഷേ അത്രശ്ശ പൂൎണ്ണമായിട്ടല്ലെങ്കിലും സ്വകുടുംബത്തെ സംരക്ഷിക്കുന്നതിനു ബുദ്ധിമുട്ടി വേലചെയ്യുന്ന ഒരു തൊഴിലാളി ദൈവത്തെ പ്രസാദിപ്പിക്കുന്നുണ്ടു്. ഉള്ളേ ഭക്തി തോന്നാത്ത ഹൃദയത്തിലാണു അതുള്ളതിനേക്കാൾ അനുസരണയുള്ളതു്. സാക്ഷാത്തായ അന്തരജീവിതം പ്രമാണങ്ങളെ അനുസരിക്കുന്നതിലാണു സ്ഥിതിചെയ്യുന്നതു്. സ്നേഹത്തെ തെളിയിക്കേണ്ടതു പ്രവൃത്തികളാകുന്നു. പ്രമാണത്തിന്റെ ശ്രോതാക്കളല്ല, തദനുസരണം പ്രവൎത്തിക്കുന്നവരത്രെ നീതികരിക്കപ്പെടുന്നതു് എന്നുണ്ടല്ലോ. ഒരുവൻ അവന്റെ കടമയെ നിൎവ്വഹിച്ചു്, സത്യക്രിസ്ത്യാനിയെപ്പോലെ ജീവിക്കുന്നില്ലായെങ്കിൽ, കൊന്ത, വെന്തിങ്ങ, നേർച്ചകാഴ്ചകൾ, പെരുന്നാളാഘോഷങ്ങൾ, കേമമായ സദ്യകൾ, പ്രദക്ഷിണങ്ങൾ, തീൎത്ഥാടനങ്ങൾ മുതലായവകൊണ്ടു എന്തു പ്രയോജനം? നല്ല നാണയത്തോടു സാമ്യം നടിക്കുന്ന കള്ളനാണയമോ, സുകൃതത്തിന്റെ ഭാവം അഭിനയിക്കുന്ന കപടഭക്തിയോ അല്ലാതെ മറെറന്തായി ഇവയെ കണക്കാക്കാൻ കഴിയും? ഫലംകൂടാതെ ഇലമാത്രം വഹിക്കുന്ന വൃക്ഷത്തെ ആർ വകവയ്ക്കും? മതത്തിനു നമ്മുടെ ദൈനംദിന ജീവിതത്തോടു ബന്ധമുണ്ടായിരിക്കണം; അതു നമ്മുടെ സ്വഭാവത്തെ രൂപവൽക്കരിക്കയും നമ്മിൽ ആത്മീയങ്ങളായ തത്വങ്ങളെ ഉപനിവേശിപ്പിക്കയും ചെയ്യണം; അതു നമ്മുടെ അഖിലപ്രവൃത്തികളേയും ഇടപാടുകളേയും നിയന്ത്രിക്കയും ഭരിക്കയും ചെയ്യണം: ആഘോഷങ്ങളിലും പള്ളിയിലുംമാത്രം ധരിക്കയും മററുസമയത്തും സ്ഥലത്തും അഴിച്ചു മാററിവയ്ക്കപ്പെടുകയും ചെയ്യുന്ന മോടിപിടിച്ച വസ്ത്രംപോലൊന്നല്ല മതം. അനപലപനീയവും നിൎമ്മലവുമായ ഒരു ജീവിതചൎയ്യയാകുന്നു മതത്തെ ബാഹ്യലോകത്തിനു പ്രദൎശിപ്പിക്കേണ്ടതു്. നല്ല ക്രിസ്ത്യാനികൾ ഏതൊരു രാഷ്ട്രത്തിലേയും നല്ല പൌരന്മാരായിരിക്കും. അവരുടെ പുരുഷന്മാർ വിശ്വസ്തന്മാരും ഋജുബുദ്ധികളും നീതിനിഷ്ഠയുള്ളവരും പരോപകാരതല്പരരും ആയിരിക്കും; അവരുടെ സ്ത്രീകൾ പരിശുദ്ധ കന്യകാമറിയത്തെ മാതൃകയായി സ്വീകരിച്ചുകൊണ്ടു്, ഭാൎയ്യമാരും മാതാക്കളുമെന്ന ഉന്നതപദവിക്കർഹമാംവണ്ണം ജീവി



www.malankaralibrary.com

കയും, കുടുംബത്തിനും തദ്വാരാ സമുദായത്തിനും പരിപാവന മായ ഒരു ചൈതന്യം നൽകുകയും, അവരുടെ പരിശുദ്ധമായ വിശ്വാസത്തിൻെറ നിർമ്മലമായ സൌരഭ്യം എങ്ങും പ്രസരിപ്പി ക്കുകയും ചെയ്യും.

ഭക്തിപരമായ അനുഷ്ഠാനങ്ങൾ അവശ്യാവശ്യവും ആ ത്മീയ ജീവിതത്തെ പരിപോഷിപ്പിക്കുന്നതിനു പര്യാപ്തവുമാകു ന്നു. കുർബ്ബാന ഗാഗുൽത്തായിലെ ബലിയുടെ അനുസ്മരണവും ആ വർത്തനവുമല്ലയോ? കുമ്പസാരമില്ലെങ്കിൽ പാപത്തിൽനിന്നു ആർ നമ്മെ വിമോചിക്കും? ദിവ്യസൽപ്രസാദമായ വിശുദ്ധ കുർബ്ബാനയ ല്ലാതെ മറെറന്താണു നമ്മുടെ ആത്മാവിൻെറ കേട്ടുപാടുകൾ പോക്കി അതിനെ പരിപോഷിപ്പിച്ച് ഓജസ്സും കാന്തിയും നവ ജീവനും നൽകുന്നത്? പുണ്യവാന്മാരുടെ രൂപങ്ങളും പ്രതിമകളും അവരുടെ പക്കലേയ്ക്കു നമ്മുടെ മനസ്സിനെ ഉയർത്തുകയും അവരു ടെ ചുവട്ടടിയെ നടക്കുന്നതിനു നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഭക്തിമാർഗ്ഗങ്ങളെ തിരഞ്ഞെടുക്കുമ്പോൾ പ്രധാനപ്പെട്ടവ യെ ബലികഴിച്ചു അപ്രധാനങ്ങളെ വദ്ധിപ്പിക്കരുത്. ഇന്ദ്രിയഗോ ചരമായ ആനന്ദം നൽകുന്നവയ്ക്കുവേണ്ടി മതത്തിലെ അതിപ്രമു ഖങ്ങളായ രഹസ്യങ്ങളെ വിസ്മരിക്കാൻ പാടില്ല. കർദ്ദിനാൾ വോൺ പറയുന്നു. 'സാരതരമായ അടിസ്ഥാന തത്വങ്ങളെ വക വയ്ക്കാതെ പുതിയവയെ മാത്രം ബുദ്ധിശൂന്യമായി അന്വേഷിക്കുക മൂലം സഭയിലും സഭയ്ക്കു വെളിയിലുമുള്ള ആത്മാക്കൾക്കു അനേ കം ഉപദ്രവങ്ങൾ നേരിട്ടിട്ടുണ്ട്. ഇപ്രകാരമുള്ള ഉപേക്ഷ വിശ്വാ സ ദാർഢ്യമോ സ്ഥിരതയോ ഇല്ലാത്തവരും മൂഢഭക്തിക്കും ബു ദ്ധിശൂന്യമായ ആചാരങ്ങൾക്കും വിധേയരുമായ ഒരു പ്രത്യേക ജനൌഘത്തെ സൃഷ്ടിച്ചിരിക്കുന്നു. ഏതൽഫലമായി കത്തോലിക്ക സഭ സ്ത്രീകൾക്കും ശിശുക്കൾക്കും മാത്രം പററിയ ഒരു സ്ഥാപന മാണെന്നു പറഞ്ഞു അതിൽ പ്രവേശിക്കാതിരിക്കുന്നവർ പല രുണ്ട്.' 4

ദൈവത്തേയും അവിടത്തെ ഗുണങ്ങളേയും (attributes) വേദഗ്രന്ഥത്തിൽ വെളിപ്പെടുത്തപ്പെട്ടിട്ടുള്ളതുപോലെ ഏവരും



www.malankaralibrary.com

ഗ്രഹിക്കേണ്ടിയിരിക്കുന്നു. ദിവ്യബലി, ദിവ്യകാരുണ്യസ്വീകരണം, തിരുക്കുടുംബം, പരിശുദ്ധാത്മാവ് മുതലായ 'ഭക്തികൾ' എപ്പോഴും മുന്നിട്ടു നിൽക്കേണ്ടവയാണ്. അപ്പസ്തോലന്മാരെയും ആദ്യക്രിസ്ത്യാനികളെയും പരിശുദ്ധമാക്കിയവയെ അധുനാതനന്മാർ എങ്ങിനെ ഉപേക്ഷിക്കാൻ പാടുണ്ടെന്നു ഫാദർ മക്ഡോനാൾഡ് ചോദിക്കുന്നു. ഗുരുതരമായ ഭക്ഷണസാധനത്തിനു പകരം പലഹാരം അന്വേഷിക്കുന്നതുപോലെ, സാരവത്തായവകളെ പുറംതള്ളി ആഹ്ളാദജന്യങ്ങളായവകളുടെ പിമ്പേ പായുന്നതു വിഹിതമല്ല. 'ക്രിസ്ത്വാനുകരണം' പറയുന്നു "ചിലരുടെ ഭക്തി അവരുടെ ജപപുസ്തകങ്ങളിലാണു, വേറെ ചിലരുടേതു പടങ്ങളിലും, മൂന്നാമതൊരു കൂട്ടരുടേതു ബാഹ്യമായ അടയാളത്തിലൊ എണ്ണത്തിലൊ ആകുന്നു. ചിലർക്കു ഞാൻ അവരുടെ നാവിലുണ്ടു, എന്നാൽ ഹൃദയത്തിൽ ഇല്ല താനും."

പുണ്യം പൊടുന്നനവേയുള്ള ഏക പ്രവൃത്തിയുടെ ഫലമല്ല. പലപ്രാവശ്യം ഒരുവൻ ഒരു സൽപ്രവൃത്തി ചെയ്യുകയും അങ്ങനെ അതിൻെറ ഒരു പതിവു ഒരുവനിൽ ദൃഢമൂലമാവുകയും ചെയ്യുമ്പോൾ മാത്രമേ അവനു ആ സുകൃതമുണ്ടെന്നു പറവാൻ പാടുള്ളു. പതിവായി പരനു ഉപകാരം ചെയ്യുന്നവനേ, പരസ്നേഹമെന്ന പുണ്യമുള്ളു. Ex actibus repetitis habitus formatur. (പ്രവൃത്തികളുടെ ആവർത്തനത്തിൽനിന്നു പതിവുസംജാതമാകുന്നു.)

ഫാദർ ഗ്രാസ്സിയൻ പറയുന്നു: "ഭക്തന്മാരായ ആളുകൾ, പ്രത്യേകിച്ചു ആത്മികജീവിതം ആരംഭിക്കുന്നവർ, അവരുടെ ജീവിതാവസ്ഥയുടെ കടമകളെ ഭക്തികൃത്യങ്ങൾക്കുവേണ്ടി ചിലപ്പോൾ ഉപേക്ഷിക്കുമ്പോൾ, അവർ പിശാചിൻെറ തട്ടിപ്പിലാണെന്നു പറയുക സാധാരണമാണ്. എന്നാൽ ഇതത്ര ശരിയല്ല; എന്തുകൊണ്ടെന്നാൽ ഇതംപ്രഥമമായ ഭക്തിപാരവശ്യം നിമിത്തമുളവാകുന്നതും കുററകരമല്ലാത്തതുമായ വെറുമൊരു ചാപല്യം മാത്രമാണിതു്. ഇപ്രകാരമുള്ളവരെ കുററപ്പെടുത്തുന്നവർ ആത്മികജീവിതത്തിൽനിന്നു അവരെ പേടിപ്പിച്ചു നിറുത്തുകയാണു ചെയ്യുന്നതു്." 5



www.malankaralibrary.com

പരീക്ഷകളെപ്പററി ഒരു ആത്മിക ഗുരുഭൂതനു നല്ല ജ്ഞാനമുണ്ടായിരിക്കണം. ദൈവത്തെ ശുശ്രൂഷിക്കുന്നതിനു തുനിഞ്ഞിറങ്ങിയിട്ടുള്ളവർക്കെല്ലാം പരീക്ഷകളോടു പൊരുതേണ്ടതായിട്ടുണ്ട്. "നീ ദൈവത്തിനു സ്വീകാര്യനായിരുന്നതിനാൽ പരീക്ഷ നിന്നെ ശോധന ചെയ്യേണ്ടതാവശ്യമായിരുന്നു." 6 ഫാദർ ഫേബർ എഴുതുന്നു. 'ആദ്ധ്യാത്മിക ജീവിതം എന്തൊരു വിസ്മാപകമായ ജീവിതമാണ്, ഒരു പ്രതിബന്ധത്തെ ജയിച്ചാൽ അതിലും വിഷമമേറിയ മറെറാന്നുടനെ ലഭിക്കുമെന്നു ഉറപ്പുകൊണ്ടാൽ മതി. അദ്ധ്വാനത്തിനുശേഷം അദ്ധ്വാനമല്ലാതെ വിശ്രമം ലഭിക്കുന്നില്ല. ഒരു പരീക്ഷയെ, പരീക്ഷകളുടെ ഒരു ബാഹുല്യം അനുഗമിക്കുന്നു. നാം എന്തുമാത്രം പിശാചുക്കളെ ഓടിക്കുന്നുവൊ അത്രയ്ക്കു അവ ഈച്ചകളെപ്പോലെ പററങ്ങളായി വരുന്നു." 7

മനസ്സു സമ്മതം നൽകാത്തിടത്തോളം കാലം പ്രലോഭനം നമുക്കു യാതൊരു ഹാനിയും വരുത്തുന്നില്ല. നമ്മുടെ പാപാസക്തിയിൽനിന്നും പിശാചിൽനിന്നും ദൈവത്തിൽനിന്നും പരീക്ഷവരാൻ പാടുണ്ട്. സ്വപുത്രനെ ബലികഴിക്കണമെന്നു ദൈവം അബ്രാഹത്തിനോടു കല്പിച്ചപ്പോൾ അതൊരു പരീക്ഷയായിരുന്നു. ബുദ്ധിയിൽ അജ്ഞതയും മനസ്സിൽ അപൂർണ്ണ സമ്മതവുമുള്ളപ്പോൾ ഒരിക്കലും ഘനമായ പാപം ഉളവാകുന്നതല്ല. പരീക്ഷയിൽനിന്നു പാപത്തെ തിരിച്ചറിയാൻ പാടില്ലാത്തതിലാണ് പലപ്പോഴും നമ്മുടെ നിർഭാഗ്യം സ്ഥിതി ചെയ്യുന്നതെന്നു ഒരു ആത്മീയഗുരു പറഞ്ഞിരിക്കുന്നു. സൂക്ഷ്മത, പ്രാർത്ഥന, ക്രൂദാശകളുടെ സ്വീകരണം, ആത്മീയ പിതാവിൻെറ ഗുണദോഷം ഇവയാണു പരീക്ഷയ്ക്കെതിരായുള്ള പ്രതിവിധികൾ.

പലരും പ്രാർത്ഥനയുടെ നേരത്തു അവരെ അലട്ടുന്ന പലവിചാര (Distraction) ത്തെപ്പററി ആവലാതി പറയുന്നു. എന്നാൽ പല വിചാരത്തെ അപേക്ഷയുടെ സമയത്തു എതിർത്തുകൊണ്ടായില്ല; മററു സമയത്തെ നമ്മുടെ ചിന്തകളേയും ആഗ്രഹങ്ങളേയും ക്രമപ്പെടുത്തണം. നമ്മേ ഇളക്കിമറിച്ച ചേതോവികാരമേതൊ അതാണു പ്രാർത്ഥനയുടെ നേരത്തും ബോധത്തിൽ



www.malankaralibrary.com

ന്നത്തമാടാൻ വരുന്നത്. ക്രമംകടന്നവക്ഷമത്രെ പലവിചാരത്തിനു കാരണമെന്നു ചുരുക്കിപ്പറയാം. ഒരുവൻ ദൈവതിരുമനസ്സിനു കീഴവഴങ്ങി സകലത്തേയും അവിടുത്തേയ്ക്കു ഭരമേൽപ്പിച്ച്, അവിടുത്തെ പത്യവേക്ഷണത്തിൽ വ്യാപരിക്കുന്നതായാൽ അവനെ പ്രാത്ഥന സമയത്തു ഒന്നും ഇളക്കുന്നതല്ല.

കുമ്പസാരക്കൂട്ടിൽ നാം ധാരാളമായി കേൾക്കുന്ന ശുദ്ധതയ്ക്കെതിരായ പ്രലോഭനങ്ങളെ പ്രത്യേകവിധത്തിൽ പരിഗണിക്കേണ്ടതാകുന്നു. മോശമായ ഭാവീകരണങ്ങളെയും തോന്നലുകളെയും മനസ്സിൽ നിന്നകററിനിറുത്തുന്നതിനുള്ള ഏററവും പററിയ മാഗ്ഗം, പരിശുദ്ധവും രക്ഷാകരവും അല്ലാത്തപക്ഷം പാപകരമല്ലാത്തതെങ്കിലുമായ ചിന്തകളെക്കൊണ്ടു അതിനെ (മനസ്സിനെ) നിറയ്ക്കുകയാണെന്നാണു വേദപണ്ഡിതന്മാരുടെ സവ്വസാധാരണമായ ഉപദേശം. നാം മനുഷ്യരാണു, മാലാഖാമാരല്ല. കണ്ണാടിക്കൂട്ടിൽ ഇരുന്നു നമുക്കു കാലം കഴിക്കാൻ പാടില്ല. ശാന്തമായി സ്ഥിതിചെയ്യുന്ന സമുദ്രത്തിൻെറ ഉപരിതലം മന്ദമാരുതൻെറ സ്പശനമാത്രത്തിൽ പ്രക്ഷുബ്ധമാവുന്നുണ്ടല്ലൊ. ഐഹിക ജീവിതമെന്ന മഹാണ്ണവത്തിൽ പഞ്ചേന്ദ്രിയങ്ങൾക്കു മുദ്രവച്ചുകൊണ്ടു നമുക്കു ജീവിക്കാൻ നിവൃത്തിയില്ല. ആകയാൽ ആളുകളും, സംസാരങ്ങളും സാധനങ്ങളും, നമ്മുടെ മനശ്ശാന്തതയെ ഭഞ്ജിക്കുന്നെങ്കിൽ അത്ഭുതപ്പെടാനില്ല. പരീക്ഷകൾക്കു കാരണം അകമേയും പുറമേയും ഉണ്ട്. അഭ്യന്തരമായ കാരണം ജന്മപാപത്താൽ വഷളാക്കപ്പെട്ടിരിക്കുന്ന നമ്മുടെ പ്രകൃതിതന്നെ. പാപിയേയും പുണ്യവാനേയും ഈ പ്രകൃതി അഥവാ ആശ പരീക്ഷിക്കുന്നുണ്ട്. പുറമേയുള്ള കാരണങ്ങളിൽ പ്രധാനമായവ, ദുമ്മാതൃക, ദുഷ്ടസഖിത്വം, ചിത്രപുസ്തകങ്ങൾ, തന്ദ്രി, ചില ഭക്ഷ്യപദാത്ഥങ്ങൾ, വത്സരവട്ടത്തിലെ ചില കാലങ്ങൾ മുതലായവയാകുന്നു. ദുരാശ (Concupiscence) യെ പരിത്യാഗവും മിതഭോഗവും വഴിയായി ദുർബലപ്പെടുത്താൻ സാധിക്കുന്നതാകുന്നു. എന്തെങ്കിലും രസകരമായ ജോലിയിൽ ഏപ്പെട്ടിരിക്കുക ആവശ്യമാണ്. ഉറക്കമില്ലായ്മ, ദഹനക്കേടു മുതലായ രോഗങ്ങൾക്കു ഈവക പരീക്ഷകളുമായി



www.malankaralibrary.com

ബന്ധമുണ്ടെന്ന് ഭിഷഗ്വരന്മാർ പറയുന്നു; അകയാൽ അവയെ മാററിനിറുത്തുന്നതിനു തക്ക പ്രതിവിധികൾ അന്വേഷിക്കേണ്ടതാകുന്നു. സർവ്വോപരി ശുചിത്വം ആവശ്യമാകുന്നു. ഇദാനീന്തനന്മാരായ ആദ്ധ്യാത്മികോപദേഷ്ടാക്കൾ ശുചിത്വത്തിൻെറ കാര്യത്തിൽ വളരെ നിഷ്കർഷിക്കുന്നുണ്ട്.

നമ്മുടെ കുട്ടികൾക്കും യുവജനങ്ങൾക്കും ആറാംപ്രമാണം സംബന്ധിച്ച സംഗതികളെ (Sex Matters) പ്പററി വ്യക്തവും അസന്നിഗ്ദ്ധവുമായ ഉപദേശങ്ങൾ പ്രത്യേകിച്ചിക്കാലത്തു അമാന്തംവിനാ നൽകേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഇന്നു ഈ വിഷയത്തെപ്പററി ഉപന്യസിക്കാൻ പലേ ഗുരുക്കന്മാർ പുറപ്പെട്ടിട്ടുണ്ട്— കൊക്കോകശാസ്ത്രം, കാമശാസ്ത്രം, (Sex Knowledge) എന്നിവക പേരുകളിൽ പാരിതോഷികമായി നൽകപ്പെടുന്ന പുസ്തകങ്ങളങ്ങിനെ, ലേഹ്യമോ, തൈലമോ, ചൂർണ്ണമോ പരസ്യം ചെയ്യുന്ന വൈദ്യശാലക്കാരു വേറൊരു വശത്ത്— കുട്ടികൾക്കു സദുപദേശം തക്കസമയത്തു ലഭിച്ചില്ലെങ്കിൽ വഷളായ മററുകുട്ടികളിൽനിന്നൊ വിപൽക്കരമായ അസാന്മാർഗ്ഗിക പ്രസിദ്ധീകരണങ്ങളിൽനിന്നോ അവർ ചീത്തസമ്പ്രദായങ്ങൾ പഠിക്കാനെളുപ്പമുണ്ട്.

ബിഷപ്പ് സ്റ്റാംഗ് പറയുന്നു. 'ആരുംപ്രതീക്ഷിച്ചിട്ടില്ലാത്ത സ്ഥലത്തു ദൈവത്തിൽനിന്നു അസാധാരണാനുഗ്രഹങ്ങൾ ലഭിച്ചിട്ടുള്ള ആത്മാക്കളെ നാം കണ്ടെത്തിയെന്നു വന്നേയ്ക്കാം. പുണ്യവാന്മാർ ഒരു സ്ഥലത്തിനോ കാലത്തിനോ സ്വന്തമല്ല, അവർ എല്ലാകാലത്തും എല്ലാരാജ്യക്കാർക്കും ഉണ്ടായിട്ടുണ്ട്; ലോകാവസാനത്തോളം ഉണ്ടായിക്കൊണ്ടിരിക്കയും ചെയ്യും. 'കാററ്' അതിനു ഇഷ്ടമുള്ള ഇടത്തു ഊതുന്നു! [8] ഇപ്രകാരമുള്ള ഒരാത്മാവിനെ കണ്ടുമുട്ടുന്നപക്ഷം സർവ്വത്ര വിശ്വാസത്തിനൊ സർവ്വത്ര ശങ്കയ്ക്കോ വിധേയനാകാതെ ദൈവൈക്യശാസ്ത്രത്തിലെ തത്വങ്ങളും, പുണ്യവും പഠനവുമുള്ള ആളുകളുടെ ഉപദേശവും അനുസരിച്ചു ശാന്തമായി പ്രവർത്തിക്കേണ്ടതാകുന്നു.' [9]. A ഗഹനങ്ങളായ ആദ്ധ്യാത്മികസംഗതികളെപ്പററിയുള്ള ജ്ഞാനത്തിൻെറ ആവശ്യകത ഇതിൽനിന്നു വിശദമാവുന്നുണ്ടല്ലൊ.



www.malankaralibrary.com

തിരുസഭയിൽ വാഗ്രൂപേണയുള്ള പ്രാർത്ഥനസ്സു പുറമെ മനസ്സുകൊണ്ടുള്ള പ്രാർത്ഥന അഥവാ ധ്യാനം എന്നൊന്നുകൂടിയുണ്ട്. ഭക്തിപരമായ സംഗതികളെക്കുറിച്ചുള്ള ഗാഢചിന്തയാകുന്നു ഈ മനഃപ്രാർത്ഥന (Mental Prayer) യെന്നു സാമാന്യം പറയാം. ഇങ്ങനെ മനസ്സിനെ ഏകാഗ്രമായി നിറുത്തി ദിവ്യസത്യങ്ങൾ ഒരുവനിൽ ഉറപ്പിക്കുന്നതിനു പരിശുദ്ധന്മാർ പലേ പദ്ധതികൾ വെട്ടിത്തുറന്നിട്ടുണ്ട്; എങ്കിലും അവ തമ്മിൽ സാരമായ വ്യത്യാസമില്ല. നിത്യാഭ്യാസവും പരിശ്രമവും ഉത്സാഹവും അതോടൊന്നിച്ചു ദൈവാനുഗ്രഹവുമുണ്ടെങ്കിൽ ഈ പ്രാർത്ഥന ഏവക്കും തന്നെ അഭ്യസിക്കാൻ കഴിയുന്നതാണ്. അരമണിക്കൂറോ ഒരു മണിക്കൂറോ മനസ്സിനെ ഏകാഗ്രമാക്കിക്കൊണ്ടു ധ്യാനിക്കുന്നതിൽ അതിസ്വാഭാവികമായി യാതൊന്നുമില്ല. എന്നാൽ ഈ ധ്യാനം ചില പ്രത്യേക ആത്മാക്കൾക്കു സ്വപരിശ്രമമൊന്നും കൂടാതെ ദൈവദാനമായി ലഭിക്കാറുണ്ട്. ഇതിനു Prayer of contemplation എന്നു പറയപ്പെടുന്നു. മലയാളത്തിൽ 'സമാധി' എന്നു ഇതിനെ നാമകരണം ചെയ്യാമെന്നു തോന്നുന്നു. അതിസ്വാഭാവികമായ ഈ വരം ലഭിക്കുന്ന ആത്മാവിനു വാചാം വിദൂരവും അത്ഭുതകരവുമായ ചിലയനുഭവങ്ങൾ ഉണ്ടാകുന്നു. ഇവ എന്തെന്നു അനുഭവസ്ഥന്മാക്കേ അറിഞ്ഞുകൂടൂ. 'കണ്ണു കാണ്കയോ ചെവി കേൾക്കയോ മനുഷ്യഹൃദയത്തിൽ പ്രവേശിക്കയോ ചെയ്യാത്ത കൂട്ടങ്ങളാണു തനിക്കനുഭവമായതെന്നു വി. പൌലോസു പറഞ്ഞിരിക്കുന്നതു ഇവ്വിധമുള്ള ഒരു സമാധിയെപ്പററിയാണ്. വിശുദ്ധ പൌലോസ്സിനുണ്ടായിട്ടുള്ളതുപോലുള്ള ദശനം പുണ്യവാന്മാക്കും പുണ്യവതികൾക്കും ഉണ്ടായിട്ടുണ്ട്. ഇക്കാലത്തും ഉണ്ടാകുന്നുണ്ട്; 'നിൻെറ ഭവനത്തിൻെറ പുഷ്ടിയാൽ അവർ മത്തരാകും മധുരമുള്ള അരുവിയിൽനിന്നും നീ അവരെ കുടിപ്പിക്കും.' 9 B ഒരു തെരേസ്സാ ന്യൂമാനെപ്പററി നാം കേൾക്കുന്നുണ്ടല്ലോ. സഭ ഔദ്യോഗികമായി യാതൊന്നും ഈ ഭക്തയെപ്പററി പറഞ്ഞിട്ടില്ലെങ്കിലും അനിതരസാധാരണങ്ങളായ ചില ഭാവഭേദങ്ങൾ ആ സ്ത്രീക്കു ഉണ്ടെന്നു പലേ പണ്ഡിതന്മാർ സമ്മതിച്ചിരിക്കുന്നു. 'ഫെ്ാജിയൊ'യിലെ



www.malankaralibrary.com

ഫ്രാദറെ 'പീയൊ'യുടെ കാര്യവും ശ്രദ്ധേയമാണ്. ത്രേസ്യാപുണ്യവതിയുടെ ദർശനങ്ങളും ആമുഷ്മികാനുഭവങ്ങളും സുപ്രസിദ്ധങ്ങളാണല്ലോ. പുണ്യവതി തൻെറ അനുഭവങ്ങളെ ആസ്പദമാക്കി അഭ്യന്തരഹർമ്മ്യം (Interior castle) എന്നൊരു വിശിഷ്ട ഗ്രന്ഥം തന്നെ രചിച്ചിട്ടുണ്ട്.

പഠനവും പുണ്യവുമുള്ള ഒരു ആത്മീയപിതാവു ഒരു വലിയ അനുഗ്രഹമാകുന്നു. ഭക്തജീവിതം ശരിയായി കഴിക്കുന്നതിനും അതിൽ നേരിടാൻ പാടുള്ള വിഷമതകളെ വിട്ടൊഴിയുന്നതിനും നമ്മേ സഹായിക്കുന്നതു ആത്മീയ ഗുരുവല്ലാതെ മററാരാണ്? സമർത്ഥരായ ആദ്ധ്യാത്മികനേതാക്കന്മാരുടെ അഭാവം നിമിത്തം തിരുസഭയ്ക്കു വലിയ പുണ്യവാന്മാർ നഷ്ടപ്പെട്ടിട്ടുണ്ട്. ഭക്തിയുള്ള ജനങ്ങളുടെ ഒരു വലിയ കൂട്ടത്തെ നമുക്കു ചുററും നാം കാണുന്നു. ഒരു പക്ഷേ സുശിക്ഷിതമായ നേതൃത്വം അവരെ പുണ്യവാന്മാരുടെയും പുണ്യവതികളുടെയും പദവിയിലേയ്ക്കുയർത്തുമായിരുന്നിരിക്കാം, അവരുടെ ഉന്നതങ്ങളായ ആദർശങ്ങൾ ദിവാസ്വപ്നങ്ങളായി കലാശിക്കുകയില്ലായിരുന്നിരിക്കാം.

ഫേബർ പറയുന്നു: തൻെറ മേൽനോട്ടത്തിൽ വരുന്ന ഒരു വ്യക്തിയുടെ എല്ലാ ഇടപാടുകളും പരിശുദ്ധമാക്കുന്നതിനു ആത്മീയ നായകൻ യത്നിക്കേണ്ടതാണ്. ലോകം ഇതിനെ ഒരു കൈകടത്തലായി എണ്ണുന്നു. പുരോഹിതൻ പള്ളിയിൽ മാത്രം എന്നാണു അതിൻെറ മുറവിളി, എന്നാൽ വ്യഥാ. ഒരുവൻ ഏർപ്പെടുന്ന ലൌകികകാര്യങ്ങളെപ്പററിയും ആത്മികപിതാവിനു ഒരു വിധി പറവാനുണ്ടായിരിക്കണം, അവയും അദ്ദേഹത്തിൻെറ നിർദ്ദേശത്തിനു വിരുദ്ധമായി ചെയ്യാൻ പാടില്ല; എന്തുകൊണ്ടെന്നാൽ പുണ്യപൂർണ്ണതയുടെ കുറവിനോ വർദ്ധനവിനോ അവിടെ അവസരം കണ്ടെത്തപ്പെടാതിരിക്കയില്ല. ഒരാൾ എത്രകണ്ടു കാര്യാലോചനകൾക്കും, ഇടപാടുകൾക്കും, ജോലിത്തിരക്കുകൾക്കും വശഗനായിരിക്കുമോ അത്രകണ്ടു അവനെ പുണ്യപൂർണ്ണതയുടെ മാർഗ്ഗത്തിലൂടെ നടത്തുക വിഷമകരമായിരിക്കും. ഒരു തപസ്വിനിയുടെ ആത്മികകാര്യമന്വേഷിക്കുന്നതിൽ പതിന്മടങ്ങു ബുദ്ധിമുട്ടുള്ളതാ



www.malankaralibrary.com

കുന്നു, രാജകൊട്ടാരത്തിലെ വിവിധങ്ങളായ പ്രലോഭനങ്ങൾക്കു കീഴ്പ്പെട്ട് രാജ്യതന്ത്രത്തിൻെറ കൂട്ടുകെട്ടുകളിൽ കുടുങ്ങിയിരിക്കുന്ന ഒരു രാജ്ഞിക്കു ആത്മീയോപദേശം നൽകുക. 10

ആത്മീയഗുരുവിൻെറ ആവശ്യം വേദപുസ്തകത്തിൽനിന്നു തെളിയുന്നുണ്ട്. സമുവേലും ഘേലിയും, പത്രോസും കൊർണ്ണേലിയസും, അനനിയാസും പൌലോസും തമ്മിലുള്ള ബന്ധങ്ങളിൽ ആത്മീയ നേതൃത്വത്തിൻെറ ലാഞ്ഛനകൾ കാണ്മാൻ കഴിയും. സഭയുടെ ആദ്യകാലത്തെ പാരമ്പര്യത്തിൽനിന്നും ഇതു വിശദമാകുന്നുണ്ട്. പക്കോമിയസ്സ് ആന്തരികജീവിതത്തിൻെറ രഹസ്യങ്ങൾ പഠിക്കുന്നതിനാഗ്രഹിച്ചപ്പോൾ തൻെറ ഉപദേഷ്ടാവായി 'പലേമോൺ' എന്ന സന്യാസിയെ തിരഞ്ഞെടുത്തതായി സൈമൺ മെററഫ്രാസ്റ്റസ് പ്രസ്താവിക്കുന്നു. വി. ജോൺ ദമസേൻ തൻെറ ആശ്രമത്തിലെ യോഗാർത്ഥികളുടെ ആത്മികഗുരുവായിരുന്നു. സ്ലത്തിമസ്സ് സാബസ്സിനോടു തെയോക്ലിററസിനെ ഗുരുവായി സ്വീകരിപ്പാൻ ഗുണദോഷിച്ചു. വി. റൊമുവാൾദിൻെറ ആത്മികപിതാവു മറിനസ്സും, വി പത്രോസു ദമിയാൻേറതു ലെയോ എന്ന വനവാസിയുമായിരുന്നു. വി. അന്തോനിസ്സ് (വനവാസി) അദ്ദേഹത്തിൻെറ കാലത്തെ കേൾവികേട്ട ആത്മീയ ഗുരുവരനായിട്ടാണു ഗണിക്കപ്പെട്ടിരുന്നത്; ആലോചനകളുടെ പിതാവെന്നായിരുന്നു അദ്ദേഹത്തിൻെറ മറുനാമം.

ആത്മിക നേതൃത്വത്തിൻെറ ആവശ്യകതയെക്കുറിച്ചുള്ള തിരുസഭയുടെ ഇക്കാലത്തെ ഉപദേശത്തെപ്പററി വിശേഷാലൊന്നും പറയേണ്ടതില്ല, അതു അത്രസ്സു സർവ്വസാധാരണമാണ്.

പതിനേഴാം നൂററാണ്ടിൽ ഇല്ലുമിനാത്തി (Illuminati) എന്നൊരുകൂട്ടം പാഷണ്ഡികൾ 'ആത്മികോപദേഷ്ടാവിൻെറ ആവശ്യമേ ഇല്ല, ഓരോ ആത്മാവും റൂഹാദക്കുദശായുടെ പ്രേരണയനുസരിച്ചു പ്രവർത്തിച്ചാൽ മതി' എന്നു പഠിപ്പിച്ചു. സ്പെയിനിലെ ന്യായവിചാരണസഭ ഈ പഠനത്തെ ശപിച്ചു; സഭ ഈ തീരുമാനത്തെ അംഗീകരിക്കയും ചെയ്തു.

ഒരു മനുഷ്യനും അവൻെറ കാര്യത്തിൽ വിധിപറയുക



www.malankaralibrary.com

എളുപ്പമല്ല, മനഃസാക്ഷിയെ സംബന്ധിക്കുന്ന കാര്യങ്ങൾ അതിഗഹനവും വഞ്ചനാധീനവുമാണ്. നമ്മുടെ തെറ്റുകളേയും വീഴ്ചകളേയും ചാപല്യങ്ങളേയും കാണ്മാൻ നമുക്കു കണ്ണില്ലെന്നുവേണം പറവാൻ, അത്രസ്സു ഉഗ്രതരമാണു നമ്മുടെ സ്വസ്നേഹം. അഴിക്കാൻ വഹിയാത്ത നമ്മുടെ ചില ദൃഢംപിടിച്ച കെട്ടുകളെ വെട്ടിക്കണ്ടിക്കുന്നതിനു ബാഹ്യമായ ഒരധികാരംതന്നെ വേണം. നമ്മുടെ ഹൃദയസിംഹാസനത്തിൽവച്ചു പൂജിക്കുന്ന ചില സ്വാർത്ഥവിഗ്രഹങ്ങളെ തട്ടിയുടയ്ക്കുകയെന്ന ജോലി നമ്മെത്തന്നെ ഏൽപ്പിച്ചാൽ അത്ര ഭംഗിയായി നാം ചെയ്യുന്നു വരികയില്ല. വി. സലേസ്സിന്റെ കൃതികളെക്കുറിച്ചു ഡാക്ടർ സ്റ്റാനെൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'കുടുംബജീവിതം കഴിക്കുന്നവരേയും സന്ന്യാസവൃത്തി സ്വീകരിച്ചിരിക്കുന്നവരേയും നേർവഴിക്കു നയിക്കുന്നതിന് ഇവ പര്യാപ്തമാകുന്നു.' ഇങ്ങനെ സന്ന്യാസികൾക്കും കന്ന്യാസ്ത്രികൾക്കും, കുടുംബജീവിതക്കാർക്കും, അവരവർക്കു യോജിച്ച ഗുണദോഷം കൊടുത്ത്, ഏവരുടേയും ആത്മികഗുരുഭൃതൻ എന്ന മഹനീയ സ്ഥാനത്തിനർഹനായി ഭവിച്ചിട്ടുള്ള പ്രസ്തുത പുണ്യവാൻ തന്നെപ്പറ്റി പറയുന്നതിപ്രകാരമാണ്: "എനിക്കു അന്യരെ നടത്താനറിയാം, എന്നാൽ എന്റെ കാര്യത്തിൽ എന്താണു ചെയ്യേണ്ടതെന്നറിഞ്ഞുകൂടാ." ആത്മികജീവിതം ഒരു അനുദിനക്രിശാരോഹണമാണ്. ചിലപ്പോൾ മടി, ചിലപ്പോൾ അസഹിഷ്ണുത, മറ്റു ചിലപ്പോൾ കോപം, ഇവ നമ്മുടെ ചിത്തത്തെ കലക്കുന്നു. നമ്മെ ധൈര്യപ്പെടുത്തുന്നതിനും ക്രമപ്പെടുത്തുന്നതിനും, ചൂടുപിടിപ്പിക്കുന്നതിനും, ഭയപ്പെടുത്തുന്നതിനും, തടയുന്നതിനും, ഒരുവനില്ലാത്തപക്ഷം എങ്ങിനെ സ്വയം ദണ്ഡിപ്പിച്ചുകൊണ്ടു മുമ്പോട്ടു ഗമിക്കാൻ കഴിയും? ഒരുത്തനും തന്നെത്താൻ ആശ്വസിപ്പിക്കാൻ വഹിയാ. ആശ്വാസം അപരനിൽനിന്നു വരേണ്ടിയിരിക്കുന്നു. ആർക്കും തന്നിൽത്തന്നെ അപ്രമാദിത്വത്തോടെ വിശ്വസിപ്പാൻ പാടില്ല. തനിയെ നടക്കുക അസാദ്ധ്യമാണ്, തനിയെ നടക്കാൻ ഒരുവൻ ആഗ്രഹിക്കുന്നെങ്കിൽ അത് എളിമയുടെ കുറവിനെയാണു വിളിച്ചറിയിക്കുന്നത്. എളിമയുടെ അഭാവം സകലാഭിവൃദ്ധിക്കും വിഘാത



www.malankaralibrary.com

മാണല്ലോ. തനിയെ നിൽക്കുന്നവന്റെ വിജ്ഞാനവീഥി വളരെ പരിമിതമാകുന്നു, ഈ ഹ്രസ്വമായ പരിധിയിൽപോലും സംഗതികളെ അവ്യക്തമായും തലകീഴായും മാത്രമെ അവൻ ദർശിക്കുയുള്ളു.

പുണ്യജീവിതം നമുക്കു ജന്മസിദ്ധമല്ല. കരയിൽ ചാടിയ മത്സ്യത്തിനു തുല്യമാണു ഭക്തജീവിതം നയിക്കുന്ന മനുഷ്യനെന്നു വേണമെങ്കിൽപറയാം. പരീക്ഷകൾ അവനെ ആക്രമിക്കുന്നു. യുദ്ധക്കളത്തിലെ ജീവിതം എത്ര കോലാഹലം നിറഞ്ഞതാണ്. 'മനുഷ്യന്റെ ജീവിതം ഭൂമിയിൽ ഒരു പോരാട്ടമാകുന്നു' എന്നു പരിശുദ്ധാത്മാവ് അറിയിച്ചിട്ടുണ്ടല്ലോ. ഗോഡിനെസ്സ് (Godinez) പറയുന്നു: ദൈവം പരിപൂർണ്ണത എന്ന ഉന്നതപദത്തിലേക്കു വിളിക്കുന്ന ആയിരംപേരിൽ പത്തുപേർപോലും ആ വിളിയെ ശ്രദ്ധിക്കുന്നില്ല. സമാധിക്കു ക്ഷണിക്കപ്പെടുന്ന നൂറുപേരിൽ തൊണ്ണൂറ്റിയൊൻപതുപേരും വഴിക്കു നിന്നുകളയുകയാണു ചെയ്യുന്നത്. ആകയാൽ വിളിക്കപ്പെട്ടവർ വളരെയും തിരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കവുമെന്നു പറയാം. പരിപൂർണ്ണത പ്രാപിക്കുന്നതിന്റെ കാര്യത്തിൽ നമ്മുടെ ദുർബലമായ പ്രകൃതിക്കു അജയ്യമായിട്ടുള്ള വിഷമതകൾക്കു പുറമെ, വളരെപ്പേരും പരാജയമടയുന്നതിനുള്ള പ്രധാന കാരണങ്ങളിലൊന്ന് അദ്ധ്യാത്മികജീവിതമെന്ന വൻകടലിലൂടെ ദൈവേഷ്ടപ്രസാദത്തിന്റെ ചുക്കാൻപിടിച്ചുകൊണ്ടു നമ്മുടെ ആത്മാക്കളെ ആനയിക്കുന്നതിനുള്ള ആത്മികഗുരുക്കന്മാരുടെ അഭാവമാകുന്നു.[11]

ആത്മിക പിതാവു ഒരു പുരോഗാമി അല്ല. അദ്ദേഹം പുറകെ പോകുകയും മുമ്പെ പോകുന്ന ദൈവത്തെ അനുഗമിക്കുയുമാണു ചെയ്യുന്നത്. തന്റെ ഭരണത്തിൽ വന്നിരിക്കുന്നവരെ ഒരു ആത്മികനാഥൻ നടത്തുന്നില്ല, അവരെ നടത്തുന്നതു പരിശുദ്ധാത്മാവാകുന്നു, ഒരു തള്ള പിച്ച നടക്കുന്ന അവളുടെ കുട്ടിയെ കൈനീട്ടി പുറകിൽനിന്നു താങ്ങുന്നതുപോലെയാണു ആത്മിക ഗുരു വർത്തിക്കേണ്ടത്. അദ്ദേഹത്തിനു ഏവരേയും നടത്തുന്നതിനു തന്റെ ഒരു ഓമനപ്പദ്ധതിയുണ്ടായിരിക്കാൻ പാടില്ല. അങ്ങനെ പ്രത്യേക പദ്ധതിപ്രകാരം നടത്തുന്നതു ഒരു യോഗാർത്ഥിനാഥ (Master-



www.malankaralibrary.com

of novices) ാകുന്നു. ഒരു സന്ന്യാസ സഭയിലെ യോഗാർത്ഥിനാഥൻ ആ സഭയുടെ പാരമ്പര്യവും അതിന്റെ പരിശുദ്ധനായ സ്ഥാപകന്റെ ഉദ്ദേശ്യവുമനുസരിച്ചു തന്റെ അർത്ഥികളെ പരിശീലിപ്പിക്കുന്നു. ഒരു ആത്മിക പിതാവിന്റെ ജോലി ഇതിൽനിന്നു വിഭിന്നമാണ്. ദൈവത്തെ മുമ്പു കാണുമ്പോൾ മാത്രമെ തന്റെ അന്തേവാസികൾ നേരായ മാർഗ്ഗത്തിലാണെന്നു അദ്ദേഹം തീർച്ചപ്പെടുത്തുന്നുള്ളു. ബനദിക്തൻ സഭയിൽപെട്ട വന്ദ്യനായ അഗസ്റ്റിൻ ബെയ്ക്കർ പറയുന്നു. 'സന്ന്യാസ സഭയിലൊ അതിനു പുറമേയൊ ഉള്ള അനേകം ആത്മാക്കൾ പുണ്യാഭിവൃദ്ധി പ്രാപിക്കാത്തതിന്റെ കാരണം, അവരുടെ ആത്മിക പിതാക്കന്മാരുടെയൊ അല്ലെങ്കിൽ അവരുടെതന്നെയൊ വീഴ്ചകളാകുന്നു. അവർ വല്ല പുസ്തകത്തിലും കണ്ടതോ, ഒരാത്മാവിനു വ്യക്തിപരമായി എന്തുമാത്രമുപകരിക്കുമെന്ന ചിന്തകൂടാതെ അവരുടെ ആത്മപിതാവിനാൽ നൽകപ്പെട്ടിട്ടുള്ളതൊ, ആയ ഒരു പ്രത്യേക പദ്ധതിക്ക പിന്തെല്ലുന്നു. ഒരു ആദ്ധ്യാത്മിക ഗുരുവിന്റെ ജോലി തന്റെ അനുതാപികൾക്കു വ്യവസ്ഥാപിതമായ ഒരു ഭക്തിമാർഗ്ഗം ഉപദേശിച്ചുകൊടുക്കുകയല്ല, പിന്നെയൊ ഒരാത്മാവിനു അതിന്റെ ആന്തരികമായ യഥാർത്ഥസ്ഥിതി ഗ്രഹിക്കുന്നതിനു പററിയ സാധാരണ തത്വങ്ങളെ അതിനെ പഠിപ്പിക്കുകയും അങ്ങനെ പഠിച്ച ശേഷം പുസ്തകങ്ങളിലെ നിർദ്ദേശങ്ങളൊ മററുള്ളവരുടെ അഭിപ്രായങ്ങളൊ അനുകരിക്കുന്നതിനുപകരം ദൈവം ഉള്ളേ തോന്നിക്കുന്ന പ്രബോധനങ്ങളെയും നിവേശനങ്ങളെയും അശ്ലേഷിക്കുന്നതിനു അതിനെ പ്രാപ്തമാക്കുകയുമാകുന്നു [12]

ഫാദർ ബൂസറോനി (Fr. Buceroni) പറയുന്നു. 'പരിശുദ്ധാത്മാവിയുടെ ഭാഗം അഭിനയിക്കുന്നതിനു ബദ്ധപ്പെടുന്ന ചില ആത്മീയ ഗുരുക്കന്മാരുണ്ട്. അവർ തങ്ങളുടെ അനുതാപികളുടെ പ്രവണത എന്തിലാണെന്നാലോചിക്കാതെ ഓരോ ഭക്തികൃത്യങ്ങളും സുകൃതമുറകളും അവൎക്ക നിർബന്ധപൂർവ്വം ഉപദേശിച്ചുകൊടുക്കുന്നു. ഇതിൽ കുറെക്കൂടി രസകരമായിട്ടുള്ളതു ഏറിയകൂറും ഈ ഗുരുക്കന്മാർതന്നെ തങ്ങൾ ഉപദേശിക്കുന്ന ഭക്തികൃത്യങ്ങളുടെ നോക്ക



www.malankaralibrary.com

ചാച്ചിലില്ലെന്നുള്ളതാണ്. പ്രയോജനപ്രദമെന്നു തങ്ങൾക്കു വല്ലതും തോന്നിയാലുടനെ, അതു തങ്ങളുടെ അനുതാപികൾക്കു പറഞ്ഞുകൊടുക്കുകയായി അവർ.' 13 വേറൊരു സാക്ഷ്യംകൂടി. ഭക്തയായ എലിസബത്ത് ലെസ്സർ (Elizabeth Leseur) എഴുതുന്നു: 'ചില ഗുരുക്കന്മാർ ആത്മാക്കളുടെ വിശേഷവരങ്ങളെ, പ്രത്യേകസ്വഭാവമൊ, മനസ്ഥിതിയൊ, ബുദ്ധിശക്തിയൊ പരിഗണിക്കാതെ അവിവേകമായി പുണ്യപൂർണ്ണതയുടെ അഭ്യസനത്തിനു അവരെ നിർബന്ധിക്കുന്നു. ഇപ്രകാരം അവർ ആത്മാവിൽനിന്നു പൂർണ്ണതയെ വിവേകശൂന്യമായൊ അല്ലെങ്കിൽ, അതു പ്രാപിച്ചിട്ടുള്ളതിൽ കൂടുതലായൊ ആവശ്യപ്പെട്ടുകൊണ്ടു അതിന്റെ പുണ്യാഭിവൃദ്ധിയെ തടയുന്നു. 14

പാണ്ഡിത്യംകൊണ്ടു പ്രശോഭിച്ചിരുന്ന ആദ്ധ്യാത്മിക ലേഖകന്മാർ– ആ കൂട്ടത്തിൽ പരിശുദ്ധന്മാരും പെടും– തങ്ങളുടെ പ്രത്യേക ഭക്തികളേയും അനുഷ്ഠാനങ്ങളേയും യാന്ത്രികമായി അനുകരിക്കരുതെന്നു അവരുടെ അനുയായികളോടു കർശനമായി ഉദ്ബോധിപ്പിക്കുന്നുണ്ട്. കാസ്സിയൻ പറയുന്നു: 'നമ്മുടെ മതത്തിനു ഒരന്ത്യമേയുള്ളുവെങ്കിലും വിവിധമാർഗ്ഗങ്ങളിലൂടെയാണു നാം ദൈവത്തെ സമീപിക്കുന്നത്.' കുമ്പസാരക്കാർ തങ്ങൾ നടന്ന മാർഗ്ഗത്തിലൂടെ തങ്ങളുടെ പക്കൽ പാപസങ്കീർത്തനത്തിനു വരുന്നവരെയും നടത്തുന്നതിനു തുനിയരുതെന്നു വി. ഫിലിപ്പ്നേരി ഉപദേശിക്കുന്നു. എന്തെന്നാൽ ഒരു വൈദികനു ശുഷ്കാന്തിയും ആനന്ദവും നൽകുന്ന ഭക്തികൃത്യങ്ങൾ തന്റെ അനുതാപി അനുകരിക്കുന്നപക്ഷം അവന്റെ ആരോഗ്യത്തിനു ഹാനിതട്ടാൻ പാടുണ്ട്. 15

ഒരു ആത്മപിതാവു യാതൊരു അസാധാരണത്വമൊ അതിസ്വാഭാവികത്വമൊ നടിക്കണമെന്നില്ല. അദ്ദേഹം അതിസ്വാഭാവികമായവയെ സ്വാഭാവികമായി പറയുകയാണു വേണ്ടത്. ദൈവം തനിക്കു വെളിപാടുകൾ (Oracles) നൽകിയിരിക്കുന്നു എന്ന ഭാവത്തിൽ ഗഹനമായ ഭാഷയിൽ ദൈവിക കാര്യങ്ങളെപ്പറ്റി വൃഥാ സ്ഥൂലമായി സംസാരിക്കരുത്.

ആത്മീയ ഗുരുവിനെ തിരഞ്ഞെടുക്കുന്ന കാര്യത്തിൽ പലതും സൂക്ഷിപ്പാനുണ്ട്. ഗ്രന്ഥകാരന്മാർ ആത്മീയ നായകന്മാരെ



www.malankaralibrary.com

മൂന്നായി തരംതിരിക്കുന്നു. ഒന്നാമത്തെ ഗണത്തിൽ പെട്ടവരെ ലൌകിക ഗുരുക്കന്മാരെന്നാണ് വിളിക്കുന്നത്. ഇവർ ആത്മാക്കളെ പാരത്രികമായ ചിന്തയൊന്നുംകൂടാതെ കേവലം ലൌകികമായി മാത്രം നടത്തുന്നു. ഇപ്രകാരമുള്ള ഗുരുക്കന്മാരുടെ കൈയിൽ വീഴുന്ന ആത്മാക്കൾക്കു നിർഭാഗ്യം. രണ്ടാമത്തൊരുതരം നായകന്മാർ നമ്മെ തപസ്സു പ്രാർത്ഥന മുതലായ ഭക്തിപരമായ ചടങ്ങുകളിലേയ്ക്കു ആനയിക്കുന്നു, അവർക്കുതന്നെ ആദ്ധ്യാത്മിക കാര്യങ്ങളെപ്പററി ശരിയായ ജ്ഞാനമില്ലെങ്കിലും ഇക്കൂട്ടർ തെററുചെയ്യേസ്സാമെങ്കിലും അവരുടെ ഉദ്ദേശശുദ്ധിയെ വിചാരിച്ചു ദൈവം ആത്മാക്കളെ വിനാശത്തിൽനിന്നു സംരക്ഷിച്ചേക്കും. മൂന്നാമതായി വരുന്നതു ദൈവജ്ഞാനം നിറഞ്ഞ ആത്മിക ഗുരുക്കന്മാരാകുന്നു. ദൈവത്തോടു ആന്തരികമായി യോജിച്ചു അവിടത്തെ സന്നിധാനത്തിൽ സദാ ജീവിക്കുന്ന അവർ നമ്മുടെ ഹൃദയത്തിലെ വിചാരങ്ങളെ വായിക്കുകയും ഭാവിയെ കാണുകയും ചെയ്യാലെന്നോണം അവസരോചിതമായ ഉപദേശങ്ങൾ നൽകുന്നു. ഇപ്രകാരമുള്ള ഗുരുവിനെ ലഭിക്കുന്ന ആത്മാവു ഭാഗ്യപ്പെട്ടതു്.

ആത്മിക ഗുരുക്കന്മാരുടെ പ്രത്യേക പാടവം പലവിധത്തിലാണ്. ചിലർ ആരംഭകന്മാർക്കു പററിയവരെങ്കിൽ മററു ചിലർ പുണ്യാഭിവൃദ്ധിയുടെ പഥത്തിൽ സഞ്ചരിച്ചിട്ടുള്ളവർക്കാണു പ്രയോജകീഭവിക്കുന്നതു്. പാപശൃംഖലകളെ ഭേദിച്ചു് മാനസാന്തരപ്പെട്ടു വരുന്നവരെ നടത്തുന്നതിലാണ് ചിലരുടെ വാസന. അഭ്യസ്തവിദ്യരും പരിഷ്കൃതാശയന്മാരുമായ ആളുകളെ നേർവഴിക്കു ആനയിക്കുന്നതിലാണു ചിലർക്കു സാമർത്ഥ്യമെങ്കിൽ മററു ചിലർക്കു പഠിപ്പില്ലാത്തവരും സാധുക്കളുമായവരെ നടത്തുന്നതിലാണ് അഭിരുചി. ചില ഗുരുക്കന്മാർക്കു സംശയക്കാരോടാണു പ്രതിപത്തി. ഒരുവനും എല്ലാവർക്കും ഒരുപോലെ പററിയ ആത്മീയ പിതാവായിരിക്കയില്ല; അതുപോലെ ഒരാളുടെ ജീവകാലം മുഴുവനും ഒരാളെതന്നെ ആത്മപിതാവായി സ്വീകരിക്കുന്നതും ഭംഗിയായിരിക്കുമെന്നു തോന്നുന്നില്ല.

ആകയാൽ ആത്മിക പിതാവിനെ തിരഞ്ഞെടുക്കുന്നകാര്യത്തിൽ വളരെ സൂക്ഷിക്കേണ്ടിയിരിക്കുന്നു. വളരെ പ്രാർത്ഥനയും



www.malankaralibrary.com

ആലോചനയും കഴിച്ചശേഷം ചെയ്യേണ്ട ഒരു കൃത്യമാണിതു്. ഇ കാര്യത്തിൽ വിളംബംകൊണ്ടെന്നപോലെ ശീഘ്രതകൊണ്ടും ഉപദ്രവം നേരിടാൻപാടുണ്ടു്. ആയിരംപേരിൽനിന്ന ഒരുവനെ എടുത്തുകൊൾക എന്ന വന്ദ്യനായ ആവിലായും പതിനായിരം പേരിൽനിന്ന ഒരുവനെ എടുത്തുകൊൾക എന്ന വി. ഫ്രാൻസീസ് സാലേസ്സും പറയുന്നു. ഈ റൂൾ അനുസരിച്ചു പ്രവൎത്തിപ്പാൻ ധാരാളം വൈദികരുള്ള സ്ഥലങ്ങളിലേ സാധിക്കയുള്ളല്ലൊ. ഒരു ഗ്രന്ഥകാരൻ പറയുന്നു: കഴിഞ്ഞകാലങ്ങളിലെന്നോണം ഇക്കാലത്തും ദൈവം തന്നെ ചില ആത്മാക്കൾക്കു അവരുടെ നായകന്മാരെ വെളിപ്പെടുത്തി കൊടുത്തിട്ടുള്ളതിനു ഉദാഹരണങ്ങളുണ്ടു്. എന്നാൽ ഇതു എപ്പോഴും പ്രതീക്ഷിക്കത്തക്കതല്ല. ചിലപ്പോൾ ഒരാത്മാവിനു ഒരു ദൈവശുശ്രൂഷിയിൽ തൻെറ വിശ്വാസം മുഴുവനും സമൎപ്പിക്കുന്നതിനു എന്തെന്നില്ലാത്ത ഒരു ചാച്ചിൽ തോന്നുന്നു. ചിലപ്പോൾ ഒരു വൈദികൻെറനേക്കുള്ള അനുസരണയോടുകൂടിയ ബഹുമാനമാണു, അദ്ദേഹത്തിൽ ദൈവം നമുക്കു നിശ്ചയിച്ചിരിക്കുന്ന ആത്മപിതാവിനെ കാണ്മാൻ നമ്മെ പ്രചോദിപ്പിക്കുന്നതു. ഒരു പുരോഹിതൻ നമ്മോടു പുണ്യകാര്യങ്ങളെപ്പററി സംസാരിക്കുമ്പോൾ നമ്മുടെ സംശയങ്ങൾ മാറുകയും ദുർഗ്രഹങ്ങൾ സുഗ്രഹങ്ങളാകുകയും, ഒരു സ്വൎഗ്ഗീയ സമാധാനം നമുക്കു അനുഭവഗോചരമാകുകയും ചെയ്യുന്നു. അദ്ദേഹത്തിൻെറ സാന്നിദ്ധ്യമൊ സംഭാഷണമൊ നമ്മിൽ ആത്മീയാനന്ദം ഉളവാക്കുന്നു; ഈ ആനന്ദം പുരുഷപരമൊ സ്വാഭാവികമൊ ആയ പക്ഷത്തിൽനിന്നു വരുന്നതല്ലെന്നുള്ളതു തീൎച്ചതന്നെ. നമുക്കു പററിയ ഒരു ആത്മീയഗുരുവിൻെറ ലക്ഷണം ഇവയൊക്കെയെന്നു സാമാന്യമായി അഭിപ്രായപ്പെടാം; എന്നാൽ ഇക്കാര്യത്തിൽ ഏററവും പ്രധാനമായിട്ടുള്ളതു പ്രാൎത്ഥനയാണെന്നു ഒന്നുകൂടി എടുത്തു പറഞ്ഞുകൊള്ളട്ടെ.[16] സൎവ്വപ്രധാനമായി ആന്തരികജീവിതത്തിൻെറ (Interior life) മദ്ധ്യസ്ഥനായ യൌസേപ്പു പിതാവിനോടു നമുക്കു പ്രാൎത്ഥിക്കാം.

ആത്മികഗുരുവിനെ തിരഞ്ഞെടുക്കുന്ന കാര്യത്തിലെന്നപോലെ മാറുന്ന കാര്യത്തിലും സൂക്ഷിക്കേണ്ടിയിരിക്കുന്നു. ഈ



www.malankaralibrary.com

സംഗതിയിൽ നാലുവിധം തെററു പററാൻ പാടുണ്ടു്. അതായതു ഒരിക്കലും മാറാതിരിക്കുന്നതുകൊണ്ടും മാറിയതുകൊണ്ടും, വേഗം മാറിയതുകൊണ്ടും, താമസിച്ചു മാറിയതുകൊണ്ടും തെററു ചെയ്യുന്നു വരാനിടയുണ്ടു്. ഒരുവൻെറ ആത്മപിതാവിനോടു സ്വതന്ത്രമായി പെരുമാറാൻ അവനു വിഷമത നേരിടുന്നുണ്ടെങ്കിൽ അപ്പോൾ തുടങ്ങി അദ്ദേഹത്തിനു അവനെ ഉപദേശിക്കുന്നതിനുള്ള വരവും നഷ്ടീഭവിച്ചെന്നു തീർച്ചയാക്കാം. എന്തുകൊണ്ടെന്നാൽ ഇപ്രകാരമുള്ള ആദ്ധ്യാത്മികകാൎയ്യങ്ങളിൽ പരിപൂൎണ്ണമായ സ്വാതന്ത്ര്യം ഒരുവനുണ്ടായിരിക്കണം. അടിമത്വത്തിൻെറ ലാഞ്ഛനപോലും ഇവിടെ കാണാൻ പാടില്ല. ഒരു വ്യക്തി ഒരിക്കലും അവൻെറ ആത്മികഗുരുവിൻെറ അടിമയാകരുതു്; അങ്ങിനെ വരുന്നപക്ഷം അതിശ്രേഷ്ഠമായ ഈ ജോലിയുടെ നൈൎമ്മല്യം നഷ്ടീഭവിക്കുന്നു. തങ്ങളുടെ നേതൃത്വം സ്വീകരിച്ചിട്ടുള്ളവൎക്കു സ്വാതന്ത്ര്യം അനുവദിക്കാത്ത കുമ്പസാരക്കാരെപ്പററി കുരിശിൻെറ വി. യോഹന്നാൻ ഇങ്ങനെ പറയുന്നു: ദൈവം ഓരോ ആത്മാവിനേയും പ്രത്യേക മാൎഗ്ഗത്തിലൂടെ നടത്തുന്നു, ആദ്ധ്യാത്മികജീവിതത്തിൽ പകുതി വഴിയെങ്കിലും തുല്യനിലയിൽ സഞ്ചരിക്കുന്ന രണ്ടുപേരെ കണ്ടുമുട്ടുക എളുപ്പമല്ല. വി. പൌലോസിനെപ്പോലെ എല്ലാവൎക്കും എല്ലാമാകുന്നതിനു ഏതു ആത്മികഗുരുവിനാണു് സാധിക്കുക? നീ (ആത്മികഗുരു) ആത്മാക്കളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഒരു ക്രൂരഭരണാധിപനായി ചമഞ്ഞിരിക്കുന്നു. അധികാരത്തിൻെറ ശക്തിയിൽ അവലംബിച്ചുകൊണ്ടു നിൻെറ അനുതാപികളാരും നിന്നെ വിട്ടുപോകരുതെന്നു ചട്ടംകെട്ടുന്നു. മാത്രമല്ല, കൂടുതൽ പ്രബോധനം ലഭിക്കുന്നതിനൊ, നിന്നോടു പറയുന്നതിനു സൌകൎയ്യമില്ലാത്തതായ ഒരു സംഗതിയെപ്പററി ചോദിച്ചറിയുന്നതിനൊ ആയി ദൈവം അവരിലാരെയെങ്കിലും മററു വല്ലവരുടെയും പക്കൽ അയക്കുന്നപക്ഷം ഒരു ഭൎത്താവു് ഭാൎയ്യയുടെ കാൎയ്യത്തിലെന്നോണം നീ അസൂയാകലുഷിതനായിത്തീരുന്നു എന്നു് ഞാൻ ലജ്ജയോടെ പറയുന്നു. ഇതു മഹാ കഷ്ടംതന്നെ. ഇതു ദൈവമഹത്വത്തെ വൎദ്ധിപ്പിക്കുന്നതിനായിട്ടുള്ള തീക്ഷ്ണതയുടെ ലക്ഷണമായി വല്ലവരും



www.malankaralibrary.com

ഗണിക്കുമോ? നീയൊഴികെ മററാരുടെയും ഉപദേശംകൊണ്ടു നിൻെറ അനുതാപിക്കു പ്രയോജനമില്ലെന്നു നീ എങ്ങിനെ മനസ്സിലാക്കി. ഏവംവിധമുള്ള ആദ്ധ്യാത്മിക ഗുരുക്കന്മാരെ ദൈവം വെറുക്കുന്നു. 17 അതിനാൽ ഒരുവൻെറ സ്വാതന്ത്ര്യത്തെ തടയുന്ന യാതൊന്നും ഒരു കുമ്പസാരക്കാരനു ചെയ്യാൻ പാടില്ല. എന്നാൽ ആത്മിക പിതാവിനെ വിവേകശൂന്യമായി, വെറും തോന്നലിനെ മാത്രം ആസ്പദമാക്കി മാറുന്നതും തെററാണെന്നുള്ളതും ഇവിടെ സൂത്തവ്യമാണ്. ചിലയാളുകൾ തങ്ങളുടെ തന്നിഷ്ടങ്ങളേയും ദിവാസ്വപ്നങ്ങളേയും ശരിവയ്ക്കുന്ന വല്ല വൈദികനേയും കണ്ടുമുട്ടുന്നതിനു അന്വേഷിച്ചു നടക്കുന്നു. ഇതു സാക്ഷാത്തായ ഭക്തിയുടെ ലക്ഷണമല്ല.

എങ്ങിനമാണു ഒരു ആത്മിക പിതാവിനോടു വർത്തിക്കേണ്ടതു? ഒരുവൻ പരമാർത്ഥമായി അവൻെറ പരീക്ഷകളേയും പാപങ്ങളേയും പുണ്യങ്ങളേയും തുറന്നു പറയണം. ഒരാത്മാവിനെപ്പററി വിധിപറയുന്നതിനു വേണ്ടിയ സകലവും അദ്ദേഹത്തിനു ലഭിച്ചിരിക്കേണ്ടതാവശ്യമാകുന്നു. ദൈവത്തെയാണു അദ്ദേഹത്തിൽ നാം കാണേണ്ടതു്. നമ്മുടെ അഭിപ്രായത്തെ അദ്ദേഹത്തിനു നാം വിട്ടുകൊടുക്കണം. നമ്മുടെ ആത്മിക ഗുരു പഠനവും പുണ്യവുമുള്ളവനായിരുന്നാലുത്തമം.

ആത്മീയ നായകനെ സംബന്ധിച്ചുള്ള കീഴ്വഴക്കത്തിനും ചില പ്രത്യേകതകളുണ്ടു്. ഒരു സന്യാസാശ്രമത്തിലെ ശ്രേഷ്ഠൻെറ സ്ഥാനത്തല്ല ആത്മിക ഗുരുവിനെ നാം ദർശിക്കേണ്ടതു്. തൻമൂലം ഒരു ശ്രേഷ്ഠനോടു കാണിക്കുന്ന അനുസരണമല്ല ഇവിടെ വേണ്ടതെന്നു അറിഞ്ഞിരിക്കണം. സന്യാസാശ്രമത്തിലെ ശ്രേഷ്ഠനു തൻെറ ഭരണീയരുടെമേൽ സാർവ്വജനീനമായ കർതൃത്വമുണ്ടു്; ആത്മിക ഗുരുവിനാകട്ടെ ഓരോ വ്യക്തിയും കൊടുക്കുന്നിടത്തോളമേയുള്ളു അധികാരം. ശ്രേഷ്ഠൻ തൻെറ കീഴുള്ളവരുടെ ഉപദേശമൊ പ്രേരണയൊ കൂടാതെ കല്പിക്കുന്നു. ആത്മിക പിതാവിൻെറ കല്പനകൾ നമ്മുടെ ചോദ്യങ്ങൾമൂലം നൽകപ്പെടുന്നവയാണ്. ശ്രേഷ്ഠനെ അനുസരിക്കാതിരുന്നാൽ പാപമുണ്ടു്, ആ



www.malankaralibrary.com

ത്മിക പിതാവിനെ അനുസരിക്കാത്തവർ ദുർല്ലഭമായെ പാപം ചെയ്യുന്നുള്ളു. ആത്മിക പിതാവു പറയുന്നതു തെററാണെന്നറിഞ്ഞാൽ അതനുസരിച്ചു പ്രവത്തിക്കാതിരിക്കുന്നതിനു നമുക്കു കടമയുണ്ട്.

ഫേബർ പറയുന്നു. 'ആത്മിക നേതാക്കന്മാരുമായുള്ള ഇടപാടുകളെ ഒരിക്കലും അനാവശ്യമായി വദ്ധിപ്പിച്ചുകൂടാ. അദ്ദേഹത്തിന്റെ പക്കൽ ഒരുവൻ കൂടെക്കൂടെ പോകരുതു്; അതു അസഹിഷ്ണുതയ്ക്കും സമയനാശത്തിനും കാരണമാണ്. പ്രാത്ഥനയും ആലോചനയും കൂടാതെ അസാധാരണമായ കൂടിക്കാഴ്ചയ്ക്കൊരുമ്പെടുന്നതും വിഹിതമല്ല. നാം ചോദിക്കാൻ പോകുന്നതെന്തെന്നും, അതു ചോദിക്കുന്നതിനർഹതയുള്ളതും യഥാത്ഥവുമാണെന്നും, അതൊരു തോന്നലൊ പെട്ടെന്നു ചെയ്ത തീരുമാനമൊ അല്ലെന്നും നമുക്കു നിശ്ചയമുണ്ടായിരിക്കണം. നമ്മുടെ കൂടിക്കാഴ്ചകളെ ദീർഘിപ്പിക്കയൊ ആവശ്യത്തിലധികം സംസാരിക്കയൊ ചെയ്യാൻ പാടില്ല, നാം ആശ്വാസത്തിനായിട്ടുമാത്രം ആത്മപിതാവിന്റെ പക്കൽ പോകരുതു്, അതു അല്പീയസ്സുകളുടേയും അനന്ദലോലുപന്മാരുടെയും ലക്ഷണമാകുന്നു." 18

ഒരു നേതാവു ഒരിക്കലും ആവശ്യത്തിലധികം ഉപദേശംകൊണ്ടു തന്റെ അനുതാപിയെ മൂടരുതു്, ചോദിക്കുന്നതിനുമാത്രവും ചോദിക്കുന്നിടത്തോളവുമെ ഉത്തരം നൽകാവൂ. നേതൃത്വത്തിന്റെ അഭാവമെന്നതിനെക്കാൾ അതിനേതൃത്വം (Over direction) കൊണ്ടു വഴിതെററിയിട്ടുള്ള ആത്മാക്കൾ നിരവധിയാണ്.

ആത്മാക്കളുടെ ശക്ത്യനുസരണം അവരെ പൂണ്ണതയുടെ മാഗ്ഗത്തിലൂടെ നടത്തണം. കൂടുതൽ ഭക്തിതീക്ഷ്ണതയുള്ളവക്കാണു ധ്യാനം, ആത്മശോധന മുതലായവ ഉപദേശിച്ചു കൊടുക്കേണ്ടതു്. ഏതു ജീവിതാവസ്ഥയിലും പുണ്യപരിപൂണ്ണത പ്രാപിക്കാവുന്നതാണെന്നുള്ളതും സ്മരണിയമാണല്ലൊ. വി. ഫ്രാൻസീസ് സാലെസ്സ് പറയുന്നു. 'ദൈവം ചെടികളോടു അവയുടെ ജാതിയനുസരിച്ചു ഫലം പുറപ്പെടുവിക്കാൻ ആജ്ഞാപിച്ചതുപോലെ സഭ



www.malankaralibrary.com

യാകുന്ന വയലിലെ ചെടികളാകുന്ന ക്രിസ്ത്യാനികളോടു അവരുടെ യോഗ്യതയും ജീവിതാവസ്ഥയുമനുസരിച്ച ഭക്തിയുടെ ഫലം പുറപ്പെടുവിക്കുന്നതിനാജ്ഞാപിക്കുന്നു'.

ആത്മീകോപദേഷ്ടാവിന്റെ പ്രഥമവും പ്രധാനവുമായ കടമ തന്റെ അനുതാപിയിൽ എളിമയെന്ന സുകൃതത്തിന്റെ ബലവത്തായ ഒരടിസ്ഥാനമിടുകയാകുന്നു. ഒരു വൈദികന്റെ ആത്മിക നേതൃത്വം ഒരുവൻ സ്വീകരിക്കുന്നപക്ഷം അദ്ദേഹത്തെ അനുസരിപ്പാനും കടമയുണ്ട്. അനുസരണക്കേടു വന്നാലുടനെ നേതൃത്വം ഒഴിയുകയാണു ഭേദം. ഒരാത്മാവിനെ നൊമ്പരപ്പെടുത്തുന്ന നായകനാണു അതിനു സാക്ഷാൽ നന്മ ചെയ്യുന്നതു്. വി. ത്രേസ്യാ പറയുന്നു. 'എനിക്കു ഒരിക്കൽ ഒരു കുമ്പസാരക്കാരനുണ്ടായിരുന്നു; അദ്ദേഹം എപ്പോഴും എന്നെ ഭയപ്പെടുത്തിയിരുന്നു, എന്നാൽ പുണ്യജീവിതം കഴിക്കുന്നതിനു എന്നെ അധികം സഹായിച്ചിട്ടുള്ളതു ഇദ്ദേഹമാണെന്നാണു എന്റെ അഭിപ്രായം'. 19

ഒരു ആത്മപിതാവിനു വളരെ ക്ഷമ വേണ്ടിയിരിക്കുന്നു; തന്റെ അനുതാപികളുടെ ന്യൂനതകളും അസ്ഥിരതയും അദ്ദേഹത്തെ ക്ഷോഭിപ്പിക്കരുതു്. നാം അവക്കു നൽകിയ ഉപദേശങ്ങളെല്ലാം വിശകായിരുന്നെന്നും നമുക്കു അവരുടെ കാര്യത്തിൽ തെറ്റു പിണഞ്ഞുപോയെന്നും അവർ പറഞ്ഞേക്കും. എന്നാൽ അപ്പോൾ നാം അവക്കുവേണ്ടി പ്രാർത്ഥിക്കുകയൊ മററു വല്ലപ്രകാരത്തിൽ ബുദ്ധിമുട്ടുകയൊ ആയിരിക്കാം.

ഇത്രയും പ്രസ്താവിച്ചതിൽനിന്നു ആദ്ധ്യാത്മിക ഗുരുവും കുമ്പസാരക്കാരനും പര്യായ പദങ്ങളല്ലെന്നു വിശദമാണല്ലൊ. എന്നാൽ രണ്ടുപേരുടേയും കടമകൾ ഒരാൾക്കുതന്നെ പ്രയോജനപ്രദമായ വിധത്തിൽ നിർവഹിക്കാൻ സാധിക്കുമെന്നുള്ളതും സ്മരണീയമാണു്. കുമ്പസാരക്കാരൻ നമ്മെ ദൈവവുമായി രമ്യപ്പെടുത്തുന്നു, എന്നാൽ ആത്മീയ ജീവിതം സംബന്ധിച്ച ഉന്നത കാര്യങ്ങളിൽ അദ്ദേഹത്തിനു പങ്കില്ല. ഒരു സാധാരണ കുമ്പസാരക്കാര (Simple confessor) ന്റെ കടമ വളരെ പരിമിതമാണു; അതു ഒരു ജ്ഞാനോപദേഷ്ടാ (Spiritual adviser) വിന്റെതിൽ



www.malankaralibrary.com

കൂടുതൽ വരുന്നില്ല. എന്നാൽ ആദ്ധ്യാത്മിക പിതാവിന്റെ സ്ഥിതി ഇതല്ല. ഉപരി നാം കണ്ടതുപോലെ അദ്ദേഹം ഒരു വഴികാട്ടിയും, സ്നേഹിതനും പിതാവുമാകുന്നു. അദ്ദേഹത്തിനു തന്റെ അനുതാപിയുടെ അഖില സംരംഭങ്ങളും അറിയേണ്ടയാവശ്യമുണ്ട്.

സ്ക്റമേലി (Scrameli) പറയുന്നു. ആത്മാക്കളെ തെറ്റുകൂടാതെ നടത്തണമെന്നു ഒരു ആത്മിക ഗുരു ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അവരുടെ ഇപ്പൊഴത്തെ അവസ്ഥയും പുണ്യാഭിവൃദ്ധിയും ഗ്രഹിക്കേണ്ടിയിരിക്കുന്നു. ഇതിനായി അദ്ദേഹം ദൈവൈകൃശാസ്ത്രപരമായ ഗ്രന്ഥങ്ങൾ സസൂക്ഷ്മം പഠിക്കണം. അവയിൽ ഏവരേയും അവരവരുടെ അവസ്ഥാനുസരണം നടത്തുന്നതിനുള്ള മൂലതത്വങ്ങൾ കാണാവുന്നതാണ്. ഉപദേശങ്ങൾ കൊടുത്തശേഷം താൻ ഹൃദിസ്ഥമാക്കിയിട്ടുള്ള തത്വങ്ങളനുസരിച്ചാണൊ പ്രവർത്തിച്ചതെന്നു സാവകാശം അദ്ദേഹം വിചിന്തനം ചെയ്യട്ടെ. വല്ല തെററും വന്നുപോയിട്ടുണ്ടെങ്കിൽ മേലിൽ അതു വരാതിരിപ്പാൻ സൂക്ഷിക്കണം. ദൈവത്തിന്റെ പക്കലേയ്ക്കു ആത്മാക്കളെ അടുപ്പിക്കുന്നതിനു പററിയ സുരക്ഷിതവും വിവേകപൂർണ്ണവും പ്രായോഗികവുമായ ഒരു പദ്ധതി ഒരു ആത്മിക ഗുരുവിനു കൈവരുന്നതു ഇപ്രകാരമാണ്. ദൈവത്തോടു ബോധവെളിച്ചത്തിനായി എളിമയോടെ പ്രാർത്ഥിച്ച ശേഷമെ തന്റെ സൂക്ഷത്തിനു ഏൽപ്പിക്കപ്പെട്ടിട്ടുള്ള ആത്മാക്കളുടെ കുമ്പസാരം കേൾക്കുന്നതിനു അദ്ദേഹം തുനിയാവൂ; സംശയം നേരിടുമ്പോൾ വീണ്ടും ദൈവത്തിൻ പക്കലേയ്ക്കു മനസ്സിനെ ഉയർത്തി വെളിച്ചത്തിനായി അപേക്ഷിക്കേണ്ടിയിരിക്കുന്നു. ഏററവും പ്രയാസമുള്ളതും കുഴപ്പം നിറഞ്ഞതുമായ സംഗതികൾ വരുമ്പോൾ ആദ്ദേഹം ദൈവ സമക്ഷം സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു അധികനേരം പ്രാർത്ഥിക്കട്ടെ. [20]

## കുറിപ്പുകൾ.

1 Life. xiii. 26. xxii. 27.
2 Spiritual Exercises. p. 204.
3 ക്രിസ്ത്വാനുകരണം. പു. 3. അദ്ധ്യ. 33
4 The young priest.



www.malankaralibrary.com

5 In, The Living flame.
6 Tobias. xii. 13.
7 Blessed Sacrament; by Faber.
8 John. iii. 8
9 A. Pastoral Theology. p. 186.
9 B. Psl. 35. 9.
10 Growth in holiness. ch: xviii.
11 Praxis of mystic theology; cited in growth in holiness.
12 In the life of Fr. William Doyle.
13 In, Spiritual Exercises. p. 206.
14 In Spiritual Exercises. p. 206.
15 Life by Bacci. p. 380
16 Eucharist and priest. Vol. 42. No. 8. p. 151.
17 Living flame. p. 98.
18 Growth in holiness.
19 Life. ch. 26.
20 Scrameli. Directorium Asceticum. treat 3. art. 1. ch. 4. cited in mirror of priests.

# അദ്ധ്യായം ൰൭.

## അനുസരണം.

"കർത്താവിന്റെ വചനത്തെ അനുസരിക്ക എന്നതിനേക്കാൾ ദഹനബലികളേയും ബലിവസ്തുക്കളേയും താൻ ആഗ്രഹിക്കുന്നുവെന്നോ? എന്തുകൊണ്ടെന്നാൽ അനുസരണ ബലികളെക്കാൾ ഉൽകൃഷ്ടമത്രേ. അനുസരിക്ക എന്നതു മുട്ടാടുകളുടെ കൊഴുപ്പു്‌ിക്കുന്നതിനേക്കാൾ ശ്രേഷ്ഠമാകുന്നു." 1 ദൈവം ശാവോൽ രാജാവിനോടു അമലേക്ക് എന്ന ജാതിയേയും അവരുടെ രാജാവിനേയും ആടുമാടുകളേയും നിശ്ശേഷം നശിപ്പിക്കണമെന്നാജ്ഞാപിച്ചിരുന്നു. എന്നാൽ ശാവോൽ അവരുടെ രാജാവിനേയും ആടുമാടുകളിൽ തടിച്ചവയേയും കൊല്ലാതെ സൂക്ഷിച്ചു. ആകയാൽ ദൈവം കോപിക്കയും സമുവേൽ ദീഘദശിയെ അയച്ചു്, എന്തുകൊണ്ടിവിധം പ്രവൎത്തിച്ചുവെന്നു ചോദ്യം ചെയ്കയുംചെയ്തു. അപ്പോൾ ശാവോൽ ഈ തടിച്ച ആടുമാടുകളെ ദൈവത്തിനു ബലികഴിക്കുന്നതിനു സൂക്ഷിച്ചു നിറുത്തിയിരിക്കയാണെന്നു സമാധാനം പറഞ്ഞു. ആ അ



www.malankaralibrary.com

വസരത്തിൽ സമുവേൽ ദീർഘദർശി നൽകിയ ശാസനയാണു അത്യം ഉദ്ധരിച്ചിട്ടുള്ളതു്. 'അനുസരണ ബലിയേക്കാൾ ശ്രേഷ്ഠമാകുന്നു' എന്ന ഉക്തി ഇന്നൊരു പഴഞ്ചൊല്ലുപോലായിത്തീന്നിട്ടുണ്ടു്.

ആരാധനയുടെ ഒരു വലിയ പ്രവൃത്തിയാകുന്നുബലി, അതു ദൈവത്തിനു സംപ്രീതി നൽകുകയും ചെയ്യുന്നു. ആകയാൽ അനുസരണ എങ്ങിനെയാണു ബലിയെ ഉല്ലംഘിക്കുന്നതെന്നു പ്രഥമദൃഷ്ടിയിൽ വല്ലവരും സംശയിച്ചേയ്ക്കാം. ഇതിനു വി. ഗ്രിഗൊരി തരുന്ന സമാധാനം ഇപ്രകാരമാണു്: "ബലിവഴിയായി മറെറാന്നിൻെറ മാംസം അപ്പിക്കപ്പെടുന്നു, എന്നാൽ അനുസരണവഴിയായി സ്വന്തമനസ്സാണു സമപ്പിക്കപ്പെടുന്നതു്. മനുഷ്യൻെറ മനസ്സു കാളകളേയും ആടുകളേയുംകാൾ ഉൽകൃഷ്ടമായിരിക്കുന്നതുപോലെ അനുസരണ ബലിയേക്കാൾ ശ്രേഷ്ഠമാകുന്നു." വി. ബെണ്ണാർദ്ദു പറയുന്നു: "ദൈവം തൻെറ കൺമുമ്പാകെ മനസ്സിൻെറ നിഗളം കല്പനയെന്ന ഖൾഗത്താൽ വിച്ഛേദിക്കപ്പെടുന്നതു കാണുമ്പോൾ വളരെ വേഗം പ്രസാദിക്കുന്നു. കീഴ്വഴക്കംമൂലം നമ്മുടെ മനസ്സു സകല പരിശുദ്ധതയുടെ ആധാരമായിരിക്കുന്ന ദൈവതിരുമനസ്സിനോടു അനുരൂപപ്പെടുന്നു. അനുസരണമാഗ്ഗേണ അർപ്പിക്കപ്പെടുന്നതു സജീവമായ ബലിയാണു്; എന്തെന്നാൽ അതു നമ്മുടെ മനസ്സാകുന്നു. ഇതരയജ്ഞങ്ങളിൽ അപ്പിതമാവുന്നതു് മൃഗങ്ങളുടെ മൃതമായ മാംസമാകുന്നു". മനുഷ്യൻ മുഴുവനായിട്ടാണു അനുസരണത്തിൽ ദൈവത്തിനു സമപ്പിക്കപ്പെടുന്നതു്. 'ദൈവത്തിനുള്ള ബലികൾ എളിമയുള്ള അരൂപിയാകുന്നു'. [2] ഈ വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ടു വി. ജിറോം ഇപ്രകാരമെഴുതുന്നു: "ഈ ബലിയിൽ മനുഷ്യമനസ്സു ബലിവസ്തുവെന്നോണം ദഹിപ്പിക്കപ്പെടുകയും, മരിക്കയും ചെയ്യുന്നുവെങ്കിലും, ജീവിക്കുന്നു; അങ്ങനെ അതു ഒരേ സമയത്തു സജീവവും മൃതവുമായിരിക്കുന്നു എന്നു പറയാം. അപ്പുകനെ സംബന്ധിച്ചിടത്തോളം മൃതവും ദൈവത്തെസംബന്ധിച്ചിടത്തോളം സജീവവുമായിരിക്കുന്നു." ബെണ്ണാർദ്ദുപുണ്യവാൻ വീണ്ടും പറയുന്നു: "സുകൃതം അനുസരണമാത്രമാണു്, അതു ഇതരസുകൃതങ്ങളെ മനസ്സിൽ അങ്കുരിപ്പിക്കയും അങ്കുരിപ്പിച്ചവയെ കാത്തുസൂ



www.malankaralibrary.com

ക്ഷിക്കയും ചെയ്യുന്നു. മ്ശിഹാ അനുസരണയെ നശിപ്പിക്കാതിരിക്കുന്നതിനു സ്വജീവനെ ഹനിച്ചു, മരണംവരെ-കുരിശുമരണംവരെ- കീഴ്വഴങ്ങി."

നമ്മുടെ മനസ്സിനെ വേറൊരാളുടെ മനസ്സിനു കീഴ്പ്പെടുത്തുക എന്നതു, നമ്മുടെ ശരീരത്തെ ഉപവാസംകൊണ്ടും പ്രായശ്ചിത്ത പ്രവൃത്തികൾകൊണ്ടും ദണ്ഡിപ്പിക്കുന്നതിൽ മെച്ചമാകുന്നു. നമുക്കു സ്വന്തമായി നമ്മുടെ മനസ്സുമാത്രമെയുള്ളുവെന്നും മററുള്ളതെല്ലാം ഇതരരുടെ അധിനതയിലാണെന്നും, അനുസരിക്കുമ്പോൾ ഈ പ്രിയപ്പെട്ട മനസ്സിനെയാണു ദൈവത്തിനു ഹോമിക്കുന്നതെന്നും വി. യോഹന്നാൻ വിയാന്നി പറയുന്നു.

ആദത്തിൻെറ പാപത്തിൻെറ കാഠിന്യം തിന്ന കനിയുടെ ക്ലിഷ്ടതയിലല്ല അടങ്ങിയിരിക്കുന്നതു്, ആ കനിയും പ്രകൃത്യാ നല്ലതായിരുന്നു. എന്നാൽ 'തിന്നരുതു്' എന്ന ദൈവത്തിൻെറ ശാസനയ്ക്കെതിരായി ആദം പ്രവത്തിക്കയാൽ കനിയുടെ അശനം ഒരു ഭയങ്കരപാപമായി പരിണമിച്ചു. നരകുലമത്രയും തൽപ്രവൃത്തിമൂലം അധഃപതിച്ചു; മ്ശിഹായുടെ അനുസരണയ്ക്കു മാത്രമെ അതിനെ ഈ നികൃഷ്ടാവസ്ഥയിൽനിന്നു ഉന്നമിപ്പിക്കാൻ കഴിഞ്ഞുള്ളു. ആകയാൽ വി. പൌലോസ് പറയുന്നു: "ഒരു മനുഷ്യൻെറ അനുസരണക്കേടു നിമിത്തം വളരെപ്പേർ പാപികളായി ചമഞ്ഞതുപോലെതന്നെ ഒരാളുടെ അനുസരണനിമിത്തം വളരെപ്പേർ നീതിമാന്മാരായി സ്ഥാപിക്കപ്പെട്ടു." 3

മനുഷ്യനു കീഴ്വഴക്കം സ്വഭാവത: രുചികരമല്ല. മനുഷ്യൻ സ്വാഭീഷ്ടത്തെ സാധിക്കുന്നതിനു പണിപ്പെടുന്നു, തന്നിമിത്തം പരനു കീഴ്പ്പെടുക അവനു വിഷമകരമാണു്. അനുസരണ ആത്മാവിൻെറ ശവക്കുടിരമാണെന്നു ഒരു മഹാത്മാവു പറഞ്ഞിരിക്കുന്നു; നമ്മുടെ സ്വന്തമനസ്സു അനുവത്തനംമൂലം ഒരു വിധത്തിൽ കുഴിച്ചിടപ്പെടുകയാണു ചെയ്യുന്നതു്.

"കീഴ്വഴക്കമുള്ള മനുഷ്യൻ വിജയത്തെക്കുറിച്ചു സംസാരിക്കും" 4 അവനു പലേ സംഗതികളിലും വിജയം കൈവരാതിരിക്കയില്ല, എന്തുകൊണ്ടെന്നാൽ ദൈവത്തിലാണു അവൻെറ ആശ്രയമെല്ലാം.



www.malankaralibrary.com

വി. ജിറോം പറയുന്നു: 'ഓ! അനുസരണം എത്ര ഭാഗ്യകരം! അതു സകല പുണ്യങ്ങളുടേയും ഒരു പേടകമാകുന്നു, എന്തുകൊണ്ടെന്നാൽ അതു നമ്മെ ഈശോമ്ശിഹായുടെ പക്കലേയ്ക്കു നേരിട്ട് അടുപ്പിക്കുന്നു. അതു ചൂണ്ടിക്കാണിക്കുന്ന വഴിയെ നാം ഗമിക്കുന്നതായാൽ വളരെ വേഗം പരിപൂർണ്ണ മനുഷ്യർ നാം ആകാതിരിക്കയില്ല.' വി. ബർണ്ണാർദ്ദ് കീഴ്വഴക്കമുള്ള മനുഷ്യനെ വർണ്ണിക്കുന്നതിപ്രകാരമാണ്; 'അവൻ ജോലി നാളത്തേയ്ക്കു മാററിവയ്ക്കുന്നില്ല, എല്ലാ ആവലാതികളുടെയും ഒരു ശത്രുവാകുന്നു അവൻ. ആജ്ഞയുടെ ഏററവും നിസ്സാരമായ അടയാളത്തിനുപോലും അവൻെറ കണ്ണുകളും ചെവികളും തുറക്കപ്പെട്ടിരിക്കുന്നു. അവൻ കല്പിക്കപ്പെട്ടതു ചെയ്യുന്നു, ആജ്ഞാപിക്കുന്നിടത്തു പോകുന്നു, ഏതു കല്പനയും സ്വീകരിക്കുന്നതിനും നിർവഹിക്കുന്നതിനും സന്നദ്ധനുമാകുന്നു.'

അനുരോധനത്തിൻെറ ഒരു വലിയ മാതൃകയാകുന്നു പൂർവ്വപിതാവായ അബ്രാഹം; തൻെറ ഏക ജാതനായ ഇസഹാക്കിനെ ബലികഴിക്കുന്നതിനു ദൈവം അജ്ഞാപിച്ചപ്പോൾ അദ്ദേഹം യാതൊരു മടിയുംകൂടാതെ സ്വപുത്രനേയുംകൊണ്ടു നിശ്ചിതസ്ഥലത്തേയ്ക്കു പുറപ്പെട്ടു. മാംസരക്തങ്ങൾക്കു അതീവഭീകരമായ ഈ കൃത്യം അബ്രാഹത്തിനെ കീഴ്വഴക്കത്തിൽനിന്നു അണുപോലും വ്യതിചലിപ്പിക്കുന്നില്ല. ദൈവം കല്പിച്ചു, എന്ന ഏക സംഗതി മറെറല്ലാ ഒഴികഴിവുകളേയും പുറം തള്ളുന്നു. ദൈവം അബ്രാഹത്തിൻെറ അനുസരണത്തിനു സമ്മാനം നൽകുകയും ചെയ്തു.

നാം എപ്പോഴും ദൈവത്തെയാണു നമ്മുടെ മേലധികാരികളിൽ ദർശിക്കേണ്ടതു്. അധികാരമെല്ലാം ദൈവത്തിൽ നിന്നാണല്ലോ. ദിവ്യരക്ഷകൻ പറയുന്നു: "നിങ്ങളെ കേൾക്കുന്നവൻ എന്നെ കേൾക്കുന്നു, നിങ്ങളെ നിരസിക്കുന്നവൻ എന്നെ നിരസിക്കുന്നു, എന്നെ നിരസിക്കുന്നവൻ എന്നെ അയച്ചവനെ നിരസിക്കുന്നു." 5 അതെ! ന്യായമായ അധികാരികളെ അനുസരിക്കുന്നവൻ ദൈവത്തെയാകുന്നു അനുസരിക്കുന്നതു, അതുപോലെ അവരെ തിരസ്കരിക്കുന്നവൻ ദൈവത്തേയും തിരസ്കരിക്കുന്നു.



www.malankaralibrary.com

ഒരു അധികാരിയുടെ നൈസർഗ്ഗികമായ ഗുണങ്ങളേയൊ യോഗ്യതകളേയൊ നോക്കിയല്ല നാം കീഴ്വഴങ്ങേണ്ടത്. ചില ആളുകൾ അവക്കിഷ്ടവും പ്രിയവുമുള്ള അധികാരികൾക്ക താല്പര്യപൂർവ്വം കീഴ്വഴങ്ങുന്നു, എന്നാൽ തങ്ങൾക്ക കണ്ണിൽ പിടിക്കാത്തവർ വരുമ്പോൾ നിയമലംഘനത്തിനു മടിക്കുന്നില്ല. ഇതു ദൈവത്തെപ്രതിയുള്ള അനുസരണയുടെ ലക്ഷണമല്ല, തന്മൂലം ദൈവസമക്ഷം അതിനു പ്രതിഫലവുമില്ല. ദുഷ്ടന്മാരായ യജമാനന്മാക്കുപോലും കീഴ്വഴങ്ങണമെന്നാണല്ലൊ വി. പത്രോസ് ഉപദേശിക്കുന്നത് [6] പുറജാതിയും അഹംഭാവിയുമായ അഗസ്റ്റോസ് സിസ്സറിൻെറ കല്പനയനുസരിച്ചു പരിശുദ്ധ മറിയവും വി. യൌസേപ്പും ബേതിലഹത്തിനു പോയില്ലയോ? മ്ശിഹായെ അന്വേഷിച്ചു പുറപ്പെട്ട മൂന്നു രാജാക്കന്മാർ യേറുശലത്തിൽ എത്തിയപ്പോൾ അവക്കു ഉണ്ണിഈശോ പിറന്നു കിടക്കുന്നസ്ഥലം ചൂണ്ടിക്കാണിച്ചു കൊടുത്തതു ഹേറോദേസായിരുന്നു. ഈ ഹേറോദേസ് ആരായിരുന്നു? അവൻ മഹാ ദുഷ്ടനും വഞ്ചകനുമല്ലായിരുന്നോ? എന്നാൽ അവൻ യൂദയായിലെ ന്യായമായ അധികാരിയായിരുന്നതിനാൽ അവൻെറ നിർദ്ദേശം മൂന്നു രാജാക്കന്മാരെ ഉദ്ദിഷ്ടസ്ഥലത്തെത്തിച്ചു. മേലധികാരികളിൽ ന്യൂനതയും തെറ്റുകളുമുണ്ടെന്നുവച്ചു അവരുടെ നേതൃത്വം നമ്മെ വഴിപിഴപ്പിക്കുമെന്നു വിചാരിക്കണ്ട.

പുരോഹിതൻ അനുസരണയുടെ ഒരു മനുഷ്യനാകുന്നു. വൈദികസ്ഥാനത്തിലേയ്ക്കുയർത്തപ്പെട്ട ആ മഹാദിനത്തിൽ മെത്രാൻ തൻെറ സ്ഥാനചിഹ്നമായ വടിയും മുടിയും ധരിച്ചു എന്താണു നമ്മോടാവശ്യപ്പെട്ടത്? തൻെറ ഹസ്തങ്ങളിൽ നമ്മുടെ ഹസ്തങ്ങളെ വച്ചു ഇപ്രകാരമല്ലയൊ ചോദിച്ചത്. 'എനിക്കും എൻെറ പിൻഗാമികൾക്കും ബഹുമാനവും അനുസരണയും നീ വാഗ്ദാനം ചെയ്യുന്നുവോ? യാതൊരു വളച്ചുകെട്ടുംകൂടാതെ ഇതിനു "ഞാൻ വാഗ്ദാനം ചെയ്യുന്നു" എന്നു നാം ഉത്തരിച്ചു. ആകയാൽ മെത്രാനെ ബഹുമാനിക്കുന്നതിനും അനുസരിക്കുന്നതിനും ഒരു വൈദികനു മനഃസാക്ഷിയിൽ കടമയുണ്ട്. ഇനിമേൽ സ്വന്ത ഇഷ്ടാനുസരണം ജോലികൾ തിരഞ്ഞെടുക്കുന്നതിനൊ ഉപേക്ഷിക്കുന്നതിനൊ അദ്ദേഹത്തിനു പാടില്ല.



www.malankaralibrary.com

പരിശുദ്ധപിതാവ് സഭയെ ഒരു സൈന്യത്തോടാണു തുലനം ചെയ്യുന്നത്. സൈന്യത്തിനു ക്രമവും ബലവും നൽകുന്നതു അനുസരണയാകുന്നു. ഒരു വൈദികൻെറ കീഴുള്ള അനേകം വിശ്വാസികളുടെ കൂട്ടമാകുന്നു ഇടവക. ഒരു മെത്രാൻെറ കീഴുള്ള അനേകം ഇടവകകളുടെ സമൂഹമാകുന്നു രൂപത. ഈശോമ്ശിഹായുടെ പ്രതിനിധിയായ മാർപ്പാപ്പായുടെ കീഴുള്ള രൂപതകളുടെ എല്ലാം സമൂഹമത്രെ തിരുസഭ. പരസ്പരസംബന്ധമായ ഈ അധികാരമാണു സഭയ്ക്കു ഓജസ്സും ഗാംഭീര്യവും ശക്തിയും നൽകുന്നകുന്നത്. പരിശുദ്ധപിതാവായ മാർപ്പാപ്പായ്ക്കു മെത്രാന്മാരും മെത്രാന്മാർക്കു പട്ടക്കാരും, പട്ടക്കാർക്കു വിശ്വാസികളും ഭക്തിബഹുമാനപുരസ്സരം കീഴ്പ്പെടുമ്പോൾ 'തിരുസഭ' പാട്ടുകളുടെ പാട്ടിൽ പറഞ്ഞിരിക്കുന്ന 'യുദ്ധത്തിനു അണിനിരന്ന സൈന്യംപോലെ ഭയങ്കര' മായി ഭവിക്കുന്നു. 7

പൌരോഹിത്യത്തെപ്പററിയുള്ള തിരുവെഴുത്തിൽ പതിനൊന്നാം പിയൂസ് മാർപ്പാപ്പാ അനുസരണയെപ്പററി പറഞ്ഞിരിക്കുന്നതിപ്രകാരമാണ്. "കത്തോലിക്ക പുരോഹിതഗണം സ്വപ്രകൃത്യാ പ്രവൃത്ത്യുന്മുഖവും ധൈര്യയുക്തവുമായ ഒരു സൈന്യമാകകൊണ്ട് അവർ ശിക്ഷണബോധമുള്ളവരായിരിക്കണം; ക്രിസ്തീയ ഭാഷയിൽ പറഞ്ഞാൽ, അവർ അനുസരണയുള്ളവരായിരിക്കണം. സകല പദവികളിലുമുള്ള പുരോഹിതരെയെല്ലാം തിരുസഭയിലെ വൈദികാദ്ധ്യക്ഷ സംഘത്തോടു ചേർത്തു ഏകീകരിക്കുന്നത് അനുസരണയാകുന്നു.

പട്ടസ്ഥാനാർത്ഥികൾക്കു നൽകുന്ന പ്രബോധനത്തിൽ മെത്രാൻ ഇപ്രകാരം പറയുന്നു. 'മനോഹരമായ ഒരു വൈവിധ്യത്തോടുകൂടിയാണ് തിരുസഭ വർദ്ധിക്കുകയും അലങ്കരിക്കപ്പെടുകയും ഭരിക്കപ്പെടുകയും ചെയ്യുന്നത്. എന്തുകൊണ്ടെന്നാൽ അവരുടെ ഗണത്തിൽ ചില പുരോഹിതന്മാർ മെത്രാൻപട്ടം സ്വീകരിച്ചിട്ടുള്ളവരും, മററു പുരോഹിതന്മാർ അതിനേക്കാൾ താഴ്ന്ന പദവിയിലുള്ളവരുമാണ്; ഇങ്ങനെ വിവിധ സ്ഥാനങ്ങളിലുള്ള അനേകമംഗങ്ങൾ ഒരുമിച്ചുകൂടിയാണ് മ്ശിഹായുടെ ഏക ശരീരം



www.malankaralibrary.com

രൂപവൽകൃതമാകുന്നത്.” പട്ടം സ്വീകരിച്ചു കഴിഞ്ഞയുടനെ, തിരുതൈലം കരങ്ങളിൽ പുരട്ടിയതു തുടച്ചുകളയുന്നതിനു മുമ്പായിത്തന്നെ, പുരോഹിതന്മാർ മെത്രാനോടു ഈ അനുസരണ വാഗ്ദാനം ചെയ്യിട്ടുള്ളതാണ്. അതുപോലെതന്നെ മെത്രാനും, ആ പട്ടം സ്വീകരിക്കുന്നയവസരത്തിൽ, തിരുസഭയുടെ പരമാദ്ധ്യക്ഷനും വിശുദ്ധ പത്രോസിന്റെ പിൻഗാമിയും ഈശോമ്ശിഹായുടെ വികാരിയുമായ മാർപ്പാപ്പായോടും അനുസരണം വാഗ്ദാനം ചെയ്തിട്ടുള്ളതാണ്. അതിനാൽ വൈദിക സംഘത്തിലെ വിവിധസ്ഥാനികളായ അംഗങ്ങളെ പരസ്പരവും അവരെല്ലാവരെയും പരമാദ്ധ്യക്ഷനോടും പൂർവ്വാധികം ഗാഢമായി ബന്ധിക്കുന്നതിനു അനുസരണ നിദാനമാകട്ടെ; അങ്ങനെ, അതു സമരോത്സുകതയായ തിരുസഭയെ ദൈവ വിദ്വേഷികളുടെ ദൃഷ്ടിയിൽ “അണിനിരത്തിയ സൈന്യമെന്നപോലെ” യഥാർത്ഥത്തിൽ ഭയങ്കരമായ എതിരാളിയാക്കിത്തീർക്കട്ടെ. ഭക്തിതീക്ഷ്ണത അതിർകവിഞ്ഞിരിക്കുന്നിടത്ത് അതിനെ ശരിപ്പെടുത്തുന്നതിനും, ബലഹീനതയും മാന്ദ്യവുമുള്ളടത്തു ഉത്തേജനം നൽകുന്നതിനും അനുസരണ കാരണമാകട്ടെ. ഓരോരുത്തർക്കും അവരവരുടെ സ്ഥാനവും ഉദ്യോഗവും ഇന്നതെന്നു അതു നിർദ്ദേശിച്ചു കൊടുക്കുകയും, അവർ ആ നിർദ്ദേശങ്ങളെ വിരോധം പ്രദർശിപ്പിക്കാതെ സ്വീകരിക്കുകയും ചെയ്യട്ടെ. അല്ലാത്തപക്ഷം തിരുസഭ ലോകത്തിൽ ചെയ്യുന്ന മഹനീയമായ വേല പരിതാപകരമായ വിധം തടസ്സപ്പെടും.

തങ്ങളുടെ വൈദികാദ്ധ്യക്ഷന്മാർ ഏർപ്പെടുത്തുന്ന ചട്ടവട്ടങ്ങളെ, സകലരുടെയും അനുസരണയെ അർഹിക്കുന്ന ഏക പരമാദ്ധ്യക്ഷന്റെ— നമുക്കുവേണ്ടി “മരണത്തോളം കുരിശുമരണത്തോളം തന്നെയും, അനുസരണയുള്ളവനായിരുന്ന” ഈശോമ്ശിഹായുടെ— ചട്ടവട്ടങ്ങളായി ഓരോരുത്തരും ഗണിക്കട്ടെ.

കർദ്ദിനാൾ മാനിംഗ് പറയുന്നു: “വൈദികൻ നിത്യപിതാവായ സർവ്വേശ്വരനെ പുത്രനെന്നോണവും പുത്രനെ പുരോഹിതനെന്നോണവും റൂഹാദക്കുദിശായെ ശിഷ്യനെന്നോണവും തിരുസഭയെ സ്വന്തം അമ്മയെന്നോണവും, മെത്രാനെ ഇവരെല്ലാവരു

ടെയും ദൃശ്യനായ പ്രതിനിധിയെന്നോണവും അനുസരിക്കണം."
ഒരു വൈദികൻ തൻെറ മെത്രാനെ അനുസരിക്കുമ്പോൾ അദ്ദേഹത്തിൻെറ ബഹുമതി കൂട്ടുകയല്ലാതെ കുറയുന്നില്ല. ചെറുതൊ വലുതൊ ആയ ഏതു കാൎയ്യത്തിലായാലും അനുവൎത്തനം മനസ്സിൻെറ അത്യുൽകൃഷ്ടമായ കൎമ്മമാകുന്നു. കല്പനയിൽ വിവേകം പ്രവൎത്തിക്കുക എന്നതു മെത്രാൻേറതാകുന്നു, വൈദികൻെറ കടമ അനുസരിക്കുക മാത്രമത്രെ.

മേലധികാരികളിൽ കുററം കണ്ടുപിടിക്കയും അവരുടെ ഭരണത്തെ വിമൎശിക്കയും ചെയ്യുക, ലോകസാധാരണമാണ്. ഇതിനു മനുഷ്യജാതിയോളം തന്നെ പഴക്കമുണ്ട്. ദൈവം ഓരോരുത്തക്കും അവരവരുടെ സ്ഥിതിയനുസരിച്ചുള്ള ഇഷ്ടപ്രസാദം നൽകുന്നുണ്ടെന്നോൎക്കണം. ഭരണകൎത്താക്കന്മാൎക്കാണ് അല്ലാതെ ഭരണീയൎക്കല്ല, ഭരിക്കുന്നതിനുള്ള വരം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നതു്. ചിലപ്പോൾ അധികാരികൾക്കു വലിയ തിന്മയെ തടയുന്നതിനു ചെറിയ തിന്മ തിരഞ്ഞെടുക്കേണ്ടതായിവരും. ഒരു ഗ്രന്ഥകാരൻ പറയുന്നു. 'മറുതലിക്കുന്നവരും പിറുപിറുക്കുന്നവരും ദോഷൈകദൃക്കുകളും ആവലാതി പറയുന്നവരും എവിടെയും കാണും. അവർ ഒരുത്തരേയും അവരുടെ ആക്രമണത്തിൽനിന്നു ഒഴിവാക്കുന്നില്ല. തങ്ങളുടെ സഹോദര വൈദികരെ കുററം പറയുന്നവരെപ്പോലെ ആരും കുററപ്പെടുത്തപ്പെടുന്നില്ല, മേലധികാരികളെ നിന്ദിക്കുന്നവരെപ്പോലെ ആരും നിന്ദിക്കപ്പെടുന്നില്ല. കുററംപറയുന്ന പതിവു ഒരു വൈദികനിൽ ദൈവഭക്തിയില്ലെന്നുള്ളതിനു തെളിവാകുന്നു.'

കാൾ ആഡം (Karl Adam) പറയുന്നു. "സൂൎയ്യനിലുള്ള കറുത്ത രേഖകൾമൂലം വല്ലവരും അതിൻെറ പ്രകാശത്തെ നിരാകരിക്കുമോ. മഹാന്മാരായ മാർപാപ്പാമാർ ആദ്ധ്യാത്മികമായി വളരെ പ്രബുദ്ധതയുള്ള മെത്രാന്മാർ, അസാധാരണ ശുഷ്കാന്തിയുള്ള പട്ടക്കാർ, ഭക്തിയുള്ള അൽമേനികൾ, ഇവർ അപവാദമാണു സൎവ്വസാധാരണമല്ലെന്നറിഞ്ഞാലും."

സങ്കുചിതമായ മനഃസ്ഥിതിയോടെയല്ല, ഒരു വൈദികമേലദ്ധ്യക്ഷൻെറ പ്രവൃത്തികളെ നാം വീക്ഷിക്കേണ്ടതു്. കേവലം



www.malankaralibrary.com

ഒരു വ്യക്തിയുടെ മാനദണ്ഡം വച്ചുകൊണ്ടു ഒരു സമുദായ നേതാവിന്റെ പ്രവൃത്തികളെ അളക്കുന്നതു യുക്തമല്ല. ഒരു സംഗതിയെ അതിന്റെ എല്ലാ വശത്തുനിന്നും കാണുന്നതിനു ഒരു ഉന്നതസ്ഥാനിക്കെ സാധിക്കൂ. പല നല്ല കാര്യങ്ങളെ ഒരൊററ വേനാപ്രയോഗംകൊണ്ടു നിവ്വഹിക്കുന്നതിനു ഒരു മേലദ്ധ്യക്ഷനു സാധിക്കയില്ലെ എന്നു ചോദിക്കുന്ന ഹ്രസ്വബുദ്ധികൾ ഉണ്ട്. ചെയ്യപ്പെടാൻ പാടുള്ള നല്ല കാര്യങ്ങൾ ലോകത്തിൽ എവിടെയും അനവധിയുണ്ടായിരിക്കും. എന്നാൽ എല്ലാ സൽകാര്യങ്ങളെയും ഉടനടി ചെയ്വാൻ പാടില്ല; കാരണം സാഹചര്യങ്ങളുടെ വൈവിധ്യംതന്നെ. ചുററുപാടുകളുടെ നേക്കു നയനങ്ങളെ അടച്ചുകൊണ്ടു ഒരുത്തക്കും പ്രവത്തിപ്പാൻ കഴിയുന്നതല്ല. ഒരു വൈദികൻ തന്റെ സന്തോഷത്തിലും ദുഃഖത്തിലും ഉയർച്ചയിലും താഴ്ചയിലും മെത്രാനോടുകൂടി നിൽക്കണം. ഒരു മെത്രാനു ഏററവും നല്ല ആളിനെ ഏററവും നല്ല സ്ഥലത്തു ആയയ്ക്കുവാൻ കഴിയുന്നതല്ല, എന്നു മററു പലരോടുകൂടി ഗിബൺസും പറയുന്നുണ്ട്. സവ്വസൈന്യാധിപൻ വളരെ അപകടമുള്ളേടത്താണല്ലൊ അതിസമത്ഥന്മാരായ സേനാനായകന്മാരെ അയക്കുന്നതു്.

കാര്യസാദ്ധ്യത്തിനായി മേലധികാരികളെ അതിസ്തുതി ചെയ്യുന്നതിൽ അനുസരണയോ ബഹുമാനമൊ ഇല്ല. ഒരു സെമ്മിനാരി റെക്ടർ തന്റെ ശിഷ്യഗണങ്ങളോടു ഇങ്ങനെ ഗുണദോഷിക്കുക പതിവായിരുന്നു. 'Episcopo reverentia non adulatio.' (മെത്രാനെ ബഹുമാനിക്കുക എന്നാൽ മുഖസ്തുതി ചെയ്യരുതു്.)

തന്റെ മെത്രാനുമായുള്ള ഇടപാടിൽ ഒരു വൈദികനു ചിലപ്പോൾ തിക്തകപാനീയം അതിന്റെ മട്ടുവരെ കുടിക്കേണ്ടതായി വന്നേക്കും. അപ്രകാരമുള്ള അവസരങ്ങളിൽ പെട്ടെന്നു നാം യാതൊന്നും പ്രവത്തിക്കരുതു്. സ്വഭാവത്തിന്റെ തള്ളൽ, അതിന്റെ ഭാഗം അഭിനയിച്ചശേഷം സ്വസ്ഥത പ്രാപിച്ചുകൊള്ളും. ഏവംവിധമുള്ള വിഷമഘട്ടങ്ങളിൽ പ്രാത്ഥനയാണു നമുക്കു ബോധവെളിച്ചം നൽകേണ്ടതു്. മെത്രാസന കച്ചേരിയിലേയ്ക്കു തിടുക്കത്തിൽ എഴുതിയതിനെപ്പററി പരിതപിക്കേണ്ടതായി വന്നിട്ടുള്ള



www.malankaralibrary.com

വർ വളരുണ്ട്. Littera scripta manent. (എഴുതിയ എഴുത്തു മാഞ്ഞു പോകയില്ല) എന്നതു വിശിഷ്യ സ്മർത്തവ്യമാണ്.

ഒരു വൈദികൻ തന്റെ ഇടവകയിൽ പ്രധാനമായി വല്ലതും ചെയ്യുമ്പോഴൊക്കെ മെത്രാനോടുപദേശം ചോദിക്കേണ്ടതാണ്. ഇപ്രകാരം വർത്തിക്കുന്നതുകൊണ്ടു വിവേകപൂർണ്ണമായ ആലോചനകൾ മാത്രമല്ല, അനുസരണത്തിന്റെ അനുഗ്രഹങ്ങൾകൂടി ലഭിക്കുന്നു.

കർദ്ദിനാൾ വോൺ പറയുന്നു: "തിരുസഭയുടെ അവകാശത്തേയും വിവേകത്തേയും ചർച്ചചെയ്കയും, അതിന്റെ അധികാരത്തോടു മറുതലിക്കയും, എപ്പോഴും മാററത്തിനായി മുറവിളി കൂട്ടുകയും ജപാലയ (Synagoge) ത്തിൽ പരിശന്മാരെന്നോണം പ്രഥമസ്ഥാനത്തിനു സദാപി ബഹളം കൂട്ടുകയും ചെയ്യുന്ന ചില അസ്വസ്ഥബുദ്ധികളെപ്പോലെ നാം ഒരിക്കലും ആകരുത്."

ഒഡോനൽ പറയുന്നു: "മാറുന്നതിനു തക്കതായ കാരണമുള്ളപ്പോൾ വിവരം മെത്രാനെ ബോധിപ്പിക്കയും അദ്ദേഹത്തിന്റെ തിരുമാനമനുസരിച്ചു നാം സസന്തോഷം പ്രവർത്തിക്കയും ചെയ്യണം. എന്നാൽ നമ്മുടെ ഹിതത്തിനു വിരുദ്ധമായി ഒരു പള്ളിയിൽനിന്നു മറെറാരു പള്ളിയിലേയ്ക്കു അദ്ദേഹം നമ്മെ മാററുകയാണെങ്കിൽ കുഴപ്പങ്ങളൊന്നും കൂടാതെ സമാധാനത്തിൽ പോകുകയാണു വേണ്ടതു്. കിട്ടിയ ജോലി ഏററവും താണതുതന്നെയായിരുന്നാലും ശുഷ്കാന്തിയോടെ അതു നിർവഹിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരം താഴ്ന്ന പദവിയിൽ അവലാതികൂടാതെ കഴിച്ചുകൂട്ടുമ്പോഴാണു ജീവിതത്തിന്റെ മാഹാത്മ്യം വർദ്ധിപ്പിക്കുന്ന പരിത്യാഗം, എളിമ, ക്ഷമ മുതലായ സുകൃതങ്ങൾ നമുക്കുണ്ടാകുന്നതു്. പ്രസംഗപീഠത്തിലും കുമ്പസാരക്കൂട്ടിലും എപ്പോഴും നാം ഇവ പ്രഘോഷണം ചെയ്യുന്നുണ്ടല്ലൊ." 8

ഒഴികഴിവുകൾ പറയാതെ അനുസരിക്കുന്ന പട്ടക്കാരനു ഹൃദയസമാധാനം കൈവരുന്നു. എന്തുകൊണ്ടെന്നാൽ ദൈവഹിതമാണു താൻ നിറവേററുന്നതെന്നു അദ്ദേഹത്തിനുറപ്പുണ്ടു്. ദൈവം എവിടെ, ഏതു ജോലി നാം ചെയ്യണമെന്നാഗ്രഹിക്ക



www.malankaralibrary.com

ന്നുവോ, അവിടെ ആയിരിക്കുകയാകുന്നു നമുക്കു ഏററവും നല്ലതും പ്രയോജനകരവും. ദൈവം നമ്മോടു നേരിട്ടു കല്പിക്കുന്നില്ല, തിരുസഭയിലെ അധികാരികൾ മാർഗ്ഗേണയാണു തൻെറ അഗ്രഹം വെളിപ്പെടുത്തുന്നതു്. ആകയാൽ അനുസരണശീലമുള്ള പുരോഹിതനു താൻ ദൈവത്തിൻെറ മനസ്സു നിറവേററുന്നു എന്നു ഉറപ്പായി വിശ്വസിപ്പാൻ പാടുണ്ട്. ദൈവത്തിൻെറ സ്തുതിക്കും ആത്മാക്കളുടെ രക്ഷയ്ക്കുമായിട്ടു വേലചെയ്യുന്നതിനു ഒരു സ്ഥലം അവനു ലഭിച്ചിരിക്കുന്നു. ഈ വയലാണു അവൻ കൃഷിചെയ്യേണ്ടതു; ഈ വേലയാണു തുടരേണ്ടതു്; വളരെ പ്രതിരോധങ്ങൾ സഹിപ്പാനുണ്ടായിരിക്കാം; എന്നാൽ ദൈവം തന്നെ സഹായിക്കുമെന്നു കീഴ്‌വഴങ്ങിയവനു ഉറച്ചിരിക്കാവുന്നതാകുന്നു. ദൈവം വേലയല്ലാതെ ഫലം നമ്മിൽനിന്നു ആവശ്യപ്പെടുന്നില്ല; ഫലം അവിടുന്നു തക്കസമയത്തു പുറപ്പെടുവിച്ചുകൊള്ളും. ദൈവത്തിനു അബ്രാഹത്തിൻെറ മനഃസ്ഥിതി അറിയണമെന്നല്ലാതെ പുത്രബലി വേണമെന്നുദ്ദേശമില്ലായിരുന്നു. ഒരു പട്ടക്കാരൻ അനുസരിക്കുമ്പോൾ ദൈവം അദ്ദേഹത്തിൻെറ പ്രവൃത്തികളുടെ ഉത്തരവാദിത്വം ഏൽക്കുകയാണു ചെയ്യുന്നതു്. ഈ വിചാരം ആക്കാണു മനസ്സമാധാനം നൽകാത്തതു്: നേരെമറിച്ചു ഒരു പട്ടക്കാരനു ഇപ്പോൾ ലഭിച്ചിരിക്കുന്ന ഉദ്യോഗം തൻെറ തന്ത്രങ്ങളുടെ ഫലമാണെന്നോക്കുമ്പോൾ എന്തു മനക്കലക്കമാണുണ്ടാവുക എന്നു വന്ദ്യനായ ഒരു ഗ്രന്ഥകാരൻ ചോദിക്കുന്നു. ഇവിടെ ദൈവാനുഗ്രഹത്തിനു വഴിയില്ല, ദൈവാനുഗ്രഹംകൂടാതെ നമ്മുടെ പ്രവൃത്തികൾ ശുഷ്കങ്ങളെ ആയിരിക്കുകയുള്ളല്ലൊ.

അനുസരണ നമ്മുടെ ജീവിതത്തെ പരിശുദ്ധമാക്കുന്നു. നിഷിദ്ധമായ എന്തെങ്കിലും ചെയ്തു സ്വാഭീഷ്ടത്തെ തൃപ്തിപ്പെടുത്തുന്നതിലാണല്ലൊ പാപമടങ്ങിയിരിക്കുന്നതു്. ആകയാൽ വി. ബെൺനാർദ്ദു പറയുന്നു: 'സ്വന്തം മനസ്സിനെ എടുത്തുകളയുന്നപക്ഷം നരകമുണ്ടായിരിക്കുന്നതല്ല.' ഇതേ പുണ്യവാൻതന്നെ വേറൊരിടത്തു ഇപ്രകാരം പറഞ്ഞിരിക്കുന്നു: "ഒന്നിൻെറ സ്ഥാനത്തു നൂറു അധികാരികൾ എനിക്കുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു;



www.malankaralibrary.com

ഇതിൽ ഒരു തുണയല്ലാതെ ഉപദ്രവം ഞാൻ കാണുന്നില്ല. എത്രസ്സു ഞാൻ പരാശ്രിതനോ അത്രസ്സു എൻെറ ഉത്തരവാദിത്വം കുറയുന്നു." അധികാരം നമ്മെ ബന്ധിക്കുന്ന ഒരു ചങ്ങലയല്ല, പ്രത്യുത നമ്മെ സംരക്ഷിക്കുന്ന ഒരു കോട്ടയാകുന്നു. കീഴ്വഴങ്ങുക, കല്പിക്കുന്നതിലും മനോഹരമാകുന്നു എന്നു വി. ശവരിയാർ പറയുന്നു. അധികാരപ്രയോഗത്തിൽ പാപം കടന്നുകൂടിയേക്കാം, എന്നാൽ ദൈവത്തെപ്രതി അനുസരിക്കുന്നതിൽ ഒരിക്കലും പാപമുണ്ടാവുന്നതല്ല. "കല്പിക്കുന്നവനു തെററു പററാൻപാടുണ്ടു, എന്നാൽ കീഴ്വഴങ്ങുന്നവനു ഒരിക്കലും തെററുവരികയില്ല" എന്ന ത്രേസ്യാ പുണ്യവതിയുടെ വാക്കുകൾ സുപ്രസിദ്ധങ്ങളാണല്ലൊ.

അനുസരണയോടുകൂടി ജീവിച്ച ആത്മാവിനു ഒടുവിലത്തെ ദിവസത്തിൽ വിധികർത്താവായ ക്രിസ്തുവിൻെറ സമക്ഷം ഇങ്ങനെ സമാധാനം പറവാൻ പാടുണ്ട്. 'അല്ലയോ നാഥ! എൻെറ അധികാരികൾ വഴിയായി പ്രവർത്തിക്കുന്നതു അങ്ങ് തന്നെയാണെന്നും അവരെ കേൾക്കുമ്പോൾ അങ്ങയെ കേൾക്കുന്നുവെന്നും, അങ്ങ് എന്നെ പഠിപ്പിച്ചിട്ടുണ്ടായിരുന്നല്ലൊ. ആകയാൽ അവരുടെ ആഗ്രഹത്തിനെതിരായി പ്രവർത്തിക്കുന്നതിനു ഒരിക്കലും ഞാൻ തുനിഞ്ഞിട്ടില്ല.' വി. അഗുസ്തീനോസ്സ് പറയുന്നു: 'ആത്മാവിനു കീഴ്വഴക്കംപോലെ യോജിച്ചതു മറെറാന്നുമില്ല'.

അനുസരണ നമ്മുടെ പ്രവൃത്തികൾക്കു ഫലം തരുന്നു. ഇതിനൊരുദാഹരണം സുവിശേഷത്തിൽ കാണുന്നുണ്ട്. ശിഷ്യന്മാർ മത്സ്യം പിടിക്കുന്നതിനു രാത്രി മുഴുവനും ശ്രമിച്ചു. എന്നാൽ അവർക്കു യാതൊന്നും കിട്ടിയില്ല; കാരണം ഈശോ അവരോടുകൂടി ഇല്ലായിരുന്നതുതന്നെ. അവർ അവരുടെ സ്വാഭിപ്രായപ്രകാരമാണ് വല വീശിയതു്. എന്നാൽ ഈശോമ്ശിഹായുടെ കല്പനപ്രകാരവും താൻ ചൂണ്ടിക്കാണിച്ച സ്ഥലത്തും വലയിട്ടപ്പോളുണ്ടായ അനുഭവമെന്തായിരുന്നു? "ഗുരുവേ, ഞങ്ങൾ രാത്രി മുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും പിടിച്ചില്ല. എങ്കിലും നിൻെറ വാക്കനുസരിച്ചു ഞാൻ വലയിടുന്നു എന്നു പറഞ്ഞു. അവർ ഇതു ചെയ്യപ്പോൾ വളരെ മത്സ്യങ്ങൾ അവർ പിടിച്ചു; അതിനാൽ



www.malankaralibrary.com

അവരുടെ വല കീറിപ്പോയിരുന്നു."⁹ ബുദ്ധിസാമർത്ഥ്യമുള്ള ചില പട്ടക്കാരുടെ വേലകളെക്കാൾ, അത്ര കുറവായിരിക്കുന്നവരുടേതു കൂടുതൽ ഫലപ്രദമായി കാണുന്നതിന്റെ രഹസ്യം ഈ സംഭവം വെളിപ്പെടുത്തുന്നുണ്ട്. ദൈവം എളിമയോടുകൂടിയ അനുസരണത്തെ അനുഗ്രഹിക്കാതിരിക്കയില്ല. അഹംഭാവവും അധികാരധിക്കാരവും നിമിത്തം മത്തരായവരുടെ ഹൃദയത്തെ ഇളക്കുന്നതിനു പര്യാപ്തമായ വരം ദൈവം കീഴ്‌വഴക്കമുള്ള വൈദികർക്കു നല്കുന്നു. തങ്ങളുടെ മനസ്സിനെ അന്യർക്കു കീഴ്പ്പെടുത്തുന്നവർ അനുസരണയില്ലായ്മമൂലം വീണുപോയ മാലാഖാമാരെ ഭരിക്കുന്നു. കീഴ്‌വഴക്കമുള്ളവർ ലോകത്തേയും പിശാചിനേയും തന്നെത്തന്നേയും ജയിക്കുന്നു എന്നു പീററർ ദെബ്ലോയ് പറയുന്നു.

മാനിംഗ് പറയുന്നു: 'മാനസികമായ അനുസരണയുടെ ഒരു ലക്ഷണം പരിശുദ്ധന്മാരോടുള്ള ഭക്തിയാണ്'. പുണ്യവാന്മാരും പുണ്യവതികളും നമുക്കു മാതൃകകളാകുന്നു. അവരുടെ സാരോപദേശങ്ങളും ആപ്തവാക്യങ്ങളും നമ്മുടെ ആത്മീയ ജീവിതത്തെ പരിപുഷ്ടമാക്കുന്ന പോഷക സാധനങ്ങളാകുന്നു. തങ്ങളുടെ പേരിനുമുമ്പ 'വിശുദ്ധ' എന്ന വിശേഷണമുള്ള ഗ്രന്ഥകാരന്മാരെ പാരായണം ചെയ്തുകൊൾക, എന്നായിരുന്നു ഒരു സിദ്ധന്റെ സദാപിയുള്ള ഉദ്ബോധനം. ഒരുകാലത്തു അവർ നമ്മെപ്പോലെ ബലഹീനരും പാപികളും പാപാസക്തി നിറഞ്ഞവരും അനുതാപികളുമായിരുന്നു. സ്ഥിരതയുള്ളപക്ഷം നമുക്കു അവരുടെ ഭാഗ്യാവസ്ഥയിൽ എത്താൻ കഴിയും. പരിശുദ്ധന്മാരുടെ ജീവിതത്തിലാകുന്നു സുവിശേഷത്തിലെ കല്പനകളും ഉപദേശങ്ങളും പ്രവൃത്തിരൂപത്തിൽ നാം കാണുന്നതു്. ഭക്തജീവിതം കഴിക്കുന്ന ഏതു വൈദികനും ചില പ്രത്യേക പരിശുദ്ധർ മദ്ധ്യസ്ഥന്മാരായുണ്ടായിരിക്കണം, അല്ലാത്തപക്ഷം അവന്റെ ദൈനംദിന ജീവിതത്തിൽ അതിസ്വാഭാവികമായ ഒരു അന്തരീക്ഷം ഉണ്ടായിരിക്കുന്നതല്ല. പരിശുദ്ധ കന്യകാമറിയത്തിനോടുള്ള ഭക്തി, ഒരു വൈദികനിൽ പ്രത്യേക ഭക്തിയായി ഗണിക്കാൻ പാടില്ല. എവരുടെയും അമ്മയായ വിശുദ്ധ മറിയം ഒരുവന്റേറയും പ്രത്യേക



www.malankaralibrary.com

മദ്ധ്യസ്ഥയല്ല. ദേവമാതാവിനോടുള്ള ഭക്തി ഐച്ഛികമല്ല; അവ ശ്യകമെന്നു സമൎത്ഥിക്കേണ്ടിയിരിക്കുന്നു. തിരുസ്സഭ നമുക്കു മാതാവ ല്ലെങ്കിൽ ദൈവം നമുക്കു പിതാവായിരിക്കയില്ല. അതുപോലെ പരിശുദ്ധ കന്യക നമുക്കു മാതാവല്ലെങ്കിൽ ദൈവം പിതാവായി രിക്കയില്ല, എന്നു പറയാവുന്നതാണ്. ആരും തന്റെ അമ്മയെ തിരഞ്ഞെടുക്കുന്നില്ല, നാം പരിശുദ്ധ കന്യകയുടെ മക്കളാകുന്നു, തന്നിമിത്തം ആ കന്യകയെ അമ്മയായി തിരഞ്ഞെടുക്കേണ്ടയാവ ശ്യമില്ല. സഭയുടെ പൊതുമദ്ധ്യസ്ഥനായ വി. യൌസേപ്പിനോടു ള്ള ഭക്തിയും ഒരു പ്രത്യേക ഭക്തിയായി ഗണിക്കാൻ പാടില്ല. ഇവ രണ്ടിനും പുറമെയാണ് മദ്ധ്യസ്ഥന്മാർ വരുന്നത് അഥവാ വരേണ്ടത്. ഭക്തനായ ഒരു വൈദികൻ എത്ര ശരണത്തോടെ തന്റെ പ്രിയമേറിയ സ്വൎഗ്ഗീയ സ്നേഹിതന്മാരുടെ തുണ തേടുന്നു. ആത്മികവും ശാരിരികവുമായ ഏതു വിപത്തിലും അദൃശ്യരായ ഈ സഖാക്കൾ തനിക്കുടുത്തുണ്ടെന്നുള്ള ബോധം അവനെ സമാ ശ്വസിപ്പിക്കുന്നു.

മാനസിക കീഴ്വഴക്കത്തിന്റെ വേറൊരു ലക്ഷണമാകു ന്നു, സഭയിലെ വിശുദ്ധ പിതാക്കന്മാരോടും വേദശാസ്ത്രജ്ഞന്മാ രോടുമുള്ള ബഹുമാനം. വിശ്വാസ സത്യങ്ങൾക്കെതിരായി എന്തെ ങ്കിലും വിശ്വസിക്കുമ്പോഴെ, പാഷണ്ഡത്തിൽ നാം നിപതിക്കു ന്നുള്ളുവെങ്കിലും, സഭയുടെ പാരമ്പൎയ്യത്തിനും വേദശാസ്ത്രജ്ഞന്മാ രുടെ പൊതുവായ തീരുമാനത്തിനും വിരുദ്ധമായി പ്രവൎത്തിക്കുന്ന തു സാഹസമാകുന്നു. പിതാക്കന്മാരുടെ ഏകോപിതമായ അഭിപ്രാ യത്തെ നാം ആദരിക്കതന്നെ വേണം. പതിവുമൂലം പരിപാവന മായിത്തീൎന്നിട്ടുള്ള ചടങ്ങുകളെ അവഹേളിക്കുന്നതു തികച്ചും ത ന്റേടബുദ്ധിയുടെ ചിഹ്നമാകുന്നു.

ഈശോമ്ശിഹായുടെ ജീവിതം നമ്മെ അനുസരണ പ ഠിപ്പിക്കുന്നുണ്ട്. "നിത്യനായ പിതാവിനോടു തനിക്കുണ്ടായിരുന്ന പരിപൂൎണ്ണമായ അനുസരണയ്ക്കു ധാരാളം ലക്ഷ്യം നമുക്കു തരുന്ന തിനു ദിവ്യനായ ആ പ്രധാന പുരോഹിതൻ തിരുമനസ്സായി. അ തുകൊണ്ടാണ്, പിതാവിന്റെ ഹിതത്തിനു ദൈവപുത്രൻ പരി



www.malankaralibrary.com

പൂർണ്ണമായി വിധേയനായിരുന്നു എന്ന വസ്തുതയ്ക്കു പ്രവചനങ്ങളും സുവിശേഷങ്ങളും പലപ്പോഴും സാക്ഷ്യം വഹിച്ചിട്ടുള്ളതു്. അവിടുന്നു ലോകത്തിലേയ്ക്കു വരുമ്പോൾ പറഞ്ഞതായതു്: ബലികളും കാഴ്ചകളും അവിടത്തേയ്ക്കു ഇഷ്ടമില്ല; പ്രത്യുത, ഒരു ശരീരം അവിടുന്നു് എനിക്കു് ഒരുക്കിത്തന്നു... അപ്പോൾ ഞാൻ പറഞ്ഞു: ഇതാ, ഞാൻ വരുന്നു, പുസ്തകത്തിന്റെ തലക്കെട്ടിൽ എന്നെപ്പററി എഴുതിയിരിക്കുന്നല്ലു, ദൈവമെ, ഞാൻ നിന്റെ ഹിതം അനുവത്തിക്കണം എന്നത്രെ..." "എന്നെ അയച്ചവരുടെ ഹിതം അനുവത്തിക്കുന്നതാണ എന്റെ ഭക്ഷണം." കുരിശിൽ കിടക്കുമ്പോൾ കൂടിയും അവിടുന്നു് അനുസരണയെ വിലമതിച്ചു. വേദപുസ്തകത്തിലെ പ്രവചനങ്ങളെല്ലാം തന്നിൽ നിറവേറിയെന്നു പ്രസ്താവിച്ചതിനു ശേഷം മാത്രം തന്റെ ആത്മാവിനെ പിതാവിന്റെ കരങ്ങളിൽ സമർപ്പിക്കാൻ അവിടുന്നു തിരുമനസ്സായി. "വേദവാക്യം നിറവേറുന്നതിനുവേണ്ടി" അത്യന്തം ഗഹനമായ അത്ഥവിവക്ഷയോടുകൂടി, "എനിക്കു ദാഹിക്കുന്നു" എന്ന അവസാനമായി ഉച്ചരിക്കുന്നതുവരെ, പിതാവു ഏല്പിച്ച ജോലി മുഴുവൻ അവിടുന്നു ചെയ്തു തീർത്തു എന്നത്ഥം. ഇതെല്ലാംകൊണ്ടു് അവിടുന്നു നമ്മെ മനസ്സിലാക്കുന്നതെന്തെന്നാൽ— എത്രയും ഉജ്ജ്വലമായ ഭക്തിതീക്ഷ്ണത തന്നെയും എല്ലായ്പോഴും പിതാവിന്റെ ഹിതത്തിനു പരിപൂർണ്ണമായി വിധേയമായിരിക്കണം; നമ്മെ സംബന്ധിച്ചിടത്തോളം പിതാവിന്റെ സ്ഥാനം വഹിക്കുകയും അവിടത്തെ ഹിതം നമ്മെ അറിയിക്കുകയും ചെയ്യുന്നവരോടുള്ള— മററു വാക്കുകളിൽ പറഞ്ഞാൽ; നമ്മുടെ ന്യായമായ വൈദികാദ്ധ്യക്ഷന്മാരോടുള്ള— അനുസരണയാൽ നമ്മുടെ ഭക്തിതീക്ഷ്ണത എല്ലാപ്പോഴും നിയന്ത്രിക്കപ്പെട്ടിരിക്കണം." 10

ഒരു ഗ്രന്ഥകാരൻ പറയുന്നു. "മററുള്ളവരെ ഉപദേശിക്കയും പഠിപ്പിക്കയും ശാസിക്കയും ചെയ്യുന്നവർ എളുപ്പത്തിൽ സ്വാഭിപ്രായപ്രതിപത്തിയിലും അധികാരപ്രമത്തതയിലും വീഴുന്നു. വൈദികരുടെ ഉദ്യോഗം മേൽപ്പറഞ്ഞവയാണല്ലൊ. അവർ അപൂർവ്വമായിട്ടേ പ്രത്യാഖ്യാനിക്കപ്പെടുന്നുള്ളു; ഏതന്നിമിത്തം എതി



www.malankaralibrary.com

ഷ്ട്ര ത്രാമമായിരുന്നാലും അതു അവരെ അക്ഷമരാക്കുന്നു. കോർട്ടിൽ വ്യവഹരിക്കുന്ന അഭിഭാഷകന്മാക്കും ഭരണസമിതിയിൽ വാദിക്കുന്ന ജനപ്രതിനിധികൾക്കും പ്രത്യാഖ്യാനം സാധാരണമാകയാൽ അവർ അസ്വസ്ഥരാകുന്നില്ല. പരിശുദ്ധാരൂപിയുടെ 'ഗുണദോഷ'മെന്ന ദാനത്തിൻെറ അഭാവമാകുന്നു നമ്മെ അസഹിഷ്ണുക്കളാക്കുന്നത്." നാം പഠിച്ചതിനുശേഷമാണു മററുള്ളവരെ പഠിപ്പിക്കേണ്ടത്. താഴെ ഇരുന്നു അനുസരിക്കുന്നവൻമാത്രമെ മുകളിൽ ഇരുന്നു അപകടംക്രൂടാതെ ഭരിക്കാൻ സാധിക്കു.

അതിസ്വാഭാവികമായ ഉദ്ദേശത്തോടുക്രൂടിയതായിരിക്കണം നമ്മുടെ അനുരോധനം. ദൈവത്തിനു മാത്രമെ നമ്മുടെ അനുസരണയ്ക്കു അർഹതയുള്ളു. കീഴ്പ്പെടുന്നതു സർവ്വേശ്വരനുമാത്രമാണ്. മാനുഷികമായ ഉദ്ദേശം കലരുമ്പോൾ അനുസരണയുടെ മേന്മ നഷ്ടീഭവിക്കുന്നു. ആകയാൽ വി. പൌലോസ് പറയുന്നു: "മനുഷ്യരെ പ്രസാദിപ്പിക്കുന്നവരെപ്പോലെനിങ്ങൾ ബാഹ്യദൃഷ്ടിക്കുമാത്രം ശുശ്രൂഷിക്കുന്നവരാകരുത്, മറിച്ച മ്ശിഹായുടെ ദാസന്മാർ എന്നപോലെ ദൈവേഷ്ടത്തെ മനഃപൂർവ്വം അനുസരിച്ചു പ്രവർത്തിക്കുന്നവരാകണം." 11 നമ്മുടെ മേലധികാരിയിൽ ദൈവത്തെ നാം കാണുന്നപക്ഷം അദ്ദേഹത്തിൻെറ കല്പന ബഹുമാനപുരസ്സരം നാം സ്വീകരിക്കും. നമ്മുടെ അധരങ്ങളിൽനിന്നു ആവലാതിയുടെയൊ ആക്ഷേപത്തിൻെറയൊ ഒററവചനംപോലും പുറപ്പെടുന്നതല്ല.

ഷെയ്ഗനോൻ പറയുന്നു: 'പുത്രനിർവ്വിശേഷമായ സ്നേഹവും അനുസരണയിൽ ഉണ്ടായിരിക്കണം.' 'അതിവന്ദ്യനായ പിതാവെ പരിശുദ്ധ അമ്മയായ തിരുസഭ അഭ്യർത്ഥിക്കുന്നു' എന്നാണല്ലൊ കർബാനപ്പട്ടം സ്വീകരിപ്പാനുള്ളവരെ ഹാജരാക്കിക്കാണിച്ചുകൊണ്ട് പട്ടംകൊടുക്കുന്ന മെത്രാനോടു പറയപ്പെടുന്ന പ്രഥമവചനങ്ങൾ. മെത്രാൻ നവപുരോഹിതനു നൽകുന്ന ആ ചുംബനത്തിൻെറ അർത്ഥമെന്ത്? "നീ എനിക്കു പുത്രനും ഞാൻ നിനക്കു പിതാവുമാകുന്നു, ഞാൻ നിന്നെ സ്നേഹംകൊണ്ടു ഭരിക്കും, നീ എനിക്കു സ്നേഹത്തിൽ കീഴ്പ്പെടണം" എന്നു പറയുന്നതിനു തുല്യ



www.malankaralibrary.com

മാകുന്നു ഈ ചുംബനം. മെത്രാൻ പിതാവും പുരോഹിതൻ പുത്രനുമാകുന്നു എന്ന ഈ ചെറുവാചകം എത്ര അർത്ഥഗർഭമാകുന്നു. പരിശുദ്ധ പിതാക്കന്മാർ ഈ പിതൃപുത്രബന്ധത്തെപ്പററി ഹൃദയാവർജ്ജകമായ വിധത്തിൽ പ്രസ്താവിക്കുന്നുണ്ട്. വി. ജിറോം പറയുന്നു: 'നിന്റെ വൈദികമേലദ്ധ്യക്ഷനെ അനുസരിക്കുകയും നിന്റെ ആത്മാവിന്റെ പിതാവെന്നോണം സ്വീകരിക്കയും ചെയ്യുക.' രക്തസാക്ഷിയായ ഈനാസിയൂസ്സ് പറയുന്നു: 'ഈശോമ്ശിഹാ സർവ്വേശ്വരനായ തന്റെ പിതാവിനെ പിൻചെന്നപോൽ നിങ്ങളേവരും മെത്രാനെ അനുഗമിപ്പിൻ! 'മെത്രാൻ തന്റെ ശരീരത്തിന്റെ അവയവങ്ങളെന്നോണം പുത്രതുല്യരായ പുരോഹിതന്മാരെ ഉപയോഗിക്കുന്നു' എന്നു വി. അംബ്രോസീസ്സ പറയുന്നു. 12

ഉത്സാഹവും നന്മനസ്സും നമ്മുടെ അനുസരണയ്ക്കു മാററു കൂട്ടുന്ന രണ്ടു ഗുണങ്ങളാകുന്നു. ദിവ്യരക്ഷകന്റെ പരസ്യജീവിതത്തിന്റെ പ്രാരംഭത്തെപ്പററി സുവിശേഷകൻ ഇങ്ങനെ രേഖപ്പെടുത്തുന്നു. "ഉടനെ അരൂപി അവനെ വനാന്തരത്തിലേയ്ക്കു ഓടിച്ചുകൊണ്ടുപോയി." 13 ക്രിസ്തുനാഥൻ തന്റെ കർത്തവ്യങ്ങളൊക്കെ സന്തോഷസമേതമാണ് അനുഷ്ഠിച്ചിട്ടുള്ളതെന്നു ഇവിടെ കാണുന്ന സന്നദ്ധത വിശദമാക്കുന്നു. താൻ ഒരിക്കലും തന്റെ അനുസരണയെപ്പററി ചോദ്യംചെയ്യതായി സുവിശേഷത്തിൽ നാം വായിക്കുന്നില്ല. ദൈവത്തിന്റെ അരൂപിയുടെ ശബ്ദം ശ്രവിച്ച മാത്രയിൽ അവിടുന്നു തപസ്സിനായി വനാന്തരം പ്രവേശിച്ചു. തന്റെ ഐഹിക ജീവിതത്തെ അവസാനിപ്പിക്കാനിരുന്ന പീഡനങ്ങൾ സഹിക്കുന്നതിനു യേറുശലത്തേയ്ക്കു ദ്രുതഗതിയായിപോയി, ആകയാൽ അപ്പോസ്തോലന്മാർ വളരെ വിസ്മയിച്ചു. 'ഈശോ അവരുടെ മുമ്പിൽ നടന്നിരുന്നു. അവരൊ അത്ഭുതപ്പെട്ടും ഭയപ്പെട്ടും അവന്റെ പിന്നാലെ പോയിരുന്നു.' 14 നമ്മുടെ മാനസികബലിയായ അനുസരണയ്ക്കു അതിന്റെ യോഗ്യത നഷ്ടീഭവിക്കാതിരിക്കണമെങ്കിൽ ഏവംവിധമുള്ള നന്മനസ്സും ഉത്സാഹവും അതിൽ കലരേണ്ടിയിരിക്കുന്നു. താമസിച്ചോ മനസ്സില്ലാമനസ്സോടയൊ



www.malankaralibrary.com

ഉള്ള അനുവൎത്തനം സൌരഭ്യമോ സുഗന്ധമോ ഇല്ലാത്ത വാടിയ പൂവിനു തുല്യമാകുന്നു. എസക്കിയേൽ ദീൎഘദൎശി വൎണ്ണിക്കുന്ന മാലാഖാമാർ അനുരോധനത്തിൻെറ ഉത്തമമാതൃകകളാണ്. അനുസരണയുടെ സന്നദ്ധതയെ സൂചിപ്പിക്കുന്ന ആറു ചിറകുകളും ലോകത്തിൻെറ ചതുൎഭാഗത്തെ വീക്ഷണം ചെയ്യുന്ന നാലു വദനങ്ങളും അവൎക്കുണ്ടായിരുന്നു. കൎത്താവു നിൎദ്ദേശിക്കുന്ന സമയവും സ്ഥലവുമനുസരിച്ചല്ലാതെ അവർ സ്വമനസ്സാലെ ഒരിക്കലും പറന്നിരുന്നില്ല. ദൈവകല്പനയനുസരിച്ചു സ്വൎഗ്ഗത്തുനിന്നു എവിടെയെങ്കിലും പോകുന്നതിനു തയ്യാറാണെന്നു കാണിപ്പാൻവേണ്ടി ചിറകുകൾ ഇളക്കി അവർ എഴുന്നേററു നിന്നിരുന്നു." 15 ഇപ്രകാരം സ്വന്ത മെത്രാനെ അനുസരിക്കുന്നതിനു ഒരുക്കമുള്ള പട്ടക്കാരൻ ഭാഗ്യവാൻ. 'അവൻ ആരാകുന്നു, അവനെ നമുക്കു സ്തുതിക്കാം; എന്തുകൊണ്ടെന്നാൽ അവൻെറ ജീവകാലത്തു വിസ്മയകരമായവ അവൻ നിൎവഹിച്ചിരിക്കുന്നു.' 16

നമ്മുടെ അനുസരണ സാൎവ്വത്രികമായിരിക്കണം, സ്പഷ്ടമായി കുററകരമല്ലാത്ത എല്ലാ സംഗതികളിലും ദൃശ്യമാക്കേണ്ടിയിരിക്കുന്നു അത്. ഗുരുപട്ടമേററയവസരത്തിൽ അൾത്താരിയുടെ സമക്ഷം നിരുപാധികമായിട്ടാണല്ലൊ നാം അനുസരണം വാഗ്ദാനംചെയ്തിട്ടുള്ളതു്. നമ്മുടെ ദിവ്യരക്ഷകൻ നമുക്കുവേണ്ടി മരണംവരെ കീഴ്വഴങ്ങിയില്ലയോ! 'മരണത്തോളം എന്നല്ല കുരിശുമരണത്തോളം അനുസരണയുള്ളവനായിക്കൊണ്ടു തന്നെത്തന്നെ താഴ്ത്തി.' 17 ആകയാൽ മ്ശിഹായെപ്രതി നമ്മുടെ അഭിപ്രായം മാത്രമല്ല, ശരീരസുഖംപോലും ബലി കഴിപ്പാൻ നാം സന്നദ്ധരായിരിക്കണം. ഇതുകൊണ്ടു മേലധികാരികളെ സംഗതികളുടെ യഥാൎത്ഥസ്ഥിതി ഗ്രഹിപ്പിക്കുന്നതിൽനിന്നു നാം തടയപ്പെട്ടിരിക്കുന്നു എന്നു കരുതേണ്ട. എന്നാൽ ഏതെങ്കിലുമൊരു പ്രത്യേക ജോലി ചെയ്യണമെന്നൊ, സ്ഥലത്തു പോകണമെന്നൊ, ഇന്നകാൎയ്യത്തിനായി നമ്മുടെ സമയം മുഴുവനും വിനിയോഗിക്കണമെന്നൊ മേലദ്ധ്യക്ഷൻ തീരുമാനിക്കുന്നപക്ഷം, സംശയരഹിതമായി തൽസ്ഥാനത്തു നാം സംതൃപ്തിയോടെ വേലചെയ്യേണ്ടതാകുന്നു. വി. അഗ്ര



www.malankaralibrary.com

സ്ലീനോസ്സ് പറയുന്നു: "ഓ കർത്താവെ! സ്വാഭിലാഷത്തിനു യോജിച്ച കല്പനകളെ അന്വേഷിക്കുന്നവനല്ല പിന്നെയോ തൻെറ മനസ്സിനെ അങ്ങെയുടെ മനസ്സിനോടു അനുയോജിപ്പിക്കുന്നവനത്രെ അവിടത്തെ വിശ്വസ്ത ഭൃത്യൻ."

സേനാനായകന്മാർ തങ്ങളുടെ കീഴുള്ള പടയാളികളിൽ നിന്നു ഏതു ആപൽസന്ധിയിലും പ്രതീക്ഷിക്കുന്ന അനുസരണയും ഉത്സാഹവും ധീരതയും ഒരു മെത്രാൻ തൻെറ വൈദികസമൂഹത്തിൽനിന്നു ആശിക്കുന്നതു അസ്ഥാനത്താണെന്നു പറവാൻ പാടുണ്ടോ? എന്തെങ്കിലും വിപൽക്കരമായപ്രവൃത്തി ചെയ്യാനുള്ളപക്ഷം തദർത്ഥം സ്വജീവനെ അപകടത്തിൽ പെടുത്തുന്നതിനു മടിക്കാത്ത ഒരു കീഴുദ്യോഗസ്ഥനൊ സാധാരണ പടയാളിയോ ഒരു സൈന്യത്തിൽ ഉണ്ടായിരിക്കുന്നതല്ല. ആയുസ്സിനെ തൃണവൽക്കരിച്ചുകൊണ്ടാണല്ലൊ യോദ്ധാക്കൾ നായകാജ്ഞ ശിരസാവഹിക്കുന്നതു്; ഈ ധീരകൃത്യം ആരുടെയും അഭിനന്ദനത്തിനു വിഷയമാകാത്തവണ്ണം അത്രയ്ക്കു സർവസാധാരണമായി തീർന്നിരിക്കുന്നു. എന്നാൽ വീരോചിതമായ ഈ പ്രവൃത്തിയുടെ പ്രേരകമെന്തു്? അതു കൃത്യബോധം, വിശ്വസ്തത, ആത്മാഭിമാനം, ഇവയല്ലാതെ മററൊന്നുമല്ല. "നിശ്ചയമായും അതു് അവർക്കൊരു നശ്വരമായ കിരീടം പ്രാപിക്കുന്നതിനാകുന്നു, എന്നാൽ നാം ശാശ്വതമായതിനെ (പ്രാപിപ്പാൻ.)" 18

അനുസരണ ഇഷ്ടപ്രസാദത്തിൻെറ ഉറവയാകുന്നു. അതിൽനിന്നൊഴിവാൻ ശ്രമിക്കുന്നവൻ ദൈവവരത്തിൽ നിന്നൊഴിയുകയാണു ചെയ്യുന്നതു്. നമ്മുടെ അത്രപി അനുസരിക്കാത്തപക്ഷം നമ്മിലുള്ള മാംസത്തിൻെറ ദുരാശകൾ പ്രബലപ്പെടുന്നതായിരിക്കും. ക്രിസ്ത്വാനുകരണത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: സ്വന്തജഡത്തെ കീഴടക്കുവാൻ നിനക്കു താൽപര്യമുണ്ടെങ്കിൽ തൽക്ഷണം നിൻെറ മേലദ്ധ്യക്ഷനു കീഴ്പ്പെടാൻ പഠിക്കുക. ഒരു മനുഷ്യൻെറ ഉള്ളിൽ കലാപമില്ലാത്തപക്ഷം പുറമേയുള്ള ശത്രുവിനെ എളുപ്പത്തിൽ ജയിക്കാൻകഴിയും . . . എന്തുകൊണ്ടെന്നാൽ നി ക്രമത്തിലധികം നിന്നെത്തന്നെ സ്നേഹിക്കുന്നതുകൊണ്ടു മററു



www.malankaralibrary.com

ള്ളവരുടെ മനസ്സിനു പൂർണ്ണമായി നിന്നെ അധീനപ്പെടുത്തുവാൻ നീ ഭയപ്പെടുന്നു . . . എന്നാൽ സകലത്തേയും ശൂന്യതയിൽനിന്നു സൃഷ്ടിച്ചവനും സർവ്വശക്തനും, അത്യുന്നതനുമായ ഞാൻ നിന്നെ പ്രതി മനുഷ്യനു എന്നെത്തന്നെ എളിമയോടെ കീഴ്പ്പെടുത്തിയെങ്കിൽ പൂളിയും കേവലം എല്ലായ്മയുമായ നീ ദൈവത്തെപ്രതി മനുഷ്യനു കീഴ്പ്പെടുന്നതു വലിയ കാര്യമാണോ? ഹേ പൂളി! കീഴടങ്ങുവാൻ പഠിക്ക, മണ്ണും ചെളിയുമായവനെ, നിന്നെത്തന്നെ താഴ്ത്തി നീ എല്ലാവരുടെയും പാദത്തിൻകീഴ മർദ്ദിക്കപ്പെടുവാൻ പഠിക്ക." 19

ഈ അദ്ധ്യായം ഉപസംഹരിക്കുന്നതിനുമുമ്പു മെത്രാന്റെ പള്ളിസന്ദർശനത്തെ (Episcopal visitation) കുറിച്ചുകൂടി ഒരു വ്യതിയാനമായിട്ടു— അതൊരു വ്യതിയാനമാണെങ്കിൽ— സ്വല്പം പ്രസ്താവിച്ചുകൊള്ളട്ടെ. ഒരു നല്ല പട്ടക്കാരൻ മെത്രാന്റെ സന്ദർശനവിളംബരം സസന്തോഷം സ്വീകരിക്കുന്നു. കുട്ടികൾക്കു തൈലാഭിഷേകം നൽകപ്പെടുന്നതും മററും ഈ അവസരത്തിലാണെന്നു എടുത്തുപറയണ്ടയാവശ്യമില്ല. മെത്രാൻ ഒന്നുരണ്ടു ദിവസത്തേക്കു ഇടവകയുടെ സ്വന്തമായി ഭവിക്കുന്നു. ഈ പള്ളിസന്ദർശനം അതിപുരാതന കാലം മുതൽ സഭയിൽ നടന്നുവരുന്നതും അതിന്റെ ക്രമങ്ങളും ഉദ്ദേശവും കാനോനാകളിൽ പ്രതിപാദിതവുമാകുന്നു. മേലദ്ധ്യക്ഷന്റെ സന്ദർശനം ഇടവകയ്ക്കൊരു നവജീവൻ നൽകുന്നു; അതു ഇടർച്ചകളെ മാററുകയും, കലഹങ്ങളെ ശമിപ്പിക്കയും, സദ്ഭക്തിമങ്ങളെ പ്രോത്സാഹിപ്പിക്കയും, അങ്ങനെ ഇടയനും ആടുകളും തമ്മിലുള്ള ബന്ധത്തെ സുദൃഢമാക്കുകയും ചെയ്യുന്നു. സെഹിയോൻ ശാലയിൽ സമ്മേളിച്ചിരുന്ന ശ്ലീഹന്മാരും ഭക്തജനങ്ങളും പന്തക്കുസ്താ ദിനം പരിശുദ്ധാത്മാവിയാൽ പൂരിതരായില്ലയോ. ഇതിന്റെ ഒരു നേരിയ ആവർത്തനമായി സന്ദർശനാവസരത്തെ പരിഗണിക്കാം. പരിശുദ്ധാത്മാവിന്റെ ദാനങ്ങൾ ഇടവകയെങ്ങും വർഷിക്കപ്പെടുന്നു.

തീക്ഷ്ണതയില്ലാത്ത വൈദികൻ, തന്റെ വിശ്രമത്തെ ഭഞ്ജിക്കുന്ന ഒരു ഉപദ്രവമായിട്ടാണു സന്ദർശനത്തെ കരുതുന്നതെന്നു



www.malankaralibrary.com

ഒരു ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നു. ഈ കൃത്യം ശരിയായി നിർവ്വഹിക്കപ്പെടുന്നപക്ഷം അതു പട്ടക്കാരന്റെ യഥാർത്ഥസ്വഭാവത്തെ വെളിപ്പെടുത്താതിരിക്കയില്ല. ത്രെന്തോ സൂനഹദോസ്സ് പറയുന്നു; 'പള്ളിസന്ദർശനത്തിന്റെ ഉദ്ദേശം സദാചാരങ്ങളെ സംരക്ഷിക്കുകയും ദുരാചാരങ്ങളെ ദൂരീകരിക്കയും ജനങ്ങളെ ഭക്തിമാർഗ്ഗത്തിലേക്കു ആനയിക്കുകയും ആകുന്നു.' 20

ഒഡോനൽ എഴുതുന്നു: 'സന്ദർശനം കൂടാതെതന്നെ ഇടവകയിലെ സ്ഥിതിഗതികൾ അറിയുന്നതിനു ഒരു മെത്രാനു വിവിധമാർഗ്ഗങ്ങളുണ്ട്. എന്നാൽ നേരിട്ടു കണ്ടറിയുന്നതുപോലെ സമഗ്രമായിരിക്കയില്ല കേൾവിമുഖേനയുള്ള അറിവ്. റോമൻ പൊന്തിഫിക്കാൽ (Roman pontifical) സന്ദർശനവേളയിൽ ഒരു മെത്രാൻ എന്താണു ചെയ്യുന്നതെന്നു ചൂണ്ടിക്കാണിക്കുന്നുണ്ട്. അദ്ദേഹം വിശുദ്ധ കുർബ്ബാന മുതൽ ആരംഭിക്കുന്നു. മേൽപ്പട്ടക്കാരന്റെ പരിശോധനയ്ക്കു വിഷയീഭവിക്കുന്ന സംഗതികളുടെ ഏകദേശമായ ഒരു ലിസ്റ്റ് താഴെ ചേർക്കുന്നു. 1) പള്ളി, അതിന്റെ ഭിത്തികൾ, മേല്പുര, തറ, മുററം, സെമിത്തേരി. 2) കുമ്പസാരക്കൂട്, സ്ലീബാപ്പാഥയുടെ കുരിശുകളും പടങ്ങളും, രൂപങ്ങൾ, മണികൾ, ഹന്നാൻ വെള്ളപ്പാത്രം, അൾത്താര, അവിടെ വിരിക്കുന്ന തുവാലകൾ, തൂങ്ങപ്പെട്ട രൂപം, മെഴുകുതിരിക്കാലുകൾ, മററു അലങ്കാരങ്ങൾ. 3) സക്രാരി, അതിന്റെ വിരി, അകത്തെ പൂച്ച്, കുർബ്ബാനവിളക്ക്, പടത്തിഞ്ഞുകൾ, അവ എപ്പോഴൊക്കെ പുതുക്കുന്നു. സങ്കീർത്തി, കുർബ്ബാനക്കുപ്പായം തുടങ്ങിയ തിരുവസ്ത്രങ്ങൾ, അൽമാരികൾ, തിരുപ്പാത്രങ്ങൾ, തക്സാ, (മിസ്സാൾ) സൈത്ത്, ഒപ്പുശ്ലാപെട്ടി, സങ്കീഞ്ഞ്, കെത്താനാ, പാസ്സ, ബേസ്ക്കദശാ. 4) വൈദികർ, അവർ എങ്ങിനെ പ്രസംഗിക്കുന്നു, പള്ളിക്രമങ്ങൾ (Rubrics) അനുഷ്ഠിക്കുന്നു, കുമ്പസാരം കേൾക്കുന്നു, അന്ത്യലേപനം നൽകുന്നു, സ്കൂളുകൾ നടത്തുന്നു, ഭക്തസംഘങ്ങൾ ഏർപ്പെടുത്തുന്നു, കത്തോലിക്കാ പത്രങ്ങളെയും മററു പ്രസിദ്ധീകരണങ്ങളേയും സഹായിക്കുന്നു, സംശയാസ്പദങ്ങളായ മൈത്രീബന്ധങ്ങളെ ഉപേക്ഷിക്കുന്നു. ഒടുവിൽ മെത്രാൻ ഇടയനും ആടുകൾക്കും



www.malankaralibrary.com

തൻെറ പൈതൃകമായ അശീർവ്വാദം നൽകി യാത്രപറഞ്ഞ് പിരിയുന്നു.' 21

കുറിപ്പുകൾ.

1 I. Kings. xv. 22.
2 Psl. L. 17.
3 Rom. v. 19.
4 Proverbs. xxi. 28.
5 Luke. x. 16.
6 I. Pet. 11. 18.
7 Canticum canticorum. vi. 3.
8 The priest of to-day.
9 Luke. v. 5.
10 The Catholic priesthood (Encyclical)
11 Ephesians. vi. 6.
12 Meditation for Secular priests. Vol. 1.
13 Mark. 1. 12.
14 Mark. x. 32.
15 Ezechiel. 1. Cap.
16 Ecclesiasticus. xxxi. 9.
17 Philipians. 11. 8.
18 I. Cor. ix. 25.
19 ക്രിസ്ത്വാനുകരണം. പു.3. അ 13.
20 Sessio. xxiv. c. 111.
21 The priest of to-day. ch. 111.

# അദ്ധ്യായം പന്ത്രണ്ട്.

## ദുഃഖങ്ങളും വിപൽഹേതുക്കളും.

വൈദികസ്ഥാനത്തിൻെറ മാഹാത്മ്യത്തെപ്പററി മുമ്പു പ്രസ്താവിച്ചുവല്ലൊ. എന്നാൽ പൌരോഹിത്യപദം ഉന്നതമായിരിക്കുന്നതുപോലെ അതിൽ നേരിടുന്ന വിപത്തുകളും ദുഃഖങ്ങളും വിപുലങ്ങളും ബഹുലങ്ങളുമാകുന്നു. യേശുനാഥൻെറ ഹൃദയമുള്ള ഒരു വൈദികനു ഇവ അനുഭവവേദ്യങ്ങളാകാതിരിക്കയില്ല. വൈദികവൃത്തി സുഖത്തിൻെറയും സന്തോഷത്തിൻെറയും മാത്രം ഒരു ജീവിതമാണെന്നു ഉപരിപ്ലവബുദ്ധികളായ ലൌകായതികന്മാർ വിചാരിച്ചേയ്ക്കാം. എന്നാൽ വാസ്തവം ഇതിൽനിന്നു എത്രയൊ വിഭിന്നമാകുന്നു.

നമ്മുടെ നവപൂജാസമൎപ്പണത്തിൻെറ ദിവസങ്ങൾ എത്ര ആത്മികാനന്ദപ്രദങ്ങളായിരുന്നു? എരിയുന്ന ഹൃദയത്തോടും



www.malankaralibrary.com

പാവനമായ സന്തോഷത്തോടും പരിശുദ്ധമായ ഭയത്തോടുംകൂടി നാം അതിനൊരുങ്ങി. നല്ല പ്രതിജ്ഞകൾകൊണ്ടു ഭാവിയെ ശോഭായമാനവും ആശാജനകവുമാക്കി. മ്ശിഹായെപ്രതി എവിടെയെങ്കിലും പോകുന്നതിനോ എന്തെങ്കിലും സഹിക്കുന്നതിനോ, സ്വന്തമെത്രാൻ തരുന്ന ഏതു ജോലിയും സസന്തോഷം ചെയ്യുന്നതിനോ നാം സന്നദ്ധരായിരുന്നു. ഇങ്ങനെ പരിപൂതവും നിർമ്മലവുമായ ഹൃദയത്തോടുകൂടി പട്ടത്തിൻെറ മാഞ്ഞുപോകാത്ത മുദ്ര നാം സ്വീകരിച്ചു. എന്നാൽ കാലചക്രത്തിൻെറ മുമ്പോട്ടുള്ളഗതിയിൽ എന്തെല്ലാം മാററങ്ങൾക്കു നാം വിധേയരായി! പണ്ടത്തെ ബലഹീനമനുഷ്യർതന്നെ നാം എന്ന് എത്രതവണ വെളിപ്പെട്ടിരിക്കുന്നു! ബഹുമാനം, സുഖലോലുപത, ധനം, ഇവ നമ്മെ വ്യാമോഹിപ്പിക്കയും നമ്മുടെ ബലവത്തായ നിശ്ചയങ്ങളെ എത്ര പ്രാവശ്യം തകിടം മറിക്കയും ചെയ്തിരിക്കുന്നു? ഹാ! വൈദികജീവിതത്തിലെ കൊടുങ്കാററു് എത്രശക്തിമത്തു്? "ഞങ്ങളുടെ നാഥാ, ഞങ്ങൾ നശിക്കാറായിരിക്കുന്നു, ഞങ്ങളെ രക്ഷിക്കണമെ" [1] A എന്നു ശിഷ്യന്മാരോടുകൂടി നിലവിളിക്കുന്നതിനു പലേ പ്രാവശ്യം നാം നിർബന്ധിതരായിട്ടില്ലേ?

ഒന്നാമത്തെ വിപത്തു സെമ്മിനാരിയിലെ ക്രമീകൃതമായ ജീവിതത്തിൽനിന്നു ലഭിച്ചിരുന്ന പിന്തുണയുടെ നഷ്ടമാകുന്നു. അവിടത്തെ സൌഹാർദ്ദപരമായ അന്തരീക്ഷത്തിൽ ചതുർഭാഗത്തുനിന്നും സഹായങ്ങൾ ലഭിച്ചിരുന്നു. ലോകവും സെമ്മിനാരിയും തമ്മിൽ വളരെ വ്യത്യാസമുണ്ടെന്നു നവപുരോഹിതൻ കുറേശ്ശെ മനസ്സിലാക്കാൻ തുടങ്ങും. ഇതഃപര്യന്തം മണിനാദം സകല പ്രവൃത്തികൾക്കും മുന്നറിവുനൽകി അവയെ ക്രമപ്പെടുത്തിയിരുന്നു. എന്നാൽ ഇനിമേൽ ഏവംവിധമൊരു വിജ്ഞാപനം അവൻെറ ചെയ്തികളെ നിയന്ത്രിക്കയില്ല. വൈദികൻെറ പിമ്പു സെമ്മിനാരിയുടെ കവാടം അടയുന്നതോടെ അവൻെറ യജമാനൻ അവൻതന്നെയായി ഭവിക്കുന്നു; മറുവാക്കായി പറഞ്ഞാൽ സ്വാതന്ത്ര്യത്തിൻെറ സ്വച്ഛന്ദവിഹാരം അവൻ ആസ്വദിക്കാൻ തുടങ്ങുന്നു. ഈ സ്വാതന്ത്ര്യത്തെ നേരാംവണ്ണം ഉപയോഗിച്ചാൽ അ



www.malankaralibrary.com

ത്തു നമ്മുടെ പുണ്യവദ്ധനത്തിനും ദുരുപയോഗിച്ചാൽ വിനാശത്തിനും ഹേതുവാകും. സെമ്മിനാരിശിക്ഷണത്തിനു നമ്മുടെ സ്വഭാവത്തെ സാകല്യേന സംസ്കരിക്കുന്നതിനുള്ള കെല്പുണ്ടായിരുന്നെന്നു കാണിക്കേണ്ടതു അതിനു പുറത്തുള്ള വ്യാപാരംമൂലമാണ്. കുർബാന, കാനോൻജപം, ഇടവകജോലി, പഠനം, പാരായണം, സർവ്വോപരി വിശ്രമം, ഇവയെ ഔചിത്യദീക്ഷയോടും സൂമതലബോധത്തോടുംകൂടി ക്രമപ്പെടുത്തി ഓരോന്നിനും അതർഹിക്കുന്ന പ്രാധാന്യം നൽകുന്ന വൈദികൻ ഭാഗ്യവാൻ. എന്തെന്നാൽ സ്വാതന്ത്ര്യജീവിതം അനവധി വിപത്തുകളാൽ വലയംചെയ്യപ്പെട്ടിരിക്കുന്നു; സുകൃതത്തിൽ അടിയുറച്ചവനെ അവ നിവാരണം ചെയ്യാൻ കഴിയൂ.

ജനപ്രീതി (Popularity) പ്രസിദ്ധി ഇവ ആരെയും ഹഠാൽ ആകർഷിക്കുന്നവയാകുന്നു. ബഹുമാനസമ്പാദനം ഒരു ഭ്രമമായി ചിലരുടെ കാര്യത്തിൽ പരിണമിക്കാറുണ്ട്. വൈദികവിദ്യാലയത്തിൽ നമ്മെ ആഹ്ളാദിപ്പിക്കാനും, ആശ്വസിപ്പിക്കാനും, അഭിനന്ദിക്കാനും, അനുശോചിക്കാനും സഖാക്കളുണ്ടായിരുന്നു. മനുഷ്യഹൃദയം ഇവയിൽ വിലയിക്കുക സ്വാഭാവികമാണല്ലൊ. ആകയാൽ സെമ്മിനാരിയിൽ നിന്നു ഇദംപ്രഥമമായി പുറത്തുവരുന്ന ഒരു വൈദികൻ സഖിത്വത്താൽ ആകൃഷ്ടനാകുന്നതിൽ അത്ഭുതപ്പെടാനില്ല. സ്തുതിപാഠകന്മാർ ഈ ലോകത്തിൽ പാവപ്പെട്ടവരെപ്പോലെ എന്നുമുണ്ടായിരിക്കും. ജനങ്ങൾ സാധാരണ യുവവൈദികനെ സൽക്കരിക്കുന്നതിലും ഉപചരിക്കുന്നതിലും സ്തുതിക്കുന്നതിലും ബഹുതാല്പര്യമുള്ളവരായിട്ടാണു കാണപ്പെടുക. വൈദികരുടെ ഏകാന്തതയെപ്പററി അവർക്കു അനുകമ്പയുണ്ട്. പാട്ടും പ്രസംഗവുമൊക്കെ പ്രത്യേകം സ്തുതിക്കപ്പെടുന്നു. എന്നാൽ ഇവിടെയെല്ലാം പലേ കണികളും കുതന്ത്രങ്ങളും അസംബന്ധങ്ങളും ഒളിഞ്ഞുകിടക്കാനിടയുണ്ട്. 'മിന്നുന്നതെല്ലാം പൊന്നല്ല' എന്നു വെളിപ്പെടാൻ ഏറെ താമസം വേണ്ടിവരികയില്ല. നമ്മുടെ സൽപ്രവൃത്തികൾ മനുഷ്യരുടെ സമക്ഷം പ്രകാശിച്ചു സന്മാതൃകകളാകുന്നതു നല്ലതുതന്നെ. എന്നാൽ പലപ്പോഴും അതിരുകവിഞ്ഞ സ്വാഭിമാന വാഞ്ഛ



www.malankaralibrary.com

നമ്മെ വഞ്ചിക്കുന്നു. മിക്കപ്പോഴും ബഹുമാനപ്രീതിയും ദ്രവ്യാഗ്രഹവും തീക്ഷ്ണതയുടെ വേഷം കെട്ടാറുണ്ട്. വൈദികനെ ബഹുകൌശലത്തോടെ ആക്രമിക്കുന്ന ഒരു തിന്മയാകുന്നു ജനപ്രീതിഭ്രമം. മംഗളപത്രങ്ങളും സമ്മാനദാനങ്ങളുംകൊണ്ട് അന്തരീക്ഷം മുഖരിതമായിരിക്കുന്ന ഇക്കാലത്തെ ഒരു വലിയ വിപത്ത്, ഇതിനു പിമ്പുള്ള പാച്ചിലല്ലയൊ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മ്ശിഹായുടെ പുരോഹിതനു ചരിക്കാനുള്ള മാർഗ്ഗം കാനൻ നിയമങ്ങളും വിശുദ്ധ പിതാക്കന്മാരും നിർദ്ദേശിച്ചിട്ടുണ്ട്. ആ വഴിയെ ഗമിക്കുന്നിടത്തോളം കാലം ആരു വെറുത്താലും സ്നേഹിച്ചാലും നാം തെല്ലും അസ്വസ്ഥരാകേണ്ടതില്ല. ഏവരേയും പ്രസാദിപ്പിക്കുന്നതിലല്ല ദൈവമക്കളുടെ സമാധാനം അടങ്ങിയിരിക്കുന്നതെന്നു അഗുസ്തീനോസ്സു പുണ്യവാൻ വളരെ മുമ്പേ പ്രസ്താവിച്ചിട്ടുണ്ട്.

ഒരു അയഞ്ഞ സ്വഭാവം (Soft character) ഒരു വൈദികനെ പ്രത്യേകിച്ച് യുവ വൈദികനെ വഴി തെററിക്കാൻ പാടുണ്ട്. ഇതേപ്പററി ബിഷപ്പ് ഹെഡ്‌ലി ഇങ്ങനെ ഉദ്ബോധിപ്പിക്കുന്നു. "പക്ഷങ്ങൾ (Affections) ക്കു നമ്മുടെ പ്രവൃത്തികളിൽ ഒരു വലിയ സ്വാധീനശക്തിയുണ്ട്. അവ സ്വതേ പാപമല്ലെങ്കിലും പാപാഗ്നിയെ ജ്വലിപ്പിക്കുന്ന വിറകാകുന്നു. അനിയന്ത്രിതമായ പക്ഷത്തോടുകൂടിയ ഒരു മനുഷ്യൻ വേനൽക്കാലത്തു തീപ്പൊരികൾ പറക്കുന്ന ഇടത്തു വിതറപ്പെട്ടിരിക്കുന്ന വയ്ക്കോലിനു തുല്യമാകുന്നു. ആദ്ധ്യാത്മിക ഗുരുക്കന്മാർ പഠിപ്പിക്കുംപോലെ സെമ്മിനാരിയിൽവച്ചുതന്നെ, മൈത്രീബന്ധങ്ങളും സ്നേഹപ്രകടനങ്ങളും മാനുഷിക പക്ഷങ്ങളും സസൂക്ഷ്മം അങ്കുശമിട്ടു നിറുത്തപ്പെടേണ്ടതാണ്. എന്തുകൊണ്ടെന്നാൽ ഈ നിയന്ത്രണം അവശ്യമാകുന്നു പ്രേഷിതജോലിയിൽ ഏർപ്പെടുന്നവർക്ക്. നമ്മുടെ ഹൃദയത്തെ സ്നേഹംപോലെ മററൊന്നും കുടുക്കിൽ ചാടിക്കുന്നില്ല; ഞാൻ പരിശുദ്ധവും യഥാർത്ഥവുമായ സ്നേഹത്തെക്കുറിച്ചാണു പറയുന്നത്. ഇക്കാര്യത്തിൽ മനുഷ്യപ്രകൃതി പലവിധത്തിലാകുന്നു. പ്രകൃത്യാ മന്ദന്മാരും, സ്വാർത്ഥതല്പരന്മാരും, ഒരുത്തരോടും ഒന്നിനോടും സ്നേ



www.malankaralibrary.com

ഗ്രഹമില്ലാത്തവരുമാകുന്നു ചില ചെറുപ്പക്കാർ. മററു ചിലരാവട്ടെ സ്നേഹത്തിന്റെയും മമതയുടെയും കാര്യത്തിൽ വലിയ ഭ്രമക്കാരാണ്; തൻമൂലം അവരുടെ ജീവിതം ദൃഢമൈത്രിയുടെയും ക്ലേശസഹനങ്ങളുടെയും, വഴക്കുകളുടെയും, വിരഹങ്ങളുടെയും ഒരു താണ്ഡവക്കളരിയായി ഭവിക്കുന്നു. അവരെക്കാൾ ചെറിയ കുട്ടികളെ ഓമനിച്ചു മോശമാക്കുന്നു വേറെ ചിലർ. തന്റെ പക്ഷങ്ങളെ ക്രമപ്പെടുത്തുന്നതിനുള്ള പരിശീലനംകൂടാതെ ഒരു ഇടവകയിലേക്കു വരുന്ന വൈദികനു തീർച്ചയായും ചില ദുരനുഭവങ്ങൾ നേരിടാതിരിക്കയില്ല. ചിലരെ നിശ്ചയമായും അവൻ അതിരുവിട്ടു സ്നേഹിക്കും. ചിലപ്പോൾ അവൻ ചെറുപ്പക്കാരോടുകൂടി ഉല്ലസിച്ച് തന്റെ സമയം മുഴുവനും നഷ്ടപ്പെടുത്തുന്നു; ചിലപ്പോൾ തന്റെ സമയത്തിലധികഭാഗവും ഒന്നോ രണ്ടോ വ്യക്തികൾക്കായി വിനിയോഗിക്കുന്നു. മററു ചിലപ്പോൾ അവൻ കുട്ടികളെ അധികമായി താലോലിക്കയും, ചെറിയ ആൺകുട്ടികളേയും പെൺകുട്ടികളേയും കെട്ടിപ്പിടിക്കയും മുത്തുകയും ചെയ്യുക നിമിത്തം മററു മനുഷ്യരുടെ അവഹേളനത്തിനും നിന്ദയ്ക്കും വിഷയീഭവിക്കുന്നു. സ്വന്ത ഇടവകയിൽപ്പെട്ടവരും അദ്ധ്യാപികമാരും മററുമായ സ്ത്രീജനങ്ങളോടു പ്രത്യേക മൈത്രി പ്രദർശിപ്പിക്കുന്നതിനും അവൻ മടിക്കുന്നില്ല. ഇവിടെ തെററൊന്നുമില്ലെങ്കിലും ഇതിന്റെ ഫലമായി ഇടർച്ചയുണ്ടാകുകയും, ആളുകൾക്കു സംസാരിക്കുന്നതിനു അവസരം ലഭിക്കയും ചെയ്യുന്നു. ചിലയവസരങ്ങളിൽ മമതയുടെ സന്തത സഹചാരിയായ മോഹാഗ്നി അവനെ കുറേക്കൂടി ദൂരം വലിച്ചുകൊണ്ടുപോയെന്നു വന്നേയ്ക്കാം; ഇതേപ്പററി ഞാൻ ഒന്നും പറയുന്നില്ല. ആകയാൽ സൂക്ഷ്മവും ശ്രദ്ധയും ഓർമ്മയും, സർവ്വോപരി ദൈവാനുഗ്രഹവും വഴിയായി, തന്റെ പക്ഷങ്ങളെ കടിഞ്ഞാണിട്ടു നിറുത്താത്ത ഒരു യുവവൈദികൻ വളരെ എളുപ്പം ഒരു വിഡ്ഢിയായി ചമയുന്നതാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ആത്മാക്കൾ ദൈവത്തിന്റെ വിലപിടിച്ച വസ്തുക്കളാകുന്നു; അവ ദൈവാരൂപിയുടെ ശ്രേഷ്ഠകുസുമങ്ങളുമാകുന്നു. കേവലം മാനുഷികമായ പക്ഷത്തോടും സ്നേഹത്തോടുംകൂടി ഒരാത്മാവിനെ



www.malankaralibrary.com

സമീപിക്കുന്നവൻ, ഒരു നേരിയ കുസുമപ്രവേകത്തെ ചൂടുള്ളതും നനഞ്ഞതും അഴുക്കുനിറഞ്ഞതുമായ കരങ്ങൾകൊണ്ടു സ്പർശിക്കുന്നവനു തുല്യനാകുന്നു; പിന്നീടു അതിനു അതിന്റെ പൂർവ്വകാന്തി ഒരിക്കലും തിരിച്ചുകിട്ടുന്നതല്ല. ആകയാൽ അകലെ നില്ക്കുക; യുവജനങ്ങളേയും പ്രായം ചെന്നവരേയും ബഹുമാനിക്കുക; സ്നേഹിക്കുന്നതിനുള്ള നിന്റെ ആഗ്രഹത്തിന്റെ വളർച്ചയെ അമർച്ച ചെയ്യുക; വിപത്തില്ലാത്തിടത്തുപോലും നിനക്കു സ്നേഹം തോന്നുമ്പോൾ, ജഡികമായതിനെ പുറംതള്ളി ആദ്ധ്യാത്മികമായതിനെക്കുറിച്ചു പ്രഥമതഃ പരിചിന്തിക്കുന്ന ഒരുവനു അനുയോജ്യമായ വിധത്തിൽ, സൂക്ഷമുള്ളവനും, സ്വസ്ഥാനമഹിമയെപ്പററി ബോധമുള്ളവനും, സങ്കോചമുള്ളവനും ആയിരിക്കുക. മഴയുടെ നേരത്തു ഒരു നദിയെ സൂക്ഷിച്ചു വീക്ഷിക്കുന്നവനെപ്പോലെ നിന്റെ സ്വഭാവത്തിന്റെ പ്രവണതകളെ പഠിക്കുക; വെള്ളം കരകവിഞ്ഞൊഴുകുന്നതിനുള്ള വിപത്തു എപ്പോഴുമുണ്ടായിരിക്കുന്നു. ചില സമയത്തു കുന്നുകളിൽ ശക്തിമത്തായ വർഷപാതമുണ്ടാകുന്നതിനും മലവെള്ളം നിനച്ചിരിക്കാത്ത നേരത്തു നിന്നെ വന്നു മൂടുന്നതിനും ഇടയുണ്ടു്. ആകയാൽ പ്രാർത്ഥനയോടും ആത്മിക ഗുരുക്കന്മാരുടെ ഉപദേശത്തോടുംകൂടി ശ്രമിക്കുകയും, നിഷ്ക്കർഷിക്കുകയും ന്യായാന്യായ വിവേചനം ചെയ്യുകയും ചെയ്യുക. മഹാനായ വി. ഗ്രിഗോരി പറയുന്നു: "പ്രേഷിതനു ആത്മാക്കളുടെമേൽ ഉടമസ്ഥാവകാശമില്ലെന്നും, അവ അവനെ ശുശ്രൂഷിക്കുന്നതിനല്ല പിന്നെയോ ദൈവത്തിനായിട്ടാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും അവൻ ഓർത്തുകൊള്ളട്ടെ."[1] B

ആരംഭകന്മാർക്കു ഇപ്രകാരമെങ്കിൽ, വൈദികവൃത്തിയിൽ ദീർഘനാൾ ചിലവഴിച്ചിട്ടുള്ളവർക്കു വേറെ ചില അപകടങ്ങൾ ഉണ്ടായിരിക്കുന്നു. ആദ്യകാലത്തെ ശുഷ്ക്കാന്തിയെപ്പററി "വിശേഷമായ സ്വർണ്ണം മങ്ങിപ്പോയിരിക്കുന്നു"[2] എന്നു പറയേണ്ടിയിരിക്കുന്നു. "മനുഷ്യൻ മിക്കവാറും സാഹചര്യങ്ങളുടെ അടിമയാണെ"ന്നു് മാനിംഗ് പറയുന്നു. ഉപദേശങ്ങൾകൂടി അനുഷ്ഠിക്കാൻ ഒരുങ്ങിയിരുന്നവർ പ്രമാണങ്ങൾകൊണ്ടു സംതൃപ്തി അടയുന്നു. ദിവസം



www.malankaralibrary.com

തോറും വിയാസാഗ്രാ എന്ന സെമ്മിനാരിയിൽവച്ചു 'ടൈയിംറേറബിൾ' ഉണ്ടാക്കിയവർ കാനോൻജപംകൂടി നിശ്ചിത സമയത്തു ചൊല്ലുന്നതിനു സാധിക്കുന്നില്ല. ഭക്തിപരമായ കൃത്യങ്ങൾ യാന്ത്രികമായി കഴിഞ്ഞുകൂടുന്നു. ദിനചര്യ ഒരുപക്ഷേ അക്ഷരാർത്ഥം പാലിക്കപ്പെട്ടുന്നുണ്ടായിരിക്കാം, എന്നാൽ ചൈതന്യം ഒന്നിലും കാണപ്പെടുന്നില്ല. ഇപ്രകാരമുള്ള പുരോഹിതൻ പലവിചാരത്തോടുകൂടി കുമ്പസാരം കേൾക്കുകയും ബോധപ്പുതർച്ചയോടുകൂടിത്തന്നെ പരിപാവനമായ വിമോചനവചനങ്ങൾ ഉച്ചരിക്കുകയും ചെയ്യുന്നു. കുർബാനയുടെ ബാഹ്യക്രിയകളെല്ലാം ശരിക്കു നടക്കുന്നുണ്ടെങ്കിലും മനസ്സു ചുററിസഞ്ചരിക്കുന്നു. രോഗശയ്യക്കു സമീപെ നിന്നു അന്ത്യലേപന ചടങ്ങുകൾ കണിശമായി നിർവ്വഹിക്കുന്നുണ്ടെങ്കിലും രോഗിക്കു ആശ്വാസവും ശക്തിയും ധൈര്യവും പ്രദാനം ചെയ്യുന്ന ഒററ വചസ്സുപോലും അദ്ദേഹത്തിൻെറ അധരത്തിൽനിന്നു പൊഴിയുന്നില്ല. [3] "വെള്ളമില്ലാത്ത മേഘം" എന്നു യൂദാശ്ലീഹാ പറഞ്ഞിരിക്കുന്നതു ഇപ്രകാരമുള്ള വൈദികനെക്കുറിച്ചല്ലയോ. 'തനിക്കില്ലാത്തതു ആരും കൊടുക്കുന്നില്ല.' ആന്തരിക ജീവിതം നയിക്കുന്നവനേ—മനസാ ദൈവത്തോടു സംഭാഷിക്കുന്നവനേ— ഇഷ്ടപ്രസാദത്തിൻെറ മാധുര്യവചനങ്ങൾ ഉച്ചരിക്കാൻ കഴിയൂ.

'എല്ലാററിനും മുമ്പു ജോലി' എന്നുണ്ടെങ്കിലും ജോലികളുടെ ക്രമാതീതമായ വർദ്ധനം പുണ്യസമ്പാദനത്തിനു തടസ്സമായി ഭവിക്കാറുണ്ട്. ഇതിൽനിന്നു ജോലിത്തിരക്കുള്ള ജീവിതം പരിശുദ്ധതയ്ക്കു അനുയോജ്യമല്ലെന്നു ധരിക്കേണ്ട. നമ്മുടെ കർത്താവിൻെറയും അപ്പോസ്തോലന്മാരുടെയും ജീവിതം വളരെ തിക്കും തിരക്കുമുള്ളതായിരുന്നു. അവർക്കു ഭക്ഷിക്കുന്നതിനുപോലും സമയമില്ലായിരുന്നെന്നു സുവിശേഷകൻ രേഖപ്പെടുത്തുന്നു. എന്നാൽ ജോലികളുടെ ബാഹുല്യത്തെപ്രതി നമ്മുടെ ആത്മിക ജീവിതത്തെ പരിപോഷിപ്പിക്കുന്ന സൽകൃത്യങ്ങളെ കൈവെടിയാൻ പാടില്ല. ധ്യാനം, ജ്ഞാനവായന, ആത്മശോധന മുതലായവ ജോലിയെ പ്രതി ഉപേക്ഷിക്കുന്നപക്ഷം അനതിദൂരമായ ഭാവിയിൽ നമ്മുടെ



www.malankaralibrary.com

ജീവിതം ശുഷ്കമായി ഭവിക്കുന്നതായിരിക്കും. ഒരുവൻെറ ശക്തിയിൽ കവിഞ്ഞ കടമകൾ കയ്യേൽക്കുന്നതിൽ വ്യർത്ഥാഭിമാനവും കലൎന്നിരിപ്പാൻ ഇടയുണ്ട്. നാം എന്തുചെയ്യുവെന്നതിനെക്കാൾ എങ്ങിനെ ചെയ്യുവെന്നതാണ ഗണനീയമായിട്ടുള്ളത്. പലതിലും തലയിട്ടു ഒന്നും വഴിപോലെ ചെയ്യാതിരിക്കുന്നവന്ന തീക്ഷ്ണതയൊ വിവേകമോ ഉണ്ടെന്നു പറവാൻ പാടില്ല.

അധികം ജോലി ഒരു ആപത്താണെങ്കിൽ, മതിയായ ജോലി ഇല്ലാതിരിക്കുന്നതു അതിലും ആപൽക്കരമാണ്. വൈദികജോലികളെ വിശ്വസ്തതയോടെ അനുഷ്ഠിച്ചാൽ അവ നമ്മെ പരിശുദ്ധമാക്കാൻ ധാരാളം പൎയ്യാപ്തമാകുന്നു. സമയം നഷ്ടപ്പെടുത്താതെ വേല ചെയ്യുന്നതിന്ന്, നമ്മെ നിർബന്ധിക്കുന്നതായി വല്ലതുമുണ്ടായിരിക്കണം. മനുഷ്യനിൽ അന്തർലീനമായി കിടക്കുന്ന അനേകം ശക്തികളുണ്ട്. അവ പുറത്തുവരേണമെങ്കിൽ എന്തെങ്കിലും പ്രേരകം വേണ്ടിയിരിക്കുന്നു. ഇടവകജോലികളായ പ്രസംഗം, കുമ്പസാരം, വേദപാഠം മുതലായവക്കു അവസരമുള്ളപ്പോൾ ഒരുവൻെറ വാഗ്ധോരണിയും കാൎയ്യനിർവഹണ പാടവവും വികസിച്ചുകൊള്ളും. എന്നാൽ ഇവയുടെ അഭാവത്തിൽ, വേല കണ്ടുപിടിക്കുന്നതിനു അസാമാന്യമായ മനഃസ്ഥൈൎയ്യം ആവശ്യമാകുന്നു. നല്ല മനോബലമുള്ളവൻ തനിക്കു ജോലി എങ്ങിനെയെങ്കിലുമുണ്ടാക്കുന്നു. നിത്യാഭ്യാസമില്ലാത്ത ഒരുവൻെറ മാംസപേശികൾ ബലഹീനങ്ങളായി ഭവിക്കുന്നതു സ്വാഭാവികമാണല്ലൊ. ഈ നിയമം മാനസികശക്തികളേയും ബാധിക്കുന്നതാണ്. വിദ്യാലയത്തിൽ വച്ചു നക്ഷത്രങ്ങളെപ്പോലെ ശോഭിച്ചിരുന്ന ചിലർ അനന്തര ജീവിതത്തിൽ അപ്രസിദ്ധന്മാരും അലസന്മാരുമായി കഴിഞ്ഞുകൂടുന്നതിനുള്ള കാരണങ്ങളിൽ ഒന്നു ഇതാകുന്നു. ജോലി കുറയുന്ന തോതനുസരിച്ചു മടി വർദ്ധിക്കും; തന്ദ്രി സകല തിന്മകളുടെയും മാതാവുമാകുന്നു. മ്ശിഹായെ ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു വൈദികനു ജോലിയുടെ കുറവു ഒരിക്കലും ഉണ്ടാകുകയില്ല. ഒരു മെത്രാനു ത്രപതയാകുന്നതിന്നു ഒരാത്മാവു മതി എന്നു വി. ചാർല്ലസ്സ്ബൊറേമ്മേയൊ പറഞ്ഞിരിക്കെ, ചെറിയ ഇടവക



www.malankaralibrary.com

ഒരു പട്ടക്കാരനു ധാരാളം ജോലി കൊടുക്കുകയില്ല എന്നു അനുമാനിക്കാൻ എങ്ങിനെ കഴിയും? ഇടവകജോലി കുറവുള്ളവൻ തുവലെടുത്തെഴുതി തിരുസ്സഭയെ ശാശ്വതമായി ശുശ്രൂഷിക്കാൻ പാടുണ്ടല്ലൊ. മിക്കപ്പോഴും അധികം ചെയ്യാനുണ്ടായിരിക്കുകയാണു ഒട്ടും ചെയ്യാനില്ലാത്തതിൽ ഭേദം എന്നു ഒരു മഹാൻ പറഞ്ഞിരിക്കുന്നു.

ദൈവത്തിൻെറ പുരോഹിതനുള്ള വേറൊരു വിപത്തു മന്ദജീവിതമാകുന്നു. "നീ തണുപ്പുള്ളവനോ ചൂടുള്ളവനോ അല്ല; നിനക്കു തണുപ്പോ ചൂടോ ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു; എന്നാൽ നീ തണുപ്പുള്ളവനൊ ചൂടുള്ളവനൊ അല്ലാത്തതിനാൽ എൻെറ വായിൽനിന്നു നിന്നെ ഛർദ്ദിച്ചുകളയുന്നതിനു ഞാൻ തുടങ്ങും." 4 A ഇതാണു മന്ദതയുടെ വിലാപനീയമായ ഫലം. ഒരേ പ്രവൃത്തിയുടെ കൂടെക്കൂടെയുള്ള ആവർത്തനം, അതിനെ യാന്ത്രികമാക്കുന്നു. മന്ദത ഭക്തജീവിതത്തിൻെറ ഒരു പുഴുക്കുത്താണെന്നു പറയാം. നാമറിയാതെതന്നെ ഈ കൃമി നമ്മെ കരണ്ടു തിന്നുന്നു. ദിവ്യപൂജ സമർപ്പിക്കുമ്പോൾ ദിവ്യരക്ഷകനെത്തന്നെ നാം സ്പർശിക്കുന്നു. എന്നാൽ മന്ദജീവിതം നയിക്കുന്നവനു ഈ സാമിപ്യം ഗ്രഹണംചെയ്യുന്നില്ല. 'സ്നേഹത്തിൽ മുങ്ങിയിട്ടും സ്നേഹം തോന്നുന്നില്ല' എന്നു വി. അഗുസ്തീനോസ്സ് പറയുന്നതു ഇവിടെയാണു നിറവേറുന്നതു്. അഗ്നി വക്ഷസ്സിൽവച്ചിട്ടും ചൂടുതോന്നുന്നില്ലെങ്കിൽ അതൊരത്ഭുതമല്ലെ. ചെറിയ തിന്മകളും അല്പാല്പമായ വീഴ്ചകളും സാവധാനത്തിൽ എന്നാൽ തീർച്ചയായും വലിയ ലംഘനത്തിൽ ചെന്നെത്തുന്നു. പ്രാർത്ഥന, പരിത്യാഗം, വീണ്ടുവിചാരം (Reflection) ഇങ്ങനെ മൂന്നായുധമാണു മന്ദതയ്ക്കെതിരായി നാം പ്രയോഗിക്കേണ്ടതു്. പ്രാർത്ഥന നമ്മെ ദൈവത്തിങ്കലേയ്ക്കു അടുപ്പിക്കയും നമ്മുടെ ആത്മിക ദാരിദ്ര്യത്തെ പരിഹരിക്കയും ചെയ്യുന്നു. മനുഷ്യൻെറ ദുർമ്മോഹങ്ങൾ ബഹുലങ്ങളാണു്, അവയെ തൃപ്തിപ്പെടുത്തുന്നതുകൊണ്ടാണു് ജീവിതം പാപഭ്രഷ്ടമായി ഭവിക്കുന്നതു്. അതുകൊണ്ടു ത്യാഗശീലം നാം അഭ്യസിക്കണം. ദൈവം മാത്രം കാണുന്ന ചെറിയചെറിയ ആശാനിഗ്രഹങ്ങൾ ആത്മാവിനു



www.malankaralibrary.com

എത്ര അനാഷസമ്പാദ്യമായിട്ടാണു പരിണമിക്കുന്നതു്? വീണ്ടു വിചാരം വിശ്വാസത്തിന്റെ ജീവനാകുന്നു, വിശ്വാസം നീതിമാന്റെ ജീവനുമാകുന്നു. വിശ്വാസം കൂടാതുള്ള പ്രവൃത്തികൾക്കു ദൈവസമക്ഷം യോഗ്യത ലഭിക്കുന്നതല്ല. ദൈവം ധമ്മംചെയ്യുന്ന കരത്തെ അല്ല അതിനു നിദാനമായ ഹൃദയത്തെയാണു വീക്ഷിക്കുന്നതു്. ദൈവസ്നേഹത്തോടുകൂടി ചൊല്ലപ്പെടുന്ന ഒററസ്തുതജപം അദ്ധപ്രാണനായി ഒരു ജപപുസ്തകം മുഴുവനും വായിച്ചു തീക്കുന്നതിൽ ഫലപ്രദമാകുന്നു.

വൈദികൻ ആപത്തുകളാൽ വലയം ചെയ്യപ്പെട്ടിരിക്കുന്നതുപോലെ ദുഃഖങ്ങളാലും പരിവൃതനായിരിക്കുന്നു. തന്റെ ദിവ്യ യജമാനനെപ്പോലെ ദുഃഖത്തിന്റെ ഒരു മനുഷ്യനാകുന്നു അവനും. ക്രിസ്തുനാഥൻ കരഞ്ഞുവെന്നു സുവിശേഷത്തിൽ രണ്ടു പ്രാവശ്യം രേഖപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ താൻ സന്തോഷിച്ചുവെന്നു ഒരിക്കൽ മാത്രമെ കാണുന്നുള്ളു. ലാസറിന്റെ കബറിടത്തിങ്കലും ഓശാന ഞായറാഴ്ച ജേറുസലംദേവാലയത്തിൽ പ്രവേശിച്ചപ്പോഴും താൻ കരഞ്ഞു. തന്റെ രാജ്യത്തിലെ രഹസ്യങ്ങൾ ഈ ലോകത്തിലെ വിദ്വാന്മാക്കല്ല പിന്നെയോ കുട്ടികളെപ്പോലുള്ളവക്കും എളിമയുള്ളവക്കുമാണു വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതു് എന്ന ചിന്തയിൽ ദിവ്യരക്ഷകൻ സന്തോഷിച്ചു.

മ്ശിഹാ ദുഃഖത്തിന്റെ ഒരു മനുഷ്യനായിരുന്നു. വൈദികനും ഇക്കാര്യത്തിൽ തന്റെ ഗുരുവിനെപ്പോലെ ആയിരിക്കണം. എന്തുകൊണ്ടെന്നാൽ ശിഷ്യൻ യജമാനനു മേലല്ലല്ലൊ. പട്ടക്കാരന്റെ ഒന്നാമത്തെ ദുഃഖം തന്റെ അയോഗ്യതയെപ്പററിയുള്ള ആത്മജ്ഞാനത്തിൽനിന്നുളവാകുന്നു. വി. പൌലോസിന്റെ വാക്കുകൾ എല്ലാ പട്ടക്കാരന്റെയും ഹൃദയത്തിൽ ഉണ്ടായിരിക്കേണ്ടതാണു്. 'എന്നെ ബലപ്പെടുത്തിയവനായ നമ്മുടെ കത്താവീശോമ്ശിഹായ്ക്കു ഞാൻ സ്തോത്രംചെയ്യുന്നു. എന്തെന്നാൽ അയാൾ എന്നെ ദൈവശുശ്രൂഷയിൽ സ്ഥാപിച്ചുകൊണ്ടു് വിശ്വസ്തനായി പരിഗണിച്ചു. ഈ ഞാൻ മുമ്പു് നിന്ദാവാദകനും ഞെരുക്കുന്നവനും അപരാധിയുമായിരുന്നു. എങ്കിലും (അവ) അവിശ്വാസത്തിൽ



www.malankaralibrary.com

അറിയാതെ ചെയ്യുകൊണ്ട് എനിക്ക ദൈവത്തിന്റെ കരുണ ലഭിച്ചു. എന്നാൽ നമ്മുടെ കർത്താവിന്റെ അനുഗ്രഹം ഈശോ മ്ശിഹായിലുള്ള വിശ്വാസത്തോടും സ്നേഹത്തോടുംകൂടി സമൃദ്ധി പ്പെടുകയുംചെയ്തു. പാപികളെ രക്ഷിക്കാൻ ഈശോമ്ശിഹാ ഈ ലോകത്തിൽവന്നുവെന്നുള്ളതു വിശ്വാസ്യവും സാർവ്വസ്വീകാര യോഗ്യവുമായ വചനമത്രെ. ഇവരിൽ (പാപികളിൽ) പ്രഥമ ഗണനീയൻ ഞാനാകുന്നു. എന്നാൽ അതുകൊണ്ടു നിത്യായുസ്സിനു വേണ്ടി അയാളിൽ വിശ്വസിക്കുമെന്നവരുടെ അറിവിനായി സ കല ക്ഷമയും ഒന്നാമനായ എന്നിൽ ഈശോമ്ശിഹാ കാണിക്ക ത്തക്കവണ്ണം ഞാൻ അനുഗ്രഹം പ്രാപിച്ചു.' 4 B ഈ വാക്കുകളിൽ നിന്നു വിശദമാകുന്നതു വി. പൌലോസ് ഒരിക്കലും സ്വയം നീ തിമാനായി ഗണിച്ചിരുന്നില്ലെന്നും പ്രത്യുത, പാപികളിൽ അഗ്രേ സരനായിട്ടാണു കരുതിയിരുന്നതെന്നും, അപ്പോസ്തോലികസ്ഥാന ത്തേയ്ക്കുള്ള തന്റെ ആരോഹണംതന്നെ ദൈവകാരുണ്യത്തിന്റെ യും ക്ഷമയുടെയും ഒരു ചിഹ്നമാണെന്നുമാണല്ലൊ.

പ്രേഷിതവര്യനായ ഈ ശ്ലീഹാ ഇപ്രകാരമാണു തന്നെ പ്പററി വിചാരിക്കുന്നതെങ്കിൽ നമ്മുടെ കഥയെന്ത്? ഏതൊരു പട്ടക്കാരനാണു തന്റെ ദൈവവിളിയെപ്പററി അത്ഭുതം തോന്നാ ത്തതു്? ഈ മഹോന്നത സ്ഥാനത്തെ അർഹിക്കത്തക്കവണ്ണം എ ന്താണു നമ്മിൽ ഉണ്ടായിരുന്നതു്? നമ്മുടെ കുട്ടിക്കാലത്തെ സഖാ ക്കളിൽ എത്രപേർ നമ്മേക്കാൾ പരിശുദ്ധരായിരുന്നു? എന്തുമാത്രം പാപങ്ങളും അവിവേകങ്ങളും വിഡ്ഢിത്തങ്ങളും നാം ചെയ്തിരി ക്കുന്നു? പാപികളിൽ പ്രഥമ ഗണനീയൻ ഞാനാകുന്നുവെന്നു അ പ്പസ്തോലനോടൊരുമിച്ചു നമ്മളും പറയുന്നതിനു കൂടുതൽ ന്യായ മില്ലയോ? നമ്മുടെ ജീവിതം എത്ര പാപകലുഷമായിരുന്നെന്നോ ക്കുമ്പോൾ പാവനമായ ദൈവവചനം പ്രസംഗിപ്പാൻ എങ്ങിനെ നമുക്കു തുനിയാൻ കഴിയും? അന്യരുടെ തെററുകളെ ചൂണ്ടിക്കാണി ക്കുമ്പോൾ 'വൈദ്യാ നിന്നെത്തന്നെ സുഖപ്പെടുത്തുക' എന്നു അവർ പ്രതിവചിക്കുകയില്ലയോ? അവരുടെ പാപങ്ങളെ ഞാൻ വിളിച്ചറിയിക്കു മ്പോൾ 'കപടഭക്താ നിന്റെ കണ്ണിൽ ഒരു തുലാം ഉണ്ടു്' എന്നു



www.malankaralibrary.com

സ്വരം എന്റെ കണ്ണപുടങ്ങളിൽ മുഴങ്ങുന്നു. ഇച്ഛാഭംഗവും ക്ലേശവും നൈരാശ്യവും അനുഭവിക്കുക എന്താണെന്നു എല്ലാ പട്ട ക്കാരനുമറിയാം; എന്നാൽ നമ്മുടെ അയോഗ്യതയെപ്പററിയുള്ള ആ ബോധംപോലെ ഹൃദയഭേദകമായ ഒന്നു മററില്ല.

വൈദികന്റെ വേറൊരു ദുഃഖഹേതു തന്റെ സൂക്ഷ ത്തിൻ കീഴ ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ആളുകളുടെ പാപമാകുന്നു. ലോകത്തിന്റെ പാപത്തോടുള്ള സാമീപ്യമാണു മ്ശിഹായുടെ ഹൃദയത്തെ വ്രണപ്പെടുത്തിയത്. സൃഷ്ടികളിലെ താറുമാറുകളും ക ഴപ്പങ്ങളും ദശിച്ചപ്പോൾ ദിവ്യരക്ഷകൻ 'ഒ! നീതിമാനായ പി താവേ, ലോകം അവിടത്തെ അറിഞ്ഞിട്ടില്ല' എന്നു ആക്രോശിച്ചി ല്ലയോ? ദൈവത്തെ അറിയാതിരിക്കുന്നതുതന്നെ ഒരു ദൈവനി ന്ദയാകുന്നു. നമ്മുടെ ദിവ്യ യജമാനന്റെ ഹൃദയം നമുക്കുള്ളപ ക്ഷം, നമ്മുടെ ചുററും നാനാഭാഗത്തും പുരുഷന്മാരിലും സ്ത്രീകളി ലും കുട്ടികളിലും പ്രമാണങ്ങൾക്കും കല്പനകൾക്കും വിരുദ്ധമായി കാണപ്പെടുന്ന മാംസത്തിന്റെയും അത്രപ്തിയുടെയും പാപബഹു ലത നമ്മിൽ ദുഃഖത്തിന്റെ ഒരു വററാത്ത ഉറവ ഉണ്ടാക്കാതിരിക്ക യില്ല. മ്ശിഹായുടെ യഥാർത്ഥനായ അനുഗാമിയുടെ ഹൃദയത്തെ പാപം എപ്പോഴും വേദനിപ്പിക്കുന്നു. ആത്മാക്കളുടെ രക്ഷയിലു ള്ള ആകാംക്ഷയും പാപത്തോടുള്ള വെറുപ്പും എത്രകണ്ടു നമ്മിൽ വർദ്ധിച്ചിരിക്കുന്നുവോ അത്രകണ്ടു നമ്മുടെ ജനങ്ങളുടെ ആത്മീയ മായ അധഃപതനം നമ്മെ തപിപ്പിക്കും. പട്ടക്കാരൻ തന്റെ ദി വ്യ യജമാനനെപ്പോലെ എതിർപ്പിന്റെ ഒരു ചിഹ്നമാകുന്നു: "ഇ വൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും, എഴുന്നേല്പിനും, ത ർക്കത്തിന്റെ അടയാളത്തിനുമായി വെക്കപ്പെട്ടിരിക്കുന്നു."[5] എല്ലാ കല്പിനും കവിണക്കും അവൻ ഒരു ഉന്നമാകുന്നു. ഇവ ഉപദ്രവ മൊന്നും വരുത്തുന്നില്ലെങ്കിലും വെറുക്കപ്പെടുകയും അവഹേളിക്ക പ്പെടുകയും ചെയ്യുന്നതു മാംസരക്തങ്ങൾക്കു അസഹ്യമാകുന്നു. എ ന്നാൽ മേൽപ്രസ്താവിച്ചവയിൽനിന്നുള്ള ദുഃഖം അത്ര വലുതല്ല, എന്തുകൊണ്ടെന്നാൽ അവ വിദ്വേഷം ജനിപ്പിക്കുന്നു, വിദ്വേഷം ദുഃഖത്തെ ഹനിക്കുകയും ചെയ്യുന്നു. യഥാർത്ഥമായ ദുഃഖം, സ്നേഹം,



www.malankaralibrary.com

കാരുണ്യം; ആത്മാക്കളുടെ നേരെയുള്ള അനുകമ്പ ഇവയിൽനിന്നത്രെ സംജാതമാകുന്നത്; ഈ ദുഃഖം നല്ല ഇടയനായ മ്ശിഹായോടുള്ള സാദൃശ്യത്തിൻെറ ഒരു അടയാളവുമാകുന്നു. തന്നോടു എതിർത്ത കൊറിന്തിയാക്കാരോടു വി. പൌലോസ് ഇപ്രകാരം പറഞ്ഞു: 'ഞാൻ നിങ്ങളുടെ ആത്മാക്കൾക്കുവേണ്ടി വളരെ സന്തോഷത്തോടെ ചെലവുചെയ്യുകയും ചെയ്യപ്പെടുകയും ചെയ്യും, നിങ്ങളെ അധികം സ്നേഹിക്കുക നിമിത്തം ഞാൻതന്നെ കുറച്ചു സ്നേഹിക്കപ്പെട്ടേയ്ക്കാമെന്നിരുന്നാലും."[6] ദിവ്യരക്ഷകൻ പറയുന്നു: "ലോകം നിങ്ങളെ ദ്വേഷിക്കുന്നു എങ്കിൽ അതു നിങ്ങൾക്കുമുമ്പു എന്നെ ദ്വേഷിച്ചു എന്നു അറിയുവിൻ."[7] ആകയാൽ വെറുക്കപ്പെടുക വിശ്വസ്തതയുടെ ഒരു ലക്ഷണമാണെന്നറിഞ്ഞാലും.

മരിച്ച ആത്മാക്കളെ സദാപി കൺമുമ്പാകെ ദർശിച്ചുകൊണ്ടാണു നമ്മുടെ ജീവിതം. എസക്കിയേൽ ദീർഘദർശി കണ്ട അസ്ഥികൾ നിറഞ്ഞ മൈതാനം അതീവ ഭയാനകമായിരുന്നു; എന്നാൽ അതിൽ എത്ര ഭയാനകമാണ് ആത്മീയമായി മരിച്ച ആത്മാക്കളുടെ കാഴ്ച.

ചില ദുഷ്ട മനുഷ്യർ ആത്മാക്കളുടെ ഘാതകന്മാരാകുന്നു. അവരുടെ ദുഷ്പ്രവൃത്തികളും ദുർമ്മാതൃകകളും വഴിയായി അവർ കുററമില്ലാത്തവരെ വഴിതെററിക്കയും, അനുതപിച്ചുവരുന്നവരെ തടഞ്ഞു നിറുത്തുകയും ചെയ്യുന്നു. വിനാശം ഭവനംതോറും അല്ല വ്യക്തികൾതോറും വ്യാപിക്കുന്നതു നാം കാണുന്നു. വളരെനാൾ കാത്തുസൂക്ഷിച്ച് നേർവഴിക്കു നടത്തിക്കൊണ്ടു വന്നിരുന്ന ആ ആത്മാക്കളെ ദുഷ്ടന്മാരുടെ പിടിയിൽനിന്നു വിടുവിക്കുന്നതിനു ശക്തർ നാം ആകാതെ വരുമ്പോൾ എന്തൊരു മനോവ്യഥയാണുണ്ടാവുക. ചിലപ്പോൾ സാത്താൻ ചങ്ങലപൊട്ടിച്ചു മനുഷ്യവേഷത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കയാണൊ എന്നു തോന്നുമാറ് അത്രയ്ക്കു നാരകീയമായി കാണപ്പെടുന്നു അവരുടെ ആക്രമണങ്ങൾ. അനേകം കൊല്ലത്തെ നമ്മുടെ വേലയുടെ ഫലം ഒററ വിനാഴികയിൽ നശിപ്പിക്കപ്പെടുന്നു. ഏതു ജനക്കൂട്ടത്തിലും നേരെ അക്രമിക്കുന്നവരും മറഞ്ഞുനിന്നു അമ്പെയ്യുന്നവരുമായ ശത്രുക്കൾ കാണപ്പെടാ



www.malankaralibrary.com

തിരിക്കയില്ല. ഇപ്രകാരമുള്ളവരെപ്പററിയാണ് അപ്പസ്തോലൻ ഇങ്ങനെ പറഞ്ഞിരിക്കുന്നതു: "അവരെപ്പററി ഞാൻ നിങ്ങളോടു പലതവണ ഉപദേശിച്ചിട്ടുണ്ട്; (എന്നാൽ ഇപ്പോഴും ഞാൻ കരഞ്ഞുകൊണ്ടു പറയുന്നു) അവർ മ്ശിഹായുടെ കുരിശിൻെറ ശത്രുക്കളത്രെ. അവരുടെ അന്ത്യം നാശവും അവരുടെ ദൈവം വയറുമാകുന്നു. ലൌകികങ്ങളെ രുചിക്കുന്നവരുടെ ലജ്ജയിൽതന്നെയാണ് അവരുടെ സ്തുതിയും."8

എന്നാൽ താന്തോന്നികളായി ജീവിക്കുന്നവരുടെ പാപങ്ങൾ മാത്രമല്ല, നല്ലവരുടെ കുററങ്ങളും വൈദികനെ ദുഃഖിപ്പിക്കുന്നുണ്ട്. മനുഷ്യർ നല്ലവരെങ്കിലും നന്മയിൽ വദ്ധിക്കുന്നില്ല; ജ്ഞാനമുണ്ടെങ്കിലും തദനുസരണം പ്രവൃത്തിക്കുന്നില്ല; വളരെ സൽപ്രവൃത്തികൾ ചെയ്യുന്നുണ്ടെങ്കിലും പാടുള്ളടത്തോളം ചെയ്യുന്നില്ല; വീഴ്ചകൾ കുറവാണെങ്കിൽ സ്തുത്യർഹമായവ അതിലും കുറവാകുന്നു; നല്ലയാഗ്രഹങ്ങൾ ധാരാളമുണ്ടെങ്കിലും പ്രവൃത്തി തുലോം ചുരുക്കമാണ്; ധമ്മംകൊടുക്കാൻ സന്നദ്ധരെങ്കിലും ധമ്മത്തിൽ അവിവേകികളാകുന്നു; ഭക്തിപരമായ കൃത്യങ്ങളിൽ നിഷ്ഠ കൂടുമെങ്കിലും യഥാർത്ഥഭക്തി ലവലേശവുമില്ല; സുകൃതമുണ്ടെങ്കിലും ലൌകായതികത്വം കൈവെടിയുന്നില്ല; ഇതരരുടെ സൽകൃത്യങ്ങളെ പുകഴ്ത്താൻ മുമ്പന്മാരെങ്കിലും അവരെ അനുകരിക്കുന്നതിൽ പിമ്പന്മാരാകുന്നു; മററുള്ളവരുടെ മന്ദതയും അസ്ഥിരതയും വീഴ്ചകളും പഴിക്കുന്നതിൽ ബഹു സാമത്ഥ്യമുള്ളവരെങ്കിലും അവർതന്നെ മന്ദന്മാരും മടിയന്മാരും അസ്ഥിരബുദ്ധികളുമാകുന്നു; ഏവംവിധമുള്ള ആത്മീയ വൈപരീത്യങ്ങൾ (Spiritual paradoxes) ഒരു വൈദികനെ എപ്പോഴും ശല്യപ്പെടുത്തുന്നവയത്രെ. ഇങ്ങനെ, പാപങ്ങളിൽനിന്നെന്നപോലെ ഭക്തരായി നടക്കുന്നവരിൽനിന്നും വൈദികനു സഹിപ്പാനുണ്ട്. അവരുടെ വ്യത്ഥാഭിമാനം, സ്വാത്ഥത, ലൌകായതികത്വം മുതലായവയെപ്പററി ആവലാതിപ്പെടാൻ പലപ്പോഴും അവൻ നിർബന്ധിതനാകുന്നു. വി. പൌലോസ് പറയുന്നു: "എന്തെന്നാൽ പരമാത്ഥ ഹൃദയത്തോടെ നിങ്ങളെപ്പററി ചിന്തിക്കുന്നതിനു എൻെറ മനഃസ്ഥിതിയുള്ള മററൊരാളും എന്നോടു



www.malankaralibrary.com

ഒന്നിച്ചില്ല, എന്തുകൊണ്ടെന്നാൽ എല്ലാവരും ഈശോമ്ശിഹായു
ടെ കാര്യങ്ങളല്ല സ്വന്ത കാര്യങ്ങളത്രെ അന്വേഷിക്കുന്നത്." 9

ഏററവും അധികം സംസാരിക്കുന്നവർ തിരെ കുറച്ചുമാ
ത്രം പ്രവർത്തിക്കുന്നവരായിട്ടാണ് കാണപ്പെടുന്നത്. നമ്മുടെ ജന
ങ്ങളെ സംസാരിക്കുന്നവരെന്നും പ്രവർത്തിക്കുന്നവരെന്നും രണ്ടായി
തരം തിരിക്കാം. പ്രവർത്തിക്കുന്നവർ ഒച്ചപ്പാടുകൂടാതെ സഹാ
യിക്കുന്നു, മററവരാകട്ടെ വാഗ്വർഷം ചെയ്തിട്ടു തൃപ്തിയടയുന്നു.
കുററം പറയുക എന്നൊരു സഹകരണം മാത്രമെ അവരിൽനിന്നു
ലഭിക്കുന്നുള്ളു.

വൈദികനെ അസഹ്യപ്പെടുത്തുന്ന വേറൊരു കൂട്ടർ കപ
ടസ്നേഹിതന്മാരാകുന്നു. പള്ളിമുറിയിൽ വന്നും പോയും നിൽക്കുന്ന
ചതിയന്മാരും, ഏഷണിക്കാരും, കള്ളസ്നേഹപന്മാരും നുണയന്മാരു
മെല്ലാം മേൽപ്പറഞ്ഞ ഗണത്തിൽപെടും. വൈദികനെപ്പററി
തെററിദ്ധാരണയുണ്ടാക്കുന്നതും അവൻെറ മതിപ്പു കുറയ്ക്കുന്നവയു
മായ അനേകം വാർത്തകൾ, കേട്ടതുപാതി കേൾക്കാത്തതുപാതി
അവർ കൊട്ടിഘോഷിക്കുന്നു. ഇപ്രകാരമുള്ള സ്വാർത്ഥലോലുപന്മാർ
പുറമെ വളരെ വണക്കവും സ്നേഹവും കാണിക്കാതിരിക്കയില്ല. പ
രമാർത്ഥിയായ ഒരുവൻ മററുള്ളവരും തന്നെപ്പോലെ പരമാർത്ഥി
കളെന്നുകരുതി തുറന്നു സംസാരിക്കുന്നു. എന്നാൽ പിന്നീടാണ്
തൻെറ പരമാർത്ഥതയുടെ ഫലമായി ഇടവകയിൽ കുടുംബങ്ങൾ
തമ്മിൽ ഭിന്നിപ്പും വഴക്കും ഉളവായിട്ടുണ്ടെന്നു വൈദികനു മനസ്സി
ലാകുന്നത്. അപ്പോൾ ഒരു പാഠം പഠിക്കും, അതു അവസാന
ത്തേതായിരുന്നെങ്കിൽ ഭാഗ്യം. കപടസഹോദരന്മാരുടെ സ്ഥിതി
ഇതെങ്കിൽ കപടസഹോദരികളുടേതു ഇതിലും കഷ്ടമാണ്. സ്ത്രീ
യുടെ കോപത്തിനുമേൽ കോപമില്ലെന്നാണല്ലൊ ശ്ലേമ്മോൻ പ
റയുന്നത്. സ്ത്രീകൾ വൈദികരെ വിമർശിക്കുന്നതിൽ ഒട്ടും പിന്നോ
ക്കമല്ല. അവൾക്കു ഒരു പട്ടക്കാരനോടു ഇഷ്ടമില്ലെങ്കിൽ ഇന്ന
തേ പറയാവൂ എന്നില്ല. കുറച്ചുമാത്രമെ അവൾക്കു അറിയാൻ സാ
ധിക്കയുള്ളുവെങ്കിലും അതിനെ പത്തിരട്ടിയായി പൊലിപ്പിക്കുന്നതി
നും നാനാപ്രകാരത്തിൽ വ്യാഖ്യാനിക്കുന്നതിനും അവൾക്കറിയാം.



www.malankaralibrary.com

അധികാരികൾ ചെയ്യുന്ന സകലത്തിനെയും പഴിക്കുന്ന ചിലയാളുകളുണ്ട്. അവരുടെ ദൃഷ്ടിയിൽ ഇടവക വികാരിക്കു കുററമല്ലാതെ മറെറാന്നുമില്ല; അദ്ദേഹം ഒന്നും ശരിയായി ചെയ്യുന്നില്ല, ചെയ്യുന്നതിനു സാധിക്കുകയുമില്ല. ഈ മാതിരി ദൂഷണങ്ങൾ പകർച്ച വ്യാധികളാണ്. അവ ഇടവകയിൽ ദാവാഗ്നിതുല്യം വ്യാപിക്കയും ഇടയനും ആട്ടും തമ്മിലുള്ള സൌഹാർദ്ദത്തെ നശിപ്പിക്കയും ചെയ്യുന്നു. ഇതൊരു ദുരവസ്ഥതന്നെ. മ്ശിഹായുടെ ശരീരരക്തങ്ങളെ നാം ആരിൽനിന്നു സ്വീകരിക്കുന്നുവൊ ആ ആളിനെപ്പററി മതിപ്പും ബഹുമാനവും നമുക്കില്ലെന്നു വന്നാലത്തെ സ്ഥിതി എന്ത്? മാംസത്തിൻെറ പാപങ്ങൾ കഠിനങ്ങൾതന്നെ, എന്നാൽ ഇവയിലും പൈശാചികമെന്നുവേണം പറവാൻ അരൂപിയുടെ പാപങ്ങളായ (Sins of Spirit) കലഹം, വെറുപ്പ്, അസൂയ തുടങ്ങിയവ. ഇതുകൊണ്ടാണ വി. പൌലോസ്സ നികൃഷ്ടമായ ശാരിരികപാപങ്ങളുടെ ഒരു പട്ടിക നൽകിയശേഷം, 'ശത്രുതകൾ, പിണക്കങ്ങൾ, വൈരാഗ്യം, ക്രോധങ്ങൾ, തക്കങ്ങൾ, അഭിപ്രായ മാററങ്ങൾ, ഭിന്നതകൾ എന്നിവകൂടി അതോടുചേർത്ത്, ഒടുവിൽ "അസൂയകൾ, കൊലപാതകങ്ങൾ, മദ്യപാനങ്ങൾ, അമിതഭോജനങ്ങൾ" 10 എന്നിവയോടുകൂടി ആ പട്ടിക പൂർത്തിയാക്കുന്നത്. വൈരാഗ്യം, പിണക്കം തുടങ്ങിയ അരൂപിയുടെ പാപങ്ങൾ ഒരുവനെക്കൊണ്ടു ഉപേക്ഷിപ്പിക്കുന്നതിനു വളരെ പണിയുണ്ട്. മാംസേഛയിൽ നിമഗ്നനായിരിക്കുന്ന ഒരാൾ ക്ഷിപ്രം മാനസാന്തരപ്പെട്ടെന്നു വന്നേയ്ക്കാം; എന്നാൽ തമ്മിൽ വൈരാഗ്യമുള്ള രണ്ടുപേരെ രമ്യപ്പെടുത്തി സഖാക്കളാക്കുക അത്ര എളുപ്പമുള്ള ജോലിയല്ല. മോഹം ബലഹീനമായ ശരീരത്തിൻെറ പാപമാണ്, എന്നാൽ വിദ്വേഷം അരൂപിയായ സാത്താൻെറ പാപമാകുന്നു. ആദ്യത്തേതിനെ തപസ്സ് ഹനിക്കുന്നു, എന്നാൽ രണ്ടാമത്തേതിനു തപസ്സോടൊന്നിച്ചു കുടികൊള്ളാൻ കഴിയും.

ജനതാമദ്ധ്യത്തിൽ പ്രചരിക്കുന്ന പൈശാചികമായ ഈ വിദ്വേഷം വൈദികനു അനനുസ്യൂതമായ ഒരു കുരിശാകുന്നു. എന്നാൽ ഈവക വെറുപ്പുകളെപ്പററി നാം അത്ഭുതപ്പെട്ടിട്ടാവശ്യ



www.malankaralibrary.com

മില്ല. ഇവ നമ്മെ നമ്മുടെ ദിവ്യരക്ഷകനോടു അനുരൂപപ്പെടുത്തുക മാത്രമെ ചെയ്യുന്നുള്ളു. ദൈവത്തിനു ഈ ലോകത്തെ തൻെറ മഹത്വപ്രകടനംകൊണ്ടു രക്ഷിക്കാമായിരുന്നു, എന്നാൽ അവിടുന്നു തൻെറ അപമാനംമൂലമാണ് അതു നിർവ്വഹിക്കാൻ തിരുമനസ്സായത്. ഈശോയെ അവർ കപടമായി കുററം ചുമത്തി, സമറിയാക്കാരൻ, പിശാചു ബാധിതൻ, പിഞ്ഞുകുടിയൻ, പാപികളുടെ സഖാവ് ഇത്യാദി പേരുകളാണ് അവർ തനിക്കു നൽകിയത്. ഇവയെല്ലാം നമ്മുടെ നാഥനു വലിയ ആക്ഷേപവും മനോവേദനയും വരുത്തി, എന്തെന്നാൽ അവിടത്തെ പരിശുദ്ധത അനന്തമായിരുന്നു. ഒരു പട്ടക്കാരൻെറ ജീവിതനൈർമ്മല്യത്തിൻെറ ന്യൂനാധികഭാവമനുസരിച്ചിരിക്കും കപടമായി കുററം ചുമത്തപ്പെടുമ്പോൾ അവനുണ്ടാകുന്ന മനഃഖേദം. അവിവേകികളും മര്യാദാവിഹീനരും, വിഡ്ഢികളും അറിഞ്ഞും അറിയാതെയും തങ്ങളുടെ വാക്കുകളാകുന്ന അസ്ത്രങ്ങൾകൊണ്ടു വൈദികൻെറ ഹൃദയത്തെ മുറിപ്പെടുത്തുന്നുണ്ട്.

താൻ ആർക്കു ഉപകാരം ചെയ്യുവൊ അവരാണു നമ്മുടെ കർത്താവിനെ അധികമായി ഉപദ്രവിച്ചത്. ഗദസേമ്മോൻ തോട്ടത്തിൽ വച്ചു പത്രോസ് മൽക്കൂസിൻെറ ചെവി ഛേദിച്ചപ്പോൾ, ഈശോ അതു സുഖപ്പെടുത്തി; ഈ മൽക്കൂസാണു ഹന്നാൻെറ മുമ്പിൽവച്ചു ഈശോയുടെ ചെവിട്ടിൽ അടിച്ചതെന്നു ഒരു പൂർവ്വപിതാവു സാക്ഷ്യക്കുന്നു. മൂന്നുകൊല്ലം മ്ശിഹാതമ്പുരാൻ രോഗികളെ സുഖപ്പെടുത്തുകയും കുരുടർക്കു കാഴ്ച നൽകുകയും ക്ഷുധാർത്തർക്കു അത്ഭുതാവഹമാംവണ്ണം ഭക്ഷണം നൽകുകയും ചെയ്തു. ശക്തി തന്നിൽനിന്നു പുറപ്പെട്ടു സകലരേയും സുഖപ്പെടുത്തി, എന്നാൽ ഒടുവിൽ തനിക്കു മഹാകൃതഘ്നതയാണു പ്രതിഫലമായി കിട്ടിയത്. ഒരു പട്ടക്കാരൻെറ അനുഭവവും ഇതുതന്നെ. നാം ആർക്കു അധികം ഉപകാരം ചെയ്യുവൊ, അവർ ഏററവും വലിയ നന്ദികേടു കാണിക്കും. അനേകം ഔദാര്യങ്ങളുടെ ശേഷം ഒററ തിരസ്കരണമോ ശാസനയോ മതി, ഒരുവനെ നമ്മുടെ കൊടിയ ശത്രുവാക്കാൻ. മനുഷ്യർ സാധാരണ നാം എന്തുമാത്രം



www.malankaralibrary.com

ചെയ്യുവെന്നല്ല, പിന്നയൊ ഒരു തവണയെങ്കിലും അപേക്ഷ നിരാകരിച്ചിട്ടുണ്ടോ എന്നത്രെ പരിഗണിക്കുന്നത്. പല പ്രാവശ്യത്തെ 'ഉവ്വാ'യെ വിസ്മരിച്ചിട്ട് ഒററ 'ഇല്ലാ'യിന്മേൽ അവർ കടിച്ചുതൂങ്ങുന്നു. നമ്മുടെ ദിവ്യരക്ഷകൻ സുഖപ്പെടുത്തിയ പത്തു കുഷ്ഠരോഗികളിൽ ഒരുവൻ മാത്രമെ കൃതജ്ഞത പ്രകാശിപ്പിക്കുന്നതിനു തിരിച്ചു വന്നുള്ളു; അവൻ വിജാതീയനായ ഒരു സമറിയാക്കാരനുമായിരുന്നു. കൂടുതൽ അനുഗ്രഹങ്ങൾ നമ്മിൽ നിന്നു ലഭിച്ചിട്ടുള്ളവർ പിന്നീടു അവർക്കു ലഭിക്കുന്നതെല്ലാം തങ്ങൾക്കു ചെല്ലാനുള്ള അവകാശങ്ങളായി എണ്ണുന്നു.

നമ്മുടെ ദിവ്യരക്ഷകനെപ്പററിയുള്ള കുററാരോപണങ്ങൾ അക്കാലത്തെ ആളുകളിൽ അധികംപേരും വിശ്വസിച്ചിരുന്നു. ദുഷ്ടന്മാർ, ക്രിസ്തുനാഥൻ തങ്ങളിലൊരുവനെപ്പോലാണെന്നുള്ള ചിന്തയിൽ സന്തോഷിച്ചു. എന്തുകൊണ്ടെന്നാൽ താൻ അവരെ ശാസിച്ചിരുന്നു. നല്ലവരും മ്ശിഹായുടെ നിഷ്കളങ്കതയെ തെളിയിക്കാൻ മനസ്സു വച്ചില്ല. ജനങ്ങളുടെ നാഥന്മാരും ഗുരുക്കന്മാരുമായ മേൽപ്പട്ടക്കാർ തൻെറ പഠനത്തേയും ജീവിതരീതിയേയും എടപാടുകളേയും താക്കീതു ചെയ്തു. 'ഈ മനുഷ്യൻ ഒരു ദീഘദശിയായിരുന്നെങ്കിൽ പാദക്ഷാളനം ചെയ്യുന്നതാരെന്നറിയുമായിരുന്നു, എന്നാൽ അറിയുന്നില്ല അതുകൊണ്ടു ദീഘദശിയുമല്ല', എന്നു അവർ കൊട്ടിഘോഷിച്ചു. 'ജനങ്ങളുടെ നേതാക്കന്മാരിൽ വല്ലവരും അവനിൽ വിശ്വസിച്ചോ, ഇല്ലെങ്കിൽ ആരും വിശ്വസിക്കരുത്' എന്നായിരുന്നു അവരുടെ തീരുമാനം. ഇതേവിധം എത്ര നല്ല പട്ടക്കാരാണു ഒരു മൂഢലോകത്താൽ കപടമായി കുററം ചുമത്തപ്പെടുന്നതു? അവരെപ്പററി ഉള്ളതും ഇല്ലാത്തതും അതിശയോക്തിയോടുകൂടി പറഞ്ഞു പരത്തപ്പെടുന്നു, അവ നല്ലവരും ഉന്നതസ്ഥാനികൾപോലും വിശ്വസിക്കയും ചെയ്യുന്നു.

ഒരിടവകയിലെ ദുരാചാരങ്ങളെ തടയുകയൊ ദുർമാർഗ്ഗജീവിതം കഴിക്കുന്ന പ്രമാണികളെ ശാസിക്കയൊ ചെയ്താൽമതി ഒരു പട്ടക്കാരൻെറ ജനപ്രീതി നഷ്ടപ്പെടാൻ. വൈദികൻ യഥാർത്ഥ കുററക്കാരനെ ആയിരിക്കാം ശാസിച്ചതു്. എന്നാൽ തൽഫല



www.malankaralibrary.com

മായി ഇടവകക്കാരിൽ ചിലർകൂടി മെത്രാൻകച്ചേരിയിലേക്കൊരു ഹർജ്ജി! ഒരു സ്ഥലത്തുനിന്നു ഹർജ്ജി പോയിയെന്നുള്ളശ്രുതി വെളിച്ചംപോലെയാണു സഞ്ചരിക്കുന്നതു്. (ശാസ്ത്രജ്ഞന്മാർ പറയുന്നതു സ്വരത്തേക്കാൾ വേഗത വെളിച്ചത്തിനാണെന്നാണു്) ഒരിടത്തുനിന്നു ഹർജ്ജി ധ്വനിമുഴങ്ങിയാൽ— അതിലെ ഉള്ളടക്കം എന്തെങ്കിലുമായിരുന്നുകൊള്ളട്ടെ— അവിടെ വഴക്കു് എന്നായി പിന്നത്തെ സംസാരം. ഒരിടവകയിൽ കുഴപ്പമുണ്ടെന്നറിഞ്ഞാൽ വലിയവരും ചെറിയവരും എടത്തരക്കാരും അഭിപ്രായപ്പെടുന്നതു്, വഴികേടു വൈദികന്റെ പക്കലാണെന്നാണു്. കുസൃതികളായ ഒന്നുരണ്ടു പേർമതി വൈദികനെപ്പററി നാടെങ്ങും അപകീർത്തിപരത്താൻ. ആയിരം സുമതികളെ തടയാൻ ഒററ കുമതി ധാരാളം മതിയെന്നു ഐർലൻഡിനെപ്പററി കാനൻ ഷീഹാൻ പറഞ്ഞിരിക്കുന്നതു കേരളത്തെ സംബന്ധിച്ചും അന്വർത്ഥമാണു്. നല്ലവർ പ്രേക്ഷകന്മാരായി നിൽക്കുകയല്ലാതെ പട്ടക്കാരന്റെ രക്ഷയ്ക്കു മുമ്പോട്ടുവരികയില്ല. വൈദികന്റെ അപജയം അവനെ നിഴൽപോലെ പിൻതുടരും. മെത്രാൻകച്ചേരിക്കു ഹർജിപോയെന്നൊ അവിടുന്നു സമാധാനം ചോദിച്ചെന്നൊ പരസ്യമായാൽ പിന്നെ ലോകം വേറൊരു കണ്ണാടിയിൽക്കൂടിയാണു വൈദികനെ വീക്ഷിക്കുന്നതു്. മുറിയിൽ ആളുകൾ മുമ്പത്തെപ്പോലെ വരുന്നില്ല. ചില ഉററ സ്നേഹിതന്മാർ എവിടെപ്പോയൊ എന്തോ? മുമ്പു സ്വാഗതമരുളിയിരുന്ന ഭവനങ്ങളിലെത്തിയാൽ ഇപ്പോൾ സ്വീകരണത്തിൽ വലിയ ഉന്മേഷമില്ല. അച്ചനു മാററമാണെന്നായിരിക്കും എവരും ഉരുവിട്ടുകൊണ്ടിരിക്കുന്നതു്. സഹോദര വൈദികരും ഈ കേൾവികളെല്ലാം വിശ്വസിക്കുന്നു. മേലധികാരികളും നമ്മെ തെററിദ്ധരിക്കുന്നു. ഹാ! എന്തൊരു വിഷമകരമായ ഘട്ടം. എന്നാൽ വൈദികൻ ഇളകിയിട്ടാവശ്യമില്ല, അവൻ മ്ശിഹായുടെ പ്രതിനിധിയല്ലയോ?

നമ്മുടെ ദിവ്യരക്ഷകനു ഇഹത്തിൽ ഹാർദ്ദമായ ഒരു സ്വീകരണമല്ലാ ലഭിച്ചതു്; തന്നെ ലോകം വെറുത്തു. "അവൻ അവന്റെ സ്വന്തത്തിലേയ്ക്കുവന്നു. എങ്കിലും അവന്റെ സ്വന്തം അവനെ കൈക്കൊണ്ടില്ല." [11] മ്ശിഹായുടെമേൽ വർഷിക്കപ്പെട്ട



www.malankaralibrary.com

ദൂഷണങ്ങളിൽനിന്നു ഒരിക്കലും മരണത്തിനുമുമ്പു തനിക്കു മോചനം ലഭിച്ചിരുന്നില്ല. തന്റെ സ്നേഹിതർ അന്ത്യനേരത്തു തന്നെ കൈവെടിഞ്ഞു. ഒരു പ്രിയ ശിഷ്യൻ തന്നെ മുപ്പതു വെള്ളിക്കാശിനു ഒററിക്കൊടുത്തു. വേറൊരുവൻ മൂന്നുപ്രാവശ്യം തന്നെ ബഹുജനസമക്ഷം ഉപേക്ഷിച്ചു. 'നീ ദൈവപുത്രനാകുന്നെങ്കിൽ നിന്നെത്തന്നെ രക്ഷിക്കുക, കുരിശിൽനിന്നിറങ്ങുക . . . ഇവൻ മററുള്ളവരെ രക്ഷിച്ചു; തന്നെത്തന്നെ രക്ഷിക്കുവാൻ ഇവനു സാധിക്കുന്നില്ല: ഇവൻ ഇസ്രായേലിന്റെ രാജാവാകുന്നെങ്കിൽ ഇപ്പോൾ കുരിശിൽ നിന്ന് ഇറങ്ങട്ടെ; എന്നാൽ അവനിൽ ഞങ്ങൾ വിശ്വസിക്കാം.' 12 ഏവംവിധം തന്നെ ദൂഷിക്കുന്നതിനു പോലും ശത്രുക്കൾ തുനിഞ്ഞു. എന്നാൽ ഈശോ കുരിശിൽനിന്നിറങ്ങിയില്ല, കൊടിയ ദൂഷണങ്ങൾ ഗാഗുൽത്താ ഗിരിശൃംഗത്തിൽ അനുരണനം ചെയ്യവെ, അവിടുന്നു കള്ളന്മാരുടെമദ്ധ്യേ ഏററവും വലിയ കള്ളനെന്നോണംമരിച്ചു. ഇതാണു ക്രിസ്തുനാഥൻ കാണിച്ചുതരുന്ന മാതൃക; അവിടുത്തെ പുരോഹിതന്മാർ വെറുപ്പും ദൂഷണവും കൃതഘ്നതയും സഹിക്കണം, അതു കുറച്ചുനാളത്തേയ്ക്കല്ല, പിന്നെയൊ ആജീവനാന്തം. കുററമില്ലാത്ത ഒരുവൻ പീഡിപ്പിക്കപ്പെടുമ്പോൾ അവന്റെ പീഡ കുററക്കാർക്കുവേണ്ടിയുള്ള ഒരു പരിഹാരമായി ദൈവം സ്വീകരിക്കുന്നു. അതുകൊണ്ടാണു വി. പൌലോസ്സു ഇപ്രകാരം പറയുന്നത്: "മ്ശിഹായുടെ കഷ്ടാനുഭവങ്ങളിൽ കുറവുള്ളവ ഞാൻ പൂർണ്ണമാക്കുകയും ചെയ്യുന്നു." 13 ആകയാൽ ദൈവപ്രമാണങ്ങൾക്കുവേണ്ടി പോരാടിയതിന്റെ ഫലമായി നാം കുററക്കാരാണെന്നാണു ലോകം വിധിക്കുന്നതെങ്കിൽ സന്തോഷത്തിനേ വകയുള്ളു. എന്തുകൊണ്ടെന്നാൽ ഇവ്വിധം ദിവ്യരക്ഷകനോടുള്ള സാത്മ്യം കൂടുതൽ ഉത്തേജകമായ് ഭവിക്കുന്നു. വി. പത്രോസു പറയുന്നു: "പ്രിയപ്പെട്ടവരെ, മ്ശിഹായുടെ കഷ്ടാനുഭവത്തിൽ ഭാഗഭാക്കാകുന്ന പക്ഷം തന്റെ മഹത്വം പ്രകാശിതമാകുമ്പോൾ വലിയ സന്തോഷവും നിങ്ങൾക്കു അനുഭവവേദ്യമാകുമെന്ന ചിന്തയിൽ ആമോദിച്ചുകൊൾവിൻ. മ്ശിഹായുടെ നാമത്തിനുവേണ്ടി അവഹേളിക്കപ്പെടുന്നപക്ഷം നിങ്ങൾ അനുഗ്രഹീതരാകും." 14



www.malankaralibrary.com

നാം ക്രിസ്തുവിൻെറ ഭാഗത്താണെങ്കിൽ ക്രിസ്തുവിനു വേണ്ടിയും ക്രിസ്തുവിനോടുകൂടിയും സഹിക്കേണ്ടിവരും. കുരിശെവിടെയൊ അവിടെ ക്രിസ്തുവും ഉണ്ട്. നമ്മുടെ അപമാനവും മനോവേദനയും താൻ നമ്മുടെ അടുത്തുണ്ടെന്നും പുസ്തകങ്ങൾക്കു നമ്മെ പഠിപ്പിക്കാൻ വഹിയാത്തതു ഗ്രഹിക്കുന്നതിനു് നമ്മുടെ ബോധത്തെ പ്രകാശിപ്പിക്കാൻ താൻ തുടങ്ങിയിട്ടുണ്ടെന്നും ഉള്ളതിൻെറ ലക്ഷണമാകുന്നു. വലിയ ക്ലേശങ്ങളും പരീക്ഷകളും നമ്മെ നന്മയിൽ ഉറപ്പിക്കുകയും പുതിയ തത്വങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്നു. കഷ്ടപ്പാടുകളിൽനിന്നു മനസ്സിലാക്കേണ്ട വേറൊരു സംഗതി ദിവ്യരക്ഷകൻ പുണ്യപരിപൂർണ്ണതയുടെ ഔന്നത്യ പദവി പ്രാപിക്കുന്നതിനു നമ്മെ ക്ഷണിക്കുകയാകുന്നുവെന്നത്രെ. മ്ശിഹായുടെ ഉററ ബന്ധുക്കളായ ദാരിദ്ര്യം, ദുഃഖം, നിന്ദ ഇവകൂടാതെ അദ്ദേഹത്തിൻെറ പടയാളികളെന്ന സംജ്ഞയ്ക്കു നമുക്കു അർഹതയില്ല. ഒരു ഗ്രന്ഥകാരൻ പറയുന്നതുപോലെ ദൈവത്തിൻെറ പുരോഹിതന്മാരെല്ലാവരും ഗാഗുൽത്താ മലമുകളിൽ നിൽക്കുന്നു. ചിലർ മററു ചിലരെക്കാൾ കുരിശിനോടു കൂടുതൽ അടുത്തുനിൽക്കുന്നു. കുരിശു ചിലരെ സ്വല്പനേരത്തേയ്ക്കു സ്പർശിക്കുന്നുള്ളു. ചിലർക്കു കെവറീനായക്കാരനായ ശിമയോൻെറ ഭാഗമാണ്. ചിലർക്കു അപമാനം, മററു ചിലർക്കു ശരീരപീഡ, മൂന്നാമതൊരു കൂട്ടർക്കു മനോവ്യഥ ഇങ്ങനെ കഷ്ടാനുഭവങ്ങൾ വ്യത്യസ്തമായി ഓരോരുത്തരുടെ ഭാഗത്തിനു വീഴുന്നു. അകയാൽ കഷ്ടപ്പാടുകൾ നേരിടുമ്പോൾ ഭയപ്പെടുകയൊ ഇളകുകയൊ മാനുഷികമായ ആശ്വാസം തേടുകയൊ, സ്വയം നീതികരിക്കാൻ ശ്രമിക്കയൊ ചെയ്യിട്ടാവശ്യമില്ല. രാജപ്രവാചകൻ പറയുന്നു: 'നിൻെറ വഴി ദൈവത്തെ ഭരമേൽപ്പിക്കയും അവനിൽ ശരണപ്പെടുകയും ചെയ്യുക, എന്നാൽ അവൻ പ്രവർത്തിച്ചുകൊള്ളും. അവൻ നിൻെറ നീതിയെ വെളിച്ചംപോലെയും നിൻെറ ന്യായത്തെ മദ്ധ്യാഹ്നംപോലെയും വെളിപ്പെടുത്തും.' 15 സമാധാനത്തിലും കലക്കത്തിലും സന്തോഷത്തിലും ദുഃഖത്തിലും മനുഷ്യർ എന്നെ വിശ്വസിക്കുമ്പോഴും, അവർ എന്നെ അവിശ്വസിക്കുമ്പോഴും എന്നെപ്പററി ഭംഗി



www.malankaralibrary.com

യായി സംസാരിക്കുമ്പോഴും ഞാൻ മനസാ വാചാ കർമ്മണാ അറിയാത്തകുററം എന്നിൽ ആരോപിക്കുമ്പോഴും ഞാൻ കർത്താവിനെ പ്രതി എന്ന പരമാർത്ഥതയിൽ പറവാൻ ആക്കു സാധിക്കുമോ അവൻ ഭാഗ്യവാൻ.

ഫ്രൻകോയിസ്സ് മൊറിയാക് (Francoise moriac) എന്ന ഗ്രന്ഥകാരൻ പറയുന്നു: 'വൈദികർ കുറവാണെന്നു വല്ലവരും പറഞ്ഞേക്കാം, എന്നാൽ ഇപ്പോഴും വൈദികരാകാൻ ആളുകൾ ഉണ്ടെന്നുള്ളതുതന്നെ ഒരു വലിയ കാര്യമാണ്. എന്തുകൊണ്ടെന്നാൽ ലൌകികമായ യാതൊരു ലാഭവും ഇവിടെ ഇല്ല, മനുഷ്യരുടെ നിന്ദയും വെറുപ്പും പീഡനവുമാണ് അവരുടെ അനുഭവം. വൈദികരെ ലോകം വകവയ്ക്കുന്നില്ല. അവക്കു സുകൃതങ്ങളുണ്ടെന്നു ലോകം വിശ്വസിച്ചാലും അതിനു അവയെപ്പററി പുച്ഛമേയുള്ളു. വൈദികരുടെ സകല നടപടികളും അവർ ഉററു പാർത്തുകൊണ്ടിരിക്കുന്നു. വീഴുന്നവരെ അധിക്ഷേപവർഷം കൊണ്ടു മൂടുന്നു. എന്നാൽ പ്രതിഫലമൊന്നുംകൂടാതെ ദു:ഖിതരെ ആശ്വസിപ്പിച്ചും അഗതികളെ തുണച്ചും, നാനാതരത്തിൽ സ്വാർത്ഥപരിത്യാഗമനുഷ്ഠിച്ച് ജീവിക്കുന്ന വൈദികരുടെ ഒരു വലിയ പങ്കിനെ അഭിനന്ദിക്കാൻ ആരുമില്ല." 16

ആകയാൽ മഹാനായ വി. ഗ്രിഗൊരി സമർത്ഥിക്കുംപോലെ ഒരു പട്ടക്കാരൻ എന്തിനും തയ്യാറായിരിക്കണം. അവനെ അനുകൂല്യങ്ങൾ ഗർവ്വിഷ്ഠനോ, പ്രാതികൂല്യങ്ങൾ പ്രക്ഷുബ്ധനോ, സന്തോഷകരങ്ങൾ സുഖപ്രിയനോ, നീരസജനകങ്ങൾ അശരണനോ ആക്കരുത്. 17

## കുറിപ്പുകൾ.

1 A. Matth. viii. 5.
1 B. Lex. Levitarum. p. 49
2 Lamentatic. iv. 1.
3 Eternal priesthood. p. 79
4 A. Apocalypse. iii. 15, 16.
4 B. I Tim. i. 12-16.
5 Luke ii. 35.
6 II Corinth. xii. 15.
7 Jn. xv. 18.
8 Philip. iii. 18.
9 Philip. ii. 20.
10 Galath. v. 19.
11 Jn. i. 11.
12 Matth. xxvii. 40-42.
13 Colosians. i. 24.
14 I Peter. iv. 12.
15 Psl. xxxvi. 5, 6.
16 In 'Maundy Thursday'.
17 Quoted in Lex Levitarum. p. 41.

www.malankaralibrary.com

# അദ്ധ്യായം ൫൭.

## കാൎയ്യനിൎവ്വഹണപാടവം.

"എന്റെ അവകാശത്തിന്റേയും പാനപാത്രത്തിന്റെയും ഭാഗം കൎത്താവത്രെ നീ അണല്ലൊ എന്റെ അവകാശത്തെ എനിക്കു തിരികെ തരുന്നവൻ." [1] എന്നു പൌരോഹിത്യ സോപാനത്തിന്റെ ഒന്നാമത്തെ പടിയിൽവച്ചു പ്രതിജ്ഞ ചെയ്തുകൊണ്ടാണല്ലൊ അതിന്റെ ശൃംഗത്തിൽ നാം എത്തിയിട്ടുള്ളതു്. "എന്റെ രാജ്യം ഈ ലോകത്തുനിന്നല്ല" [2] എന്നു അരുളിച്ചെയ്ത ക്രിസ്തുനാഥന്റെ പ്രത്യേക സ്നേഹിതരാകുന്നു വൈദികർ. "ദൈവത്തെപ്രതി യുദ്ധംചെയ്യുന്ന ആരും സ്വയമേവ ലോകകാൎയ്യങ്ങളിൽ അകപ്പെടുകയില്ല" [3] എന്നു വി. പൌലോസ് പറയുന്നു. വൈദികജീവിതത്തിൽ പ്രവേശിക്കുന്നവൎക്കു ലൌകികകാൎയ്യങ്ങളിൽ ഏൎപ്പെട്ടു വിഷമിക്കേണ്ടി വരികയില്ലെന്നു നാം ഒരു കാലത്തു വിചാരിച്ചിരുന്നിരിക്കാം; ശുഷ്കമായ പണമിടപാടു് നമ്മെ അലട്ടുകയില്ലെന്നു നാം സമാശ്വസിച്ചിരുന്നിരിക്കാം. ഹാ എന്നാൽ എന്തൊരു മായാമോഹം!

നമ്മുടെ ചിന്താസരണി എത്ര പാരലൌകികമായിരുന്നാലും, പരിത്യാഗവ്രതം എത്ര ദൃഢമായിരുന്നാലും, ജീവിതം എത്ര ദൈവദൂതസന്നിഭമായിരുന്നാലും പണംകൊണ്ടു കൈകാൎയ്യം ചെയ്യാതെ കഴിച്ചുകൂട്ടുക സാദ്ധ്യമല്ല. ഇടവകജോലികളുടെ സമിചീനമായ നിൎവഹണത്തിനു പണവുമായി ഇടപെട്ടേ മതിയാവൂ. സഭ അതിനു നിൎബന്ധിക്കുന്നു; സുനഹദോസുകൾ അതിനു മാൎഗ്ഗം തെളിക്കുന്നു; വിശുദ്ധ പിതാക്കന്മാർ അതിനു ഗുണദോഷിക്കുന്നു.

ഒരു ഗ്രന്ഥകാരൻ പറയുന്നു: "ഒരു ഇടവകപ്പട്ടക്കാരൻ നല്ലൊരു കാൎയ്യനിൎവഹണപടുവും കൂടിയായിരിക്കണം. ഇന്നത്തെ സാഹചര്യങ്ങളെ പരിഗണിക്കുന്നപക്ഷം വൈദികനിൽനിന്നു ഇടവകയുടെ ലൌകികമായ ഭാഗം വേൎപെടുത്താൻ വഹിയാതാണെ



www.malankaralibrary.com

വന്നിരിക്കുന്നത്." തന്റെ സഹായത്തിനു കൈക്കാരന്മാരും യോഗക്കാരും മററുമുണ്ടെങ്കിലും, വികാരിക്കാണു ഇടവകയുടെ കോശസ്ഥിതിയെക്കുറിച്ചുള്ള ഉത്തരവാദിത്വം പ്രധാനമായിട്ടുള്ളത്. പള്ളിയോഗത്തിന്റെ ജീവനാഡി പട്ടക്കാരനത്രെ, അദ്ദേഹത്തിന്റെ സഹകരണംകൂടാതെ ഒന്നും വിജയം പ്രാപിക്കയില്ല. ഒരു പള്ളിയിൽ എന്തൊക്കെയാണു വേലരാസ്സയുള്ളതെന്നു പട്ടക്കാരനു മാത്രമേ ശരിയായി അറിഞ്ഞുകൂട. പള്ളികളിൽ അകമേയും പുറമേയും അവശ്യമുള്ള കൂട്ടങ്ങൾ, അററകുററപണികൾ, ഉടനടി നടത്തേണ്ട മരാമത്തുകൾ, പള്ളിയുടെ വരവു വദ്ധിപ്പിക്കുന്നതിനുള്ള അസാധാരണമാഗ്ഗം ഇവയെല്ലാം ഏവയെന്നു നേരിട്ടറിയുന്നതും അറിയേണ്ടതും വൈദികനാണ്. വികാരിയുടെ പിന്തുണയും ഉത്സാഹവും കൂടാതെ പണപ്പിരിവ്— അതു ഏതിനത്തിലായിരുന്നാലും— ഫലപ്രദമാവുകയില്ല. ഒരു ഇടവകയിൽ മെത്രാന്റെ പ്രതിനിധിയും ഇടവകക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ പൊതുമുതലിന്റെ വിശ്വസ്തനായ സൂക്ഷിപ്പുകാരനും വികാരിയത്രെ. ഒരു പള്ളിയുടെ ആത്മീയാഭിവൃദ്ധിയും അതിന്റെ ലൗകികകാര്യങ്ങളുടെ നിർവഹണത്തെ ഏറെക്കുറെ അവലംബിച്ചാണിരിക്കുന്നത്. ആകയാൽ ബിഷപ്പ് ഉല്ലാത്തോൺ (Ullathorn) വളരെ ന്യായമായിത്തന്നെ ഇങ്ങനെ പറയുന്നു: "ഒരു ഇടവകയുടെ കോശസംബന്ധമായ ഭരണം അവതാളത്തിലാകുന്നപക്ഷം അവിടെ ആത്മീയകാര്യങ്ങളിലും കുഴപ്പം നേരിടും." 4

"മനുഷ്യൻ ഞങ്ങളെ ക്രിസ്തുവിന്റെ ശുശ്രൂഷികളും ദൈവരഹസ്യങ്ങളുടെ വിഭാജകന്മാരുമായി എണ്ണട്ടെ." 5 എന്നു വി. പൌലോസ്സിന്റെ വാക്കുകളും ഈ തരുണത്തിൽ സ്മരണീയമാണ്. അതെ വൈദികന്റെ പ്രമുഖമായ കടമ ദൈവരഹസ്യങ്ങളുടെ വിഭാജനമാകുന്നു. ആകയാൽ കാര്യാന്വേഷണ ബാഹുല്യത്തിൽ അവന്റെ വൈദികത്വം ആമഗ്നമാകാതിരിക്കാൻ സൂക്ഷിക്കണം. തങ്ങളുടെ പുരോഹിതനിൽ മികച്ചു നിൽക്കുന്നതു ലൗകികത്വമാണെന്നൊരു ധാരണ ജനങ്ങളിൽ ഉണ്ടാകുന്നതിനു അനുവദിക്കരുത്. നേരെമറിച്ചു വൈദികനിൽ വേറൊരു മ്ശിഹായേയും



www.malankaralibrary.com

വിശുദ്ധ ക്രൂദാശകളുടെ ദാതാവിനെയുമാണ അവർ സവ്വപ്രധാനമായി കാണേണ്ടതു്. ആൽബേർട്ട് റംഗ് (Albert Rung) പറയുന്നു: "ലൌകികകാൎയ്യത്തിൽ ബദ്ധശ്രദ്ധനാകാൻ സംഗതി വരുന്നതു പട്ടക്കാരന്റെ ഒഴിച്ചുവസ്സാൻ പാടില്ലാത്ത ഒരു തിന്മമാത്രമാണു്. അവൻ ജനങ്ങളുടെ ആദ്ധ്യാത്മിക പിതാവാകുന്നു. ഒരു പിതാവു സ്വപുത്രന്മാരുടെ ലൌകികാഭിവൃദ്ധിയെ ലാക്കാക്കി പ്രവൎത്തിക്കുന്നതുപോലെ, വൈദികൻ തന്റെ ഭരണസീമയിൽപ്പെട്ടവരുടെ ആത്മീയാഭിവൃദ്ധിയെ ലക്ഷ്യമാക്കി പ്രവൎത്തിക്കുന്നു. ഇടവകയുടെ ലൌകികകാൎയ്യാന്വേഷണം അവന്റെ രണ്ടാംതരം ജോലിമാത്രമാണു്. തന്റെ അധീനതയിൽപെട്ട വ്യക്തികളെ സ്വസമ്പത്തു വൎദ്ധിപ്പിക്കുന്നതിനുപറ്റിയ ഒരു മാൎഗ്ഗമായിട്ടു കരുതുന്ന ഒരു ഇടപ്രഭുവിന്റെ മനഃസ്ഥിതിയല്ല വൈദികനുവേണ്ടതു്. ഇടവക ജനങ്ങൾ ദൈവമക്കളാകുന്നു. നിത്യരക്ഷ പ്രാപിക്കുന്നതിനു അവരെ സഹായിക്കുകയാകുന്നു വൈദികന്റെ കൃത്യം. ഞായറാഴ്ച കുർബാന കാണുക, പെസഹാകാലത്തു വിശുദ്ധ കുർബാന സ്വീകരിക്കുക മുതലായ പ്രമാണങ്ങൾക്കു ജനങ്ങൾ ഏതുപ്രകാരം കടപ്പെട്ടിരിക്കുന്നുവോ അപ്രകാരമാണ പള്ളിക്കു ദാനംചെയ്യുന്നതിനും അവൎക്കുള്ള ചുമതല; ഈ വാസ്തവമാണ ജനങ്ങളെ ഗ്രഹിപ്പിക്കേണ്ടതു്. യാവചരകൃം പള്ളിയെ സഹായിക്കുന്നതിനുള്ള ചുമതല ഓരോ വ്യക്തിക്കും മനഃസാക്ഷിപ്രകാരം ഉണ്ടെന്നുള്ള ബോധം അവരിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. ജനങ്ങളിൽ ഭൂരിപക്ഷവും ഞായറാഴ്ചയെ ലംഘിക്കുന്നവരൊ ആണ്ടുകമ്പസാരം മുടക്കുന്നവരോഅല്ല, അതേവിധം, പള്ളിക്കു കൊടുക്കാത്തവരുടെയും സംഖ്യ താരതമ്യേന കുറവാണു്.

അതുകൊണ്ടു പണപ്പിരിവുകാരനു സഹിഷ്ണുതയും സ്ഥിരതയും ദയയും ആവശ്യമാകുന്നു. കരുണാമസൃണമായ പെരുമാററമാണ ശകാരത്തെക്കാൾ ഇവിടെ ഉപകരിക്കുന്നതു്. ഭയപ്പെടുത്തിയും ലജ്ജിപ്പിച്ചും വരവു വൎദ്ധിപ്പിക്കുന്നതു വിഹിതമല്ല. കരം പിരിക്കുന്ന ഒരു സൎക്കാരുദ്യോഗസ്ഥന്റെ മനോഭാവമല്ല വൈദികനു ചേൎന്നതു്; പിന്നെയൊ ദാതാവിന്റെ കടമയേയും അവനു



www.malankaralibrary.com

ലഭ്യമാവുന്ന നന്മയേയും ചൂണ്ടിക്കാണിച്ചുകൊണ്ടു പിരിവു ശേഖരിക്കുന്ന ഒരു അഭ്യർത്ഥക (Solicitor) നെപ്പോലായിരിക്കണം അവൻ.

തങ്ങളുടെ പട്ടക്കാരൻ 'വേറൊരു മ്ശിഹാ'യാണെന്നും, ഇടവകയുടെ ആത്മീയവും ലൌകികവുമായ അഭിവൃദ്ധിയാണു തന്റെ ഏക ലക്ഷ്യമെന്നും ഒരു ധാരണ ജനങ്ങളിൽ ഉണ്ടാകുന്ന പക്ഷം, നിശ്ചയമായും അവർ പള്ളിസംരക്ഷണവിഷയത്തിൽ അവനോടു സഹകരിക്കാതിരിക്കയില്ല. എന്നാൽ ധനശേഖരണ സംരംഭത്തിൽ, വൈദികൻ തിടുക്കവും അക്ഷമതയും ഈൎഷ്യവും പ്രദർശിപ്പിക്കുന്നതായാൽ അയാളുടെ ഉദ്ദേശം എത്ര പരിശുദ്ധമായിരുന്നാലും, ജനതാമദ്ധ്യത്തിൽ വെറുപ്പു ജനിക്കയും അവർ നിസ്സഹകരണം അനുഷ്ഠിക്കയും ചെയ്യുന്നതായിരിക്കും.

ചില വൈദികൎക്കു പണപ്പിരിവിനു ഒരു പ്രത്യേക വാസനയുണ്ട്, അതോടു ദൈവാനുഗ്രഹം കൂടി മേളിക്കുമ്പോൾ എല്ലാം ശുഭമായി പര്യവസാനിക്കുന്നു. മററു ചിലർ പണം ശേഖരിക്കുന്നതു ഏതാണ്ടു നിർബന്ധപൂൎവ്വമാണ്. അവർ ഞായറാഴ്ച തോറും, സുവിശേഷം മാററിവച്ചിരിക്കുകയാണൊ എന്നു തോന്നുമാറു കാശിന്റെ കാൎയ്യംതന്നെ ഉരുവിടുന്നു. ശുദ്ധ സ്ഥലത്തിന്റെ മാഹാത്മ്യത്തിനൊ വൈദികന്റെ ഉൽകൃഷ്ട സ്ഥാനത്തിനോ യോജിച്ചതല്ല ഇതു്. ഈ 'പട്ടിണിപാട്ടു' ഒരു ശല്യമായിട്ടാണു കരുതപ്പെടുന്നതു്. ഞായറാഴ്ചതോറും നാണയത്തിന്റെ പല്ലവിതന്നെ കേട്ടു ആളുകൾ മുഷിയുമ്പോൾ അവരുടെ ഭക്തിയും മന്ദീഭവിക്കുന്നു.

ആകയാൽ ഇടവകയുടെ സാമ്പത്തികോന്നമനത്തെ കാംക്ഷിക്കുന്ന വൈദികൻ യഥാൎത്ഥമായ ക്രിസ്തീയ ജീവിതം അവിടെ സുദൃഢമാക്കാനാണ് പ്രഥമതഃ ശ്രമിക്കേണ്ടതു്. ദൈവപ്രമാണങ്ങൾ ശരിയായി അനുഷ്ഠിക്കപ്പെടുന്ന ഇടവകകളിലാണ് ലൌകികാഭിവൃദ്ധി വൎദ്ധമാനമായി വരുന്നതെന്നു സൂക്ഷ്മ പരിശോധനയിൽ വെളിപ്പെട്ടിരിക്കുന്നു; അതു മറിച്ചുവരാനും വഴിയില്ല. പള്ളിയെ സഹായിക്കുക എന്ന ചുമതല നിർവിഘ്നം നിർവഹിക്കുന്നതിനു മതചൈതന്യമുള്ളവനേ മുതിരുകയുള്ളൂ. ആളുകൾ ദൈവ-



www.malankaralibrary.com

ഭീതിയിൽ വ്യാപരിക്കട്ടെ, യഥാൎത്ഥ ക്രിസ്ത്യാനികളായി ജീവിക്കട്ടെ, സൽപ്രവൃത്തികളിൽ സമ്പന്നരായി കാണപ്പെടട്ടെ അപ്പോൾ ഇടവകസ്ഥ കോശശൂന്യതയെ ഭയപ്പെടേണ്ടിവരികയില്ല.” 6

നമ്മുടെ പള്ളികളിലെ വരവുകളെ സാധാരണം അസാധാരണം ഇങ്ങനെ രണ്ടായി തരംതിരിക്കാമെന്നു തോന്നുന്നു. കുഴിക്കാണം, പസ്സാരം, പള്ളിവസ്തുക്കളിൽനിന്നുള്ള അനുഭവം, പള്ളിസാമാനക്കൂലി മുതലായവയെ സാധാരണ വരവിനത്തിൽ പെടുത്താം. ഇവയെ നയത്തോടെ അതായതു കൎക്കശമെന്നു തോന്നിപ്പിക്കുന്ന കണിശമോ, പിടിപ്പില്ലായ്ക എന്നു തോന്നിപ്പിക്കുന്ന ദയയോ കൂടാതെ സൌമ്യമായും എന്നാൽ പടിസ്സാധനത്തിൽ പറഞ്ഞിരിക്കുന്നതിൽനിന്നു യാതൊരു വ്യത്യാസവുംകൂടാതെയും പിരിക്കേണ്ടതാകുന്നു. വൈദികനു ഓരോന്നിന്റെയും റെയിററുകൾ നിശ്ചയമുണ്ടായിരിക്കണം. അവ മനഃപാഠം അറിഞ്ഞുകൂടെങ്കിൽ പടിസ്സാധനം ക്ഷമാപൂൎവ്വം നോക്കിയിട്ടു ആവശ്യപ്പെടുകയാണു, വല്ലതും പറഞ്ഞുപിടിപ്പിച്ചു ഇല്ലാത്ത സംശയം ഉണ്ടാക്കുന്നതിൽ ഭേദം.

എന്നാൽ ഈ സാധാരണ വരവുകൾകൊണ്ടു മാത്രം ഇടവകയിലെ എല്ലാകാൎയ്യങ്ങളും നടത്താൻ കഴിഞ്ഞെന്നു വരുന്നതല്ല. അപ്പോൾ ചില അസാധാരണ വരവുകളെ അവലംബിക്കേണ്ട ആവശ്യം നേരിടുന്നു. പട്ടക്കാരന്റെ വിവേകവും, സാഹചൎയ്യങ്ങളനുസരിച്ചു പ്രവൎത്തിക്കാനുള്ള സാമൎത്ഥ്യവും, സൎവ്വോപരി സ്വാൎത്ഥത്യാഗവും ഇവിടെയാണു് പ്രദൎശിപ്പിക്കേണ്ടതു്. കെട്ടുതെങ്ങിന്റെയും പിടിയരിയുടെയും പാരമ്പൎയ്യം എല്ലായിടത്തുമുണ്ടു്. ആകയാൽ വലിയ വിഷമംകൂടാതെ അവ ശേഖരിക്കാൻ കഴിയും. ഓരോ വീട്ടുകാൎക്കും അവരവരുടെ അവസ്ഥാനുസരണം ഒരു ‘വരിപ്പണം’ കുറേക്കൂടി കടന്ന കൈയ്യാണു്. എങ്കിലും ചില പ്രത്യേക സാഹചൎയ്യങ്ങളിൽ ഇതും പ്രായോഗികമെന്നുള്ളതിനു സംശയമില്ല. പ്രത്യേക തിരുനാളുകളുടെ അവസരത്തിലെ ‘കാണിക്ക’യാണു ചില പള്ളികളുടെ വമ്പിച്ച വരവിനു ഹേതു. തിരുനാളുകൾ എല്ലാ പള്ളികളിലുമുണ്ടെങ്കിലും ചിലയിടങ്ങളിൽ മാത്രം



www.malankaralibrary.com

നേർച്ച പെരുകുന്നതിൽ അത്ഭുതപ്പെടാനില്ല. ആളുകൾ ഏതാൻ സ്ഥലങ്ങളിലെ പരിശുദ്ധന്മാരോടു വിശേഷഭക്തി കാണിക്കുകയും അവിടെ ധാരാളം നേർച്ച കാഴ്ചകൾ സമപ്പിക്കയും ചെയ്യുന്നുണ്ടെങ്കിൽ അതിനെ 'ഭക്തജീവിതത്തിലെ ഒരു കവിത' (Poetry of devotion) യായിട്ടെണ്ണിയാൽമതി. ലോകാവസാനംവരെ ഈ പ്രത്യേകതയുണ്ടായിരിക്കയും ചെയ്യും. ചില അനുഗ്രഹീത പള്ളികളുടെ ഈ വമ്പിച്ച വരവുകണ്ടു്, നാടകകമ്പനിക്കാരെപ്പോലെ പകിട്ടും മിരട്ടുംനിറഞ്ഞു് അലങ്കാര വാചകങ്ങളോടുകൂടിയ പരസ്യങ്ങൾ അടിച്ചുവിട്ടു് കാണിക്ക വദ്ധിപ്പിക്കാൻ ആരും തുനിയുന്നതു ഭംഗിയല്ല. പരസ്യങ്ങളുടെ പ്രധാനമായ ഉദ്ദേശ്യം തിരുനാളുകളുടെ തീയതിയും ചടങ്ങുകളും ബഹു ജനങ്ങളെ അറിയിക്കുകയത്രെ. ഇവിടെ 'ലദിഞ്ഞു' കഴിപ്പിക്കുന്നതിനും 'അടിമ വയ്ക്കുന്നതിനും' സൌകയ്യമുണ്ടു് എന്നൊക്കെ പ്രഖ്യാപനം ചെയ്യുന്നതു് ഒരു പത്രം ഒരിക്കൽ അഭിപ്രായപ്പെട്ടതുപോലെ മതത്തിൽ കച്ചവടം നടത്തുകയല്ലയോ എന്നു തോന്നിപ്പോകും.

വളരെ പാവപ്പെട്ട ഇടവകകളിൽ പ്രഹസനം, പാട്ടുകച്ചേരി മുതലായവ ടിക്കററുവച്ചു നടത്തുന്നതു ഒരു നല്ല ധനാഗമ മാഗ്ഗമാണു്. ഇതോടുകൂടി കൌതുക വില്പനയും ചേക്കാം. എന്നാൽ ശരിയായ മേൽനോട്ടത്തിൽ നടത്തപ്പെടാത്തപക്ഷം ഇവയിലൊക്കെ പലേ ക്രമക്കേടുകൾ കടന്നുകൂടാനിടയുണ്ടു്. ചില പ്രത്യേകയവസരങ്ങളിൽ പൊലിവു് നടത്തുന്നതു പണപ്പിരിവിനുള്ള നല്ല ഉപായമാണു്, ഇതിനു പ്രഹസനത്തിൻെറ ശല്യമൊന്നുമില്ലതാനും. പ്രധാന പത്രങ്ങളിൽ നമ്മുടെ ആവശ്യം കാണിച്ചു പരസ്യമിടുന്നതു നന്നാകും. എന്തെന്നാൽ ചിലപ്പോൾ നമ്മൾ നിനച്ചിരിക്കാത്ത വിധത്തിൽ സഹായം ലഭിച്ചെന്നു വരാം.

പണപ്പിരിവുകാരൻ ഒരു സംസ്കൃതചിത്തനായിരിക്കണം. 'വളരെ ഉപകാരം' എന്ന പദദ്വയത്തിനു മാനവഹൃദയത്തെ ആകഷിക്കുന്നതിനു ഒരു പ്രത്യേക ശക്തിയുണ്ടു്. ഒരു കച്ചവടക്കാരൻ നമ്മെ തൃപ്തിപ്പെടുത്തി അയക്കുന്നപക്ഷം വീണ്ടും അയാളുടെ കടയിൽ ചെല്ലുന്നതിനു നമുക്കു താല്പയ്യം ഉണ്ടാകുന്നു. "ദൈവം



www.malankaralibrary.com

സന്തോഷപ്രദനായ ദാതാവിനെ സ്നേഹിക്കുന്നതുപോലെ നന്ദിയുള്ള ഗ്രഹിതാവിനെയും സ്നേഹിക്കുന്നു. ദാനം കൃതജ്ഞതാപൂർവ്വം സ്വീകരിക്കപ്പെട്ടമ്പോൾ വീണ്ടും കൊടുക്കുന്നതിനു ആളുകൾക്കു മനസ്സു വരുന്നു.

പണം എന്തിനു പിരിക്കുന്നു, എങ്ങിനെ ചെലവിട്ടു, ഉദ്ദിഷ്ടകാര്യം സാധിച്ചോ എന്നൊക്കെ അറിവാൻ ആളുകൾക്കു വളരെ താല്പര്യമുണ്ട്. താഴെ വരുന്ന സംഭവം ഒരു പത്രത്തിൽ കണ്ടതാണ്. ഒരു ഇടവകയിൽ ഒരു മുടന്തനുണ്ടായിരുന്നു. മുട്ടുകൽവച്ചു അവൻെറ കാൽ മുറിഞ്ഞുപോയിരുന്നു. തൻമൂലം സാധുവിനു റബർകൊണ്ടുള്ള ഒരു കാലിൻെറ ആവശ്യം നേരിട്ടു. എന്നാൽ അതിനു ഗണ്യമായ ഒരു തുക വേണ്ടിയിരുന്നു. അവൻ ഇടവകയിലെ വികാരിയുടെ പക്കൽ സങ്കടം പറഞ്ഞു. അദ്ദേഹം വിവരം പള്ളിയിൽ വിളിച്ചറിയിച്ച്, എവരുടേയും സഹായം ക്ഷണിച്ചശേഷം, വീടുകൾതോറും നടന്നു. അധികം നടക്കേണ്ടി വന്നില്ല, കുറെ വീട്ടുകൾ ചുററിസഞ്ചരിച്ചപ്പോൾ ആവശ്യമുണ്ടായിരുന്ന തുക ലഭിച്ചു. ഉടനടി പിരിവു നിറുത്തി. അടുത്ത ഞായറാഴ്ച റബർ കാലിൻെറ ആവശ്യം നിർവഹിക്കപ്പെട്ടിരിക്കുന്നെന്നും, അതിനായി ഇനിമേൽ ആരും പണം തന്നിട്ടാവശ്യമില്ലെന്നും, ദാതാക്കളോടു നന്ദിപറഞ്ഞുകൊള്ളുന്നെന്നും അറിയിച്ചു. അങ്ങിനെ പണം കൊടുത്തവർ മാത്രമല്ല, കൊടുക്കാനാഗ്രഹമുണ്ടായിരുന്നവർക്കൂടി സന്തുഷ്ടരായി.

പള്ളിയുടെ പണത്തെ സംബന്ധിച്ചിടത്തോളം പാഴ്ചെലവും പിശുക്കും ഒരുപോലെ വജ്ജനീയമാണ്. വൈദികരുടെ കാര്യജ്ഞാനരാഹിത്യത്തിൻെറ ഫലമായി നേരിട്ടിട്ടുള്ള പാഴ്ചെലവുകൾക്കു ഉദാഹരണങ്ങൾ ഇടവകകളിൽ കണ്ടുമുട്ടാറുണ്ട്. അമിതവ്യയം ചെയ്തു പണിയിക്കപ്പെടുന്ന കെട്ടിടങ്ങൾ, ഉദ്ദിഷ്ട കാര്യസാദ്ധ്യത്തിനുതകാത്ത ചില മരാമത്തുകൾ, പള്ളിയുടെ മുതലൊട്ടുപ്പു മുക്കാലും വിഴുങ്ങുന്നതും എന്നാൽ പ്രയോജന ശൂന്യങ്ങളുമായ ചില സ്ഥാപനങ്ങൾ, മുതലായവ കാണപ്പെടുക അത്ര അസാധാരണമല്ല. ഇവയെല്ലാം ചെലവിട്ടതു ജനങ്ങളിൽനിന്നു



www.malankaralibrary.com

പിരിച്ച പണമാണ്. പണികൾ കാര്യസാദ്ധ്യത്തിനു പററുന്ന വയല്ലെന്നു വരുമ്പോൾ അവസ്ഥ ദാനംചെയ്യു ജനസാമാന്യത്തിനു ഇച്ഛാഭംഗവും നൈരാശ്യവും നേരിടുകയും, തൽഫലമായി വീണ്ടും കൊടുക്കുന്നതിനു അവർ വിമുഖരായി ഭവിക്കയും ചെയ്യുന്നു. ഇങ്ങനെ ഉപയോഗശൂന്യങ്ങളായ വ്യയങ്ങൾക്ക് ഉദാഹരണങ്ങളുണ്ടെങ്കിലും പിശുക്കിനുള്ളവ ഇതിലുമധികമാണ്. മിതവ്യയം എന്ന പേരു പറഞ്ഞ് എത്ര അത്യാവശ്യകാര്യങ്ങൾ ത്യാജ്യകോടിയിൽ തള്ളപ്പെടുന്നു. അവയുടെ ഒരു പട്ടികയ്ക്ക് ഇവിടെ ഒരുമ്പെടുന്നില്ല.

ഒരു ഇടവക അതിനു പുറമെ നടക്കുന്ന സദുദ്യമങ്ങളിലും ആവോളം പങ്കെടുക്കേണ്ടതാകുന്നു. രൂപതയുടേയൊ സഭ മുഴുവന്റേയൊ ആവശ്യങ്ങൾക്കായിട്ടുള്ള പണപ്പിരിവുകളിലും അതിനു ഹർഷപൂർവ്വം സംബന്ധിക്കാൻ ചുമതലയുണ്ട്. പൊതുകാര്യങ്ങൾക്കായിട്ടു ധർമ്മം ചെയ്യുന്ന ഒരു ഇടവക അഭിവൃദ്ധി പ്രാപിക്കുന്നു എന്നു ഒരു ഗ്രന്ഥകാരൻ പറഞ്ഞിരിക്കുന്നതിൽ ഒട്ടും അതിശയോക്തി ഇല്ല.

പള്ളിക്കാര്യാന്വേഷണത്തിൽ നേരിടുന്ന വേറൊരു പ്രശ്നമാണ് പള്ളിയിലെ ജോലിക്കാർ. ഒരു കേരളീയ മെത്രാൻ നിജ വൈദികർക്കയച്ച സന്ദേശത്തിൽ ഇങ്ങനെ കാണുന്നു. "തന്റെ കീഴിലുള്ള ജനങ്ങളെ മാത്രമല്ല, പള്ളിസംബന്ധിച്ച ഉദ്യോഗസ്ഥന്മാരെല്ലാവരെയും നയിക്കേണ്ടതും ഭരിക്കേണ്ടതും വികാരിമാരാണ്. പള്ളിയുദ്യോഗങ്ങളിൽ നിയമിക്കപ്പെടുന്നവർ ജീവിത വിശുദ്ധിയുള്ളവരായിരിക്കണം. മദ്യപാനികളും പള്ളിസാമാനം ശരിയായി സൂക്ഷിക്കാത്തവരുമായ ആളുകളെ പള്ളിശുശ്രൂഷയ്ക്കേടുക്കാൻ പാടില്ല. കപ്യാരന്മാരും മററും മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും കുമ്പസാരിച്ചു വിശുദ്ധ കുർബാന ഉൾക്കൊണ്ടിരിക്കണം. അവരുടെ ജോലിയുടെ ഗൌരവത്തേയും മഹത്വത്തേയുംപററി പൊതുവിലും തനിച്ചും അവരെ ഉപദേശിക്കാൻ വികാരിമാർക്കു കടമയുണ്ട്".

'റംഗ്' പറയുന്നു: "വൈദികർ തങ്ങളുടെ കീഴുള്ള ജോലിക്കാരോടു ദയയോടും ഉപചാരത്തോടും പ്രസന്നതയോടുംകൂടിയാണ



www.malankaralibrary.com

പെരുമാറേണ്ടത്. എന്നാൽ ജോലിക്കാർ കാശിനുവേണ്ടി വേലചെയ്യുന്നവരാണെന്ന എപ്പോഴും ഓർമ്മയുണ്ടായിരിക്കണം. ഇടവകാധിപനിൽ സാമർത്ഥ്യക്കുറവോ നോട്ടമില്ലായ്മയൊ അസ്ഥിരതയൊ ഉണ്ടെന്നറിഞ്ഞാൽ അവർ അതിനെ വേണ്ടവിധം ഉപയോഗപ്പെടുത്തിക്കൊള്ളും. വൈദികർ ജോലിക്കാരോടു കണിശത്തേക്കാൾ ദയയാണ് കൂടുതൽ കാണിക്കുക പതിവ്; കാക്കശ്യത്തിലോട്ടെന്നതിനേക്കാൾ അതികാരുണ്യത്തിലോട്ടാണ് അവർ വീണുപോകുന്നത്. അനുകമ്പയോടും എന്നാൽ കണിശത്തോടും ഭരിക്കുക എന്നതായിരിക്കട്ടെ അവരുടെ നയം. ആവലാതികൾ ഉണ്ടാകാതിരിക്കയില്ല, അവ വേലയെക്കുറിച്ചും, ഉപകരണങ്ങളെക്കുറിച്ചും, ശമ്പളത്തെക്കുറിച്ചും, സഹജോലിക്കാരെക്കുറിച്ചും ഉണ്ടായിക്കൊണ്ടുതന്നെ ഇരിക്കും. അനാവശ്യങ്ങളും ശല്യകരങ്ങളുമായ ഇവയ്ക്കു ചെവികൊടുക്കാതെ ഗത്യന്തരമില്ല; വൈദികൻ എവർക്കും അഭിഗമ്യനായിരിക്കണമല്ലോ. ജോലികളിൽ അലട്ടുകളും അസഹ്യപ്പെടുത്തലുകളും സാധാരണമാണ്. ഈ നിസ്സാര സംഗതികളിൽ കാണിക്കുന്ന ശ്രദ്ധയെ ആശ്രയിച്ചിരിക്കുന്നു ഒരു പള്ളിയുടെ ഭരണത്തിന്റെ മേന്മ. ഇവിടെ പരാജയം നേരിടുന്നപക്ഷം ഒരു ഭരണതന്ത്രജ്ഞനെന്ന പേർ പട്ടക്കാരനു നഷ്ടപ്പെടും, പള്ളി വസ്തുക്കളുടെ ഭരണം അവതാളത്തിലാകും, പള്ളിയും പരിസരപ്രദേശങ്ങളും വൃത്തിഹീനമായി ഭവിക്കും, ഇവയെല്ലാം അദ്ദേഹത്തിന്റെ അപാടവം നിമിത്തം വന്നുകൂടുന്നവെന്നു ബഹുജനം അനുമാനിക്കയും അങ്ങിനെ പള്ളിക്കാര്യങ്ങളോടുള്ള അവരുടെ മതിപ്പും സ്നേഹവും കുറയുകയും ചെയ്യും."7 തന്ത്രി, അത്യാഗ്രഹം, വെടിപ്പില്ലായ്മ മുതലായ ദുർഗ്ഗുണങ്ങളിൽനിന്നു പള്ളിശുശ്രൂഷികളെ മാററിനിറുത്തുന്നതിനു പ്രത്യേകം ശ്രമിക്കേണ്ടതാണ്. ഇതേസമയം തന്നെ കഹ്യാർ മുതലായ പള്ളിജോലിക്കാർ അവരുടെ വരുമാനത്തിനായി യാദൃച്ഛികമായി വരുന്ന ഔദാര്യങ്ങളെ മാത്രമവലംബിക്കാതെ, സ്ഥിരമായ ഒരു തക്ക ശമ്പളം നൽകുന്നതിനും ഇടവക മേധാവി വ്യവസ്ഥ ചെയ്യേണ്ടതാകുന്നു. ഒരു ജോലിക്കാരനോ പണിക്കാരനോ ശമ്പളമൊ കൂലിയൊ മുമ്പേകൂട്ടി കൊടു-



www.malankaralibrary.com

ക്കാൻ പാടില്ല, അങ്ങിനെ ചെയ്താൽ പണത്തിനു അതിൻെറ വില നഷ്ടപ്പെട്ടും.

ഈ അവസരത്തിൽ വൈദികനുതന്നെ വ്യക്തിപരമായ ശുശ്രൂഷ ചെയ്യുന്ന ഭൃത്യന്മാരുടെ കാര്യം ഓർമ്മയിൽവരുന്നു. ഇതും പ്രത്യേക പരിചിന്തനത്തിനു വിഷയീഭവിക്കേണ്ട ഒരു ഡിപ്പാർട്ടുമെൻറാണ്. ബി. ഏ. എൽ. റ്റി. ക്കാരനായ ഒരു വൈദികൻ ഒരിക്കൽ ഇപ്രകാരമെഴുതി "ഒരു ഭൃത്യനെ കിട്ടാൻ വിഷമം, കുറെ മാസങ്ങൾ അവനെ നിറുത്താൻ അതിലും വിഷമം, അവനെക്കൊണ്ടു ശരിയായി ജോലി ചെയ്യിപ്പിക്കുക ഇതിലെല്ലാററിലും വിഷമകരവുമായിരിക്കുന്നു. ഇതാണ് എൻെറ പരിതാപകരമായ അനുഭവം, മററു പലേ വൈദിക സഹോദരന്മാരിൽനിന്നും ഇതേവിധംതന്നെ കേട്ടിട്ടുണ്ട്. സെമ്മിനാരിയിൽ മററു വിഷയങ്ങളുടെ കൂട്ടത്തിൽ പാചകവിധിയെപ്പററിക്കൂടി അല്പം പഠിപ്പിക്കുന്നതു പിൽക്കാല ജീവിതത്തിൽ പ്രേഷിതരംഗത്തു വളരെ ഉപകരിക്കുമെന്നാണു എൻെറ വിശ്വാസം. ഒരുവൻെറ ഭൃത്യനു സുഖക്കേടു പിടിപെടുകയും, ഭക്ഷണം പാകം ചെയ്യുന്നതിനു മററാരും ഇല്ലാതിരിക്കയും ചെയ്താൽ, സ്വയം ആ കൃത്യം ഏറെറടുക്കുകയല്ലാതെ എന്താണു ഗത്യന്തരം? എങ്ങിനെയായാലും കോക്കികളേയും ഭൃത്യന്മാരേയും നിയന്ത്രിക്കുന്നതിനുള്ള തന്ത്രം അറിഞ്ഞിരിക്കേണ്ടതാവശ്യമാണ്... കഴിഞ്ഞ പന്ത്രണ്ടു മാസങ്ങൾക്കിടയിൽ അരഡസൻ ഭൃത്യന്മാരെ ഞാൻ മാറിയിട്ടുണ്ട്. ഇവരിൽ ഒരുവൻ മാത്രമെ ആറുമാസം പൂർത്തിയാക്കിയുള്ളു. ഇവർ പോകുന്നതു മുന്നറിയിപ്പു തരാതാണു താനും. സമൂഹപശ്ചാത്തലത്തിൻെറ ഇപ്പുറത്തു ഭൃത്യൻെറ കാര്യം ഒരു പ്രശ്നം തന്നെ സംശയമില്ല. എന്നാൽ വളരെ കൊല്ലത്തെ സേവനത്തോടുകൂടിയ ഭൃത്യന്മാരുള്ള ചില പട്ടക്കാരുണ്ടെന്നുള്ള സംഗതി ഇവിടെ വിസ്മരിക്കുന്നില്ല. ചിലരുടെ കാര്യത്തിൽ ഗൃഹാധിപൻ (Master of the house) വൈദികനൊ ഭൃത്യനൊ എന്നു തിരിച്ചറിയുകയും വിഷമമാണ്."[8] കണ്ടോ ളും! വൈദിക ഭൃത്യൻെറ ഒരു തൂലികാചിത്രണം!

വൈദികരുടെ ആരോഗ്യ സംരക്ഷണം ഗൃഹനായിക



www.malankaralibrary.com

(House keeper) മാരെ അവലംബിച്ചിരിക്കുന്നെന്നും, ഇന്നത്തെ ഒരു വലിയ ആവശ്യം സമർത്ഥകളായ ഗൃഹനായികമാരാണെന്നും, വൈദികർക്കു കുസിനിജോലി നിർവഹിപ്പാൻ ഒരു സന്യാസ സംഘംതന്നെ സ്ഥാപിച്ചാലും വേണ്ടില്ലെന്നും, ഗൃഹനായികമാർ പരിശുദ്ധ കന്യകാമറിയം എഫേസൂസ്സിൽ ചെയ്ത ജോലിതന്നെയാണു ചെയ്യുന്നതെന്നും (എഫേസൂസ്സ് പട്ടണത്തിൽവച്ചു യോഹന്നാൻ സുവിശേഷകനു ഭക്ഷണം തയ്യാറാക്കിക്കൊടുത്തതു പരിശുദ്ധ കന്യാസ്ത്രീമറിയമായിരുന്നെന്നൊരു ഐതിഹ്യമുണ്ടു്) മററും വിവരിക്കുന്ന ഒരു ലേഖനം ഏതാനും കൊല്ലങ്ങൾക്കുമുമ്പു 'യൂണിവേർസ്' പത്രത്തിൽകണ്ടതായി ഓർമ്മിക്കുന്നുണ്ടു്. ഇവിടെ ഗൃഹനായികമാർ എന്നു കാണുന്നതു പാശ്ചാത്യരാജ്യങ്ങളിൽ വൈദികരുടെ പാചകജോലി അന്വേഷിക്കുന്നതു ഭക്തകളായ സ്ത്രീജനങ്ങളാകുന്നതുകൊണ്ടാണെന്നു വിശേഷാൽ പറയേണമെന്നില്ല. വൈദികരെ സഹായിപ്പാൻ ഒരു സന്യാസസംഘം സ്ഥാപിച്ചാൽ കൊള്ളാമെന്നുള്ള യൂണിവേർസ് ലേഖകന്റെ അഭിപ്രായം ഭേദ്യഭേദകങ്ങളോടുകൂടി വളരെ ആദരണീയമാകുന്നു.

ബിഷപ്പ് സ്റ്റാംഗ് പറയുന്നു: "തന്റെ ആമാശയത്തെ വഴിപിഴച്ച പാചകരീതികൊണ്ടു മോശമാക്കാതിരിക്കയും കുപ്പിയേയും പൂച്ചികളേയും വെറുക്കുകയും, പണം വൃഥാ ചെലവിടാതിരിക്കയും ചെയ്യുന്ന ഒരു ഭൃത്യനെ ലഭിക്കുന്ന വൈദികൻ ഭാഗ്യവാൻ. വിഷമമേറിയ ഇടവകജോലിയിൽ ഏല്പെട്ടിരിക്കുന്ന വൈദികർക്കു ഗുരുത്വമുള്ളതും എന്നാൽ എളുപ്പം ദഹിക്കുന്നതുമായ ഭക്ഷണമാണു് ആവശ്യമുള്ളതു്. കല്ലുവെട്ടുന്നവനോ യന്ത്രം തിരിക്കുന്നവനോ ഉപകരിക്കുന്ന ഭക്ഷണസാധനങ്ങൾ ഇരിപ്പുജോലിക്കാരായ വൈദികർക്കു പററിയതല്ല. എന്നാൽ 'അവരുടെ ദൈവം വയറാകുന്നു' എന്നു പൌലോസ് ശ്ലീഹാ ആരെക്കുറിച്ചു പറഞ്ഞിരിക്കുന്നുവൊ അവരെപ്പോലെ കുസിനിത്ത കാര്യങ്ങളിൽ സദാപി ബദ്ധകങ്കണരായിരിക്കുന്നതും ഭംഗിയല്ല. വൈദികന്റെ ഭക്ഷണം സാധാരണ രീതിയിൽ പെട്ടതായിരിക്കണം. എന്നാൽ എപ്പോഴും അങ്ങിനെ വേണമെന്നില്ല. കത്തോലിക്കാ വൈദികന്റെ വസതി



www.malankaralibrary.com

ഇന്നും എന്നും ലോകത്തിലെവിടെയും അതിഥി സൽക്കാരത്തിന്റെ ഒരു ഒരു സ്ഥലമായിട്ടാണു ഗണിക്കപ്പെട്ടിരിക്കുന്നതു്." 9

ഫാദർ അഗസ്റ്റിൻ ബുട്ട്ലൊ (Augustine Boutelop) ഭൃത്യനെ സംബന്ധിച്ചു തരുന്ന നിർദ്ദേശങ്ങൾ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. അവയുടെ ഒരു ചുരുക്കം ഇവിടെ ചേർത്തുകൊള്ളുന്നു, 'വൈദികൻ വാചക ജോലിക്കു വിനയവും സൽസ്വഭാവവുമുള്ളവനെ നിയമിക്കട്ടെ, പലേ പ്രാവശ്യത്തെ ശാസനയുടെയും കുററപ്പെടുത്തലിന്റെയും ശേഷവും അവൻ ദുസ്സ്വഭാവിയായിത്തന്നെ കാണപ്പെടുന്നെങ്കിൽ വൈദിക സ്ഥാനത്തിന്റെ മാഹാത്മ്യത്തെ ഓർത്തു അവനെ പിരിച്ചയയ്ക്കേണ്ടതാകുന്നു. അങ്ങനെ ചെയ്യുമ്പോൾ അതു മററുള്ളവർക്കു ഒരു പാഠവുമായിരിക്കും. വി. ബർണ്ണാർദ് പറയുന്നു. 'നിന്റെ ഭവനത്തിലെ ഇടർച്ചകൾ നീ ഒടുവിൽ അറിയുന്നതു ഭംഗിയല്ല.'

"ഭൃത്യനു എപ്പോഴും തന്നെ എന്തെങ്കിലും ചെയ്യാനുണ്ടായിരിക്കണം, അല്ലാത്തപക്ഷം മടി അവനെ മോശമാക്കും. 'പുല്ലും വടിയും ചുമടും കഴുതയ്ക്കു, ഭക്ഷണവും ശാസനയും വേലയും ഭൃത്യനു്" 10 എന്ന വേദോക്തി സ്മരണീയമാണു്. അവനെ ദിവസംതോറും ജപമാലയിൽ സംബന്ധിപ്പിക്കയും ഒരു ജ്ഞാനപുസ്തകത്തിൽനിന്നു കുറെ വാചകങ്ങൾ വായിച്ചുകേൾപ്പിക്കുകയും ചെയ്യുക."

"മാസത്തിലൊരിക്കലെങ്കിലും അവൻ കുമ്പസാരിച്ചു വിശുദ്ധ കർബ്ബാന സ്വീകരിക്കേണ്ടതാകുന്നു. സ്വന്ത യജമാനൻതന്നെ അവന്റെ കുമ്പസാരം കേൾക്കുന്നതുചിതമല്ല, എന്നാൽ അവനെ ഒരു നല്ല കുമ്പസാരക്കാരന്റെ പക്കൽ പറഞ്ഞയയ്ക്കുകയും തക്ക കാരണംകൂടാതെ അദ്ദേഹത്തെ മാറാതിരിക്കാൻ ഗുണദോഷിക്കയും ചെയ്യേണ്ടതാകുന്നു.

"പള്ളികാര്യങ്ങളിൽ തലയിടാൻ ഭൃത്യനു അനുവദിക്കുകയോ, ഇടവകക്കാരെ അവന്റെ സമക്ഷം ശാസിക്കയോ അവരുടെ രഹസ്യകുററങ്ങളെ വെളിപ്പെടുത്തുകയോ ഒരിക്കലും ചെയ്യരുതു്.



www.malankaralibrary.com

വിശ്വസ്തനായ ഭൃത്യനാണ നിനക്കുള്ളതെങ്കിലും അവനെ ലാളിക്കാൻ പാടില്ല; അപ്രകാരം ചെയ്താൽ അവൻ ദാംഭികനായി ചമഞ്ഞേക്കും. അവൻെറ ജോലി തൃപ്തികരമാണെന്നു മാത്രം കാണിക്കുക; എന്നാൽ ഭൃത്യവർഗ്ഗത്തോടു എപ്പോഴും രൂക്ഷഭാവത്തിൽ കഴിഞ്ഞുകൂടുന്നതും നന്നല്ല. വിവേകിയായ യജമാനൻ മദ്ധ്യനില അവലംബിക്കുന്നു. പരിശുദ്ധാത്മാവ് പറയുന്നു: "വിശ്വസ്തനായ ഒരു ഭൃത്യൻ നിനക്കുണ്ടെങ്കിൽ നിൻെറ ആത്മാവുപോലെ അവൻ നിനക്കായിരിക്കട്ടെ, ഒരു സഹോദരനെപ്പോലെ നീ അവനോടു വർത്തിക്കുക, നീ അവനെ അനീതിയായി ഉപദ്രവിച്ചാൽ അവൻ ഓടിപ്പൊയ്ക്കളയും." 11 സദാ കോപിച്ചുകൊണ്ടിരിക്കുന്ന ഒരു യജമാനനു എത്ര ഭൃത്യന്മാരുണ്ടോ അത്രയും ശത്രുക്കളുണ്ട്. 'വീട്ടിലുള്ളവരെ ഭയപ്പെടുത്തുകയും പീഡിപ്പിക്കയും ചെയ്തുകൊണ്ട് നിൻെറ ഭവനത്തിൽ നീ ഒരു സിംഹം ആകാതിരിക്കുക.' 12

വി. വിൻസെൻറു ദെപോളിൻെറ കാര്യനിർവഹണസാമർത്ഥ്യം പ്രകീർത്തിതമാണ്, ഈ സിദ്ധൻ ഭൃത്യന്മാരേയും മററു പള്ളി ജോലിക്കാരേയുംപററി പുറപ്പെടുവിച്ചിട്ടുള്ള ചില അഭിപ്രായങ്ങൾകൂടി ഇവിടെ ചേർത്തുകൊള്ളുന്നു.

"ഭൃത്യന്മാരോടുള്ള പെരുമാററത്തിൽ സൌമ്യതയും കണിശവും അവശ്യമാകുന്നു. എന്നാൽ ഇവ രണ്ടും അതിരു കവിയാതിരിപ്പാൻ സൂക്ഷിക്കണം. നാം നമ്മുടെ കണ്ണുകളെ എപ്പോഴും തുറക്കുകയോ തീരെ അടച്ചുകളയുകയോ ചെയ്യരുത്. നാം തന്നെ അപൂർണ്ണരായിരിക്കെ എങ്ങിനെ അന്യരിൽനിന്നു എപ്പോഴും പൂർണ്ണത പ്രതീക്ഷിക്കാൻ പാടുണ്ട്."

"ഭൃത്യന്മാർ ഉഷ്ണമേഖലയിൽപെട്ട കുസിനികളിലാണു വേലചെയ്യുന്നതെന്നോർക്കണം. എപ്പോഴും തിക്കടുത്തു ജോലിചെയ്യുന്നവർ ചിലപ്പോൾ ക്ഷോഭിച്ചും ക്രുദ്ധിച്ചും സംസാരിക്കുന്നെങ്കിൽ, അതേക്കുറിച്ചു അത്ഭുതപ്പെടാനില്ല, എന്തുകൊണ്ടെന്നാൽ അവരെ സംബന്ധിച്ചിടത്തോളം അതു അനിർവാര്യമാകുന്നു."

"ഭൃത്യന്മാരോടും കവ്യാരന്മാരോടും മമതയും വ്യർത്ഥഭാഷണവും പരിവർജ്ജിക്കേണ്ടതാകുന്നു. ദീർഘനാളത്തെ വിശ്വസ്തമായ



www.malankaralibrary.com

സേവനത്തിനു ശേഷമല്ലാതെ അവരെ നമ്മുടെ സ്നേഹിതന്മാരാക്കാൻ പാടില്ല. ഭൃത്യന്മാരോടു ഇടയ്ക്കിടെയും എന്നാൽ ചുരുക്കമായും സംസാരിക്കുക. അവരോടു ദീർഘഭാഷണം നടത്തിയാൽ അവർ അറിഞ്ഞിട്ടാവശ്യമില്ലാത്ത ചില സംഗതികൾ വെളിക്കു വരാൻ ഇടയുണ്ട്. ഒരു ഇടവക വികാരി തൻെറ കപ്യാരോടു വെടി പറഞ്ഞു നേരംകളയുന്നതു പരിതാപകരമായ ഒരു കാഴ്ചയാകുന്നു."

"നമ്മുടെ ഭൃത്യനു നൽകുന്ന കല്പന സുവ്യക്തവും സുഗ്രാഹ്യവുമായിരിക്കണം; കല്പന എന്തെന്നു മനസ്സിലാകാഴ്കനിമിത്തം എത്ര യജമാനന്മാരാണു അനുസരിക്കപ്പെടാതിരിക്കുന്നത്. ഒരു നല്ല യജമാനൻ തൻെറ ആജ്ഞയുടെ സ്വഭാവത്തേയും ഔചിത്യത്തേയുംപററി വഴിപോലെ പരിചിന്തിച്ചിട്ടു, ശാന്തമായും എന്നാൽ ഗൌരവം വിടാതെയും ചുരുങ്ങിയ വാക്കുകളിൽ അതിനെ അറിയിക്കുന്നു."

"സന്മനസ്സുള്ളവരോടു വൈദികൻ മററു യജമാനന്മാരെക്കാൾ കാരുണ്യം കാണിക്കണം, എന്നാൽ കുസൃതികളെ എതിർക്കുന്നതിൽ ഒട്ടും അമാന്തം വിചാരിച്ചുകൂടാ. പട്ടക്കാരൻ ധീരതയ്ക്കും ആത്മനിയന്ത്രണത്തിനും ഒരു മാതൃകയായിരിക്കേണ്ടതാകുന്നു."

നമ്മുടെ ഭൃത്യനോ കപ്യാരോ അവൻെറ ജോലികളിൽ വീഴ്ച വരുത്തുമ്പോൾ നാംതന്നെ അവ ചെയ്തു സംഗതികൾ ശരിപ്പെടുത്താൻ ഒരുമ്പെടരുത്; എന്തെന്നാൽ അപ്പോൾ നാം ജോലികൾകൊണ്ടു മൂടപ്പെടുകയും അവൻെറ അലസതയും ധാർഷ്ട്യവും വർദ്ധിക്കയുംചെയ്യും.

'മററുള്ളവരെ ഭരിക്കുന്നവർ ചില നഷ്ടങ്ങളും വിഷമതകളും സഹിപ്പാൻ ഒരുങ്ങിയിരുന്നുകൊള്ളണം.' 13

പള്ളിവക വസ്തുക്കളെ കാനണിൽ bona beneficialia, bona piarum fundationum, bona fabrica; ഇങ്ങനെ ത്രിവിധം തരംതിരിച്ചിരിക്കുന്നു. ഇവിടെ ആദ്യം കാണുന്നവ രണ്ടും നമ്മുടെ പള്ളികൾക്കില്ലെന്നുതന്നെ പറയാം. ഒടുവിലത്തെ bona fabrica (സംഘംവക വസ്തു) മാത്രമെ നമ്മുടെ പള്ളികൾക്കുള്ളു. പള്ളിവസ്തുക്കളുടെ ഭരണത്തെപ്പററി കാനൺനിയമത്തിൽ ഇങ്ങനെ



www.malankaralibrary.com

കാണുന്നു. 'തിരുസ്സഭ ഒട്ടുക്കുള്ള പള്ളിമുതലുകളുടെ എല്ലാം പരമഭരണാധികാരിയും നിയന്താവും മാർപ്പാപ്പായാകുന്നു. തങ്ങളുടെ രൂപതകളിലുള്ള പള്ളിവസ്തുക്കളുടെ മേലന്വേഷണം നടത്തുക മെത്രാന്മാരുടെ ചുമതലയാകുന്നു.'[14] 'പള്ളിസംബന്ധമായ സകല കാര്യങ്ങളുടെയും സംഘങ്ങളുടെയും പൊതുമേധാവി ഒരു രൂപതയിൽ അവിടത്തെ മെത്രാനാകുന്നു. അദ്ദേഹത്തിൻെറ പക്കൽ ആണ്ടുതോറും കണക്കുകൾ സമർപ്പിക്കപ്പെടേണ്ടിയിരിക്കുന്നു.'[15]

ഇനി പ്രസ്താവിപ്പാനുള്ളത് ഒരു ഇടവകയുടെ മുതലന്വേഷണം സംബന്ധിച്ചാണ്. സുറിയാനിപ്പള്ളികളുടെ മുതലന്വേഷണകർത്തവ്യം പള്ളിയോഗത്തിലാണു സ്ഥിതിചെയ്യുന്നത്. ഈ യോഗത്തിൻെറ അദ്ധ്യക്ഷൻ വികാരിയും ഇടവകജനങ്ങൾ അതിലെ അംഗങ്ങളുമാകുന്നു. ദക്രേത്തിൽ ഇപ്രകാരമാണു ഇതേ സംബന്ധിച്ചു പറഞ്ഞിരിക്കുന്നത്: 'ഇടവകപ്പള്ളികളൊക്കെയിലും പള്ളിവക മുതൽകാര്യങ്ങൾ വിചാരിച്ചു നടത്തുന്നതിനു കൈക്കാരന്മാർ ഉണ്ടായിരിക്കണം. ജനങ്ങൾ അധികമുള്ള പള്ളികളിൽ നാലു അല്ലെങ്കിൽ മൂന്നു കൈക്കാരന്മാരും ചെറിയ പള്ളികളിൽ രണ്ടും, കുരിശുപള്ളികളിൽ ചട്ടപ്രകാരം രണ്ടും കൈക്കാരന്മാരുണ്ടായിരിക്കണം. ഇവരുടെ കാലാവധി ഒരു കൊല്ലത്തേയ്ക്കു മാത്രമാണ്'[16]

ഇങ്ങനെ അൽമേനികൾക്കുകൂടി പള്ളിഭരണത്തിൽ ഉത്തരവാദിത്വം നൽകുക സുറിയാനി സഭയ്ക്കുള്ള ഒരു പ്രത്യേകതയാണ്. ലത്തീൻസഭയിൽ ഇടവകാധിപനായ പട്ടക്കാരനാകുന്നു പള്ളിമുതൽ സംബന്ധിച്ചുള്ള ഉത്തരവാദിത്വവും അതിനെ വിനിയോഗിക്കാനുള്ള അധികാരവും എന്നു കാനോനിൽ പ്രസ്പഷ്ടമായി പറഞ്ഞിട്ടുണ്ട്.[17]

ഈ തരുണത്തിൽ ഏതാനും കൊല്ലങ്ങൾക്കു മുമ്പു ഇംഗ്ലണ്ടിൽ പള്ളിമുതലിൻെറ അന്വേഷണത്തെപ്പററി നടന്ന ഒരു വാദപ്രതിവാദം ഓർമ്മയിൽ വരുന്നു. വൈദികർക്കു വിശ്വാസികളുടെ ആത്മീയ കാര്യങ്ങൾ അന്വേഷിക്കുന്നതിനു തന്നെ ധാരാളം സമയവും ശ്രമവും വേണ്ടിവരുന്നുണ്ടെന്നും അതോടൊന്നിച്ചു പള്ളിവസ്തുക്കളുടെ മേൽനോട്ടംകൂടി വഹിക്കുക ദുർവഹമായ ഒരു ഭാര



www.malankaralibrary.com

മാകുന്നുവെന്നും; ആകയാൽ അൽമേനികളായ ട്രസ്റ്റികളെ (കൈക്കാരന്മാരെ) ഏല്പിച്ചിട്ടത്തുക വളരെ അശാസ്യമായിരിക്കുമെന്നും മററുമായിരുന്ന ഒരു കൂട്ടരുടെ വാദം. (ഇതു സുറിയാനിക്കാരുടെ ഭരണരീതി തന്നെയാണെന്നുള്ളതിനു സംശയമില്ലല്ലൊ) അപ്പോൾ വൈദികർക്കു പള്ളിഭരണത്തിൽ സ്വാതന്ത്ര്യം ആവശ്യമാണെന്നും, അല്ലാത്തപക്ഷം പല തകരാറുകൾ ഉണ്ടാകുമെന്നും, അൽമേനികൾ ചേർന്നുള്ള പള്ളിഭരണത്തിനു പ്രോട്ടസ്റ്റൻറു ഛായ ഉണ്ടെന്നും, അവർ (അൽമേനികൾ) നേർച്ചപെട്ടിയിലെ പണം എണ്ണുന്നതിനുപകരം അതിൽ 'കാണിക്ക' ഇടുകയാണു വേണ്ടതെന്നും മററും വേറൊരു കൂട്ടർ വാദിച്ചു. ഇരുഭാഗത്തും ഉന്നതസ്ഥാനികളായ പല വൈദികരും അൽമേനി പ്രമുഖന്മാരും ഉണ്ടായിരുന്നുവെന്നുള്ളതു സ്മരണീയമാണ്.

അൽമേനികളെക്കൂടി പള്ളിഭരണത്തിൽ അംശഭാക്കാക്കുന്നതിനെ കാനൻ മുടക്കുന്നില്ല. അവരുടെ കർത്തവ്യം എന്തുമാത്രമുണ്ടെന്നു വ്യക്തമായി എടുത്തുകാണിക്കുന്നുണ്ട്. 18

പള്ളിവസ്തുക്കളുടെ മേലന്വേഷണമേററിരിക്കുന്നവരുടെ കടമകളെ കാനൻ ഇപ്രകാരം വിശദീകരിക്കുന്നു. 'അവർക്കു ഒരു കുടുംബത്തലവൻെറ ഉത്സാഹമുണ്ടായിരിക്കണം. ആകയാൽ അവർ അവരുടെ ഭരണത്തിനു ഏൽപ്പിക്കപ്പെട്ടിരിക്കുന്ന വസ്തുക്കൾക്കു നാശമോ ഉപദ്രവമോ നേരിടാതെ സൂക്ഷിക്കയും, കാനൻനിയമം സിവിൽനിയമം, സ്ഥാപകൻ, ദാതാവ്, ന്യായമായ അധികാരി ഇവരാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിബന്ധനകളെ അനുസരിക്കുകയും, വസ്തുക്കളുടെ മുതലെടുപ്പു തക്ക സമയത്തു കണിശമായി ശേഖരിക്കയും, ശേഖരിച്ചവ സുരക്ഷിതമായ സ്ഥലത്തു നിക്ഷേപിക്കയും, സ്ഥാപകൻെറ ഉദ്ദേശാനുസരണമൊ നിലവിലിരിക്കുന്ന നിയമങ്ങളും നടപടികളും അനുസരിച്ചൊ ചെലവിടുകയും, ചെലവു കഴിച്ചു ബാക്കിവരുന്ന പണം പള്ളിയുടെ ഉപയോഗത്തിനായി മെത്രാൻെറ സമ്മതത്തോടുകൂടി ബാങ്കിൽ നിക്ഷേപിക്കയും, വരവുചിലവുകളുടെ കണക്കു ക്രമമായി സൂക്ഷിക്കയും; പള്ളിയുടെ ഉടമസ്ഥതാവകാശത്തെ തെളിയിക്കുന്ന പ്രമാണങ്ങളും



www.malankaralibrary.com

രേഖകളും ക്രമപ്പെടുത്തി റിക്കാർഡു മുറി (Archive) യിലൊ തക്കതായ പെട്ടിയിലൊ വെയ്ക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പാട്ടുള്ളടത്തോളം ഇവയുടെ ശരിപ്പകൎപ്പുകൾ മെത്രാസന കച്ചേരിയിലും ഉണ്ടായിരിക്കേണ്ടതാകുന്നു.'[19] പള്ളിവക ജംഗമവസ്തുക്കളുടെയും പ്രമാണങ്ങൾ, പാട്ടചീട്ടുകൾ മുതലായ റിക്കാർഡുകളുടേയും ഒരു മുറിച്ചാൎത്തു അഥവാ ലിസ്റ്റ് എല്ലാ പള്ളികളിലുമുണ്ടായിരിക്കേണ്ടതാകുന്നു.

വരവുചെലവുകൾക്കു ശരിയായ കണക്കുണ്ടായിരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി വിശേഷവിധിയായി ഒന്നും പറയണമെന്നില്ല. 'വൈദികരും കണക്കെഴുത്തും' (The book keeping for Priests) എന്ന വിഷയത്തെക്കുറിച്ചു ഒരു പുസ്തകം തന്നെ ദാനിയേൽ കെയിബ് (Daniel Kaib O. S. B.) എഴുതിയിട്ടുണ്ട്. ഒരിക്കൽ ഒരു മെത്രാൻ ഒരു യുവവൈദികനെ ഒരു ഇടവകയിലേയ്ക്കയച്ചപ്പോൾ ഇങ്ങനെ ഉപദേശിക്കയുണ്ടായി. 'എല്ലാററിനും മേലായി താങ്കളുടെ കണക്കുകൾ ശരിയായി എഴുതിക്കൊൾക.' വൃദ്ധനായ ഒരു വൈദികൻ മരണക്കിടക്കയിൽ വച്ചു ഇങ്ങനെ പറഞ്ഞതായി ഒരു ഗ്രന്ഥത്തിൽ കാണുന്നുണ്ട്. 'ദൈവത്തിനു സ്തുതിയുണ്ടായിരിക്കട്ടെ, എന്റെ മനഃസാക്ഷിയും കണക്കുപുസ്തകങ്ങളും ശരിപ്പെട്ടാണിരിക്കുന്നതു്'.

വരവുചെലവുകൾ സംബന്ധിച്ചു, നാൾവഴി, (Cash book) തിരട്ട്, (Abstract book) പേരേട്, (Ledger) ഇങ്ങനെ മൂന്നു ബുക്കുകൾ ഉണ്ടായിരിക്കണം. ഇവയിൽ നാൾവഴി മററുള്ളവയുടെ ഉൽപ്പത്തിയും, പള്ളിയിലെ ചെയ്തികളുടെ ശാശ്വതമായ ഒരു റിക്കാർഡുമാകയാൽ വളരെ പ്രാധാന്യമേറിയതാകുന്നു. ഇതു വ്യക്തമായും എന്നാൽ ചരിത്രം എഴുതുന്നതുപോലെ വിസ്തരിക്കാതെ ചുരുക്കമായും എഴുതേണ്ടതാകുന്നു. തിരട്ട്, വരവു ചെലവുകളുടെ ഒരു ചുരുക്കമാകുന്നു. പേരേട്, നാൾവഴിയെ ഇനം തിരിച്ചു കാണിക്കുന്നു. വികാരിയും നടത്തുകൈക്കാരനും അവരവരുടെ കുറിപ്പുകൾ കണക്കനെ ഏൾപ്പിച്ചു്, നാൾവഴിയിൽ എഴുതിക്കുന്നു. പള്ളിയുടെ വരവുകളത്രയും നാൾവഴിയിൽ കാണേണ്ടതാകുന്നു;



www.malankaralibrary.com

ഏന്തുകൊണ്ടെന്നാൽ നാൾവഴിയിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത ഒരു വരവിന്റെ ഉടമസ്ഥതാവകാശം സ്ഥാപിക്കുന്നതിനു വിഷമമുണ്ട്. ചിലപ്പോൾ നൂററുകണക്കു ഫീസ് ലഭിക്കുന്നതിനുവേണ്ടി ഏതാനും വരവുകൾ നാൾവഴിയിൽ ചേർക്കാതെ വിടാറുണ്ട്. ഇതു അനീതിയാണെന്നുള്ളതിനുപുറമേ കുഴപ്പത്തിനു നിദാനവുമാണ്.

കണക്കെഴുതുന്നതിൽ വൈദികർ പ്രത്യേക ശ്രദ്ധ പതിക്കാത്തപക്ഷം അതു വിശ്വാസികൾക്കു ഇടർച്ചയ്ക്കും സംശയത്തിനും കാരണമാവുന്നതാണ്. ഒരു വീട്ടുകാരൻ തന്നിൽനിന്നു ചെല്ലാനുള്ള വരിസംഖ്യ അന്നത്തെ വികാരിയുടെ പക്കൽ കൊടുത്തു എന്നിരിക്കട്ടെ, എന്നാൽ അദ്ദേഹം സ്ഥലംവിട്ടു വേറൊരാൾ വരുമ്പോൾ, കൊടുത്ത വിവരം കണക്കിൽ കാണായ്ക നിമിത്തം അതേ തുക തന്നെ ആവശ്യപ്പെട്ടാലത്തെ കഥ എന്തായിരിക്കും? മറവിയായിരിക്കാം ഈ തകരാറിനു ഹേതു, എന്നാൽ അതാരറിയുന്നു. ജനസാമാന്യത്തിന്റെ സംസാരത്തിൽ അതിശയോക്തിയും നുണയും കലർന്നിരിക്കാൻ പാടുണ്ടെന്നുള്ളതിനെ ഇവിടെ വിസ്മരിക്കുന്നില്ല. എന്നാൽ പരദൂഷണത്തിനു തുച്ഛമായ കാരണംപോലും കൊടുക്കരുതല്ലോ ക്രിസ്തു പുരോഹിതൻ. ഒരു വൈദികൻ സ്ഥലം മാറിപ്പോകുമ്പോൾ കണക്കുകൾകൂടി, കൂടെപ്പോകുന്നില്ല. എഴുതിയിട്ടുള്ള കണക്കിനെ അസ്പദമാക്കി അന്യർ അദ്ദേഹത്തെ വിധിക്കയും ചിലപ്പോൾ പഴിക്കയും ചെയ്യുന്നു. പള്ളിവക എല്ലാ കണക്കുകളിലും വൈദികന്റെ ദൃഷ്ടി എത്തേണ്ടതാണ്; ചിട്ടി നടത്താൻ ചിട്ടിക്കൈക്കാരന്മാരുണ്ടെന്നും അതുകൊണ്ടു തനിക്കു കടമയൊന്നുമില്ലെന്നും ഒരു വികാരിക്കു സമാധാനപ്പെടാൻ പാടില്ല. വൈദികർ ശരിയായി യഥാവസരം അന്വേഷണം നടത്തായ്കമൂലം ചില കാര്യങ്ങൾ സംബന്ധിച്ചു എന്തെല്ലാം കുഴപ്പങ്ങളാണു വന്നുകൂടുക; ഒടുവിൽ മെത്രാൻകച്ചേരിയിലെ 'വിചാരണ'യ്ക്കു മാത്രമേ കാടു തെളിക്കാൻ സാധിക്കയുള്ളു എന്ന പതനത്തിൽ എത്തുന്നു.

പള്ളിയുടെ പണം പള്ളിയുടെ 'പൂട്ടിൽ' ആണ് ഇരിക്കേണ്ടത്. ഒരു നയജ്ഞനായ വികാരി അതു വ്യക്തികളുടെ 'പൂട്ടിൽ'



www.malankaralibrary.com

ചെന്നഭയം പ്രാപിച്ച്, തൻെറ പിൻഗാമികൾക്കു ശല്യത്തിനും ഇടവകക്കാൎക്കു അതൃപ്തിക്കും ഹേതുവായി ഭവിക്കുന്നതിനു ഒരിക്കലും ഇടവരുത്തുകയില്ല.

വള്ളിവക കുർബാന തക്ക സമയത്തു ചൊല്ലിക്കാതെ അതിൻെറ പണമെടുത്തു മരാമത്തു പണികൾ നടത്തി ശബ്ദമുണ്ടാക്കുന്നതു ഒരിക്കലും നീതീകരിക്കത്തക്കതല്ല. തീക്ഷ്ണതയുടേയൊ വിവേകത്തിൻെറയൊ ലക്ഷണമില്ല ഈ പ്രവൃത്തിക്ക്. പണി അത്ര അത്യാവശ്യമെങ്കിൽ സ്വാഭിപ്രായാനുസരണം ഒന്നും പ്രവൎത്തിക്കാതെ വിവരം മെത്രാനെ ബോധിപ്പിക്കുകയാണു വേണ്ടതു്.

മാമ്മോദീസാ, വിവാഹം, ശവസംസ്കാരം മുതലായവയുടെ ബുക്കുകൾ വളരെ ഭദ്രമായി സൂക്ഷിക്കേണ്ടതാകുന്നു. അവ പള്ളിയിൽനിന്നു എടുത്തുകൊണ്ടു പോകുന്നതിനോ വൈദികൻെറ സാന്നിദ്ധ്യത്തിലല്ലാതെ ആൎക്കെങ്കിലും പരിശോധിക്കുന്നതിനൊ പാടില്ലാത്തതാകുന്നു. ഈ ബുക്കുകൾ എളുപ്പംവിചാരിച്ചു സങ്കിൎത്തിയിലൊ മറേറാ ഇട്ടേക്കുന്നതു ഒരിക്കലും ക്ഷന്തവ്യമല്ല.

കാൎയ്യാന്വേഷകന്മാൎക്കു അവശ്യം വേണ്ടിയ കൃത്യനിഷ്ഠ, ക്രമം, വ്യവസ്ഥ, നിസ്സന്ദ്രത തുടങ്ങിയുള്ള ഗുണങ്ങളുടെ അഭാവം നിമിത്തമാണു കണക്കുകളിൽ പിശകു വന്നുകൂടുന്നതു്. വൈദികൎക്കു ജോലി പിടിപ്പതുണ്ട്. ജോലി അധികമുള്ളവൎക്കു നിൎവ്വഹണരീതികളു (Business methods) മുണ്ടായിരിക്കണം. 'ചെസിൽ' പറയുന്നു. 'വളരെ കൃത്യങ്ങൾ ചെയ്യുന്നതിനുള്ള ഏററവും എളുപ്പ വഴി ഒരു കാൎയ്യം മാത്രം ഒരിക്കൽ ചെയ്യുകയാണ്.' സലേസ് പുണ്യവാൻെറ ഉപദേശം ഇതിലും ശ്രേഷ്ഠവും ശ്രദ്ധേയവുമത്രെ. അദ്ദേഹം പറയുന്നു. 'നിൻെറ ചുമതലയിൽ പെട്ടിട്ടുള്ള എല്ലാ കാൎയ്യങ്ങളിലും നീ ഉത്സാഹവും സൂക്ഷ്മവും ഉള്ളവനായിരിക്കുക; എന്നാൽ ഉൽക്കണ്ഠയും പരിഭ്രമവും അമിതാസക്തിയും അവയുടെ നിൎവ്വഹണത്തിൽ നീ വൎജ്ജിക്കേണ്ടതാകുന്നു.' ക്രമം ദൈവത്തിങ്കലേയ്ക്കു നമ്മെ ആനയിക്കുന്നു എന്നു വി. അഗുസ്തീനോസ്സും, ക്രമാനുസരണം ജീവിക്കുന്നവൻ ദൈവേഷ്ടപ്രകാരം ജീവിക്കുന്നു എന്നു വി. ഗ്രിഗോരിയും സാക്ഷിക്കുന്നു. സുനിശ്ചിതമായ ഒരു കാൎയ്യപ



www.malankaralibrary.com

രിപാടിയോടുകൂടിയവൻ, തന്നെക്കാൾ ബുദ്ധിശക്തിയിൽ മികച്ചവനെങ്കിലും, ക്രമമില്ലാത്തവനും, കണിശമില്ലാത്തവനും, അലസനുമായ തൻെറ സമീപസ്ഥനെക്കാൾ കൂടുതൽ ജോലി കുറച്ചുസമയംകൊണ്ടു മെച്ചമായി ചെയ്തുതീർക്കുന്നു. വ്യവസ്ഥയുള്ള വൈദികൻ തൻെറ നാനാതരത്തിൽപെട്ട ജോലികളെ മനഃസ്വാസ്ഥ്യത്തോടെ അഭംഗമായി ചെയ്യുന്നു. എന്നാൽ വ്യവസ്ഥയില്ലാത്തവനാകട്ടെ സദ്ദാ കുടുങ്ങലിക!

വ്യവസ്ഥയെ പരിപൂഷ്ടമാക്കി പരിരക്ഷിക്കുന്ന ഒരു ഗുണമാകുന്നു കൃത്യനിഷ്ഠ. ഇതു കാര്യാന്വേഷികൾ (Business men)ക്കു ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു. ഒരു മഹാൻ ഇതിനെ ജോലിയുടെ ആത്മാവെന്നാണു സംബോധനം ചെയ്തിരിക്കുന്നതു്. കൃത്യനിഷ്ഠയുള്ളവനെ ആരും വിശ്വസിക്കയും ചെയ്യും. ജോർജ്ജ വാഷിംഗ്ടൻെറ സിക്രട്ടറി ഒരിക്കൽ താമസിച്ചു ആഫീസിൽ വന്നു, കാരണം ചോദിച്ചപ്പോൾ വാച്ചിനു കേടുഭവിച്ചതാണെന്നുത്തരിച്ചു. അപ്പോൾ മഹാനായ വാഷിംഗ്ടൻ പറഞ്ഞു, 'സിക്രട്ടറി വാച്ചു മാറാത്തപക്ഷം വാഷിംഗ്ടനു സിക്രട്ടറിയെ മാറേണ്ടതായി വരും.'

കത്തിടപാടുകളിലുള്ള കൃത്യനിഷ്ഠ വൈദികനു വളരെ ആവശ്യമാകുന്നു. ജോലിസംബന്ധമായ കത്തുക(Business letters)ൾക്കു ഉടനെതന്നെ മറുപടി അയയ്ക്കേണ്ടതാകുന്നു. ഇക്കാര്യത്തിലുള്ള അലസത, ജോലിത്തിരക്കുള്ള വണിക്കുകൾ, കമ്പനി മാനേജറന്മാർ മുതലായവർ ഒരിക്കലും ക്ഷമിക്കുന്നതല്ല. മൊത്തത്തിൽ എടുക്കുകയാണെങ്കിൽ വൈദികർ കത്തയക്കുന്ന കാര്യത്തിൽ വളരെ പിന്നോക്കമാണെന്നാണു ഒരു വിദേശ ഗ്രന്ഥകാരൻെറ അഭിപ്രായം. ഈ അഭിപ്രായം ഈ നാടിനെ സംബന്ധിച്ചും യഥാർത്ഥമാണെന്നു പറയേണ്ടിയിരിക്കുന്നു. ഓരോ സൽക്കാര്യങ്ങൾക്കായിട്ടു ചിലർ പണം യാചിക്കുന്നു, എന്നാൽ പണം വല്ലവരും അയച്ചുകൊടുത്താൽപിന്നെ അതെപ്പററി ഒന്നും കേൾക്കാനില്ല. ഈ എഴുത്തുകാരനു ഒരാളെ അറിയാം. അദ്ദേഹം ഉന്നതസ്ഥാനത്തിലുള്ള ഒരാൾ അച്ചടിച്ചു അയച്ച ഒരു അഭ്യർത്ഥന കണ്ടശേഷം ഒരു



www.malankaralibrary.com

ചെറിയ തുക അയച്ചുകൊടുക്കുകയുണ്ടായി. പിന്നീടു മണിഓർഡർ രസീതിൽ ആരുടേയോ ഒപ്പു കണ്ടതല്ലാതെ അതെപ്പററി ഒന്നും അറിഞ്ഞിട്ടില്ല. വലിയ കടലാസിൽ അഭ്യർത്ഥന അച്ചടിപ്പിച്ച കൂട്ടത്തിൽ ധനസഹായം ചെയ്യുന്നവക്കു അയച്ചുകൊടുക്കാൻ കുറെ കാർഡുകൾകൂടി അച്ചടിപ്പിച്ചിരുന്നെങ്കിൽ എത്ര ഭംഗിയായിരിക്കുമായിരുന്നു. താഴെ വരുന്ന സംഭവം ഒരു പ്രസിദ്ധീകരണത്തിൽ കണ്ടതാണ്.

പണത്തിനു വളരെ വിഷമിച്ചിരുന്ന ഒരു വൈദികനു് ഒരാൾ 1500 രൂപാ അയച്ചുകൊടുത്തു. രണ്ടാഴ്ച കഴിഞ്ഞിട്ടും യാതൊരു മറുപടിയും കിട്ടിയില്ല; ഉടനെ രണ്ടാമതൊരു കത്തയച്ചു, ഈ പ്രാവശ്യവും മറുപടി പൂജ്യംതന്നെ. തദനന്തരം വേറൊരുവൻ മുഖേന നേരിട്ടു അന്വേഷണം നടത്തി. അപ്പോൾമാത്രമാണു നന്ദിപറഞ്ഞുകൊണ്ടുള്ള ഒരു കത്തു വന്നുചേന്നതു്.

കത്തുകൾക്കു മറുപടി എഴുതാൻ ഒരുവനു സാധിക്കാതെവരുന്നതു മിക്കവാറും സമയമില്ലാഞ്ഞിട്ടല്ല, പിന്നയോ കൃത്യനിഷ്ഠ ഇല്ലാഞ്ഞിട്ടാണ്. വളരെ ജോലിത്തിരക്കുള്ള ചിലയാളുകൾക്കു കത്തയയ്ക്കുക, മറുപടി കണിശമായി ഉടനടി വന്നുചേരുന്നതു കാണാം. ഇതിനു കാരണം അവരുടെ കൃത്യനിഷ്ഠയല്ലാതെ മററൊന്നുമല്ല.

ഒരുവൻെറ കടങ്ങളെ വീട്ടുന്നതും ശരിയായ കാര്യനിർവഹണത്തിൻെറ ലക്ഷണമാകുന്നു. ഒരു ഗ്രന്ഥകാരൻ പറയുന്നു: ചില വൈദികർ ഉദ്ധാരണക്കടം വീട്ടേണ്ടതിൻെറ ആവശ്യകതയെപ്പററി ഞായറാഴ്ചതോറും വളരെ ശക്തിയായി പ്രസംഗിക്കുന്നു; എന്നാൽ അവർ തന്നെ അവരുടെ പള്ളിയുടേയും അവരുടെ സ്വന്തം കടങ്ങളേയും വീട്ടുന്നതിൽ തീരെ ഉപേക്ഷകന്മാരാകുന്നു. പണം തൽക്കാലം കൈയിലില്ലെന്നായിരിക്കും സമാധാനം, അതു വാസ്തവവുമായിരിക്കും. എന്നാൽ ഒരു കച്ചവടക്കാരൻ അവനു യഥാവസരം കൊടുത്തുതീക്കാൻ പാടില്ലാത്ത വിലയ്ക്കുള്ള സാമാനങ്ങൾ ശേഖരിക്കുന്നില്ല, ഇതുപോലെയാണു വൈദികനും വർത്തിക്കേണ്ടതു്. ഒരു സാധനം അത്യാവശ്യമെങ്കിൽ പണം പലിശ



www.malankaralibrary.com

യ്യെടുത്തു അതു വാങ്ങുകയും പലിശ ശരിയായി കൊടുക്കയുമാണു വേണ്ടതു്.

ഒരു കാര്യാന്വേഷകനെ സംബന്ധിച്ചിടത്തോളം ഡയറി എഴുത്തു് വളരെ പ്രയോജനപ്രദമാകുന്നു. കഴിഞ്ഞകൊല്ലം ഒരു പ്രത്യേകാവസരത്തിൽ നടന്നതെന്തെന്നു ഇക്കൊല്ലം നമുക്കു രൂപമില്ലായിരിക്കാം. പള്ളിസിൽബന്ധികളും മററും ചില സംഗതികളിൽ വളരെ ഓർമ്മപ്പിശകുള്ളവരായിട്ടാണു കാണപ്പെടുക. എന്നാൽ ഡയറി ഇക്കാര്യത്തിൽ വലിയ തുണചെയ്യുന്നു. മുമ്പു നടന്ന സംഗതികൾ ആണ്ടും തീയതിയും കാണിച്ചു നമുക്കു പറവാൻ സാധിക്കുമെന്നു വരുന്നതു ഒരു ക്രമീകൃതജീവിതത്തിന്റെ ലക്ഷണമാണു്.

ആണ്ടിലൊരിക്കൽ പള്ളിയിലെ വരവുചെലവുകളുടെ കണക്കുകൾ പള്ളിയോഗത്തിൽ വായിച്ചു് സമ്മതം ലഭിച്ചശേഷം മെത്രാൻകച്ചേരിയിൽ പരിശോധനയ്ക്കായി സമർപ്പിക്കപ്പെടണമെന്നുണ്ടു്. പള്ളിഭരണത്തിൽ ഗണ്യമായ ഭാഗം വഹിക്കുന്നതു യോഗമാണല്ലോ. (സുറിയാനിക്കാരെമാത്രം സംബന്ധിച്ചു പറയുകയാണു്) യോഗംകൂടുന്നതിനുള്ള ദിവസം വികാരി പള്ളിയിൽ പരസ്യംചെയ്യുന്നു. പിന്നീടു നിശ്ചിതദിവസം അതു വികാരിയുടെ ആദ്ധ്യക്ഷതയിൽ സമ്മേളിക്കുന്നു. ൧ അ. ൧ ന: ചൊല്ലി പരിശുദ്ധാത്മാവിന്റെ സഹായം അപേക്ഷിച്ചശേഷം യോഗനടപടികൾ സമാരംഭിക്കുന്നു. യോഗത്തിൽ വൈദികൻ വർത്തിക്കേണ്ടതിനെപ്പററി നിതാന്ത വന്ദ്യ ദിവ്യശ്രീ കാളാശ്ശേരിൽ ജയിംസ് മെത്രാനച്ചൻ ഒരു ഇടയ ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതിപ്രകാരമാണു്: "മെത്രാന്റെ പ്രതിനിധി എന്ന നിലയിൽ വികാരി യോഗത്തിന്റെ നായകനാകുന്നുവെന്നുള്ള ചിന്ത എല്ലാവർക്കുമുണ്ടായിരിക്കണം. യോഗാദ്ധ്യക്ഷനെന്നനിലയിലുള്ള വികാരിയുടെ പെരുമാററം ഗൌരവതരവും പക്ഷപാതരഹിതവുമായിരിക്കണം. കക്ഷിപിടിച്ചും മററും സംസാരിക്കുന്നതും യോഗത്തിൽ ഉപവിക്കു യോജിക്കാത്ത സംസാരങ്ങളെ തടയാത്തതും താൻ യോഗത്തിനു അധീനനാണെന്നു പ്രത്യക്ഷപ്പെടുത്തുന്നതും പാടുള്ളതല്ല. കൈക്കാ



www.malankaralibrary.com

രന്മാരും മററും വികാരിയുടെ ആജ്ഞാനുസരണം പ്രവത്തിച്ച് പള്ളിഭരണത്തിൽ സഹായിപ്പാനുള്ളവരാണ്. ഒരിടവകയെ സംബന്ധിച്ചുള്ള സകലത്തിന്നും വികാരി ദൈവതിരുമുമ്പാകെയും മെത്രാൻെറ മുമ്പാകെയും ഉത്തരവാദിയാണെന്നുള്ള വിചാരത്തോടുകൂടി പെരുമാറണം."

മരാമത്തുകളെക്കുറിച്ചുകൂടി രണ്ടു വാക്കു ഇവിടെ ചേർത്തുകൊള്ളട്ടെ. നാം മരാമത്തു പണികളുടെ ഒരു കാലത്താണു ജീവിക്കുന്നതെന്നു പറയാം. പള്ളി, പള്ളിക്കൂടം, പള്ളിമുറി തുടങ്ങി പലതും പണി കഴിപ്പിക്കുന്നതിൽ വൈദികൻ ഏപ്പെടേണ്ടതായിട്ടുണ്ട്. അകയാൽ ശില്പകലയെപ്പററി ഒരു സ്ഥൂലജ്ഞാനമെങ്കിലും ആവശ്യമാണ്.

പരസ്യമായ ദൈവാരാധനയ്ക്കുള്ള പരിശുദ്ധമായ ഒരു കെട്ടിടമാകുന്നു പള്ളി എന്നു സാമാന്യം നിർവചിക്കാം. ഒരു പള്ളി പണിയുന്നതിനു ആദ്യമായി സ്വന്തം മെത്രാൻെറ അനുമതി വേണ്ടിയിരിക്കുന്നു. മെത്രാൻെറ രേഖാമൂലമുള്ള അനുവാദംകൂടാതെ പള്ളിയൊ കപ്പേളയൊ മറേറതെങ്കിലും കെട്ടിടമോ പണിയിക്കാൻ പാടില്ല. ഒഡോനൽ പറയുന്നു: "എന്നാൽ ഒരു പുതിയ പള്ളിക്കുള്ള അപേക്ഷ വരുമ്പോൾ അതിൻെറ പണിക്കും സൂക്ഷിപ്പിനും വൈദികരുടെ സംരക്ഷണത്തിനും, പരസ്യാരാധനയുടെ ചെലവുകൾക്കും ആവശ്യമായ ധനാഗമമാർഗ്ഗമുണ്ടെന്നു പ്രതീക്ഷിക്കാൻ പാടില്ലാത്തപക്ഷം അതു പണിയുവാൻ മെത്രാനു ഒരിക്കലും അനുവദിപ്പാൻ പാടില്ല."[20] പുതിയ കാനൻ പള്ളിപണിയെ പരാമശിച്ചു പലേ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.[21] "പുതിയ പള്ളികൾ പണിയുമ്പോഴും പഴയവ നന്നാക്കുമ്പോഴും വിശുദ്ധകല (Sacred art) യുടെ തത്വങ്ങളേയും ക്രിസ്തീയപാരമ്പര്യംമൂലം സിദ്ധിച്ചിട്ടുള്ള രീതികളേയും (Forms) പാലിക്കുന്നുണ്ടോയെന്നു മെത്രാൻ അന്വേഷിക്കേണ്ടിയിരിക്കുന്നു. ആവശ്യപ്പെടുന്നപക്ഷം, ഏതദത്ഥം അദ്ദേഹം വിദഗ്ദ്ധന്മാരോടു ആലോചനകൾ ചോദിക്കണം."[22]

വിശുദ്ധകലയുടെ ഉദ്ദേശം കല്ലിലും കുമ്മായത്തിലും ചായത്തിലും നിറത്തിലും മനോഹരമായി എന്തുണ്ടോ അതുകൊണ്ടു



www.malankaralibrary.com

നമ്മെ തൃപ്തിപ്പെടുത്തുകമാത്രമല്ല, പിന്നെയൊ പ്രേക്ഷകന്മാരിൽ ഭക്തിചൈതന്യമുളവാക്കുകയും അവരുടെ വിചാരങ്ങളെ പവിത്രീകരിക്കയും, ആദ്ധ്യാത്മികങ്ങളിലേക്കു അവരെ ആനയിക്കയും ചെയ്യുന്ന ദേവാലയങ്ങളും, ബലിപീഠങ്ങളും, രൂപങ്ങളും പടങ്ങളും നിർമ്മിക്കയത്രെ. കർദ്ദിനാൾ വൈസ്മാൻ പറയുംപോലെ അതു കണ്ണിനോടും കണ്ണുവഴിയായി കല്പനാശക്തിയോടും സംസാരിക്കയും, ഭൌമികഭംഗിയിൽനിന്നു സ്വൎഗ്ഗീയഭംഗിയിലേക്കു മനസ്സിനെ ഉയൎത്തുകയും, പണ്ഡിതപാമരഭേദമെന്നിയെ ദൈവാരാധകനെ വണക്കബഹുമാനബോധംകൊണ്ടു നിറയ്ക്കുകയും പരിശുദ്ധതയുടെ സൌന്ദൎയ്യം മുഖേന അവനെ ആകൎഷിക്കയും ചെയ്യുന്നു.

ഒരുപള്ളി നാലു ലക്ഷണങ്ങളോടു കൂടിയതായിരിക്കണം. 1. അതു ദൈവമഹത്വത്തിനു യോജിച്ചതായിരിക്കണം. 2. ഇരുട്ടു നിൽക്കുന്ന സാധനങ്ങൾകൊണ്ടു പണിയും നിൎദ്ദിഷ്ടമായ ഉപയോഗത്തിനു പററിയതുമായിരിക്കണം 3. കാപട്യമൊ പകിട്ടോ കൂടാതെ അതു സത്യവും അകൃത്രിമവുമായിരിക്കണം. 4. മററു കെട്ടിടങ്ങളെക്കാൾ അതു പാട്ടുള്ളടത്തോളം ഭംഗിയിൽ മികച്ചു നിൽക്കണം. ഇവിടെ കാണുന്ന മൂന്നാമത്തെ ലക്ഷണം അല്പം വ്യാഖ്യാനം ആവശ്യപ്പെടുന്നു. ഒരു പള്ളി സത്യം അഥവാ അകൃത്രിമമായിരിക്കണമെന്നു പറയുന്നതിൻെറ സാരമെന്ത്. 'റസ്കിൻ' എന്ന പണ്ഡിതൻെറ അഭിപ്രായപ്രകാരം സത്യം ശില്പവിദ്യയുടെ സപ്തദീപങ്ങളിൽ (Seven lamps) അഥവാ ലക്ഷണങ്ങളിൽ ഒന്നാകുന്നു. ഒരു കെട്ടിടത്തിൻെറ ഭിത്തി സാധാരണ കല്ലുകൊണ്ടു പണിതിട്ടു, മാർബിൾ എന്നു തോന്നുമാറു അതിനൊരു പകിട്ടുഛായംകൊടുക്കുന്നെങ്കിൽ ശില്പശാസ്ത്രദൃഷ്ട്യാ അതൊരു ന്യൂനതയാണ്. നാട്യം തെററെന്നുമാത്രമല്ല അഭംഗിയുമാണെന്നാണു വിദഗ്ദ്ധമതം. ഒരു കുലാംഗനയും കപടമായ ആഭരണങ്ങൾ ധരിക്കാൻ ഇഷ്ടപ്പെടുന്നില്ല.

നമ്മുടെ നാട്ടിൽ ശില്പശാസ്ത്രപ്രകാരം ന്യൂനതയില്ലാത്ത പള്ളികൾ അധികമുണ്ടെന്നു തോന്നുന്നില്ല. കാററും വെളിച്ചവും



www.malankaralibrary.com

കടക്കാത്തായാണ് പഴയ പള്ളികളിൽ മിക്കവയും. നൂറായിരം ചിത്രങ്ങളോടുകൂടിയ അൾത്താരകൾ (ഏറത്താഴകൾ) ഇനിയുള്ളകാലം ആരും പണിയിപ്പിക്കുമെന്നു തോന്നുന്നില്ല. സെയിൻറു ലൂയിസ അതിരൂപതയിലെ അർച്ചുബിഷോപ്പു ഗ്ലെന്നൻ (Glennon) തൻെറ ഒരു ഇടയലേഖനത്തിൽ ഇപ്രകാരം പ്രസ്താവിക്കുന്നു. 'ചില പള്ളികളിൽ അൾത്താരകൾ ശരിയായിട്ടല്ല പണിതിരിക്കുന്നതു്, ജനലുകൾ മനോഹരമായി പണിതിരുന്ന ആ കാലം 'ഇങ്ങിനിവരാത്തവണ്ണം' കടന്നുപോയിരിക്കുന്നു. ഇപ്പോൾ ജനലുകൾ ദൈവഭവനത്തെ അലങ്കരിക്കുന്നതിനുപകരം അലങ്കോലപ്പെടുത്തുകയാണു ചെയ്യുന്നതു്. വിശ്വാസം സജീവമായിരുന്ന കാലത്തു വൈദികരും ജനങ്ങളും ചിത്രമെഴുത്തുകാരും ശില്പികളും മനോഹരമായ പള്ളികൾ പണിയുന്നതിനു അഹമഹമികയാ ശ്രമിച്ചിരുന്നു. ദൈവഭവനം ചേതോഹരമാക്കുന്ന കാര്യത്തിൽ അവർ ഇടത്തരംകൊണ്ടു തൃപ്തിപ്പെട്ടിരുന്നില്ല. ജോറിസ് കാറ്ൾഹ്യൂയിസ്മാൻസ് (Joris-Karl Huysmans) ഇങ്ങനെ പറയുക പതിവായിരുന്നു, 'ആധുനികകാലത്തെ മിക്ക പള്ളികളും അവയിലെ അലങ്കാരങ്ങളും സാത്താൻെറ വേലയാകുന്നു. ഫ്രാൻസിലെ ദേവാലയങ്ങളിലുള്ള തിരുസ്വരൂപങ്ങൾ ഭക്തിയുള്ളവരുടെ വിശ്വാസത്തെ ഇളക്കുന്നതിനും, ഭക്തിയില്ലാത്തവരെക്കൊണ്ടു ദൈവദൂഷണം പറയിപ്പിക്കുന്നതിനുമായി ദുഷ്ടാരൂപിയുടെ നിർദ്ദേശപ്രകാരം നിർമ്മിക്കപ്പെട്ടിട്ടുള്ളവയാകുന്നു. ഹ്യൂയിസ്മാൻസ് പറയുന്നതെല്ലാം അപ്പടി സ്വീകാര്യമല്ലായിരിക്കാം, എന്നാൽ അനേകം പള്ളികൾ ശില്പകലയെക്കുറിച്ചു സ്വല്പവും തിരുക്കർമ്മാനുഷ്ഠാനത്തെക്കുറിച്ചു അതിലും സ്വല്പവും അറിവുള്ളവരാൽ പണിയിക്കപ്പെട്ടിട്ടുള്ളതാണെന്നുള്ളതു സുവ്യക്തമാണു്. നമ്മുടെ ദാരിദ്ര്യം ഒരു ഒഴികഴിവായി നാം കൊണ്ടുവരാറുണ്ടു്; എന്നാൽ പണത്തെക്കാൾ ആവശ്യമായിട്ടുള്ളതു നന്മനസ്സും വിശിഷ്യ വിവേചനാശക്തി (Good taste) യുമാണ്. ചെറിയ ദേവാലയങ്ങളും അലങ്കരിച്ചു മോടി പിടിപ്പിക്കാൻ പാടുണ്ടു്. [23]

ഒരു പള്ളിക്കും അതിൻെറ സ്ഥലസൌകര്യം കവിഞ്ഞ്



www.malankaralibrary.com

രൂപങ്ങൾ ഉണ്ടായിരിക്കരുത്. പരിശുദ്ധന്മാരുടെ രൂപങ്ങൾ മുക്കിലും മൂലയിലും അവിടെയും ഇവിടെയും യാതൊരു ക്രമവും അലങ്കാരവുംകൂടാതെ ഇട്ടിരിക്കുന്നതു വിഹിതമല്ല. ഈ ഉപേക്ഷ ജനങ്ങളുടെ ഭക്തിയെ നശിപ്പിക്കാൻ ഇടയുണ്ട്.

ഒരു പള്ളി പണിയുന്നതിനുദ്ദേശിക്കുകയാണെങ്കിൽ തക്കതായ ഒരു സ്ഥലമാണ് ആദ്യമായി കണ്ടുപിടിക്കേണ്ടത്. നിവൃത്തിയുണ്ടെങ്കിൽ അടുത്തുകിടക്കുന്ന സ്ഥലംകൂടി വാങ്ങണം. പള്ളിക്കു ചുററുമുള്ള സ്ഥലങ്ങൾ അന്യാധീനപ്പെടുകനിമിത്തം എന്തുമാത്രം ധർമ്മസങ്കടമാണ് പിൻഗാമികൾ അനുഭവിക്കേണ്ടിവന്നിട്ടുള്ളത്. പണി ആരംഭിക്കുന്നതിനുമുമ്പ് നമ്മുടെ കോശസ്ഥിതി എന്തെന്നു നിശ്ചയമുണ്ടായിരിക്കണം. അല്ലാത്തപക്ഷം സുവിശേഷത്തിലെ മനുഷ്യനെപ്പോലെ നാം ആക്ഷേപപിണ്ഡമായി ഭവിക്കും. [24] എന്നാൽ സ്റ്റാംഗ് പറയുമ്പോലെ, പണമെല്ലാം സുമാററായെങ്കിലേ പണി തുടങ്ങൂ എന്നു ശഠിക്കുന്നതും യുക്തമല്ല; കുറേ നമ്മൾ ദൈവപരിപാലനയ്ക്കു വിട്ടുകൊടുക്കണം. ദൈവശുശ്രൂഷയെ സംബന്ധിച്ചിടത്തോളം വളരെ വിവേകികളാകാനുദ്യമിക്കുന്നവർ തീരെ ദുർല്ലഭമായി മാത്രമേ മഹത്തരവും പ്രയോജനകരവുമായവ ചെയ്യുന്നുള്ളൂ. നിസ്സാര പ്രതിരോധങ്ങൾ കണ്ട് പകച്ചുപോകുകയും തൻെറ ഉദ്യമത്തിനു നേരിടുന്നതും നേരിടാൻ പാടുള്ളതുമായ വിഷമങ്ങളെ ഉൽക്കണ്ഠാപൂർവ്വം മുമ്പേകൂട്ടി കണക്കുകൂട്ടുകയും ചെയ്യുന്നവൻ കാര്യമായി ഒന്നുംതന്നെ നിർവ്വഹിക്കയില്ല. ഇതുകൊണ്ടായിരിക്കാം നാം നമ്മുടെ വിവേകത്തിനു അതിരു വെയ്ക്കണമെന്നു ബോധജ്ഞാനി ഉപദേശിക്കുന്നത്. [25]

അടുത്തപടി തച്ചുശാസ്ത്രം പഠിച്ചിട്ടുള്ള ഒരു വിദഗ്ദ്ധനെക്കൊണ്ടു പ്ലാൻ ഉണ്ടാക്കിക്കുകയാണ്. പള്ളിയുടെ തരം, (Style) വലിപ്പം, ചെലവിടാനുദ്ദേശിക്കുന്ന സംഖ്യ ഇവയെല്ലാം ശില്പിയെ ധരിപ്പിക്കേണ്ടതാകുന്നു. ഗോത്തിക്ക് (Gothic) റോമനസ്ക് (Romanesque) ബിസന്തയിൻ (Byzanthine) ഇററാലിയൻ റിനാസ്സെൻസ് (Italian Renaisance) ഇങ്ങനെ തരങ്ങൾ പലതുണ്ട്. സമർത്ഥനായ ശില്പിക്കു സാഹചര്യങ്ങളനുസരിച്ചു പ്രവർത്തി



www.malankaralibrary.com

പ്ലാൻ അറിയാം. അവൻ കവിയേപ്പോലെ സ്വതന്ത്രനാകുന്നു. ഒരു പള്ളിക്ക് ഭംഗിയും മേന്മയും വരുത്തുന്നത് പ്രധാനമായി, വിവിധ ഭാഗങ്ങൾ തമ്മിലുള്ള യോജിപ്പും (Proportion) നിറവുമാണെന്നാണ് അഭിജ്ഞമതം.

പ്ലാൻ നല്ലപോലെ പഠിച്ചിട്ട് പട്ടക്കാരൻ അതു മെത്രാൻെറ സമക്ഷം സമപ്പിക്കുന്നു; എന്തുകൊണ്ടെന്നാൽ പ്ലാനും മെത്രാൻ അംഗീകരിക്കണമെന്നുണ്ട്. പിന്നീട് കൺട്രാക്റ്റന്മാരേയൊ പണിക്കാരേയൊ എസ്റ്റിമെയിററു തയ്യാറാക്കുന്നതിനു ക്ഷണിക്കാം. വിവരം കാണിച്ചു പത്രത്തിൽ പരസ്യം ചെയ്യുന്നതും നന്ന്. എസ്റ്റിമെയിററ് ഏററവും കുറയ്ക്കുന്നവനാണ് സ്വീകാര്യൻ എന്നു കരുതണ്ട. സാമർത്ഥ്യമുള്ളവരിൽവച്ച് കുറഞ്ഞ എസ്റ്റിമെയിററുകാരനെ എടുത്തുകൊൾക. "നിൻെറ പണത്തെ സഭയുടെ പൊതുപാലകനായ വി. യൌസേപ്പിൻെറ സംരക്ഷണയിൽ ഏല്പിക്കുക; വിഷമതകളിൽ ആ പുണ്യവാൻ നിന്നെ സഹായിച്ചുകൊള്ളും."

പള്ളിക്ക് ഒരു അലങ്കാരമെന്നല്ല, ആവശ്യംക്രൂടിയാണ് മണിമാളിക. ഒരു ഗ്രന്ഥകാരൻ പറയുന്നു, "മണികൾ മനോഹരമായ ചടങ്ങുകളാലും ഭക്തിരസം വഴിഞ്ഞൊഴുകുന്ന പ്രാർത്ഥനകളാലും വാഴ്ത്തപ്പെട്ടശേഷം ഉയരമുള്ള ഗോപുരങ്ങളിൽ തൂക്കിയിടപ്പെടുന്നു. ഒരു ലത്തീൻ കവിതയിൽ പറഞ്ഞിരിക്കുംപോലെ അവ ദൈവത്തെ സ്തുതിക്കയും, ജനങ്ങളെ വിളിക്കയും, വൈദികരെ ക്ഷണിക്കയും, മരിച്ചവർക്കുവേണ്ടി പ്രലപിക്കയും, തിരുനാളുകളെ അലങ്കരിക്കയും ചെയ്യുന്നു." 26 ഇക്കാലത്തു മണിമാളികയുള്ള പള്ളികൾ വളരെ ചുരുക്കമാണ്. അതൊരു ദുർവ്യയമെന്നു കരുതുന്നവരും കണ്ടേയ്ക്കാം. മണികളുടെ തക്കസ്ഥലം മണിമാളികയാണ്. പള്ളിയുടെ കഴുക്കോലിന്മേലൊ പള്ളിമുററത്തുനിൽക്കുന്ന മരത്തിൻെറ കമ്പിന്മേലൊ മണി തൂക്കിയിടുന്നതു ഒരിക്കലും അശാസ്ത്രമല്ല.

മനോഹരമായ ദേവാലയങ്ങൾ പണിതു മോടി പിടിപ്പിക്കുന്നതു് ഒരിക്കലും പാഴ്ചെലവല്ല. പള്ളി നമ്മുടെ വിശ്വാ



www.malankaralibrary.com

സത്തിൻെറ ഒരു ബാഹ്യപ്രകടനമാണെന്നാണ് ആർച്ചുബിഷോപ്പ് ഡൌണി പറയുന്നതു്. ഇദ്ദേഹത്തിൻെറ നേതൃത്വത്തിൽ ലിവർപൂളിൽ ഇപ്പോൾ ബ്രഹ്മാണ്ഡമായ ഒരു ദേവാലയത്തിൻെറ പണി ആരംഭിച്ചിട്ടുണ്ടു്. ക്രിസ്ത്യൻസമുദായത്തിനു ചിലപ്പോൾ നാശം നേരിടുന്നതു് നാം സ്വാത്ഥതവെടിഞ്ഞു വേല ചെയ്യാത്തതുമൂലമാണ്, അല്ലാതെ പള്ളിക്കായി ചെലവിട്ടതുകൊണ്ടല്ല.

"നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകമുള്ളവരും പ്രാവുകളെപ്പോലെ കളങ്കമില്ലാത്തവരും ആയിരിക്കുവിൻ." [27] വൈദികർ പ്രാവുകളെപ്പോലെ നിഷ്കളങ്കരായിരിക്കണം; പരിശുദ്ധമായ ജീവിതം നയിക്കണമെന്നത്രെ ഇതിൻെറ സാരം. എന്നാൽ സർപ്പങ്ങളെപ്പോലെ വിവേകമുള്ളവരുമായിരിക്കണം, അതായതു ചതിക്കരുതെന്നു മാത്രമല്ല, ചതിക്കപ്പെടാതിരിപ്പാൻ സൂക്ഷിക്കുകയുംവേണം. ഒരു ജ്ഞാനഗുരു പറയുന്നു, 'ലോകം വൈദികരിൽ പ്രാവിൻെറ കുററമില്ലായ്മമാത്രം കാണപ്പെടാൻ ആഗ്രഹിക്കുന്നു, എന്നാൽ സർപ്പത്തിൻെറ വിവേകമായ കാര്യനിർവ്വഹണപാടവം അതോടു മേളിക്കുന്നതിനെ ലോകം ഇഷ്ടപ്പെടുന്നില്ല. എന്തുകൊണ്ടെന്നാൽ അപ്പോൾ അതിനു വൈദികരെ വഞ്ചിക്കാൻ വഹിയാ. വൈദികർ കറകൂടാതെ വ്യാപരിക്കുകയും അതേസമയം ലൌകികകാര്യങ്ങളിൽ പ്രായോഗികജ്ഞാനമുള്ളവരായിരിക്കുകയും വേണ്ടിയിരിക്കുന്നു.' [28]

## കുറിപ്പുകൾ.

1 Psl. xvi- 5.
2 John. xviii- 36.
3 2 Timothy. ii- 4.
4 The priest by Keating. [p. 113.
5 1 Cor. iv- 1.
6 Business management of a parish. p. 7-8.
7 Op. cit. p. 9.
8 Apostolic Union report. 1935. p. 42.
9 Past. Theology. p. 251.
10 Ecclesiasticus. xxxiii-25.
11 Eccles: xxxiii. 31- 32.
12 Ecclesiasticus. iv- 35.
13 A guide for Priests. p. [252-258
14 Cnn. 1518, 1519.
15 Canon. 1525.
16 ഡക്രേത്തു്. പു. 128.
17 Cn. 1184
18 Cnn. 1522, 1523, 1184, 1185, 1186.
19 Cn. 1523.



www.malankaralibrary.com

20 Op. cit. 246.
21 Cnn. 1161, 1162, 1198, 1263.
22 Cn. 1161.
23 Examiner. Vol. 85. No. 14.
24 Luke. xiv. 28.
25 Op. cit. p. 289.
26 Past. Theology. p. 233.
27 Matth. x. 16.
28 Jesus Christ. The model priest.

# അദ്ധ്യായം ൪൰൨.

## ഒരു സുഖശരീരൻ.

ശരീരസുഖം ദൈവത്തിൻെറ ഒരു വലിയ ദാനമാകുന്നു. 'ചുവരുണ്ടെങ്കിലെ ചിത്രമെഴുതു' എന്നാണല്ലൊ പഴഞ്ചൊല്ല്. ഒരുവനു എന്തെല്ലാം വിശേഷഗുണങ്ങളുണ്ടെങ്കിലും ആരോഗ്യത്തിൻെറ അഭാവത്തിൽ അവ നിഷ്പ്രയോജനങ്ങളായി ഭവിക്കുന്നു. ആകയാൽ പരിശുദ്ധാത്മാവു പറയുന്നു. [1] "ആരോഗ്യസമ്പത്തിനുമേൽ സമ്പത്തുമില്ല, ഹൃദയാനന്ദത്തിനുമേൽ ആനന്ദവുമില്ല."

ആരോഗ്യവാനും ബലവാനുമായ ഒരു പാവപ്പെട്ടവൻ, ബലഹീനനും രോഗബാധിതനുമായ ഒരു ധനികനേക്കാൾ ഭാഗ്യവാൻ ആകുന്നു. 'നീതിയിലും പരിശുദ്ധതയിലുമുള്ള ആത്മാവിൻെറ സുഖം സ്വൎണ്ണത്തേക്കാളും മേന്മയേറിയതായിരിക്കുന്നതുപോലെ, ഒരു അരോഗഗാത്രം നിരവധി സ്വത്തിനേക്കാൾ ഉൽകൃഷ്ടമാകുന്നു.' [2] "ശരീരമാദ്യംഖലുധൎമ്മസാധനം" എന്നുണ്ടല്ലൊ. യേശുനാഥൻ അനവധി രോഗികളെ സുഖപ്പെടുത്തി നല്ല ആരോഗ്യം പ്രദാനം ചെയ്തതായി സുവിശേഷങ്ങൾ രേഖപ്പെടുത്തുന്നു; അവിടുന്നു ഒരിക്കലും രോഗബാധിതനായിരുന്നതായി ഒരിടത്തും നാം കാണുന്നില്ല.

ശരീരം ആത്മാവിൻെറ ഒരുപകരണമാണ്. 'ദൃഢഗാത്രത്തിൽ ദൃഢമാനസം' എന്ന ആംഗ്ലേയപഴഞ്ചൊല്ല തികച്ചും വാസ്തവമാകുന്നു. നാനാവിധദീനങ്ങൾക്കും തൽഫലമായ ശാരീരികപീഡകൾക്കും വശഗനായ ഒരുവനു കാര്യമായി എന്താണു ചെ



www.malankaralibrary.com

യ്യാൻ പാടുള്ളതു്. എന്നാൽ ഇതിനു ചില മഹാന്മാരുടെ അപവാദങ്ങളുണ്ടെങ്കിൽ, ഒരു പണ്ഡിതൻ പറയുംപോലെ അവരെ അസാധാരണന്മാരായി ഗണിച്ചുകൊണ്ടാൽമതി; ഇവിടെ സാധാരണന്മാരെ മാത്രമാണു പരിഗണിക്കുന്നതു്. നമ്മുടെ ശരീരവും ദൈവത്തിന്റെ സൃഷ്ടിയാകുന്നു, അകയാൽ അതിനെ അതിന്റെ പ്രവൃത്തികൾ യഥായോഗ്യം നിർവ്വഹിക്കത്തക്കവിധത്തിൽ പരിരക്ഷിക്കുമ്പോൾ ദൈവേഷ്ടം നിറവേററുകമാത്രമാണു് നാം ചെയ്യുന്നതു്. കായികപോഷണം സംബന്ധിച്ചു കത്തോലിക്കസഭ പതിനാലാം നൂററാണ്ടിലെ പ്രഹരന്മാരുടേയും- Flayellantists- (ഏവരും ദേഹം അടിച്ചു മുറിപ്പെടുത്തണമെന്നു പഠിപ്പിച്ച ഒരു പാഷണ്ഡവർഗ്ഗം) ഇരുപതാംനൂററാണ്ടിലെ ചാർവകന്മാരുടെയും വിഭ്രാന്തികളെ ഒരേ ശ്വാസത്തിൽ ശപിക്കുന്നു.

ശരീരാരോഗ്യമുണ്ടെങ്കിലേ നാം ദീർഘായുസ്സുള്ളവരായിരിക്കൂ; ദീർഘായുസ്സുണ്ടെങ്കിലെ പരിപക്വബുദ്ധിയോടും ലോകപരിചയത്തോടും കൂടി മ്ശിഹായുടെ മുന്തിരിത്തോട്ടത്തിൽ ഫലപ്രദമായി വേലചെയ്യാൻ നമുക്കു സാധിക്കയുള്ളു. ആരോഗ്യം പൊടുന്നനെ ലഭിച്ചേയ്ക്കാവുന്ന ഒരു നിധിയോ നിക്ഷേപമോ അല്ല. അതിനായിട്ടുള്ള ശ്രമം, നേരത്തെ സ്കൂളിൽവച്ചുതന്നെ തുടങ്ങേണ്ടതാകുന്നു. ദീർഘനാളത്തെ ക്ഷമാസമന്വിതമായ പരിശീലനഫലമാണു അരോഗവും ബലവത്തുമായ ഗാത്രം.

തപസ്സും ഉപവാസവും അനുഷ്ഠിച്ചിരുന്ന പരിശുദ്ധന്മാർ ആരോഗ്യത്തിന്റെ കാര്യത്തിൽ അശ്രദ്ധരായിരുന്നുവെന്നു വല്ലവരും വിചാരിക്കുന്നെങ്കിൽ അതുപരമാബദ്ധമാണു്. പരിശുദ്ധന്മാർ സുഖശരീരത്തിന്റെ വില നല്ലപോലെ ഗ്രഹിച്ചിരുന്നു. ഈനാസിയൂസു പുണ്യവാൻ 1536-ൽ ഇങ്ങനെ എഴുതി "നിങ്ങൾക്കു ഒരു സുഖശരീരംകൊണ്ടു വളരെയധികം ചെയ്യാൻ കഴിയും, എന്നാൽ രോഗബാധിതമായ ഒരു ശരീരംകൊണ്ടു എന്താണു സാധിക്കുക? അധികം നന്മചെയ്യുന്നതിനായാലും തിന്മചെയ്യുന്നതിനായാലും ബലിഷ്ഠമായ കായം പ്രഗത്ഭമായ ഒരു പിന്തുണയാകുന്നു." [3] കർമ്മലീത്താസഭയ്ക്കൊരു തൊട്ടുകുറിയായി പരിലസിക്കുന്ന



www.malankaralibrary.com

അമ്മ ത്രേസ്യാപുണ്യവതി ആരോഗ്യത്തിനു വളരെ വില കല്പിച്ചിരുന്നു. ഒരു തപസ്വിനി പുണ്യവതിയെപ്പററി ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു. "നമുക്കു അനുകരിക്കാൻ പാടുള്ള ഒരു സിദ്ധയുടെ ദർശനംകൊണ്ടു നമ്മെ അനുഗ്രഹിച്ച ദൈവം വാഴ്ത്തപ്പെട്ടവനാകട്ടെ. അവൾ നമ്മേപ്പോലെ തിന്നുകയും സംസാരിക്കയും ഉറങ്ങുകയും ചെയ്യുന്നു..... അവളുടെ അശയഗതി നിശ്ചയമായും മ്ശിഹായുടെ അഭിലാഷാനുസരണമാകുന്നു."വി. ത്രേസ്യാ ഒരിക്കൽ ഒരു കന്യാസ്ത്രീക്കു ഇങ്ങനെ എഴുതി. "നിന്റെ ആരോഗ്യത്തെ ഏററവും ഭദ്രമായി സൂക്ഷിച്ചുകൊൾക, നിനക്കാശ്വാസം തരുന്നതിനുതകുന്നവയൊക്കെ സ്വീകരിക്കുക, പരിക്ഷയുടെ ഈ കാലത്തു നിന്റെ തപോനുഷ്ഠാനങ്ങളെ മാററിവയ്ക്കുക." പുണ്യവതി തന്റെ സഭാംഗങ്ങളോടു ഇപ്രകാരം ചോദിച്ചിരുന്നു. 'ആരോഗ്യം നശിക്കുന്ന പക്ഷം എങ്ങിനെ ന്യായപ്രമാണം അനുസരിക്കപ്പെടും.' മനസ്സും ശരീരവും തമ്മിൽ ബന്ധമുണ്ടെന്നുള്ളതു ഇക്കാലത്തെ ഒരു കണ്ടുപിടിത്തമായി ആധുനികന്മാർ കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും വി. ത്രേസ്യാക്കു അതു സുഗ്രഹമായിരുന്നു. എന്തെന്നാൽ പുണ്യവതി എഴുതുന്നു. 'ശരീരത്തിന്റെ ദുരിതങ്ങളിലും രോഗങ്ങളിലും പാവപ്പെട്ട ആത്മാവു് എങ്ങിനെ പങ്കുപററുന്നുവെന്നു് ദുഃഖവും വിസ്മയവും നമ്മുടെ കർത്താവിനോടുള്ള ആവലാതിയും കൂടാതെ എനിക്കുപറവാൻ വാസ്തവത്തിൽ കഴിയുന്നില്ല. ഓ എന്റെ ദൈവമേ! അങ്ങേ അധികമധികം സ്നേഹിക്കുന്നതിനായി ശരീരസുഖം ലഭിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു." പ്രാർത്ഥനയിലും ധ്യാനത്തിലും വന്നുകൂടുന്ന അരോചകം ശരീരാസ്വാസ്ഥ്യത്തിൽനിന്നുൽഭൂതമാകുന്നതാണെന്നു കാണിച്ചുകൊണ്ടു വിശുദ്ധ ഇവ്വിധം ഉണദോഷിക്കുന്നു. 'ശരീരത്തെ സൂക്ഷിക്കുന്ന കാര്യത്തിൽ ദൈവത്തെ പ്രതി നിങ്ങൾ ഒട്ടും അമാന്തം വിചാരിക്കരുതു്. എന്തുകൊണ്ടെന്നാൽ ശരീരം ആത്മാവിനെ പലപ്പോഴും ശുശ്രൂഷിക്കേണ്ടിയിരിക്കുന്നു. കുമ്പസാരക്കാരന്റെ നിർദ്ദേശമനുസരിച്ചു സംസാരിക്കയോ തുറസ്സായ സ്ഥലങ്ങളിലൂടെ നടക്കുകയോ ചെയ്തുകൊൾക.' 4



www.malankaralibrary.com

സഭയിലെ ധീരാത്മക്കളിലൊരുവനായ വി. വിൻസെൻറു ദെപോൾ തൻെറ പിൻഗാമിയാകാനിരുന്ന ഫാദർ അൽമേറാസ്സിനു ഇപ്രകാരമെഴുതി: "ഞാൻ ഇവ്വിധമെഴുതുന്നതു ദൈവത്തിൻെറയും നിങ്ങളുടെയും നേക്കുള്ള കൃതജ്ഞതമൂലമാകുന്നു. നിങ്ങളുടെ ആരോഗ്യം പാലിക്കേണ്ടതു ദൈവത്തിനു എത്ര ഹിതകരമാണെന്നു ഇതു കാണിച്ചുതരും. ആരോഗ്യസംരക്ഷണാൎത്ഥം നിങ്ങളുടെ പിടിയിൽ എത്തുപെടുന്ന എല്ലാ പ്രതിവിധിയും സ്വീകരിക്കയും ദൈവത്തോടു സവിശേഷമായി അൎത്ഥിക്കുകയും ചെയ്യുക. നമ്മുടെ സഭയിൽ നീ വഴിയായി ചെയ്യപ്പെടുന്നതിനു ദൈവം ആഗ്രഹിക്കുന്ന കാൎയ്യങ്ങളുടെ നിർവഹണത്തിനാവശ്യമായ ശരീരത്തിൻെറയും മനസ്സിൻെറയും ശക്തി നമ്മെ തൻെറ ശുശ്രൂഷയ്ക്കായി വിളിച്ചിരിക്കുന്ന യേശുനാഥൻെറ യോഗ്യതകൾമൂലം അപേക്ഷിക്കുന്നപക്ഷം നിങ്ങൾക്കു ലഭിക്കാതിരിക്കയില്ല." 5

സൌമ്യതയുടെയും വിവേകത്തിൻെറയും ആദൎശമൂൎത്തിയായ വി. ഫ്രാൻസിസു സാലെസ് പോർട്ടുറോയൽ എന്ന മഠത്തിൻെറ അധിപയ്ക്കു ഇപ്രകാരമൊരിക്കൽ എഴുതി: "നല്ലതിൻവണ്ണം ഉറങ്ങുക. കുറച്ചു ഭക്ഷിക്കയും അധികം യത്നിക്കയും ഉൽക്കണ്ഠാഭരിതയായിരിക്കയും ഉറക്കിളക്കയും ചെയ്യുന്നതു്, പണ്ടേ ക്ഷീണിച്ചിരിക്കുന്ന ഒരു കുതിരയ്ക്കു തീററികൊടുക്കാതെ അതിൽനിന്നു കൂടുതൽ വേല ആവശ്യപ്പെടുന്നതിനു സമമാകുന്നു." 6

ആത്മാക്കളെ ഭരിച്ചു നടത്തുന്നതിൽ അതിസമൎത്ഥനും നമ്മുടെ സമകാലീനനുമായ ഒരു മെത്രാപ്പോലീത്താ ഒരു സന്യാസിനിക്കു നൽകിയ ഗുണദോഷം ഇപ്രകാരമാണു്: "ഗുരുതരങ്ങളായ എന്തെങ്കിലും ഭക്ഷ്യപദാൎത്ഥങ്ങൾ ഉപയോഗിച്ചുകൊള്ളുകയാണുത്തമം. നീ ആവശ്യമുള്ളടത്തോളം ഭക്ഷിക്കയും വിശ്രമിക്കയും ചെയ്യുന്നില്ലെന്നാണു എൻെറശങ്ക. രണ്ടും നിനക്കാവശ്യമാണു്. പട്ടിണികിടന്നു ദൌർഭാഗ്യം തലയിൽ വലിച്ചുവയ്ക്കുന്നതു വിവേകപൂൎവ്വകമല്ല. അസൂയയും തത്തുല്യമായ പാപങ്ങളും ശരീരം ദുർബലപ്പെടുമ്പോൾ ശക്തിപ്രാപിക്കുന്നു. നിൻെറ ഇപ്പോഴത്തെ കഷ്ടപ്പാടിലധികഭാഗവും കഴിഞ്ഞകാലത്തിൽ ദേഹം സൂ



www.malankaralibrary.com

ക്ഷിക്കാതിരുന്നതിന്റെ ഫലമാണെന്നാണ് എനിക്കു തോന്നുന്നത്." പത്താംപിയൂസ് മാർപ്പാപ്പാ വെനീസ്സിലെ കർദ്ദിനാളായിരിക്കെ തന്റെ സെമ്മിനാരിക്കാരോടുപദേശിക്കയിൽ ഇങ്ങനെ പ്രസ്താവിക്കയുണ്ടായി, "പുണ്യത്തിലും പഠനത്തിലുമുള്ള നമ്മുടെ ചെറുപ്പക്കാരുടെ അഭിവൃദ്ധിയെ ഞാൻ സൂക്ഷിച്ചുവീക്ഷിച്ചുകൊണ്ടാണിരിക്കുന്നത്, അവരുടെ ആരോഗ്യത്തിലും ഞാൻ ഗാഢമായ ശ്രദ്ധ പതിക്കുന്നുണ്ട്, എന്തുകൊണ്ടെന്നാൽ പിന്നീടുള്ള അവരുടെ പൌരോഹിത്യകടമകളുടെ നിർവഹണം ഏറിയക്രമം അതിനെയാണവലംബിച്ചിരിക്കുന്നത്." കായികബലഹീനത നീങ്ങാൻ അല്പം വീഞ്ഞു കുടിക്കുന്നതിനു വി. പൌലോസ്സു തിമോത്തിക്കു നൽകുന്ന നിർദ്ദേശം ശ്രദ്ധാർഹമാണ്. "ഇനിയും നീ വെള്ളം (മാത്രം) കുടിക്കരുത്. പ്രത്യുത, നിന്റെ ഉദരവും കൂടെക്കൂടെയുള്ള സുഖക്കേടുകളുംകാരണം അല്പം വീഞ്ഞ് ഉപയോഗിക്കണം," 7 നോക്കുക! തന്റെ പ്രിയ ശിഷ്യന്റെ ശരീരസുഖത്തെപ്പററി അപ്പോസ്തോലനുണ്ടായിരുന്ന ആശങ്ക. ഇവ്വിധം തിരുസഭയിലെ പ്രഭുസ്ഥാനികളായ മെത്രാന്മാർ തങ്ങളുടെ കീഴുള്ള വൈദികരുടെയും വൈദികാർത്ഥികളുടെയും ആരോഗ്യത്തെപ്പററി ശ്രദ്ധിച്ചുകൊണ്ടാണിരിക്കുന്നത്.

ആരോഗ്യത്തിന്റെ ആയാലും അനാരോഗ്യത്തിന്റെ ആയാലും ബീജാവാപം നടക്കുന്നതു ചെറുപ്രായത്തിലാണ്. മിക്കപ്പോഴും അതിന്റെ ഫലം വളരെ താമസിച്ചേ പ്രത്യക്ഷപ്പെടുകയുള്ളു. അതിവിശേഷതരത്തിലുള്ള ഒരു സംഘടിത യന്ത്രമായ നമ്മുടെ ശരീരത്തിനു, അതു ശിഥിലീഭവിക്കുന്നതുവരെ വിപരീതശക്തികളോടു പോർചെയ്തു നിൽക്കാനുള്ള കെല്പുണ്ട്. എന്നാൽ ഒരിക്കൽ അതിനു കോട്ടം തട്ടുന്നപക്ഷം വളരെ താമസിച്ചുമാത്രമേ അതു പൂർവ്വാവസ്ഥ പ്രാപിക്കയുള്ളു. വിദ്യാർത്ഥികൾ സാധാരണ അവരുടെ ശരീരം സൂക്ഷിക്കുന്നില്ല, തൽഫലമായി മദ്ധ്യവയസ്സിനുമുമ്പ് തങ്ങളുടെ ശരീരം ഉപയോഗശൂന്യമായി പരിണമിച്ചിരിക്കുന്നുവെന്നും അതിനെ കാത്തു സൂക്ഷിക്കുന്നതിനു വൈദ്യസഹായം അത്യന്താപേക്ഷിതമായി ഭവിച്ചിരിക്കുന്നുവെന്നുള്ള വിലപനീയമായ പരമാർത്ഥം അവർ ഗ്രഹിക്കാൻ ഇടവരുന്നു.



www.malankaralibrary.com

സുപ്രസിദ്ധനായ ഒരു കത്തോലിക്കാ ഭിഷഗ്വരൻ പറയുന്നു: "നവീനങ്ങളായ ആരോഗ്യരക്ഷാശാസ്ത്രവിധികളനുസരിച്ചു കത്തോലിക്കാ വൈദികർ ജീവിക്കുന്നപക്ഷം അവരുടെ ആയുഷ്ക്കാലം ഇപ്പോഴത്തേതിൽ കൂടുതൽ ദീർഘിക്കുന്നതാണ്. ആരോഗ്യം വിലയ്ക്കു വാങ്ങാൻ സാധിക്കുന്ന ഒരു സാധനമാണെന്നും ദീർഘായുസ്സിനു വിലകൊടുക്കാൻ സന്നദ്ധതയുള്ളവർക്കൊക്കെ അതു സമാർജ്ജിക്കാൻ കഴിയുന്നതാണെന്നുമാണു ഇന്നത്തെ വൈദ്യവിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നത്. ഈ വിലയാകട്ടെ ധാർമ്മിക (moral) മാണു, ധനപരമല്ല. ഒരുവൻ്റെ ദിനചര്യ ക്രമപ്പെടുത്തുന്നതിലും, അനാരോഗ്യത്തിനു ഹേതുഭൂതമാകുന്ന വിപത്തുകളെ വിപാടനം ചെയ്യുന്നതിലും, രോഗാണുക്കളെ എതിർക്കുന്നതിനു തക്കവണ്ണം ഗാത്രത്തെ ചിരപരിശീലനം കൊണ്ടു പ്രാപിക്കുന്നതിലും, അടങ്ങിയിരിക്കുന്നു ഈ വില."

ചില വൈദികർ, പ്രത്യേകിച്ച് യുവവൈദികർ ആരോഗ്യസംരക്ഷണവിഷയത്തിൽ തീരെ അശ്രദ്ധരാണെന്നു പറയേണ്ടിയിരിക്കുന്നു. മദ്ധ്യാഹ്നസമയത്തു അഘോഷബലി സമർപ്പിച്ചശേഷം പിന്നെയും ഒന്നോ രണ്ടോ മണിക്കൂർ ദീർഘിക്കുന്ന ചടങ്ങുകളിൽ യാതൊന്നും കഴിക്കാതെ ക്രമംലെന്യേ സംബന്ധിക്കുന്നു. ചെറുപ്രായത്തിൽ ഈ വകധീരകൃത്യങ്ങൾകൊണ്ടു പെട്ടെന്നു ഉപദ്രവം നേരിട്ടില്ലെന്നു വരാം. എന്നാൽ പ്രകൃതി സാവധാനത്തിൽ പ്രതികാരം ചെയ്യുന്ന ഒരു യജമാനനാണെന്നോർത്തുകൊള്ളണം.

"അന്നത്തിൽ കൊതിയനോ ഭക്ഷ്യപദാൎത്ഥങ്ങളിൽ അത്യാസക്തിയുള്ളവനോ നീ ആകാതിരിക്ക, എന്തുകൊണ്ടെന്നാൽ ഭക്ഷണബഹുത്വത്തിൽ രോഗം ഉണ്ടായിരിക്കയും, കൊതി കോപത്തെ ഉളവാക്കുകയും ചെയ്യുന്നു. അമിതഭക്ഷണം നിമിത്തം വളരെപ്പേർ നശിച്ചിട്ടുണ്ട്, മിതഭോഗിയായവൻ ആയുസ്സിനെ നീളിപ്പിക്കുന്നു."[8] ഈ വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ടു ഫാദർ ലൊക്കിംഗ്സ്റ്റൺ (Lockingston) ഇപ്രകാരം എഴുതുന്നു. "മിതഭോഗിയായവൻ ആയുസ്സിനെ നീളിപ്പിക്കുന്നു, എത്ര ചിന്തനീയമായ വാക്യം! ആത്മാക്കളെ രക്ഷിക്കുന്ന കാര്യത്തിൽ ദീർഘായുസ്സിനുള്ള സ്ഥാനം



www.malankaralibrary.com

അതിവശ്രദ്ധേയമാണ്. കൂടുതലായി ലഭിക്കുന്ന ഓരോ വത്സരവും പ്രേഷിതവൃത്തിക്കുപയുക്തമായ ലോകപരിചയത്തെ സുതരാം വർദ്ധിപ്പിക്കുന്നു. ദീർഘകാലജീവിതംകൊണ്ടു് വൃദ്ധിയാകുന്ന അറയിൽ അനർഘങ്ങളായ ജ്ഞാനനിക്ഷേപങ്ങൾ ശേഖരിച്ചുവച്ചിട്ടുള്ള പരിപക്വബുദ്ധിയായ ഒരു പുരുഷപുംഗവൻ എന്തിനായാലും ഒരു വലിയശക്തി തന്നെയാകുന്നു. അവന്റെ സ്വാധീനശക്തി കാലംചെല്ലുന്തോറും വർദ്ധമാനമായിക്കൊണ്ടുതന്നെ ഇരിക്കും. ഇപ്രകാരം ബലിഷ്ഠമായ കായത്തോടും പരിപക്വവും വിജ്ഞാനസംപൂർണ്ണവുമായ മനസ്സോടുംകൂടി അമ്പതാം വയസ്സിൽ ഊർജ്ജസ്വലനായ ഒരു യുവാവിനെപ്പോലെ പരിലസിക്കുന്ന ഒരുവൻ സ്വജനങ്ങളുടെ ഇടയിൽ നന്മയ്ക്കായിട്ടുള്ള ഒരു വലിയ പ്രേരകമാകുന്നു. അവനു അനിർവാര്യമായ ശക്തിയോടെ ക്രിസ്തുവിങ്കലേയ്ക്കു നിരവധി ആത്മാക്കളെ ആനയിക്കാൻ കഴിയുന്നതാണ്. പ്രായാധിക്യത്തിനുമുന്പു നാം മരിച്ചു സ്വർഗ്ഗത്തു പോകുന്നതായാലും മ്ശിഹായുടെ സേനാവൃന്ദത്തിനു നേരിടുന്ന ഈ കുറവു ആത്മാക്കളുടെ നഷ്ടത്തിനു നിദാനമായി ഭവിക്കുന്നതാകുന്നു." 9

നമുക്കു അമ്പതോ അറുപതോ വയസ്സാകുമ്പോഴാണ് പരിപക്വബുദ്ധിയും ലോകപരിചയവുമെല്ലാം കൈവരുന്നത്; എന്നാൽ ആ സമയത്തിനു മുമ്പ് ഭൂലോകവാസം വെടിയുകയോ അല്ലെങ്കിൽ രോഗബാധിതനായി 'ചത്തതിനൊക്കമെ ജീവിച്ചിരിക്കിലും' എന്ന മട്ടിൽ കഴിച്ചുകൂട്ടുകയോ ചെയ്യാൽ എന്തു പ്രയോജനമാണു തിരുസഭയ്ക്കു നമ്മെക്കൊണ്ടുണ്ടാവുക? വല്ലതും വിവേകപൂർവ്വം പ്രവർത്തിക്കാൻ സാധിക്കുന്ന കാലം വരുമ്പോൾ ഒരുവൻ 'കട്ടിലുഴിയിലാണെങ്കിൽ' ഫലമെന്തു്? "എന്തിരുപതു, മുറിമുപ്പതു, എന്തോ നാല്പതു്" എന്ന പഴഞ്ചൊല്ലിൽ എന്തോ വാസ്തവമുണ്ടായിരിക്കണം.

പ്രസിദ്ധ ഗ്രന്ഥകാരനായ ആൽബേർട്ടു പെയ്സൺ ടെർബ്യൂൺ പറയുന്നു. "അമ്പതാമത്തെ വയസ്സിനു ശേഷമാണു മനുഷ്യനു അക്ഷീണമായി പരിശ്രമിക്കുന്നതിനുള്ള മനഃശക്തി ലഭിക്കുന്നതെന്നു പറയുമ്പോൾ പലരും അത്ഭുതപ്പെട്ടേയ്ക്കാം. എന്നാൽ



www.malankaralibrary.com

യഥാർത്ഥം അങ്ങനെതന്നെയാണ് അമ്പതുവയസ്സു കഴിഞ്ഞാൽപി ന്നെ മനുഷ്യന്റെ മാനസികമായ അദ്ധ്വാനത്തിനുള്ള ശക്തി പൂർവ്വാധികം വർദ്ധിക്കയാണു ചെയ്യുന്നത്. ഇതുകൊണ്ടാണു വൃദ്ധന്മാർ യുവാക്കന്മാരെ അപേക്ഷിച്ചു എത്ര ദീർഘസമയം വേണമെങ്കിലും ഇരുന്നു അവധാനപൂർവ്വം മനഃപരമായ വേലകൾ ചെയ്തുകൊള്ളുന്നത്. അവർ ക്ഷണം ക്ഷീണിക്കയില്ല. ശാസ്ത്രം, രാജ്യതന്ത്രം, കലാവിദ്യകൾ, ധനശാസ്ത്രം തുടങ്ങിയ ഏതു ജീവിതസരണികളിൽ ശോഭിച്ചിട്ടുള്ള മഹാന്മാരുടെ ചരിത്രം നോക്കിയാലും അൻപത്തഞ്ചുവയസ്സിനും എഴുപത്തഞ്ചു വയസ്സിനും മദ്ധ്യേയാണ് അവർ തങ്ങളുടെ ആയുഷ്ക്കാലത്തിൽ നിർവ്വഹിച്ചിട്ടുള്ളതിലേറ്റം മഹത്തായ കാര്യങ്ങൾ സാധിച്ചിട്ടുള്ളതെന്നു കാണാവുന്നതാണ്. അമ്പതാമത്തെ വയസ്സിനു ശേഷമാണു മനുഷ്യന്റെ മാനസികശക്തികൾ പരിപൂർണ്ണവളർച്ച പ്രാപിക്കുന്നത്" 10 തത്വചിന്തകനും അമേരിക്കനുമായ ഒരു വയോധികൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "അമ്പതാംവയസ്സു യൌവ്വനത്തിന്റെ വാർദ്ധക്യമാണെങ്കിൽ, അറുപതാമത്തേതു വാർദ്ധക്യത്തിന്റെ യൌവ്വനമാകുന്നു."

വൈദികരുടെ കാര്യത്തിൽ ആയുസ്സിന്റെ ദൈർഘ്യമോ ഹ്രസ്വമോ സംബന്ധിച്ചു വിശേഷ വിധിയായ ദൈവപരിപാലനയുണ്ടെന്നു വിചാരിക്കാൻ പാടില്ല. അവരും സ്വാഭാവികനിയമങ്ങൾക്കു വിധേയരത്രെ. എന്നിരുന്നാലും ചിലപ്പോൾ ദൈവം ആയുസ്സിന്റെ കാര്യത്തിൽ പ്രത്യേകവിധം ഇടപെടുന്നുണ്ടെന്നുള്ളതു വാസ്തവമാണ്. എന്തുകൊണ്ടെന്നാൽ വേദപുസ്തകത്തിൽ ഇപ്രകാരം കാണുന്നു: "ദൈവത്തിനു ഇഷ്ടപ്പെട്ടവനും പ്രിയപ്പെട്ടവനുമായ അവൻ പാപികളുടെ ഇടയിൽ ജീവിക്കുക നിമിത്തം എടുക്കപ്പെട്ടു. ദുഷ്ടത അവന്റെ ബോധത്തെ മാററുകയോ ചതിവു അവന്റെ ആത്മാവിനെ കളങ്കപ്പെടുത്തുകയോ ചെയ്യാതിരിക്കുന്നതിനായിട്ടാകുന്നു അവൻ വിളിക്കപ്പെട്ടത്. . . . കുറച്ചുകാലംകൊണ്ടു പരിപൂർണ്ണത പ്രാപിക്കയാൽ ദീർഘകാലം അവൻ നിറച്ചു. അവന്റെ ആത്മാവു ദൈവത്തെ പ്രസാദിപ്പിച്ചതിനാൽ തിന്മകളുടെ മദ്ധ്യത്തിൽനിന്നു അവനെ ദൈവം മാററിക്കളഞ്ഞു." 11



www.malankaralibrary.com

ഇക്കാലത്തും ദൈവം ഇതേവിധം ഇടപെടുന്നില്ലെന്നുഹിക്കാൻ പാടില്ലല്ലൊ. എന്നാൽ ദൈവം സാധാരണ ഇങ്ങനെ പ്രവർത്തിക്കുന്നില്ല. ജഗന്നിയന്താവു ഓരോ പ്രവൃത്തിയും അതതിന്റെ സ്വാഭാവികമായ ഫലം പുറപ്പെടുവിക്കുന്നതിനനുവദിക്കുന്നു. പ്രകൃതിനിയമങ്ങളെ ലംഘിക്കുന്ന മനുഷ്യൻ അകാലമൃത്യുവടയുന്നതിനുള്ള ഹേതു അവന്റെ അവിവേകമല്ലാതെ ദൈവത്തിന്റെ വിശേഷാനുഗ്രഹമായിരിക്കാൻ വഴിയില്ല.

മദ്ധ്യശതകത്തിൽ ഇപ്രകാരമൊരു കെട്ടുകഥ പ്രചാരിച്ചിരുന്നു. "ഗുണവാനായ ഒരു മനുഷ്യൻമരിച്ച് സ്വർഗ്ഗത്തിന്റെ വാതുക്കൽ എത്തി, അകത്തേയ്ക്കു പ്രവേശിക്കാൻ ഭാവിച്ചപ്പോൾ സ്വർഗ്ഗവാസികൾ അയാളുടെ പേർ ലിസ്റ്റിൽ ഇല്ലെന്നുപറഞ്ഞ് തടഞ്ഞു. തദനന്തരം അവർ ഒരു കൂടിയാലോചന നടത്തിയതിന്റെഫലമായി, ഈ മനുഷ്യൻ കുറെ കഴിഞ്ഞു സ്വർഗ്ഗത്തിൽ ചെല്ലാനുള്ളതായിരുന്നുവെന്നും, എന്നാൽ സമയത്തിനുമുമ്പു വരാനുള്ളകാരണം ആളുകൊല്ലിയായ ഒരു മുറിവൈദ്യന്റെ ചികിത്സ സ്വീകരിച്ചതാണെന്നും അറിയാൻ ഇടയായി." സമയത്തിനുമുമ്പ് സ്വർഗ്ഗത്തുപോകുന്നത്, പോകുന്നവരെ സംബന്ധിച്ച നല്ലതുതന്നെ, എന്നാൽ അവർ ഏറ്റെടുത്തിരുന്ന വേലയെ സംബന്ധിച്ച അത്രയ്ക്കു നല്ലതല്ല.

ദൈവശുശ്രൂഷയിൽ ശരീരാരോഗ്യം നഷ്ടപ്പെടുത്തുകയോ വിഗണിക്കയൊ ആയുസ്സുതന്നെയും ബലികഴിക്കയൊ ചില പ്രത്യേകാവസരങ്ങളിൽ ന്യായാനുസൃതം ചെയ്യാൻ പാടുണ്ടെന്നുള്ളതിനെ ഇവിടെ വിസ്മരിക്കുന്നില്ല. മാത്രമല്ല, ആത്മാക്കളുടെ രക്ഷയ്ക്കായി, ആവശ്യപ്പെട്ടാൽ ശരീരസുഖത്തെ നശിപ്പിക്കുന്നതിനു പുറമെ, ജീവനെത്തന്നെയും അർപ്പിക്കാൻ വൈദികൻ കടപ്പെട്ടിരിക്കുന്നു. വന്ദ്യനായ ഫാദർ ഡാമിയൻ കുഷ്ഠരോഗികൾക്കുവേണ്ടി ഒരു കുഷ്ഠരോഗിയായി മരിച്ചില്ലയോ? "നല്ല ഇടയൻ സ്വജീവനെ ആടുകൾക്കുവേണ്ടി കയ്യാളിക്കുന്നു" എന്നാണല്ലൊ ദിവ്യരക്ഷകൻ പറയുന്നത്. എന്നാൽ ഇവയെല്ലാം അസാധാരണ അവസരങ്ങളിലെ പാടുള്ളൂ. സാധാരണാവസ്ഥയിലാകട്ടെ ഒരു വൈദികന്റെ അ



www.malankaralibrary.com

രോഗ്യവും ആയുസ്സിന്റെ ദൈർഘ്യവും അനുസരിച്ചിരിക്കും തന്റെ പ്രേഷിതവൃത്തിയുടെ ഫലദായകത്വവും ശാശ്വതത്വവും.

ദീർഘായുസ്സിനുള്ള അവസരം ഇന്നാണു പണ്ടത്തേക്കാൾ കൂടുതലെന്നു അതിനെ കാംക്ഷിക്കുന്നവർ അറിഞ്ഞിരിക്കേണ്ടതാണ്. ഇന്നു അവിടവിടെയായി കാണപ്പെടുന്ന എൺപതോ തൊണ്ണൂറോ വയസ്സുചെന്ന വൃദ്ധജനങ്ങളെ മാനദണ്ഡമാക്കിക്കൊണ്ടു പണ്ടുണ്ടായിരുന്നവർ ചിരഞ്ജീവികളായിരുന്നെന്നു അനുമിച്ചുകൂടാ.

കഴിഞ്ഞ മൂന്നു നൂററാണ്ടുകളോടു തട്ടിച്ചുനോക്കുന്ന പക്ഷം ആധുനികകാലത്തു ഇംഗ്ലണ്ടിലെ തൊഴിലാളികളുടെ ജീവകാലം ഇരട്ടിച്ചിട്ടുണ്ടെന്നാണ് അവിടത്തെ പ്രഥമഗണനീയനായ ഒരു ഭിഷഗ്വരൻ അഭിപ്രായപ്പെടുന്നത്. മുന്നൂറുകൊല്ലങ്ങൾക്കു മുമ്പു തുലോം കുറച്ചുപേർ മാത്രമേ ഇന്നത്തെപ്പോലെ ദീർഘനാൾ ജീവിച്ചിരുന്നുള്ളു. ഇന്നു മദ്ധ്യവയസ്സ് എന്നു പറയപ്പെടുന്ന പ്രായത്തിൽ സാധാരണക്കാർ അന്നു ജരകൊണ്ടു ജർജ്ജരരായി മൃതിഅടഞ്ഞിരുന്നു. ഷെക്സ്പീയർ മഹാകവിയുടെ കാലത്തു അമ്പതു വയസ്സു ചെന്നവർ വന്ദ്യവയോധികന്മാരായിട്ടാണ് ഗണിക്കപ്പെട്ടിരുന്നതെന്നു അദ്ദേഹത്തിന്റെ നാടകങ്ങളിൽനിന്നു ഊഹിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ അദ്ദേഹത്തിന്റെ റിച്ചാർഡ് ദ്വിതീയൻ (Richard II) എന്ന കൃതിയിൽ അമ്പത്തെട്ടു വയസ്സുമാത്രം പ്രായമുള്ള ഒരു മനുഷ്യനെ ഗോൺടിലെ വയോധികനായ ജോൺ, വയസ്സുചെന്ന ലാങ്കസ്റ്റർ എന്നൊക്കെ സംബോധന ചെയ്തിരിക്കുന്നു. 1572-ൽ കൊല്ലപ്പെട്ട അഡ്മിറൽ കൊലിഗ്നി (Koligny) ക്കു അമ്പത്തിമൂന്നു വയസ്സു പ്രായം മാത്രമെയുണ്ടായിരുന്നുള്ളുവെങ്കിലും, അദ്ദേഹത്തെ തന്റെ സമകാലീനന്മാരായ ചരിത്രകാരന്മാർ ഒരു വലിയ വൃദ്ധനായിട്ടാണു ഗണിക്കുന്നത്.

ആരോഗ്യരക്ഷാപരമായിട്ടുള്ള നവീനകണ്ടുപിടിത്തങ്ങളുടേയും ഭേഷജശാസ്ത്രത്തിൽ വന്നിട്ടുള്ള അഭിവൃദ്ധിയുടേയും ഫലമായി കഴിഞ്ഞ നൂററാണ്ടുകളെ അപേക്ഷിച്ച് ഈ ഇരുപതാം നൂററാണ്ടിൽ ജനസാമാന്യത്തിന്റെ ആയുസ്സു ഇരട്ടിയോളം വർദ്ധിച്ചിട്ടുണ്ടെന്നാണു ഒരു അമേരിക്കൻ ഗ്രന്ഥകാരന്റെ അഭി



www.malankaralibrary.com

പ്രായം. ഇതു യൂറോപ്പു, അമേരിക്കാ തുടങ്ങിയ പരിഷ്കൃതരാജ്യങ്ങളെ സംബന്ധിച്ച വാസ്തവമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ ഇൻഡ്യയേയോ അതിൻെറ ഒരു ഭാഗമായ കേരളത്തേയൊ പററി ഇങ്ങനെ അഭിപ്രായപ്പെടാമോ എന്നു തോന്നുന്നില്ല; എന്നിരുന്നാലും ഇക്കാലത്തു പണ്ടത്തേക്കാൾ താരതമ്യേന വൈദ്യസഹായം കൂടുതലായി നമുക്കു ലഭിക്കുന്നുണ്ടെന്നുള്ളതു വാദമററസംഗതിയാണ്; തൽഫലമായി നമ്മുടെ ആയുഷ്കാലം ഇരട്ടിയായിട്ടില്ലെങ്കിലും അരവാശിയ്ക്കെങ്കിലും ദീർഘിച്ചിട്ടുണ്ടെന്നു വേണം അനുമാനിക്കാൻ.

ഭൂലോകപഞ്ചാംഗ (World Almanak) ത്തിൽ ഇങ്ങനെ കാണുന്നു. "മനുഷ്യൻെറ ശരാശരിജീവിതകാലം മുപ്പത്തിമൂന്നുകൊല്ലമാകുന്നു. ഭൂമുഖത്തുള്ള മനുഷ്യരിൽ നാലിലൊരുഭാഗം ആറുവയസ്സിനു മുമ്പും രണ്ടിലൊരുഭാഗം പതിനാറുവയസ്സിനു മുമ്പും ചരമഗതി പ്രാപിക്കുന്നു. നൂററുക്കു ഒരാൾ വീതമെ അറുപത്തഞ്ചു വയസ്സുവരെ എത്തുന്നുള്ളു."

വൈദികരുടെ ആയുർദൈർഘ്യം ഇതര തുറകളിൽ ജോലിചെയ്യുന്നവരെ അപേക്ഷിച്ചു കൂടുതലൊ കുറവോ? ഇക്കാര്യത്തിൽ വൈദികരേയും മററുള്ളവരെ പൊതുവേയും യാതൊരു തരം തിരിവുംകൂടാതെ താരതമ്യം ചെയ്യാൻ പാടില്ല. ഇരുപത്തിനാലു വയസ്സു കഴിഞ്ഞ പുരുഷന്മാരെയും വൈദികരേയും തമ്മിൽ തുലനം ചെയ്യെങ്കിലേ വ്യത്യാസം ഗ്രഹിക്കാൻ കഴിയൂ എന്നാണു ഒരു നിരൂപകൻ പറയുന്നതു്; എന്നാലും വൈദികരുടെ ഭാഗത്തു ചില പ്രത്യേകതകൾ ഉണ്ടു്. വൈദികർ തിരഞ്ഞെടുക്കപ്പെട്ടവരാണ്. രോഗികൾക്കും, തീരെ ദുർബലന്മാൎക്കും സാധാരണ പട്ടം കൊടുക്കാറില്ല.

അമേരിക്കയിൽ വൈദികർ ശരാശരി അമ്പത്തെട്ടു കൊല്ലം ജീവിക്കുന്നു എന്നു ഡാക്റ്റർ വൽഷ് (Dr. Walsh) പറയുന്നു, ഇതു അവിടത്തെ ഡാക്റ്ററന്മാരുടെ ആയുഷ്കാലത്തെക്കാൾ നാലുകൊല്ലം കുറവാണ്, അവിടെ ഡാക്റ്ററന്മാരാകട്ടെ അറുപത്തിരണ്ടു കൊല്ലം ശരാശരി ജീവിക്കുന്നു. 1914-ൽ 18568 വൈദികരു



www.malankaralibrary.com

ണ്ടായിരുന്ന അമേരിക്കയിൽ; ഇതിൽ ആ കൊല്ലം 266 പേർ മരിച്ചു; ആകയാൽ അവിടെ 1. 43 ശതമാനം വൈദികർ മരിച്ചു എന്നു കാണുന്നു. 1913—ൽ 'കാൻസാസിററി'യിലെ മെത്രാനായ ഹോഗൻ തൻെറ മരണത്തിനു ഏതാനും മാസങ്ങൾക്കു മുമ്പു ആ രൂപതയിലും സെൻറു ജോസഫു രൂപതയിലും സെൻറുജ്യൂയിസു എന്ന അതിരൂപതയിലും മരിച്ച വൈദികരുടെ വിവരങ്ങളടങ്ങിയ ചില രേഖകൾ തൻെറ ചാൻസലർ 'കെവുവൻഹോഫ്' എന്ന വൈദികശ്രേഷ്ഠനെ ഏൾപ്പിക്കയുണ്ടായി. തൽഫലമായി ക്രമപ്പെടുത്തപ്പെട്ട കണക്കിൽ വൈദികരുടെ ശരാശരി ജീവകാലം 56. 9 കൊല്ലവും വൈദികസ്ഥാനത്തിൽ കഴിച്ചുകൂട്ടുന്ന സമയം 30. 25 കൊല്ലവുമാണെന്നു കണ്ടിരിക്കുന്നു.

ഇതെല്ലാം വിദേശക്കണക്കുകൾ. നമ്മുടെ കേരളത്തിലെ അവസ്ഥ എന്തു്? ഇവിടെ വൈദികരുടെ ശരാശരി വയസ്സെത്ര? അവർ വൈദികവൃത്തിയിൽ കഴിക്കുന്ന വത്സരങ്ങൾ എത്ര? മേൽ ഉദ്ധരിച്ച കണക്കുകൾ ഒരു അമേരിക്കൻ ഗ്രന്ഥത്തിൽ കണ്ടതാണു്; അവ അവിടത്തെ കത്തോലിക്കാ ഡിറക്ടറി (Catholic Directory) യിൽ നിന്നു എടുത്തിട്ടുള്ളതുമാകുന്നു. ആകയാൽ കേരളത്തിലെ വൈദികരെക്കുറിച്ചുള്ള ഏതന്മാതിരി വിവരങ്ങൾ ഗ്രഹിക്കുന്നതിനു ഈ എഴുത്തുകാരൻ നമ്മുടെ 'ഇൻഡ്യൻകത്തോലിക്കാ ഡിറക്ടറി' വളരെ ഉത്സാഹപൂർവ്വം പരിശോധിച്ചുനോക്കി. എന്നാൽ ഫലം നിരാശാജനകമായിരുന്നുവെന്നു പറയാതെ തരമില്ല. ഇൻഡ്യൻ ഡിറക്ടറിയിൽ വൈദികരുടെ വയസ്സോ പട്ടമേററ ആണ്ടോ മരണലിസ്റ്റോ കാണപ്പെടുന്നില്ല. ഓരോ രൂപതയിലുമുള്ള വൈദികരുടെ സംഖ്യ തന്നെ കൂട്ടിഎടുക്കേണ്ടതായിട്ടാണു ഇരിക്കുന്നതു്. ആകയാൽ ഇനി രൂപതപഞ്ചാംഗമല്ലാതെ മററാശ്രയമില്ല.

ചങ്ങനാശേരിരൂപതയിലെ 1932, 1933, 1934, എന്നീ കൊല്ലങ്ങളിലെ പഞ്ചാംഗം പരിശോധിച്ചിട്ടു് അവിടെ വൈദികരുടെ എണ്ണം യഥാക്രമം 326, 333, 329 എന്നും അവരുടെ മരണം 8, 6, 11 എന്നും കണ്ടിരിക്കുന്നു. ഈ കണക്കനുസരിച്ചു വൈ



www.malankaralibrary.com

ദികരുടെ മൂന്നുകൊല്ലത്തെ ശരാശരി മരണം 2.53 ആണെന്നു വരുന്നു. പ്രസ്താവിതകൊല്ലങ്ങളിൽ മരിച്ചവരുടെ വയസ്സു ശരാശരി 64 ആകുന്നു. ആകയാൽ ഇവിടെ വൈദികരുടെ ആയുർദൈർഘ്യം അമേരിക്കയിലെക്കാൾ കൂടുതലാണെന്നു പറയേണ്ടിയിരിക്കുന്നു. എന്നാൽ ഈ കണക്കു കേരളത്തിന്റെ മററു ഭാഗങ്ങൾക്കു എങ്ങിനെ യോജിക്കുമെന്നു നിശ്ചയമില്ല, എങ്കിലും വലിയ വ്യത്യാസം വരികയില്ലെന്നൂഹിക്കേണ്ടിയിരിക്കുന്നു.

എങ്ങനെയാണു ഒരുവനു ആരോഗ്യദൃഢഗാത്രനായിരിക്കാൻ സാധിക്കുക? ഫാദർ ഒനെയിൽ എഴുതുന്നു: 'ആരോഗ്യം ഔഷധങ്ങളെയല്ല ആശ്രയിച്ചിരിക്കുന്നതു്. ഗുളികയും, ലേഹ്യവും, ടോണിക്കുമെല്ലാം എത്രയ്ക്കു കുറയ്ക്കാമോ അത്രയ്ക്കു നന്നു. ആരോഗ്യം സംരക്ഷിക്കുന്നതിന്റെയും ആയുസ്സു ദീർഘിപ്പിക്കുന്നതിന്റെയും രഹസ്യം ശരീരത്തിന്റെ രോഗനിവാരണശക്തിയെ പരിപോഷിപ്പിക്കുന്നതിലും നമ്മുടെ വിവിധാവയവങ്ങളെ, രോഗാണുക്കൾ ബക്ടീരിയാ (Bacteria) മുതലായവയുടെ ആക്രമണങ്ങളെ തടയുന്നതിനു തക്ക അവസ്ഥയിൽ പരിരക്ഷിക്കുന്നതിലുമാണടങ്ങിയിരിക്കുന്നതെന്നത്രെ ഇന്നത്തെ വൈദ്യവിദഗ്ദ്ധന്മാരുടെ അഭിപ്രായം. ക്രമാനുസൃതമായ ദിനചര്യാനുഷ്ഠാനം, അശനപാനാദികളിലുള്ള മിതത്വം, രാത്രിയിൽ ആറോ എട്ടോ മണിക്കൂർ നേരത്തെ സുഷുപ്തി, ശരിയായ വിശ്രമം, വേണ്ടുവോളം വ്യായാമം മുതലായവയാകുന്നു രോഗനിവാരണ ശക്തിയെ ഉല്ലാദിപ്പിക്കുന്നതു്.' [12] ഡാക്ടർ ഹാൾ (Dr. Hall) പറയുന്നു. "ഭക്ഷണം സാധാരണ തറിയായിരിക്കട്ടെ, ഒരിക്കലും അധികം ഭക്ഷിക്കരുതു്, വേണ്ടുവോളം വ്യായാമം എടുക്കുക, സകലത്തിലും വ്യവസ്ഥയും ക്രമവും പാലിക്കുക അപ്പോൾ അനാരോഗ്യശങ്കയെല്ലാം വെടിഞ്ഞു് ഔഷധങ്ങളെ നമുക്കു ദൂരെ വലിച്ചെറിയാൻ കഴിയും."

സുഖശരീരനായിരിപ്പാൻ ആഗ്രഹിക്കുന്നവൻ ഭക്ഷണം, വിശ്രമം, വ്യായാമം ഇങ്ങിനെ മൂന്നു സംഗതികളിലാണു സർവ്വപ്രധാനമായി ശ്രദ്ധിക്കേണ്ടതു്.



www.malankaralibrary.com

പ്രക്ഷാളനാദ്ധി പങ്കസ്യ
ദൂരാദസ്പർശനം വരം

എന്നുണ്ടല്ലൊ. ആരോഗ്യം നശിച്ചശേഷം അതു വൈദ്യസഹായംകൊണ്ടു വീണ്ടെടുക്കുന്നതിൽ ഉത്തമം അതു നശിക്കാതിരിക്കുന്നതിനുള്ള പോംവഴികളെ കണ്ടുപിടിക്കയാണ്. ഭക്ഷണത്തെ സംബന്ധിച്ചു ഈനാസിയൂസ് പുണ്യവാൻ എട്ടു നിബന്ധനകൾ നൽകുന്നുണ്ട്. ഇവയിൽ നാലാമത്തേതും എട്ടാമത്തേതും എന്തുമാത്രം ഭക്ഷിക്കണമെന്നതിനെക്കുറിച്ചാകുന്നു. ഇക്കാര്യത്തിൽ പ്രധാനമായി ശ്രദ്ധിപ്പാനുള്ളതു സൌവണ്ണമിതത്വ(Golden mean)മാണ്. ഈ സൌവണ്ണമിതത്വമെന്താകുന്നു? അമിതഭക്ഷണത്തിൽനിന്നും അവശ്യത്തിനു മതിയാവോളം ഭക്ഷിക്കാത്തതിൽനിന്നും ഉളവാകുന്ന അസുഖങ്ങളെ മാററി അടുത്ത ഭക്ഷണംവരെ നമ്മുടെ ജോലികൾ ഉന്മേഷപൂർവ്വം ചെയ്യുന്നതിനു നമ്മെ ശക്തരാക്കുന്ന ഭക്ഷണത്തിൻെറ പരിണാമമത്രെ അതു. പ്രകൃതിതന്നെ ഇതു നമുക്കു കാണിച്ചുതരുന്നുണ്ട്. ശരിയായ ആരോഗ്യമുള്ളപ്പോൾ നമ്മുടെ ശരീരത്തിൻെറ ആന്തരികപ്രവർത്തനങ്ങൾ ആദ്ധ്യാത്മികങ്ങളായവയെ പ്രതിരോധിക്കാതിരിക്കത്തക്കവിധമാണു സർവ്വശക്തനായ ദൈവം അവയെ ക്രമപ്പെടുത്തിയിരിക്കുന്നതു്.

സൌവണ്ണമിതത്വം എങ്ങിനെയാണു കണ്ടുപിടിക്കുക? ഓരോരുത്തൻ മേലുദ്ധരിച്ച ഉദ്ദേശത്തെ മുൻനിറുത്തി ചെയ്യുന്ന പരീക്ഷണങ്ങൾ വഴിയായത്രെ ഇതു ഗ്രഹിക്കേണ്ടതു്. ഈ രീതിയെ ഒരിക്കലും ഉല്ലംഘിച്ചുകൂടാ എന്നില്ല. ചിലപ്പോൾ അങ്ങനെ ചെയ്യുക ഒരു കടമ കൂടിയായി ഭവിച്ചേക്കാനെളുപ്പമുണ്ട്. മിതഭക്ഷണത്തിനും പടികൾ (Degrees) ഉണ്ടെന്നുള്ള ബോധത്തോടെയാണു അമിതത്വം പരിവർജ്ജിക്കേണ്ടതു്. ലഹരിസാധനങ്ങൾ പരിപൂർണ്ണമായി ഉപേക്ഷിക്കുകയും പലഹാരങ്ങൾ (delicacies) കുറച്ചുമാത്രം ഉപയോഗിക്കുകയും ചെയ്യുക എന്നാണു വിദഗ്ദ്ധോപദേശം. നമ്മുടെ നാട്ടിൽ മധുരസാധനത്തോടുകൂടിയുള്ള കാപ്പികുടി പ്രചരിച്ചതിൻെറ ഫലമായിട്ടാണു പ്രമേഹരോഗം വർദ്ധിക്കാൻ തുടങ്ങിയതെന്നു പറയേണ്ടിയിരിക്കുന്നു.



www.malankaralibrary.com

സുപ്രസിദ്ധ ഭിഷഗ്വരനും ഒരുത്തമകത്തോലിക്കനുമായ ഡാക്ടർ വാൽഷ്, Priests and long life എന്നൊരു പുസ്തകം എഴെട്ടു കൊല്ലങ്ങൾക്കുമുമ്പു പ്രസിദ്ധീകരിക്കയുണ്ടായി. വൈദികരുമായി അമ്പതുകൊല്ലത്തിൽപരമുള്ള പരിചയത്തിൽനിന്നു എഴുതപ്പെട്ടിട്ടുള്ളതാണു പ്രസ്തുത ഗ്രന്ഥമെന്നു അതിന്റെ മുഖവുരയിൽ അദ്ദേഹം പ്രസ്താവിച്ചുകാണുന്നുണ്ട്. ഇതിൽനിന്നു ചിലഭാഗങ്ങൾ ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "ദീർഘായുഷ്മാനാകണമെന്നാഗ്രഹിക്കുന്നവൻ അവന്റെ ഭക്ഷണത്തിൽ നല്ല സൂക്ഷ്മവും വിവേകവും പാലിക്കണം. ഇതുകൊണ്ടു നാമെപ്പോഴും ഭക്ഷണത്തെപ്പററി ചിന്തിച്ചും പറഞ്ഞും തിരക്കിയും കൊണ്ടിരിക്കണമെന്നു ധരിക്കല്ലയോ. അതിനാവശ്യമില്ല.

ഭക്ഷണകാര്യത്തിൽ രുചിയാണു മിക്കപ്പോഴും വിശ്വാസയോഗ്യമായ വഴികാട്ടി. മനുഷ്യജാതി ഉപയോഗയോഗ്യമെന്നു പരക്കെ സമ്മതിച്ചിട്ടുള്ളവ എല്ലാം തന്നെ തിന്നുക എന്നതു അധികംപേരെ സംബന്ധിച്ചിടത്തോളം ഒരു നല്ല നിർദ്ദേശമാകുന്നു. നമ്മുടെ ഭക്ഷണസാധനങ്ങളുടെ കൂട്ടത്തിൽ ദഹനക്കേടുണ്ടാക്കുന്നതായി വല്ലതും കണ്ടേക്കുമെന്ന ശങ്കയോടുകൂടി ഭക്ഷിക്കുമ്പോളാണു ദഹനക്കേടുണ്ടാകുന്നതെന്നത്രെ ഡാക്ടർ ഫ്ളിന്റിന്റെ അഭിമതം. അദ്ദേഹം പറയുന്നു: 'വളരെപ്പേർ തങ്ങളുടെ ആയുസ്സിനെ വെറും സങ്കല്പമാത്രങ്ങളായ വയററിൽ സുഖക്കേടുകൾകൊണ്ടു ഹ്രസ്വമാക്കിയിട്ടുണ്ട്. ചിലർ, പ്രത്യേകിച്ചു ചെറുപ്പക്കാർ തങ്ങൾക്കു മലബന്ധമുണ്ടെന്നു കാണുമ്പോൾ ഭക്ഷണം ചുരുക്കുന്നു. ഇതു വലിയ തെററാണ്. ശരിയായ വിരേചനയുടെ അഭാവം ഒരുവൻ അധികം ഭക്ഷിക്കണമെന്നാണു അല്ലാതെ കുറച്ചു ഭക്ഷിക്കണമെന്നല്ല വ്യഞ്ജിപ്പിക്കുന്നത്.'

രണ്ടുരൂളുകൾ. (1) എല്ലാ ദിവസവും വേവിക്കാത്തതു (Raw) അതായതു പച്ചയ്ക്കെന്തെങ്കിലും ഭക്ഷിക്കുക. (2) എല്ലാ ഭക്ഷണത്തിലും എല്ലുപ്പം ദഹിക്കാത്ത എന്തെങ്കിലും ഉണ്ടായിരിക്കണം.

കഴിഞ്ഞ ഇരുപത്തിയഞ്ചുകൊല്ലത്തെ പരീക്ഷണനിരീക്ഷണങ്ങളുടെ ഫലമായി, വൈദ്യവിദഗ്ദ്ധന്മാർ കണ്ടുപിടിച്ചിട്ടു



www.malankaralibrary.com

ള്ളതാണ മേൽപ്പറഞ്ഞ ദൃഷ്ടാന്തങ്ങൾ രണ്ടും. ഭേദിക്കാത്ത സാധനങ്ങളാണ കൂടുതൽ ദഹിക്കുന്നത്. ദഹിക്കാത്ത സാധനങ്ങൾ കുടലുകളിൽ കിടന്നെങ്കിലെ വിരേചനയുണ്ടാകയുള്ളു.

ഭക്ഷണത്തിൽ വൈവിധ്യമാവശ്യമാണ്, നമുക്കു പററിയ സാധനങ്ങൾ മാറിമാറി ഉപയോഗിക്കുന്നതു വളരെ ഗുണകരമാകുന്നു.

അധികം സാവധാനത്തിലൊ ഏററവും ധൃതിയിലൊ ഭക്ഷിക്കുന്നതു നന്നല്ല. മാംസം അധികം ചവയ്ക്കേണ്ടയാവശ്യമില്ല. മാംസഭോജികളായ മൃഗങ്ങളെ നോക്കുക, അവ അവയുടെ ഇരയെ കടിച്ചുകീറി വിഴുങ്ങിക്കളയുന്നു. നല്ലപോലെ ചവയ്ക്കേണ്ടതു സസ്യഭക്ഷണങ്ങളാണ്. സസ്യോപജീവികളായ മൃഗങ്ങൾ വളരെനേരം ചവയ്ക്കുന്നു. തൽക്കാലത്തേത്തു പോരാഞ്ഞിട്ടെന്നോണം അയവെട്ടുന്നതു (Chew the cud) നാം കാണുന്നുണ്ടല്ലോ. ചവകൊണ്ടുള്ള വേറൊരു ഗുണം പല്ലുകളുടെ സംരക്ഷണവും തൊണ്ടയുടെ ശുദ്ധീകരണവുമാകുന്നു.

ക്ഷുബ്ധമായ ഹൃദയത്തോടെ ഭക്ഷിക്കരുത്. രുചിയിലൊരു നല്ല ഭാഗം ഭക്ഷണം വിളമ്പുന്ന വിധത്തെയാണാശ്രയിച്ചിരിക്കുന്നത്. മേശവിരി, പ്ലെയിററുകൾ മുതലായവ വെടിപ്പും വൃത്തിയും ഉള്ളവയും ആകർഷകങ്ങളുമായിരിക്കണം. ഇത്രയും ഭക്ഷണത്തെപ്പററി.

അടുത്തു ചിന്തിപ്പാനുള്ളതു വ്യായാമത്തെ കുറിച്ചാണ്. അദ്ധ്വാനം അഥവാ ജോലിരാഹിത്യം ജീവചൈതന്യത്തെ വർദ്ധിപ്പിക്കുന്നില്ല; അദ്ധ്വാനംകൊണ്ടെന്നതിനേക്കാൾ അനദ്ധ്വാനംകൊണ്ടാണ നമ്മുടെ ശക്തി ക്ഷയിക്കുന്നത്. ഒരു യന്ത്രം ഉപയോഗിക്കാതെ കിടക്കുമ്പോൾ തുരുമ്പുപിടിച്ചു നശിക്കുന്നതു നാം കാണുന്നുണ്ടല്ലൊ. ഇതു നമ്മുടെ ശരീരമാകുന്ന വിസ്മയാവഹമായ യന്ത്രത്തിൻെറ കാര്യത്തിലും വാസ്തവമാണ്. നാം പ്രയത്നിച്ചു മുതിയടയുന്നതിലധികം തുരുമ്പുപിടിച്ചുപയോഗശൂന്യരായി ഭവിക്കുന്നുവെന്നു പറയേണ്ടിയിരിക്കുന്നു. ഒട്ടും ജോലിചെയ്യാതെ ശക്തിയെല്ലാം സൂക്ഷിച്ചുവച്ചിരിക്കുന്നവരാണ ദീർഘജീവികളെന്നു വല്ലവരും



www.malankaralibrary.com

വിചാരിക്കുന്നെങ്കിൽ അതു അബദ്ധമാകുന്നു. ദീർഘകാലം ജീവിച്ചിട്ടുള്ളവരൊക്കെ നല്ലപോലെ വേല ചെയ്തിട്ടുള്ളവരും കുറച്ചുമാത്രം ഉറങ്ങിയിട്ടുള്ളവരുമാകുന്നു. മാനസികവേല ജീവിതത്തെ ഹ്രസ്വമാക്കുന്നില്ലെന്നുമാത്രമല്ല, അതു ശരീരത്തെ ബലപ്പെടുത്തുകയും തദ്വാരാ ആയുസ്സിനു ദൈർഘ്യം നൽകുകയുംചെയ്യുന്നു. ആകയാൽ വ്യായാമത്തിന്റെ ആവശ്യകത പ്രസ്പഷ്ടം. ഒരുവൻ തന്റെ മാംസപേശികളെ ദിവസേന ഒരു നിശ്ചിത തോതിൽ വികസിപ്പിക്കുന്നതിനാണു വ്യായാമം എന്നു പറയപ്പെടുന്നതു്.

വൈദികരുടെ ആയുസ്സു ദീർഘിപ്പിക്കുന്നതിലൊ കുറക്കുന്നതിലൊ വ്യായാമത്തിനു ഒരു സ്ഥാനമുണ്ടു്. മദ്ധ്യപ്രായം കഴിഞ്ഞാൽ വളരെ ദേഹാദ്ധ്വാനം വേണ്ടിവരുന്ന വ്യായാമങ്ങൾ പാടില്ല, എങ്കിലും സാധാരണ സമ്പ്രദായങ്ങൾ അത്യന്താപേക്ഷിതങ്ങളാകുന്നു.

ഒരു മനുഷ്യൻ അവന്റെ ഭക്ഷണത്തിൽനിന്നു കുറെ ശക്തി നൂതനമായി ദിവസേന പ്രാപിക്കുന്നുണ്ടു്, ഇതിനെ സൂക്ഷിക്കുന്നതിനു നമ്മുടെ ശരീരത്തിൽ ശേഖരണ പാത്രമില്ല. മിച്ചംവരുന്ന ഈ ശക്തി മേദസ്സു (കൊഴുപ്പു) എന്നു പറയപ്പെടുന്ന ഒരു സാധനത്തെ ഉളവാക്കുന്നു. ചില പ്രത്യേകാവസരങ്ങളിൽ ഉപയോഗിക്കുന്നതിനായി പ്രകൃതി ഇതു സംഭരിച്ചുവെക്കുന്നു. എന്നാൽ കുറെ കഴിയുമ്പോൾ ഈ ശക്തി ഒരു സഹായമാകുന്നതിനുപകരം ഒരു ഭാരമായിട്ടാണു പരിണമിക്കുക. ഒരു ദിവസത്തെ ശക്തി കായികാഭ്യാസത്തിൽ വിനിയോഗിക്കപ്പെടാത്തപക്ഷം അതു ശരീരത്തിലൂടെ സഞ്ചീട്ടുചെയ്യുകയും തൻമൂലം അന്തരിന്ദ്രിയങ്ങൾക്കു തകരാറുകൾ നേരിടുകയും ചെയ്യുന്നു.

കതസ്സുമ്പോൾ നാം ഉഗ്രമായി ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടല്ലൊ, ഇതിന്റെ ഫലമായി ജീവാമ്ളസംഘട്ടനം (Oxidation) അഥവാ ദഹനം ഉണ്ടാകുന്നു. ഇതു നിമിത്തമാണു ദൂഷിച്ച സാധനം രോമക്രൂപത്തിലൂടെയും മററും ബഹിർഗമിക്കുന്നതു്. വ്യായാമം ഇല്ലാതിരിക്കുമ്പോൾ ഈ പ്രവൃത്തനം ശരിയായി നടക്കുന്നില്ല. ദിവസേന നാലൊ അഞ്ചൊ മൈൽ നടക്കേണ്ടതാ



www.malankaralibrary.com

കുന്നു. മദ്ധ്യപ്രായം കഴിഞ്ഞാൽ ചിലർ തങ്ങൾക്കു വ്യായാമം വളരെ കുറച്ചുമാത്രം മതിയെന്നു സങ്കല്പിച്ച് അലസരായി കഴിച്ചുകൂട്ടുന്നുണ്ട്. ഈ തെററിദ്ധാരണയുടെ ഫലം അവർ ആയുസ്സിന്റെ ചുരുക്കത്തിൽ അനുഭവിക്കാതിരിക്കയില്ല. നിന്റെ ഭക്ഷണത്തിൽനിന്നു മിച്ചിക്കുന്ന ഓരോ മിന്നിട്ടും പിൽക്കാലത്തു നിന്റെ വൈദ്യന്റെ പോക്കററിൽ ചെന്നുചേരുന്ന ഓരോ ഡോളർ ആയിരിക്കുമെന്നു പറയപ്പെട്ടിരിക്കുന്നതുപോലെ, വ്യായാമം എടുക്കുന്നതിനു പകരം കസേരയിൽ കഴിച്ചുകൂട്ടുന്ന ഓരോ മണിക്കൂറും ജീവിതത്തിൽ നിനക്കു നഷ്ടപ്പെടുന്ന ദിവസങ്ങളെയാണു കുറിക്കുന്നതെന്നോർത്തുകൊൾക. വ്യായാമം ഒരു ടോണിക്കും രുചിസന്ദായകവുമാകുന്നു." 13

ക്രമാനുസൃതമായ വ്യായാമഫലമായി വളരെനാൾ ജീവിച്ച് അനേകം മഹൽകാര്യങ്ങൾ നിർവഹിച്ചിട്ടുള്ള മഹാന്മാരുടെ സുദീർഘമായ ഒരു പട്ടിക വില്യം ലോക്കിംഗസ്റ്റൺ തന്റെ സുപ്രസിദ്ധവും ഉപരിഉദ്ധൃതവുമായ Bodily health and Spiritual vigour എന്ന പുസ്തകത്തിൽ നൽകുന്നുണ്ട്. ഈ പുസ്തകവും വാൾഷിന്റെ പുസ്തകംപോലെ പാരായണായോഗ്യമാണ്. ഇതിൽനിന്നു ചില ഉദാഹരണങ്ങളെ ഇവിടെ എടുത്തു ചേർത്തുകൊള്ളുന്നു. ഇംഗ്ലണ്ടിലെ സചിവസത്തമനായിരുന്ന ഗ്ലാഡസ്റ്റൺ വ്യായാമത്തിൽ വളരെ നിഷ്കർഷയുള്ള ആളായിരുന്നു. തന്റെ സമകാലീനന്മാർ മരിക്കയോ ജരാനരകൾപൂണ്ടു മരണത്തെ പ്രതിക്ഷിച്ചിരിക്കയോ ചെയ്തിരുന്ന അവസരത്തിൽ അദ്ദേഹം യുവസന്നിഭമായ ഉന്മേഷത്തോടെ ബ്രിട്ടിഷ് ഭരണയന്ത്രത്തിന്റെ സാരഥ്യം വഹിച്ചിരുന്നു. എൺപത്തിമൂന്നു വയസ്സുള്ളപ്പോൾ അദ്ദേഹം ഹോംറൂൾബില്ലിനെക്കുറിച്ചു പാർല്ലിമെന്റിൽചെയ്ത പ്രസംഗം സഭാംഗങ്ങളെ അപഹൃതചിത്തവൃത്തികളാക്കികളഞ്ഞു. ഗ്ലാഡസ്റ്റന്റെ ആരോഗ്യരഹസ്യമത്രയും വ്യായാമത്തിലാണടങ്ങിയിരുന്നത്. അദ്ദേഹത്തിന്റെ മരംവെട്ടും നടപ്പും പ്രസിദ്ധമാണ്. പാർല്ലിമെന്റുസഭയ്ക്കു പോകുമ്പോൾ ദിവസംപ്രതി മഴയായാലും വെയിലായാലുംശരി രണ്ടു മണിക്കൂർ അദ്ദേഹം നടന്നിരുന്നു; എൺപതു-



www.malankaralibrary.com

വയസ്സുള്ളപ്പോൾ നാലടി വ്യാസംവരുന്ന ഒരു ഓക്കുവൃക്ഷം മുറിച്ചിട്ടുണ്ട്. ഹോറസ് ഗ്രീലിയുടെ താഴെവരുന്ന വചനങ്ങളിൽ അദ്ദേഹത്തിനു വളരെ വിശ്വാസമുണ്ടായിരുന്നെന്നു തോന്നുന്നു: "മനുഷ്യൻെറ ആയുധങ്ങളിൽ ഏററവും ആരോഗ്യപ്രദമായതു കോടാലിയാകുന്നു. എഴുത്തുകാക്കും ഇരിപ്പുജോലിക്കാക്കും അതു വളരെ പററിയതാണ്. കോടാലിപ്രയോഗം അവരുടെ സ്കന്ധങ്ങളെ പിൻഭാഗത്തേക്കു തിരിക്കയും നെഞ്ചിനെ വിസ്തൃതമാക്കുകയും കരളുകളെ വികസിപ്പിക്കുകയും ചെയ്യുന്നു. പതിനഞ്ചു വയസ്സുമുതൽ അമ്പതു വയസ്സുവരെ എല്ലാ മനുഷ്യരും ദിവസേന രണ്ടു മണിക്കൂർനേരം കോടാലികൊണ്ടു പണിയുന്നതായാൽ ദഹനക്കേടു ഭൂമുഖത്തുനിന്നു മറയുകയും വാതം വളരെ ദുർല്ലഭമാവുകയും ചെയ്യും. ഞാൻ മരംവെട്ടിനു വളരെ പിന്നോക്കമാണു, എന്നാൽ കോടാലിയാണു എൻെറ വൈദ്യനും എനിക്കു ആഹ്ളാദം തരുന്നവനും എൻെറ മനസ്സിനെ മനോരാജ്യത്തിൽ കോട്ടകെട്ടുന്നതിൽനിന്നു പിടിച്ചു നിറുത്തുന്ന കടിഞ്ഞാണും. അതിൻെറ ഉപയോഗം മാംസപേശികൾക്കെല്ലാം സമുചിതമായ ആയാസം നൽകുന്നു." നമുക്കു ഗ്ലാഡ്സ്റ്റൻെറ പക്കലേക്കു തന്നെ പിന്തിരിയാം. സ്റ്റെഡ് പറയുന്നു: "അദ്ദേഹത്തിനു അനിതരസാധാരണമായ കായബലവും പ്രേരണാശക്തിയുമുണ്ടായിരുന്നു. ഹാർവാർഡനിലെ നാട്ടിൻപുറത്തുള്ളവാസം, മരംവെട്ടുന്നതിലുള്ള ആസക്തി, നടപ്പിലുള്ള വിശേഷതാല്പര്യം ഇവയെല്ലാമാകുന്നു അദ്ദേഹത്തിൻെറ മനക്കരുത്തിനും കാര്യനിർവഹണപാടവത്തിനും കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നതു്. ഈ മഹാൻെറ ഡയറിയിലെ ചില കുറിപ്പുകൾ കാണുക. 1863- ആഗസ്ററു് 31-ൽ $24\frac{3}{4}$ മൈൽ നടന്നു. അന്നു അദ്ദേഹത്തിനു അമ്പത്തിമൂന്നു വയസ്സു പ്രായമുണ്ടായിരുന്നു. അമ്പത്തിനാലാംവയസ്സിൽ ഇപ്രകാരമൊരു കുറിപ്പു കാണുന്നുണ്ടു്. സെപ്ററംബർ 29. പൂർവ്വാഹ്നം 6. 30. ഞാൻ കുന്നുകളിൽക്കൂടിയുള്ള മൂന്നു മണിക്കൂർനേരത്തെ നടപ്പുകഴിഞ്ഞു് മടങ്ങിവന്നതേയുള്ളു; വിളക്കും സമയവുമുള്ളപക്ഷം വേറൊന്നിനു കൂടി ഒരുക്കമാണു്. സെപ്ററംബർ 30 പത്തൊൻപതു മൈൽ



www.malankaralibrary.com

നടന്നു, എങ്കിലും ഒരു വാനമ്പാടി പക്ഷിയെപ്പോലെ സോന്മേഷനാണ്. വളരെ നനഞ്ഞു. ഞങ്ങൾ 3300 അടി കയറി. ഒക്ടോബർ. ഞാൻ ഏഴുമണിക്കൂർ നടന്നു്, 3800 അടിഉയരമുള്ള 'ലോക്നാഗർ'വരെ പോയിവന്നിരിക്കയാണ്. വേണമെങ്കിൽ ഒന്നുകൂടി നടക്കുന്നതിനു ഒരുക്കമാകുന്നു.

അടുത്തകൊല്ലം ബാൽമോറൽ എന്ന സ്ഥലത്തുവച്ചു ഗ്ലാഡ്സ്റ്റൺ ഇപ്രകാരം എഴുതി: "ഞാൻ പതിനാറു മൈൽ ദീർഘിച്ച ഒരു പര്യടനംകഴിഞ്ഞു മടങ്ങി എത്തിയിരിക്കയാകുന്നു. നല്ല ഉത്സാഹം തോന്നുന്നുണ്ട്. എൻെറ വാദ്ധക്യത്തിൽ പന്ത്രണ്ടു മിനിട്ടിൽ ഒരു മൈൽവീതം നടക്കാൻ സാധിച്ചതിൽ വളരെ ചാരിതാൎത്ഥ്യമുണ്ട്." എഴുപത്തൊന്നാം വയസ്സിൽ ഒരു ദിവസംതന്നെ ഏഴുമൈൽ നടന്നും, നാല്പത്തൊന്നുമൈൽ വാഹനത്തിൽ സഞ്ചരിച്ചും അമ്പതു മിനിട്ടോളം ദീർഘിച്ച മൂന്നു പ്രസംഗങ്ങൾ അദ്ദേഹം ചെയ്യുതായി കാണുന്നു.

പാൽമെർസ്റ്റൺപ്രഭു പറയുന്നു: "ആരോഗ്യപോഷണാൎത്ഥം എന്തെല്ലാം ചെയ്താലും വ്യായാമം ചെയ്തില്ലെങ്കിൽ യാതൊരു ഫലവും സിദ്ധിക്കുന്നതല്ല." വിചാരംവഴിയായി വേല പ്രയോജനപ്രദമായി ഭവിക്കുന്നതുപോലെ കൈവേലമാൎഗ്ഗേണ വിചാരത്തിനു മേന്മയും ഗുണവും സിദ്ധിക്കുന്നു എന്നാണ റസ്കിൻ പറയുന്നതു്. 14

സ്വന്തം മുറിയിൽതന്നെ ഒരു ബെഞ്ചിൻേറയൊ കസേരയുടേയൊ സഹായത്തോടുകൂടിയും സ്വരവും ശ്വാസോച്ഛ്വാസവും വഴിയായും ചെയ്യപ്പെടാൻ പാടുള്ള വ്യായാമങ്ങളുമുണ്ടു്.

ലോക്കിംഗസ്റ്റൺ പറയുന്നു: 'കാടുപിടിച്ചു കിടക്കുന്ന ഒരു തോട്ടത്തിൽ വളരെ ആരോഗ്യം ഒളിഞ്ഞുകിടപ്പുണ്ട്. ഭക്ഷണത്തിൽ രുചിയോ രാത്രിയിൽ ഉറക്കമോ ഇല്ലാത്തവൻ ഒരു മൺവെട്ടിയും വാങ്ങി ഒരു പഴയ ളോവയും ധരിച്ചു് ദിവസേന നാല്പതു മിനിട്ടുനേരം അതിൽ പണി എടുക്കട്ടെ, അപ്പോൾ മേലുദ്ധരിച്ച അപൂൎവ്വവാക്യത്തിൻെറ വാസ്തവം വെളിപ്പെടുന്നതാണ്.'15

ആരോഗ്യത്തെ സംബന്ധിച്ചു പരിഗണിക്കേണ്ട വേറൊരു സംഗതി തൂക്കമാണ്. ഇത്രവയസ്സിൽ ഇത്ര അടി ഉയരമുള്ളവനു



www.malankaralibrary.com

ഇത്ര റാത്തൽ തൂക്കം വേണമെന്നുണ്ട്. ഇതിൻെറ പട്ടിക ചില ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്. ഈ തൂക്കം കൂടുന്നതും കുറയുന്നതും ശരിയായ ആരോഗ്യത്തെ അല്ല സൂചിപ്പിക്കുന്നത്.

വൈദികൻെറ വസതിയും സാനിട്ടേഷൻെറ നിയമങ്ങളെ ലംഘിക്കുന്നതായിരിക്കരുത്. ഇതേസംബന്ധിച്ച് ഒഡോനൽ പറയുന്നതിപ്രകാരമാണ്. "ഒരു പുരോഹിതൻ തൻെറ കടമ ആവശ്യപ്പെടുന്ന സ്ഥലത്തൊക്കെ, അവിടത്തെ സുഖമോ അസുഖമോ ഗണിക്കാതെ പ്രേഷിതജോലി ചെയ്യേണ്ടതാകുന്നു; എന്നാൽ സാഹചര്യങ്ങൾ അനുവദിക്കുന്നിടത്തോളം പള്ളിമുറിയുടേയും മററു കെട്ടിടങ്ങളുടെയും നിർമ്മാണത്തിൽ ആരോഗ്യരക്ഷാശാസ്ത്രത്തിലെ വിധികൾ അനുഷ്ടിക്കപ്പെടേണ്ടതാകുന്നു. മുറിയുടെ എല്ലാഭാഗത്തും കാററും വെളിച്ചവും പ്രവേശിക്കുന്നുണ്ടോയെന്നും, കുഴലുകൾ, ഗാസ്പൈപ്പുകൾ, ചിമ്മിണികൾ ഇവ ഏതവസ്ഥയിലിരിക്കുന്നുവെന്നും, രോഗോല്പാദകങ്ങളായ ചപ്പും ചവറും ചീച്ചിലും സമീപെ സ്ഥിതി ചെയ്യുന്നുണ്ടോയെന്നും ഇടവകമേധാവി പരിശോധിക്കേണ്ടതാകുന്നു അപ്പഴപ്പോൾ." 16 ഇവിടെ കാണുന്ന ഗാസപൈപ്പിൻേറയും ചിമ്മിണിയുടേയും കാര്യം നമുക്കപേക്ഷിക്കാം. എന്നാൽ പള്ളിമുറി ശരിയായി പണിയുന്നതിനും അതു സിമിത്തേരിക്കും മററും തീരെ അടുത്തു സ്ഥാപിക്കപ്പെടാതിരിക്കുന്നതിനും പ്രത്യേകം സൂക്ഷിക്കേണ്ടതാകുന്നു. ഒരാളിൽനിന്നു വരുന്ന നോട്ടക്കുറവിനു വൈദികരുടെ തലമുറകൾ ഉപദ്രവം ഏൽക്കേണ്ടതായി വരിക അത്ര അപൂർവ്വമല്ല. കുശിനി, കക്കൂസ്, കുളിപ്പുര (അങ്ങിനെ ഒന്നുണ്ടോ) കിണറു ഇവയുടെ സ്ഥാനങ്ങൾ ആലോചനാപൂർവ്വം നിർദ്ദേശിക്കേണ്ടതും ഇവയുടെ ശുചിത്വത്തിൽ പ്രത്യേക ദൃഷ്ടി ചെലുത്തേണ്ടതുമാകുന്നു. തത്തക്കൂടുപോലുള്ള പള്ളിമുറികളും മററും വൈദികൻെറ ആരോഗ്യത്തെ എത്രകണ്ടു ഹനിക്കുന്നതാണെന്നു എടുത്തു പറയേണ്ട ആവശ്യമില്ല. പൊതുജനാരോഗ്യവകുപ്പിൽനിന്നു പ്രസിദ്ധം ചെയ്തിരിക്കുന്ന ഒരു ലഘുലേഖയിൽ കിണറിനെക്കുറിച്ചു പറഞ്ഞിരിക്കുന്നതു ഇപ്രകാരമാണ്. 'നല്ല കൈവരിച്ചുവരും മേൽത്തട്ടിയും ഉറക്കെട്ടും ഇല്ലാത്ത



www.malankaralibrary.com

കിണറുകളിൽ ദൂഷിച്ചവെള്ളം ചെന്നിറങ്ങാൻ വളരെ എളുപ്പമുണ്ട്.....കിണററിൻെറ പാലത്തിൻെറ മീതെ നിന്ന വെള്ളം കോരുന്നതുകൊണ്ടു കാലിലുള്ള ചെളിയും അഴുക്കം കിണററിൽ ഇററിററു വീഴുന്നു." 17

അരോഗ്യത്തിനും ദീർഘായുസ്സിനും വളരെ ഉപകരിക്കുന്ന വേറൊരു സംഗതി ഹോബി (Hobbey) അഥവാ ഓമനക്കാര്യം ആകുന്നുവെന്നാണു പലേ വൈദ്യവിശാരദന്മാരുടേയും അഭിപ്രായം. ഒരു മനുഷ്യനു അവൻെറ സാധാരണജോലിക്കു പുറമെ അവൻ അധികം ഇഷ്ടപ്പെടുന്ന വേറൊന്നുകൂടി ചെയ്യാൻ ഉണ്ടായിരിക്കണം. നാം എന്തെങ്കിലും ജോലി ശ്രദ്ധാപൂർവ്വം ചെയ്യുമ്പോൾ തലച്ചോറിൻെറ ചില പ്രത്യേകരന്ധ്രങ്ങ (Cells) ളാണു വേല ചെയ്തുകൊണ്ടിരിക്കുന്നതു്. ഇവ പിന്നേയും അതേ സംഗതിയേപ്പററിയുള്ള സ്മരണയോടുകൂടി പ്രവൎത്തിക്കുമ്പോൾ പെട്ടെന്നു ക്ഷീണിക്കുന്നു. എന്നാൽ തലച്ചോറിലെ മററു രന്ധ്രങ്ങൾക്കു വേറൊരു ജോലികൊടുത്താൽ ആദ്യം പറഞ്ഞവ ഇവ്വിധം ക്ലാന്തമടയുന്നതല്ല. ഈ 'വേറെജോലി'യാണു ഹോബിമൂലം സാധിക്കപ്പെടുന്നതു്. ഹോബി ഓരോരുത്തരുടെ വാസനയനുസരിച്ചു സ്വീകരിക്കേണ്ടതാണു്. അതു നമുക്കു മററുപ്രകാരത്തിൽ പ്രയോജനകരംകൂടി ആയിരുന്നാൽ ഏററവും നന്നു്. പരേതനായ ഇൻഡ്യാ ചക്രവൎത്തി ജോർജ്ജ് പഞ്ചമൻെറ ഹോബി സ്റ്റാമ്പുശേഖരമായിരുന്നപോൽ. വായന പ്രത്യേകിച്ചു ഇന്നത്തെ പത്രവായന ഒരിക്കലും ഹോബിയല്ലെന്നാണു് ഡാക്ടർ വാൾഷ് പറയുന്നതു്. ഇടവകയിലെ സി. വൈ. എം. എ. ക്ലബ്ബ, പ്രഹസനം മറേറാരൊ തരത്തിലുള്ള സാമൂഹ്യസേവനങ്ങൾ; ഇവ ഒരു വൈദികനു പററിയ ഹോബികളാണു്; പുസ്തകമെഴുത്തും ലേഖനമെഴുത്തും, തൎജ്ജമയും ഇവയോടു ചേൎക്കാം. ചില മിഷ്യനറിമാർ അവരുടെ ചുററുമുള്ള കാട്ടുജാതിക്കാരുടെ ഭാഷയ്ക്കു വ്യാകരണവും നിഘണ്ടുവും എഴുതുക ഒരു വിനോദജോലിയായി സ്വീകരിക്കാറുണ്ടെന്നു ഒരു ഗ്രന്ഥകാരൻ പറയുന്നു. തോട്ടംവെച്ചുപിടിപ്പിക്കലും വൈദികനു പററിയ വ്യതിയാനമാണു്. ഒരു പൂച്ചെടിത്തോട്ടം അൾത്താ



www.malankaralibrary.com

രയലങ്കാരത്തിനും മററും വളരെ ഉപകരിക്കുന്നു. പച്ചക്കറിത്തോട്ടത്തിനും അതിന്റെ കൌതുകമുണ്ട്.

നാം ഔഷധങ്ങളുടെ ഒരു കാലത്താണ ജീവിക്കുന്നത്. പത്രങ്ങളിൽ നോക്കുക, അവ സിദ്ധൌഷധങ്ങളുടെ പരസ്യങ്ങൾകൊണ്ടു നിബഡീകൃതമായിരിക്കുന്നു. എത്രയെത്ര വൈദ്യന്മാരാണ സർവ്വരോഗസംഹാരികളായ ഔഷധഭാണ്ഡങ്ങളും പേറിക്കൊണ്ടു നമ്മുടെ പക്കൽ പിറകെ പിറകെ വരുന്നത്. മരുന്നുകൾ വാങ്ങിച്ചുപയോഗിക്കുന്നതിൽ വൈദികർ വളരെ ഭ്രമക്കാരാണെന്നു ഡാക്കർ വാൾഷ് പറയുന്നത് അമേരിക്കരെ ഉദ്ദേശിച്ചാണെങ്കിലും കേരളീയരായ നമുക്കും അതു ഏറെക്കുറെ പറവുന്നതാണെന്നു പറയേണ്ടിയിരിക്കുന്നു. അദ്ദേഹം എഴുതുന്നു. "എനിക്കു വൈദികരുടെ ഇടയിൽ അനേകം സ്നേഹിതന്മാരുണ്ട്. പലപ്പോഴും അവരുടെ ആതിഥ്യം ഞാൻ സ്വീകരിക്കാറുണ്ട്. എന്നാൽ ഒരുത്തരുടേയും രഹസ്യങ്ങൾ വെളിപ്പെടുത്തണമെന്നുള്ള ഉദ്ദേശമശേഷം കൂടാതെ ഞാൻ പറയുകയാണ്; എന്റെ വൈദികസ്നേഹിതന്മാർ വാങ്ങിച്ചുവച്ചിരിക്കുന്ന ഔഷധങ്ങളുടെ ബഹുലത്വം കണ്ട് ഞാൻ അത്ഭുതപ്പെട്ടുപോയിട്ടുണ്ട്. ചിലക്കു ഒരു അലമാരി നിറയെ സ്റ്റോക്കുണ്ടായിരിക്കും. വളരെപ്പേരും ഓരോ സുഖക്കേടിന്റെ പേരു പറഞ്ഞു അനേകം സേവിക്കുന്നുമുണ്ട്."

വാൾഷ് തുടന്നു പ്രസ്താവിക്കുന്നു. "വൈദ്യന്റെ ഭാഗം അഭിനയിക്കുന്നതിനു പലയാളുകൾക്കും വ്യാമോഹമുണ്ട്. തങ്ങളുടെ സ്നേഹിതന്മാക്കും പരിചിതക്കും ഓരോ സിദ്ധൌഷധങ്ങൾ ഓരോരുത്തർ നിർദ്ദേശിച്ചുകൊടുക്കുന്നതു കണ്ടാൽ വിസ്മയം തോന്നിപ്പോകും. എന്നാൽ വൈദ്യവേഷധാരികളുടെ ഉപദേശമനുസരിച്ചു പ്രവർത്തിക്കുന്നതിൽ ആളുകൾ കാണിക്കുന്ന കൌതുകം ഇതിലും വിസ്മാപകമായിരിക്കുന്നു. നമ്മുടെ ഘടികാരത്തിനു കേടു വന്നാൽ നാം അതു നന്നാക്കുന്നതിനു പരിചയമുള്ളവന്റെ അടുക്കലല്ലാതെ കൊടുക്കയില്ലല്ലൊ. ആകയാൽ ശരീരമാകുന്ന യന്ത്രത്തിന്റെ കേടു തീർക്കാൻ കണ്ണുമടച്ചു ആരുടേയും സഹായം തേടുന്നതു വിഹിതമോ?" 18



www.malankaralibrary.com

"തന്നെത്താൻ ചികിത്സിക്കുന്ന വൈദ്യന്റെ രോഗി ഒരു വിഡ്ഢി"യാണെന്നൊരു പഴഞ്ചൊല്ലുണ്ട്. മുറിവൈദ്യന്മാരിൽ നിന്നു ഒരിക്കലും ഔഷധം സ്വീകരിക്കരുത്. തീരെ കുറച്ചു മാത്രം ഔഷധം കൊണ്ടു നമ്മുടെ രോഗം പൊറുപ്പിക്കുന്നവനാണു ഏററവും സമർത്ഥനായ വൈദ്യൻ. ജഗൽപ്രസിദ്ധനായ ഡാക്ടർ ഒസ്ലീർ (Dr. Osleer) ഇതിനൊരു ദൃഷ്ടാന്തമാണ്. തീരെ കുറച്ചുമാത്രം ഔഷധം അതും തന്റെ ജോലി നല്ലപോലെ അറിയാവുന്ന ഒരു ഭിഷഗ്വരന്റെ നിർദ്ദേശമനുസരിച്ചും ഉപയോഗിക്കുന്ന മനുഷ്യനാണു സാക്ഷാൽ വിവേകി.

ലോകത്തിൽ ഏററവും നിശ്ചയമുള്ളകാര്യം മരണവും ഒട്ടും നിശ്ചയമില്ലാത്തതു മരണനേരവുമാകുന്നു. അഗ്ഗസ്റ്റിനോസ്സപുണ്യവാൻ പറയുംപോലെ നാം എന്തെല്ലാം ചെയ്താലും എങ്ങനെയെല്ലാം സൂക്ഷിച്ചാലും, എവിടെയൊക്കെപോയാലും എന്തെല്ലാം രോഗനിവാരണമാർഗ്ഗങ്ങളന്വേഷിച്ചാലും സുഖക്കേടു പിടിപെടാൻപാടുണ്ട്. ഇതുകൊണ്ടു നാം സൂക്ഷ്മവിഹീനരായി ജീവിച്ച് ദൈവത്തെ പരീക്ഷിക്കണമെന്നില്ല. ആരോഗ്യവും തൽഫലമായ ആയുർദൈർഘ്യവും നിസ്സാരകാര്യങ്ങളെയാണു ആശ്രയിച്ചിരിക്കുന്നതു്, ആകയാൽ ശ്രദ്ധിച്ചാൽ വൈഷമ്യംവിനാ അവയെ അനുഷ്ഠിക്കാൻ ഏവക്കും സാധിക്കും.

ഉപരി ആരോഗ്യപാലനാർത്ഥം നിർദ്ദേശിച്ചിട്ടുള്ള പോംവഴികളെല്ലാം നഷ്ടപ്പെട്ട ആരോഗ്യം പുനഃപ്രാപിക്കുന്നതിനല്ല (അതിനു വിദഗ്ദ്ധോപദേശത്തോടുകൂടിയ ചികിത്സതന്നെ വേണം.) പിന്നെയോ ഉള്ള ആരോഗ്യം ഭംഗംകൂടാതെ സൂക്ഷിക്കുന്നതിനു മാത്രമാകുന്നു.

ഒഡോനൽ എഴുതുന്നു: "ആരോഗ്യസംരക്ഷണത്തിൽ മിതമായ സൂക്ഷം ആവശ്യമാണെങ്കിലും അത്യുൽക്കണ്ഠ ഒരിക്കലും അരുതു്. തങ്ങളുടെ സുഖങ്ങളും അസുഖങ്ങളും എപ്പോഴും ചിന്താവിഷയമാക്കുന്ന ആ പതിവ് കേവലം വജ്ജനീയമാകുന്നു, എന്തുകൊണ്ടെന്നാൽ അതു ആരോഗ്യത്തെ പ്രത്യക്ഷമായി നശിപ്പിക്കയും സൌഭാഗ്യത്തെ പാടെവിപാടനം ചെയ്കയുംചെയ്യുന്നു.



www.malankaralibrary.com

സമർത്ഥനായ ഒരു ഭിഷഗ്വരൻ പറയുന്നു: 'ഇന്നത്തെ രോഗികളെ ജോലിചെയ്തു ജീവിക്കുന്നതിനു നിർബന്ധിക്കയും തങ്ങളുടെ അസുഖങ്ങളെക്കുറിച്ചു വിചാരിച്ച്വിചാരിച്ച് ശുണ്ഠിപിടിക്കുന്നതിനു അവർക്കു അവസരം നൽകാതിരിക്കയും ചെയ്യുന്നതായാൽ അവരിൽ പകുതിപ്പേരെയും സുഖപ്പെടുത്താൻ കഴിയുന്നതാണ്. കാര്യമായി വല്ലതും ഉത്സാഹപൂർവ്വം ചെയ്യുന്നെങ്കിൽ മിക്കവരുടെയും രോഗത്തിനു ശമനം വരുന്നതാകുന്നു. മനോബലമാണു ജീവിതത്തെ വലിച്ചുകൊണ്ടുപോകുന്ന വലിയ ശക്തിയെന്നു നേരാംവണ്ണം ജീവിക്കാൻ ആഗ്രഹിക്കുന്നവരൊക്കെ ഗ്രഹിച്ചിരിക്കേണ്ടതാകുന്നു." 19

## കുറിപ്പുകൾ.

1 Eccl. xxx. 14.
2 Eccl. xxx. 15-16.
3 Epistola Ignati p. 250 quoted in Bodily health and Spiritual vigour.
4 In bodily health and Spiritual vigour. p. 90.
5 Op. cit. p. 17.
6 In Lockingston. p. 18.
7 1 Tim. v. 23.
8 Eccl. xxxvii. 32.
9 Op. cit. p. 80.
10 മലയാളമനോരമ. 1932 ജൂൺ. [11.
11 Sap. iv. 11-13.
12 Op cit p. 194.
13 Priests and long life. ch. 111.
14 Op. cit. p. 30. 32.
15 Op. cit. p. 95.
16 Op. cit. p. 101.
17 ന. ദീപിക. 1932 ജൂലയി. 1.
18 Op. cit.
19 The priest of today. p. 105.

# അദ്ധ്യായം ൰൯.

## തീക്ഷ്ണതയും അതിൻെറ ഫലവും.

"പരിപൂർണ്ണമനസ്സോടുകൂടി നിങ്ങളുടെ ആത്മാക്കൾക്കു വേണ്ടി ഞാൻ ചെലവുചെയ്യുകയും ചെയ്യപ്പെടുകയുംചെയ്യും." 1 കഴിഞ്ഞ അദ്ധ്യായത്തിൽ ശരീരസുഖത്തിൻെറ ആവശ്യകതയെപ്പററി പ്രതിപാദിച്ചു. എന്നാൽ സുഖശരീരം എന്തിന്? അതു



www.malankaralibrary.com

വൃഥാ സുഖിക്കുന്നതിനോ? ഒരിക്കലുമല്ല. ശുശ്രൂഷാന്തിപൂർവ്വം വേല ചെയ്യാത്ത ദീർഘായുസ്സുകൊണ്ടു യാതൊരു ഫലവുമില്ല. നമ്മുടെ ആരോഗ്യത്തെ പാപികളെ നേർവഴിക്കു തിരിക്കുന്നതിനും അറിവില്ലാത്തവരെ പഠിപ്പിക്കുന്നതിനും രോഗികളെ സന്ദർശിക്കുന്നതിനും, ദുഃഖിതരെ ആശ്വസിപ്പിക്കുന്നതിനും മററിവിധമുള്ള പരസ്നേഹപ്രവൃത്തികൾക്കായിട്ടു വിനിയോഗിക്കേണ്ടതാകുന്നു. 'നീ പൌരോഹിത്യത്തിൽ പ്രവേശിച്ചതു നിരുപയോഗവും അലസതാഭരിതവുമായ ജീവിതം നയിക്കുന്നതിനാണോ'? എന്നു മില്ലേ (Millet) ചോദിക്കുന്നു. അപ്പോസ്തോലന്മാരും അവരുടെ പിൻഗാമികളും മ്ശിഹാ രാജനുവേണ്ടി തങ്ങളുടെ അയുസ്സിനെ പൂജിച്ചില്ലയോ?

പൌരോഹിത്യത്തെക്കുറിച്ചുള്ള തിരുവെഴുത്തിൽ പതിനൊന്നാംപീയൂസ് മാപ്പാപ്പാ തിരുമനസ്സുകൊണ്ടു ഭക്തിതീക്ഷ്ണതയെപ്പററി പ്രസ്താവിച്ചിരിക്കുന്നതിപ്രകാരമാണ്: "ഇങ്ങനെ കത്തോലിക്കപുരോഹിതൻ കുടുംബത്തോടും തൻകാഴ്ച്ചങ്ങളോടുമുള്ള ബന്ധങ്ങളിൽനിന്നും വിമുക്തനാകുന്നു. ഇവയാണല്ലൊ അദ്ദേഹത്തെ ഈ ലോകത്തോടു പ്രഗാഢം കെട്ടിപ്പിണയ്ക്കാൻ കഴിയുന്ന പ്രധാനബന്ധങ്ങൾ. ഇപ്രകാരം വിമുക്തനാകുന്നപക്ഷം, അദ്ദേഹത്തിൻെറ ഹൃദയത്തിന് ഈശോയുടെ ഹൃദയത്തിൽ കത്തുന്നതും അപ്പോസ്തോലഹൃദയങ്ങളെ കത്തിജ്ജ്വലിപ്പിക്കണമെന്നും അവ വഴിയായി "ഭൂമിയിലെങ്ങും തീയിടണ"മെന്നും മാത്രം ആഗ്രഹിക്കുന്നതുമായ ഈശോയുടെ ഹൃദയത്തിലെ സ്വർഗ്ഗീയവഹ്നിയുടെ സഹായത്താൽ കത്തിജ്ജ്വലിക്കുന്നതിനു അധികം എളുപ്പമായിരിക്കും. ഈവിധം കത്തിജ്ജ്വലിക്കുന്ന വഹ്നിയാണു ഭക്തിതീക്ഷ്ണത. വേദപുസ്തകത്തിൽ വർണ്ണിച്ചിരിക്കുന്ന ഈശോയുടെ ഭക്തിതീക്ഷ്ണതയെപ്പോലെതന്നെ ദൈവമഹത്വത്തെയും ആത്മാക്കളുടെ രക്ഷയേയുംകുറിച്ചുള്ള പുരോഹിതൻെറ ഭക്തിതീക്ഷ്ണത അദ്ദേഹത്തെ കത്തിദഹിപ്പിക്കേണ്ടതാണ്. തന്നെത്തന്നെയും ഭൌതികങ്ങളായ സകലത്തെയും വിസ്മരിക്കാൻ അതു അദ്ദേഹത്തെ പ്രേരിപ്പിക്കേണ്ടതാണ്. താൻ വഹിക്കുന്ന അത്യുൽകൃഷ്ടമായ ഉദ്യോഗത്തിൻെറ നിർവ്വഹണത്തിന് തന്നെത്തന്നെ പ്രതിഷ്ഠിക്കുവാ



www.malankaralibrary.com

നം, തൻെറ പ്രേഷിതവൃത്തി കൂടുതൽകൂടുതൽ വിപുലവും ഗുണകരവുമാക്കുന്നതിനു അധികമധികം ഉപയുക്തങ്ങളായ മാർഗ്ഗങ്ങളെ തേടിപ്പിടിക്കുന്നതിനും അതു അദ്ദേഹത്തെ ശക്തിയായി പ്രോത്സാഹിപ്പിക്കേണ്ടതുമാണ്."

വേദപുസ്തകത്തിൽ തീക്ഷ്ണതയുള്ളവനെ സൂര്യൻ, മേഘം, മിന്നൽപിണർ, അസ്ത്രം, നക്ഷത്രം ഇവയോടാണുപമിച്ചിരിക്കുന്നതു്. ക്രിസ്തുനാഥൻ തൻെറ പ്രേഷിതനു നൽകുന്ന എല്ലാ നാമങ്ങളും ബുദ്ധിമുട്ടും, ക്ഷമയും വിഷമവും സൂചിപ്പിക്കുന്നവകളാണ്. സുവിശേഷപ്രസംഗകൻ ഒരു യോദ്ധാവാകുന്നു; ആകയാൽ ആത്മാക്കളെ രക്ഷിക്കുന്നതിനു സധീരം പോരാടണം. അവൻ ഒരു മീൻപിടുത്തക്കാരനാകുന്നു; ആകയാൽ ഒരു കൈവർത്തകനെപ്പോലെ ക്ഷമാപൂർവ്വം നോക്കിയിരിക്കണം. അവൻ ഒരു കൊയിത്തുകാരനാകുന്നു; ആകയാൽ കാദശേഖരണാർത്ഥം മഴയും വെയിലും മടികൂടാതെ ഏൽക്കേണ്ടിയിരിക്കുന്നു. അവൻ ഒരു കാര്യവിചാരിപ്പുകാരനാകുന്നു; ആകയാൽ അവൻെറ കാര്യവിചാരണയുടെ ശരിയായ കണക്കു കേൾപ്പിക്കണം. അവൻ ഒരു ആട്ടിടയനാകുന്നു; ആകയാൽ കൂട്ടംവിട്ട ആടിനെ കാട്ടുംമലയും കയറി അന്വേഷിക്കണം. പട്ടക്കാരൻ വി. പൌലോസു പറയുംപോലെ ബലവാന്മാക്കും ബലഹീനന്മാക്കും, പണ്ഡിതന്മാക്കും പാമരന്മാക്കും കടപ്പെട്ടവനത്രെ.

പൌരാണികസംസ്കാരത്തിൻെറ കേന്ദ്രമായി പരിലസിച്ചിരുന്ന അത്തെൻസ് (Athens) പട്ടണത്തിൽ പ്രവേശിക്കുന്ന പൌലോസ് അപ്പസ്തോലനെ വീക്ഷിക്കുക. അവിടത്തെ മഹോന്നതങ്ങളായ സൌധങ്ങളോ കേൾവികേട്ട സ്മാരകങ്ങളോ ശില്പകലാവൈശിഷ്ട്യത്തെ പ്രസ്പഷ്ടമാകുന്ന വിചിത്രവേലകളോ ശ്ലീഹായുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നില്ല. അദ്ദേഹത്തിൻെറ ദൃഷ്ടിയിൽപെടുന്ന സംഗതികൾ അവിടത്തെ വിഗ്രഹാരാധനയും അസാന്മാർഗ്ഗികനടപടികളും മാത്രമാണ്. "വിഗ്രഹാരാധനയിൽ ലയിച്ചിരുന്ന ആ പട്ടണം കണ്ടപ്പോൾ അവൻെറ അരൂപി അന്തരംഗത്തിൽ പ്രചലിച്ചു." [2] എന്നാൽ അപ്പസ്തോലൻെറ സ്ഥാനത്തു



www.malankaralibrary.com

മടിയനും ശുഷ്കാന്തിവിഹീനനുമായ ഒരു പ്രേഷിതൻ ആ പട്ടണത്തിൽ കാലുകുത്തിയിരുന്നെങ്കിൽ എന്തായിരിക്കുമായിരുന്നു അനുഭവം; അദ്ദേഹം മിക്കവാറും അവിടത്തെ കൌതുകകാഴ്ചകളും കൊത്തുപണികളും നോക്കി രസിച്ചുനിന്നുപോകുമായിരുന്നു. അപ്പസ്തോലൻെറ സ്ഥിതിയാകട്ടെ എത്ര വിഭിന്നം. അജ്ഞാനാന്ധകാരത്തിൽ തപ്പിത്തടയുന്ന ആ ജനതയെ എവ്വിധം സത്യദൈവത്തിങ്കലേക്കു ആനയിക്കേണ്ടു എന്ന ഏകചിന്തമാത്രമെ അദ്ദേഹത്തിൻെറ മനസ്സിൽ ഉദയം ചെയ്യുന്നുള്ളു. ശ്ലീഹായുടെ പ്രസംഗധ്വനി വിദഗ്ദ്ധസദസ്സായ 'അറിയോപ്പാഗുസി'ലും മാറെറാലിക്കൊണ്ട് വിസ്മയാവഹങ്ങളായ മാനസാന്തരങ്ങളെ ഉളവാക്കില്ലയൊ.

ശവരിയാർ പുണ്യവാൻെറ തീക്ഷ്ണത ചരിത്രപ്രസിദ്ധമാണല്ലൊ. പുണ്യവാൻ ഇൻഡ്യയിൽനിന്നും ഒരിക്കൽ ഇപ്രകാരമെഴുതി. 'യൂറോപ്പിലേക്കു മടങ്ങി അവിടെയുള്ള സർവ്വകലാശാലകളിൽ പ്രത്യേകിച്ചു പാരീസിൽ, പരസ്നേഹത്തെക്കാൾ കൂടുതലായി പഠിപ്പിനെ വിലമതിക്കുന്ന പണ്ഡിതന്മാരോടു എത്ര ആത്മാക്കൾ 'നിങ്ങളുടെ ഉപേക്ഷ മൂലം നശിക്കുന്നു' എന്നു കരഞ്ഞുകൊണ്ടു് വിളിച്ചറിയിപ്പാൻ പലപ്പോഴും എനിക്കു വിചാരം വരുന്നുണ്ടു്.'

ഭക്തി തീക്ഷ്ണതയിൽ അതിസ്വാഭാവികമായ ഒരു ശക്തിയുണ്ടു്; അതു അനുതാപിയെ സ്വീകരിക്കുമ്പോൾ മെഴുകുപോലെ മാർദ്ദവമുള്ളതെങ്കിൽ പ്രമാണലംഘകനെ തടയുന്നകാര്യത്തിൽ കൃഷ്ണശിലാസന്നിഭം ഉറപ്പുള്ളതാകുന്നു. ദൈവത്തിൻെറ പ്രമാണങ്ങളും തിരുസഭയുടെ അവകാശങ്ങളും പാലിക്കേണ്ട അവസരങ്ങളിൽ, ശുഷ്കാന്തിയുള്ള വൈദികൻ യാതൊന്നും ഭയപ്പെടുന്നില്ല. ദേവാലയത്തിൽ ധൂമം അപ്പിക്കുന്നതിനു ഭാവിച്ച ഓസ്സിയാസ്സ്‌രാജാവിനോടു അസ്സറിയാസ് എന്ന പുരോഹിതൻ ഇപ്രകാരം പറഞ്ഞു. 'അല്ലയോ ഓസ്സിയാസ്സ് രാജാവെ! കർത്താവിനു ധൂമം വീശുക പുരോഹിതന്മാരുടെ അതായതു ദൈവശുശ്രൂഷക്കു പ്രത്യേകം പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന അഹറോൻെറ സന്തതികളുടെ ജോലിയാകുന്നു; വിശുദ്ധ സ്ഥലത്തെ അശുദ്ധമാക്കാതെ



www.malankaralibrary.com

അവിടെനിന്ന ഇറങ്ങിപ്പോകുക' [3] ക്രിസോസ്തോമ്മസ്' പുണ്യവാൻ ഈ വാക്യത്തെപ്പററി ഇങ്ങനെ എഴുതുന്നു. 'അഭിപ്രായധീരത കാണുക, അടിമത്വം വെടിഞ്ഞ മനസ്സിനേയും സ്വർഗ്ഗത്തോളം എത്തുന്ന നാവിനേയും ആക്കും അമർച്ചചെയ്യാൻ വഹിയാത്ത സ്വാതന്ത്ര്യത്തേയും കാൺക, ഭൂമിയിൽ വസിക്കുന്നവനേയും സ്വർഗ്ഗത്തു വ്യാപരിക്കുന്നവനേയും കാൺക.' [4] "എന്തുകൊണ്ടെന്നാൽ അവൾ നിനക്ക ഭാര്യയായിരിക്കാൻ പാടില്ല" [5] എന്ന ഹേറോദേശിനോട നിർവിശങ്കം മേഘഗർജ്ജനം ചെയ്യുന്നതിന തുനിഞ്ഞ യോഹന്നാൻ സ്ഥാപകൻ അപ്പസ്തോലികധീരതയുടെ എത്ര വലിയ ദൃഷ്ടാന്തമാണ പ്രദാനം ചെയ്യുന്നത്? എവുദോക്സിയാ ചക്രവത്തിനിയെ ശാസിക്കുക നിമിത്തം സ്വരാജ്യത്തുനിന്ന ബഹിഷ്കൃതനായി ദാരിദ്ര്യത്തിലും ദുഃഖത്തിലും പ്രാണനെ വെടിയേണ്ടിവന്ന വി. യോഹന്നാൻ ക്രിസോസ്തോമ്മസിനെക്കുറിച്ചുള്ള നമ്മുടെ മതിപ്പു കുറയുന്നുണ്ടോ? വി. അംബ്രോസീസ്സ് തെയോദോസിയസ്സ് ചക്രവത്തിയെ ദേവാലയപ്രവേശനത്തിൽ നിന്ന തടഞ്ഞ കഥ സുപ്രസിദ്ധമാണല്ലൊ. ദൈവപ്രമാണത്തിൻെറ പരിശുദ്ധിയെ സംരക്ഷിക്കുന്ന കാര്യത്തിൽ ക്രിസ്തുവിൻെറ പുരോഹിതൻ ആരുടേയും മുഖംനോക്കി പ്രവത്തിപ്പാൻ പാടില്ല.

തീക്ഷ്ണത വിവേകത്തോടുകൂടിയതായിരിക്കണം, അല്ലാത്തപക്ഷം ഈ തി ശുദ്ധി ചെയ്യുന്നതിനുപകരം ദഹിപ്പിച്ചുകളയും. വഴി പിഴച്ച ശുഷ്ക്കാന്തി നൈരാശ്യം ജനിപ്പിക്കുകയും മതഭ്രാന്തായി രൂപാന്തരപ്പെടുകയും ചെയ്യാൻ എളുപ്പമുണ്ട്. ഒരു യുവവൈദികൻ ശ്ലേമ്മോൻെറ താഴെ വരുന്ന പ്രാത്ഥന അനുദിനം ചൊല്ലട്ടെ എന്ന ഭക്തനായ ഒരു ഗ്രന്ഥകാരൻ ഉദ്ബോധിപ്പിക്കുന്നു. "ഞാൻ എൻെറ ആഗമനവും നിർഗമനവും അറിവാൻ പാടില്ലാത്ത ഒരു ചെറിയ കുട്ടിയാകുന്നു... നിൻെറ ജനത്തെ വിധിക്കുന്നതിനും നന്മയും തിന്മയും തമ്മിൽ തിരിച്ചറിയുന്നതിനും തക്ക പഠിപ്പുള്ള ഹൃദയത്തെ നിൻെറ ദാസനു നൽകേണമെ." [6]

യഥാത്ഥമായ തീക്ഷ്ണത സാർവ്വത്രികമാകുന്നു, അതു ഇടവക ഒട്ടുക്ക വ്യാപിക്കുന്നു. ഇതേപ്പററി ഫാദർ മില്ലെ പറയുന്നതു



www.malankaralibrary.com

കേൾക്കുക. "ചില വൈദികരുടെ തീക്ഷ്ണത വളരെ സങ്കുചിതമാകുന്നു. കുറെ ഭക്തകളായ സ്ത്രീകൾ മാത്രമെ അവരുടെ ശുശ്രൂഷാന്തിക്കു വിഷയീഭവിക്കുന്നുള്ളു. അവർ ഇടവകയിലെ പ്രത്യേക വിഭാഗമായി ഗണിക്കപ്പെടുകയും വൈദികൻെറ സമയമെല്ലാം അവക്കായി വിനിയോഗിക്കപ്പെടുകയും ചെയ്യുന്നു. ഏതത്ഫലമായി ഇടവകയിലെ മററു സ്ത്രീകളും വിശിഷ്യാ പുരുഷന്മാരും ഉപേക്ഷിക്കപ്പെടുന്നു. ഇതിൽപ്പരം മൌഢ്യമെന്താണുള്ളത്. ചില വികാരിമാർ തങ്ങളുടെ അസിസ്റ്റേന്തിമാരെ വെറും ത്യാജ്യകോടിയിൽ തള്ളിയിട്ട്, അവർ തന്നെ– ഇടവക എത്ര വിപുലമായിരുന്നാലും– എല്ലാജോലിയും നേരിട്ടു നടത്തുന്നു. അവർതന്നെ പ്രസംഗിക്കയും ഉപദേശിക്കയും ഭക്തസംഘങ്ങൾ നടത്തുകയും എന്നുവേണ്ടാ എല്ലാ സംരംഭങ്ങളിലും തലയിടുകയും ചെയ്യുന്നു. എല്ലാം അവരുടെ ഹസ്തങ്ങളിലൂടെ കടന്നെങ്കിലെ ശരിപ്പെടുകയുള്ളുപോൽ. തല കാലിൻെറ പ്രവൃത്തി ചെയ്യുന്നതുചിതമല്ല. മേൽനോട്ടം വഹിക്കേണ്ടടത്തു വികാരി അതു മാത്രമെ ചെയ്യാവൂ. അല്ലാത്തപക്ഷം ഒന്നും ശരിയായി ചെയ്യാൻ സാധിക്കയില്ല; കണ്ടാലും സ്ഥാനം തെററിയ തീക്ഷ്ണത! നേരെ മറിച്ചു തൻെറ വികാരിയുടെ നേതൃത്വത്തിലും സഹകരണത്തിലും വേല ചെയ്യുന്നതിനു പകരം, ഇടവകയിൽ സ്വന്തമായി ഒരു 'പാർട്ടി' രൂപവൽക്കരിച്ച്; അങ്ങനെ ഇടവകയിൽ തന്നെ വേറൊരിടവക സൃഷ്ടിക്കുന്നതിനു– അൾത്താരിക്കെതിരായി അൾത്താരി വയ്ക്കുന്നതിനു– തീവ്രയത്നം ചെയ്യുന്ന ഒരു അസിസ്റ്റേന്തിക്കും യഥാർത്ഥമായ തീക്ഷ്ണതയുണ്ടെന്നു സമർത്ഥിക്കാമോ?" 7

തീക്ഷ്ണതയുള്ള ഒരു വൈദികൻെറ ഹൃദയത്തെ കാസ്സിദോത്രുസു ഇപ്രകാരമാണു വർണ്ണിക്കുന്നതു: "അതു ചെറുതെങ്കിലും ഭൂലോകം മുഴുവനും അടക്കികൊള്ളുന്ന ഒരു അവയവവും അവേഹിക്കപ്പെടുന്ന ഒരു സ്വർഗ്ഗവുമാകുന്നു. അതിൻെറ ഔദാര്യങ്ങളും ദാനധർമ്മങ്ങളും സൂര്യപ്രകാശംപോലെ സാർവ്വത്രികമത്രെ. ചുരുക്കത്തിൽ ഭൂലോകത്തിൻെറ ഒരു ഹ്രസ്വരൂപമാകുന്നു അതു്." "ഞാൻ ഭൂമിയിൽ തീ ഇടുവാൻ വന്നിരിക്കുന്നു; അതു പണ്ടേതന്നെ കത്തി



www.malankaralibrary.com

യിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നല്ലാതെ ഞാൻ എന്തു ഇച്ഛിക്കുന്നു." 8 ഈ അഗ്നി ഈശോമ്ശിഹാ ആദ്യമായി തന്റെ അപ്പോസ്തോലന്മാരിൽ കത്തിച്ചു, അവർ വഴിയായി തന്റെ പട്ടക്കാരിലും അതു കത്തിക്കപ്പെടുന്നു. തീക്ഷ്ണതകൂടാതെ പാപികളുടെ മാനസാന്തരം സാദ്ധ്യമല്ല. 'ചൂടില്ലാത്തവൻ ജ്വലിക്കുന്നില്ല' എന്നു മഹാനായ വി. ഗ്രിഗോരി പറയുന്നു.

മില്ലെ പറയുന്നു: "ശുഷ്കാന്തിയുള്ള പുരോഹിതൻ തന്റെ ജോലി ഒരു കമ്പനിമാനേജരേയൊ അഫീസ് ക്ലേർക്കിനേയൊ പോലല്ല നിർവഹിക്കുന്നത്. അവൻ കുഅപ്പൂസമയത്തു ഏതാനും കുമ്പസാരങ്ങൾ കേൾക്കുന്നതുകൊണ്ടോ, ആളുകൾവന്നു നിർബന്ധിക്കുമ്പോൾ രോഗികളെ സന്ദർശിക്കുന്നതുകൊണ്ടോ, ദൈവഭക്തിയെക്കുറിച്ചു പൊതുവെ എപ്പോഴും പ്രസംഗിക്കുന്നതുകൊണ്ടോ തൃപ്തിപ്പെടുന്നില്ല." 9 തന്റെ സൂക്ഷത്തിനു ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ഇടവകയെ എങ്ങനെ നന്നാക്കേണ്ടുവെന്നാണു ശുഷ്കാന്തിയുള്ളവന്റെ നിരന്തരചിന്ത. ആ ഇടവകയിൽനിന്നു ആരെങ്കിലും നശിച്ചുപോകുന്നതായാൽ നിത്യപിതാവായ ദൈവം തന്നോടു കണക്കുചോദിക്കുമെന്നു അവൻ അറിയുന്നു. ആകയാൽ ദുരാചാരങ്ങളെ ദൂരീകരിക്കുന്നതിനും, അസാന്മാർഗ്ഗിക നടപടികളെ തടയുന്നതിനും അവൻ സർവ്വാത്മനാ യത്നിക്കുന്നു. എങ്ങിനെയാണു തിരുകർമ്മങ്ങളെ ആകർഷണീയങ്ങളാക്കുക, എവ്വിധമാണു കുർബാന കാണുന്നവരുടെ സംഖ്യവർദ്ധിപ്പിക്കുക, എപ്രകാരമാണു് വൃഥാ സമയം വ്യയംചെയ്തു് ഓരോ ഏടാകൂടത്തിൽ ചെന്നുചാടുന്ന യുവജനങ്ങളെ കൂട്ടിചേർത്തു് നേർവഴിക്കു തിരിക്കുക, ഇത്യാദിചിന്തകൾ ഭക്തിതീക്ഷ്ണതയുള്ള ഒരുവന്റെ അന്തരംഗത്തെ അന്ദോളിതമാക്കി ചെയ്യുന്നു. വിശുദ്ധ കുർബാനയുടെ നേർക്കുള്ളഭക്തി വർദ്ധിപ്പിക്കുന്നതിനും, വേദപ്രചാരം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങളിൽ ആളുകളുടെ ഔദാര്യം വർദ്ധിപ്പിക്കുന്നതിനും അഭിനിവേശമുള്ള പുരോഹിതൻ ശ്രമിക്കാതിരിക്കയില്ല. തന്റെ മിഷ്യൻരംഗത്തു് ദുർമ്മാർഗ്ഗജീവിതത്തിന്റെ വളർച്ചയെ തടഞ്ഞു്, സദ്വൃത്തി നട്ടുപിടിപ്പിക്കുന്നതിനു സഹോദരവൈദികരുടെയും സന്ന്യാസ



www.malankaralibrary.com

സഭാംഗങ്ങളുടെയും സഹായസഹകരണങ്ങൾ ശുശ്രൂഷാന്തിയുള്ള. വൻ അഭ്യർത്ഥിക്കുന്നു. പുറമെ സങ്കീട്ടു കുറവാണെങ്കിലും ഇടവക. യിലെ വീടുകളിലെല്ലാം വളരെ ക്ലേശങ്ങൾ സഹിച്ച് ആണ്ടു. തോറുംപോയി അവൻ അവയെ വെഞ്ചരിക്കുന്നു. തിരുസഭയി ലെ വാത്സല്യക (Sacramentals) ളുടെ വിവേകപൂർണ്ണമായ ഉപ യോഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തീക്ഷ്ണതയുള്ളവനു അ റിയാം. പൌരോഹിത്യശുശ്രൂഷാന്തിക്കു മകുടോദാഹരണങ്ങളായ പ്ര സ്താവിതസംഗതികളെക്കുറിച്ചു വ്യക്തിപരമായിക്കൂടി ചിലതെ ല്ലാം പ്രസ്താവിച്ചുകൊള്ളട്ടെ.

### രോഗശുശ്രൂഷകൾ.

ക്രിസ്തുനാഥൻ തൻെറ ഭൌമജീവകാലത്തു രോഗികളോടു. പ്രത്യേകപക്ഷം കാണിച്ചിരുന്നു. അവിടുന്നു പലപ്പോഴും അന്ധ ന്മാർക്കു കാഴ്ചയും, ചെകിടന്മാർക്കു കേൾവിയും, മുടന്തന്മാർക്കു നടക്കാ നുള്ള വശവും നൽകിയിട്ടുണ്ട്. "ഈശൊ പട്ടണങ്ങളിലും ഗ്രാമ ങ്ങളിലുമെല്ലാം ചുററിസഞ്ചരിച്ച് . . . . സകല രോഗങ്ങളും സ കല വ്യാധികളും സുഖപ്പെടുത്തുകയും ചെയ്തിരുന്നു." 10 മ്ശിഹാ. തൻെറ ശിഷ്യന്മാരെ സുവിശേഷപ്രസംഗത്തിനയച്ചപ്പോൾ നൽ കിയ ഉപദേശം ഇപ്രകാരമാണ്. "നിങ്ങൾ ഏതെങ്കിലും പട്ട ണത്തിൽ പ്രവേശിക്കയും നിങ്ങളെ അവർ കൈക്കൊള്ളുകയും. ചെയ്യുമ്പോൾ . . . അതിൽ രോഗബാധിതരായിരിക്കുന്നവരെ സുഖ പ്പെടുത്തുവിൻ." 11 അപ്പോസ്തോലന്മാരുടെ പിൻഗാമികളായ വൈ ദികരുടെ പ്രധാന കടമകളിലൊന്നു ദീനാനുകമ്പയാണ്. മാ. നിംഗ് പറയുന്നു. 'ഒരു വികാരിയുടെ രണ്ടു പ്രമുഖ ചുമതലകൾ കുട്ടികളെ ജീവിതമെന്ന സമരത്തിനും രോഗികളെ മരണനേര ത്തെ അവസാന സമരത്തിനും ഒരുക്കുകയത്രെ; പള്ളിക്കൂടവും ദീനമുറിയുമാകുന്നു ശുശ്രൂഷാന്തിയുടെ രണ്ടു രംഗങ്ങൾ." 12 രോഗിക ളോടു കത്തോലിക്കാ വൈദികർ കാണിക്കുന്ന സ്നേഹവും സഹതാ പവും കത്തോലിക്കരുടെ മാത്രമല്ല കത്തോലിക്കേതരന്മാരുടേയും. അഭിനന്ദനത്തിനു പാത്രീഭവിക്കുന്നുണ്ട്.



www.malankaralibrary.com

ബിഷപ്പ് മൊരിയാർട്ടി പറയുന്നു. 'മനുഷ്യരേക്കൊണ്ടു സഭയേയും അതിൻെറ പ്രബോധനങ്ങളേയും സ്നേഹിപ്പിക്കുന്നതിനു ഇതിനുപരി ശുശ്രൂഷ നമുക്കില്ല. മിലാൻ പട്ടണത്തിൽ പ്ലേഗ്ഗ ബാധിച്ചയവസരത്തിൽ പി. ചാറല്ലസ് ബൊറേമ്മേയോ പ്രദശിപ്പിച്ച ധൈയ്യവും ത്യാഗവും കഥാപ്രസ്സുകങ്ങളിൽക്കൂടി പ്രകീത്തിതമാകുന്നു സുഖമൊ സൌകയ്യമൊ നോക്കാതെ അദ്ധരാത്രി സമയത്തും നട്ടുച്ചയ്ക്കും ഉറക്കവും ഊണുമുപേക്ഷിച്ച് മഴയും വെയിലും വകവെയ്ക്കാതെ കാടും മലയും തരണം ചെയ്ത്, കത്തോലിക്ക പുരോഹിതൻ ചെററക്കടിലിലേയ്ക്കു കൂടി കയറി ചെല്ലുന്നതിനേയും, കോളറായൊ, പനിയൊ പിടിച്ചവൻെറ സമീപെ ശാന്തമായി നിൽക്കുന്നതിനേയും, വശഹീനനായ രോഗി സ്വതന്ത്രമായി കുമ്പസാരിക്കുന്നതിനു അവൻെറ അധരത്തിൽ നിന്നു വമിക്കുന്ന ദൂഷിച്ച വായു അറപ്പും വെറുപ്പുംവിനാ ഏൽക്കുന്നതിനേയും ആളുകൾ കാണുമ്പോൾ അവർ എങ്ങിനെ അദ്ദേഹത്തെ സ്നേഹിക്കയും ആദരിക്കയും ചെയ്യാതിരിക്കും?" 13

ദുഃഖിച്ചേറെ മനംകലങ്ങി മരണം പ്രാപിക്കുവാൻ നേരമായ്
കഷ്ടപ്പെട്ടു കിടപ്പു മത്ത്യനൊരുവൻ പാരിച്ച പാപത്തൊടെ
വന്ദ്യൻ വൈദികനാഗമിച്ചഘഗണം പോക്കുന്നു തന്മാത്രയിൽ
നൈരാശ്യം വൃഥതൊട്ടതററു തരസാ മോദത്തിൽമുങ്ങുന്നവൻ..

ഇപ്രകാരമാണ് ഗോൾഡ്സ്മിത്ത് എന്ന കവിപുംഗവൻ ദീനകിടക്കയുടെ അട്ടത്തു നിൽക്കുന്ന പുരോഹിതനെ വണ്ണനം ചെയ്യുന്നതു്.

കർദ്ദിനാൾ ഗിബൺസ് പറയുന്നു. "രോഗികളെ അന്വേഷിക്കുന്നതിൽ അശ്രദ്ധരായ ചില ദൈവശുശ്രൂഷികളുണ്ട്, ഭാഗ്യവശാൽ അവരുടെ സംഖ്യ വളരെ തുച്ഛമാണ്. രാത്രിയിൽ ലഭിക്കുന്ന രോഗഅറിയിപ്പുകൾ അവർ വൈമനസ്യത്തോടെ സ്വീകരിക്കുന്നു. അഗതനോടു കോപത്തോടെ സംസാരിക്കയും വെളുക്കുന്നതുവരെ താമസിക്കാൻ പാടില്ലാത്തവണ്ണം ദീനം അത്രക്കു അപകടകരമല്ലെന്നു അവർ അഭിപ്രായപ്പെടുകയും ചെയ്യുന്നു.



www.malankaralibrary.com

ചിലപ്പോൾ ആളുകൾ രോഗവിവരം പ്രസ്താവിക്കുന്നതിൽ അതിശയോക്തി പ്രയോഗിക്കുന്നുണ്ടെന്നുള്ളതു വാസ്തവമാണ്; എന്നാൽ ഈ അതിവർണ്ണനയ്ക്കു വേറ്റു പട്ടക്കാരന്റെ വിമുഖതയല്ലെന്നാരറിഞ്ഞു. ഏററവും അപൽക്കരമായി രോഗാവസ്ഥ ചിത്രിക്കപ്പെടാത്ത പക്ഷം രോഗി അന്ത്യകൂദാശകൾ കൂടാതെ മരിച്ചെന്നു വരാം" 14 ആസന്നമരണനായി കിടക്കുന്നവനു ഒരു തീക്ഷ്ണതയുള്ള വൈദികന്റെ സ്വരം ഒരു ദൈവദൂതന്റെ സ്വരമാകുന്നു. മറെറല്ലാശക്തികൾ പോയാലും ശ്രവണശക്തി നിൽക്കുന്നു എന്നാണു പറയപ്പെട്ടിരിക്കുന്നതു്. ആകയാൽ ഈശോ മറിയം യൌസേപ്പു തുടങ്ങിയ സുകൃതജപങ്ങൾ അവസാന നിനാഴികവരെ ചൊല്ലിക്കൊടുക്കേണ്ടതാകുന്നു. അന്ത്യവിമോചനം നൽകി ഒരാത്മാവിനെ ദൈവത്തിൻപക്കലേയ്ക്കയയ്ക്കുന്ന പട്ടക്കാരനുണ്ടാകുന്ന സന്തുഷ്ടിയാണു സാക്ഷാൽ സന്തുഷ്ടി.

### അന്ത്യലേപനവും തിരുപ്പാഥേയവും.

വിശുദ്ധ തൈലംകൊണ്ടു രോഗിയുടെ പ്രധാന അവയവങ്ങൾ പൂശപ്പെടുന്നു; ഇതു അവയെ പാപകറയിൽനിന്നു വിശുദ്ധീകരിക്കുന്നതിനത്രെ. 'പരിശുദ്ധമായ ഈ അഭിഷേകവും തന്റെ ഇമ്പകരമായ കാരുണ്യവും വഴിയായി നീ,-ഉം. കണ്ണിന്റെ ദോഷത്വംകൊണ്ടു – വിഴച്ചതെല്ലാം ദൈവം നിന്നോടു ക്ഷമിക്കട്ടെ.' ഈ അപേക്ഷ എത്ര അർത്ഥഗർഭവും ഗംഭീരവുമാകുന്നു. അന്ത്യലേപനം ആത്മാവിന്റെ മാത്രമല്ല ചിലപ്പോൾ ശരീരത്തിന്റെ അലസ്യംകൂടി സുഖപ്പെടുത്തുന്നുണ്ടു്. "രോഗികളുടെ മേൽ അവരുടെ കൈകൾവെയ്ക്കും, അവർ സുഖം പ്രാപിക്കയുംചെയ്യും." 15

സ്റ്റാംഗ് പറയുന്നു. "അന്ത്യലേപനമെന്ന കൂദാശയെക്കുറിച്ചും; (തിരുപ്പാഥേയംകൂടി ഇവിടെ ഉൾപ്പെടുത്താം) പട്ടക്കാരൻ ഭവനത്തിൽവരുമ്പോൾ ഒരുക്കേണ്ട സംഗതികളെക്കുറിച്ചും വികാരി ആണ്ടിൽ ഒരു പ്രസംഗമെങ്കിലും പറയേണ്ടതാണ്. രോഗി കിടക്കുന്ന മുറി വെടിപ്പുള്ളതായിരിക്കണം, ഏതു ചെറുകുടിലും തുത്തു വെടിപ്പാക്കി ഇടാൻ സാധിക്കുന്നതാണല്ലോ. പട്ടിയോ പൂച്ച



www.malankaralibrary.com

-യോ അകത്തു കയറുന്നതിന് അനുവദിക്കരുത്. വിശുദ്ധ സൈത്തു പൂശുന്നതിനുള്ള ശരീരഭാഗങ്ങളായ കണ്ണു, ചെവി, നാസികാദ്വാരങ്ങൾ, അധരം, കൈകൾ, പാദങ്ങൾ ഇവ പട്ടക്കാരൻ വരുന്നതിനു മുമ്പേതന്നെ കഴുകി വെടിപ്പാക്കേണ്ടിയിരിക്കുന്നു. വെള്ളത്തുണി വിരിച്ച ഒരു മേശയുടെ പുറത്തു താഴെപറയുന്ന സാധനങ്ങൾ- ഒരു തൂങ്ങപ്പെട്ടരൂപം, രണ്ടു മെഴുകുതിരി, ഒരു പാത്രത്തിൽ കുറെ ഹന്നാൻവെള്ളം, ഒരു ചെറിയ തുവാല, ഒരു തമ്പ്ളേർ വെള്ളം, ഒരു കരണ്ടി (കയിൽ) രണ്ടുമൂന്നു അപ്പക്കഷണങ്ങൾ, അല്പംപഞ്ഞി, ഒരു കൈത്തുവാല— ഇവ വെച്ചിരിക്കണം." 16 ആത്മാക്കളുടെ ശുശ്രൂഷ കയ്യേററിരിക്കുന്ന ഏതൊരു വൈദികനും ഈ ക്രമീകരണത്തെ സ്തുതിക്കാതിരിക്കയില്ല. വിശ്വാസം ദൃഢതരമായിരിക്കുന്ന പാശ്ചാത്യരാജ്യങ്ങളിൽ ഏവംവിധമുള്ള ഒരുക്കങ്ങളാണു ശരിയായ ക്രിസ്തീയഭവനങ്ങളിൽ ചെയ്യപ്പെടുന്നതു്. കേരളത്തിൽ ഈ തോതിൽ ഒരുക്കങ്ങളെല്ലാം നിർവ്വഹിക്കുക സാദ്ധ്യമല്ലെന്നു സമ്മതിക്കുന്നു. എങ്കിലും ഇവിടെയും ഇക്കാര്യത്തിൽ ചില അഭ്യസനങ്ങൾ വിശ്വാസികൾക്കു ആവശ്യമായിരിക്കുന്നു. സൈത്തു പൂശുന്നതിനുള്ള ഭാഗങ്ങൾ കഴുകിവെടിപ്പാക്കപ്പെടണമെന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധേയമാണ്. കഴുകാൻ സാധിക്കാത്തപക്ഷം, അവ നല്ല തുണികൊണ്ടു തുടച്ചെങ്കിലും വൃത്തിയാക്കപ്പെടേണ്ടതാകുന്നു. ഒരു മേശപ്പുറത്തോ അല്ലെങ്കിൽ പെട്ടിപ്പുറത്തോ ഒരു വെള്ളത്തുണി വിരിച്ച്, അതിന്മേൽ ഒരു കോപ്പ വെള്ളവും ഒരു കരണ്ടിയും (അതിനു സൌകര്യപ്പെടാത്തപക്ഷം പ്ലാവിലയായാലുംമതി) ഒരു കഷണം സോപ്പ അഥവാ ഇഞ്ചയും തയാർ ചെയ്യുന്നതിന് അക്കംതന്നെ സാധിക്കുന്നതല്ലയൊ?

ഒരു പള്ളിയിലെ ഒപ്പുശ്ശാ പെട്ടി അവിടത്തെ വികാരിയുടെ ശുഷ്കാന്തി എപ്പിധമെന്നു തെളിയിക്കുന്നുണ്ട്. മഹൽക്കാര്യങ്ങൾ തക്കതികുലുക്കി നടത്തപ്പെടുന്ന ഒരിടവകയിൽ ഒപ്പുശ്ശായുടെ അറിയിപ്പു വരുമ്പോൾ, വെള്ളക്കുപ്പാനക്കുപ്പായത്തിന്റെ പാസ്സയെടുത്ത് അതിൽ ഒരു മുഷിഞ്ഞ കെത്താനായും കീറിയ സങ്കി



www.malankaralibrary.com

ഞ്ഞും നിക്ഷേപിച്ചു്, തൽക്കാലം കയ്യിലെത്തുന്ന രണ്ടു മുറിത്തിരിയും നിത്യോപയോഗത്തിലിരിക്കുന്ന സ്ലീബായും ഊറാലയും ശേഖരിച്ചു്; എല്ലാംകൂടി ഒരു മാറാപ്പായി കെട്ടി കബ്റിൽ ഗമിക്കുന്നതു കാണുക പരിതാപകരമെന്നല്ലാതെ എന്തു പറയട്ടെ. അന്ത്യലേപനാവസരത്തിലെ ഉപയോഗത്തിനായി ഒരു സ്ലീബായും ഊറാലയും പ്രത്യേകം സൂക്ഷിക്കേണ്ടതാണെന്ന ആരോഗ്യരക്ഷാനിയമംകൂടി നമ്മോടുപദേശിക്കുന്നുണ്ടു്.

## ക്രിസ്തീയശവസംസ്കാരം.

ആത്മാവു ശരീരത്തെ വിട്ടുപിരിയുന്നതോടെ ഒരു വിശ്വാസിയുടെനേർക്കുള്ള നമ്മുടെ കടമ അവസാനിക്കുന്നില്ല. ഒരു ക്രിസ്ത്യാനിയുടെ മൃതശരീരം പാവനമായ സാധനമാകുന്നു; ആകയാൽ സഭ മരിച്ചവരെ ബഹുമാനിപ്പാൻ നമ്മോടാജ്ഞാപിക്കുന്നു. സഭയുടെ സംസ്കാരകർമ്മങ്ങ (Funeral ceremonies) ളും പ്രാർത്ഥനകളും ഹൃദയാവർജ്ജകങ്ങളും അർത്ഥവത്തുക്കളുമാണു്. മരണം മുതൽ ശവസംസ്കാരംവരെയുള്ള സമയം പ്രാർത്ഥനയിലും ജ്ഞാനവായനയിലും ചെലവിടേണ്ടതാകുന്നു.

മൃതശരീരം ദേവാലയത്തിലേയ്ക്കു ആവഹിക്കപ്പെടുന്നു. മരിച്ച വിശ്വാസി, താൻ മാമ്മോദിസാ സ്വീകരിച്ചു ദൈവപുത്രസ്ഥാനത്തു ആരോഹിക്കപ്പെട്ടതും, പാപമാലിന്യത്തിൽ നിന്നു പലേ പ്രാവശ്യം വെടിപ്പാക്കപ്പെട്ടതും എവിടെവെച്ചോ ആ ദേവാലയത്തെ അവസാനമായി സന്ദർശിക്കുന്നു. സഭ അവനോടു സമാധാനത്തിൽ യാത്രപറഞ്ഞു പിരിയുന്നു. "കർത്താവെ, നിത്യാശ്വാസം അവനു നൽകേണമെ, നിത്യവെട്ടം അവക്കു പ്രകാശിക്കട്ടെ."

പള്ളിയിൽനിന്നു മൃതശരീരം സെമിത്തേരിയിലേയ്ക്കോ ശവക്കോട്ടയിലേയ്ക്കോ കൊണ്ടുപോകപ്പെടുന്നു. ഇവിടെയാണല്ലൊ പൊതുവിധിയുടെ ദിവസംവരെ മരിച്ച ക്രിസ്ത്യാനിയുടെ പാവനമായ അവശിഷ്ടങ്ങൾ ഭദ്രമായി സൂക്ഷിക്കപ്പെടുന്നതു്.

പാരിന്നന്തമണഞ്ഞിടുന്ന സമയം മാലാഖമുഖ്യൻെറയാ-
-ച്ചേലഞ്ചും കുഴൽനാദമീധരണിയിൽ പാരം പരന്നീടവെ



www.malankaralibrary.com

വീണ്ടും നമ്മളുയക്കമെന്ന ശരണം ദൈവത്തിലപ്പിച്ചുകൊ—
ണ്ടാത്മാവങ്ങു പിരിഞ്ഞിടുന്നു, ജഡമീമണ്ണോടു ചേരുന്നതേ.

Longfellow.

ശ്മശാനസ്ഥലം അഥവാ സെമിത്തേരിയെപ്പററി പലതും അവശ്യവിജ്ഞേയമായുണ്ട്. അലക്സാൻഡർ സാൻഫോർഡ് (Alexander Sanford M. D.) എന്ന ഭിഷഗ്വരൻ വൈദികരുടെ ഉപയോഗത്തിനായി രചിച്ചിട്ടുള്ള 'Pastoral Medicine' എന്ന ഗ്രന്ഥത്തിൽ ശ്മശാനസ്ഥലത്തെപ്പററി ശാസ്ത്രീയമായ ഒരു പ്രസ്താവം കാണുന്നുണ്ട്; അതിൽനിന്നു ഏതാനും ഭാഗം ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ. "ആരോഗ്യത്തിനു ഹാനി തട്ടാതിരിക്കുന്നതിനും സമീപസ്ഥക്കു വൈഷമ്യം നേരിടാതിരിക്കുന്നതിനുമായി ശവകോട്ടയുടെ സ്ഥാപനത്തിലും സംരക്ഷണത്തിലും ചിലതെല്ലാം സൂക്ഷിക്കേണ്ടിയിരിക്കുന്നു ഇതിനായി തിരഞ്ഞെടുക്കുന്ന സ്ഥലം തുറസ്സായതും അല്പം ഉയന്നതുമായിരിക്കണം. പള്ളിയുടെ പരിസരപ്രദേശത്തെ ശ്മശാനസ്ഥലമാക്കുന്ന നമ്മുടെ പൂവ്വികന്മാരുടെ ആ പതിവിൽ ഭക്തിപരമായി പലതുമുണ്ടെങ്കിലും ആരോഗ്യരക്ഷാനിയമങ്ങളെപ്രതി അതു പരിവർജ്ജിക്കേണ്ടതാകുന്നു. മണലും മണ്ണും കലന്ന ഭൂമിയാണു ഇതിനു പററിയത്. ആൾപാപ്പുള്ള ഭവനങ്ങൾ പത്തുവാരയും കിണറുകൾ അമ്പതുവാരയുമെങ്കിലും ശവപ്പറമ്പിൽനിന്നു അകന്നിരിക്കണം. ശവക്കുഴികൾക്കു രണ്ടുവാര താഴ്ചയും വേണ്ടുവോളം വീതിയും നീളവുമുണ്ടായിരിക്കേണ്ടതുകൂടാതെ, തമ്മിൽ അരവാരയെങ്കിലും അകലവുമുണ്ടായിരിക്കണം പ്രായംചെന്നവരുടെ ശവക്കുഴി വീണ്ടും മാന്തുന്നതിനു ഇരുപത്തിഅഞ്ചും കുട്ടികളുടേതിനു ഇരുപതും വത്സരങ്ങൾ കഴിയേണ്ടിയിരിക്കുന്നു. മണ്ണിൻെറ സ്വഭാവം ചീച്ചിലിൻെറസ്ഥിതി മുതലായവ ഈ സാധാരണനിയമത്തിൽനിന്നു വ്യതിചലിക്കുന്നതിനു കാരണമായേക്കാവുന്നതാണ്. സ്ഥലദൌർല്ലഭ്യംനിമിത്തം ശവക്കുഴിയുടെമീതെ വേറൊരു കുഴികൂടി നിമ്മിക്കുന്നതിൽ പ്രത്യേകം ചില നിഷ്ഠകൾ അനുഷ്ഠിക്കേണ്ടതുണ്ട്. രണ്ടാമത്തെകുഴി ആദ്യത്തെ ശവപ്പെട്ടിവരെ മാത്രമെ എത്താവൂ; മാത്രമല്ല പാടുള്ളട



www.malankaralibrary.com

ത്തോളം മീതെ ഉന്തിക്കൂട്ടുകയുംവേണം. ഇതൊരു താൽക്കാലികമായ പ്രതിവിധി മാത്രമാണ്; ഒരു പുതിയ സെമിത്തേരി ഉടനെ ശരിപ്പെടുത്തേണ്ടതാകുന്നു.

ശവക്കോട്ടയിൽ ചില പ്രത്യേകവൃക്ഷങ്ങളും ചെടികളും നട്ടുന്നതു നന്നാണ്; എന്നാൽ സൂര്യപ്രകാശം തടയാൻതക്കവണ്ണം അവ അത്രയ്ക്കു സാന്ദ്രമാകാതിരിക്കാൻ സൂക്ഷിക്കണം. ശ്മശാനസ്ഥലത്തിനു ചുറ്റും ഉറപ്പുള്ള മതിൽ കെട്ടുകയോ, മുള്ളുവേലിയിടുകയോ മുൾച്ചെടികൾ ഇടതൂർന്നു നട്ടുപിടിപ്പിക്കുകയോ ചെയ്യേണ്ടതാകുന്നു.

ഒരു കുഴിവെട്ടുമ്പോൾ മൃതശരീരത്തിന്റെ ദ്രവിക്കാത്ത വല്ല അസ്ഥികഷണങ്ങളോ ശവപ്പെട്ടിയുടെ ഭാഗമോ കണ്ടുമുട്ടുന്നതായാൽ അവ പുതിയ കുഴിയുടെ അടിയിൽ ഒളിക്കേണ്ടതാകുന്നു; എന്നാൽ ശരീരം മുഴുവനുംതന്നെ അഴുകാതിരിക്കയാണെങ്കിൽ കുഴി ഉടനെ മൂടുകയാണുവേണ്ടതു്." 17

ഈ പ്രസ്താവങ്ങളെ ആധാരമാക്കിക്കൊണ്ട് നമ്മുടെ രാജ്യത്തെ ശവസംസ്കാരസമ്പ്രദായം പരിശോധിക്കുന്ന ഒരുവനിൽ എന്തെല്ലാം ചേതോവികാരങ്ങളാണുളവാകുക? പള്ളിയുടെ പരിസരപ്രദേശത്തു ശവമടക്കുന്ന പുരാതനമായ പതിവ് വർജ്ജനീയമാണെന്നു സാൻഫോർഡ് പറയുന്നു. വാസ്തവത്തിൽ പാശ്ചാത്യരാജ്യങ്ങളിൽ ഇപ്പതിവ് ഇക്കാലത്തില്ലെന്നുതന്നെപറയാം. നമ്മുടെ നാട്ടിൽ ഇപ്പോൾ പള്ളിക്കകത്തു ഏറെ സംസ്കാരങ്ങൾ നടക്കുന്നില്ലെങ്കിലും, ശവക്കോട്ട പള്ളിക്കടുത്തുതന്നെ സ്ഥിതിചെയ്യുന്നു. തടിച്ച കുഴിക്കാണത്തെ ഓർത്തായിരിക്കാം ചില സ്ഥലങ്ങളിൽ പള്ളിക്കകത്തു ശവസംസ്കാരം ഇന്നും നടക്കുന്നുണ്ട്; അതുകൊണ്ടാണ് 'ഏറെ സംസ്കാരങ്ങൾ നടക്കുന്നില്ല' എന്നു മുകളിൽ പ്രസ്താവിച്ചതു്. ഇവിടെയുള്ള മിക്ക പഴയപള്ളികൾക്കും ശവമടക്കുന്നതിനായി പ്രത്യേകം പണിഞ്ഞിട്ടുള്ള സെമിത്തേരിപള്ളികളുണ്ട്. ഇവിടെ അടക്കുന്നതു ആളുകൾ വലിയ ബഹുമതിയായി എണ്ണുന്നു. മഴയുംവെയിലും ഏൽക്കുന്നിടത്തു ശവമടക്കുക അപമാനകരമാണുപോൽ. സെമിത്തേരിപള്ളിക്കു വലിയ വിസ്താരം



www.malankaralibrary.com

കാണുകയില്ല. ആകയാൽ ശവക്കല്ലറകൾമാന്തി അസ്ഥി മുതലാ എടുത്തു 'അസ്ഥിക്കുഴി' എന്ന ഗർത്തത്തിൽ സൂക്ഷിക്കേണ്ടയാവശ്യ നേരിടുന്നു. ഇങ്ങനെ കബറിടങ്ങൾ വീണ്ടും കിളച്ചുതാഴ്ത്തി അ സ്ഥികൾ കോരിയെടുത്തശേഷമാണു ശവസംസ്കാരം പലേ പള്ളി കളിലും നടക്കുന്നതു്. ഇപ്രകാരം, മരിച്ച സഹോദരങ്ങളുടെ തല യോടുതുടങ്ങിയ അവശിഷ്ടങ്ങൾ അസ്ഥിക്കുഴിയിൽ നിക്ഷേപിച്ചു പ്രേക്ഷകന്മാരെ ഭയപ്പെടുത്തുന്ന ആ പതിവ് മർമ്മഭേദകമെന്നല്ലാ തെ എന്തു പറയേണ്ടു. ശവക്കോട്ടയിൽ അടക്കുന്നിടത്തും അസ്ഥി ക്കുഴി ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒന്നായിട്ടാണു മിക്കവാറും തീ ന്നിരിക്കുന്നതു്; കാരണം സ്ഥലചുരുക്കംതന്നെ. മുതിന്നവരുടെ ശ വക്കല്ലറ തുറക്കുന്നതിനു ഇരുപത്തിഅഞ്ചും കുട്ടികളുടേതിനു ഇരു പതും അബ്ദങ്ങൾ കഴിയണമെന്നാണല്ലൊ മുമ്പു പ്രസ്താവിച്ചതു്, എന്നാൽ ഇവിടുത്തെ ശ്മശാനസ്ഥലങ്ങളുടെ സ്ഥലദൌർല്ലഭ്യംമൂ ലം കഷ്ടിച്ച് ഒരു വത്സരം തികയുന്നതിനുമുമ്പു ചില സ്ഥലങ്ങ ളിൽ അവ വീണ്ടും മാന്തപ്പെടുന്നു. അഹോ കഠോരം! ഇതു മൃത രോടുചെയ്യുന്ന ഒരു കടുംകൈയല്ലാതെ മറെറന്താണ്? മഴയും വെയിലും അടിക്കാത്തിടത്തു ശവം വേഗം ദ്രവിക്കയില്ലെന്നുള്ളതും ചിലപ്പോൾ ശുഷ്കിച്ചു അതേപടി ഇരിക്കുന്നതിനും (Mumified) എളുപ്പമുണ്ടെന്നുള്ളതും സത്യമാണ്.

ശ്മശാനസ്ഥലം പള്ളിയിൽനിന്ന് രണ്ടോ മൂന്നോ മൈൽ അകലെ മാത്രമെ സൌകര്യപ്പെട്ടു കിട്ടുകയുള്ളുവെങ്കിൽ അവിടെ സ്ഥാപിക്കയാണു വേണ്ടതെന്നു പറഞ്ഞാൽ ഒരു കേരളീയൻ "നാ സികമേലൊരു വിരളുംവച്ചു" വിസ്മയസാഗരത്തിൽ മുക്കിളിച്ചേ ക്കും. അപ്രകാരമൊരു തത്വോപദേശത്തിനു കാലമായിട്ടില്ലെന്നു സമ്മതിക്കുന്നു. ശവക്കോട്ട പള്ളിക്കടുത്തുതന്നെ ആയിരുന്നുകൊള്ള ട്ടെ, എന്നാൽ അതിനു വേണ്ടുവോളം വിസ്തീർണ്ണത വേണമെന്നു ള്ളതു ഹൃദയമുള്ള ഒരുത്തക്കും നിഷേധിക്കാൻ പാടില്ല. ശവക്കോ ട്ടയിൽ ഓരോ കുടുംബക്കാൎക്കും പ്രത്യേക ബ്ളോക്കുകൾ തിരിച്ചു കൊടുക്കുകയും, അവർ അവിടെചെന്നു തങ്ങളിൽനിന്നു വിട്ടുപി രിഞ്ഞുപോയ സഹോദരങ്ങൾക്കുവേണ്ടി പ്രാൎത്ഥിക്കയും ചെയ്യുന്ന



www.malankaralibrary.com

തിൽ എന്തെന്നില്ലാത്ത ഒരു കത്തോലിക്ക ചൈതന്യം അടങ്ങി യിരിപ്പുണ്ട്. ഇവിടെ സ്മാരകങ്ങൾ സ്ഥാപിക്കുന്നതിനും സാദ്ധ്യ മാണല്ലൊ. ഇപ്രകാരമുള്ള ശവക്കോട്ടകളാണ ഇന്നു നമുക്കാവശ്യം. ആവശ്യമില്ലാത്തിടത്തുപോലും നൂതനമായി പള്ളികൾ സ്ഥാപി ക്കുന്നതിനു ചില സ്ഥലങ്ങളിലുള്ള ആ ഭ്രമം, ഉള്ള പള്ളികൾക്ക ശരിയായ ശ്മശാനസ്ഥലവും മററും ക്രമപ്പെടുത്തുന്നതിനായിരുന്നെ ങ്കിൽ എത്ര നന്നായിരുന്നു.

ശവക്കോട്ട സ്ഥാപനത്തിനു ഇവിടെയുള്ള ഒരു പ്രതിബ ന്ധം സമീപസ്ഥരായ ആളുകളുടെ എതിർപ്പാണെന്നു തോന്നുന്നു. എ ന്നാൽ ഇതു അജ്ഞതകൊണ്ടുമാത്രം വരുന്നതാണ്. പത്തുവാര അകലെ കുടിപാർക്കുന്നതിൽ അസാംഗത്യമില്ലെന്നു മേൽ പ്രസ്താവി ച്ചുവല്ലോ. ശവകുടീരത്തിൽ നിന്നു ഒരിക്കലും രോഗം വ്യാപിക്കു ന്നില്ല. 'സാൻഫോർഡ്" പറയുന്നു. 'ഭൂമിദാനംചെയ്യപ്പെട്ട പ്രേ തങ്ങൾ ഒരിക്കലും രോഗോല്പാദകങ്ങളല്ല. മൃതശരീരം ചീയു മ്പോൾ പണ്ടുള്ളവർ വിചാരിച്ചിരുന്നതുപോലെ വിഷവായുവും മററും ഉണ്ടാകുന്നില്ല. ദുർഗന്ധം വമിക്കുന്ന വായുക്കൾ പുറപ്പെ ടുന്നുണ്ടെങ്കിലും എളുപ്പത്തിൽ മണ്ണു അവയെ വലിച്ചുകളയും. മ ണ്ണിൽനിന്നു രോഗാണുക്കൾ ഒരിക്കലും അന്തരീക്ഷത്തിൽ വ്യാപി ക്കുന്നില്ല, മാത്രമല്ല ശരീരം ചീയുന്നതോടെ ചീച്ചിലിനു കാരണ മായ പ്രത്യേക അണുക്കൾ (Bacteria of decomposition) രോ ഗാണുക്കളേയും നശിപ്പിച്ചു കളയുന്നു. സെമിത്തേരിക്കു അടുത്തു വ സിക്കുന്നവക്കു കൂടുതൽ രോഗം പിടിപെടുന്നതായി ഇതേവരെ അറിയപ്പെട്ടിട്ടില്ല." 18 ആകയാൽ ശവസംസ്കാരം സംബന്ധിച്ചു വൈദികനു പലതിലും തീക്ഷ്ണത പ്രദർശിപ്പിക്കാനുണ്ടെന്നുള്ള തു അനിഷേധ്യമാകുന്നു.

## വീടു വെഞ്ചരിപ്പ്.

കത്തോലിക്കാഭവനം പാവനമായ ഒരു സ്ഥലമാകുന്നു. സഭക്കു അതിൻെറ വിശുദ്ധീകരണത്തിലുള്ള ഉൽക്കണ്ഠ സ്വല്പമ ല്ല. ഭവനങ്ങളെ ആശീർവദിക്കുന്ന പതിവ് സഭയിൽ പണ്ടുപണ്ടേ



www.malankaralibrary.com

യുള്ളതാണ്. മിലാൻപട്ടണത്തിൽ അതിദാരുണമായ ഒരു പ കർച്ചവ്യാധി പടൎന്നുപിടിച്ചപ്പോൾ വി. ചാർല്ലസ് ബൊറേമേയൊ ആഘോഷപൂൎവ്വം അവിടത്തെ വീടുകളെല്ലാം വെഞ്ചരിച്ചെന്നും അതു നിരവധി അനുഗ്രഹങ്ങൾക്കു നിദാനമായിരുന്നുവെന്നും ഉള്ളതു ചരിത്ര പ്രസിദ്ധമാണ്. പതിനാറാം നൂററാണ്ടിൽ മിലാനിലെ മെത്രാപ്പോലീത്താ ആയിരുന്ന ഈ പുണ്യശ്ലോകൻ വീടുവെഞ്ചരിപ്പിൻെറ പ്രാധാന്യം ജനങ്ങളെ മനസ്സിലാക്കുന്നതിനു തൻെറ കീഴുള്ള പട്ടക്കാരോടു പ്രത്യേകം നിഷ്കൎഷിച്ചിരുന്നു. റോമൻ റീത്തുവാളിൽ പെസ്സഹാക്കാലത്തു വീടുകൾ വാഴ്ത്തണമെന്നാണ് നിർദ്ദേശം. ദക്രേത്തിൽ ഇതിനു രണ്ടു അവധി കാണുന്നുണ്ട്. "ആണ്ടുതോറും മകരമാസം രണ്ടാംതീയതി തുടങ്ങി അമ്പതുനോമ്പു പിടിക്കുന്നതിനു മുമ്പും അല്ലെങ്കിൽ ഉയിപ്പിൻെറ ഞായറാഴ്ച മുതൽ നാല്പതാംപെരുന്നാളിനുമുമ്പും തിരുസഭയുടെ ക്രമപ്രകാരം വീടുകളെ ആശീർവ്വദിച്ചു തിരുകയുംവേണം." 19

വീടു വെഞ്ചരിപ്പിൻെറ ഉദ്ദേശ്യത്തെപ്പററി പ്രാമാണ്യമുള്ള ഒരു പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നതിപ്രകാരമാണ്. 'പുതിയവീടുവാഴ്ത്തുന്നതു' അതു ദൈവത്തിനു പ്രതിഷ്ഠിക്കപ്പെടുന്നതിനാകുന്നു. പഴയവീടു വാഴ്ത്തുന്നതു്, നമ്മുടെ പാപങ്ങളാൽ മലിനമാക്കപ്പെട്ടിരിക്കുന്ന അതിനെ ശുദ്ധീകരിക്കുന്നതിനും, അതിലെ നിവാസികളെ ഉപദ്രവിക്കുന്നതിന് അതിൽ ഒളിച്ചിരിക്കുന്ന പിശാചുക്കളെ അവിടെ നിന്ന് ഓടിച്ചുകളയുന്നതിനും, തദ്വാരാ ആ ഭവനത്തിൻെറ ഉടമസ്ഥന്മാൎക്കും വസ്തുക്കൾക്കും ദൈവാനുഗ്രഹം വീണ്ടും ലഭിക്കുന്നതിനുമാകുന്നു." 20

സഭയുടെ പൊതുനിയമം ആണ്ടുതോറും പെസഹാക്കാലത്തു വാഴ്ത്തൽ നടത്തണമെന്നാണെന്നു പറഞ്ഞുവല്ലോ. ഇക്കാലത്തു വിശ്വാസികൾ ആണ്ടുകുമ്പസാരം കഴിക്കാൻ കടപ്പെട്ടിരിക്കുന്നതുപോലെ, വൈദികൻ അവരുടെ വീടുകൾ ആശീർവ്വദിക്കുന്നതിനും ചുമതലപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞാൽ ആ താരതമ്യത്തിൽ വളരെ ഔചിത്യദീക്ഷയുണ്ട്. ഒരു വികാരിക്കു തൻെറ ഇടവകജനങ്ങളുടെ സ്ഥിതിഗതികൾ അറിയേണ്ട ഗൌരവമായ



www.malankaralibrary.com

ച്ചുമതലയുണ്ടല്ലൊ. നല്ല ഇടയനെക്കുറിച്ചു സുവിശേഷത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "ആടുകൾ ഇവൻെറ (ഇടയൻെറ) സ്വരം കേൾക്കുന്നു; ഇവൻ തൻെറ ആടുകളെ അവയുടെ പേരുകൾ ചൊല്ലി വിളിക്കയും അവയെ പുറത്തുകൊണ്ടുപോകയും ചെയ്യുന്നു.....അവൻെറ ആടുകളോ അവൻെറ സ്വരം അറിയുന്നതുകൊണ്ടു അവൻെറ പിന്നാലെ പോകുന്നു." 21 "നിൻെറ അജഗണത്തിൻെറ മുഖത്തെ സൂക്ഷ്മമായി അറിയുക." 22 എന്നു പഴഞ്ചൊല്ലുകളുടെ പുസ്തകത്തിൽ കാണുന്നു. ആത്മസ്ഥിതിപുസ്തകത്തിൽ ആണ്ടുതോറും വിവരം കുറിക്കുന്നതിനു ഒരു വികാരിക്കു ചുമതലയുണ്ട്. വീടുകൾ വെഞ്ചരിക്കുന്ന അവസരത്തിൽ ഈ വിവരങ്ങൾ ശേഖരിക്കുന്നതിനു വളരെ എളുപ്പമുണ്ടെന്നു എടുത്തു പറയണമെന്നില്ല. പള്ളിമുറിയിൽ ഇരുന്ന് അന്വേഷിച്ച് ഓരോ കുടുംബങ്ങളെക്കുറിച്ചു പലതും മനസ്സിലാക്കാൻ കഴിയുമെങ്കിലും, വീടുകളിൽത്തന്നെ ചെല്ലുമ്പോൾ ലഭിക്കുന്ന അറിവിനു ഒരു പ്രത്യേകതയുണ്ട്.

"തേനുണ്ടാക്കുന്ന തേനീച്ച റാകലിനു അഥവാ തേൻക്കൂടിനു (hive) ചുററും എപ്പോഴും ഇരിക്കുന്നില്ല," എന്നൊരു പഴഞ്ചൊല്ലുണ്ട്. തേനീച്ച ചുററി സഞ്ചരിച്ചാണല്ലൊ മധു ശേഖരിക്കുന്നത്. പള്ളിയിൽത്തന്നെ കഴിച്ചുകൂട്ടുന്ന വൈദികൻ സാധാരണ കണ്ടുമുട്ടുന്നതു തൻെറ ശുശ്രൂഷകൊണ്ടു മിക്കവാറും വലിയ ആവശ്യമില്ലാത്തവരെയാണ്. ദുർമ്മാർഗ്ഗികൾ, മദ്യപാനികൾ, താന്തോന്നികൾ, ലഹളക്കാർ മുതലായവർ പള്ളിയിലേയ്ക്കു അപൂർവ്വമായേ വരികയുള്ളു. ഇക്കൂട്ടരെ കാണണമെങ്കിൽ പട്ടക്കാരൻ പുറത്തിറങ്ങി നടക്കണം. പ്രശസ്തമായ നിലയിൽ മുഴവൻധ്യാനം നടത്തപ്പെട്ടുമ്പോഴും പള്ളിയിൽ പ്രവേശിക്കാതെ കഴിച്ചുകൂട്ടുന്നവരുണ്ട്. ധ്യാനപ്രസ്ഥാനം ഇന്നു അഭിവൃദ്ധിപ്പെട്ടു വരികയാണ്, അതു ശുഭോദർക്കംതന്നെ. വീടുവെഞ്ചരിപ്പു പ്രസ്ഥാനവും ഇതോടൊന്നിച്ചു വർദ്ധിച്ചിരുന്നെങ്കിൽ കൂടുതൽ പ്രയോജനം ലഭിക്കുമായിരുന്നു. ഭവനവാസ്തുക്കൽ നിശ്ശേഷം ഉപേക്ഷിച്ചുകൊണ്ടു എത്ര ഗംഭീരങ്ങളായ മുഴവൻധ്യാനങ്ങൾ നടത്തിയാലും ഇടവക



www.malankaralibrary.com

യുടെ നവീകരണം ആശിക്കുംപടി സംസിദ്ധമാകുമെന്നു തോന്നില്ല. "ഈശോ എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ചുററിസഞ്ചരിച്ച് അവരുടെ സംഘങ്ങളിൽ പഠിപ്പിക്കുകയും, രാജ്യത്തിൻെറ സുവിശേഷം പ്രസംഗിക്കുകയും ചെയ്തു." 23 പുതുക്രിസ്ത്യനികളെ കൂടെക്കൂടെ അന്വേഷിക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചു ബോംബെ സൂനഹദോസ് ഇപ്രകാരം പറയുന്നു. "പുതുക്രിസ്ത്യാനികളെ ഇടയ്ക്കിടെ തിരക്കാത്തപക്ഷം അവരെ ജ്ഞാനസ്നാനപ്പെടുത്തിയതുകൊണ്ടു വലിയ ഫലമില്ല." 24 വി. ചാർല്ലസ് ബൊറോമ്മേയൊ പ്രസ്താവിക്കുന്നു. "അഹോ സങ്കടം! വൈദികർ അനേകരിൽ മ്ശിഹായെ ജനിപ്പിക്കുന്നെങ്കിലും അവരുടെ നാശം വേഗം കൈവെടിയുന്നു. എന്നാൽ മൃഗങ്ങൾപോലും ഇതു ചെയ്യുന്നില്ല, അവ അവയുടെ കുഞ്ഞുങ്ങളെ പാലുകൊടുത്തുപോററുകയും വളർത്തുകയും ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു പല്ലുകൊണ്ടും കൊമ്പുകൊണ്ടും നഖം കൊണ്ടും കാത്തുരക്ഷിക്കുകയും ചെയ്യുന്നു. ആകയാൽ നിങ്ങൾക്കെങ്ങിനെ നിങ്ങളുടെ കുഞ്ഞിനെ (മ്ശിഹായിൽ നൂതനമായി ജനിച്ച ക്രിസ്ത്യാനിയെ) ഉപേക്ഷിക്കാൻ തോന്നും. ഹാ! സഹോദരന്മാരെ ഇതു വലിയ കുററം തന്നെ, വലിയ മടി തന്നെ, വലിയ ക്രൂരതതന്നെ." 25

സ്പെയിൻ ഒരു കത്തോലിക്കരാജ്യമാണ്. അവിടെ അടുത്തകാലത്തുനടന്ന ഭയങ്കരസംഭവങ്ങൾ കത്തോലിക്കരുടെ കണ്ണുകൾ തുറപ്പിക്കേണ്ടവയാണെന്നു കാണിച്ചു പല മെത്രാന്മാർ ഇടയലേഖനങ്ങൾ അയിച്ചിട്ടുണ്ട്. 'ദുഷ്ടനായ കത്തോലിക്കൻ പ്രോട്ടസ്റ്റൻറുകാരനേക്കാൾ മോശമാകുന്നു' എന്നാണു പരേതനായ ഫാദർ ലെസ്റ്റർ പറഞ്ഞിരിക്കുന്നത്. സ്പെയിനിലെ സംഭവങ്ങളെ വിമർശിക്കയിൽ ഒരു പത്രം പറഞ്ഞിരിക്കുന്ന അഭിപ്രായം ഈ ഘട്ടത്തിൽ വളരെ ശ്രദ്ധേയമാണ്. "ക്രിസ്തീയരാജ്യങ്ങളെന്നു പറയപ്പെടുന്നവയിൽ പ്രത്യേകമായ ഒരു മിഷ്യൻവേല അവശ്യമായിരിക്കുന്നു." "തൊണ്ണൂറെറാമ്പതിനെയും മരുഭൂമിയിൽവിട്ട്, കാണാതെ പോയതിനെ കണ്ടെത്തുവോളം" അന്വേഷിക്കേണ്ടകാലം സമാഗതമായിരിക്കുന്നു. 26 അതിഥികളെ ഉത്സവമന്ദിരത്തിൽ



www.malankaralibrary.com

ഉപേക്ഷിച്ചിട്ട്, പെരുവഴികളിലേയ്ക്കും, തെരുവുകളിലേയ്ക്കും പട്ടണത്തിലെ ഊടുവഴികളിലേയ്ക്കും ആത്മീയമായ വിധത്തിൽ പാവപ്പെട്ടവരും, ദുർബലന്മാരും, അന്ധന്മാരും മുടന്തന്മാരുമായവരെ തിരക്കി അവർ പോകേണ്ടിയിരിക്കുന്നു. മാനസാന്തരപ്പെട്ടുവരുന്നവരിലും പുണ്യജീവിതം കഴിക്കുന്നവർക്ക് നാനാതരത്തിലുള്ള ഭക്തിമാർഗ്ഗങ്ങൾ വദ്ധിപ്പിക്കുന്നതിലും പതിഞ്ഞിരിക്കയാണ വൈദികരുടെ ശ്രദ്ധമുഴുവനും ഇപ്പോൾ. ആദ്ധ്യാത്മികമായി വളരെ അധഃപതിച്ചവർ തീരെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിന്നു പ്രതിവിധി കണ്ടുപിടിക്കുക അത്ര എളുപ്പമല്ല. മതനിഷ്ഠയുള്ള കത്തോലിക്കരുടെ ആത്മീയ ശുശ്രൂഷകൾ നടത്തിക്കൊണ്ടുപോകേണ്ടതുതന്നെ. എല്ലാ പട്ടക്കാരനും മിഷ്യൻവേലയ്ക്കുള്ള വാസനയില്ല. എന്നാൽ ഒരു കാര്യം വാസ്തവമാണ്; തങ്ങളുടെ പിതാക്കന്മാരുടെ വിശ്വാസം ഉപേക്ഷിച്ചവരും, നിരീശ്വരന്മാർക്ക് എളുപ്പം ഇരയാകാൻ പാടുള്ളവരുമായവരെ നേർവഴിക്കുകൊണ്ടുവരുന്നതിന്നു ശക്തിയായ മിഷ്യൻവേല ആവശ്യമായിരിക്കുന്നു. യൂറോപ്പിനെക്കുറിച്ചു പറയപ്പെടാവുന്ന ഈ അഭിപ്രായം ഇൻഡ്യയിലുള്ള ക്രിസ്ത്രീയ സമുദായങ്ങൾക്കും പററിയതാകുന്നു." 27

## ഇടവകസംഘങ്ങൾ.

നാം സംഘങ്ങളുടെ ഒരു കാലത്താണ ജീവിക്കുന്നത്. കത്തോലിക്കജനങ്ങളെ യോജിപ്പിച്ച്, കത്തോലിക്കപ്രവത്തനത്തിന്നു ശക്തരാകുന്ന സംഘങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന്നു ഒരു വൈദികനിൽ ഭക്തിതീക്ഷ്ണത അത്യന്താപേക്ഷിതമാകുന്നു. ഘടനയും നേതൃത്വവുമാണ സമുദായത്തിന്നു ശക്തിനൽകുന്നത്; ഇവ രണ്ടുംകൂടാതെ സംഖ്യാബലംകൊണ്ടു ഫലമില്ല. ഇക്കാലം പ്രവത്തനത്തിൻെറ കാലമാകുന്നു. കത്തോലിക്കസഭയ്ക്കു ഇന്നു ആവശ്യമുള്ളതു അനുകരണീയമായ ജീവിതം നയിക്കുന്ന അൽമേനികളാണെന്നാണല്ലൊ ഭാഗ്യസ്മരണാർഹനായ പത്താംപീയൂസ് മാർപ്പാപ്പാ അരുളിച്ചെയ്തിട്ടുള്ളത്. വൈദികർ മാത്രമല്ല മനുഷ്യരുടെ ഇടയിലുള്ള ദൈവത്തിൻെറ കൂടാരമായ ആത്മീയഭവനം



www.malankaralibrary.com

പണിയേണ്ടത്, [28] പിന്നെയോ ദൈവത്തിന്റെ ജനത്തിലുള്ള ഓരോ വ്യക്തിയും ആ വേലയിൽ പങ്കെടുക്കേണ്ടതാകുന്നു. ഇതു തന്നെയാണ ഇന്ന മാർപ്പാപ്പാ നമ്മെ ഉദ്ബോധിപ്പിച്ചുകൊണ്ടിരിക്കുന്ന കത്തോലിക്കപ്രവർത്തനം. ഈ കത്തോലിക്കപ്രവർത്തനം എന്താകുന്നു? പരിശുദ്ധപിതാവിന്റെ വാക്കിൽ പറയുന്നതായാൽ, വൈദികപ്രേഷിതത്വത്തിൽ അൽമേനികൾ തക്കഘടനയോടുകൂടി പങ്കെടുക്കുകയാകുന്നു അതു്. വൈദികപ്രേഷിതത്വം നമ്മുടെ ദിവ്യരക്ഷകൻതന്നെ ആത്മാക്കളുടെ പരിത്രാണനാർത്ഥം ആരംഭിച്ചിട്ടുള്ള ഒരു ദൈവികപ്രസ്ഥാനമാണ്. സുവിശേഷവേലയിൽ വൈദികരെ സഹായിക്കുകയത്രെ കത്തോലിക്കപ്രവർത്തനത്തിന്റെ ഉദ്ദേശ്യം.

ക്രിസ്തുവിന്റെ ഹൃദയം ഭാരതഹൃദയത്തിലേയ്ക്കു (The heart of Christ to the heart of India) എന്ന സുമനോഹരമായ ഗ്രന്ഥത്തിന്റെ കർത്താവു പറയുന്നു: കത്തോലിക്കപ്രവർത്തനം വെറുമൊരു ലഘുപ്രസംഗമൊ വാദമൊ അല്ല . . . ഇൻഡ്യയിലെ കത്തോലിക്കസമുദായം വളരെ അഭിവൃദ്ധിയിൽ കഴിഞ്ഞുകൂടുന്ന ഒന്നുതന്നെ, എന്നാൽ സഭയ്ക്കും രാഷ്ട്രത്തിനും നാം തക്ക നേതാക്കന്മാരെ നമ്മുടെ ബിരുദധാരികളുടെ ശതമാനമനുസരിച്ചു പ്രദാനം ചെയ്തിട്ടുണ്ടെന്നു പറയാമൊ? [29] തദനന്തരം നിരീക്ഷണപടുവായ ഫാദർ മെവുൽഡർ– ഇതാണു ഗ്രന്ഥകാരന്റെ നാമം– നേതാക്കന്മാരുടെ ലക്ഷണങ്ങൾ ഇങ്ങനെ കുറിക്കുന്നു. "പാപത്തേയും കൈക്കൂലിയേയും വെറുക്കുന്നവരും, അധുനികത്വ (modernism) വും യുക്തിവാദവുംമൂലം അവരുടെ വിശ്വാസത്തിനു ഇളക്കം തട്ടുന്നുവൊ ആ യുവജനങ്ങളുടെമദ്ധ്യേ വിശ്വാസത്തിന്റെ പാറക്കല്ലുകളും, 'തങ്ങളിലുള്ള സത്യവിശ്വാസത്തിന്റെ കാരണം ചോദിക്കുന്ന ഏവരേയും തൃപ്തിപ്പെടുത്തുന്നതിനു എപ്പോഴും സന്നദ്ധതയുള്ള' മാതൃകാകുടുംബത്തിലെ മാതൃകാപിതാക്കന്മാരും, ക്രിസ്തുവിന്റെ കഷ്ടപ്പെടുന്ന അവയവങ്ങളായ സാധുജനങ്ങൾക്കുവേണ്ടി യുദ്ധംചെയ്യുന്നതിനു ത്രാണിയും നന്മനസ്സും ഉള്ളവരും, പാവപ്പെട്ടവരുടെ നിസ്സഹായത്വം ഉന്നതസ്ഥാന



www.malankaralibrary.com

ലപ്പിക്കും സ്വകാര്യസാധ്യത്തിനും ഒരു ഗോവണിയായി ഉപയോഗിക്കാത്തവരും, വ്യവസ്ഥാപിതമായ കാര്യപരിപാടിയോടുകൂടി ഇൻഡ്യയിലെ അപ്രസിദ്ധമായ ഏതു കുഗ്രാമത്തിലും ദൈവത്തേയും രാജ്യത്തേയും സേവനം ചെയ്യുന്നതിനു ഒരുക്കമുള്ള സമുദായസ്നേഹികളും, പ്രസംഗപീഠത്തിന്റെ സഹായംകൂടാതെ നേതൃത്വം കരസ്ഥമാക്കുന്നവരും, തങ്ങളുടെ തൊഴിലിന്റെ നിർവഹണത്തിൽ മതവിശ്വാസവും സന്മാർഗ്ഗബോധവും ഉള്ളവരാണെന്നു തങ്ങളെന്നു കാണിക്കുന്നവരും, ആയിരിക്കണം അവർ. കലമാന്റെ കീഴുള്ള സിംഹസൈന്യത്തേക്കാൾ പേടിക്കേണ്ടതു സിംഹത്തിന്റെ കീഴുള്ള കലമാൻ സൈന്യത്തെയാണെന്നു ഒരു തത്വജ്ഞാനി പറഞ്ഞിരിക്കുന്നതു എത്ര അർത്ഥവത്താണ്. സിംഹം ശൂരതയുള്ള മൃഗമാണെങ്കിലും അവന്റെ നേതൃത്വം കലമാനു നൽകിയാൽ അവനും ഭീരുവായി പരിണമിക്കയെയുള്ളു; നേരെമറിച്ചു നേതൃത്വം സിംഹത്തിനു കൊടുക്കുക അവൻ കലമാനെപ്പോലും ധൈര്യശാലിയാക്കും.

കത്തോലിക്കപ്രവർത്തനം സുഗമമായി നിർവ്വഹിക്കുന്നതിനു ഒരു വികാരിക്കു താങ്ങും തുണയുമായി നിൽക്കുന്നതു ഭക്തസംഘങ്ങളല്ലാതെ മറ്റൊന്നുമല്ല. സമാജം ഇല്ലാത്ത ഒരു ഇടവക ഉറങ്ങുകയാണെന്നു പറയാം. ഇടവകകളിൽ ഫലപ്രദമായി ഏർപ്പെടുത്താൻ പാടുള്ള പല ഭക്തസമാജങ്ങളുണ്ട്. യൂറോപ്പിൽ വളരെ പ്രചാരത്തിലിരിക്കുന്ന ഒന്നാണ് എസ്സ്. വി. പി. (Society of Vincent De Paul) ഈ സംഘം സാധുജനസംരക്ഷണം വളരെ വിപുലമായ തോതിൽ നിർവഹിക്കുന്നുണ്ട്. നമ്മുടെ നാട്ടിലും ഒട്ടുവളരെ ഭക്തസംഘങ്ങൾ അങ്ങിങ്ങായി നടത്തപ്പെടുന്നുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. ഈ നാടിനു വളരെ യോജിച്ചതും ഇടവകകളിൽ സൌകര്യപൂർവ്വം സംസ്ഥാപിക്കാൻ പാടുള്ളതുമാണെന്നു തോന്നുന്ന വി. ഫ്രാൻസീസ്സ്കോസിന്റെ മൂന്നാം സഭ. ചങ്ങനാശ്ശേരി രൂപതയിൽ ഇതു വളരെ പ്രചാരത്തിലാണിരിക്കുന്നതു്. വികാരിമാർ ശരിയായ പ്രോത്സാഹനം നൽകുന്നപക്ഷം ഈ സഭ പലർക്കും സുകൃതജീവിതം കഴിക്കുന്നതിനു ഒരു സഹായമായി പരിണമിക്കുമെന്നുള്ളതിനു സംശയമില്ല.



www.malankaralibrary.com

യുവജനങ്ങളെ ഹഠാദാകൎഷിക്കത്തക്കതു തന്നെയാകുന്നു സി. വൈ. എം. എ. ഒരിടവകയിൽ ശരിയായ ഒരു യുവജനസമാജമുള്ള പക്ഷം പലേ കാൎയ്യങ്ങൾ സാമുദായികമായും മതാത്മകമായും അതു വഴിയായി ചെയ്യപ്പെടാൻ പാടുണ്ടായിരിക്കുന്നു. യുവജനങ്ങൾ സമുദായത്തിന്റെ നട്ടെല്ലു മാത്രമല്ല അതിന്റെ അലങ്കാരവുംകൂടിയായിരിക്കുന്നു. യുവജനസമാജങ്ങൾ പലേടത്തും തുടങ്ങുന്നുണ്ടെങ്കിലും മിക്കതും അകാലമൃത്യുവടയുകയാണു പതിവു്. ഇതിനു കാരണം യുവാക്കന്മാരുടെ പ്രത്യേക സ്വഭാവം ക്ഷമാപൂൎവ്വം മനസ്സിലാക്കുന്നതിനുള്ള അപ്രാപ്തിയും സ്ഥിരോത്സാഹത്തിന്റെ അഭാവവുമാണെന്നു മൊത്തത്തിൽ പറയാം. സി. വൈ. എം. എ. യുവാക്കന്മാൎക്കു പററിയതാണെങ്കിൽ, അമലോത്ഭവ കന്യകയുടെ സൊഡാലിററി; കെ. സി. സി. എ. (Kerala Catholic Children's Association) ആദിയായവ ചെറു ബാലികാബാലന്മാൎക്കു യോജിച്ചവയാണു്. പേരുപറവാൻ പലതുള്ള സംഘങ്ങളിൽ നിന്നു മാതൃകയ്ക്കായി ഇത്രയും ഇവിടെ ഉദ്ധരിച്ചുവെന്നേയുള്ളു.

ഈ ഘട്ടത്തിൽ പലേ പള്ളികളിലും വളരെ പ്രചാരത്തിലിരിക്കുന്ന 'ദൎശന'ത്തിന്റെ കാൎയ്യം ഓൎമ്മയിൽവരുന്നു. നമ്മുടെ ഏററവും പഴക്കം ചെന്ന ഭക്തസമാജം ഇതുതന്നെ ആയിരിക്കണം. പള്ളിക്രമത്തോടു (Liturgy) ബന്ധിക്കപ്പെട്ടിരിക്കുന്ന ഈ സഖ്യം ഒരു പ്രത്യേകതരത്തിലുള്ളതാകുന്നു. ക്രമമായി നടത്തപ്പെടുന്നതായാൽ പള്ളിയിലെ തിരുകൎമ്മങ്ങൾക്കിതൊരു ഭൂഷണമായിരിക്കുമെന്നുള്ളതിനു സംശയമില്ല. ഓരോ കൊല്ലവും തിരഞ്ഞെടുക്കപ്പെടുന്ന സ്ഥാനക്കാർ തങ്ങളുടെ ഭാഗം കണിശമായി നിൎവ്വഹിക്കുമ്പോൾ മാത്രമെ "ദൎശനസമൂഹം" സജീവമായി നടന്നുപോകുന്നുവെന്നു് പറവാൻ പാടുള്ളു. തൽക്കാലം കണ്ടുമുട്ടുന്ന വല്ലവരേയും ദൎശനവസ്ത്രങ്ങളണിയിച്ചു രംഗപ്രവേശം ചെയ്യിപ്പിക്കുന്നതിൽ ഭക്തിവൎദ്ധനയ്ക്കുപകരിക്കുന്നതായി അധികമൊന്നുമില്ല. തീക്ഷ്ണതയുള്ള കപ്പളോൻ വികാരി നന്മനസ്സോടെ ഉത്സാഹിക്കുന്നതായാൽ മനോജ്ഞമായ ഈ സഖ്യതയെ മോടിപിടിപ്പിക്കാൻ സാധിക്കുന്നതാകുന്നു.



www.malankaralibrary.com

## കന്യാസ്ത്രീ മഠം.

നിർദ്ധനത്വം, നിർമ്മലത്വം, വിധേയത്വം എന്ന മൂന്നു വ്രതാനുഷ്ഠാനങ്ങൾമൂലം ദൈവത്തിനു പ്രത്യേകവിധത്തിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന ഒരു സ്ത്രീയാകുന്നു സന്യാസിനി. "അല്ലയോപുത്രീ! ശ്രവിച്ചാലും, നോക്കുക. നിന്റെ ചെവി ചായിക്കുക. രാജാവു നിന്റെ സൌന്ദര്യത്തെ ആഗ്രഹിക്കുവാൻ വേണ്ടി നിന്റെ ജനത്തേയും നിന്റെ പിതൃഭവനത്തേയും നീ മറന്നുകളയുക." 30 എന്ന രാജർഷിദീർഘദർശിയുടെ വാക്കുകളനുസരിച്ചു തപസ്വിനി തന്റെ അപ്പനേയും അമ്മയേയും വീടിനേയും എന്നുവേണ്ട ജീവിതത്തിനാനന്ദം നൽകുന്ന സകലത്തേയും ത്യജിച്ചിരിക്കുന്നു. അവൾ സ്വന്തം പേരുപോലും മാറി ലോകത്തിനു മരിച്ചിട്ട് ദൈവത്തിനായിട്ടു മാത്രം ജീവിക്കുന്നു. സുകൃതജീവിതം കഴിക്കുന്ന സ്ത്രീജനങ്ങൾക്കു ഒരു രക്ഷയും വഷളക്കു ഒരു ശാസനയുമാകുന്നു അവളുടെ സാന്നിദ്ധ്യം. കന്യാസ്ത്രീ, കന്യാസ്ത്രീഅമ്മ, അമ്മ, സഹോദരി, ഇപ്രകാരമെല്ലാം ഒരു സന്യാസിനിയെ ജനൌഘം ബഹുമാനപൂർവ്വം വിളിക്കുന്നു; അതു ന്യായയുക്തവുമത്രെ. എന്തെന്നാൽ വി. സിപ്രിയൻ പറയുന്നു: 'കന്യകകൾ സഭ എന്ന ചെടിയുടെ കുസുമങ്ങളാകുന്നു; അവർ വണക്കയോഗ്യമായ ഒരു സൃഷ്ടിയത്രെ. ക്രിസ്തുവിന്റെ അജഗണത്തിലെ ഉൽകൃഷ്ടമായ വിഭാഗമാകുന്നു അവർ; അവരിലത്രെ സഭാ മാതാവിന്റെ സന്താനാഭിവൃദ്ധി വൃഷ്ടി പ്രാപിക്കുന്നതു്'.

നമ്മുടെ കേരളത്തിൽ ഇന്നു തപസ്വിനിമഠങ്ങൾ സുലഭങ്ങളാണ്. കുറഞ്ഞോരു കാലമായിട്ടു സന്യാസജീവിതം വരിക്കുന്ന സ്ത്രീകളുടെ സംഖ്യ വർദ്ധിച്ചിട്ടുണ്ടു്; മാത്രമല്ല കേരളഭൂവിന്റെ സീമകളെ ഉല്ലംഘിച്ചു ഇൻഡ്യാസാമ്രാജ്യത്തിന്റെ ഇതരഭാഗങ്ങളിലും മിഷ്യൻവേലയ്ക്കായി പുറപ്പെടുന്നതിനു അവരുടെ ഇടയിൽ ആളുകൾ ഉണ്ടായിരിക്കുന്നു. സ്ത്രീ വിദ്യാഭ്യാസത്തിനു ഇവിടെ അടുത്ത കാലത്തുണ്ടായിട്ടുള്ള അഭിവൃദ്ധിക്കു പ്രധാന കാരണം കന്യാസ്ത്രീകളാണെന്നു അഭിപ്രായപ്പെടാം. സന്യാസിനി മന്ദിരങ്ങളുടെ



www.malankaralibrary.com

സംഖ്യ ഇനിയും പെരുകേണ്ടതായിട്ടാണിരിക്കുന്നതു്. പെൺകുട്ടികൾക്കു ശരിയായ ശിക്ഷണം നൽകുകയും അവരിൽ ധൈര്യഗുണങ്ങൾ വദ്ധിപ്പിക്കയും ചെയ്യുന്നതിൽ കന്യാസ്ത്രീകൾക്കുള്ള സ്ഥാനം അദ്വിതീയമാണ്.

സ്റ്റാംഗ്ള് പറയുന്നു: "ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന കന്യകകളെ എപ്പോഴും ബഹുമാനിക്കുക. തന്നെ ശല്യപ്പെടുത്തുന്ന സ്ത്രീകളുടെ ഒരു കൂട്ടമായിട്ടൊ, ഇടവകയിലെ 'ഒഴിയാബാധ' യായിട്ടൊ കന്യാസ്ത്രീകളെ പരിഗണിക്കുന്ന ഒരു പട്ടക്കാരൻ അവരിലുള്ള സ്വഭാവാതീതമായ ഗുണത്തെ ദശിക്കുന്നില്ല; കൂടാതെയും ദൈവത്തിനു ഏററവും പ്രിയപ്പെട്ടവരും അടുത്തവരുമായവരെ കാത്തുസൂക്ഷിക്കണമെന്നുള്ള തന്റെ ഒരു പ്രധാനചുമതലയെ അദ്ദേഹം ഉപേക്ഷിക്കയും ചെയ്യുന്നു. തപസ്വിനികൾ ഇടവകജോലിയിൽ പങ്കെടുക്കുന്നവരായിരുന്നാലും അല്ലെങ്കിലും പൈതൃകമായ കാരുണ്യത്തോടെ വേണം പട്ടക്കാരൻ അവരോടു വത്തിപ്പാൻ. പ്രത്യേക സ്നേഹവും കേവലം ലൌകികങ്ങളായ ഇടപാടുകളും വജ്ജിക്കേണ്ടതാണെങ്കിലും, സഹോദരികളുടെ ആദ്ധ്യാത്മിക കാര്യങ്ങൾ അന്വേഷിക്കുന്നതിനും അവരുടെ സഭയുടെ ജോലി നിർവിഘ്നം ചെയ്യുന്നതിനുവേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നതിനും അദ്ദേഹം ഉത്സാഹിക്കേണ്ടതാണ്. ദിവ്യപൂജയൊ വിശുദ്ധ കുബ്ബാനയുടെ സ്വീകരണമൊ മുടക്കുക– ഒരു ദിവസത്തേയ്ക്കായാലും മതി– ഭക്തജീവിതം നയിക്കുന്ന സഹോദരികൾക്കു സങ്കടകരമാണ്. നിശ്ചിത സമയത്തു തന്നെ നടത്തേണ്ടതാകുന്നു കുബ്ബാനയും വിശുദ്ധകുബ്ബാനയുടെ വാഴ്വും. വൈദികന്റെ സൌകര്യംനോക്കി അവർ കപ്പേളയിൽ അധികനേരം മുട്ടിന്മേൽ കഴിച്ചുകൂട്ടാൻ ഇടവരുന്നതു വിഹിതമല്ല. ഒരു മഠത്തിന്റെ ആഭ്യന്തരഭരണത്തിൽ വൈദികനു ഇടപെടാൻ പാടില്ല, അതു സഭാ ശ്രേഷ്ഠത്തിയുടെ കാര്യമാണ്; എന്നിരുന്നാലും സഹോദരികൾക്കു ജീവസന്ധാരണത്തിനാവശ്യമായ കൂട്ടങ്ങൾ ലഭിക്കുന്നതിനും, സ്കൂളിലും ആശ്രമത്തിലും ശുദ്ധവായുവിന്റെയും വെളിച്ചത്തിന്റെയും അഭാവംമൂലം അവർ വിഷമിക്കാതിരിക്കുന്ന



www.malankaralibrary.com

തിന്നും പര്യാപ്തമായ കരുതലുകൾ ചെയ്തുകൊടുക്കേണ്ടതാകുന്നു. അവരോടു ഒരിക്കലും കലഹിക്കരുതു്. വല്ലതും തിരുത്താനുണ്ടെങ്കിൽ, അവരുടെ അഭിവൃദ്ധിയിലുള്ള വൈദികന്റെ താല്പര്യത്തെ വ്യക്തമാക്കുമാറു സ്നേഹപൂർവ്വം അതു ചെയ്യേണ്ടതാകുന്നു. ആരോടും വിശേഷപക്ഷം കാണിക്കാതെ ഏവരേയും സഹോദരികളെന്നോണം ഗണിക്കുക. മൂന്നാമത്തെ ബൾട്ടിമൂർ സിനഡിൽ സമ്മേളിച്ച പിതാക്കന്മാർ സന്യാസിനികളുടെ കുമ്പസാരക്കാരേയും ആദ്ധ്യാത്മികഗുരുക്കന്മാരേയും പരാമർശിച്ചു ചെയ്തിരിക്കുന്ന തീരുമാനം വളരെ ശ്രദ്ധേയമാണു്. "വിഷമകരവും പ്രാധാന്യമേറിയതുമായ ഈ ജോലിക്കു പ്രായംകൊണ്ടു പക്വതവന്നവരും, പഠിപ്പും ഭക്തിയും, പുണ്യപൂർണ്ണതയിൽ പുരോഗമനം ചെയ്യുന്നതിനു വാഞ്ഛയുമുള്ളവരും, തങ്ങളുടെ അനുതാപികളെ പ്രാർത്ഥനയിലും ധ്യാനത്തിലും പരിശീലിപ്പിക്കുന്നവരും, മഠത്തിൽ സുകൃതജീവിതത്തിന്റെ ചൈതന്യവും ന്യായപ്രമാണത്തെപ്പററിയുള്ള മതിപ്പും പരിപാലിക്കപ്പെടുന്നതിനുദ്യമിക്കുന്നവരും, ഇവയിലും ആശ്രമത്തിന്റെ പാരമ്പര്യത്തിലും മെത്രാനോടാലോചിക്കാതെ യാതൊരു ഭേദഗതിയും ചെയ്യുന്നതിനു തുനിയാത്തവരുമായ വൈദികർ നിയമിക്കപ്പെടേണ്ടതാകുന്നു." സന്യാസവ്രതങ്ങൾ, കാനോനാനമസ്കാരം, ആത്മീയജീവിതത്തെ പരിപോഷിപ്പിക്കുന്ന ധ്യാനം, മൌനം മുതലായവ സംബന്ധിച്ചു കന്യാസ്ത്രീകൾ എവ്വിധം വ്യാപരിക്കുന്നു എന്നു അവരുടെ കുമ്പസാരക്കാരൻ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പുറമെയുള്ളവരുമായുള്ള അനാവശ്യമായ ഇടപാടുകളെ ഒരിക്കലും അനുവദിപ്പാൻ പാടില്ല; എന്തുകൊണ്ടെന്നാൽ അതു സന്യാസജീവിതത്തിന്റെ ഓജസ്സിനെ കെടുത്തുകയും, ആ ജീവിതാവസ്ഥയോടു തപസ്വിനികൾക്കുണ്ടായിരിക്കേണ്ട മതിപ്പിനെ കുറയ്ക്കുകയും, അവർ പരസ്യമായി പരിത്യജിച്ച ലോകത്തിന്റെ അഭിപ്രായഗതികളും ആഡംബരപ്രിയവുംകൊണ്ടു അവരുടെ മനസ്സിനെ നിറയ്ക്കുകയും ചെയ്യുന്നു. തന്റെ പരിപാലനത്തിനു ഏല്പിക്കപ്പെട്ടിരിക്കുന്ന സന്യാസസഭയുടെ ന്യായപ്രമാണങ്ങളും ചട്ടവട്ടങ്ങളും നിർദ്ദിഷ്ടജോലിയും ശരിയായി മനസ്സിലാക്കാൻ ഒരു കുമ്പസാരക്കാരനു കടമയുണ്ടു്"'[31]



www.malankaralibrary.com

നമ്മുടെ സഭയ്ക്കു ശ്ലൈഹികകാലത്തോളം പഴക്കമുണ്ടെങ്കിലും തപസ്വിനിമഠങ്ങൾ ഇവിടുത്തെ അപ്രാചീനപ്രസ്ഥാനങ്ങളിലൊന്നുമാത്രമാണെന്നുള്ളതു സത്യമാണ്. തന്മൂലം അവയ്ക്കു പാശ്ചാത്യരാജ്യങ്ങളിലെപ്പോലെ പൂർവ്വാർജ്ജിതമായ സ്വത്തുംമററും പിന്തുണയായിട്ടില്ലെങ്കിൽ അത്ഭുതപ്പെടാനില്ല. സഭാംഗങ്ങളുടെ ലൌകികകാര്യങ്ങളെല്ലാം നടക്കേണ്ടതു അവക്കു ലഭിക്കുന്ന പത്രമേനികൊണ്ടു വേണ്ടിയിരിക്കുന്നു. കേരളത്തിൽ കന്യാസ്ത്രീകളുടെ വർദ്ധനയനുസരിച്ച അവരുടെ ലൌകികവും ആദ്ധ്യാത്മികവുമായ പരിരക്ഷകൂടി കൂടുതൽ സുരക്ഷിതമാകാത്തപക്ഷം അവരെക്കൊണ്ടു സഭയ്ക്കും സമുദായത്തിനും ഉദ്ദിഷ്ടപ്രയോജനം ലഭിക്കുമെന്നു തോന്നുന്നില്ല.

## വാഴ്ത്തലുകൾ.

മ്ശിഹാ സ്ഥാപിച്ച സപ്തക്രൂദാശകൾക്കുപുറമെ തിരുസഭ ചില ആശീർവ്വാദകർമ്മങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്. ക്രൂദാശക (Sacraments) ളോടുള്ള സാമ്യം കൊണ്ടായിരിക്കാം ഇവയ്ക്കു Sacramentals എന്ന പേർ സിദ്ധിച്ചതു്. ഈ പദത്തെ 'വാഴ്ത്തലുകൾ' എന്നു ഭാഷപ്പെടുത്താമെന്നു തോന്നുന്നു. ക്രൂദാശകളുടെ ഫലം കൃതകർമ്മ (exopere operats) ത്തിൽ നിന്നാണെങ്കിൽ വാഴ്ത്തലുകളുടേതു കർത്തൃകർമ്മ (exopere operantio) ത്തിൽ നിന്നാണെന്നൊരു വിശേഷതയുണ്ടു്. ഇവ ജനങ്ങൾക്കു ആത്മികവും ലൌകികവുമായ നന്മകൾ നൽകുകയും വിപത്തിൽ നിന്നു അവരെ പരിരക്ഷിക്കുകയും ചെയ്യുന്നു. ക്രിസ്ത്യാനികളുടെ ഭക്തി വർദ്ധിപ്പിക്കുന്നതിനും അവരുടെ വിശ്വാസം ബലപ്പെടുത്തുന്നതിനുമായി ചില അടയാളങ്ങളും സൂചനകളും വഴിയായിട്ടാണു സഭ ഇവയെ നൽകുന്നതു്. ഒരു വൈദികനു സഭയുടെ ഈ അനഘനിക്ഷേപത്തെപ്പററി പ്രത്യേകവണക്കവും ബഹുമാനവും ഉണ്ടായിരിക്കേണ്ടതാകുന്നു. ഒരിടവകയിൽ വാഴ്ത്തലുകൾ തീരെ അവഗണിക്കപ്പെട്ടന്നെങ്കിൽ, അതു പട്ടക്കാരനിലൊ അല്ലെങ്കിൽ ജനങ്ങളിലൊ സജീവമായ വിശ്വാസം ഇല്ലെന്നുള്ളതിന്റെ ലക്ഷ്യ



www.malankaralibrary.com

മാകുന്നു. വാഴ്ത്തലുകളുടെ ശരിയായ ഉപയോഗവും സ്വഭാവവും ജനങ്ങളെ വത്സരവട്ടത്തിലൊരിക്കലെങ്കിലും തെളിവായി പറഞ്ഞു മനസ്സിലാക്കേണ്ടതാണ്. ഒരു പ്രാദേശിക സൂനഹദോസ വൈദികൻെറ കടമയെ രസകരമായി ക്രോഡീകരിക്കുന്നതിപ്രകാരമാണ്. 'പ്രസംഗകന്മാരും ഇടവക ഭരണകർത്താക്കളും വാഴ്ത്തലുകളുടെ സ്വഭാവവും സാരവും ശരിയായ ഉപയോഗവും വിശ്വാസികളെ ഇടയ്ക്കിടെ ഗ്രഹിപ്പിക്കുന്നതിനു ശ്രമിക്കട്ടെ. തങ്ങളുടെ പഠിപ്പിലും ബുദ്ധിശക്തിയിലും അമിതമായി അവലംബിച്ചുകൊണ്ട്, ഈ വാഴ്ത്തലുകൾ നിസ്സാരങ്ങളും തുച്ഛങ്ങളുമെന്നു വിധിക്കുന്നവരെ, ഇവ തിരസ്കരണീയങ്ങളല്ലെന്നും പ്രത്യുത ഭക്തിപരമായ ജീവിതം നയിക്കുന്നതിനും രക്ഷപ്രാപിക്കുന്നതിനും വളരെ ഉപകരിക്കുന്നവയാണെന്നും ധരിപ്പിക്കേണ്ടതാകുന്നു. എന്നാൽ ആന്തരികമായ ഒരുക്കംകൂടാതെ സ്വതേതന്നെ ഇവയെല്ലാം സാധിക്കുമെന്ന ഭാവേന, ഇവയ്ക്കില്ലാത്ത വില കല്പിക്കയും, അന്ധവും അമിതവുമായ വിശ്വാസത്തോടെ ഇവയെ സ്വീകരിക്കയും, മൂഢപരമായ വണക്കത്തോടെ ഇവയെ ഉപയോഗിക്കയും ചെയ്യുന്ന അറിവില്ലാത്ത ജനങ്ങളുടെ തെററിദ്ധാരണയും നീക്കേണ്ടതാകുന്നു." 32

വാഴ്ത്തലുകൾ പലേ വിധത്തിലുണ്ട്. അവ ആളുകൾക്കും സാധനങ്ങൾക്കും നൽകപ്പെടുന്നു. തിരുസഭയുടെ നാമത്തിൽ ചെയ്യപ്പെടുന്ന ശക്തിയേറിയ ഈ അപേക്ഷകളുടെ— ആശീർവ്വാദങ്ങളുടെ —ഫലം അവ പ്രദാനം ചെയ്യുന്നവൻെറയും സ്വീകരിക്കുന്നവൻെറയും ഹൃദയനൈർമ്മല്യത്തെ ആശ്രയിച്ചിരിക്കുന്നു. വൈദികൻ ഈ അനുഗ്രഹങ്ങളെ വിശ്വാസികളുടെ വ്യക്തിപരമായ ആഗ്രഹവും ഭക്തിയുമനുസരിച്ച ലോഭംവിനാ നൽകേണ്ടതാണ്; എന്നാൽ ഈ അനുഗ്രഹവർഷങ്ങൾക്കിടയിൽ ആത്തുതല്പ്രവർത്തകനാകാനുള്ള വ്യാമോഹത്തിൽ നിപതിക്കാതിരിപ്പാൻ സൂക്ഷിക്കയും വേണം.



www.malankaralibrary.com

കുറിപ്പുകൾ.


1 Cor. xii. 15.
2 Act. xvii 16,
3 2 Paralip. xxvi. 18.
4 Cornel. A. Lap. Vol. iv p. 179.
5 Matth. xiv. 4.
6 3 Reg. iii. 7.
7 Christ living in the priest.
8 Luke. xii. 49.
9 Christ living in the priest.
10 Matth. ix. 35.
11 Luke. x. 9.
12 Op. cit.
13 Allocutions.
14 Op. cit. p. 371.
15 Mark. xvi. 18.
16 Op. cit. p. 209.
17 Pastoral medicn p. 82-84.
18 Op. cit. p. 81.
19 ദക്രേത്തു്. പുറം. 94.
20 Methodus Parochial p. 338.
21 Jn. x. 3. 4.
22 Prov. xxviii. 23.
23 Matth. ix. 35.
24 Synod of Bombay, In pastoral guide.
25 S. Charles Bore: in Synod. In pastoral guide.
26 Luke. xv. 4.
27 Examiner. Vol. 87. No. 35.
28 1 Pet. ii. 5.
29 The heart of Christ to the heart of India. p.31.
30 Psl. XLIV 12.
31 Op. cit. p. 269.
32 Balt. conc. ii. 350. Ap. past. Theology. p: 228.


# അദ്ധ്യായം ൨൦.

## ദിവ്യകാരുണ്യസ്നേഹിതൻ.

"നിന്റെ ജനത്തെ നീ മാലാഖാമാരുടെ ഭക്ഷണംകൊണ്ടു പോററുകയും വേലകൂടാതെ ഉണ്ടാക്കപ്പെട്ട അപ്പം സ്വർഗ്ഗത്തിൽനിന്നു അവൎക്കു കൊടുക്കയും ചെയ്തു; അതിൽ ഇമ്പകരമായ സൎവ്വ്വം എല്ലാത്തരം രുചിയുടെ മാധുരിയും ഉണ്ടായിരിക്കയും ചെയ്യുന്നു."[1] വിശുദ്ധ കുർബാനയുടെ ഭക്തിപോലെ ഒരു പട്ടക്കാരനു യോജിച്ച ഭക്തി മററില്ലെന്നു വന്ദ്യനായ പത്താംപിയൂസ് മാർപ്പാപ്പാ പറഞ്ഞിരിക്കുന്നു. "കൎത്താവു് നല്ലവനാകുന്നുവെന്നു്, നിങ്ങൾ



www.malankaralibrary.com

രുചിച്ചറിവിൻ." [2] വിശുദ്ധ കുർബ്ബാനയിലാണു ദൈവമാധുര്യം നാം ആസ്വദിച്ചറിയുന്നത്. വിശുദ്ധ കുർബ്ബാന എന്താകുന്നു? അതു അലോചനാമൃതമത്രെ.

ദൈവസുതന്റെ മർത്ത്യാവതാരം നമ്മുടെ ബുദ്ധിയെ ഉല്ലംഘിക്കുന്ന ഒരു പരമോന്നത രഹസ്യമാണല്ലൊ. യോഹന്നാൻ സുവിശേഷകൻ 'ആദിയിൽ വചനം ഉണ്ടായിരുന്നു; ഈ വചനം ദൈവത്തോടു കൂടിയായിരുന്നു; ദൈവമായിരുന്നു ഈ വചനം.' [3] എന്നിപ്രകാരം ദൈവവചനത്തിന്റെ സ്വഭാവം വർണ്ണിച്ചിട്ട്, ഈ വചനം മാംസമായി എന്നു പറഞ്ഞു നമ്മെ അത്ഭുതസാഗരത്തിൽ തള്ളിയിടുന്നു. ദൈവം നിത്യനും സർവ്വശക്തനും സർവ്വഗുണനിധിയുമത്രെ; അവിടുന്നു സമീപിക്കാൻ പാടില്ലാത്ത പ്രകാശത്തിൽ വസിക്കുന്നു. ഈ ദൈവം മനുഷ്യനായി അവതരിച്ചു. മനുഷ്യൻ ആരെന്നു നമുക്കറിയാം. അവൻ ബലഹീനനും പരിമിതശക്തനും, അനേകം ആവശ്യങ്ങൾക്കു വിധേയനുമാകുന്നു. ദൈവം മാനുഷനായപ്പോൾ എന്തൊരു താഴ്മയാണു ദൈവത്തിനു നേരിട്ടതു്. ആകയാൽ വി. പൌലോസ് പറയുന്നു: "ദാസരൂപം കൈക്കൊണ്ടുകൊണ്ടു തന്നെത്താൻ താഴ്ത്തി." 4 നോക്കുക! ബെതിലഹത്തിലെ പുൽക്കൂട്ടിലേയ്ക്കു; അവിടെ വൈക്കോലിന്മേൽ ഒരു കുഞ്ഞു കിടന്നു നിലവിളിക്കുന്നു. അതിൽ ബലഹീനതയല്ലാതെ മറ്റൊന്നും പ്രത്യക്ഷപ്പെടുന്നില്ല. പിള്ളക്കച്ചയിൽ പൊതിയപ്പെട്ടിരിക്കുന്ന ആ മഞ്ജുള ശിശുവിന്റെ സമീപെ പരിശുദ്ധ കന്യകാമറിയത്തിനേയും വി. യൌസേപ്പിനേയുമല്ലാതെ മററാരേയും നാം കാണുന്നില്ല. ഈ ഉണ്ണി നിത്യനും പ്രപഞ്ചത്തെ ശൂന്യതയിൽനിന്നു സൃഷ്ടിച്ചവനുമായ ഏക ദൈവമാണെന്നു വിസ്മയംകൂടാതെ ആർക്കു പറവാൻകഴിയും? നമ്മെ രക്ഷിപ്പാൻ ഈ എളിയ അവസ്ഥ സ്വീകരിച്ചിരിക്കുന്ന ദിവ്യപൈതലിന്റെ നേർക്കുള്ള സ്നേഹത്താൽ എങ്ങിനെ നമ്മുടെ ഹൃദയം തുടിക്കാതിരിക്കും? ഈ താഴ്മ നമ്മുടെ പക്ഷത്തിനല്ലാതെ ആക്ഷേപത്തിനു വിഷയമാകുമോ ഒരിക്കലുമില്ല. എന്നാൽ മാനുഷാവതാരത്തിൽ നാം ദർശിക്കുന്ന അധഃസ്ഥിതിയും സ്വയം താഴ്ത്തലും ത്യാ

ഗവുമെല്ലാം മാനുഷനായ ദൈവം വീണ്ടും സ്വീകരിക്കുന്ന വേറൊരു താഴ്ത്തലിനോടു—വിശുദ്ധകുബ്ബാനയോടു— തട്ടിച്ചുനോക്കുമ്പോൾ എന്തു്? നിസ്സാരമെന്നല്ലാതെ മറെറാന്നും തൽസംബന്ധമായി പറവാനില്ല. മാനുഷനായ ദൈവം ഇതാ വീണ്ടും അപ്പത്തിൻെറ സാദൃശ്യത്തിൻ കീഴ പ്രത്യക്ഷപ്പെടുന്നു. ദൈവം മാനുഷനായതു അത്ഭുതകരമെങ്കിൽ, ദൈവം ഒരു കോതമ്പപ്പത്തിൻെറ രൂപത്തിൽ കാണപ്പെടുന്നതു അതിലും അത്ഭുതകരമാണ്. ഒന്നിൽ കന്യകമറിയത്തിൽ നിന്നെടുത്ത മാംസം തൻെറ ദിവ്യത്വത്തെ മറയ്ക്കുംപോലെ, മററതിൽ അപ്പത്തിൻെറ സാദൃശ്യം തൻെറ മാനുഷികത്വത്തെ ഗോപനംചെയ്യുന്നു. ദൈവം മനുഷ്യനായി, മനുഷ്യനായ ദൈവം അപ്പമായി. 'കുരിശിൽ ദൈവത്വം മാത്രമേ മറയപ്പെട്ടിരുന്നുള്ളു. ഇവിടെ (വിശുദ്ധകുബ്ബാനയിൽ) മാനുഷികത്വംക്രൂടി മറഞ്ഞിരിക്കുന്നു' എന്നു വിശുദ്ധ തോമ്മാ അക്വിനാസ്സ് പറയുന്നു.

സൃഷ്ടിയുടെ പരിപൂൎണ്ണതയ്ക്കായിട്ടുംക്രൂടിയാണല്ലൊ മൎത്ത്യാവതാരം. ദൈവസാന്നിദ്ധ്യം ലോകത്തിനു ആവശ്യമാകുന്നു. മാനുഷനായ ദൈവം എങ്ങനെയാണു ലോകത്തിൽ തൻെറ സാന്നിദ്ധ്യം തുടൎന്നുകൊണ്ടുപോകുക? അതേസ്ഥിതിയിൽ തന്നെ തുടരുന്നപക്ഷം അതുമനുഷ്യൻെറ വിശ്വാസത്തിന്മേൽ ഒരു ബലാൽക്കാരമായിരിക്കും. തന്മൂലം ദൈവം തൻെറ അഗാധബോധജ്ഞാനത്തിൽ മനുഷ്യരോടുക്രൂടിയിരിക്കുന്നതിനു കണ്ടുപിടിച്ച ഒരു മാൎഗ്ഗമാകുന്നു വിശുദ്ധകുൎബ്ബാന. "എൻെറ ആനന്ദം മനുഷ്യപുത്രരോടുക്രൂടിയിരിക്കുന്നതിലാകുന്നു." 5 ഈ ആനന്ദം ദൈവത്തിനുപ്രദാനംചെയ്യുന്നതു വിശുദ്ധകുൎബ്ബാനയെന്ന ക്രൂദാശയത്രെ. ഇതുവഴിയായി സ്രഷ്ടാവു തൻെറ സാന്നിദ്ധ്യംകൊണ്ടു ലോകത്തെ അലങ്കരിക്കുന്നു. മൎത്ത്യാവതാരത്തിൽ ദൈവംതൻെറ മഹത്വത്തെ മറയ്ക്കുന്നതു സ്വയം ദൃശ്യനാക്കുന്നതിനാകുന്നു; വിശുദ്ധ കുൎബ്ബാനയിൽ ഈ അവതരിച്ച ദൈവം തന്നെത്താൻ മറയ്ക്കുന്നതു നമ്മുടെ ഭക്ഷണമായിത്തീരുന്നതിനാകുന്നു. ആദ്യത്തേതിൽ ദൈവം തൻെറ മാധുൎയ്യത്തെ പ്രസ്പഷ്ടമാക്കുകയും രണ്ടാമത്തേതിൽ ആ മാധുൎയ്യത്തെ ആസ്വദിക്കുന്നതിനു നമ്മെ അനുവദിക്കുകയും ചെയ്യുന്നു.



www.malankaralibrary.com

ഫാദർ ഫെബർ പറയുന്നു. "പിറവിയിൽ ഈശോ സ്രാഷ്ടികൾക്ക കാണിക്കപ്പെട്ടു, അതേവിധം വിശുദ്ധ കുർബാനയിൽ വിശ്വാസികളുടെ ആരാധനയ്ക്കു പ്രത്യക്ഷീകരിക്കപ്പെടുന്നു. നിസ്സഹായനായിട്ടാണല്ലോ പുൽക്കൂട്ടിൽ താൻ കിടന്നത്, ഇപ്രകാരം അൾത്താരയിൽ ചലനരഹിതനായിട്ടത്രെ താൻ കാണപ്പെടുന്നത്. പരിശുദ്ധമറിയം ഈശോയെ എടുത്തതുപോലെ പട്ടക്കാരൻ തിരുവോസ്തി സ്വഹസ്തങ്ങളിൽ എടുക്കുന്നു. യൗസേപ്പു പുണ്യവാൻ ഉണ്ണിഈശോയേയുംകൊണ്ടു ഈജിപ്തിലേക്ക പലായനം ചെയ്തതുപോലെ പട്ടക്കാരൻ വിശുദ്ധ കുർബാനയുംകൊണ്ടു ദീനക്കാരന്റെ പക്കലേക്ക ഗമിക്കുന്നു. പുൽക്കൂട്ടിൽ യൗസേപ്പും മറിയവും അല്ലാതെ മററാരുമില്ലായിരുന്നു ഉണ്ണിയെ വണങ്ങാൻ. പലപ്പോഴും ദിവ്യകാരുണ്യഈശോയെ ആരാധിക്കുന്നതിനു പട്ടക്കാരനും കപ്യാരും മാത്രമേയുള്ളു. നസ്രത്തിൽ മുപ്പതുകൊല്ലത്തോളം താൻ അജ്ഞാതമായ ഒരു ജീവിതം നയിച്ചു. താൻ ദൈവപുത്രനായ മ്ശിഹായാണെന്നു തന്റെ അയൽവാസികൾപോലും ഗ്രഹിച്ചിരുന്നില്ല. ഒരു തച്ചന്റെ സുതനായിട്ടേ യേശുവിനെ അവർ ഗണിച്ചിരുന്നുള്ളു. "ഇവൻ തച്ചന്റെ മകൻ അല്ലയോ?" 6 വിശുദ്ധ കുർബാനയിൽ ഏവംവിധം അറിയപ്പെടാത്ത ഒരു ജീവിതമാണു താൻ കഴിക്കുന്നത്. തന്റെ സക്രാരിവാസത്തെപ്പററി ബാഹ്യലോകം ചിന്തിക്കയോ പറയുകയോ ചെയ്യുന്നുണ്ടോ? ഒരു വിളക്ക മാത്രമല്ലേ തന്റെ സാന്നിദ്ധ്യത്തിനു സാക്ഷി? പലസ്തീനാ രാജ്യത്തിലൂടെ ചുററിനടന്നു പ്രസംഗിച്ചതുപോലെ ദിവ്യകാരുണ്യ സ്വീകരണത്തിൽ വിശ്വാസികളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചു അവരെ താൻ വിശുദ്ധീകരിക്കുന്നു. കഷ്ടാനുഭവവേളയിൽ മാംസരക്തങ്ങൾ തമ്മിൽ വേർതിരിഞ്ഞു; ഇതേവിധം കൂദാശവചനങ്ങൾ ഉച്ചരിക്കപ്പെടുമ്പോൾ ശരീരവും രക്തവും പരസ്പരം വേർതിരിയുന്നു. ഈശോമ്ശിഹാ ഉയിർത്തു അക്ഷയമായ ശരീരത്തിലാണല്ലൊ, വിശുദ്ധ കുർബാനയിൽ താൻ സന്നിഹിതനായിരിക്കുന്നതും അക്ഷയശരീരത്തിൽതന്നെ. മനുഷ്യൻ അപ്പത്തിൽ എന്തുമാററം വരുത്തിയാലും അതൊന്നും അപ്പത്തിന്റെ കാതലായ ക്രിസ്തുശരീരത്തെ ബാധിക്കുന്നതല്ല." 7



www.malankaralibrary.com

യോഹന്നാൻെറ സുവിശേഷം ആറാം അദ്ധ്യായത്തിൽ ഏററവും ഉജ്ജ്വലത്തായ ഭാഷയിൽ ദിവ്യരക്ഷകൻ വിശുദ്ധ കുർബ്ബാന വാഗ്ദാനം ചെയ്യുന്നതു കാണാം. അതിന്റെ അപ്പം മുമ്പു നടന്ന അപ്പം പൊലിപ്പിക്കലിലും 'സൽപ്രസാദ'ത്തിൻെറ ഒരു സാദൃശ്യം വ്യാഖ്യാതാക്കൾ കാണുന്നുണ്ട്. ഒട്ടവിലത്തെ അത്താഴത്തിൽവച്ചു ഈ വാഗ്ദാനം നിറവേറുന്നതിൻെറ സാഹചര്യങ്ങൾ മാത്യൂ, മാക്ക്, ലൂക്ക് എന്നിവരുടെ സുവിശേഷങ്ങളിൽ ലളിതമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. വി. പൌലോസ്സും ഈ മഹാരഹസ്യത്തെപ്പററി പ്രസ്താവിക്കാതിരിക്കുന്നില്ല. "ആകയാൽ അയോഗ്യതയോടെ ഈ അപ്പം ഭക്ഷിക്കയോ കത്താവിൻെറ കാസായെ പാനം ചെയ്യുകയൊ ചെയ്യുന്നവൻ കത്താവിൻെറ ശരീരത്തിൻേറയും രക്തത്തിൻേറയും കുററക്കാരനാകും."[8] വിശുദ്ധ ഗ്രന്ഥംവിട്ടു സഭാചരിത്രത്തിലേയ്ക്കു കണ്ണോടിക്കുക, എത്ര ആകർഷകമാംവണ്ണം ദിവ്യകാരുണ്യഭക്തി യുഗങ്ങൾതോറും അതിൽ മിന്നിത്തിളങ്ങുന്നു. അതിൻെറ സ്മരണകളും ലക്ഷ്യങ്ങളും കൊണ്ടു നിറഞ്ഞിരിക്കുന്നു അന്തർഭൌമഗുഹകൾ. (catacombs) അരുമബാലനായ ഒരു തർഷിസ്യൂസ് അതിൻെറ പവിത്രതയുടെ ത്രാണനാത്ഥം രക്തസാക്ഷിമകുടം ചൂടുന്നു. വിശുദ്ധകുർബ്ബാന ഒമ്പതാം നൂററാണ്ടിൽ ജീവിച്ചിരുന്ന പസ്കാസിയൂസ് റഡ്ബേർട്ട് (Paschasius Radbert) എന്ന സന്യാസി കണ്ടുപിടിച്ചതാണെന്നു പ്രോട്ടസ്റ്റൻറുകാർ ഒരിക്കൽ വാദിച്ചിരുന്നു. എന്നാൽ അപ്വിധം ശുഷ്കമായ ഒരു വാദത്തിനു ആരും തന്നെ ഇന്നു തുനിയുമെന്നു തോന്നുന്നില്ല.

വിശുദ്ധ കുർബ്ബാനയാകുന്നു കത്തോലിക്കസഭയുടെ ജീവനാഡി. ഫാദർ സ്കുൾസെ (Schulze) പറയുന്നു. "ദിവ്യകാരുണ്യം സഭയിലെ തിരുക്കർമ്മങ്ങളുടെയെല്ലാം കേന്ദ്രവും അതിൻെറ പരസ്യാരാധനയുടേയും രഹസ്യാരാധനയുടേയും കിരണങ്ങൾ തമ്മിൽ മേളിക്കുന്ന രംഗസ്ഥലവുമാകുന്നു. വിശ്വാസികളുടെ സകല ഭക്തികൃത്യങ്ങളും അതിൽ നിന്നാകുന്നു അവയുടെ ജീവനും ശക്തിയും സൌരഭ്യവും പ്രാപിക്കുന്നതു്. കുർബ്ബാനയെന്ന ബലിക്രിയകൂടാതെ ദൈവേഷ്ടാനുസരണമുള്ള പൌരോഹിത്യമൊ സത്യമതമൊ ഉണ്ടാ



www.malankaralibrary.com

യിരിക്കുന്നതല്ല. മതം വഴിയായി മനുഷ്യൻ ദൈവത്തിങ്കലേയ്ക്കുയ ർത്തപ്പെടുകയും ദൈവം മനുഷ്യന്റെ പക്കലേയ്ക്കു ചായുകയും, അ ങ്ങനെ സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ പാവനമായ ഒരു ബന്ധം ആവിർഭവിക്കുയും ചെയ്യുന്നു. മനുഷ്യഹൃദയത്തെ പിതാവായ ദൈവത്തിന്റെ ഹൃദയത്തോടടുപ്പിക്കുന്ന ഒരു മാർഗ്ഗമായ ഈ ആ ദ്ധ്യാത്മിക ബന്ധത്തിന്റെ ശരിയായ സാദൃശ്യം വിശുദ്ധ കുർബാ നയിലല്ലാതെ മററവിടെയാണു കണ്ടെത്തപ്പെടുക? പരിശുദ്ധ ങ്ങളിൽ പരിശുദ്ധമായ ഇതു ഒരു ബലിയും കൂദാശയുമാകുന്നു. ബലി എന്ന നിലയിൽ അതു പരിശുദ്ധത്രിത്വത്തിനു സമ ർപ്പിക്കപ്പെടുന്ന ഒരു ദാനവും കൂദാശ എന്ന നിലയിൽ അതു ദൈ വം തന്റെ കാരുണ്യകടാക്ഷത്താൽ നമ്മിൽ ധാരാളമായി ചിന്തു ന്ന ഇഷ്ടപ്രസാദത്തിന്റെ ഒരു ഉറവയുമാകുന്നു. ഈ അനുഗ്രഹം വഴിയായിട്ടാണല്ലൊ ദൈവത്തിന്റെ കാതല്യം പിതാവിനും പു ത്രനും പരിശുദ്ധാത്മാവിനുംമദ്ധ്യേ വസിക്കുന്നതുമായ ആ സ്നേഹ ത്തിൽ ഭാഗഭാക്കാകാൻ നാം പ്രാപ്തരാകുന്നതു്. വിശുദ്ധ കുർ ബാനയോടു തുലനംചെയ്യപ്പെടുമ്പോൾ മററുകൂദാശകൾ അനു ഗ്രഹത്തിന്റെ ചെറിയ സരിത്തുകൾ മാത്രമാണു്. ഈ സൽപ്ര സാദം ദൈവികകാര്യങ്ങൾക്കായിട്ടുള്ള ഒരു ക്രിസ്തീയാത്മാവിന്റെ ദാഹത്തെ പൂർണ്ണമായി ശമിപ്പിക്കുയും ആത്മീയ മന്നായ്ക്കായിട്ടുള്ള അതിന്റെ വിശപ്പിനെ മുഴുവനായി തൃപ്തണംചെയ്യുകയും ചെയ്യു ന്നു. യേശു സമറിയാക്കാരിയായസ്ത്രീയോടു പറഞ്ഞു; "ഈ വെള്ളം കുടിക്കുന്ന ഏവനും വീണ്ടും ദാഹിക്കുന്നു, എന്നാൽ ഞാൻ കൊടു ക്കുന്ന വെള്ളം കുടിക്കുന്ന ഒരുത്തനും ഒരിക്കലും ദാഹിക്കുകയില്ല." 9

വൈദികനും വിശുദ്ധ കുർബാനയും തമ്മിലുള്ളബന്ധം വിപുലവും ബഹുലവും വിവിധവുമാണു്. ഈ ബന്ധത്തിന്റെ നാ നാമുഖങ്ങളെ പരാമർശിച്ചു ഒരു ഗ്രന്ഥംതന്നെ എഴുതാവുന്നതാ ണു്; വാസ്തവത്തിൽ എഴുതപ്പെട്ടിട്ടുമുണ്ടു്. ഏതാനും കൊല്ലങ്ങൾ ക്കുമുമ്പു് ഇൻഡ്യയുടെ വിസിററർ അപ്പോസ്തോലിക്കാ എന്ന നി ലയിൽ ഇവിടെ വന്നിട്ടുള്ളദേഹവും കേരളീയരിൽ പലക്കും സു പരിചിതനും ഭാഗ്യസ്മരണാർഹനുമായ കർദ്ദിനാൾ ലെഫ്സിയെ



www.malankaralibrary.com

(Lepicier) Eucharistic priest (ദിവ്യകാരുണ്യപുരോഹിതൻ) എന്നൊരു പുസ്തകം എഴുതിയിട്ടുണ്ട്.

"വലഞ്ഞും ഭാരങ്ങൾ വഹിച്ചുമിരിക്കുന്നവരെ, നിങ്ങളെല്ലാവരും എന്റെ അടുക്കൽവരുവിൻ. എന്നാൽ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം."[10] ഒരു എഴുത്തുകാരൻ പറയുന്നു: "നമ്മുടെ വിഷമതകളേയും സങ്കടങ്ങളേയും അറിയിക്കുന്നതിനുതക്ക ഒരു സ്നേഹിതനെ കണ്ടെത്തുവാൻ ചിലപ്പോൾ നാം വളരെ ആഗ്രഹിക്കുന്നു. നമ്മുടെ ഹൃദയത്തിൽ പ്രതിഷ്ഠലഭിച്ചിട്ടുള്ള ആപ്തമിത്രങ്ങൾക്കു എപ്പോഴും നമ്മെ ആശ്വസിപ്പിപ്പാൻ കഴിഞ്ഞെന്നു വരുന്നതല്ല. അവർ നമ്മിൽനിന്നു അകന്നിരുന്നെന്നു വന്നേയ്ക്കാം. ഏതൽ ഘട്ടങ്ങളിലാണല്ലൊ നമ്മുടെ ഹൃദയം ആശ്വാസത്തിനായിട്ടു അതിവം ദാഹിക്കുന്നത്. അപ്പോൾ നമ്മുടെ ഹൃദയത്തിലെ വേദനകളെല്ലാം ശമിപ്പിക്കുന്നതിനും വിഷമതകളിൽ നമ്മെ തുണെയ്ക്കുന്നതിനും നന്മനസ്സുള്ളവനും സർവ്വപ്രകാരേണയും പ്രാപ്യനും നിത്യനുമായ ഒരു സ്നേഹിതൻ ഉണ്ടെന്നറിയുക എത്ര സന്തോഷപ്രദമാണ്. ആകയാൽ നീ ഒരു സ്നേഹിതനെ അന്വേഷിക്കുമ്പോൾ യേശുവിനു നിന്റെ മൈത്രിസമ്പാദനാത്ഥമുള്ള അർഹതയേയും അവകാശത്തേയും നല്ലപോലെ ചിന്തിക്കുക."[11]

നിരവധി കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഒരു പുരോഹിതനു ഒന്നല്ലെങ്കിൽ മറെറാരു രൂപത്തിൽ സഹിപ്പാനുണ്ട്. എന്നാൽ ഏതു അരിഷ്ടതയുടേയും കാഠിന്യം കുറയുന്നു, അതിൽ അംശഭാക്കാകാനും പീഡിതന്റെ നേക്കു അനുകമ്പ പ്രദശിപ്പിപ്പാനും വേറൊരു യഥാത്ഥസുഹൃത്തുകൂടിയുള്ളപ്പോൾ. സ്നേഹിതന്മാർ തമ്മിലുള്ള ബന്ധം അതിപാവനവും ദൃഢതരവുമാകുന്നു. ക്രിസ്തുനാഥൻ പറയുന്നു. "ഞാൻ ഇനി നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല; തന്റെ യജമാനൻ ചെയ്യുന്നതു എന്തെന്നു ദാസൻ അറിയുന്നില്ലല്ലൊ. എന്നാൽ എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചതുകൊണ്ടു എന്റെ സ്നേഹിതന്മാർ എന്നു നിങ്ങളെ ഞാൻ വിളിച്ചിരിക്കുന്നു."[12] മ്ശിഹാ അപ്പോസ്തൊലന്മാരുടെ അനുഗാമിയായ വൈദികന്റെ യജമാനൻ



www.malankaralibrary.com

മാത്രമല്ല സ്നേഹിതൻ കൂടിയാണെന്നു ഈ വാക്യത്തിൽ നിന്നു സ്ഫുരിക്കുന്നുണ്ടല്ലൊ. ഇതു വൈദികശ്രോത്രങ്ങൾക്കു എത്ര ആനന്ദതുന്ദിലമായ ഒരു സദ്വാർത്തയാണു്. ഇഹത്തിൽ ഒരു വിശ്വസ്തസ്നേഹിതന്റെ ആവശ്യം ഒരു പട്ടക്കാരനുള്ളതുപോലെ മറ്റു വല്ലവർക്കുമുണ്ടോ എന്നു സംശയമാണു്. താൻ ഏററിരിക്കുന്ന ജോലിയുടെ പാരമ്യത്തിൽനിന്നും തന്നെ വലയം ചെയ്യുന്ന വിപത്തുകളുടെ ബാഹുല്യത്തിൽനിന്നും താൻ നയിക്കുന്ന ജീവിതത്തിന്റെ ഏകാന്തതയിൽനിന്നും ഇതു വിശദമാകുന്നുണ്ടു്.

കുടുംബപ്രാരബ്ധങ്ങളിൽ നിന്നൊഴിഞ്ഞു വിരക്തജീവിതം നയിക്കുന്ന ഒരു കത്തോലിക്കപുരോഹിതനെ 'ഏകാകി' എന്നു സംബോധനം ചെയ്യുന്നതിൽ വലിയ അബദ്ധമില്ല. മാനിംഗു പറയുന്ന "പട്ടമേററ ദിവസംമുതൽ പിതാവു കൂടാതെയും മാതാവു കൂടാതെയും വംശാവലി ഇല്ലാതെയും ദിവസങ്ങളുടെ ആരംഭമാകട്ടെ ജീവിതത്തിന്റെ അവസാനമാകട്ടെ ഇല്ലാതെയും വിശിഷ്യാ ദൈവപുത്രനു തുല്യമാക്കപ്പെട്ടവനായി നിത്യപുരോഹിതനായി അയാൾ സ്ഥിതി ചെയ്യുന്നു."[13] എന്ന വിശുദ്ധ പൌലോസിന്റെ വാക്കുകൾ പട്ടക്കാരനിൽ നിറവേറുന്നു. അവൻ സ്വഭവനത്തേയും സ്വജനങ്ങളേയും വിട്ടുപോകുകയും തൽഫലമായി അവന്റെ ജനനവും നാമവും ഗോത്രവും വിസ്മരിക്കപ്പെടുകയും ചെയ്യുന്നു. അവന്റെ ജന്മഭൂമി ഏതെന്നോ എവിടെ മരിക്കുമെന്നോ ആരും തിരക്കുന്നില്ല. ലോകത്തിൽനിന്നു വേർതിരിക്കപ്പെട്ടിരിക്കുന്ന അവൻ, വലിയ ജനക്കൂട്ടത്തിലും ഒരു ഏകാകിയാകുന്നു. തന്റെ ഇടവകജനങ്ങളും സഹോദരവൈദികരും ആകാശത്തിലെ പരിശുദ്ധന്മാരും തനിക്കു കൂട്ടുകാരായുണ്ടെന്നുള്ളതു വാസ്തവം തന്നെ. എന്നാൽ ഇതുകൊണ്ടുമാത്രമായില്ല; ഇവയേക്കാൾ അത്മാർത്ഥമായ ഒന്നു കൂടിയെ കഴിയൂ. ചിലപ്പോൾ വൈദികർ അതു ലൌകിക പക്ഷത്തിലും കുററകരമല്ലാത്ത പ്രത്യേകപരിചയങ്ങളിലും അന്വേഷിക്കുന്നു. മററു മനുഷ്യരെപ്പോലെ കരുണാമസൃണമായ പരിചരണം അവർക്കും ആവശ്യമുണ്ടു്. എന്നാൽ ഇതിന്റെ അന്വേഷണത്തിലും സ്വീകരണത്തിലും അവർ കുടുക്കിൽ വീഴാൻ



www.malankaralibrary.com

എളുപ്പമുണ്ട്. എന്തുകൊണ്ടെന്നാൽ ഒരു മനുഷ്യൻ എന്തിനാൽ ജയിക്കപ്പെട്ടന്നുവോ അതിൻെറ അടിമയാകുന്നു." 14 അതിരുവിട്ട പ്രത്യേകസ്നേഹത്തെക്കാൾ വലിയൊരടിമത്വം ഒരു വൈദികനുണ്ടാകാനില്ല. പൌരോഹിത്യപദവിയിൽ കാൽകുത്തിയ അവസരത്തിൽ പട്ടക്കാരൻ തൻെറ ഹൃദയവും മനസ്സും മുഴുവനായി തൻെറ ദിവ്യയജമാനനു സമർപ്പിക്കയും അതിനു പകരമായി പ്രത്യേകപക്ഷത്തിൽനിന്നു വിമോചനം നൽകുന്ന സ്വാതന്ത്ര്യം പ്രാപിക്കയുംചെയ്തു. ഈ സ്വാതന്ത്ര്യം മനസ്സിൻെറ സമാവസ്ഥ (equilibrium) യിൽ അടങ്ങിയിരിക്കുന്നു. ഹൃദയത്തിൻെറ പക്ഷങ്ങളെല്ലാം നിയന്ത്രിക്കുന്ന ദൈവസ്നേഹമാകുന്നു ഇതിൻെറ അസ്ഥിവാരം. ഒരു പട്ടക്കാരനു തൻെറ മുറി ശൂന്യവും പുസ്തകങ്ങൾ വിരസങ്ങളും സമയം മുഷിച്ചിൽ വരുത്തുന്നതുമായി തോന്നുമ്പോൾ മനസ്സിൻെറ സമാവസ്ഥ നഷ്ടീഭവിച്ചു എന്നു അനുമാനിക്കാം.

ദൈവം അബ്രാഹത്തിനോടു ഒരു മനുഷ്യൻ തൻെറ സ്നേഹിതനോടെന്നോണം സംസാരിച്ചു. വൈദികൻെറ സ്നേഹിതൻ തൻെറ ദിവ്യയജമാനൻ തന്നെ. എന്നാൽ ഈ മൈത്രീബന്ധം അതിനെ വിലമതിക്കുന്നവർക്കേ ഉപകരിക്കയുള്ളു. ഇതു ലൌകികവും തന്നിമിത്തം അധമവുമായ മമതാബന്ധങ്ങളോടു ചേർന്നുനിൽക്കുകയില്ല. "ഞാൻ നിങ്ങളോടുകൂടി ലോകാവസാനംവരെ ഉണ്ടായിരിക്കും" 15 ഇതാണല്ലൊ ദിവ്യരക്ഷകൻ നൽകുന്ന വാഗ്ദാനം. ഈ വാഗ്ദാനമല്ലയൊ പ്രകൃത്യതീതമായ വിധത്തിൽ അവിടുന്നു വിശുദ്ധകുർബാനമുഖേന നിറവേററുന്നത്. ഇപ്രകാരം മനുഷ്യമക്കളുടെ മദ്ധ്യേ എപ്പോഴും അധിവസിക്കുന്ന വിശുദ്ധകുർബാനയിലെ യേശുതന്നെ പട്ടക്കാരൻെറമിത്രം. കാലത്തും ഉച്ചക്കും വൈകുന്നേരവും എന്നല്ല എല്ലാസമയവും ഈ സ്നേഹിതൻ പട്ടക്കാരനോടൊന്നിച്ചുണ്ട്.

ദിവ്യരക്ഷകനായ ക്രിസ്തു അനുഗ്രഹിക്കുന്നതിനെ അനുഗ്രഹിക്കയും വെറുക്കുന്നതിനെ വെറുക്കുകയും സ്നേഹിക്കുന്നതിനെ സ്നേഹിക്കുകയും ചെയ്യുന്നതിലടങ്ങിയിരിക്കുന്നു ഈ മൈത്രീബന്ധമെന്നു



www.malankaralibrary.com

പറയാം. സ്നേഹിതന്മാക്ക ഒരേ മനസ്സും ആഗ്രഹവുമാണ വേണ്ടത്. മിശിഹാ എന്താണ ആഗ്രഹിക്കുന്നത്; ഏവരും രക്ഷ പ്രാപിക്കണമെന്നും പരിശുദ്ധീകരിക്കപ്പെടണമെന്നും തന്നിൽ പൂൎണ്ണമായി ശരണം വയ്ക്കണമെന്നുമത്രെ.

മൈത്രിയിൽ മനസ്സിന്റെ യോജിപ്പു മാത്രമല്ല, പരസ്പരസഹായവുണ്ട്. ചിലപ്പോൾ സ്നേഹിതന്മാർ നമ്മോടു കക്കശമായി വൎത്തിച്ചു എന്നു വന്നേക്കാം. എന്നാൽ മ്ശിഹാ ഒരിക്കലും നമ്മോടു അങ്ങനെ ചെയ്യുന്നില്ല; നമ്മുടെ നേക്ക കരുണയും അനുകമ്പയും എപ്പോഴും തനിക്കുണ്ട്. നമ്മുടെ ബലഹീനതയറിഞ്ഞുകൊണ്ടു കരുണാപൂർവ്വം മാത്രമാണ താൻ നമ്മോടു പെരുമാറുന്നത്. ചിലപ്പോൾ യേശു നമ്മെ ശിക്ഷിക്കുന്നെങ്കിൽ അതിനു കാരണം തന്റെ സ്നേഹമാണ്. കഷ്ടപ്പാടുകൾ നമുക്കാവശ്യമുള്ളപ്പോഴെ ലഭിക്കയുള്ളു. നമ്മുടെ ആവശ്യവും സഹിക്കാനുള്ള കെല്പും അനുസരിച്ചു മാത്രമേ ക്ലേശങ്ങളും പീഡകളും താൻ നമുക്കയക്കയുള്ളു. കുറഞ്ഞതു നമ്മെ ശുദ്ധീകരിക്കയില്ലായിരിക്കാം. ആവശ്യത്തിലധികം നമുക്ക നേരിടുകയുമില്ല. തന്റെ ഉദ്ദേശം എന്തെന്നു വ്യക്തമായി നാം ഗ്രഹിക്കുന്നില്ല. "ഞാൻ ചെയ്യുന്നതു നീ ഇപ്പോൾ അറിയുന്നില്ല; എന്നാൽ പിന്നീടു അറിയും." 16 എന്ന വാക്കുകൾ നമുക്കായിട്ടുകൂടി പറയപ്പെട്ടിട്ടുള്ളവയാണ്.

ദിവ്യകാരുണ്യസ്നേഹിതനായ ഈശോ തന്റെ ദിവ്യപരിപാലനയിൽ നമുക്ക സ്വാഭാവികങ്ങളും സ്വാഭാവാതീതങ്ങളുമായ നിരവധി നന്മകൾ നൽകുന്നുണ്ട്. വലിയ വിഷമതകൾ നേരിടുമ്പോൾ വിശുദ്ധ കുബ്ബാനയുടെ പക്കലാണ ബോധവെളിച്ചത്തിനായി നാം പ്രാൎത്ഥിക്കേണ്ടത്. വിശപ്പുകൊണ്ടു വിവശരായ ചിലർ സക്രാരിയുടെ വാതുക്കൽ അപ്പത്തിനായി മുട്ടിവിളിച്ചതായി ചരിത്രരേഖകളുണ്ട്. വൈദികനു ഏതുനേരവും തന്റെ ദിവ്യയജമാനന്റെ പക്കൽ പ്രവേശനസൌകര്യമുണ്ടായിരിക്കുന്നു. കൎത്താവിന്റെ ഔദ്യോഗിക സൂക്ഷിപ്പുകാരനായ അവൻ പള്ളിയോടും വിശുദ്ധ സ്ഥലത്തോടും വളരെ അടുത്താണല്ലൊ വസിക്കുന്നത്.

സഖിത്വത്തിൽ പരസ്പരശുശ്രൂഷയുണ്ട്. ഈ ശുശ്രൂഷ നിസ്സ്വാൎത്ഥവും സന്തോഷസമന്വിതവും കൃതജ്ഞതാപൂൎവ്വവുമാകുന്നു.



www.malankaralibrary.com

"നിങ്ങൾ എന്നെ തിരഞ്ഞെടുത്തതല്ല; പിന്നെയൊ ഞാൻ തന്നെ നിങ്ങളെ തിരഞ്ഞെടുത്തു. നിങ്ങളും പോയി ഫലങ്ങൾ ഉളവാക്കുവാനും നിങ്ങളുടെ ഫലങ്ങൾ നിലനില്ക്കുവാനുമായി നിങ്ങളെ ഞാൻ നിയമിക്കുകയും ചെയ്തിരിക്കുന്നു."17 മ്ശിഹാ നമ്മുടെ യജമാനനായിരുന്നു നാം അവിടത്തെ ഭൃത്യന്മാരാകുന്നതിനു മുമ്പ്. നാം വിലയ്ക്കു വാങ്ങപ്പെട്ടവരാണ്, നമുക്കുള്ള ആത്മീയവും ശാരീരികവുമായ അഖില ശക്തികളും ഇഷ്ടപ്രസാദദാനങ്ങളും ക്രിസ്തുരാജന്റേതത്രെ. വൈദികവൃത്തിയെ ഉള്ളഴിഞ്ഞു സ്നേഹിക്കയും വിലമതിക്കയും ചെയ്യുന്ന ഒരു പുരോഹിതന്റെ ജീവിതം തന്റെ ദിവ്യയജമാനന്റെ ഹിതാനുസരണമുള്ള ഒരു ശുശ്രൂഷമാത്രമാണ്. നമ്മുടെ ജീവിതത്തിലെ സാധാരണ ചെയ്തികൾപോലും അവിടത്തേയ്ക്കു സമർപ്പിക്കാൻ പാടുണ്ട്. എന്തുകൊണ്ടെന്നാൽ വി. പൌലോസ് പറയുന്നു. "നിങ്ങൾ തിന്നുകയൊ കുടിക്കയൊ മററെന്തെങ്കിലും ചെയ്യുകയൊ ചെയ്യുന്നെങ്കിൽ ദൈവത്തിന്റെ സ്തുതിക്കായിട്ടു ചെയ്യുവിൻ."18 നമ്മുടെ സകല പ്രവൃത്തികളും ദൈവസ്തുതിക്കായി ചെയ്യുന്നതിനു നാം വയ്ക്കുന്ന ഉദ്ദേശത്താൽ അവ പരിശുദ്ധീകരിക്കപ്പെടുകയും, അങ്ങനെ അവ നമ്മുടെ ദിവ്യസ്നേഹിതനു ചെയ്യപ്പെടുന്ന ഒരു മഹൽസേവനമായി പരിണമിക്കയും ചെയ്യുന്നു.

ഇങ്ങനെ ദിവസം മുഴുവനും നാം മ്ശിഹായെ ശുശ്രൂഷിക്കുമ്പോൾ നമുക്കു പ്രതിശുശ്രൂഷയും തന്നിൽനിന്നു ലഭിക്കാതിരിക്കയില്ല. പൂർവ്വശത്രുവായ പിശാച് രഹസ്യമായും പരസ്യമായും നമ്മെ അലട്ടുമ്പോൾ താൻ എപ്രകാരം നമ്മെ പരിരക്ഷിക്കയും സഹായിക്കയും ചെയ്യുന്നുവെന്നു വളരെ കുറച്ചുമാത്രമെ നാം അറിയുന്നുള്ളു. നാം അറിയുന്ന വിപത്തുകൾ വളരെയെങ്കിൽ, അറിയാത്തവ അതിലും വളരെ എന്നു നിനച്ചുകൊണ്ടാൽ മതി. രഹസ്യപാപങ്ങളിൽ നിന്നു രക്ഷ പ്രാപിക്കാൻ പ്രാർത്ഥിക്കുന്നതുപോലെ രഹസ്യവിപത്തുകളിൽ നിന്നു മോചനം ലഭിപ്പാനും പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. ദിവസം മുഴുവനും നല്ലവരും തണ്ണ്യവരും ഋജ്ജുബുദ്ധികളും വക്രബുദ്ധികളും . പരമാർത്ഥികളും



www.malankaralibrary.com

കപടഹൃദയക്കളും ആയ സ്ത്രീപുരുഷന്മാരോടു ഇടപെട്ടശേഷം തന്റെ ദിവ്യയജമാനന്റെ പക്കലേയ്ക്കു 'പാദം മാത്രം കഴുകിയാൽ മതി' എന്ന സ്ഥിതിയിലുള്ളവനെപ്പോലെ തിരിച്ചു ചെല്ലാൻ സാധിക്കുന്ന വൈദികൻ ഭാഗ്യവാൻ. ഹാ! രാവിലെ ആനന്ദതുന്ദിലരായി, കളങ്കരഹിതരായി, ഉന്മേഷമൂർത്തികളായി ദിവ്യരക്ഷകന്റെ പാർശ്വത്തു നിന്നു പുറപ്പെടുന്നവർ വൈകുന്നേരം ദുഃഖത്തോടും നെടുവീർപ്പോടും മനഃസാക്ഷിയുടെ ഭാരത്തോടും, നിഷ്കൃമഷത പൊയ്പോയ ഹൃദയത്തോടും കൂടി ഒരു സ്നേഹിതനു യോജിക്കാത്ത വിധത്തിൽ തിരിച്ചെത്തുക അത്ര അസാധാരണമൊ? ഇങ്ങനെ മാററം നമ്മിൽ ഭവിക്കുന്നെങ്കിലും ഈശോയ്ക്കു മാററമൊന്നും വരുന്നില്ല. അവിടുന്നു നമ്മോടു ദയാപുരസ്സരം ക്ഷമിക്കുന്നു. നാം ഉറങ്ങാൻ പോകുന്നതിനുമുമ്പ് ചാപല്യങ്ങളിലും വീഴ്ചകളിലുംനിന്നു ഈശോ നമ്മെ വിമോചിക്കുന്നു. നാം 'ഞാൻ പിഴയാളി' എന്നു പറയുന്ന ക്ഷണത്തിൽ അവിടുന്നു തൃപ്തിപ്പെടുന്നു.

മൈത്രിയിൽ അന്യോന്യസമ്പർക്കമുണ്ട്. സ്നേഹപാശത്താൽ ബന്ധിതർ എപ്പോഴും ഒന്നിച്ചാകുന്നു, അവർ ചൈനായും പെറുവും (Peru) പോലെ അകന്നിരുന്നാലും കഴിഞ്ഞ കാലത്തെ ഇടപാടുകളുടെ ഭാഗ്യസ്മരണ, മനസ്സിന്റെ യോജിപ്പ്, പരസ്പര ശുശ്രൂഷ ഇവ അവരെ അന്യോന്യം അടുപ്പിക്കുന്നു. കത്തുകൾ കടലിനും മലയ്ക്കും അപ്പുറത്തുള്ള നമ്മുടെ സ്നേഹിതന്മാരുടെ പ്രതിരൂപത്തെ സജീവമായി നമ്മുടെ മനോമുകുരത്തിൽ പ്രതിബിംബിപ്പിക്കുന്നില്ലെ? ഇതാണ ലൌകികസ്നേഹത്തിന്റെ സ്വഭാവം. സ്നേഹിതന്മാർ അകന്നിരിക്കുമ്പോഴും ഒരു വൈദികനു തന്റെ ദിവ്യയജമാനനോടുള്ള സ്നേഹബന്ധം സാമീപ്യത്തേയും അപൃത (Intimacy) യേയും സംബന്ധിച്ചിടത്തോളം ഇതിലും ശ്രേഷ്ഠവും ദൃഢതരവുമാണ്. എന്തുകൊണ്ടെന്നാൽ നമ്മുടെ ദിവ്യസ്നേഹിതൻ ഏതുനേരവും നമുക്കു സ്വാഗതമരുളുന്നു. അദ്ദേഹത്തോടു ഇടപെടുന്നതിനു നമ്മുടെ ഭാഗത്തുനിന്നു നന്മനസ്സു മാത്രം മതിയായിരിക്കുന്നു.

ആകയാൽ എനിക്കു സ്നേഹിതരാരുമില്ലെന്നു ഒരു വൈദി



www.malankaralibrary.com

കനും അവലാതിപ്പെടാൻ പാടില്ല. വിശുദ്ധ കുമ്പാനയിൽ സദാ സന്നിഹിതനായിരിക്കുന്ന യേശു ഏവരുടേയും സ്നേഹം സമ്പാദിപ്പാൻ വാഞ്ഛിക്കുന്നു. ലൌകികസ്നേഹിതന്മാർ നമ്മെ ദുഃഖിപ്പിച്ചേക്കാം, എന്നാൽ ദിവ്യകാരുണ്യസ്നേഹിതൻ അപ്രകാരം ചെയ്യുകയില്ല. ഈ സ്നേഹിതൻെറ സ്നേഹമാസ്വാദിക്കുന്നതിനു ലൌകികങ്ങളും അധമങ്ങളുമായ മൈത്രികളിൽനിന്നു നമ്മുടെ ഹൃദയത്തെ വേർപെടുത്തി സൂക്ഷിക്കേണ്ടിയിരിക്കുന്നു. വി. പൌലോസ് ഇങ്ങനെ പറഞ്ഞു: "ഞാൻ ലയിച്ചു ക്രിസ്തുവിനോടു ചേരുന്നതിനു ആഗ്രഹിക്കുന്നു." 19 അത്യുഗ്രമായ സ്നേഹത്തിൻെറ തിരത്തള്ളലല്ലാതെ മറെറന്താണു അപ്പോസ്തോലനെ ഈ അവസ്ഥയിൽ എത്തിച്ചതു്? ചില പുണ്യവാന്മാർ 'കർത്താവെ! മതി' അതായതു ആശ്വാസങ്ങളയച്ചതുമതി എന്നു പ്രാർത്ഥിച്ചിട്ടുണ്ടു്. അവരുടെ ഹൃദയം ലൌകിക സ്നേഹത്താൽ അസ്പൃഷ്ടമായിരുന്നതു തന്നെയാണു ഈ ദിവ്യസ്നേഹപ്രവാഹത്തിനു ഹേതു. 20

കർദ്ദിനാൾ ലെഫ്സിയെ തൻെറ പുസ്തകത്തിൽ ഇങ്ങനെ എഴുതുന്നു. "നാം കണ്ണുനീരിൻെറ താഴ്വരയിലാണു ജീവിക്കുന്നതു്; വാസ്തവത്തിൽ സച്ചരിതനായ ഒരു പുരോഹിതൻെറ ജീവിതം മ്ശിഹായുടെ ജീവിതത്തിൻെറ ഒരു അനുകരണം മാത്രമാകുന്നു. തന്നിമിത്തം അതു ദുഃഖങ്ങളും വിഷമതകളുംകൊണ്ടു നിറഞ്ഞിരിക്കാതിരിപ്പാൻ നിവൃത്തിയില്ല. അ കെമ്പിസു പറയുന്നു. 'ഒരുവൻ ഗുരുപ്പട്ടം സ്വീകരിക്കുമ്പോൾ തൻെറ ഭാരം ലഘൂകരിക്കയല്ല പിന്നയോ ഏററം ബന്ധിതമായ ജീവിതബന്ധനത്തിനു ബാദ്ധ്യസ്ഥനാകുകയത്രെ ചെയ്യുന്നതു്. പൌരോഹിത്യം ഒരുവനെ ജീവിതക്ലേശങ്ങളിൽ നിന്നൊ കഷ്ടപ്പാടുകളിൽ നിന്നൊ വിമോചിപ്പിക്കുന്നില്ല.'

ചില സ്ഥലങ്ങളിൽ കത്തോലിക്ക വൈദികർ വളരെ ദാരിദ്ര്യം അനുഭവിക്കുന്നുണ്ടു്. അവർക്കു ലഭിക്കുന്ന ധർമ്മം മാന്യമായ ഉപജീവനത്തിനു മതിയാകാതെ വരുന്നു. കത്തോലിക്കമതം പീഡിപ്പിക്കപ്പെടുന്ന രാജ്യങ്ങളിൽ വൈദികൻെറ സ്ഥാനമാഹാത്മ്യമോ പാണ്ഡിത്യമോ വകവയ്ക്കാതെ അദ്ദേഹത്തെ അപഹസിക്കുന്നതിനുപോലും ജനൌഘം മടിക്കുന്നില്ല.



www.malankaralibrary.com

ചില ഇടവകകളിൽ ജനങ്ങളുടെ ഇടയിൽ വിശ്വാസം വളരെ ക്ഷയിച്ചിരിക്കും. അവൎക്ക ദൈവകാൎയ്യങ്ങളിൽ യാതൊരു താല്പൎയ്യമോ അഭിനിവേശമോ കാണുകയില്ല. തൻമൂലം തങ്ങളുടെ മദ്ധ്യത്തിലുള്ള സുവിശേഷദൂതനെ അവർ നേരെ വെറുക്കുന്നില്ലെങ്കിലും ഒരിക്കലും ഉള്ളഴിഞ്ഞു സ്നേഹിക്കുന്നില്ല. തന്റെ സകല പ്രവൃത്തികളേയും ദുർവ്യാഖ്യാനം ചെയ്യുന്നതിനു അവർ സന്നദ്ധരാണ്. വൈദികന്റെ ഓരോ അടിയും അവർ സൂക്ഷിക്കയും അദ്ദേഹത്തിന്റെ ചെയ്തികളെ കരുണക്കൂടാതെ വിമൎശിക്കയും ചെയ്യുന്നു. തന്റെ ശുഷ്കാന്തി ദുരിച്ഛയായും, വിനയം കപടഭക്തിയായും, ദയ ബലഹീനതയായും, തെററുകളെ ശിക്ഷിക്കുന്നതിൽ എടുക്കുന്ന സ്വാതന്ത്ര്യം മഹാക്രൂരതയായും, ലൌകിക കാൎയ്യാന്വേഷണത്തിൽ കാണിക്കുന്ന താല്പൎയ്യം ലജ്ജാകരമായ പിശുക്കായും അവർ എണ്ണുന്നു. പ്രസംഗങ്ങളും ഉപദേശങ്ങളും എത്ര സൂക്ഷ്മതയോടെ തയ്യാർ ചെയ്യപ്പെട്ടവയായിരുന്നാലും വിമൎശകകത്തിക്കിരയാകാതെ പോകുന്നില്ല. ഇടവകയിലെ വല്ല സാധുക്കളുടെ നേൎക്കും പ്രദൎശിപ്പിക്കുന്ന അനുകമ്പ പക്ഷപാതമായി ഗണിക്കപ്പെടുന്നു. ഗ്രാമവാസികളുടെ ഇടയിൽ ഒരു ഭിന്നിപ്പുണ്ടായി അവർ രണ്ടായിതിരിയുകയും വൈദികൻ ഒരു ഭാഗത്തും ചേരാതെ വിവേകപൂൎവ്വമായ നിഷ്പക്ഷനില അവലംബിക്കുന്നെങ്കിൽ ഉടനെ അദ്ദേഹത്തിനു ജനങ്ങളുടെ കാൎയ്യത്തിൽ ശ്രദ്ധയില്ലെന്നായി സംസാരം. എന്നാൽ പരിശുദ്ധമായ ഉദ്ദേശത്തോടെ ഒരു ഭാഗത്തു ചേൎന്നാൽ നീതിയോ ന്യായമോ നോക്കാതെ മറേറകക്ഷി തന്റെനേൎക്കു കയൎക്കുന്നു. ഈ തരുണത്തിൽ 'കൎത്താവേ; മതി എന്റെ ആത്മാവിനെ എടുത്തുകൊൾക, എന്റെ പിതാക്കന്മാരെക്കാൾ യാതൊരു മെച്ചവും എനിക്കില്ല.'[21] എന്നു ആക്രന്ദനം ചെയ്യാൻ പട്ടക്കാരൻ നിർബന്ധിക്കപ്പെട്ടെങ്കിൽ എന്താണത്ഭുതം."

ദൈവത്തിന്റെ പുരോഹിതനെ തന്റെ ഉദ്യോഗം നിമിത്തം അലട്ടുന്ന എതിൎപ്പുകളും ബുദ്ധിമുട്ടുകളും സഹിക്കുന്നതിനു പൎയ്യാപ്തമായ ധൈൎയ്യം, തന്റെ വിശപ്പസ്നേഹിതനും വിശുദ്ധ



www.malankaralibrary.com

കുർബാനായിൽ എപ്പോഴും എഴുന്നെള്ളി വസിക്കുന്നവനുമായ കർത്താവിനോടുള്ള ഭക്തിയിലല്ലാതെ മററുവിടെയാണു അവൻ കണ്ടെത്തുക.

വൈദികസ്ഥാനത്തിൽ തനിക്കു മേലുള്ളവരോ കീഴുള്ളവരോ, സമന്മാരൊ തമ്മിലുള്ള അഭിപ്രായവ്യത്യാസമാകുന്നു പട്ടക്കാരൻെറ വേറൊരു ദുഃഖഹേതു. ഏറിയ ക്രൂരം തെററിദ്ധാരണയും മുൻവിധിയും മൂലമുളവാകുന്ന ഈ വകസംഭവങ്ങൾക്കു– സദ്ദേശം ഇരുഭാഗത്തുമുണ്ടെങ്കിലും– ഒരു അപവാദമാണു വൈദികസ്ഥാനികളുടെ സ്ഥിതി എന്നു വിചാരിക്കേണ്ട. സുകൃതവാന്മാരും നീതിമാന്മാരുമായ ആളുകളുടെ ജീവിതത്തിൽ മാത്രമല്ല, അൾത്താരയിൽ നാം വണങ്ങുന്ന വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളിൽ പോലും ഇപ്രകാരമുള്ള സംഭവങ്ങൾക്കു ഉദാഹരണങ്ങൾ കണ്ടുമുട്ടുന്നുണ്ട്.

മേൽ ഉദ്ധരിച്ച തരത്തിലുള്ള പീഡകളുടെയും ആക്ഷേപങ്ങളുടെയും മദ്ധ്യേ സമചിത്തതയോടെ ജീവിക്കണമെന്നാഗ്രഹിക്കുന്ന വൈദികൻ തൻെറ ആത്മമിത്രമായ ദിവ്യകാരുണ്യ ഈശോയുടെ പകലേസ്സുകൂടുക്കുകയും അവിടത്തെ സ്നേഹസംപൂർണ്ണമായ ഹൃദയത്തിൽ അഭയം തേടുകയുംചെയ്യട്ടെ. ഉപകാരം സ്വീകരിച്ചവരിൽനിന്നുള്ള കൃതഘ്നതമൂലം ഖേദിക്കുമ്പോഴും, പട്ടസ്ഥാനത്തിനെതിരായുള്ള ദൂഷണങ്ങൾമൂലം വ്രണിതഹൃദയനാകുമ്പോഴും, താൻ സ്നേഹിക്കയും ബഹുമാനിക്കയും ചെയ്യുന്നവരുടെ എതിർപ്പുമൂലം വിഷമിക്കുമ്പോഴും, സക്രാരിയുടെ സമക്ഷം ശാരീരികമായിട്ടല്ലെങ്കിൽ ഹൃദയംകൊണ്ടെങ്കിലും സന്നിഹിതനായി തൻെറ ഹൃദയവേദനകളെ ദിവ്യയജമാനനെ അറിയിക്കട്ടെ. ക്ഷമയോടും സമചിത്തതയോടും കൂടി ഈ കഷ്ടാരിഷ്ടതകളെ സഹിക്കുന്നതിനുള്ള ധൈര്യം ലഭിക്കുന്നതിനു ദിവ്യകാരുണ്യനാഥനോടു അവൻ പ്രാർത്ഥിക്കട്ടെ. നാം ചോദിക്കുന്ന എന്തും തരുന്നതിനു സന്നദ്ധനായിരിക്കുന്ന ഈശോ നിശ്ചയമായും നമ്മുടെ ഹൃദയത്തിൻെറ മുറിവുകളെ അനുഗ്രഹമാകുന്ന വീഞ്ഞൊഴിച്ചു വെച്ചുകെട്ടാതിരിക്കയില്ല. ഓ! ദിവ്യകാരുണ്യജീവിതം (Eucharistic life)



www.malankaralibrary.com

തന്റെ ഹൃദയത്തിൽ പരിപോഷിപ്പിക്കുക, ഒരു പട്ടക്കാരനു എത്ര ഉപയോഗപ്രദമാണ്. ഈ ദിവ്യകാരുണ്യം തന്നെയാണു അവന്റെ പ്രഥമശുശ്രൂഷ്കാന്തിയെ സജീവമായി ഹൃദയത്തിൽ പരിരക്ഷിക്കുന്നതും, നിരവധിയോഗ്യതകൾ അവനു സമ്പാദിച്ചു കൊടുക്കുന്നതും, കൈപ്പുനിറഞ്ഞ കഷ്ടാനുഭവങ്ങളുടെ മദ്ധ്യേ വലിയ ആശ്വാസം അനുഭവിക്കുന്നതിനു അവനു ശക്തിനൽകുന്നതും. "എല്ലാ നല്ലകാര്യങ്ങളും അതോടുകൂടിയും അസംഖ്യം സമ്പത്തുകൾ അതു വഴിയായും എനിക്കു ലഭിക്കുന്നു." 22

വിശുദ്ധ കുർബാനയോടുള്ള ഭക്തി ഒരു വൈദികനു തന്റെ വൈദികജീവിതത്തിന്റെ ആരംഭത്തിൽ മാത്രമുണ്ടായാൽ പോരാ, പ്രായാധിക്യത്തോടൊന്നിച്ചു അതും വർദ്ധിക്കണം. എന്തുകൊണ്ടെന്നാൽ വാർദ്ധക്യകാലത്താണു അവനു ആത്മീയതുണയുടെ ആവശ്യം അധികമായുള്ളത്. മാത്രമല്ല വാർദ്ധക്യത്തിൽ നമ്മുടെ കഷ്ടപ്പാടുകൾ വർദ്ധിക്കുന്നതിനും ദൃഷ്ടാന്തങ്ങൾ ദുർല്ലഭമല്ല. സങ്കടങ്ങളുടെയും അനീതിയുടെയും സ്മരണമാത്രമല്ല, കാലം മുമ്പോട്ടു കഴിക്കുംതോറും നവംനവമായി പിടിപെടുന്ന രോഗങ്ങളുടെ ആരംഭത്തെ സൂചിപ്പിക്കുന്ന കായികശക്തിയുടെ നഷ്ടവും വൈദികനെ വിഷമിപ്പിക്കുന്നു. പ്രായാധിക്യത്തെ സംബന്ധിച്ചു വേദപുസ്തകം പറയുന്നതിപ്രകാരമാണ്: "അരിഷ്ടതയുടെ കാലംവരുന്നതിനുമുമ്പു നിന്റെ യൌവ്വനത്തിന്റെ ദിവസങ്ങളിൽ നിന്റെ സ്രഷ്ടാവിനെ ഓർക്കുക; എന്തുകൊണ്ടെന്നാൽ അവ എനിക്കിഷ്ടമില്ല എന്നു നീ പറയുന്ന ദിവസങ്ങൾ അടുത്തുവരുന്നു." 23 ചില പരിശുദ്ധന്മാർ അവരുടെ വാർദ്ധക്യത്തിൽ തങ്ങൾ അർഹിക്കുന്ന വിശ്രമവും എവരുടെയും സ്നേഹബഹുമാനാദരവുകളും പ്രതീക്ഷിച്ചിരിക്കെ, വലിയക്ലേശങ്ങൾക്കു വശഗരാകുന്നതു ദർശിക്കുക എത്ര മർമ്മഭേദകമാണ്. ജോസഫ് കലസാൻക്തിയൂസ്സ് (Joseph Calasanctius) എന്ന പുണ്യവാൻ, താൻ വളരെ പണിപ്പെട്ടു സ്ഥാപിച്ച സന്യാസസഭയിൽനിന്നു, തന്റെ ആത്മികപുത്രന്മാരിലൊരുവന്റെ ഏഷണിയും ദൂഷണവുംമൂലം ബഹിഷ്കരിക്കപ്പെട്ടു. അന്നു അദ്ദേഹത്തിനു എൺപതു വയസ്സു പ്രായമുണ്ടായിരുന്നു. സഭയിലെ



www.malankaralibrary.com

ഒരു മല്പാനും കേൾവികേട്ട അദ്ധ്യാത്മിക ഗുരുഭൂതനുമായ വി. അൽഫോൻസ് ലിഗോരിയുടെ അനുഭവവും ഇതിൽനിന്നു ഭിന്നമല്ല. അദ്ദേഹം സ്ഥാപിച്ച സഭയിൽ ഒരു ഭിന്നിപ്പുണ്ടാകുകയും ഒരു വലിയ ഭാഗം തൻെറ ശ്രേഷ്ഠസ്ഥാനത്തെ നിരാകരിക്കുയുംചെയ്തു. ഈ അത്യാഹിതങ്ങളെല്ലാം തൻെറ സഭാംഗങ്ങളിലൊരുവൻെറ ഒററും വഞ്ചനയുംമൂലം നേരിട്ടതാണ്. ഈ കാലത്തു അദ്ദേഹത്തിനു വയസ്സു എൺപതു കഴിഞ്ഞിരുന്നു.

ഇമ്മാതിരി അരിഷ്ടതകളും സങ്കടങ്ങളും ഒരുവനു അവൻെറ ചെറുപ്രായത്തിൽ നേരിടുന്നില്ലെങ്കിൽ, അതു ദൈവപരിപാലനയുടെ ഒരനുഗ്രഹമായിട്ടുവേണം കരുതാൻ. യൌവനപ്രായത്തിൽ കഷ്ടതകളെന്നല്ല അവയുടെ സ്മരണപോലും അവനെ നിരാശാക്രുപത്തിൽ തള്ളിയിട്ടേയ്ക്കും. ചെറുപ്രായത്തിലെ ദിവാസ്വപ്നങ്ങൾ കടന്നുപോയതിനു ശേഷമാണു മനുഷ്യൻ ലൌകികവസ്തുക്കളുടെ ശൂന്യതയും മാനുഷികാശ്വാസങ്ങളുടെ വ്യർത്ഥതയും സമീചീനമായി ഗ്രഹിക്കുന്നതു്. അപ്പോൾ അവൻ പ്രാപഞ്ചികകാര്യങ്ങളിൽ നിന്നു ഹൃദയത്തെ വിടുർത്തി പരമാർത്ഥവും സ്നേഹയോഗ്യവുമായ ഏകനന്മയോടു സഗാഢം ചേർന്നുനിൽക്കാൻ വാഞ്ഛിക്കുന്നു. വൈദികൻ തനിക്കു പ്രായം ചെല്ലുമ്പോഴാണു പ്രത്യേകമായിട്ടു, ആശ്വാസവും ശക്തിയും കരുണയുടെ വററാത്ത ഉറവയായി, അപ്പത്തിൻെറ സാദൃശ്യങ്ങൾക്കു കീഴ് മറഞ്ഞിരിക്കുന്ന ഈശോയുടെ ആരാധനായോഗ്യമായ ഹൃദയത്തിൽ നിന്നു അന്വേഷിക്കേണ്ടതു്. വത്സരങ്ങൾ മുമ്പോട്ടുപോകുന്നതോടു കൂടി, ദിവ്യകാരുണ്യനാഥനിൽനിന്നു തന്നെ വേർതിരിക്കുന്ന ആ മൂടുപടം പൂർവ്വാധികം ലോലമായി ഭവിക്കുന്നതനുസരിച്ചു വിശുദ്ധ കർബാനയുടെ നേർക്കുള്ള അവൻെറ ഭക്തിയും ശുഷ്കാന്തിയും കൂടുതൽ പുഷ്ടിപ്രാപിക്കേണ്ടതാകുന്നു. എന്നാൽ പ്രായാധിക്യം നേരിടുന്ന കാലത്തു ഈ ക്രുദാശയുടെ വിസ്മയാവഹങ്ങളായ ഫലങ്ങളെ ലോഭംകൂടാതെ മാധുര്യപൂർവ്വം അനുഭവിക്കണമെന്നാഗ്രഹിക്കുന്ന പുരോഹിതൻ ചെറുപ്രായത്തിൽ തന്നെ സുമനോഹരമായ ഈ ഭക്തി യഥാർത്ഥമായ ഒരു ദിവ്യകാരുണ്യജീവിതം നയിച്ചുകൊണ്ടു



www.malankaralibrary.com

ഉത്സാഹത്തോടും ഉണർവോടുംകൂടി പരിശീലിക്കേണ്ടതാവശ്യമാകുന്നു. അന്ത്യകാലത്തിൽ വൈദികർക്കു വിശുദ്ധ കുർബാനയുടെ നേർക്കുണ്ടായിരിക്കേണ്ട ഭക്തിയുടെ ആവശ്യകതയെപ്പററി പ്രസ്താവിക്കുന്ന ഈ ഘട്ടത്തിൽ അനീതിപരമായ ഒരു വിപ്ലവത്തിന്റെ ക്രൗര്യത്തിനിരയായി, സ്വരാജ്യത്തുനിന്നു ബഹിഷ്കൃതനായി, സങ്കടങ്ങളുടെയും കഷ്ടപ്പാടുകളുടെയും മദ്ധ്യേ മരണം പ്രാപിച്ച മഹാനായ ഒരു മാർപ്പാപ്പായുടെ കാര്യം ഓർമ്മയിൽ വരുന്നു. ഇതു് ആറാമത്തെ പീയൂസ് മാർപ്പാപ്പാ അല്ലാതെ മററാരുമല്ല. അദ്ദേഹം റോമാപട്ടണത്തിൽനിന്നു ബലാൽക്കാരേണ ഓടിക്കപ്പെടുകയും തദനന്തരം വാചാമഗോചരമായ കഷ്ടതകൾക്കു വിധേയനായി ഫ്രാൻസിൽ 'വാലെൻസു' എന്ന പട്ടണംവരെ തടവുകാരനായി കൊണ്ടുപോകപ്പെടുകയും അവിടെവച്ചു ചരമമടയുകയുംചെയ്തു. തന്റെ വാർദ്ധക്യകാലത്തു ഭയങ്കരന്മാരായ പീഡകന്മാരിൽനിന്നു ഉപദ്രവങ്ങളും കഷ്ടാനുഭവങ്ങളും പിൻമാറാത്ത ക്ഷമയോടുകൂടി സഹിക്കുന്നതിനുള്ള പ്രകൃത്യതീതമായ ശക്തി, രക്തസാക്ഷി സമാനനായ ഈ മാർപ്പാപ്പാ കണ്ടെത്തിയതു വിശുദ്ധ കുർബാനയിലായിരുന്നു. തനിക്കുതന്നെ ദിവ്യപൂജ അർപ്പിക്കുന്നതിനു നിവൃത്തിയില്ലായിരുന്നതിനാൽ തന്റെ കപ്ലോനായ വൈദികൻ ചൊല്ലിയിരുന്ന കുർബാന ദിവസേന ഭക്തിപൂർവ്വം കാണുകയും തൽസമയം ദിവ്യസൽപ്രസാദം ഉൾക്കൊള്ളുകയും ചെയ്തിരുന്നു. ഇതുകൊണ്ടുമാത്രം തൃപ്തിപ്പെടാതെ ലോകത്തെ വിസ്മയഭരിതമാക്കുമാറു വെള്ളികൊണ്ടുള്ള ഒരു ചെറിയ 'അരിളിക്കാ'യിൽ വിശുദ്ധ കുർബാന എപ്പോഴും തന്റെ കഴുത്തിൽ വഹിക്കുന്നതിനും ആ പുണ്യപുരുഷൻ മടിച്ചില്ല. ബഹുവിധ ക്ലേശങ്ങളുടെ മദ്ധ്യേ വക്ഷസ്സിൽ വിശ്രമിച്ചിരുന്ന ദിവ്യകാരുണ്യമായിരുന്നു അദ്ദേഹത്തിന്റെ ആശ്വാസത്തിന്റെ നിദാനം. മഹാനായ ഈ മാർപ്പാപ്പാ ഇപ്രകാരം തന്റെ ജീവിതത്തിന്റെ അവസാനഘട്ടത്തിൽ തന്റെ ദിവ്യയജമാനനോടൊന്നിച്ചു കാൽവരി മുകളിൽ കയറുന്നതിനു തന്നെ പ്രാപ്തനാക്കിയ ബലവും ധീരോദാത്തതയും ദിവ്യകാരുണ്യത്തിൽ കണ്ടെത്തി.



www.malankaralibrary.com

നമ്മുടെ കാലത്തോടു കുറേക്കൂടി അടുത്തു ജീവിച്ചിരുന്ന വേറൊരു മാർപ്പാപ്പായായ പീയൂസ് നവമനും തനിക്കു നേരിട്ട ഒരു വലിയ വിഷമഘട്ടത്തിൽ വിശുദ്ധകുർബാനയിലാണു ആശ്വാസവും ആശ്രയവും കണ്ടെത്തിയത്. ക്രിസ്ത്വബ്ദം 1848–ൽ മാർപ്പാപ്പായുടെ രാജ്യം പ്രത്യേകിച്ചു റോമാപട്ടണം പ്രചണ്ഡമായ ഒരു വിപ്ലവത്തിൻെറ താണ്ഡവരംഗമായി ഭവിച്ചു. നിത്യപട്ടണത്തിലെ താമസം ദുസ്സഹവും ആപൽഭൂയിഷ്ഠവുമായി പരിണമിക്കയാൽ, അവിടം വിട്ടു മറുവല്ലേടത്തും പൊയ്ക്കളഞ്ഞെങ്കിലൊ എന്നു മാർപ്പാപ്പാ ആലോചിച്ചു. ഈ മഹാദുർഘടാവസ്ഥയിൽ വിശുദ്ധ കുർബാനയെ സംബന്ധിച്ച ഒരു സംഭവമാണു വിദ്രവം ചെയ്യുന്നതിനു മാർപ്പാപ്പാക്കു ഉറപ്പും ധൈര്യവും പ്രദാനം ചെയ്തത്. സംഭവം ഇതായിരുന്നു. ഫ്രാൻസു രാജ്യത്തുള്ള ഒരു പാവപ്പെട്ട പട്ടക്കാരൻ തൻെറ മേലദ്ധ്യക്ഷനായ 'വാലെൻസി'ലെ മെത്രാൻ വഴിയായി ആറാം പീയൂസ്മാർപ്പാപ്പാ തൻെറ ദുഃഖകരമായ പ്രവാസകാലത്തു ധരിച്ചിരുന്ന ആ ചെറിയ വെള്ളി അരിളിക്കാ പരിശുദ്ധപിതാവിനു അയച്ചുകൊടുത്തു. തൽസമയം തനിക്കു ലഭിച്ച ദാനത്തിൽ, കലാപം നിറഞ്ഞ ആ പട്ടണത്തെ കുറേക്കാലത്തേക്കു വിട്ടുപേക്ഷിച്ചു പോയെങ്കിലൊ എന്ന ആലോചനയെ പ്രവൃത്തിയിൽ വരുത്തുന്നതിനുള്ള ഒരു ദിവ്യഅറിയിപ്പു അടങ്ങിയിരിക്കുന്നതായി അദ്ദേഹം ക്ഷിപ്രം കണ്ടു. അന്നേദിവസം തന്നെ തനിക്കു ലഭിച്ച അരിളിക്കായിൽ വിശുദ്ധ കുർബാന എടുത്തു കഴുത്തിൽ ധരിച്ചുകൊണ്ടു റോമ്മാപട്ടണംവിട്ടു 'ഗയേത്താ'യിലേക്കു പോവുകയും നേപ്പിൾസിലെ രാജാവിൻെറ ആതിത്ഥ്യം അഭ്യർത്ഥിക്കയും, ഹൃദയം വിളക്കുമാറു ദുഃഖമനുഭവിച്ചിരുന്ന ക്രൈസ്തവലോകത്തിൻെറ ആ പൊതുപിതാവിനു നേപ്പിൾസ്‌രാജാവു് പ്രത്യുനിശ്ശിശേഷമായ ആദരവോടെ സ്വാഗതമരുളുകയും ചെയ്തു. മർമ്മസ്പൃക്കായ ഈ ധാവനത്തിലും തദനന്തരം 'ഗയേത്താ'യിൽ കുറെനാളത്തേക്കു കഴിച്ച പ്രവാസത്തിലും മഹാനായ ഈ മാർപ്പാപ്പായുടെ ദുഃഖം നിറഞ്ഞ ഹൃദയത്തിനു താൻ കണ്ഠത്തിൽ വഹിച്ചിരുന്ന ദിവ്യകാരുണ്യഈശോയുടെ സാന്നിദ്ധ്യംമൂലം എന്തുമാത്രം



www.malankaralibrary.com

സമാധാനവും ആശ്വാസവുമുണ്ടായി എന്നു വിവരിക്കുന്നതിൽ പരം ഉത്സാഹിച്ചുകൊള്ളുകയാണു ഭേദം. രണ്ടുകൊല്ലത്തെ വിദേശവാസത്തിനു ശേഷം റോമ്മായിൽ തിരിച്ചെത്തിയതിൽ പിന്നെ ആണ്ടുതോറും വിശുദ്ധകുർബാനയുടെ തിരുനാൾ ദിവസം വിശുദ്ധ പത്രോസിന്റെ ദേവാലയത്തിന്റെ അങ്കണത്തിൽക്കൂടിയുള്ള പ്രദക്ഷിണത്തിൽ ഈ പരിശുദ്ധപിതാവുതന്നെ വി. കുർബാന വഹിക്കുക പതിവായിരുന്നു. ദിവ്യകാരുണ്യ ഈശോയുടെ നേർക്കുള്ള അദ്ദേഹത്തിന്റെ ഭക്തി വളരെ വലുതായിരുന്നു. അടുത്തുനിന്നിരുന്ന കാണികൾക്കു ദൈവസ്നേഹത്തിൽ ലയിച്ചിരുന്ന അദ്ദേഹം ഒരു മനുഷ്യനെന്നതിനേക്കാൾ മാലാഖായായിട്ടാണു തോന്നിയത്.

വിശുദ്ധ കുർബാന വൈദികന്റെ സുനിശ്ചിതമായ സങ്കേതമാകുന്നു. മഹാന്മാരായ ഈ മാർപ്പാപ്പാമാരെ അനുകരിച്ചു ദുഃഖത്താലും ഉൽക്കണ്ഠയാലും ഭാരപ്പെടുത്തപ്പെടുമ്പോൾ നമുക്കും വിശുദ്ധ കുർബാനയുടെ സമക്ഷം അഭയം തേടാം. അവിടെ ജീവിതത്തിലെ ബാഹ്യമുഖങ്ങളായ അരിഷ്ടതകൾക്കു ഉപശാന്തി കണ്ടെത്തപ്പെടാതിരിക്കയില്ല. വിശുദ്ധ കുർബാനയിൽ സന്നിഹിതനായിരിക്കുന്ന ഈശോയെ പതിവായി ധ്യാനിച്ചുകൊണ്ടു ജീവിതം നയിക്കുന്ന ഒരു പുരോഹിതൻ തന്റെ ഹൃദയത്തെ പരിശുദ്ധീകരിക്കുന്നതിനുള്ള ജോലി നന്മനസ്സോടെ ആരംഭിക്കയും സ്ഥിരതയോടെ തുടരുകയും വിജയപൂർവ്വം അവസാനിപ്പിക്കയും ചെയ്യുന്നു. തന്റെ ദിവ്യയജമാനന്റെ തിരുഹൃദയത്തോടു തന്റെ ഹൃദയത്തെ അനുരൂപപ്പെടുത്തുന്ന എളിമ, ശാന്തത, ഉപവി മുതലായ സുമനോഹരസുകൃതങ്ങളെ അവൻ ക്രമശ്ശഃ പ്രാപിക്കാതിരിക്കയില്ല.

ദിവ്യകാരുണ്യഭക്തിയില്ലാത്ത ഒരു വൈദികന്റെ ജീവിതം ശുഷ്കമാണ്. അവനു ഒരു യഥാർത്ഥ സ്നേഹിതൻ നഷ്ടപ്പെട്ടിരിക്കുന്നു. "നിങ്ങൾ അറിയാത്തവൻ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ട്" 24 എന്നു മാംദാനാ യഹൂദരെ ഒരു കാലത്തു ശാസിക്കയുണ്ടായി. വിശുദ്ധ കുർബാനയിൽ എഴുന്നെള്ളി നമ്മുടെ മദ്ധ്യേ വസിക്കുന്ന നമ്മുടെ കർത്താവിനെ മുഴുഹൃദയത്തോടെ സ്നേഹിക്കാത്ത



www.malankaralibrary.com

പക്ഷം നമുക്കും താൻ അജ്ഞാതൻ തന്നെ. ക്രിസ്തുവിനോടു ശാരീരികമായി സമീപിച്ചതുകൊണ്ടായില്ല, ആത്മീയമായി തന്നോടു നാം ചേൎന്നിരുന്നെങ്കിലെ തന്റെ സാന്നിദ്ധ്യം നമുക്ക ഫലപ്രദമായി ഭവിക്കയുള്ളു.

വൈദികനു വിശുദ്ധ കുബ്ബാനയുടെ നേൎക്ക യഥാൎത്ഥമായ ഭക്തി ഉണ്ടായിരിക്കുന്നതിനും ഈ ദിവ്യകാരുണ്യഭക്തി അന്യരിൽ പ്രചരിപ്പിക്കുന്നതിനും കടമയുണ്ട്; പ്രകാരാന്തരേണ പറയുന്നതായാൽ പട്ടക്കാരൻ വിശുദ്ധകുബ്ബാനയുടെ ഒരു തീ എരിയുന്ന ആരാധകൻ മാത്രമല്ല, അതിന്റെ ശുഷ്കാന്തി നിറഞ്ഞ ഒരു അപ്പോസ്തോലൻ കൂടിയായിരിക്കണം. 1931 ഡിസംബർ 4, 5, 6 എന്നി തീയതികളിൽ ഗോവായിൽ വച്ചു നടന്ന ദിവ്യകാരുണ്യമഹാസഭ (Eucharistic Congress) യെപ്പററി മുന്നൊരദ്ധ്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇൻഡ്യൻ വൈദികരുടെ സവിശേഷമായ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒന്നുതന്നെയാണു ഈ കോൺഗ്രസ്സ്. ഇതിൽ ഒൻപതോളം പ്രബന്ധങ്ങൾ വിശുദ്ധ കുബ്ബാനയും വൈദികനും തമ്മിൽ ബന്ധമുള്ള വിവിധവിഷയങ്ങളെ പരാമൎശിച്ചു വായിക്കപ്പെടുകയുണ്ടായി. ജ്ഞേയങ്ങളായ നിരവധി ആശയരത്നങ്ങൾ ഇവയിൽ നിക്ഷിപ്തങ്ങളായിരിക്കുന്നുണ്ടെന്നുള്ളതു ഇവ സശ്രദ്ധം പാരായണം ചെയ്യുന്ന ഏവനും വ്യക്തമായി ഗ്രഹിക്കാവുന്നതാണ്. ഈ പ്രബന്ധങ്ങൾക്കും കോൺഗ്രസ്സിലെ മററു നിവേദനങ്ങൾക്കുമുള്ള ഒരു വിശേഷം, അവ നമ്മുടെ നാട്ടിനെ സംബന്ധിക്കുന്നവയും ഇന്നു നടപ്പിൽ വരുത്തേണ്ടവയുമായ സംഗതികളെയാണു ചർച്ച ചെയ്യുന്നതെന്നുള്ളതുതന്നെ.

കോൺഗ്രസ്സ് പ്രസംഗങ്ങളിൽ നിന്നു ചില സൂക്തിമണികളെ ഇവിടെ ഉദ്ധരിക്കാതെ വിടുന്നതിനു മനസ്സനുവദിക്കുന്നില്ല, അതൊരു ശാഖാചംക്രമണമാണെങ്കിലും.........................
കുബ്ബാന ചൊല്ലുന്നതിനു സാധിക്കാതെ വരുമ്പോൾ കുർബാന ഉൾക്കൊള്ളേണ്ടതിന്റെ ആവശ്യകതയെപ്പററി ശക്തിയായി വാദിച്ച ഒരു പ്രസംഗകൻ ഇപ്രകാരമൊരു സംഭവം ഉദ്ധരിച്ചു. "ഒരു പട്ടക്കാരനു തന്റെ കൈവിരലിന്മേൽ ഒരു മുറിവുണ്ടാകയും



www.malankaralibrary.com

താനിമിത്തം രണ്ടു മാസത്തേയ്ക്കു ദിവ്യപൂജയർപ്പിക്കുന്നതിനു നിവൃത്തിയില്ലാതാകയും ചെയ്തു. എന്നാൽ അത്ഭുതം! മുമ്പു ദിവസേന കുർബാന ചൊല്ലിക്കൊണ്ടിരുന്ന ആ വൈദികൻ, ഈ രണ്ടുമാസത്തിനിടയ്ക്കു—ഇതിനിടയ്ക്കു ഒരു പ്രധാന പെരുനാൾ പോലും വന്നെങ്കിലും—വിശുദ്ധകുർബാന സ്വീകരിക്കുകയൊ ഞായറാഴ്ച ഒഴിച്ചു മറ്റു ദിവസങ്ങളിൽ ദിവ്യപൂജ കാണുകയൊ ചെയ്തില്ല...... ...................... ഗിൽററിട്ട കമ്മൂണൻ പ്ലെയിററുകൾ എല്ലാ പള്ളികളിലും ഉപയോഗിക്കേണ്ടതാകുന്നു..................... നമ്മുടെ പള്ളികളിലെ സക്രാരികൾ സാധാരണ ബലമുള്ളവയല്ല; അവ മരംകൊണ്ടുണ്ടാക്കപ്പെടുന്ന ഒരു തരം പെട്ടിയാണ്. അവയുടെ പൂട്ടും സാധാരണ തരംതന്നെ. സക്രാരിയുടെ താക്കോലുകളും അശാസ്യമായ വിധത്തിൽ സൂക്ഷിക്കപ്പെടുന്നില്ല. ഈ ന്യൂനതകൾ അചിരേണ പരിഹരിക്കപ്പെടേണ്ടവയാകുന്നു.........

എവംവിധം വിശുദ്ധ കുർബാനയെ നാനാമുഖത്തുനിന്നും സ്പർശിച്ചുകൊണ്ടുള്ള പ്രസംഗങ്ങളും പ്രമേയാവതരണങ്ങളും കഴിഞ്ഞശേഷം, താഴെവരുന്ന ശ്രദ്ധാർഹമായ നിശ്ചയങ്ങൾ ഐകകണ്ഠ്യേന കോൺഗ്രസ്സിൽ പാസ്സാക്കപ്പെട്ടു.

1. വൈദികർ തങ്ങളുടെ തീക്ഷ്ണതയുടെ വർദ്ധനത്തിനു ഒരു മാർഗ്ഗമായി ദിവ്യകാരുണ്യഭക്തിയിൽ സവിശേഷം പ്രശോഭിക്കുന്നതിനും, കത്തോലിക്കപ്രവർത്തന പരിപോഷണാർത്ഥം ഈ ഭക്തി അൽമേനികളിൽ പ്രചരിപ്പിക്കുന്നതിനും ഈ കോൺഗ്രസ്സു അവരോടുപദേശിക്കുന്നു.

2. സഭയുടെ അഗ്രാഹ്യാനുസരണം വൈദികരേവരും കാനോനാ നമസ്കാരവും ജപമാലയും വിശുദ്ധ കുർബാനയുടെ സമക്ഷം ജപിക്കേണ്ടതാകുന്നു.

3. വിശുദ്ധ കുർബാനയുടെ ഭക്തിയിൽ പുരോഗമനം ചെയ്യുന്നതിനുള്ള ഒരു സുനിശ്ചിത പോംവഴിയായി പട്ടക്കാരേവരും "Priests' Eucharistic League" എന്ന സഖ്യത്തിൽ ചേരേണ്ടതാകുന്നു.

4. ആരാധനസഖ്യം (People's Eucharistic League)



www.malankaralibrary.com

നിവൃത്തിയുള്ള എല്ലാ രൂപതകളിലും സ്ഥാപിക്കുന്നതിനു ഈ കോൺഗ്രസ്സ് വൈദികമേലദ്ധ്യക്ഷന്മാരോടു അഭ്യർത്ഥിക്കുന്നു.

5. Sacra Tridentina synodus; Quam singulari, എന്നീ ചാക്രികലേഖനങ്ങളിലെ താല്പര്യമനുസരിച്ചു, പ്രേഷിതജോലിയിൽ ഏർപ്പെട്ടിരിക്കുന്ന പട്ടക്കാരേവരും ആണ്ടിലൊരിക്കലെങ്കിലും, അടുക്കലടുക്കലും അനുദിനവുമുള്ള ദിവ്യകാരുണ്യസ്വീകരണത്തിന്റെ ആവശ്യകതയെപ്പററി പ്രസംഗിക്കേണ്ടതാകുന്നു.

6. വത്സരവട്ടത്തിലെ എല്ലാ ദിവസവും ഇൻഡ്യയിലെ ഏതെങ്കിലും രൂപതയിൽ പതിമ്മൂന്നുമണി ആരാധന നടക്കത്തക്കവണ്ണം വേണ്ട ഒത്താശകൾ ചെയ്യുന്നതിനു വൈദികമേലദ്ധ്യക്ഷന്മാരോടു ഈ മഹാ സഭ അപേക്ഷിക്കുന്നു.

ഈ ഒടുവിൽ കാണുന്ന തീരുമാനം അനുസരിച്ചാണു ഇപ്പോൾ ഇൻഡ്യാരാജ്യത്തിന്റെ എല്ലാ ഭാഗത്തുംതന്നെ പതിമ്മൂന്നുമണി ആരാധന (Perpetual day adoration) നടക്കുന്നതു്. ഗോവാകോൺഗ്രസ്സുമൂലം സിദ്ധിച്ച ഒരു വലിയവിജയമായിട്ടുവേണം ഇതിനെ ഗണിക്കാൻ. ഇതിൽനിന്നെല്ലാം ദിവ്യകാരുണ്യഭക്തി ഏവരിലും പ്രത്യേകിച്ചു വൈദികരിലും പൂർവ്വാധികം വർദ്ധിപ്പിക്കണമെന്നാണു സഭയുടെ ആഗ്രഹമെന്നു സുവിശദമാണല്ലൊ. ആകയാൽ ഏതൽസംബന്ധമായി വളരെ നവീന ദണ്ഡവിമോചനങ്ങളും പ്രോത്സാഹനങ്ങളും നൽകപ്പെടുന്നതായി നാം കാണുന്നു. വിശുദ്ധ കുർബാനസമക്ഷം കാനോനാ നമസ്കാരം എത്തിക്കുന്ന വൈദികർക്കു പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാവുന്നതാണെന്നുള്ള തീരുമാനമുണ്ടായിട്ടു അധികം കാലമായിട്ടില്ലല്ലൊ. ഇപ്പോളാകട്ടെ ഇതു ഒന്നുകൂടി വിപുലമാക്കി, കാനോനാ നമസ്കാരം എത്തിക്കാൻ കടപ്പെട്ടിരിക്കുന്ന വൈദികേതരർക്കും ഇതു പ്രാപിക്കാവുന്നതാണെന്നു തിരുസംഘത്തിൽനിന്നു തീരുമാനിച്ചിരിക്കുന്നു.

വിശുദ്ധ കുർബാനയുടെ മുമ്പാകെ ജപമാലയുടെ അഞ്ചു രഹസ്യംചൊല്ലി അപേക്ഷിക്കുന്നവർക്കു പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാൻ പാടുണ്ടു്. (മററു വ്യവസ്ഥകളും നിറവേററേണ്ടതാകുന്നു.)



www.malankaralibrary.com

വിശുദ്ധ കർബാന ഭക്തിപൂർവ്വം സന്ദർശിച്ച് ൩ അകാ. ൩ നന്മ. ൩. ത്രിത്വസ്തുതിയും, മാപ്പാപ്പായുടെ നിയോഗപ്രകാരം വിശേഷാൽ ൧ അ. ൧ ന. ൧ ത്രി. ചൊല്ലുന്നവക്കു പത്തുവത്സരത്തെ ദണ്ഡവിമോചനം ഒൻപതാംപീയൂസ് മാപ്പാപ്പാ നൽകിയിരുന്നതാണ്. ഇപ്പോഴത്തെ പരിശുദ്ധപിതാവ് പതിനൊന്നാം പീയൂസുമാപ്പാപ്പായാകട്ടെ, കുമ്പസാരിച്ച് കർബാന കൈക്കൊണ്ടു മേൽ സൂചിപ്പിച്ചിട്ടുള്ള പ്രാർത്ഥനകൾ ഒരാഴ്ച മുഴുവനും ചൊല്ലുന്നവക്ക് ആഴ്ചയിലൊരിക്കൽ പൂർണ്ണദണ്ഡവിമോചനം പ്രാപിക്കാൻ പാടുണ്ടെന്നു തീരുമാനിച്ചിരിക്കുന്നു.

Priests' Eucharistic League എന്ന സഖ്യത്തിലെ അംഗങ്ങൾക്കുള്ള കടമകളിൽ സർവ്വപ്രധാനമായ ഒന്നാണു പ്രതിവാരയാരാധന. (weekly adoration) പതിനൊന്നാം പീയൂസു മാപ്പാപ്പാ തിരുമനസ്സുകൊണ്ട് ഈ ഒരു മണിക്കൂർ ആരാധന തക്ക കാരണമുള്ളപ്പോൾ വിഭജിച്ച് രണ്ടു സമയത്തായി കഴിക്കുന്നതിനു അനുവദിച്ചിരിക്കുന്നു. ആഴ്ചവട്ടത്തിലെ ആരാധന വൈദികരേവരും മുടക്കാതെ നടത്തുന്നതിനുള്ള ഒരു പ്രേരകമല്ലാതെ മററൊന്നാണിതു്.

ഈശോ നമ്മെ സ്നേഹിക്കുന്നു. ഈശോ അല്ലാതെ ആരും നമ്മെ പരമാത്ഥമായി സ്നേഹിക്കുന്നില്ല. വിശുദ്ധ കർബാന നമ്മുടെനേക്കുള്ള തൻെറ അതിരററ സ്നേഹത്തിൻെറ സജീവവും ദൃശ്യവുമായ ചിഹ്നമാകുന്നു. നമ്മുടെ ന്യൂനതകളെയും വിഡ്ഢിത്തങ്ങളെയും കഠോരപാപങ്ങളെയും വിസ്മരിച്ച്, സദാപി നമ്മെ സ്വീകരിപ്പാൻ താൻ തയ്യാറാകുന്നു നമുക്കു നന്മനസ്സുള്ളപക്ഷം. ഈ ദിവ്യകാരുണ്യസ്നേഹിതനെ മറന്നു ജീവിക്കുന്ന പട്ടക്കാരൻ നിർഭാഗ്യവാൻ; നേരെമറിച്ച് ദിവ്യകാരുണ്യസ്നേഹിതൻെറ പാർശ്വത്തിൽ ജീവിക്കുന്നവൻ ആനന്ദത്തിൻെറ പറുദീസ്സാ കണ്ടെത്തിയിരിക്കുന്നു.

## കുറിപ്പുകൾ.

1 Wisdom. xvi- 20.
2 Psl. xxxiii- 9.
3 Jn. I- 1.
4 Philipians. II- 7.



www.malankaralibrary.com

5 Proverb. viii- 31.
6 Math: xiii- 55.
7 The blessed sacrament
8 1 Cor. XI - 27.
9 Eucharist and priest. Oct. 1932.
10 Math. XI - 3.
11 Eucharist and priest. Jan: 1932.
12 Jn. XV - 15.
13 Heb: VII - 3.
14 2 Pet. II - 9.
15 Math. xxviii - 20.
16 Jn. xiii - 7.
17 Jn. XV - 16.
18 1 Cor. X - 31.
19 Philiph: 1 - 23.
20 Eternal priesthood. P. 171.
21 3 King. xix - 4.
22 Eucharistic priest. P. 90.
23 Ecclesiastes. xii - 1.
24 Jn. 1 - 26.

www.malankaralibrary.com

# അവശേഷം.

## I.

## മാസധ്യാനം മുഴവൻധ്യാനം മുതലായ പരിപൂൎണ്ണതാമാൎഗ്ഗങ്ങൾ.

വൈദികർ അൽമേനികളേക്കാൾ പരിശുദ്ധമായ ജീവിതം അകമേയും പുറമേയും നയിക്കയും, സന്മാതൃകയിൽ അവരെ ഉല്ലംഘിക്കയും ചെയ്യേണ്ടിയിരിക്കുന്നു.[1] പുണ്യപരിപൂൎണ്ണത പ്രാപിക്കുന്നതിനുള്ള ചുമതല വൈദികനുണ്ട്. തദൎത്ഥം അവൻ നിരന്തരം ഉററു ശ്രമിക്കേണ്ടിയിരിക്കുന്നു.

പരിശീലനം ഒരുവനെ പരിപൂൎണ്ണനാക്കുന്നു. (Practice makes perfect) എന്ന് ആപ്തവാക്യമുണ്ടല്ലോ. നാം ഒരു തൊഴിൽ പലേനാൾ ചെയ്യുമ്പോൾ നമുക്ക അതിൽ പ്രവീണത സ്വാഭാവികമായിതന്നെ ലഭിക്കുന്നു. അനേക നാളത്തെ ശില്പവേലയുടെ ഫലമായി ഒരാൾ നല്ല ശില്പിയായി ഭവിക്കുന്നു. എന്നാൽ ഈ സാധാരണ നിയമം ആദ്ധ്യാത്മിക ജീവിതത്തെ സംബന്ധിച്ചിടത്തോളം 'പ്രയോഗം ഒരുവനെ അപൂൎണ്ണനാക്കുന്നു' (Practice makes imperfect) എന്നു തിരുത്തിവായിക്കേണ്ടിയിരിക്കുന്നുവെന്നാണു ഒരു ഗ്രന്ഥകാരൻ പറയുന്നത്. പുണ്യപരിപൂൎണ്ണത പ്രാപിക്കുന്ന കാൎയ്യത്തിൽ ആരംഭകന്മാർ ചിരകാലപരിചിതരെ പിമ്പിലാക്കുന്നു എന്നാണല്ലോ ഇതിൻെറ സാരം. യോഗാൎത്ഥികളുടെയും നവസന്യാസികളുടെയും ശുഷ്കാന്തി പ്രസിദ്ധമാണ്. വൈദികജീവിതവും സന്യാസജീവിതവുമൊക്കെ ആരംഭിച്ച കാലത്തുണ്ടായിരുന്നതുപോലുള്ള തീക്ഷ്ണതയും ലോലമായ മനഃസാക്ഷിയും ഇന്നു നമുക്കുണ്ടോ? ഒരുവനു അവൻെറ സന്യാസജീവിതത്തിൻെറ ആരംഭത്തിലെ ശുഷ്കാന്തി എന്നുമുണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നു എന്നു 'ക്രിസ്ത്വാനുകരണം' പറയുന്നു. ആണ്ടുതോറും ഒന്നോ രണ്ടോ ദുർഗ്ഗുണമെങ്കിലും നമ്മിൽ നിന്നു മാററിയെങ്കിൽ പണ്ടേ വലിയ



www.malankaralibrary.com

സുകൃതികൾ നാമായിത്തീരുമായിരുന്നു എന്നു അതേ ഗ്രന്ഥത്തിൽ തന്നെ വേറൊരിടത്തു പറഞ്ഞിരിക്കുന്നു.

സുകൃതജീവിതമാകുന്നു വൈദികനു ഏററവും ആവശ്യമായിട്ടുള്ളതു്. ഇതേസംബന്ധിച്ചു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തന്റെ പുതിയ തിരുവെഴുത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. "നിങ്ങളുടെ സുവിശേഷവേല ദൈവാനുഗ്രഹം നിറഞ്ഞതും ധാരാളം ഫലം പുറപ്പെടുവിക്കുന്നതുമാകണമെങ്കിൽ, അതു ജീവിത നൈർമ്മല്യത്തിൽ അടി ഉറച്ചതായിരിക്കണം. നാം മുമ്പു പ്രസ്താവിച്ചിട്ടുള്ളതുപോലെ, കത്തോലിക്ക് പുരോഹിതന്റെ ഏററവും വലിയ യോഗ്യത ജീവിത വിശുദ്ധിയാകുന്നു. അതിന്റെ അഭാവത്തിൽ മററു ഗുണങ്ങൾകൊണ്ടു വലിയ പ്രയോജനമില്ല; അതുള്ളപ്പോൾ മററു ഗുണങ്ങൾ തുച്ഛങ്ങളായിരുന്നാലും ഒരു പട്ടക്കാരനു വിസ്മയാവഹങ്ങളായ കൃത്യങ്ങൾ നിർവ്വഹിക്കാൻ കഴിയും. ഇതിനുദാഹരണമാണല്ലൊ കുപ്പർത്തീനോയിലെ വി. ജോസപ്പും, (St. Joseph of Cupertino) കുറേക്കൂടി അധുനികവും അടുത്തകാലത്തു നാം തന്നെ വിശുദ്ധന്മാരുടെ പട്ടികയിൽ ചേർത്തിട്ടുള്ള അർസിലെ വിനീതനായ വികാരി വി. ജോൺമേരി വിയാന്നിയും. ഈ ഒടുവിൽ പറഞ്ഞ വിശുദ്ധനെയാണു നാം ഇടവകപ്പട്ടക്കാരുടെ മാതൃകയും സ്വർഗ്ഗീയ മാദ്ധ്യസ്ഥനുമായി നിശ്ചയിച്ചിരിക്കുന്നതു്. ആകയാൽ പുറജാതികളുടെ അപ്പോസ്തോലനോടുകൂടി നാം പറയുന്നു. കണ്ടാലും! നിങ്ങളുടെ ദൈവവിളി; ഇതു കൺമുമ്പാകെയുള്ളടത്തോളംകാലം കൈവപ്പു വഴിയായി നിങ്ങൾക്കു നൽകപ്പെട്ടിട്ടുള്ള ഇഷ്ടപ്രസാദത്തെ വിലമതിക്കാതിരിക്കുന്നതിനൊ, നിങ്ങൾ വിളിക്കപ്പെട്ട വിളിയിൽ യോഗ്യതയോടെ ചരിക്കുന്നതിനു ശ്രമിക്കാതിരിക്കുന്നതിനൊ നിങ്ങൾക്കു കഴിയുന്നതല്ല."

എങ്ങിനെയാണു സെമ്മിനാരിയിൽനിന്നു ഒരുവനു ലഭിക്കുന്ന ജീവിത വിശുദ്ധിയെ പിൽക്കാലജീവിതത്തിൽ കൈവെടിയാതെ പരിരക്ഷിക്കുക? ഇതിനു ആവശ്യമായിട്ടുള്ളതു വീണ്ടുവിചാരം (reflection) മാണു്. ഈ വീണ്ടുവിചാരമുണ്ടാകുന്നതിനു ആത്മീയ ഗുരുക്കന്മാർ ചില പോംവഴികൾ നിർദ്ദേശിക്കുന്നുണ്ടു്.



www.malankaralibrary.com

അവയെ പ്രതിദിനം; പ്രതിവാരം, പ്രതിമാസം, പ്രതിവർഷം ചെയ്യപ്പെടേണ്ടവ എന്നിങ്ങനെ തരംതിരിക്കാം. "വൈദികരേവരും കുമ്പസാരമെന്ന കൂദാശവഴിയായി മനസ്സാക്ഷിയുടെ കറകളെ ക്രൂടെക്കൂടെ കഴുകുകയും, പ്രതിദിനം കുറേനേരം മനഃപ്രാർത്ഥനയിൽ ചെലവഴിക്കുകയും, വിശുദ്ധകുർബാനസ്സു വിസീത്ത കഴിക്കുകയും, പരിശുദ്ധ ദേവമാതാവിനെ ജപമാലമാർഗ്ഗേണ സ്തുതിക്കുകയും, ആത്മശോധന ചെയ്യുകയും ചെയ്യുന്ന കാര്യത്തിൽ ഓരോ രൂപതയിലേയും മെത്രാന്മാർ ദൃഷ്ടി പതിക്കേണ്ടതാകുന്നു." 2

മനഃപ്രാർത്ഥന അല്ലെങ്കിൽ ധ്യാനം, ആത്മശോധന മുതലായവയെപ്പററി എന്തെങ്കിലും എടുത്തു പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആത്മീയ ഗുരുക്കന്മാർ ഈ ദിനകൃത്യങ്ങളോടു ജ്ഞാനവായനയും ചേർക്കുന്നുണ്ട്. മനഃപ്രാർത്ഥനയെപ്പററി ഒരു സിദ്ധൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: 'അതു മനസ്സിനെ പരിശുദ്ധമാക്കുകയും പക്ഷങ്ങളെ ക്രമപ്പെടുത്തുകയും പ്രവൃത്തികളെ നിയന്ത്രിക്കുകയും, വീഴ്ചകളെ തിരുത്തുകയും സ്വഭാവത്തെ ബലപ്പെടുത്തുകയും ജീവിതത്തെ മഹത്വപ്പെടുത്തുകയും ക്രമപ്പെടുത്തുകയും ചെയ്യുന്നു.'

പരേതനായ കർദ്ദിനാൾ ഞൂൺ കുമ്പസാരത്തെപ്പററി പറഞ്ഞിരിക്കുന്നതിപ്രകാരമാണ്. "കൂടെക്കൂടെയുള്ള കുമ്പസാരം പ്രദാനംചെയ്യുന്ന സഹായവും പാപനിവാരണശക്തിയും ഏവർക്കുമെറിയാം. എന്നാൽ ഇക്കാര്യത്തിൽ ചില വൈദികർ ഉപേക്ഷകന്മാരാകുന്നു. അവരുടെ ഈ കൂദാശ സ്വീകരണത്തിനു 'കൂടക്കൂടെ' എന്ന വിശേഷണം യോജിക്കുമെന്നു തോന്നുന്നില്ല. ഈ ഉപേക്ഷ അവരെ മന്ദത (Tepidity) യിലേയ്ക്കാനയിക്കുന്നു. നമ്മോടു അടുത്തു പെരുമാറുന്ന വല്ലവരും നമ്മുടെ കുമ്പസാരക്കാരൻ ആരെന്നറിഞ്ഞിരിക്കുന്നതുകൊള്ളാം. എന്തുകൊണ്ടെന്നാൽ വല്ല വിപത്തും നേരിടുന്നപക്ഷം, അപ്പോൾ അദ്ദേഹത്തെ എളുപ്പം വരുത്താൻ കഴിയുന്നതാകുന്നു. ചില പട്ടക്കാർ ഇക്കാര്യത്തിൽ വലിയ രഹസ്യം പാലിക്കുക നിമിത്തം പല വിപത്തുകൾ നേരിടാറുണ്ട്." 3

ആഴ്ചയിലൊരിക്കൽ വൈദികൻ കുമ്പസാരിക്കണമെന്നുള്ള വി



www.malankaralibrary.com

ചാർല്സ്സ് ബൊറോമ്മേയോയുടെ ഉപദേശത്തെത്തന്നെയാണ ഏററവും അധുനാതനന്മാരായ വേദശാസ്ത്രജ്ഞന്മാരും മുറുകെ പിടിക്കുന്നത്.

## മാസധ്യാനം. (Monthly retreat).

ഭാഗ്യസ്മരണാർഹനായ പത്താം പിയൂസ് മാർപ്പാപ്പാ പറയുന്നു. "തനിച്ചോ കൂട്ടമായൊ ഒരു ക്ലിപ്തസമയത്തേക്ക നടത്തപ്പെടുന്ന ചെറു ധ്യാനങ്ങൾ വളരെ ഫലപ്രദങ്ങളാണ്. മെത്രാന്മാരുടെ അനുക്രമൃത്തിലും ചിലപ്പോൾ അവരുടെ അഭിമുഖ്യത്തിലും ഈ പതിവു പലേ സ്ഥലങ്ങളിൽ ഏൎപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നു കാണുന്നതിൽ നാം വളരെ സന്തോഷിക്കുന്നു." 4 എന്നാൽ പരിശുദ്ധ പിതാവു പതിനൊന്നാം പീയൂസ് മാർപ്പാപ്പായുടെ വാക്കുകൾ കുറെക്കൂടി വിശദമാണ്. കത്തോലിക്ക പൌരോഹിത്യത്തെപ്പററിയുള്ള സുപ്രസിദ്ധ ചാക്രികലേഖനത്തിൽ അദ്ദേഹം ഇപ്രകാരം പറയുന്നു. 'ആത്മിയാഭ്യാസങ്ങളുടെ (Spiritual exercises) പാവനമായ ഏകാന്തതയിലേക്ക നിങ്ങൾ ഇടയ്ക്കിടെയും, കാനൺനിയമം വിധിക്കുന്ന നിശ്ചിതപരിധിയിലും' 5 മാത്രം പ്രവേശിച്ചാൽ പോരാ, പിന്നെയോ ഓരോരുത്തൻെറ കഴിവുപോലെ കൂടുതൽ പ്രാവശ്യവും നീണ്ട കാലാവധിയിലും ധ്യാനം കഴിക്കേണ്ടതാകുന്നു, ഇതിനും പുറമെ തീക്ഷ്ണതയേറിയ പട്ടക്കാരുടെ പതിവനുസരിച്ച മാസംതോറും ഒരു ദിവസം പ്രാൎത്ഥനയ്ക്കും ധ്യാനത്തിനുമായി ചെലവിടേണ്ടതുമാകുന്നു."

മാസധ്യാനത്തെപ്പററി 'മൌരീസ്സിയൊ' (Maurisio) ദെലെഹെൻ, (De Lehen. S. J.) വി. അൽഫോൻസ് ലിഗോരി, ബിഷപ്പ് വോൺ പ്രഭൃതികളായ ഗ്രന്ഥകാരന്മാർ തങ്ങളുടെ കൃതികളിൽ പ്രസ്താവിച്ചുകാണുന്നുണ്ട്. ഈ പ്രസ്താവങ്ങൾ തമ്മിൽ സാരാംശത്തിൽ യോജിക്കുമെങ്കിലും ചില സ്വല്പ വ്യത്യാസങ്ങൾ ഇല്ലെന്നില്ല. ചിലർ എഴുതിയിരിക്കുന്നതു സന്ന്യാസികളെ ഉദ്ദേശിച്ചുമാത്രമാണ്; അതു ഇതരക്ക യോജിക്കുന്നില്ലെങ്കിൽ അതേപ്പററി അത്ഭുതപ്പെടാനില്ല. ഒരു അധുനാതന ഗ്രന്ഥകാരനായ 'ഷെയിഗ'



www.malankaralibrary.com

റോൻ' പല രീതികളെ പരിശോധിച്ചു്, ഇടവകപ്പട്ടക്കാർക്കു അനുയോജ്യമായ വിധത്തിൽ ഒരു ധ്യാനക്രമം തന്റെ പുസ്തകത്തിൽ ചേർത്തുകാണുന്നുണ്ടു്. അതിനെ അല്പസ്വല്പമായ വ്യത്യാസങ്ങളോടുകൂടി വിവർത്തനംചെയ്തു് ഇവിടെ ചേർക്കുന്നതിനാണു ഉദ്ദേശിക്കുന്നതു്. എന്നാൽ അതിനുമുമ്പു് മാസത്തിൽ ഏതു ദിവസമാണു ധ്യാനത്തിനു പററിയതെന്നുള്ളതിനെക്കുറിച്ചു അല്പം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈ സമയക്ലിപ്തം അപ്രധാനമെന്നു പ്രഥമദൃഷ്ടിയിൽ തോന്നുമെങ്കിലും അനുഭവസ്ഥന്മാർ പറയുന്നതു ഇതു ആവശ്യമാണെന്നാണു്. സമയക്ലിപ്തത്തെപ്പററിയും ഗ്രന്ഥകാരന്മാരുടെ ഇടയിൽ അഭിപ്രായവ്യത്യാസങ്ങൾ കാണുന്നുണ്ടു്. മാസത്തിലെ ഏററവും സൌകര്യപ്രദമായ ദിവസം യഥോചിതം തിരഞ്ഞെടുക്കുക എന്നാണു ഷെയിഗ്നോനും, ദെ ലെഹനും, മൌരീസിയസ്സും പറയുന്നതു്. 'Pastoral guide' എന്ന ഗ്രന്ഥത്തിൽ കാണുന്നതു ഇതിനു തക്കതായ ദിവസം ഒന്നാം വെള്ളിയാണെന്നാണു്. ബിഷപ്പ് വോണിന്റെ അഭിപ്രായം മാസത്തിലെ അവസാനദിവസമൊ അല്ലെങ്കിൽ അടുത്തമാസത്തിന്റെ ഒന്നാംദിവസമൊ ധ്യാനം നടത്തുകയാണുത്തമമെന്നാകുന്നു. ഈ അഭിപ്രായങ്ങളിൽ മാസത്തിലെ സൌകര്യമുള്ളദിനം, എന്നതു മാററിവയ്ക്കലിനും (Procrastination) തദ്വാരാ ക്രമക്കേടിനും കാരണമായേക്കാവുന്നതാണു്. ഒന്നാംവെള്ളിയാഴ്ച ഇക്കാലത്തുള്ള ജോലിത്തിരക്കു ധ്യാനത്തിനു ഒരു ബാധകമാകുകയില്ലയൊ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ആകയാൽ ഒടുവിൽ ഉദ്ധരിച്ച ബിഷപ്പു വോണിന്റെ അഭിപ്രായമാണു കൂടുതൽ പ്രായോഗികമെന്നു തോന്നുന്നു. ഇതുകൊണ്ടു ഈ തീരുമാനംതന്നെ സർവ്വദാ അനുഷ്ഠേയമെന്നു ഇവിടെ വിവക്ഷയില്ലെന്നുകൂടി പറഞ്ഞുകൊള്ളട്ടെ.

സുകൃതജീവിതം കഴിക്കണമെന്നാഗ്രഹിക്കുന്ന വൈദികർ ധ്യാനത്തെ സ്നേഹിക്കാതിരിക്കയില്ല. അടങ്ങിയിരുന്നു പ്രാർത്ഥിക്കയും ചിന്തിക്കയും ചെയ്യുന്നതുകൊണ്ടുള്ളഗുണം എത്ര മഹത്തരമെന്നു അവർക്കറിയാം. പുറമെ നിന്നുള്ള ഉപദേശങ്ങളെക്കാൾ വൈദികരായ നമ്മുടെ ജീവിതനവീകരണത്തിനു കൂടുതൽ സഹായി



www.malankaralibrary.com

കുന്നതു വീണ്ടുവിചാരമാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ജോലിത്തിരക്കു നിറഞ്ഞ, ഈലോകമെന്ന മരുഭൂമിയിൽ ലഭിക്കുന്ന ആത്മീയ മന്നായത്രെ ധ്യാനം. വത്സരവട്ടത്തിൽ ഒരു വാരംമുഴുവൻ ധ്യാനത്തിനായി ചെലവഴിക്കുന്നതുപോലെ മാസത്തിൽ ഒരു ദിവസം തന്നത്തു ചിന്തയ്ക്കായി ചെലവിടുന്നതു സമുചിതമായിരിക്കുന്നു. മാസധ്യാനം നമ്മെ ആത്മീയജീവിതത്തിൽ ഉറപ്പിക്കും, നമ്മുടെ കടമകളെപ്പററി നമ്മെ അനുസ്മരിപ്പിക്കും. മുഴുവൻ ധ്യാനത്തിലെ പ്രതിജ്ഞകളെ ആവൎത്തിക്കുന്നതിനുള്ള അവസരം ഇതാകുന്നു.

മാസധ്യാനം സംബന്ധിച്ച സുകൃതാഭ്യാസങ്ങളെ, ധ്യാനദിവസവും അതിൻെറ തലേദിവസവും ചെയ്യേണ്ടവ എന്നിങ്ങനെ രണ്ടായി വിഭജിക്കാം.

## I.

### തലേദിവസം വൈകുന്നേരം.

സ്രഷ്ടാവായ പരിശുദ്ധാത്മാവീ എഴുന്നള്ളിവരിക (Veni Creator Spiritus) എന്ന ജപം ചൊല്ലുകയും, നിൻെറ നാമകാരണനായ വിശുദ്ധൻെറയും കാവൽദൂതൻെറയും വിശേഷാൽ ഭക്തിയുള്ള മററു പുണ്യവാന്മാരുടെയും പ്രത്യേക സഹായം അഭ്യൎത്ഥിക്കയും, തദനന്തരം പാട്ടുള്ളപക്ഷം താഴെകൊടുത്തിരിക്കുന്ന വിഷയത്തെക്കുറിച്ചു ധ്യാനിക്കയും ചെയ്യുക.

### പ്രാരംഭധ്യാനം.

രൂപീകരണം:— ജേറിക്കോയിലെ കുരുടനു ലഭിച്ച സുഖപ്രാപ്തിയുടെ കാൎയ്യം അനുസ്മരിക്കുക. ഈശോയുടെ തൃപ്പാദത്തിങ്കൽ അവൻ സാഷ്ടാംഗപ്രണാമം ചെയ്തു. "ഈശോ അവനോടു: ഞാൻ നിനക്കു എന്തു ചെയ്യുവാനാണ് നീ ആഗ്രഹിക്കുന്നതു് എന്നു ചോദിക്കുന്നു. അതിനു കുരുടൻ അവനോടു നല്ല യജമാനനെ, ഞാൻ കാണുവാൻ (വരം നൽകുവാൻ) എന്നു പറഞ്ഞു. അപ്പോൾ ഈശോ അവനോടു: നീ പൊയ്ക്കൊള്ളുക. നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു അരുളിച്ചെയ്തു."[26]



www.malankaralibrary.com

മ്ശിഹാതമ്പുരാൻ നിന്നോടു ഇതേചോദ്യം തന്നെ ചോദിക്കുന്നതായി വിചാരിക്കണം. അന്ധനായവൻ നൽകിയ 'കർത്താവേ! ഞാൻ കാണുവാൻ ആഗ്രഹിക്കുന്നു' എന്നതായിരിക്കട്ടെ നിൻെറയും മറുപടി. കർത്താവെ, എൻെറ വ്യാപാരത്തിൽ അങ്ങേക്കു നിരസം വരുത്തുന്നതെന്തെന്നും, അങ്ങു എന്നിൽനിന്നു പ്രതീക്ഷിക്കുന്നതെന്തെന്നും വ്യക്തമായി എനിക്കു കാണിച്ചുതരേണമേ.

അപേക്ഷ:— കർത്താവെ, എൻെറ ഹൃദയത്തെ ഒരുക്കേണമെ; അങ്ങനെ അവിടത്തെ ഇഷ്ടാനുസരണം രക്ഷയുടെ ഈ ദിവസത്തെ വിനിയോഗിക്കുന്നതിനു ഞാൻ ശക്തനായി ഭവിക്കട്ടെ

## ഒന്നാം വകുപ്പ്.

### പരിശുദ്ധമായ ആഗ്രഹങ്ങൾ.

'നിൻെറ ദിവസം' എന്നു ദിവ്യരക്ഷകൻ പറഞ്ഞ് ആ ദിവസത്തിൽ യേറുശലം പട്ടണം മ്ശിഹായുടെ വരവിനെ ഗ്രഹിച്ചിരുന്നെങ്കിൽ അതു എത്ര അനുഗൃഹീതമായി ഭവിക്കുമായിരുന്നു. ഈ ധ്യാനദിവസം ശരിയായി ചെലവിടുന്നപക്ഷം, അനേകം ന്യൂനതകളെ പരിഹരിക്കുന്നതിനും സുകൃതങ്ങളെ സമ്പാദിക്കുന്നതിനും നിനക്കും സാധിക്കാതെ വരുന്നതല്ല. എൻെറ സ്ഥിതി അറിയുന്നതിനു എനിക്കിഷ്ടമുണ്ടോ? എന്നെ കുററപ്പെടുത്തുകയും ഭയപ്പെടുത്തുകയും ചെയ്യുന്ന ഒരു വെളിച്ചം കാണ്മാൻ ഞാൻ മടിക്കുന്നില്ലേ? പുണ്യത്തിൽ പുരോഗമനം ചെയ്യുന്നതിനുള്ള സാക്ഷാത്തായ ആഗ്രഹമെനിക്കുണ്ടെങ്കിൽ, എൻെറ ജീവിതത്തിലെ അഖില ചെയ്തികളേയും പററി ഒരാത്മശോധന ഞാൻ നടത്താതിരിക്കയില്ല. ഞാൻ സ്വർഗ്ഗത്തെ ലക്ഷ്യമാക്കി മുമ്പോട്ടാണോ പൊയ്ക്കൊണ്ടിരിക്കുന്നത്, അതോ പിറകോട്ടു നരകത്തോടാണോ സമീപിച്ചിട്ടുള്ളത്. പലപ്പോഴും സ്വീകരിച്ചിട്ടുള്ള കൃദാശകളിൽനിന്നും മററു വരപ്രസാദങ്ങളിൽനിന്നും എന്തുഫലമാണു ഞാൻ എടുത്തിട്ടുള്ളത്? എന്നെത്തന്നെയും പിശാചിനേയും ലോകത്തെയും എപ്രകാരമെല്ലാം ഞാൻ ജയിച്ചിട്ടുണ്ടു? ഈ വിനാഴികയിൽ



www.malankaralibrary.com

ദൈവത്താൽ വിധിക്കപ്പെടുന്ന പക്ഷം മഹാഭയത്തിനു എനിക്കു കാരണമില്ലേ?

## രണ്ടാംവകുപ്പ്.

### ശരണം.

ദൈവം തന്റെ അനന്തകാരുണ്യത്തിൽ തന്നെത്തന്നെ എനിക്കു തരുന്നു. ഞാൻ തനിയെ എന്റെ പാപങ്ങളോടും ബലഹീനതകളോടും പോരാടേണ്ടിവരുന്നെങ്കിൽ നിശ്ചയമായും അതു ശരണക്കേടിനു കാരണമാകുമായിരുന്നു. എന്നാൽ ദൈവം എന്നോടൊന്നിച്ചുണ്ട്. വി. പൌലോസിനോടുകൂടി "എന്നെ ശക്തിപ്പെടുത്തുന്നവനിൽ സകലവും ചെയ്വാൻ എനിക്കു കഴിയും" എന്നു പറവാൻ എനിക്കും പാടുണ്ട്. നാരകീയ ശത്രുക്കളെല്ലാററിനെക്കാൾ ശക്തിയേറിയതാകുന്നു ദൈവത്തിന്റെ ഇഷ്ടപ്രസാദദാനം; അതെനിക്കു ധാരാളമായി നൽകപ്പെടും, അതിനായി ഞാൻ ചോദിക്കാത്ത കുററമെയുള്ളു. എന്റെ ന്യൂനതകൾ അനേകമായിരുന്നിട്ടും ദൈവം എന്നെ സ്നേഹിക്കുന്നതിൽ നിന്നു വിരമിച്ചിട്ടില്ല. ഈ ധ്യാനം കഴിക്കുന്നതിനുള്ള അവസരം ലഭിക്കുന്നതുതന്നെ ദൈവസ്നേഹത്തിന്റെ ഒരു ചിഹ്നമല്ലയോ? ദൈവം ഇങ്ങനെ അരുളിച്ചെയ്യുന്നതായി ഞാൻ കേൾക്കുന്നു. 'ഏകാന്തത്തിലേയ്ക്കു വരിക, ഞാൻ നിന്റെ ഹൃദയത്തോടു സംഭാഷിക്കാം.' ഈശോ നിന്നെ വിളിക്കുന്നു; തന്റെ പ്രിയമസ്നേഹിതന്മാരോടെന്നപോലെ, അവിടുന്നു നിന്നോടും പറയുന്നു. "വരുവിൻ നമുക്കു തനിയെ വിജനസ്ഥലത്തേക്കു പോകാം, നിങ്ങൾ അല്പം വിശ്രമിക്കുവിൻ" 7 എന്തൊരു കാരുണ്യവും സ്നേഹവുമാണു് ഇവിടെ സ്ഫുരിക്കുന്നതു്?

## മൂന്നാം വകുപ്പ്.

### എന്തും ചെയ്വാനുള്ള സന്നദ്ധത.

ഈ ധ്യാനസമയത്തു, ഞാൻ ദൈവത്തിനുവേണ്ടി ചെയ്യുന്നതനുസരിച്ചു ദൈവം എന്നോടും ചെയ്യുന്നതായിരിക്കും. "നിങ്ങൾ അളക്കുന്ന അളവുകൊണ്ടു നിങ്ങൾക്കും അളക്കപ്പെടും." 8



www.malankaralibrary.com

അല്പമായി വിതയ്ക്കുന്നവൻ അല്പം കൊയ്യും, അനുഗ്രഹങ്ങളിൽ വിതയ്ക്കുന്നവൻ അനുഗ്രഹങ്ങളിൽ കൊയ്യുകയുംചെയ്യും." 9 ഞാൻ എന്നെ മുഴുവനും ഈശോമ്ശിഹായ്ക്കു സമർപ്പിക്കുന്ന പക്ഷം, തൻെറ സ്നേഹത്തിൻെറ ആശിസ്സുകൾ എന്നിലേയ്ക്കൊഴുകാതിരിക്കയില്ല. തൻെറ മാനസാന്തരത്തിൻെറ പ്രഥമവിനാഴികയിൽ പുറജാതികളുടെ അപ്പോസ്തോലൻ ചെയ്തതുപോലെ ഞാനും എന്നെത്തന്നെ എൻെറ രക്ഷകൻെറ കരങ്ങളിൽ കയ്യാളിക്കും. "കർത്താവെ! ഞാൻ എന്തുചെയ്യണമെന്നാണ അങ്ങ് അനുഗ്രഹിക്കുന്നത്" 10 ഞാൻ സമുവേലിനെപ്പോലെ "നാഥാ! സംസാരിക്കുക, അങ്ങെ ദാസൻ കേൾക്കുന്നു" 11 എന്നും, ദാവിദിനോടൊന്നിച്ചു "എൻെറ ഹൃദയം ഒരുക്കപ്പെട്ടിരിക്കുന്നു" 12 എന്നും പറയും.

'കർത്താവെ, എനിക്കു കാണ്മാൻ വരം നൽകേണമെ' എന്ന പ്രാർത്ഥനയോടുകൂടി ഈ ധ്യാനം ആരംഭിച്ചതുപോലെ അതിനെ അവസാനിപ്പിക്കയും ചെയ്യുക. എൻെറ ഈശോയെ, അങ്ങെ ഇഷ്ടപ്രസാദത്തോടു ഞാൻ സഹകരിക്കുന്നപക്ഷം, എൻെറ പാപങ്ങളെയും ബലഹീനതകളെയും, ഞാൻ എന്താകുന്നുവെന്നും, എന്താകണമെന്നും, എന്താകാൻ സാധിക്കുമെന്നും എനിക്കു ഗ്രഹിപ്പാൻ കഴിയും. "എനിക്കു ബുദ്ധി തരിക, എന്നാൽ ഞാൻ ജീവിക്കും." 13 എന്ന രാജപ്രവാചകൻെറ പ്രാർത്ഥന നിൻെറ സ്വന്തമാക്കികൊൾക. കർത്താവെ, എൻെറ ഇല്ലായ്മയെ എന്നെ മനസ്സിലാക്കേണമെ; എൻെറ കടമകളേവയെന്നും, അവയെ വിശ്വസ്തതയോടെ നിറവേററുന്നതിനുള്ള പോംവഴികളേവയെന്നും എന്നെ ഗ്രഹിപ്പിക്കേണമെ. ഒരുവനെ നീതിമാനാക്കുന്ന വിശ്വാസത്തിൻെറ ജീവിതം ജീവിപ്പാൻ അപ്പോൾ എനിക്കു കഴിയും. എൻെറ ഈശോയെ അവിടുന്നു എന്നെ ഭരമേൽപ്പിച്ചിരിക്കുന്ന പ്രേഷിതജോലിക്കു അനുയോജ്യമായി ഭവിക്കട്ടെ എൻെറ ജീവിതം. ഈ പ്രേഷിതജോലിയുടെ സമ്യക്കായ നിർവഹണം എന്നെ സ്വർഗ്ഗഭാഗ്യത്തിലേയ്ക്കു ആനയിക്കട്ടെ. പ്ര. ആ. പ്ര നന്മ.

ഉറങ്ങാൻ പോകുന്നതിനുമുമ്പു ഒരു നല്ല ധ്യാനപുസ്തകത്തിൽനിന്നു അടുത്തദിവസത്തെ ധ്യാനവിഷയം തിരഞ്ഞെടുത്തു



www.malankaralibrary.com

കൊൾക. വിഷയം നമ്മുടെ താൽക്കാലികമായ ആവശ്യത്തിനു പററിയതായിരിക്കണം. ഫലമില്ലാത്ത അത്തിവൃക്ഷം, ഓരോരുത്തനു ലഭിച്ച തലേന്തു മുതലായ ഉപമകൾ ചില ആത്മീയഗുരുക്കന്മാർ നിർദ്ദേശിച്ചു കാണുന്നുണ്ടു്.

## II.

## ധ്യാനദിവസം.

I. രാവിലെ എഴുന്നേൽക്കുമ്പോൾ 'ഇന്നു ധ്യാനമാണ്' എന്നു നിന്നോടു തന്നെ പറഞ്ഞുകൊൾക. ഈ സുദിനത്തെ പരിശുദ്ധമായി ചെലവിടുന്നതിനു വേണ്ടിയ ദൈവേഷ്ടപ്രസാദമാണു ഒന്നാമതായി അപേക്ഷിക്കേണ്ടതു്.

II. തലേദിവസം തിരഞ്ഞെടുത്തു തയ്യാറാക്കിയ വിഷയത്തെക്കുറിച്ചു മുക്കാൽ മണിക്കൂറോ പാടുള്ള പക്ഷം ഒരു മണിക്കൂറൊ ധ്യാനിക്കുക.

III. അൾത്താരയിലേക്കു കയറുന്ന അവസാനത്തെ പ്രാവശ്യമായിരുന്നാലെന്നോണം അത്രയ്ക്കു ഭക്തിയോടും സൂക്ഷത്തോടുംകൂടി കുർബാന സമർപ്പിക്കുക. നീ സ്വീകരിക്കുന്ന വിശുദ്ധ കുർബാന നിൻെറ തിരുപ്പാഥേയമായിരിക്കട്ടെ. മനഃസാക്ഷിയിൽ വല്ല സംശയവുമുള്ളപക്ഷം കുമ്പസാരിക്കേണ്ടതാണു്. കുർബാന കഴിഞ്ഞുള്ള ഉപകാരസ്മരണയുടെ നേരത്തു നിൻെറ പാപങ്ങൾക്കു പൊറുതിയും, നിൻെറ ന്യൂനതകളെ പരിഹരിക്കുന്നതിനും, വൈദികോചിതമായ പുണ്യാഭിവൃദ്ധി പ്രാപിക്കുന്നതിനും, അടുത്തമാസം നന്നായി ചെലവഴിക്കുന്നതിനും പര്യാപ്തമായ ഇഷ്ടപ്രസാദം ലഭിക്കുന്നതിനു നിൻെറ ഉള്ളിൽ എഴുന്നള്ളി വസിക്കുന്ന ദിവ്യരക്ഷകനോടു പ്രാർത്ഥിക്കുക.

IV. അഞ്ചാംപട്ടം ഏററയുടനെ എത്ര ഭക്തിയോടെ കാനോനാനമസ്കാരം എത്തിച്ചുവോ അതേവിധം ഇന്നും എത്തിക്കുക. ഹാ, കാനോനാജപം ഇദംപ്രഥമമായി ജപിച്ചപ്പോൾ എത്ര ആത്മീയാനന്ദമാണു അതു നിനക്കു പ്രദാനം ചെയ്തതു്? ഈ ദിവസത്തെ ജ്ഞാനവായന, വിശുദ്ധകുർബാനയ്ക്കു വിസിത്ത മുത



www.malankaralibrary.com

ല്ലായ ഭക്തികൃത്യങ്ങൾ മാത്രമല്ല മററുകൃത്യങ്ങൾപോലും ഒരു പു
തിയ ഉണർവിൽ ചെയ്യേണ്ടതാകുന്നു. പൌരോഹിത്യത്തെക്കുറിച്ചു
ള്ള ഏതെങ്കിലും പുസ്തകമാണു ജ്ഞാനവായനയ്ക്കുപയോഗിക്കേണ്ട
ത്. ഈ വായന വളരെ സൂക്ഷത്തോടുകൂടി കഴിക്കേണ്ടതാകുന്നു.
എന്തുകൊണ്ടെന്നാൽ ഇതു വളരെ ഫലം ചെയ്യുമെന്നുള്ളതിനു
സംശയമില്ല. കാൽമണിക്കൂറിൽ കൂടുതൽ വായിക്കണമെന്നില്ല.

V. ഉച്ചകഴിഞ്ഞു അരമണിക്കൂർനേരത്തേയ്ക്കു ഒരു പൊ
തുവായ ആത്മശോധന നടത്തുക. ഇതിൻെറ ഫലം കുറിച്ചിടുന്ന
തുത്തമം. ഇങ്ങനെ ചെയ്യുന്നപക്ഷം ഈ മാസക്കുറിപ്പുകൾ ത
മ്മിൽ തുലനംചെയ്ത് നമ്മുടെ പ്രത്യേകപ്രതിജ്ഞയിൽ എന്തുമാത്രം
അഭിവൃദ്ധി നാം പ്രാപിക്കുന്നുണ്ടെന്നു ഒററ നോട്ടത്തിൽ കാണാ
വുന്നതാകുന്നു.

## ആത്മശോധന.

പരിശുദ്ധാത്മാവിന്റെ സഹായമപേക്ഷിച്ചശേഷം, എ
ൻെറ ചുമതലകളെ എങ്ങിനെ നിർവ്വഹിക്കുന്നുവെന്നും ദൈവം
എൻെറ സമീപസ്ഥൻ, എൻെറ ഔദ്യോഗികകടമകൾ ഇവയെ
സംബന്ധിച്ചിടത്തോളം എൻെറ നില എന്തെന്നു ഞാൻ സ്വയം
പരിശോധനചെയ്യും.

I. ദിനചര്യ. എൻെറ പ്രതിദിന ജീവിതത്തിനു ഒരു കാ
ര്യപരിപാടിയുണ്ടോ; അതനുസരിച്ചാണോ ഞാൻ ജീവിക്കുന്നത്.?
വൈദികരുടെ ജീവിതഗുണീകരണാർത്ഥം ആയുർവ്യയം ചെയ്തിട്ടു
ള്ള മഹാനുഭാവന്മാർ ഇതേക്കാൾ കാര്യമായി നിർദ്ദേശിക്കുന്ന
ഒരു സംഗതിമററില്ല. ഒരു റൂളനുസരിച്ചു ജീവിക്കുന്നവൻ ത
ൻെറ കടമകളെ എളുപ്പത്തിൽ പൂർണ്ണമായും കണിശമായും ശ്ലാഘാ
ർഹമായും നിറവേററുന്നു. ക്രമത്തെ കൈവെടിയുന്നവൻ സമ
യത്തെ നഷ്ടപ്പെടുത്തുകയും അങ്ങനെ ജീവിതത്തെ പാഴാക്കുക
യുമത്രെ ചെയ്യുന്നത്. കിടക്കയിൽനിന്നെഴുന്നേററാലുടനെ ഞാൻ
ധ്യാനം കഴിക്കുന്നുണ്ടോ? ആദ്ധ്യാത്മികജീവിതത്തിൻെറ അടി
സ്ഥാനമായ ഈ ഭക്തികൃത്യത്തെ അതർഹിക്കുംവിധം ഞാൻ



www.malankaralibrary.com

വിലമതിക്കുന്നുണ്ടോ? ജ്ഞാനവായന,രണ്ടുനേരവുമുള്ള ആത്മശോധന വിശുദ്ധ കുർബാനസ്സ് വിസിത്ത തുടങ്ങിയ മററു ഭക്തികൃത്യങ്ങളെ എങ്ങനെ ഞാൻ നിർവഹിച്ചുപോരുന്നു?

കുർബാന. എങ്ങനെയാണു ഞാൻ ഈ ദിവ്യബലിയായ കുർബ്ബാനയ്ക്കൊരുങ്ങുന്നത്.? നിർമ്മലമായ മനഃസാക്ഷിയോടും, മഹാഭക്തിയോടും, വിനയത്തോടും, ചടങ്ങുകളെല്ലാം കണിശമായി അനുഷ്ഠിച്ചുമാണോ എപ്പോഴും ഈ ബലിഞാൻ അർപ്പിക്കുന്നത്.? സങ്കീർത്തിയിൽ ഞാൻ മൌനം പാലിക്കുന്നുണ്ടോ? കുർബാനാനന്തരമുള്ള വലിയ കടമയായ ഉപകാരസ്മരണ എങ്ങനെ ചെയ്യപ്പെടുന്നു?

കാനോനാ നമസ്കാരം. തിരുസ്സഭയുടെ നാമത്തിലും അതിൻെറ ആവശ്യങ്ങൾക്കുമായിട്ടാണു ഇതു ജപിക്കുന്നതെന്നുമുള്ള ബോധം എനിക്കുണ്ടോ? കാനോനാജപം ചൊല്ലുന്ന വൈദികൻ പള്ളി മുഴുവൻെറയും അധരമാകുന്നു എന്നു വി. ബർണ്ണാർദ്ദ പറയുന്നു. ഞാൻ സൂക്ഷ്മത്തോടും വണക്കത്തോടും ഭക്തിയോടും കൂടിയാണോ ഈ ജപം എത്തിക്കുന്നതു.? എൻെറ കുമ്പസാരങ്ങൾ. അവ അടുക്കലടുക്കൽ ആയിരുന്നുവൊ? അവയ്ക്കു ഞാൻ എങ്ങിനെ ഒരുങ്ങി? എന്തുമനസ്താപത്തോടെ പാപോച്ചാരണംചെയ്തു? തൽഫലമായി സിദ്ധിച്ച ജീവിതവിശുദ്ധി എന്തു്?

II. ദൈവത്തിൻെറ നേർക്കുള്ള മനഃസ്ഥിതി. ദൈവസ്തുതി വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്തുത്സാഹമാണെനിക്കുള്ളതു്? ദൈവനിന്ദയും അവഹേളനവും ദർശിക്കുമ്പോൾ എനിക്ക യഥാർത്ഥത്തിൽ മനഃഖേദമുണ്ടാകുന്നുണ്ടോ? ഒരു പുത്രൻ പിതാവിനെയെന്നോണം ദൈവത്തെ ഞാൻ ഭയപ്പെടുന്നുണ്ടോ.? പാപത്തിൻെറ ദർശനമാത്രത്തിൽ ഭയവിഹ്വലനാകുന്ന ഒരു നല്ല വൈദികൻെറ നേരിയ മനഃസാക്ഷി എനിക്കുണ്ടോ? നിസ്സാരങ്ങൾ എന്ന ഭാവത്തിൽ ഞാൻ പാപദോഷങ്ങളെ അനേകം പ്രാവശ്യം ചെയ്തിട്ടില്ലേ. ദൈവസാന്നിദ്ധ്യം ഇടയ്ക്കിടെ ഓർക്കുന്ന അനല്ല പതിവ് എനിക്കിപ്പോൾ കേവലം നഷ്ടീഭവിച്ചിരിക്കയല്ലയൊ? ദൈവപരിപാലനയ്ക്കു എങ്ങിനെ ഞാൻകീഴ് വഴങ്ങുന്നു.? തൻെറ



www.malankaralibrary.com

അനുഗ്രഹങ്ങൾക്ക എന്തു നന്ദി ഞാൻ പ്രദശിപ്പിക്കുന്നു;? തന്റെ ഹിതം നിറവേറുന്ന കാൎയ്യത്തിൽ എന്തു സൂക്ഷ്മം ഞാനെടുക്കുന്നു? ദൈവത്തേയാണോ എന്റെ സകല പ്രവൎത്തികളിലും ഞാൻ അന്വേഷിക്കുന്നത്.? എന്റെ ഉദ്ദേശങ്ങൾ പരിശുദ്ധങ്ങളൊ? അവയെ ഞാൻ പലപ്പോഴും പുതുക്കുന്നുണ്ടോ? നമ്മുടെ രക്ഷാനാഥനായ ഈശോമ്ശിഹായെ ഞാൻ ആത്മാൎത്ഥമായി സ്നേഹിക്കുന്നുണ്ടോ? വിശുദ്ധ കുർബാനയുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെയും, യൌസേപ്പുപിതാവിന്റെയും എന്റെ നാമകാരണനായ വിശുദ്ധന്റെയും എന്റെ കാവൽദൂതന്റെയും നേക്ക എന്തുഭക്തിയാണെനിക്കുള്ളത്?

III. എന്റെ സമീപസ്ഥന്റെ നേൎക്കുള്ള കടമകൾ. എന്റെ മേലധികാരിയെ ബഹുമാനിപ്പാനും അനുസരിപ്പാനും എനിക്ക കടമയുണ്ട്. ഇക്കാൎയ്യത്തിൽ എന്നെ കുററപ്പെടുത്തുന്നതായി എന്റെ പ്രവൃത്തികളിലൊ വാക്കുകളിലൊ വിചാരങ്ങളിലൊ വല്ലതുമുണ്ടോ? "എനിക്കും എന്റെ പിൻഗാമികൾക്കും നീ ബഹുമാനവും അനുസരണയും വാഗ്ദാനം ചെയ്യുന്നുവൊ? ഞാൻ ചെയ്യുന്നു." എന്നു ഞാൻ പരസ്യമായി എന്റെ മെത്രാനോടു ചെയ്ത പ്രതിജ്ഞയെ വിസ്മരിച്ചുകളഞ്ഞിരിക്കുന്നു എന്നു മററുള്ളവൎക്ക തോന്നത്തക്കവണ്ണം എന്റെ നടപടിയിൽ വല്ലതുമുണ്ടായിട്ടുണ്ടോ? എന്റെ സഹോദരവൈദികരെ ബഹുമാനിപ്പാനും സ്നേഹിപ്പാനും അവരോടു വിനയപൂൎവ്വം വൎത്തിപ്പാനും എനിക്ക ചുമതലയുണ്ട്. വൈദികരുടെ ഇടയിൽ യോജിപ്പുണ്ടാക്കുന്നതിന് എന്റെ വശംപോലെ ഞാൻ ശ്രമിക്കേണ്ടതാകുന്നു; ഇതിനെതിരായി ഞാൻ വല്ലതും പറകയൊ പ്രവൎത്തിക്കയൊ ചെയ്തിട്ടുണ്ടോ? മററുള്ളവരുടെ അഭിവൃദ്ധിക്കും നന്മയ്ക്കുമെതിരായി എന്റെ മനസ്സിൽ അങ്കുരിക്കുന്ന നീചമായ അസൂയയെ ഞാൻ തള്ളിക്കളയുന്നുണ്ടൊ? ഞാൻ എന്റെ സഹോദരവൈദികരെ വിമൎശിക്കയും അവരുടെ നടത്തയെ സാഹസമായി വിധിക്കയും, അവരുടെ ന്യൂനതകളെ ഗോപനം ചെയ്യുന്നതിനു സഹോദരസ്നേഹം എന്നെ നിൎബന്ധിക്കയിൽ അവയെ ഞാൻ വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ടോ?



www.malankaralibrary.com

എന്റെ സമീപസ്ഥൻ ആരു തന്നെയായിരുന്നാലും അവനെ സ്നേഹിപ്പാനും സഹായിക്കാനും, അവനോടു ക്ഷമിപ്പാനും എനിക്കു ചുമതലയുണ്ട്. എന്നാൽ അവന്റെ രഹസ്യപാപങ്ങളെ വെളിപ്പെടുത്തുകയും ഇല്ലാത്ത കുററങ്ങൾ അവനിൽ ആരോപിക്കയും, പ്രതികാരേച്ഛയോടും നീരസത്തോടും അവനോടു വർത്തിക്കയും ചെയ്തിട്ടില്ലേ? ദൈവം എന്നെ ഭരമേൽപ്പിച്ചിട്ടുള്ള ആത്മാക്കളോടു കരുണയോടും ക്ഷമയോടുംകൂടി പെരുമാറുന്നതിനു എനിക്കു കടമയുണ്ട്. എന്റെ ജനങ്ങളുടെ രക്ഷക്കുവേണ്ടി ഞാൻ ഉററു ശ്രമിക്കുന്നുണ്ടോ? പ്രസംഗം, കുമ്പസാരം, വേദോപദേശം തുടങ്ങിയ എന്റെ കടമകളെ എങ്ങിനെ ഞാൻ നിർവ്വഹിച്ചു വരുന്നു? എന്റെ ഇടവകയിലെ കുട്ടികളും, യൌവനപ്രായക്കാരും, വൃദ്ധന്മാരും, രോഗികളും, നീതിമാന്മാരും പാപികളുമായ സകലരെപ്പററിയും ഉൽക്കണ്ഠാപൂർവ്വം ചിന്തിപ്പാനുള്ള ചുമതലയാണെനിക്കുള്ളത്. എല്ലാവരെയും ക്രിസ്തുവിങ്കലേക്കാകർഷിക്കുന്നതിനു എല്ലാവർക്കും വേണ്ടി എല്ലാം ഞാൻ ആയിട്ടുണ്ടോ?

IV. എന്റെ പുണ്യവർദ്ധന. എന്റെ പുണ്യാഭിവൃദ്ധിക്കായി ഞാൻ പരമാർത്ഥമായി ശ്രമിക്കുന്നുണ്ടോ? "നീതിയെപ്രതി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാരാകുന്നു." പുണ്യത്തിൽ പുരോഗമനം ചെയ്യുന്നതിനുള്ള ഈ അഗ്രഹം അഥവാ പൂർണ്ണത പ്രാപിക്കുന്നതിനുള്ള നിരന്തരയത്നം നിലയ്ക്കുന്നപക്ഷം മന്ദത നിശ്ചയമായും വന്നുകൂടുകയും, അതു നമ്മെ വല്ലാതെ വഴിതെററിക്കയും ചെയ്യുന്നതായിരിക്കും. ക്രിസ്തീയവും പുരോഹിതപരവുമായ സുകൃതങ്ങളിൽ എന്തഭിവൃദ്ധിയാണെനിക്കുണ്ടായിട്ടുള്ളത്? എന്റെ വിശ്വാസം പരമാർത്ഥമുള്ളതും സജീവവും പ്രവൃത്തികളോടുകൂടിയതുമായിരുന്നോ? എന്റെ ശരണം ഉറപ്പുള്ളതും വിനയത്തോടുകൂടിയതും തൻേറടരഹിതവുമാകുന്നുവോ? ഞാൻ എങ്ങിനെ ദൈവത്തെ സ്നേഹിക്കുന്നു? എന്റെ ഹൃദയത്തെ വിഭാഗിക്കുന്ന എന്തൊ ഒരു പക്ഷം അതിലില്ലേ? അമിതമായ ആഹ്ളാദം, അത്യാഗ്രഹം, കേവലം ജഡികമായ മൈത്രി എന്നിവയാണു ഈ നിർഭാഗ്യാവസ്ഥയെ സൃഷ്ടിക്കുന്നത്. ദൈവാരാധന



www.malankaralibrary.com

സംബന്ധിച്ച കാൎയ്യങ്ങളിൽ എന്റെ ശുഷ്കാന്തി എന്തു്? ഇതു സൎവ്വപ്രധാനമായി വൈദികസ്വകൃതമാകുന്നു. എന്റെ പള്ളിയും, സങ്കീൎത്തിയും വെടിപ്പായിട്ടാണൊ സൂക്ഷിക്കപ്പെടുന്നതു്? തിരുപ്പാത്രങ്ങളും തിരുവസ്ത്രങ്ങളും ദിവ്യാരാധനസ്സുപയോഗിക്കുന്ന മററു സാധനങ്ങളും, അവയുടെ നേൎക്കുള്ള എന്റെ വണക്കത്തേയും ബഹുമാനത്തേയും പ്രതിഫലിപ്പിക്കുന്നുണ്ടോ? എന്റെ ഔദ്യോഗിക കടമകളുടെ നിൎവഹണത്തിൽ ഗൌരവവും വിനയവും ഞാൻ പാലിക്കുന്നുണ്ടോ? സ്വാൎത്ഥപരിത്യാഗം, കഷ്ടപ്പാടുകളുടെ നേൎക്കുള്ള സ്നേഹം ഇവ സംബന്ധിച്ചു എന്റെ നില എന്തു്. ഞാൻ മനസ്സിലും ഹൃദയത്തിലും ശരീരത്തിലും ശുദ്ധതയുള്ളവനൊ? ഇക്കാൎയ്യത്തിൽ വളരെ ഭയവും സൂക്ഷവും എനിക്കുണ്ടോ? എന്റെ വിചാരം, ഹൃദയം, പഞ്ചേന്ദ്രിയങ്ങൾ ഇവയെ ഞാൻ എങ്ങിനെ ഇതേവരെ നിയന്ത്രിച്ചു? അന്യവൎഗ്ഗത്തിൽപെട്ടവരുമായുള്ള എന്റെ പെരുമാററം മുഴുവനും തക്കതായ അവശ്യം പ്രമാണിച്ചായിരുന്നുവൊ? അതു എപ്പോഴും മതിയായ വിവേകത്തോടെയാണൊ ഞാൻ നിൎവഹിച്ചിട്ടുള്ളതു് എന്റെ സംഭാഷണങ്ങൾ, വായനകൾ മുതലായവകളിൽ വിപൽക്കരമായ ജിജ്ഞാസയ്ക്കു ഞാൻ ഇടകൊടുത്തിട്ടില്ലേ? സമയം എങ്ങിനെ ഞാൻ വ്യയം ചെയ്തു? പട്ടക്കാരന്റെ സമയം വളരെ വിലപിടിച്ചതാകുന്നു. ഓരോ വിനാഴികയും നിത്യഭാഗ്യം പ്രാപിക്കുന്നതിനൊ നഷ്ടപ്പെടുത്തുന്നതിനൊ പൎയ്യാപ്തമായിട്ടുള്ളതാകുന്നു. ഒരു വിനാഴികയെങ്കിലും കിട്ടുന്നതിനു നരകപ്രാപ്തർ എന്തുതന്നെ കൊടുക്കയില്ല.? നിരന്തരം പഠിച്ചുകൊണ്ടിരിക്കുക എന്റെ കടമയാകുന്നു, ഈ കൃത്യം ഞാൻ എങ്ങനെ നിറവേററിപ്പോരുന്നു? ഇടവകയിൽനിന്നു അനാവശ്യമായി സൎക്കീട്ടുപോകുക നിമിത്തം, രോഗികൾ അന്ത്യകൂദാശകൾ കൂടാതെ മരിക്കുന്നതിനു ഞാൻ ഇടവരുത്തിയിട്ടുണ്ടോ?

V. വികാരിയുടെയും അസിസ്റ്റേന്തിയുടെയും പ്രത്യേക ചുമതലകൾ. ഈ ഔദ്യോഗിക കടമകൾ എപ്രകാരം നിൎവ്വഹിക്കപ്പെടുന്നു? ദൈവത്തിന്റെ ജോലി നേരാംവണ്ണം ചെയ്യുന്നതിൽനിന്നു ഒരുവനെ തടയുന്ന പ്രതിബന്ധങ്ങൾ, മുഷിച്ചിലുകൾ,



www.malankaralibrary.com

നീരസങ്ങൾ മുതലായവ ബഹുലങ്ങളാണ്. ഇവയെ ജയിക്കുന്നതിനു ക്രമവും കണിശവും തീക്ഷ്ണതയും കൂടിയേതീരൂ. റൂഹാദക്കുദിശാതമ്പുരാൻ പറയുന്നു. "ദൈവത്തിൻെറ ജോലി വഞ്ചനയോടെ ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാകുന്നു." 14

പിന്നീട്ടു വൈകുന്നേരം മരണത്തെക്കുറിച്ചുള്ള താഴെവരുന്ന ധ്യാനം കഴിക്കുക.

## മരണത്തിനു ഒരുക്കം.

നിൻെറ ക്രൂശിക്കപ്പെട്ട രൂപത്തിൻമുമ്പാകെ മുട്ടുകുത്തുക. നിൻെറ അവസാനവിനാഴിക വന്നിരിക്കുന്നുവെന്നും "നിൻെറ ഭവനത്തെ ക്രമപ്പെടുത്തികൊൾക, എന്തുകൊണ്ടെന്നാൽ നീ മരിക്കും ജീവിക്കയില്ല" 15 എന്നു ഏശായാദീർഘദർശി ഹെസക്കിയേൽ രാജാവിനോടു പറഞ്ഞതുപോലെ നിൻെറ കാവൽമാലാഖാ നിന്നോടും പറയുന്നതായി വിചാരിക്കുക.

I. മരണം എന്താകുന്നു? അതു ഇഹത്തിൽനിന്നു നിത്യസൗഭാഗ്യത്തിലേക്കോ നിത്യദൌർഭാഗ്യത്തിലേക്കോ ഉള്ള ഒരു പ്രയാണമത്രെ.

ഞാൻ മരിക്കും; സംബന്ധികൾ, സ്നേഹിതന്മാർ പരിചിതർ, തുടങ്ങിയ സകലരേയും ഞാൻ ഉപേക്ഷിക്കേണ്ടിവരും. ഭൂമിയിലെ സകലമാനവസ്തുക്കളോടും ഞാൻ യാത്ര പറഞ്ഞുപിരിയും. കണ്ണുയർത്തി നിൻെറ മുറിയിലെ സകല സാമാനങ്ങളേയും പരിശോധിക്കുക; ഇവയെ എല്ലാം നീ വിട്ടുപിരിഞ്ഞുപോകേണ്ടിവരും. എനിക്കേറെം ഇഷ്ടമുള്ളസാധനങ്ങളേയും ഞാൻ ഉപേക്ഷിക്കാതെ ഗത്യന്തരമില്ല. ഈ വിധം കടന്നുപോകുന്ന വസ്തുക്കളുടെ മേൽ പക്ഷം വയ്ക്കുക, എത്ര ബുദ്ധിശൂന്യം. മനോവ്യഥമാത്രം പ്രതിഫലമായി ലഭിക്കുന്ന എന്തെല്ലാം ഇടപാടുകളിൽ ബഹുതാല്പര്യപൂർവ്വം നാം തലയിടുന്നു.

ഞാൻ മരിക്കും, അതായതു എൻെറ ശരീരം എൻെറ ആത്മാവിൽ നിന്നു വേർതിരിയും; ആ വിനാഴിക മുതൽ എന്നെ ഏററം സ്നേഹിച്ചിരുന്നവർക്കു കൂടി എൻെറ ശരീരത്തിൻെറ സാന്നിദ്ധ്യം



www.malankaralibrary.com

അസഹ്യകരവും ഉപദ്രവകരവുമായി പരിണമിക്കും. അവർ അതിനെ ഭൂമിയിൽ കുഴിച്ചുമൂടുകയും അവിടെ അതു പുഴുക്കൾക്കു ആഹാരമായി ഭവിക്കുകയും ചെയ്യും. ഇപ്രകാരം ചീച്ചിലായി വേഷംമാറുന്ന ഈ ശരീരത്തെ ലാളിക്കുന്നതിനു പകരം ദൈവസ്തുതിക്കും ആത്മാക്കളുടെ രക്ഷക്കുമായി വേല ചെയ്യുന്നതിനു അതിനെ വിനിയോഗിച്ചിരുന്നെങ്കിൽ അതെത്രമേൽ വിവേകപൂർവ്വകമായിരിക്കുമായിരുന്നു. ശവക്കല്ലറയിൽ ശയിക്കുമ്പോൾ എന്നെ വല്ലവരും ഓർക്കുമോ? ഹാ, മൃതർ എത്രവേഗം വിസ്മരിക്കപ്പെടുന്നു. മററുള്ളവരുടെ സ്തുതികൊണ്ടാട്ടങ്ങളെല്ലാം വെറും മായയല്ലയോ.

ഞാൻ മരിക്കും, അതായതു് നിത്യത്വം എന്ന ഭവനത്തിൽ ഞാൻ പ്രവേശിക്കും. സമയവും ലോകവും ലൌകികവുമായ സകലവും നിഴൽപോലെ മറഞ്ഞിട്ടു നിത്യത്വം മാത്രം ശേഷിക്കും അപ്പോൾ. എല്ലാം അറിയുന്നവനും ഏററം നീതിമാനും പാപത്തെ അത്യധികം വെറുക്കുന്നവനും, അററ്റം കരുണയെ കൈവെടിഞ്ഞിരിക്കുന്നവനും ആയ ആ പരമ വിധിയാളന്റെ സമക്ഷം നിറുത്തപ്പെട്ടു്, ശോധനചെയ്യപ്പെട്ടശേഷം അദ്ദേഹത്തിന്റെ തിരുവായിൽനിന്നു എന്റെ വിധിതീർപ്പു ഞാൻ ശ്രവിക്കും. അക്കറിയാം അതു നല്ല പട്ടക്കാരന്റെ നിത്യസ്വർഗ്ഗമൊ ദുഷ്ടനായ വൈദികന്റെ നിത്യനരകമോ ഇവയിൽ ഏതായിരിക്കുമെന്നു.?

II. എപ്പോൾ, എവ്വിധം ഞാൻ മരിക്കും? എത്രനാൾകൂടി ജീവിച്ചിരിപ്പാൻ എനിക്കു സാധിക്കും? ഇവയെല്ലാം അജ്ഞാതങ്ങളത്രെ. മരണത്തിനു വയസ്സിനെപ്പററി നോട്ടമില്ല. മരണത്തിനു മുമ്പു ഒരുങ്ങുന്നതിനു സമയം കിട്ടുമോയെന്നു എനിക്കു നിശ്ചയമില്ല. വളരെക്കാലം ദീനത്തിൽ കിടന്നിരുന്ന അനേകംപേർപോലും തങ്ങൾ നിനച്ചിരിക്കാത്ത നേരത്തു മരിച്ചതായി അറിയാം. ഞാൻ അന്ത്യക്രൂദാശകൾ കൈക്കൊണ്ടു് മരിക്കുമോ എന്നു എനിക്കു അറിഞ്ഞുകൂടാ. എന്റെ സംസാരശക്തി പെട്ടെന്നു നഷ്ടപ്പെട്ടെന്നു വന്നേക്കാം; കൂടാതെയും രോഗശയ്യയിൽ കിടക്കുമ്പോൾ നമ്മെക്കൊണ്ടെന്താണു കഴിവുള്ളതു്? നിത്യരക്ഷയുടെ



www.malankaralibrary.com

കാര്യത്തിൽ ഈ അവസാനവിനാഴികയെ പ്രയോജനപ്പെടുത്തി ക്കൊള്ളാമെന്നു കരുതി ജീവിക്കുക എത്ര വിവേകശൂന്യമാണു്.

III. ഞാൻ മരിപ്പാൻ ഒരുങ്ങിയിരിക്കയാണോ? എന്റെ ഇപ്പോഴത്തെ ഒരുക്കമെന്തെല്ലാം? എല്ലാം ഉപേക്ഷിപ്പാൻ ഞാൻ തയ്യാറുണ്ടോ? ദൈവത്തിന്റെ ന്യായാസനത്തിൽ മുമ്പാകെ പ്രത്യക്ഷപ്പെട്ടു് താൻ ഭരമേല്പിച്ച ഉദ്യോഗങ്ങളിൽ നിന്നും, തനിക്കു ചെയ്ത ശുശ്രൂഷകളിൽ നിന്നും, സർവ്വോപരി തന്റെ അനന്തകാരുണ്യത്തിൽനിന്നും എനിക്കു ലഭിച്ചിട്ടുള്ള നിരവധി അനുഗ്രഹങ്ങൾക്കു നന്ദിപറവാൻ ഞാൻ സന്നദ്ധനോ? എന്റെ മനസാക്ഷിയിൽ അതിന്റെ സമാധാനത്തെ ഭഞ്ജിപ്പിക്കുന്നതായി വല്ലതുമുണ്ടോ? എന്റെ ജോലികളുടെ നിർവ്വഹണത്തിൽ എന്നെ ആകുലചിത്തനാക്കുന്നതായി ഒന്നുമില്ലയോ? ഏതൊരവസ്ഥയിൽ മരിപ്പാൻ നമുക്കാഗ്രഹമില്ലയോ ആ അവസ്ഥയിൽ ജീവിക്കുന്നതു വിഡ്ഢികൾക്കു ചേർന്നതാണെന്നു ധരിച്ചുകൊണ്ടാൽ മതി.

പ്രസ്താവിതസംഗതികളെപ്പററി ദീർഘനേരം ഗാഢമായി ചിന്തിച്ചു തക്കതായ പ്രതിജ്ഞകൾ ചെയ്തശേഷം താഴെ ചേർത്തിരിക്കുന്ന രണ്ടു ജപങ്ങൾ ക്രൂശിക്കപ്പെട്ട രൂപം കയ്യിൽ പിടിച്ചുകൊണ്ടു ചൊല്ലുക.

## ജപം.

പാപത്തിനു ശിക്ഷയായിട്ടു മനുഷ്യരെല്ലാവരും മരിക്കണമെന്നു് വിധിച്ചിരിക്കുന്ന മരണത്തിന്റെയും ജീവന്റെയും അധിനാഥാ, അവിടത്തെ നീതിയുടെ കല്പനയ്ക്കു പൂർണ്ണമായി കീഴ്പെട്ടു, അങ്ങേ സമക്ഷം വിനയപൂർവ്വം സാഷ്ടാംഗപ്രണാമം ചെയ്യുന്ന പാപിയായ എന്നെ കടാക്ഷിക്കണമെ. എന്റെ സകല പാപങ്ങളേയും ഞാൻ മുഴു ഹൃദയത്തോടെ വെറുക്കുന്നു. മഹാപാപിയായ ഞാൻ ആയിരം പ്രാവശ്യം മരിപ്പാൻ പാത്രവാനായിട്ടുണ്ടെന്നു സമ്മതിക്കുന്നു. എന്റെ ബഹുലങ്ങളായ പ്രമാണലംഘനങ്ങൾക്കു പരിഹാരമായിട്ടും, അങ്ങേ നേർക്കുള്ള കീഴ്വഴക്കത്തിന്റെ ചിഹ്നമായിട്ടും എന്റെ രക്ഷകന്റെ മരണത്തോടു



www.malankaralibrary.com

എന്നെത്തന്നെ യോജിപ്പിക്കുന്നതിനായിട്ടും ഞാൻ മരണത്തെ നന്മനസ്സോടെ സ്വീകരിക്കുന്നു. ആകയാൽ എന്റെ ദൈവമെ! അവിടുന്ന തിരുമനസ്സാകുന്ന സമയത്തും, സ്ഥലത്തും, വിധത്തിലും മരിപ്പാൻ സന്നദ്ധനായിരിക്കുന്നു ഞാൻ. അവിടത്തെ ഭയങ്കരമായ വിധികള എന്റെ ആത്മാവിനെ തയ്യാറാക്കിക്കൊണ്ടും ഈ ലോകത്തോട്ട എന്നെ ബന്ധിക്കുന്ന കെട്ടുകളെ പൊട്ടിച്ചുകൊണ്ടും, അങ്ങനെ ഇഹത്തിൽ നിന്ന എന്റെ പക്ഷങ്ങളെ വേർപെടുത്തി എനിക്കു ശേഷിച്ചിരിക്കുന്ന ആയുഷ്കാലത്തെ ഞാൻ വിനിയോഗിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു.

## വേറൊരു ജപം.

എന്റെ ദൈവമെ, അങ്ങെ സിംഹാസനത്തിൻമുമ്പാകെ സാഷ്ടാംഗംചെയ്ത്, ഇഷ്ടപ്രസാദങ്ങളിൽ വച്ചു ഏററവും വലിയ ഇഷ്ടപ്രസാദമായ നല്ലമരണം ലഭിക്കുന്നതിനു ഞാൻ യാചിക്കുന്നു.

എന്റെ ജീവിതം എത്ര താറുമാറായിരുന്നാലും അവിടത്തെ സ്നേഹത്തിൽ മരിച്ചു, അതിനെ നേരാംവണ്ണം അവസാനിപ്പിക്കുന്നതിനുള്ള മനോഗുണം എനിക്കു നൽകേണമെ.

പുണ്യാത്മാക്കളായ ഗോത്രപിതാക്കന്മാരെപ്പോലെ സങ്കടം കൂടാതെ ഈ കണ്ണുനീരിന്റെ താഴ്വരയെ വിട്ട്, എന്റെ സ്വന്തനാടായ സ്വർഗ്ഗത്തു ചെന്നു നിത്യാശ്വാസം അനുഭവിക്കുന്നതിനായി ഞാൻ മരിപ്പാൻ ആഗ്രഹിക്കുന്നു.

യൌസേപ്പു പിതാവിനെപ്പോലെ ഈശോയുടേയും മറിയത്തിൻറയും കരങ്ങളിൽ ആ രണ്ടു നാമങ്ങളും ഉച്ചരിച്ചുകൊണ്ടു മരിപ്പാൻ ഞാൻ ആഗ്രഹിക്കുന്നു.

പരിശുദ്ധ കന്യകമറിയത്തെപ്പോലെ ഏററവും നിർമ്മലമായ സ്നേഹത്താലും ഈശോയോടു ഒന്നിച്ചു ചേരുന്നതിനുള്ള തീവ്രമായ വാഞ്ഛയാലും എരിഞ്ഞ്, ഞാൻ മരിപ്പാൻ ആഗ്രഹിക്കുന്നു.



www.malankaralibrary.com

നിത്യപിതാവായ ദൈവമെ, അവിടത്തെ തൃക്കരങ്ങളിൽ എൻെറ ആത്മാവിനെ ഞാൻ കയ്യേൾപ്പിക്കുന്നു; എൻെറമേൽ അനുഗ്രഹിക്കേണമെ.

എൻെറ സ്നേഹത്തെപ്രതി മരിച്ച എൻെറ നല്ല ഈശോയെ, നിൻെറ സ്നേഹത്തെപ്രതി മരിപ്പാൻ എനിക്ക നീ മനോഗുണം ചെയ്യേണമെ.

വിശുദ്ധ മറിയമെ, ദൈവജനനനി, ഇപ്പോഴും എൻെറ മരണനേരത്തും എനിക്കവേണ്ടി അപേക്ഷിക്കേണമെ.

വാനാത്രപിയായ എൻെറ കാവൽദൂതാ! ദൈവം എനിക്ക സൂക്ഷിപ്പുകാരായിട്ടു നൽകിയിരിക്കുന്ന മഹാ പുണ്യവാന്മാരെ, എൻെറ മരണനേരത്തു എന്നെ കൈവെടിയല്ലെ.

വിശുദ്ധ യൌസേപ്പെ! അനുഗ്രഹങ്ങളിൽവച്ചു ഏററവും വലിയ അനുഗ്രഹമായ നീതിമാൻെറ മരണം മരിക്കുന്നതിനുള്ള വലിയ ഭാഗ്യം എനിക്ക നൽകേണമെ.

Moriatur anima mea morte Justorum: ഇതിൻെറ ശേഷം Te Deum, അല്ലെങ്കിൽ Magnificat anima mea, എന്നീ സ്തുതിപ്പുകളിലേതിലെങ്കിലുമൊന്നു ചൊല്ലി ഭാഗ്യകരമായ ഈ ദിവസത്തെ അവസാനിപ്പിക്കുക.

## വാർഷികധ്യാനം. (Annual retreat.)

I. "ഇടവകപ്പട്ടക്കാരേവരും മൂന്നു കൊല്ലത്തിലൊരിക്കലെങ്കിലും ഒരു നിശ്ചിതകാലത്തേയ്ക്കു, ഭക്തിപരവും മതചൈതന്യം നിറഞ്ഞതുമായ ഒരു മന്ദിരത്തിൽ സ്വന്തമെത്രാൻെറ തീരുമാനമനുസരിച്ചു ധ്യാനം കഴിക്കേണ്ടിയിരിക്കുന്നു; ഇതിൽനിന്നു തക്കതായ കാരണത്തോടും വൈദികമേലദ്ധ്യക്ഷൻെറ അനുമതിയോടും കൂടി, വ്യക്തിപരമായിട്ടല്ലാതെ ആരും ഒഴിവാക്കപ്പെട്ടുന്നില്ലാ." 16 ഇതാണു സഭയുടെ സാർവ്വത്രിക നിയമം, എന്നാൽ മററു തരത്തിൽ പ്രതിബന്ധങ്ങളില്ലാത്തിടത്തു ആണ്ടുതോറുംതന്നെ മുഴുവൻധ്യാനം നടത്തപ്പെടണമെന്നു രൂപതാനിയമമുണ്ട്. ആദ്ധ്യാത്മിക അഭ്യാസങ്ങൾ എന്നത്രെ വി. ഇഗ്നാസിയോസ് ജ്ഞാന



www.malankaralibrary.com

ധ്യാനത്തെ നാമകരണം ചെയ്യുന്നത്. ധ്യാനം കഴിക്കുന്നതിനു നാം ലൌകികകാര്യാദികളിൽ നിന്നും, ബോധപ്പുതർച്ച വരുത്തുന്ന മററു കൂട്ടങ്ങളിൽനിന്നും വിരമിച്ച്, മനഃപ്രാർത്ഥനയിലും മൌനത്തിലും ദൈവികകാര്യങ്ങളെക്കുറിച്ചുള്ള പരിചിന്തനത്തിലും ഏതാനും ദിവസങ്ങൾ വിനിയോഗിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതത്തിലെ ഒരു ക്ലിപ്തകാലഘട്ടമാണു ധ്യാനത്തിനു വിഷയീഭവിക്കേണ്ടത്. തിന്മസ്സു ചാഞ്ഞിരിക്കുന്ന ദുശ്ശീലങ്ങളെ ജയിക്കുന്നതിനും, നമ്മുടെ നടത്തിൽ ക്രമരഹിതമായിട്ടുള്ളവകളെ നവീകരിക്കുന്നതിനും, ദൈവതിരുമനസ്സിനനുസരണമായ വിധത്തിൽ ഭാവിജീവിതത്തെ ക്രമപ്പെടുത്തുന്നതിനുമായിട്ടാണല്ലോ നാം ജ്ഞാനധ്യാനം കഴിക്കുന്നത്. ദൈവതിരുച്ചിത്തമറിഞ്ഞ് അതിനെ ആശ്ലേഷിക്കയാകുന്നു ധ്യാനത്തിന്റെ സർവ്വപ്രധാനമായ ഉദ്ദേശമെന്നുപറയാം. ഏതദർത്ഥം നാം നമ്മെ ആന്തരികമായി പ്രകാശിപ്പിക്കയും പ്രബോധിപ്പിക്കയും പരിശുദ്ധമാക്കുകയും ചെയ്യുന്നതും ലൌകികവ്യവഹാരങ്ങളിൽനിന്നു നമ്മെ വേർപെടുത്തുന്നതുമായ നിത്യസത്യങ്ങളെക്കുറിച്ചു അവധാനപൂർവ്വം ചിന്തിക്കയും, നമ്മുടെ ആത്മാവിൽ പററിപ്പിടിച്ചിട്ടുള്ള ദുഷ്ടതകളെ ആത്മശോധന വഴിയായി മനസ്സിലാക്കി പാപസങ്കീർത്തനം മാർഗ്ഗേണ കഴുകിക്കളയുകയും, മ്ശിഹായുടെ ജീവിതത്തിലെ രഹസ്യങ്ങളെ ഗാഢമായി പഠിക്കയും ചെയ്യേണ്ടിയിരിക്കുന്നു.

II. ധ്യാനം നേരാംവണ്ണം കഴിക്കുന്നതിനു ബാഹ്യമായും ആഭ്യന്തരമായും ഒച്ചപ്പാടുകളിൽനിന്നു ഒഴിഞ്ഞിരിക്കേണ്ടിയിരിക്കുന്നു. ആഭ്യന്തരമായ വേർപാട് ബാഹ്യമായ വേർപാടിന്റെ ഒരു ഫലമാണെന്നുപറയാം. മൌനവും ഏകാന്തതയും ദൈവത്തേയും ദൈവകാര്യങ്ങളെയുംപററി ചിന്തിക്കുന്നതിനു നമ്മെ സഹായിക്കുന്നു. ലൌകിക വ്യവഹാരങ്ങളിൽനിന്നു എത്രസ്സു നാം അകലുന്നുവോ അത്രസ്സു ദൈവം നമ്മോടു സമീപിക്കുന്നു. "കലകത്തിൽ കർത്താവില്ല"[17] എന്നാണല്ലോ പരിശുദ്ധാത്രപി പറയുന്നത്. ദൈവം ഒരാത്മാവിനെ സന്ദർശിക്കുന്നതിനു വരുമ്പോൾ അതിനെ ഏകാന്തത്തിൽ കാണ്മാൻ ആഗ്രഹിക്കുന്നു. "അതിനെ ഞാൻ



www.malankaralibrary.com

ഏകാന്തത്തിൽ നയിച്ച് ഹൃദയത്തോടു സംസാരിക്കും." 18 വി. ആർ സേനിയസ്സ് പറയുന്നു: "രക്ഷ പ്രാപിക്കുന്നതിനു നീ ആഗ്രഹിക്കുന്നെങ്കിൽ ഏകാന്തത്തിൽ മൌനമായി അടങ്ങിയിരിക്കുക." എന്നാൽ ലോകകാര്യങ്ങളിൽനിന്നു പൂർണ്ണമായി വിട്ടുമാറി ഏതാനും ദിവസങ്ങൾ ചെലവഴിക്കുന്നതിനു, ജോലിത്തിരക്കു, അനാരോഗ്യം മുതലായ സാഹചര്യങ്ങൾ ചിലരെ അനുവദിച്ചില്ലെന്നുവരാം. അപ്രകാരമുള്ളവരെക്കൂടി ഉദ്ദേശിച്ച് ആദ്ധ്യാത്മികഗുരുക്കന്മാർ, പൊതുധ്യാനം (General retreat) തനിച്ചു ധ്യാനം, (private retreat) മിശ്രധ്യാനം (mixed retreat) ഇങ്ങനെ മുഴുവൻ ധ്യാനത്തെ മൂന്നായി തരം തിരിച്ചിരിക്കുന്നു.

III. പൊതുധ്യാനം മെത്രാൻെറയൊ അദ്ദേഹം നിശ്ചയിക്കുന്ന പ്രതിപുരുഷൻെറയൊ നേതൃത്വത്തിൽ നടത്തപ്പെടുന്നു. മെത്രാൻ തൻെറ കീഴുള്ള വൈദികരെല്ലാവരേയുമൊ അല്ലെങ്കിൽ കുറെപ്പേരെയൊ ഒരു പ്രത്യേക സ്ഥലത്തു കൂട്ടുന്നതിനു ക്ഷണിക്കുന്നു. മോൺസിഞ്ഞോർ ഗിറൊ (Mgr. giraud) കൂട്ടമായി ധ്യാനം കഴിക്കുന്ന വൈദിക സമൂഹത്തെ വളരെ ചാതുരിയോടെ ഇങ്ങനെ വർണ്ണിക്കുന്നു. "പ്രേഷിതരംഗത്തെ ക്ഷീണാവും കർത്താവിനു വേണ്ടിയുള്ള പോരാട്ടങ്ങളും കഴിഞ്ഞശേഷമുള്ള ആ ദിവസങ്ങൾ ആനന്ദതുന്ദിലമായ ആശ്വാസത്തിൻെറ ദിവസങ്ങളത്രെ. ദൈവം തൻെറ കുടുംബത്തെ ഭരിക്കുന്നതിനു നിയമിച്ചിരിക്കുന്ന നായകൻെറ അഥവാ പിതാവിൻെറ കീഴിൽ ഒരേ ഹൃദയത്തോടുകൂടിയ സഹോദരന്മാരുടെ ഒരു സംഘമാണു ഇവിടെ നാം കാണുന്നതു്. ഭാഗ്യകരമായ ഈ ഏകാന്തത്തിലെ അന്തരീക്ഷം പരിശുദ്ധവും, പ്രകാശം സജീവവും, ദൈവസാന്നിദ്ധ്യം കൂടുതൽ ആനന്ദസന്ദായകവും, മനഃസ്ഥിതി ദൈവപ്രബോധനങ്ങളെ സ്വീകരിക്കുന്നതിനു കൂടുതൽ സന്നദ്ധവും ആകുന്നു. ജാതികളുടെ തലവന്മാരായ ആ ആത്മീയ കുഴകന്മാർ, അവരുടെ യൌവനത്തെ പുതുക്കുന്ന ഒരു ആത്മീയക്ഷാളനമാകുന്നു ഈ മുഴുവൻധ്യാനം. സ്വർഗ്ഗീയമായ ഈ സ്കൂളിൽഅത്രെ പരിശുദ്ധന്മാരായ പട്ടക്കാരും പ്രേഷിതന്മാരും



www.malankaralibrary.com

തങ്ങളെ ദൈവത്തിനിഷ്ടമുള്ളവരും മനുഷ്യർക്കു പ്രയോജനമുള്ളവരുമാക്കുന്ന സുകൃതങ്ങളിൽ അഭ്യസിപ്പിക്കപ്പെട്ടിട്ടുള്ളതു്."

ഈശോമ്ശിഹായുടെ ചുററും അപ്പസ്തോലന്മാർ കൂടുന്നതിൻെറ യഥാർത്ഥചിത്രമായ ഈ പൊതുധ്യാനങ്ങളിൽ നിന്നു നിരവധി നന്മകൾ ഉളവാകുന്നുണ്ടു്. ആകാശത്തിൽ നിന്നു മഴത്തുള്ളികൾ കണക്കേ ഇഷ്ടപ്രസാദം ധ്യാനിക്കുന്നവരുടെ മേൽ വർഷിക്കപ്പെടുന്നു. ആകയാൽ വൈദികരുടെ ആത്മീയജീവിതത്തിലുള്ള അഭിവൃദ്ധിയും അധോഗതിയും ജ്ഞാനധ്യാനങ്ങളെ സമാശ്രയിച്ചിരിക്കുന്നുവെന്നു സുതരാം ബോദ്ധ്യം വന്നിട്ടുള്ള വന്ദ്യമെത്രാന്മാർ അവയെ തങ്ങളുടെ രൂപതകളിൽ കണിശമായി നടത്തുന്നതിലും, നല്ലപട്ടക്കാർ ധ്യാനത്തിനുള്ള അറിയിപ്പു സന്തോഷപുരസ്സരം സ്വീകരിച്ചു്, അതു മാതൃകായോഗ്യമാംവിധം കഴിക്കയും ചെയ്യുന്നതിൽ അത്ഭുതപ്പെടാനില്ല. എന്നാൽ ജ്ഞാനധ്യാനത്തിൻെറ വിജയത്തെ ലഘൂകരിക്കയൊ അല്ലെങ്കിൽ പാടെ ഹനിക്കയോ ചെയ്യുന്ന ചില കാരണങ്ങൾ ഉണ്ടായേക്കുമെന്നുള്ളതിനെ ഇവിടെ നിഷേധിക്കുന്നില്ല. അവയെപ്പററിതാഴെ.

IV. ധ്യാനത്തിൻെറ സാരമായഭാഗം ഏകാഗ്രതയാണെന്നു പറയപ്പെട്ടിരിക്കുന്നതുപോലെ ഏകാഗ്രതയുടെ സാരമായ ഭാഗം മൌനമാണെന്നും അഭിപ്രായപ്പെടാം. അനേകംപേർ ഒന്നിച്ചുകൂടുന്ന പൊതുധ്യാനങ്ങളിൽ മൌനത്തിനു പ്രയാസം വരുത്തുന്നു ചില പ്രതിബന്ധങ്ങളുണ്ടു്. നീസ്മസ്സിലെ മെത്രാനായ പ്ലാൻററിർ (Plantier) ഈ വിഷയത്തെപ്പററിചെയ്തു ഒരു പ്രസംഗത്തിൽ പ്രസ്താവിത പ്രതിപ്രന്ധങ്ങളിൽ മൂന്നെണ്ണത്തെപ്പററി രേഖപ്പെടുത്തികാണുന്നുണ്ടു്.

മൌനത്തിൻെറ തടസ്സങ്ങളിൽ ഒന്നാമത്തതു ആത്മനിയന്ത്രണത്തിൻെറ അഭാവമാകുന്നു. ഒരുവൻ സംസാരിക്കുന്നു, എന്തുകൊണ്ടെന്നാൽ മൌനം പാലിക്കുന്നതിനുതക്ക മനഃസ്ഥൈര്യം അവനില്ല. സകലത്തിലും നിന്നുള്ള വേർപാടു തൻെറ പ്രകൃതത്തിനു യോജിച്ചതല്ലെന്നു അവർ വിചാരിക്കുന്നു. ഒരുത്തരോടും ഒന്നും മിണ്ടാതെ, ദൈവത്തോടുമാത്രം ആന്തരികമായി സംഭാഷി



www.malankaralibrary.com

ച്ചുകൊണ്ട് ഏതാനും ദിവസങ്ങൾ കഴിച്ചുകൂട്ടണമെന്നുള്ള ചിന്തപോലെ അവനെ ഭയപ്പെടുത്തുന്നതായി മറെറാന്നുമില്ല. ആകയാൽ അവൻ നോക്കിനടന്നു തന്നെപ്പോലെ മിണ്ടടക്കത്തേയും ഏകാന്തത്തേയും ഭയപ്പെടുന്ന ഒരു സഹോദരവൈദികനെ കണ്ടുപിടിക്കുന്നു. ഇങ്ങനെ സ്വഭാവപൊരുത്തമുള്ള രണ്ടുപേർ തമ്മിൽ കൂട്ടിമുട്ടിയാൽ പിന്നെ അവർ ബാക്കിസമയമെല്ലാം രസപ്രദമായി ചെലവഴിച്ചുകൊള്ളും.

സ്നേഹിതന്മാർ തമ്മിലുള്ള കൂടിക്കാഴ്ചയാകുന്നു മൌനംപാലിക്കുന്നതിനുള്ള വേറൊരു പ്രതിബന്ധം. ദീർഘനാളായി ചില മിത്രങ്ങൾ തമ്മിൽ കാണാതിരിക്കയായിരിക്കാം. പരസ്പരം അറിയിക്കാൻ എന്തുമാത്രം സംഗതികൾ അവരുടെ ഹൃത്തടത്തിൽ കെട്ടി നിൽപ്പുണ്ടായിരിക്കും. സന്തോഷകരവും ദുഃഖകരവുമായ നിരവധി സംഗതികൾ ഇതിനിടയ്ക്കു് ഇടവകയിലും രൂപതയിലും രാജ്യത്തുപൊതുവെയും നടന്നിട്ടുണ്ടായിരിക്കും. ഇവയെപ്പററിയെല്ലാം വിമർശനംചെയ്യു എത്ര ആനന്ദപ്രദമായിരുന്നാലും അതു ധ്യാനത്തിനു തടസ്സം ചെയ്യുമെന്നുള്ളതു തീർച്ചതന്നെ.

വക്രതനിറഞ്ഞ ചില പ്രത്യേക സംഗതികളും ബോധപ്പുതർച്ചയ്ക്കു കാരണമാകുന്നുണ്ട്. ഒരു പട്ടക്കാരനു തൻെറ ഇടവകക്കാരുമായി സ്വരച്ചേർച്ചയില്ലായിരിക്കാം, അല്ലെങ്കിൽ കോർട്ടിൽ തന്നെ സംബന്ധിക്കുന്ന ഒരു കേസ് നടക്കുന്നുണ്ടായിരിക്കാം. ഈ വിഷമതകളിൽനിന്നു എങ്ങിനെ മോചനം പ്രാപിക്കേണ്ടുവെന്നായിരിക്കും, ധ്യാനദിവസങ്ങളിൽ അദ്ദേഹം വിചാരിച്ചുകൊണ്ടിരിക്കുന്നതു്." 19

ധ്യാനം ഫലപ്രദമായി കഴിക്കണമെന്നു നമുക്കുദ്ദേശമുള്ള പക്ഷം ധ്യാനത്തിൻെറ ചട്ടങ്ങളെ പ്രത്യേകിച്ചു മൌനത്തെ സംബന്ധിച്ച ചട്ടത്തെ അക്ഷരശഃ അനുഷ്ഠിക്കേണ്ടതാകുന്നു. നിവൃത്തിയുള്ളപക്ഷം ഓരോ പട്ടക്കാരനും ഓരോ ചെറിയമുറി (Cell) ഉണ്ടായിരിക്കുന്നതുത്തമം. പ്രസംഗത്തിൽ കേൾക്കുന്ന സംഗതികളെപ്പററി സാവകാശം ഗാഢചിന്തനം ചെയ്യുന്നതിനും ഉള്ളിൽ ഉദിക്കുന്ന നല്ല തോന്നലുകളെയും ഓരോരുത്തൻ ചെയ്യുന്ന പ്രതിജ്ഞ



www.malankaralibrary.com

കളെയും കുറിച്ചിടുന്നതിന്നും ഈ ഏകാന്തസ്ഥലം ഉപകരിക്കാതിരിക്കയില്ല. ഒരു സ്ഥലത്തു ധ്യാനിക്കുന്നവരെല്ലാം ഒരുമിച്ചു തുടങ്ങുകയും ഒരുമിച്ചു അവസാനിപ്പിക്കയുമാണു അഭിലഷണീയമായിട്ടുള്ളതു്. ഒന്നൊ രണ്ടൊ ദിവസം കഴിഞ്ഞു വന്നുചേരുന്നതും അവസാനിക്കുന്നതിന്നുമുമ്പു പോകുന്നതും ധ്യാനത്തെപ്പറ്റിയുള്ള മതിപ്പിനെ പൊതുവിൽ കുറയ്ക്കുന്നതാകുന്നു.

V. ധ്യാനിപ്പാൻ വരുന്നതു ആശ്വസിപ്പാനൊ അലസരായിരിപ്പാനൊ അല്ല. പ്രയത്നത്തിന്റെ അവസരമത്രെ ധ്യാനം. ശരിയായി ധ്യാനിക്കാൻ നമ്മുടെ ഭാഗത്തുനിന്നു പലതും ചെയ്യാനുണ്ടു്. ഈനാസ്സിയൂസ് പുണ്യവാൻ പറയുന്നു: "നടപ്പു, ഓട്ടം, യാത്ര, മുതലായവ കായികാഭ്യാസങ്ങളാണല്ലൊ; ഇതേവിധം ഒരുവന്റെ ആത്മാവിൽനിന്നു ക്രമംകടന്ന പക്ഷങ്ങളെ അകറ്റുന്നതിനായി ഒരുക്കിപാകപ്പെടുത്തുകയും, ഇങ്ങനെ പാകപ്പെടുത്തിയ ശേഷം നിത്യരക്ഷ പ്രാപിക്കുന്നകാര്യത്തിൽ ദൈവതിരുമനസ്സു പ്രകാരമെന്നന്വേഷിച്ചറിഞ്ഞു് തദൎത്ഥം ജീവിതത്തെ ക്രമപ്പെടുത്തുകയും ചെയ്യുന്നതിന്നു അദ്ധ്യാത്മികാഭ്യാസങ്ങൾ എന്നു പറയപ്പെടുന്നു. കായികാഭ്യാസി ആരാകുന്നു? അതു മറ്റൊരുവൻ ഓടുകയൊ ചാടുകയൊ ചെയ്യുന്നതിനെ കാണുകയൊ കേൾക്കയൊ ചെയ്യുന്നവനല്ല, പിന്നെയൊ സ്വയം ഓടുകയും ചാടുകയും ചെയ്യുന്നവനത്രെ. ജ്ഞാനധ്യാനം കഴിക്കുന്ന ആദ്ധ്യാത്മികാഭ്യാസിയുടേയും അവസ്ഥ ഇതുതന്നെ.

ശരിയായി ധ്യാനിക്കുന്നതിന്നു ഉപദേശങ്ങൾ കേട്ടാൽമാത്രംപോരാ, നാംതന്നെ ചിന്തിക്കയും പ്രാൎത്ഥിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ഗെർസൺ പറയുന്നു: "ജ്ഞാനവായന നല്ലതാണു്, എന്നാൽ എപ്പോഴും വായിക്കയും വാഗ്മൂലം പ്രാൎത്ഥിക്കയും ചെയ്യുന്നവർ തെറ്റുപറ്റുന്നു. വായന ചിലപ്പോൾ നമ്മുടെ ഹൃദയത്തെ ഇളക്കി അതിൽ അനുതാപത്തെ ഉളവാക്കിയെന്നുവരാം, എന്നാൽ ഈ അനുതാപം മിക്കവാറും പുസ്തകം അടയ്ക്കുന്നതോടെ അന്തർദ്ധാനം ചെയ്യുകയാണു പതിവു്; പുസ്തകത്തോടു കൂടിയല്ലാതെ അതു തിരിച്ചുവരികയുമില്ല. ധ്യാനത്തിന്റെ മൌനമാണു



www.malankaralibrary.com

നമുക്കു പുസ്തകത്തിന്റെ സ്ഥാനത്തു നിൽക്കേണ്ടതു്." എപ്പോഴും പഠിച്ചിട്ടും അറിവു ലഭിക്കാത്തവരുണ്ടു്. ശാസ്ത്രപഠിതാക്കളായ വൈദികരുടേയും സന്യാസികളുടെയും ഇടയിൽപ്പോലും ധ്യാനാധിരൂഢ (Contemplatives) രുടെ സംഖ്യ വളരെ വിരളമായി കാണുന്നതിന്റെ കാരണം ഏകാന്തത്തിൽ ഇരുന്നു തനിയെ ധ്യാനിക്കുന്നതിനുള്ള അവരുടെ വൈമനസ്യം കൊണ്ടല്ലയൊ.

VI. ധ്യാനവിഷയങ്ങൾ നമ്മുടെ ഉദ്ദേശത്തിനനുയോജ്യങ്ങളായിരിക്കണം, ഈ ഉദ്ദേശ്യമാവട്ടെ നമ്മുടെ ജീവിതം മുഴുവന്റെയും പരിപൂർണ്ണമായ ഒരു നവീകരണമായിരിക്കണമെന്നാണു വി. വിൻസെന്റു ദെപോൾ പറയുന്നതു്. നേരാംവണ്ണം ധ്യാനിക്കുന്നവൻ ധ്യാനാനന്തരം വേറൊരു മനുഷ്യനായി പകരുന്നുവെന്നുപറയാം. അവന്റെ ആത്മീയജീവിതത്തിൽ അഭിവൃദ്ധിയുടെ ചില ലക്ഷണങ്ങൾ ഗോചരീഭവിക്കാതിരിക്കയില്ല. ധ്യാനത്തിന്റെ ഏകാന്തത്തിൽ ലയിച്ചിരിക്കുന്നവരുടെ ചെവിയിൽ ദൈവം ഇപ്രകാരമാണു പറയുന്നതു്. "കണ്ടാലും! ഇന്നു ഞാൻ നിന്നെ..... പിഴുതുകളയുന്നതിനും നശിപ്പിക്കുന്നതിനും ശൂന്യമാക്കുന്നതിനും ചിതറിക്കുന്നതിനും പണുതുയർത്തുന്നതിനും നട്ടുപിടിപ്പിക്കുന്നതിനുമായി നിയമിച്ചിരിക്കുന്നു". 20 ധ്യാനദിവസങ്ങളിലെ നമ്മുടെവേല ദീർഘദർശിയുടെ ഈ വാക്യത്തിൽ ക്രോഡീകരിക്കപ്പെട്ടിരിക്കുന്നു. നമ്മിലുള്ള ദുസ്സ്വഭാവങ്ങളെ അവയുടെ കാരണങ്ങൾ സഹിതം പിഴുതുകളഞ്ഞ് തൽസ്ഥാനത്തു സുകൃതങ്ങളെ നടേണ്ടിയിരിക്കുന്നു. നമ്മുടെ അഹംഭാവത്തെ ചിതറിക്കണം.

മരണം, വിധി, നരകം, മോക്ഷം മുതലായ നിത്യസത്യങ്ങളെപ്പറ്റിയുള്ള ധ്യാനം മനുഷ്യഹൃദയത്തെ ഇളക്കുന്നതിനു ഏററവും പര്യാപ്തമാണു്. അതുകൊണ്ടു ഈ വിഷയങ്ങളെ ധ്യാനപരിപാടിയിൽനിന്നു ഒരിക്കലും ഒഴിവാക്കിക്കൂടാ. നമ്മുടെ കടമകളെ നമുക്കറിയാം, എന്നാൽ അവയെ നിർവഹിക്കുന്നതിനുള്ള പരമാർത്ഥമായ മനസ്സാണു നമുക്കാവശ്യമുള്ളതു്. ഈ മനസ്സുണ്ടാകുന്നതിനാണു നാം യത്നിക്കേണ്ടതു്.

VII. ധ്യാനത്തിൽ ചേരുന്നതിനുള്ള അറിയിപ്പിനു ഒരു നല്ല പട്ടക്കാരൻ സന്തോഷപുരസ്സരം സ്വാഗതമരുളുന്നു. കൂട്ട



www.malankaralibrary.com

ത്തിൽ ധ്യാനിക്കുന്നതിനു സാഹചര്യങ്ങൾ അവനെ അനുവദിക്കാത്തപക്ഷം, തന്റെ ജോലികളെ മാററിവച്ചിട്ട് ഏകാന്തത്തിൽ കുറെ ദിവസങ്ങൾ ചെലവഴിക്കുന്നതിനു അവൻ മടിക്കുന്നില്ല. ഒരു സെമ്മിനാരിയിലൊ സന്യാസമന്ദിരത്തിലൊ ഒരു സഹോദരപട്ടക്കാരന്റെ വസതിയിലൊ അല്ലെങ്കിൽ തന്റെ മുറിയിൽത്തന്നെയൊ ഒരു ധ്യാനപ്പുസ്തകത്തിന്റെ സഹായത്തോടുകൂടി അവൻ തനിച്ചു ധ്യാനിക്കുന്നു. എളിമയോടെ അപേക്ഷിക്കുമ്പോളൊക്കെ കണ്ടെത്തപ്പെടുന്ന ദൈവം അപ്രകാരമുള്ള വൈദികന്റെ ശ്രമങ്ങളെ അനുഗ്രഹിക്കാതിരിക്കയില്ല. ദൈവം അവനു ബോധപ്രകാശം നൽകുകയും നല്ല പ്രതിജ്ഞകൾ ചെയ്യുന്നതിനു അവനെ പ്രേരിപ്പിക്കയും ഭൂമിയിലേയ്ക്കു അവൻ സ്വയം താഴ്ത്തിയിട്ടുണ്ടെങ്കിൽ സ്വർഗ്ഗത്തേയ്ക്കു അവനെ ഉന്നമിപ്പിക്കയും ചെയ്യും.

VIII മിശ്രധ്യാനങ്ങളെക്കുറിച്ചുകൂടി രണ്ടു വാക്ക്. അവ സ്കൂ പൊതുധ്യാനത്തിന്റെ ഗുണങ്ങളെല്ലാമില്ലെങ്കിലും അവ തനിച്ചു കഴിക്കപ്പെടുന്ന ധ്യാനത്തെ അപേക്ഷിച്ചു കൂടുതൽ പ്രയോജനപ്രദമാകുന്നു. കൂട്ടമായി ധ്യാനിക്കണമെന്നാഗ്രഹമുള്ള വൈദികരെ സ്ഥലസൌകര്യമനുസരിച്ചു തങ്ങളുടെ ആശ്രമങ്ങളിൽ സ്വീകരിക്കുന്ന ചില സന്യാസസഭക്കാരുണ്ട്. ഒരു ധ്യാനഗുരു 'പോയിൻറസ്' കൊടുക്കുന്നു, ചിലപ്പോൾ ഉപദേശവും പറഞ്ഞെന്നു വന്നേയ്ക്കാം. മററു കാര്യങ്ങളിലെല്ലാം ആശ്രമത്തിലെ ദിനചര്യ ഏറിയകൂറും അവർ പിന്തുടരുന്നു.

## കുറിപ്പുകൾ.

1 Cn. 124.
2 Cn. 125.
3 Op. cit. p. 103.
4 Exhortatio ad clerum.
5 Cnn. 126, 545, 1001.
6 Mark. x. 51, 52.
7 Mark. vi. 31.
8 Mark. iv. 24.
9 2 Cor. ix. 6.
10 Act. ix. 6.
11 1 King. iii. 10.
12 Psl. LVI. 8.
13 Psl. CXVII. 144.
14 Jerem. XLVIII. 10.
15 Isai XXXVIII. 1.
16 Cn. 126.
17 3 Reg: XIX. 2.
18 Osee. II. 4.
19 In Chaignon. Op. cit. Vol. II. p. 494.
20 Jerem. I. 10.

www.malankaralibrary.com

## II.

# കൊൺഫ്റൻസ്.

(ഇതിലെ പാത്രങ്ങളെല്ലാം കല്പിതങ്ങളാകുന്നു.)

സ്ഥലം. അനന്ദശ്ശേരി കതീദ്രൽ പള്ളിമേടയുടെ രണ്ടാംനിലയുടെ മുൻവശത്തെ വിശാലമായ ഹാൾ.

സമയം. 193– മെയ് 16–ാംനു- വ്യാഴാഴ്ച ഉച്ചകഴിഞ്ഞു രണ്ടരമണി.

അദ്ധ്യക്ഷൻ. കതീദ്രൽപള്ളി വികാരി, വെറി റവ. ഫാദർ ജോസഫ് മുളകുമൂട്ടിൽ. അദ്ധ്യക്ഷന്റെ വലതുവശത്തു വികാരിജനറാൾ വെറി റവ. മൊൺസിഞ്ഞോർ ജോർജ്ജ് കണ്ടംപറമ്പിൽ അവർകളും, ഇടതുവശത്തു ബിഷോപ്പ്സ് ചാൻസലർ വെറി റവ. ഫാദർ ജെക്കബ് വെള്ളിക്കളം ബി. ഏ; പി. എച്ച്. ഡി.യും, ഹാളിന്റെ പാശ്ചാദ്ഭാഗങ്ങളിലായി അനന്ദശ്ശേരി ഫൊറോനായിലെ മററു വൈദികരും ഇരിക്കുന്നു. Veni Sancte Spiritus കഴിഞ്ഞു് അദ്ധ്യക്ഷൻ താഴെക്കാണുംവിധം ഒരു ഉപക്രമപ്രസംഗംചെയ്തു.

അതിവന്ദ്യനായ മൊൺസിഞ്ഞോറെ, ബ. അച്ചന്മാരെ,

നാം ഇന്നേദിനം ഇവിടെ സമ്മേളിച്ചിരിക്കുന്നതു നമ്മുടെ മെത്രാനച്ചൻ തിരുമനസ്സിലെ ഒരു നവീന കല്പനയനുസരിച്ചാകുന്നു. ആ കല്പനയെന്താണ്? അതു വൈദികരേവരും ആണ്ടിൽ രണ്ടു പ്രാവശ്യം അവരവരുടെ ഫൊറോനാപള്ളിയിൽകൂടി ഒരു കോൺഫറൻസ് നടത്തണമെന്നത്രേ. മലയാളത്തിൽ ഒരു നല്ല പദം കിട്ടാഞ്ഞതുകൊണ്ടാണ് 'കൊൺഫ്റൻസ്' തന്നെ ഉപയോഗിക്കുന്നതു്, ഭാഷാപ്രണയികൾ അതു ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. (ഉടനെ "വിദ്വാൻ പരീക്ഷ പാസ്സായ ഫാദർ സക്കറിയാസ് കുന്നുമ്പുറം ശ്രമിച്ചാൽ കൊൺഫറൻസിനു പററിയ ഒരു മലയാളപദം കണ്ടുപിടിക്കാൻ സാധിക്കാതെ വരുന്നതല്ല" എന്നു ആരൊ ഒരാൾ അഭിപ്രായപ്പെട്ടു.)



www.malankaralibrary.com

എല്ലാവരും ഫാദർ സക്കറിയാസിനെ നോക്കുന്നു. അദ്ധ്യക്ഷനും അങ്ങോട്ടുതന്നെ ദൃഷ്ടിപതിക്കുന്നു. ആദ്യം അല്പം മടി പ്രദശിപ്പിച്ചെങ്കിലും ഒടുവിൽ ഫാദർ സക്കറിയാസ് എഴുന്നേററു അല്പം സങ്കോചത്തോടെ ഇങ്ങനെ പറഞ്ഞു. 'കൊൺഫറൻസി'നെ 'വാചാപരീക്ഷ' എന്നു ഭാഷയിലേയ്ക്കു വിവൎത്തനം ചെയ്യാമെന്നു തോന്നുന്നു. ഹാളിൽ നിശ്ശബ്ദത.

ചാൻസലർ. "ആ തൎജ്ജമ കൊള്ളാം, ആശയം നല്ലപോലെ സ്ഫുരിക്കുന്നുണ്ട്." അപ്പോൾ സാഹിത്യകുശലനായ ഒരു യുവവൈദികൻ. "ആ തൎജ്ജമ കൊള്ളാമെന്നു സമ്മതിക്കുന്നു, പക്ഷേ അതു കേവലം പദാനുപദം അല്ലയൊ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. 'വാചാപരീക്ഷ' എന്നു പറഞ്ഞാൽ എന്തെന്നാണു മനസ്സിലാക്കുക? 'വാചാപരീക്ഷ' കഴിഞ്ഞു 'Conference' എന്നു കൂടി വലയത്തിൽ ഇട്ടെങ്കിലെ സംഗതി വിശദമാവു; അല്ലെങ്കിൽ അതു പള്ളിക്കൂടത്തിലെ 'Oral examination' ആണെന്നു അൎത്ഥം തിരിക്കാനിടയുണ്ട്."

വാദപ്രതിവാദയോഗം, ശാസ്ത്രീയ സുഹൃത്സമ്മേളനം, ഇങ്ങനെ ഒന്നുരണ്ടുപക്ഷേപങ്ങൾകൂടി ഇതിനിടയ്ക്കു ഹാജരാക്കപ്പെട്ടു.

അദ്ധ്യക്ഷൻ. വാചാപരീക്ഷ നല്ല പദംതന്നെ, എങ്കിലും അതിനു പ്രചാരം സിദ്ധിക്കേണ്ടിയിരിക്കുന്നു; അതുവരെ നമുക്കു 'കൊൺഫറൻസ്'തന്നെ ഉപയോഗിക്കാം; പോരെങ്കിൽ വളരെ ഇംഗ്ലീഷ് പദങ്ങൾ അതേരൂപങ്ങളിൽ മലയാളത്തിൽ ഉപയോഗിക്കുന്ന കാലവുമാണല്ലൊ ഇതു്. ഞാൻ തുടരട്ടെ. വൈദികരായ നമ്മെ സംബന്ധിച്ചിടത്തോളം നിരന്തര പഠനം അവശ്യാവശ്യമാണ്. സെമ്മിനാരിയിൽവച്ചു എല്ലാം ഹൃദിസ്ഥമാക്കിയിട്ടുണ്ട് എന്ന നാട്യത്തിൽ പുസ്തകങ്ങളോടു എന്നേയ്ക്കുമായി യാത്ര പറയാൻ പാടില്ല നമുക്ക്. പുസ്തകങ്ങൾ നാം വായിക്കണം, പ്രത്യേകിച്ചു വൈദികപരമായ ഗ്രന്ഥങ്ങൾ വായിക്കാത്തപക്ഷം ഒരുകാലത്തു നാം പഠിച്ചതെല്ലാം മറക്കും; തൽഫലമായി ഇടവകജോലികളുടെ നിർവഹണത്തിൽ പല അബദ്ധങ്ങൾ കടന്നു



www.malankaralibrary.com

കൂട്ടുകയും ചെയ്യും. മനുഷ്യസ്വഭാവം സ്വതെ അലസതാധീനമാണ്, നമ്മെക്കൊണ്ടു പ്രവർത്തിപ്പിക്കുന്നതിനു എന്തെങ്കിലുമൊരു പ്രേരകം കൂടിയെ തീരു. മുമ്പു നമുക്കുണ്ടായിരുന്ന 'പരീക്ഷ' നാമമാത്രമെ ആയിരുന്നുള്ളു. മുഴുവൻധ്യാനത്തിന്റെ ഇടക്കു നടത്തപ്പെട്ടിരുന്ന ആ പ്രശ്നോത്തരങ്ങൾകൊണ്ടു വലിയ ഗുണമൊന്നും സിദ്ധിക്കാനില്ലായിരുന്നു. ഞാൻ കഴിഞ്ഞതിനെയെല്ലാം പഴിക്കുന്ന തികഞ്ഞ ഒരു ഉല്പതിഷ്ണുവാണെന്നു തെററിദ്ധരിക്കരുത്. പരിശുദ്ധാത്മാവിയാണ് നമ്മുടെ വൈദിക മേലദ്ധ്യക്ഷന്മാരെ നടത്തുന്നത്. എല്ലാററിനും ഒരു സമയമുണ്ട്. എല്ലാ നല്ല കാര്യങ്ങളും ഉടനടി ചെയ്യപ്പെട്ടു എന്നു വരുന്നതല്ല, പരിഷ്കാരങ്ങൾ എത്ര മെച്ചങ്ങളായിരുന്നാലും പൊടുന്നനെ നടപ്പിൽ വരുത്താൻ പാടില്ല. റോമ്മാ ഒരു ദിവസംകൊണ്ടല്ലല്ലൊ പണുതുയർത്തപ്പെട്ടത്.

ദൈവശാസ്ത്രം, സന്മാർഗ്ഗശാസ്ത്രം, തിരുക്കർമ്മം (Liturgy) മുതലായവ സംബന്ധിച്ച വൈദികൻ അറിഞ്ഞിരിക്കേണ്ട സംഗതികളെ പരാമർശിച്ചു ഏവംവിധമുള്ള ഒരു സുഹൃത്സമ്മേളനത്തിൽ വാദപ്രതിവാദം ചെയ്യുക എത്ര ഉപകാരപ്രദമാണ്. ത്രൈമാസികയിലൊ മററൊ ചില ചോദ്യങ്ങൾ (Casus consciential) പ്രസിദ്ധം ചെയ്യുകയും അവയ്ക്കുത്തരം എഴുതി അയക്കുകയും ചെയ്യുന്ന പതിവ് ഇന്നു മിക്ക സ്ഥലത്തുമുണ്ടല്ലൊ. വൈദികരെക്കൊണ്ടു വായിപ്പിക്കുന്നതിനും തദ്വാരാ അവരുടെ വിജ്ഞാനം വർദ്ധിക്കുന്നതിനും ഈ പ്രസ്ഥാനം മതിയല്ലൊ എന്നു വല്ലവരും പറഞ്ഞേക്കാം. എഴുത്തു അറിവിനെ വർദ്ധിപ്പിക്കുമെന്നതു വാസ്തവംതന്നെ. എന്നാൽ തനിയെ ഇരുന്നു പുസ്തകം മറിച്ചെഴുതുന്നതിന്റെയും പലർ ഒരുമിച്ചുകൂടി വാദിക്കുന്നതിന്റെയും ഗുണം രണ്ടും രണ്ടാണ്. ഏതന്മാതിരിയുള്ള ഒരു സൌഹാർദ്ദ സമ്മേളനത്തിനു എഴുത്തിനില്ലാത്ത പല വിശേഷതകളുണ്ട്. അവ ഏവയെന്നു ഇവിടെ എടുത്തുപറയേണ്ടയാവശ്യമില്ല.

ചിററർജി അഥവാ പള്ളിക്രമത്തിന്റെ കാര്യത്തിൽ ഒരു പുതിയ ഉണർവ് ഇന്നു എവിടെയും കാണപ്പെടുന്നുണ്ട്. അല്മുകൾ



www.malankaralibrary.com

മുമ്പത്തേക്കാൾ തിരുകൎമ്മങ്ങളുടെ സാരാംശം ഗ്രഹിപ്പാൻ അ ഗ്രഹിക്കുന്നു. അവരുടെ തൃഷ്ണയെ നാം തൃപ്തിപ്പെടുത്തേണ്ടതാണ ല്ലൊ. ആകയാൽ വൈദികൎക്കു ലിററർജിയിൽ നല്ല ജ്ഞാനമുണ്ടാ യിരിക്കണം. പള്ളിയിൽ നടക്കുന്ന ചടങ്ങുകളെല്ലാംതന്നെ എ ന്തെങ്കിലും റൂൾ അനുസരിച്ചാണു്. കഫ്യാർ മദ്ബഹായിൽ മെ ഴുകുതിരി കത്തിക്കുന്നതിനു കൂടി ലിററർജിയിൽ റൂളുണ്ടു്, അല്ലെ ങ്കിൽ 'ത്തുക്കാസാ'യുണ്ടു്. അദ്ധ്യക്ഷന്റെ ഈ ഉദാഹരണം കേട്ടു ശ്രോതാക്കളിൽ പലരും അത്ഭുതപ്പെട്ടുപോയി. എന്തു്; മെഴുകുതി രി കത്തിക്കുന്നതിനും ത്തുക്കാസായൊ. "ഏതു റൂൾ അനുസരിച്ചാ ണു് കഫ്യാർ മെഴുകുതിരി കത്തിക്കേണ്ടതു്?" എന്നൊരു ചോദ്യ രൂപേണ ഉടനെതന്നെ സഭാംഗങ്ങളിലുണ്ടായ ആ വിസ്മയം ബ ഹിർഗമിച്ചു. അദ്ധ്യക്ഷൻ 'അതിനും ചില റൂളുകൾ ഉണ്ടു്, നം മുക്കു അതേപ്പററി ലിററർജിക്കായി നിശ്ചയിച്ചിട്ടുള്ള സമയത്തു വാദിക്കാം. ഇതുകഴിഞ്ഞാലുടനെ തന്നെയാണു് ലിററർജിക്കൻ സെക്ഷ്യൻ'. പിന്നീടു അദ്ധ്യക്ഷൻ തന്റെ പ്രസംഗം ഇങ്ങനെ തുടൎന്നു. "അഭ്യസ്തവിദ്യരുടെ സംഖ്യ നമ്മുടെ ചുററും ദിനംതോ റും വൎദ്ധിക്കുന്നു; മനുഷ്യർ ഓരോ സംരംഭങ്ങളിൽ ഏൎപ്പെടുന്നു, അവയിൽ നവീന പ്രസ്ഥാനങ്ങൾ വെട്ടിത്തുറന്നു ഉൽകൎഷം പ്രാ പിക്കുന്നു. തങ്ങളുടെ കാൎയ്യസാദ്ധ്യത്തിനായി അക്ഷീണം അഹ ൎന്നിശം അദ്ധ്വാനിക്കുന്ന പലരേയും നമ്മുടെ ചുററും നാം കാ ണുന്നില്ലെ? കേരളത്തിൽ ഇന്നു ഇൻഡ്യയിൽ മറെറവിടേയുമുള്ള തിനേക്കാൾ കൂടുതൽ കത്തോലിക്കാ ചൈതന്യമുണ്ടെന്നു ആരുത ന്നെ സമ്മതിക്കയില്ല. എന്നാൽ ഈ ചൈതന്യത്തിനനുസരണ മായി നമ്മുടെ സംരംഭങ്ങൾ പുഷ്ടി പ്രാപിക്കുന്നുണ്ടൊ? കേരള ത്തിലെ ഏതദ്ദേശ്യ വൈദികരുടെ സംഖ്യ ഏകദേശം 900ത്തോ ളം വരും. ഈ സംഖ്യയ്ക്കു തുല്യമായ വിജ്ഞാനപ്രസരിപ്പു് ഇനി യും നമുക്കുണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. The Clergy Review The month, മുതലായവപോലുള്ള മാസികകൾ നമുക്കില്ല; ഇവ യോടു കിടപിടിക്കത്തക്കവ നടത്താൻ തക്ക കെല്പു് നമുക്കില്ലെ ന്നു സമ്മതിക്കാം. എങ്കിലും വേദതത്വങ്ങൾ സംബന്ധിച്ചു



www.malankaralibrary.com

ശാസ്ത്രീയമായ രീതിയിൽ പ്രതിപാദിക്കുന്ന ഒററ പ്രസിദ്ധീകരണമെങ്കിലും ഭാഷയിൽ ഇല്ലെന്നുള്ളതു നമ്മുടെ അനാസ്ഥയെ വിളിച്ചറിയിക്കയല്ലയൊ. ചെയ്യുന്നതു് ഇപ്രകാരമൊരു മാസികയൊ മററൊ നടത്തപ്പെടണമെങ്കിൽ അതിൻെറ വായനക്കാരും അതിലെ എഴുത്തുകാരും ഏറിയപങ്കും വൈദികർ തന്നെ ആയിരിക്കേണ്ടതാവശ്യമാകുന്നു; അല്ലാത്തപക്ഷം തത്താദൃശമായ പരിശ്രമത്തിനു രക്ഷയില്ല. വൈദികൎക്കു ഇതിനു പര്യാപ്തമായ പ്രബുദ്ധതയെങ്ങിനെയാണുണ്ടാവുക? നമ്മുടെ ഇടവകജോലി സാഹിതിപരിശ്രമത്തെ നാനാതരത്തിൽ അലട്ടുന്നതാണെന്നു സമ്മതിക്കുന്നു. എന്നാൽ സ്ഥിരമായ കാൎയ്യപരിപാടിയോടും ബലിഷ്ഠമായ മനസ്സോടുംകൂടി പ്രവൎത്തിക്കുന്നപക്ഷം പ്രതിബന്ധങ്ങളെ ജയിക്കാൻ കഴിയുന്നതാണു്. ഇടവകജോലിയിൽ വ്യാപൃതരായിരിക്കുന്ന എത്ര പാശ്ചാത്യ വൈദികർ ഇന്നു വിജയശ്രീയോടുകൂടി സാഹിത്യ പരിശ്രമങ്ങളിൽ ഏൎപ്പെടുന്നു. മലയാള സാഹിത്യത്തിൽ കത്തോലിക്ക വൈദികൎക്കു ഗണ്യമായ സ്ഥാനമുണ്ടോ? ഈ പ്രശ്നംകൊണ്ടു ഇന്നു സാഹിത്യസേവനം ചെയ്യുന്നവരെ വിസ്മരിക്കയാണെന്നു് അൎത്ഥമാക്കേണ്ട. ഇന്നത്തെ നിലകൊണ്ടു തൃപ്തിയടയാതെ നാം മുമ്പോട്ടു കയറണം. ഉൽകൃഷ്ട വിഷയേഷു യതദ്ധ്വം" Aemulamini autem charismata meliora. ഈ ഘട്ടത്തിൽ പ്രസ്താവിത 'ശിരോലങ്കാരം' ധരിച്ചിരുന്ന ആ മാസികാചക്രവൎത്തിയുടെ അതെ 'കേരള'ത്തിൻെറ അന്തർദ്ധാനത്തെ എങ്ങിനെ ഭാഷാപ്രണയിയായ ഒരുവനു നെഞ്ചിടിപ്പുകൂടാതെ ഓൎക്കാൻ കഴിയും? കണ്ടാലും? കത്തോലിക്ക സാഹിത്യ സംരംഭങ്ങൾ പരാജയമടയുന്നതിൻെറ ഒരു മൂൎദ്ധാഭിഷിക്തോദാഹരണം!

ഞാൻ ദീൎഘിപ്പിക്കുന്നില്ല, കോൺഫറൻസ് എന്ന ഈ പുതിയ പ്രസ്ഥാനം വൈദികരായ നമ്മുടെ ഇടയിൽ ഒരുണർവു സൃഷ്ടിക്കയും പഠനത്തിലും ബിജ്ഞാനസമാൎജ്ജനത്തിലും നമ്മെ പൂൎവ്വാധികം ഉത്സുകരാക്കുകയും ചെയ്യുമെന്നു നമുക്കു വിശ്വസിക്കാം.

അടുത്തതായി നടക്കാനുള്ളതു അന്ത്യലേപനത്തെപ്പററിയുള്ള ഉപന്യാസമാണല്ലൊ. അതുകയാൽ അതിനു നിയുക്തനായിരി



www.malankaralibrary.com

ക്കന്ന ഫാദർ തോമ്മസ് ചെല്ലങ്കോണം അവർകളെ ക്ഷണിച്ചു കൊള്ളുന്നു.

ഉടനെ ഹാളിൻെറ മദ്ധ്യഭാഗത്തുനിന്നു ഒരു യുവവൈദികൻ, ഒരു കണ്ണാടിക്കാരൻ എണിററു. കിളിരം നന്നാകുറയും, ഭാവം ഗൌരവം. മോറീസും റിസ്ററുവാച്ചുംമൂലം വിഭൂഷിതനായ അദ്ദേഹം നേർരേഖയിൽ നടന്നു അദ്ധ്യക്ഷൻെറ സമീപം ഇട്ടിരുന്ന മേശയുടെ പക്കൽ എത്തി ഇങ്ങനെ ആരംഭിച്ചു.

അതിവന്ദ്യനായ മൊൺസിഞ്ഞോറെ, ബ. അച്ചന്മാരെ,

സംപൂജ്യനായ അദ്ധ്യക്ഷനവർകൾ സൂചിപ്പിച്ചതുപോലെ നവീനപ്രസ്ഥാനമായ ഈ കൊൺഫ്റൻസിൽ ആദ്യമായി ഉപന്യസിക്കുന്നതിനുള്ള ഭാഗ്യം അഥവാ നിർഭാഗ്യം ഈയുള്ളവനാണു കൈവന്നിരിക്കുന്നതു്. നിരവധി പണ്ഡിതന്മാരാൽ അലംകൃതമായ ഈ യോഗത്തിൽ മേലധികാരസ്ഥാനത്തുനിന്നുള്ള കല്പനയില്ലായിരുന്നെങ്കിൽ, വിഷമമേറിയ ഈ കൃത്യത്തിനു അയോഗ്യനായ ഞാൻ ഒരിക്കലും ഒരുമ്പെടുകയില്ലായിരുന്നുവെന്നു പ്രസ്താവിച്ചുകൊള്ളട്ടെ.

തദനന്തരം അദ്ദേഹം തൻെറ കൈയ്യിൽ പിടിച്ചിരുന്ന കടലാസ്സു ചുരുൾ നിവർത്തു ഇങ്ങനെ വായന തുടങ്ങി.

### അന്ത്യലേപനം അഥവാ രോഗിലേപനം.

മ്ശിഹാ തമ്പുരാൻ തൻെറ കൂദാശകൾ മാർഗ്ഗേണ മനുഷ്യൻെറ ഓരോ അവസ്ഥയേയും പരിശുദ്ധമാക്കുന്നുവെന്നു പറയാം. അവിടുന്നു മാമ്മോദീസായിൽ ദൈവപുത്രരായിട്ടു നമ്മെ സ്വീകരിക്കയും, സ്ഥൈര്യലേപനത്തിൽ പരിശുദ്ധാരൂപിയെ നമുക്കുതന്നു വിശ്വാസത്തിൽ നമ്മെ ഉറപ്പിക്കയും, വിശുദ്ധ കുർബ്ബാനയിൽ തൻെറ മാംസരക്തങ്ങൾ വഴിയായി നമ്മുടെ ആത്മാവിനെ പരിപോഷിപ്പിക്കയും, പാപവ്യാധിയെ കുമ്പസാരമെന്ന ദിവ്യ ഔഷധംമൂലം നമ്മിൽനിന്നു ഉന്മൂലനം ചെയ്യുകയും ചെയ്യുന്നു. എന്നാൽ ഇവയ്ക്കു പുറമെ രോഗവും മരണഭീതിയും നമ്മെ അലട്ടു



www.malankaralibrary.com

മ്പോൾ നമുക്കൊരു തുണയും സങ്കേതവുമായിട്ടു് അന്ത്യലേപനമെന്ന ക്രൂദാശയെ സ്ഥാപിച്ചിരിക്കുന്നു.

അകയാൽ മനുഷ്യനു അന്ത്യനേരത്തു് ആശ്വാസം നൽകുന്ന ഈ ക്രൂദാശയെ വീണ്ടും സ്വീകരിപ്പാൻ ചില പ്രോട്ടസ്റ്റൻറു വകുപ്പുകാർ സന്നദ്ധത പ്രദർശിപ്പിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ഈ ക്രൂദാശയുടെ പ്രാധാന്യത്തെ വേണ്ടപോലെ ഗ്രഹിച്ചിരിക്കുന്ന കത്തോലിക്കസഭ തൻെറ പുരോഹിതന്മാർ അവരുടെ ആയുസ്സിനെ അപകടത്തിലാക്കിക്കൊണ്ടുകൂടി ഇതു നൽകേണമെന്നു നിഷ്കർഷിച്ചിരിക്കുന്നു. ഒരു പട്ടക്കാരൻ ഇപ്രകാരം രോഗിശുശ്രൂഷ ചെയ്യുമ്പോൾ തൻെറ വൈദികസ്ഥാനത്തിനു ഏററവും അനുയോജ്യമായ ജോലി തന്നെയാണു നിർവഹിക്കുന്നതു്. എല്ലാ സുഖക്കേടുകളേയും രോഗങ്ങളേയും പൊറുപ്പിച്ചുകൊണ്ടു ചുററിസഞ്ചരിച്ചിരുന്നുവെന്നാണു മത്തായിശ്ലീഹാ ദിവ്യരക്ഷകൻെറ പരസ്യജീവിതത്തെ സംക്ഷേപിച്ചിരിക്കുന്നതു്.

സഭയിലെ മററു പഠനങ്ങളെപ്പോലെ ഈ ക്രൂദാശയും കാലാന്തരത്തിൽ പാഷണ്ഡികളുടെ വെറുപ്പിനും അവഹേളനത്തിനും വിഷയീഭവിക്കാതിരുന്നിട്ടില്ല. ഇംഗ്ലണ്ടിൽ വൈക്ലിഫും, ബൊഹേമ്മിയായിൽ ജോൺഹസ്സും, ഫ്രാൻസിൽ അൽബിജേൻസ്സ് എന്ന മതവിദ്വേഷികളും ഈ ക്രൂദാശയെ നിഷേധിച്ചിട്ടുണ്ടു്. പതിനാറാംനൂററാണ്ടിലെ മതവിപ്ലവകന്മാരിൽ ഒരുവനായ മാർട്ടിൻ ലൂതർ അന്ത്യലേപനത്തെ ഭക്തിജന്യമായ ഒരു ചടങ്ങായിട്ടേ ഗണിക്കുന്നുള്ളു. ജോൺ കാൽവിൻെറ അഭിപ്രായം കുറെക്കൂടി വിപ്ലവകരമാണു്. കപടഭക്തി നിറഞ്ഞ ഒരു കോമാളിത്തരമായിട്ടാണു ആ പതിതപ്രമുഖൻ ഇതിനെ എണ്ണുന്നതു്. ആംഗ്ലേകത്തോലിക്കരൊഴിച്ചാൽ, ഇന്നു പ്രോട്ടസ്റ്റൻറു വകുപ്പുകാർ എല്ലാവരുംതന്നെ ഈ ക്രൂദാശയെ തിരസ്കരിക്കുന്നവരാണു്. യാക്കോബ്ബ് അപ്പോസ്തോലൻെറ വാക്കുകൾ, രോഗം പൊറുപ്പിക്കുന്നതിനു സഭയിൽ ആദ്യകാലത്തു് ചിലക്കുണ്ടായിരുന്ന വിശേഷവരത്തെ മാത്രമെ സൂചിപ്പിക്കുന്നുള്ളുവെന്നാണു അവരുടെ വാദം.

ഇവയ്ക്കെല്ലാമെതിരായി കത്തോലിക്കസഭ അന്ത്യലേപനം ഒരു ക്രൂദാശയാണെന്നു പ്രഖ്യാപനംചെയ്തുകൊണ്ടു് അതി



www.malankaralibrary.com

ന്റെ സ്വഭാവത്തെ ഇങ്ങനെ നിർവചിക്കുന്നു. "വാഴ്ത്തപ്പെട്ട തൈലത്തിന്റെ അഭിഷേകവും, ആചാര്യന്റെ പ്രാർത്ഥനയും വഴിയായി മരണകരമായ രോഗത്തിൽപെട്ടിരിക്കുന്ന ക്രിസ്ത്യാനിക്ക് ആത്മാവിന്റെ സൌഖ്യവും അതിനുപകരിക്കുമെങ്കിൽ ശരീരത്തിന്റെ സൌഖ്യവും പ്രദാനം ചെയ്യുന്ന ഒരു കൂദാശയാകുന്നു അന്ത്യലേപനം.

സഭയ്ക്കു ഏതൽസംബന്ധമായ അതിന്റെ ബോധനത്തെ തെളിയിക്കുന്നതിനു സാക്ഷികൾ പലതുണ്ട്. ആദ്യമായി യാക്കോബ് അപ്പോസ്തോലന്റെ വാക്കുകൾ തന്നെയെടുക്കാം. "നിങ്ങളിൽ ആരെങ്കിലും ദീനം പിടിപെടുന്നപക്ഷം അവൻ സഭയിലെ പുരോഹിതന്മാരെ വരുത്തട്ടെ, കർത്താവിന്റെ നാമത്തിൽ എണ്ണപൂശിക്കൊണ്ട് അവർ അവനുവേണ്ടി പ്രാർത്ഥിക്കട്ടെ; വിശ്വാസത്തിന്റെ പ്രാർത്ഥന രോഗിയെ രക്ഷിക്കയും കർത്താവു അവനെ ഉയർത്തുകയും, അവനു പാപങ്ങളുണ്ടെങ്കിൽ അവ അവനു വിമോചിക്കപ്പെടുകയുംചെയ്യും." പ്രോട്ടസ്റ്റൻറുകാർ പറയുന്നതുപോലെ ഇവിടെ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന ലേപനം രോഗനിവാരണവരം ലഭിച്ചിരുന്നവർ അനുഷ്ഠിച്ചുവന്നിരുന്ന ഒരു ചടങ്ങായിരുന്നെങ്കിൽ എന്തിനു പുരോഹിതന്മാരെ വിളിക്കണമെന്നു എടുത്തു പറഞ്ഞിരിക്കുന്നു? രോഗനിവാരണവരം പുരോഹിതന്മാക്കുമാത്രം ലഭിച്ചിരുന്ന ഒന്നല്ല. ഇവിടെ ഉപയോഗിച്ചിരിക്കുന്ന Presbyter എന്ന പദത്തിനു 'ജ്യായാൻ' 'മൂപ്പൻ' എന്നാണർത്ഥമെന്നും അതു പുരോഹിതന്മാരെ കുറിക്കുന്നില്ല എന്നുമുള്ള എതിരാളികളുടെ വാദത്തിനും നിലയും വിലയുമില്ല. എന്തുകൊണ്ടെന്നാൽ അപ്പോസ്തോലന്മാരുടെ നടപടികളിൽ (Acts of the apostles) നിന്നും വി. പൌലോസിന്റെ ലേഖനങ്ങളിൽനിന്നും ഈ പദം പുരോഹിതന്മാരെയാണു നിർദ്ദേശിക്കുന്നതെന്നു വിശദമാണ്. (Cfr. Acts. XIV. 22. XV. 2. 1 Tim. IV-14. V-17, 19.) അത്രയുമോ? ശരീരസുഖം മാത്രമെ ഇവിടെ ലഭിച്ചിരുന്നുള്ളുവെങ്കിൽ എന്തിനു 'രോഗിക്കു പാപങ്ങളുണ്ടെങ്കിൽ അവ അവനു വിമോചിക്കപ്പെടും' എന്നു പറഞ്ഞിരിക്കുന്നു. ആകയാൽ പാപഹാനനമാണു



www.malankaralibrary.com

ഈ ക്രൂദാശയുടെ പ്രഥമോദ്ദേശമെന്നു സിദ്ധം; അതാവട്ടെ അത്ഭുത പ്രവർത്തകന്മാരുടെ പരിധിയിൽപ്പെട്ട ഒരു കാര്യവുമല്ല; പിന്നെയോ പുരോഹിതന്മാരുടേതത്രെ. ശാരീരികസുഖം ലഭിക്കുന്നുണ്ടെങ്കിൽ അതു സോപാധികമായിട്ടേയുള്ളു. "അവർ രോഗം പിടിപെട്ട അനേകരെ എണ്ണകൊണ്ടുപൂശി സുഖപ്പെടുത്തി" എന്നുള്ള മർക്കോസ് സുവിശേഷകൻെറ പ്രസ്താവന ഇതേപ്പററിയുള്ള സൂചനയാണെന്നു അഭിജ്ഞന്മാർ ഊഹിക്കുന്നു.

ത്രെന്തോസ് സൂനഹദോസു പറയുന്നു: "പുതിയനിയമത്തിലെ ഒരു യഥാർത്ഥ ക്രൂദാശയായിട്ടു രോഗികളുടെ ഈ ലേപനം സ്ഥാപിക്കപ്പെട്ടിരിക്കുന്നു; ഇതു വി. മർക്കോസിൻെറ സുവിശേഷത്തിൽ സൂചിപ്പിക്കപ്പെട്ടിട്ടുള്ളതും നമ്മുടെ കർത്താവിൻെറ സഹോദരനായ വി. യാക്കോബിനാൽ പ്രഖ്യാപിതവുമാകുന്നു." (sexio XIV. Cap. 1) നാലാമത്തെ എവുജേനിയോസ് മാർപ്പാപ്പാ 'Decretum ad Armenos' എന്ന തിരുവെഴുത്തിൽ ഈ ക്രൂദാശയെപ്പററി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഒറിജിൻ, വി. ജോൺക്രിസോസ്റ്റോം, ഇന്നോസൻറു പ്രഥമൻ പ്രഭൃതികളായ വിശുദ്ധ പിതാക്കന്മാരുടെ ഗ്രന്ഥങ്ങളെ സംശോധനം ചെയ്യുന്നപക്ഷവും അന്ത്യലേപനത്തെപ്പററിയുള്ള പ്രസ്താവങ്ങൾ കാണാവുന്നതാണ്.

ഗ്രീക്കു, അർമ്മേനിയൻ, യാക്കോബായ മുതലായ അകത്തോലിക്കസഭകൾക്കും ഈ ക്രൂദാശയുണ്ട്. കത്തോലിക്കസഭ ഇടക്കാലത്തുനടത്തിയ ഒരു കണ്ടുപിടിത്തമായിരുന്നെങ്കിൽ അതിൻെറ ബദ്ധവൈരികളായി കഴിഞ്ഞുകൂടുന്ന ഈ സഭകൾ ഒരിക്കലും ഇതു സ്വീകരിക്കുന്നതല്ലായിരുന്നു. ആകയാൽ അവ പിരിഞ്ഞുപോകുന്നതിനുമുമ്പു കത്തോലിക്കസഭയിൽ ഇതുണ്ടായിരുന്നുവെന്നുള്ളതു നിശ്ചയമാണ്. എന്നാൽ അതെങ്ങിനെ സഭക്കു ലഭിച്ചു. വല്ലവരും നൂതനമായി കൂട്ടിച്ചേർത്തതാണെങ്കിൽ അതിൻെറ സാഹചര്യങ്ങൾ ഏവയെന്നു എതിരാളികൾ പറയട്ടെ. എന്നാൽ അതിനു അക്കം സാധിച്ചിട്ടില്ല. ആകയാൽ ഈ ക്രൂദാശ അപ്പോസ്തോലകാലംമുതൽ ഉള്ളതാണെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല.



www.malankaralibrary.com

ഇനി ഈ കൂദാശയുടെ വിവിധ ഘടകങ്ങളെപ്പററിയാണു പ്രതിപാദിപ്പാനുള്ളതു്. എന്നാൽ അതിനുമുമ്പു ഇതിൻെറ നാമത്തെപ്പററിക്കൂടി രണ്ടുവാക്കു പറയേണ്ടതായുണ്ടു്. 'അന്ത്യലേപനം' എന്നതു ലത്തീനിലെ 'Extrema unctio' എന്നതിൻെറ വിവത്തനമാണല്ലൊ. മലയാളഭാഷയിൽ മുമ്പേ നടപ്പുള്ള 'ഒടുവിലത്തെ ഒപ്പുശ്ശാ, ലത്തീൻവഴിക്കു വന്നിട്ടുള്ളതല്ലെങ്കിലും അതും ലത്തീൻ നാമത്തിൻെറ ഒരു രൂപാന്തരംതന്നെയാണു്. പാശ്ചാത്യസഭയിലെ ഈ പേർ അത്ര നന്നല്ലെന്നാണു ഇന്നു വിദഗ്ദ്ധന്മാരുടെ അഭിപ്രായം. (Vide. Exam. No. 13. Vol: 86.) അന്ത്യലേപനം അല്ലെങ്കിൽ ഒടുവിലത്തെ പൂശൽ എന്നു പറയുമ്പോൾ അതോടെ രോഗിയുടെ കഥ കഴിയുന്നുവെന്നു് അത്ഥം സ്ഫുരിക്കാൻ എളുപ്പമുണ്ടു്. ഇതു വാസ്തവമല്ലല്ലൊ. ആദ്യകാലത്തു സഭയിൽ നടപ്പിലിരുന്ന 'രോഗിയുടെ ലേപനം' (anointing of the sick) എന്ന നാമമാണു കൂടുതൽ അത്ഥവത്തെന്നു അവർ പറയുന്നു. ഈ പേർ ഇന്നു സുറിയാനിയിൽ നടപ്പിലിരിക്കുന്ന 'മെശഹാ ദക്'രീഹെ' (രോഗികളുടെ ലേപനം) തന്നെയാണെന്നുള്ളതു സ്പഷ്ടമാണല്ലൊ. പൌരസ്ത്യസഭയിൽ 'വിശുദ്ധ എണ്ണ' 'പ്രാത്ഥനയുടെ എണ്ണ' എന്നൊക്കെ വേറെയും പേരുകളുണ്ടു്. 'ഒടുവിലത്തെ ഒപ്പുശ്ശാ' എന്നു ഭാഷയിൽ ഈ കൂദാശയ്ക്കു പേർ വന്നതു് 'മുമ്പിലത്തെ ഒപ്പുശ്ശാ'യിൽനിന്നു വ്യത്യാസപ്പെടുത്താനായിരിക്കാം. ഏതായാലും ഈ പേരുകൾ രണ്ടും നന്നല്ല. മുമ്പിലത്തെ ഒപ്പുശ്ശായ്ക്കു ലത്തീനിൽ 'Confirmatio' എന്നും സുറിയാനിയിൽ 'ശൂറാറാദ്ഹൈമ്മാനൂസാ' എന്നുമാണു പറയപ്പെടുന്നതു്. അത്ഥഗർഭങ്ങളായ ഈ പേരുകളെവിടെ നമ്മുടെ മുമ്പിലത്തെ ഒപ്പുശ്ശാ എവിടെ? അകയാൽ ഇടക്കാലത്തുണ്ടായിട്ടുള്ള 'തൈലലേപനം' വളരെ സ്വീകാര്യംതന്നെ. 'അന്ത്യലേപനം' ഒന്നുകൂടി പരിഷ്കരിക്കേണ്ടതായിട്ടാണിരിക്കുന്നതെന്നു തോന്നുന്നു. അതു സുറിയാനിയിലെ നാമത്തെ അനുകരിച്ചു 'രോഗിലേപനം' എന്നോമറെറാ ആയിരിക്കുന്നതല്ലെ കൂടുതൽ അനുയോജ്യമെന്നുള്ളതു് ആലോചനീയമാണു്. അതുകൊണ്ടത്രെ 'അന്ത്യലേപനം അഥവാ രോഗിലേപനം എന്നു ഈ ഉപന്യാസത്തിനു തലക്കെട്ടു നൽകിയിരിക്കുന്നതു്.



www.malankaralibrary.com

ഈ ക്രൂദാശയ്ക്കുപയോഗിക്കുന്ന സാധനം വിശുദ്ധ സൈത്താകുന്നു. ലത്തീൻസഭയിൽ മെത്രാൻ സൈത്തു വാഴ്ത്തൽ എന്ന തിരുക്കർമ്മം വത്സരവട്ടത്തിൽ ഒരിക്കൽ വരുന്ന പെസഹാവ്യാഴാഴ്ച ആഘോഷപൂർവം നടത്തുന്നു. ലത്തീൻ സഭയെ അനുകരിച്ച്, "സീറൊ മലബാർ" റീത്തിലും സൈത്ത് ഇതേവിധം വാഴ്ത്തപ്പെടുന്നു. എന്നാൽ പൌരസ്ത്യസഭയിൽ സാധാരണ പട്ടക്കാർ തന്നെയാണു സൈത്തു വാഴ്ത്തുന്ന കർമ്മം നടത്തുന്നത്. സൈത്തു വാഴ്ത്തുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന 'റോമൻറിത്തുവാളി'ൽ ഇപ്രകാരമാണു കാണുന്നത്:— "അനവരതം നിന്നോടുകൂടി ജീവിക്കയും രാജ്യപരിപാലനം ചെയ്യുകയും ചെയ്യുന്നവനായ ഞങ്ങളുടെ കർത്താവ് ഈശോമ്ശിഹായുടെ നാമത്തിൽ, ഇതുകൊണ്ടു അഭിഷേകം ചെയ്യപ്പെടുന്നവരായ എല്ലാവർക്കും എല്ലാ വേദനകൾക്കും ആത്മീയവും ശാരീരികവും ആയ സമസ്താസ്വാസ്ഥ്യതകൾക്കും എതിരായി നിൻെറ വിശുദ്ധാശീർവാദത്താൽ സഫലമായ സഹായമായിരിക്കുമാറു്, പച്ചകെടാത്ത ഒരു വൃക്ഷത്തിൽനിന്നു, പുറപ്പെടുവിക്കുന്നതിനു നീ തിരുമനസ്സായ ഈ സൈത്തിന്മേൽ, ആശ്വാസപ്രദനായ നിൻെറ പരിശുദ്ധാത്മാവിനെ കർത്താവെ! നീ അയക്കേണമെ."

വിശ്വാസികൾക്കു ഈ ക്രൂദാശ നൽകുമ്പോൾ ഒരു പട്ടക്കാരൻ സ്വന്തമെത്രാൻ വാഴ്ത്തിയ സൈത്തുതന്നെ ഉപയോഗിക്കണമെന്നു നിർബന്ധമുണ്ട്. തക്കതായ കാരണംകൂടാതെ ഈ നിയമത്തിൽനിന്നു വ്യതിചലിക്കുന്നതു ലഘുവായ പാപമാകുന്നുവെന്നാണു വേദവിത്തുക്കളുടെ വിധി.

അത്യാവശ്യപ്പെട്ടാൽ മാമ്മോദിസായുടെ സൈത്തു അന്ത്യലേപനത്തിനുപയോഗിക്കാൻ പാടുണ്ടോയെന്നതിനെപ്പററി ശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഭിന്നാഭിപ്രായമാണുള്ളതു്. ആകയാൽ അവസരം നേരിടുന്ന പക്ഷം സംശയസ്ഥാനത്തു അതുപയോഗിക്കാവുന്നതാകുന്നു.

വിശുദ്ധ സൈത്ത് പൂശുമ്പോൾ ഉച്ചരിക്കുന്ന വാക്കുകൾ പാശ്ചാത്യസഭയിലും പൌരസ്ത്യസഭയിലും വ്യത്യസ്തങ്ങളായിട്ടാണു



www.malankaralibrary.com

കാണപ്പെടുന്നത്. സീറൊ മലബാർ റീത്തുകാർ ഉപയോഗിക്കുന്നതു ലത്തീനിൽ ഉള്ളതിൻെറ തർജ്ജമയാകുന്നു.

ഇതിൻെറ ശുശ്രൂഷകൻ, അതായതു് ഔദ്യോഗികമായി ഈ ക്രൂദാശ കൊടുക്കുന്നയാൾ, വൈദികൻ മാത്രമാണ്. അൽമേനികൾക്കൊ ശമ്മാശന്മാർക്കൊ ക്രൂദാശയ്ക്കുതുത്ത വിധത്തിൽ ഈ ലേപനം നടത്താൻ പാടില്ല. ചരിത്രത്തിൽക്കൂടി പിറകോട്ടു അരായുന്നപക്ഷം വൈദികരെ ലഭിക്കാത്ത പട്ടതികളിൽ വൈദികേതരന്മാർ വിശുദ്ധ സൈത്തുകൊണ്ടു രോഗികളെ പൂശുന്നതിനുദാഹരണങ്ങൾ കാണുന്നുണ്ട്. ചിലപ്പോൾ രോഗികൾ തന്നെയും തങ്ങളെത്തന്നെ പൂശിയിരുന്നു. എന്നാൽ ഈ ലേപനങ്ങളൊന്നും ക്രൂദാശയായിട്ടു ഒരിക്കലും ഗണിക്കപ്പെട്ടിരുന്നില്ല. അവ ഇഷ്ടപ്രസാദത്തെ ഉളവാക്കുന്നതിനു പകരം അതിന് അവസരം നൽകുക മാത്രമെ ചെയ്തിരുന്നുള്ളു. പൌരസ്ത്യ സഭയിൽ— പുനരൈക്യപ്പെട്ട പൌരസ്ത്യ സഭകളിൽപോലും— ഈ ക്രൂദാശ പല വൈദികർ കൂടി കൊടുക്കുന്ന ഒരു പതിവുണ്ട്. സൈത്തു പൂശുക, മൊഴികൾ ഉച്ചരിക്കുക, ഇവരണ്ടുംകൂടി ഓരോരുത്തനും തനിയെ ചെയ്യുന്നിടത്തോളം കാലം ഇതിൻെറ വാസ്തവികതയ്ക്കു ന്യൂനത നേരിടുന്നതല്ല.

തിരിച്ചറിവിൻെറ പ്രായം വന്നതിൻെറ ശേഷം മരണകരമായ രോഗത്തിൽ പെട്ടവർക്കും വാർദ്ധക്യംമൂലം മരണവിപത്തിൽ ഇരിക്കുന്നവർക്കും ഈ ക്രൂദാശ നൽകപ്പെടുന്നു. കുമ്പസാരത്തിനുവേണ്ടിയ അപൂർണ്ണ മനസ്താപം ദൃശ്യമായിരിക്കണമെന്നുണ്ട്. എന്നാൽ ഈ ക്രൂദാശ കൈക്കൊള്ളുന്നവനാവശ്യമായ അപൂർണ്ണ മനസ്താപം അഭ്യന്തരമായിരുന്നാലും മതിയെന്നാണ ശാസ്ത്രജ്ഞന്മാരുടെ മതം. ക്രിസ്തീയ ജീവിതം ശരിയായി കഴിച്ചിട്ടുള്ളവർക്കു ബോധക്ഷയം നേരിട്ടാലും ഒപ്രൂശ്മാ നിരുപാധികമായി നൽകാവുന്നതാകുന്നു. ഏഴു വയസ്സു തികഞ്ഞിട്ടില്ലെങ്കിലും വിവേചനാശക്തി പ്രാപിച്ചിരിക്കയൊ, ഏഴുവയസ്സു തികഞ്ഞിട്ടും കുമ്പസാരിച്ചിട്ടില്ലാതിരിക്കുകയോ ചെയ്യുന്ന കുട്ടികൾക്കും ഈ ക്രൂദാശ കൊടുക്കാവുന്നതും കൊടുക്കേണ്ടതുമാകുന്നു. യുദ്ധത്തിനൊരുങ്ങുന്ന പടയാളികളുടെയും, അപ



www.malankaralibrary.com

കടകരമായ ശസ്ത്രക്രിയയ്ക്കു വഴിപ്പെടാനൊരുമ്പെടുന്നവരുടേയും മരണം ആസന്നമായിരുന്നാലും അവക്ക് ഇതു് നിഷിദ്ധമാകുന്നു. ഇതേ വിധംതന്നെയാണ് വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നവൻെറയും സ്ഥിതി. പ്രത്യക്ഷമായ മരണാനന്തരം രണ്ടോ മൂന്നോ മണിക്കൂർ കഴിഞ്ഞും ഈ കൂദാശ സോപാധികമായി നൽകാൻ പാടുണ്ടായിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ശ്വാസോച്ഛ്വാസവും മററു ജീവചരിഹ്നങ്ങളും നിലച്ചാലും ആത്മാവു ശരീരത്തെ ഉടനെ വിട്ടുപിരിഞ്ഞെന്നു വരുന്നതല്ല.

അന്ത്യലേപനം മനുഷ്യാത്മാവിൽ ഉളവാക്കുന്ന മാററത്തെപ്പററി ത്രെന്തോസു സൂനഹദോസ് ഇപ്രകാരമാണു പഠിപ്പിക്കുന്നതു്. "പരിശുദ്ധാത്മാവിയുടെ ഇഷ്ടപ്രസാദമാകുന്ന ഈ കൂദാശയുടെ ഫലം, ഈ ഇഷ്ടപ്രസാദമാകട്ടെ, പാപങ്ങൾ വല്ലതും ഇനിയും ശേഷിച്ചിരിക്കുന്നപക്ഷം അവയേയും അവയുടെ അവശിഷ്ടങ്ങളേയും പ്രമാർജ്ജനംചെയ്യുന്നു. അതു ദൈവകൃപയിലുള്ള ശരണത്തെ ഉത്തേജിപ്പിച്ചുകൊണ്ടു രോഗിയുടെ മനസ്സിനെ ബലപ്പെടുത്തുന്നു. ഈ മനഃശരണത്താൽ പരിരക്ഷിതനായി അവൻ രോഗത്തിൻെറ കഷ്ടതകളും ഉപദ്രവങ്ങളും അനായാസേന സഹിക്കയും, അവനെ അലട്ടുന്ന പൈശാചിക പരീക്ഷകളെ സഫലമായി എതിക്കുകയും ചെയ്യുന്നു. അവൻെറ ആത്മാവിൻെറ രക്ഷയ്ക്കുതകുമെങ്കിൽ ചിലപ്പോൾ ശാരീരിക സുഖവും അവനു ലഭിക്കുന്നു. (sex. XIV. Cap. 2) ഇതിൽനിന്ന് അന്ത്യലേപനം കുമ്പസാരമെന്ന കൂദാശയുടെ ഒരു അനുബന്ധമാണെന്നു വിശദമാണല്ലൊ. മാത്രമല്ല, അതു ആത്മാവിൻെറ കാലത്തിനടുത്ത ശിക്ഷയെ അതായതു ശുദ്ധീകരണസ്ഥലത്തിൽ അനുഭവിക്കേണ്ട ശിക്ഷയെ മുഴുവനായിട്ടല്ലെങ്കിലും സാരമായി കുറയ്ക്കുകയുംചെയ്യുന്നു. ഇപ്രകാരമാണു അഡോൽഫ് സതങ്കെരി മുതലായ വേദപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു്.

അടുത്തു പ്രസ്താവിപ്പാനുള്ളതു അന്ത്യലേപനം നൽകുമ്പോൾ അനുഷ്ഠിക്കപ്പെടുന്ന ചടങ്ങുകളെപ്പററിയാണ്; എന്നാൽ അവ ക്രമപുസ്തകത്തിൽ വിശദമായി കൊടുത്തിട്ടുള്ളതിനാൽ വിശേഷ



www.malankaralibrary.com

വിധിയായി എന്തെങ്കിലും അവയെപ്പററി പറയേണ്ടയാവശ്യമുണ്ടെന്നു തോന്നുന്നില്ല. കണ്ണ്, ചെവി, നാസികാദ്വാരങ്ങൾ മുതലായവ പൂശപ്പെടുന്നു. പട്ടക്കാരൻ വരുന്നതിനു മുമ്പുതന്നെ രോഗിയുടെ ശരീരത്തിൽ വിശുദ്ധതൈലത്താൽ പൂശുന്നതിനുള്ള ഭാഗങ്ങൾ കഴുകിയൊ അതിനു സാധിക്കാത്തപക്ഷം തുണികൊണ്ടു തുടച്ചോ വെടിപ്പാക്കപ്പെട്ടിരിക്കേണ്ടതാണെന്നു ഏതൊ ഒരു പുസ്തകത്തിൽ വായിച്ചതായി ഓർമ്മിക്കുന്നുണ്ട്. സ്തുത്യർഹമായ ഈ പതിവ് അനുകരണീയമാണെന്നുള്ളതിനു സംശയമില്ല.

ഈ ക്രുദാശ വാസ്തവമാകുന്നതിന് അഞ്ച് ഇന്ദ്രിയങ്ങളും പൂശണമെന്നില്ല എന്നു 1906-ൽ റീത്തുകളുടെ തിരുസംഘം നൽകിയ ഒരുത്തരവിൽനിന്നു വിശദമാകുന്നുണ്ട്. അതിപ്രകാരമാണ്: "രോഗിയുടെ അഞ്ചു ഇന്ദ്രിയങ്ങളും ലേപനംചെയ്യുന്നതിനുമുമ്പ് അവൻ കഥാവശേഷനാകുമെന്നു ശങ്കയുള്ളപക്ഷം, നെററിയിൽ സാധാരണ മൊഴികൾ ഉച്ചരിച്ച് പൂശാവുന്നതാകുന്നു. ഈ പൂശൽമൂലം ക്രുദാശ ലഭിച്ചുകഴിഞ്ഞിരിക്കുന്നതിനാൽ, പിന്നീടു രോഗി ജീവിക്കുന്നപക്ഷം മററു ഇന്ദ്രിയങ്ങൾ അഭിഷേകം ചെയ്യണമെന്നില്ല; ബാക്കി പ്രാർത്ഥനകൾ ചൊല്ലി പൂർത്തിയാക്കിയാൽ മതിയാവും."

ഈ ഉപന്യാസം ഉപസംഹരിക്കുന്നതിനുമുമ്പ് ഈ ക്രുദാശയുടെ ആവർത്തനത്തെപ്പററിക്കൂടി രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ഒരേ രോഗത്തിൽതന്നെ ഇതു വീണ്ടും കൊടുക്കാൻ പാടില്ല. ഇതിന്റെ ആവർത്തനത്തിനു രോഗി സുഖംപ്രാപിക്കയും നവ്യമായ മരണവിപത്തിൽ വീണ്ടും പെടുകയും ചെയ്യേണ്ടിയിരിക്കുന്നു. എന്നാൽ വളരെനാൾ ദീർഘിക്കുന്ന ചില രോഗങ്ങളിൽ 'മരണവിപത്തു' പുതിയതൊ എന്നു തിട്ടപ്പെടുത്തുക അത്ര എളുപ്പമല്ല. ആകയാൽ ഒരു മാസം കഴിഞ്ഞാൽ മരണഭീതി പുതിയതു് എന്നു തീരുമാനിച്ചുകൊണ്ട് ഈ ക്രുദാശ നൽകേണ്ടതാണെന്നാണ് വി. അൽഫോൻസ് ലിഗോരി മുതലായ ശാസ്ത്രജ്ഞന്മാരുടെ അഭിമതം.

എന്റെ ഈ എളിയ പ്രബന്ധത്തിൽ വന്നിട്ടുള്ള ന്യൂനതകളെ പണ്ഡിതസാർവഭൌമന്മാരായ ബഹുമാന്യ സദസ്യർ തിരു



www.malankaralibrary.com

ത്തിക്കൊള്ളുമെന്നു പ്രത്യാശിച്ചുകൊണ്ടും ഇതിനെ ക്ഷമാപൂർവം കേട്ടതിനു ഏവരോടും കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകളെ സമാപിപ്പിച്ചുകൊള്ളുന്നു.

.................................................................................................

ഫാദർ ചെല്ലുകോണം പൂർവസ്ഥാനത്തു ഉപവിഷ്ടനായി.

അദ്ധ്യക്ഷൻ— ഇപ്പോൾ വായിച്ച ഈ വിഷയം സംബന്ധിച്ചു വല്ലവർക്കും വല്ലതും പറവാനുണ്ടെങ്കിൽ പറയാം

ഹാളിൽ സർവ്വത്ര നിശ്ശബ്ദത.

ഒരു വൈദികൻ എഴുന്നേററു, അദ്ദേഹത്തിന്റെ പേർ തോമ്മസ് മാഞ്ഞാടിമൂടൻ എന്നാണ്.

ഫാദർ തോമ്മസ്— ഉപന്യാസകർത്താവു് ശസ്ത്രക്രിയ ചെയ്യപ്പെടാൻ പോകുന്നവർക്കു അന്ത്യലേപനം നൽകാൻ പാടില്ല എന്നു ഖണ്ഡിച്ചു പറഞ്ഞിരിക്കുന്നു, എനിക്കു തോന്നുന്നതു ഇക്കാലത്തു ഈ അഭിപ്രായത്തെ എതിർക്കുന്ന ചിലരുണ്ടെന്നാണ്.

ഫാ: ചെല്ലുകോണം— ആരാണു എതിർക്കുന്നതെന്നറിവാൻ ആഗ്രഹിക്കുന്നു. ഗണനീയന്മാരായ ഗ്രന്ഥകാരന്മാരുടെ അഭിപ്രായത്തെ ഉദ്ധരിക്കമാത്രമെ ഞാൻ ചെയ്തിട്ടുള്ളു.

ഫാ: തോമ്മസ്— ആ ഗണനീയന്മാർ ആരൊക്കെയെന്നു സദയം പറയുമോ?

ഫാ: ചെല്ലു:— വി. ലിഗോരി, ദെ ലൂഗൊ, അൽവാ, ജെനിക്കൊ, പ്രൂമർ, അറെഗ്ഗയ്. ഇവരിൽ ചിലർ നമ്മുടെ സമകാലീനന്മാർ കൂടിയാണ്.

ഫാ: തോമ്മസ്— ആയിക്കൊള്ളട്ടെ; മോറൽ തിയോളജി അതായതു സന്മാർഗ്ഗശാസ്ത്രം പ്രാചീനന്മാരൊ അപ്രാചീനന്മാരൊ ആയ ഏതാനും ഗ്രന്ഥകാരന്മാർക്കു അടിമപ്പെട്ടിരിക്കയാണെന്നു വിചാരിക്കേണ്ട. ഗ്രന്ഥകാരന്മാർ നമ്മുടെ ചിന്താസ്വാതന്ത്ര്യത്തെ എടുത്തുകളയുന്നില്ല. മുമ്പുള്ളവർ പുതിയ അഭിപ്രായങ്ങൾ പറഞ്ഞിട്ടുള്ളതുപോലെ ഇന്നും പറയാം, പറയുന്നവരുമുണ്ട്.

ഫാ: ചെല്ലു:— ഇന്നു ജീവിച്ചിരിക്കുന്ന ഏതു ശാസ്ത്രജ്ഞനാണ് ശസ്ത്രക്രിയ ചെയ്യപ്പെടാൻ പോകുന്നവർക്കു ഒപ്രുശ്മാ കൊടുക്കാൻ പാടുണ്ടെന്നു പറയുന്നത്?



www.malankaralibrary.com

ഫാ: തോമ്മസ്— സുപ്രസിദ്ധ വാഗ്മിയും തികഞ്ഞ പണ്ഡിതനുമായ ഫാദർ വുഡ്ലോക്ക് (Fr. Woodlock S. J.) അവർകളാണ ഈ അഭിപ്രായം പുറപ്പെടുവിച്ചിട്ടുള്ളത്. തദനന്തരം അദ്ദേഹം തൻെറ പോക്കററിൽനിന്ന 'എക്സാമിനർ' പത്രമെടുത്തു ഇപ്രകാരം വായിച്ചു. "Addressing a meeting of the Middland Catholic medical society in Birmingham Father Woodlock. S. J. expressed the opinion that any one who has to undergo a major operation has a right to receive extreme unction and holy Viaticum." ഈ അഭിപ്രായം ചില മലയാളപത്രങ്ങളിലും പകത്തിയിട്ടിരിക്കുന്നതായി കണ്ടു.

ഫാ: ചെല്ല:— ഈ വുഡ്ലോക്ക് വല്ലമോറൽ തിയോളജിയും എഴുതിയിട്ടുണ്ടോ. തിരുസഭ അംഗീകരിച്ചിരിക്കുന്ന ഗ്രന്ഥകാരന്മാക്കെതിരായി അഭിപ്രായം പറവാൻ എന്തവകാശമാണ അദ്ദേഹത്തിനുള്ളത്?

ഫാ: തോമ്മസ്— ഗ്രന്ഥകാരന്മാക്കെതിരായി ഒന്നും ശബ്ദിച്ചുപോകരുതെന്ന സഭ വിലക്കിയിട്ടുണ്ടോ? സഭ വുഡ്ലോക്കിൻെറ അഭിപ്രായത്തെ— ഇത്രയുമായപ്പോൾ അദ്ധ്യക്ഷൻ എഴുന്നേററു, ഫാദർ തോമ്മസിനോട്ട ഇരിക്കാൻ ആംഗ്യംകാണിച്ചിട്ട് ഇങ്ങനെ പറഞ്ഞു:— 'ഈ വാദപ്രതിവാദം ഞാൻ ശ്രദ്ധിച്ചു കേൾക്കുകയായിരുന്നു. ഫാദർ വുഡ്ലോക്കിൻെറ അഭിപ്രായം ഞാനും കാണുകയുണ്ടായി. ആദ്യം അതു 'യൂണിവേർസ്" പത്രത്തിലാണ പ്രസിദ്ധപ്പെടുത്തിയിരുന്നതെന്നു തോന്നുന്നു. പിന്നീടു എക്സാമിനറിലും വേറെ ചില പത്രങ്ങളിലും അതു ചേത്തിരിക്കുന്നതായി കണ്ടു. ഇതൊരു നൂതനവും ഏതാണ്ടു വിപ്ലവകരവുമായ അഭിപ്രായംതന്നെ സംശയമില്ല. എങ്കിലും യുക്തിവിഹീനമെന്നു പറഞ്ഞുകൂടാ. യുദ്ധത്തിനൊരുങ്ങുന്ന പടയാളികളേയും അപകടകരമായ ശസ്ത്രക്രിയയ്ക്കു വിധേയരാകാനിരിക്കുന്നവരേയും ഒരേനിലയിൽ ഗണിച്ച് അന്ത്യലേപനം നിഷിദ്ധമെന്നു ഗ്രന്ഥകാരന്മാർ തിരുമാനിക്കുന്നതു അത്ര ഭംഗിയൊ? ഒരാൾക്കു എന്തിനാണ ശസ്ത്ര



www.malankaralibrary.com

ക്രിയ ചെയ്യുന്നതു്? അതു രോഗംമൂലമല്ലേ. ഇപ്രകാരമൊക്കെ വൃഡ്‌ലോക്കിന്റെ ഭാഗംപിടിച്ചു വാദിക്കാനുണ്ടു്; ആകയാൽ ഞാൻ ഇതേസംബന്ധിച്ചു നല്ലൊരു പണ്ഡിതനായ സെമ്മിനാരി പ്രൊഫ്‌സറിനോടു എഴുതി ചോദിച്ചു അതിനു ലഭിച്ച മറുപടി ഇപ്രകാരമാണു്: "ഫാദർ വൃഡ്‌ലോക്കിന്റെ അഭിപ്രായം സഭ എങ്ങിനെയാണു സ്വീകരിക്കാൻ പോകുന്നതെന്നു നമുക്കു വഴിയെ കാണാം." അതെ, നമുക്കു സഭയുടെ തീരുമാനത്തെ പ്രതീക്ഷിക്കാം. ഇങ്ങനെ വാദം പുറപ്പെടുവിക്കുന്നതു കുററകരമല്ല. സാന്മാർഗ്ഗശാസ്ത്രം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു ശാസ്ത്രമാണു്. ഇവ്വിധം നൂതനാഭിപ്രായങ്ങളുണ്ടാകുമ്പോൾ സഭ അവയെ പരിശോധിക്കും, ഒടുവിൽ വിധിപറയും. പിന്നീടു എതിൎത്തെങ്കിലെ കുററകരമാകയുള്ളൂ.

അദ്ധ്യക്ഷൻ ഇരുന്നു കഴിഞ്ഞയുടനെ വേറൊരു വൈദികൻ എഴുന്നേററു; പേർ പീററർ തുമ്പമൺ എന്നാണു്.

ഫാദർ പീററർ— അന്ത്യലേപനം ശുദ്ധീകരണസ്ഥലത്തെ ശിക്ഷയെ കുറയ്ക്കുന്നുവെന്നു് 'അഡോൽഫ്സ് തങ്കെരി' മുതലായവരുടെ 'അതോർട്ടി' ഉദ്ധരിച്ചു പ്രബന്ധ കൎത്താവു സ്ഥാപിച്ചിരിക്കുന്നു. ഇക്കാൎയ്യത്തിൽ എനിക്കല്പം സംശയമുണ്ടു്.

അദ്ധ്യക്ഷൻ— എന്താണു സംശയം? അന്ത്യലേപനം പാപത്തിനും അതിന്റെ അവശിഷ്ടത്തിനും മോചനം നൽകുന്നു. അത്രയുമല്ല അതു പാപത്തിന്റെ കാലത്തിന്നടുത്ത ശിക്ഷയെ Temporal punishment പൂൎണ്ണമായിട്ടല്ലെങ്കിലും ഭാഗമായി കുറയ്ക്കുന്നു. മറുവാക്കായി പറഞ്ഞാൽ ഈ കൂദാശ ബെഡ്ഡ്ക്കാനായിൽ ഒരുവൻ അനുഭവിക്കേണ്ട പീഡനത്തേയും സാരമായി ലഘൂകരിക്കുന്നു.

ഫാ: പീററർ— ഇതുതന്നെയാണു എന്റെ സംശയം. അന്ത്യലേപനം തക്ക യോഗ്യതയോടുകൂടി സ്വീകരിക്കപ്പെടുമ്പോൾ, പാപത്തിന്റെ അവശിഷ്ടങ്ങൾ മാത്രമല്ല, അവയ്ക്കു ശുദ്ധീകരണസ്ഥലത്തിൽ ലഭിക്കാനിരിക്കുന്ന ശിക്ഷയും മുഴുവനായി പരിഹരിക്കപ്പെടുന്നുവെന്നാണു ഞാൻ ഒരിടത്തു കണ്ടതു്.



www.malankaralibrary.com

അദ്ധ്യ: എന്തു്, മുഴവനായി പരിഹരിക്കപ്പെടുന്നുവെന്നൊ? അങ്ങിനെ പറയുന്ന ഒരു 'തിയോളജിയ'നെയെങ്കിലും ഇതഃപര്യന്തം ഞാൻ കണ്ടുമുട്ടിയിട്ടില്ല.

ഫാ: പീററർ- പ്രാചീനന്മാരിൽ വി. തോമ്മസ് അകിനാസ്സ്, വി. ബൊനവെന്തുരാ, മഹാനായ വി. അൽബോർത്തൊസ്സ്, പല്ലദാന്തൂസ്സ്, ഇന്നോസൻറു പഞ്ചമൻ എന്നിവരും, അധുനികന്മാരിൽ ഹാദേഷ്സ് നോൽഡിൻ, കേൺ, ഇന്നു ജീവിച്ചിരിക്കുന്ന ദൈവശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യനും റോമ്മിലെ ഗ്രിഗോരിയൻ യൂണിവേർസ്സിററിയിലെ ഒരു പ്രൊഫസ്സറുമായ 'ഫേലിക്സ്കപ്പേളൊ'യും ഈ അഭിപ്രായക്കാരാണ്.

അദ്ധ്യക്ഷൻ- വളരെ അത്ഭുതത്തോടെ, അതു ബഹുവിചിത്രംതന്നെ! അദ്ധ്യക്ഷൻെറ അത്ഭുതത്തിനു കാരണമുണ്ടു്. അദ്ദേഹം ഒരു ഒന്നാംതരം വേദപണ്ഡിതനും പേരെടുത്ത ഒരെഴുത്തുകാരനുമാണ്. പത്രപാരായണത്തിലാണെങ്കിൽ അദ്ദേഹത്തിൻെറ ആസക്തി ചില്ലറയൊന്നുമല്ല. കാതൊലിക്ക് റെറയിംസ്, ററാബലററു്, ഹോംലെററിക്ക് മന്തലി, ട്രൂത്തു്, എക്സാമിനർ മുതലായവ അദ്ദേഹത്തിൻെറ പത്രമാസികാദികളിൽ ചിലവ മാത്രമെയാകുന്നുള്ളു. ഡബ്ളിൻ റെവിയ്യൂ മുമ്പുവന്നിരുന്നു, ഇപ്പോൾ അതു സാമ്പത്തികാധഃപതനം പ്രമാണിച്ചു നിറുത്തിയിരിക്കയാണ്. ശാസ്ത്രജ്ഞന്മാരുടെ പുതിയ അഭിപ്രായങ്ങൾ എന്തെങ്കിലും കണ്ടാൽ അവയെ ഉടനെ നോട്ടുചെയ്യുന്ന പതിവും അദ്ദേഹത്തിനുണ്ടു്.

"സെയിൻറു തോമ്മസിൻെറ സൂമാ ഇവിടെയുണ്ടു്, നമുക്കു നോക്കിക്കളയാം."

ഫാ: പീററർ- ഈയുള്ളവൻ 'സൂമായി'ലുംമററും കണ്ടതല്ല ഈ അഭിപ്രായം, യാദൃശ്ചികമായി ഒരു മാസികയിൽ കണ്ടതത്രെ.

അദ്ധ്യ:- ഏതുമാസിക, എവിടെനിന്നു പുറപ്പെടുന്നതു്?

ഫാ: പീററർ- എക്ലെസിയാസ്റ്റിക്കൽ റെവിയ്യൂ (Ecclesiastical review) എന്ന മാസികയിലാണ്, അതു അമേരിക്ക



www.malankaralibrary.com

യിൽ നിന്നാകുന്നു പുറപ്പെട്ടുന്നതു്. ഞാൻ ഈയിട ഒരു പത്രയാപ്പീസിൽ പോയിരുന്നു, പത്രാധിപർ എൻെറ ഒരു സ്നേഹിതനുമാണ്. അദ്ദേഹം വൈദികരേവരും വായിച്ചിരിക്കേണ്ട ഒരു ലേഖനമാണിതെന്നു പറഞ്ഞു് ഒരു മാസികയെടുത്തു അതിൽ ഒരു ലേഖനം ചൂണ്ടിക്കാണിച്ചു. ഈ ലേഖനം, അന്വേഷണത്തിൽ അവിടെ കുന്നുപോലെ കൂട്ടിയിരുന്ന വിദേശപത്രമാസികാദികളുടെ ഇടയിൽ കാണപ്പെട്ട "വെസ്റ്റേൺ കാത്തൊലിക്ക്" എന്ന വേറൊരു പത്രത്തിൽ ഉദ്ധരിച്ചിരിക്കുന്നതായുംകണ്ടു. അതിൽ വായനക്കാർക്കൊരു ക്രിസ്തുമസ്സ്സമ്മാനം എന്ന തലക്കെട്ടിലാണു ചേർത്തിരുന്നതു്.

അദ്ധ്യ:— ആ മാസികയൊ കയ്യിൽ ഇരിക്കുന്നതു്, കാണട്ടെ. ഫാദർ പീററർ വളരെ ആദരപൂർവ്വം നടന്നുചെന്നു തൻെറ കൈയ്യിൽ ചുരുട്ടിപ്പിടിച്ചിരുന്ന Ecclesiastical review തുറന്ന്, 144-ാം പുറത്തു ചേർത്തിരുന്ന 'Is purgatory unavoidable' എന്ന ലേഖനം കാണിച്ചുകൊടുത്തു. അദ്ധ്യക്ഷൻെറ മുഖത്തു അല്പം വൈവർണ്ണ്യം സ്ഫുരിച്ചു; അതു മററൊന്നുംകൊണ്ടല്ല, പത്രപാരായണത്തിൽ കേൾവികേട്ട അദ്ദേഹത്തിനു ഇതൊന്നും കാണാൻ സാധിച്ചില്ലല്ലൊ എന്നോർത്തുമാത്രമാണ്.

'Is purgatory unavoidable' എന്നതു നാലു പുറങ്ങളോളം വരുന്നതും പാണ്ഡിത്യം വഴിഞ്ഞൊഴുകുന്നതുമായ ഒരു പ്രൌഢലേഖനമായിരുന്നു. ഫാദർ ഹെൽഡാണു അതിൻെറ രചയിതാവ്. തക്കയോഗ്യതയോടുകൂടി ഒപ്പുശ്ശാ കൈക്കൊള്ളുന്നവർ ശുദ്ധീകരണസ്ഥലം തൊടാതെ നേരെ സ്വർഗ്ഗത്തു് എത്തിച്ചേരുന്നുവെന്നു തെളിയിക്കാൻ പ്രാക്തനന്മാരും ഇദാനീന്തനന്മാരുമായ അനേകം വേദശാസ്ത്രജ്ഞന്മാരുടെ സാക്ഷ്യങ്ങളും യുക്തികളും നാതിസംക്ഷേപ വിസ്തരം അതിൽ ചേർക്കപ്പെട്ടിരുന്നു. പൂർവ്വക്രിസ്ത്യാനികൾ ഈ കൂദാശയെ സകല പാപങ്ങളും ശിക്ഷകളും വിഹനിക്കുന്ന വേറൊരു മാമ്മോദീസായായിട്ടാണു കരുതിപ്പോന്നിരുന്നതെന്നുകൂടി അതിൽ പ്രസ്താവിച്ചിരുന്നു. ഈ ലേഖനം തിടുക്കത്തിൽ ഒന്നു മറിച്ചേയുള്ളു അദ്ധ്യക്ഷൻ അപ്പോൾ.



www.malankaralibrary.com

അദ്ധ്യ:— കൊള്ളാം. ഇതൊന്നു വായിക്കേണ്ടതുതന്നെ. ഇതാണു വൈദികർ ഒരുമിച്ച് ശാസ്ത്രീയവിഷയങ്ങൾ സംബന്ധിച്ചു വാദപ്രതിവാദം ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനം. വാച്ചുനോക്കിയിട്ടു, സമയം കഴിഞ്ഞിരിക്കുന്നു, അടുത്തു നടക്കാനുള്ളതു കുർബാനയുടെക്രമം അഥവാ ലിററർജി സംബന്ധിച്ച കോൺഫറൻസ് ആണല്ലൊ: അതിനുമുമ്പു പതിനഞ്ചു മിനിട്ടുനേരത്തെ ആശ്വാസമുണ്ട്. . . .

വികാരിജനറാൾ അദ്ധ്യക്ഷനാൽ അനുഗതനായി മുറിയിലേയ്ക്കുപോയി. സഭാഹാൾ സംസാരംകൊണ്ടു മുഴങ്ങി.

.................................................................

4—30—നു മണി കൃത്യംഅടിച്ചു. എല്ലാവരും സ്വസ്ഥാനങ്ങളിൽ യഥാപൂർവ്വം ഉപവിഷ്ടരായി.

അദ്ധ്യക്ഷൻ: "ഇപ്പോഴത്തെ വിഷയം ലിററർജിയാണ്. മെഴുകുതിരി കത്തിക്കുന്നതു സംബന്ധിച്ചുള്ള സംശയം ഈ സമയത്തേയ്ക്കു നീക്കിവച്ചിരിക്കുകയായിരുന്നല്ലൊ." തദനന്തരം അദ്ദേഹം തന്റെ കൈയ്യിൽ പിടിച്ചിരുന്ന മഞ്ഞനിറത്തിലുള്ള ഒരു നീണ്ട പുസ്തകംതുറന്നു ഇങ്ങനെ വായിച്ചു: "Altaris cerei ita sunt accendendi, ut incipiatur ab illo, qui cruci proximius reperitur, in cornu Epistolæ, postea, servato ordine, reliqui duo in eodem cornu existentes ; ac deinde accenduntur reliqui cerei in cornu Evangelii exstantes, incipiendo item ab eo, qui Cruci propior est, usqe ad ultimum in eodem cornu oppositum. In extinguendis autem iisdem cereis, ordo invertitur, atque incipitur in cornu Evangelii, a cereo, qui a Cruce remotior est, ad illum qui proprior ; dein vero a parte Epistolæ, eadem regula eodemque ordine servato." അതുകയാൽ എംഗർത്താ അഥവാ എപ്പിസ്തൽഭാഗത്തു തൂങ്ങപ്പെട്ട ക്രൂപത്തിനു ഏററവും അടുത്ത തിരിയാണു ആദ്യം കത്തിക്കേണ്ടതു്. അതിന്റെശേഷം മുറയ്ക്കു



www.malankaralibrary.com

മറവുള്ളവ, പിന്നീട്ട ഏവൻഗേലിയോൻ ഭാഗത്തുള്ള തിരികൾ ഇതേക്രമത്തിൽ കത്തിക്കപ്പെടുന്നു. എന്നാൽ കെടുത്തുന്നതിനുള്ള ക്രമം നേരെമറിച്ചാണ്. ഏവൻഗേലിയോൻഭാഗത്തു തുങ്ങപ്പെട്ട ത്രൂപത്തിനു ഏററവും അകലെയുള്ളതു ആദ്യം കെടുത്തപ്പെടുന്നു. തദനന്തരം മുഴുവൻ മറവുള്ളവയും.

എല്ലാവരും അത്ഭുതപ്പെടുന്നു. അദ്ധ്യക്ഷന്റെ കൈയിൽ ഇരിക്കുന്നതു റോമൻ റിത്തുവാളാണെന്നു ചിലർ അഭിപ്രായപ്പെട്ടു.

അദ്ധ്യ:- ഇതു റിത്തുവാളല്ല, ഇതൊരു മാസികയാണ്, ക്ലേർജി റെവിയ്യൂ ആണ്. 1907 ഫെബ്രുവരി ഒന്നാം തീയതി റീത്തുകളുടെ തിരുസംഘം നൽകിയ ഒരുത്തരവാണ് ഈ മാസികയിൽനിന്നു വായിച്ചതു്.

അടുത്തിരുന്ന ഒരാൾ;- "ക്ലേർജി റെവിയ്യൂ എനിക്കു വരുന്നുണ്ടു്, എന്നാൽ ഞാനിതു കണ്ടില്ല."

അദ്ധ്യ:- മാസികകൾ വരുത്തിയാൽ പോരാ മുഴുവനും വായിക്കണം.

അടുത്തിരുന്ന... ഞാൻ പ്രധാന ലേഖനങ്ങളെ നോക്കാറുള്ളു.

അദ്ധ്യ:- ക്ലേർജി റെവിയ്യൂവിൽ എല്ലാം പ്രധാനമാണ്. അപ്രധാനമായി തള്ളേണ്ടതൊന്നുമില്ല. വൈദികർക്കു വളരെ പ്രയോജനമുള്ള സംഗതികളാണ് അതിലെ ഉള്ളടക്കമെല്ലാം. ശാസ്ത്രലോകത്തു ഈ മാസികയ്ക്കു ഗണ്യമായ ഒരു സ്ഥാനമുണ്ടു്. ഇതിന്റെ പത്രാധിപക്കമ്മിറ്റിയിലെ അദ്ധ്യക്ഷൻ ഒരു മെത്രാപ്പോലീത്തായും, പത്രാധിപരും, സഹ പത്രാധിപരും ഓരോ ഇടവകപ്പട്ടക്കാരുമാണ്. ചുരുക്കിപ്പറഞ്ഞാൽ ഇടവകപ്പട്ടക്കാരാണ് ഇതിന്റെ പ്രവൎത്തകന്മാർ. ഇതിലെ ലേഖകന്മാരിൽ ഏറിയപങ്കും സൎവ്വകലാശാലാ ബിരുദും വൈദികബിരുദും സമ്പാദിച്ചിട്ടുള്ള പണ്ഡിതന്മാരാണ്. പത്രാധിപർ ഒരു M. A.Ph. D., യും, സഹ പത്രാധിപർ ഒരു D. D., L. S. Scr, യുമാണ്. ഈ ലേഖകന്മാരിൽ ഭൂരിപക്ഷവും ഇടവകഭരണം, സ്കൂൾജോലി മുതലായവയിൽ വ്യാപ്രുതരായിരിക്കുന്ന ഇടവകപ്പട്ടക്കാരാണെന്നറിയുന്നതു അവരുടെ



www.malankaralibrary.com

ഗണത്തിൽപെട്ട നമുക്കും അഭിമാനമുള്ളതാണല്ലൊ. ഈ വൈദികർ ഓരോ പുരാതന രേഖകളും മററും ക്ഷമാപൂൎവ്വം പരിശോധിച്ചു ചില പ്രാമാണ്യങ്ങളായ ലേഖനങ്ങൾ എഴുതിവിടുന്നതു കാണുമ്പോൾ ഈയുള്ളവൻ അമ്പരന്നുപോയിട്ടുണ്ട്. ഇതോടുകിടപിടിക്കത്തക്ക ഒരു തിയളോജിക്കൽമാസിക ഇന്നു ഇംഗ്ലണ്ടിലൊ ഐർലൻഡിലൊ കാണുമെന്നു തോന്നുന്നില്ല. ആരംഭിച്ചപ്പോൾ ഇതിൻെറ ഒന്നാം ലക്കത്തിനു രണ്ടു പതിപ്പുകൂടി വേണ്ടിവന്നു. അതേപ്രകാരംതന്നെ രണ്ടാം ലക്കവും. അത്രയ്ക്കായിരുന്നു ഇതിനുള്ള ഡിമാൻറ്. ഈ വ്യതിയാനം ഇവിടെ നിൽക്കട്ടെ".

മേശപ്പുറത്തിരിക്കുന്ന നറുക്കപാത്രം എടുത്ത് അദ്ധ്യക്ഷൻ മൊൺസിഞ്ഞോറിനെ കാണിച്ചുകൊണ്ടു ഒരു നറുക്കെടുക്കാൻ അഭ്യർത്ഥിക്കുന്നു. പുഞ്ചിരിയോടുകൂടി മൊൺസിഞ്ഞോർ ഒരു നറുക്കെടുത്തു, അതു നമ്പർ നാല് ആയിരുന്നു.

അദ്ധ്യ:— ബേനെ, നാലാം നമ്പർ, ഫാദർ മാത്യു വട്ടപ്പറമ്പിൽ; കുർബാനയിൽ എത്ര ആരാധനകളുണ്ട്; അവ ഏവ?

ഫാദർ മാത്യു വട്ടപ്പറമ്പിൽ ഒരു നല്ല ഭക്തനാണെങ്കിലും അദ്ദേഹത്തിനു അല്പം സഭാകമ്പവും വേവലാതിയുമുണ്ട്.

അദ്ദേഹം ഒന്നു കറുങ്ങി എഴുന്നേററ് അദ്ധ്യക്ഷനെ തുറിച്ചു നോക്കിക്കൊണ്ടു പറഞ്ഞു. 'എന്ത്, കുർബാനയിൽ ആരാധനകളൊ, കുർബാനതന്നെ ആരാധനയല്ലെ'?

അദ്ധ്യ:— അതെ, എന്നാൽ എന്തെല്ലാം ആരാധനകൾ അഥവാ ആചാരങ്ങൾ കുർബാനയിൽ നാം ചെയ്യുന്നുണ്ട്.

ഫാ: മാത്യു:— ഞാൻ ഒരു അനാചാരവും ചെയ്യുന്നില്ല. അടുത്തിരുന്ന അനുകമ്പാകുലനായ ഒരു സ്നേഹിതൻ 'ഇങ്ങനെ പറ, തല കുനിച്ചും, ഉരവും തലയും കുനിച്ചും'—

ചെങ്ങാതി, അവിടെ മിണ്ടാതിരിക്കു, എൻെറ കാൎയ്യം ഞാൻ നോക്കിക്കൊള്ളാം. തദനന്തരം അദ്ധ്യക്ഷൻെറ നേക്കു തിരിഞ്ഞുകൊണ്ടു, 'ഇതെന്താണീ ചോദിക്കുന്നതു്; ഞാൻ കുർബാന ചൊല്ലുന്നതു ആചാരങ്ങളെ എണ്ണി ഇനം തിരിച്ചുകൊണ്ടല്ല, ഇനം തിരിക്കുന്നവർ തിരിച്ചുകൊള്ളട്ടെ'.



www.malankaralibrary.com

അദ്ധ്യ:— കൊള്ളാം. വേറൊരു ചോദ്യം. 'കുബ്ബാനസ്ക്കിടയ്ക്കു കൈ കഴുകുന്നതും അതിനുമുമ്പു സങ്കിർത്തിയിൽവച്ചു കഴുകുന്നതും തമ്മിൽ വല്ല വ്യത്യാസങ്ങളുമുണ്ടോ?'

ഫാ. മാത്യു— 'രണ്ടും വെള്ളംകൊണ്ടല്ലെ.' എല്ലാവരും ചിരിക്കുന്നു.

അദ്ധ്യ— ഭേഷ്.

ഫ്ാദർ മാത്യു ഇരുന്നു. പരിഭ്രമവും അസ്വസ്ഥതയും അദ്ദേഹത്തിൻെറ മുഖത്തു കളിയാടുന്നു. കുബ്ബാനയിലെ ക്രമങ്ങളെല്ലാം കണിശമായി അനുഷ്ഠിച്ച് ഒരു ദൈവദൂതനെപ്പോലെ ദിവ്യബലി സമർപ്പിച്ചിരുന്നുവെന്നു തൻെറ ഇടവകക്കാർ ആരെപ്പററി പറഞ്ഞിരുന്നുവൊ, ആ ഫ്ാദർ മാത്യുവിനു താൻ ദിവസേന ചെയ്തിരുന്ന ഈ സംഗതികളെ വാഗ്രൂപേണ വെളിപ്പെടുത്താൻ സാധിക്കാതെപോയതു്, സ്വഭാവത്തിൻെറ വൈപരീത്യം കൊണ്ടല്ലെങ്കിൽ പിന്നെ മറെറന്തുകൊണ്ട്?

വേറൊരു ഞെറുക്കുകൂടി ഇതിനിടയ്ക്കു എടുക്കപ്പെട്ടു. അതു നമ്പർ 18 ആയിരുന്നു. അദ്ധ്യക്ഷൻ ആ നമ്പരുകാരൻെറ പേർ വിളിക്കുന്നതിനുമുമ്പു ആരൊ എഴുന്നേററു മരിച്ചവരുടെ പാട്ടുകുബ്ബാനയിൽ എന്തെല്ലാം കൂട്ടങ്ങളാണ് പാടേണ്ടതെന്നൊരു ചോദ്യമിട്ടു. ഇക്കാര്യത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ ബഹുലങ്ങളായിരുന്നു. 'ലാകുമദബ്ബറാന' മുതൽ പാട്ടു തുടങ്ങിയാൽ മതിയെന്നു ചിലർ വാദിച്ചു. വേറെ ചിലർ 'പുക്ദാനകോനും, തെശ്ബോഹത്തായും'കൂടി പാടേണ്ടതാണെന്നു സമർത്ഥിച്ചു. മൂന്നാമതൊരു കൂട്ടർ ഇവയോടുകൂടി 'വ്ൽഅബ്ലൈയും, അത്തുമാറും'കൂടി ചേർക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടു. ഈ വാദബഹളം വേഗം അവസാനിപ്പിക്കുന്നതിനായി, അദ്ധ്യക്ഷൻ വന്ദ്യനും വയോവൃദ്ധനുമായ ഒരു വൈദികനോടു അദ്ദേഹത്തിൻെറ അഭിപ്രായമെന്തെന്നു ചോദിച്ചു.

ആ വല്യച്ചൻ ഉടനെ പറഞ്ഞു. 'പുക്ദാനകോൻ മുതൽ വ്ൽഅബ്ലൈ, അത്തുമാർ' ഇവയെല്ലാം പാടുകയായിരുന്നു മുമ്പത്തെ പതിവ്. ഞാൻ പുത്തൻകുബ്ബാന ചൊല്ലിയ കാലത്തും



www.malankaralibrary.com

മററും അന്നത്തെ അച്ചന്മാർ ഇങ്ങനെ ചെയ്യുന്നതായിട്ടാണു കണ്ടിട്ടുള്ളത്. ആദ്യത്തെ 'പുക്ദാനകോൻ'കൂടി പാടാതെവിടുന്ന ഈ പുതിയ സമ്പ്രദായം തുടങ്ങിയിട്ടു ഏറെക്കാലമായിട്ടില്ല. മുമ്പ് മരിച്ചവരുടെ പാട്ടുകുർബ്ബാനയ്ക്കു ആരും ധൂമിച്ചിരുന്നില്ല. ഇന്നു മിക്കപേരും ധൂമിക്കുന്നുണ്ട്. ഈ മാററങ്ങളെല്ലാം എങ്ങിനെവന്നു ഭവിച്ചോ?

വല്യച്ചൻ സംസാരം നിറുത്തിയ ഉടനെ ഒരാൾ എഴുന്നേററു 'നമ്മുടെ കാനോനാ നമസ്കാരത്തിന്റെ സമയം എങ്ങിനെയാണ് തീരുമാനിക്കേണ്ടതെന്നൊരു ചോദ്യം ചോദിച്ചു.'

അദ്ധ്യ:— ഈ ചോദ്യം ഇവിടെ അനുവദിക്കത്തക്കതല്ല, ഇന്നു കർബ്ബാനയെക്കുറിച്ചേ പരിക്ഷയുള്ളു. കാനോനാ നമസ്കാരത്തിന്റെ സമയത്തെപ്പററി മുമ്പു പലപ്പോഴും വാദപ്രതിവാദങ്ങൾ നടന്നിട്ടുള്ളതാണ്. എന്നാൽ ഒരു തീരുമാനവും ഉണ്ടായിട്ടില്ല. ആ ചോദ്യം ഇപ്പോഴും അങ്ങനെ അന്തരീക്ഷത്തിൽ നിൽക്കുന്നു.

അദ്ധ്യക്ഷൻതുടന്നു: "കർബ്ബാനയുടെ പാട്ടിനു ഒരു ക്ലിപ്തം വേണ്ടതാണ്. ഇക്കാര്യത്തിൽ എഴുത്തുനിയമമൊന്നുമില്ല; പാരമ്പര്യമേയുള്ളു, അതാകട്ടെ വ്യത്യസ്തപ്പെട്ടുമിരിക്കുന്നു. തൽക്കാലം, വളരെ പ്രചാരത്തിലിരിക്കുന്ന പതിവുകളെ സ്വീകരിക്കയായിരിക്കും ഭേദം. ഏതായാലും ഇക്കാര്യത്തിൽ പൊതുവായ ഒരു നിയമം വേണ്ടതാണു; അതുപോലെ കാനോനാ നമസ്കാരത്തിന്റെ സംഗതിയിലും. എന്നാൽ നാം ധൃതികൂട്ടരുത്, നമ്മുടെ ഭരണക്രമം പൂർണ്ണത പ്രാപിക്കാൻ തുടങ്ങിയിട്ടേയുള്ളു; ഹൈരാക്കി ഇന്നലെയാണു നമുക്കു കിട്ടിയത്. നമ്മുടെ സഭയ്ക്കു ഒരു കാനണില്ല; അതു നിർമ്മിക്കാനുള്ള ശ്രമങ്ങൾ ഇപ്പോൾ റോംവഴിയായി നടക്കുകയാണല്ലൊ. അതു പൂർത്തിയായശേഷം ലിററർജി സംബന്ധിച്ചകാര്യങ്ങളും പ്രാദേശിക സൂനഹദോസ്സോ മററൊകൂടി ശരിപ്പെടുത്തപ്പെടുമെന്നു നമുക്കാശിക്കാം. എന്നാൽ ഈ വക പ്രശ്നങ്ങളെ വല്ലവരും സസൂക്ഷ്മം പഠിച്ച്, തങ്ങളുടെ ഗവേഷണഫലത്തെ പത്രമാഗ്ഗേണയൊ മററൊ പ്രസിദ്ധപ്പെടുത്തുന്നതു കാര്യങ്ങളുടെ പുരോഗമനത്തിനു വളരെ ഉപകരിക്കുന്നതായിരിക്കും"



www.malankaralibrary.com

ഈ ഉദ്ബോധനത്തിനു ശേഷം അദ്ധ്യക്ഷൻ അല്പം പൊടിവലിച്ചിട്ടു, ഇങ്ങനെ തുടൎന്നു: നമ്പർ പതിനെട്ടിനെ വിട്ടേച്ചു വളരെയധികം ദൂരം നാം സഞ്ചരിച്ചിരിക്കുന്നു. അകയാൽ വീണ്ടും നമ്പർ പതിനെട്ടു്, ഫാദർ പോൾ പെട്ടയ്ക്കാടൻ. (ഇദ്ദേഹം റോമ്മിൽനിന്നു ഈയിടെവന്ന ഒരു പി എയിച്ച. ഡി., ഡി. ഡി. ബിരുദധാരിയാണു്.)

ബേനെ, ഫാദർ! റോമ്മിലെ വിദ്യാഭ്യാസമേന്മ സുപ്രസിദ്ധമാണല്ലൊ, പ്രഗത്ഭന്മാരായ പണ്ഡിതന്മാർ അവിടെയാണുള്ളതു്. കുദാശ ചെയ്യുന്നനേരത്തു മറവിമൂലം കെത്താനായ്ക്കു പുറത്തിരിക്കുന്ന കുസ്തോദിയിലെ പടത്തിഞ്ഞുകൾ കുദാശചെയ്യപ്പെടുന്നുണ്ടോയെന്നു ഞങ്ങളോടു സദയം പറയുക. ഇതൊരു പ്രധാന സംഗതിയാണു്.

ഫാ. പോൾ:— നിശ്ചയമായും അവ കുദാശചെയ്യപ്പെടുന്നു.

അദ്ധ്യ:— ഇല്ല. വേദശാസ്ത്രവിദഗ്ദ്ധന്മാരുടെ ഐകകണ്ഠ്യേനയുള്ള അഭിമതം ഇല്ലെന്നാണു്.

ഫാ. പോൾ:— ദയവായി ഒരുദാഹരണം.

അദ്ധ്യ:— ആശ്ചൎയ്യത്തോടെ; എന്തു്.

ഫാ. പോൾ:— ശാസ്ത്രവിദഗ്ദ്ധന്മാരെല്ലാം അങ്ങെയുടെ ഭാഗത്താണെന്നുള്ളതിനെപ്പറ്റി എനിക്കു വളരെ സംശയമുണ്ടു്. ചിലരുടെയെങ്കിലും പേരുകൾ പറയുമോ?

ഈ യുവവൈദികന്റെ ഉറപ്പു കണ്ടിട്ടു, അനുകമ്പാസൂചകമായ ഒരു മന്ദഹാസത്തോടെ അദ്ധ്യക്ഷൻ "നിശ്ചയമായും പറയാം. പതിന്നാലാം ബനദിക്തോസ്സ്, സ്വാരെസ്സ്, വി. അൽഫോൻസ് ലിഗോരി ഇവർ പടത്തിഞ്ഞുകൾ വീണ്ടും കുദാശചെയ്യണമെന്നാണു സമൎത്ഥിക്കുന്നതു്.

ഈ ഗംഭീരനാമങ്ങൾ കൊണ്ടൊന്നും ആ ചെറുപ്പക്കാരൻ കുലുങ്ങിയില്ല. അദ്ദേഹം പറഞ്ഞു "അതെ ഞാൻ ഒന്നു ചോദിച്ചുകൊള്ളട്ടെ; കാൎമ്മികനു ആരംഭം മുതല്ക്കേ കുസ്തോദിയിലിരിക്കുന്ന പടത്തിഞ്ഞുകളെ കുദാശചെയ്യുന്നതിനുള്ള ഉദ്ദേശമുണ്ടോ?



www.malankaralibrary.com

അദ്ധ്യ:- ഉണ്ട്.

ഫാദർ പോൾ:- ഈ ഉദ്ദേശം ക്രൂദാശചെയ്യുന്ന നേരത്തും നിലനിൽക്കുന്നില്ലേ.

അദ്ധ്യ:- ഉവ്വ്.

ഫാദർ പോൾ:- ആകയാൽ ഇവിടെ ശരിയായ സാധനവും അതു ക്രൂദാശചെയ്യുന്നതിനുള്ള ഉദ്ദേശവും ഉണ്ടായിരിക്കുന്നു, അല്ലേ?

അദ്ധ്യ:- അങ്ങിനെതന്നെ.

ഫാദർ പോ:- എന്നിട്ടും പതിന്നാലാം ബനദിക്തോസ്സും, സ്വാരെസ്സും, വി. അൽഫോൻസ് ലിഗൊരിയും കസ്റ്റോദിയിലെ പടത്തിീഞ്ഞുകൾ വീണ്ടും ക്രൂദാശചെയ്യണമെന്നു വാദിക്കുന്നവരാണെന്നല്ലേ അവിടുന്നു പറയുന്നത്.

അദ്ധ്യ:- അതെ.

ഫാദർ പോ:- അങ്ങിനെയെങ്കിൽ പതിന്നാലാം ബനദിക്തോസ്സിൻെറയും, സ്വാരസ്സിൻെറയും, വി. അൽഫോൻസിൻെറയും നേക്ക എനിക്കും അനുകമ്പയാണ തോന്നുന്നത്.

എല്ലാവരും ഒന്നുഞെട്ടി. വികാരിജനറാൾ വളരെ ഗൌരവത്തോടെ കാണപ്പെട്ടു. പ്രായം ചെന്നവർ ഈ ചെറുപ്പക്കാരൻെറ തൻേറടംകണ്ടു അമ്പരന്നു, വിസ്മയവും വെറുപ്പും അവരുടെ മുഖത്തു നടമാടി. ചെറുപ്പക്കാർ പരസ്പരംനോക്കി പുഞ്ചിരിഇട്ടു.

അദ്ധ്യക്ഷൻ നെററിചുളിച്ചുകൊണ്ട്, "സഭയിലെ ദീപസ്തംഭങ്ങളായ പണ്ഡിതന്മാരെപ്പററി ഇപ്രകാരമോ; ഇതു അവരെ അവഹേളിക്കയല്ലേ.

ഫാദർ പോൾ. ഞാൻ തിരുത്തിയേക്കാം; ആധുനികപണ്ഡിതന്മാരും നമ്മുടെ സാധാരണബുദ്ധിയും (Common Sense) ഇപ്രകാരമുള്ള അഭിപ്രായത്തിനു നേരെ വിരുദ്ധമാണെന്നായിരിക്കാം ഞാൻ പറയേണ്ടിയിരുന്നത്.

അദ്ധ്യ: വേദപണ്ഡിതന്മാരുടെ പൊതുവായ ഈ പഠനത്തെ എതിക്കുന്ന ഏതെങ്കിലുമൊരു ആധുനികപണ്ഡിതൻെറ പേർ പറയുമോ?



www.malankaralibrary.com

ഫാദർ പോൾ: ബല്ലറിനി, സലമാന്തിച്ചേൻസസ്സ്—

അദ്ധ്യ: ബല്ലറിനിയൊ, 'Ecce qui tollit peccata mundi' എന്ന പിയ്യൂസു നവമൻ ബല്ലറീനിയെപ്പററിയല്ലെ പറഞ്ഞത്. ബല്ലറിനി എവിടേയും കുഴപ്പമാണുണ്ടാക്കുന്നത്.

ഫാദർ പോൾ: ബല്ലറീനിയുടെ ഭാഗത്താണു, റോമൻ മിസ്സാളും യുക്തിയും.

അദ്ധ്യ: മിസ്സാളോ.

ഫാദർ പോ: അതെ. ഇതു വായിക്കുക, അല്ലെങ്കിൽ ഞാൻ വായിക്കാം. "Quidquid horum deficit, scilicet materia debita, forma cum intentione, et ordo sacerdotalis, non conficitur sacramentum; et his existentibus, quibus-cunque aliis deficientibus, veritas adest sacramenti."

അദ്ധ്യ:– വാസ്തവംതന്നെ, അതിനെന്താ, ഇവിടെ സകലവും 'Cum intentione' എന്ന വാക്കുകളെയാണു സമാശ്രയിച്ചിരിക്കുന്നത്. കെത്താനാസ്സു പുറമെ കൂദാശ ചെയ്യുന്നതു ചാവുദോഷമാകുന്നു. അകയാൽ കൂദാശ ചെയ്യുന്ന നേരത്തു ഘനമായ ഒരു പാപം ചെയ്യുന്നതിനു ആരും അഗ്രഹിക്കുന്നതല്ല; തൻമൂലം കൂദാശ ചെയ്യുന്നതിനുള്ള ഉദ്ദേശവും പട്ടക്കാരനിൽ ഇല്ലെന്നു അനുമാനിക്കേണ്ടിയിരിക്കുന്നു.

ഫാ. പോ.– ഞാൻ കേട്ടിട്ടുള്ളതിലേസ്സും പൊട്ടയായ ന്യായമാണിത്. ഇതിൻപ്രകാരം, കുർബ്ബാന സംബന്ധിച്ച ചാവുദോഷത്തിൻകീഴ ചുമതലപ്പെടുത്തപ്പെട്ടിരിക്കുന്ന ഏതെങ്കിലും ക്രമത്തെ അഥവാ നിയമത്തെ പട്ടക്കാരൻ മനസ്സറിയാതെ ഉപേക്ഷിക്കുന്നപക്ഷം ഒരിക്കലും വസ്തുഭേദം അതായതു Transubstantiation ഉണ്ടാകുന്നതല്ലെന്നു വരുന്നു. ഈ ന്യായപ്രകാരം കെത്താനാ വെഞ്ചരിക്കാതിരിക്കയൊ, കാസാ കൂദാശ ചെയ്യപ്പെടാതിരിക്കയൊ, പട്ടക്കാരൻ പുളിച്ചയപ്പം ഉപയോഗിക്കയൊ ചെയ്താൽ വസ്തുഭേദം ഭവിക്കുന്നില്ല; ഇതു ഒരിക്കലും സ്വീകാര്യമല്ല. ഉദ്ദേശം ഇവ്വിധം വലിച്ചുനീട്ടി വ്യാഖ്യാനിക്കുന്നപക്ഷം കുസ്തോദി



www.malankaralibrary.com

കെത്താനായിൽതന്നെ അടച്ചുവച്ചിരുന്നാലും വസ്തുഭേദം ഉണ്ടാകുന്നതല്ലെന്നു സമ്മതിക്കേണ്ടിവരും.

അദ്ധ്യ: കുസ്തോദി അടച്ചുവച്ചിരുന്നാൽ പാവദോഷമെയാകുകയുള്ളൂ.

ഫാ: പോ: ഒരു വൈദികൻ കൂദാശ ചെയ്യുമ്പോൾ ചാവുദോഷംപോലെതന്നെ പാവദോഷം ചെയ്യുന്നതിനും അനുഗ്രഹിക്കുന്നതല്ല. കൂടാതെയും—

ഇത്രയുമായപ്പോൾ വികാരി ജനറാൾ പറഞ്ഞു. "കൊള്ളാം, മതി, നമുക്കു അവസാനിപ്പിക്കാം, സമയം അതിക്രമിച്ചിരിക്കുന്നു. ഫാദർ പോളിന്റെ ന്യായങ്ങൾ വളരെ യുക്തിയുക്തവും മൂർച്ചയുള്ളവയുംതന്നെ, സംശയമില്ല. എന്നാൽ അദ്ധ്യക്ഷൻ പറഞ്ഞതുപോലെ വേദപണ്ഡിതന്മാരുടെ പൊതുവേയുള്ള അഭിപ്രായം, അതായത് Consensus Theologorum അവക്കെതിരാണ്.

ആകയാൽ ഈ പ്രാവശ്യത്തെ കോൺഫ്രൻസ് അവസാനിപ്പിച്ചിരിക്കുന്നു. നമുക്കു പിരിയാം. വളരെ ബുദ്ധിമുട്ടുകൾ സഹിച്ചു ഇവിടെ കൂടിയ ഏവരേയും ഞാൻ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു.

അദ്ധ്യക്ഷൻ മുട്ടുകുത്തി Subtuum praesidium ചൊല്ലി. ഏവരും അവരവരുടെ ഇടവകകളിലേയ്ക്കു ശീഘ്രത്തിൽ ഗമിക്കുകയും ചെയ്തു.

ശുഭം.

www.malankaralibrary.com

PRINTED AND PUBLISHED
FOR THE PROPRIETOR BY P. K. JOSEPH
AT THE ST. JOSEPH'S PRESS,
MANNANAM.
1937.

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com